# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

2019 ജൂൺ 14, വെള്ളി

സ്പീക്കർ
**ശ്രീ. പി. ശ്രീരാമകൃഷ്ണൻ**

ഡെപ്യൂട്ടി സ്പീക്കർ
**ശ്രീ. വി. ശശി**

സെക്രട്ടറി-ഇൻ-ചാർജ്
**ശ്രീ. സി. ജോസ്**

ചീഫ് എഡിറ്റർ
**ശ്രീമതി വി. ചെറുപുഷ്പം**

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

273/2021

# മന്ത്രിസഭാംഗങ്ങൾ

| | |
|---|---|
| മുഖ്യമന്ത്രി | : ശ്രീ. പിണറായി വിജയൻ |
| പട്ടികജാതി പട്ടികവർഗ്ഗപിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി | : ശ്രീ. എ. കെ. ബാലൻ |
| റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി | : ശ്രീ. ഇ. ചന്ദ്രശേഖരൻ |
| ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി | : ഡോ. കെ. ടി. ജലീൽ |
| വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി | : ശ്രീ. ഇ. പി. ജയരാജൻ |
| ജലവിഭവ വകുപ്പുമന്ത്രി | : ശ്രീ. കെ. കൃഷ്ണൻകുട്ടി |
| വൈദ്യുതി വകുപ്പുമന്ത്രി | : ശ്രീ. എം. എം. മണി |
| മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി | : ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ |
| തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി | : ശ്രീ. എ. സി. മൊയ്തീൻ |
| വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി | : ശ്രീ. കെ. രാജു |
| തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി | : ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി |
| തൊഴിലും എക്സൈസും വകുപ്പുമന്ത്രി | : ശ്രീ. ടി. പി. രാമകൃഷ്ണൻ |
| പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി | : പ്രൊഫ. സി. രവീന്ദ്രനാഥ് |
| ഗതാഗത വകുപ്പുമന്ത്രി | : ശ്രീ. എ. കെ. ശശീന്ദ്രൻ |
| ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി | : ശ്രീമതി കെ. കെ. ശൈലജ ടീച്ചർ |
| പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി | : ശ്രീ. ജി. സുധാകരൻ |
| കൃഷി വകുപ്പുമന്ത്രി | : ശ്രീ. വി. എസ്. സുനിൽ കുമാർ |
| സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി | : ശ്രീ. കടകംപള്ളി സുരേന്ദ്രൻ |
| ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി | : ശ്രീ. പി. തിലോത്തമൻ |
| ധനകാര്യവും കയറും വകുപ്പുമന്ത്രി | : ഡോ. ടി. എം. തോമസ് ഐസക് |

# ഉള്ളടക്കം

*പേജ്*

**I. ചോദ്യോത്തരങ്ങൾ**

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ ..1

2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ ..33

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ ..33

(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ ..85

**II. ശ്രദ്ധ ക്ഷണിക്കൽ**

(1) സ്വകാര്യ കശുവണ്ടി ഫാക്ടറികൾ തുറക്കുന്നതിന് നടപടി

—ശ്രീ. എം. നൗഷാദ് ..434

(2) അപ്പലേറ്റ് അതോറിറ്റി രൂപീകരണം

—ശ്രീ. പി. ടി. തോമസ് ..437

**III. സബ്മിഷൻ**

(1) കാർട്ടൂൺ പുരസ്കാരം

—പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല) ..443

(2) ചട്ടങ്ങൾ

—ശ്രീ. പി. ടി. എ. റഹീം ..447

(3) റെഗുലേറ്റർ-കം-ബ്രിഡ്ജ്

—ശ്രീ. എ. എൻ. ഷംസീർ ..449

(4) ഓപ്പറേറ്റിംഗ് സെന്റർ

—ശ്രീ. ചിറ്റയം ഗോപകുമാർ ..450

**IV. അനൗദ്യോഗികാംഗങ്ങളുടെ കാര്യം** ..453

(1) **റിപ്പോർട്ട് പരിഗണന**

അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ പതിനാറാമത് റിപ്പോർട്ട് ..453

*പേജ്*

**(2) താഴെപ്പറയുന്ന ബില്ലുകളുടെ അവതരണാനുമതിക്കുള്ള പ്രമേയങ്ങൾ**

(i) 2019- ലെ കേരള യൂണിവേഴ്സിറ്റി (ഭേദഗതി) ബിൽ ..453

(ii) 2019- ലെ കേരള സംസ്ഥാന അടിയന്തര വൈദ്യസഹായ അതോറിറ്റി ബിൽ ..463

(iii) 2019-ലെ കേരള പാർക്കിംഗ് റെഗുലേറ്ററി അതോറിറ്റി രൂപീകരണ ബിൽ ..470

(iv) 2019-ലെ കേരള കാർഷികോത്സവ, കാളയോട്ട, കാള വയൽ (സംരക്ഷിക്കലും നടത്തിപ്പും) ബിൽ ..477

(v) 2019-ലെ കേരള ഉച്ചഭാഷിണി വെളിച്ച സംവിധാന തൊഴിലാളി ക്ഷേമനിധി ബിൽ ..483

**(3) താഴെപ്പറയുന്ന ബില്ലുകളുടെ അവതരണാനുമതിക്കുള്ള പ്രമേയത്തിന്റെ തുടർ ചർച്ച**

(i) 2016-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ ..489

(ii) 2016-ലെ കേരള നിർദ്ധനരായ വിധവകളുടെ ക്ഷേമവും സുരക്ഷയും ഉറപ്പാക്കൽ ബിൽ ..489

(iii) 2017-ലെ കേരള സംസ്ഥാന പ്രാദേശിക പത്ര-ദൃശ്യമാധ്യമ രംഗത്തെ ജോലികൾ ചെയ്യുന്നവർക്കുള്ള ക്ഷേമനിധി ബിൽ ..490

**അനുബന്ധം 1 & 2** ..492

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

### പതിനഞ്ചാം സമ്മേളനം

*2019 ജൂൺ 14, വെള്ളി*

വാല്യം 176] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 8

നിയമസഭ 2019 ജൂൺ മാസം 14-ാം തീയതി വെള്ളിയാഴ്ച രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

### I ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തിലേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

### 1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ: ഓർഡർ......... ഓർഡർ......, ചോദ്യം നമ്പർ *181

### വൈദ്യുതിയുടെ ദുർവ്യയം തടയാൻ നടപടി

1 (*181) ശ്രീ. കെ. ദാസൻ:
ശ്രീ. കാരാട്ട് റസാഖ്:
ശ്രീ. കെ. കുഞ്ഞിരാമൻ:
ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതിയുടെ ദുർവ്യയം ഇല്ലാതാക്കുന്നതാണ് വൈദ്യുതി ഉല്പാദിപ്പിക്കുന്നതിനേക്കാൾ കൂടുതൽ ലാഭകരമെന്നതിനാൽ ഈ കാര്യത്തിൽ നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ;

(ബി) ഫിലമെന്റ് ബൾബുകളും സി.എഫ്.എൽ.-കളും മാറ്റി എൽ.ഇ.ഡി. ബൾബുകളാക്കിയാൽത്തന്നെ അൻപത് കോടി യൂണിറ്റ് വൈദ്യുതി ലാഭിക്കാമെന്ന് കണക്കാക്കിയിട്ടുള്ളതിനാൽ അതിനായുള്ള പ്രവർത്തനം കാര്യക്ഷമമായി പൂർത്തീകരിക്കാൻ നടപടിയെടുത്തിട്ടുണ്ടോ;

(സി) 2016-17, 2017-18 വർഷങ്ങളിൽ ഊർജ്ജസംരക്ഷണത്തിനുള്ള ദേശീയ അവാർഡ് നേടാൻ പ്രാപ്തമാകും വിധം ഈ മേഖലയിൽ നടത്തിയ പ്രവർത്തനം വിശദമാക്കാമോ;

(ഡി) എനർജി മാനേജ്മെന്റ് സെന്റർ, എനർജി സേവിംഗ് ആൻഡ് കോ-ഓർഡിനേഷൻ ടീം എന്നിവയുടെ പ്രവർത്തന കാര്യക്ഷമത വിലയിരുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ?

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി): സർ, ഒരു യൂണിറ്റ് വൈദ്യുതി ഉല്പാദിപ്പിച്ചാൽ അതിൽനിന്നും കുറച്ചുഭാഗം നഷ്ടപ്പെട്ടാണ് ഉപഭോക്താക്കളുടെ സമീപമെത്തുന്നത്. അതുകൊണ്ടാണ് വൈദ്യുതി സംരക്ഷിക്കേണ്ടത് വൈദ്യുതി ഉല്പാദിപ്പിക്കുന്നതിനേക്കാൾ ലാഭകരമെന്ന് പറയുന്നത്. കൂടാതെ വൈദ്യുതി ഉല്പാദനം കുറയുന്നതുമൂലം ഹരിതഗൃഹ വാതകങ്ങളുടെ പുറന്തള്ളലും കുറയ്ക്കാൻ സാധിക്കുന്നു. ഇനി ഉത്തരം വായിക്കാം.

(എ) സംസ്ഥാനത്തെ വൈദ്യുത നിലയങ്ങൾ വഴിയും പുറമെനിന്നും ലഭ്യമാകുന്ന വൈദ്യുതി പ്രസരണ-വിതരണ ശൃംഖലകളിലൂടെ ഉപഭോക്താക്കളിലേയ്ക്ക് എത്തിക്കുമ്പോൾ പ്രസരണ-വിതരണ ശൃംഖലയിൽ സാങ്കേതിക നഷ്ടം സംഭവിക്കുന്നു. ഈ നഷ്ടം പൂർണ്ണമായും ഒഴിവാക്കാൻ കഴിയില്ല. എന്നിരുന്നാൽത്തന്നെയും ഈ നഷ്ടം പരമാവധി കുറച്ചുകൊണ്ടുവരാനാവശ്യമായ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് വാർഷിക പദ്ധതികളിൽപ്പെടുത്തി ചെയ്തുവരുന്നു.

പ്രസരണ ശൃംഖലയുടെ വികസനം ലക്ഷ്യംവച്ച് നടന്നുവരുന്ന പദ്ധതിയായ ട്രാൻസ്ഗ്രിഡ് 2.0 പൂർത്തിയാകുന്നതോടെ പ്രസരണ മേഖലയിലെ സാങ്കേതിക നഷ്ടം നിലവിലുള്ളതിനേക്കാളും കുറയ്ക്കാൻ കഴിയും. പ്രസരണ നഷ്ടം കുറയ്ക്കുന്നതിനൊപ്പം വിതരണമേഖലയിലെ സാങ്കേതിക വാണിജ്യ നഷ്ടം കുറയ്ക്കുന്നതുംകൂടി ലക്ഷ്യം വച്ചിട്ടുള്ള ഊർജ്ജ കേരള മിഷനിൽ ഉൾപ്പെട്ടിട്ടുള്ള പദ്ധതിയാണ് ദ്യുതി 2021.

നാലുവർഷത്തേയ്ക്കുള്ള ഈ പദ്ധതിയിൽ സാങ്കേതിക വാണിജ്യ നഷ്ടം പരമാവധി കുറയ്ക്കാൻ ഉൾപ്പെടുത്തിയിട്ടുള്ള പ്രവൃത്തികൾ ചുവടെ നൽകിയിരിക്കുന്നു.

1. ഊർജ്ജക്ഷമതയുള്ള ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുക.
2. 11 കെ. വി. ലൈനുകളുടെ നിർമ്മാണം.
3. സിംഗിൾ ഫേസ് ലൈനുകളെ ത്രീ ഫേസ് ലൈനുകളാക്കുക.
4. പ്രതിരോധം കൂടിയ ചാലകങ്ങൾക്കുപകരം പ്രതിരോധം കുറഞ്ഞ ചാലകങ്ങൾ സ്ഥാപിക്കുക.
5. എച്ച്.വി.ഡി.എസ്. സംവിധാനം നടപ്പാക്കുക.
6. കേടായ മീറ്ററുകൾക്ക് പകരം ഇലക്ട്രോണിക് മീറ്ററുകൾ സ്ഥാപിക്കുക.
7. വിതരണ ട്രാൻസ്ഫോർമർ സ്റ്റേഷനുകളുടെ നവീകരണം തുടങ്ങിയവ.

ഇവ കൂടാതെ വൈദ്യുത നഷ്ടം കുറയ്ക്കുന്നതിനായി പ്രസരണ-വിതരണ ശൃംഖലയിൽ ആവശ്യമായ അറ്റകുറ്റപ്പണികൾ കൃത്യമായി യഥാസമയം നടത്തിവരുന്നു.

വിതരണ ശൃംഖലയിൽ വൈദ്യുതി പാഴാകുന്ന സ്ഥലങ്ങൾ കണ്ടെത്തുന്നതിനും അവ പരിഹരിക്കുന്നതിനുമായി ഊർജ്ജ ഓഡിറ്റുകൾ നടത്തിവരുന്നു. കൂടാതെ ഊർജ്ജ ഓഡിറ്റ് നിർബന്ധമാക്കിയിട്ടുള്ള വൻകിട ഊർജ്ജ ഉപഭോക്തൃ സ്ഥാപനങ്ങളിലും കെ.എസ്.ഇ.ബി.എൽ. ഊർജ്ജ ഓഡിറ്റ് നടത്തുന്നുണ്ട്.

എനർജി മാനേജ്മെന്റ് സെന്റർ (ഇ.എം.സി.) ഈ മേഖലയിൽ ഇപ്പോൾ നടത്തുന്ന പ്രവർത്തനങ്ങൾ താഴെപ്പറയും പ്രകാരം വിശദീകരിക്കുന്നു.

- കേന്ദ്ര ഊർജ്ജ സംരക്ഷണ നിയമ പ്രകാരം നിയുക്ത ഉപഭോക്താക്കളായി പ്രഖ്യാപിക്കപ്പെട്ട ഊർജ്ജ ഉപഭോക്താക്കളുടെ വാർഷിക ഊർജ്ജ ഉപഭോഗത്തിന്റെ മേൽനോട്ടം.

- വൻകിട ഊർജ്ജ ഉപഭോക്താക്കൾക്ക് നിർബന്ധമാക്കിയിട്ടുള്ള ഊർജ്ജ ഓഡിറ്റ് നടത്തുന്നതിനുള്ള എനർജി ഓഡിറ്റർമാരെ എം.പാനൽ ചെയ്ത് ലിസ്റ്റ് പ്രസിദ്ധീകരിക്കലും ഊർജ്ജ ഓഡിറ്റ് റിപ്പോർട്ട് വിലയിരുത്തലും.

- ചെറുകിട വ്യവസായ മേഖലയിൽ പ്രാഥമിക ഊർജ്ജ ഓഡിറ്റ് പദ്ധതി നടപ്പിലാക്കുന്നതാണ്.

- 14 ഗ്രാമപഞ്ചായത്തുകളിൽ മാതൃകാ ഊർജ്ജ കാര്യക്ഷമതാ ഗ്രാമപഞ്ചായത്ത് പദ്ധതി നടപ്പിലാക്കി.

- സർക്കാർ അധീനതയിലുള്ള കെട്ടിടങ്ങളിൽ ഊർജ്ജ സംരക്ഷണ പദ്ധതികൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി തിരുവനന്തപുരം മെഡിക്കൽ കോളേജിലും സംസ്ഥാനത്തെ 5 സിവിൽ സ്റ്റേഷനുകളിലും ഊർജ്ജ ഓഡിറ്റിംഗ് പൂർത്തിയാക്കി.

- വിദ്യാലയങ്ങൾ ഊർജ്ജ കാര്യക്ഷമമാക്കുന്നതിനും വിദ്യാർത്ഥികളിൽ ഊർജ്ജ സംരക്ഷണ അവബോധം വളർത്തുന്നതിനും 4800 സ്കൂളുകളിൽ സ്മാർട്ട് എനർജി പ്രോഗ്രാം നടപ്പിലാക്കുകയും 550 സ്കൂളുകൾ കാർബൺ സന്തുലിതമാക്കുകയും ചെയ്തു.

- പൊതുജന ബോധവൽക്കരണത്തിനായി സർക്കാരിതര സംഘടനകളുമായി ചേർന്ന് 140 നിയോജകമണ്ഡലങ്ങളിലായി ഊർജ്ജകിരൺ എന്ന പേരിൽ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്.

- വീട്ടമ്മമാരെ ഊർജ്ജസംരക്ഷണ യജ്ഞത്തിൽ പങ്കാളികളാക്കാൻ വേണ്ടി തെരഞ്ഞെടുക്കപ്പെട്ട വനിതാ റിസോഴ്സ് പേഴ്സൺസിനെ ഉൾപ്പെടുത്തിക്കൊണ്ട് എനർജി ക്ലിനിക് ക്യാമ്പെയിൻ സംഘടിപ്പിച്ചുവരുന്നു.

- കേരളത്തിലെ പൊതു വായനശാലകളുമായി ചേർന്ന് പ്രാദേശിക തലങ്ങളിൽ വളരെ മികച്ച രീതിയിലുള്ള ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ നടത്തിവരുന്നു.

- ഫിലമെന്റ് രഹിത ഗ്രാമപഞ്ചായത്ത് പദ്ധതിയിലൂടെ കാസർഗോഡ് ജില്ലയിലെ പീലിക്കോട് ഗ്രാമപഞ്ചായത്തിനെ ഇന്ത്യയിലെ ആദ്യത്തെ ഫിലമെന്റ് രഹിത പഞ്ചായത്തായി പ്രഖ്യാപിച്ചിട്ടുണ്ട്.

- കേരള സർക്കാരിന്റെ ഊർജ്ജ കേരള മിഷന്റെ ഭാഗമായുള്ള ഫിലമെന്റ് രഹിത കേരളം പദ്ധതി കെ.എസ്.ഇ.ബി.എൽ.-മായി ചേർന്ന് നടപ്പിലാക്കിവരുന്നു.

- കേരളത്തിലെ കാർഷിക ആവശ്യങ്ങൾക്ക് നിലവിൽ ഉപയോഗിക്കുന്ന ഊർജ്ജ കാര്യക്ഷമത കുറഞ്ഞ പമ്പ് സെറ്റുകൾ മാറ്റി ഊർജ്ജ കാര്യക്ഷമത കൂടിയ പമ്പ് സെറ്റുകൾ സ്ഥാപിക്കുന്നതിന് വിശദമായ പഠനം നടത്തി Detailed Project Report (DPR) തയ്യാറാക്കി സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.

- വാണിജ്യ വ്യവസായ സ്ഥാപനങ്ങളിൽ ഊർജ്ജസംരക്ഷണം ഉറപ്പുവരുത്തുന്നതിന് 100 KVA-ക്ക് മുകളിൽ വൈദ്യുതി ആവശ്യം വരുന്ന കെട്ടിടങ്ങൾക്ക് എനർജി കൺസർവേഷൻ ബിൽഡിംഗ് കോഡ് (ECBC) നിർബന്ധമാക്കിക്കൊണ്ടുള്ള കേരള സ്റ്റേറ്റ് എനർജി കൺസർവേഷൻ ബിൽഡിംഗ് കോഡ് നടപ്പിൽ വരുത്തുന്നതിനുള്ള പരിശീലന പരിപാടികളും മറ്റു പ്രവർത്തനങ്ങളും നടത്തിവരുന്നു.

- സംസ്ഥാനത്ത് ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി എല്ലാ വർഷവും ഊർജ്ജ സംരക്ഷണ അവാർഡ് നൽകിവരുന്നു.

- പൊതുജനബോധവൽക്കരണത്തിനായി പത്ര-ദൃശ്യ-ശ്രാവ്യ മാധ്യമങ്ങളിലൂടെ പരസ്യ പ്രചരണ പരിപാടികൾ നടത്തിവരുന്നു. ഊർജ്ജ സംരക്ഷണ രംഗത്ത് ഗവേഷണ-വികസന പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി ഗവേഷണ പദ്ധതികൾക്ക് സാങ്കേതിക സഹായം നൽകിവരുന്നു.

മി. സ്പീക്കർ: വളരെ ദൈർഘ്യമേറിയ ഉത്തരമാണെങ്കിൽ മേശപ്പുറത്ത് വച്ചാൽ മതി.

ശ്രീ. എം. എം. മണി: സർ, ബാക്കി ഉത്തരം ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു*.

ശ്രീ. കെ. ദാസൻ: സർ, കേരളത്തിന്റെ വൈദ്യുതി ലഭ്യതയിൽ ഡാമുകൾക്ക് വളരെ പ്രാധാന്യമുണ്ട് . ഡാമുകളുടെ കാര്യക്ഷമമായ പ്രവർത്തനം ഉറപ്പുവരുത്തുകയും അതോടൊപ്പം അപകടസാദ്ധ്യതകൾ ഒഴിവാക്കുകയും ചെയ്യുന്നതിനായി റൂൾ കർവ്വുകൾ കേരളത്തിലെ പ്രധാന ഡാമുകൾക്ക് തയ്യാറാക്കിയിട്ടുണ്ടോ?

ശ്രീ. എം. എം. മണി: സർ, ബഹുമാനപ്പെട്ട എം.എൽ.എ. ചൂണ്ടിക്കാണിച്ചതുപോലെ കേരളത്തിന്റെ വൈദ്യുതി ലഭ്യതയിൽ ഡാമുകൾക്ക് വളരെ പ്രാധാന്യമാണുള്ളത് . കെ.എസ്.ഇ.ബി.എൽ.-ന്റെ ഉടമസ്ഥതയിൽ ചെറുതും വലുതുമായി 59 ഡാമുകളുള്ളതിൽ ഭൂരിപക്ഷം ഡാമുകളും വെള്ളം തിരിച്ചുവിടുന്നതിനുള്ളവയാണ് . ഇവയിൽ 17 എണ്ണത്തിന് മാത്രമേ സ്പിൽവേ ഗേറ്റുകളുള്ളൂ. ഭൂരിപക്ഷം ഡാമുകളുടെയും സംഭരണശേഷി കുറവാണ് . ഇടുക്കി, ഇടമലയാർ, കക്കി, ബാണാസുരസാഗർ, ഷോളയാർ എന്നീ 5 ഡാമുകളിലാണ് ജലസംഭരണം പ്രധാനമായും നടപ്പാക്കുന്നത് . വൈദ്യുതി ബോർഡിന്റെ കൈവശമുള്ള പ്രധാനപ്പെട്ട ഈ 5 ഡാമുകളുടെ പ്രവർത്തനം കാര്യക്ഷമമായി നടത്തുന്നത് സംബന്ധിച്ച വ്യക്തമായ മാനദണ്ഡം നിശ്ചയിച്ച് റൂൾ കർവ്വുകൾ അംഗീകരിച്ചിട്ടുണ്ട് . ഈ ഡാമുകൾ റൂൾ കർവ്വുകൾ കൃത്യമായി പാലിച്ചുകൊണ്ടാണ് ഇപ്പോൾ പ്രവർത്തിക്കുന്നത്.

ശ്രീ. കെ. ദാസൻ: സർ, ഡാമുകളുടെ സുരക്ഷിതമായ പ്രവർത്തനം ഉറപ്പുവരുത്തുന്നതിന് എമർജൻസി ആക്ഷൻ പ്ലാൻ രൂപീകരിക്കേണ്ടതുണ്ട് . കെ.എസ്.ഇ.ബി.എൽ.-ന്റെ ഉടമസ്ഥതയിലുള്ള ഡാമുകൾക്ക് എമർജൻസി ആക്ഷൻ പ്ലാൻ രൂപീകരിച്ചിട്ടുണ്ടോ?

---

* അനുബന്ധം 1 ആയി ചേർത്തിട്ടുണ്ട്.

<u>ശ്രീ. എം. എം. മണി</u>: സർ, ഡാമുകളുടെ സുരക്ഷിത പ്രവർത്തനം ഉറപ്പുവരുത്തുന്നതിന് ഒഴുകിയെത്തുന്ന വെള്ളത്തിന്റെ അളവ് , നീരൊഴുക്കിന്റെ വേഗത തുടങ്ങി വിവിധ ഘടകങ്ങൾ കണക്കിലെടുത്ത് ഡാം തുറക്കുന്നതിനുള്ള നടപടിക്രമങ്ങൾ, നൽകേണ്ട മുന്നറിയിപ്പുകൾ, ഡാം തുറക്കുന്നതുമായി ബന്ധപ്പെട്ട് വെള്ളം കയറാനിടയുള്ള പ്രദേശങ്ങളിൽനിന്നും ആളുകളെ മാറ്റിപ്പാർപ്പിക്കുന്നതിനുള്ള നടപടികളടക്കമുള്ള മുൻകരുതലുകൾ ഇവയെല്ലാം ഉൾപ്പെടുത്തി എമർജൻസി ആക്ഷൻ പ്ലാൻ തയ്യാറാക്കേണ്ടതുണ്ട് . കേന്ദ്ര ജല കമ്മീഷനാണ് ഡാമുകളുടെ എമർജൻസി ആക്ഷൻ പ്ലാൻ അംഗീകരിക്കേണ്ടത് . ഈ നിലയിൽ മുൻകരുതലുകൾ സ്വീകരിക്കേണ്ട കെ.എസ് .ഇ.ബി.എൽ.-ന്റെ ഉടമസ്ഥതയിലുള്ള 26 ഡാമുകൾക്കും എമർജൻസി ആക്ഷൻ പ്ലാൻ തയ്യാറാക്കി കേന്ദ്ര ജല കമ്മീഷന് സമർപ്പിക്കുകയും അതിൽ 21 എണ്ണം ഇതിനകം ജല കമ്മീഷൻ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട് . ഇന്ത്യയിൽ ഇത്തരത്തിൽ ഫലപ്രദമായി എമർജൻസി ആക്ഷൻ പ്ലാൻ തയ്യാറാക്കിയിട്ടുള്ള ഏക സ്ഥാപനമാണ് കെ.എസ് .ഇ.ബി.എൽ. ഭക്രാനംഗൽ ഒഴിച്ച് രാജ്യത്തെ മറ്റ് പ്രധാനപ്പെട്ട വലിയ ഡാമുകൾക്കൊന്നും ഇപ്പോഴും എമർജൻസി ആക്ഷൻ പ്ലാനായിട്ടില്ല. ഇക്കാര്യത്തിൽ അഭിനന്ദനീയമായ പ്രവർത്തനമാണ് കെ.എസ് .ഇ.ബി.എൽ. നടത്തിയിട്ടുള്ളത്.

<u>ശ്രീ. കാരാട്ട് റസാഖ് :</u> സർ, വിദേശരാജ്യങ്ങളിൽ പവർകട്ടില്ലാത്ത സ്ഥിതിയാണുള്ളത് . ഈ സർക്കാർ വന്നതിനുശേഷം കേരളം പവർകട്ടില്ലാത്ത ഒരു സംസ്ഥാനമെന്ന പുരോഗതി കൈവരിച്ചിരിക്കുകയാണ്. ഇതിന് നേതൃത്വം കൊടുത്ത ബഹുമാനപ്പെട്ട പിണറായി സർക്കാരിനെയും വകുപ്പുമന്ത്രിയെയും വൈദ്യുതി വകുപ്പിനെയും ആദ്യമായി അഭിനന്ദിക്കുകയാണ്. എന്റെ ചോദ്യം, ഊർജ്ജ സംരക്ഷണം ഊർജ്ജ ഉല്പാദനത്തേക്കാൾ പ്രധാനമാണ്. ഒരു യൂണിറ്റ് വൈദ്യുതി സംരക്ഷിക്കുന്നത് ഒന്നര യൂണിറ്റ് വൈദ്യുതി ഉല്പാദിപ്പിക്കുന്നതിന് തുല്യമാണെന്നാണ് പറയാറുള്ളത്. പല സ്ഥാപനങ്ങളും ഊർജ്ജം പാഴാക്കിക്കളയുന്ന സ്ഥിതിയുണ്ട്. സർക്കാർ ഓഫീസുകളിലും മറ്റും ഓഫീസ് പൂട്ടിപ്പോകുമ്പോൾ ലൈറ്റും ഫാനുമൊക്കെ ഓഫാക്കാതെ പോകുകയും വ്യവസായ സ്ഥാപനങ്ങളിലും മറ്റും പഴയതും കാര്യക്ഷമത കുറഞ്ഞതുമായ യന്ത്രങ്ങളും ഉപകരണങ്ങളും ഉപയോഗിക്കുന്ന സ്ഥിതിയുമുണ്ട്. ഇതൊക്കെ പരിഹരിച്ച് ഊർജ്ജ സംരക്ഷണം ഉറപ്പാക്കാൻ എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ?

<u>ശ്രീ. എം. എം. മണി</u>: സർ, ബഹുമാനപ്പെട്ട എം.എൽ.എ. ചൂണ്ടിക്കാണിച്ചതുപോലെ ഊർജ്ജ സംരക്ഷണം ഊർജ്ജോല്പാദനം പോലെ പ്രധാനമാണ് . ഒരു മെഗാവാട്ട് വൈദ്യുതി പുതുതായി ഉല്പാദിപ്പിക്കാൻ എട്ടോ

പത്തോ കോടി രൂപ ചെലവ് വരുമ്പോൾ അതിന് തുല്യശേഷി വൈദ്യുതി ലാഭിക്കാൻ അതിന്റെ അഞ്ചിലൊന്നോ അതിൽ കുറവോ ചെലവ് മാത്രമേ വരികയുള്ളൂ. ബഹുമാനപ്പെട്ട എം.എൽ.എ. ചൂണ്ടിക്കാണിച്ചതുപോലെ ലൈറ്റും ഫാനുമൊക്കെ കൃത്യമായി ഓഫാക്കാതെ പോകുന്നതുൾപ്പെടെയുള്ള കാര്യങ്ങൾ ശ്രദ്ധിച്ചാൽ പണച്ചെലവില്ലാതെതന്നെ വൈദ്യുതി ലാഭിക്കാനാകും. വ്യവസായ സ്ഥാപനങ്ങളിലും മറ്റും പഴയതും കാര്യക്ഷമത കുറഞ്ഞതുമായ ഉപകരണങ്ങൾ മാറ്റിസ്ഥാപിച്ചാൽ വലിയ തോതിൽ വൈദ്യുതി ലാഭിക്കാൻ കഴിയും. പലപ്പോഴും ഇങ്ങനെ പുതിയ ഉപകരണങ്ങൾ സ്ഥാപിക്കുന്നതിന് രണ്ടോ മൂന്നോ കൊല്ലത്തെ വൈദ്യുതി ലാഭിക്കുന്നതിലൂടെയുണ്ടാകുന്ന വരുമാനത്തിന്റെ ചെലവേ വരികയുള്ളൂ. എനർജി ഓഡിറ്റിംഗ് നടത്തി ഊർജ്ജ നഷ്ടം കുറയ്ക്കാനുള്ള നടപടി സ്വീകരിച്ചാൽ ഫലപ്രദമായി കാര്യങ്ങൾ നടത്താൻ കഴിയും. വ്യവസായ വാണിജ്യ സ്ഥാപനങ്ങളിൽ ഊർജ്ജ ഓഡിറ്റിംഗ് നടത്തുന്നത് പ്രോത്സാഹിപ്പിക്കാൻ നല്ല ഇടപെടലാണ് സംസ്ഥാന സർക്കാർ നടത്തിവരുന്നത് .

ശ്രീ. കെ. കുഞ്ഞിരാമൻ: സർ, വൈദ്യുതി മേഖലയിലുണ്ടാകുന്ന ഊർജ്ജ നഷ്ടം പരിഹരിക്കുന്നതിനായി നമ്മുടെ സംസ്ഥാനം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; അത് എങ്ങനെ കുറച്ചുകൊണ്ടുവരാമെന്നത് സംബന്ധിച്ച് ഗൗരവമായി ആലോചിക്കുമോ?

ശ്രീ. എം. എം. മണി: സർ, ഇന്ത്യയിൽ ഏറ്റവും കുറഞ്ഞ പ്രസരണ-വിതരണ നഷ്ടമുള്ള സംസ്ഥാനങ്ങളിലൊന്നാണ് കേരളം. നിലവിലെ പ്രസരണ-വിതരണ നഷ്ടം 13 ശതമാനം മാത്രമാണ്. ഇന്ത്യയിലെ മറ്റ് പല സംസ്ഥാനങ്ങളിലും ഇത് 20 ശതമാനത്തിനും മുകളിലാണ്. സിംഗിൾ ഫേസ് ലൈൻ ത്രീ ഫേസ് ലൈനാക്കി മാറ്റുക, 11 കെ.വി. ലൈനുകളും ട്രാൻസ്ഫോർമറുകളും മാറ്റിസ്ഥാപിക്കുക, സബ് സ്റ്റേഷനുകൾ സ്ഥാപിക്കുക തുടങ്ങി വളരെ ഫലപ്രദമായ ഇടപെടലുകളാണ് പ്രസരണ-വിതരണ നഷ്ടം കുറച്ചുകൊണ്ടുവരുന്നതിന് കെ.എസ്.ഇ.ബി.എൽ. നടത്തിവരുന്നത്. 10,000 കോടി രൂപ മുതൽമുടക്ക് പ്രതീക്ഷിക്കുന്ന ട്രാന്റ് ഗ്രിഡ് പദ്ധതിയുടെയും 4,500 കോടിയോളം രൂപ മുതൽമുടക്ക് പ്രതീക്ഷിക്കുന്ന ദ്യുതി പദ്ധതിയുടെയും ലക്ഷ്യത്തിൽ പ്രധാനം പ്രസരണ-വിതരണ നഷ്ടം കുറച്ച് ഉപഭോക്താക്കൾക്ക് ഗുണമേന്മയുള്ള വൈദ്യുതി ലഭ്യമാക്കുക എന്നതാണ്. ഈ പദ്ധതികൾ ഫലപ്രദമായി നടത്തിവരികയാണ്.

ശ്രീ. കെ. ജെ. മാക്സി: സർ, വൈദ്യുതി വിതരണ ശൃംഖലകൾ നവീകരിക്കുന്നതിനായി എന്തെങ്കിലും നടപടികൾ ഉദ്ദേശിക്കുന്നുണ്ടോ; ഇതിനായി പ്രത്യേക പദ്ധതികൾ നടപ്പിലാക്കാമോ?

ശ്രീ. എം. എം. മണി: സർ, വൈദ്യുതി വിതരണ ലൈനുകളുടെ നവീകരണവും ആധുനികവൽക്കരണവും ലക്ഷ്യമിട്ട് കെ.എസ്.ഇ.ബി.എൽ. നടപ്പിലാക്കിവരുന്ന പ്രധാന പദ്ധതിയാണ് ദ്യുതി 2021. വൈദ്യുതി ലൈനുകളിലുണ്ടാകുന്ന തടസ്സങ്ങൾ ഒഴിവാക്കുക, എല്ലാ ട്രാൻസ്ഫോർമറുകളിലും ഒന്നിലധികം സ്രോതസ്സുകളിൽനിന്നും വൈദ്യുതി എത്തിക്കുക, വന പ്രദേശത്തുനിന്നും റബ്ബർ തോട്ടങ്ങളിൽനിന്നും വലിക്കുന്ന ലൈനുകൾ- എ.ബി.സി. കേബിൾ ഇൻസുലേറ്റഡ് കമ്പികൾ ഉപയോഗിച്ച് മാറ്റുക തുടങ്ങി നിരവധി പ്രവർത്തനങ്ങൾ ഇതിന്റെ ഭാഗമായി നടപ്പിലാക്കുന്നു. 4,500 കോടി രൂപയോളം ചെലവുവരുന്ന ഈ പദ്ധതി വരുന്ന മൂന്നുവർഷംകൊണ്ട് പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്. വിതരണനഷ്ടം കുറച്ച് ഉപഭോക്താക്കൾക്ക് തടസ്സരഹിതമായി ഗുണമേന്മയുള്ള വൈദ്യുതി ലഭ്യമാക്കാനാണ് വൈദ്യുതി ബോർഡ് ലക്ഷ്യമിടുന്നത്.

ശ്രീ. സണ്ണി ജോസഫ്: സർ, കഴിഞ്ഞ വർഷകാലത്ത് കർണ്ണാടക വനത്തിലുണ്ടായ ഗുരുതരമായ നിരവധി ഉരുൾപൊട്ടലുകൾമൂലം എന്റെ നിയോജകമണ്ഡലത്തിലെ ബാരാപോൾ ജലവൈദ്യുത പദ്ധതി പൂർണ്ണമായും പ്രവർത്തനക്ഷമമല്ലാതായിരിക്കുകയാണ്. അതിന്റെ തകരാറുകൾ പരിഹരിച്ച് പ്രവൃത്തി നടത്തുന്നതിനാവശ്യമായ ക്രമീകരണങ്ങൾ ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ എന്ത് നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്?

ശ്രീ. എം. എം. മണി: സർ, കഴിഞ്ഞ പ്രളയക്കെടുതിയിൽ ബാരാപോൾ പദ്ധതിക്ക് പ്രതിസന്ധി ഉണ്ടായി എന്നുള്ളത് ശരിയാണ്. അവിടത്തെ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കി അറ്റകുറ്റപ്പണികൾ നടത്തി പ്രവർത്തനം പുനഃസ്ഥാപിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അത് പൂർത്തിയാക്കാനുള്ള ഇടപെടലുകൾ നടത്തുന്നതാണ്.

ശ്രീ. മുരളി പെരുനെല്ലി: സർ, വൈദ്യുതി ദുർവ്യയം തടയുന്നത് സംബന്ധിച്ചാണ് ചർച്ച. രാത്രികാലങ്ങളിൽ കത്തിക്കുന്നതിനുവേണ്ടിയാണ് തെരുവ് വിളക്കുകൾ സ്ഥാപിച്ചിരിക്കുന്നത്. പക്ഷേ, 24 മണിക്കൂറും തെരുവുവിളക്കുകൾ കത്തിക്കൊണ്ടിരിക്കുന്ന പ്രവണതയുണ്ട്. ആധുനിക സാങ്കേതികവിദ്യയുടെ ഫലമായി ടൈമറുകൾ ഘടിപ്പിച്ചിട്ടുണ്ടെങ്കിലും അവയെല്ലാം കേട് വന്ന സ്ഥിതിയിൽ ഇത് പരിശോധിക്കാനും ഈ ദുർവ്യയം പരിഹരിക്കാനുമാവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. എം. എം. മണി: സർ, തെരുവുവിളക്കുകൾ ചില കേന്ദ്രങ്ങളിൽ പകലും പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന സ്ഥിതി വൈദ്യുതി ബോർഡിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അത്തരം പ്രശ്നങ്ങൾ പരിശോധിച്ച് തുടർ നടപടികൾ

സ്വീകരിക്കുന്നതാണ്. യഥാർത്ഥത്തിൽ ഇത് വലിയ ഊർജ്ജ നഷ്ടം വരുത്തുന്നുവെന്ന കാര്യത്തെ സംബന്ധിച്ച് ബോർഡിന് വ്യക്തമായ ധാരണയുണ്ട്. അതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. അത് ഊർജ്ജ നഷ്ടംതന്നെ എന്നാണ് കണക്കാക്കുന്നത്.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, നമ്മുടെ സംസ്ഥാനത്ത് ഊർജ്ജത്തിന്റെ ആവശ്യം വർദ്ധിച്ചുവരികയും എന്നാൽ പുതിയ ഊർജ്ജോൽപ്പാദനത്തിനുള്ള വഴികളില്ലാതെ വരികയും ചെയ്യുകയാണ്. സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള വിവിധ ചെറുകിട ജലവൈദ്യുത പദ്ധതികളെ സംബന്ധിച്ച പ്രൊപ്പോസലുകളുടെ ഇപ്പോഴത്തെ സ്ഥിതി എന്താണ്? എന്റെ നിയോജകമണ്ഡലത്തിലെ ചെമ്പുകട്ടി, പാത്രക്കടവ് എന്നീ ജലവൈദ്യുത പദ്ധതികളെ സംബന്ധിച്ച് പ്രൊപ്പോസലുണ്ടായിരുന്നു. അട്ടപ്പാടിയിൽ കാറ്റാടിയിൽനിന്ന് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്ന വിൻഡ് മിൽ പദ്ധതിയുണ്ട്. ഇപ്പോൾ അവിടെ ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതി അധികമായതിനാൽ കെ.എസ്.ഇ.ബി.എൽ.-ന് കൊടുക്കുന്നുണ്ട്. അട്ടപ്പാടിയിലെ പ്രകൃതിയുടെ സവിശേഷത ഉപയോഗപ്പെടുത്തി കാറ്റാടിയിൽനിന്ന് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്ന കേന്ദ്ര ഗവൺമെന്റിന്റെ പദ്ധതിയുടെ ഇപ്പോഴത്തെ സ്ഥിതി എന്താണ്; ചെറുകിട ജലവൈദ്യുത പദ്ധതികളുമായും അട്ടപ്പാടി കാറ്റാടി പദ്ധതികളുമായും സർക്കാർ മുന്നോട്ട് പോകുന്നുണ്ടോ?

ശ്രീ. എം. എം. മണി: സർ, കഴിഞ്ഞ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ കാലത്താണ് കാറ്റാടിയിൽനിന്ന് വൈദ്യുതി ഉൽപ്പാദനം എന്ന പദ്ധതി രാമക്കൽമേട്ടിൽ മെച്ചപ്പെട്ട രീതിയിൽ നടപ്പിലാക്കിയിട്ടുള്ളത്. ഇനിയും അതിനുള്ള സാധ്യതകളുണ്ടെങ്കിൽ ഉപയോഗപ്പെടുത്താവുന്നതാണ്. പാലക്കാട് ജില്ലയിലും ചില പരിശ്രമങ്ങൾ നടന്നിട്ടുണ്ട്. അക്കാര്യത്തിൽ കൂടുതൽ നടപടികൾ സ്വീകരിക്കാവുന്നതാണ്. കഴിഞ്ഞ വെള്ളപ്പൊക്കത്തിന്റെ അനുഭവം വച്ചുകൊണ്ട്, ചെറുകിട ജലവൈദ്യുത പദ്ധതികൾ നഷ്ടത്തിലാണെന്നാണ് കാണുന്നത്. ചിലപ്പോൾ അഞ്ചുമുതൽ എട്ടുമാസംവരെ ആയിരിക്കും വൈദ്യുതി ലഭിക്കുന്നത്. കോടിക്കണക്കിന് രൂപ മുടക്കേണ്ടി വരികയും ചെയ്യും. പല ചെറുകിട ജലവൈദ്യുത പദ്ധതികളും വെള്ളപ്പൊക്കത്തെത്തുടർന്ന് പ്രതിസന്ധിയിലായി. എന്നാൽ നിർമ്മാണം തുടങ്ങി പണം മുടക്കിയ ഒരു പദ്ധതിയും വേണ്ടെന്ന് വയ്ക്കില്ല. അതിന്റെ പ്രവർത്തനങ്ങളുമായി മുന്നോട്ട് പോകണമെന്നതാണ് ഗവൺമെന്റിന്റെയും വൈദ്യുതി ബോർഡിന്റെയും നയം. പുതിയ സാധ്യത ഉപയോഗിച്ച് വൈദ്യുതി ഉൽപ്പാദിപ്പിക്കണമെന്നാണ് സർക്കാർ ഉദ്ദേശിക്കുന്നത്. ഇടുക്കിയിൽ രണ്ടാം പവർ ഹൗസിന്റെ കാര്യം സംബന്ധിച്ച് പരിശോധന നടക്കുന്നുണ്ട്. ഇതുവരെയുള്ള

പരിശോധനയിൽ സാധ്യതയുള്ളതിനാൽ ബാക്കി നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. ആയിരം മെഗാവാട്ട് സൗരോർജ്ജം ഉൽപ്പാദിപ്പിക്കുക എന്ന ലക്ഷ്യം വച്ചുകൊണ്ടുള്ള പ്രവർത്തനം ദ്രുതഗതിയിൽ നടന്നുവരുന്നു. അതിൽ 500 മെഗാവാട്ട് പുരപ്പുറം ഉപയോഗിച്ചുള്ള ഉൽപ്പാദന സമ്പ്രദായമാണ്. അതിനുള്ള നടപടികൾ ദ്രുതഗതിയിൽ നടന്നുവരികയാണ്. ഡാമുകളിലെ ഫ്ലോട്ടിംഗ് സോളാറിലൂടെ സൗരോർജ്ജം ഉൽപ്പാദിപ്പിക്കാനുള്ള പദ്ധതിയുണ്ട്. കേന്ദ്ര ഗവണ്മെന്റുമായി ഇക്കാര്യത്തിൽ എം.ഒ.യു. ഒപ്പുവച്ചിട്ടുണ്ട്; അവർ അക്കാര്യം പരിശോധന നടത്തി പഠിച്ചുവരികയാണ്. ആ നിലയിൽ എല്ലാ മാർഗ്ഗവും ഉപയോഗിച്ച് ഊർജ്ജം ഉൽപ്പാദിപ്പിച്ച് നമ്മുടെ ശേഷി വർദ്ധിപ്പിക്കാൻ സാധിച്ചാൽ പുറത്തുനിന്ന് കൂടിയ വിലയ്ക്ക് വൈദ്യുതി വാങ്ങുന്നത് പരമാവധി കുറയ്ക്കാൻ കഴിയുമെന്ന കാഴ്ചപ്പാടാണ് ഗവൺമെന്റിനും വൈദ്യുതി ബോർഡിനുമുള്ളത്. അതിനുള്ള എല്ലാ സാധ്യതയും ഉപയോഗിക്കും. ഇതുവരെയുള്ള അനുഭവം വച്ചുകൊണ്ട് പുതിയ ചെറുകിട പദ്ധതികൾ ഏറ്റെടുത്താൽ പ്രതിസന്ധിയിലാകുമെന്നാണ് കാണുന്നത്. ഇതെല്ലാം പരിഗണിച്ച് നടപടികൾ സ്വീകരിക്കും. ഊർജ്ജം ഉല്പാദിപ്പിക്കുക എന്നുള്ളത്, പുറത്തുനിന്നും വാങ്ങുന്ന ഊർജ്ജത്തിന്റെ അളവ് കുറയ്ക്കാൻ നമ്മളെ സഹായിക്കും എന്നാണ് വൈദ്യുതി ബോർഡ് കരുതുന്നത്.

<u>ശ്രീ. കെ. ബാബു</u>: സർ, കേരളത്തെ ഇന്ത്യയിലെ ആദ്യത്തെ സമ്പൂർണ്ണ വൈദ്യുതിവൽക്കരിക്കപ്പെട്ട സംസ്ഥാനമാക്കി മാറ്റിയ ബഹുമാനപ്പെട്ട മന്ത്രിയെയും വകുപ്പുതല ഉദ്യോഗസ്ഥരെയും ഗവൺമെന്റിനെയും അഭിനന്ദിക്കുന്നു. ദുർവ്യയം തടയുന്നതിനാവശ്യമായ നടപടികളെന്ന പോലെയാണ് വൈദ്യുതി മോഷണം തടയുന്നതിനാവശ്യമായ നടപടികളും. ഈ സർക്കാർ വന്നതിനുശേഷം വൈദ്യുതി മോഷണത്തിന്റെ പേരിൽ എത്ര കേസ്സുകളാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്?

<u>ശ്രീ. എം. എം. മണി</u>: സർ, അക്കാര്യം പരിശോധിച്ച് വിവരം ശേഖരിച്ചതിനുശേഷം മാത്രമേ പറയാൻ സാധിക്കുകയുള്ളൂ.

<u>ശ്രീ. ഷാഫി പറമ്പിൽ</u>: സർ, കഴിഞ്ഞദിവസം വ്യവസായ വകുപ്പിന്റെ ചർച്ച നടന്നപ്പോൾ കഞ്ചിക്കോട് വ്യവസായ മേഖലയിലെ വൈദ്യുതി രംഗത്തെ സംബന്ധിച്ച് സൂചിപ്പിക്കുകയുണ്ടായി. കേരളത്തിൽ കെ.എസ്.ഇ.ബി.എൽ.-ന് ഏറ്റവും കൂടുതൽ വരുമാനം കിട്ടുന്നതും ഏറ്റവും കൂടുതൽ വൈദ്യുതി ഉപയോഗിക്കുന്ന പ്രദേശവും കൂടിയായ പാലക്കാട് കാലഹരണപ്പെട്ട യന്ത്രങ്ങളും യന്ത്രത്തകരാറുകളുംമൂലം കഴിഞ്ഞ ഒരു വർഷം ഏതാണ്ട് 50 പ്രവൃത്തി ദിവസങ്ങളിൽ പല കാരണങ്ങൾകൊണ്ട് വൈദ്യുതി മുടങ്ങുന്ന സാഹചര്യമുണ്ടായി

എന്നാണ് ഇൻഡസ്ട്രീസ് ഫോറം റിപ്പോർട്ട് ചെയ്തിട്ടുള്ളത്. ആ 22 കെ.വി. സബ് സ്റ്റേഷനിലാണ് കേരളത്തിൽ ഏറ്റവും കൂടുതൽ ഫീഡറുകൾ കൊടുക്കുന്നത്. അവിടെ ഒരു പുതിയ സബ് സ്റ്റേഷൻ അനിവാര്യമാണ്. അതിനുവേണ്ടി കിൻഫ്ര ടെക്സ്റ്റൈൽ പാർക്കിൽ സ്ഥലത്തിന്റെ സർവ്വേ കഴിഞ്ഞിട്ടുണ്ട്. അവിടെ അണ്ടർ ഗ്രൗണ്ട് കേബിളിംഗ് നടപ്പാക്കിയാൽ കെ.എസ്.ഇ.ബി.എൽ.-ന് വരുമാന വർദ്ധനവുണ്ടാകും. അവർക്കൊരു ബൈപ്പാസ് ബാക്ക് അപ് ഫീഡർ കൊടുക്കണമെന്ന ആവശ്യമുണ്ട്. വ്യവസായ വകുപ്പുമായി ചേർന്ന്, അവയുടെ വളർച്ചയ്ക്കുവേണ്ടി വൈദ്യുതി രംഗത്ത് അടിയന്തരമായി നടപ്പിലാക്കാനുള്ള ആധുനികവൽക്കരണവും അഡീഷണൽ ജീവനക്കാരെ നിയമിക്കുന്നതിനുള്ള നടപടികളും ബഹുമാനപ്പെട്ട മന്ത്രി സ്വീകരിക്കുമോ?

<u>ശ്രീ. എം. എം. മണി</u>: സർ, അണ്ടർഗ്രൗണ്ട് കേബിൾ സ്ഥാപിക്കുന്നത് നല്ല കാര്യമാണ്. പക്ഷേ വൈദ്യുതി ബോർഡ് അതിനുള്ള സമ്പത്ത് കണ്ടെത്താൻ കഴിയുന്ന സ്ഥിതിയിലല്ല. കോടിക്കണക്കിന് രൂപ മുടക്കിയാൽ മാത്രമേ ഇക്കാര്യങ്ങൾ നടത്താൻ സാധിക്കുകയുള്ളൂ. എന്നാൽ അത്യാവശ്യം വേണ്ടിടത്ത് അണ്ടർഗ്രൗണ്ട് കേബിൾ സ്ഥാപിക്കുന്ന കാര്യത്തിൽ പ്രശ്നമില്ല. അതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്. വ്യവസായങ്ങൾ ആരംഭിക്കുന്നതിന് ഊർജ്ജം കൊടുക്കാൻ ബോർഡ് എപ്പോഴും ബാധ്യസ്ഥമാണ്. അക്കാര്യത്തിലൊന്നും ഒരു വിട്ടുവീഴ്ചയും വൈദ്യുതി ബോർഡിന്റെ ഭാഗത്തുനിന്നുമുണ്ടാകില്ല. കുടിശ്ശിക അടയ്ക്കുന്നതിൽ എന്തെങ്കിലും തകരാറുണ്ടെങ്കിൽ മാത്രമാണ് പ്രശ്നങ്ങൾ വരിക. പല സ്ഥാപനങ്ങളും വൈദ്യുതി ബോർഡിന് വലിയ തോതിൽ സമ്പത്ത് നൽകാനുണ്ട്. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പറഞ്ഞ പ്രദേശത്ത് അണ്ടർഗ്രൗണ്ട് കേബിൾ സ്ഥാപിക്കാൻ കഴിയുമോയെന്ന് പരിശോധിക്കാവുന്നതാണ്.

<u>ശ്രീ. ആർ. രാമചന്ദ്രൻ</u>: സർ, വൈദ്യുതി ദുർവ്യയം തടയാൻ നടപടികൾ സ്വീകരിക്കുന്നതോടൊപ്പം വളരെ കുറഞ്ഞ അളവ് വൈദ്യുതിയിൽ പ്രവർത്തിക്കുന്ന ലൈറ്റുകളും ഗാർഹികോപകരണങ്ങളും വ്യാപകമാക്കാനുള്ള സർക്കാർ നടപടികളുടെ പുരോഗതി വ്യക്തമാക്കുമോ?

<u>ശ്രീ. എം. എം. മണി</u>: സർ, ഇതിനകം വൈദ്യുതി ബോർഡും ഗവൺമെന്റും അക്കാര്യം വ്യക്തമാക്കിയിട്ടുണ്ട്. കഴിഞ്ഞ ബഡ്ജറ്റിൽ അതുസംബന്ധിച്ചുള്ള നിർദ്ദേശങ്ങൾ വന്നിട്ടുണ്ട്. വൈദ്യുതി ചെലവ് കുറയ്ക്കുന്നതിന് എൽ.ഇ.ഡി. ബൾബും ട്യൂബും സ്ഥാപിക്കുക എന്ന പദ്ധതി കേരളത്തിലാകെ നടപ്പിലാക്കാൻ കഴിഞ്ഞാൽ വലിയ തോതിലുള്ള ഊർജ്ജ നഷ്ടത്തിൽനിന്ന് രക്ഷപ്പെടാൻ കഴിയും. അത് നടപ്പിലാക്കുക എന്നത് ഗവൺമെന്റിന്റെയും ബോർഡിന്റെയും കർമ്മപരിപാടിയാണെന്ന് അറിയിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്.

ശ്രീ. റോഷി അഗസ്റ്റിൻ: സർ, എൽ.ഇ.ഡി. ബൾബുകൾ ഉപയോഗിച്ചാൽ വളരെയേറെ വൈദ്യുതി ലാഭിക്കാൻ സാധിക്കും. എന്റെ നിയോജകമണ്ഡലത്തിലെ എല്ലാ വീടുകൾക്കും എൽ.ഇ.ഡി. ബൾബ് കൊടുക്കുന്നതിനുവേണ്ടിയുള്ള തുക ചെലവഴിക്കുന്നതിന് ഘട്ടംഘട്ടമായി എം.എൽ.എ.-മാരുടെ ആസ്തി വികസന ഫണ്ട് ഉപയോഗിക്കാം. ഇക്കാര്യം ഞാൻ പല എം.എൽ.എ.-മാരോടും ചോദിച്ചപ്പോൾ അവർക്കെല്ലാം താല്പര്യമുണ്ട്. ആസ്തി വികസന ഫണ്ട് ആ നിലയിൽ വിനിയോഗിക്കാൻ ധനകാര്യ വകുപ്പിന്റെ ഉത്തരവുകൂടി ലഭ്യമാക്കിയാൽ കെ.എസ്.ഇ.ബി.എൽ.-ഉമായി സഹകരിച്ച് വീടുകളിലെല്ലാം അവ നൽകി കോടിക്കണക്കിന് യൂണിറ്റ് വൈദ്യുതി ലാഭിക്കാൻ കഴിയുന്ന ഒരു ബൃഹത് പദ്ധതിയായി മാറ്റാൻ കഴിയും. ആ നിലയിൽ ഒരുത്തരവ് പുറപ്പെടുവിക്കുന്നതിനാവശ്യമായ നടപടി ഗവൺമെന്റ് സ്വീകരിക്കുമോ?

ശ്രീ. എം. എം. മണി: സർ, എം.എൽ.എ.-മാർ അവരുടെ ആസ്തി വികസന ഫണ്ട് ഇതിനുവേണ്ടി ഉപയോഗിക്കാൻ തയ്യാറാണെങ്കിൽ പ്രോത്സാഹജനകമായ നിലപാടായിരിക്കും വൈദ്യുതി ബോർഡും ഗവൺമെന്റും സ്വീകരിക്കുക. അത് വൈദ്യുതി ബോർഡിന് കൂടുതൽ പ്രയോജനപ്പെടും. ബഹുമാനപ്പെട്ട മെമ്പർമാർ മുൻകയ്യെടുത്ത് ഇക്കാര്യം ആവശ്യപ്പെട്ടാൽ ചർച്ച ചെയ്ത് ഉചിതമായ തീരുമാനമെടുക്കാവുന്നതാണ്.

ശ്രീമതി വീണാ ജോർജ്ജ്: സർ, സമാന്തര ഊർജ്ജ സ്രോതസ്സുകൾ ഉപയോഗിക്കുന്നത് പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി സ്വകാര്യ വ്യക്തികളുടെ വീടുകളിലും സ്ഥാപനങ്ങളിലും സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള ബൃഹത്തായ പദ്ധതിയാണ് വകുപ്പ് ഇപ്പോൾ ഏറ്റെടുത്തിരിക്കുന്നത്. അതിന്റെ ആദ്യഘട്ടത്തിലുള്ള പ്രതികരണം നോക്കുമ്പോൾ ലക്ഷക്കണക്കിന് ആളുകളാണ് ഈ പദ്ധതിയിൽ ചേരാൻ രജിസ്റ്റർ ചെയ്തിട്ടുള്ളത്. വീടുകളിലും സ്ഥാപനങ്ങളിലും ഉല്പാദിപ്പിക്കുന്ന വൈദ്യുതി മുഴുവൻ ഏറ്റെടുക്കുന്നതിനും സമയബന്ധിതമായി പ്ലാന്റുകൾ സ്ഥാപിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ടോ; അങ്ങനെയെങ്കിൽ ഈ പദ്ധതി എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ സാധിക്കും?

ശ്രീ. എം. എം. മണി: സർ, അതുസംബന്ധിച്ച് വൈദ്യുതി ബോർഡ് വ്യക്തമായ പരിപാടി പ്രഖ്യാപിച്ചിട്ടുണ്ട്. 1000 മെഗാവാട്ട് ലക്ഷ്യം വച്ചാണ് പ്രവർത്തനം നടത്തുക. കെട്ടിടങ്ങളുടെ മുകളിൽ സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിച്ച് 500 മെഗാവാട്ട് വൈദ്യുതിയും ഡാമുകളിൽ ഫ്ലോട്ടിംഗ് സോളാർ സ്ഥാപിച്ച് 500 മെഗാവാട്ട് വൈദ്യുതിയും ഉല്പാദിപ്പിക്കാനാണ് ലക്ഷ്യമിടുന്നത്. അതിന്റെ ദ്രുതഗതിയിലുള്ള പ്രവൃത്തി നടന്നുവരുന്നുണ്ട്. വീട്ടുടമസ്ഥർ ചെലവുചെയ്ത്

സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുകയാണെങ്കിൽ അവരുടെ ആവശ്യം കഴിഞ്ഞുള്ള ഊർജ്ജം വൈദ്യുതി ബോർഡ് വാങ്ങും. അതിന്റെ വില നിർണ്ണയിക്കുന്നത് റെഗുലേറ്ററി കമ്മീഷനാണ്. അങ്ങനെയുള്ള എത്ര വ്യക്തികളും സ്ഥാപനങ്ങളുമുണ്ടെങ്കിലും അതെല്ലാം പ്രയോജനപ്പെടുത്തുന്നതിന് അനുകൂലമായ നിലപാടാണ് ബോർഡിനുള്ളത്.

ശ്രീ. എ. പി. അനിൽ കുമാർ: സർ, കാലവർഷം ശക്തിപ്രാപിച്ചാൽ ഏറ്റവും കൂടുതൽ പ്രയാസം അനുഭവിക്കുന്നത് വൈദ്യുതി മേഖലയാണ്. മഴയോടൊപ്പം വരുന്ന കാറ്റിൽ തകർന്നുവീഴുന്ന ഇലക്ട്രിക് ലൈനുകളുടെയും പോസ്റ്റുകളുടെയും എണ്ണം വളരെ കൂടുതലാണ്. എന്റെ നിയോജകമണ്ഡലത്തിൽ രണ്ടുദിവസം മുമ്പുണ്ടായ കാറ്റിനെത്തുടർന്ന് 40 ഇലക്ട്രിക് പോസ്റ്റുകളാണ് ഒരുമിച്ച് തകർന്നത്. വൈദ്യുതി വകുപ്പ് ജീവനക്കാർ അവിടെയെത്തി എല്ലാ കാര്യങ്ങളും ചെയ്തുവെങ്കിലും ഇതുവരെയും വൈദ്യുതി പുനഃസ്ഥാപിച്ചിട്ടില്ല. ഇത് എന്റെ നിയോജകമണ്ഡലത്തിൽ മാത്രമല്ല കേരളത്തിലാകമാനമുള്ള കാര്യമാണ്. വൈദ്യുതി വകുപ്പ് ജീവനക്കാർ ആത്മാർത്ഥമായി ശ്രമിച്ചാൽപ്പോലും വൈദ്യുതി പുനഃസ്ഥാപിക്കുന്നതിന് ദിവസങ്ങളെടുക്കുകയാണ്. അതുകൊണ്ട് കാലവർഷം വരുമ്പോൾ അടിയന്തരമായി ഇത്തരം കാര്യങ്ങൾ ചെയ്യുന്നതിന് ഓരോ ജില്ലയിലും പ്രത്യേക ടീമിനെ നിയോഗിച്ചാൽ അത്തരം മേഖലകളിൽ യുദ്ധകാലാടിസ്ഥാനത്തിൽ വൈദ്യുതി പുനഃസ്ഥാപിക്കാൻ സാധിക്കും.

ശ്രീ. എം. എം. മണി: സർ, ഈ കാലയളവിൽ താരതമ്യേന ബോർഡിന്റെ പ്രവർത്തനവും ജീവനക്കാരുടെ ഇടപെടലും മെച്ചപ്പെട്ടിട്ടുണ്ടെന്നാണ് വൈദ്യുതി ബോർഡും മന്ത്രിയെന്ന നിലയിൽ ഞാനും കണക്കാക്കുന്നത്. നഷ്ടപ്പെട്ടുപോകുന്ന കണക്ഷൻ എത്രയുംവേഗം പുനഃസ്ഥാപിക്കുന്നതിന് വൈദ്യുതി വകുപ്പ് ജീവനക്കാർക്ക് കഴിയും. ഓഖി ദുരന്തത്തിൽ നഷ്ടപ്പെട്ട കണക്ഷൻ മുഴുവൻ നാല് ദിവസംകൊണ്ട് പുനഃസ്ഥാപിച്ചു. അതുപോലെ പ്രളയകാലത്തുണ്ടായ വലിയ നഷ്ടം സംബന്ധിച്ച് ഇവിടെ ചർച്ച ചെയ്തതാണ്. ഏറ്റവും ഫലപ്രദമായ നടപടിയാണ് അക്കാര്യത്തിൽ സ്വീകരിച്ചത്. പത്ത് ദിവസംകൊണ്ട് ഏതാണ്ട് ഇരുപത്തിയാറ് ലക്ഷത്തോളം കണക്ഷൻ പുനഃസ്ഥാപിച്ചു എന്നത് ഒരു സർവ്വകാല റെക്കോർഡാണ്. അതുകൊണ്ട് ഈ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കാം. ഇപ്പോഴും ചില പരാതികളൊക്കെ വരുന്നുണ്ട്. അതുകൊണ്ട് ഇത് പരമാവധി മെച്ചപ്പെടുത്താനുള്ള ഇടപെടൽ ഗവൺമെന്റും ബോർഡും സ്വീകരിക്കുന്നതാണ്.

മി. സ്പീക്കർ: ചോദ്യം നമ്പർ *182

## സഹകരണ സ്ഥാപനങ്ങളിലെ അഴിമതി തടയാൻ നടപടി

2 (*182) ശ്രീ. പി. ഉബൈദുള്ള:
ശ്രീ. എം. ഉമ്മർ:
ശ്രീ. ടി. വി. ഇബ്രാഹിം:
ശ്രീ. സി. മമ്മൂട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സഹകരണ സ്ഥാപനങ്ങളിലെ അഴിമതി തടയാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ;

(ബി) അഴിമതിയുടെ പേരിൽ ഏതെല്ലാം സഹകരണ സ്ഥാപനങ്ങളിലെ ഭരണസമിതി പിരിച്ചുവിട്ടു എന്നറിയിക്കാമോ;

(സി) ഏതെങ്കിലും സഹകരണ സ്ഥാപനങ്ങളിൽ വിജിലൻസ് അന്വേഷണത്തിന് ഉത്തരവ് നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ഡി) വിജിലൻസ് റിപ്പോർട്ട് ലഭ്യമായിട്ടും നടപടി സ്വീകരിക്കാൻ കഴിയാത്ത സ്ഥിതിവിശേഷം നിലവിലുണ്ടോ;

(ഇ) വിജിലൻസ് അന്വേഷണം നീണ്ടുപോകുന്നത് പ്രസ്തുത സ്ഥാപനങ്ങളുടെ പ്രവർത്തനത്തിന് വിഘാതമാകുമെന്നതിനാൽ സമയബന്ധിതമായി അന്വേഷണം പൂർത്തീകരിക്കാൻ നിർദ്ദേശം നൽകുമോ; വിശദാംശം നൽകുമോ?

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ,

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ജില്ലാതലത്തിൽ ജോയിന്റ് രജിസ്ട്രാർമാരും താലൂക്ക് തലത്തിൽ അസിസ്റ്റന്റ് രജിസ്ട്രാർമാരും യൂണിറ്റ് തലത്തിൽ ഇൻസ്പെക്ടർമാരും സഹകരണ സംഘങ്ങളിൽ നടത്തിവരുന്ന ആകസ്മിക/വിശദ പരിശോധനകൾ കൂടുതൽ കാര്യക്ഷമമാക്കിയിട്ടുണ്ട്. സഹകരണ സംഘങ്ങളിൽ ക്രമക്കേടുകൾ ആരോപിക്കപ്പെട്ട് താലൂക്ക് തലത്തിലും ജില്ലാ തലത്തിലും സംസ്ഥാന തലത്തിലും ലഭിക്കുന്ന പരാതികളിന്മേൽ ഫലപ്രദമായ അന്വേഷണം നടത്തുകയും ആരോപണങ്ങളിൽ കഴമ്പുണ്ടെന്ന് കാണുന്നപക്ഷം സഹകരണ നിയമം വകുപ്പ് 65, 66 എന്നിവ പ്രകാരമുള്ള തുടരന്വേഷണങ്ങൾ/പരിശോധനകൾ നടത്തി അന്വേഷണ റിപ്പോർട്ടിലെ ശിപാർശകൾ പ്രകാരമുള്ള തുടർനടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു.

സഹകരണ സംഘങ്ങളുടെ പ്രവർത്തനങ്ങളിൽ അഴിമതിയും ഗുരുതരമായ സാമ്പത്തിക ക്രമക്കേടുകളും ആരോപിക്കപ്പെട്ട് ലഭിക്കുന്ന പരാതികളിന്മേൽ സഹകരണ സംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിൽ സഹകരണ നിയമം വകുപ്പ് 68 (എ) പ്രകാരം പ്രവർത്തിച്ചുവരുന്ന സഹകരണ വിജിലൻസ് സംവിധാനത്തിലൂടെ അന്വേഷണം നടത്തി അന്വേഷണ റിപ്പോർട്ടിലെ ശിപാർശകളുടെ അടിസ്ഥാനത്തിൽ സത്വരമായ തുടർനടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. സഹകരണ വിജിലൻസ് വിഭാഗത്തിലെ അന്വേഷണ ഉദ്യോഗസ്ഥരായ പോലീസുദ്യോഗസ്ഥരുടെ ഒഴിവുകളിൽ ഈ സർക്കാർ നിയമനം നടത്തുകയും അവർക്കാവശ്യമായ പരിശീലനം നൽകുകയും ചെയ്ത് സഹകരണ വിജിലൻസ് സംവിധാനം കൂടുതൽ കാര്യക്ഷമമാക്കിയിട്ടുണ്ട്. സഹകരണ വിജിലൻസ് ഓഫീസറുടെ തസ്തികയിൽ ഡി.ഐ.ജി. റാങ്കിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥനെയാണ് നിയമിക്കേണ്ടത്. എന്നാൽ ഐ.പി.എസ്. കേഡറിലുള്ള ടി റാങ്കിലുള്ള ഉദ്യോഗസ്ഥനെ ടി തസ്തികയിൽ നിയമിക്കുന്നതിന് ലഭ്യമാകാത്തതിനാലും ടി തസ്തിക ദീർഘകാലമായി ഒഴിഞ്ഞുകിടക്കുന്ന സാഹചര്യത്തിലും ടി തസ്തികയിൽ എസ്.പി. (നോൺ കേഡർ) റാങ്കിൽ കുറയാത്ത ഉദ്യോഗസ്ഥനെ നിയമിക്കുന്നതിന് സർക്കാർ തീരുമാനിച്ച് നടപടി തുടർന്നുവരുന്നു.

സംസ്ഥാനത്തെ ചില സഹകരണ സംഘങ്ങളിൽ മുക്കുപണ്ടങ്ങൾ ഉൾപ്പെടെയുള്ള സ്വർണ്ണപ്പണയ ക്രമക്കേടുകൾ കണ്ടെത്തിയ സാഹചര്യത്തിൽ ടി ക്രമക്കേടുകൾ തടയുന്നതിന് 19-7-2016-ലെ 22/16 സർക്കുലർ പ്രകാരം സ്വർണ്ണപ്പണയ വായ്പ അനുവദിക്കുന്നതും പണയപണ്ടങ്ങൾ ഭൗതിക പരിശോധന നടത്തുന്നതും സംബന്ധിച്ച് കർശന മാർഗ്ഗനിർദ്ദേശങ്ങൾ സഹകരണ സംഘം രജിസ്ട്രാർ പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ പണയ ഉരുപ്പടികൾ കൈകാര്യം ചെയ്യുന്നതിൽ കൃത്രിമം കാണിക്കുന്നതും സാമ്പത്തിക ക്രമക്കേടുകൾ നടത്തുന്നതും സഹകരണ ബാങ്കുകളിൽ തുടർന്നുവരുന്നതായി ആക്ഷേപമുണ്ടായ സാഹചര്യത്തിൽ ആയത് തടയാൻ സഹകരണ സംഘം രജിസ്ട്രാർ 13/2018 സർക്കുലർ പ്രകാരം 22/2016 സർക്കുലറിലെ നിർദ്ദേശങ്ങളെ കുറച്ചുകൂടി സ്പഷ്ടീകരിക്കുകയും ചെയ്തിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ സഹകരണസംഘങ്ങളിൽ സൂക്ഷിച്ചിരിക്കുന്ന മുഴുവൻ സ്വർണ്ണപ്പണയ പണ്ടങ്ങളുടെയും തൂക്കത്തിലെ കൃത്യതയും പരിശുദ്ധിയും ഉറപ്പുവരുത്തുന്നതിന് സംഘം തലത്തിൽ ഒരു കമ്മിറ്റി രൂപീകരിക്കുകയും സംഘത്തിൽ നടക്കുന്ന എല്ലാ സ്വർണ്ണപ്പണയ ക്രമക്കേടുകൾക്കും പൂർണ്ണ ഉത്തരവാദിത്വം ടി കമ്മിറ്റിക്കും സംഘത്തിലെ ഭരണസമിതി അംഗങ്ങളിലും നിക്ഷിപ്തമാക്കി വ്യവസ്ഥ ചെയ്യുകയും ചെയ്തിട്ടുണ്ട്.

കൂടാതെ സഹകരണ സംഘങ്ങളുടെ ആഡിറ്റ് നിർവ്വഹണവുമായി ബന്ധപ്പെട്ട് കമ്പ്യൂട്ടറൈസ്ഡ് അക്കൗണ്ടുകൾ പരിശോധിക്കുന്നത് സംബന്ധിച്ച് സഹകരണ സംഘം രജിസ്ട്രാർ 27/2017 നമ്പർ സർക്കുലർ പ്രകാരം മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുള്ളതുമാണ്.

സഹകരണ ആഡിറ്റ് വിഭാഗത്തെ ശക്തമാക്കുന്നതിനും സഹകരണ സംഘങ്ങളുടെ ആഡിറ്റ് കാര്യക്ഷമമാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുകയും ആഡിറ്റിൽ കണ്ടെത്തുന്ന ഗുരുതരമായ ക്രമക്കേടുകൾ സ്പെഷ്യൽ റിപ്പോർട്ട് സഹിതം ഭരണവിഭാഗത്തെ അറിയിക്കുന്നതിനും ആഡിറ്റർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) സഹകരണ നിയമം, വകുപ്പ് 32 പ്രകാരമുള്ള ക്രമക്കേടുകൾ, ചട്ടലംഘനം, കൃത്യവിലോപം തുടങ്ങിയവ വഴിയുള്ള അഴിമതികളുടെ പേരിൽ 30 സഹകരണ സംഘങ്ങളുടെ ഭരണസമിതികളെ പിരിച്ചുവിടുകയും സംസ്ഥാന കാർഷിക ഗ്രാമവികസന ബാങ്കിനെ സസ്പെന്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്. പിരിച്ചുവിടപ്പെട്ട സംഘങ്ങളുടെ ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു. ടി ചോദ്യത്തിന്റെ 'ബി' പിരിവിന്റെ ബാക്കി മറുപടി ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു*.

(സി) ഉണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മാവേലിക്കര താലൂക്ക് സഹകരണ ബാങ്കിന്റെ തഴക്കര ശാഖയിൽ നടന്ന പണാപഹരണം സംബന്ധിച്ച് സഹകരണ വിജിലൻസ് വിഭാഗം അന്വേഷണം നടത്തി ലഭ്യമാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തഴക്കര ശാഖയിൽ നടന്ന പണാപഹരണം സംബന്ധിച്ചും പള്ളിപ്പുറം വില്ലേജ് സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 335-ലെ ബാങ്ക് ഭരണസമിതിക്കെതിരെ അഴിമതി നിരോധന നിയമപ്രകാരം നടപടി സ്വീകരിക്കുന്നതിനും നടയ്ക്കൽ സർവ്വീസ് സഹകരണ ബാങ്കിലെ അഴിമതിയും ക്രമക്കേടുകളും സംബന്ധിച്ചും മണ്ണാർക്കാട് അരിയൂർ സർവ്വീസ് സഹകരണ ബാങ്കിലെ പ്രവർത്തനത്തിലെ ക്രമക്കേടുകളും അഴിമതിയും സംബന്ധിച്ചും വിജിലൻസ് ആന്റ് ആന്റികറപ്ഷൻ ബ്യൂറോ മുഖേന അന്വേഷണം നടത്തുന്നതിന് സർക്കാർ തീരുമാനിച്ച് ഉത്തരവ് നൽകിയിട്ടുണ്ട്. കൂടാതെ, താഴെപ്പറയുന്ന സഹകരണ സംഘങ്ങളിലെ ക്രമക്കേടുകളിന്മേൽ വിജിലൻസ് ആന്റ് ആന്റികറപ്ഷൻ ബ്യൂറോ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു:-

---

* അനുബന്ധം 1 ആയി ചേർത്തിട്ടുണ്ട്.

- കേരള സംസ്ഥാന സഹകരണ ബാങ്ക്
- വക്കം അഗ്രികൾച്ചറൽ ഇംപ്രൂവ്മെന്റ് സഹകരണ സംഘം ക്ലിപ്തം നമ്പർ റ്റി. 1919, ചിറയിൻകീഴ്
- പള്ളിപ്പുറം വില്ലേജ് സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 335, ആലപ്പുഴ
- തിരുകൊച്ചി അഗ്രികൾച്ചറൽ പ്രൊഡക്ഷൻ പ്രോസസ്സിംഗ് ആന്റ് മാർക്കറ്റിംഗ് സഹകരണ സംഘം ക്ലിപ്തം നമ്പർ ഇ. 1279, എറണാകുളം
- മുളവൂർ അർബൻ സഹകരണ ബാങ്ക്, എറണാകുളം
- അടാട്ട് ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്ക്
- കണ്ണാടി സർവ്വീസ് സഹകരണ ബാങ്ക്, പാലക്കാട് (തൃശ്ശൂർ വിജിലൻസ് കോടതിയുടെ ഉത്തരവ് പ്രകാരം)
- മുട്ടത്തോടി സർവ്വീസ് സഹകരണ ബാങ്ക് , കാസർഗോഡ്
- മുഗു സർവ്വീസ് സഹകരണ ബാങ്ക്, മഞ്ചേശ്വരം, കാസർഗോഡ് (എൻക്വയറി കമ്മീഷണർ ആന്റ് സ്പെഷ്യൽ ജഡ്ജ്, തലശ്ശേരിയുടെ ഉത്തരവ് പ്രകാരം)
- കുമരംപുത്തൂർ എസ്.സി.ബി., മണ്ണാർക്കാട്
- ശ്രീകൃഷ്ണപുരം എസ്.സി.ബി.
- ബാലരാമപുരം സപ്ലൈ ആന്റ് മാർക്കറ്റിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി
- ഈരാറ്റുപേട്ട എസ്.സി.ബി.
- നരുവാമൂട് എസ്.സി.ബി.
- രാജീവ്ഗാന്ധി ഹൗസിംഗ് കൺസ്ട്രക്ഷൻ കോ-ഓപ്പറേറ്റീവ് സൊസൈറ്റി, തലശ്ശേരി, കണ്ണൂർ
- കേരള മുനിസിപ്പൽ കോർപ്പറേഷൻ വർക്കേഴ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി
- ബാലഗ്രാം എസ്.സി.ബി., ഇടുക്കി

- ചേർത്തല കോ-ഓപ്പറേറ്റീവ് അഗ്രികൾച്ചറൽ ആന്റ് റൂറൽ ഡെവലപ്മെന്റ് ബാങ്ക്
- കല്ലട ഈസ്റ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി, കൊല്ലം
- വണ്ടൻമേട് എസ്.സി.ബി., ഇടുക്കി
- കടുത്തുരുത്തി റബ്ബർ മാർക്കറ്റിംഗ് ആന്റ് പ്രോസസ്സിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി
- തൃശ്ശൂർ എസ്.സി.ബി., തൃശ്ശൂർ
- ഫാർമേഴ്സ് സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക്, പോത്താനിക്കാട്
- തത്തമംഗലം എസ്.സി.ബി., പാലക്കാട്
- പീച്ചി എസ്.സി.ബി., തൃശ്ശൂർ
- മാനന്തവാടി എസ്.സി.ബി., വയനാട്
- കീഴ്ക്കുന്ന് എസ്.സി.ബി., കോട്ടയം

സംസ്ഥാനത്തെ വിവിധ സഹകരണ സംഘങ്ങളിൽ ഗുരുതരമായ ക്രമക്കേടുകൾ ആരോപിക്കപ്പെട്ട് സഹകരണ സംഘം രജിസ്ട്രാർക്ക് ലഭിക്കുന്ന പരാതികളിന്മേൽ അന്വേഷണം നടത്തുന്നതിന് സഹകരണ സംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിൽ സഹകരണ നിയമം വകുപ്പ് 68 (എ) പ്രകാരം പ്രവർത്തിക്കുന്ന സഹകരണ വിജിലൻസിനെ ചുമതലപ്പെടുത്തിവരുന്നുണ്ട്. സഹകരണ വിജിലൻസിൽനിന്ന് ലഭിക്കുന്ന അന്വേഷണ റിപ്പോർട്ടുകളിലെ ശിപാർശകളുടെ അടിസ്ഥാനത്തിൽ സഹകരണ നിയമപ്രകാരമുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

(ഡി) ഇല്ല.

(ഇ) സഹകരണ സ്ഥാപനങ്ങളിലെ ക്രമക്കേടുകളുടെ പശ്ചാത്തലത്തിൽ സഹകരണ വിജലൻസ് വിഭാഗം നടത്തിവരുന്ന അന്വേഷണങ്ങളിൽ ഓരോന്നിലും സ്വീകരിച്ച നടപടിയും പുരോഗതിയും സംബന്ധിച്ച വിവരങ്ങളുൾപ്പെടുത്തിയ സ്പെഷ്യൽ പ്രതിമാസ റിപ്പോർട്ട് തയ്യാറാക്കി സീൽ ചെയ്ത കവറിൽ സർക്കാരിലേയ്ക്ക് സമർപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കാൻ സഹകരണ വിജിലൻസ് ഓഫീസർക്ക് 6-10-2018-ൽ സഹകരണ സംഘം രജിസ്ട്രാർ നിർദ്ദേശം നൽകിയിട്ടുണ്ട്.

ശ്രീ. പി. ഉബൈദുള്ള: സർ, സംസ്ഥാനത്ത് സഹകരണ പ്രസ്ഥാനത്തിന്റെ വളർച്ചയിൽ ഓരോ സ്ഥാപനത്തിന്റെയും തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതികൾ വലിയ പങ്കാണ് വഹിച്ചിട്ടുള്ളതെന്ന കാര്യം എല്ലാവർക്കുമറിയാം. എന്നാൽ കഴിഞ്ഞ രണ്ടുവർഷത്തിലധികമായി കേരളത്തിലെ 14 ജില്ലാ സഹകരണ ബാങ്കുകൾക്കും തെരഞ്ഞെടുക്കപ്പെട്ട ഭരണസിമിതികൾ ഇല്ല. ചരിത്രത്തിൽ ഇന്നേവരെ ഒരു വർഷത്തിലധികം ഉദ്യോഗസ്ഥഭരണം ഒരു സഹകരണ സ്ഥാപനത്തിലും ഏർപ്പെടുത്തിയിട്ടില്ല. രണ്ടുവർഷമായി തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതികൾ പിരിച്ചുവിട്ട് ഉദ്യോഗസ്ഥരെ ഭരണം ഏല്പിച്ചതിന്റെ ഫലമായി ജില്ലാ ബാങ്കുകളിൽ വർഷങ്ങളായി ഇടപാട് നടത്തുന്ന സഹകാരികൾക്ക് കൃത്യമായി വായ്പയോ സേവനമോ ലഭിക്കുന്നില്ല. രണ്ടുവർഷമായി ജില്ലാ ബാങ്കുകളുടെ എല്ലാ വികസനപ്രവർത്തനങ്ങളും നിശ്ചലമായിരിക്കുകയാണ്. അതുകൊണ്ട് എത്രയുംവേഗം ഉദ്യോഗസ്ഥഭരണം അവസാനിപ്പിച്ച് ജനകീയ ഭരണസമിതികളെ വീണ്ടും ജില്ലാ ബാങ്കുകളുടെ ഭരണം ഏല്പിക്കുന്നതിനുവേണ്ടിയുള്ള തീരുമാനം ഈ സർക്കാർ ഏറ്റെടുക്കുമോ എന്നാണ് എന്റെ ചോദ്യം?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, ബഹുമാനപ്പെട്ട അംഗം ജില്ലാ ബാങ്കിന്റെ ഭരണസമിതിയുടെ പ്രശ്നമാണ് ഉന്നയിക്കുന്നത്. ജില്ലാ ബാങ്കിന്റെ ഭരണസമിതികൾ എന്തുകൊണ്ട് തെരഞ്ഞെടുക്കപ്പെടുന്നില്ലെന്ന കാര്യം അദ്ദേഹത്തിന് നന്നായി അറിയാം. കേരള ബാങ്കിന്റെ രൂപീകരണ ഘട്ടത്തിലാണ് നിൽക്കുന്നത്. മലപ്പുറം ഒഴികെയുള്ള 13 ജില്ലാ ബാങ്കുകളും കേരള ബാങ്ക് രൂപീകരണത്തിന് അനുകൂലമായ നിലപാട് സ്വീകരിച്ചിട്ടുണ്ട്. മലപ്പുറം ജില്ലാ ബാങ്കിലാകട്ടെ, എല്ലാ ജീവനക്കാരും ഏതാണ്ട് മൂന്നിലൊന്ന് സംഘങ്ങളും കേരള ബാങ്ക് രൂപീകരിക്കണം എന്ന നിർദ്ദേശവുമായി മുന്നോട്ട് വന്നിട്ടുണ്ട്. അപ്പോൾ സംസ്ഥാനത്തിന്റെ സാമ്പത്തിക ഘടനയ്ക്കുതന്നെ വലിയ മാറ്റമുണ്ടാക്കാൻ സഹായകരമാകുന്ന തരത്തിൽ കേരള ബാങ്കിന്റെ രൂപീകരണത്തിന്റെ ഒരു പ്രത്യേക ഘട്ടത്തിൽ നമ്മൾ നിൽക്കുന്നതുകൊണ്ടാണ് ജില്ലാ ബാങ്കുകളുടെ ഭരണസമിതികളിലേയ്ക്ക് തെരഞ്ഞെടുപ്പ് നടത്താതിരിക്കുന്നതെന്ന കാര്യം അദ്ദേഹത്തിന് അറിയാവുന്നതാണ്. കേരള ബാങ്ക് രൂപീകരണം നാം പ്രതീക്ഷിക്കുന്നതുപോലെ വളരെപെട്ടെന്ന് തന്നെ വരും. മലപ്പുറം ജില്ലാ ബാങ്കും ആ വഴിയേതന്നെ വരുമെന്നാണ് എന്റെ പ്രതീക്ഷ.

ശ്രീ. പി. ഉബൈദുള്ള: സർ, ഇവിടെ ക്രമക്കേടുകളെക്കുറിച്ചാണ് ചോദിക്കുന്നത്. ഇപ്പോൾ പല ജില്ലാ സഹകരണ ബാങ്കുകളിലും വഴിവിട്ട നിയമനങ്ങൾ നടക്കുകയാണ്. ജില്ലാ ബാങ്കുകളിലെ ക്ലാർക്ക്/ക്യാഷ്യർ തസ്തികയിലേയ്ക്ക് പി.എസ്.സി. അപേക്ഷ ക്ഷണിച്ച് പരീക്ഷ നടത്തുകയും

6000-ത്തോളം വരുന്ന ഉദ്യോഗാർത്ഥികൾ റാങ്ക് ലിസ്റ്റിൽ ഉൾപ്പെടുകയും ചെയ്തിട്ടുണ്ട്. പക്ഷേ അതിൽനിന്ന് ഒരു നിയമനവും നടക്കുന്നില്ല. 2017-ൽ ഓണസമ്മാനമായി കേരളാ ബാങ്കുണ്ടാകും എന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞിട്ട് ഇപ്പോൾ രണ്ടുവർഷം കഴിഞ്ഞു. ഇതുവരെ കേരളാ ബാങ്ക് യാഥാർത്ഥ്യമായിട്ടില്ല. വരുമെന്ന് പറയുന്ന കേരളാ ബാങ്കിന്റെ പേരിൽ ഇവിടെ ജില്ലാ ബാങ്കുകളിലേയ്ക്ക് പരീക്ഷയെഴുതി പാസ്സായി റാങ്ക് ലിസ്റ്റിൽ സ്ഥാനം പിടിച്ചിട്ടുള്ള 6000-ത്തിൽപ്പരം ഉദ്യോഗാർത്ഥികൾ തൊഴിൽ കിട്ടാതെ നെട്ടോട്ടമോടുകയാണ്. അങ്ങനെയുള്ള സാഹചര്യത്തിൽ പല ജില്ലാ ബാങ്കുകളിലും പി.എസ്.സി. ലിസ്റ്റ് നിലനിൽക്കെ പിൻവാതിൽ നിയമനം നടക്കുന്നു; അത് അഴിമതിയാണ്, ക്രമക്കേടാണ്. പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലനിൽക്കെ ഡെയ്‌ലി വേജസുകാരെ പിൻവാതിലിലൂടെ നിയമിക്കുന്ന അഡ്മിനിസ്ട്രേറ്റർമാർക്കെതിരെ ഗവൺമെന്റ് നടപടി സ്വീകരിക്കുമോ; എത്രയും പെട്ടെന്ന് പി.എസ്.സി.ലിസ്റ്റിലുള്ള ഉദ്യോഗാർത്ഥികൾക്ക് ജോലി കൊടുക്കാൻ നടപടി സ്വീകരിക്കുമോ?

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>: സർ, പബ്ലിക് സർവ്വീസ് കമ്മീഷൻ പരീക്ഷ നടത്തി ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ടെന്നുള്ളത് വാസ്തവമാണ്. നമ്മുടെ സംസ്ഥാനത്ത് ജില്ലാ ബാങ്കുകളിൽ നിലവിലുള്ള പി.എസ്.സി. നിയമനങ്ങളെല്ലാം നടത്താൻ ഗവൺമെന്റ് തയ്യാറായിട്ടുണ്ട്; മുഴുവൻ നിയമനങ്ങളും നടത്തിയിട്ടുമുണ്ട്. 6000-ത്തോളം വരുന്ന ഉദ്യോഗാർത്ഥികളുടെ പട്ടിക തയ്യാറാക്കിയതിന്റെ ഉത്തരവാദിത്വം ഗവൺമെന്റിന് ഏറ്റെടുക്കാൻ സാധിക്കുകയില്ല; അവരെയെല്ലാം നിയമിക്കാൻ പ്രയാസമായിരിക്കും. ഇവിടെ ജില്ലാ ബാങ്കുകളെ സംബന്ധിച്ച് നല്ല പുരോഗതിയിലാണ്. അതിന്റെ കണക്കുകൾ വേണമെങ്കിൽ പ്രത്യേകം ആവശ്യപ്പെട്ടാൽ നൽകാൻ തയ്യാറാണ്. കഴിഞ്ഞ മൂന്നുവർഷത്തിനുള്ളിൽ ജില്ലാ ബാങ്ക് കൈവരിച്ച നേട്ടങ്ങളുടെ വിശദമായ പട്ടിക അംഗം ആവശ്യപ്പെട്ടാൽ മേശപ്പുറത്തുവയ്ക്കാൻ എനിക്ക് വിഷമമില്ല. അദ്ദേഹം പറയുന്നതുപോലെ, നഷ്ടം ആർക്കാണ് ഉണ്ടായിട്ടുള്ളതെന്നുള്ള കാര്യം നമുക്കറിയാം. ഒരു തെരഞ്ഞെടുപ്പ് വന്നിരുന്നെങ്കിൽ ഇടതുപക്ഷ നേതാക്കന്മാർ കഴിഞ്ഞ മൂന്നുവർഷമായി ഭരിക്കേണ്ട 13 ജില്ലാ ബാങ്കുകൾ നഷ്ടപ്പെട്ടത് ഒഴിച്ചാൽ വേറൊരു നഷ്ടവും നമ്മുടെ സംസ്ഥാനത്തിന് ഉണ്ടായിട്ടില്ല.

ശ്രീ. എം. ഉമ്മറിനുവേണ്ടി <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: സർ, സഹകരണ ബാങ്കിനെ അഴിമതിരഹിതമാക്കാൻ അങ്ങ് ഒരുപാട് കാര്യങ്ങൾ ചെയ്യുന്നുവെന്നാണ് അങ്ങയുടെ മറുപടിയിലൂടെ സൂചിപ്പിച്ചത്. അതേസമയം കേരളത്തിലെ ഒട്ടനവധി സഹകരണ സംഘങ്ങളിൽ നടക്കുന്ന അഴിമതികളുടെ കേസുകൾ ഇന്നും മുന്നോട്ടുപോകാതെ കിടക്കുകയാണ്. കെ.എസ്.എഫ്.ഇ.

ജീവനക്കാർ തുടങ്ങിയ സഹകരണ സംഘത്തിൽ പണം നിക്ഷേപിച്ചതുവഴി 36 കോടി രൂപ തട്ടിയെടുത്ത കേസിന്റെ അന്വേഷണം മുന്നോട്ടുപോകുന്നുണ്ടോ; അതിന്റെ സ്റ്റാറ്റസ് അങ്ങേയ്ക്ക് പറയാൻ സാധിക്കുമോ? അതോടൊപ്പം സഹകരണ സംഘങ്ങളിലെ ജീവനക്കാരുടെ ശമ്പള കമ്മീഷന്റെ കാലാവധി അവസാനിച്ചിരിക്കുകയാണ്. ഈ ഏപ്രിൽ ഒന്നാം തീയതി മുതൽ പുതിയ കമ്മിറ്റി നിലവിൽ വരികയാണ്. അത് നിലവിൽ വന്ന് ഈ സഹകരണ സംഘം ജീവനക്കാരെ സഹായിച്ച് അവരെക്കൂടി അഴിമതിരഹിത മേഖലകളിൽനിന്ന് മുക്തമാക്കാനുള്ള പദ്ധതികൂടി നടപ്പിലാക്കാൻ സാധിക്കുമോ?

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>: സർ, നമ്മുടെ സംസ്ഥാനത്ത് 15000-ത്തോളം വരുന്ന സംഘങ്ങൾ വിവിധ തലങ്ങളിൽ പ്രവർത്തിക്കുന്നുണ്ട്. ഏതാനും ചില സംഘങ്ങളിൽ ഇത്തരത്തിലുള്ള മോശപ്പെട്ട രീതികൾ നടക്കുന്നുണ്ട്. കെ.എസ്.എഫ്.ഇ. ജീവനക്കാരുടെ ഒരു സംഘത്തിൽ നടന്ന നിക്ഷേപത്തട്ടിപ്പിനുമേൽ കർശനമായ നടപടി ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ട്. ഉത്തരവാദികളെ അറസ്റ്റ് ചെയ്ത് ജയിലിലാക്കിയിട്ടുണ്ട്. നമ്മുടെ സംസ്ഥാനത്ത് കോടതിയും മറ്റ് സംവിധാനങ്ങളുമൊക്കെ ഉള്ളതുകൊണ്ട് ജാമ്യത്തിലിറങ്ങി കേസ് നടത്തി മാന്യന്മാരായി നടക്കുകയാണ്. പാവപ്പെട്ട നിക്ഷേപകർ പണത്തിനുവേണ്ടി ഗവൺമെന്റിന്റെ മുന്നിൽ കയറിയിറങ്ങി നടക്കുന്ന അവസ്ഥാവിശേഷമാണുള്ളത്. അതുപോലെയാണ് മാവേലിക്കര തഴക്കര ശാഖയിൽ നടന്ന കൊള്ളയും. ഇങ്ങനെ ഏതാനും ചില സംഘങ്ങളിൽ തട്ടിപ്പുകൾ നടന്നിട്ടുണ്ട്. അവിടെയൊന്നും ഗവൺമെന്റ് കണ്ണടച്ചിരിക്കുന്നില്ല; കർശന നിലപാട് സ്വീകരിക്കാൻ തയ്യാറാകുന്നുണ്ട്. എത്ര കോടി രൂപയാണ്; ആരെല്ലാമാണ് തട്ടിച്ചത് തുടങ്ങിയ കണക്കുകളെല്ലാം എന്റെ കൈവശമുണ്ട്. വേണമെങ്കിൽ വിശദമായി പറയാം.

<u>ശ്രീ. ടി. വി. ഇബ്രാഹിം</u>: സർ, സഹകരണ വകുപ്പിൽ വ്യാപക അഴിമതി നടന്നുകൊണ്ടിരിക്കുന്നുവെന്നുള്ളത് ബഹുമാനപ്പെട്ട മന്ത്രിതന്നെ ഇവിടെ പറയുന്നുണ്ട്. ഇതിൽ അവസാനമായി മുക്കുപണ്ടം വയ്ക്കുന്നുവെന്ന് പറയുന്നു. ലോൺ കൊടുക്കുമ്പോൾ സ്വർണ്ണത്തിന്റെ യഥാർത്ഥ വിലയെക്കാൾ കൂടുതൽ തുക ലോൺ കൊടുക്കുന്നു. വിശ്വാസയോഗ്യനായ ഏതെങ്കിലും ഒരാൾ ഡെപ്പോസിറ്റ് ചെയ്തുകഴിഞ്ഞാൽ ആ ഡെപ്പോസിറ്റർപോലും അറിയാതെ അദ്ദേഹത്തിന്റെ ലോണിൽനിന്ന് പകരം വേറെ ലോൺ കൊടുക്കുന്നു. അതും ഡെപ്പോസിറ്ററുടെ പേരിൽത്തന്നെ കൊടുക്കുന്നു. ഇങ്ങനെയുള്ള എല്ലാ അഴിമതികളും പിടിക്കപ്പെട്ടുകഴിഞ്ഞാൽ ഏത് പാർട്ടി ഭരിക്കുന്നുവെന്ന് നോക്കിയിട്ടാണ് പലപ്പോഴും നടപടികൾ എടുക്കുന്നത്. മാത്രമല്ല, ഈ നടപടികളൊക്കെ

ഡിപ്പാർട്ടുമെന്റിനകത്തുമാത്രമാണ് ഒതുങ്ങിനില്ക്കുന്നത്. ഇപ്പോൾ 30 ബാങ്കുകളിൽ നടപടിയെടുത്തുവെന്ന് പറയുന്നു. ഭരിക്കുന്ന പാർട്ടിയുടെ കളർ നോക്കിയിട്ടാണ് പലപ്പോഴും നടപടികൾ എടുക്കുന്നത്. ഈ പറഞ്ഞ 30 ബാങ്കുകളിൽ സി.പി.ഐ. (എം) ഭരിക്കുന്ന എത്ര ബാങ്കുകൾക്കെതിരെ നടപടിയെടുത്തുവെന്ന് മന്ത്രി വ്യക്തമാക്കാമോ?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, വളരെ ബാലിശമായ ചോദ്യമാണ് അങ്ങ് ചോദിച്ചത്. സഹകരണ മേഖലയിൽ ആര് അഴിമതി കാട്ടിയാലും സി.പി.ഐ. (എം) ആകട്ടെ; കോൺഗ്രസ്സാകട്ടെ; ബി.ജെ.പി.-യാകട്ടെ; ലീഗാകട്ടെ അത് അഴിമതി തന്നെയാണ്. കേരളത്തിലെ സഹകരണ മേഖലയിൽ അഴിമതിക്കെതിരായി കർശന നിലപാട് ഞങ്ങൾ സ്വീകരിച്ചിട്ടുണ്ട്. ഇവിടെ അങ്ങ് പറഞ്ഞതുപോലെ, വ്യാപകമായി അഴിമതി നടക്കുകയാണെന്ന് ഞാൻ പറഞ്ഞില്ല. ഞാൻ സൂചിപ്പിച്ചത്, 15000-ത്തോളം വരുന്ന സഹകരണ സംഘങ്ങൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട്. ഏതാണ്ട് 2 ലക്ഷം കോടി രൂപയിലധികം നിക്ഷേപവുമുണ്ട്. ഇവിടെ നമ്മൾ 30 സഹകരണ സംഘങ്ങളുടെ കാര്യമാണ് ചർച്ച ചെയ്യുന്നത്. അത് രാഷ്ട്രീയം നോക്കിയല്ല; അങ്ങ് ആവശ്യപ്പെട്ടാൽ ഏതെല്ലാം പാർട്ടികളാണ് ഭരിക്കുന്നതെന്ന് ഞാൻ അന്വേഷിച്ചിട്ട് പറയാം. ഇപ്പോൾ എനിക്ക് പൊതുവിൽ പറയാനേ സാധിക്കുകയുള്ളൂ. അത് സി.പി.ഐ. (എം) എന്നോ കോൺഗ്രസ്സ് എന്നോ ലീഗ് എന്നോ നോക്കിയിട്ടല്ല; ഈ പട്ടികയിൽ എല്ലാവരുമുണ്ടെന്നാണ് ഞാൻ കരുതുന്നത്.

ശ്രീ. സി. മമ്മൂട്ടി: സർ, അങ്ങ് ഇവിടെ പറഞ്ഞതുപോലെ, 2 ലക്ഷം കോടി രൂപയിലധികം നിക്ഷേപമുള്ള സമഗ്രമായ ഒരു സംവിധാനം എന്ന നിലയ്ക്ക് മറ്റേത് സംസ്ഥാനത്തെ അപേക്ഷിച്ചും സഹകരണ പ്രസ്ഥാനം ഇവിടെ ശക്തമാണ്. കെ.എസ്.ആർ.ടി.സി.-യിൽ പി.എസ്.സി. റാങ്ക് ലിസ്റ്റിൽനിന്ന് നിയമനം നടത്തിയതുകൊണ്ടാണ് ഇപ്പോൾ പ്രശ്നം വന്നത്. പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലനിൽക്കെ നിയമനം നടത്തുന്നത് ഒരു ഭാഗത്ത് നടക്കും. ലോൺ കൊടുക്കുന്നതിൽ ചെറിയ വിലയുള്ള മലപോലുള്ള സ്ഥലങ്ങളിലൊക്കെ അതിനേക്കാൾ എത്രയോ ഇരട്ടി വായ്പ കൊടുത്തിട്ടും തിരിച്ചുപിടിക്കാൻ കഴിയുന്നില്ല. അതുപോലെ സ്വർണ്ണത്തിന്റെ കോട്ടിംഗുള്ള മുക്കുപണ്ടം ഇപ്പോൾ എന്ത് അനലൈസർ വച്ചാലും എത്ര ഉരച്ചുനോക്കിയാലും കണ്ടുപിടിക്കാൻ കഴിയാത്തവിധം വളരെ ആസൂത്രിതമായി കാര്യങ്ങൾ നടന്നു കൊണ്ടിരിക്കുകയാണ്. അതുകൊണ്ട് സ്വർണ്ണത്തിന്റെ കോട്ടിംഗുള്ള മുക്കുപണ്ടങ്ങൾ വച്ച് വായ്പ വാങ്ങുന്ന ഒരുപാട് സംഭവങ്ങളുണ്ടാകും. ഇത്തരം സംഭവങ്ങളുണ്ടാകുമ്പോൾ ഒരു വിജിലൻസ് സംഘത്തിലെ, സെക്ഷൻ 65, 66 വച്ചോ അന്വേഷണം നടത്തിയ ഡിപ്പാർട്ട്മെന്റിലോ അല്ലെങ്കിൽ വീട്ടിലോ

പോകുന്നതല്ലാതെ, അന്വേഷണം ത്വരിതഗതിയിലാക്കാതെ അത് നീണ്ടു പോകുകയാണ്. വിജിലൻസിൽ പോയി ഡയറക്ടർക്ക് റിപ്പോർട്ട് കൊടുത്ത് അന്വേഷണം നടത്തി നടപടിയെടുക്കാൻ വീണ്ടും കാലതാമസം ഉണ്ടാകുകയാണ്. അത് പോലീസിന് കൈമാറാൻ ആരും തയ്യാറാകുന്നില്ല. എന്തുകൊണ്ട് ക്രിമിനൽ സ്വഭാവമുള്ള ഈ കേസ് പോലീസിന് കൈമാറി പെട്ടെന്ന് ആക്ഷൻ എടുക്കാനുള്ള നടപടി സ്വീകരിക്കുന്നില്ല; ഇത്രയും വലിയ സമഗ്രമായ സംവിധാനം തകർക്കാൻ എങ്ങനെയാണ് കഴിയുക? വ്യാപകമായ അഴിമതിയും ക്രമക്കേടും നടക്കുന്നതുകൊണ്ട് ഡി.ഐ.ജി. റാങ്കിലുള്ള ഒരാൾ ഇവിടെ ആവശ്യമാണെന്നും എന്നാൽ ആളെ കിട്ടാനില്ലെന്നും ഇപ്പോൾ അങ്ങയുടെ മറുപടിയിൽ പറഞ്ഞു. അങ്ങനെ ഇല്ലെന്ന് പറഞ്ഞ് നീണ്ടുപോയാൽ, വലിയൊരു ക്രമക്കേട് വ്യാപകമായി മുന്നോട്ടുപോകുന്ന ഈ ഘട്ടത്തിൽ സമഗ്രമായി ഇത് എന്നെന്നേയ്ക്കും അവസാനിപ്പിക്കാനും ഇത്തരം കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കാനും എന്ത് നടപടിയാണ് അങ്ങ് സ്വീകരിക്കുക?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, കഴിഞ്ഞ കാലങ്ങളിൽനിന്നും വ്യത്യസ്തമായി മുക്കുപണ്ട തട്ടിപ്പ് ഉണ്ടാകാതിരിക്കാൻ ശക്തമായ നിലപാട് സ്വീകരിച്ചിട്ടുണ്ട്. ഈ പ്രശ്നം ഉയർന്നുവന്നപ്പോൾ കേരളത്തിലെ എല്ലാ ബാങ്കുകളിലും സൂക്ഷിച്ചിരിക്കുന്ന സ്വർണ്ണാഭരണങ്ങൾ മുക്കുപണ്ടമാണോയെന്ന് അറിയുന്നതിന് നടപടി സ്വീകരിച്ചു. സമയബന്ധിതമായി മുഴുവൻ ഉരുപ്പടികളെ സംബന്ധിച്ചും പരിശോധന നടത്തി എല്ലാ ജില്ലകളിൽനിന്നും റിപ്പോർട്ട് വാങ്ങാൻ സാധിച്ചു. മൂന്നംഗങ്ങളടങ്ങുന്ന ഒരു നിരീക്ഷക സമിതി രൂപീകരിച്ച്, പ്രാപ്തിയുള്ള ആളുകളുടെ സഹായത്തോടുകൂടി മൂന്ന് മാസത്തിലൊരിക്കൽ ബാങ്കുകളിൽ ഇരിക്കുന്ന സ്വർണ്ണാഭരണങ്ങൾ യഥാർത്ഥത്തിലുള്ളതാണോ, എവിടെയെങ്കിലും തട്ടിപ്പോ മറ്റു സംവിധാനമോ നടത്തിയിട്ടുണ്ടോയെന്ന് അറിയാനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ഇക്കാര്യത്തിൽ ഡിപ്പാർട്ട്മെന്റുതലത്തിലുള്ള അന്വേഷണം മാത്രമല്ല നടക്കുന്നത്. മുക്കുപണ്ടമാണെന്ന് തെളിഞ്ഞിട്ടുള്ള എല്ലാ കേസുകളും സംസ്ഥാന പോലീസ് സേനയുടെ ഉത്തരവാദിത്വത്തിൽ അന്വേഷണം നടത്തി പ്രതികളെ അറസ്റ്റ് ചെയ്ത് നടപടികൾ സ്വീകരിക്കുന്നുണ്ട്.

ശ്രീ. കെ. ആൻസലൻ: സർ, സഹകരണ ബാങ്കുകളിലെ അഴിമതിയെക്കുറിച്ച് സൂചിപ്പിക്കുമ്പോൾ, നെയ്യാറ്റിൻകര മാരായമുട്ടം സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് കോടിക്കണക്കിന് രൂപയുടെ തിരിമറിയാണ് നടത്തിയിട്ടുള്ളത്. സഹകരണ ഡിപ്പാർട്ട്മെന്റിന്റെ അനുമതിയില്ലാതെ സ്ഥാപനങ്ങൾ തുടങ്ങുകയും ജീവനക്കാരെ നിയമിക്കുന്നതുമായ നിരവധി വിഷയങ്ങളുണ്ട്. അത്തരത്തിലുള്ള ബാങ്കുകളുടെ എണ്ണം ആ മേഖലയിൽ നിരവധിയുണ്ട്. ഇത്തരം ബാങ്കുകൾക്കെതിരെ സമയബന്ധിതമായി നടപടി സ്വീകരിച്ച് കുറ്റക്കാരെ കണ്ടെത്തുമോ?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, നെയ്യാറ്റിൻകര മാരായമുട്ടം സർവ്വീസ് സഹകരണ ബാങ്ക് അഴിമതിയുടെ കാര്യത്തിൽ റിക്കാർഡ് സൃഷ്ടിച്ച ബാങ്കായി മാറിയിട്ടുണ്ട്. ഞാൻ അതിന്റെ ഡീറ്റെയിൽസ് പറയുന്നില്ല. തിരുവനന്തപുരം ജില്ലാ സഹകരണ ബാങ്കിന്റെ ഇന്നത്തെ അവസ്ഥയ്ക്ക് ഒരു പ്രധാന കാരണം ടി ബാങ്കാണ്. ഡി.സി.ബി.-യിൽ നിന്നും 56 കോടി രൂപയാണ് ഈ ബാങ്ക് വായ്പയെടുത്തത്. ന്യായമല്ലാത്ത ലോണാണ് കൊടുത്തത്. ആർക്ക് കൊടുത്തുവെന്ന് അറിയില്ല. ഡി.സി.ബി.-ക്ക് ഒരു പൈസയും തിരിച്ചടയ്ക്കാൻ കഴിഞ്ഞിട്ടില്ല. നിക്ഷേപകർക്ക് പലിശപോലും കൊടുക്കുന്നില്ല. അങ്ങനെയൊക്കെയുള്ള നിരവധി പ്രശ്നങ്ങളുണ്ട്. ഒട്ടനവധി അഴിമതികളാണ് ടി ബാങ്ക് നടത്തിയിട്ടുള്ളത്. അതിനെപ്പറ്റി അന്വേഷണം നടത്തി ബന്ധപ്പെട്ടവരുടെ പേരിൽ നടപടി സ്വീകരിച്ചുവരികയാണ്.

ശ്രീ. എം. വിൻസെന്റ്: സർ, വിവിധ സർക്കാർ പദ്ധതികൾക്കായി പ്രാഥമിക സഹകരണ സംഘങ്ങളിൽനിന്ന് നിക്ഷേപമോ കടമോ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ കടം എത്രയാണ്; അത് ഏതെല്ലാം പദ്ധതികൾക്കാണ് വിനിയോഗിച്ചിട്ടുള്ളത്; ഇതിനുമുമ്പ് ഏതെങ്കിലും സർക്കാരുകൾ പ്രാഥമിക സഹകരണ സംഘങ്ങളിൽനിന്നും കടമെടുത്തിട്ടുണ്ടോ?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, എല്ലാക്കാലത്തും സംസ്ഥാന ഗവൺമെന്റുകൾ സഹകരണ മേഖലയിൽനിന്നും വായ്പ എടുക്കാറുണ്ട്. പ്രാഥമിക ബാങ്കുകളാണ് സഹകരണ മേഖലയുടെ അടിത്തറ. അല്ലാതെ സഹകരണ മേഖലയ്ക്ക് പണം എവിടെ നിന്നാണ് ലഭിക്കുന്നത്? പ്രാഥമിക ബാങ്കുകൾ ജില്ലാ ബാങ്കുകൾക്ക് കൊടുക്കുന്നു, ജില്ലാ ബാങ്കുകൾ സംസ്ഥാന സഹകരണ ബാങ്കിന് കൊടുക്കുന്നു. പ്രാഥമിക സഹകരണ ബാങ്കുകൾ കൺസോർഷ്യം രൂപീകരിച്ച് ഗവൺമെന്റിനെ സഹായിക്കുന്നുണ്ട്. ഈ ഗവൺമെന്റ് വന്നതിനുശേഷം സാമൂഹ്യക്ഷേമ പെൻഷനുകൾ നൽകുന്നതിനായി 9½ ശതമാനം പലിശയ്ക്ക് 14 മാസക്കാലാവധിയിൽ 4,307 കോടി രൂപ രണ്ട് ഘട്ടമായി സംസ്ഥാന ഗവൺമെന്റിന് നൽകിയിട്ടുണ്ട്. പ്രാഥമിക ബാങ്കുകളുടെ കൺസോർഷ്യത്തെ സംബന്ധിച്ചിടത്തോളം വളരെ നല്ലൊരു ബിസിനസ്സാണ് സംസ്ഥാന ഗവൺമെന്റുമായി നടത്തുന്നത്. കൃത്യമായി പലിശ ലഭിക്കുന്നതാണ്. കെ.എസ്.ആർ.ടി.സി.-ക്ക് പെൻഷൻ നൽകുന്നതിനായുള്ള 360 കോടി രൂപ നമ്മുടെ കൈവശമുണ്ട്. എല്ലാ മാസവും 60 കോടി രൂപവീതം 10 ശതമാനം പലിശയ്ക്ക് ഗവൺമെന്റിന് നൽകുന്നുണ്ട്. ആ നിലയിൽ 360 കോടി രൂപ നിൽക്കുന്നുണ്ട്. സഹകരണ മേഖലയെ സംബന്ധിച്ചിടത്തോളം മെച്ചപ്പെട്ടൊരു ബിസിനസ്സാണിത്.

ശ്രീ. കെ. വി. വിജയദാസ്: സർ, സഹകരണ മേഖല കേന്ദ്ര സർക്കാരിൽനിന്നും മുക്തമായി പൂർണ്ണമായും സംസ്ഥാന സർക്കാരിൽ നിക്ഷിപ്തമായതാണ്. ഈയടുത്തകാലത്ത് കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച നയവ്യതിയാനത്തിന്റെ ഭാഗമായി എല്ലാ പ്രാഥമിക സഹകരണ ബാങ്കുകളോടും ഇൻകം ടാക്സ് അടയ്ക്കണമെന്ന് ആവശ്യപ്പെട്ടിരിക്കുകയാണ്. 20,000 രൂപയിൽ കൂടുതൽ ക്യാഷ് ട്രാൻസാക്ഷനുള്ള ബാങ്കുകളുടെ മുഴുവൻ വിവരങ്ങളും സംബന്ധിച്ച് ഇൻകം ടാക്സ് ഡിപ്പാർട്ട്മെന്റ് അന്വേഷണം നടത്തിക്കൊണ്ടിരിക്കുകയാണ്. ഇപ്പോൾ പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളുടെ പ്രവർത്തനം പരിശോധിക്കാനുള്ള അധികാരം ഇൻകം ടാക്സ് ഡിപ്പാർട്ട്മെന്റിന് കൈവന്നിരിക്കുന്നതായി ഹൈക്കോടതി വിധിയിൽനിന്നും മനസ്സിലായിരിക്കുകയാണ്. ഇതിന്റെയടിസ്ഥാനത്തിൽ പ്രാഥമിക സഹകരണ ബാങ്കുകളെ ഇൻകം ടാക്സ് ഡിപ്പാർട്ട്മെന്റിന്റെ നീരാളിപ്പിടിത്തത്തിൽനിന്നും രക്ഷിക്കാൻ എന്തെങ്കിലും നടപടി സ്വീകരിക്കുമോ; അതുവഴി കേരളത്തിലെ സഹകരണ മേഖലയെ സംരക്ഷിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദീകരിക്കുമോ?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, ഇക്കാര്യത്തിൽ കേന്ദ്ര ഗവൺമെന്റിന്റെ രാഷ്ട്രീയപരമായ തീരുമാനമാണ് വരേണ്ടത്. കേരളത്തിലെ സഹകാരികളൊന്നാകെ അതിനുവേണ്ടിയിട്ടുള്ള പരിശ്രമങ്ങൾ നടത്തുകയാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തും അതിനുവേണ്ടിയുള്ള പരിശ്രമങ്ങൾ നടത്തിയിരുന്നു. ഈ ഗവൺമെന്റും അതിനുവേണ്ടിയുള്ള പരിശ്രമങ്ങൾ നടത്താൻ തീരുമാനിച്ചിട്ടുണ്ട്. അതിനോടൊപ്പം നിയമപരമായി ഈ വിഷയം എങ്ങനെ കൈകാര്യം ചെയ്യണമെന്നതിനെക്കുറിച്ച് ആലോചിച്ച് സുപ്രീംകോടതിയെ സമീപിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## ജി.എസ്.ടി.-യും സംസ്ഥാനത്തിന്റെ വരുമാനവും

3 (*183) ശ്രീ. വി. കെ. സി. മമ്മത് കോയ:
ശ്രീ. ജെയിംസ് മാത്യു:
ശ്രീ. എൻ. വിജയൻ പിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ പ്രധാന തനതുനികുതി സ്രോതസ്സായ ജി.എസ്.ടി., കേന്ദ്ര സർക്കാർ വേണ്ടത്ര മുന്നൊരുക്കമോ പഠനമോ കൂടാതെ നടപ്പാക്കിയതുകൊണ്ട് പ്രാബല്യത്തിലായി രണ്ട് വർഷമായിട്ടും സ്ഥിരത കൈവരിക്കാത്തത് സംസ്ഥാന സർക്കാരിന്റെ ധനദൃഢീകരണ പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) തടസ്സരഹിതമായ ചരക്കുനീക്കമെന്ന ജി.എസ്.ടി.-യുടെ അടിസ്ഥാന കാഴ്ചപ്പാട് ചെക്ക്പോസ്റ്റ് സംവിധാനം അവസാനിപ്പിക്കാൻ ഇടയാക്കിയതിനാൽ ഉപഭോക്തൃ പ്രധാനമായിട്ടും സംസ്ഥാനത്തിന്റെ ഐ.ജി.എസ്.ടി. വിഹിതം പ്രതീക്ഷിത തലത്തിലേയ്ക്ക് വർദ്ധിപ്പിക്കാനാകാതെ പോയത് പരിഹരിക്കുന്നതിന് ഇ-വേ ബിൽ ഏൽപ്പെടുത്തിയതുകൊണ്ട് സാധ്യമായിട്ടുണ്ടോ;

(സി) സംസ്ഥാനത്തിന് പുറത്തുനിന്നും പ്രാദേശികമായും ചരക്കുനീക്കം നടത്തുന്നതിന്റെ രേഖകൾ പരിശോധിക്കുന്നതിനോടൊപ്പം ഭൗതിക പരിശോധന സുസാധ്യമാക്കുന്നതിനായി സ്കാനർ ഉൾപ്പെടെയുള്ള ആധുനിക ഉപകരണങ്ങൾ ഉപയോഗപ്പെടുത്തി നികുതി വെട്ടിപ്പ് തടയാൻ കർശന നടപടി സ്വീകരിക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദാംശം അറിയിക്കാമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ,

(എ) ഉണ്ട്. 2017 ജൂലൈ ഒന്നുമുതൽ സംസ്ഥാനത്ത് ജി.എസ്.ടി. നടപ്പിലാക്കിയെങ്കിലും ലളിതമായ ജി.എസ്.ടി.ആർ. 3B റിട്ടേണുകളാണ് വ്യാപാരികൾ സമർപ്പിക്കുന്നത്. വ്യാപാരത്തെ സംബന്ധിച്ച് വിശദവിവരങ്ങൾ അടങ്ങുന്ന 2017-18 സാമ്പത്തിക വർഷത്തിലെ വാർഷിക റിട്ടേൺ സമർപ്പിക്കുന്നതിനുള്ള കാലാവധി 30-6-2019 വരെ ദീർഘിപ്പിച്ചിരിക്കുന്നത് കാരണം റിട്ടേണുകൾ സ്കൂട്ടിണിക്ക് വിധേയമാക്കി അനധികൃതമായി ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് എടുത്തിട്ടുണ്ടോയെന്ന് പരിശോധിക്കാനും വ്യാപാരികളുടെ എല്ലാ ക്രയവിക്രയങ്ങളും റിട്ടേണിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ എന്ന് മനസ്സിലാക്കാനും കഴിയുന്നില്ല. ഇത് സംസ്ഥാന ധനദൃഢീകരണത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്.

കൂടാതെ മോഡൽ-1 സംസ്ഥാനമായ കേരളത്തിനാവശ്യമായ Backend ഡാറ്റാ തരുന്നതിന് ജി.എസ്.ടി.എൻ. (Goods and Services Tax Network) കാലവിളംബം ഉണ്ടാക്കുന്നു. ജി.എസ്.ടി. നിയമം അനുശാസിക്കുന്ന പല കാര്യങ്ങളിലും ആവശ്യമായ സോഫ്റ്റ്‌വെയർ നിർമ്മാണം നടന്നുവരികയാണ്.

(ബി) ഇ-വേ ബിൽ സംവിധാനം നടപ്പിലാക്കിയതുമുതൽ ഇന്റലിജൻസ് വിഭാഗത്തിന്റെ കാര്യക്ഷമമായ പരിശോധന നടന്നുവരുന്നു. ചരക്കുകൾ ലഭ്യമായതിനുശേഷം ഇ-വേ ബില്ലുകൾ റദ്ദാക്കാനുള്ള സാധ്യത നികുതി വരുമാനത്തെ പ്രതികൂലമായി ബാധിക്കും. ഇത് തടയുന്നതിനായി ഇന്റലിജൻസ് വിഭാഗത്തെ അതിർത്തി പ്രദേശങ്ങളിൽ വിന്യസിച്ച് സംസ്ഥാനത്തിനകത്ത് വരുന്ന വാഹനങ്ങൾക്ക് ഇ-വേ ബിൽ ഉണ്ടോയെന്ന് ഉറപ്പ് വരുത്തുന്നുണ്ട്. ഇതിലേയ്ക്കായി 126 സർവൈലൻസ് സ്ക്വാഡുകളെ സംസ്ഥാനത്തിൽ വിന്യസിച്ചിട്ടുണ്ട്. കൂടാതെ പുതിയ സംവിധാനമായ എ.എൻ.പി.ആർ.

(ആട്ടോമാറ്റിക് നമ്പർ പ്ലേറ്റ് റെക്കഗ്നിഷൻ) ക്യാമറ വഴി ഇ-വേ ബിൽ പരിശോധന കാര്യക്ഷമമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ഇതിന് മുന്നോടിയായി വാളയാറിൽ പരീക്ഷണാടിസ്ഥാനത്തിൽ എ.എൻ.പി.ആർ. ക്യാമറകൾ സ്ഥാപിച്ച് ഇ-വേ ബിൽ പരിശോധന നടത്തിവരികയാണ്.

അന്തർസംസ്ഥാന വാങ്ങലുകൾ വ്യാപാരികൾ കണക്കിൽ ഉൾക്കൊള്ളിച്ചാൽ മാത്രമേ സംസ്ഥാനത്തിന് അർഹമായ ഐ.ജി.എസ്.ടി. വിഹിതം ലഭ്യമാകുകയുള്ളൂ. സംസ്ഥാനത്തിനകത്ത് 24 പ്രധാന അതിർത്തി പ്രദേശങ്ങളിൽ എ.എൻ.പി.ആർ. ക്യാമറകൾ സ്ഥാപിക്കുന്നതോടുകൂടി ഇ-വേ ബിൽ പരിശോധന കൂടുതൽ കാര്യക്ഷമമാകുന്നതാണ്. അതുവഴി ഐ.ജി.എസ്.ടി. വരുമാനം വർദ്ധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(സി) സംസ്ഥാനത്തിന് പുറത്തുനിന്ന് വരുന്ന ചരക്കുവാഹനങ്ങളിൽ ഇ-വേ ബിൽ ഉണ്ടോയെന്ന് പരിശോധിക്കുന്നതിന് 24 പ്രധാന സ്ഥലങ്ങളിൽ എ.എൻ.പി.ആർ. ക്യാമറ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിനുപുറമേ ഇന്റലിജൻസ് വിഭാഗം വാഹന പരിശോധന നടത്തുകയും ഇ-വേ ബിൽ ഉണ്ടെന്ന് ഉറപ്പുവരുത്തുകയും ചെയ്യുന്നു. ജി.എസ്.ടി. സംബന്ധമായ ചരക്കുനീക്കങ്ങളുടെ പരിശോധനയ്ക്ക് സ്കാനർ സംവിധാനം ഉപയോഗിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

ഓട്ടോമാറ്റിക് നമ്പർ പ്ലേറ്റ് റെക്കഗ്നിഷൻ ക്യാമറകൾ (എ.എൻ.പി.ആർ.) വഴി കേരളത്തിലേയ്ക്ക് വരുന്ന എല്ലാ ചരക്കുവാഹനങ്ങളിലും ഇ-വേ ബിൽ പരിശോധന തത്സമയം നടത്തുന്നതാണ്. കേരളത്തിലേയ്ക്കുള്ള പ്രധാന പ്രവേശന മാർഗ്ഗങ്ങളിൽ സ്ഥാപിക്കുന്ന ഓട്ടോമാറ്റിക് നമ്പർ പ്ലേറ്റ് റീഡിംഗ് ക്യാമറ വഴി ചരക്കുവാഹനത്തിന്റെ രജിസ്ട്രേഷൻ നമ്പർ പരിശോധിച്ച് പ്രസ്തുത വാഹനത്തിന് നിയമാനുസൃതമായ ഇ-വേ ബിൽ ഉണ്ടോയെന്ന് ഉറപ്പുവരുത്തുന്നതാണ്.

<u>ശ്രീ. വി. കെ. സി. മമ്മത് കോയ</u>: സർ, ആവശ്യമായ മുന്നൊരുക്കമില്ലാതെയാണ് കേന്ദ്ര ഗവൺമെന്റ് ജി.എസ്.ടി. നടപ്പിലാക്കിയത് എന്നതിന്റെ തെളിവിന് എവിടെയും പോകണ്ട; അതിനാവശ്യമായ സോഫ്റ്റ്‌വെയർ ഇനിയും തയ്യാറായിട്ടില്ല. ജി.എസ്.ടി. നടപ്പിലാക്കുന്നതിനുമുമ്പ് വാറ്റ് നിലവിലുണ്ടായിരുന്ന കാലത്തെ നിരവധി കേസ്സുകൾ നിലവിലുണ്ട്. ഇന്നത്തെ നിലയിൽ കൈകാര്യം ചെയ്താൽ എത്ര വർഷം കഴിഞ്ഞാലും ആ കേസ്സുകൾ തീരാൻ സാധ്യതയില്ല. ഈ കേസ് നടത്തിക്കൊണ്ടുപോകാൻ സർക്കാർ നിരവധി ഉദ്യോഗസ്ഥരുടെ സമയവും ധനവും ചെലവഴിക്കണം. വർഷങ്ങളോളം കേസ് നടത്തിയാലും സർക്കാർ ഭാഗം അനുകൂലമാകണമെന്നില്ല. അതുകൊണ്ട് ഉദാരമായ നിലപാട് സ്വീകരിച്ച്

അദാലത്ത് നടത്തി ഇത്തരം കേസ്സുകൾ വേഗത്തിൽ തീർപ്പാക്കാൻ സാധിക്കുമോ; ഇന്നലെ സംസ്ഥാന വ്യാപകമായി സംസ്ഥാന ജി.എസ്.ടി. വകുപ്പ് റെയ്ഡ് നടത്തിയതായി അറിയുന്നു. അതിന്റെ വിശദാംശങ്ങൾ അറിയിക്കാമോ; അതിന്മേൽ എന്ത് നടപടി സ്വീകരിച്ചു?

ഡോ. ടി. എം. തോമസ് ഐസക്: സർ, ജി.എസ്.ടി. സമ്പ്രദായം നിലവിൽ വന്നതിനുശേഷം ആദ്യമായി സംസ്ഥാന വ്യാപകമായി വ്യാപാര സ്ഥാപനങ്ങളിൽ ഇന്റലിജൻസ് വിഭാഗം പരിശോധന നടത്തുകയുണ്ടായി. 20 കോടി രൂപയിലേറെ ടേണോവറുള്ള ഇരുപത് വ്യാപാരികളുടെ 57 കടകളിലാണ് ഒരേ സമയം പരിശോധന നടത്തിയത്. ഇരുന്നൂറ്റിയമ്പതിൽപ്പരം ഉദ്യോഗസ്ഥർ പരിശോധനയിൽ പങ്കാളികളായിരുന്നു. രാത്രി വളരെ വൈകിയാണ് പരിശോധന തീർന്നത്. പൂർണ്ണമായ വിവരം ലഭിക്കണമെങ്കിൽ പരിശോധനയുടെ ഭാഗമായി എടുത്തിട്ടുള്ള ഡേറ്റ വിശദമായ പരിശോധനയ്ക്ക് വിധേയമാക്കണം. ഇപ്പോഴത്തെ നിഗമനപ്രകാരം ഇതുവഴി ഏതാണ്ട് 60-70 കോടി രൂപയുടെ നികുതി വെട്ടിപ്പ് കണ്ടുപിടിക്കാൻ സാധിച്ചിട്ടുണ്ട്. പ്രധാനപ്പെട്ട ചില നിഗമനങ്ങൾ ഇവയാണ്. ഒന്ന്, പലരും റിട്ടേൺ അടയ്ക്കുന്നില്ല. പിരിക്കുന്ന നികുതി കയ്യിൽ വച്ചിരിക്കുകയാണ്. അതിന് കർശനമായ വ്യവസ്ഥകളുണ്ട്. പിരിച്ച നികുതി മൂന്ന് മാസത്തിൽക്കൂടുതൽ കൈവശം വച്ചിരുന്നാൽ അതിന് തുല്യമായ തുക പെനാൽറ്റിയായി ഈടാക്കാവുന്നതാണ്. ഇത്തരം കേസ്സുകളിൽ ആ പരിശോധനയുണ്ടാകും. രണ്ടാമത്തേത്, ഇ-വേ ബിൽ ഇല്ലാത്ത ധാരാളം ചരക്കുകൾ സ്റ്റോക്കിൽ കാണാൻ കഴിഞ്ഞിട്ടുണ്ട്. മൂന്ന്, ഇ-വേ ബിൽ വലിയ തോതിലുണ്ട്, ഒരു വ്യാപാരിക്ക് ഏതാണ്ട് 100 കോടി രൂപയുടെ ഇ-വേ ബില്ലുണ്ട്. പക്ഷേ അക്കൗണ്ടിൽ ഈ കണക്കുകളില്ല. നാല്, ഇ-വേ ബില്ലിൽ പറയുന്നതിനേക്കാൾ വളരെ ഉയർന്ന വിലയ്ക്കാണ് വിൽക്കുന്നത്, 4,000 രൂപയോ 2,000 രൂപയോ വിലയിടുന്ന ഫർണിച്ചർ 40,000 രൂപയ്ക്കാണ് വിൽക്കുന്നത്. ഇ-വേ ബില്ലുണ്ട്. പക്ഷേ വലിയ വാല്യൂ സപ്രെഷനാണ് നടന്നുകൊണ്ടിരിക്കുന്നത്. മുൻപ് നമുക്ക് ഓരോന്നിനും തറവിലയുണ്ടായിരുന്നു. അത് കുറയ്ക്കാൻ സാധിക്കില്ല. എന്നാൽ ജി.എസ്.ടി.-യിൽ അതില്ല. അതുകൊണ്ട് ഇ-വേ ബിൽ പരിശോധിച്ച് എന്ത് വിലയ്ക്കാണ് കടയിൽ വിൽക്കുന്നതെന്ന് നോക്കി മാത്രമേ ചെയ്യാൻ സാധിക്കൂ. ആദ്യത്തെ പ്രധാന പരിശോധന എന്ന നിലയിൽ ആന്വൽ റിട്ടേണുകൾ വന്നാൽ വ്യാപകമായി പരിശോധിക്കും. നിയമപ്രകാരമുള്ള പല വീഴ്ചകളും ആന്വൽ റിട്ടേണിൽ തിരുത്താവുന്നതാണ്. ആന്വൽ റിട്ടേൺ ഈ മാസം അവസാനം വരെയാണ് തിരുത്തി സമർപ്പിക്കേണ്ടത്. അല്ലെങ്കിൽ നികുതി വെട്ടിപ്പിനെതിരെ സർക്കാർ കർശന നടപടി സ്വീകരിക്കും.

ശ്രീ. വി. കെ. സി. മമ്മത് കോയ: സർ, വാറ്റിന്റെ കാര്യത്തിൽ വൺ ടൈം സെറ്റിൽമെന്റിന് ഉദാരമായ നടപടിയുണ്ടാകുമോയെന്ന് ചോദിച്ചിരുന്നതിന് മറുപടി ലഭിച്ചില്ല. ജി.എസ്.ടി.-യിൽ പല ഉല്പന്നങ്ങളുടെയും വിൽപ്പനയ്ക്കുള്ള ടാക്സും പ്രസ്തുത ഉല്പന്നത്തിനുവേണ്ടിവരുന്ന അസംസ്കൃത വസ്തുക്കളുടെ ഉയർന്ന ടാക്സും ജി.എസ്.ടി.-യിലുള്ളതിനാൽ വലിയതോതിലുള്ള റീഫണ്ട് നിർമ്മാതാക്കൾക്ക് കൊടുക്കേണ്ടതുണ്ട്. അവർക്കത് ഉടനെ ലഭിക്കാതെ വന്നാൽ നിർമ്മാണ മേഖലയെ ബാധിക്കും. ഈ പ്രശ്നം പരിഹരിക്കാൻ ഉല്പന്നത്തിന്റെയും അസംസ്കൃത വസ്തുക്കളുടെയും ജി.എസ്.ടി.-ക്ക് വ്യത്യാസമില്ലാതാക്കുന്ന നിലയിൽ ജി.എസ്.ടി. കൗൺസിൽ ഇടപെട്ട് ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഡോ. ടി. എം. തോമസ് ഐസക്: സർ, വാറ്റ് കുടിശ്ശികയ്ക്ക് ഇപ്പോൾ ആംനസ്റ്റി പ്രഖ്യാപിച്ചിട്ടുണ്ട്. പലിശയും പിഴപ്പലിശയും പെനാൽറ്റിയുമില്ലാതെ നികുതി മാത്രം അടച്ചാൽ മതി. കേസ്സുള്ളവർക്കും അത് ചെയ്യാം. അതിനുവേണ്ടി കേസ് വിത്ഡ്രോ ചെയ്യണമെന്ന് മാത്രമേയുള്ളൂ. അതിന് പലരും തയ്യാറാകുന്നില്ല. ഇത്തരം കേസ്സുകൾ ഊർജ്ജിതമാക്കുന്നതിന് നടപടി സ്വീകരിക്കുന്നുണ്ട്. ഇവ എത്രയുംവേഗം തീർപ്പാക്കുന്നതിന് സർക്കാർ പ്ലീഡർമാരുമായും അപ്പലേറ്റ് അതോറിറ്റി ഉദ്യോഗസ്ഥരുമായും വിശദമായ ചർച്ചകൾ നടത്തിവരികയാണ്. ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ, എന്തെങ്കിലും സംവിധാനം കൊണ്ടുവരാൻ സാധിക്കുമോയെന്നുള്ള കാര്യവും പരിശോധിക്കാവുന്നതാണ്.

ശ്രീ. വി. കെ. സി. മമ്മത് കോയ: സർ, ഞാൻ ചോദിച്ച ചോദ്യത്തിന് ഉത്തരം ലഭിച്ചിട്ടില്ല. പല ഉല്പന്നങ്ങളുടെയും വിൽപ്പന വിലയും അസംസ്കൃത വസ്തുക്കളുടെ വിലയും തമ്മിൽ വലിയ വ്യത്യാസമുണ്ട്.

മി. സ്പീക്കർ: അസംസ്കൃത വസ്തുവിന്റെയും ഉല്പന്നത്തിന്റെയും ജി.എസ്.ടി. തുക ഒന്നാക്കിക്കൂടേ എന്നാണ് ചോദ്യം.

ഡോ. ടി. എം. തോമസ് ഐസക്: സർ, വളരെ സമ്മർദ്ദം പല കോണിൽനിന്നും ഉണ്ടായിട്ടും ചെരുപ്പുകളുടെ ജി.എസ്.ടി. നിരക്ക് താഴ്ത്തി. പക്ഷേ അതിന്റെ അസംസ്കൃത വസ്തുക്കളുടെ ജി.എസ്.ടി. റേറ്റ് ചെരിപ്പിന്റെ വിലയേക്കാൾ വളരെ കൂടുതലാണ്. അപ്പോൾ ക്രെഡിറ്റ് ബ്ലോക്കാകും. അതിന് നികുതി കൊടുത്താണ് വാങ്ങുന്നത്. എന്നാൽ അത് സെറ്റ് ഓഫ് ചെയ്യാനുള്ള നികുതി ചെരുപ്പിൽനിന്നും കിട്ടുകയില്ല. അസംസ്കൃത വസ്തുവിന്റെ ജി.എസ്.ടി. റേറ്റ് കുറയ്ക്കണമെന്ന് പറഞ്ഞാൽ, ചെരുപ്പിന് മാത്രമല്ല വേറെയും ആവശ്യങ്ങൾക്ക് ഈ അസംസ്കൃത വസ്തു ഉപയോഗിക്കുന്നുണ്ട്. പരസ്പര ബന്ധം നോക്കാതെയുള്ള തീരുമാനങ്ങളെടുത്തതിന്റെ ഫലമായി വന്നിട്ടുള്ളതാണിത്. ഒന്നുകിൽ ചെരുപ്പിന്റെ

നികുതി വർദ്ധിപ്പിക്കേണ്ടിവരും ഇല്ലെങ്കിൽ ക്രെഡിറ്റ് ബ്ലോക്കില്ലാതെ എത്രയും പെട്ടെന്ന് റീഫണ്ട് തരാനുള്ള നടപടി സ്വീകരിക്കേണ്ടിവരും. അത് ജി.എസ്.ടി. കൗൺസിലുമായി ചർച്ച ചെയ്ത് പ്രതിവിധി കാണാം. വ്യവസായത്തിലും ഇത് വലിയ പ്രശ്നമാണ്. ഉയർന്ന വില കൊടുത്ത് അസംസ്കൃത വസ്തുക്കൾ വാങ്ങുന്നു. എന്നാൽ അതിന് ക്രെഡിറ്റ് കിട്ടാൻ വലിയ താമസം വരികയും ചെയ്യും.

മി. സ്പീക്കർ: ഈ വിഷയം ജി.എസ്.ടി. കൗൺസിലിൽ ചർച്ച ചെയ്യുമോയെന്നാണ് അദ്ദേഹത്തിന്റെ ചോദ്യം.

ഡോ. ടി. എം. തോമസ് ഐസക്: സർ, ചർച്ച ചെയ്യാം.

ശ്രീ. ജെയിംസ് മാത്യു: സർ, വൻകിട വ്യാപാരികൾ പ്രോപ്പറായി റിട്ടേൺ ഫയൽ ചെയ്യാതെ നികുതി വെട്ടിപ്പ് നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എന്തെല്ലാം നടപടികളാണ് ജി.എസ്.ടി. വളർച്ചയ്ക്ക് നമുക്ക് പ്രായോഗികമായി ജി.എസ്.ടി. കൗൺസിലിന് മുമ്പാകെ നിർദ്ദേശിക്കാൻ സാധിക്കുന്നത്; എൻഫോഴ്സ്മെന്റ് ശക്തിപ്പെടുത്തി ഇത്തരത്തിലുള്ള വെട്ടിപ്പുകളും മറ്റും ഇല്ലാതാക്കാനുള്ള നടപടിക്രമങ്ങളെക്കുറിച്ച് സൂചിപ്പിക്കാമോ?

ഡോ. ടി. എം. തോമസ് ഐസക്: സർ, വലിയ തോതിലുള്ള ടാക്സ് വെട്ടിപ്പ് നടക്കുന്നുണ്ട്. ചില ജി.എസ്.ടി., ഓഫീസ് driven അല്ല, പണ്ടൊക്കെ കടയിൽ പോയാൽ ഇത്രയേറെ നികുതിയുണ്ടെന്ന് സ്റ്റാറ്റ്യൂട്ടറി ഓഫീസർ പറഞ്ഞാൽ അതാണ് അസസ്മെന്റ്, ഇപ്പോൾ അങ്ങനെ സാധിക്കില്ല. അങ്ങനെയുള്ള അധികാരങ്ങൾ ഇപ്പോഴില്ല. അതിൽ ഏറ്റവും പ്രധാനം ആന്വൽ റിട്ടേണാണ്. ആന്വൽ റിട്ടേൺ കിട്ടിയാൽ മാത്രമേ പറയുന്നതിനേക്കാൾ കൂടുതൽ കച്ചവടം നടത്തിയിട്ടുണ്ടോയെന്നും പരിശോധിക്കാൻ സാധിക്കൂ. അതിൽ ക്ലെയിം ചെയ്തിരിക്കുന്ന ഇൻപുട്ട് ക്രെഡിറ്റ് എക്സസ്സീവാണോ എന്ന് ഇ-വേ ബില്ലുമായി ബന്ധപ്പെടുത്തി മാത്രമേ പരിശോധിക്കാൻ സാധിക്കൂ. ആന്വൽ റിട്ടേൺ ഇലക്ഷൻ കഴിയുന്നതുവരെ നീട്ടിവച്ചതാണ്. ഇപ്പോൾ ആന്വൽ റിട്ടേണുകൾ തുടങ്ങിയിട്ടുണ്ട്. അതോടുകൂടി നമ്മുടെ ഡേറ്റാ ബേസ് വളരെ ശക്തമാകും. എങ്ങനെയാണ് അതിനെ ഉപയോഗപ്പെടുത്തേണ്ടതെന്നുള്ളതിന്റെ ഒരു പരീക്ഷണമാണ് ഇന്നലെ നടന്ന റെയ്ഡ്. ആ റെയ്ഡിൽ വ്യാപകമായ ടാക്സ് വെട്ടിപ്പ് നടക്കുന്നതായി കണ്ടെത്തി. ഒന്ന്, ടേണോവർ സപ്രെഷൻ, രണ്ട്, ഇ-വേ ബിൽ ഇല്ലാതെ കൊണ്ടുവരുന്നു. കൊണ്ടുവരുന്ന ഇ-വേ ബില്ലിൽത്തന്നെ അതിനേക്കാൾ കൂടുതൽ വിലയുള്ള സാധനങ്ങൾ കൊണ്ടുവരുന്നു. ഇത് എൻഫോഴ്സ്മെന്റിന്റെ നേതൃത്വത്തിൽ നടത്തുന്ന കട പരിശോധനയിലൂടെ മാത്രമേ കണ്ടുപിടിക്കാൻ സാധിക്കൂ. ഏതെങ്കിലും കട

പരിശോധിക്കലല്ല, ഇ-വേ ബില്ലുകൾ സമാഹരിച്ച് പ്രാഥമിക പരിശോധന നടത്തിയതിന്റെ അടിസ്ഥാനത്തിൽ ഇന്നയിന്ന കാര്യങ്ങൾ നോക്കണമെന്ന് തീരുമാനിച്ച് കടകൾ പരിശോധിക്കേണ്ടിവരും. ഇന്നലത്തെ റെയ്ഡിൽ 60-70 കോടി രൂപയുടെ ടാക്സ് വെട്ടിപ്പുണ്ട്. ഒരു കാര്യത്തിൽ കർശന നിലപാടെടുക്കാൻ പോകുകയാണ്. പിരിക്കുന്ന നികുതി മൂന്ന് മാസത്തിനുള്ളിൽ അടയ്ക്കേണ്ടതുണ്ട്. ഇപ്പോൾ ആറ് മാസം കഴിഞ്ഞിട്ടും ടാക്സ് അടയ്ക്കാത്ത ധാരാളം വ്യാപാരികളുണ്ട്. ഇത് പ്രശ്നമില്ല, നികുതിപിരിച്ച് കയ്യിൽ വയ്ക്കാമെന്ന് തീരുമാനിച്ചാൽ ആ കേസ്സുകളിൽ കൈവശം വച്ച നികുതി തുകയുടെ തുല്യമായ തുക പിഴയായി ഈടാക്കാനുള്ള അവകാശമുണ്ട്; കർശന നടപടി ഇക്കാര്യത്തിൽ സ്വീകരിക്കുന്നതാണ്.

<u>ശ്രീ. എൻ. വിജയൻ പിള്ള</u>: സർ, ജി.എസ്.ടി. ചെറുകിട വ്യാപാരിമാരെ ദോഷകരമായി ബാധിച്ചിട്ടുണ്ടോ; സ്വർണ്ണ വ്യാപാര രംഗത്ത് നികുതിയിൽ കുറവ് വന്നിട്ടുണ്ടോ?

<u>ഡോ. ടി. എം. തോമസ് ഐസക്</u>: സർ, 627 കോടി രൂപയാണ് സ്വർണ്ണ വ്യാപാര മേഖലയിൽനിന്നും വാറ്റ് നികുതി സമ്പ്രദായത്തിന്റെ അവസാനം കിട്ടിയത്. അത് ഏതാണ്ട് 220 കോടി രൂപ കുറഞ്ഞിരിക്കുകയാണ്. അങ്ങനെ കുറയേണ്ട ഒരു ന്യായവുമില്ല. കാരണം, വാറ്റ് കാലത്ത് ഇഫക്ടീവ് ടാക്സ് റേറ്റ് ഒന്നേകാൽ ശതമാനം മാത്രമായിരുന്നു. ഇപ്പോൾ മൂന്ന് ശതമാനമുണ്ട്. അതനുസരിച്ച് നികുതി കുറയേണ്ടതല്ല. അതിന് വലിയ വെട്ടിപ്പ് പല രീതിയിൽ നടക്കുന്നുണ്ട്. സ്യൂട്ട്കേസ്സിൽ സ്വർണ്ണം കൊണ്ടുപോയി കച്ചവടം നടത്തലാണ് ഒരു പ്രധാനപ്പെട്ട രീതി. കല്യാണമുണ്ടെങ്കിൽ ഓർഡർ വാങ്ങി സ്വർണ്ണം കൊടുക്കുന്നു. അതിനെ സഹായിക്കാൻ പറ്റുന്ന രീതിയിൽ സ്വർണ്ണത്തിന് ഇ-വേ ബിൽ വേണ്ടെന്ന് കൗൺസിലിൽ തീരുമാനമെടുപ്പിച്ചിട്ടുണ്ട്. കേരളമാണ് കർശനമായി പറഞ്ഞത്. ആർക്കെങ്കിലും ഇങ്ങനെ സ്വർണ്ണം കൊണ്ടുനടക്കാൻ സാധിക്കുമോ? ഇക്കാര്യങ്ങൾ ജി.എസ്.ടി. കൗൺസിലിന്റെ ശ്രദ്ധയിൽപ്പെടുത്തും. ചെറുകിട വ്യാപാരികൾക്ക് പ്രശ്നങ്ങളൊന്നുമില്ല. നേരത്തെ 60 ലക്ഷം രൂപയേക്കാൾ കൂടുതലാണെങ്കിൽ, മുഴുവൻ നികുതിയും 20 ലക്ഷം രൂപയ്ക്ക് മുകളിലാണെങ്കിൽ അനുമാന നികുതിയും കൊടുക്കേണ്ടിവരും. ഇപ്പോൾ ഒന്നര കോടി രൂപയുടെ ടേണോവർ ഉള്ള കച്ചവടക്കാരിൽ പകുതി ആളുകൾക്കും വെറും അനുമാന നികുതിമാത്രം കൊടുത്താൽ മതി. എക്സംപ്ഷൻ ലിമിറ്റ് 40 ലക്ഷം രൂപയായി ഉയർത്തിയിട്ടില്ല. ചെറുകിട വ്യാപാരികളെ സംബന്ധിച്ചിടത്തോളം ഇത് വളരെ സൗകര്യപ്രദമായ രീതിയിൽ മാറിയതുകൊണ്ട് അവർക്ക് പ്രത്യേകിച്ച് ബുദ്ധിമുട്ടില്ല.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, 'വൺ നേഷൻ, വൺ ടാക്സ് ' എന്നുള്ളത് വളരെ ആകർഷകമായ ഒരു കാര്യം തന്നെയാണ്. നമ്മൾ എല്ലാവരും പ്രതീക്ഷിച്ചത് ആ മട്ടിലായിരുന്നു. പക്ഷേ അതിന്റെ നടത്തിപ്പിലുണ്ടായ, ഹോം വർക്ക് നടത്താത്തതുകൊണ്ടുണ്ടായ പ്രശ്നമാണ് കൂടുതലുമുള്ളത്. സോഫ്റ്റ്‌വെയറില്ലാത്ത കാര്യമൊക്കെ അങ്ങ് പറഞ്ഞു. സാധനങ്ങളുടെ വില കുറയുമെന്ന ധാരണയായിരുന്നു നേരത്തേ ഉണ്ടായിരുന്നത്. പക്ഷേ ഇപ്പോൾ സാധനങ്ങളുടെ വില കൂടുന്നതായിട്ടാണ് കാണുന്നത്. ഒരു ശതമാനം പ്രളയ സെസ്സ് ഏർപ്പെടുത്താൻ പോകുന്നുവെന്ന് കേട്ടപ്പോൾ ഹോട്ടലുകൾ ഉൾപ്പെടെയുള്ളവർ വില വർദ്ധിപ്പിച്ചുതുടങ്ങി. അത് നിയന്ത്രിക്കാൻ ഗവൺമെന്റ് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്?

ഡോ. ടി. എം. തോമസ് ഐസക്: സർ, ഹോട്ടലുകൾക്ക് പ്രളയ സെസ്സ് വരില്ല. കാരണം 5 ശതമാനം സ്ലാബ് നിരക്കിലുള്ളതിനെല്ലാം ഇതിന് പുറത്താണ്. നമ്മൾ മാത്രമാണ് ഇങ്ങനെയുള്ള തട്ടിപ്പ് തടയാൻ, നേരത്തെയുണ്ടായിരുന്ന നികുതി നിരക്കിനേക്കാൾ താഴെ ജി.എസ്.ടി. വരുന്ന എല്ലാ ചരക്കുകളുടെയും നികുതിഭാരം കുറച്ചിട്ടുള്ളത്. അത് വിലക്കുറവായി ഉപഭോക്താക്കൾക്ക് നൽകണമെന്നുള്ളതാണ് തത്വം. അതൊരിടത്തും നടന്നിട്ടില്ലെന്ന് അങ്ങ് പറഞ്ഞത് ശരിയാണ്. പക്ഷേ അതിനെതിരായി കർശനമായ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിച്ചിട്ടും അങ്ങനെയൊരു ലാഘവത്തിലാണ് എടുത്തിട്ടുള്ളത്. ആന്റി പ്രോഫിറ്റിയറിംഗ് അതോറിറ്റി കേസ് തീരുമാനിക്കുന്നത് ഡൽഹിയിലാണ്. ഒരൊറ്റ നാഷണൽ അതോറിറ്റി മാത്രമേയുള്ളൂ. ഇവിടെയൊക്കെ സ്ക്രീനിംഗ് കമ്മിറ്റിയാണുള്ളത്. ഇവിടെ പരിശോധിച്ചിട്ട് അയച്ചുകൊടുക്കാം. അങ്ങനെ നമ്മൾ ഏതാണ്ട് മുന്നൂറോളം കേസുകൾ എടുത്ത് കൃത്യമായ രേഖകളൊക്കെ വച്ച് അയച്ചുകൊടുത്തവ അതോറിറ്റി പരിശോധിച്ചുവരുന്നതേയുള്ളൂ. ഏതാണ്ട് 14 ലക്ഷം രൂപയുടെ പെനാൽറ്റി ഈ രീതിയിൽ ഉപഭോക്താവിന് നൽകുന്നതിന് ഉത്തരവായിട്ടുണ്ട്. ബാക്കി കേസുകൾ പരിശോധിക്കും. ഇങ്ങനെ അധികം വാങ്ങിയ നികുതിയുടെ പെനാൽറ്റിയും കമ്പനിയിൽനിന്ന് ഈടാക്കുന്നതിനുള്ള വകുപ്പുകളുണ്ട്. വൈകിയാലും നമ്മൾ അത് പ്രൊസീഡ് ചെയ്തുകൊണ്ടിരിക്കും. മൊത്തത്തിൽ അവർ എടുക്കുന്ന നിലപാടനുസരിച്ച് ദീർഘനാളിൽ ഈ വില സാധാരണ നിലയിലേയ്ക്ക് വരും; കോമ്പറ്റീഷനും വരും. അനധികൃതമായി സർക്കാർ ഇടപെട്ട് പിടിക്കുന്നതിന് ട്രേഡ് ചേമ്പേഴ്സ് എതിരാണ്. അവരുടെ ശക്തമായ സമ്മർദ്ദത്തിന്റെ ഫലമായിട്ടാണ് ഇങ്ങനെ ഹെസിറ്റേറ്റ് ചെയ്ത് നിൽക്കുന്നത്.

(ചോദ്യോത്തരസമയം കഴിഞ്ഞു.)

# (2) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

## (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### ശബരിമല തീർത്ഥാടകർക്കുള്ള സൗകര്യങ്ങൾ

4 (*184) ശ്രീ. ആർ. രാജേഷ്:
ശ്രീ. രാജു എബ്രഹാം:
ശ്രീ. സജി ചെറിയാൻ:
ശ്രീമതി പി. അയിഷാ പോറ്റി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയാനുഭവത്തിന്റെ അടിസ്ഥാനത്തിൽ പരിസ്ഥിതി സംരക്ഷണത്തിന് പ്രാധാന്യം നൽകിക്കൊണ്ട് ശബരിമല തീർത്ഥാടകർക്ക് പര്യാപ്തമായ സൗകര്യങ്ങൾ ഒരുക്കുന്നതിന് സർക്കാർ ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ അറിയിക്കാമോ;

(ബി) ശബരിമല തീർത്ഥാടക സൗകര്യം വർദ്ധിപ്പിക്കുന്നതിനായി കിഫ്ബി വഴി നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ ഏതെല്ലാമാണ്;

(സി) ശബരിമല മാസ്റ്റർപ്ലാൻ പ്രകാരമുള്ള വികസനത്തിന് പ്രത്യേക കമ്പനി രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്നറിയിക്കാമോ;

(ഡി) നിലയ്ക്കലിൽ സർക്കാർ വിട്ടുനൽകിയ ഭൂമിയിൽ സൗകര്യം ഒരുക്കുന്ന നടപടികൾ പൂർത്തിയായിട്ടുണ്ടോ; മാസ്റ്റർപ്ലാൻ നടപ്പാക്കുന്നതിനാവശ്യമായ വനഭൂമി വിട്ടുനൽകാൻ കേന്ദ്ര സർക്കാരിൽ നിന്ന് അനുമതി കിട്ടിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): (എ) പ്രളയാനന്തരം ശബരിമല തീർത്ഥാടകരുടെ ബേസ് ക്യാമ്പ് പമ്പയിൽനിന്നും നിലയ്ക്കലേയ്ക്ക് മാറ്റുകയും അവിടെ തീർത്ഥാടകർക്കാ വശ്യമായ അടിസ്ഥാനസൗകര്യങ്ങൾ ഒരുക്കുകയും ചെയ്തിട്ടുണ്ട്. ശബരിമലയിലെത്തുന്ന തീർത്ഥാടകർക്ക് ആവശ്യമായിട്ടുള്ള എല്ലാ അടിസ്ഥാന സൗകര്യങ്ങളും വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ബഡ്ജറ്റ് വിഹിതം വിനിയോഗിച്ചുള്ള നിർമ്മാണ പ്രവർത്തനങ്ങളും ശബരിമല മാസ്റ്റർപ്ലാൻ പ്രകാരമുള്ള പ്രവൃത്തികളും ശബരിമല ഇടത്താവളം പദ്ധതികളും സമയബന്ധിതമായി നടപ്പാക്കുന്നതിന് ചീഫ് സെക്രട്ടറി ചെയർമാനായി

ഗവേണിംഗ് ബോഡിയും ദേവസ്വം പ്രിൻസിപ്പൽ സെക്രട്ടറി ചെയർമാനായി ഇംപ്ലിമെന്റേഷൻ കമ്മിറ്റിയും രൂപീകരിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്. ഈ കമ്മിറ്റികളുടെ ശിപാർശപ്രകാരം കിറ്റ്കോ ലിമിറ്റഡ് എന്ന കമ്പനിയെ ഇതുവരെ ടെണ്ടർ നടപടികൾ സ്വീകരിക്കാത്ത പ്രവൃത്തികൾക്കുള്ള കൺസൾട്ടൻസിയാക്കി ചുമതലപ്പെടുത്തി സർക്കാർ ഉത്തരവായിട്ടുണ്ട്. 767 കോടി രൂപ ബഡ്ജറ്റ് വിഹിതവും കിഫ്ബി അംഗീകാരം നൽകിയ 150 കോടി രൂപയും വിനിയോഗിച്ചുള്ള ഈ നിർമ്മാണ പ്രവൃത്തികൾക്കായി നോൺ പ്രോഫിറ്റ് കമ്പനിയായി ഒരു എസ്.പി.വി. രൂപീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണ്.

(ബി)

1. പമ്പയിൽ 5 എം.എൽ.ഡി. സ്വീവേജ് പ്ലാന്റ്
2. നിലയ്ക്കലിൽ 5 എം.എൽ.ഡി. സ്വീവേജ് പ്ലാന്റ്
3. നിലയ്ക്കലിൽ വാഹന പാർക്കിംഗ്
4. നിലയ്ക്കലിൽ ഇടത്താവളം വിപുലീകരണം
5. എരുമേലിയിൽ ഇടത്താവളം
6. കഴക്കൂട്ടത്ത് ഇടത്താവളം
7. ചെങ്ങന്നൂർ ഇടത്താവളം
8. ചിറങ്ങര ഇടത്താവളം
9. ശുകപുരം ദക്ഷിണാമൂർത്തി ക്ഷേത്രം ഇടത്താവളം
10. മണിയങ്കോട് ഇടത്താവളം
11. റാന്നിയിൽ വാഹന പാർക്കിംഗ് എന്നീ പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്.

(സി) നോൺ പ്രോഫിറ്റ് കമ്പനിയായി ഒരു എസ്.പി.വി. രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ട്.

(ഡി) ശബരിമല തീർത്ഥാടകർക്കുള്ള സൗകര്യം വർദ്ധിപ്പിക്കുന്ന തിനായി കിഫ്ബിവഴി 35 കോടി രൂപ ചെലവിൽ നിലയ്ക്കലിലെ ബേസ് ക്യാമ്പ് വിപുലീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. നിലയ്ക്കലിൽ കേന്ദ്രസർക്കാർ ലഭ്യമാക്കി 110.54 ഹെക്ടർ വനഭൂമിയിലാണ് ശബരിമല മാസ്റ്റർ പ്ലാൻ പ്രകാരമുള്ള പദ്ധതികൾ നടപ്പാക്കിവരുന്നത്.

## ദേശീയ മീറ്റുകളിൽ പങ്കെടുക്കുന്ന കായിക താരങ്ങൾ നേരിടുന്ന പ്രശ്നങ്ങൾ

5 (*185) ശ്രീ. എൻ. ഷംസുദ്ദീൻ:
ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. കെ. എം. ഷാജി:
ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇതര സംസ്ഥാനങ്ങളിൽ വച്ച് സംഘടിപ്പിക്കുന്ന ദേശീയ മീറ്റുകളിൽ പങ്കെടുക്കുന്നതിന് യോഗ്യതനേടിയ കായിക താരങ്ങൾ പലപ്പോഴും മതിയായ യാത്രാസൗകര്യം ലഭിയ്ക്കാതെ ട്രെയിനുകളിൽ യാത്ര ചെയ്യേണ്ടി വരാറുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം കായിക താരങ്ങൾക്ക് യാത്രാ സൗകര്യവും താമസ സൗകര്യവും ഉറപ്പുവരുത്തുന്നതിന് ആരെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്;

(സി) മതിയായ യാത്രാ സൗകര്യമോ താമസ സൗകര്യമോ ലഭിയ്ക്കാത്തത് കായികതാരങ്ങളുടെ പ്രകടനത്തെ പ്രതികൂലമായി ബാധിയ്ക്കാറുണ്ടെന്ന കാര്യം ഗൗരവമായി കാണുന്നുണ്ടോ;

(ഡി) ട്രെയിനുകളിൽ ദുരിതപൂർണ്ണമായ യാത്ര ചെയ്ത് ശരിയായ വിശ്രമംപോലും ലഭിയ്ക്കാതെ മത്സരങ്ങളിൽ പങ്കെടുക്കേണ്ടിവരുന്ന സാഹചര്യം ഒഴിവാക്കുന്നതിന് എന്തെല്ലാം നിർദ്ദേശങ്ങൾ അധികൃതർക്ക് നൽകിയിട്ടുണ്ട്;

(ഇ) കായികതാരങ്ങൾക്ക് ആവശ്യമായ സൗകര്യം ഒരുക്കി നൽകാത്തതിന് ഉത്തരവാദികൾ ആകുന്നവർക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ?

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതര സംസ്ഥാനങ്ങളിൽവച്ച് സംഘടിപ്പിക്കുന്ന ദേശീയ മീറ്റുകളിൽ പങ്കെടുക്കുന്ന കായികതാരങ്ങളെ ട്രെയിനിൽ സ്ലീപ്പർ ക്ലാസ് റിസർവ്വേഷൻ കമ്പാർട്ട്മെന്റുകളിലാണ് സാധാരണയായി മത്സരത്തിന് കൊണ്ടുപോകുന്നത്. എന്നാൽ ഇതര സംസ്ഥാനങ്ങൾ സംഘടിപ്പിക്കുന്ന മത്സരങ്ങളുടെ തീയതി സംബന്ധിച്ച അറിയിപ്പ് വൈകി ലഭിക്കുന്ന അവസരങ്ങളിൽ സ്ലീപ്പർ ക്ലാസ് കൺഫർമേഷൻ ലഭിക്കാത്ത സാഹചര്യം സംജാതമാകാറുണ്ട്. ഇത്തരം സന്ദർഭങ്ങളിൽ മന്ത്രി ഓഫീസ് മുഖേന റെയിൽവേ ഓഫീസുമായി ബന്ധപ്പെട്ട് കഴിയുന്നതും സ്ലീപ്പർ ക്ലാസ് റിസർവ്വേഷൻ ലഭ്യമാക്കാറുണ്ട്.

(ബി) ദേശീയ മത്സരങ്ങളിൽ പങ്കെടുക്കുന്ന കേരള ടീമിന്റെ യാത്രാ സൗകര്യം ഉൾപ്പെടെയുള്ള കാര്യങ്ങളുടെ ചുമതല അതാത് സംസ്ഥാന കായിക അസോസിയേഷനുകളിൽ നിക്ഷിപ്തമാണ്. കൂടാതെ സംസ്ഥാന സ്കൂൾ ടീമുകളുടെ മാനേജർമാരായി പൊതുവിദ്യാഭ്യാസ വകുപ്പ് നിയമിക്കുന്ന ഉദ്യോഗസ്ഥരാണ് യാത്രാവേളയിലും താമസസമയത്തും കായിക താരങ്ങൾക്കൊപ്പം ഉണ്ടാകാറുള്ളത്. കായിക താരങ്ങൾക്കുള്ള താമസസൗകര്യം ഒരുക്കുന്നത് മത്സരങ്ങൾ സംഘടിപ്പിക്കുന്ന സംസ്ഥാനങ്ങളാണ്.

(സി) ഉണ്ട്.

(ഡി) ട്രെയിനുകളിൽ ദുരിതപൂർണ്ണമായ യാത്രചെയ്ത് ശരിയായ വിശ്രമംപോലും ലഭിക്കാതെ മത്സരങ്ങളിൽ പങ്കെടുക്കേണ്ടിവരുന്ന സാഹചര്യം ഒഴിവാക്കുന്നതിനായി ബന്ധപ്പെട്ട ദേശീയ മത്സരങ്ങളിൽ പങ്കെടുക്കുന്ന കേരള ടീമിനുള്ള ട്രെയിൻ ടിക്കറ്റ് മുൻകൂട്ടി എടുക്കുന്നതിനുള്ള നിർദ്ദേശം അതാത് കായിക സംഘടനകൾക്ക് നൽകിയിട്ടുണ്ട്. ടി ചുമതലയും അംഗീകൃത ദേശീയ മത്സരങ്ങളിൽ കായികതാരങ്ങളെ പങ്കെടുപ്പിക്കുന്നതിന് ആവശ്യമായ എല്ലാ ക്രമീകരണങ്ങളും നിർവ്വഹിക്കേണ്ട ചുമതലയും അതാത് കായിക അസോസിയേഷനുകളിൽ നിക്ഷിപ്തമാണ്. പ്രസ്തുത ടിക്കറ്റുകൾ വെയിറ്റിംഗ് ലിസ്റ്റ് ആകുന്ന സാഹചര്യത്തിൽ എമർജൻസി ക്വാട്ട/അഡീഷണൽ ബോഗി അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കാറുണ്ട്.

(ഇ) കായിക താരങ്ങളുടെ അവകാശങ്ങളും ക്ഷേമവും മറ്റും അതാത് കായിക അസോസിയേഷനുകളുടെ ബൈലോകളിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. കൂടാതെ 2000-ലെ കേരള സ്പോർട്സ് ആക്ടിലെയും 2008-ലെ കേരള സ്പോർട്സ് ചട്ടങ്ങളിലെ വ്യവസ്ഥകൾക്കും വിധേയമായാണ് ഓരോ സംസ്ഥാന സ്പോർട്സ് അസോസിയേഷനുകളെയും അംഗീകരിച്ചിട്ടുള്ളതും അതനുസരിച്ചാണ് പ്രവർത്തിക്കേണ്ടതും. സ്പോർട്സ് നിയമത്തിലെയും ചട്ടങ്ങളിലെയും വ്യവസ്ഥകൾ പാലിക്കാത്ത കായിക സംഘടനകൾക്കെതിരെ 2000-ലെ കേരള സ്പോർട്സ് ആക്ടിലെ അദ്ധ്യായം 5 അനുശാസിക്കുന്ന രീതിയിലും സ്പോർട്സ് കൗൺസിൽ നൽകുന്ന നിർദ്ദേശങ്ങൾ പാലിക്കാതെവരുന്ന സംഘടനകൾക്കെതിരെ 2008-ലെ കേരള സ്പോർട്സ് ചട്ടം 60 അനുസരിച്ചും നടപടി സ്വീകരിക്കാറുണ്ട്. സ്പോർട്സ് നിയമത്തിലെയും ചട്ടങ്ങളിലെയും വ്യവസ്ഥകൾ പാലിക്കാത്ത കായിക സംഘടനകൾക്കെതിരെ വ്യവസ്ഥകൾക്കനുസൃതമായി സസ്പെൻഷൻ മുതൽ അംഗീകാരം റദ്ദാക്കുന്നത് വരെയുള്ള കർശന നടപടികൾ സ്വീകരിക്കാറുണ്ട്.

## കെ.എസ്.ഇ.ബി.എൽ.-ന്റെ കാര്യക്ഷമത ഉയർത്തുന്നതിന് നടപടി

6 (*186) ശ്രീ. സി. കെ. ഹരീന്ദ്രൻ :
ശ്രീ. റ്റി. വി. രാജേഷ് :
ശ്രീ. പി. വി. അൻവർ :
ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.എൽ. ഉല്പാദന പ്രസരണ വിതരണ മേഖലകളിൽ നിരവധി വികസനപ്രവർത്തനങ്ങൾ ഏറ്റെടുത്തുനടത്തുന്ന സാഹചര്യത്തിൽ സ്ഥാപനത്തിന്റെ സാമ്പത്തിക കാര്യക്ഷമത ഉയർത്തുന്നതിനും സാമ്പത്തിക പ്രതിസന്ധി തരണം ചെയ്യുന്നതിനും സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ;

(ബി) നവീകരണ പ്രവർത്തനങ്ങളെയും കാര്യക്ഷമതയെയും ബാധിക്കാത്ത തരത്തിൽ ചെലവുകൾ യുക്തിസഹമായി നിയന്ത്രിക്കുന്നതിനും ആസൂത്രണത്തിലൂടെ കെ.എസ്.ഇ.ബി.എൽ-നെ സാമ്പത്തികമായി കെട്ടുറപ്പുള്ള സ്ഥാപനമാക്കി നിലനിർത്തുന്നതിനും ആവശ്യമായ ഇടപെടൽ നടത്തുന്നുണ്ടോ;

(സി) വായ്പ പുനഃസംഘടിപ്പിച്ച് കൂടിയ പലിശ നിരക്കിലുള്ള കടങ്ങൾ ഒഴിവാക്കുന്നതിനും ജീവനക്കാരുടെ സഹകരണത്തോടെ യുക്തിസഹമായ പുനർവിന്യാസത്തിനും ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി):

(എ&ബി) കെ.എസ്.ഇ.ബി. ലിമിറ്റഡിൽ സംസ്ഥാനത്തെ ഊർജ്ജ മേഖലയുടെ സമഗ്ര വികസനം ലക്ഷ്യമാക്കി ഗവൺമെന്റ് ആവിഷ്കരിച്ച ഊർജ്ജ കേരളാ മിഷൻ പദ്ധതി വിവിധ സർക്കാർ ഏജൻസികളുടെ സഹകരണത്തോടെ നടപ്പിലാക്കിവരുന്നു. സാമ്പത്തിക പരിമിതിയുണ്ടെങ്കിലും വ്യക്തമായ ആസൂത്രണത്തോടെയും കാഴ്ചപ്പാടോടുംകൂടി ഈ പ്രവർത്തനങ്ങൾ നിലവിലുള്ള എല്ലാ വിഭവശേഷിയും പരമാവധി പ്രയോജനപ്പെടുത്തി പദ്ധതികളുടെ ഗുണഫലങ്ങൾ ഉപഭോക്താക്കളിലെത്തിക്കാൻ ആത്മാർത്ഥമായ ശ്രമം കെ.എസ്.ഇ.ബി. ലിമിറ്റഡ് നടത്തിവരുന്നു. ഇവ താഴെപ്പറയുന്നു.

1. പദ്ധതികൾ വ്യക്തമായ ആസൂത്രണത്തോടെ സംസ്ഥാന റെഗുലേറ്ററി കമ്മീഷന്റെ അനുമതിക്ക് വിധേയമായും നിർദ്ദേശാനുസരണവും സമയബന്ധിതമായും സാമ്പത്തിക പരിധിക്കുള്ളിൽനിന്നും നടപ്പിലാക്കിവരുന്നു.

2. സംസ്ഥാനത്തെ വൈദ്യുതി ഉപയോഗം കഴിഞ്ഞ നാളുകളിൽ ക്രമാതീതമായി വർദ്ധിച്ചുവെങ്കിലും ഇത് മുൻകൂട്ടി കണ്ട് വളരെ മുൻപുതന്നെ കരാറിലേർപ്പെട്ടിരുന്ന വൈദ്യുതി കുറഞ്ഞ നിരക്കിൽ ലഭ്യമാക്കി വൈദ്യുതി വാങ്ങൽ തുക ഗണ്യമായി നിയന്ത്രിക്കാൻ കഴിഞ്ഞിട്ടുണ്ട്.

ഹ്രസ്വകാല വൈദ്യുതി വാങ്ങൽ പ്രക്രിയയിൽ, വിപണിയിലെ ദൈനംദിന ചലനങ്ങൾ സൂക്ഷ്മമായി വിശകലനം ചെയ്തും ഉപഭോഗത്തിലെ ഏറ്റക്കുറച്ചിലുകൾ പരിശോധിച്ചും ഫലപ്രദമായ ഇടപെടലുകൾ നടത്തി താരതമ്യേന കുറഞ്ഞ നിരക്കിൽ വൈദ്യുതി ലഭ്യമാക്കിവരുന്നു.

3. കോഴിക്കോട് ഐ.ഐ.എം. പഠന റിപ്പോർട്ടിനെ അടിസ്ഥാനപ്പെടുത്തി വിവിധ തലങ്ങളിൽ കമ്മിറ്റികൾ രൂപീകരിച്ച് നിലവിലുള്ള മാനവശേഷി പൂർണ്ണമായി പ്രയോജനപ്പെടുത്തിയും തസ്തികകൾ പുനഃക്രമീകരിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു. റെഗുലേറ്ററി കമ്മീഷൻ നിഷ്കർഷിക്കുന്ന ചട്ടങ്ങൾ പ്രകാരം പ്രവർത്തന പരിപാലന ചെലവ് (O&M cost) മിതപ്പെടുത്തുന്നതിനുള്ള ആത്മാർത്ഥമായ പരിശ്രമം ജീവനക്കാരുടെ സഹകരണത്തോടെ നടപ്പിലാക്കിവരുന്നു.

4. വൈദ്യുതി ചാർജ് പിരിച്ചെടുക്കുന്നതിൽ ഓരോ സെക്ഷൻ തലത്തിലുമുള്ള റവന്യൂ വിഭാഗത്തിന്റെ കാര്യക്ഷമത വർദ്ധിപ്പിച്ച് വ്യക്തമായ collection efficiency നിശ്ചയിച്ചുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് നടപ്പിലാക്കിവരുന്നതിനാൽ കുടിശ്ശിക ഗണ്യമായി കുറയുകയും വരുമാനം വർദ്ധിക്കുകയും ചെയ്തിട്ടുണ്ട്.

5. കേടായ എനർജി മീറ്ററുകൾ സമയബന്ധിതമായി ഗുണനിലവാരമുള്ള മീറ്ററുകൾ ഉപയോഗിച്ച് മാറ്റി വരുമാന നഷ്ടം ഒഴിവാക്കിവരുന്നു.

6. റെഗുലേറ്ററി കമ്മീഷന്റെ അനുമതിയോടെ കിട്ടാക്കടങ്ങൾ പലിശ ഇളവ് നൽകി പിരിച്ചെടുക്കുന്നതിന് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി വിജയകരമായി നടപ്പ് സാമ്പത്തിക വർഷം നടപ്പിലാക്കി.

7. കൂടാതെ ഗവൺമെന്റ് തലത്തിൽ ഫലപ്രദമായ ഇടപെടലുകൾ നടത്തിയതുവഴി വാട്ടർ അതോറിറ്റിയിൽനിന്നുള്ള കുടിശ്ശിക തുക ഘട്ടംഘട്ടമായി ബഡ്ജറ്റിൽ വകയിരുത്തി ലഭ്യമാക്കിവരുന്നു.

8. കെ.എസ്.ഇ.ബി.എൽ.-ന്റെ വിജിലൻസ്, റവന്യൂ ആഡിറ്റ് എന്നീ വിഭാഗങ്ങൾ ശക്തിപ്പെടുത്തി വൈദ്യുതിയുടെ ദുരുപയോഗം, മോഷണം എന്നിവ കണ്ടെത്തി റവന്യൂ നഷ്ടം ഒഴിവാക്കിവരുന്നു.

9. വിതരണ, പ്രസരണ മേഖലയിൽ അവശ്യംവേണ്ട വികസന പ്രവർത്തനങ്ങൾ നടത്തി പ്രസരണ വിതരണ നഷ്ടം കുറയ്ക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. തൽഫലമായി വൈദ്യുതി വാങ്ങലിന്റെ അളവ് കുറയ്ക്കാൻ സാധിക്കുന്നുണ്ട്.

10. സംസ്ഥാന റെഗുലേറ്ററി കമ്മീഷൻ പുറപ്പെടുവിച്ച താരിഫ് നിർണ്ണയ ചട്ടങ്ങൾ പ്രകാരം 2018 സാമ്പത്തിക വർഷത്തിൽ 1,101.70 കോടി രൂപ അധിക വരുമാനം ലഭിക്കത്തക്ക വിധത്തിൽ ഒരു താരിഫ് പരിഷ്കരണ പെറ്റീഷൻ കമ്മീഷൻ മുമ്പാകെ സമർപ്പിച്ചിട്ടുണ്ട്. ഇത് കമ്മീഷന്റെ സജീവ പരിഗണനയിലാണ്.

(സി) കേരള സംസ്ഥാന ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ 17.04.2017-ലെ താരിഫ് പരിഷ്കരണ ഉത്തരവിൽ കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ നിലനിൽപ്പിനും സാമ്പത്തിക ഭദ്രതയ്ക്കും ആവശ്യമായരീതിയിൽ മാനവ വിഭവശേഷി കാര്യക്ഷമമായി വിനിയോഗിച്ച് ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ നിർദ്ദേശം നൽകിയിട്ടുണ്ട്. പുറമേ കെ.എസ്.ഇ.ബി.എൽ.-ന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച് കോഴിക്കോട് ഐ.ഐ.എം. നടത്തിയ പഠന റിപ്പോർട്ടിലെ ശിപാർശകൾ സമയബന്ധിതമായി നടപ്പിലാക്കാനും നിർദ്ദേശിച്ചിരുന്നു. ഐ.ഐ.എം. നിർദ്ദേശങ്ങൾ പഠിക്കുന്നതിലേയ്ക്കായി രൂപികരിച്ച ഉന്നതതല കമ്മിറ്റി നടപ്പിലാക്കേണ്ട വിഷയങ്ങൾ തീരുമാനിക്കുകയും പ്രസ്തുത വിഷയങ്ങളിൽ കൃത്യമായ ശിപാർശകൾ സമർപ്പിക്കുന്നതിനായി ഒരു സബ് കമ്മിറ്റിയെ ചുമതലപ്പെടുത്തുകയുമുണ്ടായി. സബ് കമ്മിറ്റി സമർപ്പിച്ച കരട് റിപ്പോർട്ട് വിശദമായി പരിശോധിച്ച് ആവശ്യമായ മാറ്റങ്ങൾ വരുത്തി 30-6-2019-നുമുമ്പായി അന്തിമ റിപ്പോർട്ട് സമർപ്പിക്കുന്നതിനായി കോർപ്പറേറ്റ് ഓഫീസ് ഉൽപ്പാദനം, പ്രസരണം, വിതരണം എന്നീ മേഖലകൾക്കായി നാല് വിദഗ്ദ്ധ സമിതികളെ നിയോഗിച്ചിട്ടുണ്ട്. പ്രസ്തുത വിദഗ്ദ്ധ സമിതിയുടെ അന്തിമ റിപ്പോർട്ട് ലഭിച്ചതിനുശേഷം ജീവനക്കാരുടെ സംഘടനകളുമായി ബോർഡ് തലത്തിൽ ചർച്ചചെയ്ത് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

കുറഞ്ഞ നിരക്കിലുള്ള വായ്പയെടുത്ത് നിരക്ക് കൂടിയ വായ്പ തിരിച്ചടയ്ക്കുന്നത് കെ.എസ്.ഇ.ബി.എൽ. സ്ഥിരമായി ചെയ്തുവരുന്നു. കെ.എസ്.ഇ.ബി.എൽ. കഴിഞ്ഞ രണ്ട് വർഷക്കാലയളവിൽ ഏകദേശം 3,500 കോടി രൂപയുടെ വായ്പ ഇപ്രകാരം പുനഃസംഘടിപ്പിച്ചിട്ടുണ്ട്.

## സാമൂഹ്യ സുരക്ഷാ പെൻഷൻ

7 (*187) ശ്രീ. വി. ആർ. സുനിൽ കുമാർ:
ശ്രീ. സി. ദിവാകരൻ:
ശ്രീ. ഇ. കെ. വിജയൻ:
ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സാമൂഹ്യസുരക്ഷാ പെൻഷൻ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) നിലവിൽ സാമൂഹ്യസുരക്ഷാ പെൻഷൻ കൈപ്പറ്റുന്നവരിൽ ധാരാളം അനർഹർ ഉൾപ്പെട്ടിട്ടുണ്ടെന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) സാമൂഹ്യസുരക്ഷാ പെൻഷൻ വിതരണം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും സമൂഹത്തിലെ ഏറ്റവും ദുർബലവിഭാഗങ്ങൾക്ക് പെൻഷൻ ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനും സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): (എ) മറുപടി അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) ഉണ്ട്. സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കളിൽ ധാരാളം അനർഹർ ഉൾപ്പെട്ടിട്ടുണ്ടെന്ന വിവരങ്ങളെത്തുടർന്ന് ഇതുസംബന്ധിച്ച് ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആന്റ് ടാക്സേഷൻ മുഖാന്തരം ഒരു സാമ്പിൾ സർവ്വേ നടത്തുകയുണ്ടായി. കൂടാതെ സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കളുടെ ഒരു സമഗ്രമായ സർവ്വേ ദേശീയ സമ്പാദ്യ പദ്ധതിയുടെ കീഴിലുള്ള മഹിളാ പ്രധാൻ ഏജന്റുമാർ മുഖാന്തരം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. അനർഹരായ വ്യക്തികളെ പരിശോധിച്ച് സാമൂഹ്യ സുരക്ഷാ പെൻഷനിൽനിന്നും ഒഴിവാക്കിവരുന്നുണ്ട്. നിർദ്ദിഷ്ട സമഗ്ര സർവ്വേ പൂർത്തീകരിക്കുന്നതോടെ അനർഹരായവരെ പൂർണ്ണമായും ഒഴിവാക്കാൻ കഴിയുമെന്നാണ് വിശ്വാസം. അതേസമയം അർഹരായ എല്ലാവർക്കും പെൻഷൻ ലഭ്യമാക്കണമെന്നതാണ് സർക്കാർ നയം.

ജനന-മരണ സിവിൽ രജിസ്ട്രേഷൻ സൈറ്റിന്റെ വെബ് സർവ്വീസ് നൽകുക വഴി മരണപ്പെടുന്ന പെൻഷൻ ഗുണഭോക്താക്കളെ സമയബന്ധിതമായി ഒഴിവാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. മോട്ടോർ വാഹന വകുപ്പിന്റെ വെബ് സർവ്വീസ് ലഭ്യമാക്കി ഇത്തരത്തിൽ അനർഹരായവരെ കണ്ടെത്തുന്നതിലേയ്ക്ക് നടപടി സ്വീകരിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി സാമൂഹ്യ സുരക്ഷാ പെൻഷൻ ലിമിറ്റഡ് എന്ന പേരിൽ ഒരു കമ്പനി ആരംഭിച്ചിട്ടുണ്ട്. 2018 ഏപ്രിൽ മുതലുള്ള പെൻഷൻ ഈ കമ്പനി വഴിയാണ് വിതരണം നടത്തിവരുന്നത്. നിലവിൽ 2019 ഏപ്രിൽ മാസം വരെയുള്ള സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണം ചെയ്തിട്ടുണ്ട്.

സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണം കൂടുതൽ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി പെൻഷൻ പ്രാഥമിക സഹകരണ സംഘങ്ങൾ മുഖാന്തരം ഗുണഭോക്താക്കളുടെ വീടുകളിൽ കൊണ്ടുചെന്ന് നൽകുന്നരീതി തുടർന്നുവരുന്നു. പൊതുമേഖലാ സ്ഥാപനങ്ങളിൽനിന്ന് വിരമിക്കുകയും ടി സ്ഥാപനങ്ങളിലെ സ്കീം പ്രകാരം പെൻഷൻ ലഭിക്കുകയും ചെയ്യുന്നവർക്ക് സാമൂഹ്യ സുരക്ഷാ പെൻഷൻ ലഭിക്കാൻ അർഹതയുണ്ടായിരിക്കുന്നതല്ല.

സാമൂഹ്യ സുരക്ഷാ പെൻഷൻ അർഹരായവർക്ക് മാത്രമേ ലഭിക്കുന്നുള്ളൂവെന്ന് ഉറപ്പുവരുത്തുന്നതിലേയ്ക്ക് ക്രിയാത്മകമായ നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു. 1000 സിസിയിൽ കൂടുതൽ എഞ്ചിൻ കപ്പാസിറ്റിയുള്ള ടാക്സിയല്ലാത്ത നാലോ അതിലധികമോ ചക്രങ്ങളുള്ള വാഹനങ്ങൾ (അംബാസിഡർ കാർ ഒഴികെ) സ്വന്തമായുള്ളവർക്ക് സാമൂഹ്യ സുരക്ഷാ പെൻഷൻ ലഭിക്കാൻ അർഹരല്ലെന്ന് സർക്കാർ ഉത്തരവാകുകയും ഇക്കാര്യം പെൻഷൻ അനുവദിക്കുന്ന പ്രാദേശിക സർക്കാരുകളിൽ ലഭിക്കുന്നതിലേയ്ക്ക് മോട്ടോർ വാഹന വകുപ്പിന്റെ വെബ് സർവ്വീസ് സാമൂഹ്യ സുരക്ഷാ പെൻഷൻ സേവന സോഫ്റ്റ്വെയറിൽ നൽകിയിട്ടുമുണ്ട്. ഇ.പി.എഫ്. പെൻഷൻ ലഭിക്കുന്നവരിൽ 2,000 രൂപ വരെ പെൻഷൻ ലഭിക്കുന്നവർക്ക് സാമൂഹ്യ സുരക്ഷാ പെൻഷൻ സാധാരണ നിരക്കിലും 2,000 രൂപയ്ക്ക് മുകളിൽ ഇ.പി.എഫ്. പെൻഷൻ ലഭിക്കുന്നവർക്ക് 600 രൂപ നിരക്കിലും മാത്രമേ സാമൂഹ്യ സുരക്ഷാ പെൻഷൻ ലഭിക്കുകയുള്ളൂവെന്നും ഉത്തരവായിട്ടുണ്ട്. വികലാംഗർക്ക് വികലാംഗ പെൻഷനുപുറമേ മറ്റൊരു സാമൂഹ്യ സുരക്ഷാ പെൻഷനോ ക്ഷേമനിധി ബോർഡ് പെൻഷനോകൂടി ലഭിക്കാൻ അർഹതയുണ്ട്. ഇതിൽ ഒരു പെൻഷൻ സാധാരണ നിരക്കിലും മറ്റൊന്ന് 600 രൂപ നിരക്കിലുമാണ് ലഭിക്കുന്നത്. 80 ശതമാനവും അതിനുമുകളിലും വൈകല്യം ഉള്ളവർക്ക് വികലാംഗ പെൻഷൻ 1,300 രൂപ നിരക്കിൽ ലഭിക്കുന്നതാണ്. 75 വയസ് കഴിഞ്ഞ വാർദ്ധക്യകാല പെൻഷൻ ഗുണഭോക്താക്കൾക്ക് 1,500 രൂപ നിരക്കിലും ലഭിക്കുന്നതാണ്.

അർഹരായ മുഴുവൻ പേർക്കും സാമൂഹ്യ സുരക്ഷാ പെൻഷൻ ലഭിക്കണമെന്നതാണ് സർക്കാർ നയം. ഈ സർക്കാർ ചുമതലയേറ്റെടുക്കുമ്പോൾ പ്രതിമാസം 600 രൂപ നിരക്കിൽ 3443414 പേർക്കാണ് സാമൂഹ്യ സുരക്ഷാ പെൻഷൻ ലഭിച്ചിരുന്നത്. ഇന്ന് 1,200 രൂപ നിരക്കിൽ 4525579 പേർക്കാണ് സാമൂഹ്യ സുരക്ഷാ പെൻഷൻ നൽകുന്നത്.

## ദ്യുതി പദ്ധതിയുടെ പ്രവർത്തനം

8 (*188) ശ്രീമതി ഇ. എസ്. ബിജിമോൾ :

ശ്രീ. ആർ. രാമചന്ദ്രൻ :

ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ വൈദ്യുതി വിതരണ സംവിധാനം അന്താരാഷ്ട്ര നിലവാരം കൈവരിക്കുക എന്ന ലക്ഷ്യത്തോടെ കെ.എസ്.ഇ.ബി.എൽ.പുതിയ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ദ്യുതി പദ്ധതി വൈദ്യുതി വിതരണ സംവിധാനത്തിൽ എന്തൊക്കെ മാറ്റങ്ങളാണ് വിഭാവനം ചെയ്യുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ദ്യുതി പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങളും പദ്ധതിക്ക് വേണ്ടി വകയിരുത്തിയ തുകയും സംബന്ധിച്ച വിവരങ്ങൾ അറിയിക്കുമോ;

(ഡി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിനായി ഓരോ ഇലക്ട്രിക്കൽ സർക്കിളുകളിലും പ്രോജക്ട് മാനേജ്മെന്റ് ടീമുകൾ രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ?

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി): (എ) ഉണ്ട്. കേരള സർക്കാർ 'ഊർജ്ജ കേരള മിഷനിൽ' ഉൾപ്പെടുത്തി 'ദ്യുതി 2021' എന്ന പേരിൽ ബൃഹത്തായ വിതരണ ശൃംഖല നവീകരണ പദ്ധതിക്ക് രൂപം നൽകുകയും പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) ദ്യുതി പദ്ധതി നടപ്പാക്കുന്നതിലൂടെ നഗര-ഗ്രാമ വ്യത്യാസമില്ലാതെ കഴിവതും എല്ലായിടത്തും കുറഞ്ഞത് രണ്ട് സ്രോതസ്സുകളിൽനിന്നുള്ള വൈദ്യുതി എത്തിക്കാൻ കഴിയുന്നവിധം വൈദ്യുതി വളയ സംവിധാനം രൂപപ്പെടുത്തുകയും അങ്ങനെ മുഴുവൻ സമയവും വൈദ്യുതി ലഭ്യത ഉറപ്പാക്കി ആഗോളതലത്തിലെ മികച്ച വൈദ്യുതി വിതരണ വിശ്വാസ്യത ആർജ്ജിക്കുന്നതിനുമാണ് സംസ്ഥാനം ലക്ഷ്യമിടുന്നത്.

(സി) വൈദ്യുതി വിതരണ ശൃംഖല ശക്തിപ്പെടുത്തുകയും ആധുനിക വൽക്കരിക്കുകയും ചെയ്തുകൊണ്ട് വൈദ്യുതി വിതരണത്തിലെ വിശ്വാസ്യത ലോക നിലവാരത്തിലേയ്ക്ക് ഉയർത്തുകയാണ് 2021-ഓടെ പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്ന ദ്യുതി പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. HT ലൈനുകൾ പുതുതായി നിർമ്മിക്കുക, ലോഡ് സെന്ററുകളിൽ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുക, ശൃംഖലകളിൽ ബാക് ഫീഡിംഗ് സംവിധാനം ഉറപ്പുവരുത്തുക, ആവശ്യമെങ്കിൽ നിലവിലുള്ള പഴയതും

ശേഷി കുറഞ്ഞതുമായ ലൈനുകൾ മാറ്റി പുതിയ ലൈനുകൾ സ്ഥാപിക്കുക (റീകണ്ടക്ടറിംഗ് വർക്കുകൾ), നിലവിലുള്ള എച്ച്.റ്റി. ഓവർ ഹെഡ് ലൈനിലെ തകരാർ എളുപ്പം കണ്ടെത്തി പരിഹരിക്കുന്നതിനായുള്ള കമ്മ്യൂണിക്കബിൾ ഫോൾട്ട് പാസ് ഡിറ്റക്ടർ (CFPD) സ്ഥാപിക്കുക, പുരയിടങ്ങൾക്ക് കുറുകെ കടന്നുപോകുന്ന ലൈനുകൾ വൈദ്യുതി അപകടങ്ങൾക്ക് കാരണമാകുന്നുവെങ്കിൽ അവ മാറ്റിസ്ഥാപിക്കുക, ജനസാന്ദ്രത കൂടിയ പ്രദേശങ്ങളിലും ഇടുങ്ങിയ പ്രദേശങ്ങളിലും 'ഏരിയൽ ബഞ്ചഡ് കണ്ടക്ടർ' (എബിസി) സ്ഥാപിക്കുക തുടങ്ങിയ വർക്കുകൾ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ദ്യുതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള എല്ലാ വർക്കുകളും ഗുണനിലവാരം ഉറപ്പാക്കിയാണ് നിർവ്വഹിക്കുന്നത്. ഈ പദ്ധതിയിൽ വിതരണ മേഖലയിൽ 4,036.30 കോടി രൂപയുടെ പ്രവൃത്തികളാണ് 2018 മുതൽ 2021 വരെയുള്ള നാല് വർഷക്കാലയളവിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

(ഡി) ഉണ്ട്. 'ദ്യുതി 2021' പ്രവൃത്തികൾ വിതരണ മേഖലയിൽ ആസൂത്രണം ചെയ്ത് നടപ്പിലാക്കാൻ സർക്കിൾ തലത്തിൽ 25 പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റുകൾ (PMU) രൂപീകരിച്ച് പ്രവർത്തനം നടത്തിവരുന്നു.

## പുതിയ അണക്കെട്ടുകളുടെ നിർമ്മാണം

9 (*189) <u>ശ്രീ. പി. ടി. തോമസ്</u>:

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>:

<u>ശ്രീ. അനൂപ് ജേക്കബ്</u>:

<u>ശ്രീ. അനിൽ അക്കര</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വീണ്ടുമൊരു പ്രളയമുണ്ടാകുന്നത് തടയാൻ കഴിയുമെന്ന വാദമുന്നയിച്ച് നാല് വൻകിട അണക്കെട്ടുകൾ കൂടി നിർമ്മിക്കാൻ ആലോചനയുണ്ടോ; ഉണ്ടെങ്കിൽ ഇതിന്റെ നടപടികൾ ഏതുഘട്ടത്തിലാണ്;

(ബി) അണക്കെട്ടുകൾ ഇല്ലാത്തതല്ല മറിച്ച് അണക്കെട്ടുകൾ നിയന്ത്രിക്കുന്നതിലെ പാളിച്ചകളാണ് സംസ്ഥാനത്തുണ്ടായ പ്രളയത്തിന് പ്രധാന കാരണമെന്ന് ഹൈക്കോടതി നിയോഗിച്ച അമിക്കസ് ക്യൂറി അടക്കം റിപ്പോർട്ട് ചെയ്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) അണക്കെട്ടുകളുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുവാൻ പ്രളയത്തിന് ശേഷം എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; വ്യക്തമാക്കുമോ;

(ഡി) പരിസ്ഥിതിക്ക് കടുത്ത ആഘാതം സൃഷ്ടിക്കുന്ന അണക്കെട്ടുകൾ നിർമ്മിക്കുന്നതിന് മുൻപ് വിശദമായ പഠനങ്ങൾക്ക് സർക്കാർ തയ്യാറാകുമോ എന്ന് അറിയിക്കുമോ?

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി): (എ) 2018-ൽ സംസ്ഥാനത്തുണ്ടായ പ്രളയത്തിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര ജല കമ്മീഷൻ നടത്തിയ പഠനത്തിൽ പ്രളയം നിയന്ത്രിക്കുന്നതിന് സംഭരണശേഷിയുള്ള ഡാമുകളുടെ ആവശ്യകത സംബന്ധിച്ച് പരാമർശിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ മൂന്ന് പദ്ധതികൾ സംബന്ധിച്ച് സാധ്യതാപഠനം നടന്നുവരുന്നു.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ അണക്കെട്ടുകൾ നിയന്ത്രിക്കുന്നതിലെ പാളിച്ചയാണ് പ്രളയകാരണം എന്ന അമിക്കസ് ക്യൂറി നിഗമനം പൂർണ്ണമായും തെറ്റാണ്. കേന്ദ്ര ജലവിഭവ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന കേന്ദ്ര ജല കമ്മീഷനെയാണ് ഇന്ത്യയിലെ നദികളിലെ പ്രളയനിയന്ത്രണം, ജലസേചനം, ജല ഗതാഗതം, കുടിവെള്ള വിതരണം, ജല വൈദ്യുതോൽപ്പാദനം തുടങ്ങിയവയുടെ നിയന്ത്രണം, പരിപാലനം, വിനിയോഗം എന്നിവയ്ക്ക് ആധികാരികമായി ചുതലപ്പെടുത്തിയിരിക്കുന്നത്. കേന്ദ്ര ജല കമ്മീഷൻ കേരളത്തിലെ പ്രളയത്തെക്കുറിച്ച് ആഴത്തിൽ പഠിച്ച് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. അതിൽ കേരളത്തിലെ ഡാമുകൾ തുറന്നതല്ല പ്രളയത്തിന് കാരണം എന്ന് അസന്നിഗ്ദ്ധമായി പ്രതിപാദിക്കുന്നുണ്ട്. ആഗസ്റ്റ് 8, 9, 15 എന്നീ തീയതികളിൽ കേരളത്തിൽ പെയ്ത അതിതീവ്ര മഴയാണ് പ്രളയത്തിന് കാരണമെന്നും റിപ്പോർട്ടിൽ പരാമർശിക്കുന്നുണ്ട്. ഇതിൻ പ്രകാരം അമിക്കസ് ക്യൂറിയുടെ റിപ്പോർട്ടിന് എതിർ സത്യവാങ്മൂലം സമർപ്പിച്ചിട്ടുള്ളതാകുന്നു.

(സി) ഡാം റീ ഹാബിലിറ്റേഷൻ ആന്റ് ഇംപ്രൂവ്മെന്റ് പ്രോജക്ടിന്റെ (DRIP) ഭാഗമായി അണക്കെട്ടുകളുടെ പ്രവർത്തനങ്ങൾ, നവീകരണ നടപടികൾ പ്രളയത്തിന് മുമ്പുതന്നെ നടത്തിവരികയായിരുന്നു. കേന്ദ്ര ജല കമ്മീഷൻ ഫെബ്രുവരി 2016-ന് പുറത്തിറക്കിയ പരിഷ്കരിച്ച മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് നമ്മുടെ രാജ്യത്ത് ഒരു അടിയന്തര ഘട്ട പ്രവർത്തന പദ്ധതി (EAP) ആദ്യമായി പ്രസിദ്ധീകരിച്ചത് 2018 ഒക്ടോബറിൽ മാത്രമാണ് (ഹിരാക്കുഡ് ഡാം, ഒറീസ്സ) കെ.എസ്.ഇ.ബി.എൽ. അടിയന്തരഘട്ട പ്രവർത്തന പദ്ധതിയുമായി 2017-ൽ ത്തന്നെ മുന്നോട്ടുപോയിരുന്നു. ഇപ്പോൾ 24 ഡാമുകളുടെ അടിയന്തരഘട്ട പ്രവർത്തന പദ്ധതി കേന്ദ്ര ജല കമ്മീഷന് സമർപ്പിക്കുകയും അതിൽ 21 എണ്ണത്തിന് അംഗീകാരം ലഭിച്ച് അവസാന ഘട്ടത്തിലുമാണ്. (അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു*.) പ്രധാന ജല സംഭരണികളുടെ റൂൾകർവ്വുകൾ (RULE CURVES) കേന്ദ്ര ജല കമ്മീഷൻ പ്രളയശേഷം നിർദ്ദേശിച്ച മാനദണ്ഡങ്ങൾക്കനുസരിച്ച് പരിഷ്കരിച്ചിട്ടുണ്ട്. കേന്ദ്ര ജല കമ്മീഷന്റെ പുതുക്കിയ

---

* അനുബന്ധം 1 ആയി ചേർത്തിട്ടുണ്ട്.

മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് തയ്യാറാക്കിയ 7 ഡാമുകളുടെ O&M മാന്വൽ കേന്ദ്ര ജല കമ്മീഷന് സമർപ്പിച്ചിട്ടുണ്ട്. (അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു*.) മറ്റ് ഡാമുകളുടെ മാന്വൽ O&M തയ്യാറായിവരുന്നു.

(ഡി) ഡാമുകൾ നിർമ്മിക്കുന്നതിനുമുമ്പ് വിശദമായ പഠനം നടത്തുന്നതാണ്.

**വ്യവസായ വികസന പദ്ധതികൾ**

10 (*190) ശ്രീ. വി. അബ്ദുറഹിമാൻ :
ശ്രീ. എസ്. ശർമ്മ :
ശ്രീ. വി. കെ. സി. മമ്മത് കോയ :
ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൻകിട വ്യവസായ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി പദ്ധതിയുണ്ടോ;

(ബി) അസെൻഡ് 2019 നിക്ഷേപക സംഗമം വഴി കേരളത്തെ മികച്ച വ്യവസായ സൗഹൃദ സംസ്ഥാനമായി അവതരിപ്പിക്കാൻ സാധിച്ചിട്ടുണ്ടോ; നിക്ഷേപം ആകർഷിക്കുന്നതിനുള്ള എന്തെല്ലാം പ്രവർത്തനങ്ങളാണ് ആവിഷ്കരിച്ചിട്ടുള്ളത്;

(സി) കൊച്ചി-പാലക്കാട് വ്യവസായ ഇടനാഴി പ്രാവർത്തികമാക്കുന്നതിന് ചെയ്തുവരുന്ന കാര്യങ്ങൾ അറിയിക്കാമോ;

(ഡി) കൊച്ചിയിൽ കിൻഫ്ര മുഖേന സ്ഥാപിക്കാനുദ്ദേശിക്കുന്ന പെട്രോ കെമിക്കൽ പാർക്കിന്റെ ഇപ്പോഴത്തെ അവസ്ഥ അറിയിക്കാമോ?

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): (എ) കേരളത്തിലെ പാരിസ്ഥിതികാവസ്ഥയ്ക്ക് അനുയോജ്യമാകുന്നതും മലിനീകരണം കുറഞ്ഞതുമായ വൻവ്യവസായങ്ങളെ സംസ്ഥാനം സ്വാഗതം ചെയ്യുന്നതിനും വ്യവസായ മേഖലയിൽ കൂടുതൽ ദേശീയ-അന്തർദ്ദേശീയ നിക്ഷേപങ്ങൾ ഉറപ്പാക്കുന്നതിനുമായി നിക്ഷേപകരെ ആകർഷിക്കുന്നതിന് അനുകൂലമായ ഒരു വ്യവസായ നയം സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. കൂടാതെ വ്യവസായങ്ങൾ ആരംഭിക്കുന്നതിനാവശ്യമായ അനുമതികൾ/ ലൈസൻസുകൾ എന്നിവ അതിവേഗം, സുതാര്യമായി അനായാസം ലഭിക്കുന്നതിനായി വിവിധ വകുപ്പുകളിൽ നിലവിലുള്ള ഏഴ് നിയമങ്ങൾ ഭേദഗതി വരുത്തി ഒരു ഏകീകൃത നിയമം "കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ & ഫെസിലിറ്റേഷൻ ആക്ട് 2018"

* അനുബന്ധം 1 ആയി ചേർത്തിട്ടുണ്ട്.

സർക്കാർ പുറപ്പെടുവിച്ചു. വിവിധ വകുപ്പുകളിലെ നിലവിലുള്ള 10 ചട്ടങ്ങളും ഭേദഗതി ചെയ്തിട്ടുണ്ട്. മാത്രമല്ല, പുതിയ വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് വിവിധ അപേക്ഷാ ഫോറങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് ഒരു ഏകജാലക ഓൺലൈൻ സമ്പ്രദായം (K-SWIFT) നിലവിൽ വന്നിട്ടുണ്ട്. കേരളത്തിലെ അർബൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽനിന്നും കെട്ടിട നിർമ്മാണങ്ങൾക്ക് അനുമതികൾ ഓൺലൈനിൽ ലഭ്യമാക്കുന്നതാണ്.

കെ.എസ്.ഐ.ഡി.സി. മുഖാന്തരം വൻകിട സംരംഭകർക്ക് 3,500 ലക്ഷം രൂപ വരെയുള്ള തുക ലോണായി നൽകിവരുന്നു. കൂടാതെ ഓരോ ത്രൈമാസത്തിന്റെയും അവസാനം കുടിശ്ശിക ഇനത്തിൽ ബാക്കിയുള്ള മുതലിന്റെ അടിസ്ഥാനത്തിൽ പലിശ നിരക്കിൽ മുക്കാൽ ശതമാനം വരെ കറവ് നൽകുന്നുണ്ട്.

(ബി) സംസ്ഥാനത്തേയ്ക്ക് നിക്ഷേപങ്ങൾ ആകർഷിക്കുക, വ്യവസായ വളർച്ചയിലൂടെ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക, വ്യവസായ മേഖലയിൽ കൂടുതൽ ദേശീയ-അന്തർദ്ദേശീയ നിക്ഷേപങ്ങൾ ഉറപ്പാക്കുക, പ്രവാസികൾ, സംരംഭകരാകാൻ താൽപ്പര്യമുള്ള യുവാക്കൾ, വനിതകൾ, വിമുക്ത ഭടന്മാർ എന്നിവരെ പ്രോത്സാഹിപ്പിക്കുന്നതിനും സംസ്ഥാനത്ത് ഒരുക്കിയിരിക്കുന്ന വ്യാവസായിക അനുബന്ധ അടിസ്ഥാന സൗകര്യങ്ങളെക്കുറിച്ച് പ്രചാരം നൽകുക, സംസ്ഥാനം നൽകുന്ന വ്യവസായ ഭൂമി, സ്വകാര്യ വ്യവസായ പാർക്കുകൾ/ എസ്റ്റേറ്റുകൾ/ഏരിയകൾ, സേവനങ്ങൾ ചെറുതും വലുതുമായ ഒരുകൂട്ടം ഇൻഡസ്ട്രിയൽ പാർക്കുകൾ നിർമ്മിച്ച് വ്യവസായ മേഖലകൾ സൃഷ്ടിക്കുക തുടങ്ങിയ സംസ്ഥാന വ്യവസായ നയം സംരംഭകരുടെയും നിക്ഷേപകരുടെയും ഉദ്യോഗസ്ഥരുടെയും ജനപ്രതിനിധികളുടെയും മറ്റ് ബന്ധപ്പെട്ടവരുടെയും ശ്രദ്ധയിൽപ്പെടുത്തി കേരളത്തെ വ്യവസായ നിക്ഷേപ സൗഹൃദ സംസ്ഥാനമാക്കി മാറ്റാനുള്ള സർക്കാരിന്റെ നിശ്ചയദാർഢ്യം "ASCEND-2019"-ലൂടെ കഴിഞ്ഞു. കൂടാതെ ഈ പരിപാടിയോടനുബന്ധിച്ച് നടന്ന പ്രഭാഷണങ്ങൾ, പാനൽ ചർച്ചകൾ, പ്രസന്റേഷനുകൾ എന്നിവയിലൂടെ സർക്കാരിന്റെ നയവും പരിപാടികളും ലക്ഷ്യവും ബിസിനസ്സ് നടത്തുന്നതിന് ഏർപ്പെടുത്തിയ നിയമ പരിഷ്കാര നടപടികളും ജന മധ്യത്തിൽ അവതരിപ്പിക്കാൻ കഴിഞ്ഞു. അതിലൂടെ ഒരു വ്യാവസായിക കുതിപ്പിന് മുന്നേറുന്ന ഒരു നവകേരള ചിത്രം വരയ്ക്കുകവഴി സംസ്ഥാനത്തേയ്ക്ക് നിക്ഷേപകരെ ആകർഷിക്കുന്നതിന് കഴിഞ്ഞതായി വിലയിരുത്തിയിട്ടുണ്ട്.

(സി) കൊച്ചി മുതൽ ബാംഗ്ലൂർ വരെ ഒരു വ്യവസായ ഇടനാഴി രൂപീകരിക്കുന്നതിനും ഇതിൽ കൊച്ചി മുതൽ പാലക്കാട് വരെയുള്ള പ്രദേശം ഒരു ഹൈടെക് വ്യവസായ ഇടനാഴിയായി വികസിപ്പിക്കുന്നതിനും സംസ്ഥാന സർക്കാർ ഒരു അപേക്ഷ കേന്ദ്ര സർക്കാരിലേയ്ക്ക് സമർപ്പിച്ചിരുന്നു. തുടർന്ന് വ്യവസായ ഇടനാഴികളുടെ രൂപീകരണത്തിനായി ചുതലപ്പെടുത്തിയിട്ടുള്ള

നാഷണൽ ഇൻഡസ്ട്രിയൽ കോറിഡോർ ഡെവലപ്മെന്റ് ആന്റ് ഇംപ്ലിമെന്റേഷൻ ട്രസ്റ്റ് (NICDIT)-ന് പ്രസ്തുത പദ്ധതിയുടെ വിവരങ്ങൾ സമർപ്പിക്കാൻ കേന്ദ്ര സർക്കാർ നിർദ്ദേശിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ പദ്ധതി രൂപരേഖ NICDIT-ന് സമർപ്പിക്കുകയും ചെയ്തു. ഇതേത്തുടർന്ന് കൊച്ചി-ബാംഗ്ലൂർ വ്യവസായ ഇടനാഴിയുടെ പ്രാഥമിക രൂപരേഖ തയ്യാറാക്കുന്നതിനായി ഒരു വിദഗ്ദ്ധോപദേശ ഏജൻസിയെ നിയമിക്കുകയും പ്രസ്തുത പദ്ധതിയുടെ രൂപരേഖയും ഒരു കാലഘട്ടത്തിലേയ്ക്കുള്ള പദ്ധതി കാഴ്ചപ്പാടും തയ്യാറാക്കി റിപ്പോർട്ട് NICDIT-ന് സർക്കാർ സമർപ്പിച്ചിട്ടുള്ളതാണ്. NICDIT-ന്റെ അടുത്ത യോഗത്തിൽ ഈ പദ്ധതിക്ക് അനുകൂല തീരുമാനം ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(ഡി) കൊച്ചിയിൽ ഫാക്ടിന്റെ അധീനതയിലുള്ള 481 ഏക്കർ സ്ഥലത്ത് പെട്രോകെമിക്കൽ കോംപ്ലക്സ് സ്ഥാപിക്കുന്നതിനായി 20-12-2017-ൽ സംസ്ഥാന സർക്കാരും ഫാക്ടും തമ്മിൽ ഒരു ധാരണാപത്രം ഒപ്പ് വയ്ക്കുകയുണ്ടായി. പ്രസ്തുത പദ്ധതിക്കാവശ്യമായ പ്രോജക്ട് റിപ്പോർട്ട് കിൻഫ്ര തയ്യാറാക്കിയിട്ടുണ്ട്. ഭൂമി കൈമാറ്റം സംബന്ധിച്ച് കേന്ദ്ര സർക്കാർ അനുമതി ലഭിച്ചാലുടൻ ഈ പദ്ധതി ആരംഭിക്കുന്നതാണ്.

## ലൈബ്രറി കെട്ടിടങ്ങളുടെ നിർമ്മാണത്തുക

11 (*191) <u>ശ്രീ. റോഷി അഗസ്റ്റിൻ:</u>
<u>ഡോ. എൻ. ജയരാജ്:</u>
<u>ശ്രീ. മോൻസ് ജോസഫ്:</u>
<u>ശ്രീ. സി. എഫ്. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ.-മാരുടെ പ്രാദേശിക വികസന ഫണ്ടിൽ നിന്നും കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന്റെ അംഗീകാരമുള്ള ലൈബ്രറികൾക്ക് കെട്ടിട നിർമ്മാണത്തിന് തുക അനുവദിക്കാനാവില്ലെന്ന ധനകാര്യവകുപ്പിന്റെ 105/NCB1/2018/Fin.നമ്പർ നിർദ്ദേശത്തിലടങ്ങിയ തീരുമാനം എന്തടിസ്ഥാനത്തിലാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഇത്തരം ലൈബ്രറികൾ സംസ്ഥാനത്തെ ഗ്രാമങ്ങളിൽ മെച്ചപ്പെട്ട രീതിയിൽ പ്രവർത്തിക്കുന്ന സാഹചര്യത്തിൽ ധനകാര്യവകുപ്പിന്റെ പ്രസ്തുത നിർദ്ദേശം ഇവയുടെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുമെന്നത് പരിശോധിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(സി) ലൈബ്രറി കെട്ടിടനിർമ്മാണത്തിന് സർക്കാർ സ്ഥലം വേണമെന്ന വ്യവസ്ഥയിൽനിന്നും ഇത്തരം ലൈബ്രറികളെ ഒഴിവാക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): (എ-സി) എം.എൽ.എ.-മാരുടെ പ്രത്യേക വികസന നിധിയുടെ നിലവിലെ മാർഗ്ഗരേഖയായ 29-12-2017-ലെ സ.ഉ. (അ) നമ്പർ 161/2017/ധന. ഉത്തരവിലെ അനുബന്ധം-1* ഇനം 12 പ്രകാരം പൊതുവായനശാലകളുടെയും ഗ്രന്ഥശാലകളുടെയും നിർമ്മാണമാണ് അനുവദനീയമായിട്ടുള്ളത്. പൊതുവായന ശാലകളുടെയും ഗ്രന്ഥശാലകളുടെയും നിർമ്മാണം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് സർക്കാർ/തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ള വായനശാലകളാണ് എന്ന വ്യാഖ്യാനം സൃഷ്ടിച്ച പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് കേരള ഗ്രന്ധശാലാ സംഘത്തിന്റെ അംഗീകാരമുള്ള വായനശാലകൾക്കും ഗ്രന്ധശാലകൾക്കും കെട്ടിട നിർമ്മാണത്തിന് എം.എൽ.എ.-യുടെ പ്രത്യേക വികസന നിധിയിൽനിന്നും തുക അനുവദിക്കണമെന്ന ആവശ്യം സർക്കാർ വിശദമായി പരിശോധിക്കുകയും ഗ്രന്ഥശാല സംഘങ്ങളുടെ കീഴിലുള്ള വായനശാലകൾക്കും ഗ്രന്ഥശാലകൾക്കും എം.എൽ.എ.-മാരുടെ പ്രത്യേക വികസന നിധിയിൽനിന്നും തുക വിനിയോഗിക്കാൻ അനുമതി നൽകി 27-5-2019-ലെ സ.ഉ. (അച്ചടി) നമ്പർ 60/2019/ധന. ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്.

### പൊതുമേഖലാ സ്ഥാപനങ്ങളുടെ പുനരുദ്ധാരണം

12 (*192) ശ്രീ. കെ. ആൻസലൻ :
ശ്രീ. എം. മുകേഷ് :
ശ്രീ. എം. നൗഷാദ് :
ശ്രീ. പി. കെ. ശശി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഓട്ടോമൊബൈൽസിനെ നവീകരിച്ച് പുനരുദ്ധരിക്കുന്നതിന്റെ ഭാഗമായി ഇലക്ട്രിക് ഓട്ടോറിക്ഷ നിർമ്മിച്ച് വിപണിയിലെത്തിക്കാനുള്ള പദ്ധതിയുടെ പുരോഗതി അറിയിക്കാമോ;

(ബി) തകർച്ചയിലായിരുന്ന മറ്റ് പൊതുമേഖലാസ്ഥാപനങ്ങളെ വൈവിധ്യവൽക്കരിക്കാൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(സി) കൊല്ലത്തെ യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് കമ്പനി കഴിഞ്ഞ മൂന്ന് വർഷം കൊണ്ട് കൈവരിച്ച നേട്ടം എന്തെല്ലാമാണ്;

(ഡി) ഈ സർക്കാർ അധികാരത്തിലെത്തിയശേഷം പൊതുമേഖലാ സ്ഥാപനങ്ങളുടെ പുനരുദ്ധാരണത്തിനായി എത്ര തുക ചെലവഴിച്ചെന്ന് അറിയിക്കാമോ?

---

* അനുബന്ധം 1 ആയി ചേർത്തിട്ടുണ്ട്.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): (എ) കേരള ആട്ടോമൊബൈൽസ് ലിമിറ്റഡിൽ ഇലക്ട്രിക് മുച്ചക്ര വാഹനങ്ങളുടെ നിർമ്മാണം ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. ഇലക്ട്രിക് ആട്ടോയുടെ പ്രൊട്ടോടൈപ്പ് നിർമ്മിച്ച് എ.ആർ.എ.ഐ. സർട്ടിഫിക്കേഷനായി പൂനയിൽ അയച്ചിരിക്കുകയാണ്. സർട്ടിഫിക്കേഷൻ ലഭ്യമാകുന്നതിനനുസരിച്ച് നിർമ്മാണം ആരംഭിക്കുന്നതാണ്. ഇലക്ട്രിക് മുച്ചക്ര വാഹനത്തിന്റെ പ്രീ-ലോഞ്ചിംഗ് നടത്തുകയും ആട്ടോമോട്ടീവ് റിസർച്ച് അസോസിയേഷൻ ഓഫ് ഇന്ത്യയുടെ അംഗീകാരം ലഭിക്കുന്നതിനുള്ള അപേക്ഷ നൽകിയിരിക്കുകയാണ്.

(ബി) ഉണ്ട്. പൊതുമേഖലാ സ്ഥാപനങ്ങളിൽ നടത്തിയ പ്രവർത്തന അവലോകനത്തിന്റെ അടിസ്ഥാനത്തിൽ ഉൽപ്പാദന സൗകര്യങ്ങളിലും സാങ്കേതിക വിദ്യകളിലും കാലോചിതമായ പരിഷ്കാരങ്ങൾ നടപ്പിലാക്കിയെങ്കിൽ മാത്രമേ വിപണിയിൽനിന്നും നേരിടുന്ന മത്സരങ്ങളെ അതിജീവിക്കത്തക്കവിധത്തിൽ സ്ഥാപനങ്ങളെ സജ്ജമാക്കാൻ കഴിയുകയുള്ളൂവെന്ന് മനസ്സിലാക്കാൻ സാധിച്ചു. ഇതിന്റെയടിസ്ഥാനത്തിൽ ഉൽപ്പാദന സംവിധാനങ്ങളുടെയും സാങ്കേതിക വിദ്യയുടെയും കാലാനുസൃതമായ നവീകരണം, വിപണന സാധ്യതയുള്ള ഉൽപ്പന്നങ്ങളുടെ വൈവിദ്ധ്യവൽക്കരണം, വിപുലീകരണം എന്നിവയ്ക്കായി വിവിധ നവീകരണ വിപുലീകരണ പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കിവരുന്നു. ഇതിനായി ബഡ്ജറ്റിൽനിന്നും കൂടുതൽ ധനസഹായവും സർക്കാർ അനുവദിച്ചുവരുന്നു. 2016-17 സാമ്പത്തിക വർഷം പൊതുമേഖലാ സ്ഥാപനങ്ങളിലെ വിവിധ നവീകരണ വിപുലീകരണ പദ്ധതികൾക്കുള്ള പദ്ധതി വിഹിതമായി 123 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തുകയും അതിൽനിന്ന് 100.94 കോടി രൂപ വിവിധ പൊതുമേഖലാ സ്ഥാപനങ്ങൾക്കായി റിലീസ് ചെയ്ത് നൽകുകയുംചെയ്തു. 2017-18 സാമ്പത്തിക വർഷം പദ്ധതി വിഹിതമായി 270 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തുകയും അതിൽനിന്ന് 103.75 കോടി രൂപ വിവിധ പൊതു മേഖലാ സ്ഥാപനങ്ങൾക്കായി റിലീസ് ചെയ്ത് നൽകുകയുംചെയ്തു. കൂടാതെ 2017-18 സാമ്പത്തിക വർഷം അധിക ധനസഹായമായി 13 കോടി രൂപയും വകയിരുത്തിയിട്ടുണ്ടായിരുന്നു. 2018-19 സാമ്പത്തിക വർഷം പൊതുമേഖലാ സ്ഥാപനങ്ങളുടെ നവീകരണ വിപുലീകരണ പദ്ധതികൾക്കുള്ള ധനസഹായമായി ബഡ്ജറ്റിൽ 297.35 കോടി രൂപ വകയിരുത്തുകയും അതിൽനിന്നും സ്ഥാപനങ്ങളുടെ വിവിധ പദ്ധതികൾക്കായി 148.04 കോടി രൂപ നൽകുകയും ചെയ്തു. 2019-20-ൽ വിവിധ നവീകരണ വിപുലീകരണ പദ്ധതികൾക്കായി 299.35 കോടി രൂപ

വകയിരുത്തിയിട്ടുണ്ട്. ഓരോ സ്ഥാപനത്തേയും പ്രവർത്തന അവലോകനത്തിന് വിധേയമാക്കുന്നതിനാൽ പ്രവർത്തന സംബന്ധമായ പല പ്രശ്നങ്ങൾക്കും സമയോചിതമായിത്തന്നെ പരിഹാരം കണ്ടെത്താൻ കഴിയുന്നുണ്ട്. മാസംതോറും നടത്തിവരുന്ന പ്രവർത്തന അവലോകനങ്ങളുടെ ഫലമായി അനുകരണീയമാക്കാവുന്ന മാനേജ്മെന്റ് നടപടിക്രമങ്ങൾ മറ്റുള്ള സ്ഥാപനങ്ങളിലേയ്ക്കും പകർന്നു നൽകാൻ സഹായകമായിട്ടുണ്ട്. ഈ രീതിയിലുള്ള ഇടപെടലുകൾ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും ഉൽപ്പന്നങ്ങളുടെ വൈവിധ്യവൽക്കരണത്തിനും വിപുലീകരണത്തിനും സഹായകമായിട്ടുണ്ട്.

(സി)

- 2017-18 സാമ്പത്തിക വർഷത്തിൽ 14.050 സെറ്റ് 11 കെ.വി. എ.ബി. സ്വിച്ചിന്റെ ഓർഡർ കെ.എസ്.ഇ.ബി. ലിമിറ്റഡിൽനിന്നും ലഭിക്കുകയും സപ്ലൈ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇതുവഴി 16.89 കോടി രൂപയുടെ വിറ്റുവരവുണ്ടായി.
- 2018-19-ൽ 14,050 എ.ബി. സ്വിച്ചിന്റെ മറ്റൊരു ഓർഡർകൂടി കെ.എസ്.ഇ.ബി. ലിമിറ്റഡിൽനിന്നും ലഭിക്കുകയും ചെയ്തിട്ടുണ്ട്. അത് വിതരണം ചെയ്തുകൊണ്ടിരിക്കുകയുമാണ്.
- 2018 ജൂലൈ 4-ന് എൽ.ഇ.ഡി. തെരുവ് വിളക്ക് നിർമ്മാണ യൂണിറ്റ്, നവീകരിച്ച വാട്ടർ മീറ്റർ നിർമ്മാണ യൂണിറ്റ്, റിസർച്ച് & ഡെവലപ്മെന്റ് (ആർ&ഡി) എന്നീ മൂന്ന് പദ്ധതികളുടെ ഉദ്ഘാടനം നടത്തുകയുണ്ടായി.

പ്രതിദിനം 500 യൂണിറ്റ് എൽ.ഇ.ഡി. തെരുവ് വിളക്ക് നിർമ്മിക്കാനുള്ള സജ്ജീകരണങ്ങൾ ചെയ്തിട്ടുണ്ട്. എൽ.ഇ.ഡി. തെരുവ് വിളക്കിനുള്ള ഓർഡർ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽനിന്നും ലഭിച്ചുകൊണ്ടിരിക്കുകയാണ്.

- 2018-19 കാലയളവിൽ 28.46 കോടി രൂപ വിറ്റുവരവ് ഇനത്തിൽ കമ്പനിക്ക് ലഭിക്കുകയുണ്ടായി. ഇത് കഴിഞ്ഞ 10 വർഷത്തിലെ ഉയർന്ന വിറ്റുവരവാണ്.
- 2019 മേയ് 15-ന് യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ലിമിറ്റഡിന്റെ പുതിയ ഉൽപ്പന്നമായ വെഹിക്കിൾ ട്രാക്കിംഗ് ആന്റ് സ്പീഡ് മോണിറ്ററിംഗ് സിസ്റ്റം (വി.ടി.എസ്.) Phoenix-140-ന്റെ പ്രകാശനകർമ്മം നടത്തുകയുണ്ടായി. ഇതിന്റെ വിപണനം നല്ല രീതിയിൽ നടക്കുന്നു.

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുമേഖലാ സ്ഥാപനങ്ങളുടെ വികസന പദ്ധതികൾക്കായി കൂടുതൽ തുക ബഡ്ജറ്റിൽ പ്രത്യേകം വകയിരുത്തി നൽകിവരുന്നു.

2016-17 സാമ്പത്തിക വർഷം പൊതുമേഖലാ സ്ഥാപനങ്ങളിലെ വിവിധ നവീകരണ വിപുലീകരണ പദ്ധതികൾക്കുള്ള പദ്ധതി വിഹിതമായി 123 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിരുന്നതിൽനിന്നും 100.94 കോടി രൂപ റിലീസ് ചെയ്തുനൽകി. 2017-18 സാമ്പത്തിക വർഷം പദ്ധതി വിഹിതമായി നൽകിയ 270 കോടി രൂപയിൽ 103.75 കോടി രൂപ വിവിധ നവീകരണ വിപുലീകരണ പദ്ധതികളുടെ ധനസഹായമായി നൽകുയും ചെയ്തു. 2017-18 സാമ്പത്തിക വർഷം അധിക ധനസഹായമായി 13 കോടി രൂപയും നൽകിയിരുന്നു. 2018-19 സാമ്പത്തിക വർഷം പൊതുമേഖലാ സ്ഥാപനങ്ങളുടെ നവീകരണ വിപുലീകരണ പദ്ധതികൾക്കുള്ള ധനസഹായമായി ബഡ്ജറ്റിൽ 297.35 കേടി രൂപ വകയിരുത്തുകയും 148.04 കോടി രൂപ വിവിധ പദ്ധതികൾക്കായി റിലീസ് ചെയ്ത് നൽകുകയും ചെയ്തു. 2019-20-ൽ വിവിധ നവീകരണ വിപുലീകരണ പദ്ധതികൾക്കായി 299.35 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത തുക സ്ഥാപനങ്ങൾക്ക് അനുവദിച്ചുവരുന്നു.

## പ്രളയ സെസ്സ്

13 (*193) ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. അനിൽ അക്കര:
ശ്രീ. എം. വിൻസെന്റ്:
ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നികുതി നിരക്കുകളുടെ എത്ര ശതമാനമാണ് പ്രളയ സെസ്സായി ഏർപ്പെടുത്തുന്നത്;

(ബി) സെസ്സും ഉല്പന്നവിലയും ചേർന്നുള്ള തുകയ്ക്ക് മേലാണോ ജി.എസ്.ടി. ചുമത്തുക; ഇത് കൂടുതൽ ബാധ്യത ഉപഭോക്താക്കൾക്ക് ഉണ്ടാക്കുന്നത് എപ്രകാരം പരിഹരിക്കുവാനാണ് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ;

(സി) എത്ര ശതമാനത്തിന് മേലുള്ള നികുതി നിരക്കുകൾക്കാണ് പ്രളയസെസ്സ് ബാധകമാക്കിയിട്ടുള്ളത്; സേവന നികുതിയുള്ള എല്ലാ നിരക്കുകളിലും സെസ്സ് ചുമത്തുവാൻ തീരുമാനിച്ചിട്ടുണ്ടോ;

(ഡി) പ്രസ്തുത സെസ്സ് ഏർപ്പെടുത്തുന്നതിലൂടെ പ്രതിവർഷം എത്ര കോടി രൂപ പ്രളയാനന്തര നിർമ്മാണ പ്രവർത്തനങ്ങൾക്കായി ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത് എന്ന് അറിയിക്കുമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): (എ) 12 ശതമാനവും അതിൽ കൂടുതലും നികുതി നിരക്കുള്ള എല്ലാ ചരക്കുകൾക്കും 5 ശതമാനവും അതിൽ കൂടുതലും നികുതി നിരക്കുള്ള എല്ലാ സേവനങ്ങൾക്കും സംസ്ഥാനത്തിനുള്ളിലെ വിതരണ മൂല്യത്തിന്മേൽ പരമാവധി ഒരു ശതമാനമാണ് പ്രളയ സെസ്സായി ചുമത്താൻ തീരുമാനിച്ചിരിക്കുന്നത്. നികുതി നിരക്ക് 3 ശതമാനമുള്ള 5-ാം പട്ടികയിലെ ചരക്കുകൾക്ക് 0.25 ശതമാനം നിരക്കിൽ മാത്രമാണ് സെസ്സ് ബാധകമായിട്ടുള്ളത്.

(ബി) സംസ്ഥാനത്തെ വിതരണ മൂല്യത്തിന്മേൽ പരമാവധി ഒരു ശതമാനമാണ് സെസ്സായി ചുമത്താൻ തീരുമാനിച്ചിരുന്നത്. എന്നാൽ നിലവിലെ നിയമ പ്രകാരം പ്രളയ സെസ്സിനുമുകളിൽ ജി.എസ്.ടി. ചുമത്തുന്ന സാഹചര്യമുള്ളതിനാൽ ഇത് പരിഹരിക്കുന്നതിനായി ജി.എസ്.ടി. കൗൺസിലിന്റെ ഉത്തരവ് ആവശ്യമുണ്ട്. ഉത്തരവിറങ്ങുന്ന കാലതാമസം പരിഗണിച്ച് പ്രളയസെസ്സ് നടപ്പിലാക്കുന്നത് 2019 ജൂലൈ 1-ലേയ്ക്ക് ദീർഘിപ്പിച്ചിട്ടുണ്ട്.

(സി) 12 ശതമാനവും അതിൽ കൂടുതലും നികുതി നിരക്കുള്ള എല്ലാ ചരക്കുകൾക്കും 5%, 12%, 18%, 28% (CGST + SGST) എന്നീ നികുതി നിരക്കുള്ള എല്ലാ സേവനങ്ങൾക്കും 1% നിരക്കിൽ സെസ്സ് ബാധകമാണ്. എന്നാൽ നികുതി നിരക്ക് 3% ഉള്ള 5-ാം പട്ടികയിലെ ചരക്കുകൾക്ക് 0.25% നിരക്കിൽ മാത്രമാണ് സെസ്സ് ബാധകമായിട്ടുള്ളത്.

(ഡി) ഇതിലൂടെ പ്രതിവർഷം 600 കോടി രൂപ ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

**കിഫ്ബിയുടെ ആഭ്യന്തര ബോണ്ടുകളുടെ റേറ്റിംഗ്**

14 (*194) ശ്രീ.വി. ടി. ബൽറാം :
ശ്രീ. പി. ടി. തോമസ് :
ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിയുടെ ആഭ്യന്തര ബോണ്ടുവഴിയുള്ള ധനസമാഹരണത്തിന് ഏതൊക്കെ റേറ്റിംഗ് ഏജൻസികളാണ് റേറ്റിംഗ് നടത്തിയതെന്നും ഓരോ ഏജൻസിയും നൽകിയ റേറ്റിംഗ് എത്രയെന്നും വെളിപ്പെടുത്താമോ;

(ബി) രാജ്യത്തെ നിരവധി മുനിസിപ്പാലിറ്റികൾ ഇറക്കിയ ബോണ്ടുകൾക്ക് പോലും ആഭ്യന്തര മാർക്കറ്റിൽ ഡബിൾ എ റേറ്റിംഗ് ലഭിക്കുമ്പോൾ കിഫ്ബിക്ക് അതിൽ താഴ്ന്ന റേറ്റിംഗ് ലഭിക്കാനുണ്ടായ സാഹചര്യം വെളിപ്പെടുത്താമോ;

(സി) കിഫ്ബി വഴി സമാഹരിക്കുന്ന തുക എഫ്.ആർ.ബി.എം. നിയമത്തിന്റെ പരിധിയിൽ വരുമോ;

(ഡി) ഇല്ലെങ്കിൽ കുറഞ്ഞ പലിശ നിരക്കുകളുള്ള ബോണ്ടുകൾ വാങ്ങാൻ ആർ.ബി.ഐ. തന്നെ തയ്യാറായിരിക്കുന്ന സാഹചര്യത്തിൽ ആഭ്യന്തര മാർക്കറ്റിൽ ബോണ്ടിറക്കാതെ വിദേശ മാർക്കറ്റിൽ കിഫ്ബി ബോണ്ട് ഇറക്കിയതിന്റെ കാരണം വെളിപ്പെടുത്താമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): (എ) കിഫ്ബിയുടെ ആഭ്യന്തര ബോണ്ടുകളെ CRISIL, ICRA എന്നീ ആഭ്യന്തര റേറ്റിംഗ് ഏജൻസികളാണ് ക്രെഡിറ്റ് റേറ്റിംഗ് നടത്തിയത്. കിഫ്ബിക്ക് ഈ രണ്ട് ഏജൻസികളും A+ റേറ്റിംഗ് ആണ് നൽകിയത്.

(ബി) മുനിസിപ്പാലിറ്റികൾ ഇറക്കുന്ന ബോണ്ടുകൾ 'മുനിസിപ്പൽ ബോണ്ട്സ്' എന്ന ഗണത്തിൽപ്പെടുന്ന ബോണ്ടുകളാണ്. ഇവയ്ക്ക് റിസർവ് ബാങ്ക് അനുശാസിക്കുന്ന പ്രത്യേക മാനദണ്ഡങ്ങളുണ്ട്. ഇവയെ മറ്റ് ആഭ്യന്തര ബോണ്ടുകളുമായി താരതമ്യം ചെയ്യുന്നതിൽ അർത്ഥമില്ല. കൂടാതെ സംസ്ഥാന സർക്കാരുകൾക്കോ കിഫ്ബിക്കോ മറ്റ് സംസ്ഥാന ഏജൻസികൾക്കോ മുനിസിപ്പൽ ബോണ്ടുകൾ പുറപ്പെടുവിക്കാൻ സെബി മാനദണ്ഡങ്ങൾ അനുവദിക്കുന്നില്ല.

ഓരോ ധനകാര്യ ഉപാധികളെയും റേറ്റ് ചെയ്യുന്നതിന് ഏജൻസികൾക്ക് പ്രത്യേക മാനദണ്ഡങ്ങളുണ്ട്. ഇതിന് റേറ്റ് ചെയ്യപ്പെടുന്ന സ്ഥാപനത്തിന്റെ പൂർവ്വകാല ഇടപാടുകൾ, ഉദ്ദേശിക്കുന്ന ധനസമാഹരണ ഉപാധി, അവയുടെ കാലയളവ്, തിരിച്ചടവിന് പിന്തുണയ്ക്കുന്ന ഗ്യാരണ്ടികൾ എന്നിങ്ങനെ ധാരാളം അളവുകോൽ കണക്കിലെടുക്കാറുണ്ട്.

ഇന്ത്യയിൽ ഒരു സംസ്ഥാന സർക്കാർ ഏജൻസിക്ക് ലഭിച്ചിട്ടുള്ള ഏറ്റവും ഉയർന്ന റേറ്റിംഗ് ആണ് കിഫ്ബിക്ക് ലഭിച്ചിരിക്കുന്ന റേറ്റിംഗ്. ധനകാര്യ വിപണിയിൽ ആദ്യമായി ഇറങ്ങുന്ന ഏജൻസി എന്ന നിലയിൽ ഇതിനുമുമ്പ് ഈ മേഖലയിലുള്ള നമ്മുടെ മികവിനെ താരതമ്യം ചെയ്യാനില്ലാത്ത സ്ഥിതിക്ക് ഇപ്പോൾ കിട്ടിയ റേറ്റിംഗും ന്യായമായത് തന്നെയാണ്.

(സി) കിഫ്ബി വഴി സമാഹരിക്കുന്ന തുക എഫ്.ആർ.ബി.എം. നിയമത്തിന്റെ പരിധിയിൽ വരികയില്ല.

(ഡി) ആർ.ബി.ഐ. കുറഞ്ഞ പലിശ നിരക്കുള്ള ബോണ്ടുകൾ വാങ്ങുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ എസ്.ഡി.എൽ.-നുകീഴിൽ വരുന്ന ആർ.ബി.ഐ. മുഖേനയുള്ള ബോണ്ടുകൾ എഫ്.ആർ.ബി.എം. നിഷ്കർഷിക്കുന്ന 3% പരിധിയുടെ കീഴിൽ വരുന്നതാണ്. കിഫ്ബി വഴിയുള്ള ധനസമാഹരണം എഫ്.ആർ.ബി.എം.-ന്റെ പരിധിയിൽ വരുന്നില്ല.

ഇന്ത്യയിലെ ആഭ്യന്തര വിപണിയിൽ കിഫ്ബി ഇതിനകം രണ്ട് തവണ വായ്പാശ്രമങ്ങൾ നടത്തുകയുണ്ടായി. 10.20% മുതൽ 10.25% വരെയാണ് അപ്പോഴൊക്കെ നമുക്ക് വാഗ്ദാനം ചെയ്ത ഏറ്റവും കുറഞ്ഞ പലിശ നിരക്ക്. അതിനോടൊപ്പം അറിയേണ്ട മറ്റൊരു കാര്യം കിഫ്ബിക്ക് തുല്യം വ്യവസ്ഥാപിത സ്ഥാപനമായ ആന്ധ്രാപ്രദേശ് ക്യാപിറ്റൽ റീജിയൻ ഡെവലപ്മെന്റ് അതോറിറ്റിക്ക് (APCRDA) ഈയിടെ പണം എടുത്തത് 10.34% (ത്രൈമാസ അടിസ്ഥാനത്തിൽ) നിരക്കിൽ ആണെന്നുള്ളതാണ്. കിഫ്ബിയുടെ ഇതേ റേറ്റിംഗുള്ള മറ്റ് ഇന്ത്യൻ ഏജൻസികൾ പുറപ്പെടുവിച്ച ആഭ്യന്തര ബോണ്ടുകളുടെ (കുറഞ്ഞത് 200 കോടി രൂപയും 5 വർഷം കാലയളവുമുള്ള) നിരക്കുകൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*. ഈ സാഹചര്യത്തിലാണ് ആദ്യം വിദേശ വിപണിയിൽ ഇറങ്ങുക, ഭാവിയിൽ ആവശ്യമായാൽ മാത്രം ആഭ്യന്തര വിപണിയിൽനിന്ന് ധനം സ്വീകരിക്കുക എന്ന തന്ത്രം കിഫ്ബി സ്വീകരിച്ചത്.

**കിഫ്ബി ബോണ്ട് വഴി സമഹരിച്ച തുക**

15 (*195) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീ. എം. വിൻസെന്റ്:
ശ്രീ. സണ്ണി ജോസഫ്:
ശ്രീ. ഷാഫി പറമ്പിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി ബോണ്ട് വഴി ഇതുവരെ സമാഹരിച്ച തുക ഏതൊക്കെ പദ്ധതികളിലാണ് ചെലവഴിക്കാൻ ഉദ്ദേശിക്കുന്നത്;

(ബി) പ്രളയ പുനരധിവാസ പ്രവർത്തനങ്ങൾക്കായി ഈ തുക വിനിയോഗിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) പ്രളയ പുനരധിവാസ പ്രവർത്തനങ്ങൾക്കായി ജനങ്ങളിൽ നിന്നും ലഭിച്ച തുകപോലും ചെലവഴിക്കാൻ സാധിക്കാത്തതായി ആക്ഷേപമുള്ള സാഹചര്യത്തിൽ വീണ്ടും കടമെടുക്കുന്നതിന്റെ യുക്തി വിശദമാക്കാമോ?

---

* അനുബന്ധം 1 ആയി ചേർത്തിട്ടുണ്ട്.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): (എ) കിഫ്ബി ബോണ്ടുകൾ വഴി സമാഹരിക്കുന്ന തുകകൾ ബോർഡ് അംഗീകാരം നൽകുന്ന പദ്ധതികൾക്ക് പൊതുവായാണ് ചെലവാക്കുന്നത്.

(ബി) കിഫ്ബി ബോണ്ട് വഴി സമാഹരിച്ച തുക കിഫ്ബി അംഗീകരിച്ചിട്ടുള്ള അടിസ്ഥാന സൗകര്യ വികസന പദ്ധതികൾക്കായാണ് ചെലവഴിക്കാൻ ഉദ്ദേശിക്കുന്നത്.

(സി) ബഡ്ജറ്റിനതീതമായി ധനസമാഹരണം നടത്തി സംസ്ഥാനത്ത് അടിസ്ഥാന സൗകര്യ വികസനം നടത്തുന്നതിനായാണ് കിഫ്ബി സംവിധാനം ഏർപ്പെടുത്തിയത്. ഏകദേശം 50,000 കോടി രൂപയുടെ പദ്ധതികളാണ് സംസ്ഥാനത്ത് കിഫ്ബിവഴി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. അത്രയും പണം സമാഹരിക്കുന്നതിനായി നൂതന സാമ്പത്തിക സ്രോതസ്സുകൾ ഉൾപ്പെടെ വിവിധ മാർഗ്ഗങ്ങളിലൂടെ ധന സമാഹരണം നടത്തിയാൽ മാത്രമേ ഉന്നത നിലവാരത്തിലുള്ള വൻകിട പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കാൻ കഴിയുകയുള്ളൂ.

കേരള നിയമസഭ ഐകകണ്ഠ്യേന അംഗീകരിച്ച കിഫ് ആക്ടിന്റെ വ്യവസ്ഥകൾക്കനുസൃതമായാണ് കിഫ്ബി പദ്ധതികൾക്കായുള്ള ധനസമാഹരണവും തിരിച്ചടവും ക്രമീകരിച്ചിട്ടുള്ളത്. കൃത്യമായ പദ്ധതി രൂപരേഖയുടെയും ധന വിനിയോഗ പ്രക്രിയയുടെയും അടിസ്ഥാനത്തിലാണ് കിഫ്ബി ധനസമാഹരണം നടത്തുന്നതും ചെലവഴിക്കുന്നതും. കിഫ്ബി ഇതുവരെ അംഗീകരിച്ച് നടപ്പിലാക്കിവരുന്ന പദ്ധതികളുടെ നിർവ്വഹണ പുരോഗതി കിഫ്ബി മാതൃകയുടെ യുക്തി സാധൂകരിക്കുന്നു. ആയതിനാൽ ഇത്തരം ആക്ഷേപങ്ങൾ അടിസ്ഥാനരഹിതമാണ്.

## സൗരോർജ്ജത്തിൽനിന്ന് വൈദ്യുതി

16 (*196) ശ്രീ. ജോർജ് എം. തോമസ്:
ശ്രീ. എം. രാജഗോപാലൻ:
ശ്രീമതി യു. പ്രതിഭ:
പ്രൊഫ. കെ. യു. അരുണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സൗരോർജ്ജത്തിൽ നിന്ന് ആയിരം മെഗാവാട്ട് ഉൾപ്പെടെ പുനരുപയോഗ സ്രോതസ്സിൽ നിന്നുള്ള വൈദ്യുതി ഉല്പാദനം ഗണ്യമായ തോതിൽ വർദ്ധിപ്പിക്കുകയെന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ച് നടപ്പാക്കിവരുന്ന പദ്ധതികൾ എന്തെല്ലാമാണ്;

(ബി) കാസർഗോഡ് സൗരോർജ്ജ പാർക്കിന്റെ നിർമ്മാണ പുരോഗതി അറിയിക്കാമോ; പുരപ്പുറ സൗരോർജ്ജ പദ്ധതിയുടെ വിശദാംശം നൽകാമോ; ഇതിനകം എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നും അതിന്റെ അടിസ്ഥാനത്തിൽ പ്രവൃത്തി ആരംഭിച്ചിട്ടുണ്ടോയെന്നും അറിയിക്കാമോ;

(സി) കായംകുളം എൻ.റ്റി.പി.സി.-യുടെ കൈവശമുള്ള സ്ഥലത്ത് സോളാർ നിലയം സ്ഥാപിക്കാനുള്ള പദ്ധതിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ; അൻപത് മെഗാവാട്ട് സ്ഥാപിത ശേഷിയുള്ള കല്ലട ഫ്ലോട്ടിംഗ് സോളാർ പ്ലാന്റ് നിർമ്മാണം പ്രാരംഭം കുറിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി):

(എ) വൈദ്യുതി മേഖലയുടെ സമഗ്ര വികസനം ലക്ഷ്യമാക്കി കേരള സർക്കാർ പ്രഖ്യാപിച്ച ഊർജ്ജ കേരള മിഷൻ പദ്ധതിയിൽ സോളാർ വൈദ്യുതി ഉത്പാദനശേഷി 1000 മെഗാവാട്ടിലേയ്ക്ക് എത്തിക്കുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് 'സൗര'. കേരള സംസ്ഥാന വൈദ്യുതി ബോർഡും അനെർട്ടും സംയുക്തമായാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്.

ഇതിൽ 500 മെഗാവാട്ട് കെട്ടിടങ്ങളുടെ മേൽക്കൂരകളിൽ സൗരോർജ്ജ പാനലുകൾ സ്ഥാപിക്കുന്നതിൽനിന്നും ഉത്പാദിപ്പിക്കുകയാണ് ലക്ഷ്യം.

500 മെഗാവാട്ടിന്റെ ചുവടെ പറയുന്ന പദ്ധതികൾ കെ.എസ്.ഇ.ബി.എൽ. നേരിട്ടും നടപ്പിലാക്കുന്നു.

| | |
|---|---|
| സോളാർ പാർക്ക് | - 150 മെഗാവാട്ട് |
| ഫ്ലോട്ടിംഗ് സൗരോർജ്ജ പദ്ധതികൾ | - 100 മെഗാവാട്ട് |
| കനാലുകളുടെ കരയിലും പുറങ്ങളിലുമായി | - 50 മെഗാവാട്ട് |
| സുതാര്യ റിവേഴ്സ് ലേലം വഴി | - 200 മെഗാവാട്ട് |

കാറ്റാടി നിലയങ്ങളിൽനിന്ന് നിലവിൽ 70 മെഗാവാട്ട് വൈദ്യുതിയാണ് ഉല്പാദിപ്പിക്കുന്നത്. ഇടുക്കിയിലെ രാമക്കൽമേട് കേന്ദ്രീകരിച്ച് പുതിയ നിലയങ്ങൾ കൊണ്ടുവരാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നു.

(ബി) കാസർഗോഡ് സോളാർ പാർക്കിൽ അമ്പലത്തറയിൽ IREDA സ്ഥാപിച്ചിരിക്കുന്ന 50 മെഗാവാട്ട് സൗരോർജ്ജ പദ്ധതിയിൽനിന്നും ഡിസംബർ 2016 മുതൽ കരാർ മുഖേന കെ.എസ്.ഇ.ബോർഡ് ലിമിറ്റഡ് വൈദ്യുതി വാങ്ങിവരുന്നു. കൂടാതെ THDCIL പൈവളികയിൽ സ്ഥാപിക്കുന്ന 50 മെഗാവാട്ട്

സൗരോർജ്ജ പദ്ധതിയിൽനിന്ന് വൈദ്യുതി വാങ്ങുന്നതിനുവേണ്ടി കരട് വൈദ്യുതി വാങ്ങൽ കരാറിൽ സംസ്ഥാന റെഗുലേറ്ററി കമ്മീഷന്റെ അംഗീകാരത്തിന് വിധേയമായി ഏർപ്പെട്ടിട്ടുണ്ട്. ഇതുകൂടാതെ അമ്പലത്തറയിൽ THDCIL 5 മെഗാവാട്ട് പദ്ധതി സ്ഥാപിക്കുന്നതിനും കരട് വൈദ്യുതി വാങ്ങൽ കരാറിൽ ഏർപ്പെടുന്നതിനുമുള്ള പ്രാരംഭ ചർച്ച പുരോഗമിക്കുന്നു.

'സൗര' പദ്ധതി പ്രകാരം 500 മെഗാവാട്ട് വൈദ്യുതി ഉപഭോക്താക്കളുടെ പുരപ്പുറ സോളാർ പദ്ധതികളിലൂടെ താഴെപ്പറയുന്ന രീതിയിൽ നടപ്പിലാക്കുന്നു.

| | |
|---|---|
| ഗാർഹിക/കാർഷികഉപഭോക്താക്കളുടെ പുരപ്പുറങ്ങളിൽ | - 150 മെഗാവാട്ട് |
| സർക്കാർ കെട്ടിടങ്ങളുടെ പുരപ്പുറങ്ങളിൽ | - 100 മെഗാവാട്ട് |
| വാണിജ്യം-വ്യവസായം തുടങ്ങിയ മറ്റ് സ്ഥാപനങ്ങളിൽ | - 250 മെഗാവാട്ട് |

സൗര പദ്ധതിയിൽ തൽപ്പരരായി ആകെ 2.78 ലക്ഷം ഉപഭോക്താക്കൾ രജിസ്റ്റർ ചെയ്തു. പദ്ധതിയിൽ രജിസ്റ്റർ ചെയ്ത ഉപഭോക്താക്കളുടെ സ്ഥലം സന്ദർശിച്ച് സൗരോർജ്ജ നിലയം സ്ഥാപിക്കാനുള്ള സാധ്യതാപഠനം നടന്നുവരുന്നു. ഇതിനോടകം 2.59 ലക്ഷം ഉപഭോക്താക്കളുടെ സാധ്യതാപഠനം പൂർത്തിയായി.

(സി) കായംകുളം NTPC-യുടെ കൈവശമുള്ള ഭൂമി/കായൽ ഉപയോഗപ്പെടുത്തി സോളാർ നിലയങ്ങൾ സ്ഥാപിക്കാൻ കെ.എസ്.ഇ. ബോർഡ് ലിമിറ്റഡും NTPC-യും തമ്മിൽ ധാരണാപത്രത്തിൽ ഏർപ്പെട്ടിട്ടുണ്ട്. ഇപ്രകാരം 92 മെഗാവാട്ടിന്റെ ഫ്ലോട്ടിംഗ് സോളാർ പദ്ധതിയുടെ കരട് വൈദ്യുതി വാങ്ങൽ കരാർ സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷന്റെ അംഗീകാരത്തിനായി 29.05.2019-ൽ സമർപ്പിച്ചിട്ടുണ്ട്. 15 മെഗാവാട്ടിന്റെ കരയിൽ സ്ഥാപിക്കുന്ന പദ്ധതിയുടെ വൈദ്യുതി വാങ്ങൽ കരാർ കെ.എസ്.ഇ.ബോർഡ് ലിമിറ്റഡ് പരിശോധിച്ച് NTPC-ക്ക് മാറ്റങ്ങൾ വരുത്താൻ നൽകിയിട്ടുണ്ട്.

കേന്ദ്ര സർക്കാർ സ്ഥാപനമായ NHPC മുഖേന 50 മെഗാവാട്ട് ഫ്ലോട്ടിംഗ് സോളാർ പദ്ധതിയുടെ ആദ്യഘട്ടമായ 10 മെഗാവാട്ട് കൊല്ലം ജില്ലയിലെ പടിഞ്ഞാറേ കല്ലടയിൽ സ്ഥാപിക്കുന്നതിനുള്ള വൈദ്യുതി വാങ്ങൽ കരാർ അന്തിമമാക്കുന്നതിനുള്ള ചർച്ചകൾ നടന്നുവരുന്നു. പദ്ധതിക്കുള്ള NHPC-യുടെ ടെണ്ടർ നടപടികൾ പൂർത്തിയായി. വർക്ക് അവാർഡ് ചെയ്യുന്ന ഘട്ടത്തിലാണ്.

## ആഭ്യന്തര ഉല്പാദനവും കടവും തമ്മിലുള്ള അനുപാതം

17 (*197) ഡോ. എം. കെ. മുനീർ:
ശ്രീ. കെ. എൻ. എ. ഖാദർ:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ കടവും ആഭ്യന്തര ഉല്പാദനവും തമ്മിലുള്ള അനുപാതം എത്രയാണെന്ന് വ്യക്തമാക്കുമോ; ഈ സർക്കാർ അധികാരത്തിലേറുമ്പോൾ ഇത് എത്രയായിരുന്നുവെന്നും ഈ അനുപാതത്തിന്റെ അഭികാമ്യമായ അളവ് എത്രയെന്നും അറിയിക്കാമോ;

(ബി) കിഫ്ബിയിലൂടെ വൻതോതിൽ ബജറ്റിതര വിഭവം കണ്ടെത്താൻ ശ്രമിക്കുന്നതിലൂടെ സമ്പദ് വ്യവസ്ഥയുടെ അടിസ്ഥാനമാകേണ്ട തനത് വരുമാനം ദുർബലപ്പെടുന്നത് സംസ്ഥാനത്തിന്റെ പൊതു സാമ്പത്തിക വ്യവസ്ഥയെ ബാധിക്കുമെന്നതിനാൽ ഇത് പരിഹരിക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വ്യക്തമാക്കുമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): (എ) 2019-20-ലെ ബഡ്ജറ്റ് എസ്റ്റിമേറ്റ് അനുസരിച്ച് സംസ്ഥാനത്തിന്റെ കടബാധ്യത/ജി.എസ്.ഡി.പി. അനുപാതം 30.70 ശതമാനമാണ്. ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ കടവും ആഭ്യന്തര ഉല്പാദനവും തമ്മിലുള്ള അനുപാതം 2015-16-ൽ 28.21 ശതമാനമായിരുന്നു. 14-ാം ധനകാര്യ കമ്മീഷന്റെ ശിപാർശ പ്രകാരം 2015-16-ലെ കടബാധ്യത/ജി.എസ്.ഡി.പി. അനുപാതലക്ഷ്യം 31.34% ആയിരുന്നു.

(ബി) അടിസ്ഥാന സൗകര്യ വികസന മേഖലയിൽ നിലനിൽക്കുന്ന വിടവ് നികത്തുന്നതിന് ആവശ്യമായ ധനം കണ്ടെത്തുന്നത് നിലവിലെ സാഹചര്യത്തിൽ ഒരു സംസ്ഥാനം എന്ന നിലയിൽ കേരളത്തിന് ധാരാളം പരിമിതികളുണ്ട്. കേന്ദ്ര സർക്കാരിന്റെ എഫ്.ആർ.ബി.എം. ആക്ട് അനുസരിച്ചുള്ള നിയന്ത്രണങ്ങൾ ഇതിന് വിലങ്ങുതടിയാകുന്നു. അൻപതിനായിരം കോടിയോളം രൂപയുടെ അടിസ്ഥാന സൗകര്യ പദ്ധതികളാണ് കിഫ്ബി വഴി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. ഇതിനായി കിഫ്ബി അതിന്റെ ആക്ട് അനുവദിക്കുന്ന രീതിയിൽ റിസർവ് ബാങ്ക്, സെബി തുടങ്ങിയ റെഗുലേറ്ററി സംവിധാനങ്ങൾ അംഗീകരിച്ചിട്ടുള്ള എല്ലാ ധനസമാഹരണ ഉപാധികളെയും ആശ്രയിക്കേണ്ടിവരും.

കേരള നിയമസഭ ഐകകണ്ഠ്യേന പാസ്സാക്കിയ KIIF ആക്ടിൽ മോട്ടോർ വാഹന നികുതിയിൽനിന്നും പെട്രോളിനുള്ള സെസ്സിൽനിന്നും ലഭിക്കുന്ന വരുമാനത്തിന്റെ ഒരു ഭാഗം ഓരോ വർഷവും നിർബന്ധമായി കിഫ്ബിക്ക് കൈമാറണമെന്ന് സർക്കാരിനോട് അനുശാസിക്കുന്നു. കിഫ്ബിയുടെ തിരിച്ചടവ് ബാധ്യതകൾ നിറവേറ്റാൻ ഈ വരുമാനം മതിയാകും. സംസ്ഥാന ബഡ്ജറ്റിനതീതമായി കിഫ്ബി പദ്ധതികൾക്ക് ധനസമാഹരണം നടത്തുന്നതിനാൽ ബഡ്ജറ്റ് വിഹിതത്തിലൂടെയുള്ള പതിവ് പദ്ധതി വികസനം കുറയുകയോ തടസ്സപ്പെടുകയോ ചെയ്യുന്നില്ല. കിഫ്ബിവഴി ഇതുവരെ 552 പദ്ധതികൾക്കായി 43,730.88 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

സർക്കാരിന്റെ തനത് വരുമാനത്തിന്റെ ചെറിയൊരു പങ്ക് വർഷംതോറും കിഫ്ബിക്ക് ഗ്രാന്റായി നൽകിക്കൊണ്ട് പശ്ചാത്തല സൗകര്യ വികസനം ഇപ്പോൾത്തന്നെ സാധ്യമാക്കുക എന്നതാണ് സർക്കാർ ലക്ഷ്യമിടുന്നത്. ഭാവി വരുമാന ഒഴുക്കിനെ ഇപ്പോൾത്തന്നെ സെക്യൂരിറ്റൈസ് ചെയ്യുക മാത്രമാണ് കിഫ്ബി ചെയ്യുന്നത്. ഇതിലൂടെ ഒരു തലമുറയ്ക്കുകൂടി പ്രയോജനം ലഭ്യമാക്കുംവിധം ഇരുപതോ ഇരുപത്തഞ്ചോ വർഷം കാലതാമസം വരുത്താതെ അത്യന്താപേക്ഷിതമായ പശ്ചാത്തല സൗകര്യം സൃഷ്ടിക്കാൻ കഴിയും. ഇപ്പോൾ കിഫ്ബിവഴി നടപ്പിലാക്കുന്ന നിർമ്മാണ പ്രവർത്തനങ്ങൾ പത്തോ ഇരുപതോ വർഷംകഴിഞ്ഞ് നടത്തുമ്പോൾ ഉണ്ടാകുന്ന നിർമ്മാണച്ചെലവിലെ വർദ്ധനവ് താരതമ്യം ചെയ്യുമ്പോൾ ഇപ്പോഴെടുക്കുന്ന വായ്പകൾക്ക് നൽകേണ്ടിവരുന്ന പലിശച്ചെലവ് കുറവാണെന്ന മെച്ചവുമുണ്ട്. ആയതിനാൽ കിഫ്ബിയിലൂടെ ബഡ്ജറ്റിതര വിഭവം കണ്ടെത്താൻ വർഷംതോറും ഗ്രാന്റ് നൽകുന്നതുനിമിത്തം തനത് വരുമാനം ദുർബലപ്പെടുകയും അത് സംസ്ഥാനത്തിന്റെ സമ്പദ് വ്യവസ്ഥയെ ബാധിക്കുമെന്നുള്ള അഭിപ്രായത്തോട് യോജിക്കാൻ കഴിയുകയില്ല. മാത്രമല്ല, ഗൾഫ് പണവരുമാന ചുരുക്കം, തോട്ടം മേഖലയിലെ പ്രതിസന്ധി, നോട്ട് നിരോധനം എന്നിവയൊക്കെമൂലം ഒരു മാന്ദ്യത്തെ നേരിടുന്ന സംസ്ഥാന സമ്പദ്ഘടനയ്ക്ക് ഉത്തേജനം നൽകുന്ന ഒന്നാണ് കിഫ്ബി പാക്കേജ്. ഈ ഉത്തേജനം ഭാവിയിൽ തനത് നികുതി വരുമാനത്തെ ശക്തിപ്പെടുത്തുകയാവും ചെയ്യുക.

## സ്വകാര്യ മേഖലയിലെ വ്യവസായ പാർക്കുകൾ

18 (*198) ശ്രീ. സി. ദിവാകരൻ:
ശ്രീ. ജി. എസ്. ജയലാൽ:
ശ്രീ. മുഹമ്മദ് മുഹസിൻ പി.:
ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ മേഖലയിലുള്ള വ്യവസായ പാർക്കുകൾക്ക് നൽകുന്ന അടിസ്ഥാന സൗകര്യങ്ങൾ സ്വകാര്യ വ്യവസായ പാർക്കുകൾക്ക് അനുവദിക്കുമോ;

(ബി) സ്വകാര്യ വ്യവസായ പാർക്കുകൾക്ക് എന്തൊക്കെ സഹായങ്ങളാണ് സർക്കാർ നൽകുന്നതെന്ന് വ്യക്തമാക്കുമോ?

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): (എ&ബി) സർക്കാർ മേഖലയിലുള്ള വ്യവസായ പാർക്കുകൾക്ക് നൽകുന്ന അടിസ്ഥാന സൗകര്യങ്ങൾ പൂർണ്ണമായി സ്വകാര്യ വ്യവസായ പാർക്കുകൾക്ക് അനുവദിക്കാൻ വ്യവസ്ഥയില്ല. എന്നാൽ താഴെപ്പറയുന്ന സഹായങ്ങൾ നൽകുന്നുണ്ട്.

- പ്രൈവറ്റ് ഇൻഡസ്ട്രിയൽ എസ്റ്റേറ്റിന് ആവശ്യമായ നിയമപരമായ വിവിധ അനുമതികൾ ഏക ജാലക ബോർഡ്‌വഴി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.
- പ്രൈവറ്റ് ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ റോഡ്, വൈദ്യുതി, ജലലഭ്യത മുതലായ സൗകര്യങ്ങൾക്ക് ആവശ്യാനുസരണം സർക്കാർ നടപടി സ്വീകരിച്ചുവരുന്നു.
- സ്വകാര്യ വ്യവസായ എസ്റ്റേറ്റിൽ വ്യവസായ യൂണിറ്റുകൾ, വെയർഹൗസുകൾ, ലോജിസ്റ്റിക് സർവ്വീസുകൾ, വെഹിക്കിൾ സർവ്വീസിംഗ് ആൻഡ് റിപ്പയറിംഗ് ഡിപ്പോകൾ തുടങ്ങിയവ അനുവദനീയമാണ്. എന്നാൽ വെഹിക്കിൾ ഷോറൂമുകൾ, ഷോപ്പിംഗ് കോംപ്ലക്സുകൾ, മാളുകൾ, ഔട്ട്‌ലെറ്റുകൾ തുടങ്ങിയവ അനുവദനീയമല്ല.
- സ്വകാര്യ വ്യവസായ എസ്റ്റേറ്റിന് 30 വർഷത്തെ കാലപരിധിയിൽ അനുമതി നൽകുന്നതിന് നിശ്ചയിച്ചിട്ടുണ്ട്.
- സ്വകാര്യ വ്യവസായ എസ്റ്റേറ്റിനെ കേരള സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡിന്റെ പരിധിയിൽ വരുന്ന ഇൻഡസ്ട്രിയൽ ഏരിയ ആയി പ്രഖ്യാപിക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു.

## മലബാർ റിവർ ക്രൂയിസ് പദ്ധതി

19 (*199) ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :
ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. വി. ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉത്തര മലബാറിലെ ടൂറിസം സാധ്യതകൾ വിപുലപ്പെടുത്തുന്നതിന് സർക്കാർ നടപ്പാക്കിയതും പുതുതായി നടപ്പാക്കാൻ ഉദ്ദേശിക്കുന്നതുമായ പദ്ധതികൾ സംബന്ധിച്ച വിവരങ്ങൾ അറിയിക്കുമോ;

(ബി) മലബാർ റിവർ ക്രൂയിസ് പദ്ധതി സംബന്ധിച്ച വിശദവിവരങ്ങളും പദ്ധതിയുടെ പുരോഗതിയും വ്യക്തമാക്കുമോ;

(സി) ഉത്തര മലബാറിലേയ്ക്ക് കൂടുതൽ വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിന് സ്മൈൽ എന്ന പേരിൽ പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ഡി) പ്രസ്തുത പദ്ധതി ഏത് ഏജൻസി മുഖേനയാണ് നടപ്പാക്കുന്നതെന്നും പദ്ധതി സംബന്ധിച്ച വിശദാംശങ്ങളും അറിയിക്കുമോ?

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): (എ) കണ്ണൂർ ജില്ലയിൽ ടൂറിസം സാധ്യതകൾ വിപുലപ്പെടുത്തുന്നതിനായി തലശ്ശേരി പൈതൃക ടൂറിസം പദ്ധതിയിൽപ്പെടുത്തി നാല് പദ്ധതികൾക്കും മലനാട് നോർത്ത് മലബാർ റിവർ ക്രൂയിസ് പദ്ധതിയുടെ ഭാഗമായി 14 പദ്ധതികൾക്കും ഭരണാനുമതി നൽകിയിട്ടുണ്ട്. മലനാട് നോർത്ത് മലബാർ റിവർ ക്രൂയിസ് ടൂറിസം പദ്ധതിയുടെ ഭാഗമായി 'സ്വദേശ് ദർശൻ' സ്കീമിൽ ഉൾപ്പെടുത്തി കേന്ദ്ര സർക്കാർ ഭരണാനുമതി നൽകിയ 8037.38 ലക്ഷം രൂപയുടെ പ്രവൃത്തികൾ ജില്ലയിൽ നടപ്പിലാക്കിവരുന്നു.

ഉത്തര മലബാറിലെ ടൂറിസം സാധ്യതകൾ വിപുലപ്പെടുത്തുന്നതിന് ബേക്കൽ റിസോർട്ട്സ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് (ബി.ആർ.ഡി.സി.) നടപ്പിലാക്കിവരുന്ന പദ്ധതിയാണ് 'സ്മൈൽ' (SMILE : Small & Medium Industries Leveraging Experiential Tourism.)

കണ്ണൂർ ജില്ലയിലെ മുഴപ്പിലങ്ങാട് ധർമ്മടം കടൽത്തീരങ്ങളുടെ സമഗ്ര വികസന പദ്ധതിയാണ് സർക്കാർ 2019-20-ൽ വിഭാവന ചെയ്യാൻ ഉദ്ദേശിക്കുന്നത്. വളരെയേറെ ചരിത്രപ്രാധാന്യമുള്ള കണ്ണൂർ ജില്ലയിലാണ് ഏഷ്യയിലെ ഏറ്റവും നീളംകൂടിയ ഡ്രൈവ് ഇൻ ബീച്ച് ഉള്ളത്. ഇതോടൊപ്പം ധർമ്മടം തുരുത്തിൽ പരിസ്ഥിതി സൗഹൃദമായ ടൂറിസം വികസനവും ഉദ്ദേശിക്കുന്നു. "ധർമ്മടം മുഴപ്പിലങ്ങാട് കടൽ തീരപ്രദേശം" ഒരു അന്താരാഷ്ട്ര നിലവാരമുള്ള ടൂറിസം ഡെസ്റ്റിനേഷനായി വികസിപ്പിക്കാനുള്ള സമഗ്ര ടൂറിസം പദ്ധതിയാണ് സർക്കാർ വിഭാവന ചെയ്തിരിക്കുന്നത്.

(ബി) മലനാട്-നോർത്ത് മലബാർ റിവർ ക്രൂയിസ് പദ്ധതിയുടെ ഭാഗമായി ഭരണാനുമതി നൽകിയ 14 പദ്ധതികളുടെ നിർമ്മാണ പ്രവൃത്തികൾക്കായി ഇൻലാന്റ് നാവിഗേഷൻ വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രവൃത്തി പുരോഗതി വിവരങ്ങൾ താഴെപ്പറയുന്നു:

1. പഴയങ്ങാടി ബോട്ട് ടെർമിനൽ - പ്രവൃത്തി പൂർത്തീകരണത്തിന്റെ അവസാന ഘട്ടത്തിലാണ്. (92%)
2. പറശ്ശിനിക്കടവ് ബോട്ട് ടെർമിനൽ - പൈലിംഗ് പൂർത്തീകരിച്ചു. പ്ലാറ്റ്ഫോം കോൺക്രീറ്റ് പുരോഗമിക്കുന്നു. (70%)
3. ധർമ്മടം ബോട്ട് ടെർമിനൽ - പൈലിംഗ് പ്രവൃത്തി പുരോഗമിക്കുന്നു.
4. പെരിങ്ങത്തൂർ ബോട്ട് ജെട്ടി- പ്രവൃത്തി ആരംഭിച്ചു.
5. ചേരിക്കൽ ബോട്ട് ടെർമിനൽ - ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു.
6. ചാന്നാട് ബോട്ട് ജെട്ടി (മമ്പറം) സാങ്കേതികാനുമതി ലഭിച്ചു.
7. മോന്താൽ ബോട്ട് ജെട്ടി - പ്രവൃത്തി ആരംഭിച്ചു.
8. പുന്നക്കടവ് ബോട്ട് ജെട്ടി - പൈലിംഗ് പ്രവൃത്തി പുരോഗമിച്ചുവരുന്നു.
9. കക്കടവ് ബോട്ട് ജെട്ടി കം വാക്ക് വേ - പൈലിംഗ് പ്രവൃത്തി പുരോഗമിച്ചുവരുന്നു.
10. ന്യൂമാഹി ബോട്ട് ടെർമിനൽ - പൈലിംഗ് പ്രവൃത്തി പുരോഗമിച്ചുവരുന്നു.
11. പാത്തിക്കൽ ബോട്ട് ജെട്ടി - ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു.
12. പാറപ്രം ബോട്ട് ടെർമിനൽ - പ്രവൃത്തി ആരംഭിച്ചു.
13. കരിയാട് ബോട്ട് ടെർമിനൽ - ടെണ്ടർ നടപടികൾ പുരേഗമിക്കുന്നു.
14. മുക്കുവച്ചേരി ബോട്ട് ടെർമിനൽ - ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു.

മലനാട് നോർത്ത് മലബാർ റിവർ ക്രൂയിസ് പദ്ധതിയുടെ ഭാഗമായി 'സ്വദേശ് ദർശൻ' സ്കീമിൽ ഉൾപ്പെടുത്തി കല്യാശ്ശേരി, തളിപ്പറമ്പ്, അഴീക്കോട് എന്നീ നിയോജകമണ്ഡലങ്ങളിൽ ഭരണാനുമതി നൽകിയ വിവിധ പദ്ധതികൾക്ക് ആവശ്യമായ സ്ഥലലഭ്യത ഉറപ്പുവരുത്തുന്നതിനുള്ള നിയന്ത്രിതാനുമതി ടൂറിസം വകുപ്പിന്റെ പേരിൽ ലഭ്യമാക്കുന്നതിനും സ്വകാര്യ വ്യക്തികളുടെ ഉടമസ്ഥതയിലുള്ള സ്ഥലം റിലിങ്കിഷ്മെന്റ് ചെയ്യുന്നതിനുമുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

ബോട്ട് ടെർമിനൽ/ജെട്ടികൾ എന്നിവയുടെ നിർമ്മാണ പ്രവൃത്തികൾക്കായി ഇൻലാന്റ് നാവിഗേഷൻ വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തികൾക്കുള്ള സാങ്കേതികാനുമതി ലഭ്യമാക്കി ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

മറ്റ് അനുബന്ധ നിർമ്മാണ പ്രവൃത്തികൾ നടപ്പിലാക്കുന്നതിനായി കേരള ഇലക്ട്രിക്കൽ ആന്റ് അലൈഡ് എഞ്ചിനീയറിംഗ് ലിമിറ്റഡിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) ബേക്കൽ റിസോർട്ട്സ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് (ബി.ആർ.ഡി.സി.എൽ.) ആണ് പദ്ധതി നടപ്പാക്കുന്നത്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

## സ്വർണ്ണ വ്യാപാര രംഗത്ത് ബില്ലുകൾ നൽകാതെയുള്ള വിൽപ്പന

20 (*200) <u>ശ്രീ. പി. കെ. അബ്ദു റബ്ബ്:</u>
<u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്:</u>
<u>ശ്രീ. പി. കെ. ബഷീർ:</u>
<u>ശ്രീ. അബ്ദുൽ ഹമീദ് പി.</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വർണ്ണാഭരണ കച്ചവടരംഗത്ത് ബില്ലുകൾ നൽകാതെയുള്ള വിൽപ്പന വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതുമൂലം സർക്കാരിനുണ്ടാകുന്ന വരുമാന ചോർച്ച സംബന്ധിച്ച് വിലയിരുത്തിയിട്ടുണ്ടോ; ഇത് തടയുന്നതിന് ഉദ്ദേശ്യമുണ്ടോ; വിശദവിവരം നൽകുമോ;

(സി) നിയമവിധേയമായ വിൽപ്പന നടക്കുന്നു എന്ന് ഉറപ്പാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): (എ) ഉണ്ട്.

(ബി) ബില്ല് നൽകാത്ത സ്വർണ്ണ വ്യാപാരികളെ സംബന്ധിച്ച് പരാതികൾ ലഭ്യമാകുന്ന അവസരങ്ങളിൽ ഇന്റലിജൻസ് വിഭാഗം ടെസ്റ്റ് പർച്ചേസ് നടത്തുകയും ബില്ല് നൽകാതെ വിൽപ്പന നടത്തുന്ന സാഹചര്യത്തിൽ പിഴ ചുമത്തുകയും ചെയ്തുവരുന്നു. ചരക്ക് സേവന നികുതി നിയമപ്രകാരം പ്രതിവർഷം 40 ലക്ഷം രൂപയിൽ കൂടുതൽ വിറ്റുവരവുള്ള വ്യാപാരികൾക്ക് മാത്രമേ രജിസ്ട്രേഷൻ എടുക്കുന്നതിന് നിയമപരമായ ബാധ്യതയുള്ളൂ. രജിസ്ട്രേഷൻ എടുത്തിട്ടുള്ള വ്യാപാരികൾ ക്രയവിക്രയങ്ങളെ സംബന്ധിച്ച വിവരങ്ങൾ റിട്ടേൺ മുഖേന സമർപ്പിക്കേണ്ടതാണ്. പ്രസ്തുത വിവരങ്ങൾ പരിശോധന നടത്തി നികുതിച്ചോർച്ച ഇല്ലെന്ന് ഉറപ്പുവരുത്തുന്നു. കൂടാതെ വ്യാപാരികൾ വിൽപ്പന ഘട്ടത്തിൽ ബില്ല് കൊടുക്കുന്നുണ്ടോ എന്ന് ഉറപ്പുവരുത്തുന്നതിലേയ്ക്കായി സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പിന്റെ ഇന്റലിജൻസ് വിഭാഗം പതിവായി ടെസ്റ്റ് പർച്ചേസ് മുഖേന പരിശോധനകൾ നടത്തിവരുന്നുണ്ട്.

സ്വർണ്ണാഭരണങ്ങൾ കൊണ്ടുപോകുന്നതിന് ഇ വേ ബിൽ ആവശ്യമില്ലാത്തതിനാൽ കണക്കിൽപ്പെടുത്താത്ത സ്വർണ്ണാഭരണങ്ങൾ വ്യാപാരികളുടെ പക്കൽ എത്തിച്ചേരുന്നില്ല എന്ന് ഉറപ്പുവരുത്താനായി റെയിൽവേ സ്റ്റേഷൻ, ബസ് സ്റ്റേഷൻ, ട്രാൻസ്പോർട്ട് ബസ്സുകൾ എന്നിവ കേന്ദ്രീകരിച്ചും യാത്രാ വാഹനങ്ങളിലും പരിശോധനകൾ നടത്തിവരുന്നുണ്ട്. ഇത്തരം കാര്യക്ഷമമായ പരിശോധനകളിലൂടെ നികുതി വെട്ടിപ്പിനുള്ള പഴുതുകൾ ഇല്ലാതാക്കാൻ ശ്രമിച്ചുവരുന്നു.

(സി) നികുതി വളർച്ച ഉറപ്പാക്കുന്നതിലേയ്ക്കായി ബിൽ നിർബന്ധമായും ചോദിച്ച് വാങ്ങുകയെന്ന പ്രവണത പ്രോൽസാഹിപ്പിക്കുന്നതിലേയ്ക്കായി വിതരണക്കാർക്കും ഉപഭോക്താക്കൾക്കും ബോധവൽക്കരണം ദൃശ്യമാധ്യമങ്ങളിൽക്കൂടി നൽകിവരുന്നു. വിൽക്കപ്പെടുന്ന സാധനങ്ങൾക്ക് ബിൽ നൽകുന്നതിന് വ്യാപാരികൾ നിയമപരമായി ബാധ്യസ്ഥരാണ്. വ്യാപാരികൾ വിൽപ്പന ഘട്ടത്തിൽ ബില്ല് കൊടുക്കുന്നുണ്ടോ എന്ന് ഉറപ്പുവരുത്തുന്നതിലേയ്ക്കായി ഇന്റലിജൻസ് വിഭാഗം ടെസ്റ്റ് പർച്ചേസ് തുടങ്ങിയ പരിശോധനകൾ നടത്തിവരുന്നുണ്ട്. ബില്ല് നൽകാതിരിക്കുന്നതിലൂടെ കണക്കിൽപ്പെടുത്താത്ത വിൽപ്പന കണ്ടെത്തുന്ന കേസ്സുകളിൽ നികുതി, പിഴ എന്നിവ ചുമത്തി ശിക്ഷാനടപടികൾ കൈക്കൊള്ളുകയും ചെയ്യാറുണ്ട്. ഇതിനുപുറമേ ഉപഭോക്താക്കൾ ബില്ല് നിർബന്ധമായും ചോദിച്ചുവാങ്ങുകയെന്ന പ്രവണത പ്രോൽസാഹിപ്പിക്കുന്നതിനുവേണ്ടി പത്ര, ടെലിവിഷൻ, വാർത്ത മാധ്യമങ്ങളിലൂടെ ആവശ്യമായ ബോധവൽക്കരണ നടപടികളും സ്വീകരിച്ചുവരുന്നുണ്ട്.

## കായിക താരങ്ങളെ വളർത്തിയെടുക്കാൻ അക്കാദമികൾ

21 (*201) ശ്രീ. എം. സ്വരാജ്:
ശ്രീ. ആന്റണി ജോൺ:
ശ്രീ. ഐ. ബി. സതീഷ്:
ശ്രീ. യു. ആർ. പ്രദീപ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജ്യാന്തര നിലവാരമുള്ള കായികതാരങ്ങളെ വളർത്തിയെടുക്കുക എന്ന ലക്ഷ്യത്തോടെ അക്കാദമികൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഏതെല്ലാം കായികയിനത്തിനെന്നും എവിടെയെല്ലാമെന്നും അറിയിക്കാമോ;

(ബി) സ്പോർട്സ് ഹോസ്റ്റലുകൾ, റൂറൽ കോച്ചിംഗ് സെന്ററുകൾ തുടങ്ങിയവ വഴി സ്പോർട്സ് കൗൺസിൽ കായിക വിനോദം പ്രോത്സാഹിപ്പിക്കുന്നതിന് ചെയ്തുവരുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ;

(സി) വിദഗ്ധരായ കോച്ചുകളുടെ സേവനം ലഭ്യമാക്കുന്നതിനും യോഗ്യരായവർക്ക് വിദേശ കോച്ചുകളുടെ കീഴിൽ പരിശീലനം ലഭ്യമാക്കുന്നതിനും നടപടിയെടുത്തിട്ടുണ്ടോ;

(ഡി) പുതിയ സ്പോർട്സ് ഡിവിഷനുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എവിടെയെല്ലാമാണ്;

(ഇ) സ്പോർട്സ് ഡിവിഷനുകളുടെ പ്രകടനം ലക്ഷ്യമിട്ട രീതിയിൽ മികവ് നേടാനായിട്ടുണ്ടോ; ഇവയുടെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്താൻ നടപടിയെടുത്തിട്ടുണ്ടോ എന്നറിയിക്കാമോ?

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): (എ) രാജ്യാന്തര നിലവാരമുള്ള കായിക താരങ്ങളെ വളർത്തിയെടുക്കുക എന്ന ലക്ഷ്യത്തോടെ എലൈറ്റ് സ്കീമും ഓപ്പറേഷൻ ഒളിമ്പ്യ പദ്ധതിയും ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

2020, 2024-ലെ ഒളിമ്പിക്സിൽ കേരള കായിക താരങ്ങൾ രാജ്യത്തിനായി മെഡൽ കരസ്ഥമാക്കുന്നത് ലക്ഷ്യമാക്കി അത്‌ലറ്റിക്സ്, ബോക്സിംഗ്, സൈക്ലിംഗ്, സ്വിമ്മിംഗ്, ഷൂട്ടിംഗ്, റസ്ലിംഗ്, ബാഡ്മിന്റൺ, കനോയിംഗ് & കയാക്കിംഗ്, ഫെൻസിംഗ്, റോവിംഗ്, ആർച്ചറി എന്നീ 11 കായിക ഇനങ്ങളിലെ

തെരഞ്ഞെടുക്കപ്പെട്ട കായിക താരങ്ങൾക്ക് അന്തർദ്ദേശീയ നിലവാരത്തിലുള്ള സജ്ജീകരണങ്ങളോടുകൂടി വിദഗ്ദ്ധ പരിശീലനം ലഭ്യമാക്കിക്കൊണ്ട് ആവിഷ്ക്കരിച്ചിട്ടുള്ള പദ്ധതിയാണ് "ഓപ്പറേഷൻ ഒളിമ്പ്യ". ഇന്ത്യയിലെയും വിദേശത്തെയും പ്രഗത്ഭരായ പരിശീലകരുടെ സേവനം ലഭ്യമാക്കുന്ന പരിശീലന പദ്ധതി കൂടിയാണിത്.

പദ്ധതിയുടെ പ്രാരംഭ ഘട്ടമായി നിലവിൽ റസ്ലിംഗ്, സൈക്ലിംഗ്, സ്വിമ്മിംഗ്, ബോക്സിംഗ് എന്നീ കായിക ഇനങ്ങളുടെ പരിശീലനം തിരുവനന്തപുരം ജില്ലയിലും കനോയിംഗ് & കയാക്കിംഗ് കൊല്ലത്തും ബാഡ്മിന്റൺ എറണാകുളത്തും ഫെൻസിംഗ് കണ്ണൂരിലും റോവിംഗ് ആലപ്പുഴയിലും നടന്നുവരുന്നു. ഇതിൽ ഷൂട്ടിംഗ്, ആർച്ചറി, അത്‌ലറ്റിക്സ് എന്നിവയുടെ പരിശീലനം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

മികച്ച കായിക താരങ്ങൾക്ക് ശാസ്ത്രീയമായി ഉന്നത പരിശീലനം നൽകി ലോകോത്തര നിലവാരമുള്ള കളിക്കാരാക്കി മാറ്റുന്നതിന് അത്‌ലറ്റിക്സ്, വോളിബോൾ, ഫെൻസിംഗ് എന്നീ കായിക ഇനങ്ങളിൽ ചുവടെപ്പറയുന്ന എലൈറ്റ് ട്രെയിനിംഗ് സെന്ററുകൾ കേരള സംസ്ഥാന സ്പോർട്സ് കൗൺസിലിനുകീഴിൽ പ്രവർത്തിക്കുന്നുണ്ട്. തിരുവനന്തപുരം എൽ.എൻ.സി.പി.ഇ.-യിൽ അത്‌ലറ്റിക്സ് പരിശീലന കേന്ദ്രം, തൃശ്ശൂർ ജില്ലയിൽ തൃപ്രയാർ വോളിബോൾ അക്കാഡമി, കണ്ണൂർ ജില്ലയിൽ ബാസ്കറ്റ്ബോൾ അക്കാഡമി എന്നിവ.

തിരുവനന്തപുരത്തെ വട്ടിയൂർക്കാവ് ഷൂട്ടിംഗ് റേഞ്ച് കേന്ദ്രീകരിച്ച് രാജ്യാന്തര നിലവാരമുള്ള ഷൂട്ടിംഗ് അക്കാഡമി നാഷണൽ റൈഫിൾ അസോസിയേഷനുമായി ചേർന്ന് ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. നാഷണൽ റൈഫിൾ അസോസിയേഷനുമായി ധാരണാപത്രം ഒപ്പുവയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

നിലവിൽ വയനാട് പ്രവർത്തിക്കുന്ന ആർച്ചറി അക്കാഡമി വിപുലീകരിച്ച് ആദിവാസി മേഖലയിലുൾപ്പെടെയുള്ള കായിക താരങ്ങളെ ദേശീയ-അന്തർദേശീയ നിലവാരത്തിലുള്ള പ്രകടനങ്ങൾക്കായി പ്രാപ്തരാക്കുന്നതിനുള്ള പദ്ധതി പുരോഗമിക്കുന്നു.

(ബി) കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ നിശ്ചയിച്ചിട്ടുള്ള മാനദണ്ഡപ്രകാരം സെലക്ഷൻ ട്രയൽസ് നടത്തി കായിക താരങ്ങളെ തെരഞ്ഞെടുത്ത് കൗൺസിലിന്റെ കീഴിലുള്ള ജില്ലാ സ്പോർട്സ് അക്കാഡമികൾ, കോളേജ് സ്പോർട്സ് അക്കാഡമികൾ, സ്കൂൾ സ്പോർട്സ് അക്കാഡമികൾ, റൂറൽ

സ്പോർട്സ് കോച്ചിംഗ് സെന്ററുകൾ, ഡേ ബോർഡിംഗ് സെന്ററുകൾ എന്നിവിടങ്ങളിൽ താമസിപ്പിച്ച് മികച്ച കായിക പരിശീലനം നൽകിവരുന്നു. ഇവർക്ക് പ്രതിമാസ അലവൻസ്, സ്പോർട്സ് കിറ്റ്, കായിക ഉപകരണങ്ങൾ, ചികിത്സാ ധനസഹായം എന്നിവ അനുവദിക്കുന്നുണ്ട്. റൂറൽ കോച്ചിംഗ് സെന്ററുകളിലെ പരിശീലകർക്ക് പെർഫോമൻസിന്റെ അടിസ്ഥാനത്തിൽ മാസംതോറും 20,000, 15,000, 10,000 രൂപ വീതം വേതനമായി നൽകിവരുന്നുണ്ട്.

(സി) ഓപ്പറേഷൻ ഒളിമ്പ്യ പദ്ധതിയിലെ ആദ്യഘട്ട പരിശീലനം പ്രഗത്ഭരായ ദേശീയ പരിശീലകരാണ് നൽകിവരുന്നത്. ട്രെയിനീസിന്റെ നിലവാരം പരിശോധിച്ച് രണ്ടാം ഘട്ടത്തിൽ അതാത് കായികയിനത്തിന്റെ കമ്മിറ്റി തീരുമാനത്തോടെ പ്രഗത്ഭരായ വിദേശ കോച്ചുകളുടെ സേവനം നൽകുന്നതാണ്.

ജി. വി. രാജ സ്പോർട്സ് സ്കൂൾ, കണ്ണൂർ സ്പോർട്സ് ഡിവിഷൻ എന്നിവിടങ്ങളിൽ വിദഗ്ദ്ധരായ പരിശീലകരുടെ സേവനം ലഭ്യമാക്കിയിട്ടുണ്ട്. വിദേശ പരിശീലകരുടെ സേവനം ലഭ്യമാക്കുന്നതിനുള്ള നടപടി നടന്നുവരുന്നു.

(ഡി) 2019-20 അദ്ധ്യയന വർഷം കാസർഗോഡ് ചായോത്ത് ജി.എച്ച്.എസ്.എസ്., കുന്ദംകുളം, ഗവ. ബോയ്സ് എച്ച്.എസ്.എസ്., പത്തനംതിട്ട, ഗവ. എച്ച്.എസ്.എസ്. എന്നിവിടങ്ങളിലായി മൂന്ന് സ്പോർട്സ് ഡിവിഷനുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഇ) ഉണ്ട്. സ്പോർട്സ് സ്കൂളുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി ഗവ. ജി.വി. രാജ സ്പോർട്സ് സ്കൂൾ, മൈലം, തിരുവനന്തപുരം, ഗവ. ജി.വി.എച്ച്.എസ്.എസ്. (സ്പോർട്സ്), കണ്ണൂർ എന്നിവയുടെ ഭരണ നിയന്ത്രണ ചുമതല പൊതു വിദ്യാഭ്യാസ വകുപ്പിൽനിന്നും കായിക വകുപ്പ് ഏറ്റെടുത്തതിനുശേഷം ഈ സ്കൂളുകളിലെ വിദ്യാർത്ഥികൾക്ക് ദേശീയ-അന്തർദ്ദേശീയ മത്സരങ്ങളിൽ മികച്ച പ്രകടനം കാഴ്ചവയ്ക്കുന്നതിനായി ലോകോത്തര നിലവാരത്തിലുള്ള പരിശീലനവും അടിസ്ഥാന സൗകര്യങ്ങളും ഒരുക്കുകയും മികച്ച കായിക ഉപകരണങ്ങൾ വാങ്ങുകയും ചെയ്തിട്ടുണ്ട്. കൂടാതെ സ്കൂളുകളിലെ ഹോസ്റ്റലുകൾ, അടുക്കള, ശുചിമുറികൾ എന്നിവയുടെ നവീകരണം, കുട്ടികൾക്കാവശ്യമായ ബെഞ്ച്, ഡെസ്ക്, കട്ടിലുകൾ, കിടക്ക മുതലായ സൗകര്യങ്ങൾ ഒരുക്കുകയും ചെയ്തിട്ടുണ്ട്. ഈ സ്കൂളുകളിലെ പഠന നിലവാരം ഉയർത്തുന്നതിന്റെ ഭാഗമായി ഇന്ററാക്ടീവ് ക്ലാസ്സ് റൂം, അറ്റൻഡൻസ് മാനേജ്മെന്റ് സിസ്റ്റം, സി.സി.ടി.വി. എന്നിവ സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

ഈ സ്കൂളുകളിലെ കായിക അടിസ്ഥാന സൗകര്യ വികസനത്തിനായി ഏറ്റെടുത്ത വിവിധ പദ്ധതികളുടെ തൽസ്ഥിതി ചുവടെ ചേർക്കുന്നു:

1. ജി.വി.രാജ സ്പോർട്സ് സ്കൂളിലേയ്ക്കാവശ്യമായ ജിം ഉപകരണങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്.

2. ബാസ്കറ്റ്ബോൾ, ഹോക്കി കോർക്കുകൾ, ഇൻഡോർ ഹാൾ നവീകരണം എന്നിവ പൂർത്തീകരിച്ചുവരുന്നു.

3. ആൺകുട്ടികളുടെ ശുചിമുറികൾ, സ്റ്റാഫ് ക്വാർട്ടേഴ്സ്, ക്രിക്കറ്റ് പിച്ച് എന്നിവയുടെ അറ്റകുറ്റപ്പണികൾ പൂർത്തീകരിച്ചു.

4. ഹോസ്റ്റൽ കെട്ടിടത്തിലെ ഫ്ലോറിംഗ് പ്രവൃത്തികൾ പൂർത്തീകരിച്ചു.

5. ജി.വി. രാജ സ്പോർട്സ് സ്കൂളിലെ ഇൻഡോർ കോർട്ട് PU ഫ്ലോറിംഗ് പ്രവൃത്തിക്ക് ഭരണാനുമതി നൽകി. നിർമ്മാണ പ്രവൃത്തി ഉടൻ ആരംഭിക്കുന്നതാണ്.

6. വോളിബോൾ കോർട്ട് നവീകരണം പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു.

7. ജി.വി.രാജ സ്പോർട്സ് സ്കൂളിലെ റീട്ടെയിനിംഗ് വാൾ നിർമ്മാണം പുരോഗമിച്ചുവരുന്നു.

8. സംപ്, പമ്പ് റൂം എന്നിവ ഉൾപ്പെടെ സിന്തറ്റിക് ഹോക്കി ടർഫ് നിർമ്മാണം ഉടൻ ആരംഭിക്കുന്നതാണ്.

9. ആറ് വരി 400 M അത്‌ലറ്റിക് ട്രാക്ക്, എട്ട് വരി സ്ട്രെയ്റ്റ് ട്രാക്ക് എന്നിവയുടെ നിർമ്മാണപ്രവൃത്തി ആരംഭിച്ചിട്ടുണ്ട്.

10. സ്പ്രിംഗ്ലർ, സംപ്, പമ്പ് റൂം എന്നിവ ഉൾപ്പെടെ സിന്തറ്റിക് ഫുട്ബോൾ ടർഫ് നിർമ്മാണം ആരംഭിച്ചിട്ടുണ്ട്.

11. സ്കൂളുകളിലെ നവാഗതരായ കുട്ടികൾക്കുള്ള ഹോസ്റ്റൽ നിർമ്മാണം പുരോഗമിച്ചുവരുന്നു.

കണ്ണൂർ സ്പോർട്സ് ഡിവിഷൻ ഹോസ്റ്റലിന്റെ ഒന്ന്, രണ്ട് നിലകളുടെ നിർമ്മാണ പ്രവൃത്തി അവസാന ഘട്ടത്തിലാണ്.

കായിക നിലവാരം മെച്ചപ്പെടുത്തുന്നതിനായി വിദഗ്ദ്ധരായ പരിശീലകരുടെ സേവനം ലഭ്യമാക്കിയിട്ടുണ്ട്. വിദേശ പരിശീലകരുടെ സേവനം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ പ്രവർത്തനങ്ങൾ

22 (*202) ശ്രീ. റ്റി. വി. രാജേഷ്:
ശ്രീ. എ. എൻ. ഷംസീർ:
ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യുവജനങ്ങളുടെ ക്ഷേമത്തിനും ഉന്നമനത്തിനുമായി രൂപം നൽകിയ കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ പ്രവർത്തനങ്ങൾ അവലോകനം ചെയ്യാറുണ്ടോ;

(ബി) പ്രകൃതി ദുരന്തങ്ങളെ നേരിടാൻ സജ്ജമായ യുവജനങ്ങളെ തെരഞ്ഞെടുത്ത് കേരള യൂത്ത് വോളണ്ടിയർ ഫോഴ്സ് രൂപീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) ഇപ്രകാരം തെരഞ്ഞെടുക്കപ്പെട്ടവർക്ക് ദുരന്ത നിവാരണ പ്രവർത്തനങ്ങളിലും രക്ഷാപ്രവർത്തനങ്ങളിലും എന്തെല്ലാം പരിശീലനങ്ങളാണ് നൽകാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): (എ) ഉണ്ട്. യുവജനക്ഷേമ ബോർഡിന്റെ ഡയറക്ടർ ബോർഡ് യോഗങ്ങളിലും സർക്കാർ വിളിച്ചുചേർക്കുന്ന വിവിധ പദ്ധതികളുടെ പുരോഗതി വിലയിരുത്തുന്ന യോഗങ്ങളിലും ബോർഡിന്റെ പ്രവർത്തനം അവലോകനം ചെയ്യുകയും നിർദ്ദേശങ്ങളും ശിപാർശകളും നൽകാറുമുണ്ട്.

(ബി) കഴിഞ്ഞ വർഷം സംസ്ഥാനം നേരിട്ട സമാനതകളില്ലാത്ത പ്രളയകാലത്ത് ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ കണ്ട യുവജന പങ്കാളിത്തം കണക്കിലെടുത്ത് ഡിസാസ്റ്റർ മാനേജ്മെന്റ് പ്രവർത്തനങ്ങളിൽ ഇടപെടാൻ കഴിയുന്ന ഒരു യുവജന സന്നദ്ധ സേനയെ 'കേരള വോളന്റിറി യൂത്ത് ആക്ഷൻ ഫോഴ്സ് എന്ന പേരിൽ യുവജനക്ഷേമ ബോർഡ് രൂപീകരിക്കുകയുണ്ടായി. ഡിസാസ്റ്റർ മാനേജ്മെന്റ്, ദുരിതാശ്വാസ പ്രവർത്തനം, മാലിന്യ നിർമ്മാർജ്ജനം, പാലിയേറ്റീവ് പ്രവർത്തനം, ബോധവൽക്കരണ പ്രവർത്തനങ്ങൾ തുടങ്ങി അടിയന്തര പ്രാധാന്യമുള്ള പ്രവർത്തനങ്ങളിൽ ഇടപെടാൻ കഴിയുന്ന ഒരു വോളന്റിയർ സേനയെ ഒരുക്കുകയായിരുന്നു ലക്ഷ്യം. ഇതുവഴി സന്നദ്ധസേവന രംഗത്ത് തൽപ്പരരായ ചെറുപ്പക്കാരുടെ വിവരങ്ങൾ ശേഖരിക്കാനും വോളന്റിയർ സേനയിൽ അംഗങ്ങളായവർക്ക് താൽപ്പര്യമുള്ള വിവിധ മേഖലകളിൽ പരിശീലനം

നൽകി അവരെ സജ്ജരാക്കാനും സാധിക്കുകയുണ്ടായി. സർക്കാരിന്റെ വിവിധ വകുപ്പുകളിൽ നിന്നുള്ള വിഭവങ്ങളും സേവനങ്ങളും ഇതിനായി പ്രയോജനപ്പെടുത്തുകയുണ്ടായി. ഓൺലൈൻ/മാന്വലായി രജിസ്റ്റർ ചെയ്ത 18-നും 30-നും ഇടയിൽ പ്രായമുള്ള ഒരു ലക്ഷം യുവതീയുവാക്കൾ ഇപ്പോൾ ഈ സേനയിൽ അംഗങ്ങളായുണ്ട്.

(സി) വോളന്ററി യൂത്ത് ആക്ഷൻ ഫോഴ്സ് അംഗങ്ങളിൽനിന്നും എല്ലാ ജില്ലകളിൽ നിന്നുമായി തെരഞ്ഞെടുക്കപ്പെട്ട 1000 പേർക്ക് 2019 ഫെബ്രുവരി മാസം 23, 24, 25 തീയതികളിലായി മൂന്നാറിൽവച്ച് ദുരന്ത നിവാരണ പ്രവർത്തനങ്ങളിൽ ത്രിദിന പരിശീലനം നൽകി. കൂടാതെ 100 യുവാക്കൾക്ക് 2019 ഫെബ്രുവരി 18, 19, 20 തീയതികളിൽ തൃശ്ശൂർ കേരള ഫയർ & റസ്ക്യൂ സർവ്വീസ് അക്കാഡമിയിൽവച്ച് ഫയർ & റസ്ക്യൂ മേഖലയിൽ പരിശീലനം നൽകുകയുണ്ടായി. ഈ സന്നദ്ധ സേനയെ ലീഡ് ചെയ്യുന്നതിന് ജില്ലകളിൽനിന്നും 18-നും 25-നും ഇടയ്ക്ക് പ്രായമുള്ള യുവാക്കളെ പരിശീലിപ്പിച്ച് അവരുടെ ഒരു പാസ്സിംഗ് ഔട്ട് പരേഡ് 2019 മാർച്ച് 2-ന് നടത്തി.

വോളന്ററി യൂത്ത് ആക്ഷൻ ഫോഴ്സിന്റെ രണ്ടാംഘട്ട പരിശീലനം 2019 മേയ് 28, 29, 30, 31 തീയതികളിൽ ഇടുക്കിയിലെ ദേവികുളത്തുവച്ച് സംഘടിപ്പിക്കുകയുണ്ടായി. വിവിധ ജില്ലകളിൽനിന്നും തെരഞ്ഞെടുക്കപ്പെട്ട 18-നും 25-നും ഇടയ്ക്കുള്ള 300 ഓളം യുവതീയുവാക്കൾ ഈ പരിശീലനത്തിൽ ഭാഗമാകുകയുണ്ടായി. പ്രസ്തുത പരിശീലനത്തിന്റെ ഭാഗമായി പങ്കെടുത്ത യുവതീയുവാക്കൾക്ക് അവരുടെ ആത്മവിശ്വാസം വർദ്ധിപ്പിക്കുന്നതിനും സ്വയം പ്രതിരോധശേഷി വളർത്തുന്നതിനുമുള്ള കരാട്ടെ പരിശീലനം, ട്രക്കിംഗ് പരിശീലനം, മൗണ്ടനീയറിംഗ്, ദുരന്ത നിവാരണം, പ്രാഥമിക ശുശ്രൂഷ എന്നീ മേഖലകളിൽ അറിവ് പകരുന്ന ക്ലാസ്സുകൾ നൽകുകയുണ്ടായി.

**ധനക്കമ്മി കുറയ്ക്കാൻ സ്വീകരിച്ച നടപടികൾ**

23 (*203) <u>ശ്രീമതി വീണാ ജോർജ്ജ്</u>:
<u>ശ്രീ. എ. പ്രദീപ്കുമാർ</u>:
<u>ശ്രീ. കെ. വി. വിജയദാസ്</u>:
<u>ശ്രീ. ഡി. കെ. മുരളി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിലെത്തിയശേഷം ധനകമ്മി കുറയ്ക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ അറിയിക്കാമോ; ഓഖി, പ്രളയം തുടങ്ങിയ പ്രകൃതി

ദുരന്തങ്ങൾ കൊണ്ടുണ്ടായ റവന്യൂ നഷ്ടമെത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ; ഇത് പരിഹരിക്കാൻ എന്ത് മാർഗ്ഗമാണ് ഉദ്ദേശിക്കുന്നത്;

(ബി) പ്രളയം സൃഷ്ടിച്ച ആഘാതത്തിന്റെ ഫലമായി സമഗ്ര പുനർനിർമ്മാണത്തിന് വേണ്ട അധിക വിഭവ സമാഹരണത്തിന് സ്വീകരിച്ചുവരുന്ന മാർഗ്ഗങ്ങൾ എന്തെല്ലാമാണ്; പുനർനിർമ്മാണത്തിനായി കേന്ദ്ര സർക്കാരിൽ നിന്നും സഹായം ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

(സി) വികസന ചെലവുകളെ പ്രതികൂലമായി ബാധിക്കാത്ത തരത്തിൽ റവന്യൂ ചെലവിന്റെ വർദ്ധനവിലുള്ള നിരക്ക് നിയന്ത്രിക്കുന്നതിനും അതിനെക്കാൾ ഉയർന്ന നിരക്കിൽ റവന്യൂ വരുമാനം വർദ്ധിപ്പിക്കുന്നതിനും നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കുമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): (എ) ചരക്ക് സേവന നികുതി സമാഹരണത്തിനുള്ള ചോർച്ചകൾ പരമാവധി തടഞ്ഞും ഇതര നികുതിയിനങ്ങളിൽ പരമാവധി സമാഹരണം ഉറപ്പാക്കിയും നികുതിയേതര വരുമാനങ്ങൾ കാലോചിതമായി പരിഷ്കരിച്ചും അനാവശ്യ ചെലവുകൾ കുറച്ചും ധനകമ്മി കുറയ്ക്കാനാണ് ഉദ്ദേശിക്കുന്നത്. പ്രകൃതി ദുരന്തങ്ങൾ മൂലമുണ്ടാകുന്ന റവന്യൂ നഷ്ടം കണക്കാക്കാനുള്ള മാനദണ്ഡം ദേശീയ ദുരന്ത നിവാരണ അതോറിറ്റി പുറപ്പെടുവിച്ചിട്ടില്ലാത്തതിനാൽ അത്തരം ഒരു നഷ്ടം കണക്കാക്കാൻ സാധിക്കുകയില്ല. 2018-ലെ പ്രളയത്തിൽ സംസ്ഥാനത്തിന് ഉണ്ടായ നഷ്ടത്തിന്റെ കണക്ക് ഐക്യരാഷ്ട്രസഭയുടെ പോസ്റ്റ് ഡിസാസ്റ്റർ നീഡ് അസസ്സ്മെന്റ് റിപ്പോർട്ട് പ്രകാരം 26,718 കോടി രൂപയാണ്.

(ബി) പ്രളയാനന്തര പുനർനിർമ്മാണത്തിനുവേണ്ടി സംസ്ഥാന ബഡ്ജറ്റ്, ലോകബാങ്ക്, എ.ഡി.ബി., ജിക്ക, ജർമ്മൻ ബാങ്കായ KFW മുതലായ ബഹുവിധ ഏജൻസികൾ എന്നിവയിലൂടെയുള്ള ധനസമാഹരണങ്ങൾ, ക്രൗഡ് ഫണ്ടിംഗ്, മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി വഴിയുള്ള സമാഹരണം, നബാർഡ് ഫണ്ടിംഗ്, ഹഡ്കോ വഴിയുള്ള വായ്പകൾ എന്നിവയാണ് മറ്റ് പ്രധാന ധനസമാഹരണ മാർഗ്ഗങ്ങൾ. ഇതിനുപുറമേ സംസ്ഥാനത്ത് വിൽക്കപ്പെടുന്ന ചരക്ക് സേവനങ്ങൾക്കുമേൽ ചുമത്തുന്ന ജി.എസ്.ടി.-ക്ക് മേൽ അധിക സെസ് ഏർപ്പെടുത്തിയും വരുമാനം സ്വരൂപിക്കാൻ തീരുമാനിച്ചിട്ടുണ്ട്. പ്രളയാനന്തര പുനർനിർമ്മാണത്തിന് കേന്ദ്ര ദുരന്ത പ്രതികരണ നിധിയിൽ ധനസഹായമായി 2,904.85 കോടി രൂപ സംസ്ഥാനത്തിന് ലഭിച്ചിട്ടുണ്ട്.

(സി) ചരക്ക് സേവന നികുതി സംവിധാനത്തിൽ നിലവിലുള്ള ന്യൂനതകൾ പരിഹരിച്ച് വരുമാനം വർദ്ധിപ്പിക്കുന്നതിനുവേണ്ടി സംസ്ഥാനത്തിന്റേതായിട്ടുള്ള ക്രിയാത്മകമായ പല നിർദ്ദേശങ്ങളും ചരക്ക് സേവന നികുതി സമിതിയിൽ അവതരിപ്പിച്ചിട്ടുണ്ട്. ഇ-വേ ബിൽ സംവിധാനം ഏർപ്പെടുത്തുന്നതോടുകൂടി അന്തർസംസ്ഥാന വ്യാപാരത്തിന്മേലുള്ള നികുതിച്ചോർച്ച തടയാനാകുമെന്നും അതിലൂടെ ഉപഭോക്തൃ സംസ്ഥാനമെന്ന നിലയിൽ കൂടുതൽ വരുമാനം ലഭ്യമാകുമെന്നും പ്രതീക്ഷിക്കുന്നു. സംസ്ഥാനത്തിന്റെ അധികാര പരിധിയിൽ വരുന്ന നികുതി നികുതിയേതര സ്രോതസ്സുകളിൽ നിന്നുമുള്ള ധനസമാഹരണം മെച്ചപ്പെടുത്തുന്നതിന് അതത് വകുപ്പുകൾ മുഖേന പ്രത്യേക വിഭവ സമാഹരണ യജ്ഞങ്ങൾ നടത്തിവരുന്നു. വിൽപ്പന നികുതി, കാർഷികാദായ നികുതി എന്നീ ആക്റ്റുകൾ പ്രകാരമുള്ള അസസ്സ്മെന്റുകളിൽ വന്നിട്ടുള്ള നികുതി കുടിശ്ശികയ്ക്ക് ആംനസ്റ്റി പ്രഖ്യാപിച്ചിട്ടുണ്ട്. അതിന്റെ ഭാഗമായി റവന്യൂ റിക്കവറിയുടെ വേഗത വർദ്ധിപ്പിക്കുക, അഴിമതി നിർമ്മാർജ്ജനം ചെയ്യുക, ഇന്റേണൽ ഓഡിറ്റ് സംവിധാനം ശക്തിപ്പെടുത്തുക, വകുപ്പുകളുടെ സാങ്കേതിക നവീകരണം നടപ്പിലാക്കുക, നികുതി നിയമങ്ങളെക്കുറിച്ചുള്ള ഉപഭോക്തൃ അവബോധം വർദ്ധിപ്പിക്കുക, വ്യാപാരി സൗഹൃദ സമീപനം നടപ്പിലാക്കുക എന്നീ പദ്ധതികളും നടപ്പിലാക്കിവരുന്നു. അന്യ സംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത് കേരളത്തിൽ സ്ഥിരമായി ഉപയോഗിക്കുന്ന വാഹന ഉടമകൾ സംസ്ഥാനത്ത് അടയ്ക്കേണ്ടതായ നികുതി പിരിച്ചെടുക്കുന്നതിന് നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇതിനുപുറമേ സംസ്ഥാനത്തിന്റെ ധനസ്ഥിതി സന്തുലിതമാക്കുന്നതിന്റെ ഭാഗമായി അനാവശ്യ ചെലവുകൾ ഒഴിവാക്കുന്നതിനും പ്രത്യേക ശ്രദ്ധ നൽകുന്നുണ്ട്.

## മസാല ബോണ്ടുകളുടെ വിൽപ്പന

24 (*204) ശ്രീ. അനൂപ് ജേക്കബ്:
ശ്രീ. എം. വിൻസെന്റ്:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മസാല ബോണ്ടുകളുടെ വിൽപ്പനയുമായി ബന്ധപ്പെട്ട് ഏതൊക്കെ രാജ്യങ്ങളിലെ പ്രതിനിധികളുമായാണ് ധനമന്ത്രിയും കിഫ്ബി ഉദ്യോഗസ്ഥരും ചർച്ച നടത്തിയിരുന്നത്; വ്യക്തമാക്കുമോ;

(ബി) മസാല ബോണ്ടുകളുടെ വിൽപ്പനയുമായി ബന്ധപ്പെട്ട റോഡ്ഷോകൾ ഏതൊക്കെ രാജ്യങ്ങളിൽ ഏതൊക്കെ തീയതികളിൽ നടത്തിയെന്നും ഈ

റോഡ്ഷോകളെത്തുടർന്ന് ഏതൊക്കെ കമ്പനികളാണ് കിഫ്ബി മസാല ബോണ്ടുകളിൽ താല്പര്യം പ്രകടിപ്പിച്ച് മുന്നോട്ടുവന്നത് എന്നും വെളിപ്പെടുത്താമോ;

(സി) കിഫ്ബി ബോണ്ടുകൾ വാങ്ങാൻ താല്പര്യം പ്രകടിപ്പിച്ച കമ്പനികളിൽനിന്നും ഏതൊക്കെ കമ്പനികളെയാണ് കിഫ്ബി ബോണ്ട് നൽകുവാൻ തെരഞ്ഞെടുത്തത്; ഈ തെരഞ്ഞെടുപ്പിന് സ്വീകരിച്ച മാനദണ്ഡങ്ങൾ എന്തായിരുന്നുവെന്ന് വ്യക്തമാക്കുമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്):

(എ) മസാല ബോണ്ടുകളുടെ വിൽപ്പനയുമായി ബന്ധപ്പെട്ട് ലണ്ടൻ, സിംഗപ്പൂർ, ഹോങ് കോങ്, ദുബായ്, അബുദാബി, കാനഡ മുതലായ രാജ്യങ്ങളിലെ ഇൻസ്റ്റിറ്റ്യൂഷണൽ നിക്ഷേപകരുമായി കിഫ്ബി ഉദ്യോഗസ്ഥർ ചർച്ചകൾ നടത്തിയിരുന്നു.

(ബി&സി) മസാല ബോണ്ടുകളുടെ വിൽപ്പനയുമായി ബന്ധപ്പെട്ട റോഡ്ഷോകൾ ഏതൊക്കെ രാജ്യങ്ങളിൽ ഏതൊക്കെ തീയതികളിൽ നടത്തിയെന്നുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| **രാജ്യം** | **തീയതി** |
|---|---|
| സിംഗപ്പൂർ | 18-2-2019 |
| ഹോങ് കോങ് | 20-2-2019 |
| ലണ്ടൻ | 21-2-2019 |
| | 22-2-2019 |
| അബുദാബി, ദുബായ് | 28-2-2019 |

ഇതുവരെ ഇന്ത്യൻ കമ്പനികൾ ഇഷ്യൂ ചെയ്ത മസാല ബോണ്ടിൽ നിക്ഷേപം നടത്തിയിട്ടുള്ള എല്ലാ നിക്ഷേപകരുമായും കിഫ്ബി മീറ്റിംഗ് നടത്തിയിരുന്നു. മസാല ബോണ്ടുകളിൽ റിസർവ് ബാങ്ക് നിയമപ്രകാരം ഫിനാൻഷ്യൽ ആക്ഷൻ ടാസ്ക് ഫോഴ്സ് (FATF) അംഗീകരിച്ച നിക്ഷേപകർക്ക് മാത്രമേ പങ്കെടുക്കാൻ സാധിക്കൂ. കിഫ്ബിയുടെ മസാല ബോണ്ടിൽ പങ്കെടുത്ത എല്ലാ നിക്ഷേപകരും RBI നിഷ്കർഷിക്കുന്ന KYC മാനദണ്ഡം പാലിച്ചുവന്നവരാണ്. അസറ്റ് മാനേജ്മെന്റ്, ഇൻഷ്വറൻസ്, പെൻഷൻ ഫണ്ട്, ബാങ്കിംഗ്, പ്രൈവറ്റ് വെൽത്ത് മാനേജ്മെന്റ് എന്നീ വിവിധ ശ്രേണികളിൽ നിന്നായി സി.ഡി.പി.ക്യൂ. ഉൾപ്പെടെ 16 സ്ഥാപനങ്ങളാണ് കിഫ്ബിയുടെ മസാല ബോണ്ടിൽ നിലവിൽ നിക്ഷേപം നടത്തിയിരിക്കുന്നത്. ലോകത്തെവിടെയുമുള്ള പബ്ലിക് ഇഷ്യൂവിൽ നിക്ഷേപകർ ആഗ്രഹിക്കുന്നത്

അവരുടെ പേരോ നിക്ഷേപത്തുകയോ പൊതുമധ്യത്തിൽ തുറന്നുകാട്ടപ്പെടരുത് എന്നത് ആഗോള ധനകാര്യ വിപണിയിൽ നിലനിൽക്കുന്ന ഒരു സമ്പ്രദായമാണ്. അത്തരത്തിൽ വിശദാംശങ്ങൾ വെളിപ്പെടുത്തപ്പെടുന്നത് ബോണ്ടുകളുടെ ട്രേഡിംഗിന് ഗുണകരമാവുകയില്ല. മാത്രമല്ല ബോണ്ടിന്റെ സെക്കണ്ടറി മാർക്കറ്റിനെ അത് പ്രതികൂലമായി ബാധിക്കുകയും ചെയ്തേക്കും. ഇത് കണക്കിലെടുത്താൽ കിഫ്ബി ബോണ്ടുകളിൽ താൽപ്പര്യം കാണിച്ച നിക്ഷേപകരുടെ വിവരങ്ങൾ പൊതുമധ്യത്തിൽ വെളിപ്പെടുത്താതെയിരിക്കുന്നതാകും അഭികാമ്യം. കിഫ്ബിയുടെ ഭാവി ധനസമാഹരണത്തിനും ഇത് ഗുണം ചെയ്യും.

## കിഫ്ബിയുടെ പുതിയ ധനസമാഹരണ മാർഗ്ഗങ്ങൾ

25 (*205) ശ്രീ. കെ. എസ്. ശബരീനാഥൻ:
ശ്രീ. കെ. സി. ജോസഫ്:
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഞ്ച് വർഷം കൊണ്ട് അടിസ്ഥാന സൗകര്യവികസന മേഖലയിൽ അരലക്ഷം കോടി രൂപയുടെ നിക്ഷേപം നടപ്പിലാക്കുമെന്ന് സർക്കാർ പ്രഖ്യാപിച്ചിരുന്നോ;

(ബി) പ്രസ്തുത പ്രഖ്യാപനം പ്രാവർത്തികമാക്കുന്നതിന് കിഫ്ബി അക്കൗണ്ടിൽ നിലവിലുള്ളത് എത്ര കോടി രൂപയാണ്; ഏതൊക്കെ അക്കൗണ്ടുകളിൽ നിന്നാണ് കിഫ്ബി അക്കൗണ്ടിൽ പ്രസ്തുത തുക ലഭ്യമാക്കിയത്;

(സി) കിഫ്ബിയുടെ ധനസമാഹരണത്തിനായി പുതിയ മാർഗ്ഗങ്ങൾ തേടുവാൻ സർക്കാർ ആലോചിക്കുന്നുണ്ടോ; വിശദാംശം നൽകുമോ;

(ഡി) കിഫ്ബി അക്കൗണ്ടിൽ നിലവിലുള്ള തുക ഉപയോഗിച്ച് പ്രഖ്യാപിച്ചിട്ടുള്ള പദ്ധതികൾ പൂർത്തിയാക്കുവാൻ കഴിയുമെന്ന് വിലയിരുത്തുന്നുണ്ടോ; ഇല്ലെങ്കിൽ അതിന് ആവശ്യമായ ധനം എപ്രകാരം സമാഹരിക്കുവാനാണ് ഉദ്ദേശിക്കുന്നത്?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): (എ) 2017-18 ബഡ്ജറ്റ് പ്രസംഗത്തിൽ, തുടർന്നുവരുന്ന അഞ്ചു വർഷക്കാലയളവിൽ അൻപതിനായിരം കോടി രൂപയിൽ കുറയാത്ത അടിസ്ഥാന സൗകര്യ നിക്ഷേപങ്ങൾക്ക് കേരളത്തിൽ തുടക്കം കുറിക്കുമെന്ന് പ്രഖ്യാപിച്ചിരുന്നു.

(ബി) 7-6-2019-ലെ കണക്ക് പ്രകാരം കിഫ്ബി വിവിധ മാർഗ്ഗങ്ങളിലൂടെ 9,616.138 കോടി രൂപ സമാഹരിച്ചിട്ടുണ്ട്. കിഫ്ബി സമാഹരിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| Source | Availed Amount in Cr. | Sanctioned Amount in Cr. |
|---|---|---|
| Seed Capital | 2498.42 | |
| MVT & Cess | 3908.85 | |
| **Term Loans** | | |
| 1. NABARD-NIDA | 200.8 | 565 |
| 2. SBI | 300 | 1000 |
| 3. Union Bank of India | 250 | 500 |
| 4. Indian Bank | 300 | 500 |
| Masala Bonds | 2150 | |
| KSFE Chitty | 8.068 | |

(സി&ഡി) അൻപതിനായിരം കോടിയോളം രൂപയുടെ അടിസ്ഥാന സൗകര്യ പദ്ധതികളാണ് കിഫ്ബി വഴി നടപ്പിലാക്കാൻ ഉദ്ദേശിച്ചിരിക്കുന്നത്. ഇത്രയും വലിയ രീതിയിലുള്ള ധനസമാഹരണം കേവലം ഒരു സ്രോതസ്സിലൂടെ ലഭ്യമാക്കുക എന്നത് പ്രായോഗികമല്ല. ഇതിന് കിഫ്ബിക്ക് അതിന്റെ ആക്ട് അനുവദിക്കുന്ന രീതിയിൽ റിസർവ് ബാങ്ക്, സെബി തുടങ്ങിയ റെഗുലേറ്ററി സംവിധാനങ്ങൾ അംഗീകരിച്ചിട്ടുള്ള എല്ലാ ധനസമാഹരണ ഉപാധികളെയും ആശ്രയിക്കേണ്ടി വരും.

നിലവിൽ കിഫ്ബിയുടെ കൈവശമുള്ള പണം വരുന്ന ഒരുവർഷ കാലയളവിലെ പദ്ധതിച്ചെലവുകൾ വഹിക്കുന്നതിന് പര്യാപ്തമാണെന്ന് കണക്കാക്കുന്നു. തുടർന്നുള്ള കാലങ്ങളിലെ ധനസമാഹരണം അതാത് സമയങ്ങളിൽ അനുചിതമായ മാർഗ്ഗങ്ങളിലൂടെ കണ്ടെത്താനാണ് കിഫ്ബി ഉദ്ദേശിക്കുന്നത്. അൻപതിനായിരം കോടി രൂപ സമാഹരിക്കുക എന്ന ലക്ഷ്യത്തിലേയ്ക്ക് നിലവിലെ സ്ഥിതിയിൽ പ്രതിബന്ധങ്ങളൊന്നുംതന്നെ കാണുന്നില്ല.

## വൈദ്യുതി മേഖലയിലെ സുരക്ഷാപദ്ധതികൾ

26 (*206) ശ്രീ. കെ. ജെ. മാക്സി:
ശ്രീമതി പി. അയിഷാ പോറ്റി:
ശ്രീ. പി. ഉണ്ണി:
ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി മേഖലയിലുണ്ടാകുന്ന അപകടങ്ങൾ കുറയ്ക്കുന്നതിനും വൈദ്യുതി ഉപയോക്താക്കളെ അതിന്റെ സുരക്ഷിത വശങ്ങളെക്കുറിച്ച് ബോധവാന്മാരാക്കുന്നതിനും ഇ-സെയ്ഫ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) വൈദ്യുതിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്നവർക്കും അതിന് മേൽനോട്ടം വഹിക്കുന്നവർക്കും സുരക്ഷാകാര്യങ്ങളിൽ എന്തെല്ലാം പരിശീലനങ്ങളാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്;

(സി) സാമൂഹികമായും സാമ്പത്തികമായും പിന്നോക്കം നിൽക്കുന്ന ഉപഭോക്താക്കളുടെ വീടുകളിൽ ഇ.എൽ.സി.ബി. സംരക്ഷണം നൽകുന്നതിന് ജാഗ്രത പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി): (എ) ഉണ്ട്.

(ബി) സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റി നിഷ്കർഷിക്കുന്ന നിലയിൽ കെ.എസ്.ഇ.ബി. ലിമിറ്റഡിലെ എല്ലാ ഫീൽഡ് ജീവനക്കാർക്കും കരാർ ജീവനക്കാർക്കും സുരക്ഷാ പരിപാലനം ഉറപ്പുവരുത്തുന്നതുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങളിൽ പരിശീലനം നൽകിയിട്ടുണ്ട്. കൂടാതെ വൈദ്യുതിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്നവർക്കും അതിന് മേൽനോട്ടം വഹിക്കുന്നവർക്കും വൈദ്യുതി സുരക്ഷയെ സംബന്ധിച്ച് ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ ബോധവൽക്കരണ ക്ലാസ്സുകളും ട്രെയിനിംഗുകളും സംഘടിപ്പിക്കുന്നുണ്ട്.

(സി) പാലക്കാട് ജില്ലയിലുള്ള അഗളി, പുതൂർ, ഷോളയാർ എന്നീ പഞ്ചായത്തുകളിൽ സാമൂഹികവും സാമ്പത്തികവുമായി പിന്നാക്കം നിൽക്കുന്ന 400 വീടുകളിൽ ഇ.എൽ.സി.ബി. സ്ഥാപിച്ച് വയറിംഗ് നവീകരിച്ച് നൽകിയിട്ടുണ്ട്. കൂടാതെ പ്രളയബാധിത പ്രദേശങ്ങളിലെ ആയിരത്തോളം വീടുകളിൽ ഇ.എൽ.സി.ബി. സ്ഥാപിച്ച് റീവയറിംഗ് നടത്തി നൽകിയിട്ടുണ്ട്.

## പട്ടികജാതി പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾ

27 (*207) ശ്രീ. ബി. സത്യൻ:
ശ്രീ. സി. കെ. ശശീന്ദ്രൻ:
ശ്രീ. ആർ. രാജേഷ്:
ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുടെ സാമ്പത്തിക സാമൂഹ്യ പിന്നാക്കാവസ്ഥ മാറ്റുന്നതിനുവേണ്ടി പട്ടികജാതി പട്ടികവർഗ്ഗ സഹകരണസംഘങ്ങൾ നടത്തുന്ന പ്രവർത്തനം വിശദമാക്കാമോ;

(ബി) സംസ്ഥാനത്ത് ആകെ എത്ര പട്ടികജാതി പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾ ഉണ്ടെന്നും എത്രയെണ്ണം നഷ്ടത്തിൽ പ്രവർത്തിക്കുന്നെന്നും അറിയിക്കാമോ; നഷ്ടത്തിൽ പ്രവർത്തിക്കുന്ന ഇത്തരത്തിലുള്ള മുന്നൂറ് സഹകരണസംഘങ്ങളെ പുനരുദ്ധരിക്കുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കാനുള്ള പ്രവർത്തനങ്ങൾ എന്തെല്ലാമാണ്;

(സി) ഇത്തരം സംഘങ്ങളുടെ അപ്പെക്സ് ഫെഡറേഷനായ എസ്.സി - എസ്.റ്റി ഫെഡറേഷന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് നടത്തുന്ന ഇടപെടലുകൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ?

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): (എ) പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുടെ സാമ്പത്തികോന്നമനവും അതുവഴി സാമൂഹിക പിന്നോക്കാവസ്ഥയ്ക്ക് പരിഹാരം കാണലും ഉദ്ദേശ്യ ലക്ഷ്യങ്ങളാക്കി പട്ടികജാതി, പട്ടികവർഗ്ഗത്തിൽപ്പെട്ടവരുടെ നേതൃത്വത്തിൽ പട്ടികജാതി-പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾ രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു. ടി സംഘങ്ങൾ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാരുടെ സാമ്പത്തിക ഉന്നമനത്തിനായി വായ്പകൾ നൽകൽ, ചിട്ടി മുതലായ സമ്പാദ്യ പദ്ധതികൾ നടത്തൽ, വ്യവസായ യൂണിറ്റുകൾ പ്രവർത്തിപ്പിക്കുക, കരാർ പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തുക, കമ്പ്യൂട്ടർ പരിശീലനം നൽകുക, ആയുർവ്വേദ ഔഷധ നിർമ്മാണം, പെട്രോൾ പമ്പ് നടത്തൽ, വനവിഭവങ്ങൾ ശേഖരിച്ച് വിൽപ്പന നടത്തൽ മുതലായ പ്രവർത്തനങ്ങൾ നടത്തിവരുന്നു.

(ബി) 2018-ലെ കണക്കനുസരിച്ച്, സംസ്ഥാനത്ത് സഹകരണ വകുപ്പിന്റെ നിയന്ത്രണത്തിൽ രജിസ്റ്റർ ചെയ്യപ്പെട്ട 829 പട്ടികജാതി- പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുണ്ടെങ്കിലും ഇവയിൽ 419 എണ്ണം മാത്രമേ പ്രവർത്തിക്കുന്നതായുള്ളൂ. ഇവയിൽ ലാഭത്തിൽ പ്രവർത്തിക്കുന്നത് 9 സംഘങ്ങൾ മാത്രമാണ്. ബാക്കിയുള്ളവ നഷ്ടത്തിൽ പ്രവർത്തിക്കുന്നവയാണ്. ലാഭത്തിൽ പ്രവർത്തിക്കുന്ന 9 സംഘങ്ങളെയും നഷ്ടത്തിൽ പ്രവർത്തിക്കുന്നവയിൽ 300 സംഘങ്ങളെയും പുനരുദ്ധരിക്കുന്നതിനായി സഹകരണ വകുപ്പ് ആവിഷ്കരിക്കുന്ന പദ്ധതിയാണ് 'പുനർജ്ജനി'.

(സി) കാര്യക്ഷമമായി പ്രവർത്തിക്കുന്നതിന് എസ്.സി./എസ്.ടി. ഫെഡറേഷന് വിവിധ തരത്തിലുള്ള പദ്ധതികളിൽ ഉൾപ്പെടുത്തി പട്ടികജാതി- പട്ടികവർഗ്ഗ വികസന വകുപ്പുകളും സഹകരണ വകുപ്പും ധനസഹായങ്ങൾ നൽകിവരുന്നു. 2016-17, 2017-18, 2018-19 വർഷങ്ങളിൽ സഹകരണ വകുപ്പിൽനിന്നും എസ്.സി./എസ്.ടി. ഫെഡറേഷന് മൊത്തം 444 ലക്ഷം രൂപയുടെ ധനസഹായം നൽകിയിട്ടുണ്ട്.

ടി ഫെഡറേഷന്റെ ആഡിറ്റ് ഇപ്പോൾ സഹകരണ വകുപ്പ് സൗജന്യമായാണ് നടത്തുന്നത്. പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി അസിസ്റ്റന്റ് രജിസ്ട്രാർ തസ്തികയിലുള്ള ഉദ്യോഗസ്ഥൻ ബിസിനസ്സ് മാനേജർ തസ്തികയിൽ സേവനമനുഷ്ഠിക്കുന്നുണ്ട്.

എസ്.സി./എസ്.ടി. ഫെഡറേഷനെ ലാഭകരമാക്കുന്നതിന് ഫെഡറേഷന്റെ പ്രവർത്തന മേഖലകൾ വിപുലീകരിക്കുന്നതിന് ഫെഡറേഷന്റെ മാനേജ്മെന്റ് നടപടികളെടുത്തുവരുന്നു. എസ്.സി./എസ്.ടി. ഫെഡറേഷന്റെ ആയുർവ്വേദ മരുന്ന് ഉൽപ്പാദന യൂണിറ്റായ ആയുർധാരയിലെ ഉത്പാദനവും തിരുവനന്തപുരത്ത് പേരൂർക്കടയിലുള്ള പെട്രോൾ പമ്പിലെ ഇന്ധന വ്യാപാരവും പട്ടികവർഗ്ഗ സഹകരണ സംഘങ്ങളിലൂടെ സംഭരിക്കുന്ന ചെറുകിട വനവിഭവങ്ങളുടെ വിപണനവും കഴിഞ്ഞ രണ്ട് വർഷങ്ങളിൽ ഗണ്യമായി വർദ്ധിച്ചിട്ടുണ്ട്.

## ഇതര സംസ്ഥാന ലോട്ടറികളെ തടയാൻ നടപടി

28 (*208) <u>ശ്രീ. ജി. എസ്. ജയലാൽ:</u>
<u>ശ്രീ. മുല്ലക്കര രത്നാകരൻ:</u>
<u>ശ്രീമതി ഗീതാ ഗോപി:</u>
<u>ശ്രീ. കെ. രാജൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏകീകൃത ജി.എസ്.ടി. എന്ന ആവശ്യമുയർത്തി സംസ്ഥാന ഭാഗ്യക്കുറിയെ പ്രതിസന്ധിയിലാക്കാൻ ഇതര സംസ്ഥാന ലോട്ടറി മാഫിയ നടത്തുന്ന നീക്കങ്ങൾ വിലയിരുത്തിയിട്ടുണ്ടോ;

(ബി) ഇതര സംസ്ഥാന ലോട്ടറികളെ പ്രോത്സാഹിപ്പിക്കുന്ന എന്തൊക്കെ ആവശ്യങ്ങളാണ് ജി.എസ്.ടി. കൗൺസിൽ മുമ്പാകെ ഉയർന്നുവന്നതെന്ന് അറിയിക്കുമോ;

(സി) ഇക്കാര്യത്തിൽ ജി.എസ്.ടി. കൗൺസിലിൽ സംസ്ഥാന സർക്കാർ സ്വീകരിച്ച നിലപാട് എന്താണെന്നും ഏതൊക്കെ സംസ്ഥാനങ്ങൾ ഈ നിലപാടിനെ അനുകൂലിച്ചുവെന്നും വെളിപ്പെടുത്തുമോ;

(ഡി) സംസ്ഥാനത്തിന്റെ നിർണ്ണായക വരുമാന സ്രോതസ്സായി വർത്തിക്കുന്ന കേരള ലോട്ടറിയെ സംരക്ഷിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): (എ) ഉണ്ട്. ഇതിനെതിരെ കർശനമായ നിലപാടാണ് സംസ്ഥാന സർക്കാർ സ്വീകരിച്ചിട്ടുള്ളത്. State owned ലോട്ടറികൾക്ക് 12 ശതമാനവും State Authorized ലോട്ടറികൾക്ക് 28 ശതമാനവും എന്ന differential rate നിലനിർത്തണമെന്ന സംസ്ഥാന സർക്കാർ നിലപാട് 11-6-2019-ൽ ചേർന്ന GoM യോഗത്തിൽ ശക്തമായിത്തന്നെ അവതരിപ്പിച്ചിട്ടുണ്ട്.

(ബി) അന്യസംസ്ഥാന ലോട്ടറികൾക്ക് ഉയർന്ന നികുതി ഏർപ്പെടുത്തുന്നത് വടക്കുകിഴക്കൻ സംസ്ഥാനങ്ങൾക്ക് ലഭിക്കുന്ന റോയൽറ്റിയെ സാരമായി ബാധിക്കുമെന്ന് ജി.എസ്.ടി. കൗൺസിലിൽ അഭിപ്രായം ഉയരുകയുണ്ടായി. സിക്കിം, അരുണാചൽ പ്രദേശ്, നാഗാലാൻഡ്, ആസാം എന്നീ സംസ്ഥാനങ്ങൾക്ക് (ലോട്ടറി ഓർഗനൈസിംഗ് സ്റ്റേറ്റ്സ്) ലോട്ടറി ഇനത്തിൽ ലഭിക്കുന്ന റോയൽറ്റി കുറയുമെന്നതിനാൽ ലോട്ടറിയുടെ നികുതി 5% ആക്കുന്നതിനുവേണ്ടി വാദിക്കുകയുണ്ടായി. ഉയർന്ന നികുതി നിരക്ക് ലോട്ടറി വ്യവസായത്തിന്റെ വളർച്ചയെ ദോഷകരമായി ബാധിക്കുമെന്ന് ചില സംസ്ഥാനങ്ങൾ അഭിപ്രായപ്പെടുകയുണ്ടായി. ലോട്ടറിയിൽനിന്നും ടൂറിസത്തിൽനിന്നുമാണ് തങ്ങളുടെ നികുതി വരുമാനത്തിന്റെ ഭൂരിഭാഗവുമെന്നും നികുതി വർദ്ധനവ് വരുമാനത്തെ സാരമായി ബാധിക്കുമെന്നും സിക്കിം അഭിപ്രായപ്പെട്ടു. ലോട്ടറിയുടെ ഉയർന്ന നികുതിനിരക്ക് വൻതോതിലുള്ള നികുതി വെട്ടിപ്പിന് ഇടയാക്കുമെന്നാണ് തെലങ്കാന അഭിപ്രായപ്പെട്ടത്.

ലോട്ടറി വിഷയം നന്നായി പഠിച്ച് വിശകലനം ചെയ്ത് ഒരു തീരുമാനം ഉണ്ടാക്കുന്നതിനുവേണ്ടി 10-1-2019-ൽ കൂടിയ 32-ാം ജി.എസ്.ടി. കൗൺസിലിൽ ലോട്ടറി കൈകാര്യം ചെയ്യുന്ന സംസ്ഥാനങ്ങളായ കേരളം, മഹാരാഷ്ട്ര, ഗോവ, ചില വടക്കുകിഴക്കൻ സംസ്ഥാനങ്ങൾ എന്നിവയോടൊപ്പം ലോട്ടറി കൈകാര്യം

ചെയ്യാത്ത മറ്റൊരു സംസ്ഥാനത്തെക്കൂടി ഉൾപ്പെടുത്തി ഒരു സമിതി രൂപീകരിച്ചിട്ടുണ്ട്. എന്നാൽ, ഈ സമിതിയുടെ 11-6-2019-ന് ചേർന്ന യോഗത്തിൽ സംസ്ഥാന സർക്കാർ നിലപാട് ശക്തമായി അവതരിപ്പിക്കുകയും എഴുതി നൽകുകയും ചെയ്തു. തുടർന്ന് നമ്മുടെ അഭിപ്രായവും നിയമ വ്യവസ്ഥകൾ ചൂണ്ടിക്കാണിച്ചു കൊണ്ടുള്ള നിലപാടും GST കൗൺസിലിൽ കൊണ്ടുവരാൻ GoM തയ്യാറായിട്ടുണ്ട്.

(സി) 18-6-2017-ൽ നടന്ന 17-ാം ജി.എസ്.ടി. കൗൺസിലിൽ സംസ്ഥാന ലോട്ടറി വിഷയത്തിൽ ഇതുവരെ സ്വീകരിച്ചുവന്ന നിലപാടിൽ ഉറച്ചുനിന്നു. അന്യസംസ്ഥാന ലോട്ടറിയുടെ നികുതി 28% ആയി നിലനിർത്തണമെന്ന് സംസ്ഥാനം വാദിക്കുകയുണ്ടായി. വടക്കുകിഴക്കൻ സംസ്ഥാനങ്ങൾക്ക് റോയൽറ്റി നഷ്ടപ്പെടുന്നതാണ് പ്രധാന വിഷയമായി ചില സംസ്ഥാനങ്ങൾ ഉന്നയിച്ചത്. നികുതി നിരക്ക് കുറയ്ക്കുന്നത് ലോട്ടറി മാഫിയയുടെ വളർച്ചയ്ക്ക് കാരണമാകുമെന്ന് സംസ്ഥാനം ചൂണ്ടിക്കാട്ടി. ലോട്ടറി കേന്ദ്ര നിയമത്തിൻ കീഴിലാണെന്നും അതാത് സംസ്ഥാനങ്ങൾ പ്രത്യേക പ്രസ്സിൽ അച്ചടിക്കുന്ന ടിക്കറ്റുകളുടെ വിൽപ്പനയിലൂടെ ലഭിക്കുന്ന തുക സംസ്ഥാനത്തിന്റെ കൺസോളിഡേറ്റഡ് ഫണ്ടിലേയ്ക്ക് എത്തുമെന്നും അത് നാടിന്റെ വികസന പ്രവർത്തനങ്ങൾക്കായി ചെലവഴിക്കുമെന്നും സംസ്ഥാനം അഭിപ്രായപ്പെട്ടു.

പഞ്ചാബ്, ഛത്തീസ്ഗഢ്, ഝാർഖണ്ഡ്, ജമ്മു & കാശ്മീർ, മധ്യപ്രദേശ്, ഡൽഹി, ഹിമാചൽപ്രദേശ്, തമിഴ്നാട്, സിക്കിം എന്നീ സംസ്ഥാനങ്ങൾ കേരളത്തിന്റെ ഈ നിലപാടിനെ പിന്തുണയ്ക്കുകയുണ്ടായി.

(ഡി) 2017-ൽ ജി.എസ്.ടി.-യുടെ മറപറ്റി സംസ്ഥാനത്തിനുള്ളിൽ ലോട്ടറി വിൽപ്പന നടത്താൻ ശ്രമിച്ച ഇതര സംസ്ഥാന ലോട്ടറി ലോബിയെ നിയമ നടപടികളിലൂടെ അമർച്ച ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അനധികൃത എഴുത്തുലോട്ടറി, വ്യാജ ലോട്ടറി എന്നിവയുടെ വ്യാപനം തടയുന്നതിന് കർശന നടപടികൾ കൈക്കൊള്ളുകയും ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ 421 കേസ്സുകൾ സംസ്ഥാനത്ത് രജിസ്റ്റർ ചെയ്യുകയും ചെയ്തിട്ടുണ്ട്.

സംസ്ഥാന ഭാഗ്യക്കുറി മേഖലയിൽ ഏജന്റായി പ്രവർത്തിക്കുന്നവർ ഇതര സംസ്ഥാന ലോട്ടറി വിൽപ്പനക്കാരാകുന്ന നടപടി 28-7-2017-ലെ സ.ഉ. (എം.എസ്.) നം. 61/2017/നി.വ. മുഖേന വിലക്കിയിട്ടുണ്ട്.

ലോട്ടറി മേഖലയിലെ അനഭിലഷണീയ പ്രവണതകൾ, പൊതു താല്പര്യം മുൻനിർത്തി ഇല്ലായ്മ ചെയ്യുന്നതിലേയ്ക്കുവേണ്ടി കേന്ദ്ര ലോട്ടറി റെഗുലേഷൻ

ചട്ടം 12 (1) പ്രകാരം, ലോട്ടറി നടത്തിപ്പുമായി ബന്ധപ്പെട്ട് എൻഫോഴ്സ്മെന്റ് അധികാരം ഉൾപ്പെടെ ഉൾക്കൊള്ളിച്ച് കേരള ലോട്ടറി റെഗുലേഷൻസ് റൂൾസിൽ ഭേദഗതി വരുത്തിയിട്ടുണ്ട്.

28-ാമത് ജി.എസ്.ടി. കൗൺസിലിന്റെ ശിപാർശ പ്രകാരം ലോട്ടറി നടത്തുന്ന സംസ്ഥാനങ്ങൾ അവലംബിക്കേണ്ട വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചും സംസ്ഥാനത്തിനുള്ളിലെ ലോട്ടറി ടിക്കറ്റ് വിൽപ്പന കണിശമായി നിരീക്ഷിക്കുന്നതിലേയ്ക്കും അനിവാര്യമായ വ്യവസ്ഥകൾകൂടി ഉൾപ്പെടുത്തി 2019-ൽ ലോട്ടറി റെഗുലേഷൻ റൂൾ ഭേദഗതി ചെയ്യാൻ നടപടി എടുത്തിട്ടുണ്ട്.

സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്ന് ഉൾപ്രദേശങ്ങളിൽനിന്നും ടിക്കറ്റെടുക്കാനെത്തുന്ന സാധാരണക്കാരായ ഏജന്റുമാരുടെ സൗകര്യാർത്ഥം 18 ഭാഗ്യക്കുറി സബ് ഓഫീസുകൾ ആരംഭിക്കുകയും ടി ഓഫീസുകളിൽ പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തു. വിൽപ്പനയ്ക്കായി പ്രിന്റ് ചെയ്ത് പുറത്തിറക്കുന്ന ടിക്കറ്റുകളിൽ കൂടുതൽ കാര്യക്ഷമമായ സെക്യൂരിറ്റി ഫീച്ചറുകൾ ഉൾക്കൊള്ളിച്ച് കേരള ഭാഗ്യക്കുറി ടിക്കറ്റുകളുടെ സുരക്ഷ വർദ്ധിപ്പിച്ചു.

ഭാഗ്യക്കുറി ടിക്കറ്റുകളുടെ ജനുവിനിറ്റി ഏജന്റുമാർക്കും പൊതുജനങ്ങൾക്കും പരിശോധിക്കുന്നതിനായി Mobile App, ആധുനികമായ features ഉൾക്കൊള്ളിച്ച് പുതിയ software എന്നിവ NIC-യുമായി ചേർന്ന് ആരംഭിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

### പുതിയ വ്യവസായ സംരംഭങ്ങൾ

29 (*209) ശ്രീ. സി. മമ്മൂട്ടി:
ശ്രീ. കെ. എം. ഷാജി:
ശ്രീ. കെ. എൻ. എ. ഖാദർ:
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വ്യവസായ സൗഹൃദമാക്കുന്നതിനുള്ള നിയമം നിലവിൽ വന്നശേഷം പുതിയ വ്യവസായ സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ടോ;

(ബി) അപ്രകാരം ആരംഭിച്ച വ്യവസായങ്ങളുടെ വിശദാംശം അറിയിക്കുമോ;

(സി) സംസ്ഥാനത്തേക്ക് കൂടുതൽ സംരംഭകരെ ആകർഷിക്കുവാൻ പുതുതായി എന്തെങ്കിലും പദ്ധതി ആവിഷ്ക്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): (എ&ബി) ഉണ്ട്. നിയമ പരിഷ്കാരത്തിന്റെ അനുകൂല സാഹചര്യത്തെ തുടർന്ന് നിലവിലുള്ളതും പുതിയതുമായ നിരവധി സംരംഭങ്ങൾക്ക് ഉണർവ് വന്നിട്ടുണ്ട്. 2018 ഏപ്രിൽ മുതൽ 2019 ഏപ്രിൽ മാസം വരെ സംസ്ഥാനത്ത് MSME മേഖലയിൽ വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് കൈകാര്യം ചെയ്യുന്ന മാനേജ്മെന്റ് ഇൻഫർമേഷൻ പ്രകാരമുള്ള കണക്ക് അനുസരിച്ച് 14710 സ്ഥാപനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഈ വ്യവസായങ്ങളിലൂടെ 1,399.95 കോടി രൂപയുടെ നിക്ഷേപവും 52096 തൊഴിലും ലഭ്യമായിട്ടുണ്ട്. K-SWIFT വഴി ലഭിച്ച അപേക്ഷകളിൽ 61 അപേക്ഷകർക്ക് ലൈസൻസ് നൽകിയിട്ടുണ്ട്.

സംസ്ഥാനത്തെ വ്യവസായ സൗഹൃദമാക്കുന്നതിനുള്ള നിയമം നിലവിൽ വന്നശേഷം കിൻഫ്രയിൽ 209 വ്യവസായ സംരംഭകർക്ക് ഭൂമി അലോട്ട് ചെയ്തിട്ടുണ്ട്. പ്രസ്തുത സംരംഭകർ എല്ലാംതന്നെ അവരുടെ സംരംഭങ്ങൾ തുടങ്ങുന്നതിന് സ്വീകരിച്ച നടപടികൾ വിവിധ ഘട്ടങ്ങളിൽ പുരോഗമിച്ചുവരുന്നു.

(സി) കൂടുതൽ വ്യവസായ സംരംഭകരെ ആകർഷിക്കുന്നതിലേയ്ക്കായി 2019-20 വർഷത്തെ ബഡ്ജറ്റിൽ പുതിയ ഒരു പദ്ധതി പ്രഖ്യാപിക്കുകയും 10 കോടി രൂപ വകയിരുത്തുകയും ചെയ്തിട്ടുണ്ട്. ആയതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു:

വ്യവസായ പ്രദേശം/പാർക്കുകളിൽ സംരംഭകർക്ക് ഭൂമി നിക്ഷേപം വിലയുടെ പലിശ ധനസഹായം

സർക്കാർ വ്യാവസായിക എസ്റ്റേറ്റുകളിലും/പാർക്കുകളിലും പുതിയ സംരംഭകരെ ആകർഷിച്ച് കൂടുതൽ നിക്ഷേപവും തൊഴിലവസരങ്ങളും സൃഷ്ടിച്ചുകൊണ്ട് നിക്ഷേപ സൗഹൃദമാക്കി മാറ്റുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. വ്യവസായ വാണിജ്യ ഡയറക്ടറേറ്റ്/സിഡ്കോ/ കെ.എസ്.ഐ.ഡി. സി./കിൻഫ്ര ഉടമസ്ഥതയിലുള്ള വ്യാവസായിക എസ്റ്റേറ്റുകളിൽ/ പാർക്കുകളിൽ നിക്ഷേപഭാഗമായ ഭൂമിയുടെ വിലയുടെ ഒരു വിഹിതം, അതായത് ഭൂമിയുടെ നിക്ഷേപ ചെലവിന്റെ പലിശഭാരം നിശ്ചിത കാലയളവിൽ ഏറ്റെടുത്തുകൊണ്ട് അതിന്റെ പലിശ വിഹിതം വ്യവസായ ഏജൻസികൾക്ക് നൽകുന്നതിനാണ് പദ്ധതി ലക്ഷ്യമിടുന്നത്. സർക്കാർ നിർദ്ദേശിക്കുന്ന വ്യവസ്ഥകൾക്കും മാനദണ്ഡങ്ങൾക്കും വിധേയമായി പുതിയ സംരംഭം ആരംഭിക്കുന്നതിനായി മുന്നോട്ടുവരുന്ന നിക്ഷേപകന് ഭൂമി നിക്ഷേപ ചെലവിന്റെ ഒരു ഭാഗത്തിന്റെ പലിശഭാരം നിശ്ചിത കാലയളവിലേയ്ക്ക് മേൽപ്പറഞ്ഞ ഏജൻസികൾക്ക് നൽകി അവരിൽനിന്നും വ്യാവസായിക ഭൂമി ലഭ്യമാക്കാം. ഭൂമിയുടെ കൈവശാവകാശം

ഏജൻസിയിൽ നിക്ഷിപ്തമായിരിക്കും. ഭൂമി വിലയുടെ അവശേഷിക്കുന്ന വിഹിതം അടയ്ക്കുന്നതിന് ഗവൺമെന്റ് നിശ്ചയിക്കുന്ന അഞ്ചുവർഷക്കാലയളവിലേയ്ക്ക് പലിശ ഏജൻസികൾക്ക് തിരികെ കൊടുക്കും. നിശ്ചയിച്ച കാലയളവിനുശേഷം നിക്ഷേപകൻ അവശേഷിക്കുന്ന തുക തിരിച്ചടയ്ക്കണം. എപ്പോഴാണോ ഭൂമി വില മുഴുവനായും അടച്ചുതീരുന്നത് അപ്പോൾ ഭൂമിയുടെ കൈവശാവകാശം നിക്ഷേപകന് മാറ്റിനൽകും. ഏജൻസികളിൽനിന്നും നിർദ്ദേശങ്ങൾ സ്വീകരിക്കുന്നതിന്റെ അടിസ്ഥാനത്തിൽ വ്യവസായ വാണിജ്യ വകുപ്പിന് ഏജൻസികൾക്ക് തുക വിതരണം ചെയ്യാവുന്നതാണ്.

സംസ്ഥാനത്ത് കൂടുതൽ സംരംഭകരെ ആകർഷിക്കുന്നതിന് കിൻഫ്ര ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പുതിയ പദ്ധതികൾ താഴെപ്പറയുന്നവയാണ്.

1. കിൻഫ്ര വ്യവസായ പാർക്ക്, മട്ടന്നൂർ
2. മെഗാ ഫുഡ് പാർക്ക്, പാലക്കാട്
3. ഡിഫെൻസ് പാർക്ക്, ഒറ്റപ്പാലം, പാലക്കാട്
4. ഇലക്ട്രോണിക്സ് മാനുഫാക്ചറിംഗ് ക്ലസ്റ്റർ, കാക്കനാട്, എറണാകുളം
5. പെട്രോകെമിക്കൽ പാർക്ക്, എറണാകുളം
6. സ്പൈസസ് പാർക്ക്, ഇടുക്കി

<u>ബഹുനില ഫാക്ടറി കെട്ടിട സമുച്ചയം</u>

അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ച് ചുരുങ്ങിയ സമയത്തിനുള്ളിൽ വ്യവസായ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് ബഹുനില ഫാക്ടറി കെട്ടിട സമുച്ചയങ്ങൾ കിൻഫ്ര സ്ഥാപിച്ചുവരുന്നു. ഇതുപ്രകാരം ചെറുകിട വ്യവസായങ്ങളുടെ വികസനത്തിനായി താഴെപ്പറയുന്ന പുതിയ പദ്ധതികൾ കിൻഫ്ര നടപ്പിലാക്കിവരുന്നു.

1. ബഹുനില ഫാക്ടറി കെട്ടിട സമുച്ചയം, കിൻഫ്ര പാർക്ക്, കാക്കഞ്ചേരി, മലപ്പുറം (രണ്ടാംഘട്ട വികസനം)
2. രണ്ടാംഘട്ട വികസനം, കിൻഫ്ര ഫിലിം ആന്റ് വീഡിയോ പാർക്ക്, കഴക്കൂട്ടം, തിരുവനന്തപുരം
3. കൊരട്ടി പാർക്കിന്റെ രണ്ടാംഘട്ട വികസനം
4. ബഹുനില ഫാക്ടറി കെട്ടിട സമുച്ചയം, രാമനാട്ടുകര, കോഴിക്കോട്

സംസ്ഥാനത്ത് വ്യവസായ അന്തരീക്ഷം മെച്ചപ്പെടുത്തി കൂടുതൽ സംരംഭകരെ ആകർഷിക്കാൻ ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സിന്റെ കീഴിൽ കേരളത്തിലെ വിവിധ മേഖലകളിലുള്ള സംരംഭകരുടെ അഭ്യർത്ഥനകൾ പരിഗണിച്ച് വിവിധ പദ്ധതികൾ കെ.എസ്.ഐ.ഡി.സി. മുഖേന നടപ്പിലാക്കാൻ സാധിക്കുന്നതാണ്. ഇതുകൂടാതെ സംസ്ഥാനത്ത് വിവിധ മേഖലകളിൽ മുതൽമുടക്കാനുള്ള പദ്ധതികൾ കണ്ടെത്തി സംരംഭകരെ കൊണ്ടുവരാനും കേരളത്തിൽ വ്യവസായം തുടങ്ങുന്നതിനുള്ള അനുകൂല ഘടകങ്ങളെയും പദ്ധതികളെയുംകുറിച്ച് ഇന്ത്യയിലെ വിവിധ നഗരങ്ങളിൽ റോഡ് ഷോകളും ബിസിനസ്സ് മീറ്റുകളും ഉൾപ്പെടെ ആവശ്യമായ പ്രചരണ പരിപാടികൾ നടത്താനും ഉദ്ദേശിക്കുന്നു. വ്യവസായ നിക്ഷേപ സാധ്യതകൾ വർദ്ധിപ്പിക്കാനും അതുവഴി വ്യവസായ വളർച്ചയ്ക്കുംവേണ്ടിയുള്ള പ്രവർത്തനങ്ങൾക്കായി ഈ വർഷം ആയിരം ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

## കെ.എസ്.ഇ.ബി.എൽ.-ന്റെ പാഴായിക്കിടക്കുന്ന ആസ്തികൾ

30 (*210) ശ്രീ. പി. ജെ. ജോസഫ്:
ഡോ. എൻ. ജയരാജ്:
ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വഴിസൗകര്യമില്ലാത്ത കാലത്ത് പുരയിടങ്ങളിൽ കൂടി ചാർജ് ചെയ്തിരുന്ന ലോടെൻഷൻ, ഹൈടെൻഷൻ വൈദ്യുതി ലൈനുകൾ നിലവിൽ ഉപയോഗിക്കാതെ കിടക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) ഇങ്ങനെ പാഴായിക്കിടക്കുന്ന ആസ്തി സംബന്ധിച്ച് ബോർഡ് കണക്കെടുപ്പ് നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ നടത്തുവാൻ നടപടി സ്വീകരിക്കുമോ;

(സി) ഉപയോഗശൂന്യമായ പ്രസ്തുത ലൈനുകൾ മാറ്റുന്നതിനുള്ള ചെലവ് വസ്തു ഉടമസ്ഥർ വഹിക്കണമെന്നുള്ള ബോർഡിന്റെ കർശന നിലപാട് കൊണ്ട് ബോർഡിനുണ്ടാകുന്ന കോടിക്കണക്കിന് രൂപയുടെ നഷ്ടം എങ്ങനെ പരിഹരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) ചാർജ് ഇല്ലാത്ത ലൈനുകളും പോസ്റ്റുകളും മറ്റ് സ്ഥലങ്ങളിൽ പുനരുപയോഗിക്കുന്നതിന് ബോർഡ് എന്തുകൊണ്ടാണ് വൈമുഖ്യം കാണിക്കുന്നതെന്ന് വിശദമാക്കാമോ; അതേ സാധനങ്ങൾ വീണ്ടും വാങ്ങുന്നതിലൂടെയുള്ള ഇരട്ടിപ്പ് ഒഴിവാക്കുവാൻ നടപടി സ്വീകരിക്കുമോ?

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി): (എ) വൈദ്യുതി നൽകാൻ നേരത്തെ പുരയിടങ്ങളിലൂടെ വലിച്ചിരുന്ന വൈദ്യുതി ലൈനുകൾ ചില സ്ഥലങ്ങളിൽ ഉപയോഗമില്ലാതെ കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയത് ഇലക്ട്രിസിറ്റി സപ്ലൈ കോഡ് അനുശാസിക്കുന്ന ചട്ടങ്ങൾ അനുസരിച്ച് നിശ്ചിത കാലയളവിനുശേഷം അഴിച്ചുമാറ്റി വരികയും ഭാവി വികസനത്തിന് ആവശ്യമായവ മാത്രം "ലൈൻ റൈറ്റ് ഓഫ് വേ" ആയി നിലനിർത്തിവരികയും ചെയ്യുന്നുണ്ട്.

(ബി) ഇല്ല. പുരയിടങ്ങളിൽക്കൂടി പോകുന്ന ലൈനുകൾ അപകടങ്ങൾക്കോ വൈദ്യുതി തടസ്സത്തിനോ കാരണമാകുന്നുവെങ്കിൽ അവ മാറ്റി സ്ഥാപിക്കുന്നത് "ദ്യുതി 2021" പദ്ധതിയിൽ ആസൂത്രണം ചെയ്തിട്ടുണ്ട്.

(സി&ഡി) വ്യക്തികളുടെ സ്വകാര്യ ആവശ്യാനുസരണം മാറ്റേണ്ടിവരുന്ന ലൈനുകളുടെ എസ്റ്റിമേറ്റ് തുക ചെലവായി ഈടാക്കാറുണ്ട്. അല്ലാത്തവ ബോർഡിന്റെ ചെലവിലും നിലവിലുള്ള നിയമങ്ങളും ചട്ടങ്ങളും പാലിച്ചുകൊണ്ട് നിശ്ചിത കാലയളവിനുള്ളിൽ അഴിച്ചുമാറ്റി പുനരുപയോഗിച്ച് പരമാവധി നഷ്ടം കുറയ്ക്കുവാനാണ് ശ്രമിക്കുന്നത്. അഴിച്ചുമാറ്റപ്പെടുന്ന ലൈനുകളും പോസ്റ്റുകളും ഉപയോഗ യോഗ്യമാണെങ്കിൽ അവ പരമാവധി പുനരുപയോഗിക്കാൻ ശ്രമിക്കുന്നുണ്ട്.

## (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### ജി.ഡി.പി. വളർച്ച കുറയാനുണ്ടായ കാരണങ്ങൾ

1 (2213) ശ്രീ. വി. എസ്. ശിവകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്രിസിൽ (CRISIL) എന്ന ഏജൻസി 2019 ജനുവരിയിൽ പുറത്തിറക്കിയ സ്റ്റേറ്റ്സ് ഓഫ് ഗ്രോത്ത് 2.0 എന്ന റിപ്പോർട്ടിൽ ജി.ഡി.പി. വളർച്ച, പണപ്പെരുപ്പം, സാമ്പത്തിക ആരോഗ്യം എന്നിവയുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്തിന്റെ സ്ഥാനം പതിനേഴാമതാണ് എന്ന് രേഖപ്പെടുത്തിയിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) 2017- ൽ പന്ത്രണ്ടാം സ്ഥാനത്ത് നിന്ന കേരളം 2018-ൽ പതിനേഴാം സ്ഥാനത്ത്ആയതിനുള്ള കാരണങ്ങൾ വ്യക്തമാക്കുമോ;

(സി) 2017-ൽ ജി.ഡി.പി.-യുടെ വളർച്ച 7.4 ആയിരുന്നത് 2018-ൽ 5.9 ആയി കുറഞ്ഞതിനുള്ള കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ക്രിസിൽ (CRISIL) എന്നത് ഒരു സ്വകാര്യ ഏജൻസിയാണ്. 2019 ജനവരിയിൽ പുറത്തിറക്കിയ സ്റ്റേറ്റ്സ് ഓഫ് ഗ്രോത്ത് 2.0 എന്ന റിപ്പോർട്ടിൽ പേജ് എട്ടിൽ (8) പട്ടിക 1.1-ൽ കാണിച്ചിരിക്കുന്ന കേരളത്തിന്റെ ജി.എസ്.ഡി.പി. 2018-ലെ ഡാറ്റാ ലഭ്യമല്ലാത്തതിനാൽ ക്രിസിലിന്റെ എസ്റ്റിമേറ്റ് പ്രകാരമാണ് തയ്യാറാക്കിയിട്ടുള്ളതെന്ന് ക്രിസിലിൽത്തന്നെ രേഖപ്പെടുത്തിയിട്ടുണ്ട്. ആയതിനാൽ ക്രിസിലിന്റെ കണക്കുകൾ ആധാരമാക്കേണ്ടതില്ല. കേന്ദ്ര സ്ഥിതിവിവര കണക്ക് ഓഫീസിന്റെ ദേശീയ വരുമാന കണക്കുകൾ തയ്യാറാക്കുന്നതിനുള്ള മാനദണ്ഡമനുസരിച്ച് കേരള സ്ഥിതിവിവര കണക്ക് വകുപ്പാണ് സംസ്ഥാന ജി.എസ്.ഡി.പി. തയ്യാറാക്കുന്നത്. ഇതനുസരിച്ച് 2016-17-ൽ നടപ്പുവിലയിൽ കേരളത്തിന്റെ ജി.എസ്.ഡി.പി. വളർച്ചാ നിരക്ക് 9.67 ശതമാനവും 2017-18-ൽ 11.42 ശതമാനവുമായിരുന്നു. സ്ഥിര വിലയിൽ (2011-12 അടിസ്ഥാന വർഷം) ഇത് 2016-17-ൽ 6.22 ശതമാനവും 2017-18-ൽ 7.18 ശതമാനവുമാണ്. സാമ്പത്തിക അവലോകനം 2018-ൽ ഇത് ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) സാമ്പത്തിക അവലോകനം 2018 പ്രകാരം കേരളത്തിന്റെ ജി.എസ്.ഡി.പി. വളർച്ച (സ്ഥിരവിലയിൽ) 2016-17-ൽ 6.22 ശതമാനത്തിൽ നിന്നും 2017-18-ൽ 7.18 ശതമാനമാകുകയും ജി.എസ്.ഡി.പി. സ്ഥിരവിലയിൽ 2016-17-ൽ 4,79,28,990 ലക്ഷം രൂപയിൽനിന്നും 2017-18-ൽ 5,13,69,589 ലക്ഷം രൂപയായി വർദ്ധിക്കുകയും ചെയ്തിട്ടുണ്ട്.

## പ്രളയ സെസ്സ്

2 (2215) ശ്രീ. പാറക്കൽ അബ്ദുല്ല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയാനന്തര പുനർനിർമ്മാണത്തിന് പണം കണ്ടെത്താൻ പ്രളയ സെസ് പിരിക്കുന്നകാര്യം പരിഗണനയിലുണ്ടോ ;

(ബി) എങ്കിൽ എന്നു മുതൽ ഇത് പിരിച്ചു തുടങ്ങും; എത്ര രൂപയാണ് ഇതിലൂടെ കണ്ടെത്താൻ ഉദ്ദേശിക്കുന്നത്;

(സി) അഞ്ച് ശതമാനത്തിന് മുകളിൽ നികുതി ബാധകമായ എല്ലാ ഇനങ്ങൾക്കും സെസ് ചുമത്തുമോ; ഇതിന് ജി.എസ്.ടി. കൗൺസിലിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ടോ;

(ഡി) ഇത് വിലക്കയറ്റത്തിന് കാരണമാകുമെന്ന ആശങ്ക ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇല്ലെങ്കിൽ വിശദാംശം നൽകുമോ ?

<u>ഉത്തരം</u>

(എ&ബി) പ്രളയാനന്തര പുനർനിർമ്മാണത്തിന് പണം കണ്ടെത്താൻ പ്രളയ സെസ്സ് 2019 ജൂലൈ 1 മുതൽ പിരിക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ട്. ഇതിലൂടെ പ്രതിവർഷം 600 കോടി രൂപ ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) 12 ശതമാനവും അതിൽ കൂടുതലും നികുതി നിരക്കുള്ള എല്ലാ ചരക്കുകൾക്കും 5 ശതമാനത്തിൽ കൂടുതൽ നികുതി നിരക്കുള്ള എല്ലാ സേവനങ്ങൾക്കും 1 ശതമാനം നിരക്കിൽ സെസ്സ് ബാധകമാണ്. എന്നാൽ 5-ാം പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള സ്വർണ്ണാഭരണമുൾപ്പെടെയുള്ള ചരക്കുകൾക്ക് 0.25 ശതമാനം നിരക്കിൽ സെസ്സ് ബാധകമാണ്. ചരക്കുസേവന നികുതി കൗൺസിലിന്റെ അംഗീകാരത്തോടുകൂടിയാണ് സെസ്സ് ചുമത്തുന്നത്.

(ഡി) ചരക്കുകളുടെ അന്തിമ വിൽപ്പന ഘട്ടത്തിലാണ് സെസ്സ് ചുമത്തുന്നത്. എന്നാൽ സംസ്ഥാനത്തിനകത്ത് സെസ്സ് നടപ്പിലാക്കുമ്പോൾ വിലക്കയറ്റം ഉണ്ടാകാതിരിക്കാൻ 5 ശതമാനം മാത്രം ചരക്കുസേവന നിരക്ക് ബാധകമായ എല്ലാ നിത്യോപയോഗ സാധനങ്ങളെയും സെസ്സ് പിരിക്കേണ്ട ഉൽപ്പന്നങ്ങളുടെ വിഭാഗത്തിൽനിന്നും ഒഴിവാക്കിയിട്ടുണ്ട്.

## ധനകാര്യ പരിശോധന വിഭാഗം കണ്ടെത്തിയ സാമ്പത്തിക ക്രമക്കേടുകൾ

3 (2216) <u>ശ്രീ. കെ. ജെ. മാക്സി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2016-17, 2017-18, 2018-19 എന്നീ വർഷങ്ങളിൽ ധനകാര്യ വകുപ്പിന്റെ പരിശോധന വിഭാഗം നടത്തിയ പരിശോധനയിൽ എത്ര ഓഫീസുകളിൽ സാമ്പത്തിക ക്രമക്കേട് കണ്ടെത്തിയിട്ടുണ്ട്; ആയത് എത്ര കോടി രൂപയുടേതെന്നുള്ള വിശദവിവരം നല്കുമോ;

(ബി) അതിൻമേൽ എന്ത് നടപടി നാളിതുവരെ സ്വീകരിച്ചു; വിശദമാക്കുമോ;

(സി) ക്രമക്കേട് കണ്ടെത്തിയ വകയിൽ എത്ര തുക നാളിതുവരെ സർക്കാരിലേയ്ക്ക് ലഭിച്ചുവെന്ന് വ്യക്തമാക്കുമോ; വിശദാംശം ലഭ്യമാക്കുമോ;

(ഡി) ഇതുമായി ബന്ധപ്പെട്ട ക്രമക്കേടുകൾക്ക് ഉത്തരവാദികളായിട്ടുള്ള എത്ര പേർക്ക് എതിരെ നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 2016-17, 2017-18, 2018-19 എന്നീ വർഷങ്ങളിൽ ധനകാര്യ വകുപ്പിന്റെ പരിശോധനാ വിഭാഗം നടത്തിയ പരിശോധനകളിൽ 500 ഓഫീസുകളിലായി 55.58 കോടി രൂപയുടെ ക്രമക്കേടുകൾ കണ്ടെത്തിയിട്ടുണ്ട്.

(ബി) പരിശോധനയിലെ കണ്ടെത്തലുകളും പരിഹാര നിർദ്ദേശങ്ങളും ഉൾപ്പെടുത്തിക്കൊണ്ടുള്ള പരിശോധനാ റിപ്പോർട്ടുകൾ തുടർനടപടികൾക്കായി ബന്ധപ്പെട്ട ഭരണ വകുപ്പുകൾക്ക് കൈമാറിയിട്ടുണ്ട്. അതാത് ഭരണ വകുപ്പുകളാണ് തുടർ നടപടികൾ സ്വീകരിക്കേണ്ടത്.

(സി) ധനകാര്യ പരിശോധനാ വിഭാഗത്തിന്റെ റിപ്പോർട്ടുകളിന്മേലുള്ള തുടർ നടപടികളുടെ അടിസ്ഥാനത്തിൽ 3,35,54,321 രൂപ (മൂന്ന് കോടി മുപ്പത്തിയഞ്ച് ലക്ഷത്തി അൻപത്തിനാലായിരത്തി മുന്നൂറ്റി ഇരുപത്തിയൊന്ന് രൂപ മാത്രം) സർക്കാരിലേയ്ക്ക് ലഭിച്ചിട്ടുണ്ട്.

(ഡി) അംഗീകരിച്ച പരിശോധനാ റിപ്പോർട്ടുകളിലെ ശിപാർശകളുടെ അടിസ്ഥാനത്തിൽ 17 ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല നടപടികൾ സ്വീകരിച്ചിട്ടുള്ളതായി ബന്ധപ്പെട്ട ഭരണ വകുപ്പുകൾ അറിയിച്ചിട്ടുണ്ട്.

**ധനകാര്യ ഇൻസ്പെക്ഷൻ വിഭാഗം**

4 (2217) <u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ധനകാര്യ ഇൻസ്പെക്ഷൻ വിഭാഗം അഡീഷണൽ സെക്രട്ടറി 2019 ഫെബ്രുവരി , മാർച്ച്, ഏപ്രിൽ മാസങ്ങളിൽ ഏതെങ്കിലും ഓഫീസുകളിൽ നേരിട്ട് പരിശോധന നടത്തിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഏതൊക്കെ തീയതികളിൽ, ഏതെല്ലാം ഓഫീസുകളിലാണ് പരിശോധന നടത്തിയതെന്ന് വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത ഉദ്യോഗസ്ഥൻ മേൽ സൂചിപ്പിച്ച മാസങ്ങളിൽ എത്ര ബോർഡ് മീറ്റിംഗുകളിൽ ഏതൊക്കെ തീയതികളിൽ പങ്കെടുത്തിട്ടുണ്ട് എന്നതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) ധനകാര്യ ഇൻസ്പെക്ഷൻ വിഭാഗം അഡീഷണൽ സെക്രട്ടറി 2019 ഫെബ്രുവരി, മാർച്ച്, ഏപ്രിൽ മാസങ്ങളിൽ ഏതാനും ഓഫീസുകളിൽ നേരിട്ട് പരിശോധന നടത്തിയിട്ടുണ്ട്.

(ബി) താഴെപ്പറയുന്ന ഓഫീസുകളിലാണ് പരിശോധന നടത്തിയിട്ടുള്ളത്.

| | |
|---|---|
| 1. പൊതുമരാമത്ത് (നിരത്തുകളും പാലങ്ങളും) വകുപ്പ് സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ ഓഫീസ്, ആലുവ | 19-2-19 to 22-2-19<br>5-3-19 to 8-3-19<br>18-3-19 to 19-3-19<br>1-4-19 to 3-4-19<br>29-4-19 to 30-4-19 |
| 2. പ്രിൻസിപ്പൽ അഗ്രിക്കൾച്ചർ ഓഫീസ്, തൊടുപുഴ | 8-4-19 to 9-4-19 |

(സി) ധനകാര്യ ഇൻസ്പെക്ഷൻ വിഭാഗം അഡീഷണൽ സെക്രട്ടറി 2019 ഫെബ്രുവരി, മാർച്ച്, ഏപ്രിൽ മാസങ്ങളിൽ താഴെപ്പറയുന്ന ബോർഡ് മീറ്റിംഗുകളിൽ പങ്കെടുത്തിട്ടുണ്ട്.

| | |
|---|---|
| ട്രാവൻകൂർ സിമെന്റ്സ് ലിമിറ്റഡ്, തിരുവനന്തപുരം | 4-2-2019 |
| കേരള സ്റ്റേറ്റ് വെയർഹൗസിംഗ് കോർപ്പറേഷൻ, എറണാകുളം | 16-2-2019 |
| വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ, കേരള (VFPCK), തിരുവനന്തപുരം | 20-3-2019 |
| സ്റ്റീൽ & ഇൻഡസ്ട്രിയൽ ഫോർജിംഗ്സ് ലിമിറ്റഡ്, എറണാകുളം | 22-3-2019 |
| ട്രാവൻകൂർ സിമെന്റ്സ് ലിമിറ്റഡ്, കോട്ടയം | 25-3-2019 |
| കേരള സ്റ്റേറ്റ് വെയർഹൗസിംഗ് കോർപ്പറേഷൻ, തിരുവനന്തപുരം | 28-3-2019 |

**കോതമംഗലം മണ്ഡലത്തിലെ വികസന പ്രവർത്തനങ്ങൾ**

5 (2218) <u>ശ്രീ. ആന്റണി ജോൺ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിൽ വിവിധ വികസന പ്രവർത്തനങ്ങൾക്കായി ഈ സർക്കാർ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും ഏതെല്ലാം പ്രവൃത്തികൾക്കാണ് തുക ചെലവഴിച്ചതെന്നും ഇനം തിരിച്ച് വ്യക്തമാക്കാമോ;

(ബി) 2016-17, 2017-18, 2018-19 വാർഷിക ബഡ്ജറ്റുകളിൽ അനുവദിച്ചിട്ടുള്ള പ്രവൃത്തികളുടെ വിശദാംശവും അനുവദിക്കപ്പെട്ടിട്ടുള്ള തുകയും എത്രയെന്ന് വ്യക്തമാക്കാമോ?

## ഉത്തരം

(എ&ബി) കോതമംഗലം അസംബ്ലി നിയോജക മണ്ഡലത്തിലെ വിവിധ വികസന പ്രവർത്തങ്ങൾക്കായി 2016-17 മുതൽ 2018-19 വരെയുള്ള സാമ്പത്തിക വർഷങ്ങളിലെ ബഡ്ജറ്റുകളിൽ എം.എൽ.എ.-മാരുടെ പ്രത്യേക വികസന നിധിയുടെ (MLA SDF) കീഴിൽ ഒരു കോടി രൂപ വീതവും നിയോജക മണ്ഡലം ആസ്തി വികസന പദ്ധതിയുടെ കീഴിൽ 5 കോടി രൂപ വീതവും വകയിരുത്തിയിട്ടുണ്ട്. പദ്ധതികളുടെയും നിർവ്വഹണ പുരോഗതിയുടെയും വിശദാംശങ്ങൾ യഥാക്രമം അനുബന്ധം 1-ഉം 2-ഉം ആയി ചേർക്കുന്നു*. കിഫ്ബി വഴിയുള്ള പ്രവൃത്തികളുടെയും നിർവ്വഹണ പുരോഗതിയുടെയും വിശദാംശങ്ങൾ അനുബന്ധം-3+ ആയും പൊതുമരാമത്ത് വകുപ്പ് മുഖേന നടപ്പാക്കുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധം-4* ആയും മറ്റു പദ്ധതികൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം-5*ആയും ചേർത്തിട്ടുണ്ട്.

## ഹീമോഫീലിയ രോഗബാധിതർക്ക് ജീവൻരക്ഷാ മരുന്നുകൾ

6 (2219) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രോഗബാധിതർക്ക് വരുമാനപരിധിയില്ലാതെ ജീവൻരക്ഷാ മരുന്നുകൾ കാരുണ്യ ബനവലന്റ് ഫണ്ട് മുഖേന സൗജന്യമായി നൽകിവരുന്ന പദ്ധതി നിലവിലുണ്ടോ; ഉണ്ടെങ്കിൽ എത്ര രോഗികൾക്ക് ഈ ധനഹായം അനുവദിക്കുന്നുണ്ടെന്ന് അറിയിക്കാമോ;

(ബി) ഇവർക്ക് ഫോട്ടോ പതിപ്പിച്ച ഐഡന്റിറ്റി കാർഡ് അനുവദിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് അനുവദിക്കുന്നതിന് ഡോക്ടർ സർട്ടിഫിക്കറ്റ്, സ്വന്തം വീടിന്റെ പശ്ചാത്തലത്തിലുള്ള കുടുംബഫോട്ടോ, ഫോട്ടോ പതിപ്പിച്ച അപേക്ഷാഫോറം തുടങ്ങിയ രേഖകൾ ഗുണഭോക്താക്കൾ സമർപ്പിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) ഗുണഭോക്താക്കൾ സമർപ്പിക്കുന്ന പ്രസ്തുത രേഖകൾ കാരുണ്യ നോഡൽ ഓഫീസർമാർ സൂക്ഷിക്കാതിരിക്കുകയും നശിപ്പിക്കുകയും ചെയ്തതായുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) നിരന്തരമായ രക്തസ്രാവവും വേദനയും അനുഭവിക്കുന്ന ഹീമോഫീലിയ രോഗബാധിതർ ഒരിക്കൽ സമർപ്പിച്ച രേഖകൾ വീണ്ടും സമർപ്പിക്കാൻ ആവശ്യപ്പെടുന്ന ഉദ്യോഗസ്ഥരുടെ നടപടി പരിശോധിക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ഇ) ഈ സാഹചര്യത്തിൽ 14-5-2019 -ൽ കാരുണ്യ നോഡൽ ഓഫീസർ ഇത്തരം രോഗികൾക്ക് അയച്ച കത്തിൽ ഐഡിന്റിറ്റി കാർഡുള്ള രോഗികൾക്ക് സൗജന്യ മരുന്നുവിതരണം അനുവദിക്കുന്നതല്ലായെന്ന പരാമർശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇപ്രകാരം മനുഷ്യത്വ രഹിതമായ നിലപാട് സ്വീകരിച്ച ഉദ്യോഗസ്ഥരുടെ നടപടി അന്വേഷിക്കുമോ?

<u>ഉത്തരം</u>

(എ) 1624 ഹീമോഫീലിയ രോഗികൾക്ക് ചികിത്സാ സഹായം അനുവദിച്ചിട്ടുണ്ട്.

(ബി) ഉണ്ട്. സമർപ്പിച്ചിട്ടുണ്ട്. എന്നാൽ സോഫ്റ്റ്വെയറിൽ രജിസ്റ്റർ ചെയ്യുന്നതിനാവശ്യമായ രേഖകൾ ലഭ്യമല്ലാത്ത ഏതാനും ആദ്യകാല ഗുണഭോക്താക്കളോട് രേഖകൾ ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ഇത്തരത്തിൽ പരാതി ലഭിച്ചിട്ടില്ല.

(ഇ) പദ്ധതിയുടെ പ്രാരംഭ ഘട്ടത്തിൽ ഐ.ഡി. കാർഡ് അനുവദിച്ചിട്ടുള്ളതും എന്നാൽ സോഫ്റ്റ്വെയറിൽ രജിസ്റ്റർ ചെയ്യുന്നതിനാവശ്യമായ രേഖകൾ ലഭ്യമല്ലാതിരുന്നതുമായ ഗുണഭോക്താക്കളോട് നിശ്ചിത സമയത്തിനുള്ളിൽ രേഖകൾ ഹാജരാക്കാത്തപക്ഷം മരുന്ന് വിതരണം നിർത്തിവയ്ക്കുമെന്ന് അറിയിച്ചിരുന്നു. സോഫ്റ്റ്വെയർ ഉൾപ്പെടെയുള്ള ഓഫീസ് രേഖകൾ നാളധികരിക്കുന്നതിനും രോഗികൾക്ക് മുടക്കംകൂടാതെ മരുന്ന് ലഭ്യമാക്കുന്നതിനും വേണ്ടി സ്വീകരിച്ച നടപടിയാണിത്. എന്നാൽ രോഗികൾക്ക് മരുന്ന് നിർത്തിവയ്ക്കാൻ നാളിതുവരെ നിർദ്ദേശം നൽകിയിട്ടില്ല.

**ഒറ്റപ്പാലം മണ്ഡലത്തിലെ വികസന പ്രവർത്തനങ്ങൾ**

7 (2220) <u>ശ്രീ. പി. ഉണ്ണി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം നിയോജകമണ്ഡലത്തിലെ വികസനപ്രവർത്തനങ്ങൾക്കായി 1-7-2016 മുതൽ 31-3-2019 വരെ അനുവദിച്ച തുകയുടെയും പദ്ധതികളുടെയും വിശദാംശം വർഷാടിസ്ഥാനത്തിൽ നൽകാമോ;

(ബി) ഓരോ പ്രവൃത്തിയുടെയും നിലവിലെ സ്ഥിതി എന്തെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) ഒറ്റപ്പാലം അസംബ്ലി നിയോജകമണ്ഡലത്തിലെ വിവിധ വികസന പ്രവർത്തങ്ങൾക്കായി 2016-17 മുതൽ 2018-19 വരെയുള്ള സാമ്പത്തിക വർഷങ്ങളിലെ ബഡ്ജറ്റുകളിൽ എം.എൽ.എ.-മാരുടെ പ്രത്യേക വികസന നിധിയുടെ (MLA SDF) കീഴിൽ ഒരു കോടി രൂപ വീതവും നിയോജക മണ്ഡലം ആസ്തി വികസന പദ്ധതിയുടെ കീഴിൽ 5 കോടി രൂപ വീതവും വകയിരുത്തിയിട്ടുണ്ട്. പദ്ധതികളുടെയും നിർവ്വഹണ പുരോഗതിയുടെയും വിശദാംശങ്ങൾ യഥാക്രമം അനുബന്ധം 1-ഉം 2-ഉം ആയി ചേർക്കുന്നു*. കിഫ്ബിവഴിയുള്ള പ്രവൃത്തികളുടെയും നിർവ്വഹണ പുരോഗതിയുടെയും വിശദാംശങ്ങൾ അനുബന്ധം-3* ആയും മറ്റുപദ്ധതികൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം-4* ആയും ചേർക്കുന്നു.

## അക്രെഡിറ്റഡ് ഏജൻസികൾ

8 (2222) ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ധനകാര്യവകുപ്പിന്റെ അംഗീകാരമുള്ള അക്രെഡിറ്റഡ് ഏജൻസികൾ ഏതൊക്കെയെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത അക്രെഡിറ്റഡ് ഏജൻസികൾക്ക് ഏതൊക്കെ പ്രവൃത്തികൾ നിർവ്വഹിക്കുന്നതിനുള്ള അംഗീകാരമാണ് നൽകിയിട്ടുള്ളതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ&ബി) 25-7-2017-ലെ സ.ഉ.(പി) നമ്പർ 95/2017/ധന., 18-9-2017-ലെ സ.ഉ.(പി) നമ്പർ 122/2017/ധന., 9-11-2017-ലെ സ.ഉ.(പി) നമ്പർ 142/2017/ ധന., 28-2-2018-ലെ സ.ഉ.(പി) നമ്പർ 29/2018/ധന, 29-3-2018-ലെ സ.ഉ.(പി) നമ്പർ 52/2018/ധന. എന്നീ ഉത്തരവുകൾ പ്രകാരം അംഗീകാരം നൽകിയ അക്രെഡിറ്റഡ് ഏജൻസികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

## സർക്കാർ ലോട്ടറികൾക്ക് ജി.എസ്.ടി.

9 (2223) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ലോട്ടറികൾക്കും സ്വകാര്യ ലോട്ടറികൾക്കും ഒരേപോലെ പതിനെട്ട് ശതമാനം ജി.എസ്.ടി. നിരക്ക് മതിയെന്ന ജി. എസ്.ടി. കൗൺസിൽ ഉപസമിതി റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) ഈ റിപ്പോർട്ട് ജി.എസ്.ടി കൗൺസിലിൽ പാസ്സാക്കിയിട്ടുണ്ടോ; അത് സ്വകാര്യ ലോട്ടറികൾക്ക് ഏറെ സഹായകരവും സംസ്ഥാന ലോട്ടറികൾക്ക് പ്രതിബന്ധവും ഉണ്ടാക്കുമെന്നത് വസ്തുതയല്ലേ;

(സി) എങ്കിൽ ഈ നീക്കത്തിനെതിരെ ശക്തമായ നിലപാട് ജി.എസ്.ടി കൗൺസിലിൽ സ്വീകരിച്ച് സംസ്ഥാന ലോട്ടറിയെ രക്ഷിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉപസമിതിയുടെ 11-6-2019-ൽ നടന്ന രണ്ടാം സമ്മേളനത്തിൽ ഈ വിഷയം ചർച്ചയ്ക്ക് വരികയും കേരളം, പശ്ചിമ ബംഗാൾ, പഞ്ചാബ്, കർണ്ണാടക ഉൾപ്പെടെയുള്ള സംസ്ഥാനങ്ങൾ ഏകീകരണത്തെ ശക്തമായി എതിർക്കുകയുമുണ്ടായി. ഈ നീക്കത്തിനെതിരെ സംസ്ഥാന നിയമസഭ ഏകകണ്ഠമായി പ്രമേയം പാസ്സാക്കിയിട്ടുണ്ട്.

(ബി&സി) State owned ലോട്ടറികൾക്ക് 12 ശതമാനവും State authorised ലോട്ടറികൾക്ക് 28 ശതമാനവും എന്ന differential rate നിലനിർത്തണമെന്ന സംസ്ഥാന സർക്കാർ നിലപാട് 11-6-2019-ൽ ചേർന്ന GoM യോഗത്തിൽ ശക്തമായിത്തന്നെ അവതരിപ്പിച്ചിട്ടുണ്ട്. പ്രസ്തുത അഭിപ്രായവും നിയമ വ്യവസ്ഥകൾ ചൂണ്ടിക്കാണിച്ചുകൊണ്ടുള്ള നിലപാടും ജി.എസ്.ടി. കൗൺസിലിൽ കൊണ്ടുവരാൻ GoM തയ്യാറായിട്ടുണ്ട്.

**ചെങ്ങന്നൂർ നിയോജകമണ്ഡലത്തിലെ ശാർങ്ങക്കാവ് പാലം**

**നിർമ്മാണത്തിന് അനുമതി**

10 (2224) ശ്രീ. സജി ചെറിയാൻ: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചെങ്ങന്നൂർ നിയോജകമണ്ഡലത്തിലെ ശാർങ്ങക്കാവ് പാലം നിർമ്മാണത്തിന് അനുമതി ലഭിക്കുന്നതിന് ധനകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിക്ക് അയച്ചിരുന്ന 6-11-2018-ലെ 2970223/18 നമ്പർ അപേക്ഷയിൻമേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

ഉത്തരം

നിവേദനത്തിലെ ആവശ്യം ഉചിത തലത്തിൽ പരിശോധിക്കുകയും അതിലെ ശിപാർശ അടുത്ത ബഡ്ജറ്റിൽ പരിഗണിക്കാവുന്നതുമാണെന്നുള്ള വിവരം ശ്രീ. സജി ചെറിയാൻ, ബഹു. എം.എൽ.എ.-യെ 18-12-2018-ലെ നമ്പർ 940238/ഡെവ-3/216/2018-ധന എന്ന കത്ത് പ്രകാരം അറിയിച്ചിരുന്നു. (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു*). 2019-20 ബഡ്ജറ്റിൽ ക്രമ നമ്പർ 1356 ആയി ശാർങ്ങക്കാവ് പാലം ഉൾപ്പെടുത്തിയിട്ടുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## സംസ്ഥാനത്തിന്റെ ആളോഹരി കടം

11 (2225) ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 31-3-2016-ൽ സംസ്ഥാനത്തിന്റെ ആളോഹരി കടം എത്രയായിരുന്നു; നിലവിൽ ആളോഹരി കടം എത്രയാണ്;

(ബി) ആളോഹരി കടത്തിന്റെ ക്രമാതീതമായ വർദ്ധനവിന്റെ കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ) 2011-ലെ സെൻസസ് ആധാരമാക്കിയുള്ള ജനസംഖ്യ കണക്കനുസരിച്ച് 31-3-2016-ലെ സംസ്ഥാനത്തിന്റെ ആളോഹരി കടം 47,116.87 രൂപയാണ്. അക്കൗണ്ടന്റ് ജനറലിന്റെ പ്രാരംഭ കണക്കുകൾ പ്രകാരം 31-3-2019-ലെ സംസ്ഥാനത്തിന്റെ ആളോഹരി കടം 69,690.38 രൂപയാണ്.

(ബി) ക്രമാതീതമായി കടം വർദ്ധിച്ചിട്ടില്ല.

## സെക്രട്ടേറിയറ്റ് ഓഫീസ് മാന്വൽ ബാധകമല്ലാത്ത ധനകാര്യ നോഡൽ (സി) സെക്ഷൻ

12 (2226) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെക്രട്ടേറിയറ്റ് ഓഫീസ് മാന്വൽ ഖണ്ഡിക 151,152,218,10 എന്നീ വ്യവസ്ഥകളും, 24-2-2003 ലെ സ.ഉ.(എം.എസ്) നമ്പർ 3/2003/ഉ.ഭ.പ.വ, 3-6-2017 ലെ സ.ഉ. (എംഎസ്.)നമ്പർ 14/2017/ഉ.ഭ.പ.വ., 24-7-2018-ലെ റൂൾസ്2/94/2018/ഉ.ഭ.പ.വ. നമ്പർ സർക്കുലർ ഉൾപ്പെടെയുള്ളവ ധനകാര്യ നോഡൽ സി സെക്ഷന് ബാധകമാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) ഉണ്ടെങ്കിൽ ധനകാര്യ നോഡൽ സി സെക്ഷനിൽ ലഭിച്ച ഒരു ഫയൽ (കമ്പ്യൂട്ടർ നമ്പർ 379064 ഐ.ഡി. നമ്പർ 550) ദീർഘകാലം നടപടി സ്വീകരിക്കാതെ കൈവശം വച്ചതിന്റെ കാരണങ്ങൾ വിശദമാക്കാമോ;

(സി) പ്രസ്തുത ഫയൽ തീർപ്പാക്കുന്ന കാര്യത്തിൽ മേൽ സൂചിപ്പിച്ച മാന്വലിലെ വകുപ്പുകളും കാലാകാലങ്ങളിൽ സർക്കാർ പുറപ്പെടുവിച്ച ഉത്തരവുകളും ബാധകമല്ലായെന്ന് കരുതുന്നുണ്ടോ; എങ്കിൽ ഏത് വ്യവസ്ഥ പ്രകാരമാണ് പ്രസ്തുത സെക്ഷൻ പ്രവർത്തിക്കുന്നതെന്നറിയിക്കാമോ;

(ഡി) പ്രസ്തുത ഫയലിന്മേൽ കാലതാമസം വരുത്തിയ ജീവനക്കാരിൽനിന്നും വിശദീകരണം തേടിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പകർപ്പ് ലഭ്യമാക്കാമോ;

(ഇ) മേലിൽ ഇത്തരം വീഴ്ചകൾ ആവർത്തിക്കാതിരിക്കാൻ വകുപ്പുതലത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ;

(എഫ്) നടപടിക്രമങ്ങൾ പൂർത്തീകരിച്ച് പ്രസ്തുത ഫയൽ എന്നത്തേയ്ക്ക് ഭരണവകുപ്പിന് നൽകുവാൻ സാധിക്കുമെന്നറിയിക്കാമോ; വിശദമാക്കാമോ?

ഉത്തരം

(എ) സെക്രട്ടേറിയറ്റിലെ എല്ലാ സെക്ഷനുകൾക്കും സെക്രട്ടേറിയറ്റ് മാന്വലിലെ വ്യവസ്ഥകളും അനുസംബന്ധിച്ച് ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ബന്ധപ്പെട്ട ഉത്തരവുകളും ബാധകമാണ്. അതിനാൽ ധനകാര്യ നോഡൽ സെന്റർ (സി) സെക്ഷനും ബാധകമാണ്.

(ബി) കമ്പ്യൂട്ടർ നമ്പർ 379064/ഐഡി. നമ്പർ 550 ഫയൽ ദീർഘകാലം നടപടി സ്വീകരിക്കാതെ കൈവശം വച്ചിട്ടില്ല. ലോകസഭാ തെരഞ്ഞെടുപ്പിന്റെ മാതൃകാ പെരുമാറ്റ ചട്ടം നിലവിൽ വന്നതിനാൽ പുതുക്കിയ ഭരണാനുമതി ആവശ്യമുള്ള ഇത്തരം ശിപാർശകൾക്ക് അടിയന്തര സ്വഭാവത്തോടെ തീരുമാനം കൈക്കൊള്ളാൻ കഴിയാത്തതാണ് ഫയലിൽ തീരുമാനം വൈകിയതിന് കാരണം.

(സി) പ്രസ്തുത ഫയൽ തീർപ്പാക്കുന്ന കാര്യത്തിൽ സെക്രട്ടേറിയറ്റ് ഓഫീസ് മാന്വലിലെ വകുപ്പുകളും കാലാകാലങ്ങളിൽ സർക്കാർ പുറപ്പെടുവിച്ച ഉത്തരവുകളും ബാധകമാക്കിയാണ് സെക്ഷൻ പ്രവർത്തിച്ചത്.

(ഡി) പ്രസ്തുത ഫയലിൽ കാലതാമസം വരുത്തിയിട്ടില്ല.

(ഇ) വീഴ്ചകൾ സംഭവിക്കുന്നത് ശ്രദ്ധയിൽപ്പെട്ടാൽ കർശന നടപടികൾ സ്വീകരിക്കുന്നതാണ്.

(എഫ്) ടി ഫയൽ 17-5-2019-ന് ഭരണ വകുപ്പിന് മടക്കി നൽകിയിട്ടുണ്ട്.

**പ്രളയാനന്തര പുനർനിർമ്മാണത്തിന് പണം കണ്ടെത്തൽ**

13 (2227) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയാനന്തര പുനർനിർമ്മാണത്തിന് പണം കണ്ടെത്താൻ എന്തെല്ലാം വഴികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ ;

(ബി) ഇതിലൂടെ എത്ര രൂപയാണ് കണ്ടെത്തുവാനുദ്ദേശിക്കുന്നതെന്നും ഇതിനകം കണ്ടെത്തിയ തുക എത്രയാണെന്നും വ്യക്തമാക്കാമോ ;

(സി) ഈയാവശ്യത്തിനായി കഴിഞ്ഞ ബജറ്റിൽ എന്തെല്ലാം നിർദ്ദേശങ്ങളാണ് ഉണ്ടായിരുന്നതെന്നും അതുപ്രകാരം പണം കണ്ടെത്താൻ തുടങ്ങിയോയെന്നും വ്യക്തമാക്കാമോ ;

(ഡി) പ്രളയാനന്തര പുനർനിർമ്മാണത്തിന് എത്ര തുക ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്; മൊത്തം വേണ്ടിവരുന്ന തുക എത്രയാണ്; ഈ തുക എപ്രകാരം കണ്ടെത്തുവാനാണുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ-സി) പ്രളയാനന്തര പുനർനിർമ്മാണ പദ്ധതികൾ നടപ്പാക്കുന്നതിന് ആവശ്യമായ ഫണ്ടുകൾ താഴെപ്പറയുന്ന വിവിധ സ്രോതസ്സുകളിൽനിന്ന് സമാഹരിക്കുന്നതിനാണ് സർക്കാർ തീരുമാനിച്ചിട്ടുള്ളത്.

- സംസ്ഥാന ബഡ്ജറ്റ് ബഹുവിധ ഏജൻസികൾ (ലോകബാങ്ക്, എഡിബി മുതലായവ ഉൾപ്പെടെ), KfW മുതലായ ഏജൻസികൾ.
- കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുകീഴിൽ കൂട്ടുതൽ വകയിരുത്തൽ.
- കേന്ദ്ര ഗവൺമെന്റ് പദ്ധതികളുടെ കീഴിൽ ഫ്ലെക്സി ഫണ്ടിന്റെ വിന്യാസം.
- ക്രൗഡ് ഫണ്ടിംഗ്.
- മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി വഴി സമാഹരണം.
- NIDA വഴി നബാർഡ് ഫണ്ടിംഗ്.
- ഹഡ്കോയും മറ്റു വായ്പകളും.

പ്രളയാനന്തര പുനർനിർമ്മാണത്തിന് തുക കണ്ടെത്തുന്നതിനായി സംസ്ഥാനത്ത് വിൽക്കപ്പെടുന്ന ചരക്ക് സേവനങ്ങൾക്കുമേൽ ഒരു ശതമാനം സെസ്സ് അധികമായി ചുമത്താൻ ഉത്തരവായിട്ടുണ്ട്. കൂടാതെ, കേരള പുനർനിർമ്മാണ വികസന പരിപാടി (RKDP) വിവിധ ഫണ്ടിംഗ് ഏജൻസികൾക്കും വികസന പങ്കാളികൾക്കും മുമ്പാകെ അവതരിപ്പിച്ച് പദ്ധതികൾക്ക് സഹായം ലഭ്യമാക്കാനുള്ള വികസന സംഗമം (Development Partners' Conclave) സംഘടിപ്പിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

കേരള പുനർനിർമ്മാണ പദ്ധതികൾക്കായി ലോകബാങ്കിൽനിന്ന് 5,137.34 കോടി രൂപയുടെ (സംസ്ഥാന വിഹിതം ഉൾപ്പെടെ) വികസന നയവായ്പ (DPL) ജർമ്മൻ ബാങ്കായ KfW-ൽനിന്ന് 1,458 കോടി രൂപയുടെ (സംസ്ഥാന വിഹിതം ഉൾപ്പെടെ) വായ്പ എന്നിവ സംബന്ധിച്ച നടപടികൾ പുരോഗമിക്കുന്നു. ഇതിൽ വികസന നയവായ്പയായി 1,750 കോടി രൂപ ഈ വർഷം ലഭ്യമാകുമെന്ന് പ്രതീക്ഷിക്കുന്നു. പ്രളയവുമായി ബന്ധപ്പെട്ട് കേന്ദ്ര ദുരന്ത പ്രതികരണ നിധിയിൽനിന്ന് 2,904.85 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഈ തുക സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ വകയിരുത്തുകയും സംസ്ഥാന ദുരന്ത പ്രതികരണ നിധിയുടെ മാനദണ്ഡപ്രകാരം വിനിയോഗിക്കുകയും ചെയ്യുന്നു. റീബിൽഡ് കേരള പദ്ധതിക്കായി 1,000 കോടി രൂപ 2019-20 ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

(ഡി) ഐക്യരാഷ്ട്ര സഭ, യൂറോപ്യൻ യൂണിയൻ, ലോകബാങ്ക് എന്നിവയുടെ നേതൃത്വത്തിൽ പ്രളയാനന്തരം നടത്തിയ പഠനത്തിന്റെ റിപ്പോർട്ടായ Kerala Post Disaster Need Assessment (PDNA) പ്രകാരം പ്രളയാനന്തര പുനർനിർമ്മാണത്തിനായി മൊത്തം 31,000 കോടി രൂപ വേണ്ടിവരുമെന്നാണ് അനുമാനിക്കുന്നത്. ഈ തുക ലോക ബാങ്ക്, എഡിബി, KfW മുതലായ ബഹുവിധ ഏജൻസികൾ, കേന്ദ്രാവിഷ്കൃത പദ്ധതിയുടെ കൂടുതൽ വകയിരുത്തൽ, കേന്ദ്ര ഗവൺമെന്റ് പദ്ധതി ഫ്ലെക്സി ഫണ്ടിന്റെ വിന്യാസം, ക്രൗഡ് ഫണ്ടിംഗ്, CMDRF, NIDA വഴി നബാർഡ് ഫണ്ടിംഗ് ഹഡ്കോ/മറ്റ് വായ്പകൾ എന്നീ വിവിധ സ്രോതസ്സുകളിൽനിന്ന് സമാഹരിക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്.

**അയ്യായിരം കോടി രൂപയുടെ പാക്കേജ്**

14 (2228) ശ്രീ. പി. ജെ. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയ്ക്കായി അയ്യായിരം കോടി രൂപയുടെ പാക്കേജ് പ്രഖ്യാപിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതൊക്കെ മേഖലകൾക്കാണ് തുക വിനിയോഗിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ&ബി) സമഗ്രതല സ്പർശിയായ ഒരു മേഖല വികസന പരിപാടിയാണ് ഇടുക്കി പാക്കേജ്. ഇടുക്കി ജില്ലയിൽ മൂന്ന് വർഷത്തിനുള്ളിൽ നടപ്പാക്കേണ്ട 5,000 കോടി രൂപയുടെ പാക്കേജാണിത്. സംസ്ഥാനാവിഷ്കൃത പദ്ധതികൾ, കേന്ദ്രാവിഷ്കൃത പദ്ധതികൾ, തദ്ദേശ ഭരണ പദ്ധതികൾ, റീബിൽഡ് കേരളാ ഇനിഷ്യേറ്റീവ്, കിഫ്ബി എന്നീ സ്രോതസ്സുകളിൽനിന്ന് സ്കീമുകൾ സംയോജിപ്പിച്ചായിരിക്കും പാക്കേജിന് രൂപം നൽകുന്നത്. തേയിലയുടെയും കുരുമുളക്, ഏലം തുടങ്ങിയ സുഗന്ധ വിളകളുടെയും ചക്ക തുടങ്ങിയ

പഴവർഗ്ഗങ്ങളുടെയും പച്ചക്കറിയുടെയും ഉൽപ്പാദനവും ഉൽപ്പാദനക്ഷമത ഉയർത്തുന്നതിനും ഉൽപ്പന്നങ്ങളുടെ മൂല്യവർദ്ധനയും ലക്ഷ്യമിട്ടുകൊണ്ടുള്ള ഒരു വികസന തന്ത്രമാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ക്ഷീരസാഗരം മാതൃകയിൽ കന്നുകാലി വളർത്തൽ സമഗ്ര പദ്ധതി ആരംഭിക്കുക, ബ്രഹ്മഗിരി മാതൃകയിൽ ഇറച്ചി സംസ്കരണ യൂണിറ്റ് സ്ഥാപിക്കുക, എല്ലാ കർഷകർക്കും സോയിൽ ഹെൽത്ത് കാർഡ് നൽകുകയും അതിന്റെയടിസ്ഥാനത്തിൽ ആവശ്യമായ ജൈവവളം, ജീവാണുവളം, കുമ്മായം, ഡോളമൈറ്റ് തുടങ്ങിയവ കാലവർഷം എത്തുന്നതിനുമുമ്പുതന്നെ ജില്ലയിലെ മുഴുവൻ കർഷകർക്കും ലഭ്യമാക്കുക, നീർത്തടാടിസ്ഥാനത്തിലുള്ള സമഗ്ര ഭൂവിനിയോഗാസൂത്രണം ജനകീയ പങ്കാളിത്തത്തോടെ നടപ്പാക്കുക, ടൂറിസം ക്ലസ്റ്ററുകളും സർക്യൂട്ടുകളും ആവിഷ്കരിക്കുക, പ്രളയംമൂലവും മറ്റിടങ്ങളിൽ ഉരുൾപൊട്ടൽമൂലവും വീടും സ്ഥലവും പൂർണ്ണമായും നഷ്ടപ്പെട്ടവരെ പുനരധിവസിപ്പിക്കാൻ പ്രത്യേക തുക അനുവദിക്കുക, ഇടുക്കി മെഡിക്കൽ കോളേജിന്റെ അടുത്ത കെട്ടിടം പൂർത്തീകരിക്കുക മുതലായവ ഉൾക്കൊള്ളുന്നതാണ് ഈ പാക്കേജ്.

## കാരുണ്യ ചികിത്സാ ധനസഹായ പദ്ധതി

15 (2229) ശ്രീ. ടി. എ. അഹമ്മദ് കബീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാരുണ്യ ചികിത്സാ ധനസഹായ പദ്ധതിയുടെ നിലവിലെ അവസ്ഥ വ്യക്തമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം അനുവദിച്ച ചികിത്സാധനസഹായം എത്ര ഗുണഭോക്താക്കൾക്ക് എതെല്ലാം ഇനത്തിൽ അനുവദിച്ചു എന്നതിന്റെ ജില്ലാടിസ്ഥാനത്തിലുള്ള കണക്ക് ലഭ്യമാക്കാമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മങ്കട നിയോജകമണ്ഡലത്തിൽ നിന്നും ചികിത്സാസഹായത്തിനായി എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

### ഉത്തരം

(എ) കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതി കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിൽ 1-4-2019 മുതൽ ലയിപ്പിച്ചിട്ടുണ്ട്. എന്നിരുന്നാലും പ്രസ്തുത പദ്ധതിയുടെ പ്രവർത്തനം 1-4-2019 മുതൽ മൂന്ന് മാസത്തേയ്ക്ക് മുൻ സ്ഥിതിയിൽ തുടരാൻ സർക്കാർ അനുമതി നൽകിയിട്ടുണ്ട്.

(ബി) ഇതുസംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു*.

(സി) നിയോജക മണ്ഡലം തിരിച്ചുള്ള വിവരം ലഭ്യമല്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## പദ്ധതി ചെലവ്

16 (2230) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019 ഫെബ്രുവരി 28 വരെ ആകെയുള്ള പദ്ധതി ചെലവ് എത്ര ശതമാനമായിരുന്നുവെന്ന് വ്യക്തമാക്കുമോ; ഇത് 2018,2017,2016,2015 എന്നീ വർഷങ്ങളിൽ എത്ര ശതമാനമായിരുന്നുവെന്ന് അറിയിക്കാമോ;

(ബി) 2019 മാർച്ച് 31 വരെ ആകെയുള്ള പദ്ധതി ചെലവ് എത്ര ശതമാനമായിരുന്നുവെന്ന് വ്യക്തമാക്കുമോ; ഇത് 2018,2017,2016,2015 എന്നീ വർഷങ്ങളിൽ എത്ര ശതമാനമായിരുന്നുവെന്ന് അറിയിക്കാമോ;

(സി) സാമ്പത്തികവർഷത്തിന്റെ അവസാന മാസത്തിൽ ചെലവ് നിയന്ത്രിക്കുന്നതിനായി പദ്ധതിവിഹിതം നേരത്തെ വിനിയോഗിക്കാൻ മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിരുന്നോ; എങ്കിൽ വിശദമാക്കുമോ; ആയത് നടപ്പിലായില്ലെങ്കിൽ കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) 2014-15 സാമ്പത്തിക വർഷം മുതൽ 2018-19 വരെയുള്ള ഫെബ്രുവരി, മാർച്ച് എന്നീ മാസങ്ങൾ വരെയുള്ള പദ്ധതി ചെലവ് സംബന്ധിച്ച പട്ടിക ചുവടെ ചേർക്കുന്നു:

(ശതമാനത്തിൽ)

| സാമ്പത്തിക വർഷം | ഫെബ്രുവരി | മാർച്ച് |
|---|---|---|
| 2014-15 | 53.97 | 71.26 |
| 2015-16 | 46.36 | 82.30 |
| 2016-17 | 56.75 | 84.15 |
| 2017-18 | 65.31 | 90.25 |
| 2018-19* | 54.76 | 76.32 |

* 20% പദ്ധതി വെട്ടിച്ചുരുക്കൽ ഏർപ്പെടുത്തിയതിനാലാണ് മാർച്ച് വരെയുള്ള ചെലവിൽ കുറവ് വന്നത്.

(സി) 20/2017/ഫിൻ നമ്പർ സർക്കുലർ പ്രകാരം മാർച്ച് മാസത്തിനുമുമ്പ് തദ്ദേശഭരണ സ്ഥാപനങ്ങളടക്കം എല്ലാ വകുപ്പുകളും 85 ശതമാനം പദ്ധതിച്ചെലവ് നടത്തിയിരിക്കണമെന്നും ബാക്കി 15 ശതമാനം മാർച്ച് മാസത്തിൽ ചെലവ് ചെയ്യാനുമാണ് നിർദ്ദേശിച്ചിട്ടുള്ളത്. ഇപ്രകാരം പദ്ധതി വിഹിതം ചെലവഴിക്കുമ്പോൾ അവസാന പാദത്തിലെ ചെലവ് 33 ശതമാനത്തിൽ കൂടരുതെന്നും നിഷ്കർഷിച്ചിട്ടുണ്ട്.

## വാർഷിക പദ്ധതിയിൽ വെട്ടിക്കുറവ്

17 (2231) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് കേന്ദ്ര വിഹിതമായി നേരിട്ടും സംസ്ഥാനത്തിൻെറ കൺസോളിഡേറ്റഡ് ഫണ്ട് വഴിയും 2017-18, 2018-19 സാമ്പത്തിക വർഷം എന്ത് തുക ലഭിച്ചുവെന്ന് വ്യക്തമാക്കാമോ;

(ബി) 2018-19 വാർഷിക പദ്ധതിയിൽ നാളിതുവരെ എത്ര കോടി രൂപ ഓരോ വകുപ്പും ചെലവഴിച്ചുവെന്ന് വ്യക്തമാക്കാമോ; ഏറ്റവും കൂടുതലും കുറവും തുക ചെലവാക്കിയ വകുപ്പുകളേതെന്നറിയിക്കാമോ; വകുപ്പുകളുടെ പെർഫോമൻസ് വ്യക്തമാക്കാമോ;

(സി) പ്രളയാനന്തര കേരളം കെട്ടിപ്പടുക്കുന്നതിന് ഈ വർഷത്തെ പദ്ധതി ചെലവിൽ വെട്ടിക്കുറവ് വരുത്തിയിട്ടുണ്ടോ; എങ്കിൽ എത്ര ശതമാനമാണ് കുറവ് വരുത്തിയത്;

(ഡി) സംസ്ഥാനത്തിന്റെ ഇപ്പോഴത്തെ സാമ്പത്തിക സ്ഥിതി വെളിപ്പെടുത്താമോ;

(ഇ) ഈ സാമ്പത്തിക വർഷത്തെ നികുതി പിരിവിന്റെ ഇതുവരെയുള്ള പുരോഗതി അറിയിക്കാമോ?

### ഉത്തരം

(എ) അക്കൗണ്ടന്റ് ജനറലിന്റെ അന്തിമ കണക്കുകൾ പ്രകാരം വിവിധ കേന്ദ്രാവിഷ്കൃത പദ്ധതികൾക്കും കേന്ദ്ര പദ്ധതികൾക്കുമുള്ള കേന്ദ്ര വിഹിതമായി 2017-18-ൽ നിർവ്വഹണ ഏജൻസികൾവഴി നേരിട്ട് (5 കോടി രൂപയും അതിന് മുകളിലും ചെലവുള്ള പദ്ധതികൾക്കായി) 3,444.23 കോടി രൂപയും

സംസ്ഥാനത്തിന്റെ കൺസോളിഡേറ്റഡ് ഫണ്ട് വഴി 3,382.01 കോടി രൂപയും ഉൾപ്പെടെ ആകെ 6,826.24 കോടി രൂപ ലഭിച്ചിട്ടുണ്ട്. പി.എഫ്.എം.എസ്. വെബ് പോർട്ടലിലെ കണക്കുകൾപ്രകാരം വിവിധ കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് കേന്ദ്ര വിഹിതമായി 2018-19 സാമ്പത്തിക വർഷം നിർവ്വഹണ ഏജൻസികൾവഴി നേരിട്ട് 2,815.70 കോടി രൂപയും സംസ്ഥാനത്തിന്റെ കൺസോളിഡേറ്റഡ് ഫണ്ടുവഴി 4,150.62 കോടി രൂപയും ഉൾപ്പെടെ ആകെ 6,966.32 കോടി രൂപ ലഭിച്ചിട്ടുണ്ട്.

(ബി) 2018-19 വാർഷിക പദ്ധതിയിൽ 2,2248.54 കോടി രൂപ ആകെ ചെലവഴിച്ചിട്ടുണ്ട്. പിന്നാക്ക വിഭാഗ വികസന വകുപ്പ് ഏറ്റവും കൂടുതൽ തുക (259.69 ശതമാനം) ചെലവഴിച്ചപ്പോൾ ഭവന നിർമ്മാണ വകുപ്പാണ് ഏറ്റവും കുറവ് തുക (2.85 ശതമാനം) ചെലവാക്കിയത്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്*.

(സി) 2018 ആഗസ്റ്റ് മാസത്തിൽ സംസ്ഥാനത്തുണ്ടായ പ്രളയക്കെടുതിയെത്തുടർന്ന് പദ്ധതികളുടെ മുൻഗണനാ പുനഃക്രമീകരണം നടത്താൻ വകുപ്പുകൾക്ക് നിർദ്ദേശം നൽകിയിരുന്നു. ഇതിനെത്തുടർന്ന് പൊതുമരാമത്ത് വകുപ്പ്, ജലസേചന വകുപ്പ് എന്നിവ ഒഴികെയുള്ള വകുപ്പുകളുടെ 2018-19-ലെ പദ്ധതിയടങ്കലിൽ 20% കുറവ് വരുത്താൻ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. ഇതുമായി ബന്ധപ്പെട്ട് ഈ വർഷത്തെ പദ്ധതി ചെലവിൽ വെട്ടിക്കുറവ് വരുത്തിയിട്ടില്ല.

(ഡി) സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി സംബന്ധിച്ചുള്ള അക്കൗണ്ടന്റ് ജനറലിന്റെ 2018-19 വർഷത്തെ അന്തിമ കണക്ക് ഇതുവരെ ലഭ്യമായിട്ടില്ല. ആയത് ലഭ്യമാകുന്ന മുറയ്ക്കേ ഇതുസംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാകുകയുള്ളൂ. 2019-20 സാമ്പത്തിക വർഷത്തെ ആദ്യപാദ കണക്കുകൾ ലഭ്യമായാൽ മാത്രമേ നിലവിലെ സാമ്പത്തിക സ്ഥിതി 2018-19 സാമ്പത്തിക വർഷവുമായി താരതമ്യം ചെയ്യാൻ സാധിക്കുകയുള്ളൂ.

(ഇ) സംസ്ഥാനത്തിന്റെ നികുതി പിരിവ് സംബന്ധിച്ച് അക്കൗണ്ടന്റ് ജനറലിന്റെ 2019 ഏപ്രിൽ മാസം വരെയുള്ള താൽക്കാലിക കണക്ക് മാത്രമേ ലഭ്യമായിട്ടുള്ളൂ. ആയത് പ്രകാരം 2019 ഏപ്രിൽ 30 വരെയുള്ള നികുതി പിരിവ് 3,399.85 കോടി രൂപയാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## വിശപ്പുരഹിത കേരളം പദ്ധതി

18 (2233) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-19 സാമ്പത്തിക വർഷത്തിൽ വിശപ്പുരഹിത കേരളം പദ്ധതിയ്ക്കായി എത്ര തുകയായിരുന്നു വകയിരുത്തിയിരുന്നത്; വിശദമാക്കാമോ;

(ബി) ഇതിൽ എത്ര തുകയാണ് 2018-19 സാമ്പത്തിക വർഷം വിനിയോഗിച്ചത്; മുഴുവൻ തുകയും വിനിയോഗിക്കാൻ കഴിഞ്ഞില്ലായെങ്കിൽ ആയതിന്റെ കാരണം വിശദമാക്കാമോ?

ഉത്തരം

(എ&ബി) 2018-19 സാമ്പത്തിക വർഷം വിശപ്പുരഹിത കേരളം പദ്ധതിക്ക് ബഡ്ജറ്റ് വിഹിതമായി 14 കോടി രൂപയും ആദ്യ ഉപധനാഭ്യർത്ഥന മുഖാന്തരം 6 കോടി രൂപയും ഉൾപ്പെടെ ആകെ 20 കോടി രൂപ വകയിരുത്തിയിരുന്നു. 29-11-2018-ലെ സ.ഉ. (സാധാ) നമ്പർ 613/2018/ഭ.പൊ.വി.വ. പ്രകാരം 3.52 കോടി രൂപയുടെ ഭരണാനുമതി നൽകുകയും ചെയ്തു. ഇതിൽ 31-3-2019 വരെ 2.2 കോടി രൂപ വിനിയോഗിച്ചിട്ടുമുണ്ട്. എന്നാൽ ലോകസഭാ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട പെരുമാറ്റചട്ടം നിലവിൽ വന്നതിനാൽ കോട്ടയം, കൊല്ലം ജില്ലകൾക്ക് അനുവദിച്ച തുക വിനിയോഗിക്കാൻ കഴിഞ്ഞിട്ടില്ല.

സംസ്ഥാനത്തുണ്ടായ പ്രളയക്കെടുതികളുടെ പശ്ചാത്തലത്തിൽ വിശപ്പുരഹിത കേരളം പദ്ധതിക്കായി ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന തുക വകുപ്പിന്റെതന്നെ മറ്റേതെങ്കിലും പദ്ധതിക്കായോ പ്രളയ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായോ വകമാറ്റുന്നതിന് സർക്കാർ നിർദ്ദേശം ലഭിച്ചതിനനുസരിച്ച് ടി പദ്ധതിക്കായി അനുവദിച്ചിരുന്ന 20 കോടി രൂപയിൽ നിന്നും 21-1-2019-ലെ സ.ഉ. (സാധാ) നമ്പർ 5/2019/ധന പ്രകാരം 9.9 കോടി രൂപ കുറവ് വകുത്തുകയുണ്ടായി.

## സാമൂഹ്യസുരക്ഷാ പെൻഷൻ മാനദണ്ഡങ്ങൾ

19 (2234) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാർ അധികാരം ഒഴിയുമ്പോൾ എത്ര രൂപയുടെ സാമൂഹ്യസുരക്ഷാ പെൻഷൻ കുടിശ്ശിക നൽകാനുണ്ടായിരുന്നു; എത്ര പേർക്ക് നൽകിയിരുന്നു ;

(ബി) ഈ സർക്കാർ വന്നതിനുശേഷം എത്ര രൂപ സാമൂഹ്യസുരക്ഷാ പെൻഷൻ നൽകിയിട്ടുണ്ട് ; എത്ര പേർക്ക് നൽകിവരുന്നുണ്ട് ;

(സി) സാമൂഹ്യസുരക്ഷാ പെൻഷൻ നൽകുന്നതിനുള്ള പൊതുമാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) മുൻ സർക്കാർ അധികാരമൊഴിയുമ്പോൾ 1,473.67 കോടി രൂപ കുടിശ്ശികയുണ്ടായിരുന്നു. 3443414 പേർക്ക് സാമൂഹ്യ സുരക്ഷാ പെൻഷൻ മുൻ സർക്കാരിന്റെ കാലത്ത് നൽകിയിരുന്നു.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സാമൂഹ്യ സുരക്ഷാ പെൻഷൻ ഇനത്തിൽ 16,925.40 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്. നിലവിൽ 4525579 ഗുണഭോക്താക്കൾക്കാണ് സാമൂഹ്യ സുരക്ഷാ പെൻഷൻ നൽകിവരുന്നത്.

(സി) മറുപടി അനുബന്ധമായി ചേർത്തിട്ടുണ്ട്*.

**കാരുണ്യ ചികിത്സാ ധനസഹായ പദ്ധതി**

20 (2235) ശ്രീ. രാജു എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ആശുപത്രികൾ ഒഴികെ കാരുണ്യചികിത്സ ധനസഹായപദ്ധതിയിൽ ഇപ്പോഴും ഉൾപ്പെട്ടിട്ടുള്ള ആശുപത്രികളുടെ ജില്ലതിരിച്ചുള്ള ലിസ്റ്റ് ലഭ്യമാക്കാമോ;

(ബി) അത്യാധുനിക ചികിത്സാസൗകര്യങ്ങളുള്ള സ്വകാര്യ ആശുപത്രികളിൽ പലതും കാരുണ്യ സ്കീമിൽ ഉൾപ്പെടാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) അത്യാധുനിക ചികിത്സാസൗകര്യങ്ങളുള്ള സ്വകാര്യ ആശുപത്രികളെ നിർബന്ധമായും കാരുണ്യചികിത്സാ സഹായപദ്ധതിയിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ;

(ഡി) കാരുണ്യ സ്കീമിൽ ഉൾപ്പെട്ട ചില സ്വകാര്യ ആശുപത്രികൾ രോഗികളുടെ യഥാർത്ഥ ചികിത്സാച്ചെലവിന്റെ പലമടങ്ങ് കുറവ് മാത്രം തുക എഴുതിക്കൊടുക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിനെതിരെ എന്ത് നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഉത്തരം

(എ) കാരുണ്യ ബെനവലന്റ് ഫണ്ടിൽ അക്രെഡിറ്റ് ചെയ്തിട്ടുള്ള സ്വകാര്യ ആശുപത്രികളുടെയും സ്വകാര്യ ഡയാലിസിസ് സെന്ററുകളുടെയും ജില്ല തിരിച്ചുള്ള ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്*.

(ബി&സി) പദ്ധതിയുടെ പാക്കേജ് നിരക്കും വ്യവസ്ഥകളും അംഗീകരിച്ച് സംസ്ഥാനത്തെ അത്യാധുനിക ചികിത്സാ സൗകര്യങ്ങളുള്ള സ്വകാര്യ ആശുപത്രികൾ ഉൾപ്പെടെ നിലവിൽ 61 സ്വകാര്യ ആശുപത്രികളും 27 സ്വകാര്യ ഡയാലിസിസ് സെന്ററുകളും അക്രെഡിറ്റേഷനിലുണ്ട്. സംസ്ഥാനത്തെ ചികിത്സാ സഹായ പദ്ധതികളെല്ലാം സമന്വയിപ്പിച്ച് ആയുഷ്മാൻ ഭാരത് പദ്ധതിയുടെ ഭാഗമായി കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി എന്നപേരിൽ (KASP) സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതി നിലവിൽ വന്നിട്ടുണ്ട്. പ്രസ്തുത പദ്ധതിയിൽ ആശുപത്രി അക്രെഡിറ്റേഷൻ പുരോഗമിക്കുകയാണ്. കാരുണ്യ പദ്ധതിയിൽ അക്രെഡിറ്റ് ചെയ്യുന്നതിന് ഇനി പ്രസക്തിയില്ല.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സർക്കാർ നിശ്ചയിച്ചിട്ടുള്ള പാക്കേജ് നിരക്ക് പ്രകാരമാണ് സ്വകാര്യ അക്രെഡിറ്റഡ് ആശുപത്രികൾക്ക് ചികിത്സാ തുക അനുവദിക്കുന്നത്.

## 2018-19 സാമ്പത്തിക വർഷത്തെ പദ്ധതി

21 (2236) ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ വകുപ്പുകളുടെ 2018-19 സാമ്പത്തിക വർഷത്തെ പദ്ധതി പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ;വിശദമാക്കുമോ;

(ബി) ഓരോ വകുപ്പും 2018-19- ൽ എത്ര ശതമാനം പ്ലാൻ ഫണ്ട് ചെലവഴിച്ചു;

(സി) ഓരോ വകുപ്പിന്റെയും ഏതൊക്കെ നോൺ പ്ലാൻ/പ്ലാൻ ഇനങ്ങളാണ് ഇ -ലാംസിലേയ്ക്ക് മാറ്റിയത്; തുക അടക്കമുള്ള വിശദവിവരങ്ങൾ നൽകുമോ?

ഉത്തരം

(എ&ബി) 2018-19 വാർഷിക പദ്ധതിയിൽ ആകെ 22,248.54 കോടി രൂപ (76.32%) വിവിധ വകുപ്പുകൾ ചെലവഴിച്ചിട്ടുണ്ട്. 2018-19 വാർഷിക പദ്ധതിയിൽ ഓരോ വകുപ്പും ചെലവഴിച്ച പ്ലാൻ ഫണ്ട് സംബന്ധിച്ച വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു+.

(സി) 2018-19 സാമ്പത്തിക വർഷത്തിൽ ഇ-ലാംസിൽ ഉൾപ്പെടുത്തിയ തുകകളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു*.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## ധന ദൃഢീകരണം

22 (2237) ശ്രീ. കെ. സുരേഷ് കുറുപ്പ് :
ശ്രീ. എ. എൻ. ഷംസീർ :
ശ്രീ. മുരളി പെരുനെല്ലി :
ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാർ റവന്യൂ കമ്മി ഇല്ലാതാക്കുമെന്ന് പ്രഖ്യാപിക്കുകയും അതിന് വിപരീതമായി സംസ്ഥാന തനതു നികുതി വരുമാനത്തിന്റെ വളർച്ചാതോത് വളരെ താണ നിലയിലെത്തിക്കുകയും ചെയ്ത സ്ഥിതിയിൽ നിന്ന് കടുത്ത പ്രതിബന്ധങ്ങൾ അതിജീവിച്ചുകൊണ്ട് സാമ്പത്തിക ദൃഢീകരണം സാധ്യമാക്കുന്നതിന് നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് അറിയിക്കാമോ;

(ബി) സംസ്ഥാന പദ്ധതികൾക്കുള്ള കേന്ദ്ര വിഹിതം നിർത്തലാക്കിയതും മുഖ്യ കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുള്ള വിഹിതത്തിൽ കുറവ് വരുത്തിയതും ധനദൃഢീകരണ പ്രക്രിയയെ എങ്ങനെ ബാധിച്ചുവെന്ന് അറിയിക്കാമോ;

(സി) സാമൂഹ്യസേവന മേഖലയിലും സാമ്പത്തികസേവന മേഖലയിലും ചെലവിൽ കുറവ് വരുത്താതെ റവന്യൂ കമ്മി കുറയ്ക്കാനായി ചെയ്തു വരുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ-സി) 2013-14 മുതൽ സംസ്ഥാനത്തിന്റെ നികുതി വരുമാന വളർച്ച ക്രമാതീതമായി താഴ്ന്നു. ഇത് കമ്മി വർദ്ധിക്കുന്നതിനും സാമ്പത്തിക പ്രതിസന്ധി രൂക്ഷമാക്കുന്നതിനും ഇടവരുത്തി. കൂടാതെ മുൻസർക്കാർ അധികാരമൊഴിയുമ്പോൾ പലയിനങ്ങളിലായി കൈമാറിയ ബാധ്യതകളും സംസ്ഥാനത്തിന്റെ ധനപ്രതിസന്ധി രൂക്ഷമാക്കിയിട്ടുണ്ട്. ചരക്ക് സേവന നികുതി സംവിധാനം നടപ്പിലാക്കിയതോടുകൂടി നികുതി സമാഹരണത്തിന്മേൽ ഇടപെടാനുള്ള സംസ്ഥാനത്തിന്റെ അധികാരപരിധി പരിമിതമാക്കപ്പെട്ടു. കേന്ദ്ര നികുതി വിഹിതത്തിലും കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുള്ള കേന്ദ്ര സഹായത്തിലും ആനുപാതികമായ വർദ്ധനവ് ഉണ്ടാകാത്തതും സാമ്പത്തിക ഞെരുക്കം വർദ്ധിപ്പിച്ചു. ഈ സാഹചര്യത്തിലും സംസ്ഥാനത്ത് നടപ്പിലാക്കിവരുന്ന വികസന പ്രവർത്തനങ്ങൾക്ക് വീഴ്ചയുണ്ടാകാതിരിക്കുന്നതിന് പ്രത്യേകം ശ്രദ്ധ നൽകിയിട്ടുണ്ട്. 2006-7-ൽ തുടങ്ങിയ ധനദൃഢീകരണ പാതയിലേയ്ക്ക് സംസ്ഥാനത്തെ തിരിച്ചുകൊണ്ടുവരുന്നതിന് വിവിധ നടപടികളാണ് സർക്കാർ സ്വീകരിച്ചുവരുന്നത്.

ചരക്ക് സേവന നികുതി സംവിധാനത്തിൽ നിലവിലുള്ള ന്യൂനതകൾ പരിഹരിച്ച് വരുമാനം വർദ്ധിപ്പിക്കുന്നതിനുവേണ്ടി സംസ്ഥാനത്തിന്റേതായിട്ടുള്ള ക്രിയാത്മകമായ പല നിർദ്ദേശങ്ങളും ചരക്ക് സേവന നികുതി സമിതിയിൽ അവതരിപ്പിച്ചിട്ടുണ്ട്. ഇ-വേ ബിൽ സംവിധാനം ഏർപ്പെടുത്തിയതോടുകൂടി അന്തർസംസ്ഥാന വ്യാപാരത്തിന്മേലുള്ള നികുതി ചോർച്ച തടയാനാകുമെന്നും അതിലൂടെ ഉപഭോക്തൃ സംസ്ഥാനമെന്ന നിലയിൽ കൂടുതൽ വരുമാനം ലഭ്യമാകുമെന്നും പ്രതീക്ഷിക്കുന്നു. സംസ്ഥാനത്തിന്റെ അധികാര പരിധിയിൽ വരുന്ന നികുതി നികുതിയേതര സ്രോതസ്സുകളിൽനിന്നുള്ള ധനസമാഹരണം മെച്ചപ്പെടുത്തുന്നതിന് അതത് വകുപ്പുകൾ മുഖേന പ്രത്യേക വിഭവ സമാഹരണ യജ്ഞങ്ങൾ നടത്തിവരുന്നു. അതിന്റെ ഭാഗമായി റവന്യൂ റിക്കവറിയുടെ വേഗത വർദ്ധിപ്പിക്കുക, അഴിമതി നിർമ്മാർജ്ജനം ചെയ്യുക, ഇന്റേണൽ ഓഡിറ്റ് സംവിധാനം ശക്തിപ്പെടുത്തുക, വകുപ്പുകളുടെ സാങ്കേതിക നവീകരണം നടപ്പിലാക്കുക, നികുതി നിയമങ്ങളെക്കുറിച്ചുള്ള ഉപഭോക്തൃ അവബോധം വർദ്ധിപ്പിക്കുക, വ്യാപാരി സൗഹൃദ സമീപനം നടപ്പിലാക്കുക എന്നീ പദ്ധതികളും നടപ്പിലാക്കി വരുന്നു. പ്രസ്തുത നടപടികളുടെ ഭാഗമായി വാഹന നികുതി വരുമാനത്തിലുണ്ടായ വർദ്ധനവ് പ്രത്യേകം ശ്രദ്ധേയമാണ്. ഇതിനുപുറമേ സംസ്ഥാനത്തിന്റെ ധനസ്ഥിതി സംതുലിതമാക്കുന്നതിന്റെ ഭാഗമായി അനാവശ്യ ചെലവുകൾ ഒഴിവാക്കുന്നതിനും പ്രത്യേക ശ്രദ്ധ നൽകുന്നുണ്ട്.

## നികുതി നികുതിയേതര വരുമാനം

23 (2238) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2016 ഏപ്രിൽ 1 മുതൽ 2019 മാർച്ച് 31 വരെ ലഭിച്ച നികുതി നികുതിയേതര വരുമാനം എത്രയാണെന്ന് വെളിപ്പെടുത്തുമോ;

(ബി) നോട്ടുനിരോധനവും ജി.എസ്.ടി.യും വന്നതിനുശേഷം നികുതി നികുതിയേതര വരുമാനത്തിൽ കുറവുണ്ടായിട്ടുണ്ടോ; വ്യക്തമാക്കാമോ ;

(സി) ജി.എസ്.ടി. നടപ്പിൽ വന്നതിനുശേഷം കേന്ദ്രത്തിൽ നിന്നും സംസ്ഥാനത്തിന് ലഭിച്ച നികുതി വിഹിതം എത്രയാണ്; വിശദമാക്കുമോ;

(ഡി) നികുതിയേതര വരുമാനം വർദ്ധിപ്പിക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ-സി)

| വർഷം | സംസ്ഥാന തനത് നികുതി വരുമാനം | സംസ്ഥാന തനത് നികുതിയേതര വരുമാനം | ജി.എസ്.ടി. നടപ്പിലാക്കിയ ശേഷമുള്ള കേന്ദ്ര നികുതി വിഹിതം |
|---|---|---|---|
| | | | (തുക കോടിയിൽ) |
| 2016-17 | 42,176.38 | 9,699.98 | ---- |
| 2017-18 | 46,459.61 | 11,199.61 | 16,833.08 |
| 2018-19* | 50,654.08 | 10,511.22 | 19,028.63 |
| *അക്കൗണ്ടന്റ് ജനറലിന്റെ പ്രാരംഭ കണക്കുകൾ പ്രകാരമുള്ളത്. | | | |

(ഡി) നികുതിയേതര വരുമാനത്തിൽ വർദ്ധനവ് ലക്ഷ്യംവച്ച് 8-3-2019-ലെ സ.ഉ. (അച്ചടി) നമ്പർ 28/2019/ധന പ്രകാരം സർക്കാർ വകുപ്പുകൾ പൊതുമേഖലാ/ഗ്രാന്റ്-ഇൻ-എയ്ഡ് സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്ന് നൽകിവരുന്ന വിവിധ സേവനങ്ങൾക്കുള്ള ഫീസുകൾ/ചാർജ്ജുകൾ എന്നിവയിൽ 1-4-2019 മുതൽ പ്രാബല്യം നൽകി 5% വർദ്ധനവ് വരുത്തിയിട്ടുണ്ട്. എല്ലാ വകുപ്പുകളുമായി ബന്ധപ്പെട്ട പ്രതിമാസ നികുതിയേതര വരുമാനം ധനകാര്യ വകുപ്പ് നിരീക്ഷിക്കുന്നുണ്ട്. 3 മാസത്തിലൊരിക്കൽ ധനകാര്യ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ യോഗംചേർന്ന് നികുതിയേതര വരുമാനം അവലോകനം ചെയ്യാൻ തീരുമാനിച്ചിട്ടുണ്ട്.

**നികുതി-നികുതിയേതര വരുമാനം വർദ്ധിപ്പിക്കുന്നതിന് നടപടി**

24 (2239) <u>ശ്രീ. അബ്ദുൽ ഹമീദ് പി.</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-19 സാമ്പത്തിക വർഷം പ്രതീക്ഷിച്ച വിധം നികുതി വരുമാനവും നികുതിയേതര വരുമാനവും സമാഹരിക്കാൻ സാധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്തിന്റെ നികുതി-നികുതിയേതര വരുമാനം വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 2018-19 സാമ്പത്തിക വർഷം സംസ്ഥാനത്ത് തനത് നികുതി വരുമാനമായി 58,588.44 കോടി രൂപ പ്രതീക്ഷിച്ചെങ്കിലും അക്കൗണ്ടന്റ് ജനറലിന്റെ താൽക്കാലിക കണക്കുകൾ പ്രകാരം പ്രസ്തുത സാമ്പത്തിക വർഷം 50,654.08 കോടി രൂപ മാത്രമേ ലഭിച്ചുള്ളൂ.

നികുതിയേതര വരുമാനമായി 14,271.14 കോടി രൂപ പ്രതീക്ഷിച്ചെങ്കിലും അക്കൗണ്ടന്റ് ജനറലിന്റെ താൽക്കാലിക കണക്കുകൾ പ്രകാരം പ്രസ്തുത സാമ്പത്തിക വർഷം 10,511.22 കോടി രൂപ ലഭിച്ചു.

(ബി) നികുതിയേതര വരുമാനത്തിൽ വർദ്ധനവ് ലക്ഷ്യംവച്ച് 8-3-2019-ലെ സ.ഉ.(അച്ചടി) നമ്പർ 28/2019/ധന. പ്രകാരം സർക്കാർ വകുപ്പുകൾ, പൊതുമേഖലാ/ഗ്രാന്റ്-ഇൻ-എയ്ഡ് സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽനിന്ന് നൽകിവരുന്ന വിവിധ സേവനങ്ങൾക്കുള്ള ഫീസുകൾ/ചാർജ്ജുകൾ എന്നിവയിൽ 1-4-2019 മുതൽ പ്രാബല്യം നൽകി 5% വർദ്ധനവ് വരുത്തിയിട്ടുണ്ട്. എല്ലാ വകുപ്പുകളുമായി ബന്ധപ്പെട്ട പ്രതിമാസ നികുതിയേതര വരുമാനം ധനകാര്യ വകുപ്പ് നിരീക്ഷിക്കുന്നുണ്ട്. 3 മാസത്തിലൊരിക്കൽ ധനകാര്യ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്ന് നികുതിയേതര വരുമാനം അവലോകനം ചെയ്യാനും തീരുമാനിച്ചിട്ടുണ്ട്.

## സെസ്സുകൾ മുഖേന ലഭിച്ച തുക

25 (2240) ശ്രീ. പി. സി. ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ എത്ര തരം സെസുകൾ ഉണ്ട്; വിശദമാക്കാമോ;

(ബി) പ്രസ്തുത സെസുകൾ മുഖേന സർക്കാരിന് ലഭിച്ച തുക എത്രയെന്ന് വ്യക്തമാക്കാമോ;

(സി) ലൈബ്രറി സെസ് മുഖേന ലഭിച്ച തുക ലൈബ്രറികളുടെ വികസനത്തിനായി അനുവദിച്ച് നൽകാറുണ്ടോ; വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) നൽകാറുണ്ട്. സർക്കാർ ഗ്രാന്റ്, ലൈബ്രറി സെസ്സ് എന്നിവ ഉൾപ്പെടുന്ന സ്റ്റേറ്റ് ലൈബ്രറി ഫണ്ട് ഉപയോഗിച്ചാണ് സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന്റെ പ്രവർത്തനങ്ങൾ നടത്തുന്നത്. ഗ്രന്ഥശാലകളുടെ പുസ്തക ഗ്രാന്റ്, ലൈബ്രേറിയൻ അലവൻസ്, ലൈബ്രറികൾ കേന്ദ്രീകരിച്ച് നടപ്പിലാക്കുന്ന ജില്ലാ വികസന പദ്ധതികൾ, സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ സംസ്ഥാന പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന വികസന പരിപാടികൾ, പ്രോജക്ടുകൾ തുടങ്ങിയ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് സർക്കാർ ഗ്രാന്റ് അപര്യാപ്തമായതുകൊണ്ട് ലൈബ്രറി സെസ്സ് തുക ഉപയോഗപ്പെടുത്തി ലൈബ്രറികളുടെ വികസനം സാധ്യമാക്കുന്നു.

**പ്രളയാനന്തര പുനർനിർമ്മാണ പ്രവർത്തനങ്ങൾ**

26 (2241) ശ്രീ. പി. ഉണ്ണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയാനന്തര കേരള പുനർനിർമ്മാണ പ്രവർത്തനങ്ങൾക്കായി 1-9-2018 മുതൽ 31-3-2019 വരെ വിവിധ വകുപ്പുകൾക്ക് അനുവദിച്ച തുകയുടെ വിശദാംശങ്ങൾ പ്രോജക്ട് അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ;

(ബി) പ്രളയാനന്തര പുനർനിർമ്മാണ പ്രവർത്തനങ്ങൾക്കായി കേന്ദ്രം എത്ര തുകയാണ് ഇതുവരെ അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) പ്രളയാനന്തര പുനർനിർമ്മാണ പ്രവർത്തനങ്ങൾക്കായി നാളിതുവരെ ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) വിവിധ വകുപ്പുകളിൽനിന്ന് ലഭിച്ചിട്ടുള്ള വിശദാംശങ്ങളുടെ അടിസ്ഥാനത്തിൽ പ്രളയാനന്തര കേരള പുനർനിർമ്മാണ പ്രവർത്തനങ്ങൾക്കായി പദ്ധതികൾ തയ്യാറാക്കി വരികയാണ്.

(ബി) പ്രളയാനന്തര പുനർനിർമ്മാണ പ്രവർത്തനങ്ങൾക്കായി ദേശീയ ദുരന്ത നിവാരണ പ്രതികരണനിധിയിൽനിന്നും 2,904.85 കോടി രൂപ ലഭ്യമായിട്ടുണ്ട്.

(സി) ഉത്തരം 'എ'-യുടെ അടിസ്ഥാനത്തിൽ ബാധകമല്ല.

## പ്രളയാനന്തര സെസ്സ് പിരിവ്

27 (2242) ശ്രീ. സി. ദിവാകരൻ: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് പ്രളയംമൂലം ഉണ്ടായ നഷ്ടം നികത്തുന്നതിന് സെസ്സ് പിരിക്കുന്നത് എന്നുമുതലാണ് പ്രാബല്യത്തിൽ വരുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് പ്രളയ സെസ്സ് നടപ്പിലാക്കുന്നത് 2019 ജൂലൈ 1 മുതലാണ്. (ഇതിനുള്ള അംഗീകാരം ജി.എസ്.ടി. കൗൺസിലിൽനിന്നും ലഭിക്കാൻ കാത്തിരിക്കുകയാണ്.)

## 2016-17 മുതൽ 2018-19 വരെയുള്ള റവന്യൂ വരുമാനം

28 (2243) ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 മുതൽ 2018-19 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ പ്രതീക്ഷിച്ച റവന്യൂ വരുമാനം എത്രയായിരുന്നു;

(ബി) മേൽപ്പറഞ്ഞ കാലയളവിൽ ഓരോ വർഷവും ലഭിച്ച റവന്യൂ വരുമാനം എത്രയാണ്; റവന്യൂ വരുമാനത്തിൽ പ്രതീക്ഷിച്ചതിനെക്കാൾ കുറവുണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനുള്ള കാരണമെന്താണ്?

ഉത്തരം

(എ&ബി) 2016-17 മുതൽ 2018-19 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ ബഡ്ജറ്റ് എസ്റ്റിമേറ്റ് പ്രകാരം പ്രതീക്ഷിച്ചതും ലഭിച്ചതുമായ റവന്യൂ വരുമാനത്തിന്റെ കണക്ക് ചുവടെ ചേർക്കുന്നു:

തുക കോടിയിൽ

| സാമ്പത്തിക വർഷം | പ്രതീക്ഷിച്ച റവന്യൂ വരുമാനം | ലഭിച്ച റവന്യൂ വരുമാനം |
|---|---|---|
| 2016-17 | 84,616.85 | 75,611.72 |
| 2017-18 | 93,584.74 | 83,020.14 |
| 2018-19 | 10,2801.24 | 91,387.70* |
| *(അക്കൗണ്ടന്റ് ജനറലിന്റെ പ്രാരംഭ കണക്കുകൾ പ്രകാരം) | | |

അപ്രതീക്ഷിതമായ നോട്ട് അസാധുവാക്കൽ നടപടിയെത്തുടർന്ന് ഉടലെടുത്ത പ്രതിസന്ധിയും ചരക്കുസേവന നികുതി നടപ്പിലാക്കിയപ്പോഴുണ്ടായ സാങ്കേതിക പ്രശ്നങ്ങളും സംസ്ഥാനത്തിന്റെ തനത് നികുതി, നികുതിയേതര സമാഹരണത്തിൽ കാര്യമായ പ്രതിസന്ധിയുണ്ടാക്കിയിട്ടുണ്ട്. ഇതിനുപുറമേ കേന്ദ്രധനസഹായമായി പ്രതീക്ഷിച്ചിരുന്ന തുക ലഭിക്കാതിരുന്നതും റവന്യൂ വരുമാനത്തിൽ കുറവ് വരുന്നതിന് കാരണമായി.

## പൊതുകടം കുറച്ച് റവന്യൂ വരുമാനം വർദ്ധിപ്പിക്കാൻ നടപടി

29 (2244) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ധന ഉത്തരവാദിത്ത നിയമം അനുസരിച്ചുള്ള ലക്ഷ്യം കൈവരിക്കാൻ സംസ്ഥാനത്തിന്റെ ഇപ്പോഴുള്ള പൊതുകടം തടസ്സമാണോ എന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ പൊതുകടം കുറച്ച് റവന്യൂ വരുമാനം വർദ്ധിപ്പിക്കാൻ സ്വീകരിച്ച നടപടികൾ അറിയിക്കുമോ?

ഉത്തരം

തനത് വരുമാനം കുറവായിട്ടുള്ള നമ്മുടെ സംസ്ഥാനത്തിന് വികസന പ്രവർത്തങ്ങൾ നടപ്പിലാക്കുന്നതിനുള്ള കടമെടുപ്പ് ഒരു പരിധിവരെ അത്യന്താപേക്ഷിതമാണ്. അനുവദനീയമായ പരിധിക്കുള്ളിൽനിന്നുള്ള കടമെടുപ്പിലൂടെ ആസ്തികൾ സൃഷ്ടിക്കുന്നത് സ്ഥായിയായ വികസനത്തിനും സമ്പദ്ഘടനയുടെ വളർച്ചയ്ക്കും അനുപേക്ഷണീയമാണ്. റവന്യൂ വരുമാനവും ചെലവും സംതുലിതമാക്കുകയും ധനക്കമ്മി നിശ്ചിത പരിധിയിൽ നിർത്തി വായ്പാത്തുക നിക്ഷേപത്തിനായി വിനിയോഗിക്കുക, നികുതി-നികുതിയേതര വരുമാനം ഉയർത്തി റവന്യൂ കമ്മി ക്രമേണ ഇല്ലാതാക്കുക എന്നീ സമീപനമാണ് സർക്കാർ സ്വീകരിക്കുന്നത്. ജി.എസ്.ടി. അനവധാനതയോടെ നടപ്പിലാക്കിയതും ആലോചനയില്ലാതെ ആഡംബര വസ്തുക്കളുടെ ജി.എസ്.ടി. ഗണ്യമായി കുറച്ചതും നമ്മുടെ നികുതി വരുമാനത്തെ ബാധിച്ചിട്ടുണ്ട്. ജി.എസ്.ടി.എൻ.-ൽ ഉണ്ടായ തകരാറുകളും ആയത് സമ്പൂർണ്ണസജ്ജമാകാത്തതും നികുതി വരുമാനത്തെ ബാധിച്ചു.

നികുതി ചെക്ക് പോസ്റ്റുകൾ നിയമപരമായി ഇല്ലാതായ സാഹചര്യം മുതലെടുത്ത് നികുതി വെട്ടിക്കുന്ന സ്ഥിതിയും സംജാതമായി. ഇത് ഒരു പരിധിവരെ തടയാൻ ഇപ്പോൾ കഴിയുന്നുണ്ട്. ഇന്റലിജൻസ് സ്ക്വാഡ് പ്രവർത്തനം ശക്തിപ്പെടുത്തി ഇത് കുറയ്ക്കാൻ നടത്തുന്ന ശ്രമം ഫലം കണ്ടുതുടങ്ങിയിട്ടുണ്ട്.

ഭൂമിയുടെ ന്യായവില യുക്തിസഹമാക്കുക, ഫീസുകളും മറ്റും ക്രമപ്പെടുത്തുക, മോട്ടോർ വാഹന നികുതി, സ്റ്റാമ്പ് ഡ്യൂട്ടി, രജിസ്ട്രേഷൻ ഫീസ് എന്നിവയിൽ യുക്തിസഹമായ പുതുക്കലുകൾ വരുത്തുക എന്നീ നടപടികളും സംസ്ഥാന നികുതി പിരിവിലെ കാര്യക്ഷമത ഉയർത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

സാമൂഹ്യക്ഷേമ ചെലവുകളും വികസന ചെലവുകളും വെട്ടിക്കുറയ്ക്കുക എന്ന സമീപനം സർക്കാരിനില്ല. നിയമന നിരോധനമോ അനിവാര്യ തസ്തിക സൃഷ്ടിക്കൽ നിരോധനമോ ഏർപ്പെടുത്തില്ല. വിദ്യാഭ്യാസം, ആരോഗ്യം തുടങ്ങിയ മേഖലകളിലടക്കം ഈ സർക്കാർ അധികാരത്തിലെത്തിയശേഷം പോസ്റ്റുകൾ സൃഷ്ടിച്ചിട്ടുണ്ട്. എന്നാൽ നിയതമായ വർക്ക് സ്റ്റഡി നടത്തിയതിനുശേഷം മാത്രമേ തസ്തികകൾ സൃഷ്ടിക്കു. മറ്റ് ചെലവുചെയ്യലുകൾക്ക് ധൂർത്ത് ഒഴിവാക്കണമെന്ന ഉദ്ദേശത്തോടെ നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

റവന്യൂ കമ്മി ഒഴിവാക്കി മൂലധനച്ചെലവ് ഗണ്യമായി ഉയർത്തുക എന്ന സമീപനം സ്വീകരിച്ചാണ് സർക്കാർ പ്രവർത്തിക്കുന്നത്.

**ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടാക്സേഷൻ സ്റ്റഡീസിന്റെ പ്രവർത്തനം**

30 (2245) ശ്രീ. എം. സ്വരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടാക്സേഷൻ സ്റ്റഡീസിന്റെ പ്രവർത്തനം കൂടുതൽ വിപുലീകരിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ വിശദാംശം അറിയിക്കുമോ?

ഉത്തരം

(എ&ബി) ഉണ്ട്. അന്തർദേശീയ നിലവാരമുള്ള ഒരു ധനതത്വശാസ്ത്ര ഗവേഷണ കേന്ദ്രമെന്ന നിലയിൽ ഉയർത്തുന്നതിനായി ആദ്യപടിയെന്ന നിലയിൽ കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയുടെ 'affiliation' 2018 ഫെബ്രുവരിയിൽ കരസ്ഥമാക്കുകയും പ്രസ്തുത വർഷംതന്നെ ധനതത്വശാസ്ത്രത്തിൽ Ph.D ചെയ്യുന്നതിനായി ഗവേഷക വിദ്യാർത്ഥികളെ തെരഞ്ഞെടുക്കുകയുമുണ്ടായി. Ph.D Programme നടന്നുവരുന്നു.

ഇതോടൊപ്പം പ്രസ്തുത ഇൻസ്റ്റിറ്റ്യൂട്ട് സംസ്ഥാന ചരക്കുസേവന നികുതി വകുപ്പിന്റെ ട്രെയിനിംഗ് സെന്റർ കൂടിയാണ്. പ്രസ്തുത വകുപ്പിൽ 'സ്റ്റേറ്റ് ടാക്സ് ഓഫീസർമാരായി' PSC നിയമിച്ച ആദ്യ ബാച്ചിൽപ്പെട്ട 70 പേർക്ക് പ്രസ്തുത

ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ചാണ് ട്രെയിനിംഗ് 2017-18-ൽ നൽകിയത്. Kerala State Financial Enterprises (KSFE)-യുടെ വിവിധ കേഡർ ഉദ്യോഗസ്ഥർക്കുള്ള ഇൻ-സർവ്വീസ് ട്രെയിനിംഗ് പ്രസ്തുത ഇൻസ്റ്റിറ്റ്യൂട്ടിൽ 2017-18, 2018-19 ആയി നടന്നുവരുന്നു.

**പൊതുകടത്തിലുണ്ടാകുന്ന വർദ്ധനവ്**

31 (2246) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 31-3-2016-ൽ സംസ്ഥാനത്തിന്റെ പൊതുകടം എത്രയായിരുന്നു; അറിയിക്കുമോ;

(ബി) പൊതുകടത്തിലുണ്ടാകുന്ന വർദ്ധനവ് സമ്പദ്ഘടനയുടെ ശക്തിയെ ആണ് കാണിക്കുന്നത് എന്ന നിലപാട് സർക്കാരിനുണ്ടോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) അക്കൗണ്ടന്റ് ജനറലിന്റെ കണക്കുപ്രകാരം 31-3-2016 വരെയുള്ള സംസ്ഥാനത്തിന്റെ ആകെ പൊതുകടം 1,09,730.97 കോടി രൂപയാണ്.

(ബി) തനത് വരുമാനം കുറവായിട്ടുള്ള കേരളം പോലുള്ള സംസ്ഥാനത്തിന് വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനുള്ള കടമെടുപ്പ് ഒരു പരിധിവരെ അത്യന്താപേക്ഷിതമാണ്. അനുവദനീയമായ പരിധിക്കുള്ളിൽനിന്നുള്ള കടമെടുപ്പിലൂടെ ആസ്തികൾ സൃഷ്ടിക്കുന്നത് സ്ഥായിയായ വികസനത്തിനും സമ്പദ്ഘടനയുടെ വളർച്ചയ്ക്കും അനുപേക്ഷണീയമാണ്.

**കിഫ്ബി ബോർഡിന്റെ അംഗീകാരം**

32 (2248) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 7-11-2016 ൽ ചേർന്ന കിഫ്ബി ബോർഡിന്റെ അംഗീകാരം ലഭിച്ച 48 പദ്ധതികളിൽ എത്ര എണ്ണം ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് നിർമ്മാണം ആരംഭിച്ചിട്ടുണ്ട്; ഇവയുടെ വിശദാംശം നൽകുമോ;

(ബി) ഇതിൽ നിർമ്മാണം പൂർത്തീകരിച്ച പദ്ധതികൾ ഏതെല്ലാമാണെന്നും പൂർത്തീകരിച്ച പദ്ധതികളുടെയെല്ലാം തുക മാറി നൽകിയിട്ടുണ്ടോയെന്നും വിശദമാക്കുമോ; എത്ര തുകയുടെ ബിൽ മാറി നൽകിയിട്ടുണ്ട് ?

<u>ഉത്തരം</u>

(എ) 7-11-2016-ൽ ചേർന്ന കിഫ്ബി ബോർഡ് അംഗീകാരം നൽകിയ 48 പദ്ധതികളിൽ 40 എണ്ണം ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. ഇവയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്+.

(ബി) മേൽപ്പറഞ്ഞ 48 പദ്ധതികളിൽ നിർമ്മാണം പൂർത്തിയായ പദ്ധതികളുടെയും വിവിധ ഘടകങ്ങൾ പൂർത്തിയായ പദ്ധതികളുടെയും വിശദാംശങ്ങളും പ്രസ്തുത പദ്ധതികൾക്ക് തുക അനുവദിക്കുന്നത് സംബന്ധിച്ചുള്ള വിദാംശങ്ങളും അനുബന്ധമായി ചേർക്കുന്നു*.

**കിഫ്ബി മസാല ബോണ്ട്**

33 (2249) <u>ശ്രീ. കെ. സി. ജോസഫ്:</u>
<u>ശ്രീ. വി. പി. സജീന്ദ്രൻ:</u>
<u>ശ്രീ. കെ. എസ്. ശബരീനാഥൻ:</u>
<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി മസാല ബോണ്ടുകൾ വാങ്ങിയിട്ടുള്ള പതിനാറ് കമ്പനികളുടെ വിശദാംശങ്ങൾ നൽകാമോ; ഇതിൽ ഓരോ കമ്പനിയും എത്ര ബോണ്ടുകളാണ് വാങ്ങിയതെന്ന് വെളിപ്പെടുത്താമോ;

(ബി) ലണ്ടൻ സ്റ്റോക്ക് എക്സ്ചേഞ്ചിൽ കിഫ്ബി മസാല ബോണ്ടുകൾ ലിസ്റ്റ് ചെയ്യപ്പെട്ടത് സെക്കന്ററി സെല്ലിംഗിന് വേണ്ടിയാണോ എന്ന് വെളിപ്പെടുത്താമോ;

(സി) കിഫ്ബി മസാല ബോണ്ടുകളുടെ കാലാവധി ഏതു ദിവസം മുതൽ ആരംഭിക്കുന്നുവെന്നും ഏതു ദിവസം അവസാനിക്കുമെന്നും വെളിപ്പെടുത്താമോ?

<u>ഉത്തരം</u>

(എ) അസറ്റ് മാനേജ്മെന്റ്, ഇൻഷ്വറൻസ്, പെൻഷൻ ഫണ്ട്, ബാങ്കിംഗ്, പ്രൈവറ്റ് വെൽത്ത് മാനേജ്മെന്റ് എന്നീ വിവിധ ശ്രേണികളിൽനിന്നായി 16 സ്ഥാപനങ്ങളാണ് കിഫ്ബിയുടെ മസാല ബോണ്ടിൽ നിലവിൽ നിക്ഷേപം നടത്തിയിരിക്കുന്നത്. മസാല ബോണ്ടുകളിൽ റിസർവ് ബാങ്ക് നിയമപ്രകാരം ഫിനാൻഷ്യൽ ആക്ഷൻ ടാസ്ക് ഫോഴ്സ് (FATF) അംഗീകരിച്ച നിക്ഷേപകർക്ക് മാത്രമേ പങ്കെടുക്കാൻ സാധിക്കുകയുള്ളൂ. കിഫ്ബിയുടെ മസാല ബോണ്ടിൽ പങ്കെടുത്ത എല്ലാ നിക്ഷേപകരും RBI നിഷ്കർഷിക്കുന്ന KYC മാനദണ്ഡം

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

പാലിച്ചുവന്നവരാണ്. ഈ നിക്ഷേപകരെ സംബന്ധിച്ച് കിഫ്ബിയിൽ ലഭ്യമായിട്ടുള്ള വിശദാംശങ്ങൾ ഇടപാട് നടത്തുന്ന ദിവസത്തെ അടിസ്ഥാനപ്പെടുത്തിയുള്ളതാണ്. ഇതിനുശേഷം സെക്കന്ററി വിപണിയിൽ കച്ചവടം നടക്കാനുള്ള സാധ്യത കണക്കിലെടുത്താൽ നിലവിൽ ഈ ബോണ്ടുകളുടെ ഉടമസ്ഥത ഇതേ നിക്ഷേപകർക്കുതന്നെ ആകണമെന്നില്ല.

(ബി) കിഫ്ബിയുടെ മസാല ബോണ്ടുകൾ ഓഫറിംഗ് സർക്കുലറിലെ മാനദണ്ഡങ്ങൾക്ക് വിധേയമായി സെക്കന്ററി വിപണിയിലും കച്ചവടം നടത്താവുന്നവയാണ്. ഇത് ബോണ്ട് കൈവശം വച്ചിരിക്കുന്ന നിക്ഷേപകരുടെ വിവേചനാധികാരമാണ്.

(സി) കിഫ്ബി മസാല ബോണ്ടുകളുടെ കാലാവധി 2019 മാർച്ച് 29-ന് തുടങ്ങി 2024 മാർച്ച് 28-ന് അവസാനിക്കും.

**കിഫ്ബി മസാല ബോണ്ടുകൾ വാങ്ങിയ ആങ്കർ ഇൻവെസ്റ്റർ**

34 (2250) ശ്രീ. സണ്ണി ജോസഫ്:
ശ്രീ. റോജി എം. ജോൺ:
ശ്രീ. കെ. സി. ജോസഫ്:
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി മസാല ബോണ്ടുകൾ വാങ്ങിയ ആങ്കർ ഇൻവെസ്റ്ററായി ആരെയാണ് തെരഞ്ഞെടുത്തിട്ടുള്ളത്;

(ബി) കിഫ്ബി മസാല ബോണ്ടുകളിൽ ഇൻവെസ്റ്റ് ചെയ്യാൻ തയ്യാറായ ആങ്കർ ഇൻവെസ്റ്റർക്ക് നന്ദി പ്രകാശിപ്പിച്ചുകൊണ്ടുള്ള കിഫ്ബി ന്യൂസ് ലെറ്റർ പുറത്തിറക്കിയിരുന്നോ;

(സി) ലണ്ടനിൽ സന്ദർശനം നടത്തിയ കിഫ്ബി ഉദ്യോഗസ്ഥർക്ക് പരിശീലനം നല്കാൻ നിർദ്ദേശിച്ചത് ആങ്കർ ഇൻവെസ്റ്ററാണോ; വിശദാംശങ്ങൾ നൽകാമോ?

ഉത്തരം

(എ) ആങ്കർ ഇൻവെസ്റ്ററായി കിഫ്ബി ആരെയും തെരഞ്ഞെടുത്തിട്ടില്ല.

(ബി) ലോകത്തിലെ വലിയ പെൻഷൻ ഫണ്ടുകളിൽപ്പെടുന്ന ഒരു കമ്പനി കിഫ്ബിയുടെ സംവിധാനങ്ങൾ പഠിക്കാനും അതിന്റെ ഉദ്യമത്തിൽ ഭാഗമാകാനും തീരുമാനിച്ചത് കിഫ്ബിയ്ക്ക് ഒരു വലിയ അംഗീകാരമായി കണക്കാക്കുന്നുവെന്ന് ന്യൂസ് ലെറ്ററിൽ പരാമർശിച്ചിരുന്നു.

(സി) പദ്ധതികൾക്കായുള്ള അൻപതിനായിരം കോടിയോളം രൂപ കണ്ടെത്തുക എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി കിഫ്ബിക്ക് മറ്റ് വിവിധതരം ധനോപാധികളെ ആശ്രയിക്കേണ്ടതായി വരും. ഇതിൽ ഒരു സുപ്രധാന മാർഗ്ഗമാണ് ബോണ്ട് വിപണിവഴിയുള്ള ധനസമാഹരണം. കിഫ്ബിയുടെ ധനകാര്യ വിഭാഗത്തിന് നിലവിൽ അന്താരാഷ്ട്ര ക്യാപ്പിറ്റൽ മാർക്കറ്റ് മേഖലയിലുള്ള കാര്യബോധം മെച്ചപ്പെടുത്തേണ്ടി വരുമെന്നത് നിക്ഷേപകരുമായുള്ള മസാല ബോണ്ടുമായി ബന്ധപ്പെട്ടുനടന്ന ചർച്ചകളിൽനിന്ന് മനസ്സിലാക്കിയിരുന്നു. ചിലരിൽനിന്ന് ഇപ്രകാരമുള്ള നിർദ്ദേശങ്ങളും ലഭിച്ചിരുന്നു. ഈ നിലയിൽ അന്താരാഷ്ട്ര ബോണ്ട് മാർക്കറ്റിനെക്കുറിച്ച് വിശദമായ ഒരു അവബോധം ഉദ്യോഗസ്ഥർക്ക് നൽകുന്നതിന്റെ ഭാഗമായാണ് കിഫ്ബിയുടെ ധനകാര്യ വിഭാഗം ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകാൻ കിഫ്ബി തീരുമാനിച്ചത്.

### കിഫ്ബി ഓഫീസ് വാടക

35 (2251) <u>ശ്രീ. ഷാഫി പറമ്പിൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിയുടെ ഓഫീസ് നിലവിൽ വാടക കെട്ടിടത്തിലാണോ പ്രവർത്തിക്കുന്നത്;

(ബി) പ്രതിമാസം വാടകയിനത്തിൽ എന്ത് തുകയാണ് നൽകേണ്ടത്; നാളിതുവരെ ഈയിനത്തിൽ എന്ത് തുക ചെലവഴിച്ചുവെന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) അതെ.

(ബി) നിലവിൽ പ്രതിമാസം വാടകയിനത്തിൽ 5,48,796 രൂപയും ഈയിനത്തിൽ 31-5-2019 വരെ 1,99,59,511 രൂപയും ചെലവഴിച്ചിട്ടുണ്ട്.

### കിഫ്ബി പദ്ധതികൾ

36 (2252) <u>ശ്രീ. പി. ജെ. ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17, 2017-18, 2018-19 എന്നീ സാമ്പത്തിക വർഷങ്ങളിലായി കിഫ്ബി പദ്ധതിയിൽ എത്ര പ്രവൃത്തികൾ ഏറ്റെടുത്തിട്ടുണ്ട്; വ്യക്തമാക്കാമോ;

(ബി) ഇതിൽ എത്ര പ്രവൃത്തികൾക്കാണ് ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകി ടെണ്ടർ വിളിച്ചിട്ടുള്ളത്; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) 2016-17 സാമ്പത്തിക വർഷത്തിൽ 73 മുഖ്യ പദ്ധതികൾക്കായി 27,913 കോടി രൂപയുടെയും 2017-18 സാമ്പത്തിക വർഷത്തിൽ 19 മുഖ്യ പദ്ധതികൾക്കായി 23,251 കോടി രൂപയുടെയും ധനസഹായം കിഫ്ബിവഴി പ്രഖ്യാപിച്ചിട്ടുണ്ട്. 2018-19 സാമ്പത്തിക വർഷം 12 മുഖ്യ പദ്ധതികളും പ്രഖ്യാപിച്ചിട്ടുണ്ട്. മുഖ്യ പദ്ധതികളുടെ കീഴിൽ വരുന്ന ഉപപദ്ധതികളുടെ കൃത്യമായ എണ്ണവും തുകയും ബന്ധപ്പെട്ട ഭരണ വകുപ്പ് ഭരണാനുമതി പുറപ്പെടുവിക്കുന്ന മുറയ്ക്ക് നിജപ്പെടുത്തുന്നതാണ്. വിശദാംശം അനുബന്ധമായി ചേർത്തിട്ടുണ്ട്*.

(ബി) ഇതിൽ 318 ഉപ പദ്ധതികളുടെ പ്രവൃത്തികൾക്കാണ് ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകി ടെണ്ടർ വിളിച്ചിട്ടുള്ളത്. വിശദാംശം അനുബന്ധമായി ചേർത്തിട്ടുണ്ട്*.

## കിഫ്ബി കൈവരിച്ച നേട്ടം

37 (2253) <u>ശ്രീ. എം. വിൻസെന്റ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലണ്ടൻ ഓഹരി വിപണിയിൽ ലിസ്റ്റ് ചെയ്യുന്ന ഇന്ത്യയിലെ ആദ്യ സംസ്ഥാനതല സ്ഥാപനം എന്ന പദവി കിഫ്ബിക്ക് ലഭ്യമായിട്ടുണ്ടോ;

(ബി) സംസ്ഥാനത്തിന് വിഭവ സമാഹരണത്തിനുള്ള പുതിയ അവസരം ഇതിലൂടെ ലഭിക്കുമെന്ന് വിലയിരുത്തുന്നുണ്ടോ; വിശദമാക്കാമോ;

(സി) കോർപ്പറേറ്റ് ഭരണത്തിന്റെയും ഫണ്ട് പരിപാലനത്തിന്റെയും ലോകോത്തര സമ്പ്രദായം സംസ്ഥാനത്ത് പകർത്തുവാനുള്ള അവസരം ഇതിലൂടെ കിഫ്ബിക്ക് ലഭിച്ചു എന്ന് കരുതുന്നുണ്ടോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ-സി) വിദേശ കടപ്പത്ര വിപണിയിൽ പ്രവേശനം നേടുന്ന ഇന്ത്യയിൽനിന്നുള്ള ആദ്യ സംസ്ഥാനതല സ്ഥാപനം എന്ന അപൂർവ്വ നേട്ടമാണ് കിഫ്ബി കരസ്ഥമാക്കിയത്. ഇന്ത്യയിലെ പൊതുമേഖലാ സ്ഥാപനങ്ങൾ ഇതുവരെ ഏർപ്പെട്ട മസാല ബോണ്ട് സമാഹരണത്തിൽവച്ച് ഏറ്റവും വലിയ രണ്ടാമത്തെ ഉദ്യമമാണ് കിഫ്ബിയുടെ നേട്ടം. 2016-ൽ ഭാരതീയ റിസർവ് ബാങ്ക് മസാല ബോണ്ട് സമ്പ്രദായത്തിന് അനുമതി നൽകിയതിനുശേഷമുണ്ടായ ഏറ്റവും വലിയ മൂന്നാമത്തെ സമാഹരണമാണിത്. കൂടുതൽ സംസ്ഥാനങ്ങൾക്കും സ്ഥാപനങ്ങൾക്കും

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

നൂതന ധനോപാധികൾ പരീക്ഷിച്ച് വിജയിക്കാനുള്ള ഒരു പ്രചോദനമായി മാറാൻ കിഫ്ബിക്ക് ഇതിലൂടെ സാധിച്ചുവെന്നതിൽ സംശയമില്ല. അന്തർദ്ദേശീയ സാമ്പത്തിക മേഖലയിൽ പാലിച്ചുവരുന്ന നിലവാരങ്ങൾ കിഫ്ബിക്ക് അതിന്റെ പ്രവർത്തന മേഖലയിൽ അവലംബിക്കാൻ സാധിക്കുന്നുണ്ട്.

## കിഫ്ബി പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള ധനസമാഹരണം

38 (2254) ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മസാല ബോണ്ടിനുശേഷം കിഫ്ബിയിൽ ഏതെല്ലാം മാർഗങ്ങളിലൂടെയും ബോണ്ടിലൂടെയും എത്ര കോടി സമാഹരിക്കുവാനാണ് സർക്കാർ ലക്ഷ്യമിടുന്നത്;

(ബി) പ്രസ്തുത സമാഹരണം എപ്പോൾ പ്രാവർത്തികമാക്കാനാണ് ധനവകുപ്പ് ഉദ്ദേശിക്കുന്നത്; വിശദാംശം നൽകാമോ ;

(സി) കിഫ്ബി പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള ധനസമാഹരണത്തിന് മസാല ബോണ്ടിന് പുറമെ ഡോളർ ബോണ്ടുകൾ, ഡയസ്പോറ ബോണ്ടുകൾ എന്നിവ കൂടി ഇറക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ-സി) കിഫ്ബിയുടെ ആക്ട് അനുശാസിക്കുംവിധം റിസർവ് ബാങ്ക്, സെബി എന്നീ നിയന്ത്രണ സംവിധാനങ്ങൾ അംഗീകരിച്ചിട്ടുള്ള എല്ലാ ഉപാധികളിലൂടെയും ധനസമാഹരണം നടത്തി ഏറ്റെടുത്തിരിക്കുന്ന അൻപതിനായിരം കോടി രൂപയുടെ പദ്ധതികൾ പൂർത്തിയാക്കാനാണ് കിഫ്ബി ഉദ്ദേശിക്കുന്നത്. സമയാസമയങ്ങളിൽ ഉചിതമായ മാർഗ്ഗങ്ങളിലൂടെ അസറ്റ്-ലയബിലിറ്റി വിശകലനത്തിനെ അടിസ്ഥാനപ്പെടുത്തിയുള്ള ധനസമാഹരണമാണ് കിഫ്ബി ലക്ഷ്യംവയ്ക്കുന്നത്. ഡോളർ ബോണ്ടുകൾ, ഡയസ്പോറ ബോണ്ടുകൾ എന്നിവയുടെ സാധ്യതകളും പരിശോധിച്ചുവരുന്നു.

## നബാർഡ് ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് അസിസ്റ്റൻസ്

39 (2255) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമേഖലാ സ്ഥാപനമായ നബാർഡ് ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് അസിസ്റ്റൻസ് (എൻ.ഐ.ഡി.എ)-ൽ നിന്ന് കിഫ്ബിക്ക് വായ്പ ലഭിച്ചിട്ടുണ്ടോ;

(ബി) എന്ത് തുകയാണ് വായ്പയായി ലഭിച്ചതെന്നും അതിന്റെ പലിശ നിരക്ക് എത്രയാണെന്നും പ്രസ്തുത വായ്പയുടെ തിരിച്ചടവ് കാലാവധി എത്ര വർഷമാണെന്നും അറിയിക്കാമോ ;

(സി) കാലാവധി പൂർത്തിയാകുമ്പോൾ മുതലും പലിശയുമായി എത്ര കോടി രൂപ മടക്കി നൽകേണ്ടിവരുമെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) നബാർഡിന് കീഴിലുള്ള നബാർഡ് ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് അസിസ്റ്റൻസ് (എൻ.ഐ.ഡി.എ.) മുഖേന കിഫ്ബിക്ക് 9.3% പലിശ നിരക്കിൽ 12 വർഷത്തെ തിരിച്ചടവ് കാലാവധിയോടുകൂടി 565 കോടി രൂപ വായ്പയായി അനുവദിച്ചിട്ടുണ്ട്. ഇതിൽ 2 ഗഡുക്കളായി 200.8 കോടി രൂപ ലഭ്യമായിട്ടുണ്ട്.

(സി) കാലാവധി പൂർത്തിയാകുമ്പോൾ വായ്പയായി ലഭ്യമായ 200.8 കോടി രൂപയ്ക്ക് മുതലും പലിശയും ചേർത്ത് 318.04 കോടി രൂപ തിരിച്ചടക്കേണ്ടിവരും.

**കിഫ്ബിയിലെ നിയമനം**

40 (2256) <u>ശ്രീ. അനിൽ അക്കര</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിയിൽ നിലവിൽ എത്ര ജീവനക്കാരുണ്ട്;

(ബി) അദർ ഡ്യൂട്ടി / ഡെപ്യൂട്ടേഷൻ വഴി നിയമനം ലഭിച്ചവർ എത്ര; ദിവസ വേതനാടിസ്ഥാനത്തിൽ നിയമനം ലഭിച്ചവർ എത്ര;

(സി) പെൻഷൻ പറ്റിയവരെ പുനർനിയമന വ്യവസ്ഥയിൽ / കോൺട്രാക്ട് വ്യവസ്ഥയിൽ കിഫ്ബിയിൽ നിയമിച്ചിട്ടുണ്ടോ; അവർ ആരൊക്കെയാണ്; അവരുടെ സേവന വേതന വ്യവസ്ഥകൾ എന്തൊക്കെയാണ്; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) കിഫ്ബിയിൽ നിലവിൽ 46 ജീവനക്കാരുണ്ട്.

(ബി) 11 പേർ ധനകാര്യ വകുപ്പിലെ റെഗുലർ ജീവനക്കാരും 14 പേർ ഡെപ്യൂട്ടേഷനിലും 13 പേർ കോൺട്രാക്ട് വ്യവസ്ഥയിലും 8 പേർ ദിവസ വേതനാടിസ്ഥാനത്തിലും ജോലിനോക്കിവരുന്നു. ഇതുകൂടാതെ സി.എം.ഡി. മുഖേന 27 പേരുടെ സേവനവും സി.എം.ഡി.-യുമായുള്ള കരാർ പ്രകാരം ഉപയോഗപ്പെടുത്തിവരുന്നു.

(സി) പെൻഷൻ പറ്റിയ 4 പേരെ കോൺട്രാക്ട് വ്യവസ്ഥയിൽ കിഫ്ബിയിൽ നിയമിച്ചിട്ടുണ്ട്. വിവരങ്ങൾ ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | പേര് | തസ്തിക | റിമാർക്സ് |
|---|---|---|---|
| 1 | ഡോ. കെ. എം. എബ്രഹാം | ചീഫ് എക്സിക്യൂട്ടിവ് ഓഫീസർ | റിട്ടയേർഡ് ചീഫ് സെക്രട്ടറി, കേരളം |
| 2 | ശ്രീ. മാത്യു ഫ്രാൻസിസ് | അസി. പ്രോജക്ട് മാനേജർ | റിട്ടയേർഡ് ചീഫ് എഞ്ചിനീയർ |
| 3 | ശ്രീ. വിജയദാസ് എസ്.ജെ. | ചീഫ് പ്രോജക്ട് എക്സാമിനർ | ബി.എസ്.എൻ.എൽ. -ൽനിന്നും വി.ആർ.എസ്.-നുശേഷം കോൺട്രാക്ട് വ്യവസ്ഥയിൽ കിഫ്ബിയിൽ നിയമിച്ചു. |
| 4 | ശ്രീ. ചന്ദ്രബാബു. വി | അക്കൗണ്ട്സ് ഓഫീസർ | റിട്ടയേർഡ് സബ് ട്രഷറി ഓഫീസർ |

സേവന വേതന വ്യവസ്ഥകൾ 14-2-2019-ലെ സ.ഉ.(കൈ) നമ്പർ 77/2017/ധന. ഉത്തരവ്, 29-8-2016-ലെ 9/KIIFB/2016 നമ്പർ നടപടിക്രമം 10-10-2017-ലെ സ.ഉ. (സാധാ) നമ്പർ 7601/2017/ധന. ഉത്തരവ് എന്നിവ പ്രകാരമാണ് നിർണ്ണയിച്ചിട്ടുള്ളത്. ആയതിന്റെ പകർപ്പുകൾ അനുബന്ധമായി ചേർത്തിട്ടുണ്ട്*.

## കിഫ്ബിയുടെ വരുമാനം

41 (2257) ശ്രീ. വി. ടി. ബൽറാം:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇലക്ട്രിക്ക് വെഹിക്കിൾ പോളിസി നടപ്പാക്കുന്നതിലൂടെ പെട്രോളിന്റെയും ഡീസലിന്റെയും ഉപഭോഗം ഗണ്യമായി കുറയുമ്പോൾ കിഫ്ബിയുടെ വരുമാനത്തിൽ ഇടിവ് സംഭവിക്കാൻ സാധ്യതയില്ലേ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഇന്ധന ഉപഭോഗം കുറയുന്ന സാഹചര്യത്തിൽ ഇതിന് ബദലായി വേറെ വരുമാന മാർഗ്ഗങ്ങൾ കിഫ്ബി കണ്ടെത്തിയിട്ടുണ്ടോ;

(സി) പ്രസ്തുത സാഹചര്യത്തിൽ മോട്ടോർ വെഹിക്കിൾ ടാക്സ് വൻ തോതിൽ ഉയർത്താൻ നിർബന്ധിതമാകില്ലേ;

(ഡി) കിഫ്ബി നടപ്പിലാക്കുന്ന പദ്ധതികളിൽ നിന്നും വരുമാനം ലഭ്യമാക്കാൻ യൂസർ ഫീ, ടോൾ എന്നിവ പിരിക്കുന്ന കാര്യം ആലോചനയിലുണ്ടോ; വെളിപ്പെടുത്താമോ?

<u>ഉത്തരം</u>

(എ-സി) ഇലക്ട്രിക് വെഹിക്കിൾ പോളിസി നടപ്പിലാക്കുന്നതിലൂടെ വരുമാനത്തിൽ ഗണ്യമായ ഇടിവ് സംഭവിക്കുമെന്ന് കരുതുന്നില്ല. പെട്രോൾ, ഡീസൽ സെസ്സിനത്തിൽ വരുന്ന കുറവ് രജിസ്റ്റർ ചെയ്യപ്പെടുന്ന പുതിയ ഇലക്ട്രിക് വാഹനങ്ങളുടെ വാഹന നികുതിയിലൂടെ പരിഹരിക്കപ്പെടുമെന്ന് പ്രതീക്ഷിക്കുന്നു. ആയതിനാൽ മോട്ടോർ വെഹിക്കിൾ ടാക്സ് ഉയർത്തേണ്ട സാഹചര്യമില്ല.

(ഡി) കിഫ്ബി നടപ്പിലാക്കുന്ന പദ്ധതികളിൽ യൂസർ ഫീ, ടോൾ എന്നിവ പിരിക്കുന്ന കാര്യം ആലോചനയിലില്ല.

**കിഫ്ബിയുടെ ധനസമാഹരണ മാർഗ്ഗങ്ങൾ**

42 (2258) <u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിയുടെ ധനസമാഹരണത്തിനായി കൂടുതൽ ആഭ്യന്തര, ഡോളർ ബോണ്ടുകൾ ഇറക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എത്ര കോടി രൂപയുടെ ധനസമാഹരണമാണ് കിഫ്ബി ഇതിലൂടെ ലക്ഷ്യമിടുന്നത്;

(സി) ന്യൂയോർക്ക് സ്റ്റോക്ക് എക്സ്ചേഞ്ചിലാണോ ഡോളർ ബോണ്ട് ലിസ്റ്റ് ചെയ്യുവാൻ ഉദ്ദേശിക്കുന്നത്;

(ഡി) അതിലൂടെ എത്ര കോടി രൂപ സമാഹരിക്കുവാനാണ് തീരുമാനിച്ചിട്ടുള്ളത്; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ-ഡി) ആഭ്യന്തര വിപണിയിലെ ബോണ്ടുകൾ, ഡോളർ ബോണ്ടുകൾ എന്നിവ ഉൾപ്പെടെ കിഫ്ബിയുടെ ആക്ട് അനുശാസിക്കുംവിധം റിസർവ് ബാങ്ക്, സെബി എന്നീ നിയന്ത്രണ സംവിധാനങ്ങൾ അംഗീകരിച്ചിട്ടുള്ള എല്ലാ ഉപാധികളിലൂടെയും ധനസമാഹരണം നടത്തി അൻപതിനായിരം കോടി രൂപയുടെ പദ്ധതികൾ പൂർത്തിയാക്കാനാണ് കിഫ്ബി ഉദ്ദേശിക്കുന്നത്. യഥാസമയങ്ങളിൽ വിപണിയിലെ സാധ്യതകൾ വിലയിരുത്തിയശേഷം ഇവയിൽ ഉചിതമായ മാർഗ്ഗത്തിലൂടെ ധനസമാഹരണം നടത്താനാണ് ഉദ്ദേശിക്കുന്നത്. ഇതുസംബന്ധിച്ച് പ്രാരംഭ ചർച്ചകൾ മാത്രം നടക്കുന്ന സാഹചര്യത്തിൽ കൂടുതൽ വിശദാംശങ്ങൾ ഇപ്പോൾ ലഭ്യമല്ല.

**കിഫ്ബിയിൽ വാടകയ്ക്കെടുക്കുന്ന വാഹനങ്ങൾ**

43 (2259) <u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിയിൽ വാഹനങ്ങൾ കരാർ അടിസ്ഥാനത്തിൽ / വാടകയ്ക്ക് എടുക്കുന്നുണ്ടോ;

(ബി) ഏതൊക്കെ ആവശ്യങ്ങൾക്കാണ് പ്രസ്തുത വാഹനങ്ങൾ ഉപയോഗിക്കുന്നതെന്ന് അറിയിക്കാമോ;

(സി) കരാർ അടിസ്ഥാനത്തിൽ / വാടകയ്ക്ക് വാഹനങ്ങൾ എടുത്ത വകയിൽ ഇതുവരെ എന്ത് തുക ചെലവഴിച്ചുവെന്ന് വെളിപ്പെടുത്താമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി&സി) കിഫ്ബിയിൽ കരാർ അടിസ്ഥാനത്തിൽ എടുത്തിട്ടുള്ള വാഹനങ്ങൾ കേരളത്തിലുടനീളം പുരോഗമിച്ചുവരുന്ന കിഫ്ബി പദ്ധതികളുടെ ഇൻസ്പെക്ഷൻ ഉൾപ്പെടെ കിഫ്ബിയുടെ വിവിധ വിഭാഗങ്ങളുടെ ഔദ്യോഗിക ആവശ്യത്തിനായി ഉപയോഗിക്കുന്നു. കരാർ അടിസ്ഥാനത്തിൽ വാഹനങ്ങൾ എടുത്ത വകയിൽ നാളിതുവരെ 58,83,502 രൂപ ചെലവഴിച്ചിട്ടുണ്ട്.

**കിഫ്ബിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രവൃത്തികൾ**

44 (2260) <u>ശ്രീ. പി. ജെ. ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊടുപുഴ മണ്ഡലത്തിൽ കിഫ്ബിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രവൃത്തികൾ ഏതൊക്കെയെന്നറിയിക്കുമോ;

(ബി) ഇതിൽ എത്ര പ്രവൃത്തികൾക്ക് ഭരണാനുമതിയും സാങ്കേതികാനുമതിയും നല്കിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) തൊടുപുഴ മണ്ഡലത്തിൽ കിഫ്ബിയിൽ ഉൾപ്പെടുത്തി സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള പദ്ധതികളുംആയും ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകിയിട്ടുള്ള പദ്ധതികളുടെ വിവരവും അനുബന്ധം ആയി ചേർക്കുന്നു*.

**പട്ടാമ്പി മണ്ഡലത്തിൽ കിഫ്ബി മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ**

45 (2261) ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടാമ്പി മണ്ഡലത്തിൽ കിഫ്ബി മുഖേന നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദവിവരങ്ങൾ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) പട്ടാമ്പി മണ്ഡലത്തിൽ കിഫ്ബി മുഖേന നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദവിവരങ്ങളും അവയുടെ നിലവിലെ സ്ഥിതിയും അനുബന്ധമായി ചേർക്കുന്നു*.

**കൊല്ലം ജില്ലയിലെ കിഫ്ബി പദ്ധതികൾ**

46 (2262) ശ്രീ. എം. നൗഷാദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിൽ കിഫ്ബിയിൽ ഉൾപ്പെടുത്തി അനുമതി നൽകിയ പദ്ധതികൾ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികൾ നടപ്പിലാക്കുന്നതിന് എസ്.പി.വി. യെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ ഓരോ പ്രവൃത്തിക്കും ചുമതലപ്പെടുത്തിയിട്ടുള്ള എസ്.പി.വി. ഏതാണെന്ന് വ്യക്തമാക്കാമോ; ഓരോ പ്രവൃത്തിയുടെയും നിലവിലെ അവസ്ഥ വിശദമാക്കാമോ?

ഉത്തരം

(എ&ബി) കൊല്ലം ജില്ലയിൽ കിഫ്ബിയിൽ ഉൾപ്പെടുത്തി ധനാനുമതി നൽകിയ പദ്ധതികളും ഇവയുടെ പ്രവൃത്തി നടപ്പിലാക്കാൻ ബന്ധപ്പെട്ട ഭരണ വകുപ്പ് ചുമതലപ്പെടുത്തിയിട്ടുള്ള പദ്ധതി നിർവ്വഹണ ഏജൻസികളെ സംബന്ധിച്ച വിവരങ്ങളും ഓരോ പ്രവൃത്തിയുടെ നിലവിലെ അവസ്ഥ ഉൾപ്പെടെയുള്ള വിവരങ്ങളും അനുബന്ധമായി ചേർക്കുന്നു*.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**ചാലക്കുടി മണ്ഡലത്തിലെ കിഫ്ബി റോഡുകളുടെ നവീകരണം**

47 (2263) ശ്രീ. ബി. ഡി. ദേവസ്സി: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചാലക്കുടി മണ്ഡലത്തിലെ മുരിങ്ങൂർ-ഏഴാറ്റുമുഖം റോഡ് ചാലക്കുടി-ആനമലറോഡ് മലയോര ഹൈവേ, പൂവ്വത്തിങ്കൽ- കുറ്റിക്കാട്-മോതിരക്കണ്ണി-വേളൂക്കര റോഡ്, ചാലക്കുടി-വെള്ളിക്കുളങ്ങര-മാരാംകോട്-കുറ്റിച്ചിറ-മോതിരക്കണ്ണി റോഡ് എന്നീ റോഡുകളുടെ നവീകരണത്തിനായി കിഫ്ബി അനുമതി നൽകിയിട്ടുണ്ടോ; ഇത് സംബന്ധിച്ച നടപടികൾ ഏത് ഘട്ടത്തിലാണ് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

ചാലക്കുടി മണ്ഡലത്തിൽ കിഫ്ബി മുഖേന നടപ്പിലാക്കുന്ന പദ്ധതികളിൽ മുരിങ്ങൂർ-ഏഴാറ്റുമുഖം റോഡ്, ചാലക്കുടി-ആനമല റോഡ്, പൂവ്വത്തിങ്കൽ- വേളൂക്കര റോഡ്, ചാലക്കുടി-മോതിരക്കണ്ണി റോഡ് എന്നീ പദ്ധതികളുടെ നിർവ്വഹണ ഏജൻസി (എസ്.പി.വി.) ആയ കേരള റോഡ് ഫണ്ട് ബോർഡ് കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിച്ച വിശദമായ പദ്ധതി റിപ്പോർട്ട് പരിശോധിച്ച് മുരിങ്ങൂർ-ഏഴാറ്റുമുഖം റോഡിന് 31.23 കോടി രൂപയുടെയും ചാലക്കുടി-ആനമല റോഡിന് 27.96 കോടി രൂപയുടെയും ധനാനുമതി നൽകിയിട്ടുണ്ട്. എന്നാൽ പൂവ്വത്തിങ്കൽ-വേളൂക്കര റോഡ് ചാലക്കുടി - മോതിരക്കണ്ണി റോഡ് എന്നീ പദ്ധതികൾ സമർപ്പിക്കപ്പെട്ടത് നിർദ്ദിഷ്ട കിഫ്ബി മാനദണ്ഡങ്ങൾക്ക് അനുസൃതമല്ലാത്തതിനാൽ പ്രസ്തുത പദ്ധതികളുടെ വിശദമായ പദ്ധതി റിപ്പോർട്ടും മറ്റു വിശദാംശങ്ങളും കിഫ്ബി മാനദണ്ഡങ്ങൾക്ക് അനുസൃതമായി സമർപ്പിക്കാൻ പദ്ധതികളുടെ നിർവ്വഹണ ഏജൻസിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**കൽപ്പറ്റ മണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ**

48 (2264) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൽപ്പറ്റ മണ്ഡലത്തിൽ കിഫ്ബിയിൽ ഉൾപ്പെടുത്തി പ്രഖ്യാപിച്ചതും പ്രവൃത്തികൾ ആരംഭിച്ചതുമായ വിവിധ പദ്ധതികളും പ്രവൃത്തികളും എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിൽ ഏതെല്ലാം പ്രവൃത്തികൾ ആരംഭിച്ചുവെന്നും ഇനി ഏതെല്ലാം പ്രവൃത്തികൾ /പദ്ധതികൾ ആരംഭിക്കാനുണ്ടെന്നും അറിയിക്കാമോ ;

(സി) ഓരോ പ്രവൃത്തിക്കും /പദ്ധതിക്കും അനുവദിച്ച തുക എത്രയാണെന്ന് പട്ടിക തിരിച്ച് ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ-സി) കൽപ്പറ്റ മണ്ഡലത്തിൽ കിഫ്ബിയിൽ ഉൾപ്പെടുത്തി പ്രഖ്യാപിച്ചതും കിഫ്ബിയിൽ സമർപ്പിച്ചതുമായ പദ്ധതികളും അവയുടെ നിലവിലെ സ്ഥിതിയും പദ്ധതി തുകയും സംബന്ധിച്ച വിശദ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു *.

**മങ്കടയിൽ മോദിക്കയത്ത് ആർ.സി.ബി. നിർമ്മാണം**

49 (2265) <u>ശ്രീ. ടി. എ. അഹമ്മദ് കബീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-18 ബഡ്ജറ്റ് പ്രഖ്യാപനവുമായി ബന്ധപ്പെട്ട് മങ്കടയിൽ മോദിക്കയത്ത് 65 കോടി രൂപയുടെ ആർ.സി.ബി. നിർമ്മാണത്തിന് തത്വത്തിൽ ഭരണാനുമതി ലഭിച്ചിട്ടും നാളിതുവരെ കിഫ്ബിയിൽ നിന്നും തുടർനടപടികൾ സ്വീകരിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് സംബന്ധിച്ച് കിഫ്ബിയുടെ സാങ്കേതിക വിദഗ്ധ ടീമും കെ.ഐ.ഐ.ഡി.സി.-യും 23-11-18-ന് സംയുക്തമായി സ്ഥലപരിശോധന നടത്തിയിട്ടും ആറ് മാസമായി യാതൊരു നേട്ടവും കൈവരിക്കാൻ സാധിക്കാതെ പോയത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) മങ്കട മണ്ഡലത്തിൽ മോദിക്കയത്ത് നിർമ്മിക്കുന്ന ആർ.സി.ബി. പദ്ധതിയിന്മേൽ ബന്ധപ്പെട്ട പദ്ധതി നിർവ്വഹണ ഏജൻസിയായ കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ സമർപ്പിച്ച വിശദമായ പദ്ധതി റിപ്പോർട്ട് കിഫ്ബിയിൽ പരിശോധിക്കുകയും അതിന്റെ ഭാഗമായി കിഫ്ബിയിലേയും കെ.ഐ.ഐ.ഡി.സി.-യിലെയും ഉദ്യോഗസ്ഥർ സംയുക്തമായി നടത്തിയ സ്ഥലപരിശോധനയിൽ കണ്ടെത്തിയ പോരായ്മകൾ ഉൾപ്പെടുത്തിയ ഒരു റിപ്പോർട്ട് 22-12-2008-ൽത്തന്നെ പദ്ധതി നിർവ്വഹണ ഏജൻസിയായ കെ.ഐ.ഐ.ഡി.സി.-ക്ക് കിഫ്ബി നൽകിയിട്ടുണ്ട്. അതിന്മേലുള്ള മറുപടി കിഫ്ബിയിൽ ലഭിച്ചിട്ടില്ല. ആയത് ലഭിക്കുന്ന മുറയ്ക്ക് കിഫ്ബി അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## തിരുവനന്തപുരം മണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ

50 (2266) ശ്രീ. വി. എസ്. ശിവകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നിയോജകമണ്ഡലത്തിൽ കിഫ്ബിയിലുൾപ്പെടുത്തി ഏറ്റെടുക്കുമെന്ന് പ്രഖ്യാപിച്ച പദ്ധതികൾ ഏതെല്ലാമെന്ന് വിശദമാക്കുമോ; പ്രസ്തുത പദ്ധതികളുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ;

(ബി) കിഫ്ബിയിലുൾപ്പെടുത്തി തിരുവനന്തപുരം നിയോജകമണ്ഡലത്തിൽ നിർവ്വഹണം നടന്നുവരുന്ന പദ്ധതികൾ ഏതെല്ലാമെന്ന് വിശദമാക്കുമോ; പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ;

(സി) കിഫ്ബിയിലുൾപ്പെടുത്തി പ്രഖ്യാപിച്ച പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഇനിയെങ്കിലും കാലതാമസം കൂടാതെ ആരംഭിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ; എങ്കിൽ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

### ഉത്തരം

(എ&ബി) തിരുവനന്തപുരം നിയോജകമണ്ഡലത്തിൽ കിഫ്ബിയിലുൾപ്പെടുത്തി ഏറ്റെടുക്കുമെന്ന് പ്രഖ്യാപിച്ച പദ്ധതികളുടെയും കിഫ്ബിയിൽ ഉൾപ്പെടുത്തി തിരുവനന്തപുരം നിയോജകമണ്ഡലത്തിൽ നിർവ്വഹണം നടന്നുവരുന്ന പദ്ധതികളുടെയും നിലവിലെ സ്ഥിതി അനുബന്ധമായി ചേർക്കുന്നു*.

(സി) കിഫ്ബി അംഗീകാരം നൽകിയ പദ്ധതികൾ നടപ്പിലാക്കേണ്ടത് ബന്ധപ്പെട്ട ഭരണ വകുപ്പ് ചുമതലപ്പെടുത്തിയിട്ടുള്ള സ്പെഷ്യൽ പർപ്പസ് വെഹിക്കിളുകളാണ്. പദ്ധതികൾ കാലതാമസം കൂടാതെ നടപ്പിലാക്കാൻ ബന്ധപ്പെട്ട വകുപ്പുകളുമായും എസ്.പി.വി.-കളുമായും നിശ്ചിത ഇടവേളകളിൽ പദ്ധതി അവലോകന യോഗങ്ങൾ കിഫ്ബി നടത്തിവരുന്നു. കൂടാതെ കിഫ്ബി പദ്ധതികൾക്കായി സ്ഥലമേറ്റെടുക്കുന്നത് വേഗത്തിലാക്കുന്നതിനായി കേരളത്തിൽ തിരുവനന്തപുരം ഉൾപ്പെടെ നാല് പ്രത്യേക ഭൂമി ഏറ്റെടുക്കൽ യൂണിറ്റുകൾക്ക് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ഇവയുടെ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## മങ്കട നിയോജകമണ്ഡലം ആസ്തി വികസന പദ്ധതിയുടെ പുരോഗതി

51 (2267) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-19 സാമ്പത്തിക വർഷം മങ്കട നിയോജക മണ്ഡലം ആസ്തി വികസന പദ്ധതിയുടെ ഭാഗമായി (എൽ.എ.സി/എ.ഡി.എസ്) നൽകിയ അഞ്ച് കോടി രൂപയുടെ വികസന പദ്ധതികളുടെ നിലവിലെ പുരോഗതി വ്യക്തമാക്കാമോ;

(ബി) പദ്ധതികളുടെ പുരോഗതി നിർവ്വഹണ ഏജൻസി/വകുപ്പ് തിരിച്ച് ലഭ്യമാക്കാമോ;

(സി) ഭരണാനുമതി നൽകിയ പദ്ധതികൾക്കായി എത്ര രൂപ ചെലവഴിച്ചു; വ്യക്തമാക്കാമോ;

(ഡി) നിർമ്മാണം പൂർത്തീകരിച്ച പദ്ധതികൾ ഉണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത പദ്ധതിയുടെ ബില്ലുകൾ മാറി നൽകിയിട്ടുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ) 2018-19 സാമ്പത്തിക വർഷം മങ്കട നിയോജകമണ്ഡലം ആസ്തി വികസന പദ്ധതിയുടെ ഭാഗമായി മലപ്പുറം എ.ഡി.സി. നൽകിയ അഞ്ച് കോടി രൂപയുടെ വികസന പദ്ധതികളുടെ നിലവിലെ പുരോഗതിയുമായി ബന്ധപ്പെട്ട വിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്*.

(ബി) മങ്കട നിയോജകമണ്ഡലത്തിലെ 2018-19 സാമ്പത്തിക വർഷത്തിലെ ആസ്തി വികസന പദ്ധതി പ്രകാരം 18 പ്രവൃത്തികളാണുള്ളത്. ഇതിൽ 13 പ്രവൃത്തികളുടെ നിർവ്വഹണ വകുപ്പ് എൽ.എസ്.ജി.ഡി. വിഭാഗം ജില്ലാ പഞ്ചായത്ത് മലപ്പുറവും 4 പ്രവൃത്തികളുടെ നിർവ്വഹണ ഏജൻസി കേരള വാട്ടർ അതോറിറ്റിയും ഒരെണ്ണം വിദ്യാഭ്യാസ വകുപ്പും മുഖേനയാണ്. പ്രവൃത്തികൾ തരംതിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്*.

(സി) ഭരണാനുമതി നൽകിയ 18 പദ്ധതികൾക്കായി മൊത്തം 5 കോടി രൂപ വകയിരുത്തിയിട്ടുണ്ടെങ്കിലും തുക ചെലവഴിച്ചിട്ടില്ല.

(ഡി) വഴിപ്പാറ ചീനിക്കൽ റോഡ് സൈഡ് വാൾ പ്രൊട്ടക്ഷൻ, സിറ്റി സ്റ്റോർ വലിയപറമ്പ്-വലമ്പൂർ റോഡ് എന്നീ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടെങ്കിലും ബില്ലുകൾ മാറി നൽകിയിട്ടില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## വാഹനങ്ങൾ അനുവദിക്കുന്നതിനുള്ള നടപടിക്രമങ്ങൾ

52 (2268) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ. ആസ്തി വികസനപദ്ധതിയിൽ നിന്നും സ്കൂളുകൾക്ക് വാഹനങ്ങൾ കൊടുക്കുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാമോ;

(ബി) 2017-18 വർഷത്തിൽ ആസ്തി വികസനപദ്ധതിയിൽ നിന്നും എത്ര സ്കൂളുകൾക്കാണ് വാഹനങ്ങൾ അനുവദിച്ചിട്ടുള്ളത് എന്നറിയിക്കാമോ;

(സി) ബാലുശ്ശേരി മണ്ഡലത്തിലെ ശിവപുരം ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളിന് 2017-18 വർഷത്തിലെ ആസ്തി വികസനപദ്ധതിയിൽ അനുവദിച്ച സ്കൂൾ വാഹനത്തിന് ബിൽ മാറി പണം അനുവദിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ) എം.എൽ.എ. ആസ്തി വികസന ഫണ്ടിൽനിന്നും സർക്കാർ സ്കൂളുകളിൽ ബസ്സുകൾ വാങ്ങുന്നതിനുള്ള തുക അനുവദിക്കുന്ന നടപടിക്രമങ്ങൾ ലഘൂകരിച്ചിട്ടുണ്ട്. 5-3-2019-ലെ സ.ഉ. (സാധാ) നമ്പർ 1648/2019/ധന ഉത്തരവ് പ്രകാരം 14 ജില്ലകളിലേയും വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർമാരെ 4202-1-800-84NPV എന്ന ശീർഷകത്തിൽ ഡ്രോയിംഗ് & ഡിസ്ബേഴ്സിംഗ് ഓഫീസർമാരായി നിയോഗിച്ച് ഉത്തരവായിട്ടുണ്ട്.

(ബി) 2017-18 വർഷത്തിൽ ആസ്തി വികസന പദ്ധതിയിൽനിന്നും കോഴിക്കോട് 8 സ്കൂളുകൾക്കാണ് വാഹനങ്ങൾ അനുവദിച്ചിട്ടുള്ളത്.

(സി) ബാലുശ്ശേരി മണ്ഡലത്തിലെ ശിവപുരം ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളിന് 2017-18 വർഷത്തിലെ ആസ്തി വികസന പദ്ധതിയിൽ അനുവദിച്ച സ്കൂൾ ബസ്സിന്റെ ബില്ലുകളും രേഖകളും 5-11-2018-ന് പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ മുമ്പാകെ സമർപ്പിച്ചിട്ടുണ്ട്.

## എം.എൽ.എ. ആസ്തി വികസന പദ്ധതി

53 (2269) ശ്രീ. എം. നൗഷാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ. ആസ്തി വികസന പദ്ധതിയുടെ മാർഗ്ഗനിർദ്ദേശരേഖ പരിഷ്ക്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(ബി) എയ്ഡഡ് വിദ്യാലയങ്ങളിൽ എം.എൽ.എ. ഫണ്ട്, ആസ്തി വികസന ഫണ്ട് എന്നിവ ഉപയോഗിച്ച് സ്കൂൾ ബസ്സുകൾ വാങ്ങുന്നതിനുള്ള നിരോധനം നീക്കണമെന്ന നിർദ്ദേശം സർക്കാർ മുമ്പാകെയുണ്ടോ; എങ്കിൽ അതിന്മേൽ കൈക്കൊള്ളാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തൊക്കെയെന്ന് വിശദീകരിക്കാമോ;

(സി) എയ്ഡഡ് വിദ്യാലയങ്ങളിൽ പ്രതിവർഷം പത്ത് ലക്ഷം രൂപയിൽ കൂടുതൽ ചെലവഴിക്കാൻ പാടില്ലെന്ന നിബന്ധന പരിഷ്കരിക്കാൻ സർക്കാർ ആലോചിക്കുന്നുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ഡി) എയ്ഡഡ് വിദ്യാലയങ്ങളിൽ എം.എൽ.എ. ഫണ്ട്, ആസ്തി വികസന ഫണ്ട് എന്നിവ ഉപയോഗിച്ച് ക്ലാസ് മുറികൾ നിർമ്മിക്കാൻ അനുവാദം നൽകാൻ ആലോചിക്കുന്നുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 2012-13 സാമ്പത്തിക വർഷം 11-6-2012-ലെ സ.ഉ.(പി) നമ്പർ 322/2012/ധന. ഉത്തരവ് പ്രകാരമുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിധേയമായിട്ടാണ് സംസ്ഥാനത്ത് നിയോജകമണ്ഡല ആസ്തി വികസന പദ്ധതി നടപ്പിലാക്കിയത്. ടി മാർഗ്ഗരേഖയിൽ കാലോചിതമായ പരിഷ്കാരങ്ങൾ നടത്തിവരുന്നുണ്ട്. നിലവിൽ 4-8-2018-ലെ സ.ഉ. (പി) നം.119/2018/ധന ഉത്തരവ് പ്രകാരമുള്ള മാർഗ്ഗനിർദ്ദേശങ്ങളാണ് നടപ്പിലുള്ളത്.

(ബി) പരിഗണനയിലില്ല.

(സി&ഡി) 12-5-2017-ലെ സ.ഉ. (പി) നമ്പർ 63/2017/ധന. ഉത്തരവ് പ്രകാരം എയ്ഡഡ് സ്കൂളുകളിൽ ടോയ്‌ലെറ്റ്, പാചകപ്പുര നിർമ്മിക്കുന്നതിനാണ് 10 ലക്ഷം രൂപയിൽ അധികരിക്കാത്ത തുക നിയോജകമണ്ഡല ആസ്തി വികസന നിധിയിൽനിന്നും വിനിയോഗിക്കുന്നതിന് അനുമതി നൽകിയിരിക്കുന്നത്. എയ്ഡഡ് മേഖലയിലെ സ്കൂളുകൾ ഉൾപ്പെടെയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ നവീകരണത്തിനായി ചലഞ്ച് ഫണ്ട് ഏർപ്പെടുത്തിയിട്ടുണ്ട്. 1-3-2018-ലെ സ.ഉ.(പി) നമ്പർ 30/2018/ധന ഉത്തരവ് പ്രകാരം ചലഞ്ച് ഫണ്ടിന് മാനേജ്മെന്റ് വിഹിതവും സർക്കാർ വിഹിതവും 1:1 എന്ന അനുപാതത്തിലായിരിക്കും. മാനേജ്മെന്റ് വിഹിതവും സർക്കാർ വിഹിതവും ഉൾപ്പെടെ പരമാവധി ഒരു കോടി രൂപ ഒരു സ്കൂളിനായി സമാഹരിക്കാവുന്നതാണ്. ചലഞ്ച് ഫണ്ടിനായി ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുള്ള പ്രത്യേക ശീർഷകത്തിൽനിന്നോ നിയോജകമണ്ഡല ആസ്തിവികസന ഫണ്ടിൽനിന്നോ ആയിരിക്കും ആനുപാതികമായ സർക്കാർ വിഹിതം നൽകുന്നത്.

## വളയം ഹയർ സെക്കന്ററി സ്കൂൾ വികസനം

54 (2270) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ടിൽ നിന്നും 2016-2017 സാമ്പത്തിക വർഷത്തിൽ വളയം ഹയർസെക്കണ്ടറി സ്കൂളിന്റെ വികസനത്തിന് അനുവദിച്ച തുകയുടെ നിലവിലെ അവസ്ഥ വിശദമാക്കാമോ;

(ബി) എം.എൽ.എ.യുടെ ആസ്തി വികസന ഫണ്ടുമായി ബന്ധപ്പെട്ട പോർട്ടൽ 1-ൽ ഐഡി 388-ൽ (പ്രൊജക്റ്റ് നം.1133) എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) നിലവിൽ പ്രസ്തുത ഫയൽ എവിടെയാണെന്ന് അറിയിക്കാമോ;

(ഡി) ഈ ഫയലിൽ സ്കൂൾ വികസനത്തിന് അനുകൂലമായ തീരുമാനം എടുക്കുവാൻ നടപടി സ്വീകരിക്കുമോ ?

### ഉത്തരം

(എ) കിഫ്ബി മുഖാന്തരം 5.44 കോടി രൂപ അനുവദിച്ച് ഉത്തരവായിട്ടുള്ളതിൽ കിഫ്ബി നൽകുന്ന 5 കോടി രൂപയുടെ ബാക്കി 44 ലക്ഷം രൂപ നിയോജകമണ്ഡലം ആസ്തിവികസന പദ്ധതിയിൽ ഉൾപ്പെടുത്തി KITE മുഖാന്തരം നടപ്പിലാക്കുന്നതിന് പ്രത്യേകാനുമതി നൽകി ഉത്തരവായിട്ടുണ്ട്.

(ബി) 9-8-2017-ലെ സ.ഉ. (അ) നമ്പർ 2692/2017/ധന ഉത്തരവ് റദ്ദ് ചെയ്ത് കിഫ്ബി മുഖാന്തരം 5.44 കോടി രൂപ അനുവദിച്ചതിൽ 44 ലക്ഷം രൂപ നിയോജകമണ്ഡലം ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി നൽകി 7-6-2019-ലെ സ.ഉ.(സാധാ) നമ്പർ 4322/2019/ധന ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) തുടർ നടപടികൾക്കായി ഉത്തരവ് ഭരണ വകുപ്പിന് നൽകിയിട്ടുണ്ട്.

(ഡി) 7-6-2019-ലെ സ.ഉ.(സാധാ) നമ്പർ 4322/2019/ധന ഉത്തരവ് പ്രകാരം അനുകൂല നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## ആസ്തി വികസന ഫണ്ടിലെ ടെണ്ടർ സേവിംഗ്സ്

55 (2271) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2016-17, 2017-18, 2018-19 എന്നീ സാമ്പത്തിക വർഷങ്ങളിൽ ആസ്തി വികസന ഫണ്ട്

മുഖേന നടപ്പിലാക്കിയ പദ്ധതികളിൽ ഓരോ വർഷവും എത്ര രൂപയുടെ ടെണ്ടർ സേവിംഗ്സ് വന്നിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ആയവയിൽ MLA-SDF,MLA-ADS എന്നിവയിലെ ടെണ്ടർ സേവിംഗ്സ് തുക എത്ര വീതമാണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ&ബി) നിയോജകമണ്ഡല ആസ്തി വികസനനിധി മുഖാന്തരമുള്ള പ്രവൃത്തികൾക്ക് ഭരണാനുമതി, സാങ്കേതികാനുമതി എന്നിവ നൽകി മൂന്ന് വർഷത്തിനുള്ളിൽ പ്രവൃത്തി ആരംഭിച്ചാൽ മതിയാകും. ഇല്ലാത്തപക്ഷം പ്രത്യേകാനുമതിയിലൂടെ പുതുക്കിയ ഭരണാനുമതിയും ആവശ്യമെങ്കിൽ പുതുക്കിയ സാങ്കേതികാനുമതിയും നൽകുന്നതാണ്. തുടർന്ന് പല ഘട്ടങ്ങൾക്കുശേഷം പ്രവൃത്തി പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമേ ടെണ്ടർ സേവിംഗ്സ്/എക്സസ് കണക്കാക്കാൻ സാധിക്കുകയുള്ളൂ. ആയത് ഓരോ എം.എൽ.എ.-യും അതാത് വർഷം ശിപാർശ ചെയ്യുന്ന എല്ലാ പ്രവൃത്തികളും പൂർത്തീകരിച്ചാൽ മാത്രമേ ആ വർഷം ടി എം.എൽ.എ.-യുടെ മണ്ഡലത്തിൽ എത്ര തുക ടെണ്ടർ സേവിംഗ്സ്/ എക്സസ് ഇനത്തിൽ ഉണ്ടെന്ന് കണക്കാക്കാൻ സാധിക്കുകയുള്ളൂ.

**ആസ്തി വികസന പദ്ധതി**

56 (2272) ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2017-18, 2018-19 എന്നീ വർഷങ്ങളിൽ ആസ്തി വികസനപദ്ധതിയിലേക്ക് മണലൂർ എം.എൽ.എ ശിപാർശ ചെയ്ത പ്രവൃത്തികൾ, ഓരോ പ്രവൃത്തിക്കും ഭരണാനുമതി നൽകിയ തീയതി, ഓരോ പ്രവൃത്തിയുടെയും നിലവിലെ സ്ഥിതി എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ നൽകാമോ?

ഉത്തരം

2017-18, 2018-19 എന്നീ വർഷങ്ങളിൽ ആസ്തി വികസന പദ്ധതിയിലേയ്ക്ക് മണലൂർ എം.എൽ.എ. ശിപാർശ ചെയ്ത പ്രവൃത്തികൾ, ഓരോ പ്രവൃത്തിക്കും ഭരണാനുമതി നൽകിയ തീയതി, ഓരോ പ്രവൃത്തിയുടെയും നിലവിലെ സ്ഥിതി എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു*.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ആസ്തി വികസന പദ്ധതി പ്രവൃത്തികൾ

57 (2273) ശ്രീ. ആർ. രാജേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആസ്തിവികസന പദ്ധതിയിൽ ഉൾപ്പെടുത്തി മാവേലിക്കര മണ്ഡലത്തിൽ 2016-17, 2017-18, 2018-19 വർഷങ്ങളിൽ നിർദ്ദേശിച്ച പ്രവൃത്തികളുടെ വിശദവിവരം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികൾ പൂർത്തിയാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

ഉത്തരം

(എ) പ്രവൃത്തികളുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു*.

(ബി) വിവരം ശേഖരിച്ചുവരുന്നു.

## പ്രത്യേക വികസന നിധി പദ്ധതി

58 (2274) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2017-18, 2018-19 എന്നീ വർഷങ്ങളിലെ പ്രത്യേക വികസന നിധി (എസ്.ഡി.എഫ്) പദ്ധതിയിലേക്ക് മണലൂർ എം.എൽ.എ. നിർദ്ദേശിച്ചിട്ടുള്ള പ്രവൃത്തികൾ ഏതെല്ലാമാണെന്നും ഓരോ പ്രവൃത്തിയുടെയും നിലവിലെ സ്ഥിതി എന്താണെന്നും വിശദമാക്കാമോ?

ഉത്തരം

വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു*.

## ടെണ്ടർ സേവിംഗ്സ് മാനദണ്ഡങ്ങൾ

59 (2275) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ മണ്ഡലത്തിലെ എം.എൽ.എ. ആസ്തി വികസനഫണ്ടിൽ 2016-17, 2017-18 വർഷങ്ങളിലായി എത്ര തുകയുടെ ടെണ്ടർ സേവിംഗ്സ് ഉണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ടെണ്ടർ സേവിംഗ്സ് വീണ്ടും ഉപയോഗപ്പെടുത്തുന്നതിന്റെ മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) നിയോജകമണ്ഡല ആസ്തി വികസനനിധി മുഖാന്തരമുള്ള പ്രവൃത്തികൾക്ക് ഭരണാനുമതി, സാങ്കേതികാനുമതി എന്നിവ നൽകി മൂന്ന് വർഷത്തിനുള്ളിൽ പ്രവൃത്തി ആരംഭിച്ചാൽ മതിയാകും. ഇല്ലാത്തപക്ഷം പ്രത്യേകാനുമതിയിലൂടെ പുതുക്കിയ ഭരണാനുമതിയും ആവശ്യമെങ്കിൽ പുതുക്കിയ സാങ്കേതികാനുമതിയും നൽകുന്നതാണ്. തുടർന്ന് പല ഘട്ടങ്ങൾക്കുശേഷം പ്രവൃത്തി പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമേ ടെണ്ടർ സേവിംഗ്സ്/എക്സസ് കണക്കാക്കാൻ സാധിക്കുകയുള്ളൂ. അതായത് ഓരോ എം.എൽ.എ.-യും അതാത് വർഷം ശിപാർശ ചെയ്യുന്ന എല്ലാ പ്രവൃത്തികളും പൂർത്തീകരിച്ചാൽ മാത്രമേ ആ വർഷം ടി എം.എൽ.എ.-യുടെ മണ്ഡലത്തിൽ എത്ര തുക ടെണ്ടർ സേവിംഗ്സ് / എക്സസ് ഇനത്തിൽ ഉണ്ടെന്ന് കണക്കാക്കാൻ സാധിക്കുകയുള്ളൂ.

(ബി) 4-8-2018-ലെ സ.ഉ.(പി) നമ്പർ 119/2018/ധന. ഉത്തരവ് 2.7 മുതൽ 2.10 വരെ നിർദ്ദേശങ്ങൾ പ്രകാരമുള്ള മാനദണ്ഡങ്ങൾക്ക് വിധേയമായി ടെണ്ടർ സേവിംഗ്സ് വിനിയോഗിക്കാവുന്നതാണ്.

**ടെണ്ടർ സേവിംഗ്സ്**

60 (2276) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിൽ ആസ്തി വികസന പദ്ധതിയിൽ 2016-17, 2017-18 വർഷങ്ങളിൽ എത്ര തുക ടെണ്ടർ സേവിംഗ്സ് ഇനത്തിൽ ബാക്കിയുണ്ട്; കണക്ക് ലഭ്യമാക്കുമോ?

ഉത്തരം

നിയോജകമണ്ഡല ആസ്തി വികസനനിധി മുഖാന്തരമുള്ള പ്രവൃത്തികൾക്ക് ഭരണാനുമതി, സാങ്കേതികാനുമതി എന്നിവ നൽകി മൂന്ന് വർഷത്തിനുള്ളിൽ പ്രവൃത്തി ആരംഭിച്ചാൽ മതിയാകും. ഇല്ലാത്തപക്ഷം പ്രത്യേകാനുമതിയിലൂടെ പുതുക്കിയ ഭരണാനുമതിയും ആവശ്യമെങ്കിൽ പുതുക്കിയ സാങ്കേതികാനുമതിയും നൽകുന്നതാണ്. തുടർന്ന് പല ഘട്ടങ്ങൾക്കുശേഷം പ്രവൃത്തി പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമേ ടെണ്ടർ സേവിംഗ്സ്/എക്സസ് കണക്കാക്കാൻ സാധിക്കുകയുള്ളൂ. അതായത് ഓരോ എം.എൽ.എ.-യും അതാത് വർഷം ശിപാർശ ചെയ്യുന്ന എല്ലാ പ്രവൃത്തികളും പൂർത്തീകരിച്ചാൽ മാത്രമേ ആ വർഷം ടി എം.എൽ.എ.-യുടെ മണ്ഡലത്തിൽ എത്ര തുക ടെണ്ടർ സേവിംഗ്സ്/എക്സസ് ഇനത്തിൽ ഉണ്ടെന്ന് കണക്കാക്കാൻ സാധിക്കുകയുള്ളൂ.

## തലശ്ശേരി നിയോജകമണ്ഡലത്തിലെ ആസ്തി വികസന ഫണ്ട്

61 (2277) ശ്രീ. എ. എൻ. ഷംസീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 വർഷത്തെ ആസ്തി വികസന ഫണ്ടിൽ നിർവഹിക്കപ്പെടുന്ന തലശ്ശേരി നിയോജകമണ്ഡലത്തിലെ മുഴുവൻ പ്രവൃത്തിയുടെയും നിലവിലുള്ള അവസ്ഥ എന്താണെന്ന് വ്യക്തമാക്കാമോ;

(ബി) ഈ പ്രവൃത്തികളിൽ ഇനി ഏതൊക്കെയാണ് പൂർത്തിയാക്കാനുള്ളതെന്നും പൂർത്തിയായില്ലെങ്കിൽ അതിന്റെ കാരണം എന്താണെന്നും ഇത് എപ്പോൾ പൂർത്തിയാക്കാൻ കഴിയുമെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ & ബി)വിവരങ്ങൾ ശേഖരിച്ചുവരുന്നു.

## വൈപ്പിൻ മണ്ഡലത്തിലെ ആസ്തി വികസന പദ്ധതി

62 (2278) ശ്രീ. എസ്. ശർമ്മ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിയോജകമണ്ഡല ആസ്തി വികസന പദ്ധതിയിലുൾപ്പെടുത്തി ടെണ്ടർ ചെയ്ത വൈപ്പിൻ മണ്ഡലത്തിലെ ഏതെല്ലാം പ്രവൃത്തികളാണ് ടെണ്ടർ തുകയ്ക്ക് താഴെ ക്വാട്ട് ചെയ്തിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത തുക ഇതര പ്രവൃത്തികൾക്കായി വിനിയോഗിക്കാമോയെന്ന് വ്യക്തമാക്കാമോ; എങ്കിൽ ഇതിന്റെ നടപടിക്രമം വിശദമാക്കാമോ?

ഉത്തരം

(എ & ബി) 2017-18 സാമ്പത്തിക വർഷം മുതലാണ് നിയോജമണ്ഡല ആസ്തി വികസന പദ്ധതിയിൽ ടെണ്ടർ സേവിംഗ്സ് അനുവദിച്ചുതുടങ്ങിയത്. 4-8-2018-ലെ സ.ഉ.(പി) നമ്പർ 119/2018/ധന ഉത്തരവിന്റെ ഖണ്ഡികകൾ 2.7 മുതൽ 2.10 വരെയുള്ള നിർദ്ദേശങ്ങൾക്ക് വിധേയമായാണ് ടെണ്ടർ സേവിംഗ്സ് അനുവദിക്കുന്നത്. ഒരു സാമ്പത്തിക വർഷം ഒരു നിയോജകമണ്ഡലത്തിൽ അനുമതി നൽകിയ മുഴുവൻ പ്രവൃത്തികളുടെയും ടെണ്ടർ എക്സസ്/ടെണ്ടർ സേവിംഗ്സ് ഒരുമിച്ച് ആയതിനായി പരിഗണിക്കേണ്ടതാണ്. പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നത് അതത് ജില്ലാ കളക്ടർമാരാണെങ്കിലും അവ നടപ്പിലാക്കുന്നത് വിവിധ എഞ്ചിനീയറിംഗ് വിഭാഗങ്ങൾ/അക്രെഡിറ്റഡ്

ഏജൻസികൾ മുഖേനയാണ്. ഭരണാനുമതി, സാങ്കേതികാനുമതി, ടെണ്ടർ തുടങ്ങിയ വിവിധ ഘട്ടങ്ങൾ പിന്നിട്ട് പ്രവർത്തികൾ പൂർത്തിയാകുന്നമുറയ്ക്കുമാത്രമേ ടെണ്ടർ സേവിംഗ്സ്/ടെണ്ടർ എക്സസ് കണക്കാക്കാൻ സാധിക്കുകയുള്ളൂ. അതായത് ഒരു എം.എൽ.എ. ഒരു സാമ്പത്തിക വർഷം ശിപാർശ ചെയ്ത മുഴുവൻ പ്രവൃത്തികളും പൂർത്തീകരിക്കുന്നമുറയ്ക്ക് മാത്രമേ പ്രസ്തുത വർഷത്തെ ടെണ്ടർ സേവിംഗ്സ്/ടെണ്ടർ എക്സസ് കണക്കാക്കാൻ സാധിക്കുകയുള്ളൂ.

## ആസ്തി വികസന ഫണ്ടിൽനിന്നും സ്കൂൾ ബസുകൾ വാങ്ങുന്നത്

63 (2279) ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ. ആസ്തിവികസന ഫണ്ടിൽ നിന്നും സർക്കാർ സ്കൂളുകളിൽ ബസ്സുകൾ വാങ്ങുന്നതിനുള്ള തുക അനുവദിക്കുന്ന നടപടിക്രമങ്ങൾ ലഘൂകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വ്യക്തമാക്കാമോ ;

(ബി) പട്ടാമ്പി മണ്ഡലത്തിലെ വിവിധ സർക്കാർ സ്കൂളുകൾക്ക് ബസ്സ് നൽകുന്നതിനുള്ള നടപടിക്രമങ്ങളുടെ നിലവിലുള്ള സ്ഥിതി വ്യക്തമാക്കാമോ;

(സി) പ്രസ്തുത സ്കൂളുകൾക്ക് എപ്പോൾ ബസ്സ് അനുവദിക്കാൻ സാധിക്കുമെന്ന് അറിയിക്കാമോ?

### ഉത്തരം

(എ) എം.എൽ.എ. ആസ്തി വികസന ഫണ്ടിൽനിന്നും സർക്കാർ സ്കൂളുകളിൽ ബസ്സുകൾ വാങ്ങുന്നതിനുള്ള തുക അനുവദിക്കുന്ന നടപടിക്രമങ്ങൾ ലഘൂകരിച്ചിട്ടുണ്ട്. 5-3-2019-ലെ സ.ഉ.(സാധാ) നമ്പർ 1648/2019/ധന ഉത്തരവുപ്രകാരം 14 ജില്ലകളിലെയും വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർമാരെ 4202-01-800-84NPV എന്ന ശീർഷകത്തിൽ ഡ്രോയിംഗ് ആന്റ് ഡിസ്ബേഴ്സിംഗ് ഓഫീസർമാരായി നിയോഗിച്ച് ഉത്തരവായിട്ടുണ്ട്.

(ബി) പട്ടാമ്പി മണ്ഡലത്തിലെ 5 സർക്കാർ സ്കൂളുകൾക്ക് ബസ് വാങ്ങി നൽകുന്നതിന് ഫണ്ട് ലഭ്യമായിട്ടുണ്ട്. ഇൻവോയിസ് ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) ഇൻവോയിസ് ലഭ്യമാക്കുന്നതിനനുസരിച്ച് ബസ് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## ബാലുശ്ശേരി മണ്ഡലത്തിലെ ആസ്തി വികസന പദ്ധതിയിലെ ടെണ്ടർ സേവിംഗ്സ്

64 (2280) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി നിയോജകമണ്ഡലത്തിലെ ആസ്തി വികസന പദ്ധതിയിലെ 2015-16, 2016-17, 2017-18 എന്നീ വർഷങ്ങളിലെ ടെണ്ടർ സേവിംഗ്സ് എത്രയുണ്ടെന്ന് അറിയിക്കാമോ;

(ബി) എത് വർഷം മുതലുള്ള ടെണ്ടർ സേവിംഗ്സ് ആണ് പുതിയ പ്രവൃത്തികൾക്ക് വിനിയോഗിക്കാൻ സാധിക്കുക; ഇക്കാര്യം സംബന്ധിച്ച ഉത്തരവിന്റെ കോപ്പി ലഭ്യമാക്കാമോ;

(സി) ആസ്തി വികസന പദ്ധതിയിൽ ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനായി ടെണ്ടർ സേവിംഗ്സ് ഉപയോഗിക്കുമ്പോൾ മിനിമം പത്തുലക്ഷം രൂപമാത്രമേ നൽകാൻ പാടുള്ളൂ എന്ന നിബന്ധന ഉണ്ടോ; എങ്കിൽ അത് പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കാമോ?

ഉത്തരം

(എ) നിയോജകമണ്ഡല ആസ്തി വികസന നിധി മുഖാന്തരമുള്ള പ്രവൃത്തികൾക്ക് ഭരണാനുമതി, സാങ്കേതികാനുമതി എന്നിവ നൽകി മൂന്ന് വർഷത്തിനുള്ളിൽ പ്രവൃത്തി ആരംഭിച്ചാൽ മതിയാകും. ഇല്ലാത്തപക്ഷം പ്രത്യേകാനുമതിയിലൂടെ പുതുക്കിയ ഭരണാനുമതിയും ആവശ്യമെങ്കിൽ പുതുക്കിയ സാങ്കേതികാനുമതിയും നൽകുന്നതാണ്. തുടർന്ന് പല ഘട്ടങ്ങൾക്കുശേഷം പ്രവൃത്തി പൂർത്തിയാക്കുന്ന മുറയ്ക്ക് മാത്രമേ ടെണ്ടർ സേവിംഗ്സ്/എക്സസ് കണക്കാക്കാൻ സാധിക്കുകയുള്ളൂ. അതായത് ഓരോ എം.എൽ.എ.-യും അതാത് വർഷം ശിപാർശ ചെയ്യുന്ന എല്ലാ പ്രവൃത്തികളും പൂർത്തീകരിച്ചാൽ മാത്രമേ ആ വർഷം ടി എൽ.എൽ.എ.-യുടെ മണ്ഡലത്തിൽ എത്ര തുക ടെണ്ടർ സേവിംഗ്സ്/എക്സസ് ഇനത്തിൽ ഉണ്ടെന്ന് കണക്കാക്കാൻ സാധിക്കുകയുള്ളൂ.

(ബി) 4-8-2018-ലെ സ.ഉ.(പി)നമ്പർ 119/2018/ധന ഉത്തരവ് 2.7 മുതൽ 2.10 വരെ നിർദ്ദേശങ്ങൾ പ്രകാരമുള്ള മാനദണ്ഡങ്ങൾക്ക് വിധേയമായി ടെണ്ടർ സേവിംഗ്സ് വിനിയോഗിക്കാവുന്നതാണ്.

(സി) 4-8-2018-ലെ സ.ഉ.(പി)നമ്പർ 119/2018/ധന ഉത്തരവിലെ നിർദ്ദേശങ്ങൾ പ്രകാരമുള്ള മാനദണ്ഡങ്ങൾക്ക് വിധേയമായാണ് ടെണ്ടർ സേവിംഗ്സ് വിനിയോഗിക്കുന്നത്.

## കാസർഗോഡ് നിയോജകമണ്ഡലത്തിലെ എം.എൽ.എ. ആസ്തി വികസന പദ്ധതി

65 (2281) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ. ആസ്തിവികസന പദ്ധതിയിൽ ഉൾപ്പെടുത്തി 2011-12 മുതൽ 2017-18 വരെയുള്ള കാലയളവിൽ ഭരണാനുമതി ലഭിച്ച കാസർഗോഡ് അസംബ്ലി നിയോജകമണ്ഡലത്തിലെ പ്രവൃത്തികൾ ഏതൊക്കെയാണ് ;

(ബി) ഈ പ്രവൃത്തികളിൽ ഇനിയും പൂർത്തീകരിക്കാനുള്ളത് ഏതൊക്കെയാണ്; എഗ്രിമെന്റ് കാലാവധി കഴിഞ്ഞ പ്രവൃത്തികളുണ്ടോ; എങ്കിൽ പ്രവൃത്തികൾ ഏറ്റെടുത്തിരിക്കുന്ന കരാറുകാർ ആരൊക്കെയാണ് ;

(സി) കരാർ കാലാവധി കഴിഞ്ഞിട്ടും കരാറുകാരൻ പ്രവൃത്തികൾ പൂർത്തിയാക്കാത്തത് എന്തുകൊണ്ടാണെന്ന് അന്വേഷണം നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ അന്വേഷണം നടത്തി നടപടി സ്വീകരിക്കുമോ ;

(ഡി) മുടങ്ങിക്കിടക്കുന്ന പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് എന്ത് നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ -ഡി) വിവരം ശേഖരിച്ചുവരുന്നു.

## നിയോജകമണ്ഡല ആസ്തി വികസന പദ്ധതി

66 (2282) ശ്രീ. എസ്. ശർമ്മ: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നിയോജകമണ്ഡല ആസ്തി വികസന പദ്ധതിയിലുൾപ്പെടുത്തി സർക്കാർ സ്കൂളുകൾക്ക് കെട്ടിടം നിർമ്മിക്കുന്നതിന് ബന്ധപ്പെട്ട തദ്ദേശ സ്ഥാപനത്തിന്റെ അനുമതി ആവശ്യമുണ്ടോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

സംസ്ഥാന സർക്കാരിന്റെയോ തദ്ദേശഭരണ സ്ഥാപനങ്ങളുടെയോ ഉടമസ്ഥതയിൽ പൊതുജനോപകാരപ്രദമായ മൂലധന സ്വഭാവമുള്ള, ദീർഘകാലം നിലനിൽക്കുന്ന ആസ്തികളുടെ സൃഷ്ടിയാണ് നിയോജകമണ്ഡല ആസ്തി വികസന പദ്ധതി ലക്ഷ്യമിടുന്നത്. ഇപ്രകാരം മൂലധന സ്വഭാവമുള്ള ആസ്തികൾ സൃഷ്ടിക്കുന്നതിന് ആവശ്യമായ സ്ഥലം സർക്കാരിന്റെയോ തദ്ദേശഭരണ സ്ഥാപനത്തിന്റെയോ ഉടമസ്ഥതയിൽ ആയിരിക്കേണ്ടതാണ്. നിയോജകമണ്ഡല ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെട്ട ഏത് കെട്ടിട നിർമ്മാണ പ്രവൃത്തിക്കും ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനത്തിന്റെ ചട്ടപ്രകാരമുള്ള അനുമതി ആവശ്യമാണ്.

**കാസർഗോഡ് നിയോജകമണ്ഡലത്തിലെ ആസ്തി വികസന ഫണ്ട്**

67 (2283) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2012-2013 മുതൽ 2016-2017 വരെ സാമ്പത്തിക വർഷങ്ങളിൽ കാസർകോഡ് അസംബ്ലി നിയോജകമണ്ഡലത്തിൽ ആസ്തി വികസന ഫണ്ടുപയോഗിച്ച് നടത്താൻ എത്ര പ്രൊപ്പോസലുകൾ ഉണ്ടായിരുന്നു എന്ന് വർഷം തിരിച്ചും പ്രവൃത്തികളുടെ പേരുകളും അനുവദിച്ച തുകയും സഹിതം വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രൊപ്പോസലുകൾക്കെല്ലാം ഭരണാനുമതി നൽകിയിരുന്നോ എന്ന് വ്യക്തമാക്കാമോ;

(സി) ഇല്ലെങ്കിൽ ഭരണാനുമതി ലഭിക്കാത്ത പ്രൊപ്പോസലുകൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രൊപ്പോസലുകൾക്ക് ഭരണാനുമതി ലഭിക്കാതെ പോയത് എന്തുകൊണ്ടാണെന്നും ഇനി ഭരണാനുമതി നൽകുമോ എന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ -ഡി) വിവരം ശേഖരിച്ചുവരുന്നു.

**കടുത്തുരുത്തി നിയോജകമണ്ഡലത്തിൽ ആസ്തി വികസന ഫണ്ട് വിനിയോഗം**

68 (2284) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-2018 സാമ്പത്തിക വർഷത്തെ ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി കടുത്തുരുത്തി നിയോജകമണ്ഡലത്തിൽ ഹൈമാസ്റ്റ് / മിനിമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിന് ധനകാര്യ വകുപ്പിൽ നിന്നും ഉണ്ടായിരിക്കുന്ന തടസ്സങ്ങൾക്ക് പരിഹാരം കണ്ടെത്തി പദ്ധതിക്ക് ആവശ്യമായ ഫണ്ട് റിലീസ് ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) ജെം (ഗവൺമെന്റ് ഇ-മാർക്കറ്റ്) ക്ലാസ്സിഫിക്കേഷൻ പ്രകാരം പത്ത് ദിവസത്തിനകം ലൈറ്റ് വാങ്ങുന്നതിന് കെൽ (KEL )- ന് ഫണ്ട് അനുവദിക്കുവാൻ തീരുമാനമായെങ്കിലും ഇതുവരെയും ഫണ്ട് നൽകിയിട്ടില്ലെന്നത് പരിശോധിച്ച് ആവശ്യമായ തിരുത്തൽ വരുത്തുമോ;

(സി) ഇതുമായി ബന്ധപ്പെട്ട് ധനകാര്യ വകുപ്പിൽ നിന്നും ഒരു നിർദ്ദേശവും എൽ.എസ്.ജി.ഡി. ചീഫ് എഞ്ചിനീയർക്ക് നൽകിയിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കടുത്തുരുത്തി നിയോജകമണ്ഡലത്തിൽ ഹൈമാസ്റ്റ്/മിനിമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കുന്ന പ്രവൃത്തിക്ക് ഫണ്ട് അനുവദിച്ച് നൽകുന്നതിൽ കാലതാമസം നേരിട്ടുവെന്ന പരാതി ധനകാര്യ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇക്കാര്യത്തിൽ നടപടി സ്വീകരിച്ചുവരുന്നു.

(ബി & സി) അക്രെഡിറ്റഡ് ഏജൻസികൾ Government e Marketplace (GeM) വഴി ഹൈമാസ്റ്റ്/മിനിമാസ്റ്റ് ലൈറ്റുകളുടെ ബൾബുകൾ വാങ്ങുമ്പോൾ പണം അനുവദിച്ച് നൽകുന്നത് ത്വരിതപ്പെടുത്തിനുള്ള നടപടിയും സ്വീകരിച്ചുവരുന്നു.

**ചെങ്ങന്നൂർ ഐ.എച്ച്.ആർ.ഡി. എഞ്ചിനീയറിംഗ് കോളേജിന് എം.എൽ.എ. ഫണ്ട്**

69 (2285) ശ്രീ. സജി ചെറിയാൻ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചെങ്ങന്നൂർ ഐ.എച്ച്.ആർ.ഡി. എൻജിനീയറിംഗ് കോളേജ്, പി.എസ്.സി. ഉൾപ്പെടെയുള്ള മത്സര പരീക്ഷകളുടെ ഓൺ ലൈൻ പരീക്ഷാ സെന്റർ ആക്കുന്നതിനും കൂടുതൽ കുട്ടികളെ പരീക്ഷയിൽ പങ്കെടുപ്പിക്കുന്നതിനുള്ള സൗകര്യങ്ങൾ ഒരുക്കുന്നതിനും എം.എൽ.എ ഫണ്ട് വിനിയോഗിക്കുന്നതിനായി സർക്കാരിലേയ്ക്ക് അയച്ചിരുന്ന അപേക്ഷയിന്മേലുള്ള നടപടികൾ വേഗത്തിലാക്കുമോ?

ഉത്തരം

ബഹുമാനപ്പെട്ട എം.എൽ.എ.-യുടെ അപേക്ഷ ധനകാര്യ വകുപ്പ് പരിശോധിക്കുകയും 4-8-2018-ലെ സ.ഉ.(പി) നമ്പർ 119/2018/ധന. ഉത്തരവുപ്രകാരമുള്ള നിയോജകമണ്ഡല ആസ്തി വികസന പദ്ധതിയുടെ നിലവിലെ മാനദണ്ഡങ്ങൾ അനുസരിച്ച് ടി അപേക്ഷ അനുഭാവപൂർവ്വം പരിഗണിക്കാൻ നിർവ്വാഹമില്ലെന്ന് 1-6-2019-ലെ 1142379/എൻ.സി. ബി.2/19/ധന. നമ്പർ കത്തുമുഖേന ബഹു. എം.എൽ.എ.-യെ അറിയിച്ചിട്ടുണ്ട്.

**റോഡുകളുടെ പുനരുദ്ധാരണത്തിന് പ്രത്യേകാനുമതി**

70 (2286) ശ്രീ. അബ്ദുൽ ഹമീദ് പി. : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പ്രളയത്തിൽ തകർന്ന ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണത്തിന് പൊതുമരാമത്ത് വകുപ്പിന് പ്രത്യേകാനുമതിയും നടപടിക്രമങ്ങളിൽ ഇളവും നൽകുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദവിവരം വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

21-8-2018-ലെ സ.ഉ.(സാധാ)നമ്പർ 1309/2018/പൊ.മ.വ. പ്രകാരം പ്രളയത്തിൽ തകർന്ന ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണ പ്രവൃത്തികൾക്ക് ഒന്നാം ഘട്ടമായി 1,000 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ 31-10-2018-ലെ സ.ഉ.(സാധാ)നമ്പർ 8985/2018/ധന. ഉത്തരവുപ്രകാരം പ്രളയത്തിൽ നാശനഷ്ടം സംഭവിച്ച സംസ്ഥാനത്തെ റോഡുകളുടെയും പാലങ്ങളുടെയും അറ്റകുറ്റപ്പണികൾക്കായി 400 കോടി രൂപ 3054-03-337-96 (NP) ശീർഷകത്തിൽ അനുവദിച്ചിട്ടുണ്ട്. മേൽ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ പ്രളയത്തിൽ തകർന്ന റോഡുകളുടെ/പാലങ്ങളുടെ അറ്റകുറ്റപ്പണികൾക്ക് 22-12-2018-ലെ സ.ഉ. (സാധാ)നമ്പർ 1978/2018/പൊ.മ.വ. ഉത്തരവുപ്രകാരം 1,191 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രളയത്തിൽ തകർന്ന ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണത്തിനായി പ്രളയബാധിത പ്രദേശങ്ങളിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുകൂടി ഒരു പ്രത്യേകാനുമതിയും ഭരണാനുമതിയും നൽകുന്ന കാര്യം പരിഗണിക്കുന്നുണ്ട്.

**പൊതുമേഖലാ സ്ഥാപനങ്ങളുടെ ഓഡിറ്റഡ് ആന്വൽ സ്റ്റേറ്റ്മെന്റ്**

71 (2288) <u>ശ്രീ. പി. സി. ജോർജ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമേഖലാ സ്ഥാപനങ്ങളുടെ ഓഡിറ്റഡ് ആന്വൽ സ്റ്റേറ്റ്മെന്റിനെക്കുറിച്ച് അതത് സ്ഥാപനങ്ങളുടെ വാർഷിക ജനറൽ ബോഡിയിൽ സമർപ്പിക്കുന്നതിന് വേണ്ടി ധനവകുപ്പ് നൽകിക്കൊണ്ടിരിക്കുന്ന കമന്റ്സ് നിർത്തലാക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത സർക്കാർ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത ഉത്തരവ് ധനകാര്യ വകുപ്പ് പുറപ്പെടുവിക്കാൻ തീരുമാനിച്ചതിന്റെ കാരണം വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) പൊതുമേഖലാ സ്ഥാപനങ്ങളുടെ ഓഡിറ്റഡ് ആന്വൽ സ്റ്റേറ്റ്മെന്റിനെക്കുറിച്ച് അതത് സ്ഥാപനങ്ങളുടെ വാർഷിക ജനറൽ ബോഡിയിൽ സമർപ്പിക്കുന്നതിനുവേണ്ടി ധനകാര്യ വകുപ്പ് നൽകിക്കൊണ്ടിരിക്കുന്ന കമന്റ്സ് നിർത്തലാക്കാൻ 24-12-2018-ലെ സ.ഉ.(കൈ)നമ്പർ 505/2018/ധന. നമ്പർ ഉത്തരവുപ്രകാരം തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത സർക്കാർ ഉത്തരവിന്റെ പകർപ്പ് (അനുബന്ധം 1) ആയി ചേർത്തിരിക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) പൊതുമേഖലാ സ്ഥാപനങ്ങളുടെ സാമ്പത്തിക സ്ഥിതിയെക്കുറിച്ച് അറിയാനും സാമ്പത്തിക അച്ചടക്കം നിലനിർത്തുന്നതിനുമായിട്ടാണ് പൊതുമേഖലാ സ്ഥാപനങ്ങളുടെ വാർഷിക കണക്കുകൾ ധനകാര്യ വകുപ്പിന്റെ അഭിപ്രായത്തിനായി സമർപ്പിക്കാൻ ആവശ്യപ്പെട്ടിരുന്നത്. എന്നാൽ വാർഷിക ജനറൽ ബോഡി കൂടുന്നതിന് ഈ നടപടി കാലതാമസം ഉണ്ടാകുന്നു എന്നതിനാൽ കമ്പനികളുടെ നിരന്തരമായ അഭ്യർത്ഥന മാനിച്ചുകൊണ്ടും വാർഷിക ധനകാര്യ പത്രികയിന്മേൽ (Annual Financial Statement) ധനകാര്യ വകുപ്പിന്റെ അഭിപ്രായം നിർബന്ധമാണ് എന്ന് 2013-ലെ കമ്പനി നിയമത്തിൽ വിവക്ഷിക്കാത്ത സാഹചര്യത്തിലുമാണ് പൊതുമേഖലാ സ്ഥാപനങ്ങളുടെ ഓഡിറ്റഡ് ആന്വൽ സ്റ്റേറ്റ്മെന്റിനെക്കുറിച്ച് ധനകാര്യ വകുപ്പ് കമന്റ്സ് നൽകുന്ന നടപടി അവസാനിപ്പിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചത്.

## വൈപ്പിൻ ആർട്സ് ആന്റ് സയൻസ് കോളേജിൽ പുതിയ തസ്തിക

72 (2289) ശ്രീ. എസ്. ശർമ്മ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ സർക്കാർ ആർട്സ് ആന്റ് സയൻസ് കോളേജിൽ പ്രിൻസിപ്പൽ തസ്തിക ഉൾപ്പെടെയുള്ള വിവിധ അദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിന് ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) ഏതെല്ലാം തസ്തികകളാണ് പുതുതായി വേണ്ടതെന്ന് ഉന്നത വിദ്യാഭ്യാസ വകുപ്പ് നൽകിയ പ്രൊപ്പോസലിൽ ആവശ്യപ്പെട്ടിരിക്കുന്നത്; കോളേജിന്റെ സുഗമമായ പ്രവർത്തനം സാധ്യമാക്കുന്നതിന് പ്രസ്തുത തസ്തികകൾ അനുവദിക്കാൻ സർക്കാർ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ?

### ഉത്തരം

(എ) ഉണ്ട്.

(ബി) വൈപ്പിൻ ആർട്സ് ആന്റ് സയൻസ് കോളേജിൽ പ്രിൻസിപ്പൽ, മലയാളം/ഹിന്ദി, ഇംഗ്ലീഷ്, കൊമേഴ്സ്, ഫിസിക്കൽ എഡ്യൂക്കേഷൻ, സ്റ്റാറ്റിസ്റ്റിക്സ്, കമ്പ്യൂട്ടർ സയൻസ്, മാത്തമാറ്റിക്സ് എന്നീ വിഷയങ്ങൾക്ക് അദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കണമെന്നുള്ള ഭരണ വകുപ്പ് പ്രൊപ്പോസൽ ധനകാര്യ വകുപ്പ് പരിശോധിക്കുകയും കൊമേഴ്സിനും മാത്തമാറ്റിക്സിനും 2 അദ്ധ്യാപക തസ്തികകൾ വീതം സൃഷ്ടിക്കുന്നതിന് അനുമതി നൽകുകയും സർക്കാരിന്റെ സാമ്പത്തിക സ്ഥിതി

മെച്ചമാകുന്ന മുറയ്ക്ക് മറ്റുള്ള വിഷയങ്ങളിലെ അദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുന്ന കാര്യം പരിഗണിക്കുന്നതാണ് എന്ന് ഉന്നത വിദ്യാഭ്യാസ വകുപ്പിനെ അറിയിക്കുകയും ചെയ്തിട്ടുണ്ട്. ടി കോളേജിലെ പ്രിൻസിപ്പൽ തസ്തിക സൃഷ്ടിക്കുന്നത് സംബന്ധിച്ചുള്ള പ്രൊപ്പോസൽ ധനകാര്യ വകുപ്പിൽ പരിശോധിക്കുകയും സമാന കേസ്സുകൾ ഉണ്ടെങ്കിൽ അവകൂടി പരിശോധിച്ച് ഒറ്റ പാക്കേജായി സമർപ്പിക്കാൻ ഉന്നത വിദ്യാഭ്യാസ വകുപ്പിന് നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്.

സീനിയർ സൂപ്രണ്ട്, ഹെഡ് അക്കൗണ്ടന്റ്, ക്ലർക്ക്, ടൈപ്പിസ്റ്റ്, ലൈബ്രേറിയൻ ഗ്രേഡ് IV, ലാബ്/ലൈബ്രറി അറ്റൻഡർ, ഓഫീസ് അറ്റൻഡന്റ് എന്നീ അനദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കാനുള്ള പ്രൊപ്പോസൽ ധനകാര്യ വകുപ്പ് പരിശോധിക്കുകയും താഴെപ്പറയും പ്രകാരം തസ്തികകൾ അനുവദിക്കാൻ അനുമതി നൽകുകയും ചെയ്തിട്ടുണ്ട്. നിലവിൽ അദ്ധ്യാപക-അനദ്ധ്യാപക പ്രിൻസിപ്പൽ തസ്തിക സൃഷ്ടിക്കുന്നത് സംബന്ധിച്ചുള്ള പ്രൊപ്പോസൽ ധനകാര്യ വകുപ്പിന്റെ പരിഗണനയിലില്ല. ഉന്നത വിദ്യാഭ്യാസ വകുപ്പിൽനിന്നും ശിപാർശ ലഭ്യമാകുന്ന മുറയ്ക്ക് നിലവിലെ ഉത്തരവുകളുടെയും മാനദണ്ഡങ്ങളുടെയും അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

| | | |
|---|---|---|
| സീനിയർ സൂപ്രണ്ട് | - | 1 |
| ഹെഡ് അക്കൗണ്ടന്റ് | - | 1 |
| ക്ലർക്ക് | - | 2 |
| ലൈബ്രേറിയൻ ഗ്രേഡ് IV | - | 1 |

**ആർ.ഐ.ഡി.എഫ്. പദ്ധതി**

73 (2290) <u>ശ്രീ. എം. വിൻസെന്റ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന ആർ.ഐ.ഡി.എഫ്. പദ്ധതിക്കായി നബാർഡിൽ നിന്ന് സ്വീകരിക്കുന്ന വായ്പയുടെ പലിശനിരക്ക് എത്രയാണ്;

(ബി) 2018-19 വർഷം കേന്ദ്ര സർക്കാർ അംഗീകരിച്ച ആർ.ഐ.ഡി.എഫ്. വായ്പ പരിധി എത്രയായിരുന്നു; വ്യക്തമാക്കുമോ;

(സി) ഇതിൽ നിന്നും സംസ്ഥാന സർക്കാർ പ്രസ്തുത കാലയളവിൽ പദ്ധതികൾക്കായി എടുത്ത വായ്പ തുക എത്രയാണ്; അറിയിക്കുമോ?

<u>ഉത്തരം</u>

(എ) ആർ.ഐ.ഡി.എഫ്. മാർഗ്ഗരേഖ അനുസരിച്ച് സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന ആർ.ഐ.ഡി.എഫ്. പദ്ധതിക്കായി നബാർഡിൽനിന്നും സ്വീകരിക്കുന്ന വായ്പയുടെ പലിശനിരക്ക് അതാത് കാലയളവിൽ ആർ.ബി.ഐ. നിശ്ചയിക്കുന്ന ബാങ്ക് നിരക്കിനേക്കാൾ 1.5% കുറവാണ് ഈടാക്കിവരുന്നത്. നിലവിൽ ഇത് 4.5% ആകുന്നു.

(ബി) 700 കോടി രൂപ.

(സി) 663.04 കോടി രൂപ.

**മെഡിസെപ് ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി**

74 (2291) <u>ശ്രീ. കെ. സി. ജോസഫ്</u>:
<u>ശ്രീ. സണ്ണി ജോസഫ്</u>:
<u>ശ്രീ. പി. ടി. തോമസ്</u>:
<u>ശ്രീ. വി. ഡി. സതീശൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും നടപ്പിലാക്കിവരുന്ന മെഡിസെപ് പദ്ധതിയിൽ പങ്കാളിത്തമുള്ള ആശുപത്രികൾ സംബന്ധിച്ച് റിലയൻസ് ഇൻഷ്വറൻസ് കമ്പനിയുമായി എന്തെങ്കിലും ധാരണയിൽ എത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) മെഡിസെപ് വഴി ഓരോ കുടുംബത്തിനും എത്ര ലക്ഷം രൂപയുടെ പരിരക്ഷയാണ് ഉറപ്പാക്കിയിട്ടുള്ളത്;

(സി) ക്യാൻസർ പോലുള്ള ഗുരുതരമായ രോഗങ്ങൾക്കും അവയവ മാറ്റ ശസ്ത്രക്രിയകൾക്കും മെഡിസെപ് ഇൻഷ്വറൻസ് പ്രകാരം എന്ത് തുകയാണ് പരമാവധി അനുവദിക്കുകയെന്ന് അറിയിക്കുമോ;

(ഡി) ഈ പദ്ധതി നടപ്പിലാക്കുന്ന സ്വകാര്യ ഇൻഷ്വറൻസ് കമ്പനിക്ക് പ്രീമിയം ഇനത്തിൽ ഒരു വർഷം എന്ത് തുകയാണ് നൽകേണ്ടതെന്ന് വെളിപ്പെടുത്തുമോ;

(ഇ) സർക്കാർ ജീവനക്കാരുടെ മെഡിക്കൽ റീ ഇംപേഴ്സ്മെന്റ് ഇനത്തിൽ 2018-19 വർഷം എന്ത് തുകയാണ് ബഡ്ജറ്റിൽ വകയിരുത്തിയിരുന്നത്; അതിൽ എന്ത് തുക ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഇതുസംബന്ധിച്ച് നടപടികൾ പുരോഗമിച്ചുവരുന്നു.

(ബി & സി) അടിസ്ഥാന പരിരക്ഷ - പദ്ധതിയുടെ കീഴിൽവരുന്ന ആശുപത്രി ശൃംഖലയിലെ ഏതെങ്കിലും ആശുപത്രിയിൽ ഗുണഭോക്താവോ കുടുംബാംഗങ്ങളോ തേടുന്ന ദേശീയ ആരോഗ്യ സുരക്ഷ പദ്ധതിപ്രകാരമുള്ള ഡേ കെയർ ചികിത്സാ പ്രക്രിയ ഉൾപ്പെടെയുള്ള അംഗീകൃത ചികിത്സകൾക്ക് ഓരോ കുടുംബത്തിനും പ്രതിവർഷം 2 ലക്ഷം രൂപ നിരക്കിൽ അടിസ്ഥാന പരിരക്ഷ.

അധിക പരിരക്ഷ - പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്ന അവയവമാറ്റ ശസ്ത്രക്രിയ ഉൾപ്പെടെയുള്ള ഗുരുതര ചികിത്സാ പ്രക്രിയകൾക്ക് 3 വർഷത്തെ ബ്ലോക്ക് പിരീഡിലേയ്ക്ക് ഓരോ കുടുംബത്തിനും അടിസ്ഥാന പരിരക്ഷയ്ക്കുപുറമേ പരമാവധി 6 ലക്ഷം രൂപയുടെകൂടി അധിക പരിരക്ഷ.

മേൽ സൂചിപ്പിച്ച അധിക പരിരക്ഷയിലും ചികിത്സാ ചെലവ് അധികരിക്കുന്നപക്ഷം ഇൻഷ്വറൻസ് കമ്പനി പ്രതിവർഷം 25 കോടി രൂപയിൽ കുറയാത്ത തുക ഉൾപ്പെടുത്തി രൂപീകരിക്കുന്ന കോർപ്പസ് ഫണ്ടിൽനിന്ന് ഒരു കുടുംബത്തിന് പരമാവധി 3 ലക്ഷം രൂപ വരെ (മൂന്നുവർഷത്തെ പോളിസി കാലയളവിനകത്ത്) നിശ്ചിത ചികിത്സാ ചെലവുകൾക്ക് വിനിയോഗിക്കാവുന്നതാണ്.

(ഡി) പദ്ധതിയിലെ ഓരോ അംഗത്തിനും 3,000 രൂപ നിരക്കിലാണ് വാർഷിക പ്രീമിയം ഒടുക്കേണ്ടത്.

(ഇ) 2018-19 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് എസ്റ്റിമേറ്റ് പ്രകാരം സർക്കാർ ജീവനക്കാരുടെ മെഡിക്കൽ റീ-ഇംബേഴ്സ്മെന്റിനായി 73.02 കോടി രൂപ വകയിരുത്തിയിരുന്നു. ഇതിന്റെ ചെലവ് സംബന്ധിച്ച് അക്കൗണ്ടന്റ് ജനറലിന്റെ അന്തിമ കണക്ക് ലഭ്യമായിട്ടില്ല.

**മെഡിസെപ് ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി**

75 (T*2292) <u>ശ്രീ. വി. ടി. ബൽറാം:</u>

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:</u>

<u>ശ്രീ. വി. പി. സജീന്ദ്രൻ:</u>

<u>ശ്രീ. കെ. എസ്. ശബരീനാഥൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാരുടെയും പെൻഷൻകാരുടെയും ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി റിലയൻസിനെ ഏല്പിക്കുവാനുള്ള തീരുമാനം കൈക്കൊണ്ടത് ഏത് സാഹചര്യത്തിലാണെന്ന് അറിയിക്കുമോ;

---

* 'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(ബി) പ്രസ്തുത കമ്പനിക്ക് ആരോഗ്യ ഇൻഷുറൻസ് പദ്ധതി നടത്തിപ്പ് ചുമതല നൽകുന്നതിന് മുമ്പ് സർവ്വീസ് സംഘടനകളുടെയും പെൻഷൻകാരുടെ സംഘടനകളുടെയും പ്രതിനിധികളുമായി എന്തെങ്കിലും ചർച്ച നടത്തിയിരുന്നുവോ; എങ്കിൽ വിശദാംശം നൽകുമോ?

ഉത്തരം

(എ & ബി) സംസ്ഥാന സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും കുറഞ്ഞ ചെലവിൽ മെച്ചപ്പെട്ട ചികിത്സ ലഭ്യമാക്കുന്നതിലേയ്ക്കായി 24-4-2017-ലെ സ.ഉ.(അച്ചടി)നമ്പർ 54/2017/ധന. പ്രകാരം ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കാൻ ഉത്തരവായിട്ടുള്ളതും പദ്ധതി നടത്തിപ്പിനായി പ്രാഥമിക ഘട്ടത്തിലെ പഠനം, അപഗ്രഥനം എന്നിവയ്ക്കുശേഷം IRDAI അംഗീകാരമുള്ള ഇൻഷ്വറൻസ് കമ്പനികളിൽനിന്ന് താൽപ്പര്യപത്രം ക്ഷണിക്കുകയും അഞ്ച് കമ്പനികൾ അനുകൂലമായി പ്രതികരിക്കുകയും ചെയ്തു. ആയതിന്റെ അടിസ്ഥാനത്തിൽ സർവ്വീസ് സംഘടനകളും പെൻഷൻ സംഘടനകളുമായി രണ്ട് പ്രാവശ്യം ചർച്ച നടത്തുകയും ചെയ്തു. ഇൻഷ്വറൻസ് രംഗത്തെ വിദഗ്ദ്ധരുടെ ഉപദേശത്തിന്റെയും താൽപ്പര്യപത്രങ്ങളുടെയും അടിസ്ഥാനത്തിലും സംഘടനകളുടെ യോഗത്തിലെ പ്രായോഗികമായ നിർദ്ദേശങ്ങൾ എന്നിവകൂടി പരിഗണിച്ച് ആർ.എഫ്.പി. (Request For Proposal) തയ്യാറാക്കുകയും അതിനെ അടിസ്ഥാനമാക്കി 1-1-2019-ന് ഇ-ടെണ്ടർ (Tender ID 2019-FIN-258705-1) ആയി ആർ.എഫ്.പി. പരസ്യപ്പെടുത്തുകയും ചെയ്തു. മൂന്ന് പൊതുമേഖലാ ഇൻഷ്വറൻസ് കമ്പനികൾ ഉൾപ്പെടെ അഞ്ച് ഇൻഷ്വറൻസ് കമ്പനികൾ പ്രൊപ്പോസലുകൾ സമർപ്പിക്കുകയുണ്ടായി. പ്രൊപ്പോസലുകളുടെ പരിശോധനയിൽ ഏറ്റവും കുറഞ്ഞ വാർഷിക പ്രീമിയം തുകയായ 2,992.48 രൂപ (18% GST ഉൾപ്പെടെ) രേഖപ്പെടുത്തിയ റിലയൻസ് ജനറൽ ഇൻഷ്വറൻസ് കമ്പനി ലിമിറ്റഡിന് പദ്ധതി നടത്തിപ്പിനായി 27-4-2019-ലെ 49/2019/ധന നമ്പർ സർക്കാർ ഉത്തരവുപ്രകാരം അനുമതി നൽകുകയുണ്ടായി.

**മെഡിസെപ് പദ്ധതിയുടെ ഭാഗമായുള്ള ഇ-ടെണ്ടർ**

76 (2293) ശ്രീ. പി. ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിസെപ് പദ്ധതിയുടെ ഭാഗമായുള്ള ഇ-ടെണ്ടറിൽ ഏതൊക്കെ കമ്പനികളാണ് പങ്കെടുത്തത്;

(ബി) പ്രസ്തുത ഇ-ടെണ്ടറിൽ പങ്കെടുത്ത ഓരോ കമ്പനിയും എന്തെല്ലാം വാഗ്ദാനങ്ങളാണ് അവരവരുടെ പ്രൊപ്പോസലിൽ ഉൾപ്പെടുത്തിയിരുന്നതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) മെഡിസെപ് പദ്ധതിയുടെ ഭാഗമായുള്ള ഇ-ടെണ്ടറിൽ താഴെപ്പറയുന്ന ഇൻഷ്വറൻസ് കമ്പനികൾ പങ്കെടുത്തു.

1. നാഷണൽ ഇൻഷ്വറൻസ് കമ്പനി ലിമിറ്റഡ്
2. ഓറിയന്റൽ ഇൻഷ്വറൻസ് കമ്പനി ലിമിറ്റഡ്
3. ന്യൂ ഇൻഡ്യ അഷ്വറൻസ് കമ്പനി ലിമിറ്റഡ്
4. ബജാജ് അലയൻസ് ജനറൽ ഇൻഷ്വറൻസ് കമ്പനി ലിമിറ്റഡ്
5. റിലയൻസ് ജനറൽ ഇൻഷ്വറൻസ് കമ്പനി ലിമിറ്റഡ്

(ബി) ഗവൺമെന്റ് നിശ്ചയിച്ചിരിക്കുന്ന വ്യവസ്ഥകൾ അംഗീകരിച്ചുകൊണ്ട് പദ്ധതിക്കായുള്ള വാർഷിക പ്രീമിയം തുക മാത്രമാണ് ഇൻഷ്വറൻസ് കമ്പനികൾ ക്വോട്ട് ചെയ്തത്. ഓരോ കമ്പനിയും ക്വോട്ട് ചെയ്ത വാർഷിക പ്രീമിയം തുക (18% GST ഉൾപ്പെടെ) താഴെപ്പറയുന്നു.

| | | |
|---|---|---|
| 1. നാഷണൽ ഇൻഷ്വറൻസ് കമ്പനി ലിമിറ്റഡ് | - | 7,298 രൂപ |
| 2. ഓറിയന്റൽ ഇൻഷ്വറൻസ് കമ്പനി ലിമിറ്റഡ് | - | 6,772 രൂപ |
| 3. ന്യൂ ഇൻഡ്യ അഷ്വറൻസ് കമ്പനി ലിമിറ്റഡ് | - | 17,700 രൂപ |
| 4. ബജാജ് അലയൻസ് ജനറൽ ഇൻഷ്വറൻസ് കമ്പനി ലിമിറ്റഡ് | - | 9,438.82 രൂപ |
| 5. റിലയൻസ് ജനറൽ ഇൻഷ്വറൻസ് കമ്പനി ലിമിറ്റഡ് | - | 2,992.48 രൂപ |

**പെൻഷൻ ആനുകൂല്യങ്ങൾ**

77 (2294) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർക്കാർ സേവനത്തിൽ നിന്നും വിരമിക്കുന്ന ഉദ്യോഗസ്ഥർക്ക് വിരമിക്കുന്ന ദിവസം തന്നെ പെൻഷൻ ആനുകൂല്യങ്ങൾ ലഭ്യമാക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ വിശദവിവരങ്ങൾ നൽകാമോ;

(സി) പ്രസ്തുത തീരുമാനം നടപ്പിലാക്കുന്നതിന് സർക്കാർ കൈക്കൊണ്ട നടപടികൾ വിശദീകരിക്കുമോ?

ഉത്തരം

(എ-സി) തീരുമാനിച്ചിട്ടുണ്ട്. 4-5-2019-ലെ സ.ഉ.(അച്ചടി) നമ്പർ 55/2019/ധന. ഉത്തരവുപ്രകാരം സർവ്വീസിൽനിന്നും വിരമിക്കുന്നവരുടെ പെൻഷൻ ആനുകൂല്യങ്ങൾ സമയബന്ധിതമായി ലഭ്യമാക്കുന്നതിന് സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

**മെഡിസെപ് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ**

78 (2295) ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മെഡിസെപ് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വ്യക്തമാക്കുമോ; ഏത് കമ്പനിക്കാണ് ഇത് നടപ്പിലാക്കുവാൻ അനുവാദം നൽകിയത്; അവർ ക്വാട്ട് ചെയ്ത തുക എത്രയാണ്?

ഉത്തരം

സംസ്ഥാന സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി ആരംഭിക്കണമെന്ന് പത്താം ശമ്പള പരിഷ്കരണ കമ്മീഷൻ ശിപാർശ ചെയ്തിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി 2017-18-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുമെന്ന് പ്രഖ്യാപിക്കുകയും തുടർന്ന് 24-4-2017-ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 54/2017/ധന പ്രകാരം സംസ്ഥാന സർക്കാർ ജീവനക്കാർ, പെൻഷൻകാർ, കുടുംബ പെൻഷൻകാർ എന്നിവർക്ക് ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നതിന് അനുമതി നൽകി ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. സംസ്ഥാന സർക്കാർ ജീവനക്കാർ, പെൻഷൻകാർ, കുടുംബ പെൻഷൻകാർ, സംസ്ഥാന സർക്കാരിന്റെ ധനസഹായം സ്വീകരിക്കുന്ന സർവ്വകലാശാലയിലെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെയും ജീവനക്കാർ/പെൻഷൻകാർ/ കുടുംബ പെൻഷൻകാർ എന്നിവരെയും മന്ത്രിമാരുടെ നേരിട്ട് നിയമിതരായ പേഴ്സണൽ സ്റ്റാഫ് പെൻഷൻകാർ/കുടുംബ പെൻഷൻകാർ എന്നിവരും അവരുടെ ആശ്രിതരുമാണ് ഈ പദ്ധതിയുടെ ഗുണഭോക്താക്കൾ. നിലവിലുള്ള രോഗങ്ങൾക്കുൾപ്പെടെ നിശ്ചിത ചികിത്സാ പ്രക്രിയകൾക്ക് പണരഹിത ചികിത്സാ സൗകര്യം (Cashless facility) ലഭ്യമാക്കുക എന്ന തരത്തിലാണ് പദ്ധതി വിഭാവന ചെയ്തിരിക്കുന്നത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

റിലയൻസ് ജനറൽ ഇൻഷ്വറൻസ് കമ്പനി ലിമിറ്റഡിനാണ് പദ്ധതി നടത്തിപ്പിനായി അനുമതി നൽകിയത്. നടപടിക്രമങ്ങൾ പാലിച്ച് 01-1-2019-ൽ ഇ-ടെണ്ടറായി പരസ്യപ്പെടുത്തിയ ആർ.എഫ്.പി.-യുടെ അടിസ്ഥാനത്തിൽ 5 ഇൻഷ്വറൻസ് കമ്പനികൾ പ്രൊപ്പോസലുകൾ സമർപ്പിച്ചു. അവയിൽ ഏറ്റവും കുറവ് വാർഷിക പ്രീമിയം തുക രേഖപ്പെടുത്തിയ കമ്പനിക്കാണ് പദ്ധതി നടത്തിപ്പിന് അനുമതി നൽകിയത്. പ്രസ്തുത സ്ഥാപനം രേഖപ്പെടുത്തിയ വാർഷിക പ്രീമിയം തുക 2,992.48 രൂപ (18% GST ഉൾപ്പെടെ) ആണ്.

**പങ്കാളിത്ത പെൻഷൻ പുനഃപരിശോധന**

79 (2296) ശ്രീ. കെ. വി. വിജയദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ജീവനക്കാരുടെ പങ്കാളിത്ത പെൻഷൻ പദ്ധതി പുനഃപരിശോധന സംബന്ധിച്ച സമിതിയുടെ കാലാവധി വീണ്ടും ദീർഘിപ്പിച്ച് നൽകിയിട്ടുള്ള സാഹചര്യത്തിൽ പരിഗണനാ വിഷയങ്ങളിൽ മാറ്റം വരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ;

(ബി) പ്രസ്തുത സമിതിയുടെ റിപ്പോർട്ട് സമർപ്പിക്കുന്നതിന് കാലയളവ് നിശ്ചയിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട്; വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) 7-11-2018-ലെ സ.ഉ.(പി) നമ്പർ 172/2018/ധന. ഉത്തരവുപ്രകാരം രൂപീകരിച്ച പങ്കാളിത്ത പെൻഷൻ പദ്ധതി പുനഃപരിശോധന സമിതിയുടെ കാലാവധി 6-5-2019-ൽ അവസാനിച്ച സാഹചര്യത്തിൽ 6-5-2019-ലെ സ.ഉ.(പി) നമ്പർ 56/2019/ധന. ഉത്തരവുപ്രകാരം സമിതിയുടെ കാലാവധി 6 മാസത്തേയ്ക്കുകൂടി ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്. പങ്കാളിത്ത പെൻഷൻ പദ്ധതി പുനഃപരിശോധന സംബന്ധിച്ച വിവിധ വിഷയങ്ങൾ സമഗ്രമായി പ്രതിപാദിച്ചുകൊണ്ടാണ് സർക്കാർ 7-11-2018-ലെ സ.ഉ.(പി) നമ്പർ 172/2018/ധന. ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. പ്രസ്തുത പരിഗണനാ വിഷയങ്ങളിൽ മാറ്റം വരുത്തിയിട്ടില്ല.

**പങ്കാളിത്ത പെൻഷൻ പദ്ധതി**

80 (2297) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജിവനക്കാരുടെ പങ്കാളിത്ത പെൻഷൻ പദ്ധതി പുനഃപരിശോധിക്കുന്നതിന് സമിതി/കമ്മീഷനെ നിയമിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സമിതി/കമ്മീഷൻ ഇക്കാര്യത്തിൽ എന്തെങ്കിലും ശിപാർശകൾ സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) ഇല്ലെങ്കിൽ ശിപാർശ സമർപ്പിക്കുന്നതിന് സമയപരിധി നീട്ടി നൽകിയിട്ടുണ്ടോ; എങ്കിൽ എന്നുവരെയാണ് സമയം അനുവദിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ-സി) സർക്കാർ ജീവനക്കാരുടെ പങ്കാളിത്ത പെൻഷൻ പദ്ധതി പുനഃപരിശോധിക്കുന്നതിന് ഒരു സമിതി രൂപീകരിച്ചുകൊണ്ട് സർക്കാർ 7-11-2018-ലെ സ.ഉ.(പി) നമ്പർ 172/2018/ധന. ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പങ്കാളിത്ത പെൻഷൻ പദ്ധതി പുനഃപരിശോധന സമിതിയുടെ കാലാവധി 6-5-2019-ൽ അവസാനിച്ച സാഹചര്യത്തിലും മേൽ വിഷയം സംബന്ധിച്ച വിവിധ തലങ്ങൾ വിശദമായി പരിശോധിക്കേണ്ടതിനാലും 6-5-2019-ലെ സ.ഉ.(പി) നമ്പർ 56/2019/ധന. ഉത്തരവുപ്രകാരം സമിതിയുടെ കാലാവധി 6 മാസത്തേയ്ക്കുകൂടി ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്. പങ്കാളിത്ത പെൻഷൻ പദ്ധതി പുനഃപരിശോധന സംബന്ധിച്ച് സമഗ്രമായ റിപ്പോർട്ട് സമർപ്പിക്കാൻ സർക്കാർ സമിതിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**പങ്കാളിത്ത പെൻഷൻ പദ്ധതിയിലുൾപ്പെട്ട ജീവനക്കാർ**

81 (2298) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ എത്ര ജീവനക്കാരാണുള്ളതെന്ന് നോൺ ഗസറ്റഡ്,ഗസറ്റഡ് വിഭാഗങ്ങൾ തിരിച്ച് വിശദവിവരം നൽകുമോ;

(ബി) നാളിതുവരെ എത്ര കോടി രൂപ എൻ.പി.എസ്. ജീവനക്കാരിൽ നിന്നും ശേഖരിച്ചിട്ടുണ്ട്; സർക്കാർ ഇതിലേക്കായി എത്ര രൂപ മാച്ചിംഗ് ഗ്രാന്റായി നിക്ഷേപിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഏതെല്ലാം ഫണ്ട് മാനേജർമാരിലാണ് ഈ തുക നിക്ഷേപിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 2019 ഏപ്രിലിലെ കണക്കനുസരിച്ച് സ്പാർക്ക് മുഖേന ശമ്പളം മാറുന്ന ജീവനക്കാരിൽ, പങ്കാളിത്ത പെൻഷൻ പദ്ധതിപ്രകാരം പ്രാൺ ലഭ്യമായ 83642 നോൺ ഗസറ്റഡ് ജീവനക്കാരും 5770 ഗസറ്റഡ് ജീവനക്കാരുമാണുള്ളത്.

(ബി) ദേശീയ പെൻഷൻ പദ്ധതിയുടെ സെൻട്രൽ റിക്കോർഡ്സ് കീപ്പിംഗ് ഏജൻസിയായ നാഷണൽ സെക്യൂരിറ്റീസ് ഡെപ്പോസിറ്ററി ലിമിറ്റഡിന്റെ പ്രതിമാസ റിപ്പോർട്ട് പ്രകാരം 2019 ഏപ്രിൽ 30 വരെ പ്രസ്തുത പദ്ധതിയിൽ ജീവനക്കാരുടെ വിഹിതമായി 754.245 കോടി രൂപയും സർക്കാർ വിഹിതമായി 754.245 കോടി രൂപയും നിക്ഷേപിച്ചിട്ടുണ്ട്.

(സി) 6-2-2014-ലെ സർക്കുലർ നമ്പർ 07/14/ധന. ഖണ്ഡിക V അനുസരിച്ച് പി.എഫ്.ആർ.ഡി.എ. നിർദ്ദേശപ്രകാരം ട്രസ്റ്റി ബാങ്കായ ആക്സിസ് ബാങ്ക് മുഖേന എസ്.ബി.ഐ. പെൻഷൻ ഫണ്ട് പ്രൈവറ്റ് ലിമിറ്റഡ്, യു.റ്റി.ഐ. റിട്ടയർമെന്റ് സൊല്യൂഷൻസ് ലിമിറ്റഡ്, എൽ.ഐ.സി. പെൻഷൻ ഫണ്ട് ലിമിറ്റഡ് എന്നീ ഫണ്ട് മാനേജർമാർ മുഖേന ഗവൺമെന്റ് സെക്യൂരിറ്റികൾ, ടേം ഡെപ്പോസിറ്റുകൾ, റുപ്പീ ബോണ്ടുകൾ, മണി മാർക്കറ്റ് ഇൻസ്ട്രുമെന്റുകൾ, കമ്പനി ഷെയറുകൾ എന്നിവയിൽ ജീവനക്കാരുടെ വിഹിതവും സർക്കാർ വിഹിതവുംകൂടിച്ചേർത്താണ് ഈ തുക നിക്ഷേപിച്ചുവരുന്നത്.

## സർവ്വീസ് പെൻഷൻകാരുടെ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി

82 (2299) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർവ്വീസ് പെൻഷൻകാരുടെ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കി തുടങ്ങിയോയെന്നറിയിക്കുമോ;

(ബി) പ്രസ്തുത പദ്ധതിയിൽപ്പെടുന്നവർക്ക് നിലിവിൽ നിശ്ചയിച്ചിട്ടുള്ള പ്രീമിയം എത്രയാണ്; പ്രീമിയം ഈടാക്കുന്നതിന് ട്രഷറികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ;

(സി) പെൻഷൻകാരുടെ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ ഒ.പി. ചികിൽസക്ക് കൂടി പരിരക്ഷ നൽകാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) നടപ്പാക്കാനുള്ള നടപടി പുരോഗമിച്ചുവരുന്നു.

(ബി) നിർദ്ദിഷ്ട പദ്ധതിക്കായി ജീവനക്കാരുടെ പ്രതിമാസ ശമ്പളത്തിൽനിന്നും 250 രൂപയും പെൻഷൻകാർക്ക് പ്രതിമാസം ലഭിച്ചുകൊണ്ടിരിക്കുന്ന മെഡിക്കൽ അലവൻസ് തുകയായ 300 രൂപയിൽനിന്ന് 250 രൂപയും പദ്ധതിയുടെ പ്രീമിയം തുകയായി ഈടാക്കുന്നതാണ്. പദ്ധതി ആരംഭിക്കുന്ന മുറയ്ക്കുമാത്രമേ തുക ഈടാക്കാനുള്ള നടപടി ആരംഭിക്കുകയുള്ളൂ.

(സി) നിലവിൽ ഒ.പി. ചികിത്സ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ല.

## സർക്കാർ ജീവനക്കാരുടെ ഡി.എ. കുടിശ്ശിക

83 (2300) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാർക്ക് ലഭിക്കേണ്ട രണ്ട് ഗഡു ഡി.എ. കുടിശ്ശിക ഏപ്രിൽ മാസത്തെ ശമ്പളത്തോടൊപ്പം നൽകുന്നതിന് ഇലക്ഷന് മുമ്പ് ഉത്തരവിറക്കിയിരുന്നോ;

(ബി) പ്രസ്തുത ഉത്തരവ് പ്രകാരം കുടിശ്ശിക തുക ഏപ്രിൽ മാസത്തിൽ തന്നെ നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണമെന്താണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സർക്കാർ ജീവനക്കാർക്ക് ലഭിക്കേണ്ട രണ്ട് ഗഡു ഡി.എ. കുടിശ്ശിക ഏപ്രിൽ മാസത്തെ ശമ്പളത്തോടൊപ്പം നൽകുന്നതിന് ഇലക്ഷനുമുമ്പ് ഉത്തരവിറക്കിയിരുന്നു. 2019 ജനുവരി 31-ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി നിയമസഭയിൽ നടത്തിയ 2019-20 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ സർക്കാർ ജീവനക്കാർക്ക് ലഭിക്കേണ്ട രണ്ട് ഗഡു ഡി.എ. കുടിശ്ശിക ഏപ്രിൽ മാസത്തെ ശമ്പളത്തോടൊപ്പം നൽകുമെന്ന് പ്രഖ്യാപിച്ചത് പ്രകാരമാണ് (para 222) 4-4-2019-ലെ G.O.(P)No.44/2019/Fin നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്.

(ബി) പ്രസ്തുത ഉത്തരവുപ്രകാരം കുടിശ്ശിക തുക ഏപ്രിൽ മാസത്തെ ശമ്പളത്തോടൊപ്പം (മേയ് 1-ാം തീയതി ലഭിക്കുന്ന ശമ്പളം) നൽകുമെന്നാണ് ഉത്തരവായിരുന്നത്. ആയത് മേയ് മാസം 15, 16, 17 തീയതികളിലായി പണമായി നൽകിയിട്ടുണ്ട്.

## സർക്കാർ ജീവനക്കാരുടെ ഭവനനിർമ്മാണ വായ്പ

84 (2301) പ്രൊഫ. കെ. യു. അരുണൻ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സർക്കാർ ജീവനക്കാർക്ക് ഭവനനിർമ്മാണവായ്പ നൽകുമ്പോൾ ആധാരം ഉൾപ്പെടെയുള്ള രേഖകൾ ഡിപ്പാർട്ട്മെന്റിൽ സൂക്ഷിക്കുന്നതിനാൽ വായ്പ ടേക്ക് ഓവർ ചെയ്യാനോ, സെക്കന്റ് മോർട്ട്ഗേജ് ചെയ്യാനോ ബാങ്കുകൾ അനുവദിക്കാത്ത സാഹചര്യം മറികടക്കാൻ എന്ത് നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

12-11-2009-ലെ ജി.ഒ.(പി)നമ്പർ 505/2009/ഫിൻ പ്രകാരമുള്ള ഭവന നിർമ്മാണ വായ്പയിൽ ജീവനക്കാർക്ക് അധികവായ്പ ആവശ്യമാകുന്ന സാഹചര്യത്തിൽ ബാങ്കുകൾ ടി വായ്പ ടേക്ക് ഓവർ ചെയ്തുകൊണ്ട് ജീവനക്കാർക്ക് അധികവായ്പ നൽകാൻ കഴിയുകയില്ല. എന്നാൽ 11-2-2008-ലെ ജി.ഒ.(പി)നം.76/2008/ഫിൻ ഉത്തരവുപ്രകാരം ജീവനക്കാരനും വായ്പ നൽകുന്ന സ്ഥാപനവും വകുപ്പ് തലവനും ഒപ്പുവയ്ക്കുന്ന ത്രികക്ഷി ഉടമ്പടി പ്രകാരം അംഗീകൃത ധനകാര്യ സ്ഥാപനങ്ങളിൽനിന്ന് ജീവനക്കാർക്ക് സെക്കന്റ് മോർട്ട്ഗേജായി അധിക വായ്പ എടുക്കാവുന്നതാണ്. ആയതിനാൽ നിലവിൽ ജീവനക്കാർക്ക് സെക്കന്റ് മോർട്ട്ഗേജ് വായ്പ ലഭിക്കാത്ത സാഹചര്യമില്ല.

## സ്പാർക്ക് സംവിധാനത്തിലെ പോരായ്മകൾ

85 (2302) <u>ശ്രീ. കെ. എൻ. എ. ഖാദർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനസർക്കാർ ജീവനക്കാരുടെയും അദ്ധ്യാപകരുടെയും ശമ്പളവും മറ്റാനുകൂല്യങ്ങളുടെയും ബില്ലുകൾ തയ്യാറാക്കുന്നതിനായി കൊണ്ടുവന്ന സ്പാർക്ക് സംവിധാനത്തിൽ നിലവിൽ എന്തെങ്കിലും പോരായ്മകൾ കണ്ടെത്തിയിട്ടുണ്ടോ; വെളിപ്പെടുത്താമോ;

(ബി) ക്ലെയിമുകൾ തയ്യാറാക്കുന്നതിനായി ബില്ലുകൾ പ്രോസസ് ചെയ്യാൻ ദിവസങ്ങളോളം നീണ്ട ക്യൂ വരുന്നതായ പരാതികൾ പരിഹരിക്കാൻ എന്ത് നടപടിയാണ് കൈക്കൊണ്ടത്; വിശദമാക്കാമോ;

(സി) ഈ അടുത്ത കാലത്തു ക്യാഷായി വിതരണം ചെയ്യുന്ന ക്ഷാമബത്ത കുടിശ്ശികയുടെ ബില്ലുകൾ തയ്യാറാക്കുന്നതിനുള്ള സംവിധാനം എന്നുമുതലാണ് സ്പാർക്കിൽ ഏർപ്പെടുത്തിയത്;

(ഡി) ഇത് എല്ലാ വകുപ്പുകളും മാറിയിട്ടുണ്ടോ; ഇല്ലെങ്കിൽ ബിൽ തയ്യാറാക്കുന്നതിലെ സാങ്കേതികതടസ്സം പരാതിയായി അറിയിച്ചിട്ടുണ്ടോ; ഇതിൻമേൽ എന്ത് നടപടി സ്വീകരിച്ചു; വിവരിക്കുമോ?

<u>ഉത്തരം</u>

(എ) ശമ്പളവും ആനുകൂല്യങ്ങളും തടസ്സപ്പെടുന്ന തരത്തിൽ എന്തെങ്കിലും പ്രശ്നം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ കാലോചിതമായ പരിഷ്കരണത്തിനും ശേഷി വർദ്ധിപ്പിക്കുന്നതിനുമുള്ള ശ്രമങ്ങൾ നടത്തേണ്ടതുണ്ട്. ആയതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. അത് വേഗത്തിലാക്കുന്നതാണ്.

(ബി) ക്ലെയിം ബില്ലുകൾ പ്രോസസ്സ് ചെയ്യാൻ ദിവസങ്ങളോളം നീണ്ട ക്യൂ വരുന്നതായ സാഹചര്യം ഉണ്ടായിട്ടില്ല.

(സി) 13-5-2019.

(ഡി) ക്ഷാമബത്ത കുടിശ്ശിക ബില്ലുകൾ പ്രോസസ്സ് ചെയ്യുന്നതിന് സാങ്കേതിക തടസ്സം ഒന്നുംതന്നെ നിലവിലില്ല.

**പങ്കാളിത്ത പെൻഷൻ ആനുകൂല്യങ്ങൾ**

86 (2303) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പങ്കാളിത്തപെൻഷൻ പദ്ധതിയിലുള്ള എത്ര ജീവനക്കാർ നാളിതുവരെയായി സർവീസിൽ നിന്നും വിരമിച്ചിട്ടുണ്ട്; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) ഇവർക്ക് നാമമാത്രമായ തുകയാണ് പെൻഷനായി ലഭിക്കുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആരോഗ്യ ഇൻഷ്വറൻസ് ഉള്ളവർക്ക് ഇതുപ്രകാരമുള്ള ആനുകൂല്യങ്ങൾ ലഭിച്ചിട്ടില്ലെന്ന കാര്യം പരിശോധിക്കുമോ;

(സി) പങ്കാളിത്തപെൻഷൻ സംബന്ധിച്ച വ്യക്തമായ വിവരം ട്രഷറികളിൽ ഇല്ലെന്ന കാര്യം പരിശോധിക്കുമോ; ഇത് സംബന്ധിച്ച് ട്രഷറി ഡയറക്ടർ സ്വീകരിച്ച നടപടികളും ഫയലുകളുടെ കോപ്പികളും ലഭ്യമാക്കുമോ;

(ഡി) കുറഞ്ഞ സർവ്വീസ് ഉള്ള ജീവനക്കാർക്ക് മിനിമം പെൻഷൻ ലഭ്യമാക്കുന്ന കാര്യം പരിശോധിക്കുമോ; വ്യക്തമാക്കാമോ;

(ഇ) പങ്കാളിത്ത പെൻഷൻ പദ്ധതി പ്രകാരം വിരമിച്ച ജീവനക്കാർക്ക് പഴയ രീതിയിലുള്ള പെൻഷൻ ലഭ്യമാക്കുമോ; സ്റ്റാറ്റ്യൂട്ടറി പെൻഷൻ പദ്ധതി തിരിച്ചുകൊണ്ടുവരുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ)

| | | | |
|---|---|---|---|
| 1. | തിരുവനന്തപുരം | - | 14 |
| 2. | കൊല്ലം | - | 6 |
| 3. | പത്തനംതിട്ട | - | 0 |
| 4. | ആലപ്പുഴ | - | 5 |

| | | | |
|---|---|---|---|
| 5. | കോട്ടയം | - | 6 |
| 6. | ഇടുക്കി | - | 5 |
| 7. | എറണാകുളം | - | 4 |
| 8. | തൃശ്ശൂർ | - | 6 |
| 9. | പാലക്കാട് | - | 4 |
| 10. | മലപ്പുറം | - | 5 |
| 11. | കോഴിക്കോട് | - | 7 |
| 12. | വയനാട് | - | 2 |
| 13. | കണ്ണൂർ | - | 3 |
| 14. | കാസർഗോഡ് | - | 0 |
| | **ആകെ** | - | **67** |

(ബി) ആയതുപ്രകാരമുള്ള പരാതി ഇതുവരെയും ലഭിച്ചിട്ടില്ല. ആരോഗ്യ ഇൻഷ്വറൻസ് സംബന്ധിച്ച വിഷയം സർക്കാരിന്റെ ശ്രദ്ധയിൽ വന്നിട്ടില്ല.

(സി) എൻ.പി.എസ്.-ന്റെ നോഡൽ ഓഫീസായിട്ടാണ് ട്രഷറികൾ പ്രവർത്തിക്കുന്നത്. 1-4-2013-നുശേഷം സർവ്വീസിൽ പ്രവേശിച്ചതും എൻ.പി.എസ്. ബാധകമായിട്ടുള്ളതുമായ മുഴുവൻ ജീവനക്കാരുടെയും പ്രാൺ രജിസ്ട്രേഷൻ മുതൽ വിരമിക്കുന്നതുവരെയുള്ള എൻ.പി.എസ്. പ്രവർത്തനങ്ങൾ ട്രഷറി വകുപ്പാണ് കൈകാര്യം ചെയ്യുന്നത്. എൻ.പി.എസ്. വരിക്കാരുടെ ശമ്പളത്തിൽനിന്നും കുറവുചെയ്യുന്ന എൻ.പി.എസ്. വിഹിതവും തത്തുല്യമായ സർക്കാർ വിഹിതവും ചേർത്തുള്ള ഫയൽ CRA-ലേയ്ക്ക് അപ്‌ലോഡ് ചെയ്യുന്നത്, അതുമായി ബന്ധപ്പെട്ട ഫണ്ട് ട്രസ്റ്റി ബാങ്കായ ആക്സിസ് ബാങ്കിലേയ്ക്ക് ട്രാൻസ്ഫർ ചെയ്യുന്നത്, വിരമിക്കൽ വരെയുള്ള വരിക്കാരുടെ എൻ.പി.എസ്. സംബന്ധമായ അപ്‌ഡേഷനുകൾ കൈകാര്യം ചെയ്യുന്നത്, വിരമിക്കുമ്പോൾ 2 ലക്ഷം രൂപവരെയാണ് പ്രാൺ അക്കൗണ്ടിലുള്ള ആകെ തുകയെങ്കിൽ അത് മുഴുവനായും മടക്കിനൽകുന്നത്, തുക 2 ലക്ഷം രൂപയ്ക്ക് മുകളിലാണെങ്കിൽ ആകെ തുകയുടെ 60% വരിക്കാരന് മടക്കിനൽകുകയും 40% പെൻഷൻ ഫണ്ടിലേയ്ക്ക് മാറ്റിനൽകുകയും ചെയ്യുക എന്നിവ ട്രഷറികളാണ് കൈകാര്യം ചെയ്യുന്നത്. മേൽ

സൂചിപ്പിച്ച പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട പൂർണ്ണ വിവരങ്ങൾ അതത് ട്രഷറികളിൽ ലഭ്യമാണ്. വിരമിക്കലിനുശേഷം വരിക്കാരുടെ പെൻഷൻ ഫണ്ട് കൈകാര്യം ചെയ്യുന്നത് ട്രഷറികൾ അല്ല, മറിച്ച് വരിക്കാരൻ തെരഞ്ഞെടുക്കുന്ന ആന്വിറ്റി സർവ്വീസ് പ്രൊവൈഡർ ആണ്. ഇതുമായി ബന്ധപ്പെട്ട് യാതൊരുവിധ പരാതികളും ട്രഷറി വകുപ്പിൽ നിലവിലില്ല. അതിനാൽത്തന്നെ ഫയലുകളും നിലവിലില്ല.

(ഡി & ഇ) സംസ്ഥാനത്ത് നടപ്പാക്കിയിരിക്കുന്ന പങ്കാളിത്ത പെൻഷൻ പദ്ധതിയിലെ വിവിധ പ്രശ്നങ്ങൾ പരിശോധിക്കുന്നതിനായി ഒരു സമിതി രൂപീകരിച്ചുകൊണ്ട് സർക്കാർ 7-11-2018-ലെ സ.ഉ.(പി) നമ്പർ 172/2018/ധന ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പദ്ധതി സംബന്ധിച്ച വിവിധ വിഷയങ്ങൾ വിശദമായി പരിശോധിച്ച് സമയബന്ധിതമായി റിപ്പോർട്ട് സമർപ്പിക്കാൻ സമിതിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. സമിതി റിപ്പോർട്ട് സമർപ്പിക്കുന്ന മുറയ്ക്ക് ആയത് വിശദമായി പരിശോധിച്ച് സർക്കാർ ഈ വിഷയത്തിൽ ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

### എഡ്യൂക്കേഷൻ ലോൺ റീപേമെന്റ് സപ്പോർട്ട് സ്കീം

87 (2304) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എജ്യൂക്കേഷണൽ ലോൺ റീപേയ്മെന്റ് സപ്പോർട്ട് സ്കീം അനുസരിച്ച് എത്ര അപേക്ഷകൾ ലഭിച്ചുവെന്നും എത്രപേർക്ക് ആനുകൂല്യങ്ങൾ നൽകി എന്നും വിശദമാക്കാമോ;

(ബി) പദ്ധതിയിൽ നിന്നും എത്ര രൂപയുടെ ആനുകൂല്യങ്ങൾ ഇതുവരെ നൽകിയെന്ന് വ്യക്തമാക്കാമോ;

(സി) പദ്ധതി തുടരുന്ന കാര്യം പരിഗണനയിൽ ഉണ്ടോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതി നടപ്പിലാക്കുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള elrs.kerala.gov.in പോർട്ടലിലെ വിവരങ്ങൾ അനുസരിച്ച് പ്രസ്തുത പദ്ധതിപ്രകാരം 78062 അപേക്ഷകളാണ് ഓൺലൈനായി സമർപ്പിക്കപ്പെട്ടിട്ടുള്ളത്. അതിൽ 5400 അപേക്ഷകൾ വിവിധ കാരണങ്ങളാൽ നിരസിച്ചിട്ടുണ്ട്. ബാങ്കിൽനിന്നുള്ള പരിശോധനകൾക്കുശേഷം

SLBC ശിപാർശയോടെ 11-6-2019 വരെ 22258 അപേക്ഷകൾ സർക്കാരിന് ലഭിച്ചിട്ടുണ്ട്. ഓൺലൈനായി സമർപ്പിക്കപ്പെട്ട ബാക്കി അപേക്ഷകൾ ബാങ്കിന്റെ വിവിധ തലങ്ങളിൽ പരിശോധനയിലാണ്. സർക്കാരിൽ ലഭിച്ച 22258 അപേക്ഷകളിൽ 16174 അപേക്ഷകളിന്മേൽ സർക്കാർ വിഹിതമായി 156.73 കോടി രൂപ അനുവദിക്കുകയും ആയത് ബന്ധപ്പെട്ട ബാങ്കുകളുടെ നോഡൽ അക്കൗണ്ടുകളിലേയ്ക്ക് കൈമാറുകയും ചെയ്തിട്ടുണ്ട്. സർക്കാരിൽ ലഭിച്ചിട്ടുള്ള മറ്റ് അപേക്ഷകളിന്മേൽ ആനുകൂല്യം ലഭ്യമാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണ്.

(സി) 31-3-2016-നുള്ളിൽ തിരിച്ചടവ് വരുന്നവരെ ഉൾപ്പെടുത്തിക്കൊണ്ട് ആരംഭിച്ച വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതി ഇപ്പോൾ നിലവിലുണ്ട്. ടി പദ്ധതിയിൽ ലഭിച്ച അപേക്ഷകളിന്മേലുള്ള സഹായ വിതരണമാണ് ഇപ്പോൾ നടന്നുവരുന്നത്. പുതിയ അപേക്ഷകൾ പദ്ധതിയിൽ ഉൾപ്പെടുത്തുന്നത് വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതിയുടെ സുഗമമായ നടത്തിപ്പിനെ ബാധിക്കുമെന്നതിനാൽ ടി പദ്ധതിയിൽ പുതിയ അപേക്ഷകൾ ഉൾപ്പെടുത്തുന്ന വിഷയം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

**വിദ്യാഭ്യാസ വായ്പ തിരിച്ചടവിന് സഹായ പദ്ധതി**

88 (2305) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വിദ്യാഭ്യാസവായ്പയെടുത്ത് കടക്കെണിയിലായവരെ സഹായിക്കാൻ ഈ സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിയ പദ്ധതിയിൽ ഉൾപ്പെടാതെ പോയതും വിദ്യാഭ്യാസ ലോണെടുത്ത് തിരിച്ചടവ് സാധ്യമാകാതെ പ്രയാസപ്പെടുന്നവരെക്കൂടി ഉൾപ്പെടുത്തിക്കൊണ്ട് പുതിയ വിദ്യാഭ്യാസവായ്പ തിരിച്ചടവിനുള്ള സഹായപദ്ധതി നടപ്പിലാക്കുമോ എന്നറിയിക്കാമോ?

ഉത്തരം

31-3-2016-നുള്ളിൽ തിരിച്ചടവ് വരുന്നവരെ ഉൾപ്പെടുത്തിക്കൊണ്ട് ആരംഭിച്ച വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതി ഇപ്പോൾ നിലവിലുണ്ട്. ടി പദ്ധതിയിൽ ലഭിച്ച അപേക്ഷകളിന്മേലുള്ള സഹായ വിതരണമാണ് ഇപ്പോൾ നടന്നുവരുന്നത്. പുതിയ അപേക്ഷകൾ പദ്ധതിയിൽ ഉൾപ്പെടുത്തുന്നത് വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതിയുടെ സുഗമമായ നടത്തിപ്പിനെ ബാധിക്കുമെന്നതിനാൽ ടി പദ്ധതിയിൽ പുതിയ അപേക്ഷകൾ ഉൾപ്പെടുത്തുന്ന വിഷയം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

## വൻകിട വികസന പദ്ധതികൾ

89 (2306) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൻകിട അടിസ്ഥാന സൗകര്യ വികസന പദ്ധതികൾക്കായി 2018-19 ബഡ്ജറ്റിൽ എത്ര തുകയാണ് വകയിരുത്തിയിരുന്നത്;

(ബി) ഏതൊക്കെ പദ്ധതികൾക്കാണ് തുക വകയിരുത്തിയിരുന്നത്;

(സി) ഇതിൽ എത്ര തുക വിവിധ പദ്ധതികൾക്കായി ചെലവഴിച്ചു;

(ഡി) തുക ചെലവഴിക്കാത്ത സാഹചര്യമുണ്ടെങ്കിൽ അതിനുള്ള കാരണമെന്താണ് എന്ന് അറിയിക്കുമോ?

ഉത്തരം

(എ&ബി) 2018-19 ബഡ്ജറ്റിൽ താഴെപ്പറയുന്ന മുഖ്യ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾക്കായി 1,638.31 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

1. തിരുവനന്തപുരത്തും കോഴിക്കോട്ടും മോണോ റെയിൽ പ്രോജക്ടുകൾ/ ലൈറ്റ് മെട്രോ സംവിധാനം.
2. വിഴിഞ്ഞം അന്താരാഷ്ട്ര ആഴക്കടൽ വിവിധോദ്ദേശ്യ തുറമുഖം (ഐ.സി.റ്റി.റ്റി.)
3. കൊച്ചി മെട്രോ
4. കണ്ണൂർ എയർപോർട്ട്
5. 35-ാം ദേശീയ ഗെയിംസ് വാർഷിക വേതന പദ്ധതികൾ
6. കൊല്ലം ആലപ്പുഴ എൻ.എച്ച് ബൈപ്പാസ്
7. പാലക്കാട് പുതിയ ഐ.ഐ.ടി.
8. പാലക്കാട് മെഗാ ഫുഡ് പാർക്ക്
9. കൊച്ചിയിൽ ഇലക്ട്രോണിക് ഹാർഡ്‌വെയർ പാർക്ക്
10. കൊച്ചിയിൽ സംയോജിത ജലഗതാഗത സംവിധാനം
11. കേരള റെയിൽ ഡെവലപ്‌മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്
12. ജുഡീഷ്യറിക്ക് ഇൻഫ്രാസ്ട്രക്ചർ വികസനം (പുതിയ പദ്ധതി)
13. പാലങ്ങളും കലുങ്കുകളും പുനർ നിർമ്മിക്കുക (പുതിയ പദ്ധതി)

(സി&ഡി) പദ്ധതികളുടെ നിർവ്വഹണ പുരോഗതിയും ഫണ്ട് ആവശ്യകതയും സംബന്ധിച്ച വിശദാംശങ്ങൾ സഹിതം അതത് ഭരണ വകുപ്പുകൾ ലഭ്യമാക്കുന്ന ശിപാർശകളിന്മേലുള്ള ഹൈ പവർ കമ്മിറ്റിയുടെ തീരുമാനം കണക്കിലെടുത്താണ് ഓരോ പദ്ധതിക്കും മെഗാ പ്രോജക്ടുകൾക്ക് അനുവദിച്ചിരിക്കുന്ന മൊത്ത വിഹിതത്തിൽനിന്നും തുക അലോട്ട് ചെയ്യുന്നത്. ഇപ്രകാരമുള്ള അലോട്ട്മെന്റ് ഉൾപ്പെടെ 724.68 കോടി രൂപ മുഖ്യ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾക്ക് കീഴിലെ വിവിധ പ്രോജക്ടുകളുടെ ചെലവുകൾക്കായി 2018-19 സാമ്പത്തിക വർഷം ആകെ അനുവദിച്ചിട്ടുണ്ട്. പദ്ധതികളുടെ നിർവ്വഹണ പുരോഗതി സംബന്ധിച്ച വിലയിരുത്തൽ അതത് ഭരണ വകുപ്പുകളാണ് നടത്തിവരുന്നത്.

**നടപ്പിലാക്കാൻ സാധിക്കാത്ത പദ്ധതികൾ**

90 (2307) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-19 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് നിർദ്ദേശങ്ങളിൽ 2019 മാർച്ച് 31 വരെ നടപ്പിലാക്കാൻ സാധിക്കാത്ത പദ്ധതികൾ വകുപ്പ് തിരിച്ച് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികൾ നടപ്പിലാക്കാൻ കഴിയാത്തതിന്റെ കാരണങ്ങൾ വിശദമാക്കാമോ?

ഉത്തരം

(എ & ബി) വിവരം ശേഖരിച്ചുവരുന്നു.

**ക്ഷേമപെൻഷനുകൾ**

91 (2308) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിവിധ ക്ഷേമ പെൻഷനുകൾ എത്ര പേരാണ് കൈപ്പറ്റുന്നതെന്ന് ഇനം തിരിച്ച് വ്യക്തമാക്കുമോ;

(ബി) ക്ഷേമ പെൻഷനുകൾ കൈപ്പറ്റുന്നതിൽ അനർഹരെ കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ എത്ര അനർഹരെയാണ് ഒഴിവാക്കിയത്;

(സി) എന്തു അടിസ്ഥാനത്തിലാണ് ഇവരെ കണ്ടെത്തിയതെന്നും ആരാണ് കണ്ടെത്തിയതെന്നും വ്യക്തമാക്കുമോ;

(ഡി) നിലവിൽ ഒരാൾക്ക് എത്ര ക്ഷേമപെൻഷനുകൾ വാങ്ങാൻ അനുമതി നൽകിയിട്ടുണ്ട്; അത്തരത്തിൽ സ്വീകരിക്കാവുന്ന പരമാവധി തുക ഒരു മാസം എത്രയാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) സാമൂഹ്യ സുരക്ഷാ പെൻഷൻ കൈപ്പറ്റുന്നവരുടെ വിവരങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

| | |
|---|---|
| ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 2286031 |
| ഇന്ദിരാ ഗാന്ധി ദേശീയ വിധവാ പെൻഷൻ | 1309925 |
| ഇന്ദിരാ ഗാന്ധി ദേശീയ വികലാംഗ പെൻഷൻ | 391156 |
| കർഷകത്തൊഴിലാളി പെൻഷൻ | 456458 |
| 50 വയസ് കഴിഞ്ഞ അവിവാഹിതർക്കുള്ള പെൻഷൻ | 82009 |

കൂടാതെ ക്ഷേമനിധി ബോർഡുകൾവഴി നൽകുന്ന പെൻഷനുണ്ട്. ഇതിന്റെ വിവരങ്ങൾ ശേഖരിച്ചുവരുന്നു.

(ബി) ഗുണഭോക്താവ് മരണപ്പെട്ടശേഷവും അനന്തരവകാശികൾ പെൻഷൻ വാങ്ങിവന്നിരുന്നവർ, 100 സി.സി.-യിൽ കൂടുതൽ എഞ്ചിൻ കപ്പാസിറ്റിയുള്ള നാലോ അതിലധികമോ ചക്രങ്ങളുള്ള ടാക്സിയല്ലാത്ത (അംബാസിഡർ കാർ ഒഴികെ) വാഹനങ്ങൾ സ്വന്തമായി ഉണ്ടെന്ന് കണ്ടെത്തിയവർ, ഒന്നിലധികം പ്രാദേശിക സർക്കാരുകളിൽനിന്നും ഒരേ സമയം പെൻഷൻ വാങ്ങി വന്നിരുന്നവർ എന്നിവരെ അനർഹരെന്ന് കണ്ട് സാമൂഹ്യ സുരക്ഷാ പെൻഷൻ ലഭിക്കുന്നതിൽനിന്നും ഒഴിവാക്കിയിട്ടുണ്ട്. ഇത്തരത്തിൽ 19263 പേരെ ഒഴിവാക്കിയിട്ടുണ്ട്. ഈ സർക്കാർ ചുമതല ഏറ്റതിനുശേഷം 1100106 പേർക്ക് പുതുതായി പെൻഷൻ അനുവദിച്ചിട്ടുണ്ട്.

ക്ഷേമനിധി ബോർഡുകളിൽനിന്നുള്ള വിവരം ശേഖരിച്ചുവരുന്നു.

(സി) സാമൂഹ്യ സുരക്ഷാ പെൻഷൻ സംബന്ധിച്ച സി.എ.ജി.-യുടെ 2016-ലെ റിപ്പോർട്ട് നമ്പർ 6-ൽ സംസ്ഥാനത്തെ സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കളിൽ 12 ശതമാനം പേർ അനർഹമായി പെൻഷൻ വാങ്ങുന്നുവെന്നും അർഹരായ 15 ശതമാനത്തോളം വ്യക്തികൾക്ക് സാമൂഹ്യ സുരക്ഷാ പെൻഷൻ ലഭിക്കുന്നില്ല എന്നും വ്യക്തമാക്കിയിട്ടുണ്ട്. മോട്ടോർ വാഹന വകുപ്പിന്റെയും ജനന-മരണ രജിസ്ട്രേഷൻ സിവിൽ രജിസ്ട്രേഷൻ സൈറ്റിന്റെ വെബ് സർവ്വീസ് സേവനയിൽ നൽകുകയും അതുപയോഗിച്ച് കണ്ടെത്തിയവരുടെ പട്ടിക പ്രാദേശിക സർക്കാരുകൾക്ക് ലഭ്യമാക്കി ആവശ്യമായ പരിശോധനകൾക്കുശേഷം അനർഹരായി കണ്ടെത്തിയവരെ സസ്പെന്റ് ചെയ്യുകയും ചെയ്തു.

(ഡി) 6-2-2017-നുമുമ്പ് ഒന്നിലധികം പെൻഷൻ വാങ്ങിവന്നിരുന്നവർക്ക് ഏതെങ്കിലും ക്ഷേമനിധി ബോർഡ് പെൻഷൻ സാധാരണ നിരക്കിലും സാമൂഹ്യ സുരക്ഷാ പെൻഷൻ പ്രതിമാസം 600 രൂപ നിരക്കിലും വാങ്ങാൻ അനുവദിച്ചിട്ടുണ്ട്. ടി തീയതിക്കുമുമ്പ് ഒന്നിലധികം സാമൂഹ്യ സുരക്ഷാ പെൻഷൻ വാങ്ങിവന്നിരുന്നവർക്ക് ഏതെങ്കിലും ഒരു സാമൂഹ്യ സുരക്ഷാ പെൻഷൻ സാധാരണ നിരക്കിലും (നിലവിൽ പ്രതിമാസം 1,200 രൂപ) 75 വയസ്സും അതിനുമുകളിലും പ്രായമുള്ള വാർദ്ധക്യകാല പെൻഷൻ ഗുണഭോക്താക്കൾക്ക് പ്രതിമാസം 1,500 രൂപ, 80 ശതമാനവും അതിനുമുകളിലും വൈകല്യമുള്ള വികാലാംഗ പെൻഷൻ ഗുണഭോക്താക്കൾക്ക് (പ്രതിമാസം 1,300 രൂപ) രണ്ടാമതൊരു സാമൂഹ്യ സുരക്ഷാ പെൻഷൻ പ്രതിമാസം 600 രൂപ നിരക്കിലും വാങ്ങാൻ അനുവദിച്ചിട്ടുണ്ട്.

6-2-2017 മുതൽ ഒരാൾക്ക് ക്ഷേമനിധി ബോർഡ് പെൻഷനോ സാമൂഹ്യ സുരക്ഷാ പെൻഷനോ ഏതെങ്കിലും ഒന്നുമാത്രം സാധാരണ നിരക്കിൽ ലഭിക്കാൻ അർഹതയുണ്ടായിരിക്കുകയുള്ളൂ.

തനത് ഫണ്ടുപയോഗിച്ച് പെൻഷൻ നൽകുന്ന ക്ഷേമനിധി ബോർഡുകളിൽനിന്ന് പെൻഷൻ ലഭിക്കുന്ന ഗുണഭോക്താക്കൾ ഏതെങ്കിലും ഒരു സാമൂഹ്യ സുരക്ഷാ പെൻഷന് അർഹരാണ്. 6-7-2018-നുമുമ്പ് ഇതുരണ്ടും ലഭിച്ചുകൊണ്ടിരുന്നവർക്ക് ക്ഷേമനിധി ബോർഡ് പെൻഷനുപുറമേ സാമൂഹ്യ സുരക്ഷാ പെൻഷൻ സാധാരണ നിരക്കിലും 6-7-2018 മുതൽ അനുവദിക്കപ്പെട്ടവർക്ക് പ്രതിമാസം 600 രൂപ നിരക്കിലും ലഭിക്കുന്നതാണ്. 2,000 രൂപവരെ ഇ.പി.എഫ്. പെൻഷൻ ലഭിക്കുന്നവർക്ക് ഏതെങ്കിലുമൊരു ക്ഷേമനിധി ബോർഡ് പെൻഷനോ സാമൂഹ്യ സുരക്ഷാ പെൻഷനോ സാധാരണ നിരക്കിൽ ലഭിക്കാൻ അർഹരാണ്. എന്നാൽ പ്രതിമാസം 2,000 രൂപയിൽ കൂടുതൽ ഇ.പി.എഫ്. പെൻഷൻ ലഭിക്കുന്നവർക്ക് ക്ഷേമനിധി/സാമൂഹ്യ സുരക്ഷാ പെൻഷൻ പ്രതിമാസം 600 രൂപ നിരക്കിൽ മാത്രമേ ലഭിക്കുകയുള്ളൂ.

**സാമൂഹ്യ സുരക്ഷാ പെൻഷൻ**

92 (2309) <u>ശ്രീ. മുഹമ്മദ് മുഹസിൻ പി.</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാർ അധികാരമൊഴിയുമ്പോൾ ഉണ്ടായിരുന്ന സാമൂഹ്യസുരക്ഷാ പെൻഷൻ കുടിശ്ശിക ഈ സർക്കാർ വിതരണം ചെയ്തിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) നിലവിൽ കേരളത്തിൽ നല്കി വരുന്ന സാമൂഹ്യസുരക്ഷാ പെൻഷൻ എതെല്ലാമെന്നും ഇവയിലോരോന്നിനും എത്ര രൂപ വീതമാണ് പ്രതിമാസം നല്കിവരുന്നതെന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. കഴിഞ്ഞ സർക്കാർ അധികാരമൊഴിയുമ്പോൾ 1,473.67 കോടി രൂപ കുടിശ്ശികയുണ്ടായിരുന്നു. അത് ഈ സർക്കാർ നൽകിയിട്ടുണ്ട്.

(ബി)

| പെൻഷൻ ഇനം | പെൻഷൻ ഉപവിഭാഗം | ആകെ |
|---|---|---|
| ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | പ്രായം 75 വയസ്സുവരെ | 1,200 |
| ഇന്ദിരാഗാന്ധി ദേശീയ വികലംഗ പെൻഷൻ | അംഗപരിമിതി 80 ശതമാനത്തിൽ കുറവ് | 1,200 |
| | അംഗപരിമിതി 80 ശതമാനവും അതിനുമുകളിലും | 1,300 |
| ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ | | 1,200 |
| കർഷകത്തൊഴിലാളി പെൻഷൻ | | 1,200 |
| 50 വയസ്സുകഴിഞ്ഞ അവിവാഹിതർക്കുള്ള പെൻഷൻ | | 1,200 |

**സർഫാസി ആക്ട്**

93 (2310) <u>ശ്രീ. വി. കെ. സി. മമ്മത് കോയ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ ബാങ്കുകളിൽ നിന്നും ലോണെടുത്ത് തിരിച്ചടക്കാനാവാതെ സർഫാസി ആക്ട് പ്രകാരം നടപടികൾ നേരിടുന്ന നിരവധി കുടുംബങ്ങൾ സംസ്ഥാനത്ത് ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം കേസുകളിൽ ബാങ്കുകൾ സാവകാശം നൽകാതെ അടിയന്തര നടപടികൾ സ്വീകരിക്കുന്നതിനാൽ വായ്പയെടുത്തവർക്ക് വീട് നഷ്ടപ്പെട്ടുപോകുമ്പോൾ സഹായിക്കാൻ എന്തെങ്കിലും സഹായ പദ്ധതി ഏർപ്പെടുത്തുന്ന കാര്യം പരിശോധിക്കുമോ;

(സി) നിലവിൽ ഏതൊക്കെ കടങ്ങൾക്ക് മോറട്ടോറിയം പ്രഖ്യാപിച്ചിട്ടുണ്ടെന്നും ഏതു മാസം വരെയാണെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ബാങ്കുകളിൽനിന്നും വായ്പ എടുത്തശേഷം തിരിച്ചടവിൽ വീഴ്ച വരുത്തുമ്പോൾ ബാങ്കുകൾ അനുവദിക്കുന്ന കുടിശ്ശിക തീർപ്പാക്കൽ അവസരങ്ങൾ വിനിയോഗിക്കാതെ വീണ്ടും കുടിശ്ശിക വരുത്തുമ്പോഴും തിരിച്ചടവിനുള്ള സാധ്യത വിരളമാകുകയും ചെയ്യുമ്പോഴാണ് റവന്യൂ റിക്കവറി/സർഫാസി പ്രകാരമുള്ള റിക്കവറി നടപടികൾ സാധാരണഗതിയിൽ സ്വീകരിക്കുന്നത്. എന്നാൽ ഇതിന്റെ പേരിൽ തീർത്തും ദയാരഹിതമായി പെരുമാറുന്ന ചില ബാങ്ക് അധികാരികളുടെ സമീപനം ജനങ്ങൾക്കിടയിൽ കടുത്ത പ്രതിഷേധം ഉയർത്തുന്നുണ്ട്. ഇക്കാര്യത്തിൽ സംസ്ഥാന സർക്കാർ തലത്തിൽ സ്വീകരിക്കാവുന്ന പരമാവധി ഇടപെടലുകൾ നിരന്തരം നടത്തുന്നുണ്ട്. സംസ്ഥാനതല ബാങ്കിംഗ് സമിതി യോഗങ്ങളിൽ ഈ വിഷയത്തിന്മേലുള്ള സർക്കാർ നിലപാട് വ്യക്തമായി പറഞ്ഞിട്ടുള്ളതും ഇത്തരം ഘട്ടങ്ങളിൽ വളരെ ഉദാരമായ സമീപനം സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുള്ളതുമാണ്.

വായ്പ എടുത്തിട്ടുള്ള വീട് നഷ്ടപ്പെടുന്നവരെ സഹായിക്കുന്നതിനായി സഹായ പദ്ധതികൾ ഏർപ്പെടുത്തുന്ന കാര്യം നിലവിൽ സർക്കാർ പരിഗണനയിലില്ല.

(സി) സംസ്ഥാനത്തുണ്ടായ മഹാപ്രളയം കണക്കിലെടുത്ത് കർഷകർ വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുമെടുത്തിട്ടുള്ള വിവിധ വായ്പകളിന്മേലുള്ള ജപ്തി നടപടികൾക്ക് ഒരു വർഷത്തേയ്ക്ക് മോറട്ടോറിയം പ്രഖ്യാപിച്ച് 12-10-2018-ലെ സ.ഉ. (എംഎസ്.)നമ്പർ 367/2018/റവ. പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ഈ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 1968-ലെ റവന്യൂ റിക്കവറി ആക്ട് 71-ാം വകുപ്പിൽ ഉൾപ്പെടുത്തിയിട്ടുള്ളവ ഉൾപ്പെടെയുള്ള സ്ഥാപനങ്ങളിൽനിന്നും കർഷകർ എടുത്തിട്ടുള്ള വായ്പകളുടെ ജപ്തി നടപടികൾക്ക് മോറട്ടോറിയം നടപ്പിലാക്കിയിരുന്നു. പൊതുമേഖല, വാണിജ്യ, സഹകരണ ബാങ്കുകളിൽ നിന്നും കർഷകർ എടുത്തിട്ടുള്ള കാർഷിക വായ്പകളിന്മേലുള്ള ജപ്തി നടപടികൾക്ക് നേരത്തെ പ്രഖ്യാപിച്ച മോറട്ടോറിയം 2019 ഡിസംബർ 31 വരെ ദീർഘിപ്പിക്കാനും ഇത് കർഷകർ എടുത്തിട്ടുള്ള എല്ലാ വായ്പകൾക്കും ബാധകമാക്കികൊണ്ടും 5-3-2019-ലെ മന്ത്രിസഭായോഗം തീരുമാനമെടുത്തിട്ടുണ്ട്. ആയത് സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതും ഇക്കാര്യത്തിൽ

തുടർനടപടികൾ റവന്യൂ വകുപ്പ് സ്വീകരിച്ചുവരുന്നതുമാണ്. 2018 ഓഗസ്റ്റ് മാസം 20-ന് കൂടിയ സംസ്ഥാനതല ബാങ്കേഴ്സ് സമിതിയുടെ പ്രത്യേക യോഗം ഷെഡ്യൂൾഡ് വാണിജ്യ ബാങ്കുകൾ ഉടൻ നടപ്പിലാക്കേണ്ട പ്രളയദുരിതാശ്വാസ നടപടികൾ റിസർവ് ബാങ്ക് നിബന്ധനകൾക്ക് വിധേയമായി ചർച്ച ചെയ്ത് അംഗീകരിക്കുകയും വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ എല്ലാ ബാങ്കുകൾക്കും ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. ആയതനുസരിച്ച് ഓരോ മേഖലകളിലെയും അർഹമായ വായ്പകൾക്ക് മോറട്ടോറിയവും പുനഃക്രമീകരണത്തിലൂടെ അധിക തിരിച്ചടവ് കാലാവധിയും പുനർവായ്പയും ബാങ്കുകൾ അനുവദിക്കുന്നുണ്ട്. സംസ്ഥാനതല ബാങ്കിംഗ് സമിതി പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

## വിദ്യാഭ്യാസ വായ്പ തിരിച്ചടവ് പദ്ധതി

94 (2311) ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ വായ്പ തിരിച്ചടവ് പദ്ധതിപ്രകാരം തൃശ്ശൂർ ജില്ലയിൽ നിന്നും ഇതുവരെ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ ;

(ബി) ലഭിച്ച അപേക്ഷകളുടെ നിലവിലുള്ള അവസ്ഥ എന്താണെന്ന് ബാങ്കുകൾ തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

ഉത്തരം

(എ&ബി) വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതി നടപ്പിലാക്കുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള elrs.kerala.gov.in പോർട്ടലിൽ ഓൺലൈനായി സമർപ്പിക്കപ്പെട്ടിട്ടുള്ള അപേക്ഷകളിൽ പദ്ധതി മാനദണ്ഡങ്ങൾ പ്രകാരം യോഗ്യമാണെന്ന് ബാങ്കുകൾ ശിപാർശചെയ്ത് ലഭ്യമാക്കിയ 16174 അപേക്ഷകർക്ക് സർക്കാർ വിഹിതമായി ആകെ 156.73 കോടി രൂപ അനുവദിച്ച് ബന്ധപ്പെട്ട ബാങ്കുകളുടെ നോഡൽ അക്കൗണ്ടുകളിലേയ്ക്ക് തുക കൈമാറിയിട്ടുണ്ട്. വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതി ബാങ്ക് തിരിച്ചാണ് നടപ്പിലാക്കിയിട്ടുള്ളത്. ആയതിനാൽ ജില്ല അടിസ്ഥാനത്തിലുള്ള കണക്കുകൾ ലഭ്യമല്ല. ബാങ്ക് തിരിച്ചുള്ള അപേക്ഷകളുടെ കണക്കുകൾ അനുബന്ധമായി ചേർക്കുന്നു*.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

### ജി.എസ്.ടി. വരുമാനത്തിന്റെ വിശദാംശങ്ങൾ

95 (2312) ശ്രീ. മുല്ലക്കര രത്നാകരൻ: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ജി. എസ്. ടി നിലവിൽ വന്നതിനുശേഷം സംസ്ഥാനത്തിന് ലഭിച്ച നികുതി വരുമാനത്തിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

ഉത്തരം

2017-18, 2018-19 സാമ്പത്തിക വർഷങ്ങളിലെ സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനം യഥാക്രമം 46,459.61 കോടി രൂപയും 50,654.08 കോടി (അക്കൗണ്ടന്റ് ജനറലിന്റെ പ്രാരംഭ കണക്കുകൾപ്രകാരം) രൂപയുമാണ്.

### ജി.എസ്.ടി. റിട്ടേണിന് പ്രതിദിന പിഴ

96 (2313) ശ്രീ. പാറക്കൽ അബ്ദുല്ല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി.എസ്.ടി റിട്ടേൺ സമർപ്പണം വൈകുന്നതിന് പ്രതിദിന പിഴ ഈടാക്കുന്നതിന് പുറമേ വൈകിയ ദിനങ്ങൾക്ക് 18 ശതമാനം പലിശയും ഈടാക്കുന്നുണ്ടോ;

(ബി) ഇപ്പോഴത്തെ സാഹചര്യത്തിൽ ഒരു ലക്ഷം രൂപയ്ക്ക് 18 ശതമാനം പലിശ നൽകേണ്ട സാഹചര്യം ഉണ്ടോ;

(സി) ജി.എസ്.ടി. ആരംഭിച്ചതുമുതലുള്ള കണക്കെടുത്താണോ ഇപ്പോൾ നോട്ടീസ് അയച്ചിരിക്കുന്നത്;

(ഡി) സാങ്കേതിക പ്രശ്നം കാരണം റിട്ടേൺ വൈകുന്നതിനാൽ പിഴ ഒഴിവാക്കാൻ മുമ്പ് നടന്ന ജി.എ.സ്.ടി കൗൺസിലിൽ തീരുമാനമുണ്ടായിരുന്നോ;

(ഇ) എന്നാൽ ഇത് നടപ്പാക്കാത്ത സാഹചര്യം ഉണ്ടോ; എങ്കിൽ ഇക്കാര്യങ്ങളൊക്കെ ജി.എസ്.ടി കൗൺസിലിൽ ഉന്നയിക്കുമോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ജി.എസ്.ടി. നിയമപ്രകാരം നികുതി കുടിശ്ശിക എത്രയായാലും അതിന് 18% പലിശ ഈടാക്കുന്നതാണ്.

(സി) അതെ.

(ഡി & ഇ) സാങ്കേതിക പ്രശ്നംകാരണം റിട്ടേൺ ഫയലിംഗ് നടക്കാതിരുന്ന സാഹചര്യത്തിൽ ജി.എസ്.ടി. കൗൺസിൽ ശിപാർശ പ്രകാരം പ്രസ്തുത കാലയളവിൽ പിഴ ഒഴിവാക്കിയിട്ടുണ്ട്. എന്നാൽ ഇത് നടപ്പാക്കാത്ത സാഹചര്യം നിലവിൽ റിപ്പോർട്ട് ചെയ്തിട്ടില്ല.

## ജി.എസ്.ടി.-യിൽ വെട്ടിപ്പ്

97 (2314) ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-19 സാമ്പത്തികവർഷം ജി.എസ്.ടി.യിൽ കോടികളുടെ വെട്ടിപ്പ് നടന്നതായ വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എത്ര കോടി രൂപയുടെ വെട്ടിപ്പാണ് നടന്നിട്ടുള്ളത് എന്നതിനെ സംബന്ധിച്ചുള്ള കണക്ക് ലഭ്യമാണോ; വിശദാംശങ്ങൾ നൽകാമോ;

(സി) നികുതി വെട്ടിപ്പ് തടയുന്നതിന് ഈ സർക്കാർ എന്തൊക്കെ നടപടികളാണ് ഇതിനകം സ്വീകരിച്ചിട്ടുള്ളത്;

(ഡി) റിട്ടേണുകളുടെ ഡാറ്റാ അനാലിസിസ് നടത്തുവാൻ പ്രൊഫഷണൽ കൺസൾട്ടന്റുമാരെ കരാറടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ഇ) ജി.എസ്.ടി.യിൽ വെട്ടിപ്പ് നടത്തിയവരിൽനിന്നും അത് ഈടാക്കുവാൻ എന്ത് നടപടിയാണ് ഇതിനകം സ്വീകരിച്ചതെന്ന് വെളിപ്പെടുത്താമോ?

### ഉത്തരം

(എ) ഉണ്ട്.

(ബി) വാർഷിക റിട്ടേണുകൾ ഇനിയും ലഭിക്കാത്ത സാഹചര്യത്തിൽ ഇക്കാര്യത്തിൽ ഇപ്പോൾ വിവരങ്ങൾ കൃത്യമായി ലഭ്യമല്ല.

(സി) നികുതി വെട്ടിപ്പ് തടയുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ ചുവടെ ചേർക്കുന്നു:

മറ്റ് സംസ്ഥാനങ്ങളിൽനിന്നും കേരളത്തിലേയ്ക്ക് വരുന്നചരക്കുവാഹനങ്ങളിൽ ഇ-വേ ബിൽ ഉണ്ടോ എന്ന് പരിശോധന നടത്തുന്നതിനുവേണ്ടി സംസ്ഥാനത്തെ ചെക്ക് പോസ്റ്റുകൾ നിർത്തലാക്കിയ സാഹചര്യത്തിൽ ഇന്റലിജൻസ് സ്ക്വാഡുകളെ അതിർത്തി പ്രദേശങ്ങളിൽ (24x7) വിന്യസിച്ചിട്ടുണ്ട്. കൂടാതെ ഇ-വേ ബിൽ പരിശോധന കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി പ്രധാന അതിർത്തി റോഡുകളിൽ എ.എൻ.പി.ആർ. സംവിധാനമുള്ള ക്യാമറകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പരീക്ഷണാടിസ്ഥാനത്തിൽ വാളയാറിൽ സ്ഥാപിച്ച് ഇ-വേ ബിൽ വിവരങ്ങൾ വിശകലനം ചെയ്തുവരുന്നു.

വ്യാപാരികൾ സമർപ്പിക്കുന്ന റിട്ടേണുകളുടെ ആധികാരികത ഉറപ്പുവരുത്തുന്നതിനായി സംസ്ഥാന ചരക്കു സേവന നികുതി വകുപ്പിന്റെ ഹെഡ്ക്വാർട്ടേഴ്സിൽ ഒരു ഡാറ്റാ അനലറ്റിക്കൽ ടീം രൂപീകരിച്ചിട്ടുണ്ട്.

(ഡി) കേരള ബഡ്ജറ്റ് 2019-ൽ പ്രഖ്യാപിച്ച ഡാറ്റാ അനാലിസിസ് വിംഗ് ഡിപ്പാർട്ടുമെന്റ്തലത്തിൽ 22-5-2019-ലെ സി.ടി.555/2017/എ1 നമ്പർ ഉത്തരവുപ്രകാരം വകുപ്പിലെ ജീവനക്കാരെ ഉൾപ്പെടുത്തി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഡാറ്റാ അനാലിസിസ് കൺസൾട്ടൻസിക്കുവേണ്ടി സംസ്ഥാന സർക്കാർ നിയന്ത്രണത്തിലുള്ള സ്ഥാപനമായ ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജി ആൻഡ് മാനേജ്മെന്റ്, കേരളയുമായി സഹകരിച്ച് പ്രവർത്തിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണ്. നിലവിൽ പുറമേനിന്നുള്ള പ്രൊഫഷണൽ കൺസൾട്ടന്റുമാരെ ഡാറ്റാ അനാലിസിസിനായി നിയമിച്ചിട്ടില്ല.

(ഇ) ജി.എസ്.ടി.-യിൽ വെട്ടിപ്പ് നടത്തിയവരിൽനിന്നും അത് ഈടാക്കാൻ നിയമാനുസൃതം അടയ്ക്കേണ്ട നികുതിയും പിഴയും ഈടാക്കി വരുന്നുണ്ട്.

**സംസ്ഥാനത്തിന് ലഭിക്കേണ്ട ഐ.ജി.എസ്.ടി.**

98 (2315) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്തർ സംസ്ഥാന വ്യാപാരങ്ങളിൽ സംസ്ഥാനത്തിന് ലഭിക്കേണ്ട ഐ.ജി.എസ്.ടി.-യിൽ എത്ര കോടി രൂപയുടെ കുറവാണ് ഉണ്ടായിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) 2018-19 വർഷത്തിൽ ഐ.ജി.എസ്.ടി. ഇനത്തിൽ വർദ്ധനവ് ലഭിച്ചിട്ടുണ്ടോ;

(സി) കേരളത്തിൽ ഇ-വേ ബിൽ നിലവിൽ വന്നിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഉത്തരം

(എ) ഐ.ജി.എസ്.ടി. ഇനത്തിലെ വരുമാനത്തിൽ വർദ്ധനവുണ്ടായിട്ടുണ്ട്. എന്നാൽ ഒരു ഉപഭോക്തൃ സംസ്ഥാനം എന്ന നിലയിൽ ഐ.ജി.എസ്.ടി. വരുമാനത്തിൽ ഉണ്ടാകേണ്ട വളർച്ച ലഭ്യമായിട്ടില്ല. E-Way Bill സമ്പ്രദായം പൂർണ്ണതോതിൽ സജ്ജമാക്കാതിരുന്നതും Back end Software തയ്യാറാക്കി നൽകുന്നതിന് ജി.എസ്.ടി. വരുത്തുന്ന കാലതാമസവും എല്ലാം ഇതിന് കാരണമാണ്. ജി.എസ്.ടി. നടപ്പിലാക്കിയതോടെ അതിർത്തി ചെക്ക്പോസ്റ്റുകൾക്ക് നിയമസാധുത ഇല്ലാതെയായ പശ്ചാത്തലവുമുണ്ട്. ഈ സാഹചര്യം മറികടക്കുന്നതിനുള്ള നടപടി കൈക്കൊള്ളുകയാണ്.

(ബി) ഉണ്ട്.

(സി) കേരളത്തിൽ 1-4-2018 മുതൽ ഇ-വേ ബിൽ നിലവിൽ വന്നിട്ടുണ്ട്.

## ട്രഷറി നവീകരണവും അടിസ്ഥാന സൗകര്യ വികസന നടപടികളും

99 (2316) <u>ശ്രീ. ഡി. കെ. മുരളി:</u>
<u>ശ്രീ. ഐ. ബി. സതീഷ്:</u>
<u>ശ്രീ. മുരളി പെരുനെല്ലി:</u>
<u>ശ്രീ. ജോർജ് എം. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ട്രഷറികളുടെ നവീകരണത്തിനും ആധുനികവത്കരണത്തിനുമായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ട്രഷറി അടിസ്ഥാന സൗകര്യ വികസന പരിപാടിയിൽ ഉൾപ്പെടുത്തി പുതിയ ട്രഷറി കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) ട്രഷറി ഇടപാടുകൾ ഡിജിറ്റൽ പ്ലാറ്റ്ഫോമിൽ ആക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) സംസ്ഥാനത്തെ എല്ലാ ട്രഷറികളിലും കോർബാങ്കിംഗ് സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) സംസ്ഥാന ട്രഷറികളിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന നവീകരണ, ആധുനികവൽക്കരണ നടപടികൾ പ്രധാനമായും അടിസ്ഥാന സൗകര്യ വികസന പദ്ധതിയും ധനകാര്യ ഇടപാടുകളുടെ ആധുനികവൽക്കരണവുമാണ്. ഇതിൻപ്രകാരം ഈ സർക്കാർ അധികാരമേറ്റതിനുശേഷം 23 ട്രഷറികളുടെ നിർമ്മാണത്തിനുള്ള ഭരണാനുമതി നൽകുകയും ഇതിൽ സാങ്കേതികാനുമതി നൽകിയ 16 ട്രഷറികളുടെ നിർമ്മാണ പരിപാടികൾ പുരോഗമിക്കുകയുമാണ്. കൂടാതെ 15 ട്രഷറികൾക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി ഭൂമി ലഭ്യമായിട്ടുണ്ട്. ഇവയുടെ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിവരുന്നു.

ഇതോടൊപ്പം വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്ന 23 ട്രഷറികൾക്ക് സ്വന്തമായി ഭൂമി ലഭ്യമാക്കുന്നതിനുള്ള നടപടികൾ റവന്യൂ, തദ്ദേശസ്വയംഭരണം എന്നീ വകുപ്പുകളിൽ പുരോഗമിക്കുകയാണ്. കൂടാതെ സംസ്ഥാനത്തെ 16 ട്രഷറികളെ മോഡൽ ട്രഷറികളായി ഉയർത്തുന്നതിനായി അവയുടെ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിവരുന്നു. സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്ന 13 ട്രഷറികളെ ആധുനികവൽക്കരിക്കുന്നതിനായി പൊതുമരാമത്ത് വകുപ്പ്

നവീകരണ പ്രവൃത്തികൾ നടത്തിവരികയും ചെയ്യുന്നു. അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമല്ലാത്ത, സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്ന 39 ട്രഷറികളുടെയും നവീകരണവുമായി ബന്ധപ്പെട്ട് എസ്റ്റിമേറ്റ് സമർപ്പിക്കുന്നതിന് പൊതുമരാമത്ത് വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) ട്രഷറി അടിസ്ഥാന സൗകര്യ വികസന പദ്ധതിയിൽ ഉൾപ്പെടുത്തി പുതിയ ട്രഷറി കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. 23 ട്രഷറി കെട്ടിടങ്ങൾക്കുള്ള ഭരണാനുമതി ലഭിച്ചതിൽ 16 ട്രഷറികളുടെ നിർമ്മാണ നടപടികൾ വിവിധ ഘട്ടങ്ങളിൽ പുരോഗമിക്കുന്നു.

(സി) സർക്കാരിന്റെ എല്ലാ ധനകാര്യ ഇടപാടുകളും ഡിജിറ്റൽ ആയാണ് നടക്കുന്നത്. ഓൺലൈനായി മാത്രമേ ട്രഷറികളിൽ ബിൽ സ്വീകരിക്കുകയുള്ളൂ. സർക്കാരിൽനിന്നുള്ള ഒരു പേമെന്റും കറൻസിയായി ഇപ്പോൾ നൽകുന്നില്ല. മുഴുവൻ ഇടപാടുകളും ഇലക്ട്രോണിക്കായി ഇടപാടുകാരുടെ അക്കൗണ്ടിൽ നേരിട്ട് ട്രാൻസ്ഫർ ചെയ്യുകയാണ് നിലവിലെ രീതി. സർക്കാരിലേയ്ക്കുള്ള വരവുകളും ഡിജിറ്റലായാണ് സ്വീകരിക്കുന്നത്. ഇതിനായി ഇ-ട്രഷറി എന്ന സംവിധാനം ട്രഷറി വകുപ്പിൽ ഏർപ്പെടുത്തിയിട്ടുണ്ട്. ഇടപാടുകാർക്ക് ഇന്റർനെറ്റ് ബാങ്കിംഗ്, ക്രെഡിറ്റ്/ ഡെബിറ്റ് കാർഡ്, യു.പി.ഐ. എന്നിങ്ങനെ ഏത് മാർഗ്ഗത്തിലൂടെയും പണമടയ്ക്കുന്നതിനുള്ള സൗകര്യമുണ്ട്. കൂടാതെ സർക്കാരാഫീസുകളിൽ നേരിട്ട് പണമടയ്ക്കേണ്ടുന്ന അവസരങ്ങളിൽ പി.ഒ.എസ്. മെഷീൻ മുഖേന ഡെബിറ്റ്, ക്രെഡിറ്റ് കാർഡുകൾ ഉപയോഗിച്ച് പണമടയ്ക്കുന്നതിനുള്ള സൗകര്യവും ഏർപ്പെടുത്തിയിട്ടുണ്ട്.

(ഡി) സംസ്ഥാനത്തെ എല്ലാ ട്രഷറികളിലും കോർ ബാങ്കിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ഈ സംവിധാനമുപയോഗിച്ച് ട്രഷറി അക്കൗണ്ടുടമകൾക്ക് കേരളത്തിലെ ഏത് ട്രഷറിയിൽനിന്നും പണം പിൻവലിക്കുന്നതിനും നിക്ഷേപിക്കുന്നതിനുമുള്ള സൗകര്യം ലഭ്യമാണ്.

**തിരുവല്ല സബ്ട്രഷറി**

100 (2317) <u>ശ്രീ. മാത്യു റ്റി. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവല്ല സബ്ട്രഷറി പ്രവർത്തിക്കുന്ന കെട്ടിടം ജീർണ്ണാവസ്ഥയിൽ ആണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സൗകര്യപ്രദമായ സ്ഥലത്തേയ്ക്ക് ട്രഷറി മാറ്റി സ്ഥാപിക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) തിരുവല്ല സബ്ട്രഷറി മാറ്റിസ്ഥാപിക്കുന്നതിന് ഉചിതമായ ഒരു സ്ഥലം ലഭിക്കുന്ന മുറയ്ക്ക് ട്രഷറി നവീകരണ പദ്ധതിയിലുൾപ്പെടുത്തി പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുന്നതാണ്.

**ട്രഷറി സ്ഥിരനിക്ഷേപങ്ങൾ**

101 (2318) ശ്രീ. ടി. എ. അഹമ്മദ് കബീർ:
ശ്രീ. എം. ഉമ്മർ:
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്:
ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രഷറി സ്ഥിരനിക്ഷേപങ്ങളുടെ വിശ്വാസ്യത ഉറപ്പുവരുത്തുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ;

(ബി) വ്യാജ സ്ഥിരനിക്ഷേപ സർട്ടിഫിക്കറ്റുകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പണയപ്പെടുത്തുക വഴി സർക്കാരിന് സാമ്പത്തിക നഷ്ടം വന്നിട്ടുണ്ടോ; വിശദമാക്കാമോ;

(സി) ഉണ്ടെങ്കിൽ ട്രഷറി സ്ഥിരനിക്ഷേപങ്ങളുടെ വ്യാജസർട്ടിഫിക്കറ്റുകൾ തടയാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ?

ഉത്തരം

(എ) ട്രഷറിയിൽ സ്ഥിര നിക്ഷേപം നടത്തുന്ന വ്യക്തിയുടെ പക്കൽനിന്നും കെ.വൈ.സി. ഫോറം, നിക്ഷേപകന്റെ ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡിന്റെ (ആധാർ, പാൻ, വോട്ടേഴ്സ് ഐ.ഡി. കാർഡ്, ഡ്രൈവിംഗ് ലൈസൻസ് മുതലായവ) പകർപ്പ്, ഫോട്ടോ എന്നിവ സ്ഥിരനിക്ഷേപം തുടങ്ങുന്നതിന് നിർബന്ധമായും ഹാജരാക്കേണ്ടതാണ്. ഫോട്ടോയും ഒപ്പും സ്കാൻചെയ്ത് ബാക്കി വിവരങ്ങളോടൊപ്പം കമ്പ്യൂട്ടറിൽ ചേർക്കുന്നു. തുക പിൻവലിക്കുന്ന വേളയിൽ മേൽ രേഖകൾ പരിശോധിച്ച് ഒത്തുനോക്കിയാണ് ആയത് സ്വീകരിക്കുന്നത്. നിക്ഷേപം ക്ലോസ് ചെയ്ത് നിക്ഷേപത്തുക ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടിലേയ്ക്ക് മാറ്റിയശേഷം ട്രഷറി ചെക്ക് ഉപയോഗിച്ച് തുക പിൻവലിക്കുന്ന രീതിയാണ് നിലവിൽ അവലംബിച്ചുവരുന്നത്. ഈ നടപടി സുരക്ഷാ ക്രമീകരണങ്ങളുടെ ഭാഗമായി ഏർപ്പെടുത്തിയിട്ടുള്ളതാണ്. കോർ ട്രഷറി സംവിധാനത്തിലൂടെ സൃഷ്ടിക്കപ്പെടുന്ന പതിനഞ്ചക്ക, എളുപ്പത്തിൽ അനുകരിക്കാനാവാത്ത അതുല്യ നമ്പരാണ് സ്ഥിര നിക്ഷേപ അക്കൗണ്ടുകൾക്ക് നൽകുന്നത്.

(ബി) ഇതുസംബന്ധിച്ച ഒരു പരാതി തദ്ദേശസ്വയംഭരണ (DA) വകുപ്പിൽ നിലവിൽ പരിശോധനയിലുണ്ട്. (ഫയൽ നമ്പർ ILSGD-DA2/278/2018-LSGD) ആയതിന്മേൽ തുടർ നിർദ്ദേശങ്ങൾക്കായി ഫയൽ നിലവിൽ ധനകാര്യ വകുപ്പിൽ പരിശോധനയിലാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഈടായി വ്യാജ സ്ഥിര നിക്ഷേപ സർട്ടിഫിക്കറ്റുകൾ ഹാജരാക്കിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെങ്കിലും ഈ സർട്ടിഫിക്കറ്റുകൾ ട്രഷറിയിൽ ഹാജരാക്കുകയോ അതിന്മേൽ ഈ തുക മാറി നൽകുകയോ ചെയ്തിട്ടില്ല. അതിനാൽ സർക്കാരിന് ഇതുവരെയും സാമ്പത്തിക നഷ്ടം സംഭവിച്ചതായി കണക്കാക്കിയിട്ടില്ല.

(സി) നിലവിൽ അത്തരം ട്രഷറി സ്ഥിര നിക്ഷേപങ്ങളുടെ സാധുത ബന്ധപ്പെട്ട ട്രഷറികളുമായി നേരിട്ട് ബന്ധപ്പെട്ട് അടിയന്തരമായി ഉറപ്പുവരുത്താനുള്ള നിർദ്ദേശം തദ്ദേശസ്വയംഭരണ വകുപ്പിന് നൽകുന്നതിനും തുടർന്ന് ഇത്തരം സംഭവങ്ങൾ ഉണ്ടാകാതിരിക്കാനായി ഈടുനൽകിയ സ്ഥിര നിക്ഷേപങ്ങളുടെ നിജസ്ഥിതി അറിയുന്നതിനും നിക്ഷേപ രസീത് ഈടായി സ്വീകരിക്കുന്ന ഓഫീസർമാർക്ക് 'കൺഫർമേഷൻ സർട്ടിഫിക്കറ്റ്' ഓൺലൈനായി നൽകാനും എസ്.എം.എസ്. വഴി അറിയിപ്പ് നൽകാനുള്ള നടപടിക്രമങ്ങൾ സ്വീകരിക്കുന്നതിനും സർട്ടിഫിക്കറ്റുകൾ പ്രിന്റ് ചെയ്യാൻ ഉപയോഗിക്കുന്ന പ്രീ-പ്രിന്റഡ് സ്റ്റേഷനറിയിൽ അനുകരിക്കാനാകാത്ത സുരക്ഷാ മാനദണ്ഡങ്ങൾ ഏർപ്പെടുത്തുന്നതും സംബന്ധിച്ച ഒരു വിശദമായ പ്രൊപ്പോസൽ ലഭ്യമാക്കാൻ ട്രഷറി ഡയറക്ടർക്ക് നിർദ്ദേശം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## സഹകരണ സ്ഥാപനങ്ങൾക്ക് അനുവദിക്കുന്ന ലോട്ടറി ടിക്കറ്റുകൾ

102 (2319) ശ്രീ. പി. ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോട്ടറി ഏജൻസിയുള്ള സഹകരണസ്ഥാപനങ്ങൾക്ക് കൂടുതൽ ടിക്കറ്റുകൾ അനുവദിക്കുന്നതിന് മുൻഗണന നൽകുന്നത് സംബന്ധിച്ച ഉത്തരവ് ഉണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) ഇപ്രകാരം ടിക്കറ്റുകൾ അനുവദിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(സി) ഈ സഹകരണ സ്ഥാപനങ്ങൾ അവർക്ക് ലഭിക്കുന്ന ടിക്കറ്റുകൾ മൊത്തമായി വൻകിട ലോട്ടറി കച്ചവടക്കാർക്ക് മറിച്ചു വിൽക്കുന്നതായുള്ള കാര്യം സർക്കാർ പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ; ഇത്തരം സംഘങ്ങൾക്കെതിരെ സ്വീകരിച്ച നടപടി വിശദമാക്കാമോ;

(ഡി) ഇങ്ങനെയുള്ള ഓരോ സഹകരണ സ്ഥാപനവും ലോട്ടറി ഏജന്റ് എന്ന നിലയ്ക്ക് എത്ര ലോട്ടറിതൊഴിലാളികളെ വീതം ലോട്ടറിതൊഴിലാളി ക്ഷേമനിധിയിൽ അംഗങ്ങളായി ചേർത്തിട്ടുണ്ടെന്നുള്ള വിശദവിവരം നൽകുമോ;

(ഇ) ഈ സംഘങ്ങൾ വാങ്ങുന്ന ലോട്ടറി ടിക്കറ്റുകളിൽ ലോട്ടറിനിയമം അനുശാസിക്കുന്ന തരത്തിൽ ഇവരുടെ സീൽ ലോട്ടറിയുടെ പിൻഭാഗത്ത് പതിക്കുന്നുണ്ടോ എന്ന് സർക്കാർ പരിശോധന നടത്താറുണ്ടോ; വിശദവിവരം നൽകുമോ?

ഉത്തരം

(എ) ഉണ്ട്. 10-1-2019-ലെ H1/1/2019/TD നമ്പർ കത്തുപ്രകാരം സഹകരണ സംഘങ്ങൾക്ക് ടിക്കറ്റ് അനുവദിക്കുന്നതിന് അധിക പരിഗണന നൽകുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) ഭാഗ്യക്കുറി ഏജൻസികൾക്ക് ടിക്കറ്റുകൾ അനുവദിക്കുന്ന അതേ മാനദണ്ഡത്തിലാണ് സഹകരണ സ്ഥാപനങ്ങൾക്കും ടിക്കറ്റുകൾ അനുവദിച്ചുവരുന്നത്.

(സി) ഇക്കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) കേരള സ്റ്റേറ്റ് ലോട്ടറി ഏജന്റ്സ് ആൻഡ് സെല്ലേഴ്സ് വെൽഫെയർ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് (ഏജൻസി നമ്പർ K 6713) എന്ന സഹകരണ സ്ഥാപനം കോട്ടയം ജില്ലാ ക്ഷേമനിധി ഓഫീസ് മുഖേന 55 ലോട്ടറി വിൽപ്പനക്കാരെ സംസ്ഥാന ഭാഗ്യക്കുറി ക്ഷേമനിധിയിൽ അംഗങ്ങളായി ചേർത്തിട്ടുണ്ട്.

എറണാകുളം ജില്ലാ ലോട്ടറി തൊഴിലാളി ക്ഷേമ സഹകരണ സംഘം (ഏജൻസി നമ്പർ E8447) എന്ന സഹകരണ സ്ഥാപനം എറണാകുളം ജില്ലാ ക്ഷേമനിധി ഓഫീസ് മുഖേന 29 ലോട്ടറി വിൽപ്പനക്കാരെ സംസ്ഥാന ഭാഗ്യക്കുറി ക്ഷേമനിധിയിൽ അംഗങ്ങളായി ചേർത്തിട്ടുണ്ട്.

വയനാട് ജില്ലാ ലോട്ടറി തൊഴിലാളിക്ഷേമ സഹകരണ സംഘം (ഏജൻസി നമ്പർ W 1265) എന്ന സഹകരണ സ്ഥാപനം വയനാട് ജില്ലാ ക്ഷേമനിധി ഓഫീസ് മുഖേന 28 ലോട്ടറി വിൽപ്പനക്കാരെ സംസ്ഥാന ഭാഗ്യക്കുറി ക്ഷേമനിധിയിൽ ചേർത്തിട്ടുണ്ട്.

(ഇ) കേരള ലോട്ടറി ചട്ടങ്ങൾക്കും നിയമങ്ങൾക്കും വിരുദ്ധമായി ഭാഗ്യക്കുറി ഏജന്റുമാർ പ്രവർത്തിക്കുന്നത് ശ്രദ്ധയിൽപ്പെടുന്നപക്ഷം അത്തരം ഏജന്റുമാർക്കെതിരെ നടപടി സ്വീകരിക്കുന്നുണ്ട്.

## ലോട്ടറി നികുതി ഏകീകരണം

103 (2320) ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2018-19 വർഷം ലഭ്യമായ ലോട്ടറി വരുമാനം എത്ര എന്നും വിവിധയിനങ്ങളിലായി വകുപ്പിന് ചെലവ് എത്രയെന്നും വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്ത് ലോട്ടറി നികുതി എത്ര; മറ്റ് സംസ്ഥാനങ്ങളിൽ എത്രയെന്ന് അറിയാമോ;

(സി) കേന്ദ്ര സർക്കാരിന്റെ ലോട്ടറി നികുതി ഏകീകരിക്കൽ നയം സംസ്ഥാനത്തെ എങ്ങനെ ബാധിക്കും; വിശദാംശം ലഭ്യമാക്കുമോ;

(ഡി) പ്രസ്തുത നികുതി വ്യവസ്ഥകൾ നടപ്പാക്കുന്നതിൽ ജി.എസ്.ടി. കൗൺസിൽ എന്തു തീരുമാനം കൈക്കൊണ്ടു; വിശദമാക്കുമോ?

ഉത്തരം

(എ) 2018-19 സാമ്പത്തിക വർഷം ലഭ്യമായ ലോട്ടറി വരുമാനം 9,262.70 കോടി രൂപയാണ്. 2018-19 സാമ്പത്തിക വർഷം വിവിധ ഇനങ്ങളിലായി വകുപ്പിന്റെ ചെലവ് സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| 2075-00-103-94-DSL | 9,05,04,244 |
| 2075-00-103-93-DLO | 24,12,70,754 |
| 2075-00-103-92-RDDSL | 1,66,84,483 |
| 2075-00-103-90-INTERNAL AUDIT OFFICE | 55,80,056 |
| Total Expenditure (Estta. Expenditure) | 35,40,39,537 |
| **2075-00-103-99-SLT** | |
| Expense on sale of Lottery tickets | 139,78,43,489 |
| Publicity Charges | 27,93,90,180 |
| **99 SLT Total** | 167,72,33,669 |
| 2075-0-103-98- Commission - Agents Prize | 479,94,26,540 |
| Discount | 2320,67,87,348 |
| Total Expenditure<br>2075-00-103-97- Distribution of Prize | 2800,62,13,888<br>4587,69,79,700 |
| **Total Expenditure** | 7591,44,66,794 |

(ബി) സംസ്ഥാനത്ത് വിൽക്കപ്പെടുന്ന അതാത് സംസ്ഥാനം നടത്തുന്ന ലോട്ടറികൾക്ക് 12 ശതമാനവും സംസ്ഥാനത്തിനകത്ത് വിൽക്കപ്പെടുന്ന അന്യസംസ്ഥാന ലോട്ടറികൾക്ക് 28 ശതമാനവുമാണ് നിലവിൽ ജി.എസ്.ടി. നികുതി നിരക്ക്. ഇത് രാജ്യമൊട്ടാകെ ബാധകമായ നിരക്കാണ്.

(സി) കേന്ദ്രസർക്കാരിന്റെ ലോട്ടറി നികുതി നയപ്രകാരം ലോട്ടറി നികുതി ഏകീകരിച്ചാൽ അന്യസംസ്ഥാനത്തിന്റെ പേര് ദുരുപയോഗം ചെയ്ത് വ്യാജ ലോട്ടറികൾ വിൽക്കപ്പെടാൻ സാധ്യതയുണ്ട്. ഇത് കേരള സംസ്ഥാന ലോട്ടറിയെ ബാധിക്കുകയും ചെയ്യും.

(ഡി) ഈ വിഷയം ജി.എസ്.ടി. കൗൺസിലിന്റെ പരിഗണനയിലാണ്.

## ലോട്ടറി ക്ഷേമനിധി ബോർഡ് പ്രവർത്തനങ്ങൾ

104 (2321) ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേരള ലോട്ടറി തൊഴിലാളി ക്ഷേമനിധി ബോർഡ് ലോട്ടറി തൊഴിലാളികൾക്കായി നടപ്പിലാക്കിയ ക്ഷേമപ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) കേരള ലോട്ടറി തൊഴിലാളി ക്ഷേമ നിധി ബോർഡ് മുഖേന വയനാട് ജില്ലയിലെ ലോട്ടറി തൊഴിലാളികൾക്ക് ഇരുചക്രവാഹനങ്ങൾ വിതരണം ചെയ്യാനുള്ള പദ്ധതിയുണ്ടോയെന്ന് അറിയിക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ലോട്ടറി തൊഴിലാളികൾക്ക് 2016-17-ൽ 21 കോടി രൂപയുടെ ആനുകൂല്യങ്ങൾ അനുവദിക്കുകയുണ്ടായി. ആയതിൽ 16.32 കോടി രൂപ 2016-ലെ ഓണം അലവൻസ് ഇനത്തിൽ അംഗങ്ങൾക്കും പെൻഷൻകാർക്കും വിതരണം ചെയ്തു. 2017-18-ൽ 26.11 കോടി രൂപയുടെ ആനുകൂല്യങ്ങൾ അനുവദിക്കുകയുണ്ടായി. 2016-ൽ അനുവദിച്ച ഓണം അലവൻസ് തുകയിൽ 500 രൂപയുടെ വർദ്ധനവുവരുത്തി 21.03 കോടി രൂപയാണ് 2017-ലെ ഓണം അലവൻസ് ഇനത്തിൽ വിതരണം ചെയ്തത്. 2018-19-ൽ 32.42 കോടി രൂപയുടെ ആനുകൂല്യങ്ങൾ അനുവദിക്കുകയുണ്ടായി. 2017-ൽ അനുവദിച്ച ഓണം അലവൻസ്

തുകയിൽ 500 രൂപയുടെ വർദ്ധനവുവരുത്തി 25.55 കോടി രൂപയാണ് 2018-ലെ ഓണം അലവൻസ് ഇനത്തിൽ വിതരണം ചെയ്തത്. ക്ഷേമനിധി അംഗങ്ങളായ ഭാഗ്യക്കുറി വിൽപ്പനക്കാർക്ക് സൗജന്യമായി യൂണിഫോം നൽകുന്ന പദ്ധതിപ്രകാരം 2,10,00,000 രൂപ ചെലവഴിച്ച് 70000 യൂണിഫോമുകൾ കുടുംബശ്രീ മുഖേന തയ്യാറാക്കി വിതരണം ചെയ്തു. അംഗപരിമിതരായ 178 ക്ഷേമനിധി അംഗങ്ങൾക്ക് 70,500 രൂപ വിലയുള്ള മോട്ടോറൈസ്ഡ് ട്രൈസ്കൂട്ടറിൽ ടിക്കറ്റ് ഡിസ്പ്ലേ റാക്ക്, ബീച്ച് അംബ്രല്ല എന്നിവ സഹിതം തയ്യാറാക്കി സൗജന്യമായി വിതരണം ചെയ്തു. സംസ്ഥാന ഭാഗ്യക്കുറി ക്ഷേമനിധി ബോർഡിൽ പെൻഷൻകാർക്ക് അനുവദിച്ചുവന്നിരുന്ന 500 രൂപ പെൻഷൻ, ക്ഷേമനിധി പെൻഷനുകൾ ഏകീകരിച്ചുവഴി 1,100 രൂപയാക്കി വർദ്ധിപ്പിച്ചുനൽകിയത് ഈ സർക്കാർ നിലവിൽ വന്നതിനുശേഷമാണ്. പ്രസ്തുത പെൻഷൻ തുക 2019 ഏപ്രിൽ മുതൽ 1,200 രൂപയാക്കി ഉയർത്തിയിട്ടുണ്ട്. വഴിയോര ഭാഗ്യക്കുറി വിൽപ്പനക്കാരായ ക്ഷേമനിധി അംഗങ്ങൾക്ക് സൗജന്യമായി ബീച്ച് അംബ്രല്ല നൽകുന്ന പദ്ധതിപ്രകാരം കുടുംബശ്രീ മുഖേന 2000 ബീച്ച് അംബ്രല്ലകൾ തയ്യാറാക്കി വിതരണം ചെയ്തു. ക്ഷേമനിധി അംഗങ്ങളുടെ സാമൂഹിക ഉന്നമനത്തിനായി പത്താംതരം വിജയിച്ചിട്ടില്ലാത്ത ക്ഷേമനിധി അംഗങ്ങൾക്ക് കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റിയുമായി സംയോജിപ്പിച്ച് പത്താംതരം തുല്യതാ പഠനം സൗജന്യമായി പൂർത്തിയാക്കുന്നതിനുള്ള അവസരം നൽകുന്ന പദ്ധതിയും നടപ്പിലാക്കി. 2018 വർഷത്തെ വിദ്യാഭ്യാസ അവാർഡ്, ഒറ്റത്തവണ സ്കോളർഷിപ്പ് എന്നിവയ്ക്കായി അപേക്ഷ ക്ഷണിക്കുകയും 165 അപേക്ഷകർക്ക് വിദ്യാഭ്യാസ അവാർഡിനത്തിൽ 4,55,000 രൂപയും 275 അപേക്ഷകർക്ക് ഒറ്റത്തവണ സ്കോളർഷിപ്പിനത്തിൽ 23,47,000 രൂപയും അനുവദിച്ചു.

സംസ്ഥാന ഭാഗ്യക്കുറി ക്ഷേമനിധിയിലെ അംഗങ്ങളായവരും പ്രളയ ബാധിതമായി സർക്കാർ പ്രഖ്യാപിച്ച വില്ലേജുകളിൽ ദുരിതത്തിൽപ്പെട്ടവരുമായ ഏജന്റുമാർക്കും വിൽപ്പനക്കാർക്കും ടിക്കറ്റുകൾ നഷ്ടപ്പെടുകയോ/കേടുപാടുകൾ സംഭവിക്കുകയോ വിൽക്കാൻ സാധിക്കാതെ വരികയോ ചെയ്തുമൂലം സാമ്പത്തിക നഷ്ടം സംഭവിച്ചവർക്ക് ആശ്വാസ ധനസഹായം നൽകി.

(ബി) അംഗപരിമിതരായ ക്ഷേമനിധി അംഗങ്ങൾക്ക് സൗജന്യമായി മോട്ടോറൈസ്ഡ് ട്രൈസ്കൂട്ടറുകൾ നൽകുന്ന പദ്ധതി നിലവിലുണ്ട്. എന്നാൽ ക്ഷേമനിധി അംഗങ്ങൾക്ക് ഇരുചക്രവാഹനം നൽകുന്ന പദ്ധതി നിലവിലില്ല.

## ലോട്ടറി ടിക്കറ്റിന്മേൽ ഒരു ശതമാനം സെസ്സ്

105 (2322) ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ലോട്ടറി ടിക്കറ്റിന്മേൽ ഒരു ശതമാനം സെസ്സ് ഏർപ്പെടുത്തുവാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) നിലവിൽ ലോട്ടറിക്ക് എത്ര ശതമാനം ജി.എസ്.ടി.-യാണ് ഈടാക്കുന്നത്;

(സി) ജി.എസ്.ടി നിലവിൽ വന്നശേഷം ലോട്ടറി വില്പനക്കാരുടെ വില്പന കമ്മീഷനിൽ കുറവ് വരുത്തിയിട്ടുണ്ടോ; എന്ത് കുറവാണ് വരുത്തിയത്; വ്യക്തമാക്കുമോ;

(ഡി) ലോട്ടറി ടിക്കറ്റിന്മേൽ സെസ്സ് ഏർപ്പെടുത്തുന്നത് ടിക്കറ്റ് വില്പനയെ ബാധിക്കുമെന്നതിനാൽ ഇക്കാര്യം പുനഃപരിശോധിക്കുമോ എന്ന് അറിയിക്കുമോ?

### ഉത്തരം

(എ) ഇല്ല. സംസ്ഥാന ലോട്ടറിയുടെ നികുതി ബാധകമായ വിതരണം ലോട്ടറി വകുപ്പും വെൽഫെയർ ബോർഡും തമ്മിലുള്ളതാണ്. വെൽഫെയർ ബോർഡ് രജിസ്ട്രേഷൻ ഉള്ള വ്യാപാരിയാണ്. വെൽഫെയർ ബോർഡ് നടത്തുന്ന പുനർവിതരണങ്ങൾ നികുതി വിമുക്തമായതിനാൽ പ്രളയസെസ്സ് ലോട്ടറി വിതരണത്തിന് ബാധകമല്ല.

(ബി) സംസ്ഥാനത്തിനകത്ത് വിൽക്കപ്പെടുന്ന അതാത് സംസ്ഥാനം നടത്തുന്ന ലോട്ടറികൾക്ക് 12 ശതമാനവും സംസ്ഥാനത്തിനകത്ത് വിൽക്കപ്പെടുന്ന അന്യ സംസ്ഥാന ലോട്ടറികൾക്ക് 28 ശതമാനവും ആണ് നിലവിൽ ജി.എസ്.ടി. നികുതി നിരക്ക്. (അന്യസംസ്ഥാന ലോട്ടറികൾ ഇപ്പോൾ കേരളത്തിൽ വിൽക്കപ്പെടുന്നില്ല)

(സി) ജി.എസ്.ടി. നിലവിൽ വന്നതിനുശേഷം ലോട്ടറി വിൽപ്പനക്കാരുടെ വിൽപ്പന ഡിസ്കൗണ്ട് ഒരു ടിക്കറ്റിൽ ശരാശരി 1.5 രൂപയുടെ കുറവ് വരുത്തിയിട്ടുണ്ട്.

(ഡി) ലോട്ടറി ടിക്കറ്റിന്റെ വിതരണത്തിന് സെസ്സ് ബാധകമല്ല.

## ലോട്ടറി വകുപ്പിന്റെ പ്രവർത്തനം

106 (2323) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ലോട്ടറി വകുപ്പിന്റെ പ്രവർത്തനം വിപുലീകരിക്കുന്നതിലേയ്ക്കായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ വിശദാംശം അറിയിക്കുമോ?

<u>ഉത്തരം</u>

(എ&ബി) ഉണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വകുപ്പിന്റെ പ്രവർത്തനം വിപുലീകരിക്കുന്നതുമായി ബന്ധപ്പെട്ട് വിവിധ ജില്ലകളിലായി 15 ലോട്ടറി സബ് ഓഫീസുകൾ, കോഴിക്കോട് ആസ്ഥാനമാക്കി ആഭ്യന്തര ഓഡിറ്റ് വിംഗ് ഓഫീസ് എന്നിവ പുതിയതായി ആരംഭിച്ചു. സ്ഥിരം/ പുനർവിന്യാസം/ദിവസ വേതനം/കരാർ എന്നീ കാറ്റഗറികളിലായി 169 തസ്തികകൾ ഭാഗ്യക്കുറി വകുപ്പിൽ പുതിയതായി സൃഷ്ടിച്ചിട്ടുണ്ട്.

എല്ലാ ഭാഗ്യക്കുറി നറുക്കെടുപ്പുകളും ടെലിവിഷൻ ചാനലുകൾവഴി തത്സമയ സംപ്രേഷണം ചെയ്യുന്നതിലേയ്ക്കായി കൂടുതൽ സൗകര്യങ്ങൾ ഉൾപ്പെടുത്തിയതിനുപുറമേ രണ്ട് പുതിയ നറുക്കെടുപ്പ് മെഷീനുകളും വകുപ്പ് വാങ്ങിയിട്ടുണ്ട്. കൈരളി, കൗമുദി, ജീവൻ, ജയ്ഹിന്ദ് എന്നീ ടെലിവിഷൻ ചാനലുകൾ മുഖേന നറുക്കെടുപ്പുകളുടെ തത്സമയ സംപ്രേഷണം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

എൻ.ഐ.സി.-യുമായി സഹകരിച്ച് വകുപ്പിന് ഒരു പുതിയ സോഫ്റ്റ്വെയർ തയ്യാറാക്കിവരുന്നു. സി-ഡിറ്റിന്റെ സഹകരണത്തോടെ വകുപ്പ് പുറത്തിറക്കുന്ന ടിക്കറ്റുകളിൽ ആധുനിക സെക്യൂരിറ്റി ഫീച്ചറുകൾ ഉൾക്കൊള്ളിക്കുന്നതിനായി ഭാഗ്യക്കുറി ഡയറക്ടറേറ്റിൽ ഒരു സെക്യൂരിറ്റി ഡിസൈൻ ലാബ് സ്ഥാപിച്ചിട്ടുണ്ട്. വകുപ്പിന് കീഴിലുള്ള 19 ഓഫീസുകളിൽ ഇ-ടെണ്ടർ മുഖേന കമ്പ്യൂട്ടർ ഹാർഡ്വെയർ എക്വിപ്മെന്റ് വാങ്ങി സ്ഥാപിക്കുകയും സൗകര്യങ്ങൾ കുറവായിരുന്ന തിരുവനന്തപുരം, തൃശ്ശൂർ ജില്ലാ ഭാഗ്യക്കുറി ഓഫീസുകൾ പുതിയ കെട്ടിടങ്ങളിലേയ്ക്ക് മാറ്റുകയും അവിടേയ്ക്ക് ആവശ്യമായ നവീകരണ പ്രവർത്തനങ്ങൾ നിർവ്വഹിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ 10 ജില്ലാ ഓഫീസുകളിൽ Networking Revamping നിർവ്വഹിച്ചിട്ടുണ്ട്.

**കാരുണ്യ ചികിത്സാ സഹായ പദ്ധതി**

107 (2324) <u>ശ്രീ. കെ. ഡി. പ്രസേനൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പാലക്കാട് ജില്ലയിൽ കാരുണ്യപദ്ധതിയിലൂടെ എത്ര രൂപ വിതരണം ചെയ്തുവെന്ന് അറിയിക്കാമോ;

(ബി) കാരുണ്യ പദ്ധതി പ്രകാരം ചികിത്സാസഹായം ലഭ്യമാകുന്ന തൃശ്ശൂർ, പാലക്കാട്, മലപ്പുറം ജില്ലകളിലെ ആശുപത്രികളുടെ വിശദാംശം ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) പദ്ധതിയിലൂടെ വിതരണംചെയ്ത തുകയുടെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമല്ല.

(ബി) കാരുണ്യ ബെനവലന്റ് ഫണ്ടിൽ അക്രെഡിറ്റ് ചെയ്തിട്ടുള്ള തൃശ്ശൂർ, പാലക്കാട്, മലപ്പുറം ജില്ലകളിലെ സ്വകാര്യ ആശുപത്രികളുടെയും സ്വകാര്യ ഡയാലിസിസ് സെന്ററുകളുടെയും ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.*

**കാരുണ്യ ചികിത്സാ ധനസഹായ പദ്ധതി**

108 (2325) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാരുണ്യ ചികിത്സാധനസഹായ പദ്ധതി പ്രകാരം നൽകുന്ന പരമാവധി ധനസഹായം ഇപ്പോൾ എത്ര രൂപയാണ്; തുക അനുവദിക്കുന്നതിന് വരുമാന പരിധി നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ എത്രയാണ്; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ഏതൊക്കെ ചികിത്സകൾക്കാണ് ഇത്തരത്തിൽ സഹായം ലഭ്യമാക്കുന്നത്; കിഡ്നി ട്രാൻസ്പ്ലാന്റേഷൻ ഉൾപ്പെടെയുള്ള ചെലവേറിയ ചികിത്സകൾക്ക് തുക പരമാവധി ഉയർത്തുന്നതിന് എന്തെങ്കിലും നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(സി) കിഡ്നി ട്രാൻസ്പ്ലാന്റേഷൻ ഉൾപ്പെടെയുള്ള ചികിത്സകൾക്ക് പരമാവധി പത്ത് ലക്ഷം രൂപയും മറ്റു ചെലവേറിയ ചികിത്സകൾക്ക് പരമാവധി ഏഴുലക്ഷം രൂപയും നൽകാൻ നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) വൃക്ക രോഗങ്ങൾക്ക് 3 ലക്ഷം രൂപവരെയും ഹീമോഫീലിയയ്ക്ക് തുക പരിധിയില്ലാതെയും കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള മറ്റ് നിശ്ചിത രോഗങ്ങൾക്ക് 2 ലക്ഷം രൂപ വരെയും ചികിത്സാസഹായമായി അനുവദിക്കുന്നു. കൂടാതെ അവയവ ദാതാവിന് ഒരു ലക്ഷം രൂപയും അനുവദിക്കുന്നു.

തുക അനുവദിക്കുന്നതിന് വരുമാന പരിധി നിശ്ചയിച്ചിട്ടുണ്ട്. വാർഷിക കുടുംബ വരുമാനം റേഷൻ കാർഡിൽ 3 ലക്ഷം രൂപയിൽ താഴെയുള്ള കുടുംബങ്ങൾക്കാണ് കാരുണ്യ ചികിത്സാ സഹായം അനുവദിക്കുന്നത്. ഹീമോഫീലിയയ്ക്ക് വരുമാന പരിധി പരിഗണിക്കാതെയാണ് ചികിത്സാ സഹായം നൽകുന്നത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി & സി) കാൻസർ, ഹൃദ്രോഗം (ആൻജിയോഗ്രാം, ആൻജിയോ പ്ലാസ്റ്റി തുടങ്ങിയ ശസ്ത്രക്രിയകൾ), തലച്ചോർ, കരൾ എന്നിവയുടെ ശസ്ത്രക്രിയകൾ, വൃക്കകൾ, ഹൃദയം, കരൾ എന്നിവയുടെ മാറ്റിവയ്ക്കൽ ശസ്ത്രക്രിയകൾ, ഡയാലിസിസ്, പെരിറ്റോണിയൽ ഡയാലിസിസ്, വൃക്കമാറ്റിവയ്ക്കലിന് ശേഷമുള്ള തുടർ ചികിത്സ, ഹീമോഫീലിയ, ഗുരുതരമായ ശ്വാസകോശ രോഗങ്ങൾ, നട്ടെല്ല്, സുഷ്മ്നാനാഡി എന്നിവയുടെ ഗുരുതര ക്ഷതങ്ങൾ എന്നിവയ്ക്കും അവയവ ദാതാവിനുമാണ് കാരുണ്യ ചികിത്സാപദ്ധതിയിൽനിന്നും ചികിത്സാസ ഹായം നൽകുന്നത്.

കാരുണ്യ പദ്ധതി പുതിയ ആരോഗ്യ പദ്ധതിയായ കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിൽ ലയിപ്പിച്ച സാഹചരത്തിൽ ഇതിന് പ്രസക്തിയില്ല.

## കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ ലിമിറ്റഡിന്റെ പ്രവർത്തനങ്ങൾ

109 (2326) ശ്രീ. എം. സ്വരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ ലിമിറ്റഡിന്റെ പ്രവർത്തനങ്ങൾ വിപുലീകരിച്ചിട്ടുണ്ടോ;

(ബി) ഇതിനായി പുതിയ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ വിശദാംശം അറിയിക്കുമോ?

ഉത്തരം

(എ&ബി) ഉണ്ട്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കെ.എഫ്.സിഎൽ.-ന്റെ ഡയറക്ടർ ബോർഡിനെ പ്രൊഫഷണലായി പുനഃസംഘടിപ്പിക്കുകയും കെ.എഫ്.സി.-യുടെ വായ്പാനയത്തിൽ കാതലായ മാറ്റങ്ങൾ വരുത്തുകയുംചെയ്തു. 14.5 ശതമാനം എന്ന PLR സംവിധാനത്തിൽനിന്നും 9.5 ശതമാനം എന്ന ബേസ് റേറ്റ് സംവിധാനത്തിലേയ്ക്ക് മാറി 2018-19 സാമ്പത്തിക വർഷം വായ്പാ അനുമതിയിൽ മുൻ വർഷത്തേക്കാളും 12.7 ശതമാനം വർദ്ധനവ് രേഖപ്പെടുത്തി. സ്റ്റാർട്ടപ്പുകൾക്കായി പ്രത്യേക വായ്പാ പദ്ധതികൾ ആവിഷ്കരിച്ചു. പ്രളയാനന്തര സംസ്ഥാന പുനർനിർമ്മാണത്തിന്റെ ഭാഗമായി സർക്കാർ കരാറുകാർക്ക് വിവിധ പദ്ധതികൾക്ക് രൂപം നൽകുകയും 2018-19 സാമ്പത്തിക വർഷം 650 കോടി രൂപയുടെ വായ്പയ്ക്ക് അനുമതി നൽകുകയുമുണ്ടായി.

## കെ.എസ്.എഫ്.ഇ. പ്രവാസി ചിട്ടി

110 (2327) ശ്രീ. കെ. സി. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രവാസി ചിട്ടി ആദ്യഘട്ടത്തിൽ ആരംഭിച്ച യു.എ.ഇ.-യിൽ അതിന് ലഭിച്ച പ്രതികരണം ആശാവഹമായിരുന്നോ; ഇതിന്റെ അടിസ്ഥാനത്തിൽ മറ്റ് ഗൾഫ് രാജ്യങ്ങളിലേയ്ക്ക് കൂടി ഇത് വ്യാപിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) പ്രവാസി ചിട്ടി യൂറോപ്യൻ രാജ്യങ്ങളിൽ വ്യാപിപ്പിക്കുമെന്ന പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(സി) ഇതുവരെ പ്രവാസി ചിട്ടിയിൽ ചേരുന്നതിന് എത്ര പേർ രജിസ്റ്റർ ചെയ്തു; അതിൽ എത്രപേർ ഇതിനകം ചിട്ടി വരിസംഖ്യ അടയ്ക്കുകയുണ്ടായി എന്നറിയിക്കാമോ;

(ഡി) എത്ര നമ്പർ ചിട്ടികളാണ് ഇതിനകം ആരംഭിച്ചത്;

(ഇ) പ്രസ്തുത പ്രവാസി ചിട്ടിയിൽ ചേരുന്ന പ്രവാസികൾക്ക് എന്തൊക്കെ ആനുകൂല്യങ്ങളാണ് നൽകുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ആശാവഹമായിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ഇപ്പോൾ എല്ലാ ജിസിസി രാജ്യങ്ങളിലും കെ.എസ്.എഫ്.ഇ. പ്രവാസിചിട്ടി വ്യാപിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) യു.കെ.-യിലും മറ്റ് യൂറോപ്യൻ രാജ്യങ്ങളിലും കെ.എസ്.എഫ്.ഇ. പ്രവാസി ചിട്ടി വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി 18-5-2019-ന് ലണ്ടനിൽ വച്ച് നടന്ന ചടങ്ങിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ധനകാര്യ വകുപ്പുമന്ത്രിയും അവിടത്തെ മലയാളി സമൂഹത്തെ അഭിസംബോധന ചെയ്ത് സംസാരിക്കുകയുണ്ടായി. തുടർന്ന് അയർലണ്ടിലും മലയാളി സമൂഹത്തെ സംബോധന ചെയ്ത വേളയിൽ കെ.എസ്.എഫ്.ഇ. അധികൃതരും പങ്കെടുക്കുകയുണ്ടായി. ഇതേത്തുടർന്ന് യൂറോപ്യൻ രാജ്യങ്ങളിൽനിന്നുള്ള പ്രവാസി മലയാളികളുടെ രജിസ്ട്രേഷൻ തുടങ്ങിവച്ചിട്ടുണ്ട്.

(സി) പ്രവാസി ചിട്ടിയിൽ ഇതുവരെ 29681 പേർ രജിസ്റ്റർ ചെയ്തു. 6608 പേർ വരിക്കാരായി ഇതിനകം ചിട്ടി വരിസംഖ്യ അടച്ചു.

(ഡി) 210 ചിട്ടികളാണ് ഇതിനകം ആരംഭിച്ചത്.

(ഇ) ഇൻഷ്വറൻസ്, അപകട ഇൻഷ്വറൻസ്, ആവശ്യമുള്ളവർക്ക് പെൻഷൻ സംവിധാനം എന്നിവയാണ് പ്രധാന ആനുകൂല്യങ്ങൾ. ഇതുപ്രകാരം ഇടപാടുകാരൻ ഭൗർഭാഗ്യവശാൽ മരണപ്പെടുകയോ തൊഴിൽ എടുക്കാൻ കഴിയാത്തവിധം അപകടത്തിൽപ്പെടുകയോ ചെയ്താൽ 10 ലക്ഷം രൂപവരെയുള്ള ബാധ്യതയ്ക്ക് ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നതും വിദേശത്തുവച്ച് മരണപ്പെടുകയാണെങ്കിൽ ഭൗതിക ശരീരം നാട്ടിലെത്തിക്കാനുള്ള വിമാനച്ചെലവ് (അനുയാത്ര ചെയ്യുന്ന വ്യക്തിയുടെ ഉൾപ്പടെ) കെ.എസ്.എഫ്.ഇ. വഹിക്കുന്നതുമാണ്.

## കെ.എസ്.എഫ്.ഇ.-യുടെ പ്രവർത്തനങ്ങൾ

111 (2328) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കെ.എസ്.എഫ്.ഇ.-യുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിലേയ്ക്കായി എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കി എന്ന് അറിയിക്കുമോ;

(ബി) ഇവയുടെ വിശദാംശം അറിയിക്കുമോ?

ഉത്തരം

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കെ.എസ്.എഫ്.ഇ.-യുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിലേയ്ക്കായി ചുവടെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

1. രാജ്യത്തിനുപുറത്തുള്ള പ്രവാസി മലയാളികൾക്ക് പ്രവാസ രാജ്യത്ത് വസിച്ചുകൊണ്ടുതന്നെ ചരിത്രത്തിലാദ്യമായി കേരളത്തിന്റെ തനത് സാമ്പത്തിക വ്യവഹാരമായ ചിട്ടിയിൽ ചേരാൻ അവസരമൊരുക്കിക്കൊണ്ട് തികച്ചും ഓൺലൈനായി പണമിടപാടുകൾ നടത്താനും ചിട്ടി ലേലത്തിൽ പങ്കുകൊള്ളാനും കഴിയുന്ന കെ.എസ്.എഫ്.ഇ. പ്രവാസി ചിട്ടി ആരംഭിച്ചു.
2. കെ.എസ്.എഫ്.ഇ.-യുടെ മുഖച്ഛായ മാറ്റുംവിധം കോർപ്പറേറ്റ് ഓഫീസുകളും തെരഞ്ഞെടുത്ത ശാഖകളും സ്മാർട്ട് ഓഫീസുകളായി മാറ്റുന്നു.
3. പുതിയ രണ്ട് മേഖലാ ഓഫീസുകൾ പത്തനംതിട്ടയിലും പാലക്കാടും ആരംഭിക്കുകവഴി കമ്പനിയുടെ പ്രവർത്തനം കൂടുതൽ വികേന്ദ്രീകരിക്കുകയും അതുവഴി കൂടുതൽ കാര്യക്ഷമമാക്കുകയും ചെയ്തു.

4. ചിട്ടി ബിസിനസ്സിലും സ്വർണ്ണപ്പണയ വായ്പയിലും കഴിഞ്ഞ അഞ്ചുവർഷത്തിനിടയിൽ ഏറ്റവും ഉയർന്ന റെക്കോർഡിൽ എത്തി.

5. ചിട്ടി ബിസിനസ്സിന് പുതിയ ഉണർവ് നൽകി മൾട്ടി ഡിവിഷൻ ചിട്ടികൾ ആരംഭിച്ചു.

6. ബിസിനസ്സ് രംഗത്ത് സമയബന്ധിതമായി പരിഷ്കരണങ്ങൾ കൊണ്ടു വരുന്നതിനായി ബിസിനസ് പ്രോസസ് റീ എഞ്ചിനീയറിംഗിനായി ഒരു കമ്മിറ്റി രൂപീകരിച്ചു.

7. കമ്പനിയുടെ ദൈനംദിന പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തിയതിന്റെ ഫലമായി സമയത്തുതന്നെ കണക്കുകൾ പൂർത്തിയാവുകയും മാനവ വിഭവശേഷി വകുപ്പ് കമ്പ്യൂട്ടറൈസ് ചെയ്യുകയും ഇന്റേണൽ ഓഡിറ്റിംഗ് സമയബന്ധിതമായി നടപ്പാക്കുകയും ചെയ്തു.

## കെ.എസ്.എഫ്.ഇ.-യുടെ പുതിയ ശാഖകൾ

112 (2329) ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കെ.എസ്.എഫ്.ഇ.-യുടെ എത്ര ശാഖകൾ പുതിയതായി ആരംഭിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കെ.എസ്.എഫ്.ഇ.-യുടെ ഒരു ശാഖ പുതിയതായി ആരംഭിച്ചു. കെ.എസ്.എഫ്.ഇ.-യുടെ 2019-20 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് നിർദ്ദേശപ്രകാരം 101 പുതിയ ശാഖകൾ ആരംഭിക്കുന്നതിനുള്ള നിർദ്ദേശങ്ങൾക്ക് സർക്കാർ അംഗീകാരവും നൽകിയിട്ടുണ്ട്.

## ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിലെ അംഗത്വം

113 (T*2330) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സർക്കാർ ഉദ്യോഗസ്ഥർക്കും പെൻഷൻകാർക്കും വേണ്ടി നടപ്പിലാക്കുന്ന ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ എം.എൽ.എ.-മാരുടെ അഡീഷണൽ സ്റ്റാഫിനെക്കൂടി ഉൾപ്പെടുത്തുന്നത് പരിഗണിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

---

* 'T'മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

<u>ഉത്തരം</u>

24-4-2017-ലെ സ.ഉ.(അച്ചടി)നമ്പർ 54/2017/ധന. പ്രകാരം നടപ്പാക്കുന്ന ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ സംസ്ഥാന സർക്കാർ ജീവനക്കാർ, പാർട്ട് ടൈം കണ്ടിജന്റ് ജീവനക്കാർ, പാർട്ട് ടൈം അദ്ധ്യാപകർ, എയ്ഡഡ് സ്കൂളുകളിലേതുൾപ്പെടെയുള്ള അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാർ, പെൻഷൻകാർ, കുടുംബ പെൻഷൻകാർ, സംസ്ഥാന സർക്കാരിന്റെ ധനസഹായം സ്വീകരിക്കുന്ന സർവ്വകലാശാലകളിലെയും തദ്ദേശഭരണ സ്ഥാപനങ്ങളിലെയും ജീവനക്കാർ/പെൻഷൻകാർ/കുടുംബ പെൻഷൻകാർ എന്നിവരും മുഖ്യമന്ത്രി മറ്റ് മന്ത്രിമാർ, പ്രതിപക്ഷനേതാവ്, ചീഫ് വിപ്പ്, സ്പീക്കർ ഡെപ്യൂട്ടി സ്പീക്കർ, ധനകാര്യ കമ്മിറ്റികളുടെ ചെയർമാന്മാർ എന്നിവരുടെ നേരിട്ട് നിയമിതരായ പേഴ്സണൽ സ്റ്റാഫ്, പേഴ്സണൽ സ്റ്റാഫ് പെൻഷൻകാർ/കുടുംബ പെൻഷൻകാർ എന്നിവരും അവരുടെ ആശ്രിതരും നിർബന്ധിതാടിസ്ഥാനത്തിലും സംസ്ഥാന സർക്കാരിനുകീഴിൽ സേവനമനുഷ്ഠിക്കുന്ന അഖിലേന്ത്യാ സർവ്വീസ് ഉദ്യോഗസ്ഥരും അവരുടെ ആശ്രിതരും ഐച്ഛികാടിസ്ഥാനത്തിലും നിലവിൽ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നു. എം.എൽ.എ.-മാരുടെ അഡീഷണൽ സ്റ്റാഫുകളെ നിലവിൽ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ല. ടി വിഭാഗത്തെ പ്രായോഗികതയുടെ അടിസ്ഥാനത്തിൽ പദ്ധതിയുടെ അടുത്ത ഘട്ടത്തിൽ ഉൾപ്പെടുത്തുന്ന വിഷയം പരിശോധിക്കുന്നതാണ്.

**ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി**

114 (2331) <u>ശ്രീ. എൽദോ എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനസർക്കാർ ജീവനക്കാർക്കും അദ്ധ്യാപകർക്കും പെൻഷൻകാർക്കും ഏർപ്പെടുത്തുന്ന ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയുടെ നിലവിലെ സ്ഥിതി എന്താണെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത ഇൻഷ്വറൻസ് പദ്ധതി പ്രകാരം ഏതൊക്കെ രോഗങ്ങൾക്കുള്ള ചികിത്സയ്ക്കാണ് ആനുകൂല്യം ലഭിക്കുന്നതെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത പദ്ധതി പ്രകാരം ചികിത്സാ ആനുകൂല്യത്തിന് പരിധി നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ?

<u>ഉത്തരം</u>

(എ) സംസ്ഥാന സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും കുറഞ്ഞ ചെലവിൽ മെച്ചപ്പെട്ട ചികിത്സ ലഭ്യമാക്കുന്നതിലേയ്ക്കായി 24-4-2017-ലെ സ.ഉ.(അച്ചടി)നമ്പർ 54/2017/ധന പ്രകാരം ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കാൻ ഉത്തരവായിട്ടുള്ളതും പദ്ധതി നടത്തിപ്പിനായി പ്രാഥമിക

ഘട്ടത്തിലെ പഠനം, അപഗ്രഥനം എന്നിവയ്ക്കുശേഷം IRDAI അംഗീകാരമുള്ള ഇൻഷ്വറൻസ് കമ്പനികളിൽനിന്ന് താൽപ്പര്യപത്രം ക്ഷണിക്കുകയും അഞ്ച് കമ്പനികൾ അനുകൂലമായി പ്രതികരിക്കുകയും ചെയ്തു. ആയതിന്റെ അടിസ്ഥാനത്തിൽ സർവ്വീസ് സംഘടനകളും പെൻഷൻ സംഘടനകളുമായി രണ്ട് പ്രാവശ്യം ചർച്ച നടത്തുകയും ചെയ്തു. ഇൻഷ്വറൻസ് രംഗത്തെ വിദഗ്ദ്ധരുടെ ഉപദേശത്തിന്റെയും താൽപ്പര്യപത്രങ്ങളുടെയും അടിസ്ഥാനത്തിലും സംഘടനകളുടെ യോഗത്തിലെ പ്രായോഗികമായ നിർദ്ദേശങ്ങൾ എന്നിവകൂടി പരിഗണിച്ച് ആർ.എഫ്.പി. (Request For Proposal) തയ്യാറാക്കുകയും അതിനെ അടിസ്ഥാനമാക്കി 1-1-2019-ന് ഇ-ടെണ്ടർ (Tender ID-2019-FIN-258705-1) ആയി ആർ.എഫ്.പി. പരസ്യപ്പെടുത്തുകയും ചെയ്തു. മൂന്ന് പൊതുമേഖലാ ഇൻഷ്വറൻസ് കമ്പനികൾ ഉൾപ്പെടെ അഞ്ച് ഇൻഷ്വറൻസ് കമ്പനികൾ പ്രൊപ്പോസലുകൾ സമർപ്പിക്കുകയുണ്ടായി. പ്രൊപ്പോസലുകളുടെ പരിശോധനയിൽ ഏറ്റവും കുറഞ്ഞ വാർഷിക പ്രീമിയം തുകയായ 2992.48 രൂപ (18% GST ഉൾപ്പെടെ) രേഖപ്പെടുത്തിയ റിലയൻസ് ജനറൽ ഇൻഷ്വറൻസ് കമ്പനി ലിമിറ്റഡിന് പദ്ധതി നടത്തിപ്പിനായി 27-4-2019-ലെ 49/2019/ധന നമ്പർ സർക്കാർ ഉത്തരവുപ്രകാരം അനുമതി നൽകുകയുണ്ടായി.

(ബി) കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള എല്ലാ രോഗങ്ങൾക്കുമുള്ള ചികിത്സാ ആനുകൂല്യം ലഭിക്കുന്നതാണ്.

(സി) അടിസ്ഥാന പരിരക്ഷ - പദ്ധതിയുടെ കീഴിൽ വരുന്ന ആശുപത്രി ശൃംഖലയിലെ ഏതെങ്കിലും ആശുപത്രിയിൽ ഗുണഭോക്താവോ കുടുംബാംഗങ്ങളോ തേടുന്ന ദേശീയ ആരോഗ്യ സുരക്ഷാ പദ്ധതിപ്രകാരമുള്ള ഡേ കെയർ ചികിത്സാ പ്രക്രിയ ഉൾപ്പെടെയുള്ള അംഗീകൃത ചികിത്സകൾക്ക് ഓരോ കുടുംബത്തിനും പ്രതിവർഷം 2 ലക്ഷം രൂപ നിരക്കിൽ അടിസ്ഥാന പരിരക്ഷ.

അധിക പരിരക്ഷ - പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്ന അവയവമാറ്റ ശസ്ത്രക്രിയ ഉൾപ്പെടെയുള്ള ഗുരുതര ചികിത്സാ പ്രക്രിയകൾക്ക് 3 വർഷത്തെ ബ്ലോക്ക് പിരീഡിലേയ്ക്ക് ഓരോ കുടുംബത്തിനും അടിസ്ഥാന പരിരക്ഷയ്ക്കുപുറമേ പരമാവധി 6 ലക്ഷം രൂപയുടെകൂടി അധിക പരിരക്ഷ.

മേൽ സൂചിപ്പിച്ച അധിക പരിരക്ഷയിലും ചികിത്സാ ചെലവ് അധികരിക്കുന്ന പക്ഷം ഇൻഷ്വറൻസ് കമ്പനി പ്രതിവർഷം 25 കോടി രൂപയിൽ കുറയാത്ത തുക ഉൾപ്പെടുത്തി രൂപീകരിക്കുന്ന കോർപ്പസ് ഫണ്ടിൽനിന്ന് ഒരു കുടുംബത്തിന് പരമാവധി 3 ലക്ഷം രൂപ വരെ (മൂന്നുവർഷത്തെ പോളിസി കാലയളവിനകത്ത്) നിശ്ചിത ചികിത്സാ ചെലവുകൾക്ക് വിനിയോഗിക്കാവുന്നതാണ്.

## സ്റ്റേറ്റ് ലൈഫ് ഇൻഷ്വറൻസ് രേഖകളുടെ കമ്പ്യൂട്ടറൈസേഷൻ

115 (2332) <u>ശ്രീ. കെ. എസ്. ശബരീനാഥൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാരുടെ സ്റ്റേറ്റ് ലൈഫ് ഇൻഷ്വറൻസ് രേഖകളുടെ കമ്പ്യൂട്ടറൈസേഷൻ പൂർണ്ണമായിട്ടുണ്ടോ; ഇല്ലെങ്കിൽ അത് പൂർത്തീകരിക്കുവാൻ അടിയന്തരനടപടി സ്വീകരിക്കുമോ;

(ബി) സ്റ്റേറ്റ് ലൈഫ് ഇൻഷ്വറൻസ് എടുത്തിട്ടുള്ള ജീവനക്കാർക്ക് പോളിസി സർട്ടിഫിക്കറ്റ് കൃത്യമായി ലഭിക്കുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പോളിസി സർട്ടിഫിക്കറ്റിന്റെ ഡ്യൂപ്ലിക്കേറ്റ് എടുക്കുന്നതിന് മുദ്രപ്പത്രത്തിൽ സത്യവാങ്മൂലം നൽകണമെന്ന് നിഷ്കർഷിക്കുന്നതുമൂലം പെൻഷൻ പറ്റി പിരിയുന്ന ജീവനക്കാർ നേരിടുന്ന വിഷമങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ അത് പരിഹരിക്കുന്നതിന് ഡ്യൂപ്ലിക്കേറ്റ് പോളിസി വേണമെന്നുള്ള നിബന്ധന ഒഴിവാക്കി, പോളിസി സർട്ടിഫിക്കറ്റിന്റെ ഡ്യൂപ്ലിക്കേറ്റ് ഇല്ലാതെ തന്നെ വരിസംഖ്യ രേഖകളുടെ അടിസ്ഥാനത്തിൽ പോളിസി തുക നൽകുവാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) സർക്കാർ ജീവനക്കാരുടെ സ്റ്റേറ്റ് ലൈഫ് ഇൻഷ്വറൻസ് രേഖകളുടെ കമ്പ്യൂട്ടറൈസേഷൻ പൂർത്തീകരിച്ചുവരുന്നു.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2016-ലെ ശമ്പള പരിഷ്കരണത്തോടനുബന്ധിച്ച് എസ്.എൽ.ഐ. പ്രീമിയം നിരക്ക് വർദ്ധിപ്പിച്ചതിനാനുപാതികമായി എസ്.എൽ.ഐ. പോളിസിക്കുള്ള ഒന്നരലക്ഷത്തോളം അപേക്ഷകൾ വകുപ്പിന്റെ 14 ജില്ലാ ഓഫീസുകളിലായി ലഭിച്ചിരുന്നു. ടി അപേക്ഷകളിന്മേൽ പോളിസികൾ നൽകുന്നതിന് പ്രത്യേക ഫയൽ തീർപ്പാക്കൽ പദ്ധതിപ്രകാരം നടപടി സ്വീകരിച്ചിട്ടുണ്ട്. തയ്യാറാക്കിയിട്ടുള്ള പോളിസികൾ അടിയന്തരമായി ജീവനക്കാർക്ക് ലഭ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

(സി & ഡി) ഇൻഷ്വറൻസ് സംബന്ധിച്ച പൊതുവായ ചട്ടങ്ങളുടെയും എസ്.എൽ.ഐ. പദ്ധതി സംബന്ധിച്ച ചട്ടങ്ങളുടെയും അടിസ്ഥാനത്തിലാണ് ഡ്യൂപ്ലിക്കേറ്റ് പോളിസി എടുക്കുന്നതിന് മുദ്രപ്പത്രത്തിൽ സത്യവാങ്മൂലം സ്വീകരിച്ചുവരുന്നത്. ഇതുസംബന്ധിച്ച് ജീവനക്കാർക്ക് വിഷമതകൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## വിവിധ സർക്കാർ സേവനങ്ങൾക്കുള്ള ഫീസ് വർദ്ധന

116 (2333) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വിവിധ സർക്കാർ സേവനങ്ങൾക്കുള്ള ഫീസ് വർദ്ധിപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ പൊതുജനങ്ങൾക്ക് സേവനങ്ങൾ കൂടുതൽ മെച്ചപ്പെട്ട നിലയിൽ നൽകുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ബി) അടിക്കടി ജനസേവനങ്ങൾക്ക് ഫീസ് വർദ്ധിപ്പിക്കുകയും സർക്കാർ സംവിധാനങ്ങൾ സേവനദാതാക്കൾ എന്ന നിലയിൽ കാര്യക്ഷമമായി പ്രവർത്തിക്കാതിരിക്കുകയും ചെയ്യുന്ന സാഹചര്യം പൊതുജനങ്ങളിൽ നിന്നും വളരെയേറെ എതിർപ്പുകൾക്കിടയാക്കുന്നുണ്ടെന്ന കാര്യം ഗൗരവമായി കാണുന്നുണ്ടോ;

(സി) പൊതുജനങ്ങളിൽനിന്ന് ഈടാക്കുന്ന ഫീസിന്റെ വർദ്ധനവിനനുസരിച്ച് നൽകുന്ന സേവനങ്ങളുടെ ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിവിധ സർക്കാർ വകുപ്പുകൾവഴി പൊതുജനങ്ങൾക്ക് നൽകിവരുന്ന ഇ-സേവനം കൂടുതൽ മേഖലകളിലേയ്ക്ക് വ്യാപിപ്പിച്ചിട്ടുണ്ട്. ഇത് എല്ലാ മേഖലകളിലേയ്ക്കും കൊണ്ടുവരുന്നതിനാണ് സർക്കാർ മുന്തിയ പരിഗണന നൽകുന്നത്.

(ബി) 2012-ലും 2014-ലും നിലവിൽവന്ന സേവന നിരക്കുകളിലാണ് നാമമാത്രമായ വർദ്ധനവ് ഇക്കാലയളവിൽ വരുത്തിയിട്ടുള്ളത്. ഏതെങ്കിലും സർക്കാർ വകുപ്പുമായി ബന്ധപ്പെട്ട സേവന സംവിധാനങ്ങൾ കാര്യക്ഷമമായി പ്രവർത്തിക്കാതിരിക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) സർക്കാർ സേവനങ്ങൾ കൂടുതൽ സുതാര്യമാക്കിയും കാര്യക്ഷമമായും ജനങ്ങളിലെത്തിക്കുക എന്നതാണ് ഈ സർക്കാരിന്റെ ലക്ഷ്യം. അതിനായി എല്ലാ വകുപ്പുകളിലും കാലോചിതമായ പരിഷ്കാരങ്ങൾ വരുത്തിയും നടപടിക്രമങ്ങൾ ലഘൂകരിച്ചും സർക്കാർ സേവനം കൂടുതൽ മെച്ചപ്പെട്ടതാക്കാൻ ഇക്കാലയളവിൽ കഴിഞ്ഞിട്ടുണ്ട്.

**കയർ വ്യവസായം**

117 (2334) ശ്രീ. വി. ജോയി:
ശ്രീ. ബി. സത്യൻ:
ശ്രീ. എം. മുകേഷ്:
ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കയർ മേഖലയിൽ വിവിധ പദ്ധതികളും പ്രവർത്തനങ്ങളും ഏകോപിപ്പിക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) കയർ വ്യവസായത്തിന്റെ വികസനത്തിനും പ്രോത്സാഹനത്തിനുമായി എന്തെല്ലാം ധനസഹായമാണ് കേന്ദ്രസർക്കാരിൽനിന്ന് ലഭിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) കയർമേഖലയുടെ വികസനവുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ ഏതൊക്കെയാണെന്നും അവയുടെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും വിശദമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് കയർ മേഖലയിലെ വിവിധ പ്രവർത്തനങ്ങളും പദ്ധതികളും ഏകോപിപ്പിക്കുന്നതിന് താഴെപ്പറയുന്ന സംവിധാനങ്ങൾ നിലവിലുണ്ട്.

കയർ വികസന ഡയറക്ടറേറ്റ് - കയർ മേഖലയുടെ സമഗ്ര പുരോഗതിക്കാവശ്യമായ പദ്ധതികൾ ആവിഷ്കരിച്ച് ഡയറക്ടറേറ്റിനുകീഴിലുള്ള 10 പ്രോജക്ട് ഓഫീസുകളും അവയ്ക്ക് കീഴിലുള്ള സർക്കിൾ കയർ ഇൻസ്പെക്ടർ ഓഫീസുകൾവഴിയും നടപ്പാക്കുന്നു. പദ്ധതി പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും ഫലപ്രദമായി നടപ്പാക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനും ആവശ്യമായ നടപടികൾ ഡയറക്ടറേറ്റ് തലത്തിൽ സ്വീകരിക്കുന്നു.

കയർഫെഡ് - പ്രാഥമിക കയർ സഹകരണ സംഘങ്ങളുടെ അപ്പെക്സ് സംഘമാണ് കയർഫെഡ്. സംഘങ്ങൾക്കാവശ്യമായ ചകിരി എത്തിച്ചുകൊടുക്കുന്നതും അവ ഉൽപ്പാദിപ്പിക്കുന്ന കയർ സംഭരിച്ച് വിപണി കണ്ടെത്തുന്ന പ്രവർത്തനവും നിർവ്വഹിക്കുന്നു.

കേരളാ സ്റ്റേറ്റ് കയർ കോർപ്പറേഷൻ - കയർ ഉൽപ്പന്നങ്ങളുടെ സംഭരണവും വിപണനവും പി.പി.എസ്.എസ്. പദ്ധതിപ്രകാരം നടപ്പിലാക്കുന്നു. ഉൽപ്പന്നങ്ങളുടെ വിദേശ വ്യാപാരവും ഏറ്റെടുക്കുന്നു.

കേരളാ സ്റ്റേറ്റ് കയർ മെഷിനറി മാനുഫാക്ചറിംഗ് കമ്പനി - കയർ മേഖലയ്ക്കാവശ്യമായ വിവിധതരം മെഷിനറികൾ നിർമ്മിക്കുന്നു.

കേരളാ കയർ വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡ് - കയർ തൊഴിലാളികൾക്കായുള്ള എല്ലാവിധ ക്ഷേമ പ്രവർത്തനങ്ങളും ഏറ്റെടുത്ത് നടപ്പാക്കുന്നു.

ഫോമാറ്റിംഗ്സ് ഇൻഡ്യാ ലിമിറ്റഡ് - കയറിന്റെയും മറ്റ് പ്രകൃതിദത്ത നാരുകളുടെയും ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്ന കയർ പൊതുമേഖലാ സ്ഥാപനമാണിത്.

എൻ.സി.ആർ.എം.ഐ- കയർ മേഖലയ്ക്കാവശ്യമായ ഗവേഷണ പ്രവർത്തനങ്ങൾ നടത്തുന്നു.

(ബി) കയർ വ്യവസായത്തിന്റെ വികസനത്തിനും പ്രോത്സാഹനത്തിനുമായി മാർക്കറ്റിംഗ് ഡെവലപ്പ്മെന്റ് അസിസ്റ്റൻസ് എന്ന 1:1 ഷെയറിംഗ് രീതിയിലുള്ള ധനസഹായമാണ് നിലവിലുള്ളത്. ഈ പദ്ധതിപ്രകാരമുള്ള ധനസഹായം 2017-18 സാമ്പത്തിക വർഷംവരെ മാത്രമെ ലഭിച്ചിട്ടുള്ളൂ 12.80 കോടി രൂപ ഈ ഇനത്തിൽ കേന്ദ്ര സർക്കാർ കുടിശ്ശികയുണ്ട്.

(സി) കയർ മേഖലയുമായി ബന്ധപ്പെട്ട് സർക്കാർ മേഖലയിൽ കയർ വികസന ഡയറക്ടറേറ്റ്, കയർഫെഡ്, കേരളാ സ്റ്റേറ്റ് കയർ കോർപ്പറേഷൻ, കേരളാ സ്റ്റേറ്റ് കയർ മെഷിനറി മാനുഫാക്ചറിംഗ് കമ്പനി, കേരളാ കയർ വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡ്, ഫോം മാറ്റിംഗ്സ് ഇൻഡ്യ ലിമിറ്റഡ്, എൻ.സി.ആർ.എം.ഐ. എന്നീ സ്ഥാപനങ്ങൾ പ്രവർത്തിച്ചു വരുന്നു.

കയർ മേഖലയിൽ കയർ രണ്ടാം പുനഃസംഘടന നടപ്പിലാക്കുകയാണ്. യന്ത്രവൽക്കരണത്തിലൂടെ ഈ മേഖലയെ പൂർണ്ണമായും ആധുനികവൽക്കരിക്കുകയാണ്. ഇതിനാവശ്യമായ യന്ത്രസാമഗ്രികൾ നിർമ്മിക്കുന്നതിനായി കയർ മെഷിനറി ഫാക്ടറിക്ക് തുക അനുവദിച്ചുനൽകിയിട്ടുണ്ട്.

കയർഫെഡിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനായും അടിസ്ഥാന സൗകര്യ വികസനത്തിനും വിവിധ പദ്ധതികൾക്കായി ആവശ്യമായ തുക അനുവദിച്ചുനൽകിയിട്ടുണ്ട്. ഇതിലൂടെ കയർ സംഭരണത്തിലും വിപണനത്തിലും

വർദ്ധനവുണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്. 2018-19-ൽ 8,203 ലക്ഷം രൂപ വിലമതിക്കുന്ന 157298.33 ക്വിന്റൽ കയർ സംഭരിക്കുകയും 8,361 ലക്ഷം രൂപ വിലമതിക്കുന്ന 155882.53 ക്വിന്റൽ കയർ വിൽപ്പന നടത്തുകയും ചെയ്തിട്ടുണ്ട്. പ്രളയബാധിത വർഷത്തിലും മുൻ വർഷത്തേക്കാൾ സംഭരണത്തിൽ 24 ശതമാനം വർദ്ധനവ് കൈവരിക്കാനായിട്ടുണ്ട്. പ്രാഥമിക സഹകരണ സംഘങ്ങൾക്ക് ചകിരി സംഭരിച്ച് നൽകുന്ന പദ്ധതി കയർഫെഡ് പുനരാരംഭിച്ചിട്ടുണ്ട്. ഇത് എടുത്തുപറയത്തക്ക നേട്ടമാണ്.

കയർ കോർപ്പറേഷന്റെ ഉൽപ്പന്ന സംഭരണ പ്രവർത്തനമായ പി.പി.എസ്.എസ്. പദ്ധതി ഉൾപ്പെടെ വിവിധ പദ്ധതികൾക്കായി ആവശ്യമായ തുക അനുവദിച്ചുനൽകിയിട്ടുണ്ട്. ഉൽപ്പന്ന സംഭരണത്തിൽ 2018-19 വർഷത്തിൽ 15,300 ലക്ഷം രൂപയുടെ ഉൽപ്പന്നങ്ങൾ സംഭരിക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്. മുൻ വർഷത്തേക്കാൾ 53 ശതമാനം വർദ്ധനവുണ്ട്.

എൻ.സി.ആർ.എം.ഐ.-ക്ക് വിവിധ പ്രോജക്ടുകൾ നടപ്പിലാക്കുന്നതിന് ആവശ്യമായ തുക അനുവദിച്ചുനൽകിയിട്ടുണ്ട്.

കയർ തൊഴിലാളി ക്ഷേമനിധി ബോർഡുവഴി വിരമിച്ച കയർ തൊഴിലാളികൾക്ക് പെൻഷൻ നൽകുന്നതുൾപ്പെടെയുള്ള ക്ഷേമപ്രവർത്തനങ്ങൾ നടത്തിവരുന്നു.

## കയർ വ്യവസായത്തിന്റെ വൈവിധ്യവൽക്കരണം

118 (2335) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർ വ്യവസായത്തിന്റെ വൈവിധ്യവൽക്കരണവുമായി ബന്ധപ്പെട്ട് എന്തെല്ലാം പദ്ധതികളാണ് ഈ സർക്കാർ നടപ്പിലാക്കിയിട്ടുള്ളത്; വിശദവിവരം നൽകുമോ;

(ബി) ഇതിന്റെ ഭാഗമായി കയർതൊഴിലാളികൾക്ക് കൈവരിക്കാൻ കഴിഞ്ഞിട്ടുള്ള നേട്ടങ്ങൾ എന്തെല്ലാമാണ്?

### ഉത്തരം

(എ) കയർ വ്യവസായത്തിന്റെ വൈവിധ്യവൽക്കരണവുമായി ബന്ധപ്പെട്ട് പരമാവധി ചകിരി ഉൽപ്പാദിപ്പിച്ച് കയർ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും ഉൽപ്പന്ന വൈവിധ്യവൽക്കരണത്തിലൂടെ വിപണനം ശക്തിപ്പെടുത്തി കയർ മേഖലയെ സ്വയംപര്യാപ്തമാക്കുന്നതിനും ലക്ഷ്യമിട്ട് സർക്കാർ നടപ്പിലാക്കുന്ന

പദ്ധതിയാണ് കയർ മേഖലയിലെ രണ്ടാം പുനഃസംഘടന. പരമ്പരാഗത രീതിയിൽ ചകിരി ഉൽപ്പാദനത്തിൽ ഏർപ്പെട്ടിരുന്ന കയർ സഹകരണ സംഘങ്ങളിൽ ഡീഫൈബറിംഗ് മില്ലുകൾ സ്ഥാപിക്കുകവഴി ചകിരി ഉൽപ്പാദനം ഗണ്യമായ തോതിൽ വർദ്ധിക്കുകയും ടി സംഘങ്ങൾ ചകിരിയുടെ കാര്യത്തിൽ സ്വയംപര്യാപ്തമാകുകയും ചെയ്തിട്ടുണ്ട്. കൂടാതെ കയർപിരി മേഖലയിൽ പരമ്പരാഗത റാട്ടുകൾക്ക് പകരം ഇലക്ട്രോണിക് റാട്ടുകൾ/ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകൾ എന്നിവ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. കയർ ഉൽപ്പന്ന വൈവിദ്ധ്യവൽക്കരണത്തിൽ യന്ത്രവൽക്കരണ പദ്ധതിയിൽ കയർ ജിയോ ടെക്സ്റ്റൈൽസ്, കയർ നീഡിൽ ഫെൽറ്റ്, കയർ കമ്പോസിറ്റ് ബോർഡ്സ്, കയർ അകൗസ്റ്റിക്സ് പാനൽസ് എന്നിങ്ങനെയുള്ള ഉൽപ്പന്നങ്ങളുടെ നിർമ്മാണത്തിനാണ് പ്രാമുഖ്യം നൽകുന്നത്. ഫോം മാറ്റിംഗ്സ് (ഇന്ത്യ) ലിമിറ്റഡിന്റെ അഭിമുഖ്യത്തിൽ കയർ കോമ്പോസിറ്റ് ബോർഡുകൾ നിർമ്മിക്കുന്ന ഫാക്ടറിയുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. എൻ.സി.ആർ.എം.ഐ. കയർ അകൗസ്റ്റിക്സ് പാനലുകളുടെ സാങ്കേതികവിദ്യ വികസിപ്പിച്ചെടുത്തിട്ടുണ്ട്. കൂടാതെ ചകിരിച്ചോറിൽനിന്നും കുറഞ്ഞ കാലയളവിൽ ജൈവവളം നിർമ്മിക്കുന്ന സാങ്കേതികവിദ്യയും വികസിപ്പിച്ചെടുത്തിട്ടുണ്ട്. ഇത് തൃശ്ശൂർ, വൈക്കം എന്നീ പ്രോജക്ടുകളിൽ നടപ്പിലാക്കിയിട്ടുണ്ട്.

(ബി) കയർ രണ്ടാം പുനഃസംഘടനയുടെ ഭാഗമായി ചകിരിയുടെയും കയറിന്റെയും കയറുൽപ്പന്നങ്ങളുടെയും ഉൽപ്പാദനത്തിൽ ഗണ്യമായ വർദ്ധനവുണ്ടായിട്ടുണ്ട്. കയർ രണ്ടാം പുനഃസംഘടനയുടെ ഭാഗമായി സ്ഥാപിക്കപ്പെട്ട 75 ഡീഫൈബറിംഗ് മില്ലുകളിൽ പ്രതിദിനം 8000 വീതം 600000 തൊണ്ടിൽനിന്നും ചകിരിയും ഉപഉൽപ്പന്നങ്ങളും ഉൽപ്പാദിപ്പിക്കുന്നതിനുള്ള ശേഷിയുണ്ട്. ഇപ്രകാരം 600000 തൊണ്ടിൽനിന്നും പ്രതിദിനം 420 ക്വി. ചകിരിയും 1500 ക്വി. കയർപിത്തും 450 ക്വി. മിനിഫൈബറും ഉൽപ്പാദിപ്പിക്കാവുന്നതാണ്. കയർഫെഡ് സംഭരിച്ച കയറിന്റെ അളവിൽ 99.55 ശതമാനം വർദ്ധനവും കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ സംഭരിച്ചിട്ടുള്ള കയർ ഉൽപ്പന്നങ്ങളുടെ അളവിൽ 30 ശതമാനം വർദ്ധനവും ഉണ്ടായിട്ടുണ്ട്. തന്മൂലം കയർ മേഖലയിലെ തൊഴിലാളികളുടെ പ്രവൃത്തിദിനങ്ങൾ കൂടുകയും ആളോഹരി വരുമാനത്തിൽ വർദ്ധനവുണ്ടാകുകയും ചെയ്തിട്ടുണ്ട്. തൊഴിലാളികളുടെ കൂലി പ്രതിദിനം 300 രൂപയിൽനിന്നും 350 രൂപയാക്കി 1-1-2019 മുതൽ ഉയർത്തിയിട്ടുണ്ട്. കൂടാതെ സർക്കാർ വിഹിതമായി ഇൻകം സപ്പോർട്ട് പദ്ധതിയിലുൾപ്പെടുത്തി 2017-18 സാമ്പത്തിക വർഷം 15.07 കോടി രൂപ നൽകിയിരുന്ന സ്ഥാനത്ത് 2018-19 സാമ്പത്തിക വർഷം 22.64 കോടി രൂപ നൽകുന്നതിനും സാധിച്ചു.

**വള്ളിക്കുന്ന് പഞ്ചായത്തിലെ കയർ ഭൂവസ്ത്രം പദ്ധതി**

119 (2336) ശ്രീ. അബ്ദുൽ ഹമീദ് പി.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വള്ളിക്കുന്ന് പഞ്ചായത്തിലെ തീരപ്രദേശങ്ങളിൽ കയർ ഭൂവസ്ത്രം പദ്ധതി നടപ്പിലാക്കുന്നതിന് പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ടോ;

(ബി) ഇതിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ &ബി) തിരൂരങ്ങാടി ബ്ലോക്കിന് കീഴിലെ വള്ളിക്കുന്ന് ഗ്രാമപഞ്ചായത്ത് 2016-17-ൽ 1280 ചതുരശ്ര മീറ്റർ കയർ ഭൂവസ്ത്രം വിരിക്കുന്നതിന് എം.ഒ.യു. ഒപ്പുവച്ചിരുന്നുവെങ്കിലും നാളിതുവരെ യാതൊരു പദ്ധതിയും നടപ്പാക്കിയിട്ടില്ല.

**കയർ ഉൽപ്പന്നങ്ങൾക്ക് ഓൺലൈൻ വിപണി**

120 (2337) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർ ഉത്പന്നങ്ങൾ കൂടുതലായി വിറ്റഴിക്കുന്നതിനും ആഗോള വിപണിയിൽ കേരളത്തിലെ കയർ ഉൽപന്നങ്ങൾക്ക് കൂടുതൽ ഉപഭോക്താക്കളെ കണ്ടെത്തുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദീകരിക്കാമോ;

(ബി) കയർ ഉത്പന്നങ്ങൾക്ക് ഓൺലൈൻ വിപണി സൃഷ്ടിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) കയർഫെഡിന്റെ പ്രവർത്തനം വൈവിധ്യവത്കരിക്കുന്നതിന് നടപ്പിലാക്കുന്ന പദ്ധതികൾ വിശദീകരിക്കുമോ?

ഉത്തരം

(എ) ആഗോള വിപണി വികസനത്തിനായി ഇ-കൊമേഴ്സ് സ്ഥാപിക്കുന്നതിനുള്ള നടപടി പൂർത്തിയായിവരുന്നു. ഇതിനായി ആവശ്യമായ പരസ്യ പ്രചാരണങ്ങൾ നടത്തുന്നതിനുള്ള പ്രൊപ്പോസൽ പൂർത്തിയായിട്ടുണ്ട്.

(ബി) കയർ ഉൽപ്പന്നങ്ങൾക്ക് ഓൺലൈൻ വിപണി സൃഷ്ടിക്കുന്ന നടപടികളുടെ ഭാഗമായി ഓൺലൈൻ പോർട്ടലുകളായ ഇൻഡ്യാ മാർട്ട്, ജെം എന്നിവയിൽ കയർഫെഡ് രജിസ്ട്രേഷൻ എടുത്തിട്ടുണ്ട്. കൂടാതെ ഇ-കൊമേഴ്സ് പോർട്ടൽ സ്ഥാപിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായിവരുന്നു.

(സി) ഓൺലൈൻ വ്യാപാരത്തിനായി ഇ-കൊമേഴ്സ് പോർട്ടൽ, റീട്ടെയിൽ നെറ്റ്‌വർക്ക് ശൃംഖല, ഏജൻസി നിയമനം, ഡിമാന്റ് ജനറേഷനും പരസ്യത്തിനുംവേണ്ടിയുള്ള പദ്ധതികൾ, ഡിജിറ്റൽ മാർക്കറ്റിംഗ് പദ്ധതികൾ എന്നിവയും ഉൽപ്പന്നങ്ങളുടെ ശ്രേണി വർദ്ധിപ്പിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

## കയർമേഖലയുടെ സുസ്ഥിര വികസനം

121 (2338) ശ്രീ. കെ. ആൻസലൻ:
ശ്രീ. എൻ. വിജയൻ പിള്ള:
ശ്രീ. കെ. ദാസൻ:
ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കയർമേഖലയുടെ സുസ്ഥിര വികസനം ലക്ഷ്യമാക്കി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്;

(ബി) കയറിന്റെയും കയർ ഉല്പന്നങ്ങളുടെയും സംഭരണത്തിൽ എത്ര ശതമാനം വർദ്ധനയാണ് ഈ കാലയളവിൽ ഉണ്ടായിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) കാർഷികാടിസ്ഥാനത്തിലുള്ള ഗ്രാമീണ വ്യവസായം ധാരാളം കുടുംബങ്ങൾക്ക് ഉപജീവനമാർഗ്ഗം നൽകുന്ന വിധത്തിൽ കൂടുതൽ വിപുലമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) സംസ്ഥാനത്തെ കയർ മേഖലയിൽ രണ്ടാം പുനഃസംഘടനയുടെ ഭാഗമായി ആവിഷ്കരിച്ച് നടപ്പിലാക്കുന്ന വിവിധ പദ്ധതികൾ വിഭാവന ചെയ്തിട്ടുള്ളത് കയർ മേഖലയുടെ സുസ്ഥിര വികസനമാണ്. ആധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടെ കുടുംബശ്രീ യൂണിറ്റുകൾ, ഫാർമേഴ്സ് സർവ്വീസ് സെന്ററുകൾ, നാളികേര ഉൽപ്പാദക കമ്പനികൾ, അഗ്രോ സർവ്വീസ് സെന്ററുകൾ തുടങ്ങിയവയെ ഉൾപ്പെടുത്തിക്കൊണ്ട് തൊണ്ടുസംഭരണം ശക്തമാക്കുന്നതിനും പൂർണ്ണമായ യന്ത്രവൽക്കരണം നടപ്പിലാക്കി പരമാവധി ചകിരി ഉൽപ്പാദിപ്പിച്ച് കയർ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും ഉൽപ്പന്ന വൈവിധ്യവൽക്കരണത്തിലൂടെ വിപണനം ശക്തിപ്പെടുത്തി കയർ മേഖലയെ സ്വയംപര്യാപ്തമാക്കുന്നതിനും രണ്ടാം പുനഃസംഘടന ലക്ഷ്യമിടുന്നു. അതോടൊപ്പം മെച്ചപ്പെട്ട പ്രവർത്തനം കാഴ്ച വയ്ക്കുന്നതിനായി കയർ സഹകരണസംഘങ്ങളെ പുനഃസംഘടിപ്പിക്കുന്നതിനും ആധുനിക വൽക്കരിക്കുന്നതിനും രണ്ടാം പുനഃസംഘടനയിലൂടെ ലക്ഷ്യമിടുന്നു.

കയർ വ്യവസായ മേഖലയെ ആധുനികവൽക്കരിക്കുക എന്ന ലക്ഷ്യത്തിന്റെ ഭാഗമായി സമ്പൂർണ്ണ യന്ത്രവൽക്കരണം നടപ്പിലാക്കിവരുന്നു. ഇതിന്റെ ഭാഗമായി 75 ഡി.എഫ്. മില്ലുകൾ സ്ഥാപിച്ചുകഴിഞ്ഞു. കയർപിരി മേഖലയിൽ ഉൽപ്പാദനം വർദ്ധിപ്പിക്കാനായി 8000-ത്തോളം ഇലക്ട്രോണിക് റാട്ടുകൾ സ്ഥാപിക്കുന്നതിനുള്ള പ്രൊപ്പോസലിന് ഭരണാനുമതി നൽകുകയും 2500 - ഓളം റാട്ടുകൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. ഉൽപ്പന്ന വൈവിദ്ധ്യവത്കരണത്തിലൂടെ തൊഴിലാളികളുടെ തൊഴിലവസരവും വേതനവും ഉറപ്പുവരുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ ആവിഷ്കരിച്ചുവരുന്നു. കയർ ജിയോ ടെക്സ്റ്റൈൽസ്, കയർ നീഡിൽഫെൽഡ്, കയർ കോമ്പോസിറ്റുകൾ എന്നിവയാണവ. ഫോം മാറ്റിംഗ്സ് (ഇന്ത്യ) ലിമിറ്റഡിന്റെ കീഴിൽ കണിച്ചുകുളങ്ങരയിൽ കയർ കോമ്പോസിറ്റ് ഫാക്ടറി പ്രവർത്തനക്ഷമമാക്കിയിട്ടുണ്ട്.

(ബി) ഈ കാലയളവിൽ കയർഫെഡ് സംഭരിച്ച കയറിന്റെ അളവിൽ 99.55 ശതമാനം വർദ്ധനവും കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ സംഭരിച്ചിട്ടുള്ള കയറിന്റെയും കയർ ഉൽപ്പന്നങ്ങളുടെയും അളവിൽ 30 ശതമാനം വർദ്ധനവും ഉണ്ടായിട്ടുണ്ട്.

(സി) കയർ തൊഴിലാളി കുടുംബങ്ങളുടെ ഉപജീവനമാർഗ്ഗം സുസ്ഥിരമാക്കുന്നതിനും വിപുലപ്പെടുത്തുന്നതിനും അവരുടെ തൊഴിലും കൂലിയും ഉറപ്പാക്കിക്കൊണ്ടുള്ള പദ്ധതികളാണ് നടപ്പിലാക്കുന്നത്. ഇലക്ട്രോണിക് റാട്ടുകളുടെ ആവിർഭാവത്തോടുകൂടി കയർ സഹകരണ സംഘങ്ങളിൽ അംഗങ്ങളായിട്ടുള്ള കയർ തൊഴിലാളികൾക്ക് സംഘങ്ങളിൽ സ്ഥല ലഭ്യത ഇല്ലാത്തപക്ഷം പ്രസ്തുത റാട്ടുകൾ തൊഴിലെടുക്കുന്നവരുടെ വാസസ്ഥലങ്ങളിൽ സജ്ജീകരിക്കുന്നതിനുള്ള സൗകര്യമുണ്ട്. കയർ തൊഴിലാളി ക്ഷേമനിധി ബോർഡ് വഴിയുള്ള ക്ഷേമ പെൻഷൻ അടക്കമുള്ള ക്ഷേമാനുകൂല്യങ്ങൾ വർദ്ധിപ്പിച്ച് കൃത്യമായി വിതരണം ചെയ്തുപോകുന്നു.

**കയർമേഖലയിലെ പ്രതിസന്ധി**

122 (2339) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർ കോർപ്പറേഷനും കയർഫെഡും സഹകരണ സംഘങ്ങളിൽ നിന്ന് സംഭരിക്കുന്ന കയറുല്പന്നങ്ങൾ വിൽക്കാതെ കെട്ടിക്കിടക്കുന്നുവെന്നത് വസ്തുതയാണോ; എങ്കിൽ എത്ര കോടി രൂപയുടെ കയറുല്പന്നങ്ങളാണ് ഇപ്രകാരം കെട്ടിക്കിടക്കുന്നതെന്ന് വെളിപ്പെടുത്താമോ;

(ബി) ഇതിനുള്ള കാരണമെന്താണെന്നും വിദേശ, ആഭ്യന്തര വിപണികൾ നേരിട്ട് കണ്ടെത്തുവാൻ കയർ കോർപ്പറേഷൻ പരാജയപ്പെട്ടത് ഏത് സാഹചര്യത്തിലാണെന്നും വ്യക്തമാക്കാമോ;

(സി) പ്രളയത്തിന് ശേഷം കയർ കോർപ്പറേഷന് വിദേശ ഓർഡർ ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര കോടി രൂപയുടെ എന്ന് അറിയിക്കാമോ;

(ഡി) കോടിക്കണക്കിന് രൂപയുടെ കയർ ഭൂവസ്ത്രം സർക്കാർ പദ്ധതികളിൽ ഉപയോഗിക്കാത്തതിനാൽ കെട്ടിക്കിടക്കുന്ന അവസ്ഥ ഉണ്ടായിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ഇ) കയർ മേഖല നേരിടുന്ന ഗുരുതരമായ സ്ഥിതിവിശേഷം മറികടക്കുവാൻ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്താമോ?

<u>ഉത്തരം</u>

(എ) കയർഫെഡിൽ കയറുൽപ്പന്നങ്ങൾ കെട്ടിക്കിടക്കുന്നില്ല. കേവലം ഒരു കോടി രൂപയുടെ കയറുൽപ്പന്നങ്ങൾ മാത്രമാണ് കയർഫെഡിന്റെ സെൻട്രൽ സ്റ്റോറിൽ സ്റ്റോക്ക് ചെയ്തിട്ടുള്ളത്. 2016-17 കാലയളവ് മുതൽ ഇന്നുവരെ 351.17 കോടി രൂപയുടെ കയറുൽപ്പന്നങ്ങളാണ് വിവിധ കയർ സഹകരണ സംഘങ്ങളിൽനിന്നും കയർ കോർപ്പറേഷൻ സംഭരിച്ചുവച്ചത്. ഇത് വിപണനം നടത്തിയതിനുശേഷം 27 കോടി രൂപയുടെ ഉൽപ്പന്നങ്ങൾ മാത്രമാണ് കയർ കോർപ്പറേഷനിൽ ബാക്കിയുള്ളത്.

(ബി) കയർ മേഖലയിൽ പണിയെടുക്കുന്ന കയർ തൊഴിലാളികൾക്ക് വർഷത്തിൽ ചുരുങ്ങിയത് 200 ദിവസമെങ്കിലും തൊഴിൽ ദിനങ്ങൾ ഉറപ്പുവരുത്തണമെന്നുള്ള സർക്കാരിന്റെ നയതീരുമാനപ്രകാരമാണ് ഇത്രയും രൂപയുടെ കയറുൽപ്പന്നങ്ങൾ വിവിധ സഹകരണസംഘങ്ങളിൽനിന്നും സംഭരിച്ചുവച്ചിരിക്കുന്നത്. വിദേശ ആഭ്യന്തര വിപണിയിൽ വൻമുന്നേറ്റമാണ് നിലവിൽ കയർ കോർപ്പറേഷൻ കാഴ്ചവച്ചിരിക്കുന്നത്. നിലവിൽ സംഭരിച്ചിരിക്കുന്ന ഉൽപ്പന്നങ്ങളും വിപണനം ചെയ്യാനുള്ള എല്ലാ നടപടികളും കയർ കോർപ്പറേഷൻ സ്വീകരിച്ചിട്ടുണ്ട്.

(സി) പ്രളയാനന്തരം 9.45 കോടി രൂപയുടെ വിദേശ ഓർഡർ കയർ കോർപ്പറേഷനിൽ ലഭിച്ചിട്ടുണ്ട്.

(ഡി) കയർഫെഡ് കയർ ഭൂവസ്ത്രം സ്റ്റോക്ക് ചെയ്തിട്ടേയില്ല. എന്നാൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ 11,27,553 സ്ക്വ. മീ. കയർ ഉൽപ്പന്നങ്ങൾ കേരളത്തിലെ ഗ്രാമപഞ്ചായത്തുകളുടെ കീഴിൽ

വിന്യസിച്ചിട്ടുണ്ട്. കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ നിലവിൽ സർക്കാർ പദ്ധതികളിൽ ഉൾപ്പെടുത്തി വിവിധ പഞ്ചായത്തുകൾതോറും കയർ ഭൂവസ്ത്രങ്ങൾ ധാരാളമായി ഉപയോഗിച്ചുവരുന്നുണ്ട്. കെട്ടിക്കിടക്കുന്ന അവസ്ഥ ഇതുവരെ ഉണ്ടായിട്ടില്ല.

(ഇ) കയർ ഉൽപ്പന്ന സംഭരണത്തിൽ മുൻ സർക്കാരിന്റെ കാലത്തെ അപേക്ഷിച്ച് 58 ശതമാനവും കയർ സംഭരണത്തിൽ 100.03 ശതമാനവും വർദ്ധനവാണ് എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് കൈവരിച്ചത്. കയർ മേഖലയുടെ അടിസ്ഥാന പ്രശ്നമായ ചകിരി ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിൽ ഗണ്യമായ നേട്ടവും ഇക്കാലത്ത് കൈവരിച്ചിട്ടുണ്ട്. കയർ മേഖലയിലുണ്ടായിട്ടുള്ള ഉണർവ്വിനെയാണ് ഇത് സൂചിപ്പിക്കുന്നത്. ഈ വ്യവസായത്തെ കൂടുതൽ ശക്തിപ്പെടുത്തുന്നതിനായി നിരവധി നടപടിയും കൈക്കൊണ്ടുവരുന്നുണ്ട്. വികേന്ദ്രീകരിക്കപ്പെട്ടുപോയ കയർ വ്യവസായ രംഗത്തെ ക്രോഡീകരിക്കുന്നതിനും കയർ തൊഴിലാളികൾക്ക് ന്യായമായ വേതനവും തൊഴിലും ഉറപ്പുവരുത്തുന്നതിനും ചെറുകിട കയർ ഉൽപ്പന്ന നിർമ്മാതാക്കൾക്ക് അവരുടെ ഉൽപ്പന്നങ്ങൾക്കുള്ള ന്യായവില ലഭ്യമാക്കുന്നതിനും കയർ കയറ്റുമതിക്കാർക്ക് ഗുണനിലവാരമുള്ള ഉൽപ്പന്നങ്ങൾ സമയബന്ധിതമായി വിതരണം ചെയ്യുന്നതിനും അതോടൊപ്പം വ്യാവസായിക പ്രോത്സാഹനമായി ഇൻസെന്റീവുകൾ നൽകുന്നതിനും ക്രയവില സ്ഥിരതാ പദ്ധതിവഴി വിഭാവന ചെയ്യുന്നു.

ആഗോള കയറ്റുമതി മേഖലയിൽ മുൻകാലങ്ങളിലുണ്ടായിരുന്ന മാന്ദ്യത നല്ലരീതിയിൽ പരിഹരിക്കുവാനും തുടർന്നുള്ള കാലയളവിൽ മികച്ച നേട്ടങ്ങൾ കൈവരിക്കാനും ധാരാളം പദ്ധതികൾ വിഭാവന ചെയ്തിട്ടുണ്ട്. നിലവിൽ ഹോളണ്ട്, ഫ്രാൻസ്, യു. എസ്. എ., നെതർലന്റ് എന്നീ രാജ്യങ്ങളിലേയ്ക്ക് ഉൽപ്പന്നങ്ങൾ കയറ്റുമതി ചെയ്യുന്നുണ്ട്. ആഗോള വിപണി വിപുലപ്പെടുത്തുന്നതിന്റെ ഭാഗമായി അന്താരാഷ്ട്ര മേളകളിൽ പങ്കെടുക്കുകയും വിദേശ ഓർഡറുകൾ ശേഖരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു.

കയർ ഭൂവസ്ത്ര പ്രവർത്തനം ശക്തിപ്പെടുത്താൻ കയർ വകുപ്പിന്റെ നേതൃത്വത്തിൽ കയർ ഭൂവസ്ത്ര പദ്ധതി ഏറ്റെടുത്ത് നടപ്പിലാക്കിവരുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് (എം.എൻ.ആർ.ഇ. ജി.എസ്.) പദ്ധതിപ്രകാരം കയർ ഭൂവസ്ത്രങ്ങൾ വൻതോതിൽ ഉപയോഗിച്ചുവരുന്നു. നിലവിൽ കയർ കോർപ്പറേഷന്റെ കീഴിൽ കൊല്ലം മുതൽ പാലക്കാട് വരെയുള്ള (കോട്ടയം ഒഴികെ) 7 ജില്ലകളിലാണ് പ്രവർത്തന പരിധി. ഇവിടെനിന്നും കയർ ഭൂവസ്ത്ര ഓർഡറുകൾ സ്വീകരിക്കുകയും സമയബന്ധിതമായി വിതരണം നടത്തുകയുംചെയ്യുന്നു.

ആഭ്യന്തര വിപണിയിൽ കയറുൽപ്പന്നങ്ങളുടെ വിപണനം വിജയകരമായി നടപ്പിലാക്കിവരുന്നു. ഓരോ വീട്ടിലും ഓരോ കയറുൽപ്പന്നം എന്ന ഗവൺമെന്റിന്റെ പദ്ധതിപ്രകാരം ആഭ്യന്തര വിപണിയിൽ നല്ല മുന്നേറ്റങ്ങൾ സൃഷ്ടിച്ചുവരുന്നു. ആഭ്യന്തര വിപണിയിൽ കയറുൽപ്പന്നങ്ങളുടെ വിപണനം മറ്റ് സംസ്ഥാനങ്ങളിലേയ്ക്ക് വ്യാപിപ്പിക്കാൻ കയർ കോർപ്പറേഷന്റെ നേതൃത്വത്തിൽ നടപടികൾ എടുത്തുവരുന്നു.

കയർ മേഖലയിൽ പണിയെടുക്കുന്ന കയർ തൊഴിലാളികൾക്ക് വർഷത്തിൽ ചുരുങ്ങിയത് 200 ദിവസമെങ്കിലും തൊഴിൽദിനങ്ങൾ ഉറപ്പുവരുത്തുന്നതിനുള്ള വിവിധ നടപടികൾ സ്വീകരിച്ചുവരുന്നു.

**കയർ ഉല്പന്നങ്ങളുടെ വിപണനം**

123 (2340) <u>ശ്രീ. പാറക്കൽ അബ്ദുല്ല</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർ കോർപ്പറേഷനിൽ വിപണി കണ്ടെത്താനാവാതെ മുപ്പത് കോടിയുടെ ഉത്പന്നങ്ങൾ കെട്ടിക്കിടക്കുന്നതായുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കയർ ഉത്പന്നങ്ങളുടെ വിപണനത്തിനായി ഒരു പ്രത്യേക കമ്പനിക്ക് രൂപം നൽകിയിട്ടുണ്ടോ; എന്നിട്ടും വിപണി കണ്ടെത്താനാവാതെ വന്ന സാഹചര്യം പരിശോധിക്കുമോ; വിശദാംശങ്ങൾ നൽകുമോ;

(സി) പ്രസ്തുത ഉത്പന്നങ്ങൾ തദ്ദേശ ഭരണ സ്ഥാപനങ്ങൾ വഴി വിറ്റഴിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ ഇതിനായി എന്തൊക്കെ നടപടികൾ കൈക്കൊള്ളുമെന്നറിയിക്കുമോ?

<u>ഉത്തരം</u>

(എ) നിലവിൽ 27 കോടി രൂപയുടെ കയർ ഉല്പന്നങ്ങൾ സംഭരിച്ചിട്ടുണ്ട്. കൈത്തറി ഉല്പന്ന മേഖലയിലും കയർപിരി മേഖലയിലും പരമ്പരാഗത തൊഴിലാളികളുടെ തൊഴിലും കൂലിയും ഉറപ്പാക്കുകയെന്ന നയത്തിന്റെ ഭാഗമായിട്ടാണ് സംഭരണം നടത്തിയിട്ടുള്ളത്. ഇത്തരത്തിൽ സംഭരണം ഉറപ്പാക്കിക്കൊണ്ട് ആധുനീകരണത്തിലൂടെ കയർ വ്യവസായത്തെ പുനരുദ്ധരിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നുണ്ട്. ഇത് എത്രയും പെട്ടെന്ന് വില്പന നടത്താനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) കേരളാ കയർ മാർക്കറ്റിംഗ് പ്രൈവറ്റ് ലിമിറ്റഡ് എന്ന പേരിൽ കയർ ഉല്പന്നങ്ങളുടെ വിപണനത്തിനായി ഒരു കമ്പനി 18-4-2019-ന് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ടി കമ്പനി പ്രവർത്തനസജ്ജമാകുന്നതേയുള്ളൂ.

(സി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് എം.ജി.എൻ.ആർ.ഇ.ജി.എസ്. പദ്ധതി പ്രകാരം നടപ്പാക്കിവരുന്ന വിവിധ പ്രവൃത്തികളിൽ കയർ ഭൂവസ്ത്രം വ്യാപകമായി ഉപയോഗിച്ചുവരുന്നുണ്ട്. എല്ലാ ജില്ലകളിലും കയർ ഭൂവസ്ത്ര ഓർഡറുകൾ സ്വീകരിക്കുകയും സമയബന്ധിതമായി വിതരണം നടത്തുകയും ചെയ്യുന്നു.

## കയർ ഉല്പന്ന മേഖലയുടെ ഉന്നമനത്തിനായി നടപടി

124 (2341) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം കയറിന്റെയും കയർ ഉല്പന്ന മേഖലയുടെയും ഉന്നമനത്തിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) കയർത്തൊഴിലാളികളുടെ ക്ഷേമത്തിനായി നടപ്പിലാക്കുന്ന പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ ?

### ഉത്തരം

(എ) കയർ മേഖലയുടെ ഉന്നമനത്തിനായി നടപ്പിലാക്കിവരുന്ന നൂതന പദ്ധതിയാണ് കയർ രണ്ടാം പുനഃസംഘടന. രണ്ടാം പുനഃസംഘടനയുടെ ഭാഗമായി ചകിരി ഉൽപ്പാദന മേഖലയിലും കയർപിരി മേഖലയിലും യന്ത്രവൽക്കരണം നടപ്പിലാക്കിവരുന്നു. ഉല്പന്നങ്ങൾക്ക് ന്യായവില ഉറപ്പാക്കി സംഭരിച്ച് വിപണനം നടത്തുന്നതിനായി പ്രൈസ് ഫ്ലക്ച്വേഷൻ സ്കീം നടപ്പിലാക്കിവരുന്നു. 2015-16-നെ അപേക്ഷിച്ച് 2018-19 വർഷത്തിൽ കയർ സംഭരണത്തിൽ കയർഫെഡ് 100.03% വർദ്ധനവും ഉല്പന്ന സംഭരണത്തിൽ കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ 58% വർദ്ധനവും കൈവരിച്ചു. കയർ മേഖലയിലുണ്ടായ ഉണർവ്വാണ് ഇത് കാണിക്കുന്നത്.

(ബി) കയർ തൊഴിലാളികളുടെ ക്ഷേമത്തിനായി സ്വീകരിച്ചുവരുന്ന നടപടികൾ ചുവടെ ചേർക്കുന്നു:

#### പ്രൊഡക്ഷൻ ആൻഡ് മാർക്കറ്റിംഗ് ഇൻസെന്റീവ് (പി.എം.ഐ.)

പി.എം.ഐ. പദ്ധതി പ്രകാരം 2018-19 സാമ്പത്തിക വർഷം 4 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിരുന്നു. കൂടാതെ റീ-അപ്രോപ്രിയേഷൻ മുഖേന 5 കോടി രൂപയും അനുവദിച്ചിരുന്നു. ആകെ അനുവദിച്ച 9 കോടി രൂപ അർഹമായ സംഘങ്ങൾക്ക് 2018-19 സാമ്പത്തിക വർഷം പി.എം.ഐ. പദ്ധതി പ്രകാരമുള്ള

തുക അനുവദിക്കുന്നതിനായി വിനിയോഗിച്ചു. ടി തുക അസംസ്കൃത സാധനങ്ങൾ വാങ്ങുന്നതിനും കൂലി കൊടുക്കുന്നതിനും വിനിയോഗിക്കാമെന്നതിനാൽ തൊഴിലാളികൾക്ക് തൊഴിലും കൂലിയും ഉറപ്പാക്കുന്നതിന് ഏറ്റവും സഹായകരമാണ്.

മാനേജീരിയൽ സബ്സിഡി & ഗ്രാറ്റുവിറ്റി

സഹകരണ സംഘം ജീവനക്കാർക്കുള്ള മാനേജീരിയൽ സബ്സിഡി ഇനത്തിൽ 2018-19 സാമ്പത്തിക വർഷം 2,51,90,500 രൂപ വിവിധ സംഘങ്ങളിലായി വിതരണം ചെയ്തിട്ടുണ്ട്.

പ്രാഥമിക കയർ സഹകരണ സംഘങ്ങൾ, മാറ്റ്സ് & മാറ്റിംഗ്സ് സൊസൈറ്റികൾ എന്നിവയിലെ വിവിധ തസ്തികകളിൽനിന്നും വിരമിച്ച ജീവനക്കാർക്ക് റിട്ടയർമെന്റ് ആനുകൂല്യം നൽകുന്നതിനായി ഒറ്റത്തവണ പദ്ധതി പ്രകാരം 1-4-2006 മുതൽ 31-7-2018 വരെയുള്ള കാലയളവിൽ സംഘങ്ങളിൽനിന്നും വിരമിച്ച ജീവനക്കാർക്കും തൊഴിലാളികൾക്കും ഗ്രാറ്റുവിറ്റി കുടിശ്ശികയിനത്തിൽ ആകെ 4,53,89,516 രൂപ അനുവദിക്കുകയുണ്ടായി.

കേരള കയർ തൊഴിലാളി ക്ഷേമനിധി ബോർഡ്

2018-19 സാമ്പത്തിക വർഷം കേരള കയർ തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന പെൻഷനും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിനായി ബഡ്ജറ്റിൽ 84,12,00,000 രൂപ വകയിരുത്തിയിരുന്നു. ടി തുക മുഴുവനായി കയർ തൊഴിലാളി പെൻഷൻ, വിരമിക്കൽ ആനുകൂല്യം, മാച്ചിംഗ് ഗ്രാന്റ് എന്നീ ആനുകൂല്യങ്ങൾ നൽകുന്നതിനായി വിനിയോഗിച്ചിട്ടുണ്ട്. കൂടാതെ എസ്.ഡി.ജി. മുഖേന 10 കോടി രൂപയും അധിക ധനാനുമതി വഴി ലഭിച്ചിട്ടുള്ള 18,17,06,000 രൂപയും കയർ തൊഴിലാളികൾക്ക് ക്ഷേമനിധി ബോർഡ് മുഖേന 2018 ആഗസ്റ്റ് മുതൽ നവംബർ വരെയുള്ള പെൻഷൻ തുക നൽകുന്നതിനായി അനുവദിച്ചിട്ടുണ്ട്. 2018-19 സാമ്പത്തിക വർഷം നാളിതുവരെ 112.29 കോടി രൂപ ക്ഷേമ പ്രവർത്തനങ്ങൾക്കായി അനുവദിച്ചിട്ടുണ്ട്.

കയർ തൊഴിലാളികളുടെ ക്ഷേമത്തിനായി ഈ സർക്കാർ പെൻഷൻ തുക 600 രൂപയിൽനിന്നും 1100 രൂപയായി വർദ്ധിപ്പിച്ചു. പ്രസവ ധനസഹായ തുക 1,000 രൂപയിൽ നിന്നും 15,000 രൂപയായി വർദ്ധിപ്പിച്ചു. 41400 കയർ തൊഴിലാളികൾക്ക് വിരമിക്കൽ ആനുകൂല്യം നൽകുന്നതിന് 22.25 കോടി രൂപ അനുവദിച്ചു. കൂടാതെ ക്ഷേമനിധി പദ്ധതി പ്രകാരമുള്ള വിവിധ ആനുകൂല്യങ്ങൾ നൽകിവരികയും ചെയ്യുന്നു.

## കൊച്ചി താലൂക്കിലെ കയർ വ്യവസായ സഹകരണ സംഘങ്ങൾ

125 (2342) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി താലൂക്കിലെ ചെല്ലാനം, ഇടക്കൊച്ചി, കുമ്പളങ്ങി , പള്ളുരുത്തി വില്ലേജുകളിലെ പ്രവർത്തനരഹിതമായിട്ടുള്ളതും ലിക്വിഡേഷനിലുള്ളതുമായ കയർ വ്യവസായ സഹകരണ സംഘങ്ങളുടെ അധീനതയിലുള്ള ഏക്കർ കണക്കിന് വസ്തുവകകൾ ഉപയോഗയോഗ്യമാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത കയർ വ്യവസായ സഹകരണ സംഘങ്ങളുടെ മേലുള്ള ലിക്വിഡേഷൻ ഉൾപ്പെടെയുള്ള നടപടിക്രമങ്ങളുടെ നിജസ്ഥിതി വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത വസ്തുവകകൾ അന്യാധീനപ്പെടാതിരിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ?

ഉത്തരം

(എ & ബി) കൊച്ചി താലൂക്കിലെ ചെല്ലാനം, ഇടക്കൊച്ചി, കുമ്പളങ്ങി, പള്ളുരുത്തി വില്ലേജുകളിലെ പ്രവർത്തനരഹിതമായിട്ടുള്ളതും ലിക്വിഡേഷനിലുള്ളതുമായ കയർ വ്യവസായ സഹകരണ സംഘങ്ങളുടെ ഭൂമി സംബന്ധിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | സംഘത്തിന്റെ പേര് | വസ്തുവിന്റെ വിവരങ്ങൾ |
|---|---|---|
| 1 | ഇടക്കൊച്ചി കയർ വ്യവസായ സഹകരണ സംഘം ലി.നം.444 | 23 സെന്റ് |
| 2 | കുമ്പളങ്ങി കയർ വ്യവസായ സഹകരണ സംഘം ലി.നം.208 | 7.1 സെന്റ് |
| 3 | കുമ്പളങ്ങി കയർ വ്യവസായ സഹകരണ സംഘം ലി.നം. 361 | 26.475 സെന്റ് |

ഈ സംഘങ്ങൾ കേരള സഹകരണ നിയമപ്രകാരം ലിക്വിഡേഷനിലായതിനാൽ ലിക്വിഡേഷൻ നടപടികൾ പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ഈ നടപടികളുടെ പൂർത്തീകരണത്തിന് വിധേയമായി വസ്തുവകകൾ ഉപയോഗയോഗ്യമാക്കാൻ ഉചിതമായ നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) വസ്തുവിന്റെ വില നിർണ്ണയ സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനായും സ്ഥലത്തിന്റെ സർവ്വേ നടത്തുന്നതിനായും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആഡിറ്റ് പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

(ഡി) താലൂക്ക് സർവ്വേയർ മുഖാന്തരം സംഘം വക വസ്തു അളന്ന് തിട്ടപ്പെടുത്തി അതിരുകൾ തിരിച്ച് കമ്പിവേലി ഇടുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**കയർ ഉല്പന്നങ്ങളുടെ വിപണന പ്രവർത്തനങ്ങൾ**

126 (2343) ശ്രീ. ബി. സത്യൻ:
ശ്രീ. വി. ജോയി:
ശ്രീമതി യു. പ്രതിഭ:
ശ്രീ. എം. നൗഷാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കയറിന്റെയും കയർ ഉല്പന്നങ്ങളുടെയും ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് ഈ സർക്കാർ ആവിഷ്കരിച്ചിട്ടുള്ള നൂതന പദ്ധതികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) വിവിധ വിപണന പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ;

(സി) പുതിയ മാർക്കറ്റിംഗ് തന്ത്രങ്ങൾ ആവിഷ്കരിക്കുന്നതിനും പരസ്യ, പ്രചരണ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്;

(ഡി) ഇതിന്റെ ഭാഗമായി എക്സിബിഷനുകൾ, കാർണിവൽ മുതലായവ സംഘടിപ്പിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കയറിന്റെയും കയർ ഉല്പന്നങ്ങളുടെയും ഉല്പാദനം വർദ്ധിപ്പിക്കുന്നതിനായി സർക്കാർ കയർ മേഖലയുടെ രണ്ടാം പുനഃസംഘടന നടപ്പിലാക്കുകയാണ്. ചകിരി ഉല്പാദനത്തിൽ സ്വയംപര്യാപ്തത നേടുന്നതിനായി ഡി.എഫ്. മില്ലുകൾ സ്ഥാപിക്കുന്ന പദ്ധതി, കയർ ഉല്പാദനത്തെ ആധുനികവൽക്കരിക്കുന്നതിന് സമ്പൂർണ്ണമായ യന്ത്രവൽക്കരണം, ഉല്പന്ന മേഖലയിൽ ആധുനികവൽക്കരണം ഇവയാണ് കയറിന്റെയും കയർ ഉല്പന്നങ്ങളുടെയും ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ.

സംസ്ഥാനത്ത് ഇതിനോടകംതന്നെ 75 ഡി.എഫ്. മില്ലുകൾ സ്ഥാപിച്ചുകഴിഞ്ഞു. 25 ഡി.എഫ്. മില്ലുകളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിൽ പുരോഗമിക്കുന്നു. കയർ സഹകരണ സംഘങ്ങളിൽ യന്ത്രവൽക്കരണത്തിന്റെ ഭാഗമായി 3576 എണ്ണം ഇലക്ട്രോണിക് റാട്ടുകൾ നൽകിക്കഴിഞ്ഞു. കൂടാതെ 10/20 ക്രമത്തിൽ ആട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകൾ സ്ഥാപിച്ച് സഹകരണ സംഘങ്ങളെ ഫാക്ടറി ടൈപ്പ് സംഘങ്ങളാക്കി നവീകരിക്കുന്ന നടപടികളും ആരംഭിച്ചിട്ടുണ്ട്. ആലപ്പുഴ, വൈക്കം പ്രോജക്ടുകളിൽ കയർ സഹകരണ സംഘങ്ങളിൽ യന്ത്രവൽക്കരണത്തിന്റെ ഭാഗമായി ആട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകൾ സ്ഥാപിച്ച് തുടങ്ങിയിട്ടുണ്ട്. ആലപ്പുഴ ജില്ല കേന്ദ്രീകരിച്ചാണ് പ്രധാനമായും ഉല്പന്ന നിർമ്മാണ മേഖല പ്രവർത്തിക്കുന്നത്. എൻ.സി.ഡി.സി.-യുടെ സഹായത്തോടെ ആലപ്പുഴ പ്രോജക്ടിന് കീഴിലുള്ള മാറ്റ്സ് & മാറ്റിംഗ്സ് സംഘങ്ങളിൽ ആധുനിക യന്ത്രങ്ങൾ സ്ഥാപിക്കുന്നതിന് നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(ബി) കയർ ജിയോ ടെക്സ്റ്റൈൽസ് പദ്ധതി, കയർ കാർണിവൽ, കയർ മാർക്കറ്റിംഗ് കമ്പനി രൂപീകരിക്കൽ, ബയന്റർലെസ് കയർ കോമ്പോസിറ്റ് ബോർഡ് ഫാക്ടറി സ്ഥാപിക്കുന്നതിനുള്ള നടപടി ഇവയാണ് വിപണി വർദ്ധിപ്പിക്കുന്നതിനായി സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ.

സംസ്ഥാനത്ത് കയറിന്റെയും കയർ ഉല്പന്നങ്ങളുടെയും വിപണി വർദ്ധിപ്പിക്കുന്നതിനും സുസ്ഥിരമായി നിലനിൽക്കുന്നതിനും സർക്കാർ വലിയ പരിഗണന നൽകുന്നു. കയർ കേരള 2017 അന്താരാഷ്ട്ര കയർ മേളയിൽ വച്ച് 120 കോടി രൂപയുടെ കയർ ഭൂവസ്ത്ര പദ്ധതി ഗ്രാമ പഞ്ചായത്തുകളും എം.ജി.എൻ.ആർ.ഇ.ജി.എസ്.-മായി ചേർന്ന് ഒപ്പുവച്ചതാണ് ഏറ്റവും ശ്രദ്ധേയമായ നടപടി. ഇതുവഴി കയർ മേഖലയിലും കയർ ഉല്പന്ന മേഖലയിലും സംഭരണത്തിലും വിതരണത്തിലും ഗണ്യമായ പുരോഗതിയും കൂടുതൽ തൊഴിൽ ദിനങ്ങളും സൃഷ്ടിക്കാൻ കഴിഞ്ഞിട്ടുണ്ട്. 2017-18, 2018-19 സാമ്പത്തിക വർഷത്തിൽ 5608011 സ്ക്വയർ മീറ്റർ കയർ ഭൂവസ്ത്രവും കയർഫെഡ്, കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ, ഫോം മാറ്റിംഗ്സ് (ഇന്ത്യ) ലിമിറ്റഡ് തുടങ്ങിയ കയർ പൊതുമേഖലാ സ്ഥാപനങ്ങൾ വഴി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിയിട്ടുണ്ട്. കയർ ഉല്പന്ന വിപണനത്തിനായി കയർ കാർണിവൽ 2017 നടപ്പിലാക്കുകയുണ്ടായി. ഈ പദ്ധതിയിലൂടെ 127 ബ്രാൻഡ് ഔട്ട്ലെറ്റുകളിലൂടെ സംസ്ഥാനത്താകെ 9 തെരഞ്ഞെടുക്കപ്പെട്ട ഹാന്റ്ലൂം പ്രോഡക്ടുകൾ 50% സബ്സിഡി നൽകി വിറ്റഴിച്ചു. 15 കോടി രൂപയുടെ കയർ ഉല്പന്നങ്ങൾ ഇതുവഴി വിതരണം ചെയ്തു. ആകർഷകമായ സമ്മാനങ്ങളും പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നു.

(സി&ഡി) കയറിന്റെയും പ്രകൃതിദത്ത നാരുകളുടെയും അന്തർദ്ദേശീയ പ്രദർശനമേളയായ "കയർ കേരള"യോട് അനുബന്ധിച്ച് വിപുലമായ പ്രചാരണ പ്രവർത്തനങ്ങളാണ് എല്ലാ വർഷവും നടത്തിവരുന്നത്. എന്നാൽ 2018-ൽ പ്രളയം ബാധിച്ചതിനെ തുടർന്ന് മേള നടത്താൻ കഴിഞ്ഞിട്ടില്ല. കയർ പൊതുമേഖലാ സ്ഥാപനങ്ങളായ കയർഫെഡും കേരള സ്റ്റേറ്റ് കയർ കോർപ്പറേഷനും ഫോം മാറ്റിംഗ്സ് (ഇന്ത്യ) ലിമിറ്റഡും തങ്ങളുടെ ഉല്പന്നങ്ങൾ സംബന്ധിച്ച് മികച്ച രീതിയിൽ പരസ്യ പ്രചരണങ്ങൾ നടത്തുന്നുണ്ട്. സംസ്ഥാനത്ത് എല്ലാ പ്രാദേശിക ഉത്സവകാലങ്ങളിലും കയർ ഉല്പന്നങ്ങളുടെ വിപണന മേള കയർ പൊതുമേഖലാ സ്ഥാപനങ്ങൾ സംഘടിപ്പിച്ചുവരുന്നു. കൽക്കട്ടയിൽ വച്ച് 2019-ൽ നടന്ന നാച്വറൽ ഫൈബറുകളുടെ സെമിനാറിൽ കയർഫെഡിൽനിന്നും കയർ ഡയറക്ടറേറ്റിൽനിന്നും ഉദ്യോഗസ്ഥർ പങ്കെടുക്കുകയുണ്ടായി. സെമിനാറിൽ പങ്കെടുത്ത ഫ്രാൻസിൽ നിന്നെത്തിയ സംഘം കയർ ജിയോ ടെക്സ്റ്റൈൽസ് ഇറക്കുമതി ചെയ്യുന്നതിന് കയർഫെഡുമായി ധാരണയായിട്ടുണ്ട്. കയർ മാർക്കറ്റിംഗ് കമ്പനി പൂർണ്ണ തോതിൽ പ്രവർത്തനം ആരംഭിക്കുന്നതോടെ എല്ലാതരത്തിലുമുള്ള നൂതന സാങ്കേതിക മാർഗ്ഗങ്ങളും പരസ്യ പ്രചരണത്തിന് ഉപയോഗപ്പെടുത്താനാകും. വിവിധ മേളകളിൽ പങ്കെടുക്കുക വഴി കയർ ഉല്പന്നങ്ങൾക്ക് കൂടുതൽ വിദേശ ഓർഡറുകൾ ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

**കയർഫെഡിൽ അഫിലിയേഷനുള്ള സഹകരണ സംഘങ്ങൾ**

127 (2344) ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർഫെഡിൽ അഫിലിയേഷൻ ഉള്ള തൃശ്ശൂർ ജില്ലയിലെ കയർ സഹകരണ സംഘങ്ങൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) കയർ സഹകരണ സംഘങ്ങളുടെ പേരിൽ വാങ്ങിയ വസ്തുവകകൾ ഇപ്പോൾ ആരുടെ കൈവശമാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ)

1. അഴീക്കോട് സി.വി.സി.എസ്. ക്ലിപ്തം നമ്പർ 69, കൊടുങ്ങല്ലൂർ, തൃശ്ശൂർ.
2. എൽതുരുത്ത് സി.വി.സി.എസ്. ക്ലിപ്തം നമ്പർ 348, കൊടുങ്ങല്ലൂർ, തൃശ്ശൂർ.
3. കൊടുങ്ങല്ലൂർ സി.വി.സി.എസ്. ക്ലിപ്തം നമ്പർ 326, ഏറിയാട്, തൃശ്ശൂർ.

4. കാവിൽക്കടവ് സി.വി.സി.എസ്. ക്ലിപ്തം നമ്പർ 10, കൊടുങ്ങല്ലൂർ, തൃശ്ശൂർ.
5. പറമ്പിക്കുളം സി.വി.സി.എസ്. ക്ലിപ്തം നമ്പർ 439, കൊടുങ്ങല്ലൂർ, തൃശ്ശൂർ.
6. ചാപ്പാറ സി.വി.സി.എസ്. ക്ലിപ്തം നമ്പർ 352, പി. ഒ., പുല്ലൂറ്റ്, കൊടുങ്ങല്ലൂർ, തൃശ്ശൂർ.
7. വെളുത്തകടവ് സി.വി.സി.എസ്. ക്ലിപ്തം നമ്പർ 584, പി.ഒ. പനങ്ങാട്,കൊടുങ്ങല്ലൂർ, തൃശ്ശൂർ.
8. പുത്തൻചിറ സി.വി.സി.എസ്. ക്ലിപ്തം നമ്പർ 594, തൃശ്ശൂർ.
9. കടലായി കാരുമാത്ര സി.വി.സി.എസ്. ക്ലിപ്തം നമ്പർ 593, തൃശ്ശൂർ.
10. കരുപ്പടന്ന വള്ളിവട്ടം സി.വി.സി.എസ്. ക്ലിപ്തം നമ്പർ 822, തൃശ്ശൂർ.
11. ചെമ്മാപ്പിള്ളി സി.വി.സി.എസ്. ക്ലിപ്തം നമ്പർ 591, വടക്കുമുറി പി.ഒ., തൃശ്ശൂർ.
12. കരിക്കൊടി സി.വി.സി.എസ്. ക്ലിപ്തം നമ്പർ 485, കശാംകടവ് പി.ഒ., തൃശ്ശൂർ.
13. മണലൂർ സി.വി.സി.എസ്. ക്ലിപ്തം നമ്പർ 592, പി.ഒ. മണലൂർ, തൃശ്ശൂർ.
14. പുതുമനശ്ശേരി സി.വി.സി.എസ്. ക്ലിപ്തം നമ്പർ 499, പാവറട്ടി പി.ഒ., തൃശ്ശൂർ.
15. കാളാനി സി.വി.സി.എസ്. ക്ലിപ്തം നമ്പർ 499, പാവറട്ടി പി.ഒ., തൃശ്ശൂർ.
16. വെങ്കിടങ്ങ് സി.വി.സി.എസ്. ക്ലിപ്തം നമ്പർ 337, ഏനാമാക്കൽ പി.ഒ., തൃശ്ശൂർ.
17. വെൺമനാട് സി.വി.സി.എസ്. ക്ലിപ്തം നമ്പർ 272, പാവറട്ടി പി.ഒ., തൃശ്ശൂർ.

| | |
|---|---|
| തൃശ്ശൂർ സർക്കിൾ | - 3 |
| ചാവക്കാട് സർക്കിൾ | - 4 |
| കൊടുങ്ങല്ലൂർ സർക്കിൾ | - 7 |
| നാട്ടിക സർക്കിൾ | - 3 |
| ആകെ | - 17 |

(ബി) സംഘങ്ങളുടെ വസ്തുവകകൾ എല്ലാംതന്നെ അതത് സംഘങ്ങളുടെ ഉടമസ്ഥതയിൽ തന്നെയാണ്.

## വ്യവസായ സൗഹൃദ സംസ്ഥാനമാക്കുന്നതിനുള്ള നിയമം

128 (2345) <u>ശ്രീ. പാറക്കൽ അബ്ദുല്ല</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തെ വ്യവസായ സൗഹൃദ സംസ്ഥാനമാക്കുന്നതിനുള്ള പ്രത്യേക നിയമം നിലവിൽ വന്നിട്ടെത്ര വർഷമായെന്നറിയിക്കുമോ;

(ബി) ഇതിനുശേഷം ഏതെങ്കിലും പുതിയ വ്യവസായ സംരംഭത്തിന് സംസ്ഥാനത്ത് തുടക്കം കുറിക്കാനായിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ;

(സി) വ്യവസായ സംരംഭകർക്ക് ഓൺലൈനിലൂടെ അനുമതി നൽകാനായി കെ.എസ്.ഐ.ഡി.സി. ആരംഭിച്ച കെ-സ്വിഫ്റ്റ് എന്ന പോർട്ടലിലൂടെ ഇതിനകം എത്ര അപേക്ഷകർക്ക് അനുമതി നൽകിയെന്ന് വ്യക്തമാക്കുമോ;

(ഡി) നിക്ഷേപാനുകൂലസാഹചര്യത്തിന്റെ കാര്യത്തിൽ സംസ്ഥാനത്തിന്റെ പിന്നോക്കാവസ്ഥ മാറാൻ എന്തൊക്കെ നടപടികൾ ഭാവിയിൽ കൈകൊള്ളും എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) കേരളത്തെ വ്യവസായ സൗഹൃദ സംസ്ഥാനമാക്കുന്നതിനുള്ള പ്രത്യേക നിയമമായ കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആന്റ് ഫെസിലിറ്റേഷൻ ആക്ട് 2018 നിലവിൽ വന്നിട്ട് ഒരു വർഷവും രണ്ട് മാസവുമാകുന്നു.

(ബി) കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആന്റ് ഫെസിലിറ്റേഷൻ ആക്ട് 2018-ലെ അനുകൂല ഘടകങ്ങൾ സംസ്ഥാനത്ത് കാലതാമസമില്ലാതെ വ്യവസായം നടത്താനുള്ള സാഹചര്യം സൃഷ്ടിച്ചിട്ടുണ്ട്. ഈ അനുകൂല സാഹചര്യങ്ങളുപയോഗിച്ച് കേരളത്തിൽ നിലവിലുള്ളതും പുതിയതുമായ നിരവധി സംരംഭങ്ങൾ വിജയകരമായി ഇപ്പോൾ പ്രവർത്തിച്ചുപോരുന്നുണ്ട്.

എം.എസ്.എം.ഇ. മേഖലയിൽ വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് കൈകാര്യം ചെയ്യുന്ന മാനേജ്മെന്റ് ഇൻഫർമേഷൻ പ്രകാരമുള്ള കണക്കനുസരിച്ച് 14710 സ്ഥാപനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

(സി) വ്യവസായ സംരംഭകർക്ക് ഓൺലൈനിലൂടെ അനുമതി നൽകാനായി സംസ്ഥാന സർക്കാർ ആരംഭിച്ച കെ-സ്വിഫ്റ്റ് പോർട്ടലിലൂടെ നാളിതുവരെ 61 അപേക്ഷകർക്ക് അനുമതി നൽകിയിട്ടുള്ളതായി നോഡൽ ഏജൻസിയായ കെ.എസ്.ഐ.ഡി.സി. റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ഡി) കേരളത്തിലെ നിക്ഷേപാനുകൂല അന്തരീക്ഷം സൃഷ്ടിക്കാൻ ഈസ് ഓഫ് ഡൂയിംഗ് പദ്ധതിയുടെ കീഴിൽ സർക്കാർ നടപ്പിലാക്കിയ കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആന്റ് ഫെസിലിറ്റേഷൻ നിയമം, ഏക ജാലക ഓൺലൈൻ സംവിധാനം തുടങ്ങിയ പദ്ധതികൾക്ക് സാധിച്ചിട്ടുണ്ട്. കൂടാതെ സംസ്ഥാനത്ത് വ്യവസായ അന്തരീക്ഷം കൂടുതൽ മെച്ചപ്പെടുത്തി സംരംഭകരെ ആകർഷിക്കാൻ കേരളത്തിലെ വിവിധ മേഖലകളിലുള്ള സംരംഭകരുടെ അഭ്യർത്ഥനകൾ പരിഗണിച്ച് സർക്കാർ നിർദ്ദേശ പ്രകാരം വിവിധ പദ്ധതികൾ നടപ്പിലാക്കാനും സാധിക്കുന്നതാണ്. ഇതുകൂടാതെ സംസ്ഥാനത്ത് വിവിധ മേഖലകളിൽ മുതൽമുടക്കാനുള്ള പദ്ധതികൾ കണ്ടെത്തി സംരംഭകരെ കൊണ്ടുവരാനും കേരളത്തിൽ വ്യവസായം തുടങ്ങുന്നതിനുള്ള അനുകൂല ഘടകങ്ങളെയും പദ്ധതികളെയും കുറിച്ച് ഇന്ത്യയിലെ വിവിധ നഗരങ്ങളിൽ റോഡ് ഷോകളും ബിസിനസ് മീറ്റുകളും നടത്താനും ഉദ്ദേശിക്കുന്നു. വ്യവസായ നിക്ഷേപ സാധ്യതകൾ വർദ്ധിപ്പിക്കാനും അതുവഴി വ്യവസായ വളർച്ച ത്വരിതപ്പെടുത്താനും വേണ്ടിയുള്ള പ്രവർത്തനങ്ങൾക്കായി ഈ വർഷത്തെ ബഡ്ജറ്റിൽ 1,000 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

## കെ-സ്വിഫ്റ്റ്

129 (2346) ശ്രീ. സി. ദിവാകരൻ: താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് സംരംഭകർക്ക് വ്യവസായം ആരംഭിക്കുന്നതിന് ഏർപ്പെടുത്തിയിട്ടുള്ള ഏകജാലക സംവിധാനമായ കെ-സ്വിഫ്റ്റ് വഴി ഏതെല്ലാം വകുപ്പുകളുടെ സേവനമാണ് ലഭ്യമാക്കുന്നതെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) കെ-സ്വിഫ്റ്റ് എന്ന ഏകജാലക ഓൺലൈൻ സംവിധാനത്തിലൂടെ വ്യവസായ സംരംഭകർക്ക് താഴെപ്പറയുന്ന 14 വകുപ്പുകളിൽനിന്നുള്ള അനുമതി കാലതാമസം ഇല്ലാതെ ഓൺലൈനായി ലഭ്യമാക്കുന്നതാണ്.

1. നഗര വികസന ഡയറക്ടറേറ്റ്
2. പഞ്ചായത്ത് ഡയറക്ടറേറ്റ്
3. നഗര ആസൂത്രണ വകുപ്പ്
4. ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് വകുപ്പ്

5. ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പ്

6. മൈനിംഗ് ആന്റ് ജിയോളജി വകുപ്പ്

7. വനം വന്യജീവി വകുപ്പ്

8. ലേബർ വകുപ്പ്

9. അഗ്നിശമന സേവന വകുപ്പ്

10. കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്

11. സംസ്ഥാന എൻവയോൺമെന്റ് ഇംപാക്ട് അസെസ്സ്മെന്റ് അതോറിറ്റി

12. കേരള സംസ്ഥാന ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്

13. കേരള വാട്ടർ അതോറിറ്റി

14. ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ്

## സ്റ്റാർട്ട് അപ് സംരംഭങ്ങളുടെ വളർച്ച

130(2347) ശ്രീ. പി. കെ. ശശി: താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

സ്റ്റാർട്ട് അപ് സംരംഭങ്ങളുടെ വളർച്ചയ്ക്കായി എന്തെല്ലാം സഹായങ്ങളാണ് വ്യവസായ വകുപ്പ് നൽകി വരുന്നത് എന്ന് വിശദമാക്കാമോ?

ഉത്തരം

വ്യവസായ വകുപ്പുവഴി സ്റ്റാർട്ട് അപ് സംരംഭങ്ങളുടെ വളർച്ചയ്ക്കായി കെ.എസ്.ഐ.ഡി.സി.-യുടെ നേതൃത്വത്തിൽ എല്ലാ മേഖലയിൽനിന്നുമുള്ള നൂതനവും വ്യാപാര യോഗ്യമായതുമായ യുവ സംരംഭങ്ങൾക്ക് 25 ലക്ഷം രൂപ വരെ മൂലധനസഹായം നൽകിവരുന്നു. സംരംഭം തുടങ്ങുന്നതിനാവശ്യമായ മൊത്തം തുകയുടെ 90 ശതമാനമോ അല്ലെങ്കിൽ 25 ലക്ഷം രൂപയോ ആണ് പ്രാഥമിക മൂലധന സഹായമായി നൽകിവരുന്നത്. പ്രസ്തുത പദ്ധതിയിൽ ഇതുവരെ 100 യുവ സംരംഭങ്ങൾക്ക് 20 കോടി രൂപ മൂലധന സഹായം അനുവദിക്കുകയുണ്ടായി. ഇതുകൂടാതെ സംരംഭകർക്ക് അവരുടെ ആശയങ്ങളുടെ പൂർത്തീകരണത്തിനായി കെ.എസ്.ഐ.ഡി.സി.-യുടെ വിവിധ ഇൻകുബേഷൻ സെന്ററുകളിൽ എല്ലാവിധ സൗകര്യങ്ങളും ഒരുക്കിയിട്ടുണ്ട്. സംസ്ഥാനത്ത് 2 ഇൻകുബേഷൻ സെന്ററുകളാണ് പ്രവർത്തിക്കുന്നത്. 30 യുവ സംരംഭങ്ങൾ കെ.എസ്.ഐ.ഡി.സി.-യുടെ

വിവിധ ഇൻകുബേഷൻ സെന്ററുകളിലായി ഇൻകുബേറ്റ് ചെയ്തിരിക്കുന്നു. പ്രസ്തുത സ്റ്റാർട്ട് അപ് സംരംഭങ്ങൾക്കെല്ലാം അവരുടെ ആവശ്യാനുസരണം കൃത്യമായ ഇടവേളകളിൽ മാർഗ്ഗനിർദ്ദേശ സെമിനാറുകളും ചർച്ചാ യോഗങ്ങളും നടത്തിവരുന്നു. ഈ സംരംഭങ്ങൾ ആയിരത്തിൽപ്പരം തൊഴിലവസരങ്ങൾ സംസ്ഥാനത്ത് സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്. വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് മുഖാന്തരം നടപ്പിലാക്കുന്ന സംരംഭക സഹായ പദ്ധതിയുടെ ഒരു ഘടകമായി സ്റ്റാർട്ട് അപ് സഹായം നൽകിവരുന്നുണ്ട്. വ്യവസായ വകുപ്പ് ശിപാർശചെയ്ത പ്രോജക്ട് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ധനകാര്യ സ്ഥാപനങ്ങളിൽനിന്ന് ടേം ലോൺ എടുത്ത് പ്രവർത്തനമാരംഭിക്കുന്ന ഉല്പാദന മേഖലയിലെ ചെറുകിട വ്യവസായ സംരംഭങ്ങൾക്ക് ഇ.എസ്.എസ്. പദ്ധതി പ്രകാരം അർഹമായ സഹായത്തിന്റെ 50% വരെ പരമാവധി 3 ലക്ഷം രൂപ സ്റ്റാർട്ട് അപ് സപ്പോർട്ടായി നൽകുന്നു.

കൂടാതെ ഇലക്ട്രോണിക്സും വിവര സാങ്കേതിക വിദ്യയും വകുപ്പ് മുഖാന്തരം കേരള സ്റ്റാർട്ട് അപ് മിഷനിലൂടെ DPIIT (Department for Promotion of Industry and Internal Trade) രജിസ്ട്രേഷനുള്ള സ്റ്റാർട്ട് അപ് സംരംഭങ്ങൾക്ക് വിവിധ ആനുകൂല്യങ്ങൾ നൽകുന്നുണ്ട്.

## കമ്മ്യൂണിറ്റി സ്കിൽ പാർക്കുകൾ

131 (2348) ശ്രീ. സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ ലോകത്ത് വൻ സാധ്യതകളുള്ള തൊഴിലുകളിൽ പരിശീലനം നൽകുന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) ഇക്കാര്യത്തിനായി കമ്മ്യൂണിറ്റി സ്കിൽ പാർക്കുകൾ സ്ഥാപിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എവിടെയൊക്കെ;

(സി) പ്രസ്തുത സ്കിൽ പാർക്കുകളിൽ പ്രമുഖ വ്യവസായ സ്ഥാപനങ്ങൾ നേരിട്ട് പരിശീലനം നൽകുന്നുണ്ടോ;

(ഡി) സ്കിൽ പാർക്കുകളിൽ പരിശീലനം നേടുന്ന വിദ്യാർത്ഥികൾക്ക് ഫീസ് ഇളവ് അനുവദിക്കുന്നുണ്ടോ ;വ്യക്തമാക്കുമോ?

### ഉത്തരം

(എ) ജില്ലാ-താലൂക്ക് തലങ്ങളിൽ നടപ്പിലാക്കുന്ന സംരംഭകത്വ ബോധവൽക്കരണ പരിപാടികളിൽ ഉൾപ്പെട്ട ടെക്നോളജി ക്ലിനിക്, ടെക്നോളജി

മാനേജ്മെന്റ് പ്രോഗ്രാം തുടങ്ങിയവ മുഖേന വ്യവസായ വകുപ്പ് സംരംഭകത്വവുമായി ബന്ധപ്പെട്ട് പരിശീലനം നൽകുന്നുണ്ട്. വ്യവസായ- പരിശീലന വകുപ്പ് മുഖേനയാണ് നൈപുണ്യ വികസന പരിശീലന പരിപാടികൾ നടപ്പിലാക്കുന്നത്. പുതിയ പദ്ധതികൾ ആവിഷ്കരിച്ചിട്ടില്ല.

(ബി-ഡി) വ്യവസായ വകുപ്പിന്റെ കീഴിൽ കമ്മ്യൂണിറ്റി സ്കിൽ പാർക്കുകൾ സ്ഥാപിച്ചിട്ടില്ല. വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം പ്രകാരം സ്കിൽ പാർക്കുകൾ സ്ഥാപിക്കുന്നതിനായി വിദ്യാഭ്യാസ വകുപ്പിന് കിൻഫ്രയുടെ കുന്നംതാനം (പത്തനംതിട്ട), കളമശ്ശേരി (എറണാകുളം), ഒറ്റപ്പാലം (പാലക്കാട്) എന്നീ വ്യവസായ പാർക്കുകളിൽ ഭൂമി അലോട്ട് ചെയ്തിട്ടുണ്ട്. പ്രസ്തുത സ്ഥലങ്ങളിലെല്ലാം തന്നെ കമ്മ്യൂണിറ്റി സ്കിൽ പാർക്കുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

## വാണിജ്യ വ്യവസായ വികസനം

132 (2349) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേന്ദ്ര സർക്കാരിന്റെ ഡിപ്പാർട്ടുമെന്റ് ഓഫ് ഇൻഡസ്ട്രിയൽ പോളിസി ആൻഡ് പ്രൊമോഷന്റെ റാങ്കിംഗിന് അനുസൃതമായി സംസ്ഥാനത്ത് വാണിജ്യ വ്യവസായ അന്തരീക്ഷം കൂടുതൽ മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ?

ഉത്തരം

ഈസ് ഓഫ് ഡൂയിംഗ് ബിസിനസ് റാങ്കിംഗിൽ മുൻനിര സംസ്ഥാനങ്ങളോടൊപ്പം എത്തുന്നതിനായി വ്യവസായ സംരംഭങ്ങളുടെ സുഗമമായ നടത്തിപ്പിനായും അനുമതികൾ അതിവേഗം ലഭ്യമാക്കുന്നതിലേയ്ക്കുമായി വിവിധ വകുപ്പുകളുടെ കീഴിൽ നിലവിലുള്ള ഏഴ് നിയമങ്ങൾ ഭേദഗതി വരുത്തിക്കൊണ്ട് കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആന്റ് ഫെസിലിറ്റേഷൻ ആക്ട് 2018 നിലവിൽവന്നു. കൂടാതെ വിവിധ വകുപ്പുകളിലെ 10 ചട്ടങ്ങളിൽ ഭേദഗതി വരുത്തിയിട്ടുമുണ്ട്.

ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആന്റ് ഫെസിലിറ്റേഷൻ ആക്ട് 2018 നടപ്പിലാക്കിയശേഷം കേരളത്തിൽ വ്യവസായം തുടങ്ങുന്നതിന് വിവിധ വകുപ്പുകളിൽനിന്നും ലഭിക്കുന്ന അനുമതികളുടെ ഏകജാലക ഓൺലൈൻ സംവിധാനം, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽനിന്നും നൽകുന്ന കെട്ടിട

പ്ലാനുകളുടെ ഓൺലൈൻ അനുമതികൾ, വിവിധ വകുപ്പുകൾ തമ്മിലുള്ള സംയുക്ത പരിശോധനാ രീതി, സ്പോട്ട് രജിസ്ട്രേഷൻ, വിവിധ വകുപ്പുകളിൽ നിന്നുള്ള സമയബന്ധിതമായ അനുമതികൾ നൽകുന്നത്, സെൽഫ് സർട്ടിഫിക്കേഷൻ (സ്വയം സാക്ഷ്യപ്പെടുത്തൽ), വൈദ്യുതി കണക്ഷൻ, ട്രേഡ് ലൈസൻസ് എന്നിവ എളുപ്പത്തിൽ ലഭ്യമാക്കാനാകും എന്നതാണ് വ്യവസായരംഗത്ത് വന്നിട്ടുള്ള പ്രധാന മാറ്റങ്ങൾ. ഡീംഡ് ലൈസൻസ് സിസ്റ്റവും നിലവിൽ വന്നു.

സംരംഭകർക്ക് ലൈസൻസുകളും ക്ലിയറൻസുകളും ഏകജാലക സംവിധാനത്തിലൂടെ ലഭ്യമാക്കുന്നതിന് കെ-സ്വിഫ്റ്റ് (സിംഗിൾ വിൻഡോ ഇന്റർഫെയ്സ് ഫോർ ഫാസ്റ്റർ ഡിസ്പോസർ ആന്റ് ട്രാൻസ്പേരൻസി) എന്ന പേരിൽ ഒരു പോർട്ടൽ വികസിപ്പിച്ചിട്ടുണ്ട്.

സമയബന്ധിതമായി ലൈസൻസുകളും ക്ലിയറൻസുകളും ലഭ്യമാകുന്ന കാര്യം പരിശോധിക്കാനായി സംസ്ഥാന തലത്തിലും ജില്ലാതലത്തിലും കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആന്റ് ഫെസിലിറ്റേഷൻ സെല്ലുകൾ രൂപീകരിച്ചിട്ടുണ്ട്.

**കെ.എസ്.ഡി.പി.-യെ ലാഭകരമാക്കുന്നതിനുള്ള പദ്ധതികൾ**

133(2350) ശ്രീ. ആർ. രാജേഷ്: താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

കെ.എസ്.ഡി.പി.-യെ സംരക്ഷിക്കുന്നതിനും ലാഭകരമാക്കുന്നതിനും ആവിഷ്കരിച്ച പദ്ധതികളുടെയും സ്വീകരിച്ച നടപടികളുടെയും വിശദവിവരം ലഭ്യമാക്കുമോ?

ഉത്തരം

കെ.എസ്.ഡി.പി.-യെ സംരക്ഷിക്കുന്നതിനും ലാഭകരമാക്കുന്നതിനും നിരവധി പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. 2009-ൽ കെ.എസ്.ഡി.പി.-യുടെ പുനരുദ്ധാരണത്തിനുവേണ്ടി വിശദമായ പദ്ധതിക്ക് രൂപരേഖ തയ്യാറാക്കുകയും അതിന്റെ ആദ്യത്തെ ഘട്ടമെന്ന നിലയിൽ 10.50 കോടി രൂപ മുതൽമുടക്കിൽ നിർമ്മിച്ച ബീറ്റാലാക്ടം പ്ലാന്റ് പ്രവർത്തനക്ഷമമായിട്ടുണ്ട്.

2017-18 വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ നോൺ-ബീറ്റാലാക്ടം പ്ലാന്റിന് 18.15 കോടി രൂപയും അവയവമാറ്റ ശസ്ത്രക്രിയ കഴിഞ്ഞ രോഗികൾക്കുള്ള മരുന്നുകൾ ഉല്പാദിപ്പിക്കുന്നതിന് 10 കോടി രൂപയും വകയിരുത്തിയതിൽ മൊത്തം തുകയായ 28.15 കോടി രൂപയും റിലീസ് ചെയ്തു നൽകി.

9.89 കോടി രൂപ മുതൽമുടക്കിൽ നിർമ്മിച്ച പുതിയ ഡ്രൈ പൗഡർ ഇഞ്ചക്ഷൻ പ്ലാന്റ് വഴി ആന്റിബയോട്ടിക് ഇഞ്ചക്ഷൻ മരുന്നുകൾ ഉല്പാദിപ്പിക്കുന്നുണ്ട്. ഈ പ്ലാന്റിൽ നിലവിൽ 22 ഇനം മരുന്നുകളുടെ ലൈസൻസ് ലഭിച്ചിട്ടുണ്ട്.

2018-19 കാലയളവിൽ കമ്പനിക്ക് ഇന്നുവരെയുള്ള ഏറ്റവും ഉയർന്ന ഉല്പാദനമായ 58.37 കോടി രൂപയും വില്പനയ്ക്ക് 55.01 കോടി രൂപയും 2.75 കോടി (പ്രൊവിഷണൽ) രൂപയുടെ ലാഭവും കൈവരിക്കാൻ സാധിച്ചു. കുത്തിവയ്പ്പ് മരുന്ന് ഉല്പാദിപ്പിക്കുന്നതിനായി 50 കോടി രൂപ മുതൽമുടക്കിൽ ആരംഭിക്കാൻ പോകുന്ന എൽ.വി.പി./എസ്.വി.പി. പ്ലാന്റിന് ഭരണാനുമതി നൽകിയിട്ടുണ്ട്.

**ചവറ കെ.എം.എം.എൽ.ലേയ്ക്ക് ചരക്ക് കൊണ്ടുവരുന്നതിന് ജലപാത**

134 (2351) ശ്രീ. എൻ. വിജയൻ പിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചവറ കെ.എം.എം.എൽ.-ലേയ്ക്ക് ചരക്ക് കൊണ്ടുവരുന്നതിനും കയറ്റി അയയ്ക്കുന്നതിനും ദേശീയ ജലപാത പ്രയോജനപ്പെടുത്തുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഇതിനെക്കുറിച്ച് പഠനം നടത്താൻ ഏതെങ്കിലും ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോ;

(സി) റോഡ് മാർഗ്ഗത്തിൽ നിന്നും ജലപാതയിലേയ്ക്ക് മാറുമ്പോൾ കൂലി കുറയുമോ എന്നറിയിക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്. ഇൻലാന്റ് വാട്ടർ അതോറിറ്റി ഓഫ് ഇന്ത്യ വഴി കിറ്റ്കോയെ പഠനം നടത്തുന്നതിന് ചുമതലപ്പെടുത്തിയിട്ടുണ്ട്.

(സി) റോഡ് മാർഗ്ഗത്തിൽനിന്നും ജലപാതയിലേയ്ക്ക് മാറുമ്പോൾ കൂലി കുറയുമോയെന്നതിനെ സംബന്ധിച്ച് കിറ്റ്കോയുടെ പഠന റിപ്പോർട്ട് വിശദമായി പരിശോധിക്കേണ്ടതുണ്ട്.

## പൊതുമേഖലാ സ്ഥാപനങ്ങളെ സംരക്ഷിക്കുന്നതിന് നടപടി

135 (2352) ശ്രീ. ആർ. രാജേഷ്: താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വ്യവസായ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളെ സംരക്ഷിക്കുന്നതിന് സ്വീകരിച്ച നടപടികളും ആവിഷ്കരിച്ച പദ്ധതികളും എന്തൊക്കെയെന്ന് വിശദമാക്കുമോ?

ഉത്തരം

പൊതുമേഖലാ സ്ഥാപനങ്ങളിൽ നടത്തിയ പ്രവർത്തന അവലോകനത്തിന്റെ അടിസ്ഥാനത്തിൽ ഉല്പാദന സൗകര്യങ്ങളിലും സാങ്കേതിക വിദ്യകളിലും കാലോചിതമായ പരിഷ്കാരങ്ങൾ നടപ്പിലാക്കിയെങ്കിൽ മാത്രമേ വിപണിയിൽനിന്നും നേരിടുന്ന മത്സരങ്ങളെ അതിജീവിക്കത്തക്ക വിധത്തിൽ സ്ഥാപനങ്ങളെ സജ്ജമാക്കാൻ കഴിയുകയുള്ളൂ. ഉല്പാദന സംവിധാനങ്ങളുടെയും സാങ്കേതിക വിദ്യയുടെയും കാലാനുസൃതമായ നവീകരണം, വിപണന സാധ്യതയുള്ള ഉല്പന്നങ്ങളുടെ വൈവിധ്യവൽക്കരണം, വിപുലീകരണം എന്നിവയ്ക്കായി വിവിധ നവീകരണ- വിപുലീകരണ പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കിവരുന്നു. ഇതിനായി ബഡ്ജറ്റിൽനിന്നും കൂടുതൽ ധനസഹായം സർക്കാർ അനുവദിച്ചിട്ടുണ്ട്. 2016-17 സാമ്പത്തിക വർഷം പൊതുമേഖലാ സ്ഥാപനങ്ങളിലെ വിവിധ നവീകരണ-വിപുലീകരണ പദ്ധതികൾക്കുള്ള പദ്ധതി വിഹിതമായി 123 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിരുന്നു. 2017-18 സാമ്പത്തിക വർഷം പദ്ധതി വിഹിതം 270 കോടി രൂപയായി ഉയർത്തുകയും വിവിധ നവീകരണ വിപുലീകരണ പദ്ധതികൾക്കായി അനുവദിക്കുകയും ചെയ്തു. കൂടാതെ 2017-18 സാമ്പത്തിക വർഷം അധിക ധനസഹായമായി 13 കോടി രൂപയും ബഡ്ജറ്റിൽ വകയിരുത്തി. 2018-19 സാമ്പത്തിക വർഷം പൊതുമേഖലാ സ്ഥാപനങ്ങളുടെ നവീകരണ-വിപുലീകരണ പദ്ധതികളുൾപ്പെടെയുള്ള ധനസഹായമായി ബഡ്ജറ്റിൽ 297.35 കോടി രൂപ വകയിരുത്തുകയും അവ വിവിധ പൊതുമേഖലാ സ്ഥാപനങ്ങളുടെ പദ്ധതികൾക്കായി നൽകുകയും ചെയ്തു. 2019-20-ൽ വിവിധ നവീകരണ-വിപുലീകരണ പദ്ധതികൾക്കായി 299.35 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

പൊതുമേഖലാ സ്ഥാപനങ്ങളുടെ ഓരോ മാസത്തെയും പ്രവർത്തനം റിയാബ് നേരിട്ട് അവലോകനം നടത്തിവരുന്നുണ്ട്. ഇതിന്റെ തുടർച്ചയായി സെക്ടർ തിരിച്ചും

എല്ലാ സ്ഥാപനങ്ങളെയും പങ്കെടുപ്പിച്ചുകൊണ്ടുമുള്ള പ്രത്യേക അവലോകന യോഗങ്ങൾ സർക്കാർ തലത്തിൽ നടത്തുന്നുണ്ട്. പൊതുമേഖലാ സ്ഥാപനങ്ങളുടെ ഇന്റേണൽ ഓഡിറ്റ് സംവിധാനവും സ്റ്റാറ്റ്യൂട്ടറി ഓഡിറ്റ് സംവിധാനവും പ്രത്യേക അവലോകനത്തിന് വിധേയമാക്കി ഇവയുടെ സമയബന്ധിതമായ പൂർത്തീകരണം ഉറപ്പുവരുത്തുന്നതിനായി കൃത്യമായ അവലോകനം നടത്തി ആവശ്യമായ നിർദ്ദേശങ്ങൾ നൽകിവരുന്നു. ഓരോ സ്ഥാപനങ്ങളെയും പ്രത്യേകം പ്രവർത്തന അവലോകനത്തിന് വിധേയമാക്കുന്നതിനാൽ പ്രവർത്തന സംബന്ധമായ പല പ്രശ്നങ്ങൾക്കും സമയോചിതമായിത്തന്നെ പരിഹാരം കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ട്. റിയാബ് മുഖേന മാസംതോറും നടത്തിവരുന്ന പ്രവർത്തന അവലോകനങ്ങളുടെ ഫലമായി അനുകരണീയമാക്കാവുന്ന മാനേജ്മെന്റ് നടപടിക്രമങ്ങൾ മറ്റുള്ള സ്ഥാപനങ്ങളിലേയ്ക്കും പകർന്നു നൽകാൻ സഹായകരമായിട്ടുണ്ട്. ഈ രീതിയിലുള്ള ഇടപെടലുകൾ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സഹായകരമായിട്ടുണ്ട്. കൂടാതെ സ്ഥാപനങ്ങളിൽ നടപ്പിലാക്കിവരുന്ന അവലോകന സംവിധാനത്തിന്റെ ഫലമായി വിവിധ തലത്തിലുള്ള ജീവനക്കാർക്ക് ആവശ്യമായ പരിശീലന പരിപാടികളും ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്.

പൊതുമേഖലാ സ്ഥാപനങ്ങളുടെ സമഗ്ര വികസനത്തോടൊപ്പംതന്നെ മാനേജിംഗ് ഡയറക്ടർമാരുടെയും ജീവനക്കാരുടെയും കഴിവുകൾ വികസിപ്പിക്കുന്നതിനും കൂടുതൽ പ്രാപ്തരാക്കുന്നതിനുംവേണ്ടി റിയാബിന്റെ നേതൃത്വത്തിൽ വിവിധ തലത്തിലുള്ള പരിശീലന പരിപാടികളും നടത്തിവരുന്നു.

**പൊതുമേഖലാ സ്ഥാപനങ്ങളുടെ ലാഭം**

136 (2353) ശ്രീ. പി. സി. ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-19 സാമ്പത്തിക വർഷം വ്യവസായവകുപ്പിന് കീഴിലുള്ള പൊതുമേഖല സ്ഥാപനങ്ങളിൽ എത്ര സ്ഥാപനങ്ങൾ ലാഭത്തിലാണ്; വ്യക്തമാക്കാമോ;

(ബി) 24-12-2018-ലെ ജി.ഒ. (എം എസ്.)നമ്പർ 505/18/ഫിൻ പ്രകാരം 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റഡ് ആനുവൽ സ്റ്റേറ്റുമെന്റിൽ ധനകാര്യ വകുപ്പിന്റെ കമന്റ്സ് കൂടാതെയാണോ പ്രസ്തുത സ്ഥാപനങ്ങൾ ലാഭത്തിലാണ് എന്ന് പറയുന്നത്; വിശദമാക്കാമോ?

ഉത്തരം

(എ) 2018-19 സാമ്പത്തിക വാർഷികാവസാനം അവലോകനത്തിനായി പരിഗണിച്ച 42 പൊതുമേഖലാ സ്ഥാപനങ്ങളിൽ ആഡിറ്റിന് മുൻപുള്ള കണക്കുകൾ പ്രകാരം താഴെപ്പറയുന്ന 12 സ്ഥാപനങ്ങൾ ലാഭത്തിൽ പ്രവർത്തിച്ചു.

| ക്രമ നമ്പർ | സ്ഥാപനങ്ങൾ |
|---|---|
| 1 | ദി കേരളാ മിനറൽസ് ആന്റ് മെറ്റൽസ് ലിമിറ്റഡ് |
| 2 | ട്രാവൻകൂർ-കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡ് |
| 3 | ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡ് |
| 4 | ട്രാൻസ്ഫോർമേഴ്സ് ആന്റ് ഇലക്ട്രിക്കൽസ് കേരള ലിമിറ്റഡ് |
| 5 | കേരളാ സ്റ്റേറ്റ് ഇലക്ട്രോണിക്സ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് |
| 6 | കെൽട്രോൺ കമ്പോണന്റ് കോംപ്ലക്സ് ലിമിറ്റഡ് |
| 7 | കേരളാ സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസ് |
| 8 | കേരളാ സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ലിമിറ്റഡ് |
| 9 | കേരളാ ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് |
| 10 | കെൽട്രോൺ ഇലക്ട്രോ സിറാമിക്സ് ലിമിറ്റഡ് |
| 11 | സ്റ്റീൽ ഇൻഡസ്ട്രിയൽസ് കേരള ലിമിറ്റഡ് |
| 12 | ഫോറസ്റ്റ് ഇൻഡസ്ട്രീസ് (ട്രാവൻകൂർ) ലിമിറ്റഡ് |

(ബി) 2018-19 സാമ്പത്തിക വർഷത്തെ കണക്കുകൾ പൂർത്തീകരിച്ചതിനുശേഷം ആഡിറ്റിന് മുൻപുള്ള കണക്കുകൾ പ്രകാരമാണ് ലാഭത്തിലുള്ള സ്ഥാപനങ്ങളുടെ വിവരം നൽകുന്നത്. 2018-19 സാമ്പത്തിക വർഷത്തെ ആഡിറ്റുകൾ പൂർത്തീകരിക്കുന്ന ജോലികൾ പുരോഗമിച്ചു വരികയാണ്. 24-12-2018-ലെ ജി.ഒ.(എം.എസ്.) നമ്പർ 505/18/ഫിൻ പ്രകാരം ഇനി മുതൽ ആഡിറ്റഡ് ആന്വൽ സ്റ്റേറ്റ്മെന്റുകൾ ധനകാര്യ വകുപ്പിന്റെ അഭിപ്രായത്തിന് അയയ്ക്കേണ്ടതില്ലെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

## പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം

137 (2354) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ പ്രവർത്തിച്ചുവരുന്ന പൊതുമേഖലാ സ്ഥാപനങ്ങളിൽ കഴിഞ്ഞ മൂന്ന് വർഷമായി ലാഭത്തിൽ പ്രവർത്തിക്കുന്നവ എത്രയെന്നും നഷ്ടത്തിൽ പ്രവർത്തിക്കുന്നവ എത്രയെന്നും അറിയിക്കുമോ;

(ബി) സംസ്ഥാനത്തെ വിവിധ പൊതുമേഖലാ സ്ഥാപനങ്ങളെ സംയോജിപ്പിച്ച് പ്രവർത്തനക്ഷമത ഉയർത്തി ലാഭം വർദ്ധിപ്പിക്കുന്നതിനും നഷ്ടം കുറയ്ക്കുന്നതിനും ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ഇതിലേയ്ക്കായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 2016-17, 2017-18, 2018-19 വർഷങ്ങളിൽ സംസ്ഥാനത്ത് വ്യവസായ വകുപ്പിന്റെ അധീനതയിൽ ലാഭത്തിലും നഷ്ടത്തിലും പ്രവർത്തിച്ച സ്ഥാപനങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു:

| വർഷം | ലാഭത്തിൽ പ്രവർത്തിച്ചവ (എണ്ണം) | നഷ്ടത്തിൽ പ്രവർത്തിച്ചവ (എണ്ണം) |
|---|---|---|
| 2016-17 | 13 | 27 |
| 2017-18 | 14 | 26 |
| 2018-19 | 12 | 30 |

(ബി) നിലവിൽ ഇക്കാര്യത്തിൽ തീരുമാനം കൈക്കൊണ്ടിട്ടില്ല.

**ടെൽക്കിലെ ഓഡിറ്റിംഗ് പൂർത്തിയാക്കുന്നതിന് നടപടി**

138 (2355) <u>ശ്രീ. റോജി എം. ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടെൽക്കിലെ ഓഡിറ്റിംഗ് സമയബന്ധിതമായി പൂർത്തിയാക്കാത്തതുമൂലം തൊഴിലാളികൾക്ക് അർഹമായ ആനുകൂല്യം യഥാസമയം ലഭിക്കുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഏത് വർഷം വരെയുള്ള ഓഡിറ്റിംഗാണ് ഇതിനകം പൂർത്തിയായത്; ഓഡിറ്റിംഗ് സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി) 2016-17 വരെയുള്ള ഓഡിറ്റിംഗാണ് ഇതുവരെ പൂർത്തിയായത്. ഓഡിറ്റിംഗ് സമയബന്ധിതമായി പൂർത്തിയാക്കുന്നതിന്റെ ഭാഗമായി 2017-18-ലെ ഓഡിറ്റിംഗ് പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**ടെൽക്കിലെ തൊഴിലാളികളുടെ ശമ്പളം**

139 (2356) <u>ശ്രീ. അൻവർ സാദത്ത്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ടെൽക്കിലെ തൊഴിലാളികളുടെ സേവന വേതനം സംബന്ധിച്ച ദീർഘകാല കരാർ 8-2-2018-ൽ ആർ.ജെ.എൽ.സി.-ക്ക് മുമ്പാകെ ഒപ്പ് വച്ചിട്ടുണ്ടോ;

(ബി) ഇതുപ്രകാരമുള്ള പുതുക്കിയ ശമ്പളം തൊഴിലാളികൾക്ക് നൽകി തുടങ്ങിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണമെന്താണെന്ന് അറിയിക്കുമോ;

(സി) സർക്കാർ അംഗീകാരം നേടാതെ പുതുക്കിയ ശമ്പളം നൽകുവാൻ സാധിക്കില്ലായെന്ന മാനേജ്മെന്റിന്റെ നിലപാടിനെ തുടർന്ന് കഴിഞ്ഞ എട്ടുവർഷമായി തൊഴിലാളികൾക്ക് 2011-ൽ പുതുക്കി നൽകിയ ശമ്പളമാണ് ലഭിക്കുന്നതെന്നത് വസ്തുതയല്ലേയെന്ന് വ്യക്തമാക്കുമോ;

(ഡി) തൊഴിലാളികളുടെ ശമ്പളം പുതുക്കുന്നതിനുള്ള ത്രകക്ഷി കരാറിന് അടിയന്തരമായി അംഗീകാരം നൽകി പുതുക്കിയ ശമ്പളം അവർക്ക് ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി-ഡി) ഇല്ല. 1-6-2011 മുതലുള്ള പുതുക്കിയ ശമ്പളം നൽകുന്ന വിഷയം സർക്കാരിന്റെ പരിഗണനയിലാണ്.

## ട്രാവൻകൂർ ടൈറ്റാനിയം ലിമിറ്റഡിന് കോപ്പെറാസ് റിമൂവൽ പ്ലാന്റ്

140 (2357) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രാവൻകൂർ ടൈറ്റാനിയം ലിമിറ്റഡിന് കോപ്പെറാസ് റിമൂവൽ പ്ലാന്റ് സ്ഥാപിക്കുവാൻ സർക്കാർ ധനസഹായം നൽകിയിട്ടുണ്ടോ; എങ്കിൽ എന്നാണ് നൽകിയതെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത പ്ലാന്റ് സ്ഥാപിക്കുന്ന നടപടികൾ ആരംഭിച്ചിട്ടുണ്ടോ;

(സി) ഇതുസംബന്ധിച്ച് വ്യവസായ വകുപ്പ് എന്തെങ്കിലും കത്തുകൾ ട്രാവൻകൂർ ടൈറ്റാനിയം ലിമിറ്റഡിന് അയച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; എങ്കിൽ കത്തുകളുടെ കോപ്പി ലഭ്യമാക്കുമോ;

(ഡി) പ്ലാന്റ് സ്ഥാപിക്കുന്ന വിഷയം പരിശോധിക്കുമോ; വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്. 31-7-2017-ലെ സ.ഉ.(സാധാ) നമ്പർ 1089/2017/വ്യവ. ഉത്തരവ് പ്രകാരം കോപ്പെറാസ് റിമൂവൽ പ്ലാന്റ് സ്ഥാപിക്കാൻ 15.50 കോടി

രൂപയുടെ ഭരണാനുമതി നൽകുകയും പ്രസ്തുത തുകയിൽനിന്ന് 2.07 കോടി രൂപ ഇ-ലാംസ് വഴി 31-10-2018-ലെ സ.ഉ.(സാധാ) നമ്പർ 1245/2018/വ്യവ പ്രകാരം റിലീസ് ചെയ്ത് നൽകുകയും ചെയ്തു.

(ബി) ഉണ്ട്.

(സി) ഇല്ല.

(ഡി) പ്ലാന്റ് പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്.

### ടെൽക്കിന്റെ അടിസ്ഥാന സൗകര്യ വികസനം

141 (2358) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2007-ൽ കേരള സർക്കാരും എൻ.റ്റി.പി.സി.-യുമായി ഒപ്പുവച്ച സംയുക്ത കരാർ അനുസരിച്ച് ടെൽക്കിന് ലഭ്യമാക്കേണ്ട ടെക്നോളജി പാർട്ണർ, പ്ലാന്റ് നവീകരണം, അടിസ്ഥാന സൗകര്യ വികസനം മുതലായ കാര്യങ്ങളിൽ ഇതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ് എന്ന് വ്യക്തമാക്കാമോ;

(ബി) ഇക്കാര്യത്തിൽ കാലതാമസം ഉണ്ടായതിന്റെ കാരണമെന്താണ്;

(സി) ടെൽക്കിന് ഈ സർക്കാർ കാലയളവിൽ ബഡ്ജറ്റിൽ എന്ത് വിഹിതമാണ് നീക്കിവച്ചിട്ടുള്ളത്; അത് പ്രകാരമുള്ള വികസന പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട് എന്നറിയിക്കാമോ;

(ഡി) ടെൽക്കിൽ സാങ്കേതിക യോഗ്യതയുള്ള ജനറൽ മാനേജരുടെ തസ്തിക രണ്ട് വർഷമായി ഒഴിഞ്ഞ് കിടക്കുന്നുണ്ടോ; എങ്കിൽ അതിനുള്ള കാരണമെന്താണ് എന്ന് വെളിപ്പെടുത്താമോ;

(ഇ) ടെൽക്കിൽ 2017-18-ലും 2018-19-ലും നിശ്ചയിച്ചിരുന്ന ഉത്പാദനത്തിന്റെ എത്ര ശതമാനം കൈവരിക്കുവാൻ കഴിഞ്ഞുവെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) എൻ.ടി.പി.സി.-യുമായി ഒപ്പുവച്ച സംയുക്ത കരാർ അനുസരിച്ചുള്ള പുനരുദ്ധാരണ നവീകരണ പ്രവർത്തനങ്ങൾ ടെൽക്കിൽ നടന്നിട്ടില്ല. എന്നാൽ ടെക്നോളജി പാർട്ണറെ കണ്ടെത്താനും അതുവഴി ആധുനികവൽക്കരണ നവീകരണ പദ്ധതികൾ നടപ്പാക്കുന്നതിനുമുള്ള ശ്രമങ്ങൾ നടന്നുകൊണ്ടിരിക്കുന്നു.

(ബി) ടെൽക്കിന് അനുയോജ്യമായ ടെക്നോളജി പാർട്ട്ണറെ കണ്ടെത്താൻ കഴിയാത്തതും പവർ ട്രാൻസ്ഫോർമർ ഉല്പാദന മേഖലയിലെ മാന്ദ്യവുമാണ് ഇതിന് കാരണം.

(സി) വി.പി.ഡി. എന്ന ആധുനിക സംവിധാനത്തിനായി ബഡ്ജറ്റിൽ 10 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു.

(ഡി) ടെൽക്കിൽ സാങ്കേതിക യോഗ്യതയുള്ള ജനറൽ മാനേജർ എന്ന തസ്തിക നിലവിലില്ല. കമ്പനിയിൽ ജനറൽ മാനേജർ എന്നത് പ്രൊമോഷൻ തസ്തികയാണ്.

(ഇ) 2017-18-ൽ 69%വും 2018-19-ൽ 88%വും ഉല്പാദനം കൈവരിക്കാൻ ടെൽക്കിന് കഴിഞ്ഞു.

## ചെറുകിട വ്യവസായ സംരംഭകർക്ക് സാമ്പത്തിക സഹായം

142 (2359) ശ്രീ. സി. ദിവാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെറുകിട വ്യവസായ സംരംഭകർക്ക് സാമ്പത്തിക സഹായം നൽകുന്നതിനായി എന്തെല്ലാം പദ്ധതികളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികളിൽ ഉൾപ്പെടുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാം എന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ?

ഉത്തരം

(എ&ബി) ചെറുകിട വ്യവസായ സംരംഭകർക്ക് സാമ്പത്തിക സഹായം നൽകുന്നതിനായി വ്യവസായ വകുപ്പ് മുഖേന ചുവടെ വിവരിക്കുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു:

സംരംഭകത്വ സഹായ പദ്ധതി

സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾക്ക് മെച്ചപ്പെട്ട ആനുകൂല്യം നൽകുന്നതിനായി സംരംഭകത്വ സഹായ പദ്ധതി നടപ്പിലാക്കിവരുന്നു.

1. പൊതുവിഭാഗത്തിൽപ്പെട്ട സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾക്ക് സ്ഥിരമൂലധന നിക്ഷേപത്തിന്റെ 15% സഹായമായി നൽകുന്നു. പരമാവധി 20 ലക്ഷം രൂപ. വനിതാ സംരംഭകർക്കും യുവ സംരംഭങ്ങൾക്കും സ്ഥിരമൂലധന നിക്ഷേപത്തിന്റെ 20% സാമ്പത്തിക സഹായം നൽകുന്നു. പരമാവധി 30 ലക്ഷം രൂപ.

2. മുൻഗണനാ വിഭാഗത്തിൽപ്പെട്ട സംരംഭങ്ങൾക്ക് സ്ഥിരമൂലധന നിക്ഷേപത്തിന്റെ 10%, പരമാവധി 10 ലക്ഷം രൂപ അധിക സാമ്പത്തിക സഹായം നൽകും.

3. ഇടുക്കി, വയനാട്, കാസർഗോഡ്, പത്തനംതിട്ട ജില്ലകളിൽ ആരംഭിക്കുന്ന സംരംഭങ്ങൾക്ക് സ്ഥിരമൂലധന നിക്ഷേപത്തിന്റെ 10%, പരമാവധി 10 ലക്ഷം രൂപ അധിക സാമ്പത്തിക സഹായം നൽകിവരുന്നു.

4. കേന്ദ്ര/സംസ്ഥാന സർക്കാർ അംഗീകൃത ഗവേഷണ സ്ഥാപനങ്ങളിൽ നിന്നും ആധുനിക സാങ്കേതിക വിദ്യ സ്വന്തമാക്കി ആരംഭിക്കുന്ന സംരംഭങ്ങൾക്കും 10%, പരമാവധി 10 ലക്ഷം രൂപ അധിക സഹായം ലഭിക്കും.

5. വ്യവസായ വകുപ്പ് ശിപാർശ ചെയ്യുന്ന പ്രോജക്ട് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ധനകാര്യ സ്ഥാപനങ്ങൾ മുഖേന അനുവദിക്കുന്ന ടേം ലോൺ ഉപയോഗപ്പെടുത്തി പ്രവർത്തിക്കുന്ന ഉല്പാദന മേഖലയിലെ ചെറുകിട സംരംഭങ്ങൾക്ക് ഇ.എസ്.എസ്. പദ്ധതിപ്രകാരം അർഹമായ സഹായത്തിന്റെ 50% വരെ പരമാവധി 3 ലക്ഷം രൂപ സ്റ്റാർട്ട് അപ് സപ്പോർട്ടായി നൽകുന്നു.

<u>നാനോ/ഗാർഹിക സംരംഭങ്ങൾക്ക് പലിശ സബ്സിഡി പദ്ധതി</u>

5 ലക്ഷം രൂപ വരെ സ്ഥിരം മൂലധന നിക്ഷപമുള്ളതും 5 എച്ച്.പി. വരെ വൈദ്യുതി ആവശ്യമുള്ളതും മലിനീകരണ നിയന്ത്രണ ബോർഡിന്റെ മാനദണ്ഡ പ്രകാരം വൈറ്റ്/ഗ്രീൻ വിഭാഗത്തിൽപ്പെട്ട ഉല്പാദക ജോബ് വർക്ക് വിഭാഗത്തിൽപ്പെട്ടതും വീട്ടിലുള്ളതോ വീടിനോട് ചേർന്നോ നടത്തുന്ന നാനോ സംരംഭങ്ങൾക്കാണ് ഈ പദ്ധതിയുടെ ആനുകൂല്യം ലഭിക്കുക.

<u>തകർച്ച നേരിടുന്ന എം.എസ്.എം.ഇ.-കളുടെ പുനരുദ്ധാരണ പദ്ധതി</u>

തകർച്ച നേരിടുന്ന എം.എസ്.എം.ഇ. യൂണിറ്റുകളെ പുനരുജ്ജീവിപ്പിക്കാനായി ഒരു വിദഗ്ദ്ധ സമിതിയുടെ നിരീക്ഷണത്തിൽ നിർദ്ദിഷ്ട മാർഗ്ഗ നിർദ്ദേശങ്ങൾക്കനുസൃതമായി തകർച്ച നേരിടുന്ന എം.എസ്.എം.ഇ.-കളെ കണ്ടെത്തുന്നതിന് ജില്ലാ കളക്ടർ ചെയർമാനായി ജില്ലാ വികസന കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ഇപ്രകാരം കണ്ടെത്തിയ പീഡിത വ്യവസായ സംരംഭങ്ങൾക്ക് അനുയോജ്യമായ രീതിയിൽ ധനസഹായം നൽകിയിട്ടുണ്ട്.

<u>കരകൗശല മേഖലയിൽ സൂക്ഷ്മ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള പദ്ധതി (ആശ)</u>

കരകൗശല മേഖലയിലെ ആർട്ടിസാന്മാർക്ക് സ്ഥിരമൂലധനത്തിന്റെ - ജനറൽ വിഭാഗത്തിന് 40% പരമാവധി 2 ലക്ഷം രൂപയും വനിതകൾ/ യുവാക്കൾ/എസ്.സി./എസ്.ടി. വിഭാഗങ്ങൾക്ക് 50% പരമാവധി 3 ലക്ഷം രൂപയും അനുവദിക്കുന്ന പദ്ധതിയാണിത്.

ചെറുകിട വ്യവസായ സംരംഭകർക്ക് കുറഞ്ഞ പലിശ നിരക്കിൽ കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ മുഖേന ടേം വായ്പകൾ, പ്രവർത്തന മൂലധന വായ്പകൾ, ഹ്രസ്വകാല വായ്പകൾ, സ്റ്റാർട്ട് അപ്പിനായിട്ടുള്ള വായ്പാ പദ്ധതികൾ എന്നിവ പ്രോജക്ടിന്റെ വയബിലിറ്റിയുടെയും പ്രൊമോട്ടറുടെ കഴിവിന്റെയും അടിസ്ഥാനത്തിൽ അനുവദിച്ചുവരുന്നു.

കെ.എസ്.ഐ.ഡി.സി. മുഖേന നൂതനവും വ്യാപാരയോഗ്യമായതുമായ യുവ സംരംഭങ്ങൾക്ക് ഈ ഇനത്തിൽ ലഭിക്കുന്ന പരമാവധി ധനസഹായം മൊത്തം നിക്ഷേപത്തിന്റെ 90%-മോ അല്ലെങ്കിൽ 25 ലക്ഷം രൂപയോ ഇവയിൽ ഏതാണോ കുറവ് അതായിരിക്കും. വനിതാ സംരംഭകർക്ക് നിലവിലുള്ള വ്യവസായം വിപുലീകരിക്കാനും പുതിയത് തുടങ്ങാനും 7.5% പലിശ നിരക്കിൽ 25 ലക്ഷം രൂപ വരെ 6 വർഷ തിരിച്ചടവ് കാലാവധിയിൽ വായ്പയും നൽകിവരുന്നു.

## ചെറുകിട വ്യവസായം

143 (2360) <u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് ചെറുകിട വ്യവസായസംരംഭകർക്ക് വ്യവസായം തുടങ്ങുന്നതിന് സർക്കാർ എന്തൊക്കെ സഹായങ്ങളാണ് ചെയ്തുകൊടുക്കുന്നത്; വിശദമാക്കാമോ?

<u>ഉത്തരം</u>

ചെറുകിട വ്യവസായ സംരംഭകർക്ക് സാമ്പത്തിക സഹായം നൽകുന്നതിനായി വ്യവസായ വകുപ്പ് മുഖേന ചുവടെ വിവരിക്കുന്ന സഹായങ്ങൾ നൽകിവരുന്നു:

വിവിധ വകുപ്പുകളിൽനിന്നുള്ള ലൈസൻസുകൾ കാലതാമസം ഒഴിവാക്കി സമയബന്ധിതമായി ലഭ്യമാക്കുന്നതിലേയ്ക്കായി കെ-സ്വിഫ്റ്റ് എന്ന ഓൺലൈൻ സംവിധാനം ഏർപ്പെടുത്തി.

സംരംഭകത്വ സഹായ പദ്ധതി

സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾക്ക് മെച്ചപ്പെട്ട ആനുകൂല്യം നൽകുന്നതിനായി സംരംഭകത്വ സഹായ പദ്ധതി നടപ്പിലാക്കിവരുന്നു.

1. പൊതുവിഭാഗത്തിൽപ്പെട്ട സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾക്ക് സ്ഥിരമൂലധന നിക്ഷേപത്തിന്റെ 15% സഹായമായി നൽകുന്നു. പരമാവധി 20 ലക്ഷം രൂപ. വനിതാ സംരംഭകർക്കും യുവ സംരംഭങ്ങൾക്കും സ്ഥിരമൂലധന നിക്ഷേപത്തിന്റെ 20% സാമ്പത്തിക സഹായം നൽകുന്നു. പരമാവധി 30 ലക്ഷം രൂപ.

2. മുൻഗണനാ വിഭാഗത്തിൽപ്പെട്ട സംരംഭങ്ങൾക്ക് സ്ഥിരമൂലധന നിക്ഷേപത്തിന്റെ 10%, പരമാവധി 10 ലക്ഷം രൂപ അധിക സാമ്പത്തിക സഹായം നൽകും.

3. ഇടുക്കി, വയനാട്, കാസർഗോഡ്, പത്തനംതിട്ട ജില്ലകളിൽ ആരംഭിക്കുന്ന സംരംഭങ്ങൾക്ക് സ്ഥിരമൂലധന നിക്ഷേപത്തിന്റെ 10%, പരമാവധി 10 ലക്ഷം രൂപ അധിക സാമ്പത്തിക സഹായം നൽകിവരുന്നു.

4. കേന്ദ്ര/സംസ്ഥാന സർക്കാർ അംഗീകൃത ഗവേഷണ സ്ഥാപനങ്ങളിൽ നിന്നും ആധുനിക സാങ്കേതിക വിദ്യ സ്വന്തമാക്കി ആരംഭിക്കുന്ന സംരംഭങ്ങൾക്കും 10% പരമാവധി 10 ലക്ഷം രൂപ അധിക സഹായം ലഭിക്കും.

5. വ്യവസായ വകുപ്പ് ശിപാർശ ചെയ്യുന്ന പ്രോജക്ട് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ധനകാര്യ സ്ഥാപനങ്ങൾ മുഖേന അനുവദിക്കുന്ന ടേം ലോൺ ഉപയോഗപ്പെടുത്തി പ്രവർത്തിക്കുന്ന ഉല്പാദന മേഖലയിലെ ചെറുകിട സംരംഭങ്ങൾക്ക് ഇ.എസ്.എസ്. പദ്ധതി പ്രകാരം അർഹമായ സഹായത്തിന്റെ 50% വരെ, പരമാവധി 3 ലക്ഷം രൂപ സ്റ്റാർട്ട് അപ് സപ്പോർട്ടായി നൽകുന്നു.

നാനോ/ഗാർഹിക സംരംഭങ്ങൾക്ക് പലിശ സബ്സിഡി പദ്ധതി

5 ലക്ഷം രൂപ വരെ സ്ഥിരം മൂലധന നിക്ഷപമുള്ളതും 5 എച്ച്.പി. വരെ വൈദ്യുതി ആവശ്യമുള്ളതും മലിനീകരണ നിയന്ത്രണ ബോർഡിന്റെ മാനദണ്ഡ പ്രകാരം വൈറ്റ്/ഗ്രീൻ വിഭാഗത്തിൽപ്പെട്ട ഉല്പാദക ജോബ് വർക്ക് വിഭാഗത്തിൽപ്പെട്ടതും വീട്ടിലുള്ളതോ വീടിനോട് ചേർന്നോ നടത്തുന്ന നാനോ സംരംഭങ്ങൾക്കാണ് ഈ പദ്ധതിയുടെ ആനുകൂല്യം ലഭിക്കുക.

<u>തകർച്ച നേരിടുന്ന എം.എസ്.എം.ഇ.-കളുടെ പുനരുദ്ധാരണ പദ്ധതി</u>

തകർച്ച നേരിടുന്ന എം.എസ്.എം.ഇ. യൂണിറ്റുകളെ പുനരുജ്ജീവിപ്പിക്കാനായി ഒരു വിദഗ്ദ്ധ സമിതിയുടെ നിരീക്ഷണത്തിൽ നിർദ്ദിഷ്ട മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായി തകർച്ച നേരിടുന്ന എം.എസ്.എം.ഇ.-കളെ കണ്ടെത്തുന്നതിന് ജില്ലാ കളക്ടർ ചെയർമാനായി ജില്ലാ വികസന കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ഇപ്രകാരം കണ്ടെത്തിയ പീഡിത വ്യവസായ സംരംഭങ്ങൾക്ക് അനുയോജ്യമായ രീതിയിൽ ധനസഹായം നൽകിയിട്ടുണ്ട്.

<u>കരകൗശല മേഖലയിൽ സൂക്ഷ്മ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള പദ്ധതി (ആശ)</u>

കരകൗശല മേഖലയിലെ ആർട്ടിസാന്മാർക്ക് സ്ഥിരമൂലധനത്തിന്റെ- ജനറൽ വിഭാഗത്തിന് 40% പരമാവധി 2 ലക്ഷം രൂപയും വനിതകൾ/ യുവാക്കൾ/എസ്.സി./എസ്.ടി. വിഭാഗങ്ങൾക്ക് 50%, പരമാവധി 3 ലക്ഷം രൂപയും അനുവദിക്കുന്ന പദ്ധതിയാണിത്.

കെ.എസ്.ഐ.ഡി.സി. മുഖേന നൂതനവും വ്യാപാരയോഗ്യമായതുമായ യുവ സംരംഭങ്ങൾക്ക് ഈ ഇനത്തിൽ ലഭിക്കുന്ന പരമാവധി ധനസഹായം മൊത്തം നിക്ഷേപത്തിന്റെ 90%-മോ അല്ലെങ്കിൽ 25 ലക്ഷം രൂപയോ ഇവയിൽ ഏതാണോ കുറവ് അതായിരിക്കും. വനിതാ സംരംഭകർക്ക് നിലവിലുള്ള വ്യവസായം വിപുലീകരിക്കാനും പുതിയത് തുടങ്ങാനും 7.5% പലിശ നിരക്കിൽ 25 ലക്ഷം രൂപ വരെ 6 വർഷ തിരിച്ചടവ് കാലാവധിയിൽ വായ്പയും നൽകിവരുന്നു.

**അനധികൃത കുപ്പിവെള്ള കമ്പനികൾ**

144 (2361) <u>ശ്രീ. മഞ്ഞളാംകുഴി അലി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുപ്പിവെള്ളം നിർമ്മിക്കുന്ന എത്ര കമ്പനികൾ പ്രവർത്തിക്കുന്നുണ്ട്; അനധികൃതമായി പ്രവർത്തിക്കുന്ന എത്ര കുപ്പിവെള്ള വിതരണ കമ്പനികൾ ഉണ്ടെന്നാണ് കണ്ടെത്തിയിട്ടുള്ളത്;

(ബി) വേണ്ടത്ര ശുദ്ധീകരിക്കാതെ വെള്ളം വിൽക്കുന്ന അനധികൃത കമ്പനികൾക്കെതിരെ കാര്യമായ നടപടികൾ സ്വീകരിക്കാത്തതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരത്തിൽ അനധികൃതമായി പ്രവർത്തിച്ച എത്ര കമ്പനികൾക്കെതിരെ ഈ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ട്;

(സി) ഗുണമേന്മയില്ലാത്ത കുപ്പിവെള്ളം നിർമ്മിക്കുന്ന കമ്പനികൾക്കെതിരെ കർശന നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ ലൈസൻസോടുകൂടി കുപ്പിവെള്ളം നിർമ്മിക്കുന്ന 140 കമ്പനികൾ പ്രവർത്തിക്കുന്നുണ്ട്.

പ്രസ്തുത ലൈസൻസില്ലാതെ അനധികൃതമായി പ്രവർത്തിക്കുന്ന കമ്പനികൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഉണ്ട്. ആക്ഷേപം ശ്രദ്ധയിൽപ്പെടുന്നതിനനുസരിച്ച് 2006-ലെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമമനുസരിച്ച് നടപടി സ്വീകരിച്ചുവരുന്നുണ്ട്. ഇത്തരത്തിൽ 19 കമ്പനികൾക്കെതിരെ നടപടിയെടുത്തിട്ടുണ്ട്.

(സി) 2006-ലെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമവും അനുബന്ധ ചട്ടങ്ങളും അനുസരിച്ച് ശക്തമായ നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു.

## പേപ്പർകപ്പ് നിർമ്മാണ യൂണിറ്റുകൾ

145 (2362) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പേപ്പർ കപ്പുകൾ നിരോധിക്കുന്നതിനോ നിയന്ത്രിക്കുന്നതിനോ ഉള്ള നടപടികളെത്തുടർന്ന് ഇവ നിർമ്മിക്കുന്ന വ്യവസായ യൂണിറ്റുകൾ പ്രതിസന്ധിയിലായിട്ടുണ്ടെന്ന കാര്യം ഗൗരവമായി കാണുന്നുണ്ടോ;

(ബി) എങ്കിൽ ഈ പ്രതിസന്ധി തരണം ചെയ്യുന്നതിന് എന്ത് സഹായമാണ് പ്രസ്തുത യൂണിറ്റുകൾക്ക് നൽകിയിട്ടുള്ളത്; വ്യക്തമാക്കുമോ?

ഉത്തരം

(എ) വ്യവസായ വകുപ്പ് നാളിതുവരെ പേപ്പർ കപ്പ് നിർമ്മാണ യൂണിറ്റുകൾ നിയന്ത്രിക്കുകയോ നിരോധിക്കുകയോ ചെയ്തിട്ടില്ലാത്തതിനാൽ ഇത്തരം യൂണിറ്റുകൾ പ്രതിസന്ധിയിലായിട്ടുണ്ടെന്നുള്ള കാര്യം വ്യവസായ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ തദ്ദേശ സ്വയംഭരണ വകുപ്പ് ഖരമാലിന്യ നിർമ്മാർജ്ജനത്തിന്റെ ഭാഗമായും ഗ്രീൻ പ്രോട്ടോക്കോൾ നടപ്പാക്കുന്നതിന്റെ ഭാഗമായും സംസ്ഥാനത്ത് പേപ്പർ കപ്പുകളുടെ ഉപയോഗം നിയന്ത്രിച്ചിട്ടുണ്ട്.

(ബി) ബാധകമല്ല.

## മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകൾ

146 (2363) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിലെ വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അധീനതയിൽ എത്ര മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകൾ ഉണ്ടെന്നും അവയിൽ എത്ര വ്യവസായ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുവെന്നും അറിയിക്കാമോ;

(ബി) പ്രസ്തുത മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളിൽ ഒഴിഞ്ഞ് കിടക്കുന്ന സ്ഥലം പ്രയോജനപ്പെടുത്തി കൂടുതൽ ചെറുകിട വ്യവസായ യൂണിറ്റുകൾ ആരംഭിക്കുന്നതിന് എന്തെങ്കിലും പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ;

(സി) വ്യവസായ യൂണിറ്റുകൾ തുടങ്ങാൻ താൽപ്പര്യമുള്ള സംരംഭകർക്ക് വകുപ്പ് നൽകുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) മണലൂർ നിയോജകമണ്ഡലത്തിലെ വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അധീനതയിൽ 2 മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകൾ പ്രവർത്തിക്കുന്നു. അവയിൽ ആകെ 5 വ്യവസായ സംരംഭങ്ങൾ പ്രവർത്തിക്കുന്നു.

(ബി) ഇല്ല.

(സി) സംരംഭക സഹായ പദ്ധതി, പ്രധാനമന്ത്രി തൊഴിലുറപ്പ് പദ്ധതി, ആശ, വ്യവസായ മിത്ര, ഏകജാലക ക്ലിയറൻസ് ബോർഡ്, എന്റർപ്രണേഴ്സ് ഡെവലപ്മെന്റ് ക്ലബ് സ്കീം, നാനോ ഇന്ററസ്റ്റ് സബ്സിഡി, ഹാന്റ് സ്കീം, ഇൻഫ്രാസ്ട്രക്ചറൽ ഡെവലപ്മെന്റ് സ്കീം (ഡെവലപ്മെന്റ് ലാന്റ് & ബിൽഡിംഗ്) തുടങ്ങിയ വിവിധ പദ്ധതികൾ പുതിയ സംരംഭകരെ സഹായിക്കാൻ നിലവിലുണ്ട്. പ്രസ്തുത പദ്ധതികൾ പ്രകാരമുള്ള ആനുകൂല്യങ്ങൾ നവസംരംഭകർക്ക് നൽകിവരുന്നുണ്ട്.

## പാലക്കാട് ജില്ലയിലെ വ്യവസായ എസ്റ്റേറ്റുകൾ

147 (2364) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ വ്യവസായ വകുപ്പിന് കീഴിൽ എത്ര വ്യവസായ എസ്റ്റേറ്റുകൾ പ്രവർത്തിക്കുന്നുണ്ടെന്നും അവ എവിടെയെല്ലാമാണെന്നും വ്യക്തമാക്കുമോ;

(ബി) പ്രസ്തുത എസ്റ്റേറ്റുകളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) പാലക്കാട് ജില്ലയിൽ വ്യവസായ വകുപ്പിന് കീഴിൽ താഴെപ്പറയുന്ന 5 വ്യവസായ വികസന പ്ലോട്ട്/ഏരിയകളാണ് പ്രവർത്തിക്കുന്നത്.

- ന്യൂ ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് ഏരിയ, കഞ്ചിക്കോട്
- ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് ഏരിയ, പുതുശ്ശേരി
- ഡെവലപ്മെന്റ് പ്ലോട്ട്, കൊപ്പം.
- ഡെവലപ്മെന്റ് പ്ലോട്ട്, കപ്പൂർ
- ഡെവലപ്മെന്റ് പ്ലോട്ട്, ഷൊർണ്ണൂർ

(ബി) മുകളിൽ സൂചിപ്പിച്ചിരിക്കുന്ന 5 വ്യവസായ വികസന ഏരിയ/പ്ലോട്ടുകളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ പേരുവിവരം അനുബന്ധമായി ചേർക്കുന്നു.*

## ഫുഡ് പാർക്കുകളുടെ നിർമ്മാണം

148 (2365) <u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ എത്ര ഫുഡ് പാർക്കുകളുടെ നിർമ്മാണം പുരോഗമിക്കുന്നുവെന്നും അവ എവിടെയെല്ലാമാണെന്നും വെളിപ്പെടുത്തുമോ;

(ബി) ഫുഡ് പാർക്കുകൾ വഴി ലക്ഷ്യമിടുന്ന പ്രയോജനങ്ങളുടെ വിശദാംശം നൽകുമോ;

(സി) വ്യവസായ സംരംഭകരുടെ പ്രോൽസാഹനത്തിന് ഈ സർക്കാർ സ്വീകരിച്ചു വരുന്ന നടപടികൾ വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) രണ്ട് ഫുഡ് പാർക്കുകൾ കിൻഫ്രയുടെ നേതൃത്വത്തിൽ പാലക്കാട് ജില്ലയിലും കെ.എസ്.ഐ.ഡി.സി.-യുടെ നേതൃത്വത്തിൽ ആലപ്പുഴ ജില്ലയിലെ ചേർത്തലയിലും.

(ബി) ഫുഡ് പാർക്കുകൾ മുഖേന കേന്ദ്രീകൃത ഭക്ഷ്യ സംസ്കരണ കേന്ദ്രങ്ങളും ഭക്ഷ്യ വസ്തുക്കളുടെ മൂല്യവർദ്ധിത ഉല്പാദനവും അവയുടെ സംസ്കരണവും ശേഖരണവുമാണ് ലക്ഷ്യമിടുന്നത്. ഇതുവഴി കർഷകരെയും ഭക്ഷ്യ സംസ്കരണ മൂല്യവർദ്ധിത ഉല്പാദകരെയും വിപണനക്കാരെയും ഒരുമിപ്പിച്ചുകൊണ്ട് ഭക്ഷ്യ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

വസ്തുക്കളുടെ പാഴാക്കൽ കുറയ്ക്കുകയും കർഷകർക്ക് അധിക വരുമാനം ലഭിക്കുന്നതിനുള്ള പ്രവർത്തനങ്ങളുമാണ് ലക്ഷ്യം വയ്ക്കുന്നത്. ഫുഡ് പാർക്കുകളിൽ ഭക്ഷ്യ സംസ്കരണ മൂല്യ വർദ്ധിത പ്ലാന്റുകൾക്ക് പുറമേ ഭക്ഷ്യ വസ്തുക്കൾ നശിച്ചുപോകാതെ ദീർഘകാലം സൂക്ഷിക്കുന്നതിനുള്ള സ്റ്റോറേജ് പ്ലാന്റുകളും വിഭാവന ചെയ്തിട്ടുണ്ട്.

(സി) സംസ്ഥാനത്ത് വ്യവസായ വാണിജ്യ സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കുക, കേന്ദ്ര സർക്കാരിന്റെ വ്യവസായ വളർച്ചയിൽ മറ്റ് മുൻനിര സംസ്ഥാനങ്ങളോടൊപ്പം എത്തിക്കുക എന്നീ ലക്ഷ്യങ്ങളോടുകൂടി സർക്കാർ 'ഈസ് ഓഫ് ഡൂയിംഗ് ബിസിനസ് '(EoDB) ആരംഭിച്ചു. കൂടാതെ 'ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്' പ്രവർത്തനങ്ങളുടെ ഭാഗമായി സംസ്ഥാനത്ത് വ്യവസായം ആരംഭിക്കുന്നതിന് പുതിയ സംരംഭകർക്കായി ഒരു ഓൺലൈൻ ഏകജാലക സംവിധാനവും (K-SWIFT) 11-2-2019 മുതൽ നിലവിൽ വന്നിട്ടുണ്ട്. കോമൺ ആപ്ലിക്കേഷൻ ഫോറം, ഏകീകൃത പണമൊടുക്കൽ രീതി, സമയബന്ധിത ക്ലിയറൻസുകൾ, ഡിജിറ്റൽ അനുമതികൾ, ഏകജാലക ക്ലിയറൻസ് ലഭ്യമാക്കൽ എന്നിവയാണ് കെ-സ്വിഫ്റ്റിന്റെ പ്രധാനപ്പെട്ട സവിശേഷതകൾ.

കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആന്റ് ഫെസിലിറ്റേഷൻ ആക്ട് 2018 എന്ന പേരിൽ പുതിയ നിയമം സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. അതിൻപ്രകാരം വ്യവസായം തുടങ്ങുന്നതിന് വിവിധ വകുപ്പുകളിൽനിന്നും ലഭിക്കുന്ന അനുമതികളുടെ ഏകജാലക ഓൺലൈൻ സംവിധാനം, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽനിന്നും നൽകുന്ന കെട്ടിട പ്ലാനുകളുടെ ഓൺലൈൻ അനുമതികൾ, വിവിധ വകുപ്പുകൾ തമ്മിലുള്ള സംയുക്ത പരിശോധനാ രീതി, സ്പോട്ട് രജിസ്ട്രേഷൻ, തുടങ്ങിയവ ലഭ്യമാകുന്നു.

സംസ്ഥാനത്ത് നടപ്പിലാക്കുന്ന ഓൺലൈൻ സംവിധാനവും വ്യവസായം തുടങ്ങാൻ ലഭിക്കുന്ന അപേക്ഷകളിന്മേലുള്ള പരിശോധനകളും ഫലപ്രദമായും സമയബന്ധിതമായും നടപ്പാക്കുന്നതിന് 'ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആന്റ് ഫെസിലിറ്റേഷൻ സെൽ ' (IPFC) രൂപീകരിച്ചിട്ടുണ്ട്.

## വ്യവസായ വകുപ്പിന്റെ കീഴിലെയും പൊതുമേഖലാ സ്ഥാപനങ്ങളിലെയും ജീവനക്കാർ

149 (2366) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ വ്യവസായ വകുപ്പിന്റെ കീഴിലും പൊതുമേഖലാസ്ഥാപനങ്ങളിലും ജോലി ചെയ്തിരുന്ന ജീവനക്കാരുടെ എണ്ണം എത്രയായിരുന്നുവെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ബി) നിലവിൽ ജീവനക്കാരുടെ എണ്ണം കൂടിയിട്ടുണ്ടെങ്കിൽ ആയതിനുകാരണം പുതിയ വ്യവസായ സ്ഥാപനങ്ങൾ തുടങ്ങിയതാണോയെന്ന് വെളിപ്പെടുത്തുമോ;

(സി) എങ്കിൽ പുതുതായി തുടങ്ങിയ വ്യവസായ സംരംഭങ്ങൾ ഏതൊക്കെയാണെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ഡി) നിലവിൽ ജീവനക്കാരുടെ എണ്ണം കുറഞ്ഞിട്ടുണ്ടെങ്കിൽ എത്ര കുറവാണ് ഉണ്ടായിട്ടുള്ളതെന്നതിന്റെ ജില്ല തിരിച്ചുള്ള കണക്കും അതിനുള്ള കാരണവും അറിയിക്കുമോ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചുവരുന്നു.

## ഒറ്റപ്പാലം കിൻഫ്ര പാർക്കിൽ ഐ.ടി. പാർക്ക്

150 (2367) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം കിൻഫ്ര പാർക്കിൽ വ്യവസായ വകുപ്പിന് കീഴിൽ ഐ.ടി.പാർക്ക് സ്ഥാപിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ എന്നാണ് പ്രൊപ്പോസൽ ലഭിച്ചത് എന്ന് വ്യക്തമാക്കാമോ; അതിന്മേൽ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ?

ഉത്തരം

(എ&ബി) ഒറ്റപ്പാലം കിൻഫ്ര പാർക്കിൽ ഐ.ടി. പാർക്ക് സ്ഥാപിക്കാൻ നിലവിൽ പദ്ധതിയില്ല.

## കെ.പി.പി. നമ്പ്യാർ സ്മാരക മ്യൂസിയം സ്ഥാപിക്കുന്നതിനുള്ള നടപടി

151 (2368) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കെൽട്രോൺ സ്ഥാപക ചെയർമാനും മാനേജിംഗ് ഡയറക്ടറുമായിരുന്ന കെ.പി.പി. നമ്പ്യാർ സ്മാരക മ്യൂസിയം സ്ഥാപിക്കുന്നതിന് എന്തൊക്കെ തുടർനടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നറിയിക്കുമോ?

ഉത്തരം

കണ്ണൂരിലെ കെൽട്രോൺ കംപോണന്റ് കോംപ്ലക്സ് ലിമിറ്റഡ് സ്ഥിതിചെയ്യുന്നതിന് സമീപത്തായി ഇലക്ട്രോണിക്സ് ഗവേഷണ കേന്ദ്രവും ഇലക്ട്രോണിക്സ് മ്യൂസിയവും ഉൾക്കൊള്ളുന്ന കെ.പി.പി. നമ്പ്യാർ സ്മാരകം നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട ശിലാസ്ഥാപനം 31-12-2018-ന് നടന്നു. സ്മാരക നിർമ്മാണവുമായി ബന്ധപ്പെട്ട് രണ്ട് കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. സ്മാരകത്തിന്റെ ആർക്കിടെക്ചറൽ ഡിസൈനുകൾ പൂർത്തിയായിട്ടുണ്ട്. കൂടാതെ സ്മാരകം നിർമ്മിക്കുന്ന സ്ഥലത്ത് നിന്നിരുന്ന വൃക്ഷങ്ങൾ മുറിച്ചുമാറ്റി. ഗ്രൗണ്ട് വൃത്തിയാക്കുന്ന പ്രവൃത്തികളും പൂർത്തിയായിട്ടുണ്ട്.

**കെ.ഇ.എൽ.-നെ നിർമ്മാണ ചുമതല ഏൽപ്പിച്ച കംഫർട്ട് സ്റ്റേഷൻ**

152 (2369) <u>ശ്രീ. മാത്യു റ്റി. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മല്ലപ്പള്ളി ടൗണിൽ എം.എൽ.എ യുടെ ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് കംഫർട്ട് സ്റ്റേഷൻ പണിയുന്നതിന് കെ.ഇ.എൽ.-നെ ചുമതലപ്പെടുത്തിയതിന് ശേഷം തുടർനടപടികൾ സ്വീകരിക്കാത്തതിന്റെ കാരണം വിശദമാക്കാമോ;

(ബി) പ്രസ്തുത നിർമ്മാണ പ്രവൃത്തി കെ.ഇ.എൽ. ഏറ്റെടുത്ത് നടത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) മല്ലപ്പള്ളി ടൗണിൽ എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ടുപയോഗിച്ച് കംഫർട്ട് സ്റ്റേഷൻ പണിയുന്നതിന് കെ.ഇ.എൽ.-നെ ചുമതലപ്പെടുത്തിയതിനുശേഷം തുടർ നടപടികൾ സ്വീകരിക്കാത്തതിന്റെ കാരണം തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽനിന്നും ഭരണാനുമതി ലഭിക്കാത്തതിനാലാണ്.

(ബി) ഉണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽനിന്ന് ഭരണാനുമതി ലഭിക്കുന്ന മുറയ്ക്ക് പ്രസ്തുത നിർമ്മാണ പ്രവൃത്തി ആരംഭിക്കുന്നതാണ്.

**കൊച്ചി റിഫൈനറിയോടനുബന്ധിച്ചുള്ള പെട്രോകെമിക്കൽ പാർക്ക്**

153 (2370) <u>ശ്രീ. വി. പി. സജീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി റിഫൈനറിയോട് അനുബന്ധിച്ച് സംസ്ഥാന സർക്കാർ ആരംഭിക്കാൻ ഉദ്ദേശിക്കുന്ന പെട്രോകെമിക്കൽ പാർക്കിന്റെ നിർമ്മാണ പ്രവൃത്തികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത പദ്ധതിക്കായുള്ള സ്ഥലം ഏറ്റെടുക്കൽ നടപടി പൂർത്തിയായിട്ടുണ്ടോയെന്നും എന്നത്തേയ്ക്ക് നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കാൻ കഴിയുമെന്നും വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) കൊച്ചിയിലെ ഫാക്ടിൽനിന്നും ഏറ്റെടുക്കുന്ന ഭൂമിയിൽ ഒരു പെട്രോ കെമിക്കൽ പാർക്ക് സ്ഥാപിക്കാൻ കിൻഫ്രയ്ക്ക് പദ്ധതിയുണ്ട്. ഫാക്ടിന്റെ അമ്പലമേട് ഡിവിഷനിൽ പെട്രോകെമിക്കൽ പാർക്ക് സ്ഥാപിക്കുന്നതിന് ഫാക്ടും സംസ്ഥാന സർക്കാരും 20-12-2017-ന് ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ട്. ഇതുപ്രകാരം ഫാക്ടിന്റെ അധീനതയിലുള്ള 481 ഏക്കർ ഭൂമിയിലാണ് ഈ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. കൊച്ചിയിൽ ബി.പി.സി.എൽ.-ന്റെ വിപുലീകരണവും അതുമായി ബന്ധപ്പെട്ട് ഭാവിയിൽ ഉണ്ടാകാവുന്ന നിക്ഷേപ സാധ്യതയും ഈ പദ്ധതിക്ക് ഏറെ പ്രയോജനം ചെയ്യുമെന്ന് കരുതുന്നു. പെട്രോളിയം മേഖലയിലുള്ള വ്യവസായങ്ങൾക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി ഈ മേഖലയിലെ നിക്ഷേപ സാധ്യത പൂർണ്ണമായും പ്രയോജനപ്പെടുത്തുന്ന രീതിയിലാണ് ഈ പദ്ധതി വിഭാവന ചെയ്തിട്ടുള്ളത്. കിഫ്ബി വഴിയാണ് ഈ പദ്ധതിക്കുള്ള ധനസമാഹരണം നടത്താൻ ഉദ്ദേശിക്കുന്നത്.

(ബി) പ്രസ്തുത പദ്ധതിക്കുവേണ്ട വിശദമായ പ്രോജക്ട് റിപ്പോർട്ട് ഹൈദരാബാദ് ആസ്ഥാനമായ വോയന്റ്സ് കൺസൾട്ടന്റ് മുഖേന തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത പദ്ധതിക്കുവേണ്ട പാരിസ്ഥിതിക അനുമതി ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ അന്തിമഘട്ടത്തിലാണ്. ഭൂമി കൈമാറ്റം സംബന്ധിച്ച് അന്തിമതീരുമാനം കേന്ദ്ര സർക്കാരിന്റെ പരിഗണനയിലാണ്. ഫാക്ടിൽനിന്നും ഭൂമി കൈമാറുന്ന മുറയ്ക്ക് ഇതിന്റെ തുടർനടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്.

**ചീമേനിയിൽ കിൻഫ്രയുടെ വ്യവസായ പാർക്ക്**

154 (2371) <u>ശ്രീ. എം. രാജഗോപാലൻ</u> : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2018-19 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച ചീമേനിയിലെ നിർദ്ദിഷ്ട ഐ.ടി. പാർക്ക് ഭൂമിയിൽ കിൻഫ്രയുടെ നേതൃത്വത്തിൽ വ്യവസായ പാർക്ക് യാഥാർത്ഥ്യമാക്കാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

<u>ഉത്തരം</u>

കാസർഗോഡ് ചീമേനിയിലെ ഐ.ടി. വകുപ്പിന്റെ ഉടമസ്ഥതയിലുള്ള സ്ഥലം കിൻഫ്രയ്ക്ക് കൈമാറുന്നതുമായി ബന്ധപ്പെട്ട് അന്തിമതീരുമാനം കൈക്കൊണ്ടിട്ടില്ല.

**ചാലക്കുടി മണ്ഡലത്തിലെ വൈഗൈ ത്രെഡ്സ് കമ്പനി**

155 (2372) <u>ശ്രീ. ബി. ഡി. ദേവസ്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മണ്ഡലത്തിൽപ്പെട്ട കൊരട്ടിയിൽ മധുര കോട്സ് കമ്പനിയ്ക്ക് സർക്കാർ പാട്ടത്തിന് നൽകിയ സ്ഥലത്ത് പ്രവർത്തിച്ചിരുന്ന വൈഗൈ ത്രെഡ്സ് കമ്പനി പ്രവർത്തനം പൂർണ്ണമായും അവസാനിപ്പിച്ച് വർഷങ്ങൾ പിന്നിട്ട സാഹചര്യത്തിൽ, പ്രസ്തുത ഭൂമി തിരിച്ചെടുക്കുന്നതിനും പുതിയ വ്യവസായ സംരംഭങ്ങൾക്കും വിവിധ വികസനാവശ്യങ്ങൾക്കും പ്രയോജനപ്പെടുന്നതിനും ആവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ നടപടികൾ ഏതു ഘട്ടത്തിലാണ് എന്ന് അറിയിക്കാമോ;

(സി) വൈഗൈ ത്രെഡ്സ് കമ്പനിയിലെ തൊഴിൽ നഷ്ടപ്പെട്ടവർക്ക് അർഹമായ സഹായം ലഭ്യമാക്കുന്നതിനും അവരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും സർക്കാർ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) കൊരട്ടി വൈഗൈ ത്രെഡ്സ് പ്രോസസ്സേഴ്സ് പ്രൈവറ്റ് ലിമിറ്റഡ് പ്രവർത്തനം അവസാനിപ്പിച്ച സാഹചര്യത്തിൽ കമ്പനിക്ക് സർക്കാർ പാട്ട വ്യവസ്ഥയിൽ നൽകിയിരുന്ന 84.85½ ഏക്കർ ഭൂമിയിൽ 7.85½ ഏക്കർ ഭൂമി എൻ.എച്ച്. വിപുലീകരണത്തിനും ഒരു ഏക്കർ ഭൂമി കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിനും കൈമാറിയതിനുശേഷം ബാക്കിനിൽക്കുന്ന 76 ഏക്കർ ഭൂമിയിൽ 45.43 ഏക്കർ സ്ഥലം റവന്യൂ വകുപ്പ് തിരികെയെടുക്കുകയും അതിൽ 30 ഏക്കർ ഭൂമി ഐ.ടി. പാർക്ക് സ്ഥാപിക്കുന്നതിന് ഐ.ടി. വകുപ്പിന് കൈമാറുകയും ചെയ്തു. അവശേഷിക്കുന്ന 30.57 ഏക്കർ ഭൂമിയും റവന്യൂ വകുപ്പ് തിരികെയെടുത്ത് ഉത്തരവായിട്ടുണ്ട്. പ്രസ്തുത സ്ഥാപനത്തിന്റെ പരിസമാപ്തീകരണം ബഹു. കർണ്ണാടക ഹൈക്കോടതി നിശ്ചയിച്ച ഒഫീഷ്യൽ ലിക്വിഡേറ്ററുടെ ചുമതലയിലാണ്. അതുകൊണ്ടുതന്നെ കമ്പനിയുടെ മുഴുവൻ ആസ്തികളും ഒഫിഷ്യൽ ലിക്വിഡേറ്ററുടെ സംരക്ഷണയിലാണ്. സർക്കാർ പാട്ടം റദ്ദ് ചെയ്ത് ഉത്തരവിട്ടെങ്കിലും പ്രസ്തുത കമ്പനി ഫയൽ ചെയ്തിട്ടുള്ള കേസിൽ ബഹു. ഹൈക്കോടതി ഉത്തരവ് ഇപ്പോഴും നിലനിൽക്കുന്നതിനാൽ ടി ഭൂമിയും മറ്റുള്ള ആസ്തികളും കൈവശപ്പെടുത്തുന്നതിനോ മറ്റാവശ്യങ്ങൾക്ക് പ്രയോജനപ്പെടുത്തുന്നതിനോ സാധിച്ചിട്ടില്ല. ലിക്വിഡേഷൻ നടപടികൾ പൂർത്തീകരിച്ച് ഭൂമിയിൽ പ്രവേശിക്കാൻ കഴിയുന്ന മുറയ്ക്ക് അനുയോജ്യമായ വ്യവസായ സംരംഭങ്ങൾക്കായി പ്രയോജനപ്പെടുത്തുന്നതാണ്.

(സി) വൈഗൈ ത്രെഡ്സ് കമ്പനിയിലെ തൊഴിൽ നഷ്ടപ്പെട്ടവർക്ക് സഹായം ലഭ്യമാക്കുന്നതിന് 1-7-2018-ന് ചേർന്ന യോഗ തീരുമാന പ്രകാരം തൊഴിലാളികൾക്ക് നഷ്ടപരിഹാരം നൽകുന്നതിനുള്ള ഒരു പാക്കേജ് തയ്യാറാക്കി സമർപ്പിക്കാൻ ലേബർ കമ്മീഷണറെ ചുമതലപ്പെടുത്തുകയും പ്രസ്തുത പാക്കേജ് ലേബർ കമ്മീഷണർ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

എന്നാൽ നാല് വിഭാഗങ്ങളിലായി ആനുകൂല്യം ലഭിക്കേണ്ട തൊഴിലാളികളുടെ എണ്ണം, ഓരോ വിഭാഗത്തിലും എത്ര വീതം തൊഴിലാളികൾക്കാണ് ആനുകൂല്യം ലഭ്യമാക്കേണ്ടത്, തൊഴിലാളികളുടെ വിശദവിവരം എന്നിവ കൂടി ഉൾപ്പെടുത്തിയ റിപ്പോർട്ട് ലേബർ കമ്മീഷണറിൽനിന്നും ലഭ്യമാക്കി തുടർനടപടികൾ സ്വീകരിക്കുന്നതിനുള്ള നടപടികൾ തൊഴിൽ വകുപ്പിൽ സ്വീകരിച്ചുവരുന്നു.

**പട്ടാമ്പിയിൽ താലൂക്ക് വ്യവസായ ഓഫീസ്**

156 (2373) ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടാമ്പി താലൂക്കിന്റെ വിവിധ ഭാഗങ്ങളിലുള്ള വ്യവസായികൾക്ക് വ്യാവസായിക സേവനങ്ങൾക്കായി അമ്പത് കിലോമീറ്റർ യാത്ര ചെയ്ത് ഒറ്റപ്പാലം വരെ പോകേണ്ടി വരുന്നതിലുള്ള ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പട്ടാമ്പിയിൽ ഒരു വ്യവസായ ഓഫീസ് ആരംഭിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ;

(സി) ഇല്ലെങ്കിൽ പട്ടാമ്പിയിൽ ഒരു വ്യവസായ ഓഫീസ് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പട്ടാമ്പി ഉൾപ്പെടെ താലൂക്ക് വ്യവസായ കേന്ദ്രങ്ങൾ നിലവിലില്ലാത്ത താലൂക്കുകളിൽ താലൂക്ക് വ്യവസായ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന്റെ സാധ്യതകൾ പരിശോധിക്കുന്നതിന് ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(സി) ബാധകമല്ല.

## ഷൊർണ്ണൂർ മണ്ഡലത്തിൽ വ്യവസായ സമുച്ചയം

157 (2374) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഷൊർണ്ണൂർ മണ്ഡലത്തിൽ നടപ്പിലാക്കുന്ന വ്യവസായ സമുച്ചയത്തിന്റെ പ്രവൃത്തിക്കായി നിർവ്വഹണ ഏജൻസി സമർപ്പിച്ച 30.17 കോടി രൂപയുടെ പരിഷ്കരിച്ച എസ്റ്റിമേറ്റിന് ഭരണാനുമതി നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഭരണാനുമതി നൽകുവാൻ സത്വര നടപടി സ്വീകരിക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ നിർമ്മാണ പ്രവൃത്തി എപ്പോൾ ആരംഭിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ; നിർമ്മാണം ആരംഭിക്കുവാൻ ഇനി എന്തെല്ലാം നടപടിക്രമങ്ങൾ പൂർത്തീകരിക്കേണ്ടതുണ്ടെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) ഇല്ല. സ്പെഷ്യൽ വർക്കിംഗ് ഗ്രൂപ്പിന്റെ അംഗീകാരത്തിന് വിധേയമായി നടപടി സ്വീകരിക്കുന്നതാണ്.

(ബി) ഭരണാനുമതി ലഭിക്കുന്ന മുറയ്ക്ക് ആരംഭിക്കാനാകും.

## പെരിന്തൽമണ്ണ നിയോജക മണ്ഡലത്തിലെ ചെറുകിട വ്യവസായ സംരംഭങ്ങൾ

158 (2375) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിൽ പുതുതായി എത്ര ചെറുകിട വ്യവസായ സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ടെന്നും ഏതെല്ലാം മേഖലയിലാണ് അവ ആരംഭിച്ചിട്ടുള്ളതെന്നും അറിയിക്കുമോ;

(ബി) പ്രസ്തുത നിയോജകമണ്ഡലത്തിൽ പുതിയ വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് വ്യവസായ വകുപ്പ് എന്തെല്ലാം സഹായങ്ങൾ നൽകിയിട്ടുണ്ട്; വിശദമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പെരിന്തൽമണ്ണ നിയോജക മണ്ഡലത്തിൽ 309 ചെറുകിട വ്യവസായ സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്. പ്രധാനമായും ഭക്ഷ്യ സംസ്കരണം, വസ്ത്ര നിർമ്മാണം, ജനറൽ എഞ്ചിനീയറിംഗ്, ഫർണിച്ചർ നിർമ്മാണം എന്നീ മേഖലകളിലാണ് കൂടുതൽ സംരംഭങ്ങൾ ആരംഭിച്ചിട്ടുള്ളത്.

(ബി) പുതിയ വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിനായി സംരംഭകത്വ സഹായ പദ്ധതി പ്രകാരം 12 ചെറുകിയ വ്യവസായ സംരംഭങ്ങൾക്കും പ്രധാനമന്ത്രിയുടെ തൊഴിൽദായക പദ്ധതി പ്രകാരം 25 സംരംഭങ്ങൾക്കും വ്യവസായ വകുപ്പ് സബ്സിഡി ധനസഹായം നൽകിയിട്ടുണ്ട്. പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിൽ 2 ബ്ലോക്ക് തല നിക്ഷേപ സംഗമവും നടത്തി. ഏകജാലക സംവിധാനത്തിലൂടെ വ്യവസായ സംരംഭകർക്ക് ലൈസൻസുകൾ അതിവേഗം ലഭിക്കുന്നതുമാണ്.

## കൽപ്പറ്റയിലെ കാർബൺ ന്യൂട്രൽ കോഫി പാർക്ക്

159 (2376) <u>ശ്രീ. സി. കെ. ശശീന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൽപ്പറ്റ നിയോജകമണ്ഡലത്തിൽ ഉദ്ഘാടനം ചെയ്ത കാർബൺ ന്യൂട്രൽ കോഫി പാർക്കിന്റെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

<u>ഉത്തരം</u>

വിലയിരുത്തിയിട്ടുണ്ട്. കൽപ്പറ്റ നിയോജകമണ്ഡലത്തിൽ ഉല്ഘാടനം നടത്തിയ കാർബൺ ന്യൂട്രൽ കോഫി പാർക്കിന്റെ പ്രവർത്തനത്തിനായി വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കാൻ 'എംബയോം കൺസൾട്ടിംഗ് ആന്റ് മാനേജ്മെന്റ് സർവ്വീസസ് എൽ.എൽ.പി.' എന്ന സ്ഥാപനത്തെ നിയമിച്ചിട്ടുണ്ട്. അന്തിമ റിപ്പോർട്ട് ലഭിച്ചിട്ടില്ല.

## വ്യവസായ വകുപ്പിന്റെ സ്ഥലത്ത് പട്ടാമ്പി ഫയർ സ്റ്റേഷൻ

160 (2377) <u>ശ്രീ. മുഹമ്മദ് മുഹസിൻ പി.</u>: താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പട്ടാമ്പി മണ്ഡലത്തിൽ ഒരു ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിനായി വ്യവസായ വകുപ്പിന്റെ കീഴിലുള്ള സ്ഥലം വിട്ടു നൽകുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

പട്ടാമ്പി മണ്ഡലത്തിൽ വ്യവസായ ആവശ്യങ്ങൾക്കുപോലും ഭൂമിയുടെ ദൗർലഭ്യം നിലനിൽക്കുന്നതിനാൽ ഫയർ സ്റ്റേഷന് ഭൂമി കണ്ടെത്താൻ കഴിയുകയില്ല.

## വാണിജ്യ മേളകൾ

161 (2378) ശ്രീ. ഇ. കെ. വിജയൻ :
ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :
ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയത്തെ തുടർന്ന് മാറ്റിവെച്ച നാളികേര എക്സ്പോ, റബ്ബർ എക്സ്പോ എന്നിവ എന്നത്തേക്ക് നടത്തുന്നതിനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഇത്തരം പ്രദർശനങ്ങളും ചർച്ചകളും വഴി റബ്ബർ, നാളികേരം എന്നിവയുടെ വ്യാപാരമേഖലയിലെ സ്വാധീനം വർദ്ധിപ്പിക്കാൻ കഴിയുമെന്ന് കരുതുന്നുണ്ടോ; വ്യക്തമാക്കുമോ;

(സി) റബ്ബർ, നാളികേരം എന്നിവയുടെ വ്യാപാരമേഖലയിലെ സ്വാധീനം വർദ്ധിപ്പിക്കാൻ ഏതൊക്കെ രൂപത്തിലുള്ള പ്രദർശനങ്ങളും ചർച്ചകളും വഴി സാധിക്കുമെന്ന് വെളിപ്പെടുത്താമോ;

(ഡി) നാളികേരത്തിനും റബ്ബറിനും അന്തർദേശീയ ബ്രാന്റിംഗും കൂടുതൽ ദൃശ്യതയും കൈവരിക്കുന്നതിന് പ്രസ്തുത സംരംഭം സഹായിക്കുമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) പ്രളയത്തെ തുടർന്ന് മാറ്റിവച്ച നാളികേര എക്സ്പോ 2019 ആഗസ്റ്റ് 17, 18 തീയതികളിൽ കോഴിക്കോട് വച്ചും റബ്ബർ എക്സ്പോ 2019 നവംബർ 2, 3 തീയതികളിൽ കൊച്ചിയിൽവച്ചും നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

(ബി) റബ്ബർ-നാളികേര ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിച്ച് സ്ഥായിയായ വളർച്ചയിലേയ്ക്ക് കേരളത്തെ എത്തിക്കുക എന്നതാണ് കോൺഫറൻസും എക്സ്പോയും മുഖേന ലക്ഷ്യമിടുന്നത്. ഉല്പാദനം, ഉത്പാദന ക്ഷമത, കൃഷിക്കാരുടെ വരുമാനം, റബ്ബർ/നാളികേര ശേഖരണം, മാർക്കറ്റിംഗ്, മൂല്യവർദ്ധിത ഉല്പന്നങ്ങൾ എന്നീ മേഖലകളെ കോൺഫറൻസ് കൈകാര്യം ചെയ്യുകയും ഇന്ത്യയിലെയും മറ്റ് വിദേശ രാജ്യങ്ങളിൽനിന്നുള്ള ഈ മേഖലയിലെ അനുഭവങ്ങൾ കണക്കിലെടുത്ത് ആത്യന്തികമായി ഈ മേഖലയിലെ കൂടുതൽ നിക്ഷേപം ലക്ഷ്യമിടുകയും ചെയ്യുന്നു.

(സി) എക്സ്പോ മുഖേന പുതിയ ഉല്പന്നങ്ങൾ/പുതിയ സാങ്കേതിക വിദ്യകൾ, ഉല്പന്ന വൈവിധ്യവൽക്കരണം തുടങ്ങിയവ സംബന്ധിച്ച അറിവ് ലഭ്യമാകുന്നു. കോൺഫറൻസ് മുഖേന വിവിധ രാജ്യങ്ങളിലെ നൂതന വികസന പ്രവർത്തനങ്ങൾ, ദേശീയ-അന്തർദ്ദേശീയ സ്ഥാപനങ്ങൾ/ ഏജൻസികൾ, വിദഗ്ദ്ധർ എന്നിവരുമായുള്ള പരസ്പര വ്യവഹാരം മുഖേന ഈ മേഖലയിലുണ്ടാകുന്ന അറിവുകൾ പ്രയോജനപ്പെടുത്തുന്നതിന് സാധിക്കുന്നു.

റബ്ബർ-നാളികേരം എന്നിവയുടെ പ്രദർശനങ്ങളും ചർച്ചകളും സംബന്ധിച്ച വിഷയങ്ങൾ അന്തിമമാക്കുന്ന ഘട്ടത്തിലാണ്.

(ഡി) കോൺഫറൻസും എക്സ്പോയും വഴി കൃഷിക്കാർ, ശാസ്ത്രജ്ഞർ, വ്യവസായ സംരംഭകർ, ഉല്പാദക സംഘങ്ങൾ എന്നിവരുമായി പുതിയ സാങ്കേതിക വിദ്യകൾ, വൈവിധ്യവൽക്കരണത്തിന്റെ പുതിയ മേഖലകൾ, കൃഷിയുടെ പാരിസ്ഥിതിക ഫലങ്ങൾ, ഈ മേഖലയോടുള്ള ഇപ്പോഴത്തെ നയസമീപനങ്ങൾ എന്നിവ ഉന്നയിക്കും. റബ്ബർ, നാളികേര മേഖലയ്ക്കുവേണ്ട നൂതന ആശയങ്ങൾ ആരാഞ്ഞ് സംസ്കരണ സംരംഭകർ, നിർമ്മാതാക്കൾ, വിതരണക്കാർ, ഫാബ്രിക്കേറ്റർമാർ, സംരംഭകർ എന്നിവരുടെ ഉല്പന്നങ്ങൾ, സേവനങ്ങൾ എന്നിവ പ്രദർശിപ്പിക്കുന്ന വേദിയായി മാറും. പ്രാദേശിക കച്ചവടക്കാരെയും ദേശീയ അന്തർദ്ദേശീയ വ്യാപാരികളെയും സംസ്കരിക്കുന്നവരെയും വിതരണക്കാരെയും പങ്കെടുപ്പിക്കുന്ന ഒരു ബി റ്റു ബി മീറ്റും ഇതിന്റെ ഭാഗമായി നടത്തുന്നുണ്ട്. ഇതുവഴി നാളികേരത്തിനും റബ്ബറിനും അന്തർദേശീയ ബ്രാന്റിംഗും കൂടുതൽ ദൃശ്യതയും കൈവരിക്കുന്നതിന് സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

### വിഴിഞ്ഞം പദ്ധതിക്ക് ആവശ്യമായ കരിങ്കല്ല്

162 (2379) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിലേയ്ക്കായി നിലവിലുള്ള കരിങ്കല്ല് ക്ഷാമം പരിഹരിക്കുന്നതിന് വിഴിഞ്ഞം പദ്ധതിക്കുവേണ്ടി കരിങ്കല്ലുകൾ നൽകുന്ന ക്വാറികളുടെ പ്രവർത്തന സമയം ദീർഘിപ്പിച്ച് നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ക്വാറികളിൽനിന്ന് കരിങ്കല്ല് കൊണ്ടുപോകുന്ന ലോറികൾക്ക് നിലവിലുള്ള നിയന്ത്രണങ്ങൾ എന്തൊക്കെയാണ്; ഇവയിലേതെങ്കിലും നിയന്ത്രണങ്ങൾക്ക് വിഴിഞ്ഞം പദ്ധതിക്ക് മാത്രമായി ഇളവുകൾ നൽകിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) നിലവിലെ നിയമപ്രകാരം ക്വാറികളുടെ കാലാവധി ദീർഘിപ്പിച്ച് നൽകാൻ നിർവ്വാഹമില്ല. ക്വാറികളുടെ പ്രവർത്തനസമയവും ദീർഘിപ്പിച്ച് നൽകിയിട്ടില്ല.

(ബി) ക്വാറികളിൽനിന്ന് കരിങ്കല്ല് കൊണ്ടുപോകുന്ന ലോറികൾക്ക് മൈനിംഗ് ആന്റ് ജിയോളജി വകുപ്പ് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടില്ല. വിഴിഞ്ഞം പദ്ധതിക്ക് മാത്രമായി മൈനിംഗ് ആന്റ് ജിയോളജി വകുപ്പിൽ നിന്നും യാതൊരുവിധ ഇളവുകളും നൽകിയിട്ടില്ല.

**കൈത്തറി സ്കൂൾ യൂണിഫോമുകൾ**

163 (2380) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ വിദ്യാർഥികൾക്ക് യൂണിഫോം നൽകുന്നതിനായി എന്തെങ്കിലും പ്രത്യേക പദ്ധതി വ്യവസായ വകുപ്പിനുകീഴിൽ ആസൂത്രണം ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) കഴിഞ്ഞ വർഷം എത്ര അളവ് യൂണിഫോം വ്യവസായ വകുപ്പ് വഴി നൽകി; ഇതുവഴി എത്ര രൂപയാണ് കൈത്തറി മേഖലയ്ക്ക് ലഭ്യമാക്കാൻ കഴിഞ്ഞത്;

(സി) ഈ വർഷം ഇതിനോടകം എത്ര മീറ്റർ തുണി സ്കൂൾ യൂണിഫോം ഇനത്തിൽ നൽകിക്കഴിഞ്ഞു; ഇതുവഴി എത്ര രൂപയാണ് കൈത്തറി മേഖലയ്ക്ക് ലഭിച്ചത്;

(ഡി) കൈത്തറി മേഖലയിലെ പ്രതിസന്ധി പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെ എന്ന് വിശദമാക്കാമോ; ഇതിന്റെ പൂർണ്ണമായ പ്രയോജനം പ്രസ്തുത മേഖലയ്ക്ക് ലഭിക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഇ) കൈത്തറി വസ്ത്ര ഉപയോഗം സർക്കാർ ജീവനക്കാരുടെ ഇടയിലേക്ക് എത്തിക്കുന്നതിന് എന്തൊക്കെ മാർഗ്ഗങ്ങളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. പരമ്പരാഗത വ്യവസായ മേഖലയായ കൈത്തറി വ്യവസായത്തെ സംരക്ഷിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി സംസ്ഥാനത്തെ സർക്കാർ

സ്കൂളുകളിൽ പഠിക്കുന്ന കുട്ടികൾക്ക് കൈത്തറിയിൽ നെയ്തെടുക്കുന്ന തുണി സൗജന്യ സ്കൂൾ യൂണിഫോമായി നൽകുന്നതിനുള്ള പദ്ധതി 2016-17 ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചതിന്റെ അടിസ്ഥാനത്തിൽ പദ്ധതി നടപ്പിൽ വരുത്തുന്നതിന് സംസ്ഥാന വിദ്യാഭ്യാസ വകുപ്പിനെയും കൈത്തറി വസ്ത്ര ഡയറക്ടറേറ്റിനെയും ചുമതലപ്പെടുത്തുകയുണ്ടായി. 2017-18 അധ്യയന വർഷം മുതൽ നിലവിലുള്ള പ്രസ്തുത പദ്ധതിക്കായി വിദ്യാഭ്യാസ വകുപ്പിൽനിന്ന് ഫണ്ട് അനുവദിച്ചുവരുന്നു. വിദ്യാഭ്യാസ വകുപ്പിൽനിന്നുള്ള നിർദ്ദേശ പ്രകാരമാണ് യൂണിഫോമിനായുള്ള നിറവും തുണിയുടെ അളവും സ്കൂളുകളുടെയും കുട്ടികളുടെയും എണ്ണവും ലഭ്യമാക്കുന്നത്. വിദ്യാഭ്യാസ വകുപ്പ് നിർദ്ദേശിക്കുന്ന അളവിൽ കൈത്തറി തുണി നെയ്ത് സ്കൂളുകളിൽ വിതരണം ചെയ്യുന്നത് കൈത്തറി വസ്ത്ര ഡയറക്ടറേറ്റ് മുഖേനയാണ്.

2017-18 അദ്ധ്യയന വർഷം മുതൽ സ്കൂൾ വിദ്യാർത്ഥികൾക്ക് സൗജന്യ കൈത്തറി യൂണിഫോം വിതരണം ചെയ്തുവരുന്നു. 2019-20 അധ്യയന വർഷത്തിൽ സംസ്ഥാനത്തെ സർക്കാർ സ്കൂളുകളിലെ 1 മുതൽ 7 വരെയുള്ള ക്ലാസുകളിലെ കുട്ടികൾക്കും എയ്ഡഡ് സ്കൂളുകളിലെ 1 മുതൽ 4 വരെയുള്ള ക്ലാസുകളിലെ കുട്ടികൾക്കും 2 ജോഡി വീതം യൂണിഫോമിനായുള്ള 42 ലക്ഷം മീറ്റർ തുണി നെയ്ത് സ്കൂളുകളിൽ വിതരണം ചെയ്യാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. അവ വിതരണം ചെയ്തുവരികയാണ്.

(ബി) 2018-19 അദ്ധ്യയന വർഷം സംസ്ഥാനത്തെ 3578 സർക്കാർ സ്കൂളുകളിലെ 1 മുതൽ 7 വരെയുള്ള ക്ലാസുകളിലെ കുട്ടികൾക്കായി 2009677.05 മീറ്റർ തുണി യൂണിഫോമിനായി വിതരണം ചെയ്തു. ഇതോടൊപ്പം 2018-19 അധ്യയന വർഷം തന്നെ അധികമായി ചേർന്ന പുതിയ കുട്ടികൾക്കും പ്രളയം ബാധിച്ച് യൂണിഫോം തുണി നഷ്ടമായ കുട്ടികൾക്കുമായി ഏകദേശം 2.9 ലക്ഷം മീറ്റർ തുണികൂടി വിതരണം ചെയ്തിട്ടുണ്ട്. 2018-19 അദ്ധ്യയന വർഷം വരെ ആകെ 81.26 കോടി രൂപ സ്കൂൾ യൂണിഫോം പദ്ധതിക്കായി ലഭിച്ചിട്ടുണ്ട്.

(സി) 2019-20 അദ്ധ്യയന വർഷത്തിൽ സംസ്ഥാനത്തെ സർക്കാർ സ്കൂളുകളിലെ 1 മുതൽ 7 വരെയുള്ള ക്ലാസുകളിലെ കുട്ടികൾക്കും എയ്ഡഡ് സ്കൂളുകളിലെ 1 മുതൽ 4 വരെയുള്ള ക്ലാസുകളിലെ കുട്ടികൾക്കും 2 ജോഡി വീതം യൂണിഫോമിനായുള്ള 42 ലക്ഷം മീറ്റർ തുണി നെയ്ത് സ്കൂളുകളിൽ വിതരണം ചെയ്യുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ഇതിലേയ്ക്കായി 107.8 കോടി രൂപയാണ് വകയിരുത്തിയിരിക്കുന്നത്. ഈ തുക വിദ്യാഭ്യാസ വകുപ്പിൽനിന്നും ലഭിച്ചിട്ടുണ്ട്. യൂണിഫോം തുണി വിതരണം പൂർത്തീകരിച്ചുവരുന്നു.

(ഡി) പരമ്പരാഗത വ്യവസായമായ കൈത്തറി മേഖലയിലെ പ്രതിസന്ധി പരിഹരിക്കുന്നതിനായി നിരവധി പദ്ധതികൾ സർക്കാർ നടപ്പിലാക്കിവരുന്നു. പ്രസ്തുത പദ്ധതികൾ കൈത്തറി വ്യവസായ മേഖലയ്ക്കും നെയ്ത്ത് തൊഴിലാളികൾക്കും ഒരു പുത്തനുണർവ് സമ്മാനിച്ചിരിക്കുകയാണ്. ടി പദ്ധതികളുടെ വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ഇ) പരമ്പരാഗത മേഖലയായ ഖാദി/കൈത്തറി മേഖലയെ സംരക്ഷിക്കുന്നതിൽ പങ്കാളികളാകാൻ എല്ലാ സർക്കാർ ജീവനക്കാരും അദ്ധ്യാപകരും പൊതുമേഖലാ/സഹകരണ മേഖലയിലെ ജീവനക്കാരും ആഴ്ചയിലൊരിക്കൽ (ബുധനാഴ്ച ദിവസം) ഖാദി/കൈത്തറി വസ്ത്രം ധരിക്കാൻ അഭ്യർത്ഥിച്ചുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ സർക്കാർ ജീവനക്കാർക്ക് കൈത്തറി വസ്ത്രം ലഭ്യമാകുന്നതിന് പലിശരഹിത തവണ വ്യവസ്ഥയിൽ നൽകുന്ന പദ്ധതി ഹാന്റക്സ് മുഖേന നടപ്പിലാക്കി വരുന്നു.

## പാലക്കാട്ടെ കൈത്തറി നെയ്ത്തുതൊഴിലാളി സംഘങ്ങൾ

164 (2381) <u>ശ്രീ. പി. ഉണ്ണി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ നാമാവശേഷമായിക്കൊണ്ടിരിക്കുന്ന കൈത്തറി നെയ്ത്ത് വ്യവസായത്തെ പുനരുദ്ധരിക്കുന്നതിനായി എന്തെല്ലാം പദ്ധതികളാണ് ഈ സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നത്; വിശദാംശം നൽകാമോ;

(ബി) അടച്ചുപൂട്ടിക്കിടന്ന് നാമാവശേഷമാവുന്ന കൈത്തറി നെയ്ത്തുതൊഴിലാളി സഹകരണ സംഘങ്ങളെ പുനരുജ്ജീവിപ്പിക്കുന്നതിന് ആവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുമോ;

(സി) ആലത്തൂർ, ഒറ്റപ്പാലം താലൂക്കുകളിൽ എത്ര നെയ്ത്തുതൊഴിലാളി സംഘങ്ങൾ പൂട്ടി കിടക്കുന്നുണ്ട്; വിശദാംശം നൽകാമോ;

(ഡി) പ്രസ്തുത സംഘങ്ങളെ പുനരുജ്ജീവിപ്പിക്കുന്നതിന് പ്രത്യേക പാക്കേജ് നടപ്പിലാക്കുമോ എന്നറിയിക്കാമോ;

<u>ഉത്തരം</u>

(എ) പാലക്കാട് ജില്ലയിൽ കൈത്തറി നെയ്ത്ത് വ്യവസായത്തെ പുനരുദ്ധരിക്കുന്നതിനായി നടപ്പിലാക്കിവരുന്ന പദ്ധതികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

| | | |
|---|---|---|
| 1 | സൗജന്യ സ്കൂൾ യൂണിഫോം പദ്ധതി | ഏഴ് സംഘങ്ങളിലായി 138 നെയ്ത്ത് തൊഴിലാളികൾ ജോലി ചെയ്തുവരുന്നു. |
| 2 | യുവവീവ് പദ്ധതി | 20 തൊഴിലാളികൾക്ക് നെയ്ത്ത് പരിശീലനം നൽകിയിട്ടുണ്ട്. പരിശീലനത്തിന്റെ രണ്ടാംഘട്ടം നടപ്പിലാക്കുന്നതിനായി നടപടികൾ സ്വീകരിച്ചു വരുന്നു. |
| 3 | ഒരു വീട്ടിൽ ഒരു തറി | 24 നെയ്ത്ത് തൊഴിലാളികൾക്ക് തറിയുടെ വിലയുടെ ¾ ഭാഗം സർക്കാർ ധനസഹായമായി നൽകി നെയ്ത്ത് തൊഴിലിലേയ്ക്ക് കൊണ്ടുവരുന്നു. |
| 4 | നെയ്ത്ത് പരിശീലനം | പരിശീലനം നൽകിയ 48 പേരിൽ 30 പേർ നെയ്ത്ത് ജോലിയിൽ തുടരുന്നു. |

കൂടാതെ റിബേറ്റ്, പ്രൊഡക്ഷൻ ഇൻസെന്റീവ്, ഇൻകം സപ്പോർട്ട്, അംശദാന മിതവ്യയ ഫണ്ട്, തറി അനുബന്ധ ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള ധനസഹായം, വ്യക്തിഗത വർക്ക് ഷെഡ് റിപ്പയറിംഗ്, ഫാക്ടറി വർക്ക്ഷെഡ് റിപ്പയറിംഗ്, മാർജിൻ മണി ഗ്രാന്റ്, എക്സിബിഷൻ ഗ്രാന്റ്, വിവിധ പരിശീലന പരിപാടികൾ, ഹാന്റ്ലൂം മാർക്ക്, റീ-ഇംപേഴ്സ്മെന്റ് എന്നീ പദ്ധതികൾ വഴി നെയ്ത്ത് വ്യവസായത്തിന്റെ പുനരുദ്ധാരണത്തിനും നെയ്ത്ത് തൊഴിലാളികളുടെ ഉന്നമനത്തിനുമായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) പാലക്കാട് ജില്ലയിലെ പ്രവർത്തനരഹിതമായ പുതുക്കോട് കൈത്തറി സഹകരണ സംഘം ലിമിറ്റഡ് നമ്പർ എഫ് 1562, പല്ലഞ്ചാത്തന്നൂർ കൈത്തറി സഹകരണ സംഘം എഫ് 1333, കരിമ്പുഴ കൈത്തറി സഹകരണ സംഘം എഫ് 1633 എന്നീ 3 സംഘങ്ങളെ പുനരുജ്ജീവിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് പ്രാഥമിക യോഗങ്ങൾ നടന്നുകഴിഞ്ഞു. തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ആലത്തൂർ താലൂക്കിൽ അഞ്ചും ഒറ്റപ്പാലം താലൂക്കിൽ മൂന്നും നെയ്ത്ത് തൊഴിലാളി സംഘങ്ങൾ പൂട്ടിക്കിടക്കുന്നുണ്ട്. അവയുടെ പേരുവിവരങ്ങൾ ചുവടെ ചേർക്കുന്നു:

<u>ആലത്തൂർ താലൂക്ക്</u>

1. പുതുക്കോട് കൈത്തറി സഹകരണ സംഘം - എഫ് 1562.
2. പുതുക്കോട് എസ്.സി. കൈത്തറി സഹകരണ സംഘം - പി.എച്ച്.8.
3. മേലാർകോട് കൈത്തറി സഹകരണ സംഘം - എഫ് 1606.
4. കുഴൽമന്ദം കൈത്തറി സഹകരണ സംഘം - എഫ് 1311.
5. പല്ലഞ്ചാത്തന്നൂർ കൈത്തറി സഹകരണ സംഘം - എഫ് 1333.

ഒറ്റപ്പാലം താലൂക്ക്

1. പട്ടിത്തറ പട്ടികജാതി കൈത്തറി സഹകരണ സംഘം - പി.എച്ച്. 12.
2. കണ്ണിയാമ്പുറം കൈത്തറി സഹകരണ സംഘം - എച്ച് 215.
3. കരിമ്പുഴ കൈത്തറി സഹകരണ സംഘം - എഫ് 1633.

(ഡി) പൂട്ടിക്കിടക്കുന്ന കൈത്തറി നെയ്ത്ത് തൊഴിലാളി സഹകരണ സംഘങ്ങളെ പുനരുജ്ജീവിപ്പിക്കുന്നതിനുള്ള പ്രത്യേക പാക്കേജ് ഇപ്പോൾ നിലവിലില്ല. എന്നാൽ സംഘം തയ്യാറായി വന്നാൽ പുനരുജ്ജീവിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്.

**കൊല്ലം പാർവ്വതി മിൽ**

165(2382) ശ്രീ. എം. മുകേഷ്: താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നാഷണൽ ടെക്സ്റ്റൈൽ കോർപ്പറേഷന് കീഴിൽ പ്രവർത്തിച്ചു വന്നിരുന്നതും ഒരു ദശാബ്ദക്കാലത്തോളമായി പൂട്ടിക്കിടക്കുന്നതുമായ കൊല്ലം പാർവ്വതി മിൽ തിരികെ ഏറ്റെടുത്ത് മറ്റേതെങ്കിലും വ്യവസായ സംരഭങ്ങൾക്കായി വിനിയോഗിക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

ഇപ്പോൾ സർക്കാർ പരിഗണനയിലില്ല.

**ചേന്ദമംഗലം കൈത്തറി**

166 (2383) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയത്തിൽ തകർന്ന ചേന്ദമംഗലം കൈത്തറിയെ പുനരുജ്ജീവിപ്പിക്കുവാൻ എന്തൊക്കെ നടപടികളാണ് വ്യവസായ വകുപ്പ് കൈക്കൊണ്ടതെന്ന് അറിയിക്കാമോ;

(ബി) പ്രളയത്തിൽ ചേന്ദമംഗലം കൈത്തറി മേഖലയിൽ ഉണ്ടായ നഷ്ടം എത്രയാണ്; വിശദമാക്കാമോ;

(സി) പ്രസ്തുത നഷ്ടം നികത്തുന്നതിന് എന്തൊക്കെ സഹായങ്ങളാണ് നൽകിയതെന്ന് അറിയിക്കാമോ;

(ഡി) സ്കൂൾ വിദ്യാർത്ഥികൾക്കാവശ്യമായ കൈത്തറി തുണിത്തരങ്ങൾക്കുള്ള ഓർഡർ ചേന്ദമംഗലം കൈത്തറി സഹകരണ സംഘത്തിന് നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) എറണാകുളം ജില്ലയിലെ ചേന്ദമംഗലത്ത് 9 കൈത്തറി സംഘങ്ങളും ഒരു യാൺ ബാങ്കും പ്രളയത്തിൽ അകപ്പെട്ടു. പ്രളയത്തിന്റെ നാശനഷ്ടം വിലയിരുത്തുന്നതിനായി വ്യവസായ വകുപ്പ് പ്രതിനിധികൾ ഈ പ്രദേശം സന്ദർശിച്ച് നാശനഷ്ടങ്ങൾ തിട്ടപ്പെടുത്തുകയും എം.എൽ.എ.-മാർ, ജില്ലാ ഭരണകൂടം, വ്യവസായ വകുപ്പ് ഉദ്യോഗസ്ഥർ, കൈത്തറി സംഘങ്ങളുടെ പ്രതിനിധികൾ എന്നിവരുമായി കൂടിയാലോചന നടത്തുകയുമുണ്ടായി. ഇതിനെ തുടർന്ന് ചേർന്ന 2 യോഗങ്ങളിലുമായി ഈ സംഘങ്ങളെ പുനരുദ്ധരിക്കുന്നതിനായി ഒരു ആക്ഷൻ പ്ലാൻ തയ്യാറാക്കുകയും ചെയ്തു. സർക്കാർ പദ്ധതിയിലും സി.എസ്.ആർ. ഫണ്ടിലൂടെയും ലഭിക്കുന്ന ധനസഹായത്തോടെ ഈ മേഖലയെ പുനരുജ്ജീവിപ്പിക്കുന്ന തീരുമാനം കൈക്കൊള്ളുകയും ഇതിലേയ്ക്കായി ഒരു മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടുമുണ്ട്. പ്രളയക്കെടുതിയിൽ 2.84 കോടി രൂപയുടെ നാശനഷ്ടങ്ങൾ ഉണ്ടായതായിട്ടാണ് കണക്കാക്കിയിട്ടുള്ളത്. ഇതിൽ വിവിധ സ്ഥാപനങ്ങളുടെ സഹായത്തോടെ ഉപയോഗയോഗ്യമായ തറിയും തറി ഉപകരണങ്ങളും റിപ്പയർ ചെയ്തും പുതിയ തറികൾ അനുവദിച്ചും 255 തറികൾ പ്രവർത്തനക്ഷമമാക്കുകയും തൊഴിലാളികൾക്ക് പൂർണ്ണമായും ജോലി നൽകുകയുംചെയ്തു. ഈ പ്രദേശത്ത് നെയ്ത്തിന് മുന്നൊരുക്കം നടത്തുന്നതിനായി ഒരു കോമൺ ഫെസിലിറ്റി സെന്റർ സ്ഥാപിക്കുന്നതിനായി 2.35 കോടി രൂപയുടെ പദ്ധതിക്ക് അംഗീകാരം നൽകുകയും 2019-20 സാമ്പത്തിക വർഷം ഇതിലേയ്ക്കായി സർക്കാർ വിഹിതമായി 50 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്.

(ബി) പ്രളയത്തിൽ ചേന്ദമംഗലം കൈത്തറി മേഖലയിലെ കൈത്തറി നെയ്ത്ത് സംഘങ്ങൾക്ക് 2.84 കോടി രൂപയുടെ നാശനഷ്ടങ്ങൾ ഉണ്ടായതായിട്ടാണ് കണക്കാക്കിയിട്ടുള്ളത്. അവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | ഇനം | തുക (ലക്ഷത്തിൽ) |
|---|---|---|
| 1 | തറിയും അനുബന്ധ ഉപകരണങ്ങളും | 76.64 |
| 2 | ഡൈ ഹൗസ് | 3.96 |
| 3 | വർക്ക് ഷെഡ് | 0.40 |
| 4 | കെട്ടിടം | 24.16 |
| 5 | ഫർണിച്ചർ & ഫിറ്റിംഗ്സ് | 32.83 |
| 6 | അസംസ്കൃത വസ്തുക്കൾ (യാൺ, ഡൈ & കെമിക്കൽസ്) | 66. 6 |
| 7 | കൈത്തറി ഉല്പന്നങ്ങൾ | 79. 99 |
| | ആകെ | 284.64 |

(സി) കൊച്ചിൻ ഷിപ് യാർഡ്, ഭാരത് പെട്രോളിയം കോർപ്പറേഷൻ എന്നീ പൊതുമേഖലാ സ്ഥാപനങ്ങൾ, വിവിധ സർക്കാരിതര സ്ഥാപനങ്ങൾ തുടങ്ങിയവയുടെ ധനസഹായങ്ങൾ പ്രളയക്കെടുതിയിൽ അകപ്പെട്ട ചേന്ദമംഗലം കൈത്തറി മേഖലയുടെ പുനരുദ്ധാരണത്തിനായി ലഭിച്ചിട്ടുണ്ട്. ഇവരുടെ നിർലോഭമായ സഹായങ്ങളെ തുടർന്ന് കേടുപാടുകൾ പറ്റിയ എല്ലാ തറികളും അറ്റകുറ്റപ്പണികൾ പൂർത്തിയാക്കി പ്രവർത്തനക്ഷമമാക്കിയിട്ടുണ്ട്. അവയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*. കൂടാതെ ഉപയോഗയോഗ്യമായ നൂലും തുണികളും ഉപയോഗപ്പെടുത്തിയിട്ടുണ്ട്.

(ഡി) കൈത്തറി സ്കൂൾ യൂണിഫോം തുണി നെയ്യുന്നത് കൈത്തറി സംഘങ്ങളിലൂടെയാണ്. സന്നദ്ധരായ കൈത്തറി സംഘങ്ങൾക്ക് ടാർജറ്റ് നിശ്ചയിച്ച് നൂലും കൂലിയും നൽകി തുണി ഉല്പാദിപ്പിക്കുന്ന രീതിയാണ് അവലംബിച്ചിരിക്കുന്നത്. ഈ പദ്ധതിക്കായി ചേന്ദമംഗലം പ്രദേശത്ത് 5 പ്രാഥമിക കൈത്തറി സംഘങ്ങളിലെ 82 നെയ്ത്തുകാർ ഈ പദ്ധതിയിൽ ഏർപ്പെട്ട് തുണി നെയ്തുവരുന്നു.

## പല്ലാരിമംഗലം ഖാദി സൗഭാഗ്യയ്ക്ക് പുതിയ കെട്ടിടം

167 (2384) <u>ശ്രീ. ആർ. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിൽ പല്ലാരിമംഗലം ഖാദി സൗഭാഗ്യയ്ക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് എം.എൽ.എ. ആസ്തിവികസന പദ്ധതിയിലുൾപ്പെടുത്തി തുക അനുവദിച്ച് വ്യവസായ(കെ)വകുപ്പ് മുഖാന്തരം ഭരണാനുമതി നൽകിയിരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ തുക, വ്യവസായ വകുപ്പ് ഹെഡ് ഓഫ് അക്കൗണ്ട് മാറി നൽകിയതിനെത്തുടർന്ന് നിർമ്മാണം ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല എന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി നൽകിയ തുക പ്രകാരം പുതിയ എസ്റ്റിമേറ്റ് തയ്യാറാക്കി നൽകിയാൽ തുകയും ഭരണസാങ്കേതികാനുമതിയും നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) മാവേലിക്കര മണ്ഡലത്തിൽ പല്ലാരിമംഗലം ഖാദി സൗഭാഗ്യയ്ക്ക് കെട്ടിട നിർമ്മാണത്തിനായി 1-11-2014-ലെ ജി.ഒ.(ആർ.റ്റി.) നമ്പർ 1226/14/ഐ.ഡി. പ്രകാരം 25 ലക്ഷം രൂപയുടെ ഭരണാനുമതിയാണ് ലഭ്യമായിരുന്നത്. എന്നാൽ യഥാസമയം തുക പിൻവലിക്കാൻ കഴിയാത്തതിനെ തുടർന്ന് 2016-17 സാമ്പത്തിക വർഷം വീണ്ടും പ്രൊപ്പോസൽ സമർപ്പിക്കാൻ നിർദ്ദേശിച്ചതിനെ തുടർന്ന് പൊതുമരാമത്ത് വകുപ്പ് (ബിൽഡിംഗ്) ചീഫ് എഞ്ചിനീയർ 50 ലക്ഷം രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുണ്ടായിരുന്നെങ്കിലും മുൻപുണ്ടായിരുന്ന 25 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് 50 ലക്ഷം രൂപയായി വർദ്ധിപ്പിച്ച സാഹചര്യത്തിൽ അവ നടപ്പിലാക്കാൻ കഴിഞ്ഞില്ല. പുതിയ പ്രൊപ്പോസൽ ലഭിച്ചാൽ അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്.

## അമ്പലത്തിൻകാല ഖാദി കേന്ദ്രത്തിൽ സിൽക്ക് നെയ്ത്ത് പദ്ധതി

168 (2385) <u>ശ്രീ. ഐ. ബി. സതീഷ്</u>: താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാട്ടാക്കട മണ്ഡലത്തിലെ അമ്പലത്തിൻകാല ഖാദികേന്ദ്രത്തിൽ സിൽക്ക് നെയ്ത്ത് പദ്ധതി ആരംഭിക്കുന്നതിനും പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുമുള്ള നിർദ്ദേശം പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ ആയതിൻമേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

ഖാദി ബോർഡിന്റെ കീഴിലെ സിൽക്ക് വ്യവസായം പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. അതിന്റെ ഭാഗമായി 2019-20 സാമ്പത്തിക വർഷം 50 ലക്ഷം രൂപ ടോക്കൺ പ്രൊവിഷനായി അനുവദിച്ചിട്ടുണ്ട്. അമ്പലത്തിൻകാല ഖാദി കേന്ദ്രത്തിൽ പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള ഫണ്ടും അനുമതിയും ലഭ്യമാകുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്.

## കേരള ഒളിമ്പിക് അസോസിയേഷൻ

169 (2386) <u>ശ്രീ. പി. സി. ജോർജ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഒളിമ്പിക് അസോസിയേഷന്റെ പുതിയ ഭാരവാഹികൾ/ മെമ്പർമാർ ആരൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) കേരള ഒളിമ്പിക് അസോസിയേഷന് സംസ്ഥാന സർക്കാർ എന്തെങ്കിലും സാമ്പത്തിക സഹായം നൽകുന്നുണ്ടോ;എങ്കിൽ വിശദമാക്കുമോ;

(സി) കേരള ഒളിമ്പിക് അസോസിയേഷന്റെ നിലവിലെ ഭാരവാഹികൾ ചുമതലയേൽക്കുന്നതിനു തൊട്ടുമുൻപുള്ള ഭാരവാഹികൾ/ മെമ്പർമാർ ആരൊക്കെയായിരുന്നുവെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) കേരള ഒളിമ്പിക് അസോസിയേഷന്റെ പുതിയ ഭാരവാഹികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| | | |
|---|---|---|
| പ്രസിഡന്റ് | - | ശ്രീ. വി. സുനിൽ കുമാർ |
| ഹോണററി സെക്രട്ടറി | - | ശ്രീ. എസ്. രാജീവ് |
| ട്രഷറർ | - | ശ്രീ. എം. ആർ. രഞ്ജിത്ത് |

(ബി) ഒളിമ്പിക് ദിനാചരണത്തിന്റെ നടത്തിപ്പിനായി തിരുവനന്തപുരം ജില്ലാ ഒളിമ്പിക് അസോസിയേഷന് കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ പ്ലാൻ ഫണ്ടിൽനിന്ന് 4,25,000 രൂപയും കായിക യുവജന കാര്യാലയത്തിൽനിന്നും 3 ലക്ഷം രൂപയും സാമ്പത്തിക സഹായമായി അനുവദിച്ചിട്ടുണ്ട്.

(സി) കേരള ഒളിമ്പിക് അസോസിയേഷന്റെ നിലവിലെ ഭാരവാഹികൾ ചുമതലയേൽക്കുന്നതിന് തൊട്ടുമുമ്പുള്ള ഭാരവാഹികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| | | |
|---|---|---|
| പ്രസിഡന്റ് | - | ശ്രീ. എം. എം. അബ്ദുൾ റഹിമാൻ |
| ഹോണററി സെക്രട്ടറി | - | ശ്രീ. പി. എ. ഹംസ |
| ട്രഷറർ | - | ശ്രീ. പി. മോഹൻദാസ് |

**ഓപ്പറേഷൻ ഒളിമ്പ്യ പദ്ധതി**

170 (2387) ശ്രീ. എം. നൗഷാദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓപ്പറേഷൻ ഒളിമ്പ്യ പദ്ധതിപ്രകാരം പരിശീലനം നൽകിവരുന്ന കായിക താരങ്ങളുടെ പ്രകടനം വിലയിരുത്തുന്നതിന് സമിതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം പ്രകടനം മെച്ചപ്പെടാത്ത കായികതാരങ്ങൾക്ക് പകരം മികവ് പ്രകടിപ്പിക്കുന്ന മറ്റ് കായിക താരങ്ങളെ ഉൾപ്പെടുത്തുന്നതിന് എന്തെങ്കിലും തടസ്സമുണ്ടോ; വ്യക്തമാക്കാമോ?

ഉത്തരം

(എ) നിലവിൽ ഓരോ ജില്ലയിലും ഓപ്പറേഷൻ ഒളിമ്പ്യ പദ്ധതിക്ക് വെന്യൂ മാനേജ്മെന്റ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. പദ്ധതിയിൽ ഉൾപ്പെട്ട കായികതാരങ്ങളുടെ പ്രകടനം വിലയിരുത്തുന്നതിനായി ഓപ്പറേഷൻ ഒളിമ്പ്യ എക്സ്പെർട്ട് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.

(ബി) പരിശീലന കാലഘട്ടത്തിന്റെ നിശ്ചിത ഇടവേളകളിൽ അതാത് കായിക ഇനത്തിന്റെ വിദഗ്ദ്ധ സമിതി നിർണ്ണയിക്കുന്ന പ്രകടന മികവിന്റെ അടിസ്ഥാനത്തിൽ പദ്ധതിയിൽ നിലവിലുള്ള കായികതാരങ്ങളുടെ തുടർ പരിശീലനം സംബന്ധിച്ചും മികവ് പ്രകടിപ്പിക്കുന്ന മറ്റ് താരങ്ങളെ ഉൾപ്പെടുത്തുന്നത് സംബന്ധിച്ചും ഉചിതമായ തീരുമാനവും നടപടികളും സ്വീകരിക്കുന്നതാണ്.

**ഫുട്ബോളിനെ പ്രോത്സാഹിപ്പിക്കാൻ പദ്ധതി**

171 (2388) ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫുട്ബോളിനെ പ്രോത്സാഹിപ്പിക്കുവാൻ ഈ സർക്കാർ ആവിഷ്കരിച്ച പദ്ധതികൾ എന്തൊക്കെയാണ് എന്നറിയിക്കാമോ;

(ബി) തെരഞ്ഞെടുക്കപ്പെട്ട സ്കൂളുകളിലെ 7 മുതൽ 12 വയസ്സുവരെ പ്രായമുള്ള കുട്ടികളെ തെരഞ്ഞെടുത്ത് പരിശീലിപ്പിക്കുന്ന പദ്ധതി പ്രാവർത്തികമാക്കിയിട്ടുണ്ടോ; ഇതിനായി എത്ര കുട്ടികളെയാണ് തെരഞ്ഞെടുക്കുന്നത്;

(സി) സംസ്ഥാനത്തെ പ്രധാന പൊതുമേഖലാ സ്ഥാപനങ്ങളിൽ ഫുട്ബോൾ ടീമുകൾ രൂപീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഏതൊക്കെ സ്ഥാപനങ്ങളെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഫുട്ബോൾ കളിയിൽ തല്പരരായ കുട്ടികളെ ചെറിയ പ്രായത്തിൽതന്നെ കണ്ടെത്തി വിദഗ്ദ്ധ പരിശീലനം ലഭ്യമാക്കി മികച്ച ഫുട്ബോൾ കളിക്കാരായി

വളർത്തിയെടുക്കുകയെന്ന ലക്ഷ്യത്തോടെ കിക്കോഫ് എന്ന ഗ്രാസ് റൂട്ട് ലെവൽ ഫുട്ബോൾ പരിശീലന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

കൂടാതെ കേരളാ സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ കീഴിൽ വിവിധ ജില്ലകളിൽ പ്രവർത്തിക്കുന്ന സ്പോർട്സ് അക്കാഡമികളിലൂടെ ഏകദേശം 300 കായിക താരങ്ങൾക്ക് ഫുട്ബോളിൽ മികച്ച പരിശീലകരുടെ കീഴിൽ വിദഗ്ദ്ധ പരിശീലനം നൽകിവരുന്നുണ്ട്.

ജി.വി.രാജ സ്പോർട്സ് സ്കൂൾ, കണ്ണൂർ സ്പോർട്സ് ഡിവിഷൻ എന്നിവിടങ്ങളിൽ നിലവിൽ ഫുട്ബോൾ പരിശീലനം നൽകിവരുന്നുണ്ട്. ജി.വി.രാജ സ്പോർട്സ് സ്കൂളിലെ വിദ്യാർത്ഥികൾക്ക് അന്താരാഷ്ട്ര നിലവാരമുള്ള പരിശീലനം നൽകുന്നതിന് കപ്പാസിറ്റി ബിൽഡിംഗ് പ്രോഗ്രാമിന്റെ ഭാഗമായി രണ്ട് പുതിയ പരിശീലകരെ നിയമിച്ചിട്ടുണ്ട്.

(ബി) കിക്കോഫ് പരിശീലന പദ്ധതിക്കായി 12-നും 14-നുമിടയിൽ പ്രായമുള്ള കുട്ടികളെയാണ് തെരഞ്ഞെടുക്കുന്നത്. തെരഞ്ഞെടുക്കപ്പെട്ട സ്കൂളുകളിലെ കുട്ടികൾക്ക് പുറമേ പ്രസ്തുത സ്കൂളിന്റെ പരിസരപ്രദേശങ്ങളിലെ സ്കൂളുകളിലെ കുട്ടികളെക്കൂടി ഉൾപ്പെടുത്തി പ്രാഥമിക തെരഞ്ഞെടുപ്പിൽ 50 കുട്ടികളെയും അന്തിമ തെരഞ്ഞെടുപ്പിൽ 25 കുട്ടികളെയും വീതം പദ്ധതിയിൽ ഉൾപ്പെടുത്തി ആകെ 475 കുട്ടികൾക്ക് പരിശീലനം നൽകിവരുന്നു.

(സി) സംസ്ഥാനത്തെ പ്രധാന പൊതുമേഖലാ സ്ഥാപനങ്ങളിൽ ഫുട്ബോൾ ടീമുകൾ രൂപീകരിക്കുന്നത് സംബന്ധിച്ച കാര്യം പരിശോധിക്കുന്നതാണ്.

## ജി.വി. രാജ സ്പോർട്സ് സ്കൂൾ വികസനം

172 (2389) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി. വി. രാജ സ്പോർട്സ് സ്കൂൾ അന്താരാഷ്ട്ര നിലവാരത്തിലേക്ക് വികസിപ്പിക്കുവാൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഈ പദ്ധതികൾ പ്രാവർത്തികമാക്കുന്നതിന് എന്ത് ചെലവ് പ്രതീക്ഷിക്കുന്നുവെന്ന് അറിയിക്കുമോ;

(സി) കിഫ്ബിയിൽ നിന്നും ഇതിനായി തുക അനുവദിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ തുക എത്രയെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. ജി.വി. രാജ സ്പോർട്സ് സ്കൂൾ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് വികസിപ്പിക്കാൻ ലോകോത്തര നിലവാരമുള്ള പരിശീലനവും അടിസ്ഥാന സൗകര്യങ്ങളും ഒരുക്കുകയും മികച്ച കായിക ഉപകരണങ്ങൾ വാങ്ങുകയും ചെയ്തിട്ടുണ്ട്. കൂടാതെ സ്കൂളുകളിലെ ഹോസ്റ്റലുകൾ, അടുക്കള, ശുചിമുറികൾ, എന്നിവയുടെ നവീകരണം, കുട്ടികൾക്കാവശ്യമായ ബെഞ്ച്, ഡെസ്ക്, കട്ടിലുകൾ, കിടക്ക മുതലായ സൗകര്യങ്ങളും ഒരുക്കുകയും ചെയ്തിട്ടുണ്ട്. ഈ സ്കൂളുകളിലെ പഠന നിലവാരം ഉയർത്തുന്നതിന്റെ ഭാഗമായി ഇന്ററാക്ടീവ് ക്ലാസ് റൂം, അറ്റൻഡൻസ് മാനേജ്മെന്റ് സിസ്റ്റം, സി.സി.ടി.വി. എന്നിവ സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

ജി.വി. രാജ സ്പോർട്സ് സ്കൂൾ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് വികസിപ്പിക്കാൻ ചുവടെപറയുന്ന നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്:

1. ആൺകുട്ടികളുടെയും പെൺകുട്ടികളുടെയും ഹോസ്റ്റലിന്റെ നവീകരണം.
2. ഇൻഡോർ കോർട്ടിലെ ഗ്യാലറിയുടെ നവീകരണം.
3. രണ്ട് ബാസ്കറ്റ് ബോൾ കോർട്ടിന്റെയും എക്സ്റ്റെൻഷനും പുതിയ ബാസ്കറ്റ് ബോൾ കോർട്ടിൽ പോസ്റ്റ് സ്ഥാപിച്ചതും.
4. രണ്ട് സിന്തറ്റിക് വോളീബോൾ കോർട്ടിന്റെയും ഒരു മൺ കോർട്ടിന്റെയും നിർമ്മാണവും ഫ്ലെഡ് ലൈറ്റ്, ഗ്യാലറി ചുറ്റും ഫെൻസിംഗ് ചെയ്തത്.
5. ക്രിക്കറ്റ് പ്രാക്ടീസിനുള്ള സൗകര്യം ഒരുക്കുന്ന പ്രവൃത്തി.
6. സ്കൂളുകളിലെ നവാഗതരായ കുട്ടികൾക്കുള്ള ഹോസ്റ്റൽ നിർമ്മാണം.
7. ആധുനിക രീതിയിലുള്ള ബയോഗ്യാസ് പ്ലാന്റ് നിർമ്മിക്കുന്ന പ്രവൃത്തി.
8. ഉപയോഗശൂന്യമായവ കത്തിച്ച് കളയുന്നതിന് ഇൻസിനറേറ്റർ ഹോസ്റ്റലിന് സമീപം നിർമ്മിച്ചത്.
9. മാലിന്യം സംസ്കരിക്കുന്നതിന് സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് കമ്മീഷൻ ചെയ്തത്.
10. വൈദ്യുത പ്രതിസന്ധി പരിഹരിക്കുന്നതിനായി 160 കെ.വി.എ. ശേഷിയുള്ള ഒരു ഡീസൽ ജനറേറ്റർ സ്ഥാപിച്ചത്.
11. ഹോസ്റ്റലിലും സ്കൂളിലും 24 മണിക്കൂറും പ്രവർത്തിക്കുന്ന സി.സി.ടി.വി. ക്യാമറ സംവിധാനം.
12. ക്ലാസ് മുറികൾ, ഹോസ്റ്റൽ, അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് എന്നിവയെ ബന്ധിപ്പിച്ചുകൊണ്ടുള്ള പബ്ലിക് അഡ്രസ് സിസ്റ്റം സ്ഥാപിച്ചത്.

നിർമ്മാണം നടന്നുവരുന്ന മറ്റ് പ്രവൃത്തികൾ

1. സംപ്, പമ്പ് റൂം എന്നിവയുൾപ്പെടെ സിന്തറ്റിക് ഹോക്കി ടർഫ് നിർമ്മാണം ഉടൻ ആരംഭിക്കുന്നതാണ്.
2. 6 വരി 400 എം. അത്‌ലറ്റിക് ട്രാക്ക്, 8 വരി സ്ട്രെയ്റ്റ് ട്രാക്ക് എന്നിവയുടെ നിർമ്മാണ പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്.
3. സ്പ്രിംഗ്ലർ, സംപ്, പമ്പ് റൂം എന്നിവ ഉൾപ്പെടെ സിന്തറ്റിക് ഫുട്ബോൾ ടർഫ് നിർമ്മാണം ആരംഭിച്ചിട്ടുണ്ട്.
4. ജി.വി.രാജ സ്പർട്സ് സ്കൂളിലെ ഇൻഡോർ കോർട്ട് പി.യു. ഫ്ലോറിംഗ് പ്രവൃത്തിക്ക് ഭരണാനുമതി നൽകി. നിർമ്മാണ പ്രവൃത്തി ഉടൻ ആരംഭിക്കുന്നതാണ്.
5. ഗേൾസ് ഹോസ്റ്റലിൽ ആധുനിക രീതിയിലുള്ള മോഡ്യുലാർ കിച്ചൺ നിർമ്മാണവും ഉപകരണങ്ങൾ സ്ഥാപിക്കലും.
6. ജി.വി. രാജ സ്പോർട്സ് സ്കൂളിലെ റീട്ടെയ്നിംഗ് വാൾ നിർമ്മാണം.
7. ജി.വി. രാജ സ്പോർട്സ് സ്കൂളിലേയ്ക്കാവശ്യമായ ജിം ഉപകരണങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതികൾ പൂർത്തീകരിക്കുന്നതിനായി 24.22 കോടി രൂപയുടെ എസ്റ്റിമേറ്റ് അംഗീകരിച്ച് ഭരണാനുമതി നൽകിയിട്ടുണ്ട്.

(സി) മേൽ പ്രവൃത്തിക്ക് കിഫ്ബി ധനസഹായം ഉപയോഗിക്കുന്നില്ല.

## എല്ലാ ഗ്രാമപഞ്ചായത്തുകളിലും മിനി സ്റ്റേഡിയം

173 (2390) <u>ശ്രീ. കെ. ദാസൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എല്ലാ ഗ്രാമപഞ്ചായത്തുകളിലും ഒരു മിനിസ്റ്റേഡിയം എന്ന പദ്ധതി ആസൂത്രണം ചെയ്തിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; എത്ര കോടി രൂപയാണ് പ്രസ്തുത പദ്ധതിക്കായി മാറ്റിവച്ചത് എന്ന് വ്യക്തമാക്കാമോ;

(സി) പദ്ധതിയുടെ ഇപ്പോഴത്തെ പ്രവർത്തന ഘട്ടം വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) കിഫ്ബി പദ്ധതികളിലുൾപ്പെടുത്തിയ പഞ്ചായത്ത് സ്റ്റേഡിയങ്ങളുടെ നിർമ്മാണ പ്രവൃത്തികൾ വിവിധ ഘട്ടത്തിലാണ്. ഇവയുടെ വിശദാംശം ചുവടെ ചേർക്കുന്നു:

| നമ്പർ | വിവരണം | എണ്ണം | തുക (കോടിയിൽ) |
|---|---|---|---|
| 1 | ആകെ പദ്ധതികൾ | 43 | |
| 2 | കിഫ്ബിയിൽ സമർപ്പിച്ചവ | 33 | 359.20 |
| 3a | കിഫ്ബി അംഗീകാരം ലഭിച്ചവ | 30 | 303.44 |
| | i) സാങ്കേതികാനുമതി നൽകാനുള്ളവ | 8 | 107.01 |
| | ii) ടെണ്ടറിംഗ്/ എഗ്രിമെന്റ് ഘട്ടത്തിലുള്ളവ | 6 | 30.78 |
| | iii) നിർമ്മാണ പ്രവർത്തനം ആരംഭിച്ചവ | 16 | 106.96 |
| 3b | കിഫ്ബിയുടെ പരിഗണനയിലിരിക്കുന്നവ | 3 | 28.90 |
| 4 | ഡി.പി.ആർ. സമർപ്പിക്കുവാനുള്ളവ | 4 | |
| 5 | സ്ഥല സംബന്ധമായ പ്രശ്നങ്ങളുള്ളവ | 6 | |

## തിരുവമ്പാടി സ്റ്റേഡിയം

174 (2391) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി ധനസഹായത്തോടെ തിരുവമ്പാടിയിൽ നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന സ്റ്റേഡിയം പ്രവൃത്തിയുടെ നിലവിലെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സ്റ്റേഡിയം പ്രവൃത്തി എന്ന് ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) തിരുവമ്പാടിയിൽ നിർമ്മിക്കാനുദ്ദേശിക്കുന്ന സ്റ്റേഡിയത്തിന് 6.113 കോടി രൂപയുടെ കിഫ്ബി അംഗീകാരവും 5.8 കോടി രൂപയുടെ സാങ്കേതികാനുമതിയും ലഭ്യമായിട്ടുണ്ട്. 3.47 കോടി രൂപ അടങ്കൽ തുക വരുന്ന

പദ്ധതിയുടെ സിവിൽ പ്രവൃത്തികൾ റീ-ടെണ്ടർ ചെയ്തിട്ടുണ്ട്. ടെണ്ടർ നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് സ്റ്റേഡിയത്തിന്റെ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതാണ്.

## തൊടുപുഴയിലെ സ്റ്റേഡിയം നിർമ്മാണം

175 (2392) ശ്രീ. പി. ജെ. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊടുപുഴയിൽ സ്റ്റേഡിയം നിർമ്മിക്കുന്നതിന് 30-3-13-ൽ പുറപ്പെടുവിച്ച 10.20 കോടി രൂപയുടെ ഭരണാനുമതിയെത്തുടർന്ന് എന്തെല്ലാം നടപടികൾ കൈക്കൊണ്ടുവെന്ന് വ്യക്തമാക്കാമോ;

(ബി) സ്റ്റേഡിയം നിർമ്മാണം കിഫ്ബിയിൽ ഉൾക്കൊള്ളിച്ച് നടപ്പാക്കുവാൻ എന്തെങ്കിലും നടപടികൾ കൈക്കൊണ്ടിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ കിഫ്ബിയിൽ ഉൾക്കൊള്ളിച്ച് തൊടുപുഴ സ്റ്റേഡിയം നിർമ്മിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ എന്നറിയിക്കാമോ?

### ഉത്തരം

(എ&ബി) ഭരണാനുമതി തുകയിൽ ഭൂമി ഏറ്റെടുക്കുന്നതിന് വകകൊള്ളി ച്ചിരുന്ന തുക (4 കോടി രൂപ) പ്രസ്തുത ഭൂമിക്ക് ഇടുക്കി ജില്ലാ കളക്ടർ നിശ്ചയിച്ച തുക (27.71 കോടി രൂപ) നൽകുന്നതിന് പര്യാപ്തമല്ലാത്തതിനാൽ ഭൂമി ഏറ്റെടുത്തിട്ടില്ല.

(സി) ഇപ്പോൾ പരിഗണനയിലില്ല.

## മൂവാറ്റുപുഴ മുനിസിപ്പൽ സ്റ്റേഡിയം

176 (2393) ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂവാറ്റുപുഴ മുനിസിപ്പൽ സ്റ്റേഡിയം ജില്ലാ സ്റ്റേഡിയം ആയി ഉയർത്തി നവീകരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ ആയതിന്റെ നിലവിലെ സ്ഥിതി എന്താണെന്നും എന്തൊക്കെ സൗകര്യങ്ങളാണ് സ്റ്റേഡിയത്തിൽ ഒരുക്കുന്നതെന്നും പ്രവൃത്തി എപ്പോൾ ആരംഭിക്കുമെന്നും അറിയിക്കാമോ?

## ഉത്തരം

(എ&ബി) ഉണ്ട്. പ്രസ്തുത ജില്ലാ സ്റ്റേഡിയത്തിന് 40 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതിയുടെ എസ്.പി.വി. ആയ കിറ്റ്കോ ഡി.പി.ആർ. തയ്യാറാക്കി കിഫ്ബിയിൽ സമർപ്പിക്കുകയും 32.55 കോടി രൂപയുടെ കിഫ്ബി അംഗീകാരം ലഭിക്കുകയും ചെയ്തിട്ടുണ്ട്. ടി പദ്ധതിയിൽ വിഭാവന ചെയ്യുന്ന പ്രധാന നിർമ്മാണ പ്രവൃത്തികൾ ചുവടെ ചേർക്കുന്നു:

- ഇൻഡോർ സ്റ്റേഡിയം.
- 8 ലൈനുകളോടുകൂടിയ 400 മീറ്റർ സിന്തറ്റിക് അത്‌ലറ്റിക് ട്രാക്ക്.
- സ്വാഭാവിക പുൽത്തകിടിയോടുകൂടിയ ഫുട്ബോൾ കളിസ്ഥലം (105x68 മീറ്റർ).
- നീന്തൽക്കുളം (25x12.5), ചെയ്ഞ്ച് റൂം സൗകര്യങ്ങൾ.
- ആൺകുട്ടികൾക്കും പെൺകുട്ടികൾക്കുമുള്ള ഹോസ്റ്റൽ സൗകര്യം.
- കടമുറികളോടുകൂടിയ പവലിയൻ കെട്ടിടം.
- ടോയ്‌ലറ്റ് ബ്ലോക്ക്.

സാങ്കേതികാനുമതി ലഭിക്കുന്ന മുറയ്ക്ക് ടെണ്ടർ നടപടികൾ ആരംഭിക്കുന്നതാണ്.

### പുല്ലാരിമംഗലം പഞ്ചായത്തിലെ സ്റ്റേഡിയം

177 (2394) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്റ്റൈൽ പദ്ധതി പ്രകാരം കോതമംഗലം മണ്ഡലത്തിലെ പല്ലാരിമംഗലം പഞ്ചായത്തിൽ ഒരു കോടി രൂപ ചെലവിൽ സ്റ്റേഡിയം നിർമ്മിക്കുന്ന പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) എന്തെല്ലാം പദ്ധതികളാണ് ഇതിന്റെ ഭാഗമായി ആവിഷ്കരിച്ച് നടപ്പിലാക്കുന്നത് എന്ന് വിശദമാക്കാമോ;

(സി) സ്റ്റേഡിയനിർമ്മാണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട ഡി.പി.ആർ. തയ്യാറാക്കുന്നതിനുവേണ്ടി നിശ്ചയിച്ചിട്ടുള്ളത് ആരെയാണെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത പ്രവൃത്തിയുടെ ഡി.പി.ആർ. തയ്യാറാക്കി കഴിഞ്ഞിട്ടുണ്ടോ; നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ഇ) സ്റ്റേഡിയത്തിന്റെ നിർമ്മാണ പ്രവൃത്തികൾ എന്നത്തേയ്ക്ക് ആരംഭിക്കുവാൻ കഴിയും എന്ന് വ്യക്തമാക്കാമോ;

(എഫ്) പ്രസ്തുത സ്റ്റേഡിയത്തിന്റെ നിർമ്മാണം വേഗത്തിലാക്കുന്നതിന് തുടർനടപടികൾ സ്വീകരിക്കുമോ?

## ഉത്തരം

(എ) സൈമൽ പദ്ധതിപ്രകാരം കോതമംഗലം പല്ലാരിമംഗലത്ത് സ്റ്റേഡിയം നിർമ്മിക്കുന്നതിനായി പഞ്ചായത്ത് നിർദ്ദേശിച്ച ഭൂമിയുടെ ടോട്ടൽ സ്റ്റേഷൻ സർവ്വേ മാപ്പ് തയ്യാറാക്കിയിരുന്നു. എന്നാൽ പ്രസ്തുത സ്ഥലം നിർദ്ദിഷ്ട പദ്ധതിക്ക് അനുയോജ്യമല്ലെന്ന് കണ്ടെത്തിയതിനാൽ നിലവിൽ സെവൻസ് ഫുട്ബോൾ ഗ്രൗണ്ടായി ഉപയോഗിച്ചുവരുന്ന മറ്റൊരു സ്ഥലം പരിഗണനയിലുണ്ട്.

(ബി) മൺപ്രതലമായ ഫുട്ബോൾ ഫീൽഡ്, ഗാലറി എന്നീ നിർമ്മാണ പ്രവൃത്തികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്.

(സി) കായികയുവജന കാര്യാലയത്തിന് കീഴിലുള്ള കായിക എഞ്ചിനീയറിംഗ് വിഭാഗത്തിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ഡി) ഡി.പി.ആർ. തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ഇ & എഫ്) ഡി.പി.ആർ. ലഭ്യമാകുന്ന മുറയ്ക്ക് ഫണ്ടിന്റെ ലഭ്യതയനുസരിച്ച് നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതാണ്.

## ഇടക്കൊച്ചിയിൽ ക്രിക്കറ്റ് സ്റ്റേഡിയം

178 (2395) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ക്രിക്കറ്റ് അസോസിയേഷൻ ക്രിക്കറ്റ് സ്റ്റേഡിയം നിർമ്മിക്കുന്നതിനായി ഇടക്കൊച്ചിയിൽ വാങ്ങിയ 24 ഏക്കർ ഭൂമിയിൽ ആധുനിക രീതിയിലുള്ള സ്റ്റേഡിയം നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) അതുമായി ബന്ധപ്പെട്ട തടസ്സങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(സി) ചക്കനാട് പാടശേഖരം എന്നറിയപ്പെട്ടിരുന്നതും കൃഷിചെയ്യാതെ കാടുപിടിച്ച് മാരകരോഗങ്ങൾ പടർത്തുന്ന കൊതുകുകളുടെയും ക്ഷുദ്ര ജീവികളുടെയും പാമ്പുകളുടെയുമെല്ലാം വാസസ്ഥലമായി മാറി നിലവിൽ പ്രദേശവാസികളുടെ ജീവന് ഭീഷണി സൃഷ്ടിക്കുന്നതുമായ കേരള ക്രിക്കറ്റ് അസോസിയേഷന്റെ കൈവശമുള്ള പ്രസ്തുത ഭൂമി ഉപയോഗയോഗ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ-സി) സ്ഥലം വിലയ്ക്ക് വാങ്ങിയത് കേരള ക്രിക്കറ്റ് അസോസിയേഷനാണ്. കേരള ക്രിക്കറ്റ് അസോസിയേഷൻ സർക്കാരിന്റെയോ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെയോ നിയന്ത്രണത്തിലല്ല പ്രവർത്തിക്കുന്നത്. ആയതിനാൽ വിശദാംശം ലഭ്യമല്ല.

**പത്തനംതിട്ടയിൽ ബ്ലസൻ ജോർജ് ഇൻഡോർ സ്റ്റേഡിയം**

179 (2396) <u>ശ്രീ. രാജു എബ്രഹാം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ട ജില്ലയ്ക്ക് അനുവദിച്ച ബ്ലസൻ ജോർജ് ഇൻഡോർ സ്റ്റേഡിയത്തിന്റെ നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കാമോ;

(ബി) ജില്ലാ ആസ്ഥാനത്ത് സ്ഥലം ലഭ്യമാകാത്ത സാഹചര്യത്തിൽ ഇൻഡോർ സ്റ്റേഡിയം മറ്റെവിടേയ്ക്കെങ്കിലും മാറ്റി നൽകാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) പത്തനംതിട്ട ജില്ലയ്ക്ക് അനുവദിച്ച ബ്ലസൻ ജോർജ് ഇൻഡോർ സ്റ്റേഡിയം നിർമ്മാണത്തിനായി 40 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. തുടർന്ന് പദ്ധതിയുടെ എസ്.പി.വി.-യായ കിറ്റ്കോ ലിമിറ്റഡ് 45.48 കോടി രൂപയുടെ ഡി.പി.ആർ. തയ്യാറാക്കി കിഫ്ബി അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത സ്റ്റേഡിയത്തിന്റെ നിർമ്മാണം പത്തനംതിട്ട നഗരസഭയുടെ നിയന്ത്രണത്തിലുള്ള പത്തനംതിട്ട മുനിസിപ്പൽ ഗ്രൗണ്ടിലാണ് നടത്താൻ ഉദ്ദേശിച്ചിട്ടുള്ളത്. കിഫ്ബി മാനദണ്ഡപ്രകാരം നഗരസഭയും കായികയുവജന കാര്യാലയ ഡയറക്ടറുമായി ധാരണാപത്രത്തിൽ ഒപ്പിടുന്ന മുറയ്ക്ക് മാത്രമേ പദ്ധതി നടപ്പിലാക്കാൻ സാധിക്കുകയുള്ളൂ. ഇതുവരെ ധാരണാപത്രം ഒപ്പിടാൻ നഗരസഭ സന്നദ്ധമല്ലാത്ത സാഹചര്യത്തിലാണ് പദ്ധതി ആരംഭിക്കാൻ സാധിക്കാതിരുന്നത്.

(ബി) പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

## സ്റ്റേഡിയങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ

180 (2397) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര പുതിയ സ്റ്റേഡിയങ്ങളുടെ നിർമ്മാണപ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ടെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത സ്റ്റേഡിയങ്ങൾ ഏതെല്ലാമാണെന്നും ആയതിന്റെ അടങ്കൽ തുക എത്രയാണെന്നും വ്യക്തമാക്കാമോ;

(സി) ഓരോ സ്റ്റേഡിയത്തിലും വിഭാവനം ചെയ്തിട്ടുള്ള സൗകര്യങ്ങൾ എന്തെല്ലമാണെന്നും അവയുടെ നിർമ്മാണം നിലവിൽ ഏത് ഘട്ടത്തിലാണെന്നും വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കിഫ്ബി ധനസഹായത്തോടെ നിർമ്മിക്കുന്നതിന് തീരുമാനിച്ചിട്ടുള്ള 14 ജില്ലാ സ്റ്റേഡിയങ്ങൾക്കും 43 പഞ്ചായത്ത് സ്റ്റേഡിയങ്ങളിൽ 42 പഞ്ചായത്ത് സ്റ്റേഡിയങ്ങൾക്കും ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതുകൂടാതെ പ്ലാൻ ഫണ്ടിലുൾപ്പെടുത്തി പുതിയ 3 സ്റ്റേഡിയങ്ങൾക്കും ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി&സി) കിഫ്ബി ധനസഹായത്തോടെ നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങളും പ്ലാൻ ഫണ്ടിൽ ഉൾപ്പെട്ട പദ്ധതികളുടെ വിശദാംശങ്ങളും അനുബന്ധമായി * ഉൾക്കൊള്ളിച്ചിട്ടുണ്ട്.

## സ്പോർട്സ് താരങ്ങൾക്ക് നിയമനം

181 (2398) ശ്രീ. എൻ. വിജയൻ പിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനസർക്കാർ സർവ്വീസിൽ 2016-ന് ശേഷം എത്ര സ്പോർട്സ് താരങ്ങൾക്ക് നിയമനം നൽകി എന്നറിയിക്കുമോ;

(ബി) പുതിയതായി എത്ര പേർക്കുകൂടി നിയമനം നൽകാൻ ഉദ്ദേശിക്കുന്നു; വിശദമാക്കാമോ;

(സി) 2011 മുതൽ 2016 വരെയുള്ള കാലഘട്ടത്തിൽ എത്ര സ്പോർട്സ് താരങ്ങൾക്ക് സർക്കാർ സർവ്വീസിൽ നിയമനം നൽകി എന്ന് അറിയിക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ&ബി) 35-ാമത് ദേശീയ ഗെയിംസിൽ കേരളത്തെ പ്രതിനിധീകരിച്ച് വ്യക്തിഗത ഇനങ്ങളിൽ മെഡലുകളും ടീം ഇനങ്ങളിൽ സ്വർണ്ണ മെഡലുകളും കരസ്ഥമാക്കിയ 72 കായിക താരങ്ങൾക്ക് വിവിധ വകുപ്പുകളിൽ നിയമനം നൽകിയിട്ടുണ്ട്. ഇന്ത്യൻ ഫുട്ബോൾ ടീമംഗമായ കേരള താരം ശ്രീ. സി. കെ. വിനീതിന് സെക്രട്ടേറിയറ്റിൽ പൊതുഭരണ വകുപ്പിൽ നിയമനം നൽകിയിട്ടുണ്ട്. 2017-ൽ ദേശീയ വോളിബോൾ കിരീടം നേടിയ കേരള ടീമിലെ സി.കെ. രതീഷിന് കിൻഫ്രയിൽ നിയമനം നൽകിയിട്ടുണ്ട്.

ആഭ്യന്തര വകുപ്പിൽ 65 കായിക താരങ്ങൾക്ക് ഹവിൽദാർ തസ്തികയിൽ നിയമനം നൽകിയിട്ടുണ്ട്. കായിക മികവിന്റെ അടിസ്ഥാനത്തിൽ കുമാരി രാജിമോൾ പി.കെ.-യ്ക്ക് കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിൽ എൽ.ഡി. ക്ലാർക്ക് തസ്തികയിൽ നിയമനം നൽകിയിട്ടുണ്ട്.

2007-ലെ സ്പെഷ്യൽ ഒളിമ്പിക്സിൽ രാജ്യത്തിനുവേണ്ടി മികച്ച പ്രകടനം കാഴ്ചവച്ച ശ്രീ. ഷൈബൻ ഇ.ബി.-ക്ക് ഒരു പ്രത്യേക കേസായി പരിഗണിച്ച് നിലവിലുള്ള ചട്ടങ്ങളിൽ ഇളവ് വരുത്തി 2009-ലെ സ്പോർട്സ് ക്വാട്ടാ നിയമനങ്ങളിലെ ടെന്നീസ് വിഭാഗത്തിൽ നികത്തപ്പെടാതെ കിടക്കുന്ന ഒഴിവിൽ ഉൾപ്പെടുത്തി കേരള വാട്ടർ അതോറിറ്റി കോട്ടയം പി.എച്ച്. ഡിവിഷന്റെ കീഴിൽ ഗാർഡനർ തസ്തികയിൽ നിയമനം നൽകുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

കൊൽക്കത്തയിൽ വച്ച് നടന്ന 72-ാമത് സന്തോഷ് ട്രോഫി ഫുട്ബോളിൽ ജേതാക്കളായ കേരള ടീമിലെ ജോലിയില്ലാത്ത 11 ടീമംഗങ്ങൾക്കും ഇൻഡോനേഷ്യയിലേ ജക്കാർത്തയിൽ വച്ച് നടന്ന ഏഷ്യൻ ഗെയിംസിൽ ഇന്ത്യയ്ക്കുവേണ്ടി മെഡൽ നേടിയ കേരളീയ കായിക താരങ്ങൾക്കും സർക്കാർ ജോലി നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

വർഷംതോറും മികച്ച 50 കായിക താരങ്ങൾക്ക് സർക്കാർ സർവ്വീസിൽ ജോലി നൽകുന്ന പദ്ധതി പ്രകാരം 2010-2014 വർഷങ്ങളിലെ 249 ഒഴിവുകളിലേയ്ക്കുള്ള നിയമന നടപടികൾ അവസാന ഘട്ടത്തിലാണ്.

35-ാമത് ദേശീയ ഗെയിംസിൽ വെള്ളിമെഡലുകൾ നേടിയ 83 കായിക താരങ്ങൾക്ക് നിയമനം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) 2011 മുതൽ 2016 വരെയുള്ള കാലഘട്ടത്തിൽ 108 പേർക്ക് 2006-2008, 2009 വർഷങ്ങളിലെ സ്പോർട്സ് ക്വാട്ട ഒഴിവുകളിൽ സർക്കാർ സർവ്വീസിൽ നിയമനം നൽകിയിട്ടുണ്ട്.

## കായിക താരങ്ങൾക്ക് ജോലി

182 (2399) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ എത്ര കായികതാരങ്ങൾക്ക് സർക്കാർ/പൊതുമേഖല സ്ഥാപനങ്ങളിൽ ജോലി നല്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 35-ാമത് ദേശീയ ഗെയിംസിൽ കേരളത്തെ പ്രതിനിധീകരിച്ച് വ്യക്തിഗത ഇനങ്ങളിൽ മെഡലുകളും ടീം ഇനങ്ങളിൽ സ്വർണ്ണ മെഡലുകളും കരസ്ഥമാക്കിയ 72 കായിക താരങ്ങൾക്ക് വിവിധ വകുപ്പുകളിൽ നിയമനം നൽകിയിട്ടുണ്ട്. ഇന്ത്യൻ ഫുട്ബോൾ താരവും മലയാളിയുമായ ശ്രീ. സി. കെ. വിനീതിന് സെക്രട്ടേറിയറ്റിൽ പൊതുഭരണ വകുപ്പിൽ നിയമനം നൽകിയിട്ടുണ്ട്. 2017-ൽ ദേശീയ വോളിബോൾ കിരീടം നേടിയ കേരള ടീമിലെ സി.കെ. രതീഷിന് കിൻഫ്രയിൽ നിയമനം നൽകിയിട്ടുണ്ട്.

കൊൽക്കത്തയിൽ വച്ച് നടന്ന 72-ാമത് സന്തോഷ് ട്രോഫി ഫുട്ബോളിൽ ജേതാക്കളായ കേരള ടീമിലെ ജോലിയില്ലാത്ത 11 ടീമംഗങ്ങൾക്കും ഇൻഡോനേഷ്യയിലെ ജക്കാർത്തയിൽ വച്ച് നടന്ന ഏഷ്യൻ ഗെയിംസിൽ ഇന്ത്യയ്ക്കുവേണ്ടി മെഡൽ നേടിയ കേരളീയ കായിക താരങ്ങൾക്കും സർക്കാർ ജോലി നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

ആഭ്യന്തര വകുപ്പിൽ 65 കായിക താരങ്ങൾക്ക് ഹവിൽദാർ തസ്തികയിൽ നിയമനം നൽകിയിട്ടുണ്ട്. വർഷംതോറും മികച്ച 50 കായിക താരങ്ങൾക്ക് സർക്കാർ സർവ്വീസിൽ ജോലി നൽകുന്ന പദ്ധതി പ്രകാരം 2010-2014 വർഷങ്ങളിലെ 249 ഒഴിവുകളിലേയ്ക്കുള്ള നിയമന നടപടികൾ അവസാന ഘട്ടത്തിലാണ്.

കായിക മികവിന്റെ അടിസ്ഥാനത്തിൽ കുമാരി രാജിമോൾ പി.കെ.-യ്ക്ക് കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിൽ എൽ.ഡി. ക്ലാർക്ക് തസ്തികയിൽ നിയമനം നൽകിയിട്ടുണ്ട്.

2007-ലെ സ്പെഷ്യൽ ഒളിമ്പിക്സിൽ രാജ്യത്തിനുവേണ്ടി മികച്ച പ്രകടനം കാഴ്ചവച്ചത് കണക്കിലെടുത്ത് ശ്രീ. ഷൈഭൻ ഇ.ബി.-ക്ക് ഒരു പ്രത്യേക കേസായി പരിഗണിച്ച് നിലവിലുള്ള ചട്ടങ്ങളിൽ ഇളവ് വരുത്തി 2009-ലെ സ്പോർട്സ് ക്വാട്ടാ നിയമനങ്ങളിലെ ടെന്നീസ് വിഭാഗത്തിൽ നികത്തപ്പെടാതെ കിടക്കുന്ന ഒഴിവിൽ ഉൾപ്പെടുത്തി കേരള വാട്ടർ അതോറിറ്റി കോട്ടയം പി.എച്ച്. ഡിവിഷന്റെ കീഴിൽ ഗാർഡനർ തസ്തികയിൽ നിയമനം നൽകുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

35-ാമത് ദേശീയ ഗെയിംസിൽ വെള്ളിമെഡലുകൾ നേടിയ 83 കായിക താരങ്ങൾക്ക് നിയമനം നൽകുന്നതിനുള്ള നടപടിക്രമങ്ങൾ പുരോഗമിച്ചുവരുന്നു.

പൊതുമേഖലാ സ്ഥാപനങ്ങളിൽ കായിക താരങ്ങൾക്ക് നിയമനം നൽകിയത് സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു.

**കോട്ടുക്കലിൽ കായിക വകുപ്പിന്റെ ഉടമസ്ഥതയിലുള്ള സ്ഥലം**

183 (2400) ശ്രീ. മുല്ലക്കര രത്നാകരൻ: താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചടയമംഗലം നിയോജകമണ്ഡലത്തിലെ കോട്ടുക്കലിൽ സ്ഥിതി ചെയ്യുന്നതും കായിക വകുപ്പിന് വിട്ടുനൽകിയതുമായ ഇരുപതേക്കർ സ്ഥലത്ത് വകുപ്പുമായി ബന്ധപ്പെട്ട് ഏതെങ്കിലും പദ്ധതികൾ ആരംഭിക്കുന്ന കാര്യം പരിഗണിക്കുന്നുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

ചടയമംഗലം കോട്ടുക്കലിൽ വനിതാ സ്പോർട്സ് അക്കാഡമി സ്ഥാപിക്കുന്നതിന് പ്രസ്തുത സ്ഥലം അനുയോജ്യമാണോയെന്ന് പരിശോധിക്കുന്നതിനായി കായിക യുവജന കാര്യാലയത്തിന് കീഴിലുള്ള കായിക എഞ്ചിനീയറിംഗ് വിഭാഗത്തിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

**കോട്ടയം നിയോജക മണ്ഡലത്തിലെ കായിക വികസനം**

184 (2401) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം നിയോജകമണ്ഡലത്തിൽ ചിങ്ങവനത്ത് സ്പോർട്സ് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിന് കായിക വകുപ്പിന് എത്ര ഏക്കർ സ്ഥലം കൈവശമുണ്ട്; ആരിൽ നിന്നാണ് പ്രസ്തുത ഭൂമി ഏറ്റെടുത്തത്; വെളിപ്പെടുത്താമോ;

(ബി) ഈ സർക്കാർ നിലവിൽ വന്ന ശേഷം നിർദ്ദിഷ്ട ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനത്തിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു; വിശദമാക്കാമോ;

(സി) കായിക വകുപ്പിൽ നിന്നും തുക മുടക്കി സ്പോർട്സ് കൗൺസിൽ വക സ്ഥലത്ത് ആരംഭിച്ച രാജീവ് ഗാന്ധി ഇന്റർനാഷണൽ ഇൻഡോർ സ്റ്റേഡിയം കായിക ആവശ്യത്തിനായി എന്നേക്ക് തുറന്നുനൽകും; തുറന്നുനൽകുന്നതിന് നിലവിൽ തടസ്സങ്ങൾ എന്തെങ്കിലും ഉണ്ടോ; അറിയിക്കുമോ;

(ഡി) ഇതിന്റെ നിർമ്മാണത്തിനായി ആകെ ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ&ബി) 20-3-2015-ലെ സ.ഉ.(എംഎസ്.) നമ്പർ 117/2015/റവന്യൂ പ്രകാരം കോട്ടയം ജില്ലയിൽ കോട്ടയം താലൂക്കിൽ നാട്ടകം വില്ലേജിൽ ടെസിൽ കെമിക്കൽസിന് സർക്കാർ പാട്ടത്തിന് നൽകിയിട്ടുള്ള 11.25 ഏക്കർ ഭൂമി ചമയങ്ങളടക്കം നിരുപാധികം നഷ്ടപരിഹാരം കൂടാതെ സർക്കാരിലേയ്ക്ക് തിരികെ ഏറ്റെടുത്ത് ലാന്റ് ബാങ്കിൽ ചേർക്കാനും ഈ ഭൂമിയിൽനിന്നും ആവശ്യമായ സ്ഥലം നിർദ്ദിഷ്ട സ്പോർട്സ് കോളേജിന് അനുവദിക്കുവാനും ഉത്തരവായിരുന്നു.

(സി) കോട്ടയം ഇൻഡോർ സ്റ്റേഡിയത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കി 3-2-2018-ന് പ്രസ്തുത സ്റ്റേഡിയം കോട്ടയം ജില്ലാ സ്പോർട്സ് കൗൺസിലിന് കൈമാറുകയും കായിക ആവശ്യത്തിനായി തുറന്ന് പ്രവർത്തിക്കുകയും ചെയ്തുവരുന്നു. പ്രസ്തുത സ്റ്റേഡിയത്തിൽ കോട്ടയം ജില്ലാ സ്പോർട്സ് കൗൺസിൽ പ്രവർത്തിച്ചുവരുന്നു.

(ഡി) കോട്ടയം ഇൻഡോർ സ്റ്റേഡിയത്തിന്റെ നിർമ്മാണത്തിനായി നാളിതുവരെ ആകെ 16,05,31,304 രൂപ ചെലവഴിച്ചിട്ടുണ്ട്.

**പാലക്കാട് ജില്ലയിൽ പൊതുനീന്തൽക്കുളം**

185 (2402) ശ്രീ. കെ. ബാബു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നീന്തലിൽ നിരവധി ദേശീയ താരങ്ങളെ സംഭാവന ചെയ്തിട്ടുള്ള പാലക്കാട് ജില്ലയിൽ പൊതുനീന്തൽക്കുളം ഇല്ലായെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പാലക്കാട് ജില്ലയിൽ പൊതുനീന്തൽക്കുളം അനുവദിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ; നിലവിൽ ഇതുമായി ബന്ധപ്പെട്ട് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) 2016-17 ബഡ്ജറ്റിലും 2017-18 ബഡ്ജറ്റിലുമായി പ്രഖ്യാപിച്ച യഥാക്രമം ചിറ്റൂരിലും പറളിയിലുമായി നിർമ്മിക്കാനുദ്ദേശിക്കുന്ന സ്പോർട്സ് കോംപ്ലക്സുകളിൽ പ്രാക്ടീസ് സ്വിമ്മിംഗ് പൂളിന്റെ (25x12.5) നിർമ്മാണം ഉൾപ്പെടുത്തിയിട്ടുണ്ട്. ചിറ്റൂരിലും പറളിയിലുമായി രണ്ട് പ്രാക്ടീസ് സ്വിമ്മിംഗ് പൂളുകൾ ഉൾപ്പെട്ട സ്പോർട്സ് കോംപ്ലക്സുകളുടെ നിർമ്മാണം നടന്നുവരികയാണ്.

## കാഞ്ഞിരപ്പള്ളി ഗവ.എച്ച്.എസ്.എസ്. ഫുട്ബോൾ ടർഫ് നിർമ്മാണം

186 (2403) ഡോ. എൻ. ജയരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞിരപ്പള്ളി ഗവൺമെൻറ് എച്ച്.എസ്.എസിനായി സിന്തറ്റിക് ഫുട്ബോൾ ടർഫ് നിർമിക്കുന്നതിന് 28-5-2018 ലെ ജി.ഒ.(ആർടി)നമ്പർ 108/2018/കാ.യു.വ.നമ്പർ ഉത്തരവ് പ്രകാരം ഭരണാനുമതി ലഭിച്ച പ്രവൃത്തി ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(ബി) ഇതുമായി ബന്ധപ്പെട്ട പ്രവൃത്തി നിർത്തിവച്ചിരിക്കുന്നതിന്റെ കാരണം എന്താണ് ; ഇത് പുനരാരംഭിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുമോ എന്നറിയിക്കാമോ;

(സി) പ്രസ്തുത സ്കൂളിൽ ആരംഭിക്കാൻ അനുമതി ലഭിച്ചിട്ടുള്ള സ്പോർട്സ് സ്കൂളിന്റെ അക്കാദമിക കെട്ടിടപ്പണികൾ പൂർത്തിയായിവരുന്ന സാഹചര്യത്തിൽ ഫുട്ബോൾ ടർഫ് നിർമ്മാണനടപടികൾ ത്വരിതപ്പെടുത്തുമോ എന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ-സി) കാഞ്ഞിരപ്പള്ളി ഗവൺമെന്റ് എച്ച്.എസ്.എസ്. ഗ്രൗണ്ടിൽ സിന്തറ്റിക് ഫുട്ബോൾ ടർഫ് നിർമ്മിക്കുന്നതിന് 28-5-2018-ലെ സ.ഉ.(സാധാ) നമ്പർ 108/2018/കാ.യു.വ. ഉത്തരവ് പ്രകാരം കായിക യുവവജന കാര്യാലയത്തിന്റെ "4202-3-102-94-കായിക അടിസ്ഥാന സൗകര്യം (പ്ലാൻ)" എന്ന ശീർഷകത്തിൽനിന്നും 2.16 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

കായിക യുവജന കാര്യാലയത്തിന്റെ കീഴിലുള്ള എഞ്ചിനീയറിംഗ് വിഭാഗം സാങ്കേതികാനുമതി നൽകിയ പദ്ധതിക്ക് ടെണ്ടർ ക്ഷണിച്ചുവെങ്കിലും ബിഡ്ഡുകൾ എസ്റ്റിമേറ്റ് റേറ്റിനെക്കാൾ 3.44 ശതമാനം കൂടുതലായതിനാൽ റീ ടെണ്ടർ ചെയ്യാൻ തീരുമാനിച്ചിരുന്നു.

എന്നാൽ നിലവിൽ സർക്കാർ ഏറ്റെടുത്തിട്ടുള്ള പ്രളയാനന്തര പുനർനിർമ്മാണ പ്രവർത്തനങ്ങൾക്ക് ധനം കണ്ടെത്തുന്നതിനായി എല്ലാ സർക്കാർ വകുപ്പുകളുടെയും ധനവിനിയോഗത്തിൽ നിയന്ത്രണം ഏർപ്പെടുത്തിക്കൊണ്ട് എല്ലാ പ്ലാൻ ഫണ്ട് പദ്ധതികളും പുനരവലോകനം ചെയ്ത് അനുവദിക്കപ്പെട്ട പദ്ധതികളിൽ 20% കുറവ് വരുത്താൻ തീരുമാനിച്ചിരുന്നു. അപ്രകാരം കുറവ് വരുത്തുന്നതിന്റെ ഭാഗമായി റദ്ദ് ചെയ്ത കായിക യുവജനകാര്യ വകുപ്പിന്റെ വിവിധ പദ്ധതികളിൽ കാഞ്ഞിരപ്പള്ളി ഗവ. ഹയർ സെക്കണ്ടറി സ്കൂളിലെ സിന്തറ്റിക് ഫുട്ബോൾ ടർഫ് സ്ഥാപിക്കുന്ന പദ്ധതിയും ഉൾപ്പെട്ടിട്ടുണ്ട്.

## യുവജനക്ഷേമ വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ

187 (2404) ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യുവജനങ്ങളെ ശാക്തീകരിക്കുന്നതിന് സർക്കാർ നടപ്പിലാക്കുന്ന പദ്ധതികൾ ഏതെല്ലാമാണ്; വിശദമാക്കാമോ;

(ബി) യുവജനക്ഷേമ വകുപ്പുമായി ചേർന്ന്, വിദ്യാസമ്പന്നരായ ചെറുപ്പക്കാർക്ക് പി.എസ്.സി. പരിശീലന പദ്ധതി വയനാട്ടിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ;

(സി) ആദിവാസി മേഖലയിലെ യുവജനങ്ങളെ ശാക്തീകരിക്കുന്നതിന് യുവജനക്ഷേമ വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ ഏതൊക്കെയാണ്; വിശദമാക്കാമോ?

ഉത്തരം

(എ) യുവജനങ്ങളെ ശാക്തീകരിക്കുന്നതിന് കേരള സംസ്ഥാന യുവജന കമ്മീഷൻ താഴെപ്പറയുന്ന പദ്ധതികൾ ഓരോ വർഷവും നടപ്പിലാക്കിവരുന്നു.

1. മദ്യം, മയക്കുമരുന്ന് ദുരുപയോഗം, റാഗിംഗ്, സൈബർ കുറ്റകൃത്യങ്ങൾ എന്നിവയ്ക്കെതിരെയുള്ള ബോധവൽക്കരണം.
2. ദേശീയ/ജില്ലാ സെമിനാറുകൾ, സിംപോസിയം, ശില്പശാലകൾ.
3. ജോബ് പോർട്ടൽ (തൊഴിലന്വേഷകരെയും തൊഴിൽ ദാതാക്കളെയും ബന്ധിപ്പിക്കുന്ന ഓൺലൈൻ പ്ലാറ്റ്ഫോം).
4. യൂത്ത് ഐക്കൺ അവാർഡ് (ആറ് മേഖലകളിൽ പ്രാവീണ്യം തെളിയിച്ചിട്ടുള്ള യുവതീ യുവാക്കളിൽനിന്ന് തെരഞ്ഞെടുക്കുന്നവർക്ക് നൽകുന്ന പുരസ്കാരം).
5. ദേശീയ യുവജന ദിനാഘോഷം (ജില്ലാ തലത്തിൽ ക്വിസ് മത്സരങ്ങൾ സംഘടിപ്പിച്ച് ദേശീയ യുവജന ദിനത്തോടനുബന്ധിച്ച് സമ്മാനം നൽകുന്നു.)
6. യുവജനങ്ങളുടെ പരാതികൾ പരിഹരിക്കുന്നതിന് ജില്ലകളിൽ അദാലത്തുകളും സിറ്റിംഗുകളും സംഘടിപ്പിക്കുന്നു.

കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് യുവജനങ്ങൾക്കായി ദേശീയ മാധ്യമ സെമിനാർ, ജോബ് ഫെസ്റ്റ്, യൂത്ത് കേരള എക്സ്പ്രസ്, ദിനാചരണങ്ങൾ, കേരള വോളന്റി യൂത്ത് ആക്ഷൻ ഫോഴ്സ്, ഫിഫ വേൾഡ് കപ്പ് ബിഗ് സ്ക്രീൻ പ്രദർശനം, ആർട്ട് ഡി ടൂർ, ദുരന്ത നിവാരണ പ്രവർത്തനങ്ങൾ, യൂത്ത് അവാർഡ്, സാംസ്കാരിക കൂട്ടായ്മകൾ, ഇന്റർനാഷണൽ മ്യൂസിക് & ഡാൻസ് ഫെസ്റ്റിവൽ, നാഷണൽ ഫോക് ഫെസ്റ്റ്, സാഹസിക പരിശീലനങ്ങൾ, ബോധവൽക്കരണ പരിപാടികൾ, കായിക പരിശീലനങ്ങൾ, പി.എസ്.സി. കോച്ചിംഗ്, ഷോർട്ട് ഫിലിം ഫെസ്റ്റ്, കേരളോത്സവം, സ്വയംതൊഴിൽ പരിശീലനങ്ങൾ, സംരംഭകത്വ ശിൽപ്പശാല, യുവശക്തി പദ്ധതി, യുവാ ക്ലബ് എന്നീ പരിപാടികളും സംരംഭങ്ങളും നടപ്പിലാക്കിയിട്ടുണ്ട്.

(ബി) അഭ്യസ്തവിദ്യരായ യുവതീ യുവാക്കൾക്ക് സർക്കാർ ജോലി പ്രാപ്യമാക്കുന്നതിനായി യുവജനക്ഷേമ ബോർഡ് ക്ലബ്ബുകൾക്ക് സാമ്പത്തിക സഹായം നൽകി പി.എസ്.സി. പരിശീലനം സംഘടിപ്പിച്ചിരുന്നു. ഇതിന്റെ ഭാഗമായി വയനാട് ജില്ലയിൽ 44 കേന്ദ്രങ്ങളിൽ പി.എസ്.സി. പരിശീലനം സംഘടിപ്പിച്ചിട്ടുണ്ട്.

(സി) ആദിവാസി മേഖലയിലെ യുവജനങ്ങളെ ശാക്തീകരിക്കുന്നതിനായി എസ്.സി./എസ്.ടി. മേഖലയിലുൾപ്പെടെ സാമൂഹ്യമായും സാമ്പത്തികമായും പിന്നാക്കം നിൽക്കുന്ന പ്രദേശങ്ങളിൽ യുവജനക്ഷേമ ബോർഡ് യുവ ക്ലബ്ബുകൾ രൂപീകരിച്ചിട്ടുണ്ട്. ടി ക്ലബ്ബുകളുടെ നേതൃത്വത്തിൽ മദ്യം, മയക്കുമരുന്ന്, പകർച്ചവ്യാധികൾ എന്നിവയ്ക്കെതിരെ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചുവരുന്നു. എസ്.സി./എസ്.ടി. മേഖലയിലെ യുവജനങ്ങളുടെ കലാകായികപരമായ കഴിവുകൾ വർദ്ധിപ്പിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്ന തിനുമായി 'മണിനാദം' എന്ന പേരിൽ നാടൻപാട്ട് പരിശീലനം, നവോത്ഥാന സദസ്സ്, പ്രാദേശികതലം മുതൽ സംസ്ഥാന തലംവരെ നാടൻ പാട്ട് മത്സരം, ഫുട്ബോൾ മത്സരം എന്നിവയും കലാകായിക അക്കാഡമിക് പ്രതിഭകൾക്ക് അനുമോദനവും സംഘടിപ്പിച്ചിട്ടുണ്ട്. പരിസ്ഥിതി ബോധവൽക്കരണത്തിന്റെ ഭാഗമായി വൃക്ഷത്തൈ വച്ചുപിടിപ്പിക്കൽ, ശുചീകരണ പ്രവർത്തനം, വ്യക്തിശുചിത്വ ബോധവൽക്കരണം എന്നിവയും സംഘടിപ്പിച്ചിട്ടുണ്ട്. അഭ്യസ്ത വിദ്യരായ യുവജനങ്ങൾക്ക് സർക്കാർ ജോലി ലഭിക്കുന്നതിനായി പി.എസ്.സി. പരിശീലനവും സംഘടിപ്പിച്ചിട്ടുണ്ട്.

## യുവജനക്ഷേമ ബോർഡിനുകീഴിൽ പരീക്ഷാ പരിശീലന കേന്ദ്രങ്ങൾ

188 (2405) ശ്രീ. അബ്ദുൽ ഹമീദ് പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർവ്വീസിലേക്കും സംസ്ഥാന സർവ്വീസിലേക്കും ഉള്ള മത്സര പരീക്ഷകൾക്ക് യുവജനങ്ങളെ പ്രാപ്തരാക്കുന്ന വിധം പരിശീലനം നൽകുന്നതിന് കേരള സംസ്ഥാന യുവജന ക്ഷേമ ബോർഡ് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) യു.പി.എസ്.സി., എസ്.എസ്.സി., കെ.പി.എസ്.സി. മുതലായവ നടത്തുന്ന പരീക്ഷകൾക്ക് യുവജനങ്ങൾക്ക് പരിശീലനം നൽകുന്നതിന് യുവജനക്ഷേമ ബോർഡിന്റെ കീഴിൽ പരിശീലന കേന്ദ്രങ്ങൾ നിലവിലുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ) കേരളത്തിലെ അഭ്യസ്തവിദ്യരായ യുവതീ-യുവാക്കൾക്ക് പി.എസ്.സി. പോലുള്ള മത്സരപ്പരീക്ഷകളിൽ വിജയം കരസ്ഥമാക്കുന്നതിലേയ്ക്കായി കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ ആഭിമുഖ്യത്തിൽ 14 ജില്ലകളിലും പരിശീലന പരിപാടികൾ സംഘടിപ്പിച്ചുവരുന്നു. 14 ജില്ലകളിലേയും തെരഞ്ഞെടുത്ത യൂത്ത് ക്ലബ്ബുകൾക്ക് ധനസഹായം നൽകിയാണ് പരിശീലന പരിപാടി സംഘടിപ്പിക്കുന്നത്. പരിശീലനം നടത്തിയതിന്റെ ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ജില്ല | പരിശീലനം സംഘടിപ്പിച്ച കേന്ദ്രങ്ങളുടെ എണ്ണം |
|---|---|---|
| (1) | (2) | (3) |
| 1 | തിരുവനന്തപുരം | 95 |
| 2 | കൊല്ലം | 50 |
| 3 | പത്തനംതിട്ട | 24 |
| 4 | ആലപ്പുഴ | 13 |
| 5 | കോട്ടയം | 17 |
| 6 | ഇടുക്കി | 8 |
| 7 | എറണാകുളം | 16 |

| (1) | (2) | (3) |
|---|---|---|
| 8 | തൃശ്ശൂർ | 57 |
| 9 | പാലക്കാട് | 25 |
| 10 | മലപ്പുറം | 83 |
| 11 | കോഴിക്കോട് | 6 |
| 12 | വയനാട് | 44 |
| 13 | കണ്ണൂർ | 70 |
| 14 | കാസർഗോഡ് | 40 |
| | ആകെ | 548 |

(ബി) യു.പി.എസ്.സി., എസ്.എസ്.സി., കെ.പി.എസ്.സി. മുതലായവ നടത്തുന്ന പരീക്ഷകൾക്ക് യുവജനങ്ങൾക്ക് പരിശീലനം നൽകുന്നതിന് യുവജനക്ഷേമ ബോർഡിന്റെ കീഴിൽ പരിശീലന കേന്ദ്രങ്ങൾ നിലവിലില്ല.

**വൈദ്യുതി നയം**

189 (2406) ശ്രീ. പി. കെ. അബ്ദു റബ്ബ്:
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്:
ശ്രീ. പാറക്കൽ അബ്ദുല്ല:
ശ്രീ. അബ്ദുൽ ഹമീദ് പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിന്റെ വൈദ്യുതിനയം നിലവിൽ വന്നിട്ടുണ്ടോ ;

(ബി) ആഭ്യന്തര ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും, വികസനത്തിനാവശ്യമായ ഗുണമേന്മയുള്ള വൈദ്യുതി ഉറപ്പുവരുത്തുന്നതിനും എന്തെല്ലാം നിർദ്ദേശങ്ങളാണ് പ്രസ്തുത നയത്തിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്;

(സി) ഈ നടപടികൾ വൈദ്യുതരംഗത്ത് സ്വയംപര്യാപ്തത നേടാൻ സഹായകരമാകുമോയെന്ന് പരിശോധിച്ചിട്ടുണ്ടോ ; വിശദാംശം നൽകുമോ?

ഉത്തരം

(എ) അടിസ്ഥാന സൗകര്യ മേഖല ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി സംസ്ഥാനത്തിന്റെ സമസ്ത മേഖലകളിലെയും വികസനത്തിനാവശ്യമായ ഗുണമേന്മയുള്ള വൈദ്യുതി ഉറപ്പുവരുത്തുക എന്ന ലക്ഷ്യം മുൻനിർത്തി സംസ്ഥാന വൈദ്യുതി കരട് നയം 2019 പ്രസിദ്ധീകരിക്കുകയും ആയതിന്മേലുള്ള പൊതു അഭിപ്രായങ്ങൾ ആരായുകയും ചെയ്തിട്ടുണ്ട്.

(ബി&സി) സംസ്ഥാനത്തിനകത്തും പുറത്തുമുള്ള പ്രാഥമിക ഊർജ്ജ സ്രോതസ്സുകളിൽനിന്നും പുനരുപയോഗ ഊർജ്ജ സ്രോതസ്സുകളിൽനിന്നും വൈദ്യുതി ലഭ്യത ഉറപ്പുവരുത്തി വരുംവർഷങ്ങളിലെ സംസ്ഥാനത്തിന്റെ വൈദ്യുത ആവശ്യകത പൂർണ്ണമായും നിറവേറ്റുക എന്നതാണ് കരട് വൈദ്യുത നയം 2019 ലക്ഷ്യമിടുന്നത്, പരിസ്ഥിതിക്ക് ദോഷകരമാവാത്ത രീതിയിൽ, സംഭരണശേഷിയോടുകൂടിയ ജലനിലയങ്ങൾ വികസിപ്പിക്കുക, പുനരുപയോഗ സ്രോതസ്സുകളിൽനിന്നുള്ള വൈദ്യുതി വിഹിതം വർദ്ധിപ്പിക്കുക, നിർമ്മാണത്തിലിരിക്കുന്ന ജലവൈദ്യുത പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുക, നിർമ്മാണം സ്തംഭനത്തിലായ പദ്ധതികൾ ത്വരിതപ്പെടുത്തുക, നിലവിലുള്ള ജലവൈദ്യുത പദ്ധതികളുടെ സ്ഥാപിതശേഷിയും സംഭരണശേഷിയും വർദ്ധിപ്പിക്കുക തുടങ്ങിയ നിർദ്ദേശങ്ങളിലൂടെ ഗുണമേന്മയുള്ള വൈദ്യുതി 24x7 അടിസ്ഥാനത്തിൽ വർഷം മുഴുവൻ കുറഞ്ഞ ചെലവിൽ ലഭ്യമാക്കാനാണ് കരട് നയം വിഭാവന ചെയ്യുന്നത്. ഈ നടപടികൾ വൈദ്യുത രംഗത്ത് സ്വയംപര്യാപ്തത നേടാൻ സഹായിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

**കെ.എസ്.ഇ.ബി.എൽ.-ന്റെ സുരക്ഷാ നയം**

190 (2407) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എന്തെല്ലാം മാനദണ്ഡങ്ങളാണ് കെ.എസ്.ഇ.ബി.-യുടെ സുരക്ഷാ നയത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; വ്യക്തമാക്കാമോ;

(ബി) ഇത് സംബന്ധിച്ച് പൊതുജനങ്ങളെയും ബോധവൽക്കരിക്കുന്നതിന് കെ.എസ്.ഇ.ബി. പദ്ധതികൾ ആവഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ) വൈദ്യുത മേഖലയിൽ ജോലി ചെയ്യുന്നവർക്കും മേൽനോട്ടം വഹിക്കുന്നവർക്കും പൊതുജനങ്ങൾക്കും വൈദ്യുത പ്രതിഷ്ഠാപനങ്ങളിൽനിന്നും അപകടം ഉണ്ടാകാതിരിക്കാൻവേണ്ടി സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റിയുടെ 2010-ലെ സുരക്ഷാ റെഗുലേഷനുകളും സുരക്ഷയുമായി ബന്ധപ്പെട്ട IS 5216, OHSAS 18001:2007 എന്നിവ ഉൾപ്പെടെ നിഷ്കർഷിക്കുന്ന സുരക്ഷാ മാനദണ്ഡങ്ങളുമാണ് കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ സുരക്ഷാ നയത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

(ബി) വൈദ്യുതാപകടങ്ങൾ ഒഴിവാക്കാൻ പൊതുജനങ്ങളെ ബോധവൽക്കരിക്കുന്നതിന് വിവിധ പരിപാടികളാണ് കെ.എസ്.ഇ.ബി. ലിമിറ്റഡ് ആവിഷ്കരിച്ചിട്ടുള്ളത്.

സുരക്ഷാ നയം എല്ലാ ജീവനക്കാരിലേയ്ക്കും പൊതുജനങ്ങളിലേയ്ക്കും എത്തിക്കുന്നതിനായി കെ.എസ്.ഇ.ബി. ലിമിറ്റഡ് ടി വിഷയത്തിൽ പരിശീലകരായി തെരഞ്ഞെടുത്ത എഴുന്നൂറോളം എഞ്ചിനീയർമാർക്ക് ഇതിനോടകം പരിശീലനം നൽകി. ഇവർവഴി മറ്റ് ജീവനക്കാർക്കും പൊതുജനങ്ങൾക്കുംവേണ്ടി സുരക്ഷാ നയവുമായി ബന്ധപ്പെട്ട പരിശീലന/ ബോധവൽക്കരണ പ്രവർത്തനങ്ങൾ ഇപ്പോൾ നടന്നുവരുന്നു.

കൂടാതെ 2019 മേയ് മാസം ആദ്യ ആഴ്ച സുരക്ഷാവാരമായി ആചരിച്ചു. പഞ്ചായത്ത് മെമ്പർമാർ, പൊതു പ്രവർത്തകർ, എൻ.ജി.ഒ., റെസിഡൻഷ്യൽ അസോസിയേഷനുകൾ തുടങ്ങിയവരുടെ സഹകരണത്തോടെ വിവിധങ്ങളായ പൊതുജന ബോധവൽക്കരണ പരിപാടികളോടുകൂടിയാണ് സുരക്ഷാവാരം ആചരിച്ചത്.

ഇക്കാലത്ത് മൈക്ക് അനൗൺസ്മെന്റ്, മാസ്സ് റാലി, റോഡ് ഷോ, മറ്റ് വിവിധങ്ങളായ പരിപാടികൾ പ്രാദേശികമായി നടത്തി. സെക്ഷൻ, സബ് ഡിവിഷൻ/ഡിവിഷൻ തലത്തിൽ പ്രാദേശിക FM റേഡിയോ നടത്തിപ്പുകാരുമായി ബന്ധപ്പെട്ട് അവരുടെ തനത് പരിപാടികളിൽ സുരക്ഷാ വാരാചരണവും അതിന്റെ പ്രാധാന്യവും പ്രചരിപ്പിക്കുന്ന ചർച്ചകൾ നടത്തി. പ്രാദേശിക ടി.വി. ചാനൽ നടത്തിപ്പുകാരുമായി ബന്ധപ്പെട്ട് അവരുടെ തനത് പരിപാടികളിൽ സുരക്ഷാ വാരാചരണവും അതിന്റെ പ്രാധാന്യവും പ്രചരിപ്പിക്കുന്ന ചർച്ചകൾ നടത്തി സ്ക്രോൾ ന്യൂസ് കാണിച്ചു. കൂടാതെ ഇതിനോടനുബന്ധിച്ച് എല്ലാ ഓഫീസുകളിലും "സമ്പൂർണ്ണ സുരക്ഷാ വർഷം 2019" "വൈദ്യുതി സുരക്ഷാവാരാചരണം-2019 മേയ് 1 മുതൽ 7 വരെ" " വൈദ്യുതി സുരക്ഷാ നടപടികൾ പാലിക്കൂ, വൈദ്യുതി അപകടങ്ങൾ ഒഴിവാക്കൂ" എന്ന ബോർഡ് സ്ഥാപിച്ചു.

കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ സുരക്ഷാ വിഭാഗം കുടുംബശ്രീ മിഷൻ ഡയറക്ടറുമായി നടത്തിയ ചർച്ചയുടെ ഭാഗമായി 5 ലക്ഷം കുടുബശ്രീ യൂണിറ്റുകൾ വഴി ബോധവൽക്കരണ കാമ്പെയിൻ നടത്താൻ തീരുമാനമായിട്ടുണ്ട്. ആയതിലേയ്ക്കായി ജില്ലാ കുടുംബശ്രീ മിഷൻ കോ ഓർഡിനേറ്ററുമായും ഇലക്ട്രിക്കൽ ഇൻസ്പെക്ടറുമായും ചീഫ് സേഫ്റ്റി ഓഫീസർ ബന്ധപ്പെട്ട് സെക്ഷൻ തലത്തിൽ കുടുംബശ്രീയിലെ അംഗങ്ങൾക്ക് സുരക്ഷാ പരിശീലന ക്ലാസുകൾ നടത്തുന്നതിന് തീരുമാനിച്ചു.

വൈദ്യുതി ഉപഭോക്താക്കളെയും പൊതുജനങ്ങളെയും വൈദ്യുത സുരക്ഷയെക്കുറിച്ച് ബോധവൽക്കരിക്കുന്നതിനുള്ള മഴക്കാലപൂർവ്വ പ്രവർത്തനങ്ങൾ ഫീൽഡ് ഓഫീസുകൾവഴി ഇപ്പോൾ നടത്തിവരുന്നു

## കെ.എസ്.ഇ.ബി.എൽ.-ന്റെ ദ്രുതപ്രതികരണ സംഘം

191 (2408) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലവർഷക്കെടുതിയുടെ ഭാഗമായി ഉണ്ടാകുന്ന വൈദ്യുതി തടസ്സം പരിഹരിക്കുന്നതിന് കെ.എസ്.ഇ.ബി. ദ്രുതപ്രതികരണ സംഘം രൂപീകരിച്ചിട്ടുണ്ടോ;

(ബി) സംസ്ഥാനത്തെ എല്ലാ ഇലക്ട്രിക്കൽ സർക്കിളിന് കീഴിലും ഇത്തരത്തിലുള്ള ദ്രുതപ്രതികരണ സംഘം രൂപീകരിക്കുന്നതിന് നിർദ്ദേശം നൽകുമോ;

(സി) വൈദ്യുതി വിതരണ രംഗത്ത് ഉണ്ടാകുന്ന എല്ലാത്തരം പ്രശ്നങ്ങളും യുദ്ധകാലാടിസ്ഥാനത്തിൽ പരിഹരിക്കുന്നതിന് ഈ സംവിധാനം ഫലപ്രദമാണോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) കാലവർഷക്കെടുതിയിലുണ്ടാകുന്ന വൈദ്യുതി തടസ്സം താമസംവിനാ പരിഹരിക്കുകയെന്ന ഉദ്ദേശ്യലക്ഷ്യം മുൻനിർത്തി 25-5-2019-ലെ ബോർഡ് ഉത്തരവ് പ്രകാരം വൈദ്യുതി തടസ്സം പരിഹരിക്കുന്നതിന് ദ്രുതപ്രതികരണസേന രൂപീകരിക്കാനുള്ള നിർദ്ദേശം എല്ലാ ഇലക്ട്രിക്കൽ സർക്കിൾ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർമാർക്കും നൽകിയിരുന്നു. വൈദ്യുതി പുനഃസ്ഥാപനത്തിൽ മുൻപരിചയവും സ്ഥലത്തെ വൈദ്യുതിവിതരണ ലൈനുകളെക്കുറിച്ച് ധാരണയുമുള്ള 30-ൽ കുറയാത്ത ജീവനക്കാരുടെ ഒരു ടീമിനെയാണ് ഓരോ സർക്കിളുകളിലും ദ്രുതപ്രതികരണസേനയിൽ ഉൾപ്പെടുത്താൻ നിർദ്ദേശം നൽകിയിരുന്നത്. വൈദ്യുതി തടസ്സത്തിന്റെ വ്യാപ്തിക്കനുസൃതമായി വാഹനങ്ങൾ വാടകയ്ക്കെടുക്കുന്നതിനും ആവശ്യമായ ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനും ആവശ്യമെങ്കിൽ കോൺട്രാക്ട് ജീവനക്കാരെ നിയോഗിക്കുന്നതിനും ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർമാർക്ക് അധികാരം നൽകിയിട്ടുണ്ട്.

(സി) ഇലക്ട്രിക്കൽ സെക്ഷനുകൾക്ക് പരിഹരിക്കാൻ പറ്റാത്തതരത്തിൽ മൺസൂൺമൂലം വ്യാപകമായ വൈദ്യുതി തടസ്സങ്ങൾ ഉണ്ടാകുമ്പോൾ, വൈദ്യുതി തടസ്സത്തിന്റെ വ്യാപ്തിക്കനുസൃതമായി, മുൻഗണനാക്രമത്തിൽ ദ്രുതപ്രതികരണ സേന ടീമിൽനിന്നും ജീവനക്കാരെ നിയോഗിക്കാനും പരാതികൾ സാധാരണയിലും വേഗം പരിഹരിക്കാനും സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

## കേന്ദ്ര വൈദ്യുതി നിയമ ഭേദഗതി

192 (2409) ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര വൈദ്യുതി നിയമം 2003 ഭേദഗതി ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ട് കേന്ദ്ര സർക്കാർ പ്രസിദ്ധീകരിച്ച വൈദ്യുതി ഭേദഗതി ബിൽ 2018 സംസ്ഥാനത്തെ ഉപഭോക്താക്കളുടെ താല്പര്യങ്ങൾക്ക് എതിരാണെന്ന കാര്യം വസ്തുതാപരമാണോ ;

(ബി) എങ്കിൽ ഏതൊക്കെ നിബന്ധനകളാണ് ഉപഭോക്താക്കളുടെ താല്പര്യത്തിന് വിരുദ്ധമായിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) കേന്ദ്ര താരിഫ് നയം അനുസരിച്ച് വൈദ്യുതി നിരക്ക് പരിഷ്കരണം നടത്തണമെന്ന നിർദ്ദേശം വൈദ്യുതി റഗുലേറ്ററി കമ്മീഷന്റെ അധികാരപരിധിയിലേക്കുള്ള കടന്നുകയറ്റവും ഉപഭോക്താക്കൾക്ക് അമിതഭാരം വരുത്തി വയ്ക്കുന്നതുമായ നിബന്ധനയാണോ എന്ന് വ്യക്തമാക്കുമോ ;

(ഡി) എങ്കിൽ ഈ ഭേദഗതി നിയമത്തെക്കുറിച്ചുള്ള ഉപഭോക്താക്കളുടെ ആശങ്കകൾ കേന്ദ്രത്തെ അറിയിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്മേലുള്ള പ്രതികരണം എന്താണ് എന്നറിയിക്കാമോ ?

ഉത്തരം

(എ-സി) നിർദ്ദിഷ്ട ഭേദഗതികൾ വൈദ്യുതിവിതരണ മേഖലയുടെ കൂടുതലായുള്ള സ്വകാര്യവൽക്കരണത്തിലേയ്ക്ക് നയിച്ചേക്കാമെന്നതും ചെറുകിട ഉപഭോക്താക്കളുടെ വൈദ്യുതി നിരക്കിൽ വർദ്ധനയുണ്ടാകാനിടയുണ്ട് എന്നതും തുടങ്ങി വൈദ്യുതി ഭേദഗതി നിയമത്തിന്റെ കരട് നിർദ്ദേശങ്ങൾ പലതും സംസ്ഥാനത്തെ ഉപഭോക്താക്കളുടെ താൽപ്പര്യങ്ങൾക്ക് പ്രത്യക്ഷത്തിൽത്തന്നെ ദോഷകരമാണ് എന്ന് ആശങ്കപ്പെടുന്നു. നിലവിൽ വാണിജ്യ-വ്യാവസായിക ഉപഭോക്താക്കൾ ഉൾപ്പെടെ കൂടുതൽ വൈദ്യുതി ഉപയോഗിക്കുന്നവരിൽനിന്ന് ലഭിക്കുന്ന അധികവരുമാനം (ക്രോസ് സബ്സിഡി) ഗാർഹിക ഉപഭോക്താക്കൾ ഉൾപ്പെടെയുള്ള ചെറുകിട ഉപഭോക്താക്കൾക്ക് കുറഞ്ഞ നിരക്കിൽ വൈദ്യുതി നൽകാൻ സഹായിക്കുന്നുണ്ട്. നിർദ്ദിഷ്ട ഭേദഗതിപ്രകാരം ക്രോസ് സബ്സിഡി സമ്പ്രദായം നിർത്തലാക്കേണ്ടി വരുമെന്നതിനാലാണ് ചെറുകിട ഉപഭോക്താക്കളുടെ വൈദ്യുതി നിരക്കിൽ വർദ്ധനയുണ്ടാകുമെന്ന് കരുതുന്നത്. വൈദ്യുതിയുടെ കമ്പോളത്തിന്റെ വളർച്ച ലക്ഷ്യമിട്ടുകൊണ്ടുള്ള നിർദ്ദേശങ്ങൾ തുടങ്ങിയ നിയമ ഭേദഗതികളും ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾ ഉണ്ടാക്കാവുന്നതാണ്. ഇതിനുപുറമേ വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ അംഗങ്ങളുടെ തെരഞ്ഞെടുപ്പ്, വൈദ്യുതി നിരക്ക് നിർണ്ണയം, സംസ്ഥാനത്തിനുള്ളിലെ വൈദ്യുതി

നിലയങ്ങളിൽനിന്നുള്ള വൈദ്യുതിയുടെ ഉപയോഗം തുടങ്ങിയ കാര്യങ്ങളിലടക്കം കേന്ദ്രസർക്കാർ അധികാരം കയ്യാളുന്ന നിർദ്ദേശങ്ങളും ഭേദഗതിയുടെ ഭാഗമായി വന്നിട്ടുണ്ട്. ഇവയും ബഹുഭൂരിപക്ഷം ഉപഭോക്താക്കളുടെ താല്പര്യത്തെ ദോഷകരമായി ബാധിച്ചേക്കാം.

(ഡി) വ്യവസായ-വാണിജ്യ ഗാർഹിക ഉപഭോക്താക്കളുടെ പ്രതിനിധികളും വൈദ്യുതി രംഗത്തെ മറ്റ് വിദഗ്ധരുമായി ചർച്ചകൾ നടത്തി ഭേദഗതി നിർദ്ദേശങ്ങൾ വിശദമായ പരിശോധനയ്ക്ക് വിധേയമാക്കിയശേഷം കെ.എസ്.ഇ. ബോർഡ് ലിമിറ്റഡിന്റെയും സർക്കാരിന്റെയും അഭിപ്രായവും നിർദ്ദിഷ്ട നിയമഭേദഗതിയിൽ ആവശ്യമായ മാറ്റങ്ങളും കേന്ദ്രസർക്കാരിനെ അറിയിച്ചിട്ടുണ്ട്. ഇതുസംബന്ധിച്ച കേന്ദ്ര സർക്കാരിന്റെ പ്രതികരണം അറിഞ്ഞിട്ടില്ല.

## ലോവർ മീൻമുട്ടി ഹൈഡൽ ടൂറിസം

193 (2410) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം നിയോജക മണ്ഡലത്തിലെ നന്ദിയോട് ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന ലോവർ മീൻമുട്ടി ചെറുകിട ജല വൈദ്യുത പദ്ധതി പ്രദേശത്ത് നടപ്പാക്കി വരുന്ന ഹൈഡൽ ടൂറിസം പദ്ധതിയിൽ എന്തൊക്കെ സൗകര്യങ്ങളും , വിനോദോപാധികളുമാണ് പൊതുജനങ്ങൾക്ക് ഏർപ്പെടുത്തിയിട്ടുള്ളത്; വിശദമാക്കാമോ;

(ബി) പതിനാറ് ഏക്കർ വിസ്തൃതിയുള്ള ടി പ്രദേശത്ത് വാട്ടർ തീം പാർക്ക് സ്ഥാപിക്കുന്നതിന് കെ.എസ്.ഇ.ബി.എൽ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) വാട്ടർ തീം പാർക്ക് സ്ഥാപിക്കുന്നതിനും നടത്തിപ്പിനും സഹകരണ മേഖലയിലെ സ്ഥാപനങ്ങളുമായി ചേർന്ന് പദ്ധതി നടപ്പിലാക്കാൻ ആലോചിക്കുമോ; വിശദ വിവരങ്ങൾ നൽകാമോ?

ഉത്തരം

(എ) വാമനപുരം നിയോജക മണ്ഡലത്തിലെ ലോവർ മീൻമുട്ടി ഹൈഡൽ ടൂറിസം പദ്ധതിയുമായി ബന്ധപ്പെട്ട് വിനോദ സഞ്ചാരികൾക്കായി ഒരു സ്ലോ സ്പീഡ് ബോട്ട്, 4 പെഡൽ ബോട്ടുകൾ, ബോട്ടുജെട്ടി, ടിക്കറ്റ് കൗണ്ടർ, ടോയ്‌ലറ്റ് ബ്ലോക്ക്, മനോഹരമായ പൂന്തോട്ടം, കുട്ടികളുടെ പാർക്ക്, സൈക്ലിംഗ്, വെള്ളച്ചാട്ടം തുടങ്ങിയവ ഒരുക്കിയിട്ടുണ്ട്.

(ബി) ഇതുമായി ബന്ധപ്പെട്ട് കെ.എസ്.ഇ.ബി.ലിമിറ്റഡ് നിലവിൽ യാതൊരു പദ്ധതിയും തയ്യാറാക്കിയിട്ടില്ല.

(സി) ഇതുവരെ തീരുമാനിച്ചിട്ടില്ല.

## വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനുവേണ്ട നടപടിക്രമങ്ങൾ

194 (2411) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗാർഹിക ആവശ്യത്തിനായി വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനുവേണ്ട നടപടിക്രമങ്ങൾ വ്യക്തമാക്കുമോ;

(ബി) ചെറുകിട/വൻകിട വ്യവസായ ആവശ്യങ്ങൾക്കായി വൈദ്യുതി കണക്ഷൻ ലഭ്യമാക്കുന്നതിനുവേണ്ട നടപടിക്രമങ്ങൾ വിശദമാക്കാമോ?

ഉത്തരം

(എ) ഗാർഹിക വൈദ്യുതി കണക്ഷനുകൾക്കുള്ള അപേക്ഷ അതാത് സെക്ഷൻ ഓഫീസുകളിൽ സ്വീകരിക്കുന്നതിന് പുറമേ ഓൺലൈനായും സ്വീകരിച്ചുവരുന്നു. സാധാരണഗതിയിൽ തിരിച്ചറിയൽ രേഖ, ഉടമസ്ഥാവകാശം തെളിയിക്കാനുള്ള രേഖ എന്നീ രണ്ട് രേഖകൾമാത്രം ആവശ്യപ്പെട്ടുകൊണ്ട് KSEBL ഗാർഹിക വൈദ്യുതി കണക്ഷൻ നൽകിവരുന്നു.

തദ്ദേശഭരണ സ്ഥാപനങ്ങളോ റവന്യൂ അധികാരികളോ നൽകുന്ന ബിൽഡിംഗിന്റെ ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ്, സ്ഥലത്തിന്റെ കൈവശാവകാശം/ ഉടമസ്ഥാവകാശം, ആധാരത്തിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്, നടപ്പുവർഷത്തെ കരമടച്ച രസീതിന്റെ പകർപ്പ്, ഇവയിൽ ഏതെങ്കിലും രേഖ ഉടമസ്ഥാവകാശം തെളിയിക്കാനായി ഹാജരാക്കാവുന്നതാണ്. (വാടകക്കാരാണെങ്കിൽ വാടകക്കരാറിന്റെ പകർപ്പ് കൂടാതെ ഉടമസ്ഥന്റെ പക്കൽനിന്നുള്ള 'നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റും' ഉടമസ്ഥാവകാശപത്രവും ഹാജരാക്കേണ്ടതുണ്ട്.)

ഗാർഹിക വൈദ്യുതി കണക്ഷനുവേണ്ടി ഈ രേഖകൾക്ക് പകരമായി റെസിഡൻഷ്യൽ സർട്ടിഫിക്കറ്റ്, ഏതെങ്കിലും സർക്കാർ സ്ഥാപനങ്ങൾ നൽകിയിട്ടുള്ള ഫോട്ടോ പതിച്ച ഐ.ഡി. കാർഡ്, ഇലക്ഷൻ ഐ.ഡി.കാർഡ്, ആധാർ കാർഡ്, ഇന്ത്യൻ പാസ്പോർട്ട്, NPR കാർഡ്, അടുത്തകാലത്തുള്ള സർക്കാർ കമ്പനികളുടെയോ അംഗീകൃത ഏജൻസികളുടെയോ ജലം/ഗ്യാസ്/ ടെലിഫോൺ ബില്ലുകൾ, തൊഴിലുറപ്പ് പദ്ധതിയുടെ കാർഡ് (ഇവയിലെ അഡ്രസ്സും വൈദ്യുതി കണക്ഷൻ വേണ്ട സ്ഥലത്തിന്റെ അഡ്രസ്സും ഒന്നാണെങ്കിൽ) ഇവയിലേതെങ്കിലും ഉടമസ്ഥാവകാശ രേഖയായി ഹാജരാക്കാവുന്നതാണ്.

എല്ലാവർക്കും വൈദ്യുതി നൽകുക എന്ന ലക്ഷ്യം മുൻനിർത്തി കണക്ഷൻ നൽകുന്നതിനുള്ള നടപടികൾ ലഘൂകരിച്ചതിന്റെ ഭാഗമായി ഗാർഹിക വൈദ്യുതി കണക്ഷന് തദ്ദേശഭരണ സ്ഥാപനങ്ങൾ നൽകുന്ന ബിൽഡിംഗ് പെർമിറ്റ്/പ്ലാൻ എന്നിവയും ഉടമസ്ഥാവകാശ രേഖയായി അംഗീകരിച്ചിട്ടുണ്ട്. 1500 ചതുരശ്ര അടിവരെ വിസ്തീർണ്ണമുള്ള വ്യക്തിഗത വാസഗൃഹങ്ങൾക്ക് താല്ക്കാലിക റെസിഡൻഷ്യൽ സർട്ടിഫിക്കറ്റ് ഹാജരാക്കിയാലും 1076 ചതുരശ്ര അടിയോ അതിൽ താഴെയോ വിസ്തൃതിയുള്ള വാസഗൃഹങ്ങൾക്ക് ഉടമസ്ഥാവകാശ രേഖയില്ലെങ്കിലും ഒരു സമ്മതപത്രത്തിന്റെ പിൻബലത്തിലും വൈദ്യുതി കണക്ഷൻ അനുവദിക്കുന്നതിനുള്ള അനുമതിയും നൽകിയിട്ടുണ്ട്.

(ബി) ചെറുകിട/വൻകിട വ്യവസായങ്ങളുടെ വൈദ്യുതി കണക്ഷനുള്ള അപേക്ഷ സെക്ഷൻ ഓഫീസുകളിൽ സ്വീകരിക്കുന്നതിനുപുറമേ ഓൺലൈനായും സ്വീകരിച്ചുകൊണ്ട് സാധാരണഗതിയിൽ തിരിച്ചറിയൽ രേഖ, ഉടമസ്ഥാവകാശം തെളിയിക്കാനുള്ള രേഖ എന്നീ രണ്ട് രേഖകൾ സ്വീകരിച്ചുകൊണ്ട് KSEBL വൈദ്യുതി കണക്ഷൻ നൽകിവരുന്നു. ചെറുകിട വൻകിട വ്യവസായങ്ങൾക്ക് കണക്ഷനുവേണ്ടി അപേക്ഷിക്കുമ്പോൾ, ആവശ്യമായ വൈദ്യുതി നൽകാൻ വൈദ്യുതി ശൃംഖലയ്ക്ക് പ്രാപ്തിയുണ്ടോയെന്ന് പരിശോധിക്കുകയും കണക്ഷൻ നൽകാൻ പറ്റുമെങ്കിൽ പവർ ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് നൽകുകയും അല്ലാത്തപക്ഷം വൈദ്യുതി ശൃംഖലയെ ശക്തിപ്പെടുത്താൻ വേണ്ടിവരുന്ന ചെലവ് അപേക്ഷകനെ അറിയിക്കുകയും ചെയ്യുന്നു. അപേക്ഷകൻ ആവശ്യമായ തുക അടയ്ക്കുമ്പോൾ KSEBL വേണ്ട പ്രവൃത്തി നടത്തിയതിനുശേഷം കണക്ഷൻ നൽകുകയും ചെയ്യുന്നു. ചെറുകിട വൻകിട വ്യവസായങ്ങൾക്ക് HT/EHT കണക്ഷനുകളാണ് ആവശ്യമെങ്കിൽ മേല്പറഞ്ഞ നടപടികൾക്ക് പുറമേ ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിന്റെ സ്കീം അപ്രൂവൽ/എനർജിസേഷൻ അപ്രൂവൽ എന്നിവകൂടി പരിശോധിച്ച് വൈദ്യുതി കണക്ഷൻ നൽകിവരുന്നു.

## മൂന്നാറിലെ ഹോട്ടലുകളുടേയും റിസോർട്ടുകളുടേയും വൈദ്യുതി കണക്ഷൻ

195 (2412) <u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂന്നാറിലെ എട്ട് വില്ലേജുകളിൽ ഹോട്ടലുകൾക്കും റിസോർട്ടുകൾക്കും വൈദ്യുതി കണക്ഷൻ നൽകുന്നതിന് റവന്യൂ വകുപ്പിന്റെ നിരാക്ഷേപ പത്രം വേണമെന്ന വ്യവസ്ഥ നിലവിലുണ്ടോ;

(ബി) പ്രസ്തുത നിരാക്ഷേപ പത്രമില്ലാതെ വൈദ്യുതി കണക്ഷൻ നൽകുവാൻ ബോർഡ് തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനുള്ള കാരണമെന്താണ്;

(സി) ഈ തീരുമാനം മൂന്നാറിലെ കയ്യേറ്റക്കാരെ സഹായിക്കുന്നതും കയ്യേറ്റം സംബന്ധിച്ച കേസുകളിൽ സർക്കാരിന് തോൽവി ഉണ്ടാകുവാൻ കാരണമാകുന്നതുമാണെന്നു ചൂണ്ടിക്കാണിച്ച് ഭരണപരിഷ്ക്കാര കമ്മീഷൻ ചെയർമാൻ മന്ത്രിക്ക് കത്ത് നൽകിയിട്ടുണ്ടോ;

(ഡി) വൈദ്യുതി കണക്ഷൻ നൽകുവാനുള്ള തീരുമാനം പുനഃപരിശോധിക്കുമോ?

<u>ഉത്തരം</u>

(എ&ബി) നിലവിലില്ല. ഇതുസംബന്ധിച്ച ഗവൺമെന്റ് ഉത്തരവ് 6-5-2019-ൽ ഇറങ്ങിയിട്ടുണ്ട്. ഇടുക്കി ജില്ലയിലെ 8 വില്ലേജുകളിൽ എല്ലാത്തരം വൈദ്യുതി കണക്ഷനുകളും അനുവദിക്കുമ്പോൾ റവന്യൂ വകുപ്പിന്റെ നിരാക്ഷേപ പത്രം വേണമെന്ന് അനുശാസിക്കുന്ന തരത്തിൽ 23-10-2017-ൽ ദേവികുളം സബ്കളക്ടർ കെ.എസ്.ഇ.ബി.എൽ. അധികൃതർക്ക് കത്ത് നൽകിയിരുന്നു. ഇതേത്തുടർന്ന് ഈ എട്ട് വില്ലേജുകളിൽ വൈദ്യുത കണക്ഷനുകൾ നൽകുന്നതിന് ബുദ്ധിമുട്ടനുഭവപ്പെടുകയും നിരവധി പരാതികൾ ലഭിക്കുകയും ചെയ്തു.

കൂടാതെ കെ.എസ്.ഇ.ബി. എൽ. കേന്ദ്ര വൈദ്യുതി നിയമം 2003 പ്രകാരം സംസ്ഥാന റെഗുലേറ്ററി കമ്മീഷൻ പുറപ്പെടുവിച്ചിട്ടുള്ള കേരള ഇലക്ട്രിസിറ്റി സപ്ലൈ കോഡ് അനുസരിച്ചാണ് വൈദ്യുതി കണക്ഷൻ നൽകേണ്ടത്. ഇതുപ്രകാരം തിരിച്ചറിയൽ രേഖയും ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റും മാത്രമാണ് ഉപഭോക്താവ് പുതിയ കണക്ഷന് ലഭ്യമാക്കേണ്ടത്. ഉപഭോക്തൃ നിയമം അറ്റോമിക് എനർജി നിയമം, റെയിൽവേ നിയമം എന്നിവ ഒഴികെയുള്ള മറ്റ് നിയമങ്ങളുടെ മേൽ ഓവർറൈഡിംഗ് അധികാരമുള്ളതാണ് കേന്ദ്രവൈദ്യുതി നിയമം. കേന്ദ്രവൈദ്യുതി നിയമം 2003-ന്റെ സെക്ഷൻ 43 പ്രകാരം, ഒരു പ്രിമിസസിന്റെ ഉടമസ്ഥനോ അവിടെ താമസിക്കുന്ന ആളോ വൈദ്യുതി കണക്ഷനുവേണ്ടി അപേക്ഷ സമർപ്പിച്ചാൽ നിർബന്ധമായും ലൈസൻസി വൈദ്യുതി കണക്ഷൻ നൽകിയിരിക്കണം. ഇപ്രകാരം കണക്ഷൻ നൽകാൻ കഴിയുന്നില്ലെങ്കിൽ ലൈസൻസി പിഴ നൽകാനും നിയമം വ്യവസ്ഥ ചെയ്യുന്നുണ്ട്. മാത്രവുമല്ല വൈദ്യുതി കണക്ഷൻ ഉണ്ടെന്നത് ഉടമസ്ഥാവകാശം സംബന്ധിച്ച തെളിവോ രേഖയോ അല്ലെന്നു രാജ്യത്തെ വിവിധ കോടതികൾ വിധി പ്രസ്താവങ്ങളുടെ ഭാഗമായി പറഞ്ഞിട്ടുണ്ട്. അതിനാൽത്തന്നെ റവന്യൂ വകുപ്പിന്റെ പ്രാദേശിക ഉദ്യോഗസ്ഥർ കേന്ദ്രനിയമ പ്രകാരമുള്ള സപ്ലൈകോഡിനും വിവിധ കോടതി ഉത്തരവുകൾക്കും നിരക്കാത്തതരത്തിൽ നൽകുന്ന നിർദ്ദേശങ്ങൾ നിയമപരമായി നിലനിൽക്കുന്നതല്ലെന്ന് കാണാവുന്നതാണ്. ലൈൻ വലിക്കുന്നതിനുള്ള നിരവധി

പദ്ധതികൾ പൂർത്തീകരിച്ചതിനുശേഷവും മേല്പറഞ്ഞ നിർദ്ദേശംമൂലം വിവിധ ആവശ്യങ്ങൾക്ക് വൈദ്യുതി ലഭിക്കാൻ കാലതാമസം നേരിടുന്നുവെന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് കേന്ദ്ര വൈദ്യുതി നിയമം 2003, കേരള ഇലക്ട്രിസിറ്റി സപ്ലൈ കോഡ് 2014, എന്നിവയുടെ പരിധിക്കുള്ളിൽ നിന്നുകൊണ്ടുതന്നെയുള്ള പ്രസ്തുത ഗവൺമെന്റ് ഉത്തരവ് പുറപ്പെടുവിക്കപ്പെട്ടത്. ഈ ഉത്തരവ് പ്രകാരം വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിന് റവന്യൂ വകുപ്പിന്റെ എൻ.ഒ.സി. ആവശ്യമില്ല. എന്നാൽ നൽകപ്പെട്ട കണക്ഷനുകളിൽ ഏതെങ്കിലും അനധികൃത സ്ഥലത്തോ കെട്ടിടത്തിലോ ആണെന്ന് റവന്യൂ വകുപ്പ് അറിയിക്കുന്ന പക്ഷം കെ.എസ്.ഇ.ബി. ലിമിറ്റഡ് പ്രസ്തുത കണക്ഷൻ അഴിച്ചുമാറ്റാൻ ഈ ഉത്തരവിൽ വ്യവസ്ഥ ചെയ്യുന്നുണ്ട്.

(സി) ലഭിച്ചിട്ടുണ്ട്.

(ഡി) വൈദ്യുതി കണക്ഷൻ ഒരു സ്ഥിരം സംവിധാനമല്ല. മറിച്ച് മനുഷ്യരുടെ അടിസ്ഥാന അത്യാവശ്യങ്ങൾ നിറവേറ്റാൻ സഹായിക്കുന്ന ഒരു ജീവനോപാധി മാത്രമാണ്. കെട്ടിടം അനധികൃതമാണെന്ന് റവന്യൂ വകുപ്പ് ചട്ട പ്രകാരം അറിയിക്കുന്ന പക്ഷം കണക്ഷൻ നൽകുന്നതല്ല. കണക്ഷൻ നൽകിക്കഴിഞ്ഞിട്ടുണ്ടെങ്കിൽ റവന്യൂ വകുപ്പിന്റെ നിർദ്ദേശാനുസരണം കണക്ഷൻ അഴിച്ചു മാറ്റുന്നതാണെന്നും ഉത്തരവിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

## പള്ളുരുത്തിയിലെ വോൾട്ടേജ് ക്ഷാമം

196 (2413) <u>ശ്രീ. എം. സ്വരാജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃപ്പൂണിത്തുറ മണ്ഡലത്തിലെ പള്ളുരുത്തിയിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനായി സ്വീകരിച്ചുവരുന്ന നടപടികൾ അറിയിക്കുമോ;

(ബി) ഇതിലേയ്ക്കായി പുതുതായി എത്ര ട്രാൻസ്ഫോർമർകൂടി സ്ഥാപിക്കണം എന്ന് അറിയിക്കുമോ;ഇവ എന്നത്തേക്ക് സ്ഥാപിക്കുമെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) തൃപ്പൂണിത്തുറ മണ്ഡലത്തിലെ പള്ളുരുത്തിയിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനായി പ്രധാനമായും ട്രാൻസ്ഫോർമർ സ്ഥാപിക്കുന്ന നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്. കൂടാതെ പുതിയ ലൈനുകൾ വലിക്കുക, സിംഗിൾ ഫേസ് ലൈനുകൾ ത്രീ ഫേസ് ലൈനുകളാക്കുക തുടങ്ങിയ നടപടികളും സ്വീകരിച്ചിട്ടുണ്ട്. 11 കെ.വി. ഭൂഗർഭ കേബിൾ, എച്ച്.ടി.എ.ബി. കേബിൾ,

എൽ.ടി.എ.ബി. കേബിൾ തുടങ്ങിയവ ഉൾപ്പെടെ "ദ്യുതി-2021" പദ്ധതിയിൽ പള്ളുരുത്തി സെക്ഷൻ പരിധിയിൽ 13.5 കോടി രൂപയുടെ ജോലികൾ വിഭാവന ചെയ്തിട്ടുണ്ട്. വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനായി മേയ് 2019 വരെ പള്ളുരുത്തി സെക്ഷൻ പരിധിയിൽ 16 ട്രാൻസ്ഫോർമറുകൾ കപ്പാസിറ്റി കൂട്ടുകയും 4 എണ്ണം പുതുതായി സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്.

10 ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുന്നതിനുള്ള ജോലികൾ പുരോഗമിക്കുന്നു. ദ്യുതി-2021 പദ്ധതിയിൽ കൂടുതൽ ട്രാൻസ്ഫോർമറുകൾ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. കടുത്ത വേനൽക്കാലത്ത് വർദ്ധിക്കുന്ന ഉപഭോഗം കാരണമാണ് വോൾട്ടേജ് പ്രശ്നം രൂക്ഷമാകുന്നത്. അടുത്ത വേനൽക്കാലത്തിന് മുമ്പ് വോൾട്ടേജ് പ്രശ്നം പരിഹരിക്കുന്നതിനുള്ള ജോലികൾ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## മഹാപ്രളയത്തിൽ കെ.എസ്.ഇ.ബി.എൽ.-ന് ഉണ്ടായ നാശനഷ്ടം

197 (2414) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആഗസ്റ്റ് 15-ന് ഉണ്ടായ മഹാപ്രളയംമൂലം വൈദ്യുതി വകുപ്പിന് എത്ര കോടി രൂപയുടെ നാശനഷ്ടമാണ് ഉണ്ടായിരിക്കുന്നത് എന്ന് കണക്ക് സഹിതം ഇനം തിരിച്ച് വ്യക്തമാക്കാമോ; മഹാപ്രളയത്തിൽ റാന്നി നിയോജകമണ്ഡലത്തിൽ കെ.എസ്.ഇ.ബി.എൽ.-ക്ക് ഉണ്ടായ നാശനഷ്ടങ്ങളുടെ കണക്കുകൾ വിശദമാക്കാമോ ;

(ബി) നാശനഷ്ടം സംഭവിച്ച എത്ര പോസ്റ്റുകളും ട്രാൻസ്ഫോർമറുകളും വൈദ്യുതി ലൈനുകളും മാറ്റി സ്ഥാപിച്ചു എന്ന് പറയാമോ; ഇതിനായി എത്ര രൂപ ചെലവായി എന്ന് ഇനം തിരിച്ച് വിശദമാക്കാമോ ?

ഉത്തരം

(എ) പ്രളയവും കാലവർഷക്കെടുതിയും മൂലമുണ്ടായിട്ടുള്ള നാശനഷ്ടങ്ങളുടെ പ്രാഥമിക കണക്കുപ്രകാരം വൈദ്യുതി ഉല്പാദനമേഖലയിൽ 80.85 കോടി രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്. ജില്ല തിരിച്ചിള്ള കണക്കുകൾ ചുവടെ ചേർക്കുന്നു.

| ജില്ല | ജലവൈദ്യുത പദ്ധതികൾ | കണക്കാക്കിയുള്ള നഷ്ടം |
|---|---|---|
| തിരുവനന്തപുരം | ലോവർ മീൻമുട്ടി | 2 ലക്ഷം |
| പത്തനംതിട്ട | റാന്നി-പെരുനാട് | 300 ലക്ഷം |

| | | |
|---|---|---|
| എറണാകുളം | ഇടമലയാർ | 1 ലക്ഷം |
| ഇടുക്കി | ലോവർ പെരിയാർ, പള്ളിവാസൽ, മൂലമറ്റം, പന്നിയാർ, വെള്ളത്തൂവൽ, മാട്ടുപ്പെട്ടി, തോട്ടിയാർ | 5295 ലക്ഷം |
| തൃശ്ശൂർ | പെരിങ്ങൽകുത്ത്, പി.എൽ.ബി.ഇ. | 1000 ലക്ഷം |
| മലപ്പുറം | ആഢ്യൻപാറ | 1350 ലക്ഷം |
| കോഴിക്കോട് | കക്കയം, ഉറുമി-II, പൂഴിത്തോട്, ചെമ്പുകടവ്-II | 137 ലക്ഷം |
| | ആകെ | 8,085 ലക്ഷം |

പ്രസരണ വിഭാഗത്തിൽ 29.771 കോടി രൂപയുടെ നാശനഷ്ടമാണ് ഉണ്ടായിരിക്കുന്നത്. വിവിധ ജില്ലകളിലായി വിതരണ മേഖലയിൽ കെ.എസ്.ഇ.ബി.എൽ.-ന്റെ ലൈനുകൾക്കും പോളുകൾക്കും ട്രാൻസ്ഫോർമറുകൾക്കും ഉണ്ടായ നഷ്ടം 85.03 കോടി രൂപയായും മറ്റ് പ്രതിഷ്ഠാപനങ്ങൾക്കുള്ള നഷ്ടം 7.42 കോടി രൂപയായും കണക്കാക്കിയിരുന്നു. വീടുകളുടെ വയറിംഗിനും മീറ്ററുകൾക്കും സംഭവിച്ച കേടുപാടുകൾക്കുള്ള 150 കോടി രൂപയുടെ നഷ്ടം അടക്കം 242.45 കോടി രൂപയുടെ നാശനഷ്ടങ്ങൾ വിതരണ മേഖലയിൽ സംഭവിച്ചതായി വിലയിരുത്തുന്നു. ഇതുകൂടാതെ ഇക്കാലയളവിൽ വൈദ്യുതി വിതരണം തടസ്സപ്പെട്ടതുകാരണം 472.10 കോടിരൂപയുടെ വരുമാന നഷ്ടവും കെ.എസ്.ഇ.ബി.എൽ.-ന് വന്നിട്ടുണ്ട്.

ജനറേഷൻ മേഖലയിൽ, കെ.എസ്.ഇ.ബി.എൽ.-ന്റെ കീഴിലുള്ള ലോവർ പെരിയാർ, ഇടമലയാർ, പെരിങ്ങൽകുത്ത്, ലെഫ്റ്റ് ബാങ്ക് എക്സ്റ്റെൻഷൻ, പന്നിയാർ തുടങ്ങി അഞ്ച് പ്രധാന ജലവൈദ്യുത പദ്ധതികൾക്കും വെള്ളത്തൂവൽ, റാന്നി-പെരുനാട്, ആഢ്യൻപാറ, ബാരാപോൾ, ചെമ്പുകടവ്-II മാട്ടുപ്പെട്ടി, പെരുന്തേനരുവി, ലോവർ മീൻമുട്ടി, പീച്ചി, ചിമ്മിനി, ഉറുമി-II വിലങ്ങാട്, പൂഴിത്തോട്, മലമ്പുഴ തുടങ്ങി 14 ചെറുകിട ജലവൈദ്യുത പദ്ധതികൾക്കും, പ്രസ്തുത പ്രളയത്തിലും തുടർന്നുണ്ടായ ഉരുൾപൊട്ടലിലും കാര്യമായ നാശനഷ്ടം

സംഭവിച്ചിരുന്നു. കൂടാതെ മൂലമറ്റം, കക്കയം മുതലായ വൻകിട ജലവൈദ്യുത പദ്ധതി പ്രദേശങ്ങളിലും പ്രളയത്തെ തുടർന്ന് മണ്ണിടിച്ചിലും മറ്റുംമൂലം നാശനഷ്ടങ്ങളുണ്ടായി.

പ്രളയംമൂലം റാന്നി നിയോജക മണ്ഡലത്തിൽ ഉണ്ടായ നാശനഷ്ടങ്ങൾ

പത്തനംതിട്ട ജില്ലയിലെ റാന്നി നിയോജക മണ്ഡലത്തിൽ റാന്നി-പെരുനാട് ജലവൈദ്യുത പദ്ധതിക്ക് ഏകദേശം 300 ലക്ഷം രൂപയുടെ നാശനഷ്ടമുണ്ടായതായി കണക്കാക്കിയിട്ടുണ്ട്. പദ്ധതിയിലെ ജനറേറ്റർ അനുബന്ധ ഉപകരണങ്ങളായ ഗവേർണർ സിസ്റ്റം പാനലുകൾ, എക്സൈറ്റേഷൻ സിസ്റ്റം മുതലായവ പൂർണ്ണമായും വെള്ളംകയറി നശിച്ച അവസ്ഥയിലായിരുന്നു.

മഹാപ്രളയത്തിൽ റാന്നി നിയോജകമണ്ഡലത്തിൽ പ്രസരണ ലൈനിലെ ചില ടവറുകളുടെ അസ്ഥിവാരങ്ങൾ ബലപ്പെടുത്തുക, ലൈനുകളുടെ കേടുപാടുകൾ ഇല്ലാതാക്കുക തുടങ്ങിയ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കായി പത്തനംതിട്ട ട്രാൻസ്മിഷൻ ഡിവിഷനിൽനിന്നും 89,124 രൂപ ചെലവായിട്ടുണ്ട്. കൂടാതെ ട്രാൻസ്ഫോർമറുകൾ, ലൈനുകൾ, പോസ്റ്റുകൾ, മറ്റ് അനുബന്ധ ഉപകരണങ്ങൾ തുടങ്ങിയവയ്ക്കുണ്ടായ നഷ്ടം 2.46 കോടി രൂപയായി കണക്കാക്കിയിരുന്നു. KSEBL-ന്റെ ഓഫീസുകൾക്കും വാഹനങ്ങൾക്കും 6.2 ലക്ഷം രൂപയുടെ നാശനഷ്ടവും സംഭവിച്ചിരുന്നു.

(ബി) പ്രളയത്തിൽ നാശം സംഭവിച്ച 103255 പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്നതിലേയ്ക്കായി 41.302 കോടി രൂപയും കേടായ 1735 ട്രാൻസ്ഫോർമറുകൾ മാറ്റിസ്ഥാപിക്കുന്നതിലേയ്ക്കായി 17.35 കോടി രൂപയും കേടുപാടുകൾ സംഭവിച്ച 5276 കി.മീ. വൈദ്യുതിലൈനുകൾ പുനഃസ്ഥാപിക്കുന്നതിലേയ്ക്കായി 26.40 കോടി രൂപയും ചേർത്ത് ആകെ 85.03 കോടി രൂപ ചെലവഴിച്ചു.

**എൻ.ടി.പി.സി.-യുമായുള്ള കരാർ**

198 (2415) ശ്രീ. ആർ. രാമചന്ദ്രൻ :
ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീമതി ഗീതാ ഗോപി :
ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൻ.ടി.പി.സി.-യുടെ കായംകുളം താപനിലയത്തിൽ നിലവിൽ വൈദ്യുതി ഉത്പാദിപ്പിക്കുന്നുണ്ടോ;

(ബി) എൻ.ടി.പി.സി.-യുമായി സംസ്ഥാനം ഏർപ്പെട്ടിരിക്കുന്ന കരാറിലെ പ്രധാന വ്യവസ്ഥകളും, കരാറിന്റെ പ്രാബല്യ തീയതിയും വ്യക്തമാക്കുമോ;

(സി) നാഫ്ത ഇന്ധനമാക്കി നിർമ്മിക്കുന്ന വൈദ്യുതിയുടെ ഉയർന്ന യൂണിറ്റ് ചാർജ് മൂലമാണോ പ്രസ്തുത പദ്ധതി മന്ദഗതിയിലാകുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) എൻ.ടി.പി.സി.-യുമായി കേരളം മാത്രമാണോ കരാറിൽ ഏർപ്പെട്ടിരിക്കുന്നതെന്നും, മറ്റ് സംസ്ഥാനങ്ങൾ കരാറിൽ ഏർപ്പെട്ടിട്ടുണ്ടോയെന്നും അറിയിക്കുമോ;

(ഇ) വൈദ്യുതി വാങ്ങാതെ എൻ.ടി.പി.സി.-യ്ക്ക് കരാർ പ്രകാരമുള്ള തുക നൽകിയതിന്റെ വിവരങ്ങളും ആയത് സംസ്ഥാനത്തിന് ബാദ്ധ്യതയാണോയെന്നും അറിയിക്കുമോ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി) കേന്ദ്രസർക്കാർ സ്ഥാപനമായ എൻ.ടി.പി.സി.-യുടെ ഉടമസ്ഥതയിലുള്ള 359.58 മെഗാവാട്ട് ശേഷിയുള്ള കായംകുളം താപവൈദ്യുതി നിലയുമായി ഏർപ്പെട്ടിട്ടുള്ള വൈദ്യുതി വാങ്ങൽ കരാർ വ്യവസ്ഥകൾക്ക് വിധേയമായി 28-2-2025-വരെ പ്രാബല്യത്തിലുണ്ട്. ഈ നിലയത്തിൽനിന്നും ഒരു യൂണിറ്റ് വൈദ്യുതിപോലും കെ.എസ്.ഇ.ബി.എൽ. വാങ്ങിയില്ലെങ്കിലും നിശ്ചയിക്കപ്പെട്ട ഫിക്സഡ് ചാർജ് നൽകാൻ കെ.എസ്.ഇ.ബി.എൽ. ബാദ്ധ്യസ്ഥരാണ്. എന്നാൽ കരാർ വ്യവസ്ഥയനുസരിച്ച് ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതിയുടെ ലാഭനഷ്ടങ്ങൾ കണക്കിലെടുത്ത് ഈ നിലയം ഉൽപ്പാദനപ്പട്ടികയിൽ ഉൾപ്പെടുത്താതിരിക്കുന്നതിനുള്ള അവകാശവും കരാർ പുനഃപരിശോധിക്കുന്നതിനുള്ള ബാധ്യതയും കെ.എസ്.ഇ.ബി. ലിമിറ്റഡിനുണ്ട്.

(സി) അതെ. നാഫ്ത ഇന്ധനമാക്കി ഈ നിലയത്തിൽ നിന്നുൽപ്പാദിപ്പിക്കുന്ന വൈദ്യുതിയുടെ വില മറ്റു സ്രോതസ്സുകളിൽനിന്നും ലഭിക്കുന്ന വൈദ്യുതി നിരക്കിനേക്കാൾ വളരെ ഉയർന്നതാണ്.

(ഡി) കായംകുളം നിലയത്തിൽനിന്നുള്ള വൈദ്യുതി വാങ്ങുന്നതിന് കേരളം മാത്രമാണ് എൻ.ടി.പി.സി.-യുമായി കരാറിൽ ഏർപ്പെട്ടിരിക്കുന്നത്.

(ഇ) എൻ.ടി.പി.സി.-യുമായി നിലവിലുള്ള കരാർപ്രകാരം ഇന്ധനം സ്റ്റോക്ക് ചെയ്യൽ, അറ്റകുറ്റപ്പണികൾ, വർക്കിംഗ് ക്യാപിറ്റൽ തുടങ്ങി വിവിധ കാര്യങ്ങൾക്ക് കേന്ദ്ര ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ നിശ്ചയിക്കുന്ന

മാനദണ്ഡങ്ങൾ പ്രകാരം ഏകദേശം 300 കോടി രൂപയുടെ ബാധ്യതയാണ് പ്രതിവർഷം കെ.എസ്.ഇ.ബി.എൽ.-ന് ഉണ്ടാകുക. എന്നാൽ ഉൽപ്പാദനം നടത്താതെ ഇത്രയും വലിയ തുക നൽകുന്നതിലുള്ള പ്രയാസം ബോദ്ധ്യപ്പെടുത്തി തുകയിൽ വെട്ടിക്കുറവ് വരുത്തണമെന്ന് കെ.എസ്.ഇ.ബി.എൽ. എൻ.ടി.പി.സി.-യോട് ആവശ്യപ്പെട്ടിരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇക്കാര്യത്തിൽ ശക്തമായി ഇടപെടുകയും 2014-19 വരെയുള്ള കാലഘട്ടത്തിലെ തുക പ്രതിവർഷം 200 കോടിരൂപയോളമായി കുറപ്പിക്കുകയും ചെയ്തിട്ടുണ്ട്. 2018-ൽ ഉണ്ടായ ഈ തീരുമാനമനുസരിച്ച് മുൻകാലത്ത് നൽകിയ തുക ഭാവിയിലേയ്ക്ക് വരവ് വയ്ക്കാനും നടപടി സ്വീകരിച്ചിട്ടുണ്ട്. 2019-2024 കാലയളവിലേയ്ക്കുള്ള ബാധ്യതയെ സംബന്ധിച്ച് ചർച്ചകൾ നടന്നുവരുന്നു. ഇനിയും തുക ഗണ്യമായി കുറയ്ക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

## കെ.എസ്.ഇ.ബി.എൽ. ഓഫീസുകളുടെ അധികാരപരിധി പുനർനിർണയം

199 (2416) <u>ശ്രീ. ഡി. കെ. മുരളി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ കെ.എസ്.ഇ.ബി ഓഫീസുകളുടെ അധികാരപരിധി പുനർനിർണയിക്കാൻ സർക്കാർ ആലോചിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ഇതിന്റെ മാനദണ്ഡം എന്താണെന്ന് വിശദമാക്കാമോ;

(ബി) പുനർനിർണയത്തിന്റെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസുകളിൽ ജോലിതുല്യത വരുത്താനും ഉപഭോക്താക്കൾക്ക് മെച്ചപ്പെട്ട സേവനം നൽകുന്നതിനും വേണ്ടിയാണ് കെ.എസ്.ഇ.ബി.എൽ. സെക്ഷൻ ഓഫീസുകളുടെ അധികാര പരിധി പുനർനിർണ്ണയിക്കുന്നത്.

ഉപഭോക്താക്കളുടെ എണ്ണം, ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ, വൈദ്യുതി ലൈനുകളുടെ നീളം, ട്രാൻസ്ഫോർമറുകളുടെ എണ്ണം, ഉപഭോക്താക്കൾക്ക് സെക്ഷൻ ഓഫീസുകളിലേയ്ക്ക് എളുപ്പത്തിൽ എത്തിച്ചേരാനുള്ള സൗകര്യം, പ്രവർത്തന മേഖലയിൽ സ്ഥാപിച്ചിട്ടുള്ള ഇൻസ്റ്റലേഷനുകളുടെ എണ്ണം, വൈദ്യുതി തകരാർ സമയബന്ധിതമായി പരിഹരിക്കുന്നതിനും അറ്റകുറ്റപ്പണികൾ, മറ്റ് അനുബന്ധ പ്രവൃത്തികൾ മുതലായവ സമയാധിഷ്ഠിതമായി ചെയ്യുന്നതിനുള്ള സൗകര്യം, പ്രവർത്തന മേഖലയുടെ വിസ്തീർണ്ണം എന്നിവ പരിശോധിച്ച് ഏകദേശം തുല്യത

വരുത്തി സെക്ഷൻ ഓഫീസുകളെ പുനർനിർണ്ണയിക്കുന്നതിനും ശാക്തീകരിക്കുന്നതിനുമായുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.

(ബി) നിലവിൽ ചില സെക്ഷൻ ഓഫീസുകളിൽ പുനഃക്രമീകരണ നടപടികൾ പൂർത്തിയായിക്കഴിഞ്ഞിട്ടുണ്ട്. ബാക്കിയുള്ള സെക്ഷനുകളിൽ പുനഃക്രമീകരണത്തിനുള്ള സാധ്യത പരിശോധിച്ച് നടപടികൾ പൂർത്തീകരിക്കുന്നതാണ്.

**കെ.എസ്.ഇ.ബി.എൽ. കമ്പനിവൽക്കരണം**

200 (2417) <u>ശ്രീ. കെ. വി. വിജയദാസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.എൽ-നെ കമ്പനിവത്കരിക്കുന്നതിലുള്ള കേന്ദ്രസർക്കാർ നയം എന്താണെന്ന് അറിയാമോ; എങ്കിൽ വിശദമാക്കുമോ;

(ബി) കേന്ദ്രസർക്കാരിന്റെ നിലപാട് മറികടന്ന് കമ്പനിവത്കരണം ഉപേക്ഷിക്കുവാൻ സംസ്ഥാനസർക്കാരിന് നിയമപരമായി എന്തെങ്കിലും തടസങ്ങളുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരം നല്കുമോ ?

<u>ഉത്തരം</u>

(എ&ബി) കേന്ദ്ര വൈദ്യുതി നിയമം 2003 അനുസരിച്ച് സംസ്ഥാന ഇലക്ട്രിസിറ്റി ബോർഡുകൾ പുനഃസംഘടിപ്പിക്കാൻ സംസ്ഥാന സർക്കാരുകൾ ബാദ്ധ്യസ്ഥരായിരുന്നു. 2004 ജൂൺ 10-നകം പുനഃസംഘടന പൂർത്തീകരിക്കണമെന്ന് വൈദ്യുതി നിയമം വ്യവസ്ഥ ചെയ്തിരുന്നെങ്കിലും കേന്ദ്രസർക്കാർ അനുമതിയോടെ കെ.എസ്.ഇ.ബി.എൽ. പുനഃസംഘടന നീട്ടിയിരുന്നു. എന്നാൽ 2008-സെപ്റ്റംബർ 24 വരെ മാത്രമേ കേന്ദ്രഗവൺമെന്റ് സമയം നീട്ടി അനുവദിച്ചിരുന്നുള്ളൂ. വീണ്ടും സമയം നീട്ടിത്തരാനുള്ള അപേക്ഷ നിരസിച്ചതിൻ പ്രകാരം കെ.എസ്.ഇ.ബി.എൽ.-ന്റെ പുനഃസംഘടനയ്ക്കു വേണ്ടിയുള്ള തയ്യാറെടുപ്പുകൾ നടത്തുകയും പുനഃസംഘടനയെക്കുറിച്ച് പഠിക്കുന്നതിനും റിപ്പോർട്ട് സമർപ്പിക്കുന്നതിനുമായി ഒരു കമ്മിറ്റിയെ നിയോഗിക്കുകയും ചെയ്തു. ഈ കമ്മിറ്റിയുടെ റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ സർക്കാർ വിശദമായി പരിശോധിക്കുകയും 25-8-2008-ലെ G.O(MS)No.29/08 ഉത്തരവ് പ്രകാരം കെ.എസ്.ഇ.ബി.എൽ.-നെ തത്വത്തിൽ 1956-ലെ ഇൻഡ്യൻ കമ്പനീസ് ആക്ട് പ്രകാരം പുനഃസംഘടിപ്പിക്കുന്നതിനും പൊതുമേഖലയിൽ നിലനിർത്തുന്നതിനും ഉത്തരവായി. തുടർന്ന് കെ.എസ്.ഇ.ബി.എൽ.-ന്റെ ആസ്തി

ബാദ്ധ്യതകൾ സർക്കാരിൽ നിക്ഷിപ്തമാക്കിക്കൊണ്ട് കേരള ഇലക്ട്രിസിറ്റി ആദ്യ ട്രാൻസ്ഫർ സ്കീം പുറപ്പെടുവിച്ചു. ആസ്തി ബാദ്ധ്യതകൾ പുതിയതായി രൂപീകരിക്കുന്ന കമ്പനിയിലേയ്ക്ക് പുനർനിക്ഷിപ്തമാക്കണമെന്ന വ്യവസ്ഥയുണ്ടായിരുന്നു. പുതിയതായി കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് എന്ന കമ്പനി 14-1-2011-ൽ രജിസ്റ്റർ ചെയ്യുകയും പൂർണ്ണമായും സർക്കാർ ഉടമസ്ഥതയിലുള്ള ഈ കമ്പനിയിലേയ്ക്ക് 31-10-2013-ലെ സർക്കാർ വിജ്ഞാപനം വഴി രണ്ടാം ട്രാൻസ്ഫർ സ്കീം പ്രകാരം ആസ്തി ബാദ്ധ്യതകൾ പുനർ നിക്ഷിപ്തമാക്കുകയും ചെയ്തു. അതനുസരിച്ച് 31-10-2013 മുതൽ കെ.എസ്.ഇ.ബി., കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് എന്ന കമ്പനിയായി പ്രവർത്തിച്ചുവരുന്നു.

## കെ.എസ്.ഇ.ബി.എൽ.-ന്റെ പുനഃസംഘടന

201 (2418) ശ്രീ. അനിൽ അക്കര: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.എൽ പുനഃസംഘടിപ്പിക്കുന്നതിന്റെ ഭാഗമായി കോഴിക്കോട് ഐ.ഐ.എം സമർപ്പിച്ച പഠനറിപ്പോർട്ട് നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) കേന്ദ്ര വൈദ്യുതി അതോറിറ്റിയുടെ 2010 -ലെ സുരക്ഷാ മാനദണ്ഡങ്ങൾ കെ.എസ്.ഇ.ബി.എൽ-യിൽ പൂർണ്ണമായും നടപ്പിലാക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

### ഉത്തരം

(എ) കെ.എസ്.ഇ.ബി.എൽ.-ന്റെ പുനഃസംഘടനയുമായി ബന്ധപ്പെട്ട് ഐ.ഐ.എം. സമർപ്പിച്ച റിപ്പോർട്ട് ബോർഡ് നിയോഗിച്ച ഉന്നതതല കമ്മിറ്റി വിശദമായി പഠിച്ച് നടപ്പിലാക്കേണ്ട വിഷയങ്ങൾ തീരുമാനിക്കുകയും പ്രസ്തുത വിഷയങ്ങളിൽ കൃത്യമായ ശിപാർശകൾ സമർപ്പിക്കുന്നതിനായി ഒരു സബ് കമ്മിറ്റിയെ ചുമതലപ്പെടുത്തുകയുമുണ്ടായി. സബ് കമ്മിറ്റി സമർപ്പിച്ച കരട് റിപ്പോർട്ട് വിശദമായി പരിശോധിച്ച് ആവശ്യമായ മാറ്റങ്ങൾ വരുത്തി 30-6-2019-നമുമ്പായി അന്തിമ റിപ്പോർട്ട് സമർപ്പിക്കുന്നതിനായി കോർപ്പറേറ്റ് ഓഫീസ്, ഉൽപ്പാദനം, പ്രസരണം, വിതരണം എന്നീ മേഖലകൾക്കായി നാല് വിദഗ്ദ്ധ സമിതികളെ നിയോഗിച്ചിട്ടുണ്ട്. പ്രസ്തുത വിദഗ്ദ്ധ സമിതിയുടെ അന്തിമ റിപ്പോർട്ട് ലഭിച്ചതിനുശേഷം ജീവനക്കാരുടെ സംഘടനകളുമായി ബോർഡ് തലത്തിൽ ചർച്ചചെയ്ത് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) കേന്ദ്ര വൈദ്യുത അതോറിറ്റിയുടെ 2010-ലെ സുരക്ഷാ മാനദണ്ഡങ്ങൾ കെ.എസ്.ഇ.ബി. ലിമിറ്റഡ് നടപ്പിലാക്കിവരുന്നു. ഇതുമായി ബന്ധപ്പെട്ട് ആദ്യമായി മാനദണ്ഡപ്രകാരമുള്ള ഒരു സുരക്ഷാനയം കെ.എസ്.ഇ.ബി. ലിമിറ്റഡ് രൂപീകരിച്ചുകഴിഞ്ഞു. കൂടാതെ പ്രസരണ വിതരണ വിഭാഗങ്ങളുടെ മാനദണ്ഡപ്രകാരം ഏകീകരിച്ച സുരക്ഷാ നടപടിക്രമങ്ങളും തയ്യാറാക്കിയിട്ടുണ്ട്. എല്ലാ ജീവനക്കാർക്കും എല്ലാ വർക്കുകളുടെയും സുരക്ഷാ നടപടികൾ വായിച്ചുനോക്കി മനസ്സിലാക്കുന്നതിനായി ഇവ പുസ്തകരൂപത്തിലും, PDF സോഫ്റ്റ് കോപ്പി രൂപത്തിലും, മൊബൈൽ ആപ്പ് രൂപത്തിലും ഉടൻതന്നെ ലഭ്യമാക്കും. സുരക്ഷാനയം എല്ലാ ജീവനക്കാരിലേയ്ക്കും പൊതുജനങ്ങളിലേയ്ക്കും എത്തിക്കുന്നതിനായി കെ.എസ്.ഇ.ബി. ലിമിറ്റഡ് ടി വിഷയത്തിൽ പരിശീലകരായി തെരഞ്ഞെടുത്ത എഴുന്നൂറോളം എഞ്ചിനീയർമാർക്ക് ഇതിനോടകം പരിശീലനം നൽകി. ഇവർവഴി മറ്റുജീവനക്കാർക്കും പൊതുജനങ്ങൾക്കുംവേണ്ടി സുരക്ഷാനയവുമായി ബന്ധപ്പെട്ട പരിശീലന/ ബോധവൽക്കരണ പ്രവർത്തനങ്ങൾ ഇപ്പോൾ നടന്നു വരുന്നു. സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റി നിഷ്കർഷിക്കുന്ന നിലയിൽ ബോർഡിലെ എല്ലാ ഫീൽഡ് ജീവനക്കാർക്കും കരാർ ജീവനക്കാർക്കും സുരക്ഷാ പരിപാലനം ഉറപ്പുവരുത്തുന്നതുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങളിൽ പരിശീലനം നൽകുന്നതിന്റെ ഭാഗമായി ബോർഡ് ജീവനക്കാർക്കും കരാർ ജീവനക്കാർക്കും ഇക്വിപൊട്ടൻഷ്യൽ ബോണ്ടിംഗ്, സി.പി.ആർ., സ്ട്രെസ്സ് മാനേജ്മെന്റ്, മെഡിക്കൽ ചെക്ക്അപ്പ് തുടങ്ങിയ വിവിധങ്ങളായ പരിശീലന പരിപാടികൾ നടത്തിയിട്ടുണ്ട്. ഇതിന്റെ തുടർ പരിശീലനങ്ങൾ ഇപ്പോൾ നടന്നുവരുന്നു.

**ഏറനാട് മണ്ഡലത്തിലെ തടത്തിൽ പ്രദേശത്തെ വോൾട്ടേജ് ക്ഷാമം**

202(2419) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏറനാട് മണ്ഡലത്തിലെ കാവനൂർ ചെങ്ങര-തടത്തിൽ പ്രദേശത്ത് രൂക്ഷമായി അനുഭവപ്പെടുന്ന വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് തടത്തിൽ പ്രദേശത്ത് ട്രാൻസ്ഫോർമർ സ്ഥാപിക്കണമെന്നാവശ്യപ്പെട്ട് അപേക്ഷ ലഭിച്ചിരുന്നോ; വിശദമാക്കുമോ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പ്രദേശത്തെ വോൾട്ടേജ് ക്ഷാമം പരിഹരിക്കാൻ നടപടിക്രമങ്ങൾ വേഗത്തിലാക്കി പുതിയ ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ-സി) ഏറനാട് മണ്ഡലത്തിലെ കാവന്നൂർ ചെങ്ങര തടത്തിൽ പ്രദേശത്ത് അനുഭവപ്പെടുന്ന വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനായി പ്രദേശവാസികൾക്ക് വേണ്ടി ശ്രീ. പി. ടി. ശിഹാബ് പുലിയാരത്തൊടിക സമർപ്പിച്ച നിവേദനം സഹിതം ശ്രീ.പി.കെ. ബഷീർ എം.എൽ.എ.-യുടെ 2-5-2019-ലെ കത്ത് 16-5-2019-ന് മഞ്ചേരി ഇലക്ട്രിക്കൽ സർക്കിൾ ഓഫീസിൽ ലഭിച്ചിട്ടുണ്ട്. പ്രസ്തുത പരാതി പരിഹരിക്കുന്നതിലേയ്ക്കായി 0.35 കി.മീ. 11 കെ.വി. ലൈൻ വലിച്ച് 100 കെ.വി.എ.-യുടെ ഒരു ട്രാൻസ്ഫോർമർ വയ്ക്കുന്ന പ്രവൃത്തിയുടെ എസ്റ്റമേറ്റ് തയ്യാറാക്കിയിട്ടുള്ളതും പ്രവൃത്തി 2019-20 വർഷത്തെ 'ദ്യുതി' പദ്ധതിയിൽത്തന്നെ ഉൾപ്പെടുത്തി പൂർത്തീകരിക്കുവാൻ ലക്ഷ്യമിട്ടിട്ടുള്ളതുമാണ്.

**വൈദ്യുതി ബോർഡിന് ലഭിക്കേണ്ട ഭീമമായ കുടിശ്ശിക**

203 (2420) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ഡോ. എം. കെ. മുനീർ:
ശ്രീ. പി. ഉബൈദുള്ള:
ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൻകിട ഉപഭോക്താക്കളിൽ നിന്ന് മാത്രം വൈദ്യുത ബോർഡിന് ലഭിക്കേണ്ട ഭീമമായ കുടിശ്ശിക തുക ഈടാക്കുന്നതിന് ഫലപ്രദമായ നടപടികൾ ബോധപൂർവ്വം സ്വീകരിക്കുന്നില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കുടിശ്ശിക പൂർണ്ണമായി വസൂലാക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ) 31-3-2019-ലെ കണക്കുപ്രകാരം വൻകിട ഉപഭോക്താക്കളിൽ നിന്നു മാത്രം വൈദ്യുതി ബോർഡിന് ലഭിക്കേണ്ട കുടിശ്ശിക തുക 842.91 കോടി രൂപയാണ്. ഇതിൽ 408.60 കോടി രൂപ വിവിധ കോടതി വ്യവഹാരങ്ങളിൽ ഉൾപ്പെട്ടിട്ടുള്ളതാണ്. ടി വ്യവഹാരങ്ങൾ തീർപ്പാക്കുന്ന മുറയ്ക്ക് മാത്രമേ ഇവ ഈടാക്കാൻ കഴിയുകയുള്ളു. കുടിശ്ശിക തുക ഈടാക്കുന്നതിന് ഫലപ്രദമായ നടപടികൾ കെ.എസ്.ഇ.ബി.എൽ. സ്വീകരിച്ചുവരുന്നു.

(ബി) കുടിശ്ശിക തുക പിരിച്ചെടുക്കുന്നതിനായി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി ഉൾപ്പെടെയുള്ള നടപടികൾ കെ.എസ്.ഇ.ബി.എൽ.-ൽ സ്വീകരിച്ചുവരുന്നു. മാത്രമല്ല ഇലക്ട്രിസിറ്റി സപ്ലൈ കോഡിന് വിധേയമായ വൈദ്യുതി വിച്ഛേദനം, റവന്യൂ റിക്കവറി എന്നീ നടപടികളും കാര്യക്ഷമമായി നടപ്പാക്കിവരുന്നു.

## ഇടുക്കി ജില്ലയിൽ വൻകിട കെട്ടിടങ്ങൾക്ക് വൈദ്യുതി കണക്ഷൻ

204 (2421) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിൽ വൻകിട കെട്ടിടങ്ങൾക്ക് വൈദ്യുതി കണക്ഷൻ എടുക്കുന്നതിന് നിർബന്ധമായിരുന്ന റവന്യൂ വകുപ്പിന്റെ എൻ.ഒ.സി. ആവശ്യമില്ലെന്ന് ഊർജ്ജവകുപ്പ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇങ്ങനെ ഒരു ഉത്തരവ് പുറപ്പെടുവിക്കാനുള്ള സാഹചര്യം എന്താണെന്ന് വ്യക്തമാക്കുമോ; പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാകുമോ;

(സി) ഇടുക്കി ജില്ലയിലെ കയ്യേറ്റ ഭൂമിയിൽ നിർമ്മിക്കുന്ന കെട്ടിടങ്ങൾക്ക് വൈദ്യുതി കണക്ഷൻ ലഭ്യമാകുന്നതിന് വേണ്ടിയാണ് ടി ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത് എന്ന ആക്ഷേപം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇങ്ങനെയുള്ള കെട്ടിടങ്ങൾക്ക് വൈദ്യുതി കണക്ഷൻ നൽകരുതെന്ന് കോടതി ഉത്തരവ് നിലവിലുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ&ബി) ഇടുക്കി ജില്ലയിലെ 8 വില്ലേജുകളിൽ എല്ലാത്തരം വൈദ്യുതി കണക്ഷനുകളും അനുവദിക്കുമ്പോൾ റവന്യൂ വകുപ്പിന്റെ നിരാക്ഷേപപത്രം വേണമെന്ന് അനുശാസിക്കുന്ന തരത്തിൽ 23-10-2017-ൽ ദേവികുളം സബ്കളക്ടർ കെ.എസ്.ഇ.ബി.എൽ. അധികൃതർക്ക് കത്ത് നൽകിയിരുന്നു. ഇതേത്തുടർന്ന് ഈ എട്ട് വില്ലേജുകളിൽ വൈദ്യുത കണക്ഷനുകൾ നൽകുന്നതിന് ബുദ്ധിമുട്ടനുഭവപ്പെടുകയും നിരവധി പരാതികൾ ലഭിക്കുകയും ചെയ്തു.

കൂടാതെ KSEBL, കേന്ദ്ര വൈദ്യുതി നിയമം 2003 പ്രകാരം സംസ്ഥാന റെഗുലേറ്ററി കമ്മീഷൻ പുറപ്പെടുവിച്ചിട്ടുള്ള കേരള ഇലക്ട്രിസിറ്റി സപ്ലൈ കോഡ് അനുസരിച്ചാണ് വൈദ്യുതി കണക്ഷൻ നൽകേണ്ടത്. ഇതുപ്രകാരം തിരിച്ചറിയൽ രേഖയും ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റും മാത്രമാണ് ഉപഭോക്താവ് പുതിയ കണക്ഷന് ലഭ്യമാക്കേണ്ടത്. ഉപഭോക്തൃ നിയമം, അറ്റോമിക് എനർജി നിയമം, റെയിൽവേ നിയമം എന്നിവ ഒഴികെയുള്ള മറ്റു നിയമങ്ങളുടെമേൽ ഓവർറൈഡിംഗ് അധികാരമുള്ളതാണ് കേന്ദ്രവൈദ്യുതി നിയമം. കേന്ദ്രവൈദ്യുതി നിയമം 2003-ന്റെ സെക്ഷൻ 43 പ്രകാരം ഒരു പ്രിമിസസിന്റെ ഉടമസ്ഥനോ അവിടെ താമസിക്കുന്ന ആളോ വൈദ്യുതി കണക്ഷനുവേണ്ടി അപേക്ഷ സമർപ്പിച്ചാൽ

നിർബന്ധമായും ലൈസെൻസി വൈദ്യുതി കണക്ഷൻ നൽകിയിരിക്കണം. ഇപ്രകാരം കണക്ഷൻ നൽകാൻ കഴിയുന്നില്ലെങ്കിൽ ലൈസൻസി പിഴ നൽകാനും നിയമം വ്യവസ്ഥചെയ്യുന്നുണ്ട്. മാത്രവുമല്ല വൈദ്യുതി കണക്ഷൻ ഉണ്ടെന്നത് ഉടമസ്ഥാവകാശം സംബന്ധിച്ച തെളിവോ രേഖയോ അല്ലെന്ന് രാജ്യത്തെ വിവിധ കോടതികൾ വിധിപ്രസ്താവങ്ങളുടെ ഭാഗമായി പറഞ്ഞിട്ടുണ്ട്. അതിനാൽത്തന്നെ റവന്യൂ വകുപ്പിന്റെ പ്രാദേശിക ഉദ്യോഗസ്ഥർ കേന്ദ്രനിയമ പ്രകാരമുള്ള സപ്ലൈ കോഡിനും വിവിധ കോടതി ഉത്തരവുകൾക്കും നിരക്കാത്തതരത്തിൽ നൽകുന്ന നിർദ്ദേശങ്ങൾ നിയമപരമായി നിലനിൽക്കുന്നതല്ല എന്നുകാണാവുന്നതാണ്.

ലൈൻ വലിക്കുന്നതിനുള്ള നിരവധി പദ്ധതികൾ പൂർത്തീകരിച്ചതിനു ശേഷവും മേല്പറഞ്ഞ നിർദ്ദേശംമൂലം വിവിധ ആവശ്യങ്ങൾക്ക് വൈദ്യുതി ലഭിക്കാൻ കാലതാമസം നേരിടുന്നുവെന്ന് ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് കേന്ദ്ര വൈദ്യുതി നിയമം 2003, കേരള ഇലക്ട്രിസിറ്റി സപ്ലൈ കോഡ് 2014 എന്നിവയുടെ പരിധിക്കുള്ളിൽ നിന്നുകൊണ്ടുതന്നെയുള്ള പ്രസ്തുത ഗവൺമെന്റ് ഉത്തരവ് പുറപ്പെടുവിക്കപ്പെട്ടത്. നൽകപ്പെട്ട കണക്ഷനുകളിൽ ഏതെങ്കിലും അനധികൃത സ്ഥലത്തോ കെട്ടിടത്തിലോ ആണെന്ന് റവന്യൂ വകുപ്പ് അറിയിക്കുന്ന പക്ഷം KSEBL പ്രസ്തുത കണക്ഷൻ അഴിച്ചുമാറ്റാൻ ഈ ഉത്തരവിൽ വ്യവസ്ഥ ചെയ്യുന്നുമുണ്ട്. ഉത്തരവിന്റെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു*.

(സി) ഇല്ല. നിർമ്മാണം അനധികൃതമാണെന്ന് റവന്യൂ അധികൃതർ അറിയിക്കുന്നപക്ഷം വൈദ്യുതി കണക്ഷൻ നൽകില്ല. കണക്ഷൻ നൽകിക്കഴിഞ്ഞിട്ടുള്ളതാണെങ്കിൽ റവന്യൂ വകുപ്പിന്റെ നിർദ്ദേശാനുസൃതം വൈദ്യുതി ബന്ധം വിച്ഛേദിക്കുകയും ചെയ്യും.

(ഡി) ദേവികുളം സബ് കളക്ടർ നൽകിയിരുന്ന കത്തിൽ പരാമർശിച്ചിരുന്നത് 21-1-2010-ലെ ബഹു. കേരള ഹൈക്കോടതിയുടെ വിധിന്യായമാണ്. പ്രസ്തുത വിധിന്യായത്തിൽ മൂന്നാർ പ്രദേശത്തെ നിർമ്മാണ പ്രവർത്തനങ്ങൾ റവന്യൂ ഡിപ്പാർട്ട്മെന്റിന്റെ നിരാക്ഷേപ പത്രവും പഞ്ചായത്ത് അധികൃതരുടെ അനുമതിയുമില്ലാതെ നടക്കുന്നില്ലെന്ന് റവന്യൂ ഉദ്യോഗസ്ഥരും തദ്ദേശഭരണ അധികൃതരും പോലീസും ഫോറസ്റ്റ് അധികൃതരും ഉറപ്പാക്കണമെന്നായിരുന്നു ഉത്തരവ് വൈദ്യുതി കണക്ഷൻ നൽകരുതെന്ന തരത്തിലുള്ള മറ്റ് കോടതി ഉത്തരവുകൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## വൈദ്യുതി ബോർഡ് നേരിടുന്ന സാമ്പത്തിക പ്രതിസന്ധി

205 (2422) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ബോർഡ് നിലവിൽ കനത്ത സാമ്പത്തിക പ്രതിസന്ധിയിലാണ് എന്നത് വസ്തുതയാണോ; എങ്കിൽ അതിനുള്ള കാരണങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രതിസന്ധി മറികടക്കുന്നതിന് ബോർഡ് ഇതിനകം എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; അത് വിജയപ്രദമാണോ;

(സി) സംസ്ഥാനത്ത് അനുഭവപ്പെടുന്ന കനത്ത ചൂട് മൂലം ഊർജ്ജ ഉപഭോഗത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിനായി പുറത്ത് നിന്നും കൂടിയ വിലയ്ക്ക് വൈദ്യുതി വാങ്ങേണ്ട സാഹചര്യം വന്നിട്ടുണ്ടോ;

(ഡി) ഇത് നിലവിലുള്ള സാമ്പത്തിക പ്രതിസന്ധി കൂടുതൽ രൂക്ഷമാക്കിയിട്ടുണ്ടോ;

(ഇ) സാമ്പത്തിക പ്രതിസന്ധി മറികടക്കാൻ ബോർഡിലെ, പി.എസ്.സി. വഴിയുള്ള നിയമനങ്ങൾ നിർത്തിവയ്ക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെ തസ്തികകളിലേയ്ക്കുള്ള നിയമനമാണ് നിർത്തിവച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) വൈദ്യുതി വാങ്ങുന്നതിനും മറ്റാവശ്യങ്ങൾക്കുമുള്ള ചെലവുകൾക്ക് അനുസൃതമായുള്ള താരിഫ് ലഭിക്കാത്തതിനാൽ നഷ്ടത്തിൽ പ്രവർത്തിക്കുന്ന കെ.എസ്.ഇ. ബോർഡ് ലിമിറ്റഡ് ബാങ്കുകളിൽനിന്നും മറ്റ് ധനകാര്യ സ്ഥാപനങ്ങളിൽനിന്നും ഹ്രസ്വ-ദീർഘകാല വായ്പകൾ ലഭ്യമാക്കിയാണ് പ്രവർത്തന ചെലവും മൂലധന ചെലവും നടത്തുന്നത്.

ബാങ്കുകളിൽനിന്നും പുതിയ വായ്പകൾ ലഭ്യമാക്കാതിരിക്കുകയോ വായ്പാപരിധി കുറയ്ക്കുകയോ ചെയ്യുന്ന അവസരങ്ങളിൽ സാമ്പത്തിക പ്രതിസന്ധി അനുഭവപ്പെടുന്നുണ്ട്.

(ബി) ഇപ്പോഴത്തെ പ്രതിസന്ധി മറികടക്കുന്നതിന് ബോർഡ് സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു:

(i) മിതമായ വിലയിൽ ഹ്രസ്വ-ദീർഘകാലാടിസ്ഥാനത്തിലുള്ള കരാറുകൾ വഴി വൈദ്യുതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ii) കെ.എസ്.ഇ.ബി.എൽ.-ന്റെ വിവിധ ശീർഷകങ്ങളിലുള്ള ചെലവുകൾ പരമാവധി കുറച്ചും വൈദ്യുതി ചാർജ്ജ് കുടിശ്ശിക പരമാവധി പിരിച്ചെടുത്തും വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(iii) ദീർഘകാലാടിസ്ഥാനത്തിലുള്ള വായ്പകൾ ലഭ്യമാക്കുന്നതിനായി നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ കൂടിയ നിരക്കിലുള്ള വായ്പകൾ തിരിച്ചടച്ച് കുറഞ്ഞ നിരക്കിലുള്ള വായ്പകൾ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

പ്രസ്തുത നടപടികളെല്ലാംതന്നെ വിജയപ്രദമായിട്ടാണ് അനുഭവപ്പെടുന്നത്. ഈ പ്രവർത്തനങ്ങൾമൂലം കെ.എസ്.ഇ.ബി.എൽ.-ന്റെ നഷ്ടം പ്രതിവർഷം കുറഞ്ഞുവരുന്നതായാണ് കാണുന്നത്.

(സി&ഡി) സംസ്ഥാനത്ത് ഈ വേനൽക്കാലത്ത് അനുഭവപ്പെടുന്ന കനത്ത ചൂട് മൂലം ഊർജ്ജ ഉപഭോഗത്തിൽ വർദ്ധനവുണ്ടായിട്ടുണ്ട്. അവയുടെ കണക്കുകൾ ഇപ്രകാരമാണ്:

| വേനൽ മാസം | പീക്ക് ഉപഭോഗം (Mu) | ശരാശരി ഉപഭോഗം (Mu) |
|---|---|---|
| മാർച്ച് 2019 (28-3-2019) | 86.4039 | 80.1538 |
| ഏപ്രിൽ 2019 (13-4-2019) | 88.1029 | 80.9969 |
| മേയ് 2019 (23-5-2019) | 88.3386 | 82.5640 |

വർദ്ധിച്ച ഊർജ്ജ ഉപഭോഗം നേരിടുന്നതിന് ഫലപ്രദമായ ആസൂത്രണത്തിലൂടെ കൂടിയ വിലയ്ക്ക് വൈദ്യുതി വാങ്ങേണ്ട സാഹചര്യം ഒഴിവാക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്. പീക്ക് ലോഡ് സമയങ്ങളിൽ പവർ എക്സ്ചേഞ്ചിൽനിന്നും വൈദ്യുതി വാങ്ങേണ്ടി വരുമ്പോൾ മറ്റ് സമയങ്ങളിലേതിനേ

ക്കാൾ വില വരുന്ന സാഹചര്യം ഉണ്ടാകാറുണ്ട്. എന്നാൽ ഇങ്ങനെയുള്ള വാങ്ങലുകൾ പരമാവധി പരിമിതപ്പെടുത്തുതിന് കഴിയുന്നുണ്ട്. നിലവിൽ കേന്ദ്രവൈദ്യുത നിലയങ്ങളിൽനിന്നും സംസ്ഥാനത്തിന് പുറത്തുള്ള സ്വതന്ത്ര ഉല്പാദകരിൽ നിന്ന് ദീർഘകാല കരാറടിസ്ഥാനത്തിലും കേരളത്തിലുള്ള സ്വകാര്യ വൈദ്യുതി ഉൽപ്പാദകരിൽനിന്നും കരാറടിസ്ഥാനത്തിൽ വൈദ്യുതി വാങ്ങുന്നുണ്ട്. പുറമേ വിവിധ സംസ്ഥാനങ്ങളുമായി വൈദ്യുതി ബാങ്കിംഗ് സംവിധാനത്തിൽ ഏർപ്പെട്ട് കാലവർഷക്കാലത്തെ അധിക വൈദ്യുതി അവർക്ക് നൽകി ഈ വേനൽക്കാലത്ത് തിരികെ ലഭ്യമാക്കാൻ കഴിഞ്ഞു. പവർ എക്സ്ചേഞ്ചിൽ വില കുറവുള്ള സാഹചര്യങ്ങളിൽ വൈദ്യുതി വാങ്ങി ജലനിലയങ്ങളിലെ ഉൽപ്പാദനം ക്രമീകരിച്ചതും വേനൽക്കാലത്തെ അധിക ആവശ്യകത നിറവേറ്റാൻ സഹായകരമായിട്ടുണ്ട്. അതിനാൽ 2019-ലെ വർദ്ധിച്ച വൈദ്യുതി ആവശ്യകത നിറവേറ്റുന്നതിനായി ആസൂത്രണങ്ങളും മുന്നൊരുക്കങ്ങളും കരുതൽ നടപടികളും കെ.എസ്.ഇ.ബി.എൽ. സ്വീകരിച്ചതിനാൽ കൂടിയ വിലയ്ക്ക് വൈദ്യുതി വാങ്ങേണ്ട സാഹചര്യമുണ്ടായിട്ടില്ല. ഇപ്രകാരമുള്ള ആസൂത്രണങ്ങളുടെ ഫലമായി വർദ്ധിച്ച വൈദ്യുതി ഉപഭോഗം കെ.എസ്.ഇ.ബി.എൽ.-ന്റെ സാമ്പത്തിക സ്ഥിതിയെ ദോഷകരമായി ബാധിച്ചിട്ടില്ല.

(ഇ) കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിൽ ഇപ്പോൾ യാതൊരുവിധ നിയമന നിരോധനവുമില്ല. എന്നാൽ കേന്ദ്ര ഇലക്ട്രിസിറ്റി അതോറിറ്റിയുടെ ചട്ടങ്ങൾ പ്രകാരം ചില തസ്തികകളിൽ നിർദ്ദിഷ്ട യോഗ്യതകൾ നിഷ്കർഷിച്ചിട്ടുണ്ട്. പ്രസ്തുത ചട്ടങ്ങൾ പാലിക്കാൻ കെ.എസ്.ഇ.ബി.എൽ. ബാദ്ധ്യസ്ഥമായതിനാൽ ഇതുസംബന്ധിച്ച പുനഃക്രമീകരണങ്ങൾ പൂർത്തിയാക്കിയതിനുശേഷം മാത്രമേ പ്രസ്തുത തസ്തികകളിൽ നിയമനങ്ങൾ സാധിക്കുകയുള്ളൂ. മറ്റെല്ലാ തസ്തികകളിലും പി.എസ്.സി. മുഖാന്തരം നിയമനങ്ങൾ നടന്നുവരികയാണ്.

## ഇലക്ട്രിക് പോസ്റ്റുകളുടെ ഗുണനിലവാരം

206 (2423) ശ്രീ. ഒ. ആർ. കേളു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇലക്ട്രിക് പോസ്റ്റുകളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനുള്ള സംവിധാനത്തെക്കുറിച്ച് വിശദമാക്കാമോ;

(ബി) സംസ്ഥാനത്ത് ഇലക്ട്രിക് പോസ്റ്റ് നിർമ്മാണ യൂണിറ്റുകൾ സ്ഥിതി ചെയ്യുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ?

ഉത്തരം

(എ) ഇലക്ട്രിക് പോസ്റ്റുകളുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് IS 1678-1998, IS 2905-1989 പ്രകാരം നിഷ്കർഷിച്ചിട്ടുള്ള താഴെപ്പറയുന്ന ടെസ്റ്റുകളാണ് നടത്താറുള്ളത്.

1. പോസ്റ്റിന്റെ നീളം, ക്രോസ് സെക്ഷൻ uprightness (വളവുണ്ടോ എന്നറിയാൻ) എന്നിവ അളക്കുക.
2. ട്രാൻസ്‌വേഴ്സ് സ്ട്രെംഗ്ത് ടെസ്റ്റ്
3. ഡിസ്ട്രക്ടീവ് സ്ട്രെംഗ്ത് ടെസ്റ്റ്
4. പോസ്റ്റ് നിർമ്മിക്കാൻ ഉപയോഗിക്കുന്ന കോൺക്രീറ്റിന്റെ സ്ട്രെംഗ്ത് പരിശോധിക്കുന്നതിനുവേണ്ടി കോൺക്രീറ്റ് ക്യൂബുകൾ നിർമ്മിച്ച് അതിന്റെ കംപ്രസീവ് സ്ട്രെംഗ്ത് പരിശോധിക്കുന്നുണ്ട്.

കൂടാതെ പോസ്റ്റുകൾ കയറ്റുന്നതിനും ഇറക്കുന്നതിനും ട്രാൻസ്പോർട്ടേഷൻ ചെയ്യുന്നതിനും IS 7321/1974- ലെ നിബന്ധനകളും ബാധകമാണ്.

(ബി) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന താഴെപ്പറയുന്ന ഇലക്ട്രിക് പോസ്റ്റ് നിർമ്മാണ യൂണിറ്റുകളിൽനിന്നാണ് നിലവിൽ പോസ്റ്റുകൾ സപ്ലൈ ചെയ്യുന്നത്.

സ്വകാര്യ യൂണിറ്റുകൾ

1. പൂജ ഇൻഡസ്ട്രീസ്, നാട്ടകം, കോട്ടയം
2. വെള്ളക്കാമറ്റത്തിൽ ഇൻഡസ്ട്രീസ്, കെ.എസ്.ഇ.ബി. പോൾ കാസ്റ്റിംഗ് വർക്സ്, ചെറിക്കൽ, മുടിയോൾക്കോണം പി.ഒ., പന്തളം
3. വേണാട് സ്ട്രക്ച്ചറൽസ്, പൊങ്ങന്താനം പി.ഒ., വാകത്താനം, കോട്ടയം
4. കോതമംഗലം അഗ്രിഗേറ്റ്സ്, പ്രീസ്ട്രെസ്ഡ് കോൺക്രീറ്റ് ഇൻഡസ്ട്രീസ്, അയിരൂർപാദം കോതമംഗലം, എറണാകുളം
5. റാഫേൽ ആന്റ് കമ്പനി, എഞ്ചിനീയേഴ്സ് ആന്റ് കോൺട്രാക്ടേഴ്സ്, തലൂർ പി.ഒ., തൃശ്ശൂർ
6. ആങ്കർ സ്ട്രക്ച്ചറൽസ്, പാലക്കാട്
7. ശിവശക്തി എഞ്ചിനീയറിംഗ് ആന്റ് ഫാബ്രിക്കേറ്റേഴ്സ്, കുറ്റിപ്പുറം
8. പിണറായി ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ്, പിണറായി പി.ഒ., കണ്ണൂർ.

മുകളിൽ പറഞ്ഞിരിക്കുന്ന പ്രൈവറ്റ് പോൾ കാസ്റ്റിംഗ് യൂണിറ്റുകൾക്കുപുറമേ കെ.എസ്.ഇ. ബോർഡ് ലിമിറ്റഡിന്റെ ഉടമസ്ഥതയിലുള്ള മൂന്ന് പോൾ കാസ്റ്റിംഗ് യാർഡുകളുണ്ട്.

1. മങ്ങാട്ടുപറമ്പ് പോൾ കാസ്റ്റിംഗ് യൂണിറ്റ്, കണ്ണൂർ
2. മാനന്തവാടി പോൾ കാസ്റ്റിംഗ് യൂണിറ്റ്, മാനന്തവാടി
3. ചൂലിശ്ശേരി പോൾ കാസ്റ്റിംഗ് യൂണിറ്റ്, തൃശ്ശൂർ - ഇതിൽ ചൂലിശ്ശേരി യൂണിറ്റ് പ്രവർത്തനരഹിതമാണ്.

## സംസ്ഥാനത്തെ വൈദ്യുതി ഉപയോഗം

207 (2424) ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ബോർഡിന്റെ നിയന്ത്രണത്തിലുള്ള അണക്കെട്ടുകളിൽ നിലവിൽ എത്ര ശതമാനം വെള്ളമാണ് ഉള്ളത്;

(ബി) അത് ഉപയോഗിച്ച് എത്ര ദശലക്ഷം യൂണിറ്റ് വൈദ്യുതി ഉല്പാദിപ്പിക്കുവാൻ സാധിക്കും; വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്ത് റെക്കോർഡ് വൈദ്യുതി ഉപയോഗമെന്ന് രേഖപ്പെടുത്തിയ ഈ സീസണിൽ എത്ര ദശലക്ഷം വൈദ്യുതി ഉപയോഗിച്ചു ; വിശദമാക്കുമോ;

(ഡി) ബോർഡിന്റെ ഡാം മാനേജ്മെന്റിലെ പരാജയം കാരണമാണ് ഡാമുകളിലെ ജലനിരപ്പ് ഇത്തവണ ഗണ്യമായി കുറഞ്ഞതെന്നത് വസ്തുതയാണോ ; വ്യക്തമാക്കുമോ;

(ഇ) കാലവർഷം വൈകിയാൽ സംസ്ഥാനം കടുത്ത വൈദ്യുതി പ്രതിസന്ധിയിലേക്ക് നീങ്ങുമെന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പ്രതിസന്ധി മറികടക്കുവാൻ എന്തൊക്കെ നടപടികളാണ് ബോർഡ് സ്വീകരിച്ചിട്ടുള്ളത്?

### ഉത്തരം

(എ) 7-6-2019 രാവിലെ 7.00 മണി സമയത്തെ കണക്കുകളനുസരിച്ച് വൈദ്യുതി ബോർഡിന്റെ നിയന്ത്രണത്തിലുള്ള അണക്കെട്ടുകളിൽ മൊത്തം 13.58% വെള്ളമാണുള്ളത്.

(ബി) ഈ വെള്ളം ഉപയോഗിച്ച് 562.42 ദശലക്ഷം യൂണിറ്റ് വൈദ്യുതി ഉല്പാദിപ്പിക്കാൻ സാധിക്കും.

(സി) പ്രതിദിന ഉപഭോഗത്തിൽ മേയ് മാസം 23-ാം തീയതി സർവ്വകാല റെക്കോർഡ് രേഖപ്പെടുത്തി - 88.3386 ദശലക്ഷം യൂണിറ്റ് ഈ സീസണിൽ (മാർച്ച്-മേയ്) മൊത്തം ഉപഭോഗം 7474.1627 ദശലക്ഷം യൂണിറ്റാണ് ഈ സീസണിലെ (മാർച്ച്-മേയ്) പ്രതിദിന ശരാശരി ഉപഭോഗം-81.24 ദശലക്ഷം യൂണിറ്റാണ്.

(ഡി) ഡാമുകളിലെ ജലനിരപ്പ് ഇത്തവണ ഗണ്യമായി കുറഞ്ഞു എന്നത് വസ്തുതാപരമായി ശരിയല്ല. കാലാവസ്ഥാ പ്രവചനങ്ങളും ഉപഭോഗത്തിലുണ്ടായ വർദ്ധനവും കണക്കിലെടുത്ത് ഡാമുകളിലെ, ജൂൺ ഒന്നിലെ കരുതൽ ശേഖരം സാധാരണത്തേതിനേക്കാളും കൂട്ടിനിർത്താൻ കഴിഞ്ഞിട്ടുണ്ട്.

(ഇ) കാലവർഷം വൈകുന്ന സാധ്യത കണക്കിലെടുത്ത് പ്രതിസന്ധി ഒഴിവാക്കാൻ മുൻകൂട്ടി തന്നെ ആവശ്യമായ കരുതൽ നടപടികൾ കെ.എസ്.ഇ.ബി.എൽ. സ്വീകരിച്ചിട്ടുണ്ട്.

2019-ലെ വേനൽക്കാലത്തെ വർദ്ധിച്ച ഉപഭോഗം പൂർണ്ണമായും അധിക ജലവൈദ്യുതി ഉല്പാദനത്തിന് ഇടയാക്കാതെ പവർ എക്സ്ചേഞ്ചിൽനിന്നും താരതമ്യേന കുറഞ്ഞ നിരക്കിൽ വൈദ്യുതി വാങ്ങിയും ബാങ്കിംഗ് സംവിധാനത്തിലൂടെ മറ്റൊരു 219.6 ദശലക്ഷം യൂണിറ്റ് വൈദ്യുതി, മറ്റ് സംസ്ഥാനങ്ങളിൽനിന്നും കേരളത്തിലെത്തിച്ചു. ഇപ്രകാരം വേനൽക്കാലത്ത് ജലവൈദ്യുതി നിലയങ്ങളിൽനിന്നുള്ള വൈദ്യുതി ഉൽപ്പാദനം കാര്യക്ഷമമായി ക്രമീകരിച്ചു. ഇതുകൂടാതെ, 2018 കാലവർഷത്തിൽ, ജലവൈദ്യുത നിലയങ്ങളിലെ പദ്ധതി പ്രദേശത്ത് ലഭിച്ച അധിക നീരൊഴുക്ക് മൂലമുള്ള അധിക വൈദ്യുതി ഉൽപ്പാദനം രാജസ്ഥാൻ ഊർജ്ജ വികാസ് നിഗം ലിമിറ്റഡ് (RUVNL)-മായി ബാങ്കിംഗിൽ ഏർപ്പെട്ട് 102%-മായി 2019 മേയ് 1 മുതൽ 2019 ജൂൺ 30 വരെയുള്ള കാലയളവിൽ തിരികെ കേരളത്തിന് ലഭിച്ചുകൊണ്ടിരിക്കുകയാണ്.

ഇപ്രകാരം കേരളത്തിലെ ജലവൈദ്യുത ഉൽപ്പാദനം ക്രമീകരിച്ചതുവഴി ജൂൺ 1-ന് സാധാരണ നിലയിൽ കരുതൽ ശേഖരമായി അവശേഷിപ്പിക്കുന്ന 550 ദശലക്ഷം യൂണിറ്റിന്റെ സ്ഥാനത്ത് 652 ദശലക്ഷം യൂണിറ്റ് നീക്കിവയ്ക്കാൻ സാധിച്ചു.

## ഇടുക്കിയിൽ ഒരു പവർ ഹൗസുകൂടി നിർമ്മിക്കുന്നതിനുള്ള സാധ്യതാ പഠനം

208 (2425) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനം കടുത്ത വൈദ്യുതി പ്രതിസന്ധി നേരിടുന്നു എന്നത് വസ്തുതയാണോ ;എങ്കിൽ അതിനുള്ള കാരണങ്ങൾ എന്തൊക്കെയാണ്;

(ബി) സംസ്ഥാനത്തെ വൈദ്യുതി ഉല്പാദന മേഖല കാര്യക്ഷമമാക്കുന്നതിന് നടപ്പിലാക്കുന്ന ജലവൈദ്യുത പദ്ധതികളുടെ നിർമ്മാണ പുരോഗതി വെളിപ്പെടുത്തുമോ; അവയുടെ നിർമ്മാണ പ്രവർത്തനം വേഗത്തിലാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(സി) പീക്ക് ലോഡ് സമയത്തെ വൈദ്യുതി ആവശ്യകത നിറവേറ്റുന്നതിനായി ഇടുക്കിയിൽ ഒരു പവർ ഹൗസുകൂടി നിർമ്മിക്കുന്നതിനുള്ള സാധ്യതാ പഠനം കെ.എസ്.ഇ.ബി നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്?

ഉത്തരം

(എ) 2019-ലെ വേനൽക്കാലത്തെ വർദ്ധിച്ച വൈദ്യുതി ഉപഭോഗം മുൻ സർവ്വകാല റെക്കോർഡായ 80.94 ദശലക്ഷം യൂണിറ്റും 4011 MW കവിഞ്ഞിരുന്നു. ഈ വേനൽക്കാലത്തെ പീക്ക് ഉപഭോഗം 88.3386 Mu, 4316 MW മേയ് മാസത്തിൽ രേഖപ്പെടുത്തുകയുണ്ടായി. ഈ വർദ്ധിച്ച വൈദ്യുതി ആവശ്യകത നിറവേറ്റാൻ നിലവിലുള്ള ദീർഘകാല കരാറുകൾക്ക് പുറമേ അധിക വൈദ്യുതി കണ്ടെത്തേണ്ടതുണ്ടെന്ന് കണക്കാക്കി കെ.എസ്.ഇ.ബി.എൽ. ആവശ്യമായ ആസൂത്രണവും മുന്നൊരുക്കങ്ങളും കരുതൽ നടപടികളും സ്വീകരിച്ചതിനാൽ വൈദ്യുതി പ്രതിസന്ധി നേരിടേണ്ടി വന്നിട്ടില്ല.

(ബി) സംസ്ഥാനത്തെ വൈദ്യുതി ഉല്പാദന മേഖല കാര്യക്ഷമമാക്കുന്നതിന് കെ.എസ്.ഇ.ബി.എൽ.-ന്റെ കീഴിൽ 10 ജലവൈദ്യുത പദ്ധതികളുടെ (ആകെ 193.5 മെഗാവാട്ട്) നിർമ്മാണം പുരോഗമിക്കുന്നു. വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.* നിർമ്മാണത്തിലിരിക്കുന്ന ജലവൈദ്യുത പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുക എന്ന ലക്ഷ്യം മുൻനിർത്തി പദ്ധതികളുടെ നിർമ്മാണ പുരോഗതി സമയാസമയങ്ങളിൽ വിലയിരുത്തി തടസ്സങ്ങൾ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

നേരിടുന്നുവെങ്കിൽ ആവ പരിഹരിക്കുന്നതിനായി കെ.എസ്.ഇ.ബി.എൽ. ഒരു പ്രോജക്ട് മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ടി കമ്മിറ്റി രണ്ട് മാസം കൂടുമ്പോൾ പദ്ധതിയുടെ പുരോഗതി വിലയിരുത്താറുണ്ട്. കൂടാതെ പദ്ധതികളുടെ നിർമ്മാണ പുരോഗതി വിവിധ തലങ്ങളിൽ അവലോകനം ചെയ്യാറുണ്ട്. ഇതിന് പുറമെ പദ്ധതികളുടെ നിർമ്മാണ പുരോഗതി ഓരോ ആഴ്ചയിലും അവലോകനം നടത്തി വിലയിരുത്തുന്നതിനായി ഒരു പ്രോജക്ട് മോണിറ്ററിംഗ് സെല്ലും രൂപീകരിച്ച് പ്രവർത്തനമാരംഭിച്ചിട്ടുണ്ട്.

ബൂട്ട് '(Build, Own, Operate & Transfer) അടിസ്ഥാനത്തിൽ 30 വർഷത്തേയ്ക്ക് മത്സര ദർഘാസിലൂടെ സർക്കാർ സ്വകാര്യ മേഖലയ്ക്ക് അനുവദിച്ച ചെറുകിട ജലവൈദ്യുത പദ്ധതികളിൽ നിർമ്മാണം പുരോഗമിക്കുന്ന പദ്ധതികളുടെ വിവരങ്ങൾ താഴെകൊടുത്തിരിക്കുന്നു.

2013-14-ൽ അനുവദിച്ച 23 പദ്ധതികളിൽ ഉള്ള 8 മെഗാവാട്ടിന്റെ പതങ്കയം പദ്ധതി കമ്മീഷൻ ചെയ്തു. താഴെപ്പറയുന്ന പദ്ധതികൾ വിവിധ നിർമ്മാണ ഘട്ടത്തിലാണ്.

8 MW-ന്റെ ആനക്കാംപോയിൽ (കോഴിക്കോട് ജില്ല)പദ്ധതി ഈ വർഷം അവസാനം കമ്മീഷൻ ചെയ്യാവുന്ന വിധത്തിൽ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

4.5MW ന്റെ അരിപ്പാറ പദ്ധതി(കോഴിക്കോട് ജില്ല)-യുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നു. 2020 മധ്യത്തോടുകൂടി കമ്മീഷൻ ചെയ്യുവാൻ കഴിയുമെന്ന് വിചാരിക്കുന്നു.

വോർട്ടക്സ് 'സാങ്കേതികവിദ്യയിൽ ഇന്ത്യയിൽത്തന്നെ ആദ്യമായി നടപ്പിലാക്കുന്ന ഉയരവ്യത്യാസം അധികമില്ലാത്ത സ്ഥലങ്ങളിൽ (കൃത്രിമമായി ചുഴി സൃഷ്ടിച്ച് ടർബയിൻ ഓടിക്കുന്ന രീതി) 20 KW-ന്റെ ഡെമോൺസ്ട്രേഷൻ പദ്ധതി തിരുവനന്തപുരം നഗരസഭാതിർത്തിയിൽ കാഞ്ഞിരംപാറ വാർഡിൽ കാട്ടുവെട്ടി എന്ന സ്ഥലത്ത് കിള്ളിയാറിൽ നടന്നുവരുന്നു. ഇതിൽ പണികൾ പൂർത്തിയായി LT ഗ്രിഡിലോട്ട് സിംക്രണൈസ് ചെയ്ത് ട്രയൽ റൺ നടത്തി വരുന്നു.

നിർമ്മാണ പ്രവർത്തനങ്ങൾ വേഗത്തിലാക്കുന്നതിന് സംരംഭകരുമായി പദ്ധതി പ്രവർത്തനങ്ങളുടെ അവലോകനം നടത്തുന്നുണ്ട്.

(സി) ഉണ്ട്. നിലവിലുള്ള ഇടുക്കി ജലവൈദ്യുത പദ്ധതിയുടെ ശേഷി വർദ്ധിപ്പിക്കുന്നതിനുള്ള പ്രാഥമിക സാധ്യത പഠന റിപ്പോർട്ട് (780 മെഗാവാട്ട്) തയ്യാറാക്കിയിട്ടുണ്ട്. വിശദമായ പഠനത്തിന്റെ വെളിച്ചത്തിൽ മാത്രമേ അന്തിമ സ്ഥാപിത ശേഷി നിർണ്ണയിക്കാൻ കഴിയൂ.

## അലങ്കാരങ്ങൾക്കും ആർഭാടങ്ങൾക്കും വൈദ്യുതി നിയന്ത്രണം

209 (2426) ശ്രീമതി ഇ. എസ്. ബിജിമോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അലങ്കാരങ്ങൾക്കും ആർഭാടങ്ങൾക്കുമായി വൻകിട വ്യാപാര സ്ഥാപനങ്ങളും മറ്റ്സ്ഥാപനങ്ങളും ഉപയോഗിക്കുന്ന വൈദ്യുതിക്ക് പ്രത്യേക വൈദ്യുതി ചാർജ് ഈടാക്കാൻ ബോർഡ് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇത്തരം ആവശ്യങ്ങൾക്കുള്ള വൈദ്യുതി സോളാർ പാനൽ വഴി കണ്ടെത്തുവാൻ സ്ഥാപന ഉടമയെ പ്രേരിപ്പിക്കാൻ കഴിയുന്ന ആകർഷണീയമായ പദ്ധതികൾ ആവിഷ്കരിക്കാൻ ബോർഡ് നടപടി സ്വീകരിക്കുമോ;

(സി) സംസ്ഥാനത്തിന്റെ ഊർജ്ജ സുരക്ഷയെ മുൻനിർത്തി ബോർഡിന്റെ നിയന്ത്രണത്തിൽ കുറഞ്ഞ ചെലവിൽ ഗുണമേന്മയുള്ള സോളാർ പാനൽ നിർമ്മിക്കുന്നതിനുള്ള കമ്പനി ആരംഭിക്കുവാൻ പദ്ധതി ഉണ്ടോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് നിലവിൽത്തന്നെ പരസ്യ ബോർഡുകൾക്കും വ്യാപാര സ്ഥാപനങ്ങളുടെ കെട്ടിടങ്ങളിൽ പുറമേ സ്ഥാപിച്ചിരിക്കുന്ന ദീപാലങ്കാരങ്ങൾക്കുള്ള വൈദ്യുതി 'LT-IX Display lightings & Hoardings' എന്ന പ്രത്യേക താരിഫ് പ്രകാരമാണ്, ബില്ല് ചെയ്തു വരുന്നത്.

(ബി) ഉപഭോക്താക്കൾക്ക് ആവശ്യമുള്ള വൈദ്യുതി സോളാർ പാനൽവഴി ഉൽപ്പാദിപ്പിക്കുന്നതിനുവേണ്ട പ്രോത്സാഹനം നൽകുന്നതിന് സൗര എന്ന പദ്ധതി നിലവിൽ ആവിഷ്കരിച്ചിട്ടുണ്ട്.

(സി) സംസ്ഥാനത്തിന്റെ ഊർജ്ജ സുരക്ഷയെ മുൻനിർത്തി ബോർഡിന്റെ നിയന്ത്രണത്തിൽ കുറഞ്ഞ ചെലവിൽ ഗുണമേന്മയുള്ള സോളാർ പാനൽ നിർമ്മിക്കുന്നതിനുള്ള കമ്പനി ആരംഭിക്കാൻ നിലവിൽ പദ്ധതികളൊന്നും ആലോചനയിലില്ല.

## കൽപ്പറ്റയിലെ വൈദ്യുത പദ്ധതികൾ

210 (2427) ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വൈദ്യുതി വകുപ്പ് കൽപ്പറ്റ നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികളും പ്രവർത്തനങ്ങളും വിശദമാക്കാമോ;

(ബി) ഈ പദ്ധതികൾക്കും പ്രവർത്തനങ്ങൾക്കുമായി എത്ര തുക ചെലവഴിച്ചു എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൽപ്പറ്റ നിയോജക മണ്ഡലത്തിൽ വിതരണ മേഖലയിൽ 4411 സർവ്വീസ് കണക്ഷനുകൾ നൽകുകയും 33.79 കിലോ മീറ്റർ 11 കെ.വി. ഓവർ ഹെഡ് ABC ലൈനുകളും 100.44 കിലോ മീറ്റർ എൽ.റ്റി. ലൈനുകളും നിർമ്മിക്കുകയും 11 ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുകയും 10 ട്രാൻസ്ഫോർമറുകളുടെ ശേഷി വർദ്ധിപ്പിക്കുകയും 8.99 കിലോമീറ്റർ ലൈൻ കൺവെർഷൻ നടത്തുകയും 38.74 കിലോ മീറ്റർ എച്ച്.റ്റി. ലൈനുകളും 2.4 കിലോ മീറ്റർ എൽ.റ്റി. ലൈനുകളും റീ കണ്ടക്റിംഗ് ചെയ്യുകയും 23,316 കേടായ മീറ്ററുകൾ മാറ്റുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത പ്രവൃത്തികൾക്കായി 1724.194 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. ബാണാസുര സാഗർ റിസർവ്വോയറിൽ 500 കിലോവാട്ട് ശേഷിയുള്ള ഫ്ലോട്ടിംഗ് സോളാർ പദ്ധതി നടപ്പിലാക്കി. ഇതിൽനിന്നുള്ള വൈദ്യുതി 2019 ജനുവരി മുതൽ കെ.എസ്.ഇ. ബോർഡ് ലിമിറ്റഡിന് ലഭിച്ചുവരുന്നു. ഈ പദ്ധതിക്കായി അഞ്ചുവർഷത്തെ അറ്റകുറ്റപ്പണികൾക്കുൾപ്പെടെ 9.25 കോടി രൂപ വകയിരുത്തിയിട്ടുള്ളതിൽ 7.5 കോടി രൂപയുടെ പ്രവൃത്തികൾ ഈ മേഖലയിൽ പൂർത്തിയായി.

പ്രസരണ മേഖലയിൽ കല്പറ്റ 33 കെ.വി. സബ്സ്റ്റേഷനിൽ നിലവിലുണ്ടായിരുന്ന 33 കെ.വി. 5 എം.വി.എ. ട്രാൻസ്ഫോർമറുകളുടെ ശേഷി 78 എം.വി.എ. ആയി ഉയർത്തുകയും കൺട്രോൾ റൂമിന്റെ വലിപ്പം കൂട്ടുകയും ഔട്ട് ഡോർ ക്യൂബിക്കിളുകൾ മാറ്റി ഇൻഡോർ 10 പാനൽ സെറ്റ് സ്ഥാപിക്കൽ തുടങ്ങിയ പ്രവൃത്തികൾ ഐ.പി.ഡി.എസ്.-ൽ ഉൾപ്പെടുത്തി ചെയ്യുകയുണ്ടായി. കൂടാതെ, കണിയാമ്പറ്റ 220 കെ.വി. സബ്സ്റ്റേഷനിലെ 11 കെ.വി. 10 പാനൽ സെറ്റ് മാറ്റിവച്ചു.

കുത്തുമുണ്ട 66 കെ.വി. സബ്സ്റ്റേഷന്റെ ശേഷി ഉയർത്തുന്നതിന്റെ ഭാഗമായുള്ള താൽക്കാലിക കൺട്രോൾ റൂം നിർമ്മാണവും ഒ.പി.സി. മാറ്റി 10 പാനൽ ഇൻഡോർ സെറ്റ് വയ്ക്കൽ എന്നിവയും 66 കെ.വി. കണിയാമ്പറ്റ-കുത്തുമുണ്ട സിംഗിൾ സർക്യൂട്ട് ലൈൻ 110 കെ.വി. ഡബിൾ സർക്യൂട്ട് ലൈനായി ശേഷി ഉയർത്തുകയും ചെയ്തു. ഈ പ്രവൃത്തികൾക്കായി 13.8784 കോടി രൂപ ചെലവഴിച്ചു.

**ചെറുകിട ജലസേചന പദ്ധതികൾ**

211 (2428) <u>ശ്രീ. ഷാഫി പറമ്പിൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഊർജ്ജോല്പാദന രംഗത്ത് സംസ്ഥാനം നേരിടുന്ന കമ്മി പരിഹരിക്കുവാൻ സ്വകാര്യ മേഖലയുടെ സഹകരണത്തോടെ 'ബൂട്ട്' അടിസ്ഥാനത്തിൽ ചെറുകിട ജലസേചന പദ്ധതികൾ നടപ്പിലാക്കുന്നുണ്ടോ; വിശദാംശം നൽകുമോ;

(ബി) പാലക്കാട് ജില്ല പഞ്ചായത്ത്, തൃശ്ശൂർ കോർപ്പറേഷൻ എന്നിവയ്ക്ക് അനുവദിച്ച ചെറുകിട ജലവൈദ്യുത പദ്ധതികൾ പ്രവർത്തന ക്ഷമമാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) സൗരോർജ്ജം, കാറ്റ് എന്നിവയിലൂടെ വൈദ്യുതി ഉല്പാദിപ്പിക്കുന്നതിനുള്ള ശ്രമം മറ്റ് ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങൾ ഈ രംഗത്ത് നേടിയ നേട്ടവുമായി താരതമ്യപ്പെടുത്തുമ്പോൾ വിജയകരമാണെന്ന് വിലയിരുത്തുവാൻ സാധിക്കുമോ;

(ഡി) പുരപ്പുറ സൗരോർജ്ജ പദ്ധതി വിജയപ്രദമാണോ; ഇതിനായുള്ള ജനപങ്കാളിത്തം ആശാവഹമാണോ; വെളിപ്പെടുത്താമോ;

(ഇ) ഈ രംഗത്തെ കുറിച്ച് കൂടുതൽ അവബോധം നൽകുന്നതിനും കൂടുതൽ ജനങ്ങളെ ഈ പദ്ധതിയിലേക്ക് ആകർഷിക്കുന്നതിനും ഉദ്ദേശിക്കുന്നുണ്ടോ?

<u>ഉത്തരം</u>

(എ) ഉണ്ട്. ഊർജ്ജോൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി സ്വകാര്യ മേഖലയുടെ സഹകരണത്തോടെ ബൂട്ട് അടിസ്ഥാനത്തിൽ ചെറുകിട ജലവൈദ്യുത പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. 30 വർഷ കാലയളവിലേയ്ക്കാണ് പദ്ധതികൾ അനുവദിക്കുന്നത്. അതിനുശേഷം ഇത്തരം പദ്ധതികൾ സർക്കാരിലേയ്ക്ക് തിരികെ നൽകുന്നതാണ്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇത്തരത്തിലുള്ള 2 ജലവൈദ്യുത പദ്ധതികൾ കമ്മീഷൻ ചെയ്യുകയും 47.4 മെഗാവാട്ട് ശേഷിവരുന്ന 20 പദ്ധതികൾ സ്വാകാര്യ സംരംഭകർക്ക് അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) പാലക്കാട് ജില്ലാ പഞ്ചായത്തിന് അനുവദിച്ച മീൻവല്ലം പദ്ധതി കമ്മീഷൻ ചെയ്യുകയും ഒരു മെഗാവാട്ടിന്റെ പാലക്കുഴി ജലവൈദ്യുത പദ്ധതിയുടെ നിർമ്മാണ പ്രവർത്തനം ആരംഭിച്ചിട്ടുമുണ്ട്. കൂടം, ചെമ്പുക്കട്ടി എന്നീ പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള പ്രാരംഭ നടപടികളും ആരംഭിച്ചിട്ടുണ്ട്.

തൃശ്ശൂർ കോർപ്പറേഷന് അനുവദിച്ച ആവെർകുട്ടി-ചിറ്റൂർ (10 മെഗാവാട്ട്), കണ്ണംകുഴി (7 മെഗാവാട്ട്), കാഞ്ഞിരക്കൊല്ലി (4.5 മെഗാവാട്ട്), ഇട്ടിയാനി (2.5 മെഗാവാട്ട്) എന്നീ 4 പദ്ധതികൾക്കുള്ള വിശദ പഠന റിപ്പോർട്ട് തയ്യാറാക്കുന്ന തിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(സി) സംസ്ഥാനത്ത് സൗരോർജ്ജം, കാറ്റ് മുതലായ ഊർജ്ജ സ്രോതസ്സുകളിൽനിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കുക എന്നത് ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളെ അപേക്ഷിച്ച് ചെലവേറിയതും ശ്രമകരവുമാണ്.

ജനസാന്ദ്രതയേറിയതും ഫലഭൂയിഷ്ഠവുമായ ഭൂപ്രദേശമായ കേരള സംസ്ഥാനത്ത് ഇത്തരം പദ്ധതികൾക്ക് അനുയോജ്യമായ തരിശുഭൂമി ചുരുങ്ങിയ വിലയ്ക്ക് ലഭ്യമാകാനുള്ള ബുദ്ധിമുട്ടാണ് ഇതിലെ പ്രധാന പരിമിതി. ആയതിനാൽ പുരപ്പുറ സൗരോർജ്ജ പദ്ധതിക്കാണ് ഇവിടെ ഊന്നൽ കൊടുക്കുന്നത്. കാറ്റിനെ സംബന്ധിച്ചാണെങ്കിൽ പദ്ധതികൾക്ക് അനുയോജ്യമായ കാറ്റിന്റെ ലഭ്യതയുള്ളത് കേരളത്തിൽ ഇടുക്കി, പാലക്കാട് ജില്ലകളിൽ മാത്രമാണ്. അതുകൊണ്ട് ഈ ജില്ലകളിൽ കേന്ദ്രീകൃതമായാണ് കാറ്റിൽനിന്നുള്ള വൈദ്യുതി നിലയങ്ങൾ സ്ഥാപിതമാകുന്നത്. ഇത്തരത്തിലുള്ള ബുദ്ധിമുട്ടുകളെ അതിജീവിച്ചുകൊണ്ടാണ് സംസ്ഥാന സർക്കാരിന്റെ നയത്തിനനുസൃതമായി കെ.എസ്.ഇ.ബി.എൽ.-ഉം സ്വകാര്യ സംരംഭകരും അനെർട്ടും ഇത്തരം പദ്ധതികൾ നടപ്പാക്കി വരുന്നത്.

വൈദ്യുതി മേഖലയുടെ സമഗ്ര വികസനം ലക്ഷ്യമാക്കി കേരള സർക്കാർ പ്രഖ്യാപിച്ച ഊർജ്ജ കേരളം പദ്ധതിയിൽ സോളാർ വൈദ്യുതി ഉൽപ്പാദനശേഷി 1000 മെഗാവാട്ടിലേയ്ക്ക് എത്തിക്കുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് "സൗര". കേരള സംസ്ഥാന വൈദ്യുതി ബോർഡും അനെർട്ടും സംയുക്തമായാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. സംയുക്ത സംരംഭം രൂപീകരിക്കുന്നതിന്റെ പ്രാഥമിക ജോലികൾ നടന്നുവരുന്നു. സോളാർ പാർക്ക് -150 മെഗാവാട്ട്, ഫ്ലോട്ടിംഗ് സൗരോർജ്ജ പദ്ധതികൾ-100 മെഗാവാട്ട്, കനാലുകളുടെ കരയിലും പുറങ്ങളിലുമായി - 50 മെഗാവാട്ട്, സുതാര്യ റിവേഴ്സ് ലേലം വഴി-200 മെഗാവാട്ട് എന്നിങ്ങനെ 500 മെഗാവാട്ടിന്റെ പദ്ധതികൾ കെ.എസ്.ഇ.ബി.എൽ. നേരിട്ട് നടപ്പിലാക്കുന്നു. "സൗര" പദ്ധതി പ്രകാരം 500 മെഗാവാട്ട് ഉപഭോക്താക്കളുടെ പുരപ്പുറ സോളാർ പദ്ധതികളിലൂടെ താഴെപ്പറയുന്ന രീതിയിൽ നടപ്പിലാക്കുന്നു.

ഗാർഹിക/കാർഷിക ഉപഭോക്താക്കളുടെ പുരപ്പുറങ്ങളിൽ-150 മെഗാവാട്ട്, സർക്കാർ കെട്ടിടങ്ങളുടെ പുരപ്പുറങ്ങളിൽ-100 മെഗാവാട്ട്, വാണിജ്യം-വ്യവസായം തുടങ്ങിയ മറ്റു സ്ഥാപനങ്ങളിൽ -250 മെഗാവാട്ട്;

സംസ്ഥാനത്ത് കാറ്റിൽനിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കുന്ന 70.275 മെഗാവാട്ടിന്റെ പദ്ധതികൾ നിലവിലുണ്ട്. ഇതിൽ കെ.എസ്.ഇ.ബി.എൽ.-ന്റെ 2.025 മെഗാവാട്ടിന്റെ പദ്ധതിയും ഉൾപ്പെടുന്നു. കൂടാതെ കാറ്റിൽനിന്നും 2 പദ്ധതികളിൽനിന്നായി 5.125 മെഗാവാട്ടിന്റെ പദ്ധതികൾ സംസ്ഥാനത്ത് നടപ്പിൽ വരുത്താൻ കെ.എസ്.ഇ.ബി.എൽ. ലക്ഷ്യമിടുന്നു. സംസ്ഥാന സർക്കാരും എൻ.എച്ച്.പി.സി.-യും തമ്മിലുള്ള ഉടമ്പടിപ്രകാരം പാലക്കാട് അഗളിയിൽ

82 മെഗാവാട്ട് ശേഷിയുള്ള കാറ്റാടിപ്പാടം സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നു. ഇതിന്റെ ആദ്യഘട്ടമായി 8 മെഗാവാട്ട് പദ്ധതി നടപ്പിലാക്കുന്നതിനുവേണ്ടിയുള്ള ടെണ്ടർ നടപടികൾ പുരോഗമിച്ചുവരുന്നു. കൂടാതെ സ്വകാര്യ സംരംഭകരായ രാമക്കൽമേട് പ്രൈവറ്റ് ലിമിറ്റഡ് - 2 മെഗാവാട്ട് പദ്ധതി നടപ്പിലാക്കിവരുന്നു. ഇതിനുപുറമേ സ്വകാര്യ സംരംഭകർവഴി കാറ്റിൽ നിന്നും കെ.എസ്.ഇ.ബി.എൽ. റിവേഴ്സ് ടെണ്ടർ വിളിച്ച് 200 മെഗാവാട്ടിന്റെവരെ വൈദ്യുതി വാങ്ങാനും ലക്ഷ്യമിടുന്നു.

ബ്രഹ്മപുരം, അഗളി, കഞ്ചിക്കോട് എന്നിവിടങ്ങളിൽ കെ.എസ്.ഇ. ബി.എൽ.-ന്റെ അധീനതയിലുള്ള സ്ഥലത്ത് 8 മെഗാവാട്ടിന്റെ സൗരോർജ്ജ നിലയം സ്ഥാപിക്കുന്നതിനുള്ള ദർഘാസുകൾ ക്ഷണിച്ചിരിക്കുന്നു.

പാരമ്പര്യേതര ഊർജ്ജ സ്രോതസുകളായ സൗരോർജ്ജം, കാറ്റ് എന്നിവയിലൂടെ പരമാവധി വൈദ്യുതി ഉൽപ്പാദിപ്പിക്കാനുള്ള ശ്രമങ്ങൾ അനെർട്ട് മുഖേന നടത്തിവരുന്നു. ഇതിനോടകം സംസ്ഥാനത്ത് സൗരോർജ്ജത്തിൽ നിന്നും 150 മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നുണ്ട്.

(ഡി) 500 മെഗാവാട്ട് പുരപ്പുറ സൗരോർജ്ജ നിലയങ്ങളിൽനിന്നും ഉൽപ്പാദിപ്പിക്കാൻ ലക്ഷ്യമിടുന്ന പദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങൾ നല്ല രീതിയിൽ പുരോഗമിക്കുന്നു. പദ്ധതിയോടുള്ള ജനങ്ങളുടെ താൽപ്പര്യം പ്രോത്സാഹ ജനകമാണ്. ഇതുവരെ 2.78 ലക്ഷം ഉപഭോക്താക്കൾ താൽപ്പര്യം പ്രകടിപ്പിച്ച് പദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ഇ) പത്രമാധ്യമങ്ങൾ, സാമൂഹ്യമാധ്യമങ്ങൾ തുടങ്ങിയ വിവിധ മാർഗ്ഗങ്ങളിലൂടെ സൗരോർജ്ജ പദ്ധതിയെക്കുറിച്ചുള്ള അവബോധം ജനങ്ങളിൽ എത്തിക്കാനുള്ള ശ്രമങ്ങൾ നടന്നുവരുന്നു. കൂടാതെ ഇതുസംബന്ധിച്ച അവബോധം, പരിശീലനം എന്നിവ വ്യാപകമായി നടത്താൻ സർക്കാർ അനെർട്ടിന് അനുമതി നൽകിയിട്ടുണ്ട്.

## വൈദ്യുതി വകുപ്പ് പദ്ധതികൾ

212 (2429) <u>ശ്രീ. കെ. ഡി. പ്രസേനൻ</u>: താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആലത്തൂർ നിയോജകമണ്ഡലത്തിൽ വൈദ്യുതി വകുപ്പ് 2019-20 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുള്ള പദ്ധതികൾ എന്തെല്ലാം; വിശദീകരിക്കാമോ?

<u>ഉത്തരം</u>

ആലത്തൂർ നിയോജകമണ്ഡലത്തിൽ 2019-20 വർഷത്തിൽ വൈദ്യുതി 2021 എന്ന വിതരണ ശൃംഖല നവീകരണ പദ്ധതിയിൽ ഉൾപ്പെടുത്തി 6.77 km HT ലൈനുകൾ പുതുതായി നിർമ്മിക്കുക, ലോഡ് സെന്ററുകളിൽ അപ്ഗ്രഡേഷൻ ഉൾപ്പെടെ 17 ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുക, 11.4 km HT ലൈൻ റീകണ്ടക്റിംഗ് വർക്കുകൾ, 383 km HT ലൈൻ റീകണ്ടക്റിംഗ് വർക്കുകൾ, 23.2 km LT ലൈൻ കൺവെർഷൻ വർക്കുകൾ, ജനസാന്ദ്രത കൂടിയ പ്രദേശങ്ങളിലും ഇടുങ്ങിയ പ്രദേശങ്ങളിലും 6 km 'ഏരിയൽ ബഞ്ചഡ് കണ്ടക്ടർ' (എ.ബി.സി) സ്ഥാപിക്കുക തുടങ്ങിയ വർക്കുകൾ ഉൾപ്പെടെ ഏകദേശം 207 വർക്കുകളിലായി 6.01 കോടി രൂപയുടെ പദ്ധതികൾക്കുള്ള DPR തയ്യാറാക്കിയിട്ടുണ്ട്. ആലത്തൂർ മണ്ഡലത്തിൽ 2019-20 വർഷത്തിൽ 3520-ഓളം സർവീസ് കണക്ഷനുകൾ നൽകാനാണ് ലക്ഷ്യമിടുന്നത്. മേൽ സൂചിപ്പിച്ച പ്രവൃത്തികൾ കൂടാതെ പഞ്ചായത്ത്, MLA ADS/SDF ഫണ്ടുകളിൽനിന്നും തുക അടയ്ക്കുന്ന മുറയ്ക്ക് പ്രവൃത്തികളും പൂർത്തീകരിക്കുന്നതാണ്.

പ്രസരണ വിഭാഗത്തിൽ വൈദ്യുതി വകുപ്പ് 2019-20 സാമ്പത്തിക വർഷത്തിൽ താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്.

1. ആലത്തൂർ നിയോജകമണ്ഡലത്തിൽപ്പെടുന്ന നെന്മാറ 66 കെ.വി. സബ്സ്റ്റേഷന്റെ ശേഷി 110 കെ.വി. ആയി ഉയർത്തുന്ന പ്രവൃത്തി - സബ്സ്റ്റേഷനും അനുബന്ധ ലൈനും നിർമ്മിക്കൽ.

2. ആലത്തൂർ നിയോജകമണ്ഡലത്തിൽപ്പെടുന്ന വടക്കഞ്ചേരി 110 കെ.വി. സബ്സ്റ്റേഷനേയും നെന്മാറ 66 കെ.വി. സബ്സ്റ്റേഷനെയും ബന്ധിപ്പിച്ചുകൊണ്ട് ഒരു പുതിയ 110 കെ.വി. ലൈനിന്റെ നിർമ്മാണം പുരോഗമിച്ചുവരുന്നു. ഇതിനോടനുബന്ധിച്ച് വടക്കഞ്ചേരി സബ്സ്റ്റേഷനിൽ ഒരു പുതിയ ബേയും നിർമ്മിച്ചു വരുന്നു.

ആലത്തൂർ നിയോജക മണ്ഡലത്തിൽപ്പെട്ട നെന്മാറ ഇലക്ട്രിക്കൽ സെക്ഷൻ പരിസരത്തുള്ള ഭൂമിയിൽ 500 കിലോവാട്ട് ശേഷിയുള്ള സൗരോർജ്ജ നിലയം സ്ഥാപിക്കാൻ പദ്ധതിയുണ്ട്.

**മാങ്കുളം ജലവൈദ്യുത പദ്ധതിക്കായി ഏറ്റെടുത്ത ഭൂമി**

213 (2430) <u>ശ്രീ. റോജി എം. ജോൺ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിലെ മാങ്കുളം ജലവൈദ്യുത പദ്ധതിയ്ക്കായി മലയോര കർഷകരിൽനിന്നും കെ.എസ്.ഇ.ബി.എൽ വിവിധ കാലയളവിൽ കൈവശത്തിലെടുത്ത/ഇനി എടുക്കുവാനുള്ള പുറമ്പോക്ക് ഭൂമി എത്രയെന്ന് വ്യക്തമാക്കുമോ;

(ബി) 2006-2011 കാലയളവിൽ സ്വകാര്യ വ്യക്തികളിൽനിന്നും എക്സ്ഗ്രേഷ്യ നൽകി കെ.എസ്.ഇ.ബി. ലിമിറ്റഡ് കൈവശത്തിലെടുത്ത സർക്കാർ പുറമ്പോക്ക്, നിക്ഷിപ്ത വനമായി പ്രഖ്യാപിക്കാനുദ്ദേശിക്കുന്ന റവന്യൂ പുറമ്പോക്ക് എന്നിവ സംബന്ധിച്ച് കൈവശക്കാരുടെ എണ്ണവും ഭൂമിയുടെ വിസ്തൃതിയും വ്യക്തമാക്കുമോ;

(സി) ഇത് 2011-2016 കാലയളവിലും 2016 മുതൽ ഇതുവരെയും എത്രയെന്ന് ഇനം തിരിച്ച് വ്യക്തമാക്കുമോ;

(ഡി) പദ്ധതിയ്ക്കായി ആവശ്യമുള്ളതും ഇനി ഏറ്റെടുക്കുവാനുള്ളതുമായ മേൽ ഗണത്തിൽപ്പെടുന്ന ശേഷിക്കുന്ന സ്വകാര്യ കൈവശക്കാരുടെ എണ്ണവും ഭൂമിയുടെ വിസ്തൃതിയും വിശദമാക്കുമോ;

(ഇ) പ്രസ്തുത ഭൂമി ഏറ്റെടുക്കുന്നതിനു തടസ്സങ്ങൾ ഉണ്ടെങ്കിൽ അവ പരിഹരിക്കുന്നതിന് ഈ സർക്കാർ കൈക്കൊണ്ട നടപടികൾ വ്യക്തമാക്കുമോ?

ഉത്തരം

(എ) മാങ്കുളം ജലവൈദ്യുത പദ്ധതിക്കായി മലയോര കർഷകരിൽനിന്നും കെ.എസ്.ഇ.ബി. ലിമിറ്റഡ് വിവിധ കാലയളവിലായി നാളിതുവരെ 9.31 ഹെക്ടർ പുറമ്പോക്ക് സ്ഥലം കൈവശപ്പെടുത്തിയിട്ടുണ്ട്. ഇനി 5.59 ഹെക്ടർ പുറമ്പോക്ക് സ്ഥലം ഏറ്റെടുക്കാനുണ്ട്.

(ബി) മാങ്കുളം ജലവൈദ്യുത പദ്ധതിക്കായി 2006-2011 കാലയളവിൽ പുറമ്പോക്ക് ഭൂമി കൈവശത്തിലെടുത്തിട്ടില്ല.

(സി) 2011-2016 കാലയളവിൽ 33 പേരുടെ കൈവശത്തിലുള്ള 5.32 ഹെക്ടർ സർക്കാർ പുറമ്പോക്ക് ഭൂമിയും; 18 പേരുടെ കൈവശത്തിലുള്ള 1.42 ഹെക്ടർ സർക്കാർ പുഴ പുറമ്പോക്ക് ഭൂമിയും; 3 പേരുടെ കൈവശത്തിലുള്ള 0.18 ഹെക്ടർ നിഷിപ്ത വനമായി പ്രഖ്യാപിക്കാൻ ഉദ്ദേശിക്കുന്ന സർക്കാർ പുറമ്പോക്ക് ഭൂമിയും ഉൾപ്പെടെ മൊത്തം 692 ഹെക്ടർ പുറമ്പോക്ക് ഭൂമി സ്വകാര്യ വ്യക്തികളിൽനിന്നും അടുത്തുള്ള സമാനമായ പട്ടയ ഭൂമിക്ക് നൽകിയ, വില നൽകി കെ.എസ്.ഇ.ബി. ലിമിറ്റഡ് കൈവശത്തിലെടുത്തിട്ടുണ്ട്.

2016 മുതൽ ഇതുവരെയുള്ള കാലയളവിൽ 18 പേരുടെ കൈവശത്തിലുള്ള 2.39 ഹെക്ടർ സർക്കാർ പുറമ്പോക്ക് ഭൂമി സ്വകാര്യ വ്യക്തികളിൽനിന്നും കെ.എസ്.ഇ.ബി. ലിമിറ്റഡ് കൈവശത്തിലെടുത്തിട്ടുണ്ട്. സർക്കാർ പുഴ, പുറമ്പോക്ക് ഭൂമി, നിക്ഷിപ്ത വനമായി പ്രഖ്യാപിക്കാൻ ഉദ്ദേശിക്കുന്ന സർക്കാർ പുറമ്പോക്ക് ഭൂമി എന്നിവ 2016 മുതൽ ഏറ്റെടുത്തിട്ടില്ല.

(ഡി) മാങ്കുളം ജലവൈദ്യുത പദ്ധതിക്കായി 17 പേരുടെ കൈവശത്തിലുള്ള 0.92 ഹെക്ടർ സർക്കാർ പുറമ്പോക്ക് ഭൂമിയും 20 പേരുടെ കൈവശത്തിലുള്ള 1.61 ഹെക്ടർ പുഴ സർക്കാർ പുറമ്പോക്ക് ഭൂമിയും; 30 പേരുടെ കൈവശത്തിലുള്ള 3.06 ഹെക്ടർ നിക്ഷിപ്ത വനമായി പ്രഖ്യാപിക്കാൻ ഉദ്ദേശിക്കുന്ന സർക്കാർ പുറമ്പോക്ക് ഭൂമിയും ഉൾപ്പെടെ മൊത്തം 5.59 ഹെക്ടർ പുറമ്പോക്ക് ഭൂമി ഏറ്റെടുക്കാനുണ്ട്.

(ഇ) പ്രസ്തുത ഭൂമി ഏറ്റെടുക്കുന്നതിനായി കെ.എസ്.ഇ.ബി.എൽ. സമർപ്പിച്ച നിർദ്ദേശം സർക്കാർ പരിശോധിച്ചുവരുന്നു.

## കൂടംകുളം-കൊച്ചി വൈദ്യുതി ലൈൻ നിർമ്മാണം

214 (2431) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൂടംകുളം- കൊച്ചി വൈദ്യുതി ലൈൻ നിർമ്മാണപ്രവൃത്തിയുടെ പുരോഗതി വിശദമാക്കാമോ;

(ബി) ഈ പദ്ധതി പൂർണ്ണമായും നടപ്പിൽ വരുന്നതോടുകൂടി സംസ്ഥാനത്തിനുണ്ടാകുന്ന നേട്ടങ്ങൾ വിശദമാക്കാമോ?

ഉത്തരം

(എ) ഈ പദ്ധതിയുടെ 148.3 കിലോമീറ്ററിൽ 644 മീറ്റർ ലൈൻ വലിക്കൽ ഒഴികെ മുഴുവൻ ജോലികളും ഇതിനകം പൂർത്തിയായിട്ടുണ്ട്. എറണാകുളം ജില്ലയിലെ ലൊക്കേഷൻ 291/0-ലെ ഒരു ടവറിന്റെ മാത്രം നിർമ്മാണം സംബന്ധിച്ച് ഹൈക്കോടതി കേസ് തീർപ്പാക്കുന്ന മുറയ്ക്ക് ലൈൻ കമ്മീഷൻ ചെയ്യാൻ സാധിക്കുന്നതാണ്.

(ബി) ഈ പദ്ധതി പൂർത്തിയാകുന്നതോടെ സംസ്ഥാനത്തിന് താഴെപ്പറയുന്ന നേട്ടങ്ങൾ ഉണ്ടാകുന്നതാണ്.

1. സംസ്ഥാനത്തെ ആദ്യത്തെ 400 കെ.വി. പവർ ഹൈവേയായ തിരുനെൽവേലി - കൊച്ചി - തൃശ്ശൂർ - ഉദുമൽപ്പെട്ട് ലൈൻ യാഥാർത്ഥ്യമാകുന്നു.
2. വൈദ്യുതി ഇറക്കുമതി ചെയ്യുന്നതിനുള്ള ശേഷി വർദ്ധിക്കും.
3. കേന്ദ്രവിഹിതം മുഴുവനായും കൃത്യതയോടെ ഉപയോഗപ്പെടുത്താൻ സാധിക്കും.

4. ഇതുമൂലം ലൈൻ ലഭ്യത ഉറപ്പാവുകയും അറ്റകുറ്റപ്പണി വേണ്ടിവരുമ്പോൾ വൈദ്യുതി തടസ്സമില്ലാതെ ലഭ്യമാക്കാനും സാധിക്കും

5. കേരള-തമിഴ്നാട് മേഖലയിലെ ലൈനുകളിലുള്ള പവർ നിരക്ക് കുറയ്ക്കാൻ സാധിക്കും.

6. പ്രസരണ നഷ്ടം വലിയ തോതിൽ കുറയുകയും മെച്ചപ്പെട്ട വോൾട്ടേജിൽ പ്രസരണ വിതരണം സാധ്യമാവുകയും ചെയ്യും.

7. കുറഞ്ഞ ചെലവിൽ ദീർഘകാല അടിസ്ഥാനത്തിൽ വൈദ്യുതി എത്തിക്കാൻ സാധിക്കും.

8. സംസ്ഥാനത്തിന്റെ പ്രസരണ ശൃംഖല വികസിപ്പിക്കുന്നതിനായി നിർദ്ദിഷ്ട 400 കെ.വി. സബ്സ്റ്റേഷനുകളായ കോട്ടയം, ഇടമൺ നിർമ്മിക്കാൻ സാധിക്കും. കൂടാതെ മാടക്കത്തറ-കോഴിക്കോട് 400 കെ.വി. ലൈൻ പൂർത്തീകരിക്കുന്നതോടെ മലബാർ മേഖലയിൽ വൈദ്യുതി ലഭ്യത കൂടുകയും ചെയ്യും.

**ചിന്നാർ ജലവൈദ്യുത പദ്ധതി**

215 (2432) <u>ശ്രീ. റോഷി അഗസ്റ്റിൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചിന്നാർ ജലവൈദ്യുത പദ്ധതിയ്ക്കുവേണ്ടി ഭൂമി ഏറ്റെടുക്കൽ നടപടി ഏതുഘട്ടം വരെയായി എന്നറിയിക്കുമോ;

(ബി) ഏറ്റെടുത്ത ഭൂമിക്ക് പൂർണ്ണമായി നഷ്ടപരിഹാരം കൊടുത്തുതീർക്കാൻ സാധിച്ചുവോ; ഇല്ലെങ്കിൽ ആയതിനുള്ള കാരണം വ്യക്തമാക്കുമോ;

(സി) പ്രസ്തുത പ്രോജക്ടിന്റെ കരാറുകാർക്ക് കരാർ തുക കൊടുത്തുതീർക്കാനുണ്ടോ; വിശദാംശങ്ങൾ നല്കുമോ; ഈ തുക പൂർണ്ണമായി എന്ന് കൊടുത്തുതീർക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ചിന്നാർ ജലവൈദ്യുത പദ്ധതിക്കുവേണ്ടി ആകെ ആവശ്യമുള്ള 16.03 ഹെക്ടർ ഭൂമിയിൽ 15.20 ഹെക്ടർ ഭൂമി ഏറ്റെടുത്തുകഴിഞ്ഞു. അവശേഷിക്കുന്ന 0.83 ഹെക്ടർ ഭൂമിയിൽ 0.49 ഹെക്ടർ ഭൂമിയുടെ കൈവശ രേഖകൾ ഹാജരാക്കാൻ കൈവശക്കാരന് കത്ത് നൽകിയിട്ടുണ്ട്. 0.34 ഹെക്ടർ ഭൂമി പുഴ പുറമ്പോക്കിൽപ്പെടുന്നതാണ്.

(ബി) നഷ്ടപരിഹാരം പൂർണ്ണമായി കൊടുത്തുതീർത്ത ശേഷമാണ് ഭൂമി ഏറ്റെടുത്തിട്ടുള്ളത്.

(സി) ചിന്നാർ പദ്ധതിയുടെ കരാറുകാർ 2019 ഏപ്രിൽ മാസംവരെ ചെയ്തുതീർത്ത പ്രവൃത്തികൾക്ക് ബിൽ തയ്യാറാക്കുകയും തുക നൽകുകയും ചെയ്തിട്ടുണ്ട്. മേയ് മാസംചെയ്ത പ്രവൃത്തികളുടെ ബില്ലിന്റെ പരിശോധന നടന്നു വരികയാണ്. ആയത് പണിയുന്ന മുറയ്ക്ക് താമസം കൂടാതെ ബിൽ തുക നൽകുന്നതാണ്.

**ഇടുക്കിയിൽ പുതിയ വൈദ്യുത നിലയം സ്ഥാപിക്കുന്നതിന് നടപടി**

216 (2433) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കിയിൽ രണ്ടാമത്തെ വൈദ്യുത നിലയം സ്ഥാപിക്കുന്ന കാര്യം കെ.എസ്.ഇ.ബി.എൽ.-ന്റെ പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ എത്ര മെഗാവാട്ട് നിലയമാണ് സ്ഥാപിക്കുന്നതെന്നും അതിനായി കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിച്ചിട്ടുണ്ടോ എന്നും വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്തിന് ആവശ്യമുള്ള വൈദ്യുതിയുടെ എത്ര ശതമാനമാണ് വിവിധ പദ്ധതികളിൽ നിന്നും സംസ്ഥാനത്ത് ഉൽപാദിപ്പിക്കുന്നത്;

(ഡി) വീടുകളുടെ മേൽക്കൂരയിലും അണക്കെട്ടുകളുടെ സമീപത്തും സൗരോർജ്ജപാനലുകൾ സ്ഥാപിച്ച് വൈദ്യുതി ഉൽപാദിപ്പിക്കുന്ന പദ്ധതി പ്രാവർത്തികമാക്കിയിട്ടുണ്ടോ;

(ഇ) ഇതിലൂടെ എത്ര മെഗാവാട്ട് വൈദ്യുതി ഉൽപാദിപ്പിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പ്രാഥമിക പഠന റിപ്പോർട്ട് പ്രകാരം (പി.എഫ്.ആർ.) ഇടുക്കി എക്സ്റ്റൻഷൻ സ്കീമിന്റെ സ്ഥാപിത ശേഷി 780 മെഗാവാട്ട് (6x130) ആയിട്ടാണ് വിഭാവന ചെയ്തിട്ടുള്ളത്. വിശദമായ പഠനത്തിന്റെ വെളിച്ചത്തിൽ മാത്രമേ അന്തിമ സ്ഥാപിതശേഷി നിർണ്ണയിക്കാൻ കഴിയൂ. കേന്ദ്ര സർക്കാരിന്റെ അനുമതിക്കായി സമീപിച്ചിട്ടില്ല.

(സി) 2019 മേയ് 31-ലെ കണക്കുപ്രകാരം മേയ് മാസത്തെ വൈദ്യുതി ആവശ്യകത 2559.48 ദശലക്ഷം യൂണിറ്റായിരുന്നു. ഇതിൽ 742.02 ദശലക്ഷം യൂണിറ്റ് വൈദ്യുതിയാണ് സംസ്ഥാനത്തെ വൈദ്യുത നിലയങ്ങളിൽനിന്നും ഉൽപ്പാദിപ്പിച്ചത്. ഇത് മൊത്തം ആവശ്യകതയുടെ 28.99% മാത്രമാണ്.

വിവിധ പദ്ധതികളിൽനിന്നും ഉൽപാദിപ്പിക്കുന്ന വൈദ്യുതി -

കെ.എസ്.ഇ.ബി.എൽ. ജലവൈദ്യുത പദ്ധതികൾ വഴി - 702.78 ദശലക്ഷം യൂണിറ്റ്.

കെ.എസ്. ഇ.ബി.എൽ. താപനിലയങ്ങൾ - 6.388 ദശലക്ഷം യൂണിറ്റ്

കെ.എസ്. ഇ.ബി.എൽ. കാറ്റാടി പദ്ധതി വഴി - 0.1828 ദശലക്ഷം യൂണിറ്റ്

കെ.എസ്.ഇ.ബി.എൽ. പ്രൈവറ്റ് സൗരോർജ്ജ പദ്ധതികൾ- 10.3366 ദശലക്ഷം യൂണിറ്റ്.

സ്വകാര്യ സംരഭകരുടെ വൈദ്യുത പദ്ധതികൾ (കാറ്റ്, ചെറുകിട ജലവൈദ്യുത പദ്ധതികൾ, കോ-ജനറേഷൻ പ്ലാന്റുകൾ) - 22.33

ആകെ - 742.02 ദശലക്ഷം യൂണിറ്റ്.

(ഡി) വീടുകളുടെ മേൽക്കൂരയിലും അണക്കെട്ടുകളുടെ പരിസരത്തും സൗരോർജ്ജ പാനലുകൾ സ്ഥാപിച്ച് വൈദ്യുതി ഉൽപ്പാദിപ്പിക്കാൻ ആസൂത്രണം ചെയ്ത " സൗര " പദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

(ഇ) സൗര പദ്ധതിയിൽനിന്നും 1000 മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കാനാണ് ലക്ഷ്യമിടുന്നത്. ഇതിൽ 500 മെഗാവാട്ട് പുരപ്പുറ സൗരോർജ്ജ നിലയങ്ങളിൽനിന്നുമാണ്.

**ഊർജ്ജ മേഖലയിൽ പുതിയ പദ്ധതികൾ**

217 (2434) ശ്രീ. റോഷി അഗസ്റ്റിൻ:
ശ്രീ. പി. ജെ. ജോസഫ്:
ശ്രീ. സി. എഫ്. തോമസ്:
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ബോർഡ് ഊർജ്ജ മേഖലയിൽ നടപ്പുസാമ്പത്തിക വർഷം പുതിയ പദ്ധതികൾക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(ബി) ഊർജ്ജോത്പാദനരംഗത്ത് പ്രസ്തുത പദ്ധതികളിലൂടെ എത്ര മെഗാവാട്ട് അധിക വൈദ്യുതി ഉല്പാദിപ്പിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്;

(സി) പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിന് എത്ര തുക ചെലവ് പ്രതീക്ഷിക്കുന്നു; ഈ തുക എപ്രകാരം സമാഹരിക്കാനാണ് ലക്ഷ്യമിടുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) വൈദ്യുതി ബോർഡ് ഊർജ്ജ മേഖലയിൽ നടപ്പുസാമ്പത്തിക വർഷം സൗര എന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. ഊർജ്ജ കേരള മിഷനിൽ ഉൾപ്പെടുത്തിയിട്ടുള്ള സൗര പദ്ധതിയിലൂടെ മൂന്നുവർഷം കൊണ്ട് 1000 മെഗാവാട്ട് ഉൽപ്പാദിപ്പിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. സൗരോർജ്ജ പ്ലാന്റുകൾവഴി 500 മെഗാവാട്ട്, സ്വകാര്യ ഉൽപ്പാദകരിൽനിന്നും ബിഡ്ഡിംഗ് മുഖേന 200 മെഗാവാട്ട്, സോളാർ പാർക്കിൽനിന്നും 150 മെഗാവാട്ട്, ഫ്ലോട്ടിംഗ് സോളാർ പദ്ധതികൾ വഴി 100 മെഗാവാട്ട്, കനാൽ ടോപ്പ്, ഹൈവേ സോളാർ പദ്ധതികളിൽനിന്നും 50 മെഗാവാട്ട് എന്നിങ്ങനെയാണ് വൈദ്യുതി ഉൽപ്പാദിപ്പിക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്.

(സി) സൗരോർജ്ജ പദ്ധതിയിൽ 500 മെഗാവാട്ട് പുരപ്പുറ സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള സാമ്പത്തിക മാതൃകകൾ താഴെപ്പറയുന്നവയാണ്.

1. ഉപഭോക്താവിന്റെ കെട്ടിടങ്ങളുടെ മേൽക്കൂരയിൽ കെ.എസ്.ഇ.ബി.എൽ.-ന്റെ ചെലവിൽ സൗരനിലയം സ്ഥാപിക്കുക.

2. കെട്ടിടങ്ങളുടെ മേൽക്കൂരയിൽ സംരംഭകന്റെ ചെലവിൽ കെ.എസ്.ഇ.ബി. എൽ. സൗരനിലയം സ്ഥാപിക്കുക.

2.78 ലക്ഷം ഉപഭോക്താക്കൾ പ്രസ്തുത പദ്ധതിയിൽ രജിസ്റ്റർ ചെയ്തു കഴിഞ്ഞു. രജിസ്റ്റർ ചെയ്തിട്ടുള്ള ഭൂരിഭാഗം ഉപഭോക്താക്കളും ഒന്നാമത്തെ മാതൃകയാണ് തെരഞ്ഞെടുത്തിട്ടുള്ളത്. താരിഫ് അടിസ്ഥാനത്തിൽ/ഇ.പി.സി. കോൺട്രാക്ട് വഴി പദ്ധതി നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്.

## ദ്യുതി 2021

218 (2435) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-ഓടുകൂടി എല്ലാ ഉപഭോക്താക്കൾക്കും ഗുണമേന്മയുള്ള വൈദ്യുതി അപകടസാധ്യതയില്ലാതാക്കി വിതരണം ചെയ്യുക എന്ന ലക്ഷ്യം പ്രാവർത്തികമാക്കുന്നതിന് ഇതിനകം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(ബി) ദ്യുതി 2021 എന്ന പദ്ധതിക്കായി ബോർഡിന്റെ പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റുകൾ വഴി നടപ്പിലാക്കുന്ന കാര്യങ്ങൾ എന്തൊക്കെയാണ്; ഇതിനായി ആകെ എന്ത് ചെലവ് പ്രതീക്ഷിക്കുന്നുവെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) വൈദ്യുത വിതരണ ശൃംഖല ശക്തിപ്പെടുത്തുകയും ആധുനിക വൽക്കരിക്കുകയും ചെയ്തുകൊണ്ട് ഗുണമേന്മയുള്ള വൈദ്യുതി അപകട സാധ്യതയില്ലാതാക്കി വിതരണം ചെയ്യുക എന്നതാണ് 2021-ഓടെ പൂർത്തിയാക്കാൻ ലക്ഷ്യമിടുന്ന ദ്യുതി പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. ആയതിനായി എച്ച്.റ്റി. ലൈനുകൾ പുതുതായി നിർമ്മിക്കുകയും ലോഡ് സെന്ററുകളിൽ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുകയും ശൃംഖലകളിൽ ബാക്ക് ഫീഡിംഗ് സംവിധാനം ഉറപ്പുവരുത്തുകയും പഴയതും ശേഷി കുറഞ്ഞതുമായ ലൈനുകൾ മാറ്റി പുതിയ ലൈനുകൾ സ്ഥാപിക്കുകയും (റീ കണ്ടക്ടറിംഗ് വർക്കുകൾ) പുരയിടങ്ങൾക്ക് കുറുകെ കടന്നുപോകുന്ന വൈദ്യുതി അപകടങ്ങൾക്ക് കാരണമായേക്കാവുന്ന ലൈനുകൾ മാറ്റിസ്ഥാപിക്കുകയും ട്രാൻസ്ഫോർമറുകൾക്ക് സംരക്ഷണ വേലി സ്ഥാപിക്കുകയും ഇലക്ട്രിക്കൽ ലൈനുകളുടെയും അനുബന്ധ ഉപകരണങ്ങളുടെയും നിലവാരം ഉയർത്തി സ്റ്റാൻഡേർഡൈസേഷൻ ചെയ്യുക തുടങ്ങിയ വർക്കുകളും നടപ്പിലാക്കി വരുന്നു.

(ബി) ദ്യുതി 2021 പ്രവൃത്തികൾ വിതരണ മേഖലയിൽ ആസൂത്രണം ചെയ്ത് നടപ്പിലാക്കാൻ സർക്കിൾ തലത്തിൽ 25 പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റുകൾ (പി.എം.യു.) രൂപീകരിച്ച് പ്രവർത്തനം നടത്തിവരുന്നു. ഇതിന്റെ ആദ്യപടിയായി വിതരണ ശൃംഖലയുടെ ജി.ഐ.എസ്. അധിഷ്ഠിത രേഖാ ചിത്രം കെ.എസ്.ഇ.ബി.എൽ. ഉദ്യോഗസ്ഥരുടെ സഹകരണത്തോടെ തയ്യാറാക്കുകയും തുടർന്ന് 2018 മുതൽ 2021 വരെയുള്ള കാലയളവിൽ വിതരണ മേഖലയിൽ നടപ്പിലാക്കേണ്ട പ്രവൃത്തികൾ കണ്ടെത്തി അവയുടെ ഡി.പി.ആർ. തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. ദ്യുതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള എല്ലാ വർക്കുകളും ഗുണനിലവാരം ഉറപ്പാക്കി നിർവ്വഹിക്കുക എന്നത് പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റിന്റെ ഉത്തരവാദിത്വമാണ്. ഈ പദ്ധതിയിൽ വിതരണ മേഖലയിൽ 4036.30 കോടി രൂപയുടെ പ്രവൃത്തികളാണ് 2018 മുതൽ 2021 വരെയുള്ള നാല് വർഷ കാലയളവിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

**വൈദ്യുതി പ്രസരണ നഷ്ടം**

219 (2436) ശ്രീ. എം. ഉമ്മർ:
ശ്രീ. എൻ. ഷംസുദ്ദീൻ:
ശ്രീ. ടി. എ. അഹമ്മദ് കബീർ:
ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിലെത്തുമ്പോൾ ഉണ്ടായിരുന്ന ശരാശരി വൈദ്യുതി പ്രസരണ നഷ്ടം എത്രയായിരുന്നു; വിശദമാക്കാമോ;

(ബി) പ്രസരണ നഷ്ടം ഒഴിവാക്കാനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ; ഇതു മൂലം എത്ര രൂപയുടെ പ്രസരണ നഷ്ടം കുറയ്ക്കാൻ കഴിഞ്ഞു എന്നറിയിക്കാമോ;

(സി) പ്രസരണ നഷ്ടം കുറച്ചുകൊണ്ടുവരുന്നതിനായി പ്രതിവർഷം വേണ്ടിവരുന്ന ആവർത്തന ചെലവ് എത്രയാണ് ; വിശദമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്തിന്റെ പ്രസരണ വിതരണ നഷ്ടം ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ 14.37 ശതമാനമായിരുന്നു.

(ബി) കെ.എസ്.ഇ.ബി.എൽ. ലിമിറ്റഡ് വർഷന്തോറും പ്രസരണ നഷ്ടം കണക്കാക്കുകയും അത് കുറയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. വൈദ്യുതി പ്രസരണ ശൃംഖല ശാക്തീകരണവുമായി ബന്ധപ്പെട്ട് വൈദ്യുതി പ്രസരണ നഷ്ടം കുറയ്ക്കാൻ പുതിയ സബ് സ്റ്റേഷനുകളുടെ നിർമ്മാണം, നിലവിലെ പ്രസരണ ലൈനുകൾ ഉയർന്ന വോൾട്ടതയിലേയ്ക്ക് ഉയർത്തൽ, വൈദ്യുതി ലൈനുകളുടെ പ്രസരണശേഷി ഉയർത്തൽ, പുതിയ പ്രസരണ ലൈനുകളുടെ നിർമ്മാണം എന്നിവ നടപ്പിലാക്കി വരുന്നുണ്ട്. കൂടാതെ ആധുനികവൽക്കരണത്തിന്റെ ഭാഗമായി സബ്സ്റ്റഷനുകൾ 33 കെ.വി. കണ്ടെയ്നർ സബ്സ്റ്റേഷനുകൾ, ഹൈബ്രിഡ് ഉപകരണങ്ങൾ തുടങ്ങിയ സംവിധാനങ്ങളും നടപ്പിലാക്കുന്നുണ്ട്. പ്രസ്തുത പദ്ധതികൾ വാർഷിക ആസൂത്രണത്തിൽ ഉൾപ്പെടുത്തിയാണ് ആവിഷ്കരിച്ചിട്ടുള്ളത്. ഇതിനുപരിയായി പത്തുവർഷത്തേയ്ക്കുള്ള ദീർഘകാല പ്രസരണ പദ്ധതികൾ ആസൂത്രണം ചെയ്ത് അവ നടപ്പിലാക്കാൻ ബോർഡ് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

കൂടാതെ സംസ്ഥാനത്തിനകത്തെ വൈദ്യുതി പ്രസരണം സുഗമമായി നടത്തുന്നതിനായി പ്രസരണ ശൃംഖല ശക്തിപ്പെടുത്തുന്നതിനും ആകെ 10,000 കോടി രൂപയുടെ ദീർഘകാല പ്രസരണ പദ്ധതിയായ ട്രാൻസ്ഗ്രിഡ് 2.0 പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. കേരള സർക്കാർ സംരംഭമായ KIIFB വഴി ഈ പദ്ധതിക്കുള്ള ഫണ്ട് സ്വരൂപിക്കാൻ ഉത്തരവാകുകയും 5,200 കോടി രൂപയ്ക്ക് തത്വത്തിൽ അംഗീകാരം ലഭിക്കുകയും ചെയ്തു. ഈ പദ്ധതി വിവിധ ഘട്ടങ്ങളിലായിട്ടാണ് നടപ്പിലാക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്. 4,745.77 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന ഒന്നാംഘട്ട പദ്ധതി 2021-ഓടെയും 1,630 കോടി രൂപയുടെ രണ്ടാംഘട്ട പദ്ധതി 2024-ഓടെയും പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ട്രാൻസ്ഗ്രിഡ് 2.0 പദ്ധതി നടപ്പിലാക്കുന്നതോടുകൂടി വൈദ്യുതി പ്രസരണ നഷ്ടം കുറയ്ക്കാനാകുമെന്ന് കണക്കാക്കുന്നു.

കൂടാതെ കൂടുതൽ സബ്സ്റ്റേഷനുകൾ സ്ഥാപിച്ചും വിതരണ ലൈനുകൾ വലിച്ചും കൂടുതൽ വിതരണ ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ചും കേടായ മീറ്ററുകൾ മാറ്റിയും വൈദ്യുതി മോഷണം തടയുന്നതിനുള്ള നടപടികൾ ഊർജ്ജിതമാക്കിയും വൈദ്യുതി ബോർഡ് സംസ്ഥാനത്തിന്റെ പ്രസരണ വിതരണ നഷ്ടം 2016 മുതൽ (2 വർഷം കൊണ്ട്) 2017-18 സാമ്പത്തിക വർഷാവസാനം പ്രസരണ വിതരണ നഷ്ടം 13.07 ശതമാനത്തിലേയ്ക്ക് കുറയ്ക്കാൻ സാധിച്ചിട്ടുണ്ട്. ഇത് 2018-19 സാമ്പത്തിക വർഷത്തിൽ 12.65%-ലേയ്ക്ക് കുറയ്ക്കാൻ സാധിച്ചെന്നാണ് പ്രാഥമിക കണക്കുകൾ സൂചിപ്പിക്കുന്നത്.

വൈദ്യുതി പ്രസരണ ലൈനുകളിലൂടെയും ട്രാൻസ്ഫോർമറുകളിൽ കൂടിയും വൈദ്യുതി പ്രവഹിക്കുമ്പോഴുണ്ടാകുന്ന നഷ്ടം/ടെക്നിക്കൽ ലോസ്സ് കുറയ്ക്കുന്നതിന് താഴെപറയുന്ന നടപടികൾ ബോർഡ് കാലാകാലങ്ങളായി നടപ്പിലാക്കിവരുന്നു.

- എച്ച്.ടി. ലൈനുകളും എൽ.റ്റി. ലൈനുകളും തമ്മിലുള്ള അനുപാതം ഘട്ടം ഘട്ടമായി മെച്ചപ്പെടുത്തുക.
- 11. കെ.വി. 33 കെ.വി. ശൃംഖലകൾ കൂടുതൽ ശക്തിപ്പെടുത്തുക.
- കൂടുതൽ വിതരണ ട്രാൻസ്പോർഫോർമറുകൾ സ്ഥാപിക്കുക.
- കൂടുതൽ സബ്സ്റ്റേഷനുകളും പ്രസരണ ലൈനുകളും സ്ഥാപിക്കുക.
- എൽ.ടി. ലൈനിലും എച്ച്.ടി. ലൈനിലുമുള്ള പഴയ കണ്ടക്ടറുകൾ മാറ്റി മെച്ചപ്പെട്ട ശേഷിയുള്ള പുതിയ കണ്ടക്ടറുകൾ സ്ഥാപിക്കുക.
- സിസ്റ്റം പവർ ഫാക്ടർ മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

2016-17 വർഷത്തിൽ വൈദ്യുതി പ്രസരണ വിതരണ നഷ്ടം കുറയ്ക്കുന്നതിനായി 181.04 സർക്യൂട്ട് കിലോമീറ്റർ ഇ.എച്ച്.ടി. ലൈനുകളും 15 പുതിയ സബ്സ്റ്റേഷനുകളും 1919.77 കിലോമീറ്റർ എച്ച്.ടി. ലൈനുകളും 2270 ഡിസ്ട്രിബ്യൂഷൻ ട്രാൻസ്ഫോർമറുകളും 5357 കിലോമീറ്റർ പുതിയ എൽ.ടി. ലൈനുകളും സ്ഥാപിക്കുകയും 4.69 ലക്ഷം കേടായ മീറ്ററുകൾ മാറ്റി സ്ഥാപിക്കുകയും ബോർഡ് ചെയ്തിട്ടുണ്ട്.

2017-18 വർഷത്തിലേയ്ക്ക് ഏകദേശം 134.27 സർക്യൂട്ട് കിലോമീറ്റർ എച്ച്.ടി. ലൈനുകളും 16 പുതിയ സബ്സ്റ്റേഷനുകളും 1785 കിലോ മീറ്റർ എച്ച്.ടി. ലൈനുകളും 2353 ഡിസ്ട്രിബ്യൂഷൻ ട്രാൻസ്ഫോർമറുകളും 3130 കിലോമീറ്റർ പുതിയ എൽ.ടി. ലൈനുകൾ സ്ഥാപിക്കുകയും 12.37 ലക്ഷം കേടായ മീറ്ററുകൾ മാറ്റി സ്ഥാപിക്കുകയും ബോർഡ് ചെയ്തിട്ടുണ്ട്.

പ്രസ്തുത നടപടികൾ വഴി 2016 മുതൽ 2017-18 വരെ ഏകദേശം 484.29 ദശലക്ഷം യൂണിറ്റ് വൈദ്യുതി വാങ്ങുന്നത് ഒഴിവാക്കുന്നതിനും അതുവഴി 169.50 കോടിയോളം രൂപ വൈദ്യുതി വാങ്ങുന്നതിൽ ലാഭിക്കുന്നതിനും സാധിച്ചിട്ടുണ്ട്.

(സി) പ്രസരണ നഷ്ടം കുറയ്ക്കുന്നതിനുള്ള പദ്ധതികൾക്കായി പ്രധാനമായും മൂലധനച്ചെലവാണ് ഉണ്ടാകുന്നത്. ഈ ഇനത്തിൽ ആവർത്തനച്ചെലവ് ഉണ്ടാകാറില്ല.

**പ്രസരണ വിതരണ നഷ്ടം**

220 (2437) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വൈദ്യുതിരംഗത്ത് പ്രസരണ വിതരണ നഷ്ടം എത്ര ശതമാനം കുറയ്ക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസരണ വിതരണ നഷ്ടം കുറയ്ക്കാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്തിന്റെ പ്രസരണ വിതരണ നഷ്ടം ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ 14.37 ശതമാനമായിരുന്നു. 2017-18 സാമ്പത്തിക വർഷാവസാനം പ്രസരണ വിതരണ നഷ്ടം 13.07 ശതമാനത്തിലേയ്ക്ക് കുറയ്ക്കാൻ സാധിച്ചിട്ടുണ്ട്. 2018-19 സാമ്പത്തിക വർഷത്തിൽ ഇത് 12.65 ശതമാനമായി കുറയ്ക്കാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(ബി) കെ.എസ്.ഇ.ബി. ലിമിറ്റഡ് വർഷന്തോറും പ്രസരണ നഷ്ടം കണക്കാക്കുകയും അത് കുറയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. വൈദ്യുതി പ്രസരണ ശൃംഖല ശാക്തീകരണവുമായി ബന്ധപ്പെട്ട് വൈദ്യുതി പ്രസരണ നഷ്ടം കുറയ്ക്കാൻ പുതിയ സബ്സ്റ്റേഷനുകളുടെ നിർമ്മാണം, നിലവിലെ പ്രസരണ ലൈനുകൾ ഉയർന്ന വോൾട്ടതയിലേയ്ക്ക് ഉയർത്തൽ, വൈദ്യുതി ലൈനുകളുടെ പ്രസരണശേഷി ഉയർത്തൽ പുതിയ പ്രസരണ ലൈനുകളുടെ നിർമ്മാണം എന്നിവ നടപ്പിലാക്കിവരുന്നുണ്ട്.

വൈദ്യുതി പ്രസരണ വിതരണ നഷ്ടത്തെ ടെക്നിക്കൽ ലോസ്സ് (Technical loss) എന്നും കൊമേഴ്സ്യൽ ലോസ്സ് (Commercial loss) എന്നും രണ്ടായി തരംതിരിച്ചിട്ടുണ്ട്. വൈദ്യുതി പ്രസരണ ലൈനുകളിലൂടെയും ട്രാൻസ്ഫോർമറുകളിൽ കൂടിയും വൈദ്യുതി പ്രവഹിക്കുമ്പോഴുണ്ടാകുന്ന നഷ്ടത്തെയാണ് ടെക്നിക്കൽ ലോസ്സ് (Technical loss) ആയി കണക്കാക്കുന്നത്. ടെക്നിക്കൽ ലോസ്സ് കുറയ്ക്കുന്നതിന് താഴെപറയുന്ന നടപടികൾ ബോർഡ് കാലാകാലങ്ങളായി നടപ്പിലാക്കിവരുന്നു.

- എച്ച്.ടി. ലൈനുകളും എൽ.ടി. ലൈനുകളും തമ്മിലുള്ള അനുപാതം ഘട്ടം ഘട്ടമായി മെച്ചപ്പെടുത്തുക.
- 11 കെ.വി. 33 കെ.വി. ശൃഖലകൾ കൂടുതൽ ശക്തിപ്പെടുത്തുക.
- കൂടുതൽ വിതരണ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുക.
- കൂടുതൽ സബ്സ്റ്റേഷനുകളും പ്രസരണ ലൈനുകളും സ്ഥാപിക്കുക.
- എൽ.ടി. ലൈനിലും എച്ച്.ടി ലൈനിലുമുള്ള പഴയ കണ്ടക്ടറുകൾ മാറ്റി മെച്ചപ്പെട്ട ശേഷിയുള്ള പുതിയ കണ്ടക്ടറുകൾ സ്ഥാപിക്കുക.
- സിസ്റ്റം പവർഫാക്ടർ മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

വൈദ്യുതി മോഷണം കേടായ എനർജി മീറ്ററുകൾ തുടങ്ങിയവമൂലം വൈദ്യുതി ഉപയോഗം കൃത്യമായി രേഖപ്പെടുത്താത്തതിനാൽ യഥാർത്ഥ ഉപയോഗം കണക്കാക്കാൻ കഴിയാറില്ല. ടി കാരണങ്ങൾകൊണ്ടുള്ള നഷ്ടത്തെയാണ് കോമേഴ്സ്യൽ ലോസ്സ് (Commercial loss) ആയി കണക്കാക്കുന്നത്. കൊമേഴ്സ്യൽ ലോസ്സ് കുറയ്ക്കുന്നതിന് താഴെ പറയുന്ന നടപടികൾ ബോർഡ് സ്വീകരിച്ചു വരുന്നു.

- കേടായ എനർജി മീറ്ററുകളും ഇലക്ട്രോമെക്കാനിക്കൽ മീറ്ററുകളും മാറ്റി പുതിയ ഇലക്ട്രോണിക് മീറ്ററുകൾ സ്ഥാപിക്കുക.
- ബോർഡിലെ ആന്റി പവർ തെഫ്റ്റ് സ്ക്വാഡിന്റെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുക.
- ഉപഭോക്താക്കൾക്ക് ബില്ലുകൾ നൽകുന്നതും റവന്യൂ കളക്ഷനും പൂർണ്ണമായി കമ്പ്യൂട്ടർവൽക്കരിക്കുക.
- എനർജി ആഡിറ്റ് (ഫീഡർ തലത്തിലും ട്രാൻസ്ഫോർമർ തലത്തിലും) കൂടുതൽ വ്യാപകമാക്കുക.

കൂടാതെ സംസ്ഥാനത്തിനകത്തെ വൈദ്യുതി പ്രസരണം സുഗമമായി നടത്തുന്നതിനായി പ്രസരണ ശൃംഖല ശക്തിപ്പെടുത്തുന്നതിനും ആകെ 10,000 കോടി രൂപയുടെ ദീർഘകാല പ്രസരണ പദ്ധതിയായ ട്രാൻസ്ഗ്രിഡ് 2.0 പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. കേരള സർക്കാർ സംരംഭമായ KIIFB വഴി ഈ പദ്ധതിക്കുള്ള ഫണ്ട് സ്വരൂപിക്കാൻ ഉത്തരവാകുകയും 5,200 കോടി രൂപയ്ക്ക് തത്വത്തിൽ അംഗീകാരം ലഭിക്കുകയും ചെയ്തു. ഈ പദ്ധതി വിവിധ ഘട്ടങ്ങളിലായാണ് നടപ്പിലാക്കാനുദ്ദേശിച്ചിട്ടുള്ളത്. 4,745.77 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന ഒന്നാംഘട്ട പദ്ധതി 2021-ഓടെയും 1,630 കോടി രൂപയുടെ രണ്ടാംഘട്ട പദ്ധതി 2024-ഓടെയും പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ട്രാൻസ്ഗ്രിഡ് 2.0 പദ്ധതി നടപ്പിലാക്കുന്നതോടുകൂടി വൈദ്യുതി പ്രസരണ നഷ്ടം ഗണ്യമായി കുറയ്ക്കാനാകുമെന്ന് കണക്കാക്കുന്നു.

## പെരിങ്ങൽക്കുത്ത്, ഷോളയാർ ഡാമുകൾ

221 (2438) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയത്തിൽ വലിയതോതിൽ നാശം സംഭവിച്ച പെരിങ്ങൽകുത്ത്, ഷോളയാർ ഡാമുകളുടെ അറ്റകുറ്റപ്പണികൾ നടത്തി വൈദ്യുതോൽപ്പാദനം പൂർണ്ണ തോതിലാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ നടപടികൾ ഏത് ഘട്ടത്തിലാണ്;വ്യക്തമാക്കുമോ;

(ബി) ഇപ്പോൾ ഈ രണ്ട് ഡാമുകളിൽ നിന്നും ഉത്പാദിപ്പിക്കുന്ന വൈദ്യുതിയുടെ അളവെത്രയാണ്;അറിയിക്കുമോ;

(സി) ഉത്പാദനം പൂർണ്ണതോതിലാക്കാൻ എന്നേയ്ക്ക് സാധിക്കുമെന്ന് അറിയിക്കുമോ;

(ഡി) ചാലക്കുടിപ്പുഴയിലെ ചെറുകിട വൈദ്യുതോൽപ്പാദന പദ്ധതികൾ ആരംഭിയ്ക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ് എന്നറിയിക്കുമോ?

ഉത്തരം

(എ) പ്രളയത്തിൽ ഷോളയാർ അണക്കെട്ടിന് നാശനഷ്ടമൊന്നും സംഭവിച്ചിട്ടില്ല.

പെരിങ്ങൽക്കുത്ത് അണക്കെട്ട് കവിഞ്ഞൊഴുകിയ പശ്ചാത്തലത്തിൽ സുരക്ഷാ പരിശോധനയ്ക്കും പുനരുദ്ധാരണത്തിനുമായി ഒരു വിദഗ്ദ്ധ സമിതിയെ നിയോഗിച്ചിട്ടുണ്ട്. സമിതിയുടെ നിർദ്ദേശാനുസരണം പുനരുദ്ധാരണ പ്രവൃത്തികളും അറ്റകുറ്റപ്പണികളും നടത്തിവരുന്നു. ഈ പ്രവൃത്തികൾ പൂർത്തീകരിച്ചതിനുശേഷം അണക്കെട്ടിൽ പരമാവധി ജല നിരപ്പിൽ ജലം സംഭരിക്കാൻ സാധിക്കും. എന്നാൽ, പൂർണ്ണതോതിലുള്ള വൈദ്യുതോൽപ്പാദനം ഈ പദ്ധതിയിൽനിന്നും ഇപ്പോഴും സാധ്യമാണ്.

(ബി) പെരിങ്ങൽക്കുത്ത് ജലവൈദ്യുത പദ്ധതിയുടെ സ്ഥാപിതശേഷി 52 മെഗാവാട്ടും ഷോളയാർ ജലവൈദ്യുത പദ്ധതിയുടെ സ്ഥാപിതശേഷി 54 മെഗാവാട്ടും ആണ്. എന്നാൽ ജലലഭ്യത കുറവായതിനാൽ ഇപ്പോൾ പൂർണ്ണതോതിൽ ഉൽപ്പാദനം നടക്കുന്നില്ല.

(സി) പൂർണ്ണതോതിലുള്ള വൈദ്യുതോൽപ്പാദനം ഈ പദ്ധതികളിൽനിന്ന് ഇപ്പോഴും സാധ്യമാണ്. എന്നാൽ ജലലഭ്യത കുറവായതിനാൽ ഇപ്പോൾ പൂർണ്ണതോതിൽ ഉൽപ്പാദനം നടക്കുന്നില്ല. ഷോളയാർ ജലവൈദ്യുത പദ്ധതിയിൽ 18 മെഗാവാട്ടിന്റെ ഒരു യൂണിറ്റിന് ഇപ്പോൾ നവീകരണ പ്രവർത്തനങ്ങൾ നടന്നു വരുന്നു.

(ഡി) ചാലക്കുടി നദീതടത്തിൽ ഇപ്പോൾ നിർമ്മാണം പുരോഗമിക്കുന്ന 24 മെഗാവാട്ടിന്റെ പെരിങ്ങൽക്കുത്ത് ചെറുകിട ജലവൈദ്യുത പദ്ധതിയുടെ 82.5% പണികൾ പൂർത്തിയായി. ഈ പദ്ധതി 2019 ഡിസംബറിൽ പൂർത്തിയാക്കാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

കൂടാതെ 7.5 മെഗാവാട്ടിന്റെ ആനക്കയം ചെറുകിട ജലവൈദ്യുത പദ്ധതി കെ.എസ്.ഇ.ബി.എൽ.-ന്റെ പരിഗണനയിലാണ്.

## കേരള വാട്ടർ അതോറിറ്റി പമ്പ് ഹൗസുകളുടെ വൈദ്യുതി താരിഫ്

222 (2439) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റിയുടെ പമ്പ്ഹൗസുകൾ പ്രവർത്തിപ്പിക്കുന്നതിന് വൈദ്യുതി നിരക്ക് ഈടാക്കുന്നത് വ്യവസായങ്ങൾക്ക് ഏർപ്പെടുത്തിയിട്ടുള്ള താരിഫിന്റെ അടിസ്ഥാനത്തിലാണോ എന്നറിയിക്കാമോ;

(ബി) പ്രസ്തുത താരിഫ് എന്നാണ് നിലവിൽ വന്നത്;

(സി) മറ്റ് സംസ്ഥാനങ്ങളിൽ പമ്പ് ഹൗസുകൾ പ്രവർത്തിപ്പിക്കുന്നതിന് കൃഷി ആവശ്യങ്ങൾക്കുള്ള താരിഫ് നിരക്കാണ് ഈടാക്കുന്നത് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) കേരള വാട്ടർ അതോറിറ്റിയുടെ പമ്പ് ഹൗസുകളുടെ വൈദ്യുതി താരിഫ് കൃഷി ആവശ്യങ്ങൾക്കുള്ള താരിഫിലേയ്ക്ക് മാറ്റുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) കേരള വാട്ടർ അതോറിറ്റിയുടെ പമ്പ് ഹൗസുകൾ പ്രവർത്തിപ്പിക്കുന്നതിന് നിലവിൽ വൈദ്യുതി നിരക്ക് ഈടാക്കി വരുന്നത് വ്യാവസായിക താരിഫിലാണ്.

ഹൈടെൻഷൻ വിഭാഗത്തിൽ 'HT1 (A) വ്യവസായം' എന്ന താരിഫിലും ലോ ടെൻഷൻ വിഭാഗത്തിൽ 'LT IVA വ്യവസായം' എന്ന താരിഫിലുമാണ് വൈദ്യുതി നിരക്ക് ഈടാക്കി വരുന്നത്.

(ബി) ലോ ടെൻഷൻ വിഭാഗത്തിൽ 1-8-1982 മുതലും ഹൈ ടെൻഷൻ വിഭാഗത്തിൽ 1-8-1988 മുതലും 'പൊതു ജലപദ്ധതികൾക്ക്' വ്യവസായിക താരിഫിലാണ് വൈദ്യുതി ചാർജ്ജ് ഈടാക്കി വരുന്നത്.

(സി) ലഭ്യമായ രേഖകൾ പ്രകാരം (വിവിധ സംസ്ഥാനങ്ങളിലെ റെഗുലേറ്ററി കമ്മീഷനുകളുടെ ഉത്തരവുകൾ അനുസരിച്ച്) ഛത്തീസ്ഗഢിൽ ഒഴികെ ബാക്കിയുള്ള സംസ്ഥാനങ്ങളിൽ പൊതു ജലപദ്ധതികൾക്ക്, കാർഷിക താരിഫ് ബാധകമാക്കിയിട്ടില്ല. ഛത്തീസ്ഗഢിൽ ഹൈ ടെൻഷൻ വിഭാഗത്തിന് മാത്രമാണ് കാർഷിക താരിഫ് ബാധകമാക്കിയിരിക്കുന്നത്. എന്നാൽ ഇവിടെ നിലവിലുള്ള നിരക്ക് താഴെപ്പറയും പ്രകാരമാണ്.

താരിഫ് -HV.5

ഡിമാന്റ് ചാർജ്- 375/KVA/Month

എനർജി ചാർജ്ജ്- 530 paise/KVAh

നിലവിൽ സംസ്ഥാനത്ത് ഹൈ ടെൻഷൻ വിഭാഗത്തിന്റെ വൈദ്യുതി നിരക്കുകൾ താഴെ പറയും പ്രകാരമാണ്.

ഡിമാന്റ് ചാർജ്- 300/ KVA/Month

എനർജി ചാർജ്ജ്- 5.50KWh

അതായത്, ഛത്തീസ്ഗഢിലെ താരിഫ് കേരളത്തിലേക്കാൾ ഉയർന്നതാണ്.

(ഛത്തീസ്ഗഢിൽ KVAh ബില്ലിംഗും കേരളത്തിൽ KWh ബില്ലിംഗുമാണ്. കൂടാതെ ഡിമാന്റ് ചാർജിൽ KVA ഒന്നിന് 75 രൂപ കേരളത്തിലേക്കാൾ അധികമാണ്.)

(ഡി) കേന്ദ്ര വൈദ്യുതി നിയമത്തിലെ 45, 86 എന്നീ വകുപ്പുകൾ പ്രകാരം, സംസ്ഥാനത്തെ വിവിധ വിഭാഗം ഉപഭോക്താക്കളുടെ വൈദ്യുതി താരിഫ് നിർണ്ണയിക്കാനുള്ള അധികാരം സംസ്ഥാന റെഗുലേറ്ററി കമ്മീഷനുകളിൽ നിക്ഷിപ്തമായതിനാൽ പമ്പ് ഹൗസുകളുടെ താരിഫ് മാറ്റം സംബന്ധിച്ച വിഷയത്തിൽ ഉചിതമായ തീരുമാനമെടുക്കേണ്ടത് സംസ്ഥാന റെഗുലേറ്ററി കമ്മീഷനാണ്.

## രോഗിക്ക് ഓക്സിജൻ മെഷീൻ പ്രവർത്തിപ്പിക്കുന്നതിന് സൗജന്യ വൈദ്യുതി

223 (2440) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അത്യപൂർവ്വ രോഗം ബാധിച്ച്കിടക്കുന്ന രോഗിക്ക് ഓക്സിജൻ മെഷീൻ പ്രവർത്തിപ്പിക്കുന്നതിന് സൗജന്യ വൈദ്യുതി അനുവദിക്കണമെന്ന് ആവശ്യപ്പെട്ട്

ലീന സി.എൻ., ചൗരംകുന്നത്തു വീട്, വടക്കേനിരപ്പ് പി.ഒ, ഞീഴൂർ, കോട്ടയം നല്കിയിരുന്ന നിവേദനത്തിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ബി) ഈ നിവേദനത്തിൽ തീരുമാനമെടുക്കുന്നതിനായി ഫയൽ ആരംഭിച്ചിട്ടുണ്ടോ. ഫയൽ നമ്പർ അറിയിക്കാമോ. ഈ ഫയൽ ഇപ്പോൾ ആരുടെ പക്കലാണെന്ന് അറിയിക്കാമോ?

ഉത്തരം

(എ) ശ്രീമതി ലീന സി.എൻ., ചൗരം കുന്നത്ത് വീട്, വടക്കേ നിരപ്പ് പി.ഒ, ഞീഴൂർ, കോട്ടയം എന്ന വ്യക്തിയുടെ പേരിൽ നൽകിയിരുന്ന നിവേദനത്തിൽ പരാമർശിച്ചിരുന്ന 1146494003525 നമ്പർ കൺസ്യൂമർക്ക് 9-2-2016 മുതൽ ലൈഫ് സപ്പോർട്ടിംഗ് ഉപകരണങ്ങൾ ഉപയോഗിക്കുന്നതുമൂലം അന്നുണ്ടായ അധിക വൈദ്യുതി ഉപയോഗത്തിന് സൗജന്യം നൽകിവരുന്നുണ്ട്.

(ബി) നിലവിലുള്ള ബോർഡ് ഉത്തരവ് പ്രകാരം ലൈഫ് സപ്പോർട്ടിംഗ് ഉപകരണങ്ങൾ ഉപയോഗിക്കുന്നതുമൂലമുണ്ടാകുന്ന അധിക വൈദ്യുതി ഉപയോഗത്തിനുമാത്രമേ സൗജന്യം അനുവദിക്കാൻ സാധിക്കുകയുള്ളൂ. അത് ലൈഫ് സപ്പോർട്ടിംഗ് മെഷീൻ വച്ചതിനുശേഷമുണ്ടായ ഉപഭോഗത്തെ അടിസ്ഥാനമാക്കി 2016 ഫെബ്രുവരി മാസം മുതൽ ഈ ഉപഭോക്താവിന് നൽകുകയും ചെയ്യുന്നുണ്ട്. എന്നാൽ ഏതാനും മാസങ്ങളായി ടി ഉപഭോക്താവിന് ഉപഭോഗത്തിൽ വർദ്ധനവ് അനുഭവപ്പെട്ടു തുടങ്ങിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ലൈഫ് സപ്പോർട്ടിംഗ് മെഷീൻ ഉപയോഗംമൂലമാണോ പ്രസ്തുത വർദ്ധനവെന്ന് പരിശോധിച്ചതിനുശേഷം സൗജന്യത്തിൽ വർദ്ധനവ് വരുത്താനാകുമോയെന്നുള്ള കാര്യം ബോർഡ് പരിഗണിക്കുന്നതാണ്. ഇതിനുവേണ്ടി ആരംഭിച്ച ഫയൽ (DB No.49/1819/30-10-18) ഇപ്പോൾ കുറവിലങ്ങാട് അസിസ്റ്റന്റ് എൻജിനീയറുടെ പക്കലാണ്.

**സോളാർ ഊർജ്ജം**

224 (2441) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റതുമുതൽ നാളിതുവരെ സംസ്ഥാനത്ത് മുൻപ് ഉല്പാദിപ്പിച്ചിരുന്നതിനേക്കാൾ എത്ര മെഗാവാട്ട് വൈദ്യുതി കൂടുതലായി ഉല്പാദിപ്പിച്ചിട്ടുണ്ട് എന്ന് അറിയിക്കുമോ;

(ബി) സോളാർ ഊർജ്ജ സ്രോതസ്സുകളിൽ നിന്ന് എത്ര മെഗാവാട്ട് വൈദ്യുതി നിലവിൽ സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്നുണ്ടെന്ന് അറിയിക്കുമോ;

(സി) സോളാർ ഊർജ്ജം കൂടുതലായി ഉല്പാദിപ്പിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ സംബന്ധിച്ച വിശദവിവരങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരമേറ്റതുമുതൽ നാളിതുവരെ സംസ്ഥാനത്തെ സ്വകാര്യ സംരംഭകരുടെ വൈദ്യുത നിലയങ്ങൾ ഉൾപ്പെടെ 166.24 മെഗാവാട്ട് ശേഷി വർദ്ധന ഉൽപ്പാദന മേഖലയിൽ വന്നിട്ടുണ്ട്.

എനർജി മാനേജ്മെന്റ് സെന്റർ സ്വകാര്യ സംരംഭകർ വഴി നടപ്പിലാക്കുന്ന ചെറുകിട ജലവൈദ്യുത പദ്ധതി വഴി 12.5 മെഗാവാട്ട് അധിക വൈദ്യുത ഉല്പാദനശേഷി കൈവരിച്ചിട്ടുണ്ട്.

8 MW-ന്റെ പാതങ്കയം ജലവൈദ്യുത പദ്ധതിയും 4.5 മെഗാവാട്ടിന്റെ കാരിക്കയം ചെറുകിട ജലവൈദ്യുത പദ്ധതിയുടെ രണ്ടാംഘട്ടവും ഇതിൽ ഉൾപ്പെടുന്നു.

ഇതുകൂടാതെ ഗ്രിഡ് ബന്ധിതമല്ലാത്ത 4 KW-ന്റെ ഈച്ചാംപെട്ടി പൈകോ ജലവൈദ്യുത പദ്ധതിയും ഒരു കിലോവാട്ട് മുതൽ 5 കിലോ വാട്ട് വരെ ശേഷിയുള്ള 25 പൈകോ ജലവൈദ്യുത പദ്ധതികളും കമ്മീഷൻ ചെയ്തിട്ടുണ്ട്. ഇതിൽനിന്നും ഒരു വർഷം ഏകദേശം 50,000 യൂണിറ്റ് വൈദ്യുതി ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) നിലവിൽ സംസ്ഥാനത്ത് ഗ്രിഡ് ബന്ധിത സൗരോർജ്ജ നിലയങ്ങളുടെ ആകെ ശേഷി 129.58 മെഗാവാട്ടാണ്. ഈ പ്ലാന്റുകൾ വഴി ഉൽപ്പാദിപ്പിക്കാവുന്ന വൈദ്യുതിയുടെ വാർഷിക ശേഷി ഏകദേശം 204 ദശലക്ഷം യൂണിറ്റാണ്.

(സി) സോളാർ ഊർജ്ജം കൂടുതലായി ഉൽപ്പാദിപ്പിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

സൗര

സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള സമഗ്ര പദ്ധതിയായ ഊർജ്ജ കേരള മിഷനിൽ ഉൾപ്പെട്ടിട്ടുള്ള ഒരു പദ്ധതിയായണ് സൗര. മൂന്നു വർഷംകൊണ്ട് സൗരോർജ്ജ ഉൽപ്പാദനത്തിൽനിന്നും 1000 മെഗാവാട്ട് അധികമായി ചേർക്കുന്ന സൗര എന്ന പദ്ധതി കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ നേതൃത്വത്തിൽ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ഇതിൽ പുരപ്പുറ സൗരോർജ്ജ പദ്ധതികളിൽനിന്നും 500 മെഗാവാട്ട്, സ്വകാര്യ ഉൽപ്പാദകരിൽനിന്നും ബിഡ്ഡിംഗ് മുഖേന 200 മെഗാവാട്ട്, സോളാർ പാർക്കിൽനിന്നും 150 മെഗാവാട്ട്, ഫ്ലോട്ടിംഗ് സോളാർ പദ്ധതികൾ വഴി 100 മെഗാവാട്ട്, കനാൽ ടോപ്പ്-ഹൈവേ സോളാർ പാർക്കിൽ നിന്നും 50 മെഗാവാട്ട് എന്നിങ്ങനെയാണ് വൈദ്യുതി ഉൽപ്പാദിപ്പിക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്. സ്വീകരിച്ചിട്ടുള്ള നടപടികൾ താഴെപ്പറയുന്നവയാണ്.

i. 500 മെഗാവാട്ട് പുരപ്പുറ സൗരോർജ്ജ പദ്ധതികളിലൂടെ ഉൽപ്പാദിപ്പിക്കുന്നതിന് ലക്ഷ്യമിട്ട്, താല്പര്യമുള്ള ഉപഭോക്താക്കളിൽ നിന്ന് അപേക്ഷ ക്ഷണിച്ചതിൻ പ്രകാരം 200 മെഗാവാട്ട് പുരപ്പുറ ശേഷിക്ക് ഉപഭോക്താക്കൾ രജിസ്റ്റർ ചെയ്തുകഴിഞ്ഞു. 2,78,258 ഉപഭോക്താക്കൾ പദ്ധതിയിൽ രജിസ്റ്റർ ചെയ്തു. രജിസ്റ്റർ ചെയ്ത ഉപഭോക്താക്കളുടെ പുരപ്പുറവും മറ്റു സാങ്കേതിക വിവരങ്ങളും ശേഖരിക്കുന്നതിനുള്ള സർവ്വേ നടപടികൾ പുരോഗമിക്കുന്നു. 1.5 ലക്ഷത്തിലധികം സർവ്വേകൾ പൂർത്തീകരിച്ചിട്ടുണ്ട്. സർവ്വേയുടെ പരിശോധനയും അനുയോജ്യമായ പുരപ്പുറം തെരഞ്ഞെടുക്കുന്നതിനുള്ള നടപടികളും പുരോഗമിക്കുന്നു. പദ്ധതിയുടെ ടെണ്ടർ വിളിക്കുന്നതിനുള്ള ടെണ്ടർ പ്രമാണങ്ങൾ തയ്യാറായിക്കഴിഞ്ഞു. ഓൺലൈൻ ടെണ്ടർ വിളിക്കുന്നതിനുള്ള പ്ലാറ്റ് ഫോറം നൽകുന്നതിനായി കേന്ദ്ര സർക്കാർ സ്ഥാപനമായ MSTC Ltd.-മായി കരാറിലേർപ്പെടുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. 2019 നവംബർ മാസത്തോടുകൂടി തെരഞ്ഞെടുക്കപ്പെട്ട ഉപഭോക്താക്കളുടെ പുരപ്പുറങ്ങളിൽ സോളാർ പ്ലാന്റുകൾ സ്ഥാപിക്കാൻ ലക്ഷ്യമിടുന്നു. പുരപ്പുറ പദ്ധതിയിൽ കേരളത്തിലുടനീളം വരുന്ന ഗാർഹിക, സർക്കാർ, പൊതുമേഖല, സ്വകാര്യ കെട്ടിടങ്ങളും വിദ്യാഭ്യാസ സ്ഥാപനങ്ങളും ആശുപത്രികളും ഉൾപ്പെടുന്നു. ഇത് അനെർട്ടും കെ.എസ്.ഇ.ബി.എൽ.-ഉം സംയുക്തമായി നടപ്പിലാക്കുന്നതാണ്.

ii. കേരളത്തിനുള്ളിൽ സ്ഥാപിക്കുന്ന സൗരോർജ്ജ നിലയങ്ങളിൽനിന്നും 200 മെഗാവാട്ട് സൗരോർജ്ജം 25 വർഷത്തേയ്ക്ക് വാങ്ങാൻ മത്സരാധിഷ്ഠിത ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്.

iii. കാസർഗോഡ് സോളാർ പാർക്കിൽ നടപ്പിലാക്കുന്ന 50 മെഗാവാട്ട് പദ്ധതിക്ക് റ്റി.എച്ച്.ഡി.സി.എൽ.-മായി വൈദ്യുതി വാങ്ങൽ കരാർ റെഗുലേറ്ററി കമ്മീഷന്റെ അംഗീകാരത്തിന് വിധേയമായി ഏർപ്പെട്ടിട്ടുണ്ട്. ഗവൺമെന്റിൽനിന്നും 250 ഏക്കർ സ്ഥലം അനുവദിച്ചു. പദ്ധതിക്കുള്ള ടെണ്ടർ 5-3-2019-ൽ ക്ഷണിച്ചിട്ടുണ്ട്.

iv. കായംകുളത്ത് എൻ.ടി.പി.സി. കൈവശമുള്ള ഭൂമി/കായൽ ഉപയോഗപ്പെടുത്തി സോളാർ നിലയങ്ങൾ സ്ഥാപിക്കാൻ ധാരണാ പത്രത്തിൽ ഏർപ്പെട്ടിട്ടുണ്ട്. ഇതുപ്രകാരം 92 മെഗാവാട്ട് ഫ്ലോട്ടിംഗ് സോളാർ പദ്ധതി കായംകുളത്ത് എൻ.ടി.പി.സി.-യുടെ കൈവശമുള്ള കായൽപ്പരപ്പിൽ സ്ഥാപിക്കുന്നതിന് മുന്നോടിയായി കെ.എസ്.ഇ.ബി.എൽ.-ഉം എൻ.ടി.പി.സി.-യും തമ്മിൽ വൈദ്യുതി വാങ്ങൽ കരാർ റെഗുലേറ്ററി കമ്മീഷന്റെ അംഗീകാരത്തിന് വിധേയമായി ഏർപ്പെട്ടിട്ടുണ്ട്.

v. കേന്ദ്ര സർക്കാർ സ്ഥാപനമായ എൻ.എച്ച്.പി.സി. മുഖേന 10 മെഗാവാട്ടിന്റെ ഫ്ലോട്ടിംഗ് സോളാർ പദ്ധതി കൊല്ലം ജില്ലയിലെ വെസ്റ്റ് കല്ലടയിൽ സ്ഥാപിക്കുന്നതിനുള്ള വൈദ്യുതി വാങ്ങൽ കരാർ അന്തിമമാക്കുന്നതിനുള്ള ചർച്ചകൾ നടന്നുവരുന്നു. പദ്ധതിക്കുള്ള ടെണ്ടർ നടപടികൾ പൂർത്തിയായി വർക്ക് അവാർഡ് ചെയ്യുന്ന ഘട്ടത്തിലാണ്.

vi. കെ.എസ്.ഇ.ബി.എൽ.-ന്റെ അധീനതയിലുള്ള വയനാട് ജില്ലയിലെ ബാണാസുരസാഗർ റിസർവോയർ, ഇടുക്കി ജില്ലയിലെ ചെങ്കുളം കല്ലാർക്കുട്ടി, ഇടുക്കി, ആനയിറങ്ങൽ, പൊന്മുടി, കുണ്ടള എന്നീ ജലസംഭരണികളിലും ഫ്ലോട്ടിംഗ് സോളാർ പദ്ധതി സ്ഥാപിക്കുന്നതിന് പ്രാഥമിക പഠനം നടത്തുന്നതിന് കേന്ദ്രസർക്കാർ സ്ഥാപനങ്ങളായ SECI, NTPC എന്നിവയുമായി ധാരണയായിട്ടുണ്ട്. ഇതുകൂടാതെ ഗവൺമെന്റ് കെട്ടിടങ്ങളുടെ മേൽക്കൂരയിൽ സോളാർ പാനലുകൾ സ്ഥാപിക്കുന്ന പദ്ധതികൾ (6.385 മെഗാവാട്ട്-22 സ്ഥാപനങ്ങളിൽ) മറ്റ് കെ.എസ്.ഇ.ബി.എൽ. പദ്ധതികൾ (11.10 മെഗാവാട്ട്-6 സ്ഥലങ്ങളിൽ) കെ.എസ്.ഇ.ബി. എൽ. ഏറ്റെടുത്തു നടത്തിവരുന്നു.

## സൗര വൈദ്യുതി

225 (2442) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സൗര വൈദ്യുതി ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ച് വരുന്നതെന്ന വിശദമാക്കാമോ;

(ബി) സൗര വൈദ്യുതി പ്ലാന്റുകൾ സ്ഥാപിക്കുന്നവർക്ക് സബ്സിഡി നൽകുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ) സൗരോർജ്ജ ഉൽപ്പാദനത്തിൽ 1000 മെഗാവാട്ട് അധികമായി ഉൽപ്പാദിപ്പിക്കുന്നതിന് ഊർജ്ജ മിഷനിൽ ഉൾപ്പെട്ടിട്ടുള്ള 'സൗര' എന്ന പദ്ധതി കെ.എസ്.ഇ.ബി. ലിമിറ്റഡും അനെർട്ടും സംയുക്തമായി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിൽ പുരപ്പുറ സൗരോർജ്ജ പദ്ധതികളിൽ നിന്നും 500 മെഗാവാട്ട് സ്വകാര്യ ഉൽപ്പാദകരിൽനിന്നും ബിഡ്ഡിംഗ് മുഖേന 200 മെഗാവാട്ട്, സോളാർ പാർക്കിൽനിന്നും 150 മെഗാവാട്ട്, ഫ്ലോട്ടിംഗ് സോളാർ പദ്ധതി വഴി 100 മെഗാവാട്ട്, കനാൽ ടോപ്പ്-ഹൈവെ സോളാർ പദ്ധതികളിൽ നിന്നും 50 മെഗാവാട്ട് എന്നിങ്ങനെയാണ് വൈദ്യുതി ഉൽപ്പാദിപ്പിക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്. സ്വീകരിച്ചിട്ടുള്ള നടപടികൾ താഴപ്പറയുന്നവയാണ്.

i. 500 മെഗാവാട്ട് പുരപ്പുറ സൗരോർജ്ജ പദ്ധതികളിലൂടെ ലക്ഷ്യമിട്ട് താല്പര്യമുള്ള ഉപഭോക്താക്കളിൽനിന്ന് അപേക്ഷ ക്ഷണിച്ചതിൻ പ്രകാരം 2,78,258 ഉപഭോക്താക്കൾ പദ്ധതിയിൽ രജിസ്റ്റർ ചെയ്തു. സർവ്വേ നടപടികൾ പുരോഗമിക്കുന്നു.

ii. കേരളത്തിനുള്ളിൽ സ്ഥാപിക്കുന്ന സൗരോർജ്ജ നിലയങ്ങളിൽനിന്നും 200 മെഗാവാട്ട് സൗരോർജ്ജം 25 വർഷത്തേയ്ക്ക് വാങ്ങാൻ മത്സരാധിഷ്ഠിത ടെണ്ടർ ക്ഷണിച്ചിരുന്നു. ഒരു ബിഡ്ഡർ മാത്രം പങ്കെടുത്തതിനാൽ ടെണ്ടർ റദ്ദ് ചെയ്യുകയും റീ ടെണ്ടറിനുള്ള നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

iii. കാസർഗോഡ് സോളാർ പാർക്കിൽ നടപ്പിലാക്കുന്ന 50 മെഗാവാട്ട് പദ്ധതിക്ക് റ്റി.എച്ച്.ഡി.സി.എൽ.-മായി വൈദ്യുതി വാങ്ങൽ കരാർ റെഗുലേറ്ററി കമ്മീഷന്റെ അംഗീകാരത്തിന് വിധേയമായി ഏർപ്പെട്ടിട്ടുണ്ട്. ഗവൺമെന്റിൽ നിന്നും 250 ഏക്കർ സ്ഥലം അനുവദിച്ചു. പദ്ധതിക്കുള്ള ടെണ്ടർ 5-3-2019-ൽ ക്ഷണിച്ചിട്ടുണ്ട്.

iv. കായംകുളത്ത് എൻ.ടി.പി.സി. കൈവശമുള്ള ഭൂമി/കായൽ ഉപയോഗപ്പെടുത്തി സോളാർ നിലയങ്ങൾ സ്ഥാപിക്കാൻ ധാരണാ പത്രത്തിൽ ഏർപ്പെട്ടിട്ടുണ്ട്. ഇതു പ്രകാരം 92 മെഗാവാട്ട് ഫ്ലോട്ടിംഗ് സോളാർ പദ്ധതി കായംകുളത്ത് എൻ.ടി.പി.സി.-യുടെ കൈവശമുള്ള കായൽപ്പരപ്പിൽ സ്ഥാപിക്കുന്നതിന് മുന്നോടിയായി കെ.എസ്.ഇ.ബി.എൽ.-ഉം എൻ.ടി.പി.സി.-യും തമ്മിൽ വൈദ്യുതി വാങ്ങൽ കരാർ റെഗുലേറ്ററി കമ്മിഷന്റെ അംഗീകാരത്തിന് വിധേയമായി ഏർപ്പെട്ടിട്ടുണ്ട്.

v. കേന്ദ്ര സർക്കാർ സ്ഥാപനമായ എൻ.എച്ച്.പി.സി. മുഖേന 10 മെഗാവാട്ടിന്റെ ഫ്ലോട്ടിംഗ് സോളാർ പദ്ധതി കൊല്ലം ജില്ലയിലെ വെസ്റ്റ് കല്ലടയിൽ സ്ഥാപിക്കുന്നതിനുള്ള വൈദ്യുതി വാങ്ങൽ കരാർ അന്തിമമാക്കുന്നതിനുള്ള ചർച്ചകൾ നടന്നുവരുന്നു. പദ്ധതിക്കുള്ള ടെണ്ടർ നടപടികൾ പൂർത്തിയായി വർക്ക് അവാർഡ് ചെയ്യുന്ന ഘട്ടത്തിലാണ്.

vi. കെ.എസ്.ഇ.ബി.എൽ.-ന്റെ അധീനതയിലുള്ള വയനാട് ജില്ലയിലെ ബാണാസുരസാഗർ റിസർവ്വോയർ, ഇടുക്കി ജില്ലയിലെ ചെങ്കുളം കല്ലാർക്കുട്ടി, ഇടുക്കി, ആനയിറങ്ങൽ, പൊന്മുടി, കുണ്ടള എന്നീ ജലസംഭരണികളിലും ഫ്ലോട്ടിംഗ് സോളാർ പദ്ധതി സ്ഥാപിക്കുന്നതിന് പ്രാഥമിക പഠനം നടത്തുന്നതിന് കേന്ദ്രസർക്കാർ സ്ഥാപനങ്ങളായ SECI, NTPC എന്നിവയുമായി ധാരണയായിട്ടുണ്ട്.

ഇതുകൂടാതെ ഗവൺമെന്റ് കെട്ടിടങ്ങളുടെ മേൽക്കൂരയിൽ സോളാർ പാനലുകൾ സ്ഥാപിക്കുന്ന പദ്ധതികൾ (6.385 മെഗാവാട്ട്-22 സ്ഥാപനങ്ങളിൽ) മറ്റ് കെ.എസ്.ഇ.ബി.എൽ. പദ്ധതികൾ (11.10 മെഗാവാട്ട്-6 സ്ഥലങ്ങളിൽ) കെ.എസ്.ഇ.ബി.എൽ. ഏറ്റെടുത്തു നടത്തിവരുന്നു.

ഇതുകൂടാതെ സംസ്ഥാനത്ത് സൗര വൈദ്യുത ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് അനെർട്ട് ചുവടെപ്പറയുന്ന കാര്യങ്ങൾ ഒരുക്കിയിട്ടുണ്ട്.

(1) സർക്കാർ കെട്ടിടങ്ങളിൽ സൗരനിലയങ്ങൾ സ്ഥാപിക്കുന്നു.

സംസ്ഥാനത്ത് സർക്കാർ ഓഫീസുകളിൽ വിവിധ പദ്ധതികളിലൂടെ സോളാർ നിലയങ്ങൾ സ്ഥാപിക്കാനുള്ള നടപടികൾ അനെർട്ട് സ്വീകരിച്ചുവരുന്നു. നിലവിൽ സംസ്ഥാനത്തെ 199 സർക്കാർ ഓഫീസ് കെട്ടിടങ്ങളിൽ വിവിധ പദ്ധതികളിലൂടെ ആകെ 1862 കിലോവാട്ട് ശേഷിയുള്ള സൗരോർജ്ജ പവർ പ്ലാന്റുകൾ സ്ഥാപിച്ചുകഴിഞ്ഞു.

ജില്ലാ ഭരണ കേന്ദ്രങ്ങളിൽ (ജില്ലാ കളക്ടേറ്റുകളിൽ) സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതി അനെർട്ട് കെ.എസ്.ഇ.ബി.എൽ. മുഖേന തയ്യാറാക്കിയിട്ടുണ്ട്.

(2) 'ബൈ മൈ സൺ ' വെബ് പോർട്ടൽ

ഗുണഭോക്താക്കൾക്ക് വീട്ടിലിരുന്നുകൊണ്ടുതന്നെ അവർക്ക് ആവശ്യമായ അക്ഷയ ഊർജ്ജ ഉപകരണങ്ങൾ വാങ്ങാൻ സാധിക്കുംവിധം അംഗീകൃത സേവന

ദാതാക്കളുടെയും ഗുണനിലവാരം ഉറപ്പുവരുത്തിയ ഉപകരണങ്ങളുടെയും പട്ടിക തയ്യാറാക്കി ഇലക്ട്രോണിക് മാർക്കറ്റ് പ്ലേസായ 'ബൈ മൈ സൺ' (www.buymysun.com) എന്ന ഇ-കോമേഴ്സ് വെബ്പോർട്ടൽ അനെർട്ട് പ്രവർത്തന സജ്ജമാക്കിയിട്ടുണ്ട്.

(3) അക്ഷയ ഊർജ്ജ സേവന കേന്ദ്രങ്ങൾ

പൊതുജനങ്ങൾക്കും വിവിധ സ്ഥാപനങ്ങൾക്കും അനുയോജ്യമായ അക്ഷയ ഊർജ്ജ ഉപകരണങ്ങൾ തെരഞ്ഞെടുക്കുന്നതിനും സ്ഥാപിക്കുന്നതിനും അറ്റകുറ്റപ്പണികൾ ചെയ്യുന്നതിനും ആവശ്യമായ സാങ്കേതിക സേവനം ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടുകൂടി എല്ലാ നിയോജകമണ്ഡലത്തിലും ഊർജ്ജമിത്ര കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(4) സൗര വീഥി മൊബൈൽ ആപ്ലിക്കേഷൻ

സൗര വീഥി മൊബൈൽ ആപ്ലിക്കേഷനിൽ രജിസ്റ്റർ ചെയ്യപ്പെടുന്ന അക്ഷയ ഊർജ്ജ ഉപകരണങ്ങൾക്ക് സൗജന്യ ഇൻഷ്വറൻസ് ഏർപ്പെടുത്തിയിട്ടുണ്ട്.

(5) ടെക്നീഷ്യൻമാർക്ക് ഇൻഷ്വറൻസ്

ഫീൽഡ് തലത്തിൽ പ്രവർത്തിക്കുന്ന ലൈസൻസുള്ള അക്ഷയ ഊർജ്ജ രംഗത്തെ ടെക്നീഷ്യൻമാർക്ക് സൗജന്യ ഇൻഷ്വറൻസ് ഏർപ്പെടുത്തിയിട്ടുണ്ട്.

(6) ഹെൽപ്പ് ലൈൻ

അക്ഷയ ഊർജ്ജ രംഗത്ത് അനെർട്ടുമായി ബന്ധപ്പെട്ടുള്ള വിവിധ പദ്ധതികളെക്കുറിച്ച് അറിയുന്നതിനും പൊതുജനങ്ങളുടെ സംശയങ്ങളും പരാതികളും നേരിട്ട് കേൾക്കുന്നതിനും അവർക്ക് യഥാസമയം കൃത്യമായ മറുപടി നൽകുന്നതിനും അവരുടെ പരാതി പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനുമായി അനെർട്ട് കേന്ദ്ര ഓഫീസിൽ 1800 425 1803 എന്ന ടോൾ ഫ്രീ നമ്പർ സജ്ജമാക്കിയിട്ടുണ്ട്.

(7) സബ്സിഡി

ഓൺ ഗ്രിഡ് സോളാർ പ്ലാന്റിന് കേന്ദ്ര സർക്കാർ നൽകുന്ന സബ്സിഡി അനെർട്ട് വഴി ഗുണഭോക്താക്കൾക്ക് എത്തിക്കുന്നു. വ്യക്തികൾക്കും ട്രസ്റ്റ് അല്ലെങ്കിൽ ചാരിറ്റബിൾ സൊസൈറ്റി ആക്ട് അനുസരിച്ച് രജിസ്റ്റർ ചെയ്ത സ്ഥാപനങ്ങളിൽ സ്ഥാപിക്കുന്ന ഗ്രിഡ് ബന്ധിത സോളാർ പവർ പ്ലാന്റുകൾക്ക് കേന്ദ്ര സർക്കാർ സബ്സിഡി ലഭ്യമാണ്. കേന്ദ്ര സർക്കാരിന്റെ ഈ ധനസഹായം അനെർട്ട് വഴിയാണ് ലഭ്യമാക്കുന്നത്.

(ബി) സൗര പദ്ധതിയിൽ ഇപ്പോൾ സബ്സിഡി നൽകി വരുന്നില്ല. കേന്ദ്ര സർക്കാരിന്റെ 8-3-2019-ൽ പുറപ്പെടുവിച്ച നോട്ടിഫിക്കേഷൻ പ്രകാരം ഗാർഹിക ഉപഭോക്താക്കൾക്ക് മാത്രമാണ് ഇനി മുതൽ സബ്സിഡി ലഭ്യമാകുക. പുതുക്കിയ ഈ പദ്ധതിയുടെ വിശദമായ മാർഗ്ഗരേഖകൾ കേന്ദ്ര സർക്കാർ ഇനിയും പുറപ്പെടുവിച്ചിട്ടില്ല. മാർഗ്ഗരേഖകൾ നിലവിൽ വരുന്ന മുറയ്ക്കേ സബ്സിഡി ലഭ്യമാക്കുന്നതിനുള്ള സാധ്യതകൾ വ്യക്തമാകുകയുള്ളൂ.

എന്നാൽ ഓൺ ഗ്രിഡ് സോളാർ പ്ലാന്റിന് കേന്ദ്ര സർക്കാർ നൽകുന്ന സബ്സിഡി അനെർട്ട് വഴി ഉണഭോക്താക്കൾക്ക് എത്തിക്കുന്നു. വ്യക്തികൾക്കും ട്രസ്റ്റ് അല്ലെങ്കിൽ ചാരിറ്റബിൾ സൊസൈറ്റി ആക്ട് അനുസരിച്ച് രജിസ്റ്റർ ചെയ്ത സ്ഥാപനങ്ങളിൽ സ്ഥാപിക്കുന്ന ഗ്രിഡ് ബന്ധിത സോളാർ പവർ പ്ലാന്റുകൾക്ക് കേന്ദ്ര സർക്കാർ സബ്സിഡി ലഭ്യമാണ്. കേന്ദ്ര സർക്കാരിന്റെ ഈ ധനസഹായം അനെർട്ട് വഴിയാണ് ലഭ്യമാക്കുന്നത്. കഴിഞ്ഞ 2 വർഷത്തിനുള്ളിൽ 35 കോടി രൂപ ഈ ഇനത്തിൽ സംസ്ഥാനത്തിന് ലഭ്യമാക്കിയിട്ടുണ്ട്.

കൂടാതെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതിയായി സ്ഥാപിക്കുന്ന അക്ഷയ ഊർജ്ജ ഉപകരണങ്ങൾക്ക് ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങൾ സബ്സിഡി നൽകുന്നതിനുള്ള മാർഗ്ഗനിർദ്ദേശവും സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്.

## കെ.എസ്.ഇ.ബി. എൽ. നടപ്പിലാക്കുന്ന സൗരോർജ്ജ പ്ലാന്റുകൾ

226 (2443) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കെ.എസ്.ഇ.ബി.എൽ പുതുതായി ആവിഷ്കരിച്ച് നടപ്പിലാക്കുന്ന സൗരോർജ്ജ പ്ലാന്റുകൾ വഴി എത്ര യൂണിറ്റ് വൈദ്യുതി പ്രതിമാസം ഉത്പ്പാദിപ്പിക്കാൻ സാധിക്കുമെന്ന് വിശദമാക്കുമോ;

(ബി) കൂടുതൽ ഉണഭോക്താക്കൾക്ക് സൗരോർജ്ജ വൈദ്യുതോത്പ്പാദന സൗകര്യം ഏർപ്പെടുത്തുന്നത്, കെ.എസ്.ഇ.ബി.എൽ-ന് സാമ്പത്തികലാഭം ഉണ്ടാക്കുമെന്ന് വകുപ്പ് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

ഉത്തരം

(എ) പുരപ്പുറ സൗരോർജ്ജ നിലയങ്ങൾ ഉപഭോക്താക്കളുടെ മേൽക്കൂരകളിൽ സ്ഥാപിച്ച് വൈദ്യുതി ഉൽപ്പാദന ശേഷി 500 മെഗാവാട്ട് വർദ്ധിപ്പിക്കുന്ന പദ്ധതിയാണ് 'സൗര'. നല്ല സൂര്യപ്രകാശം ലഭിക്കുന്ന മാസങ്ങളിൽ പ്രതിമാസം 50 ദശലക്ഷം യൂണിറ്റ് വൈദ്യുതി ഇതിലൂടെ ഉൽപ്പാദിപ്പിക്കാനാകുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(ബി) നിലവിലുള്ള നിയമങ്ങളും ചട്ടങ്ങളും പ്രകാരം ഒരു ഡിസ്ട്രിബ്യൂഷൻ ട്രാൻസ്ഫോർമറിന്റെ ശേഷിയുടെ 15 ശതമാനമോ പകൽ സമയത്തുള്ള ആവറേജ് ഡിമാന്റിന് തുല്യമായതോ ആയ ശേഷിയിൽ മാത്രമേ സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കാൻ സാധ്യമാകുകയുള്ളൂ. ഇപ്രകാരം സ്ഥാപിക്കാൻ കഴിയുന്ന സോളാർ പ്ലാന്റുകൾ കെ.എസ്.ഇ.ബി. ലിമിറ്റഡിനും ഉപഭോക്താക്കൾക്കും സാമ്പത്തികമായി ഗുണം ചെയ്യുമെന്നാണ് വിലയിരുത്തിയിട്ടുള്ളത്.

**പാരമ്പര്യേതര ഊർജ്ജം**

227 (2444) <u>ശ്രീ. എം. സ്വരാജ്:</u>
<u>ശ്രീ. എം. രാജഗോപാലൻ:</u>
<u>ശ്രീ. കെ. വി. വിജയദാസ്:</u>
<u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പാരമ്പര്യേതര ഊർജ്ജത്തിന്റെ ഉപഭോഗം പ്രോത്സാഹിപ്പിക്കുന്നതിനും പ്രചരിപ്പിക്കുന്നതിനുമായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഈ രംഗത്ത് അനെർട്ട് നടപ്പാക്കി വരുന്ന പദ്ധതികൾ എന്തൊക്കെയാണ്;

(സി) വ്യക്തികൾക്കും വിവിധ സ്ഥാപനങ്ങൾക്കും അവരുടെ ആശയങ്ങളും താത്പര്യങ്ങളും അനെർട്ടുമായി ചർച്ച ചെയ്യുന്നതിനും അവ പരസ്പരം കൈമാറുന്നതിനും സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) അനെർട്ട് കെൽട്രോണുമായി സഹകരിച്ച് ഓൺലൈൻ മാർക്കറ്റ് പ്ലേസ് ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) വൈദ്യുതി മേഖലയുടെ സമഗ്ര വികസനം ലക്ഷ്യമാക്കി കേരള സർക്കാർ പ്രഖ്യാപിച്ച ഊർജ്ജ കേരള മിഷൻ പദ്ധതിയിൽ സോളാർ വൈദ്യുതി ഉൽപ്പാദനശേഷി 1000 മെഗാവാട്ടിലേയ്ക്ക് എത്തിക്കുന്നതിനായി കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡും അനെർട്ടും സംയുക്തമായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് 'സൗര'. സംയുക്ത സംരംഭം രൂപീകരിക്കുന്നതിന്റെ പ്രാഥമിക ജോലികൾ നടന്നുവരുന്നു. സോളാർ പാർക്ക്-150 മെഗാവാട്ട്, ഫ്ലോട്ടിംഗ് സൗരോർജ്ജ പദ്ധതികൾ-100 മെഗാവാട്ട്, കനാലുകളുടെ കരയിലും

പുറങ്ങളിലുമായി-50 മെഗാവാട്ട്, സുതാര്യ റിവേഴ്സ് ലേലം വഴി -200 മെഗാവാട്ട് എന്നിങ്ങനെ 500 മെഗാവാട്ടിന്റെ പദ്ധതികൾ കെ.എസ്.ഇ.ബി.എൽ. നേരിട്ട് നടപ്പിലാക്കുന്നു. 'സൗര' പദ്ധതിപ്രകാരം 500 മെഗാവാട്ട് ഉപഭോക്താക്കളുടെ പുരപ്പുറ സോളാർ പദ്ധതികളിലൂടെ താഴെപ്പറയുന്ന രീതിയിൽ നടപ്പിലാക്കുന്നു.

| | |
|---|---|
| ഗാർഹിക/കാർഷിക ഉപഭോക്താക്കളുടെ പുരപ്പുറങ്ങളിൽ | 150 മെഗാവാട്ട് |
| സർക്കാർ കെട്ടിടങ്ങളുടെ പുരപ്പുറങ്ങളിൽ | 100 മെഗാവാട്ട് |
| വാണിജ്യം-വ്യവസായം തുടങ്ങിയ മറ്റ് സ്ഥാപനങ്ങളിൽ | 250 മെഗാവാട്ട് |

എനർജി മാനേജ്മെന്റ് സെന്ററിൽ പ്രവർത്തിക്കുന്ന സ്മാൾ ഹൈഡ്രോ പ്രൊമോഷൻ സെൽ വഴി ചെറുകിട ജലവൈദ്യുത പദ്ധതി പ്രോത്സാഹനത്തിനായി പ്രവർത്തനങ്ങൾ നടന്നുവരുന്നു. പദ്ധതികൾ കൂടുതൽ സംരംഭക സൗഹൃദമാക്കുന്നതിനായി ചെറുകിട ജലവൈദ്യുത പദ്ധതി നയം ആവിഷ്കരിക്കുകയും അതനുസരിച്ച് സ്വകാര്യ സംരംഭകർക്ക് ബൂട്ട് അടിസ്ഥാനത്തിൽ പദ്ധതികൾ അനുവദിക്കുകയും ചെയ്യുന്നുണ്ട്. 30 വർഷ കാലയളവിലേയ്ക്കാണ് പദ്ധതികൾ അനുവദിക്കുന്നത്. അതിനുശേഷം ഇത്തരം പദ്ധതികൾ സർക്കാരിലേയ്ക്ക് തിരികെ നൽകുന്നതാണ്. ചെറുവെള്ളച്ചാട്ടങ്ങളിൽ നിന്നും വൈദ്യുതി ഉല്പാദിപ്പിക്കുന്ന തരത്തിലുള്ള 5 കിലോ വാട്ടിന് താഴെയുള്ള പീകൊ ജലവൈദ്യുത പദ്ധതികൾ പ്രോത്സാഹിപ്പിക്കുന്നതിനായി കേന്ദ്ര നവീന നവീകരണീയ ഊർജ്ജ മന്ത്രാലയത്തിൽനിന്നും ലഭിക്കുന്ന സബ്സിഡി ഉപയോഗിച്ച് പദ്ധതികൾ നടത്തിവരുന്നു.

സംസ്ഥാനത്ത് പാരമ്പര്യേതര ഊർജ്ജത്തിന്റെ ഉപഭോഗം പ്രോത്സാഹിപ്പിക്കുന്നതിനും പ്രചരിപ്പിക്കുന്നതിനുമായി അനെർട്ട് താഴെപ്പറയുന്നവ നടപ്പിലാക്കി വരുന്നു.

(a) കാറ്റാടി യന്ത്രങ്ങളുടെ വ്യാപനത്തിന് അനുയോജ്യമായ സ്ഥലം കണ്ടെത്തലും അടിസ്ഥാന സൗകര്യമൊരുക്കലും.

(b) ജൈവ ഊർജ്ജ വ്യാപനത്തിന് ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതി.

(c) സോളാർ വാട്ടർ ഹീറ്റർ & സോളാർ ഡ്രയേഴ്സ് വ്യാപിപ്പിക്കൽ.

(d) പരീക്ഷണാടിസ്ഥാനത്തിൽ സൗരതാപ ഉപകരണങ്ങൾ പാചകത്തിന് ഉപയോഗിക്കുന്ന പദ്ധതി.

(e) പ്രദർശനങ്ങളും പരിശീലന പരിപാടികളും.

(ബി) സംസ്ഥാനത്ത് പാരമ്പര്യേതര ഊർജ്ജത്തിന്റെ ഉപഭോഗം പ്രോത്സാഹിപ്പിക്കുന്നതിനും പ്രചരിപ്പിക്കുന്നതിനുമായി അനെർട്ട് താഴെപ്പറയുന്ന പദ്ധതികൾ നടപ്പാക്കിവരുന്നു.

സോളാർ, കാറ്റാടി ജൈവ നിലയങ്ങളും ഉപകരണങ്ങളും സ്ഥാപിക്കാനുള്ള അടിസ്ഥാന സൗകര്യങ്ങൾ അനെർട്ട് നടപ്പാക്കുന്നു. ഇതിനുള്ള സാങ്കേതിക അനുമതി നൽകുന്നു. കേന്ദ്ര സർക്കാർ പദ്ധതികളും സബ്സിഡിയും ഇതിനായി ലഭ്യമാക്കുന്നു. പ്രചാരണ പ്രവർത്തനങ്ങൾ നടപ്പാക്കുന്നു. ഇതിനായുള്ള പുതിയ പരിപാടികൾ ഇവയാണ്.

(1) <u>വെബ് പോർട്ടൽ 'ബൈ മൈ സൺ '</u>

ഉപഭോക്താക്കൾക്ക് വീട്ടിലിരുന്നുകൊണ്ടുതന്നെ അവർക്ക് ആവശ്യമായ അക്ഷയ ഊർജ്ജ ഉപകരണങ്ങൾ വാങ്ങാൻ സാധിക്കുംവിധം അംഗീകൃത സേവനദാതാക്കളുടെയും ഗുണനിലവാരം ഉറപ്പുവരുത്തിയ ഉപകരണങ്ങളുടെയും പട്ടിക തയ്യാറാക്കി ഇലക്ട്രോണിക് മാർക്കറ്റ് പ്ലേസായ 'ബൈ മൈ സൺ ' (www.buymysun.com) എന്ന ഇ-കോമേഴ്സ് വെബ്പോർട്ടൽ അനെർട്ട് പ്രവർത്തനസജ്ജമാക്കിയിട്ടുണ്ട്.

(2) <u>അക്ഷയ ഊർജ്ജ സേവന കേന്ദ്രങ്ങൾ</u>

പൊതുജനങ്ങൾക്കും വിവിധ സ്ഥാപനങ്ങൾക്കും അനുയോജ്യമായ അക്ഷയ ഊർജ്ജ ഉപകരണങ്ങൾ തെരഞ്ഞെടുക്കുന്നതിനും സ്ഥാപിക്കുന്നതിനും അറ്റകുറ്റപ്പണികൾ ചെയ്യുന്നതിനും ആവശ്യമായ സാങ്കേതിക സേവനം ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടുകൂടി എല്ലാ നിയോജകമണ്ഡലത്തിലും ഊർജ്ജമിത്ര കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(3) <u>സൗര വീഥി മൊബൈൽ ആപ്ലിക്കേഷൻ</u>

സൗര വീഥി മൊബൈൽ ആപ്ലിക്കേഷനിൽ രജിസ്റ്റർ ചെയ്യപ്പെടുന്ന അക്ഷയ ഊർജ്ജ ഉപകരണങ്ങൾക്ക് സൗജന്യ ഇൻഷ്വറൻസ് ഏർപ്പെടുത്തി യിട്ടുണ്ട്.

(4) <u>ടെക്നീഷ്യൻമാർക്ക് ഇൻഷ്വറൻസ്</u>

ഫീൽഡ് തലത്തിൽ പ്രവർത്തിക്കുന്ന ലൈസൻസുള്ള അക്ഷയ ഊർജ്ജ രംഗത്തെ ടെക്നീഷ്യൻമാർക്ക് സൗജന്യ ഇൻഷ്വറൻസ് ഏർപ്പെടുത്തിയിട്ടുണ്ട്.

(5) ഹെൽപ്പ് ലൈൻ

അക്ഷയ ഊർജ്ജ രംഗത്ത് അനെർട്ടുമായി ബന്ധപ്പെട്ടുള്ള വിവിധ പദ്ധതികളെക്കുറിച്ച് അറിയുന്നതിനും പൊതുജനങ്ങളുടെ സംശയങ്ങളും പരാതികളും നേരിട്ട് കേൾക്കുന്നതിനും അവർക്ക് യഥാസമയം കൃത്യമായ മറുപടി നൽകുന്നതിനും അവരുടെ പരാതി പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനുമായി അനെർട്ട് കേന്ദ്ര ഓഫീസിൽ 1800 425 1803 എന്ന ടോൾ ഫ്രീ നമ്പർ സജ്ജമാക്കിയിട്ടുണ്ട്.

(6) സബ്സിഡി

ഓൺ ഗ്രിഡ് സോളാർ പ്ലാന്റിന് കേന്ദ്ര സർക്കാർ നൽകുന്ന സബ്സിഡി അനെർട്ട് വഴി ഗുണഭോക്താക്കൾക്ക് എത്തിക്കുന്നു. വ്യക്തികൾക്കും ട്രസ്റ്റ് അല്ലെങ്കിൽ ചാരിറ്റബിൾ സൊസൈറ്റി ആക്ട് അനുസരിച്ച് രജിസ്റ്റർ ചെയ്ത സ്ഥാപനങ്ങളിൽ സ്ഥാപിക്കുന്ന ഗ്രിഡ് ബന്ധിത സോളാർ പവർ പ്ലാന്റുകൾക്ക് കേന്ദ്ര സർക്കാർ സബ്സിഡി ലഭ്യമാണ്. കേന്ദ്ര സർക്കാരിന്റെ ഈ ധനസഹായം അനെർട്ട് വഴിയാണ് ലഭ്യമാക്കുന്നത്.

(7) ഊർജ്ജ കേരള മിഷൻ- 'സൗര'

ഊർജ്ജ കേരള മിഷനുകീഴിലുള്ള 'സൗര' പദ്ധതി പ്രകാരം വരുന്ന 3 വർഷത്തിനുള്ളിൽ 1000 മെഗാവാട്ട് വൈദ്യുതി സൗരോർജ്ജത്തിൽനിന്ന് ഉൽപ്പാദിപ്പിക്കാൻ ലക്ഷ്യമിടുന്നു. ഇതിൽ 500 മെഗാവാട്ട് കെട്ടിടങ്ങളുടെ മേൽക്കൂരകളിൽ സൗരോർജ്ജ പാനലുകൾ സ്ഥാപിക്കുന്നതിൽനിന്നും ഉൽപ്പാദിപ്പിക്കുകയാണ് ലക്ഷ്യം. പാഴ് നിലങ്ങളിലും ജലോപരിതലത്തിലും സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിച്ച് 500 മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കുവാനും കെ.എസ്.ഇ.ബി.എൽ.-ഉം അനെർട്ടും സംയുക്തമായി നടപ്പിലാക്കുന്ന 'സൗര' പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു.

(8) അക്ഷയ ഊർജ്ജ അവാർഡ്

അക്ഷയ ഊർജ്ജ രംഗത്ത് സംസ്ഥാനത്ത് വിവിധ മേഖലകളിൽ മികച്ച സംഭാവന നൽകിയ വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും 2018 വർഷം മുതൽ അവാർഡ് നൽകി. വ്യവസായ യൂണിറ്റുകൾ, വാണിജ്യ സ്ഥാപനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, സന്നദ്ധ സംഘടനകൾ, വ്യക്തികൾ എന്നീ വിഭാഗങ്ങളിലുള്ളവർക്കാണ് അവാർഡ് നൽകിയത്. ഈ വർഷവും ഇത്തരത്തിലുള്ള അവാർഡ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ഉണ്ട്. പത്ര മാധ്യമങ്ങളുമായി ചേർന്ന് വർഷന്തോറും ജില്ലാ തലത്തിൽ വിദഗ്ധരെ പങ്കെടുപ്പിച്ചുകൊണ്ട് പുതിയ ആശയങ്ങൾ സ്വാംശീകരിക്കുന്നുണ്ട്. കഴിഞ്ഞ വർഷം ഇത്തരത്തിലുള്ള 14 ആശയ രൂപീകരണ പരിപാടി നടത്തി. വിവിധ പ്രൊഫഷണലുകളെ ഉൾപ്പെടുത്തി സംസ്ഥാനാടിസ്ഥാനത്തിൽ പുതിയ ആശയങ്ങളും പ്രവർത്തനരീതികളും നടത്തുന്നുണ്ട്. അനെർട്ടിന്റെ കേന്ദ്ര ഓഫീസിൽ ഒരുക്കിയിട്ടുള്ള ഹെൽപ്പ് ലൈൻ സംവിധാനം ഉപയോഗപ്പെടുത്തി ക്കൊണ്ട് ആശയങ്ങൾ അറിയിക്കുന്നതിനും അവ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് കൈമാറുന്നതിനും സാധിക്കും.

(ഡി) അനെർട്ട് കെൽട്രോണുമായി സഹകരിച്ച് ഓൺലൈൻ മാർക്കറ്റ് പ്ലേസ് ആരംഭിച്ചിട്ടുണ്ട്.

ഗുണഭോക്താക്കൾക്ക് വീട്ടിലിരുന്നുകൊണ്ടുതന്നെ അവർക്ക് ആവശ്യമായ അക്ഷയ ഊർജ്ജ ഉപകരണങ്ങൾ വാങ്ങാൻ സാധിക്കും.

അംഗീകൃത സേവനദാതാക്കളുടെയും ഗുണനിലവാരം ഉറപ്പുവരുത്തിയ ഉപകരണങ്ങളുടെയും പട്ടിക തയ്യാറാക്കി ഇലക്ട്രോണിക് മാർക്കറ്റ് പ്ലേസായ 'ബൈ മൈ സൺ' (www.buymysun.com) എന്ന ഇ-കോമേഴ്സ് വെബ്പോർട്ടൽ അനെർട്ട് പ്രവർത്തനസജ്ജമാക്കിയിട്ടുണ്ട്.

പേമെന്റ് ഇ-ബാങ്കിംഗ് സംവിധാനം മുഖേന ചെയ്യുന്നതിനും സൗകര്യം ഒരുക്കിയിട്ടുണ്ട്.

പോർട്ടൽ വഴി പദ്ധതിയിൽ രജിസ്റ്റർ ചെയ്യുന്നതിന് സൗകര്യമുണ്ട്.

ഗുണഭോക്താക്കൾക്ക് സബ്സിഡി ഇതുവഴി ലഭ്യമാണ്.

എം.എൻ.ആർ.ഇ. നിശ്ചയിക്കുന്ന ബെഞ്ച്മാർക്ക് വിലയോ, മത്സരാധിഷ്ഠിത പ്രക്രിയ വഴി ലഭിക്കുന്ന വിലയോ ഇതിൽ ഏതാണോ കുറവ് അതിന്റെ 30% ആണ് സബ്സിഡിയായി നൽകുന്നത്. നിലവിൽ സബ്സിഡി വ്യക്തികൾക്കും ട്രസ്റ്റ് അല്ലെങ്കിൽ ചാരിറ്റബിൾ സൊസൈറ്റി ആക്ട് അനുസരിച്ച് രജിസ്റ്റർ ചെയ്ത സ്ഥാപനങ്ങൾക്കുമായി പരിമിതപ്പെടുത്തിയിട്ടുണ്ട്.

**പാരമ്പര്യേതര ഊർജ്ജം**

228 (2445) <u>ശ്രീ. പി. ടി. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളിൽ നിന്നും നിശ്ചിത ശതമാനം വൈദ്യുതി വാങ്ങി കെ.എസ്.ഇ.ബി.എൽ വിതരണം ചെയ്യണമെന്ന് കേന്ദ്ര,

സംസ്ഥാന റെഗുലേറ്ററി കമ്മീഷനുകൾ നിഷ്കർഷിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; ഇതിൽ നിശ്ചിത ശതമാനം സൗരോർജ്ജ പദ്ധതിയിൽ നിന്നുമായിരിക്കണമെന്ന് വ്യവസ്ഥയുണ്ടോ; വിശദാംശം നൽകുമോ;

(ബി) കേന്ദ്ര, സംസ്ഥാന റെഗുലേറ്ററി കമ്മീഷനുകൾ നിഷ്കർഷിച്ചിട്ടുള്ള ശതമാനം പാരമ്പര്യേതര സ്രോതസ്സുകളിൽ നിന്നുള്ള വൈദ്യുതി വിതരണം ചെയ്തില്ലെങ്കിൽ ബോർഡിൽനിന്നും പിഴ ഈടാക്കുന്നതിനുള്ള വ്യവസ്ഥയുണ്ടോ; വിശദാംശം നൽകുമോ; ഇത്തരം വ്യവസ്ഥയുണ്ടെങ്കിൽ കെ.എസ്.ഇ.ബി.-ക്ക് പിഴ ഒടുക്കേണ്ടി വന്നിട്ടുണ്ടോ എന്ന് വിശദമാക്കുമോ;

(സി) കെ.എസ്.ഇ.ബി.എൽ 2018 ജൂണിൽ പ്രഖ്യാപിച്ച സൗരപദ്ധതി നടപ്പിൽ വരുത്തിയോ എന്ന് വിശദമാക്കാമോ;

(ഡി) പ്രസ്തുത പദ്ധതിവഴി വൈദ്യുതി ഉൽപ്പാദിപ്പിച്ചു തുടങ്ങിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; ഉൽപ്പാദനം തുടങ്ങിയില്ലെങ്കിൽ എന്ന് മുതൽ ഉൽപ്പാദനം ആരംഭിക്കാൻ കഴിയുമെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഇലക്ട്രിസിറ്റി ആക്ടിലെ സെക്ഷൻ 86 (1)(e) പ്രകാരം പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളെ പ്രോത്സാഹിപ്പിക്കുന്നതിനും അത്തരം സ്രോതസ്സുകളിൽ നിന്ന് നിശ്ചിത ശതമാനത്തിൽ വൈദ്യുതി വാങ്ങാൻ ലൈസൻസികളെ നിർദ്ദേശിക്കാനുമുള്ള അധികാരം സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷനിൽ നിക്ഷിപ്തമാണ്.

ഈ അധികാരമുപയോഗിച്ച് സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ 2010-11 മുതൽ പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളിൽനിന്ന് വാങ്ങേണ്ട വൈദ്യുതിയുടെ അളവ് നിശ്ചിത ശതമാന നിരക്കിൽ നിഷ്കർഷിച്ചുപോരുന്നു. 2013-14 മുതൽ സൗരോർജ്ജ പദ്ധതിയിൽനിന്നും വാങ്ങേണ്ട നിശ്ചിത ശതമാനവും കമ്മീഷൻ നിഷ്കർഷിച്ചുപോരുന്നു. ഇങ്ങനെ നിശ്ചയിച്ച ശതമാന നിരക്ക് താഴെ പറയുന്നവയാണ്.

| FY | Non-Solar | Solar |
|---|---|---|
| 2010-11 | 2.75% | 0% |
| 2011-12 | 3.03% | 0% |
| 2012-13 | 3.30% | 0% |
| 2013-14 | 3.58% | 0.25% |

| | | |
|---|---|---|
| 2014-15 | 3.85% | 0.28% |
| 2015-16 | 4.05% | 0.45% |
| 2016-17 | 4.50% | 0.50% |
| 2017-18 | 6% | 1.5% |
| 2018-19 | 7% | 2.75% |

(ബി) ഉണ്ട്. സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ പുറപ്പെടുവിച്ച കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ (റിന്യൂവബിൾ എനർജി) റെഗുലേഷൻസ്, 2015 പ്രകാരം കമ്മീഷൻ നിഷ്കർഷിച്ച ശതമാനത്തിന് പാരമ്പര്യേതര വൈദ്യുതി വാങ്ങാനോ ഉൽപ്പാദിപ്പിക്കാനോ കഴിഞ്ഞില്ലെങ്കിൽ ആ കുറവ് നികത്താൻ 'റിന്യൂവബിൾ എനർജി സർട്ടിഫിക്കറ്റ്' വാങ്ങേണ്ടതാണെന്നും അല്ലാത്തപക്ഷം പിഴ ഈടാക്കുന്നതിനുള്ള വ്യവസ്ഥയും ടി റെഗുലേഷനിലുണ്ട്. ഇങ്ങനെ അടയ്ക്കുന്ന പിഴ, വൈദ്യുതി എക്സ്ചേഞ്ചിലെ 'റിന്യൂവബിൾ എനർജി സർട്ടിഫിക്കറ്റ്'-ന്റെ 'forbearance price' നിരക്കിലാണ് നിശ്ചയിച്ചിരിക്കുന്നത്. 2010-2011 മുതൽ 2013-14 വരെയുള്ള കാലയളവിലെ ടി വൈദ്യുതിയുടെ കുറവ് പരിഹരിക്കുന്നതിന് വൈദ്യുതി ബോർഡിനോട് 15 കോടിയുടെ 'റിന്യൂവബിൾ എനർജി സർട്ടിഫിക്കറ്റ് (REC)' വാങ്ങുന്നതിന് റെഗുലേറ്ററി കമ്മീഷൻ നിർദ്ദേശം നൽകുകയുണ്ടായി. ബോർഡ്, നിർദ്ദേശം അനുസരിച്ച് 'റിന്യൂവബിൾ എനർജി സർട്ടിഫിക്കറ്റ്' വാങ്ങുകയും ചെയ്തു.

(സി) 'സൗര' പദ്ധതി പ്രകാരം 500 മെഗാവാട്ട് ഉപഭോക്താക്കളുടെ പുരപ്പുറ സോളാർ പദ്ധതികളിലൂടെ താഴെപ്പറയുന്ന രീതിയിൽ നടപ്പിലാക്കുന്നു.

| | |
|---|---|
| ഗാർഹിക/കാർഷിക ഉപഭോക്താക്കളുടെ പുരപ്പുറങ്ങളിൽ | 150 മെഗാവാട്ട് |
| സർക്കാർ കെട്ടിടങ്ങളുടെ പുരപ്പുറങ്ങളിൽ | 100 മെഗാവാട്ട് |
| വാണിജ്യം-വ്യവസായം തുടങ്ങിയ മറ്റു സ്ഥാപനങ്ങളിൽ | 250 മെഗാവാട്ട് |

സൗര പദ്ധതിയിൽ തൽപ്പരരായി ആകെ 2.78 ലക്ഷം ഉപഭോക്താക്കൾ രജിസ്റ്റർ ചെയ്തു. പദ്ധതിയിൽ രജിസ്റ്റർചെയ്ത ഉപഭോക്താക്കളുടെ സ്ഥലം സന്ദർശിച്ച് സൗരോർജ്ജനിലയം സ്ഥാപിക്കാനുള്ള സാധ്യതാ പഠനം നടന്നുവരുന്നു. ഇതിനോടകം 2.59 ലക്ഷം ഉപഭോക്താക്കളുടെ സാധ്യതാപഠനം പൂർത്തിയായി.

(ഡി) പദ്ധതിവഴി വൈദ്യുതി ഉൽപ്പാദനം ആരംഭിച്ചിട്ടില്ല. സൗര പദ്ധതിയിൽ തൽപ്പരരായി ആകെ 2.78 ലക്ഷം ഉപഭോക്താക്കൾ രജിസ്റ്റർ ചെയ്തു. പദ്ധതിയിൽ രജിസ്റ്റർ ചെയ്ത ഉപഭോക്താക്കളുടെ സ്ഥലം സന്ദർശിച്ച് സൗരോർജ്ജ നിലയം സ്ഥാപിക്കാനുള്ള സാധ്യതാപഠനം നടന്നുവരുന്നു. ഇതിനോടകം 2.59 ലക്ഷം ഉപഭോക്താക്കളുടെ സാധ്യതാ പഠനം പൂർത്തിയായി. ഈ വർഷം അവസാനത്തോടുകൂടി സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിച്ചുതുടങ്ങാനാവുമെന്നാണ് പ്രതീക്ഷിക്കുന്നത്. അടുത്ത വർഷം ആദ്യംമുതൽ വൈദ്യുതി ഉൽപ്പാദനം ആരംഭിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

## വൈദ്യുതി മോഷണ കേസുകൾ

229 (2446) ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റതിനുശേഷം നാളിതുവരെ എത്ര വൻകിട, ചെറുകിട വൈദ്യുതി മോഷണ കേസുകൾ കണ്ടെത്തിയിട്ടുണ്ട്; വെളിപ്പെടുത്തുമോ;

(ബി) ഇതുമായി ബന്ധപ്പെട്ട് ഫൈൻ ഇനത്തിൽ നാളിതുവരെ എത്ര തുക ഈടാക്കി; വ്യക്തമാക്കുമോ;

(സി) നിലവിൽ എത്ര വൈദ്യുതി മോഷണകേസുകൾ സംസ്ഥാനത്തെ വിവിധ കോടതികളിൽ നിലനിൽക്കുന്നുണ്ട്;

(ഡി) ഇത്തരത്തിലുള്ള വൈദ്യുതി മോഷണം തടയാനും ബോർഡിന്റെ നഷ്ടം കുറയ്ക്കാനും സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 678 വൈദ്യുതി മോഷണ കേസുകളാണ് കണ്ടെത്തിയിട്ടുള്ളത്.

(ബി) ഇതുമായി ബന്ധപ്പെട്ട് പിഴയിനത്തിൽ നാളിതുവരെയായി 6,30,58,649 രൂപ ഈടാക്കിയിട്ടുണ്ട്.

(സി) സംസ്ഥാനത്തെ വിവിധ കോടതികളിൽ വൈദ്യുതി മോഷണവുമായി ബന്ധപ്പെട്ട് ' 4 ' വ്യവഹാരങ്ങൾ നിലനിൽക്കുന്നു.

(ഡി) സംസ്ഥാനത്തെ വൈദ്യുതി മോഷണം തടയുന്നതിന് വൈദ്യുതി ബോർഡ് ലിമിറ്റഡിൽ ആവശ്യം വേണ്ട സജ്ജീകരണങ്ങളോടുകൂടി ചീഫ് വിജിലൻസ് ഓഫീസറുടെ നേതൃത്വത്തിൽ 14 ആന്റി പവർ തെഫ്റ്റ് സ്ക്വാഡുകൾ എല്ലാ ജില്ലകളിലുമായി രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു. ഇതിനുപുറമേ സെക്ഷൻ തലത്തിലും ഡിവിഷൻ തലത്തിലും പ്രത്യേക സ്ക്വാഡുകൾ രൂപീകരിച്ച് നിരന്തരം

പരിശോധനകൾ നടത്തിവരുന്നു. സെക്ഷൻ ഓഫീസുകളിൽ വൈദ്യുതി മോഷണം ഉൾപ്പെടെയുള്ള ക്രമക്കേടുകൾ അറിയിക്കുന്നതിനായി ബന്ധപ്പെട്ട ടെലിഫോൺ നമ്പറുകൾ പ്രദർശിപ്പിച്ചിട്ടുണ്ട്. കൂടാതെ മാധ്യമങ്ങൾ, website എന്നിവ മുഖേനയും വൈദ്യുതി മോഷണം സംബന്ധിച്ച് പൊതുജനങ്ങൾക്ക് വിവരങ്ങൾ വിളിച്ച് അറിയിക്കുന്നതിനുള്ള ബന്ധപ്പെട്ട നമ്പറുകൾ പ്രസിദ്ധപ്പെടുത്തി പ്രചാരണം നൽകുന്നുണ്ട്.

ഇതുകൂടാതെ വൈദ്യുതി മോഷണം തടയുന്നതിനായി ഉപഭോക്താവ് മീറ്ററിൽ കൃത്രിമം നടത്തിയാൽ ആയത് സൂചിപ്പിക്കാൻ കഴിയുന്ന മീറ്ററുകൾ സ്ഥാപിക്കുകയും മീറ്ററിന്റെ കവർ ഇളക്കിമാറ്റി വൈദ്യുതി മോഷണം തടയുന്നതിനായി സീലുകൾ ഉപയോഗിക്കുകയും ചെയ്തുവരുന്നു.

എ.പി.റ്റി. സ്ക്വാഡുകൾക്ക് വൈദ്യുതി മോഷണം കണ്ടുപിടിക്കുന്നതിന് സഹായകമായി ആധുനിക സംവിധാനങ്ങളുള്ള സ്റ്റാൻഡേർഡ് റഫറൻസ് മീറ്റർ, കോമൺ മീറ്റർ റീഡിംഗ് ഉപകരണം, ലാപ് ടോപ്പ് തുടങ്ങിയ ഉപകരണങ്ങളും നൽകിയിട്ടുണ്ട്. കൂടാതെ പവർ എഞ്ചിനീയറിംഗ് ട്രെയിനിംഗ് സെന്റർ, ഇടുക്കി മൂലമറ്റത്ത് എ.പി.റ്റി.എസ്. സ്റ്റാഫിന് കൂടുതൽ കാര്യക്ഷമതയോടെ പ്രവർത്തിക്കുന്നതിനും വേണ്ടവിധത്തിലുള്ള പരിശീലനം നൽകിവരുന്നു. വിശദമായ നിലയിൽ ഉപഭോക്താക്കളെ ബോധവൽക്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും സെക്ഷൻ ഓഫീസിലെ ഫീൽഡ് ഓഫീസേഴ്സിനെയും സബ്എഞ്ചിനീയർ, മീറ്റർ റീഡേഴ്സ്, ലൈൻമാൻ, വർക്കർ തുടങ്ങി എല്ലാ ജീവനക്കാരെയും ഇതേപ്പറ്റി ബോധവൽക്കരിക്കുകയും അടിക്കടിയുള്ള പരിശോധനകൾ നടത്താൻ അതാത് എ.പി.റ്റി.എസ്. യൂണിറ്റുകൾക്ക് കർശന നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്.

### മട്ടാഞ്ചേരി ഇലക്ട്രിക് ഡിവിഷനിൽപ്പെട്ട സെക്ഷൻ ഓഫീസുകൾ

230 (2447) <u>ശ്രീ. ജോൺ ഫെർണാണ്ടസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മട്ടാഞ്ചേരി ഇലക്ട്രിക് ഡിവിഷനിൽപ്പെട്ട സെക്ഷൻ ഓഫീസുകൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) ഓരോ സെക്ഷൻ ഓഫീസിന്റെയും പരിധിയിൽപ്പെട്ട പ്രദേശങ്ങൾ, ഉപഭോക്താക്കളുടെ എണ്ണം, 11 കെ.വി. ലൈനുകൾ, എൽ.ടി. ലൈനുകൾ, ട്രാൻസ്ഫോർമറുകൾ എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ നൽകുമോ;

(സി) ഓരോ സെക്ഷൻ ഓഫീസിന്റെയും സ്റ്റാഫ് പാറ്റേണും നിലവിലുള്ള ജീവനക്കാരുടെ എണ്ണവും വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) മട്ടാഞ്ചേരി ഇലക്ട്രിക്കൽ ഡിവിഷനു കീഴിലുള്ള സെക്ഷൻ ഓഫീസുകൾ ചുവടെ ചേർക്കുന്നു.

1. ഇലക്ട്രിക്കൽ സെക്ഷൻ, ഫോർട്ട് കൊച്ചി.
2. ഇലക്ട്രിക്കൽ സെക്ഷൻ, കണ്ണമ്മാലി.
3. ഇലക്ട്രിക്കൽ സെക്ഷൻ, കുമ്പളങ്ങി.
4. ഇലക്ട്രിക്കൽ സെക്ഷൻ, മട്ടാഞ്ചേരി.
5. ഇലക്ട്രിക്കൽ സെക്ഷൻ, ഞാറക്കൽ.
6. ഇലക്ട്രിക്കൽ സെക്ഷൻ, പള്ളുരുത്തി.
7. ഇലക്ട്രിക്കൽ സെക്ഷൻ, തോപ്പുംപടി
8. ഇലക്ട്രിക്കൽ സെക്ഷൻ, വൈപ്പിൻ.

(ബി) മട്ടാഞ്ചേരി ഇലക്ട്രിക്കൽ ഡിവിഷനിൽപ്പെട്ട സെക്ഷൻ ഓഫീസുകളും അവയുടെ ഉപഭോക്താക്കളുടെ എണ്ണം, 11 കെ.വി. ലൈനുകൾ, എൽ.ടി. ലൈനുകൾ, ട്രാൻസ്ഫോർമറുകൾ എന്നിവ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു:

| നമ്പർ | സെക്ഷന്റെ പേര് | പ്രദേശങ്ങൾ | ഉപഭോക്താക്കളുടെ എണ്ണം | 11 കെ.വി ലൈനുകൾ (കി.മീ.) | എൽ.ടി ലൈനുകൾ (കി.മീ) | ട്രാൻസ്ഫോർമറുകളുടെ എണ്ണം |
|---|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) | (7) |
| 1 | തോപ്പുംപടി, | തോപ്പുംപടി, നസ്രത്ത്, കൊച്ചങ്ങാടി, പള്ളുരുത്തി, വെളി | 23,363 | 52.34 | 117.76 | 133 |
| 2 | ഫോർട്ട് കൊച്ചി | ഫോർട്ട് കൊച്ചി, ബീച്ച് റോഡ്, മുണ്ടംവേലി | 19,415 | 49.67 | 102.01 | 94 |
| 3 | മട്ടാഞ്ചേരി | കോമ്പാറമുക്ക് ചക്കാമാടം, ചെറളായി | 12,604 | 16.66 | 30.4 | 50 |

| (1) | (2) | (3) | (4) | (5) | (6) | (7) |
|---|---|---|---|---|---|---|
| 4 | പള്ളുരുത്തി | പള്ളുരുത്തി, ഇടക്കൊച്ചി, പെരുമ്പടപ്പ് | 29,155 | 61.77 | 197.28 | 97 |
| 5 | കുമ്പളങ്ങി | കുമ്പളങ്ങി | 9.637 | 24.59 | 134 | 37 |
| 6 | കണ്ണമ്മാലി | കണ്ണമാലി, ചെല്ലാനം | 10,684 | 37.86 | 144 | 63 |
| 7 | വൈപ്പിൻ | വൈപ്പിൻ, ചെല്ലാനം, എളംകുന്നപ്പുഴ മുളവുകാട്, പനമ്പുകാട് | 24,703 | 76.22 | 391.72 | 112 |
| 8 | ഞാറയ്ക്കൽ | ഞാറയ്ക്കൽ, നായരമ്പലം, എടവനക്കാട് | 24.259 | 72.67 | 550 | 133 |

(സി) മോഡൽ സെക്ഷനുകളുടെ രൂപീകരണത്തിനുശേഷം ഇലക്ട്രിക്കൽ സെക്ഷനുകളിലെ ടെക്നിക്കൽ വിംഗിൽ ഒരു അസിസ്റ്റന്റ് എഞ്ചിനീയറും 3 സബ് എഞ്ചിനീയറും 6 ഓവർസീയറും 12 ലൈൻമാന്മാരും 6 ഇലക്ട്രിസിറ്റി വർക്കർമാരുമായി സ്റ്റാഫ് പാറ്റേൺ നിശ്ചയിച്ചിരിക്കുന്നു.

മിനിസ്റ്റീരിയൽ വിഭാഗത്തിൽ ഒരു സീനിയർ സൂപ്രണ്ട് ഓരോ സെക്ഷനിലുമുണ്ട്. ഓരോ സെക്ഷനിലേയും ഉപഭോക്താക്കളുടെ എണ്ണത്തിനനുസരിച്ച് സീനിയർ അസിസ്റ്റന്റ്, കാഷ്യർ, മീറ്റർ റീഡർ തുടങ്ങിയ വിഭാഗത്തിന്റെ സ്റ്റാഫ് പാറ്റേൺ നിശ്ചയിക്കുന്നു.

മട്ടാഞ്ചേരി ഡിവിഷനുകീഴിലുള്ള സെക്ഷൻ ഓഫീസുകളിലെ ജീവനക്കാരുടെ എണ്ണം 11-6-2019-ലെ ഹ്യൂമൺ റിസോഴ്സ് ഇൻഫർമേഷൻ സിസ്റ്റത്തിലെ സ്ഥിതിവിവരക്കണക്കനുസരിച്ച് തസ്തിക തിരിച്ച് ചുവടെ ചേർക്കുന്നു. (2019-ലെ പൊതു സ്ഥലംമാറ്റം നടന്നുവരുന്നതിനാൽ ചില തസ്തികകളിൽ വ്യത്യാസം വരുവാൻ സാധ്യതയുണ്ട്).

1. ഇലക്ട്രിക്കൽ സെക്ഷൻ, ഫോർട്ട് കൊച്ചി

| തസ്തിക | ജീവനക്കാരുടെ എണ്ണം |
|---|---|
| അസിസ്റ്റന്റ് എഞ്ചിനീയർ | 1 |
| സീനിയർ സൂപ്രണ്ട് | 1 |
| സബ് എഞ്ചിനീയർ | 3 |
| സീനിയർ അസിസ്റ്റന്റ് | 2 |
| ഓവർസീയർ | 5 |
| കാഷ്യർ | 1 |
| ലൈൻമാൻ | 12 |
| ഇലക്ട്രിസിറ്റി വർക്കർ | 6 |
| ആകെ | 31 |

2. ഇലക്ട്രിക്കൽ സെക്ഷൻ, കണ്ണമ്മാലി

| തസ്തിക | ജീവനക്കാരുടെ എണ്ണം |
|---|---|
| അസിസ്റ്റന്റ് എഞ്ചിനീയർ | 1 |
| സീനിയർ സൂപ്രണ്ട് | 1 |
| സബ് എഞ്ചിനീയർ | 3 |
| സീനിയർ അസിസ്റ്റന്റ് | 1 |
| ഓവർസീയർ | 6 |
| കാഷ്യർ | 1 |
| ലൈൻമാൻ | 12 |
| ഇലക്ട്രിസിറ്റി വർക്കർ | 5 |
| ആകെ | 30 |

3. ഇലക്ട്രിക്കൽ സെക്ഷൻ, കുമ്പളങ്ങി

| തസ്തിക | ജീവനക്കാരുടെ എണ്ണം |
|---|---|
| അസിസ്റ്റന്റ് എഞ്ചിനീയർ | 1 |
| സീനിയർ സൂപ്രണ്ട് | 1 |
| സബ് എഞ്ചിനീയർ | 3 |
| സീനിയർ അസിസ്റ്റന്റ് | 1 |
| ഓവർസീയർ | 4 |
| കാഷ്യർ | 1 |
| ലൈൻമാൻ | 12 |
| ഇലക്ട്രിസിറ്റി വർക്കർ | 6 |
| ആകെ | 29 |

4. ഇലക്ട്രിക്കൽ സെക്ഷൻ, മട്ടാഞ്ചേരി

| തസ്തിക | ജീവനക്കാരുടെ എണ്ണം |
|---|---|
| അസിസ്റ്റന്റ് എഞ്ചിനീയർ | 1 |
| സീനിയർ സൂപ്രണ്ട് | 1 |
| സബ് എഞ്ചിനീയർ | 3 |
| സീനിയർ അസിസ്റ്റന്റ് | 1 |
| ഓവർസീയർ | 6 |
| കാഷ്യർ | 1 |
| ലൈൻമാൻ | 9 |
| ഇലക്ട്രിസിറ്റി വർക്കർ | 5 |
| പി.ടി.സി. | 1 |
| ആകെ | 28 |

5. ഇലക്ട്രിക്കൽ സെക്ഷൻ, ഞാറക്കൽ

| തസ്തിക | ജീവനക്കാരുടെ എണ്ണം |
|---|---|
| അസിസ്റ്റന്റ് എഞ്ചിനീയർ | 1 |
| സീനിയർ സൂപ്രണ്ട് | 1 |
| സബ് എഞ്ചിനീയർ | 3 |
| സീനിയർ അസിസ്റ്റന്റ് | 2 |
| ഓവർസീയർ | 5 |
| കാഷ്യർ | 1 |
| ലൈൻമാൻ | 11 |
| ഇലക്ട്രിസിറ്റി വർക്കർ | 7 |
| പി.ടി.സി. | 1 |
| ആകെ | 32 |

6. ഇലക്ട്രിക്കൽ സെക്ഷൻ, പള്ളുരുത്തി

| തസ്തിക | ജീവനക്കാരുടെ എണ്ണം |
|---|---|
| അസിസ്റ്റന്റ് എഞ്ചിനീയർ | 1 |
| സീനിയർ സൂപ്രണ്ട് | 1 |
| സബ് എഞ്ചിനീയർ | 3 |
| സീനിയർ അസിസ്റ്റന്റ് | 3 |
| ഓവർസീയർ | 6 |
| കാഷ്യർ | 1 |
| മീറ്റർ റീഡർ | 1 |
| ലൈൻമാൻ | 12 |
| ഇലക്ട്രിസിറ്റി വർക്കർ | 5 |
| പി.ടി.സി. | 1 |
| ആകെ | 34 |

7. ഇലക്ട്രിക്കൽ സെക്ഷൻ, തോപ്പുംപടി

| തസ്തിക | ജീവനക്കാരുടെ എണ്ണം |
|---|---|
| അസിസ്റ്റന്റ് എഞ്ചിനീയർ | 1 |
| സീനിയർ സൂപ്രണ്ട് | 1 |
| സബ് എഞ്ചിനീയർ | 3 |
| സീനിയർ അസിസ്റ്റന്റ് | 1 |
| ഓവർസീയർ | 6 |
| കാഷ്യർ | 1 |
| ലൈൻമാൻ | 13 |
| ഇലക്ട്രിസിറ്റി വർക്കർ | 6 |
| ഓഫീസ് അസിസ്റ്റന്റ് | 1 |
| ആകെ | 33 |

8. ഇലക്ട്രിക്കൽ സെക്ഷൻ, വൈപ്പിൻ

| തസ്തിക | ജീവനക്കാരുടെ എണ്ണം |
|---|---|
| അസിസ്റ്റന്റ് എഞ്ചിനീയർ | 1 |
| സീനിയർ സൂപ്രണ്ട് | 1 |
| സബ് എഞ്ചിനീയർ | 3 |
| സീനിയർ അസിസ്റ്റന്റ് | 2 |
| ഓവർസീയർ | 6 |
| കാഷ്യർ | 1 |
| മീറ്റർ റീഡർ | 1 |
| ലൈൻമാൻ | 13 |
| ഇലക്ട്രിസിറ്റി വർക്കർ | 5 |
| ആകെ | 33 |

## KSEB സെക്ഷൻ ആഫീസുകൾ തുടങ്ങാനും നിലവിലുള്ളവ ശാക്തീകരിക്കാനും നടപടി

231 (2448) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉപഭോക്താക്കളുടെ എണ്ണം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ KSEB കൂടുതൽ സെക്ഷൻ ആഫീസുകൾ തുടങ്ങാനും നിലവിലുള്ളവ ശാക്തീകരിക്കാനും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ?

ഉത്തരം

(എ&ബി) പുതുതായി ഓഫീസുകൾ ആരംഭിക്കുന്നതിന് അധികമായി മാനവശേഷി ആവശ്യമായി വരുമെന്നതിനാലും പുതുതായി തസ്തികകൾ രൂപീകരിക്കുന്നതിന് തടസ്സങ്ങളുള്ളതിനാലും സെക്ഷൻ ഓഫീസുകൾ വിഭജിച്ച് പുതിയ ഓഫീസുകൾ ആരംഭിക്കുന്നത് പ്രായോഗികമല്ല.

എന്നാൽ ഉപഭോക്താക്കളുടെ എണ്ണം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ഉപഭോക്താക്കളുടെ എണ്ണം, വൈദ്യുതി ലൈനുകളുടെ നീളം, ട്രാൻസ്ഫോർമറുകളുടെ എണ്ണം, പ്രവർത്തന മേഖലയുടെ വിസ്തീർണ്ണം എന്നിവ പരിശോധിച്ച് ഏകദേശം തുല്യത വരുത്തി സെക്ഷൻ ഓഫീസുകളെ പുനർനിർണ്ണയിക്കുന്നതിനും സെക്ഷൻ ഓഫീസുകളെ ശാക്തീകരിക്കുന്നതിനുമായി പ്രവൃത്തികൾ നടന്നുവരികയും ചെയ്യുന്നു. കൂടാതെ ആധുനിക സാങ്കേതികവിദ്യകൂടി ഉപയോഗപ്പെടുത്തി വൈദ്യുത സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിനും സമയബന്ധിതമായി ലഭ്യമാക്കുന്നതിനും വേണ്ടി ബോർഡ് നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

## നെന്മാറ മണ്ഡലത്തിലെ വോൾട്ടേജ് ക്ഷാമം

232 (2449) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ നിയോജകമണ്ഡലത്തിലെ അയിലൂർ പഞ്ചായത്തിൽ വോൾട്ടേജ് ക്ഷാമം അനുഭവപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനായി അയിലൂർ പഞ്ചായത്തിൽ പുതിയ സബ് സ്റ്റേഷൻ അനുവദിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ;

(സി) നിലവിൽ ഇതുസംബന്ധിച്ച് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി &സി) നെന്മാറ സബ്സ്റ്റേഷനിലേയ്ക്കുള്ള 66 കെ.വി. സപ്ലൈ വെണ്ണക്കര 110 കെ.വി. സബ്സ്റ്റേഷനിൽനിന്നുള്ളതാണ്. ട്രാൻസ്ഗ്രിഡുമായി ബന്ധപ്പെട്ട വർക്കുകൾ ഉണ്ടാകുന്ന അവസരങ്ങളിൽ ഒറ്റപ്പാലം, പഴയന്നൂർ, വടക്കാഞ്ചേരി എന്നീ 110 സബ്സ്റ്റേഷനിലേയ്ക്കും വെണ്ണക്കര 110 കെ.വി.-യിൽ നിന്നുതന്നെ സപ്ലൈ എത്തിക്കേണ്ട സാഹചര്യമായതിനാലാണ് അയിലൂർ ഫീഡറിൽ വോൾട്ടേജ് കുറവ് ഉണ്ടാകുന്നത്.

എന്നാൽ മേലാർകോട് പഞ്ചായത്തിൽ ഇപ്പോൾ നിലവിലുള്ള നെന്മാറ 66 കെ.വി. സബ്സ്റ്റേഷൻ 110 കെ.വി.-യായി ഉയർത്തുന്നതോടുകൂടി അനുബന്ധ പഞ്ചായത്തായ അയിലൂർ പഞ്ചായത്തിനുകൂടി ഇതിന്റെ പ്രയോജനം ലഭിക്കുന്നതാണ്. നെന്മാറ 66 കെ.വി. സബ്സ്റ്റേഷൻ 110 കെ.വി. -ആക്കി ഉയർത്തുന്ന പ്രവൃത്തി നടപ്പുസാമ്പത്തിക വർഷംതന്നെ പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

**വാഴൂർ-110 കെ.വി. സബ് സ്റ്റേഷൻ**

233 (2450) <u>ഡോ. എൻ. ജയരാജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാഴൂരിൽ കെ.എസ്.ഇ.ബി.-യുടെ 110 കെ.വി.സബ് സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ; ഇതിനായി തുക അനുവദിച്ചിട്ടുണ്ടോ; ഇതുമായി ബന്ധപ്പെട്ട ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ; എത്ര തുകയാണ് പ്രസ്തുത പദ്ധതിക്കായി ചെലവ് കണക്കാക്കിയിട്ടുള്ളത്;

(ബി) ഇതിനാവശ്യമായ സ്ഥലം കണ്ടെത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ സ്ഥലമേറ്റെടുക്കൽ നടപടി പൂർത്തിയാക്കി സബ് സ്റ്റേഷൻ സ്ഥാപിക്കുന്നതിനുവേണ്ട നടപടികൾ ത്വരിതപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) കോട്ടയം ജില്ലയിൽപ്പെട്ട വാഴൂരിൽ 110 കെ.വി. സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിനായി 6-3-2019-ൽ കെ.എസ്.ഇ.ബി.എൽ. ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതിക്ക് 1,175 ലക്ഷം രൂപയാണ് ചെലവ് കണക്കാക്കിയിരിക്കുന്നത്. സബ്സ്റ്റേഷൻ നിർമ്മാണത്തിന്റെ പ്രാരംഭ

നടപടികൾക്കായി ഒരു കോടി രൂപ ഈ സാമ്പത്തിക വർഷത്തെ കെ.എസ്.ഇ.ബി.എൽ.-ന്റെ ട്രാൻസ്മിഷൻ വിഭാഗത്തിന്റെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. നിർമ്മാണം പുരോഗമിക്കുന്ന മുറയ്ക്ക് വിവിധ ഘട്ടങ്ങൾക്കായി കൂടുതൽ തുക ആവശ്യമാണെന്നുകണ്ടാൽ പ്രസ്തുത ബഡ്ജറ്റിൽ മാറ്റി വകയിരുത്താവുന്നതാണ്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

(ബി) സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിന് അനുയോജ്യമായ സ്ഥലം, കാഞ്ഞിരപ്പള്ളി താലൂക്കിൽ വാഴൂർ വില്ലേജിലെ ബി.എൽ നമ്പർ 24, 352/1-2, 352/3, 352/2, 352/1, 351/3, 352/1-1, എന്നീ സർവ്വേ നമ്പരുകളിലായി കണ്ടെത്തിയിട്ടുണ്ട്. സ്ഥലമേറ്റെടുക്കുന്ന നടപടികൾ ത്വരിതപ്പെടുത്തി സബ്സ്റ്റേഷൻ നിർമ്മാണം പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## കേളകത്ത് 66 കെ.വി. സബ്സ്റ്റേഷൻ

234 (2451) ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേളകത്ത് അനുവദിച്ചിട്ടുള്ള 66 കെ.വി. സബ് സ്റ്റേഷന്റെ നിർമ്മാണ പ്രവർത്തനത്തിന്റെ പുരോഗതി വിശദമാക്കാമോ;

(ബി) സബ് സ്റ്റേഷൻ പ്രവൃത്തി പൂർത്തീകരിച്ച് എപ്പോൾ പ്രവർത്തനക്ഷമമാക്കാൻ സാധിക്കുമെന്ന് അറിയിക്കാമോ?

### ഉത്തരം

(എ) കേളകത്ത് അനുവദിച്ചിട്ടുള്ളത് 33 കെ.വി. സബ്സ്റ്റേഷനാണ്. പ്രസ്തുത 33 കെ.വി. സബ്സ്റ്റേഷനിലേയ്ക്ക് 110 കെ.വി. സബ്സ്റ്റേഷൻ നെടുംപൊയിൽനിന്നും 10 കിലോമീറ്റർ ഭൂഗർഭ കേബിൾ വലിക്കുന്ന പ്രവൃത്തിയും നിർദ്ദിഷ്ട 33 കെ.വി. കേളകം സബ്സ്റ്റേഷന്റെ നിർമ്മാണ പ്രവൃത്തിയും പൂർത്തിയായിട്ടുണ്ട്. പ്രസ്തുത സബ്സ്റ്റേഷനിലേയ്ക്ക് വൈദ്യുതി എത്തിക്കാനായി നെടുംപൊയിൽ സബ്സ്റ്റേഷനിലുള്ള പ്രവൃത്തികൾ അവസാനഘട്ടത്തിലാണ്.

(ബി) ടെസ്റ്റിംഗ്, കമ്മീഷനിംഗ് ജോലികൾ പൂർത്തിയാക്കി ജൂൺ മാസം അവസാനത്തോടെ 33 കെ.വി. കേളകം സബ്സ്റ്റേഷൻ പ്രവർത്തനക്ഷമമാക്കാൻ സാധിക്കുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കെ.എസ്.ഇ.ബി.എൽ. അസിസ്റ്റന്റ് എഞ്ചിനീയർ തസ്തിക

235 (2452) ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.എൽ.-ൽ അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) തസ്തികയിൽ നിലവിൽ എത്ര ഒഴിവുകളുണ്ട്; പ്രസ്തുത ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; അറിയിക്കുമോ;

(ബി) പ്രസ്തുത ഒഴിവുകളിൽ നിയമനം നടത്താത്തത് എന്തുകൊണ്ടാണ്; വ്യക്തമാക്കുമോ;

(സി) കേന്ദ്ര വൈദ്യുത അതോറിറ്റിയുടെ 2010-ലെ സുരക്ഷാ മാനദണ്ഡങ്ങളുടെ ഭാഗമായി അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) മാരുടെ 20 ശതമാനം ഐ.റ്റി.ഐ. ക്വാട്ടയുടെ കാര്യത്തിൽ എന്തെങ്കിലും തീരുമാനം എടുക്കേണ്ടതുണ്ടോ; വെളിപ്പെടുത്തുമോ;

(ഡി) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ അടിയന്തര തീരുമാനം എടുത്ത് പി.എസ്.സി. റാങ്ക് ലിസ്റ്റിൽനിന്നും നിയമനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ&ബി) കെ.എസ്.ഇ.ബി. ലിമിറ്റഡിൽ അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) തസ്തികയിൽ നിലവിൽ 189 വേക്കൻസികളാണുള്ളത്. ഇതിൽ 185 എണ്ണം സ്ഥാനക്കയറ്റംവഴി നികത്തേണ്ടതാണ്. ബാക്കി 4 ഒഴിവുകൾ 40% ക്വാട്ടയിൽ ഉള്ളതും പി.എസ്.സി. വഴി നിയമനം നടത്തേണ്ടതുമാണ്. ഈ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എന്നാൽ ഇത് അംഗപരിമിതർക്കായി സംവരണം ചെയ്യപ്പെട്ട ഒഴിവുകളായതിനാൽ നിലവിലെ ലിസ്റ്റിൽ അനുയോജ്യമായ ഉദ്യോഗാർത്ഥികൾ ഇല്ലാത്തതിനാൽ അടുത്ത ലിസ്റ്റിൽനിന്ന് മാത്രമേ നിയമന ശിപാർശ നൽകുകയുള്ളൂവെന്ന് കെ.പി.എസ്.സി. സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

(സി&ഡി) ഇല്ല. 13-2-2019-ലെ ഗവൺമെന്റ് ഉത്തരവ് പ്രകാരം കേന്ദ്ര ഇലക്ട്രിസിറ്റി അതോറിറ്റിയുടെ റെഗുലേഷൻ 2010-ലെ 6&7 ചട്ടങ്ങളിലെ നിബന്ധനകൾ പ്രാവർത്തികമാക്കുന്നതിൽ കെ.എസ്.ഇ.ബി.എൽ.-ലെ നിലവിലെ ജീവനക്കാർക്ക് ഇളവ് നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതിനാൽ നിലവിൽ ഐ.റ്റി.ഐ. ക്വാട്ടയുടെ കാര്യവുമായി ബന്ധപ്പെട്ട് തീരുമാനമൊന്നും എടുക്കേണ്ടതില്ല. എന്നാൽ ടി വിഷയത്തിലെ അനന്തര നടപടി ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ പരിഗണനയിലുള്ള WP(C) 6410/2019 എന്ന കേസിന്റെ അന്തിമ വിധിക്ക് വിധേയമായിരിക്കും.

## കെ.എസ്.ഇ.ബി.എൽ. അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) തസ്തിക

236 (2453) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.എൽ.-ലെ അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) മാരുടെ പി.എസ്.സി. ക്വാട്ടയിൽ എത്ര ഒഴിവുകൾ ആണ് നിലവിൽ ഉള്ളത് എന്ന് വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ നൽകുമോ;

(സി) കെ.എസ്.ഇ.ബി.എൽ. നിലവിൽ ശൂന്യവേതന അവധിയിൽ ഉള്ള എത്ര അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ)-മാർ ആണ് ഉള്ളത് എന്ന് 40 % പി.എസ്.സി. ക്വാട്ട, 10 % ഇൻ സർവ്വീസ് ക്വാട്ട, 30% ഡിപ്ലോമ ക്വാട്ട, 20 % ഐ.റ്റി.ഐ. ക്വാട്ട അനുസരിച്ച് തരംതിരിച്ച് വിവരം നൽകുമോ;

(ഡി) കെ.എസ്.ഇ.ബി.എൽ.-ലെ അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) മാരുടെ സാങ്ഷൻഡ് സ്ട്രെങ്ത്തിൽ സ്പോർട്ട്സ് ക്വാട്ട, ആശ്രിത നിയമനം എന്നിവയ്ക്കായി മറ്റു ക്വാട്ട ഇനത്തിൽ മാറ്റി വച്ചിരിക്കുന്ന 45 തസ്തികകളിൽ നിലവിൽ എത്ര ഒഴിവുകൾ ആണ് ഉള്ളത് എന്ന് വെളിപ്പെടുത്തുമോ;

(ഇ) പ്രസ്തുത ഒഴിവുകളും 40 % പി.എസ്.സി. ക്വാട്ടയിൽ ശൂന്യവേതന അവധിയിൽ ഉള്ള അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ)-മാരുടെ ഒഴിവുകളും ഇപ്പോൾ നിലവിൽ ഉള്ള അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ)-മാരുടെ 40 % പി.എസ്.സി. ഓപ്പൺ ക്വാട്ട റാങ്ക് ലിസ്റ്റിൽ നിന്നും നികത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; അതിന്റെ വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) കെ.എസ്.ഇ.ബി.എൽ.-ലെ അസിസ്റ്റന്റ് എഞ്ചിനീയർ-(ഇലക്ട്രിക്കൽ)-മാരുടെ പി.എസ്.സി. ക്വാട്ടയിൽ 4 ഒഴിവുകളാണ് നിലവിലുള്ളത്.

(ബി) പ്രസ്തുത ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എന്നാൽ ഇത് അംഗപരിമിതർക്കായി സംവരണം ചെയ്യപ്പെട്ടതിനാൽ നിലവിൽ പി.എസ്.സി. പ്രസിദ്ധീകരിച്ചിരിക്കുന്ന ലിസ്റ്റിൽ അനുയോജ്യമായ ഉദ്യോഗാർത്ഥികൾ ഇല്ലാത്തതിനാൽ അടുത്ത ലിസ്റ്റിൽനിന്നും മാത്രമേ നിയമനം നടത്താൻ കഴിയുകയുള്ളൂ.

(സി) കെ.എസ്.ഇ.ബി. ലിമിറ്റഡിൽ നിലവിൽ ശൂന്യവേതന അവധിയിലുള്ള 36 അസിസ്റ്റന്റ് എഞ്ചിനീയർ-(ഇലക്ട്രിക്കൽ)മാരാണുള്ളത്. ഇതിൽ ക്വാട്ട അനുസരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| 40 % | - 28 |
| 30 % | - 6 |
| 10 % | - 2 |
| ആകെ | - 36 |

(ഡി) ഒഴിവുകൾ ഇല്ല.

(ഇ) 40% ക്വാട്ടയിൽ ശൂന്യവേതന അവധിയിലുള്ള ഒരെണ്ണം ഒഴികെയുള്ള എല്ലാ ഒഴിവുകളും കെ.പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഒരു ഒഴിവ് 15-3-2019-ലാണ് ഉണ്ടായത്. ഇത് ആറുമാസം കഴിയുന്ന മുറയ്ക്ക് പി.എസ്.സി. -ക്ക് റിപ്പോർട്ട് ചെയ്യുന്നതാണ്.

## കെ.എസ്.ഇ.ബി.എൽ.-ലെ തസ്തികകൾ

237 (2454) ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.എൽ.-ൽ ഇലക്ട്രിസിറ്റി വർക്കർ, മീറ്റർ റീഡർ, ലൈൻമാൻ, ഓഫീസ് അറ്റൻഡന്റ്, ജൂനിയർ അസിസ്റ്റൻറ്, കാഷ്യർ, സിവിൽ/ ഇലക്ട്രിക്കൽ സബ് എഞ്ചിനീയർ, അസിസ്റ്റന്റ് എഞ്ചിനീയർ, ഫെയർകോപ്പി അസിസ്റ്റന്റ്, സീനിയർ അസിസ്റ്റന്റ് എന്നീ തസ്തികകളുടെ സാങ്ഷൻഡ് സ്ട്രെങ്ത് ഐ.ഐ.എം.സമർപ്പിച്ച റിപ്പോർട്ടിന് മുമ്പ് എത്രയാണെന്ന വിവരം തസ്തിക തിരിച്ച് വ്യക്തമാക്കാമോ;

(ബി) മേൽപ്പറഞ്ഞ തസ്തികകളിൽ ട്രെയിനിയായോ പ്രൊവിഷണലായോ, കോൺട്രാക്ടിലോ ജോലി നോക്കുന്ന ജീവനക്കാരുടെ എണ്ണം തസ്തിക തിരിച്ച് വ്യക്തമാക്കുമോ;

(സി) മേൽപറഞ്ഞിരിക്കുന്ന തസ്തികകളിൽ ജോലി നോക്കുന്ന സ്ഥിരം ജീവനക്കാരുടെ എണ്ണം തസ്തിക തിരിച്ച് വ്യക്തമാക്കുമോ;

(ഡി) ഐ.ഐ.എം. റിപ്പോർട്ട് കെ.എസ്.ഇ.ബി.-യിൽ നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ?

## ഉത്തരം

(എ) കെ.എസ്.ഇ.ബി. ലിമിറ്റഡിൽ (ഇലക്ട്രിസിറ്റി) വർക്കർ, മീറ്റർ റീഡർ, ലൈൻമാൻ, ഓഫീസ് അറ്റൻഡന്റ്, ജൂനിയർ അസിസ്റ്റന്റ്/കാഷ്യർ, സിവിൽ/ഇലക്ട്രിക്കൽ സബ് എഞ്ചിനീയർ, അസിസ്റ്റന്റ് എഞ്ചിനീയർ, ഫെയർ കോപ്പി അസിസ്റ്റന്റ്, സീനിയർ അസിസ്റ്റന്റ് എന്നീ തസ്തികകളുടെ സാംഗ്ഷൻഡ് സ്ട്രെംങ്ത് ഐ.ഐ.എം. സമർപ്പിച്ച റിപ്പോർട്ടിനുമുൻപ് എത്രയാണെന്നുള്ള വിവരം തസ്തികതിരിച്ച് ചുവടെ ചേർക്കുന്നു:

| | |
|---|---|
| 1. ഇലക്ട്രിസിറ്റി വർക്കർ | 5617 |
| 2. മീറ്റർ റീഡർ | 1721 |
| 3. ലൈൻമാൻ | 9970 |
| 4. ഓഫീസ് അറ്റൻഡന്റ് | 402 |
| 5. ജൂനിയർ അസിസ്റ്റന്റ്/കാഷ്യർ | 1441 |
| 6. സബ്എഞ്ചിനീയർ (ഇലക്ട്രിക്കൽ) | 3576 |
| 7. സബ്എഞ്ചിനീയർ (സിവിൽ) | 471 |
| 8. അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) | 2340 |
| 9. അസിസ്റ്റന്റ് എഞ്ചിനീയർ (സിവിൽ) | 330 |
| 10. ഫെയർ കോപ്പി അസിസ്റ്റന്റ് | 274 |
| 11. സീനിയർ അസിസ്റ്റന്റ് | 2876 |

(ബി) കാഷ്യർ തസ്തികയിൽ ക്യാഷ്യർ ട്രെയിനിയായി താഴെപ്പറയുന്ന തസ്തികകളിലുള്ള ജീവനക്കാർ ജോലി ചെയ്തുവരുന്നു.

| | |
|---|---|
| ഇലക്ട്രിസിറ്റി വർക്കർ | 75 |
| ലൈൻമാൻ | 241 |
| ഓഫീസ് അറ്റൻഡന്റ് | 123 |

മേൽപ്പറഞ്ഞ തസ്തികകളിലേയ്ക്ക് കോൺട്രാക്ട് അടിസ്ഥാനത്തിൽ ജോലി നോക്കുന്നതിന് ബോർഡ് ആരെയും നിയമിച്ചിട്ടില്ല.

(സി) മേൽപ്പറഞ്ഞ തസ്തികകളിൽ ജോലി നോക്കുന്ന സ്ഥിരം ജീവനക്കാരുടെ എണ്ണം 10-6-2019-ലെ ഹ്യൂമൺ റിസോഴ്സ് ഇൻഫർമേഷൻ സിസ്റ്റത്തിലെ സ്ഥിതിവിവരക്കണക്കനുസരിച്ച് തസ്തിക തിരിച്ച് ചുവടെ ചേർക്കുന്നു:

| | |
|---|---|
| 1. ഇലക്ട്രിസിറ്റി വർക്കർ /മസ്ദൂർ | 5149 |
| 2. മീറ്റർ റീഡർ | 410 |
| 3. ലൈൻമാൻ | 9327 |
| 4. ഓഫീസ് അറ്റൻഡന്റ് | 505 |
| 5. ജൂനിയർ അസിസ്റ്റന്റ്/കാഷ്യർ | 643 |
| 6. സബ്എഞ്ചിനീയർ (ഇലക്ട്രിക്കൽ) | 3274 |
| 7. സബ്എഞ്ചിനീയർ (സിവിൽ) | 433 |
| 8. അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) | 1986 |
| 9. അസിസ്റ്റന്റ് എഞ്ചിനീയർ (സിവിൽ) | 194 |
| 10. ഫെയർ കോപ്പി അസിസ്റ്റന്റ് | 207 |
| 11. സീനിയർ അസിസ്റ്റന്റ്/സൂപ്രണ്ട് | 2635 |

(ഡി) ഐ.ഐ.എം. റിപ്പോർട്ടിലെ ശിപാർശകൾ ഇതുവരെ കെ.എസ്.ഇ.ബി.എൽ.-ൽ നടപ്പിലാക്കിയിട്ടില്ല. എന്നാൽ പ്രസ്തുത റിപ്പോർട്ട്, ബോർഡ് നിയോഗിച്ച ഉന്നതതല കമ്മിറ്റി വിശദമായി പഠിച്ച്, നടപ്പിലാക്കേണ്ട വിഷയങ്ങൾ തീരുമാനിക്കുകയും പ്രസ്തുത വിഷയങ്ങളിൽ കൃത്യമായ ശിപാർശകൾ സമർപ്പിക്കുന്നതിനായി ഒരു സബ് കമ്മിറ്റിയെ ചുമതലപ്പെടുത്തുകയും ഉണ്ടായി. സബ് കമ്മിറ്റി സമർപ്പിച്ച കരട് റിപ്പോർട്ട് വിശദമായി പരിശോധിച്ച്, ആവശ്യമായ മാറ്റങ്ങൾ വരുത്തി 30-6-2019-നുമുമ്പായി അന്തിമ റിപ്പോർട്ട് സമർപ്പിക്കുന്നതിനായി കോർപ്പറേറ്റ് ഓഫീസ്, ഉൽപ്പാദനം, പ്രസരണം, വിതരണം എന്നീ മേഖലകൾക്കായി നാല് വിദഗ്ദ്ധ സമിതികളെ നിയോഗിച്ചിട്ടുണ്ട്. വിദഗ്ദ്ധ സമിതിയുടെ അന്തിമ റിപ്പോർട്ട് ലഭിച്ചതിനുശേഷം ജീവനക്കാരുടെ സംഘടനകളുമായി ബോർഡുതലത്തിൽ ചർച്ചചെയ്ത് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## വൈദ്യുതി ബോർഡിലെ തസ്തിക കുറയ്ക്കൽ

238 (2455) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ബോർഡിലെ തസ്തികകൾ വെട്ടിക്കുറച്ച് ഭാവിയിൽ ജീവനക്കാരുടെ എണ്ണം കുറയ്ക്കാൻ ബോർഡ് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ജീവനക്കാരുടെ തസ്തിക കുറയ്ക്കുന്നത് സംബന്ധിച്ച് ഐ.ഐ.എം. കോഴിക്കോട് നൽകിയ ശിപാർശകൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ;

(സി) ട്രാൻസ്മിഷൻ ആന്റ് സിസ്റ്റം ഓപ്പറേറ്റിംഗ്, ജനറേഷൻ, കോർപ്പറേറ്റ് ഓഫീസ് എന്നിവിടങ്ങളിൽ ഓരോ വിഭാഗത്തിലും എത്ര തസ്തികകൾ കുറയ്ക്കുവാൻ കഴിയുമെന്ന് പഠിക്കുന്നതിനായി പ്രത്യേക സമിതി രൂപീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ഡി) കെ.എസ്.ഇ.ബി.എൽ.-ൽ നിലവിൽ ജീവനക്കാർ വിരമിക്കുന്ന ഒഴിവുകളിൽ പി.എസ്.സി. നിയമനം നടത്തുന്നുണ്ടോ; എങ്കിൽ 2017 ലും 2018 ലും ഇപ്രകാരം എത്ര പേർക്ക് നിയമനം നൽകിയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) കേരള സംസ്ഥാന ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ, 2008-09-ൽ നിലവിലുണ്ടായിരുന്ന 27175 ജീവനക്കാരുടെ ശമ്പള ആനുകൂല്യങ്ങൾ മാത്രമേ ARR & ERC-ൽ തുടർന്നുള്ള വർഷങ്ങളിൽ അനുവദിച്ചിരുന്നുള്ളൂ. അതുപോലെ 17-4-2017-ലെ താരിഫ് പരിഷ്കരണ ഉത്തരവിൽ, കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ നിലനിൽപ്പിനും സാമ്പത്തിക ഭദ്രതയ്ക്കും ആവശ്യമായ രീതിയിൽ മാനവ വിഭവശേഷി കാര്യക്ഷമമായി വിനിയോഗിച്ച് ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനാവശ്യമായ നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ കോഴിക്കോട് ഐ.ഐ.എം.-ന്റെ ശിപാർശകൾ സമയബന്ധിതമായി നടപ്പിലാക്കാനും നിർദ്ദേശിച്ചിരുന്നു.

(ബി) വൈദ്യുതി ബോർഡിലെ ജീവനക്കാരുടെ ഫലപ്രദമായ വിനിയോഗവും പുനഃക്രമീകരണവും സംബന്ധിച്ചാണ് മുഖ്യമായും കോഴിക്കോട് ഐ.ഐ.എം സമർപ്പിച്ച പഠന റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്നതെങ്കിലും ജീവനക്കാരുടെ എണ്ണം കുറയ്ക്കുന്നത് സംബന്ധിച്ച് ചില നിർദ്ദേശങ്ങളും നൽകിയിട്ടുണ്ട്.

നൂതന സോഫ്റ്റ്വെയറുകളുടെ സഹായത്തോടെ എച്ച്.ആർ.എം. ചീഫ് എഞ്ചിനീയറുടെ ഓഫീസ് കമ്പ്യൂട്ടർവൽക്കരിക്കാനും അതുപോലെ മുഖ്യമായും എച്ച്.ആർ. സംബന്ധമായ ജോലികൾ കൈകാര്യം ചെയ്യുന്ന എച്ച്.ആർ.എം. ചീഫ് എഞ്ചിനീയറുടെയും ചീഫ് പേഴ്സണൽ ഓഫീസറുടെയും ഭരണ വിഭാഗം സെക്രട്ടറിയുടെയും ഓഫീസുകൾ ആവശ്യമുള്ള ജീവനക്കാരെ മാത്രം ഉൾപ്പെടുത്തി, ഒറ്റ ഓഫീസായി പുനഃസംഘടിപ്പിക്കാനും റിപ്പോർട്ടിൽ നിർദ്ദേശിച്ചിട്ടുണ്ട്.

ചീഫ് എഞ്ചിനീയർ (എസ്.സി.എം.)-യുടെ ഓഫീസിൽനിന്നും അസിസ്റ്റന്റ് ഫിനാൻസ് ഓഫീസറെ ഫിനാൻസ് ഡയറക്ടറുടെ കീഴിൽ കൊണ്ടുവരുന്ന തോടൊപ്പം അസിസ്റ്റന്റ് ഫിനാൻസ് ഓഫീസറുടെ ഓഫീസിലെ ജീവനക്കാരുടെ എണ്ണം പരിമിതപ്പെടുത്താനും നിർദ്ദേശമുണ്ട്. അതുപോലെ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ (എസ്.സി.എം.), അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (കമ്പ്യൂട്ടർ ആന്റ് പർച്ചേഴ്സ്) എന്നീ തസ്തികകൾ നിർത്തലാക്കാനും റിപ്പോർട്ടിൽ ശിപാർശ ചെയ്തിട്ടുണ്ട്.

ജീവനക്കാരുടെ തസ്തിക കുറയ്ക്കുന്നത് സംബന്ധിച്ച് താഴെപ്പറയുന്ന നിർദ്ദേശങ്ങളാണ് പ്രധാനമായും ഐ.ഐ.എം. കോഴിക്കോട് നൽകിയിട്ടുള്ളത്.

- വിതരണ മേഖലയിൽ ബ്രേക്ക് ഡൗൺ, മെയിന്റനൻസ് വിഭാഗങ്ങൾ മേഖലാടിസ്ഥാനത്തിൽ കോൺട്രാക്ട് നൽകുകവഴി ലൈൻ സ്റ്റാഫിന്റെ എണ്ണം കുറച്ചുകൊണ്ടുവരിക.
- മീറ്റർ റീഡർമാരുടെ നിയമനം നിർത്തലാക്കുക. ഈ തസ്തികയിൽ നിലവിലെ 876 ഒഴിവുകൾ നികത്തരുത്. അതുപോലെ ഡ്രൈവർ, സ്വീപ്പർ എന്നീ തസ്തികകളിലേയ്ക്ക് കോൺട്രാക്ട് അടിസ്ഥാനത്തിൽ നിയമനം നടത്താനും ഐ.ഐ.എം. റിപ്പോർട്ടിൽ നിർദ്ദേശിച്ചിട്ടുണ്ട്.
- ട്രെയിനിംഗ് സെന്ററിലെ അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികകൾ രണ്ടിൽനിന്നും ഒന്നാക്കി ചുരുക്കുക.
- ബില്ലിംഗ് പേഴ്സണൽ ഡിജിറ്റൽ അസിസ്റ്റന്റ് (പി.ഡി.എ.) സംവിധാനം ഉപയോഗിക്കുന്നതിലൂടെയും വിവരസാങ്കേതികവിദ്യ ഉപയോഗിക്കുന്നതിലൂടെയും നിലവിലുള്ള 2550 സീനിയർ അസിസ്റ്റന്റു മാരുടെ എണ്ണം 1/3 ആയി ചുരുക്കാൻ കഴിയും. പി.ഡി.എ. സംവിധാനം സാർവ്വത്രികമാക്കുക തൊഴിൽപ്പരമായി യോഗ്യരായ സീനിയർ അസിസ്റ്റന്റുമാരെ മാനവ വിഭവശേഷി വിഭാഗത്തിലേയ്ക്ക് പുനർ വിന്യസിക്കുക, ഇവരെ സെക്ഷൻ ഓഫീസുകളിൽ സാങ്കേതിക ഇതര ജോലിയിലും ഹൈഡൽ ടൂറിസം മേഖലയിലും പുനർവിന്യസിക്കുക.
- കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്, ഫെയർ കോപ്പി അസിസ്റ്റന്റ്, ഓഫീസ് അസിസ്റ്റന്റ് എന്നിവരുടെ ജോലികൾ സംയോജിപ്പിക്കുക, ആശ്രിത നിയമനംവഴി ഓഫീസ് അസിസ്റ്റന്റ്, ഫെയർ കോപ്പി അസിസ്റ്റന്റ്, കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികകളിൽ നൽകുന്ന നിയമനങ്ങൾ ഉടൻ നിർത്തലാക്കുക.

- കായികരംഗത്ത് സജീവകാലം പൂർത്തിയാക്കിക്കഴിഞ്ഞ യോഗ്യതയുള്ള ഉദ്യോഗാർത്ഥികളെ മാത്രം സ്പോർട്സ് ക്വാട്ടയിൽ നിയമിക്കുന്ന കാര്യം പരിഗണിക്കുക.
- ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസുകളിൽ കൺസ്യൂമേഴ്സിന് അനുസൃതമായി ജീവനക്കാരുടെ എണ്ണം നിജപ്പെടുത്തുക.

(സി) ഐ.ഐ.എം. റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ ബോർഡ് നിയോഗിച്ച ഉന്നതതല കമ്മിറ്റി വിശദമായി പരിശോധിക്കുകയും നടപ്പിലാക്കേണ്ട വിഷയങ്ങൾ തീരുമാനിക്കുകയും പ്രസ്തുത വിഷയങ്ങളിൽ കൃത്യമായ ശിപാർശകൾ സമർപ്പിക്കുന്നതിനായി ഒരു സബ് കമ്മിറ്റിയെ ചുമതലപ്പെടുത്തുകയുമുണ്ടായി. സബ് കമ്മിറ്റി സമർപ്പിച്ച കരട് റിപ്പോർട്ട് വിശദമായി പരിശോധിച്ച് ആവശ്യമായ മാറ്റങ്ങൾ വരുത്തി അന്തിമ റിപ്പോർട്ട് സമർപ്പിക്കുന്നതിനായി കോർപ്പറേറ്റ് ഓഫീസ് ഉൽപ്പാദനം, പ്രസരണം, വിതരണം എന്നീ മേഖലകൾക്കായി നാല് വിദഗ്ദ്ധ സമിതികളെ 2019-20 പ്രകാരം 27-4-2019-ലെ ഓഫീസ് ഓർഡർ നം. (CMD 759/2019/CE (C&P)/MPC നിയോഗിച്ചിട്ടുണ്ട്. അതിൽ കോർപ്പറേറ്റ് ഓഫീസ്, ചീഫ് ഇന്റേണൽ ഓഡിറ്ററുടെയും ഉൽപ്പാദനം ഡ്രിപ്പ് ആന്റ് ഡാം സേഫ്റ്റി ചീഫ് എഞ്ചിനീയറുടെയും പ്രസരണം ഷൊർണ്ണൂർ ട്രാൻസ്ഗ്രിഡ് ചീഫ് എഞ്ചിനീയറുടെയും വിതരണം കോഴിക്കോട് ഡിസ്ട്രിബ്യൂഷൻ നോർത്ത് ചീഫ് എഞ്ചിനീയറുടെയും നേതൃത്വത്തിൽ എട്ടുമുതൽ പതിനൊന്നുവരെ അതാത് മേഖലയിലെ വിദഗ്ദ്ധരെ ഉൾപ്പെടുത്തിക്കൊണ്ടാണ് മേൽപ്പറഞ്ഞ സമിതി രൂപീകരിച്ചിരിക്കുന്നത്. വിദഗ്ദ്ധ സമിതിയുടെ അന്തിമ റിപ്പോർട്ട് ലഭിച്ചതിനു ശേഷം ജീവനക്കാരുടെ സംഘടനകളുമായി ബോർഡുതലത്തിൽ ചർച്ചചെയ്ത് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

(ഡി) ഉണ്ട്.

കെ.എസ്.ഇ.ബി. ലിമിറ്റഡിലെ വിവിധ തസ്തികകളിൽ പി.എസ്.സി. വഴി 2017-2018 വർഷങ്ങളിൽ നടത്തിയ നിയമന വിവരം ചുവടെ ചേർക്കുന്നു.

| തസ്തിക | 2017 | 2018 |
|---|---|---|
| അസിസ്റ്റന്റ് എഞ്ചിനീയർ | 163 | 48 |
| സബ് എഞ്ചിനീയർ | 35 | 145 |
| ജൂനിയർ അസിസ്റ്റന്റ്/ കാഷ്യർ | 27 | 44 |
| ഇലക്ട്രിസിറ്റി വർക്കർ | 17 | -- |

## കുറ്ററ പമ്പ് ഹൗസിലെ വോൾട്ടേജ് പ്രശ്നം

239 (2456) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മതിയായ വോൾട്ടേജ് ലഭിക്കാത്തത് കാരണം വാമനപുരം നിയോജകമണ്ഡലത്തിലെ കുറ്ററയിലുള്ള കേരളാ വാട്ടർ അതോറിറ്റിയുടെ പമ്പ് ഹൗസിൽ നിന്നും വെള്ളം പമ്പ് ചെയ്യുന്നതിന് കഴിയുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ പ്രശ്നം പരിഹരിക്കുന്നതിന് കെ.എസ്.ഇ.ബി.എൽ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ;

(സി) പ്രശ്നപരിഹാരത്തിനുള്ള മാർഗ്ഗം വിശദീകരിക്കുമോ?

ഉത്തരം

(എ-സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വാമനപുരം സെക്ഷനിൽ ഇപ്പോൾ ഉപയോഗിച്ചുകൊണ്ടിരിക്കുന്ന രണ്ട് 11 കെ.വി. ഫീഡറുകൾ കിളിമാനൂർ, അവനവഞ്ചേരി സെക്ഷനുകളിൽക്കൂടിയാണ് കടന്നുവരുന്നത്. ഏതെങ്കിലും ഒരു ഫീഡർ തകരാറിലായാൽ ലോഡ് അഡ്ജസ്റ്റ് ചെയ്യുന്ന സമയത്താണ് വോൾട്ടേജ് കുറവിന്റെ പ്രശ്നം ഉണ്ടാകുന്നത്. ഈ വോൾട്ടേജ് പ്രശ്നം പരിഹരിക്കുന്നതിനായി വാമനപുരം സെക്ഷന് മാത്രമായി ഒരു 11 കെ.വി. ഫീഡർ വെഞ്ഞാറമൂട് സബ്സ്റ്റേഷനിൽനിന്നും സ്ഥാപിക്കുന്നത് പരിഗണനയിലുണ്ട്.

## ഡാമുകളുടെ സുരക്ഷ

240 (2457) ശ്രീ. രാജു എബ്രഹാം:
ശ്രീ. ആന്റണി ജോൺ:
ശ്രീ. ജോൺ ഫെർണാണ്ടസ്:
ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡാമുകളുടെ സുരക്ഷിതത്വവും ഘടനാപരമായ കാര്യങ്ങളും സംബന്ധിച്ച് ഈ സർക്കാർ എന്തെല്ലാം പഠനങ്ങളും ഗവേഷണങ്ങളുമാണ് നടത്തിയിട്ടുള്ളത്;

(ബി) നിലവിലുള്ള ഡാമുകളുടെ സുരക്ഷിതത്വവും സ്ഥായിയായ പ്രകടനവും മെച്ചപ്പെടുത്തുന്നതിനായി കേന്ദ്രസർക്കാർ മുഖേന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(സി) എങ്കിൽ ഏതെല്ലാം ഡാമുകളെയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്നും എത്ര പ്രോജക്ടുകളാണ് ഇതിനായി തയ്യാറാക്കിയിരിക്കുന്നതെന്നും വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഡാം റീഹാബിലിറ്റേഷൻ ആൻഡ് ഇപ്രൂവ്മെന്റ് പ്രോജക്ട് അഥവാ ഡ്രിപ്പ് എന്ന ലോകബാങ്ക് സഹായത്തിൽ കേന്ദ്ര സർക്കാരിന്റെ മേൽനോട്ടത്തിൽ നടന്നുവരുന്ന പദ്ധതിയിൽ 12 ജലവൈദ്യുത പദ്ധതികളിൽ ഉൾപ്പെട്ട കെ.എസ്.ഇ.ബി.എൽ.-ന്റെ 37 ഡാമുകൾ ഉൾപ്പെട്ടിട്ടുണ്ട്. ഈ പദ്ധതിയിൽ ഉൾപ്പെടുത്തി പ്രസ്തുത ഡാമുകളുടെ പ്രളയജല ഫ്ലഡ് റൂട്ടിംഗ് നടത്തിയ കണക്കുകളുടെ അടിസ്ഥാനത്തിൽ പുനഃപരിശോധിക്കുകയുണ്ടായി. കേന്ദ്ര ജലകമ്മീഷന്റെ അംഗീകാരമുള്ള ഡാം സുരക്ഷ പുനഃപരിശോധനാ സമിതിയുടെ വിദഗ്ദ്ധ പരിശോധനകൾക്കും പഠനങ്ങൾക്കും വിധേയമായിട്ടാണ് ബന്ധപ്പെട്ട ഡാമുകൾക്ക് ആവശ്യമായ റീഹാബിലിറ്റേഷൻ പ്രവർത്തനങ്ങളും അനുബന്ധ സൗകര്യങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങളും ഏറ്റെടുത്ത് നടത്തിപ്പോരുന്നത്. 2020 ജൂണിൽ അവസാനിക്കുന്ന ഈ പദ്ധതിയുടെ ഭാഗമായി കേന്ദ്ര ജല കമ്മീഷന്റെ സാങ്കേതിക ഉപദേശത്തോടെ ഡാം ഇൻസ്ട്രുമെന്റേഷൻ ആവശ്യമാണെന്ന് പഠിക്കുകയും അതിനനുസരിച്ച് നടപ്പാക്കുന്നതിനുള്ള ടെണ്ടർ നടപടി പുരോഗമിക്കുകയുമാണ്. സുരക്ഷയുമായി ബന്ധപ്പെട്ട് എല്ലാ പ്രധാനപ്പെട്ട ഡാമുകളിലും സി.സി.ടി.വി. സ്ഥാപിച്ച് ഡാം സുരക്ഷാ ആസ്ഥാന മന്ദിരം സ്ഥിതിചെയ്യുന്ന പള്ളത്തുള്ള കേന്ദ്ര മോണിറ്ററിംഗ് സ്റ്റേഷനുമായി ബന്ധിപ്പിക്കുന്നതിനുള്ള ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു. കൂടാതെ ഇടുക്കി, ഇടമലയാർ, പെരിങ്ങൽക്കുത്ത് തുടങ്ങിയ ഡാമുകളിൽ ചില ഭാഗങ്ങളിൽ ജിയോളജിക്കൽ സർവ്വേ ഓഫ് ഇൻഡ്യ പരിശോധനാ പഠനങ്ങൾ നടത്തിയിട്ടുണ്ട്.

ഇക്കഴിഞ്ഞ വർഷത്തെ വെള്ളപ്പൊക്കത്തിൽനിന്നുള്ള പാഠങ്ങൾ ഉൾക്കൊള്ളുന്ന രീതിയിൽ താഴെപ്പറയുന്ന പഠനങ്ങളും റിപ്പോർട്ടുകളും തയ്യാറാക്കിയിട്ടുണ്ട്.

1. കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ പ്രധാനപ്പെട്ട എല്ലാ ഡാമുകൾക്കും (24) ഡാം ബ്രേക്ക് അനാലിസിസ് പാഠങ്ങളും (DBA) തുടർന്നും എമർജൻസി ആക്ഷൻ പ്ലാനുകളും (EAP) തയ്യാറാക്കി.

2. പ്രധാനപ്പെട്ട റിസർവ്വോയറുകളായ ഇടുക്കി, കക്കി, ആനത്തോട്, ബാണാസുരസാഗർ, ഇടമലയാർ തുടങ്ങിയ വലിയ സംഭരണശേഷിയുള്ള ഡാമുകളുടെ പ്രവർത്തനം സുരക്ഷാനുസൃതമാക്കുന്നതിനുതകുന്ന Rule curve-കൾ പഠനവിധേയമായി CWC-യുടെ പരിശോധനയ്ക്ക് സമർപ്പിച്ച് അംഗീകാരം വാങ്ങി. പ്രധാനപ്പെട്ട ഡാമുകൾക്ക് അലെർട്ട് ലെവലുകൾ നിർണ്ണയിച്ചിട്ടുണ്ട്. ഇതുസംബന്ധിച്ച് ബോർഡ്തലത്തിൽ ഉത്തരവുകളുമായിട്ടുണ്ട്.

3. പെരിങ്ങൽക്കുത്ത് ഡാമിന്റെ സുരക്ഷാ പരിശോധനയ്ക്ക് CWC-യുടെ സഹകരണത്തോടെ പ്രത്യേക സാങ്കേതിക പഠന സമിതി രൂപീകരിച്ച് വിദഗ്ധ പഠനം നടത്തി ഈ സമിതിയുടെ ശിപാർശകൾ പ്രകാരമുള്ള ജോലികൾ പുരോഗമിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുകഴിഞ്ഞു.

(ബി&സി) ലോക ബാങ്ക് സഹായത്തോടുകൂടിയ ഡാം റീഹാബിലിറ്റേഷൻ ആൻഡ് ഇംപ്രൂവ്മെന്റ് പ്രോജക്ട് (ഡ്രിപ്പ്)-ൽ ഉൾപ്പെടുത്തി കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ 12 ജലവൈദ്യുത പദ്ധതികളിലെ 37 ഡാമുകളുടെ പുനരുദ്ധാരണ നവീകരണ ജോലികൾ നടത്തി അവയെ ശക്തിപ്പെടുത്തുക, സുരക്ഷാ മാനദണ്ഡങ്ങൾ നടപ്പിൽ വരുത്തുക, ഡാം സുരക്ഷാ ക്രമീകരണങ്ങളുടെ പ്രവർത്തന നിലവാരം ഉയർത്തുക, മേൽനോട്ട സംവിധാനം ശക്തിപ്പെടുത്തുക, അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുക, സാങ്കേതിക പരിശീലനം ലഭ്യമാക്കുക തുടങ്ങിയ പ്രവർത്തനങ്ങൾ ഈ പദ്ധതിയിൽ വിഭാവന ചെയ്തിരിക്കുന്നു. ഡാമുകളുടെ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു*.

## ശാന്തിവനത്തിലൂടെയുള്ള വൈദ്യുതി ലൈൻ

241 (2458) ശ്രീ. വി. ഡി. സതീശൻ:
ശ്രീ. പി. ടി. തോമസ്:
ശ്രീ. അൻവർ സാദത്ത്:
ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളത്തെ ശാന്തിവനത്തിലൂടെ കെ.എസ്.ഇ.ബി.എൽ.-ന്റെ 110 കെ.വി. ലൈൻ വലിക്കുന്നത് മൂലമുള്ള പാരിസ്ഥിതിക ആഘാതത്തെക്കുറിച്ച് അതിന് അനുമതി നൽകുന്നതിന് മുമ്പ് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ;

(ബി) ശാന്തി വനത്തിലെ ജൈവ ആവാസ വ്യവസ്ഥയുടെ കാര്യത്തിൽ കോടതിയെ തെറ്റിദ്ധരിപ്പിക്കുന്ന വിധത്തിലുള്ള റിപ്പോർട്ടാണ് കെ.എസ്.ഇ.ബി. നൽകിയത് എന്ന ആക്ഷേപം വസ്തുതാപരമാണോ;

(സി) ശാന്തിവനത്തിന്റെ അരികിലൂടെ ജൈവ സമ്പത്തിന് വലിയ കോട്ടം വരാത്ത രീതിയിൽ വൈദ്യുതിലൈൻ വലിക്കാമെന്നിരിക്കെ,വനത്തിന് നടുവിലൂടെ ലൈൻ നിർമ്മിച്ച് ജൈവ സമ്പത്തിന് വൻ നാശമുണ്ടാക്കുന്ന നടപടി കെ.എസ്.ഇ.ബി. സ്വീകരിച്ചത് എന്തുകൊണ്ടാണെന്ന് അറിയിക്കാമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) ശ്രീമതി മീനാ മേനോന്റെ വസ്തു പരിസ്ഥിതിലോല പ്രദേശത്തിനോ നോട്ടിഫൈഡ് ഫോറസ്റ്റിനോ കീഴിൽ വരാത്തതിനാൽ പ്രസ്തുത വസ്തുവിൽക്കൂടി കെ.എസ്.ഇ.ബി.എൽ.-ന്റെ 110 കെ.വി. ലൈൻ വലിക്കുന്നതുമൂലമുള്ള പാരിസ്ഥിതിക ആഘാതത്തെക്കുറിച്ച് അതിന് അനുമതി നൽകുന്നതിനുമുമ്പ് പഠനം ആവശ്യമായിട്ടുള്ളതല്ല. കൂടാതെ വനം വകുപ്പ് നടത്തിയ പഠനത്തിൽ പ്രസ്തുത പ്രദേശം സാങ്കേതികമായി വനമല്ലെന്നും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്.

(ബി) അല്ല.

(സി) ചെറായി, പള്ളിപ്പുറം, മുനമ്പം, എടവനക്കാട് എന്നീ പ്രദേശങ്ങളിലെ രൂക്ഷമായ വൈദ്യുതി പ്രതിസന്ധി പരിഹരിക്കുന്നതിനായി 20 വർഷംമുമ്പ് ഭരണാനുമതി ലഭിച്ച പദ്ധതിയാണ് 110 കെ.വി. മന്നം ചെറായി പ്രസരണ ലൈനും ചെറായി 110 കെ.വി. സബ്സ്റ്റേഷനും. 2008-ൽ ട്രാൻസ്മിഷൻ ലൈനിന്റെ റൂട്ട് സർവ്വേ പൂർത്തിയാക്കുകയും അനുമതി ലഭിക്കുകയും ചെയ്തു. തുടർന്നുണ്ടായ നിരവധി പരാതികളെ തുടർന്ന് ജോലി തുടങ്ങാൻ സാധിച്ചില്ല. 2013-ൽ ശ്രീമതി മീനാ മേനോൻ പ്രസ്തുത വസ്തുവിൽക്കൂടി ലൈൻ വലിക്കുന്നതിനെതിരായി ജില്ലാ കളക്ടർക്ക് പരാതി നൽകുകയും തുടർന്ന് രണ്ട് ഹിയറിംഗുകൾ നടക്കുകയും ചെയ്തു. ടി ഹിയറിംഗിൽ പരാതി നൽകിയ ആളുടെ അഭ്യർത്ഥന പ്രകാരം എ.ഡി.എം. നിർദ്ദേശിച്ചതനുസരിച്ച് കെ.എസ്.ഇ.ബി. എൽ. നിർദ്ദിഷ്ട ടവർ വസ്തുവിന്റെ വടക്കേ അരികിലേയ്ക്ക് മാറ്റി ഒരു അൾട്ടർനേറ്റ് പ്ലാൻ സമർപ്പിച്ചിരുന്നെങ്കിലും പരാതി നൽകിയ ആൾ അംഗീകരിക്കുകയുണ്ടായില്ല. കെ.എസ്.ഇ.ബി.എൽ.-ന്റെ റൂട്ട് അംഗീകരിച്ചു കൊണ്ട് എ.ഡി.എം. 15-4-2017-ന് നൽകിയ ഉത്തരവിൽ ഇക്കാര്യം വ്യക്തമാക്കിയിട്ടുണ്ട്. ടി ഉത്തരവിനെ ബഹുമാനപ്പെട്ട ഹൈക്കോടതിയും ശരിവയ്ക്കുകയുണ്ടായി. പ്രസ്തുത അംഗീകരിക്കപ്പെട്ട റൂട്ട് പ്രകാരമാണ് ഇപ്പോൾ ലൈൻ വലിക്കുന്നത്.

## സഹകരണ വകുപ്പിന്റെ പ്രവർത്തനങ്ങൾ

242 (2459) <u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സഹകരണ വകുപ്പിൽ നടത്തിയ പ്രധാന പ്രവർത്തനങ്ങൾ എന്തൊക്കെയാണ്;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സഹകരണ വകുപ്പിൽ വിവിധ തസ്തികകളിലായി എത്ര ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകിയിട്ടുണ്ട്; വിശദമാക്കാമോ;

(സി) സഹകരണവകുപ്പിൽ പുതിയതായി എന്തെങ്കിലും മാറ്റം കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ആധുനിക ബാങ്കിംഗ് സേവനങ്ങൾ സഹകരണ മേഖല വഴി സാധാരണക്കാരിലേയ്ക്ക് എത്തിക്കണമെന്ന സർക്കാർ ലക്ഷ്യം ഫലപ്രാപ്തിയിൽ എത്തുംവിധം സംസ്ഥാനത്തെ 14 ജില്ലാ സഹകരണ ബാങ്കുകളേയും കേരള സംസ്ഥാന സഹകരണ ബാങ്കിനേയും ലയിപ്പിച്ച് പുതിയ ബാങ്ക് രൂപീകരിക്കുന്നതോടെ കേരളത്തിലെ സഹകരണ പ്രസ്ഥാനം കൂടുതൽ മെച്ചപ്പെട്ടതും ആധുനികവുമായ സേവനങ്ങൾ ഇടപാടുകാർക്ക് നൽകാൻ സാധിക്കും. ദേശസാൽകൃത പുതുതലമുറ ബാങ്കുകളുടെ ചൂഷണത്തിൽനിന്നും മുക്തിനേടാൻ കേരള ബാങ്കിന്റെ രൂപീകരണത്തോടെ സാധ്യമാകുന്നതാണ്.

സംസ്ഥാനത്തെ സഹകരണ ബാങ്കിനെ ലീഡ് ബാങ്ക് ആക്കി 14 ജില്ലകളിൽനിന്നുമുള്ള പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളുടെ കൺസോർഷ്യം രൂപീകരിച്ച് കെ.എസ്.ആർ.ടി.സി.-യിൽനിന്നും വിരമിച്ച ജീവനക്കാർക്ക് പെൻഷൻ വിതരണം നടത്തുന്നതിന് സഹകരണ വകുപ്പിനെ ചുമതലപ്പെടുത്തി സർക്കാർ ഉത്തരവായതിന്റെ അടിസ്ഥാനത്തിൽ 2018 ഫെബ്രുവരി മാസം മുതൽ 2019 ജൂൺ മാസം വരെയുള്ള പെൻഷൻ വിതരണം സഹകരണ വകുപ്പ് മുഖേന നടത്തിയിട്ടുണ്ട്. 2018 നവംബർ മാസം വരെ പെൻഷൻ വിതരണത്തിനായി വിവിധ സഹകരണ സംഘങ്ങളിൽനിന്നും ശേഖരിച്ച തുക 10 ശതമാനം പലിശ സഹിതം തിരികെ നൽകിയിട്ടുണ്ട്.

മുടങ്ങിക്കിടന്നിരുന്ന സാമൂഹ്യ സുരക്ഷാ പെൻഷൻ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേരളത്തിലെ വിവിധ സഹകരണ സംഘങ്ങളിലൂടെ അർഹരായ പെൻഷൻകാരുടെ വീട്ടിൽ പെൻഷൻ തുക നേരിട്ട് എത്തിച്ചുകൊടുക്കുന്ന പദ്ധതിക്ക് തുടക്കം കുറിക്കുകയുണ്ടായി.

ജില്ലാ സഹകരണ ബാങ്കിൽനിന്നും വായ്പയെടുത്ത് കുടിശ്ശികയായി ട്ടുള്ളവർക്ക് പരമാവധി ആനുകൂല്യവും ഇളവും നൽകി വായ്പാ കണക്ക് അവസാനിപ്പിക്കുന്നതിനായി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി- സ്പെഷ്യൽ അദാലത്തുകൾ സംഘടിപ്പിക്കുകയുണ്ടായി.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികജാതി വിഭാഗക്കാർ സഹകരണ സംഘങ്ങളിൽ/ബാങ്കുകളിൽനിന്നും എടുത്തിരുന്നതും 31-3-2016-ൽ കാലാവധി കഴിഞ്ഞ് കുടിശ്ശികയായതുമായ 50,000 രൂപവരെയുള്ള വായ്പകൾ എഴുതിത്തള്ളുന്ന പദ്ധതിക്കായി 2,04,96,861 രൂപയും ടി വിഭാഗക്കാർ സംഘങ്ങളിൽ/ബാങ്കുകളിൽനിന്നും എടുത്തിരുന്നതും 31-3-2010-ൽ കാലാവധി കഴിഞ്ഞ് കുടിശ്ശികയായ ഒരു ലക്ഷം രൂപ വരെയുള്ള വായ്പ എഴുതിത്തള്ളുന്ന പദ്ധതിക്കുവേണ്ടി 85,55,36,743 രൂപയും നൽകിയിട്ടുണ്ട്.

കേരള സംസ്ഥാനത്തിലെ മത്സ്യത്തൊഴിലാളികൾ സഹകരണ സ്ഥാപനങ്ങളിൽനിന്നും എടുത്തിട്ടുള്ള വായ്പകൾക്ക് മത്സ്യത്തൊഴിലാളി കടാശ്വാസത്തിനായി 6,02,28,212 രൂപ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിതരണം ചെയ്തിട്ടുണ്ട്.

സംസ്ഥാനതലത്തിലെ വിവിധ സഹകരണ സംഘങ്ങൾക്ക്/ബാങ്കുകൾക്ക് അർഹതയുണ്ടെന്ന് കണ്ടെത്തിയ വായ്പകൾക്ക് കർഷക കടാശ്വാസത്തിനായി 2016-17 സാമ്പത്തിക വർഷം 18,60,49,149 രൂപയും 2017-18 സാമ്പത്തിക വർഷം 19,75,98,890 രൂപയും 2018-19 സാമ്പത്തിക വർഷം 2,86,37,258 രൂപയും വിതരണം ചെയ്തിട്ടുണ്ട്.

ബ്ലേഡ് പലിശക്കാർ എന്ന മഹാവിപത്ത് ഗ്രാമീണ മേഖലയിൽ ഉണ്ടാക്കുന്ന കഷ്ടനഷ്ടങ്ങൾക്ക് ഒരു പരിധിവരെ അറുതി വരുത്തുന്നതിനും സമൂഹത്തിന്റെ താഴെത്തട്ടിലുള്ളവർ, കൂലിവേലക്കാർ, ചെറുകിട കച്ചവടക്കാർ എന്നിവരെ ബ്ലേഡ് പലിശക്കാരിൽനിന്ന് രക്ഷിക്കുന്നതിനും സഹകരണ പ്രസ്ഥാനത്തിൽ ജനങ്ങളോടുള്ള പ്രതിബദ്ധത ഉയർത്തിപ്പിടിക്കുന്നതിനും ജനങ്ങളെ കൂടുതൽ സാമ്പത്തിക ഉയർച്ചയിലേയ്ക്ക് നയിച്ച് അവരിൽ സാമ്പത്തിക സാക്ഷരത വളർത്തുന്നതിനുമായി കുടുംബശ്രീയുമായി സഹകരിച്ച് "മുറ്റത്തെ മുല്ല" എന്ന പേരിൽ ഗ്രാമീണ ലഘുവായ്പാ പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കുന്നു. ഈ പദ്ധതി പ്രകാരം 1,000 രൂപ മുതൽ 25,000 രൂപ വരെയാണ് ഒരാൾക്ക് വായ്പയായി നൽകുന്നത്. വായ്പാക്കാരിൽനിന്നും 12% പലിശ (നൂറ് രൂപയ്ക്ക് പ്രതിമാസം 1 രൂപ) മാത്രമാണ് ഈടാക്കുക. ഇതിൽനിന്നും 9% പലിശ പ്രാഥമിക കാർഷിക ബാങ്കുകളിൽ അടയ്ക്കണം. ബാക്കി കുടുംബശ്രീ യൂണിറ്റുകൾക്ക്/വായ്പാ ഇടപാട് നടത്തുന്ന യൂണിറ്റ് അംഗത്തിന് അവരുടെ ഉചിതമായ തീരുമാനപ്രകാരം എടുക്കാവുന്നതാണ്. പരമാവധി 52 ആഴ്ചകളായാണ് (ഒരു വർഷം) വായ്പ തിരിച്ചടയ്ക്കേണ്ടത്. അതായത് 1,000 രൂപ വായ്പ എടുത്ത ഒരാൾ ഒരു വർഷം കൊണ്ട് 52 ആഴ്ചകളിൽ തുല്യ ഗഡുക്കളായി 1,120 രൂപ തിരിച്ചടയ്ക്കണം.

പദ്ധതിയുടെ സുഗമവും സുതാര്യവും കാര്യക്ഷമവുമായ നടത്തിപ്പിനായി സംഘം/ജില്ലാ/സംസ്ഥാനതലത്തിൽ മോണിറ്ററിംഗ് കമ്മിറ്റികൾ പ്രവർത്തിക്കും. വിവിധതലങ്ങളിൽ ഉണ്ടാകുന്ന പരാതികൾ പരിഹരിക്കേണ്ട ചുമതല മോണിറ്ററിംഗ് കമ്മിറ്റിക്കാണ്. ഈ പദ്ധതി പാലക്കാട് ജില്ലയിൽ പൈലറ്റ് പ്രോജക്ടായി നടപ്പിലാക്കിയിട്ടുണ്ട്.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 14 താലൂക്ക് അസിസ്റ്റന്റ് രജിസ്ട്രാർ ആഫീസുകൾ അനുവദിച്ചിട്ടുണ്ട്. 14 താലൂക്ക് അസിസ്റ്റന്റ് ഡയറക്ടർ (ആഡിറ്റ്) ആഫീസുകൾ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സഹകരണ വകുപ്പിലെ നിലവിലുള്ള കുടിശ്ശിക ഫയലുകൾ തീർപ്പ് കൽപ്പിക്കുന്നതിനായി ഫയൽ അദാലത്തുകൾ നടത്തുകയും 2015 വരെയുള്ള എല്ലാ ഫയലുകളും തീർപ്പ് കൽപ്പിക്കുകയും ചെയ്തിട്ടുണ്ട്.

സംസ്ഥാനത്തുണ്ടായ പ്രളയ ദുരന്തത്തിന്റെ ഫലമായി വീടും സ്വത്തുക്കളും ജീവനോപാധികളും നഷ്ടപ്പെട്ട കുടുംബങ്ങളുടെ പുനരധിവാസത്തിന്റെ ഭാഗമായി സംസ്ഥാന സഹകരണ വകുപ്പ് കെയർ കേരള എന്ന പേരിൽ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. പ്രളയ ദുരന്തത്തിൽ സമ്പൂർണ്ണമായും വീട് നഷ്ടപ്പെട്ടവർക്ക് സഹകരണ സംഘങ്ങളുടെ സഹായത്തോടെ വീട് നിർമ്മിച്ച് നൽകുന്ന പദ്ധതിയാണ് കെയർ ഹോം. ഈ പദ്ധതിയിൽ ഉൾപ്പെടുത്തി 2040 വീടുകളാണ് നിർമ്മിച്ച് നൽകുന്നത്. റവന്യൂ വകുപ്പിലൂടെ ജില്ലാ കളക്ടർമാർ ലഭ്യമാക്കുന്ന പട്ടികയിൽ നിന്നുമാണ് ഗുണഭോക്താക്കളെ നിശ്ചയിക്കുന്നത്.

സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽനിന്നുള്ള തുക ഉൾപ്പെടെ 5 ലക്ഷം രൂപയാണ് വീടൊന്നിന് നിർമ്മാണത്തിനായി അനുവദിക്കുന്നത്. സംഭാവന നൽകാൻ കഴിവുള്ള സഹകരണ സംഘങ്ങളിൽനിന്നും സമാഹരിച്ച തുകയും സഹകരണ വകുപ്പിന്റെ കൈവശമുള്ള അംഗത്വ സമാശ്വാസ ഫണ്ടും ചേർത്തുള്ള തുകയാണ് പദ്ധതിക്കായി സഹകരണ വകുപ്പ് വിനിയോഗിക്കുന്നത്. 2019 മേയ് 31 വരെ സംസ്ഥാനത്തൊട്ടാകെ 1184 വീടുകളുടെ നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്. ബാക്കി വീടുകളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചുവരുന്നു.

സംസ്ഥാനത്ത് പൊതു വിപണിയിൽ നിത്യോപയോഗ സാധനങ്ങളുടെ വില നിലവാരം പിടിച്ചുനിർത്തുന്നതിനായി സഹകരണ വകുപ്പിന്റെ നേതൃത്വത്തിൽ കൺസ്യൂമർ ഫെഡറേഷൻ മുഖേനയും പ്രാഥമിക സഹകരണ സംഘങ്ങൾ മുഖേനയും നീതി സ്റ്റോറുകളിലൂടെ നിത്യോപയോഗ സാധനങ്ങളുടെ ലഭ്യത

ഉറപ്പാക്കി പൊതു വിപണിയിൽ ശക്തമായി ഇടപെട്ടുവരുന്നു. കൺസ്യൂമർ ഫെഡറേഷന്റെ ദൈനംദിന പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി പുതിയ സംഘടനാ സംവിധാനത്തിന് രൂപം നൽകുകയും പ്രാഥമിക സഹകരണ സംഘങ്ങളുടെ പ്രതിനിധികളെ ഉൾപ്പെടുത്തി പർച്ചേസ് കമ്മിറ്റി വിപുലീകരിക്കുകയും ഇ-ടെണ്ടർ സംവിധാനം നടപ്പിലാക്കുകയും ചാർട്ടേഡ് അക്കൗണ്ടന്റ് സ്ഥാപനത്തിന്റെ സഹായത്തോടെ ഇന്റേണൽ ആഡിറ്റ് വിഭാഗത്തിന് രൂപം നൽകുകയുമുണ്ടായി. ഈ സർക്കാർ നിയമിച്ച അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയുടെ പ്രവർത്തനത്തിലൂടെ 2016-17 സാമ്പത്തിക വർഷം 61.27 കോടി രൂപയും 2017-18 വർഷത്തിൽ 61.63 കോടി രൂപയും 2019 ഡിസംബർ വരെ ഏകദേശം 4.55 കോടി രൂപയും പ്രവർത്തന ലാഭം നേടുന്നതിന് സാധിച്ചു. ഈ സർക്കാർ അധികാരമേറ്റെടുത്തശേഷം നാളിതുവരെ ഫെഡറേഷന് 154.9132 കോടി രൂപ സബ്സിഡി ഇത്തിൽ നൽകിയിട്ടുണ്ട്. ഉത്സവകാലങ്ങളിൽ പൊതു വിപണിയിലെ വിലനിലവാരം പിടിച്ച് നിർത്തുന്നതിനായി വിപണി സംഘടിപ്പിക്കുന്നതിനായി 2016-17-ൽ 3 കോടി രൂപയും 2017-18-ൽ 52 കോടി രൂപയും 2018-19-ൽ 41 കോടി രൂപയും സർക്കാർ ഫെഡറേഷന് സബ്സിഡി ഇനത്തിൽ അനുവദിച്ച് നൽകിയിട്ടുണ്ട്. നീതി സ്റ്റോറുകളുടേയും നീതി മെഡിക്കൽ സ്റ്റോറുകളുടേയും പ്രവർത്തനം വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി ഈ സർക്കാർ അധികാരമേറ്റശേഷം പ്രാഥമിക സഹകരണ സംഘങ്ങളുടെ നേതൃത്വത്തിൽ സംസ്ഥാനത്ത് 232 നീതി സ്റ്റോറുകളും 35 നീതി മെഡിക്കൽ സ്റ്റോറുകളും രൂപീകരിച്ചിട്ടുണ്ട്. 24-1-2019-ന് ഫെഡറേഷന് തെരഞ്ഞെടുക്കപ്പെട്ട ഭരണ സമിതി നിലവിൽ വന്നു.

സഹകരണ വകുപ്പിന്റെ ആധുനികവൽക്കരണത്തിനും വകുപ്പിൽ ഇ-ഗവേണൻസ് പ്രാവർത്തികമാക്കുന്നതിനും ആധുനികവൽക്കരണ ഉപകരണങ്ങൾ വാങ്ങുന്നതിനുമുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. ആദ്യ ഘട്ടത്തിൽ സഹകരണ സംഘം രജിസ്ട്രാർ ആഫീസ്, ആഡിറ്റ് ഡയറക്ടറേറ്റ് എന്നിവിടങ്ങളിൽ ഇ-ആഫീസ് സംവിധാനം നടപ്പിലാക്കി. എല്ലാ ജില്ലാതല ജോയിന്റ് രജിസ്ട്രാർ ആഫീസുകളിലും അതേത്തുടർന്ന് താലൂക്കുതല ആഫീസുകളിലും ഇ-ആഫീസ് സംവിധാനം നടപ്പിൽ വരുത്തുന്നതിനും നടപടിക്രമങ്ങൾ പുരോഗമിച്ചുവരുന്നു. ഇതിനായി ആദ്യഘട്ടമെന്ന നിലയിൽ എല്ലാ ജില്ലാതല ജോയിന്റ് രജിസ്ട്രാർ (ജനറൽ) ആഫീസുകളിലും ലാപ് ടോപ്പുകൾ, പ്രിന്ററുകൾ, സ്കാനറുകൾ എന്നിവ CPRCS വഴി വാങ്ങി വിതരണം നടത്തിയിട്ടുണ്ട്.

മലപ്പുറം, കാസർഗോഡ് എന്നീ ജില്ലാ ജോയിന്റ് രജിസ്ട്രാർ ആഫീസുകളിൽ ഇ-ആഫീസ് സംവിധാനം നടപ്പിലാക്കി. വകുപ്പിന്റെ ആധുനികവൽക്കരണത്തിന്റെ ഭാഗമായി നടപ്പിലാക്കിയിട്ടുള്ള ICDMS (Integrated Co-operative Department Management System) പദ്ധതിപ്രകാരം വകുപ്പിലെ സംഘങ്ങളുടെ രജിസ്ട്രേഷൻ, ബൈലാ ഭേദഗതി, രജിസ്ട്രേഷൻ ഫണ്ട് മാനേജ്മെന്റ് എന്നീ മൊഡ്യൂളുകൾ പൂർത്തിയാക്കുകയും മറ്റുള്ളവ പൂർത്തീകരിക്കാനുള്ള നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നു. വകുപ്പിന്റെ വെബ്സൈറ്റ് കാലാനുസൃതമായി പരിഷ്ക്കരിക്കുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്. സഹകരണ സംഘം രജിസ്ട്രാർ ആഫീസിലെ ജീവനക്കാരുടെ ഹാജർ ബയോ മെട്രിക് സംവിധാനംവഴി രേഖപ്പെടുത്തിവരുന്നു.

സംസ്ഥാനത്തെ സഹകരണ സംഘങ്ങൾ/ബാങ്കുകളുടെ കുടിശ്ശിക കുറയ്ക്കുന്നതിനും കൃത്യമായ വായ്പാ തിരിച്ചടവ് പ്രോത്സാഹിപ്പിച്ച് സംഘങ്ങൾ/ ബാങ്കുകൾ പരമാവധി കുടിശ്ശികരഹിത സംഘങ്ങൾ/ബാങ്കുകൾ ആക്കി മാറ്റുന്നതിനും സഹകാരികൾക്ക് അവരുടെ കടബാദ്ധ്യതയിൽനിന്നും ആശ്വാസം നൽകുന്നതിനുമായി ഈ സർക്കാരിന്റെ കാലത്ത് ആവിഷ്ക്കരിച്ച് നടപ്പിലാക്കിയ പദ്ധതിയാണ് നവകേരളീയം കുടിശ്ശിക നിവാരണം ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി.

വായ്പക്കാരന്റെ നിലവിലെ സാഹചര്യങ്ങൾ, സാമ്പത്തിക സ്ഥിതി, തിരിച്ചടവ് ശേഷി എന്നിവ ഭരണസമിതി വിലയിരുത്തി തിരിച്ചടവ് സംബന്ധിച്ച് ഉചിതമായ തീരുമാനത്തിലെത്തുകയും വായ്പക്കാരനുമായി തിരിച്ചടവ് സംബന്ധിച്ച് ധാരണയാവുകയും വേണം. ഈ ധാരണപ്രകാരം വായ്പാ തിരിച്ചടവിന് വായ്പക്കാരന് അവസരം നൽകുന്നതാണ് ഈ പദ്ധതിയുടെ സവിശേഷത. ഈ പദ്ധതിപ്രകാരം എല്ലാ വായ്പാ ഒത്തുതീർപ്പുകളിലും പിഴപ്പലിശ പൂർണ്ണമായും ഒഴിവാക്കി നൽകുന്നതും പലിശ കണക്കാക്കുന്നത് സാധാരണ പലിശയിലുമാണ്. ടി പദ്ധതിയുടെ ഭാഗമായി 2016-17 സാമ്പത്തിക വർഷത്തിൽ 5,743.85 കോടി രൂപയുടെ വായ്പാകുടിശ്ശിക പിരിച്ചെടുക്കുകയും 311.45 കോടി രൂപയുടെ ഇളവുകൾ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. 2017-18 സാമ്പത്തിക വർഷത്തിൽ 6,055.31 കോടി രൂപയുടെ വായ്പാകുടിശ്ശിക പിരിച്ചെടുക്കുകയും 204.54 കോടി രൂപയുടെ ഇളവുകൾ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. 2018-19 സാമ്പത്തിക വർഷത്തിൽ 652304 പേർക്ക് 287.88 കോടി രൂപയുടെ ഇളവുകൾ അനുവദിക്കുകയും 6,521.22 കോടി രൂപയുടെ വായ്പാകുടിശ്ശിക പിരിച്ചെടുക്കുകയും ചെയ്തിട്ടുണ്ട്.

2016-17 സാമ്പത്തിക വർഷത്തിൽ സംസ്ഥാന/എൻ.സി.ഡി.സി. പദ്ധതികൾ നടപ്പിലാക്കാൻ സഹകരണ വകുപ്പിന് ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന 14,460 ലക്ഷം രൂപയും അഡീഷണൽ ആതറൈസേഷൻ വഴി ലഭ്യമാക്കിയ 34.83 ലക്ഷം രൂപയും സംഘങ്ങൾക്ക് അനുവദിച്ച നൽകാൻ കഴിഞ്ഞിട്ടുണ്ട്.

സംസ്ഥാന പദ്ധതി വിഹിതത്തിന്റെ 97.20%-ഉം എൻ.സി.ഡി.സി. പദ്ധതി വിഹിതത്തിന്റെ 97.37%-ഉം ചെലവഴിക്കാൻ സാധിച്ചിട്ടുണ്ട്.

2017-18 സാമ്പത്തിക വർഷത്തിൽ സംസ്ഥാന/എൻ.സി.ഡി.സി. പദ്ധതികൾ നടപ്പിലാക്കുന്നതിനായി സഹകരണ വകുപ്പിന് ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന സംസ്ഥാന പദ്ധതിയിൽ 13,000 ലക്ഷം രൂപയും അഡീഷണൽ ആതറൈസേഷൻ വഴി ലഭ്യമാക്കിയ 2,905 ലക്ഷം രൂപയും ഉൾപ്പെടെ 15,905.25 ലക്ഷം രൂപ ലഭിച്ചതിൽ 74,66,014 ലക്ഷം രൂപയും എൻ.സി.ഡി.സി. പദ്ധതിയിൽ 5,500 ലക്ഷം രൂപയും അഡീഷണൽ ആതറൈസേഷൻ വഴി ലഭ്യമാക്കിയ 10,035.50 ലക്ഷം രൂപയും ഉൾപ്പെടെ 15,535.50 ലക്ഷം രൂപ ലഭിച്ചതിൽ 15,174.14 ലക്ഷം രൂപയും (275.89%) ചെലവഴിച്ച് സംഘങ്ങൾക്ക് അനുവദിച്ചുനൽകാൻ കഴിഞ്ഞിട്ടുണ്ട്.

സംസ്ഥാന പദ്ധതി വിഹിതത്തിന്റെ 57.43%- ഉം എൻ.സി.ഡി.സി. പദ്ധതി വിഹിതത്തിന്റെ 275.89% -ഉം ചെലവഴിക്കാൻ സാധിച്ചിട്ടുണ്ട്.

2018-19 സാമ്പത്തിക വർഷത്തിൽ സംസ്ഥാന/എൻ.സി.ഡി.സി. പദ്ധതികൾ നടപ്പിലാക്കുന്നതിനായി സഹകരണ വകുപ്പിന് ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന സംസ്ഥാന പദ്ധതിയിലെ 16,036 ലക്ഷം രൂപയിൽ 20% പ്ലാൻ കട്ടിനുശേഷമുള്ള 13,523.80 ലക്ഷം രൂപയും അഡീഷണൽ ആതറൈസേഷൻ മുഖേന ലഭ്യമാക്കിയ 32,495 ലക്ഷം രൂപയും ഉൾപ്പെടെ 46,018.80 ലക്ഷം രൂപ ലഭിച്ചതിൽ 39,151.4629 ലക്ഷം രൂപയും എൻ.സി.ഡി.സി. പദ്ധതിയിൽ വകയിരുത്തിയിരുന്ന 6,500 ലക്ഷം രൂപയും അഡീഷണൽ ആതറൈസേഷൻ മുഖേന ലഭ്യമാക്കിയ 10,000 ലക്ഷം രൂപയും ഉൾപ്പെടെ 16,500 ലക്ഷം രൂപ ലഭിച്ചതിൽ 12,396.36 ലക്ഷം രൂപയും സംഘങ്ങളുടെ അക്കൗണ്ടിലേയ്ക്ക് നേരിട്ട് അനുവദിച്ച് നൽകാൻ കഴിഞ്ഞിട്ടുണ്ട്.

2018-19 സാമ്പത്തിക വർഷത്തിൽ സംസ്ഥാനപദ്ധതിവിഹിതത്തിന്റെ 289.50%-ഉം എൻ.സി.ഡി.സി. പദ്ധതി വിഹിതത്തിന്റെ 190.71%-ഉം ചെലവഴിക്കാൻ സഹകരണ വകുപ്പിന് സാധിച്ചിട്ടുണ്ട്.

ഒരു ജില്ലയിലെ സഹകരണ മേഖലയുടെ സമ്പൂർണ്ണ വികസനം ലക്ഷ്യമാക്കി നടപ്പിലാക്കിവരുന്ന സംയോജിത സഹകരണ വികസന പദ്ധതി, തൃശ്ശൂർ ജില്ലയിൽ രണ്ടാംഘട്ടം പദ്ധതിയുടെ ഭാഗമായി ആരംഭിച്ചു.

എൻ.സി.ഡി.സി. അംഗീകാരം നൽകിയ 80.03 കോടി രൂപയുടെ അടങ്കൽ തുകയ്ക്ക് ഈ സർക്കാർ ഭരണാനുമതി നൽകി.

ഇടുക്കി ജില്ലയിൽ നടപ്പിലാക്കിവരുന്ന രണ്ടാംഘട്ടം പദ്ധതിയിൽ ഉൾപ്പെട്ടുത്തിയിരുന്ന തങ്കമണി തേയില ഫാക്ടറി ഐ.സി.ഡി.പി. ധനസഹായത്തോടെ പ്രവർത്തനമാരംഭിച്ചു.

ഇടുക്കി ജില്ലാ സഹകരണ ആശുപത്രി, ഹൈറേഞ്ച് സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രി എന്നിവയുടെ അടിസ്ഥാന സൗകര്യ വികസനത്തിന് ധനസഹായം അനുവദിച്ചു. കട്ടപ്പനയിൽ ഹൈറേഞ്ച് സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രിയുടെ ശാഖ ആരംഭിക്കുന്നതിന് ധനസഹായം നൽകി.

ഇടുക്കി ജില്ലയിൽ സഹകരണ മേഖലയിൽ കോ-ഓപ്പറേറ്റീവ് ഗസ്റ്റ് ഹൗസ് നിർമ്മാണത്തിന് ഭരണാനുമതി നൽകി.

ഇടുക്കി ജില്ലയിൽ കാർഡമം ഡ്രൈയർ യൂണിറ്റ്, ബാങ്ക് കെട്ടിടം, ഗോഡൗൺ കെട്ടിടം നവീകരണം, കമ്പ്യൂട്ടർ, സേഫ് ഡെപ്പോസിറ്റ് ലോക്കർ എന്നിവയ്ക്കും സ്ട്രോംഗ് റൂം നിർമ്മാണം, കോൺഫറൻസ് ഹാൾ എന്നിവയ്ക്കും ധനസഹായം നൽകി.

പാലക്കാട് ജില്ലയിൽ ഐ.സി.ഡി.പി. രണ്ടാംഘട്ടത്തിന്റെ ഭാഗമായി പാലക്കാട് ജില്ലാ സഹകരണ ആശുപത്രി, ഇ. കെ. നായനാർ സ്മാരക സഹകരണ ആശുപത്രി, ചെർപ്പുളശ്ശേരി സഹകരണ ആശുപത്രി എന്നിവയുടെ അടിസ്ഥാന സൗകര്യ വികസനത്തിനും ആശുപത്രി ഉപകരണങ്ങൾ വാങ്ങുന്നതിനും ധനസഹായം അനുവദിച്ചു.

പാലക്കാട് ജില്ലയിൽ സഹകരണ ബാങ്കിന്റെ ഹെഡ്ഓഫീസ് നവീകരണം, ഗോൾഡൻ ജൂബിലി ഹാൾ നിർമ്മാണം ബ്രാഞ്ചുകൾക്ക് പുതിയ കൗണ്ടറുകൾ എന്നിവയ്ക്ക് ധനസഹായം നൽകി.

പാലക്കാട് ജില്ലയിലെ സഹകരണ സംഘങ്ങൾക്ക് ബാങ്ക് കെട്ടിടം, ഗോഡൗൺ, കോൺഫറൻസ് ഹാൾ നിർമ്മാണം, കമ്പ്യൂട്ടർ, സേഫ് ഡെപ്പോസിറ്റ് ലോക്കർ എന്നിവ വാങ്ങുന്നതിനും ധനസഹായം നൽകി.

പാലക്കാട് ജില്ലയിലെ വനിത എസ്.സി./എസ്.ടി., ക്ഷീര കൈത്തറി, മാർക്കറ്റിംഗ് സംഘങ്ങൾക്ക് മാർജിൻ മണി, കെട്ടിട നിർമ്മാണം, കെട്ടിട നവീകരണം എന്നിവയ്ക്ക് ധനസഹായം നൽകി.

പാലക്കാട് ജില്ലയിലെ മണ്ണാർക്കാട് സഹകരണ കോളേജിന് കെട്ടിട നിർമ്മാണം, വാഹനം എന്നിവയ്ക്ക് ധനസഹായം നൽകി.

തൃശ്ശൂർ ജില്ലയിലെ പ്രാഥമിക സഹരണ സംഘങ്ങൾക്ക് കെട്ടിട നിർമ്മാണം, കെട്ടിട നവീകരണം, ഗോഡൗൺ, കോൺഫറൻസ് ഹാൾ, സേഫ് ഡെപ്പോസിറ്റ് ലോക്കർ, സ്റ്റോംഗ് റൂം എന്നിവയ്ക്ക് ധനസഹായം അനുവദിച്ചു.

തൃശ്ശൂർ ജില്ലയിലെ മണലൂർ സഹകരണ ആശുപത്രിക്കും അടിസ്ഥാന സൗകര്യ വിസനത്തിന് ധനസഹായം അനുവദിച്ചു.

ഇടുക്കി, പാലക്കാട്, തൃശ്ശൂർ ജില്ലകളിൽ നടപ്പിലാക്കിവരുന്ന ഐ.സി.ഡി.പി. രണ്ടാംഘട്ടം പദ്ധതിയിലൂടെ ജില്ലയിലെ സഹകരണ മേഖലയിൽ സമഗ്രവികസനം നടപ്പിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. ആശുപത്രി, വിദ്യാഭ്യാസ, വനിത എസ്.സി./ എസ്.ടി. പ്രോസസ്സിംഗ്, മാർക്കറ്റിംഗ്, ക്ഷീര, കൈത്തറി, സംഘങ്ങൾക്ക് അടിസ്ഥാന സൗകര്യ വികസനത്തിന് ധനസഹായം അനുവദിച്ചതിലൂടെ പ്രകടമായ മാറ്റങ്ങൾ കൈവരിക്കാൻ സാധിച്ചു.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വനിതാഫെഡിന് നീതി മെഡിക്കൽ സ്റ്റോറുകൾ ആരംഭിക്കുന്നതിനും വനിതാ ഡ്രൈവിംഗ് സ്കൂളുകൾ ആരംഭിക്കുന്നതിനും വനിതാ സംഘങ്ങൾ കമ്പ്യൂട്ടറൈസ് ചെയ്യുന്നതിനുമായി ആകെ 2016-17 സാമ്പത്തിക വർഷത്തിൽ 1.6395 കോടി രൂപയും 2015-16-ൽ ഇതേ ആവശ്യത്തിന് അനുവദിച്ചിരുന്ന 40 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 2.0395 കോടി രൂപ ലഭ്യമാക്കിയിട്ടുണ്ട്.

കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമവികസന ബാങ്ക്, പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കുകൾ വഴി കാർഷിക വായ്പകൾ വിതരണം ചെയ്യുന്നത് നബാർഡിൽനിന്നും ലഭിക്കുന്ന റീഫിനാൻസിലൂടെയാണ്. റീഫിനാൻസ് ലഭിക്കുന്നതിനായി സർക്കാർ ഗ്യാരന്റി നിൽക്കേണ്ടതായിട്ടുണ്ട്. ഈ സർക്കാരിന്റെ കാലത്ത് 2016-17 സാമ്പത്തിക വർഷത്തിൽ 500 കോടി രൂപയും 2016-17 സാമ്പത്തിക വർഷത്തിൽ 500 കോടി രൂപയും 2018-19 സാമ്പത്തിക വർഷത്തിൽ 500 കോടി രൂപയും ഉൾപ്പെടെ ആകെ 1,500 കോടി രൂപയുടെ ഗ്യാരന്റി അനുവദിച്ചിട്ടുണ്ട്.

2011-12 സാമ്പത്തിക വർഷം മുതൽ സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ/ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്കുകൾ, കാർഷിക ഗ്രാമവികസന ബാങ്കുകൾ എന്നിവ മുഖേന വിതരണം ചെയ്യുന്ന ഹ്രസ്വകാല കാർഷിക വായ്പകൾ കൃത്യമായി തിരിച്ചടയ്ക്കുന്ന കർഷകരുടെ പലിശ പൂർണ്ണമായി ഒഴിവാക്കി പലിശരഹിത വായ്പയായി മാറ്റുന്നതിന് കേരള സംസ്ഥാന സർക്കാർ പദ്ധതിയേതര വിഹിതത്തിൽ " ഉത്തേജന പലിശയിളവ്" പദ്ധതി നടപ്പിലാക്കിവരുന്നു. ഈ സർക്കാരിന്റെ കാലത്ത് 2016-17 സാമ്പത്തിക വർഷത്തിൽ 7 കോടി രൂപയും 2018-19 സാമ്പത്തിക വർഷത്തിൽ 10 കോടി രൂപയും അനുവദിച്ചിട്ടുണ്ട്.

പ്രാഥമിക കാർഷിക സഹകരണ ബാങ്കുകളിൽനിന്നും കാർഷിക വായ്പ എടുത്ത് കൃത്യമായി തിരിച്ചടവ് നടത്തിയിട്ടുള്ള കർഷകർക്ക് സമാശ്വാസ തുക അനുവദിച്ചുനൽകുന്നതിനുവേണ്ടി കേരള സംസ്ഥാന സർക്കാരിന്റെ പദ്ധതിയേതര വിഹിതത്തിൽ "കാർഷികോൽപ്പാദന സമാശ്വാസ പദ്ധതി (APCR)" നടപ്പിലാക്കി വന്നിരുന്നു. ഈ സർക്കാരിന്റെ കാലത്ത് 2017-18 സാമ്പത്തിക വർഷത്തിൽ 7 കോടി രൂപയും 2018-19 സാമ്പത്തിക വർഷത്തിൽ 10 കോടി രൂപയും ടി പദ്ധതിക്കായി അനുവദിച്ചിട്ടുണ്ട്.

ഉന്നത വിദ്യാഭ്യാസ മേഖലയിലും Co-operative Academy for Professional Education-(CAPE)-നെ Centre of Excellence ആക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്) വിനോദ സഞ്ചാര മേഖലയിലും ആരോഗ്യ മേഖലയിലും പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങളെ ശാക്തീകരിക്കുന്നതിന് പദ്ധതി അടിസ്ഥാനത്തിൽ ധനസഹായം ലഭ്യമാക്കുന്നത് ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

ആഗോളതലത്തിലുള്ള എഴുത്തുകാരെയും സാഹിത്യകാരെയും ഒരുമിപ്പിക്കുക എന്ന ലക്ഷ്യത്തോടെ SPCS-ന്റെ ആഭിമുഖ്യത്തിൽ " കൃതി" അന്തർദ്ദേശീയ സാഹിത്യവിജ്ഞാന പുസ്തകോത്സവം വിജയകരമായി 2018, 2019 വർഷങ്ങളിൽ സംഘടിപ്പിച്ചു.

ഭിന്നശേഷിക്കാരുടെ ഉന്നമനത്തിനായി Kerala State Differently Abled Persons and Parents Welfare Service Co-operative Society-4495 എന്ന പേരിൽ ഒരു സഹകരണ സംഘം രൂപീകരിച്ചു.

നിലവിൽ നൽകിവരുന്ന പെൻഷനോടൊപ്പം ഡി.എ. 5 ശതമാനത്തിൽ നിന്നും 7 ശതമാനമായും 7 ശതമാനത്തിൽനിന്നും 8 ശതമാനമായും വർദ്ധിപ്പിച്ചു. മിനിമം പെൻഷൻ 1,500 രൂപയിൽ നിന്ന് 3,000 രൂപയായും ഫാമിലി പെൻഷൻ 1,000 രൂപയിൽനിന്ന് 2,000 രൂപയായും വർദ്ധിപ്പിച്ചു. പ്രൊബേഷൻ കാലയളവുകൂടി യോഗ്യസേവനകാലമായി ഉൾപ്പെടുത്തി പെൻഷൻ വർദ്ധിപ്പിച്ച് നൽകി. റിട്ടയർ ചെയ്തതിനുശേഷം പെൻഷൻ വാങ്ങിവരവെ മരണപ്പെട്ടവരുടെ ആശ്രിതർക്കും സർവ്വീസിലിരിക്കെ മരണപ്പെട്ടവരുടെ ആശ്രിതർക്കും 7 വർഷം/ 65 വയസ്സുവരെ ഫുൾ പെൻഷൻ ഫാമിലി പെൻഷനായി അനുവദിച്ചുവരുന്നു.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തെ പട്ടികജാതി-പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ പുനരുദ്ധരണത്തിനായി പുനർജ്ജനി എന്ന പേരിൽ ഒരു സമഗ്ര പദ്ധതി ആവിഷ്കരിച്ചുവരുന്നു.

സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സഹകരണ വകുപ്പിൽ ഉദ്യോഗസ്ഥരുടെ പരിശീലനം ഊർജ്ജിതപ്പെടുത്തുന്നതിനായി ട്രെയിനിംഗ് നീഡ് അനാലിസിസ് നടത്തിയതിന്റെ അടിസ്ഥാനത്തിൽ 2018-19 വർഷത്തിൽ IMG, ICM, ACSTI, KSCARDB-ITM IIITMK എന്നിവിടങ്ങളിൽ 56 ട്രെയിനിംഗ് പ്രോഗ്രാമുകളിലായി 1716 ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകിയിട്ടുണ്ട്.

നെല്ല് സംഭരണം, സംസ്കരണം എന്നിവ സഹകരണ മേഖലയിൽക്കൂടി ഉൾപ്പെടുത്തി പ്രവർത്തനങ്ങൾ നടന്നുവരുന്നു. ആയതിന്റെ ഭാഗമായി നെല്ല് സംഭരണം, സംസ്കരണം, വിപണനം എന്നിവ ലക്ഷ്യമാക്കി പാലക്കാട് "പാലക്കാട് പാഡി പ്രൊക്യൂർമെന്റ്, പ്രോസസ്സിംഗ് & മാർക്കറ്റിംഗ് സഹകരണ സംഘം, ക്ലിപ്തം നമ്പർ പി. 1449" എന്ന ഒരു സഹകരണ സംഘം രജിസ്റ്റർ ചെയ്തിട്ടുണ്ട്. നെല്ല് സംഭരണം, സംസ്കരണം,വിപണനം എന്നിവ ലക്ഷ്യമാക്കി പാലക്കാട് ജില്ലാ അടിസ്ഥാനത്തിൽ ഒരു സഹകരണ സംഘം രജിസ്റ്റർ ചെയ്യുന്നതിന്റെ പ്രാരംഭ നടപടികൾ പൂർത്തിയായിട്ടുണ്ട്. ടി സംഘത്തിന്റെ കീഴിൽ ഒരു ആധുനിക റൈസ് മില്ലും സംഭരണ ഗോഡൗണുകളും ആദ്യ ഘട്ടത്തിൽ നിർമ്മിക്കുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ട്.

പുതുതായി രൂപീകരിച്ച സഹകരണ സംഘത്തിന്റെ നിയമാവലിയിൽ കൺസോർഷ്യം രൂപീകരിക്കുന്നതിനായി വ്യവസ്ഥ ചെയ്തിട്ടുണ്ട്. 30 സഹകരണ സംഘങ്ങൾ ഉൾപ്പെട്ട കൺസോർഷ്യം രൂപീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

അപ്പെക്സ് ഫെഡറേഷനുകളെ ശക്തിപ്പെടുത്തുന്നതിലേയ്ക്ക് സർക്കാർ റബ്കോ, റബ്ബർമാർക്ക്, മാർക്കറ്റ്ഫെഡ് ഇവയ്ക്ക് യഥാക്രമം 238.35 കോടി രൂപ, 41.39 കോടി രൂപ, 27.01 കോടി രൂപ, കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്കിന്റെ വായ്പാ കുടിശ്ശിക ക്രമീകരിക്കുന്നതിലേയ്ക്ക് ഒ.റ്റി.എസ്. പ്രകാരം സർക്കാർ ധനസഹായം അനുവദിച്ചിട്ടുണ്ട്.

കേരളാ സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് മാർക്കറ്റിംഗ് ഫെഡറേഷന്റെ ബിസിനസ്സുമായി ബന്ധപ്പെട്ട ദൈനംദിന പ്രവർത്തനങ്ങളെ മികച്ച സാങ്കേതിക വിദ്യയിലൂടെ ഏകോപിപ്പിക്കുന്നതിന് 17,57,500 രൂപ സ്വന്തം ഫണ്ടിൽനിന്ന് വിനിയോഗിക്കുന്നതിന് 31-8-2018-ൽ സഹകരണ സംഘം രജിസ്ട്രാർ അനുമതി നൽകിയിട്ടുണ്ട്.

കേരളാ സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് എംപ്ലോയീസ് വെൽഫെയർ ബോർഡിൽ അംഗങ്ങളായ സഹകരണ സംഘം ജീവനക്കാർക്ക് നൽകിവരുന്ന മരണാനന്തര ധനസഹായം, ചികിത്സാ ധനസഹായം, സേവനത്തിൽനിന്നും വിരമിക്കുന്ന ജീവനക്കാർക്ക് ബോർഡിലേയ്ക്ക് ഒടുക്കിയ വിഹിതത്തോടൊപ്പം നൽകുന്ന ഇൻസെന്റീവ് എന്നിവ വർദ്ധിപ്പിച്ചിട്ടുണ്ട്. കൂടാതെ സഹകരണ സംഘം ജീവനക്കാരുടെ മക്കളിൽ വിവിധ പരീക്ഷകളിൽ ഉന്നത വിജയം നേടിയവർക്ക് നൽകുന്ന ക്യാഷ് അവാർഡിന് പുറമേ കായിക രംഗത്ത് (സ്പോർട്സ് ആൻഡ് ഗെയിംസ്) ഹൈസ്കൂൾ തലത്തിൽ സംസ്ഥാന ദേശീയ മത്സരത്തിലും കോളേജ് തലത്തിൽ ഇന്റർ യൂണിവേഴ്സിറ്റി മത്സരത്തിലും മികവ് പുലർത്തുന്നവർക്ക് ക്യാഷ് അവാർഡ് നടപ്പിലാക്കിയിട്ടുണ്ട്.

കേരള സംസ്ഥാന സഹകരണ പരീക്ഷാ ബോർഡിൽ 13-7-2017-ൽ പുതിയ ഭരണ സമിതി ചുമതല ഏറ്റെടുത്തതിനുശേഷം ജൂനിയർ ക്ലാർക്ക് തസ്തികയിലേയ്ക്ക് 1222 ഒഴിവിലേയ്ക്കും സെക്രട്ടറി തസ്തികയിൽ 120 ഒഴിവിലേയ്ക്കും ടൈപ്പിസ്റ്റ് തസ്തികയിൽ 6 ഒഴിവിലേയ്ക്കും ഡേറ്റാ എൻട്രി ഓപ്പറേറ്റർ തസ്തികയിൽ 25 ഒഴിവിലേയ്ക്കും സിസ്റ്റം അഡ്മിനിസ്ട്രേറ്റർ തസ്തികയിൽ 12 ഒഴിവിലേയ്ക്കും നിയമന നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്.

ജൂനിയർ ക്ലാർക്ക്/കാഷ്യർ-539

സെക്രട്ടറി-43

ടൈപ്പിസ്റ്റ് -6

ഡേറ്റാ എൻട്രി ഓപ്പറേറ്റർ -39

സിസ്റ്റം അഡ്മിനിസ്ട്രേറ്റർ -18

എന്നീ തസ്തികയിലേയ്ക്കുള്ള നിയമന നടപടികൾ പൂർത്തീകരിച്ചുവരുന്നു. 25-4-2019-ലെ വിജ്ഞാപന പ്രകാരം ജൂനിയർ ക്ലാർക്ക്/കാഷ്യർ തസ്തികയിൽ 152, സെക്രട്ടറി തസ്തികയിൽ 15, ഡേറ്റാ എൻട്രി ഓപ്പറേറ്റർ തസ്തികയിൽ 13 ഒഴിവുകളിലേയ്ക്കുള്ള എഴുത്തു പരീക്ഷ നടത്താനുള്ള നടപടികൾ പൂർത്തീകരിച്ചു വരുന്നു.

സംസ്ഥാന സർക്കാരിന് ഓണം, വിഷു എന്നിവയോടനുബന്ധിച്ച് സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണം നടത്തുന്നതിലേയ്ക്കായി സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങളിൽനിന്നും 4,407.78 കോടി രൂപ വായ്പയായി സ്വരൂപിച്ച് നൽകിയിട്ടുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ജൂനിയർ ഇൻസ്പെക്ടർ/ആഡിറ്റർ തസ്തികയിൽ 669-ഉം ക്ലാർക്ക് തസ്തികയിൽ 110-ഉം ടൈപ്പിസ്റ്റ് തസ്തികയിൽ 64-ഉം ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ 92-ഉം സി.എ. തസ്തികയിൽ 03-ഉം ഡ്രൈവർ തസ്തികയിൽ 04-ഉം നിയമനങ്ങൾ നടത്തിയിട്ടുണ്ട്.

(സി) സഹകരണ വകുപ്പിൽ ആധുനികവൽക്കരണവും ഇ-ഗവേണൺസും നടപ്പിലാക്കുന്നതിന്റെ ഭാഗമായി ആദ്യ ഘട്ടത്തിൽ സഹകരണ സംഘം രജിസ്ട്രാർ ആഫീസ്, ആഡിറ്റ് ഡയറക്ടറേറ്റ് എന്നിവിടങ്ങളിൽ ഇ-ആഫീസ് സംവിധാനം നടപ്പിലാക്കി. എല്ലാ ജില്ലാതല ജോയിന്റ് രജിസ്ട്രാർ ആഫീസുകളിലും അതേ ത്തുടർന്ന് താലൂക്കുതല ആഫീസുകളിലും ഇ-ആഫീസ് സംവിധാനം നടപ്പിൽ വരുത്തുന്നതിനും നടപടിക്രമങ്ങൾ പുരോഗമിച്ചുവരുന്നു. ഇതിനായി ആദ്യഘട്ടമെന്ന നിലയിൽ എല്ലാ ജില്ലാതല ജോയിന്റ് രജിസ്ട്രാർ (ജനറൽ) ആഫീസുകളിലും ലാപ് ടോപ്പുകൾ, പ്രിന്ററുകൾ, സ്കാനറുകൾ എന്നിവ CPRCS വഴി വാങ്ങി വിതരണം നടത്തിയിട്ടുണ്ട്. മലപ്പുറം, കാസർഗോഡ് എന്നീ ജില്ലാ ജോയിന്റ് രജിസ്ട്രാർ ആഫീസുകളിൽ ഇ-ആഫീസ് സംവിധാനം നടപ്പിലാക്കി. വകുപ്പിന്റെ ആധുനികവൽക്കരണത്തിന്റെ ഭാഗമായി നടപ്പിലാക്കിയിട്ടുള്ള ICDMS (Intargrated Co-operative Department Management System) പദ്ധതി പ്രകാരം വകുപ്പിലെ സംഘങ്ങളുടെ രജിസ്ട്രേഷൻ, ബൈലാ ഭേദഗതി, രജിസ്ട്രേഷൻ ഫണ്ട് മാനേജ്മെന്റ് എന്നീ മൊഡ്യൂളുകൾ പൂർത്തിയാക്കുകയും മറ്റുള്ളവ പൂർത്തീകരിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു. വകുപ്പിന്റെ വെബ്സൈറ്റ് കാലാനുസൃതമായി പരിഷ്കരിക്കുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്. സഹകരണ സംഘം രജിസ്ട്രാർ ആഫീസിലെ ജീവനക്കാരുടെ ഹാജർ ബയോമെട്രിക് സംവിധാനംവഴി രേഖപ്പെടുത്തിവരുന്നു.

സംസ്ഥാനത്തെ കാർഷിക വായ്പാ സംഘങ്ങളിൽ ഏകീകൃത സോഫ്റ്റ്‌വെയർ നടപ്പിലാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

ആധുനിക ബാങ്കിംഗ് സേവനങ്ങൾ സഹകരണ മേഖലവഴി സാധാരണക്കാരിലേയ്ക്ക് എത്തിക്കണമെന്ന സർക്കാർ ലക്ഷ്യം ഫലപ്രാപ്തിയിൽ എത്തുംവിധം സംസ്ഥാനത്തെ ഹ്രസ്വകാല വായ്പാ സഹകരണ സംഘങ്ങളെ നിലവിലുള്ള ത്രിതല സംവിധാനത്തിൽനിന്നും ദ്വിതല സമ്പ്രദായത്തിലേയ്ക്ക് പുനഃക്രമികരിച്ച് ഒരു പുതിയ ബാങ്കായ കേരള ബാങ്ക് രൂപീകരിക്കുന്നതിനായിട്ടുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. ഇതിന്റെ ഭാഗമായി സംസ്ഥാനത്തെ ജില്ലാ സഹകരണ ബാങ്കുകളെയും സംസ്ഥാന സഹകരണ ബാങ്കിനെയും ലയിപ്പിച്ച് പുതിയ ബാങ്ക് രൂപീകരിക്കുന്നതോടെ കേരളത്തിലെ സഹകരണ പ്രസ്ഥാനം കൂടുതൽ ശക്തിപ്പെടാനും കൂടുതൽ മെച്ചപ്പെട്ടതും ആധുനികവുമായ സേവനങ്ങൾ ഇതിലൂടെ ഇടപാടുകാർക്ക് നൽകാനും ദേശസാൽകൃത ബാങ്കുകളുടേയും പുതുതലമുറ ബാങ്കുകളുടേയും ചൂഷണത്തിൽനിന്നും മുക്തി നേടാനും കേരള ബാങ്കിന്റെ രൂപീകരണത്തോടെ സാധ്യമാകുന്നതാണ്.

## സഹകരണമേഖലയുടെ വികസനത്തിനായി നടപ്പാക്കി വരുന്ന പദ്ധതികൾ

243 (2460) ശ്രീ. ജെയിംസ് മാത്യു:
ശ്രീ. പി. വി. അൻവർ:
ശ്രീ. സി. കെ. ശശീന്ദ്രൻ:
ശ്രീ. കെ. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ സഹകരണ വികസന കോർപ്പറേഷൻ സഹകരണ മേഖലയുടെ വികസനത്തിനായി സംസ്ഥാനത്ത് നടപ്പാക്കിവരുന്ന പദ്ധതികൾ എന്തൊക്കെയാണ്;

(ബി) സഹകരണ സ്ഥാപനങ്ങൾ വഴി കാർഷികോപയോഗ സാധനങ്ങൾ ഉല്പാദിപ്പിക്കാനും കാർഷികോല്പന്നങ്ങളുടെ സംസ്കരണം, വിപണനം, സംഭരണം എന്നിവയ്ക്കായും എന്തെല്ലാം സഹായമാണ് നൽകിവരുന്നത്;

(സി) എൻ.സി.ഡി.സി. 2018-19 സാമ്പത്തിക വർഷം വിവിധ സഹകരണ വികസന പദ്ധതികൾക്കായി എത്ര കോടി രൂപയാണ് സംസ്ഥാനത്തിന് അനുവദിച്ചിട്ടുള്ളതെന്നും ഇതിൽ എത്ര കോടി രൂപയാണ് സബ്സിഡി ഇനത്തിൽ നൽകിയിട്ടുള്ളതെന്നും വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ദേശീയ സഹകരണ വികസന കോർപ്പറേഷൻ സഹകരണ മേഖലയുടെ വികസനത്തിനായി സംസ്ഥാനത്ത് പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ ഉൾപ്പെടെയുള്ള വായ്പാ സംഘങ്ങൾക്ക് കാർഷിക വായ്പാ പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള ഭൗതിക സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനുള്ള പദ്ധതി ധനസഹായം, പ്രാഥമിക വിപണന സംഘങ്ങളുടെ ഓഹരി മൂലധന അടിത്തറ ശക്തിപ്പെടുത്തുന്നതിനും ദുർബല വിപണന സംഘങ്ങളെ പുനരുദ്ധരിക്കുന്നതിനുമുള്ള ധനസഹായം, കേരള സംസ്ഥാന സഹകരണ ഉപഭോക്തൃ ഫെഡറേഷൻ, ജില്ലാ മൊത്ത വ്യാപാര ഉപഭോക്തൃ സ്റ്റോർ ഉപഭോക്തൃ പരിപാടികൾ നടത്തുന്ന പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ/ഫാർമേഴ്സ് സഹകരണ ബാങ്ക് എന്നിവയ്ക്കുള്ള സഹായം, എൻ.സി.ഡി.സി.-യുടെ റൂറൽ കൺസ്യൂമർ സ്കീം നടപ്പിലാക്കുന്നതിനുള്ള സഹായം, ലേബർ കോൺട്രാക്ട് സഹകരണ സംഘങ്ങൾക്കുള്ള ധനസഹായം, ടൂറിസം, ഹോസ്പിറ്റാലിറ്റി, ട്രാൻസ്പോർട്ട്, പുതിയതും പാരമ്പര്യേതരവും പുനരുപയോഗിക്കാൻ കഴിയുന്നതുമായ ഊർജ്ജ സ്രോതസ്സുകളിൽനിന്നുമുള്ള ഊർജ്ജ ഉൽപ്പാദനവും വിതരണവും ഗ്രാമീണ വന പദ്ധതികൾ എന്നിവയിൽ ഏർപ്പെട്ടിട്ടുള്ളതുമായ സംഘങ്ങൾക്കുള്ള സഹായം, ആശുപത്രി, ഹെൽത്ത് കെയർ, വിദ്യാഭ്യാസ പദ്ധതികളിൽ സേവനം നൽകുന്നതിൽ ഏർപ്പെട്ടിട്ടുള്ള സഹകരണ സംഘങ്ങൾ/പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ, മറ്റ് സഹകരണ സംഘങ്ങൾക്ക് ഫാർമേഴ്സ് സർവ്വീസ് സെന്റർ പ്രവർത്തിപ്പിക്കുന്നതിനുള്ള ധനസഹായം, കാർഷിക ഉൽപ്പന്നങ്ങളുടെ ഗുണനിലവാരം തരംതിരിക്കൽ കമ്പോളത്തിന്റെ പശ്ചാത്തല സൗകര്യ വികസനം/ഗോഡൗൺ നിർമ്മാണം എന്നിവയ്ക്കായി സഹായം, എല്ലാത്തരം സഹകരണ സംഘങ്ങൾക്കും കാർഷിക സംസ്കരണ യൂണിറ്റുകൾ ആരംഭിക്കുന്നതിനും നിലവിലുള്ളവ പുനരുദ്ധരിക്കുന്നതിനും ധനസഹായം, സംയോജിത സഹകരണ വികസന പദ്ധതിയിൽ ഉൾപ്പെടുത്തി ഇടുക്കി, പാലക്കാട്, തൃശ്ശൂർ ജില്ലകൾക്ക് സഹായം, സംസ്കരണ സഹകരണ സംഘങ്ങൾക്ക് പ്രോത്സാഹനമായി വായ്പായിനത്തിൽ ധനസഹായം എന്നീ പദ്ധതികളാണ് നടപ്പിലാക്കിവരുന്നത്.

(ബി) സഹകരണ സംഘങ്ങൾക്ക് കീഴിൽ കർഷക സേവന കേന്ദ്രം സ്ഥാപിക്കുന്നതിന് ധനസഹായം നൽകിവരുന്നു. സഹകരണ സ്ഥാപനങ്ങൾ വഴി കൃഷി അടിസ്ഥാനമാക്കി തോട്ടവിളകൾ സംസ്കരിക്കൽ (തേയില, കാപ്പി, റബ്ബർ, കശുവണ്ടി, അടയ്ക്ക, സുഗന്ധ വ്യഞ്ജനങ്ങൾ) ഭക്ഷ്യവിളകളുടെ സംസ്കരണം,

എണ്ണക്കുരുക്കളുടെ സംസ്കരണ യൂണിറ്റുകൾ, മറ്റ് വിധത്തിലുള്ള സംസ്കരണ യൂണിറ്റുകൾ എന്നിവ സ്ഥാപിക്കുന്നതിനും പീഡിത സംസ്കരണ യൂണിറ്റുകൾ പുനരുദ്ധരിക്കുന്നതിനും ധനസഹായം നൽകിവരുന്നു. കൂടാതെ കാർഷികോൽപ്പന്നങ്ങളുടെ ഗുണനിലവാരം, തരംതിരിക്കൽ, കമ്പോളത്തിന്റെ പശ്ചാത്തല സൗകര്യ വികസനം എന്നിവയ്ക്കും സംഭരണ ശാലകൾ നിർമ്മിക്കുന്നതിനും വിപണന സംഘങ്ങൾക്ക് പ്രോജക്ട് തയ്യാറാക്കുന്നതിനും ദുർബല വിപണന സംഘങ്ങളെ പുനരുദ്ധരിക്കുന്നതിനും പ്രാഥമിക വിപണന സംഘങ്ങളുടെ ഓഹരി മൂലധന അടിത്തറ ശക്തിപ്പെടുത്തുന്നതിനും ധനസഹായം നൽകിവരുന്നു.

(സി) എൻ.സി.ഡി.സി. 2018-19 സാമ്പത്തിക വർഷം വിവിധ സഹകരണ വികസന പദ്ധതികൾക്കായി 65 കോടി രൂപയും അഡീഷണൽ ആതറൈസേഷൻ മുഖേന 100 കോടി രൂപയും അനുവദിച്ചിരുന്നു. ഇതിൽ 1.35 കോടി രൂപ സബ്സിഡിയിനത്തിൽ അനുവദിക്കുകയും 1,09,29,930 രൂപ ചെലവഴിക്കുകയും ചെയ്തു.

**പ്രളയ ദുരിതമനുഭവിച്ചവർക്ക് സഹകരണ വകുപ്പ് നൽകുന്ന സഹായങ്ങൾ**

244 (2461) ശ്രീ. എസ്. ശർമ്മ :
ശ്രീ. സജി ചെറിയാൻ :
ശ്രീമതി വീണാ ജോർജ്ജ് :
ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെയർ കേരള പദ്ധതിയുടെ ഭാഗമായി പ്രളയത്തിൽ സമ്പൂർണ്ണമായും വീട് നഷ്ടപ്പെട്ട കുടുംബങ്ങൾക്ക് പുതിയ വീട് നിർമ്മിച്ചുനൽകുന്നതിന് കെയർ ഹോം പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) പ്രളയത്തിൽ ദുരിതമനുഭവിച്ചവർക്ക് മറ്റ് എന്തെല്ലാം സഹായങ്ങളാണ് സഹകരണ വകുപ്പ് നൽകുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്. പദ്ധതിപ്രകാരം ആദ്യഘട്ടത്തിൽ 2040 വീടുകളാണ് സംസ്ഥാനത്തൊട്ടാകെ നിർമ്മിച്ചുനൽകുന്നത്. 2019 മേയ് 31-വരെ 1184 വീടുകളുടെ നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്. ബാക്കി വീടുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ വിവിധ ഘട്ടങ്ങളിലാണ്.

(ബി) പ്രളയബാധിത പ്രദേശങ്ങളിലെ ജനങ്ങൾക്ക് ഗൃഹോപകരണങ്ങൾ വാങ്ങുന്നതിനും വീട്ടുകൾക്കുണ്ടായ ചെറിയ നാശനഷ്ടങ്ങൾ പരിഹരിക്കുന്നതിനും നഷ്ടമായ ജീവനോപാധികൾ നേടുന്നതിനുമായി 07-9-2018-ലെ സ.ഉ (കൈ) 326/2018/റവ. നമ്പർ ഉത്തരവ് പ്രകാരം സർക്കാർ പ്രഖ്യാപിച്ച RESURGENT KERALA LOAN SCHEME (RKLS) എന്ന പേരിൽ ഒരു പദ്ധതി കുടുംബശ്രീ സംവിധാനത്തിലൂടെ സഹകരണ സംഘങ്ങളുടെ പങ്കാളിത്തത്തോടെ നടപ്പാക്കിയിട്ടുണ്ട്.

പ്രളയ ബാധിതർക്ക് സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള 10,000 രൂപ സമാശ്വാസം ലഭിച്ചിട്ടുള്ള കുടുംബനാഥയ്ക്ക് ഒരു ലക്ഷം രൂപ വരെ കുടുംബശ്രീ അയൽക്കൂട്ടം മുഖാന്തരം വായ്പ നൽകുന്നു. 9% പലിശ നിരക്കിലാണ് ബാങ്കുകൾ അയൽക്കൂട്ടങ്ങൾക്ക് വായ്പ നൽകുന്നത്. ടി പലിശ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും വഹിക്കുന്നതാണ്.

സംസ്ഥാനത്തെ വിവിധ സഹകരണ സ്ഥാപനങ്ങളിൽനിന്നും എടുത്തിട്ടുള്ള കാർഷിക കടങ്ങൾക്ക് 31-7-2018 മുതൽ ഒരു വർഷത്തേയ്ക്ക് മൊറട്ടോറിയം അനുവദിച്ച് നൽകിയിരുന്നു. തുടർന്ന് പ്രസ്തുത മൊറട്ടോറിയത്തിന്റെ കാലാവധി 31-12-2019-വരെ ദീർഘിപ്പിച്ച് നൽകുന്നതിനും സഹകരണ സ്ഥാപനങ്ങളിൽ നിന്നും കർഷകർ എടുത്തിട്ടുള്ള എല്ലാ വായ്പകളിന്മേലുമുള്ള ജപ്തി നടപടികൾക്ക് 31-12-2019-വരെ മൊറട്ടോറിയം അനുവദിച്ചും നൽകിയിട്ടുണ്ട്.

പ്രളയത്തിൽ സർക്കാർ പ്രളയ ബാധിത/ഉരുൾപൊട്ടൽ ബാധിത പ്രദേശമായി പ്രഖ്യാപിച്ച 1260 വില്ലേജുകളിലെ മൃഗസംരക്ഷണ മേഖലയിലും ജീവനോപാധി നഷ്ടപ്പെട്ടവർക്കും സൂക്ഷ്മ, ചെറുകിട, ഇടത്തര വാണിജ്യ വ്യാപാര സ്ഥാപനങ്ങൾ, കടകൾ, കിസാൻ കാർഡ് ഉടമകൾ, അലങ്കാര പക്ഷി കർഷകർ, തേനീച്ച കർഷകർ എന്നീ വിവിധ മേഖലകളിലുള്ള ദുരന്തബാധിതർക്ക് അവരുടെ ഉപജീവനമാർഗ്ഗങ്ങൾ ബാങ്ക് വായ്പ ഉപയോഗപ്പെടുത്തി പുനരാരംഭിക്കുന്നതിന് ഉജ്ജീവന വായ്പാ പദ്ധതി എന്ന പേരിൽ ഒരു വായ്പാ പദ്ധതി സർക്കാരിന്റെ 17-12-2018-ലെ സ.ഉ (കൈ) 27/18 ഡി.എം.സി. നമ്പർ ഉത്തരവ് പ്രകാരം നടപ്പിലാക്കിയിട്ടുണ്ട്.

## സ്കൂളുകളിൽ സ്മാർട്ട് ക്ലാസ് മുറികളുടെ നിർമ്മാണം

245 (2462) ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി സ്കൂളുകളിൽ സ്മാർട്ട് ക്ലാസ് മുറികളും ഊർജ്ജക്ഷമതയുള്ള അടുപ്പുകളും നിർമ്മിക്കുന്നതിനുള്ള പദ്ധതി ഈ സർക്കാർ നടപ്പാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിനായി ഇതുവരെ ഏതൊക്കെ സ്കൂളുകൾക്ക് തുക അനുവദിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ;

(ബി) ഇതിനെ സംബന്ധിച്ച ജില്ല തിരിച്ചുള്ള വിവരം നൽകാമോ; പ്രസ്തുത പദ്ധതിയിൽ കൂടുതൽ സ്കൂളുകളെ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ;

### ഉത്തരം

(എ&ബി) പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സഹകരണ വകുപ്പ് മുഖാന്തരം ഒരു നിയോജകമണ്ഡലത്തിൽ ഒരു യു.പി. സ്കൂൾ വീതം 140 നിയോജകമണ്ഡലങ്ങളിലായി 140 സ്കൂളുകളിൽ സ്മാർട്ട് ക്ലാസ് റൂം നിർമ്മിക്കുന്ന പദ്ധതിയുടെ ഭാഗമായി ജില്ലാ ജോയിന്റ് രജിസ്ട്രാർമാർ, ജില്ലയിലെ ഓരോ നിയോജകമണ്ഡലത്തിലെയും എം.എൽ.എ.-മാർ ലഭ്യമാക്കുന്ന ലിസ്റ്റും സന്നദ്ധരായ സംഘങ്ങളുടെ ലിസ്റ്റും തയ്യാറാക്കിയിരുന്നു. അതോടൊപ്പം സർക്കാർ സ്കൂളുകളിൽ സഹകരണ വകുപ്പിന്റെ സഹായത്തോടെ ഊർജ്ജക്ഷമതയുള്ള അടുപ്പ് നിർമ്മിച്ചു നൽകുന്ന പദ്ധതിയും ലക്ഷ്യമിട്ടിരുന്നു.

എന്നാൽ പൊതു വിദ്യാഭ്യാസ വകുപ്പ് സ്വന്തം നിലയിൽ സംസ്ഥാനത്തെ എൽ.പി./യു.പി. സ്കൂളുകളിൽ സ്മാർട്ട് ക്ലാസ് മുറികൾ സ്ഥാപിച്ചുനൽകുന്നതിന് പദ്ധതി തയ്യാറാക്കിയ സാഹചര്യത്തിൽ സഹകരണ സംഘങ്ങൾ മുഖാന്തരം സ്മാർട്ട് ക്ലാസ് മുറികളും ഊർജ്ജക്ഷമതയുള്ള അടുപ്പുകളും നിർമ്മിച്ചുനൽകുന്ന പദ്ധതി തൽക്കാലം തുടരേണ്ടതില്ലെന്നാണ് കണക്കാക്കിയിട്ടുള്ളത്. എന്നാൽ സഹകരണ സംഘങ്ങൾ പൊതുയോഗ തീരുമാനപ്രകാരം തങ്ങളുടെ പ്രദേശത്തെ സ്കൂളുകളിൽ സ്മാർട്ട് ക്ലാസ് മുറികൾ നിർമ്മിച്ചുനൽകുന്നുണ്ട്. ഈ രീതി തുടരാവുന്നതാണ്.

തിരുവനന്തപുരം ജില്ലയിൽ 4 സഹകരണ സംഘങ്ങളുടെ സഹായത്തോടെ 4 സ്കൂളുകളിൽ സ്മാർട്ട് ക്ലാസ് റൂം പദ്ധതി നടപ്പിലാക്കുകയുണ്ടായി. കൊല്ലം ജില്ലയിൽ 11 സർവ്വീസ് സഹകരണ സംഘങ്ങൾ 11 സ്കൂളുകളിലായി സ്മാർട്ട് ക്ലാസ് റൂം പദ്ധതി നടപ്പിലാക്കുന്നതിന് സന്നദ്ധരായിട്ടുണ്ട്. തൃശ്ശൂർ ജില്ലയിലെ 5 സർവ്വീസ് സഹകരണ സംഘങ്ങൾ 5 സ്കൂളുകളിലായി പദ്ധതി നടപ്പിലാക്കുകയുണ്ടായി. മറ്റ് ജില്ലകളിലെല്ലാം തന്നെ ടി പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

വിദ്യാഭ്യാസ വകുപ്പാണ് ടി പദ്ധതി ഇപ്പോൾ നടപ്പിലാക്കിവരുന്നത് എന്നതിനാൽ ഓരോ നിയോജക മണ്ഡലത്തിലെയും എം.എൽ.എ.-മാർ നൽകുന്ന ലിസ്റ്റും സന്നദ്ധരായ സഹകരണ സംഘങ്ങളുടെ ലിസ്റ്റും തയ്യാറാക്കി ജില്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ)-മാർ അതാത് ജില്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർ നൽകുന്ന മാർഗ്ഗനിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിലാണ് നടപടികൾ സ്വീകരിച്ച് വരുന്നത്. ഇതിനായി സഹകരണ വകുപ്പ് വഴി തുകകൾ ഒന്നുംതന്നെ അനുവദിച്ച് നൽകിയിട്ടില്ല.

## കർഷകർക്ക് നൽകുന്ന പലിശ ഇളവ്

246 (2463) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കർഷകർക്ക് പലിശ ഇളവ് നൽകുന്ന പ്രഖ്യാപനം ബാങ്കുകളിൽ നടപ്പാക്കിയില്ലെന്നത് പരിശോധിക്കുമോ;

(ബി) സംസ്ഥാനത്തെ 1136 സഹകരണ ബാങ്കുകൾ കർഷകർക്ക് പലിശ ഇളവ് നൽകിയില്ലെന്ന കാര്യം പരിശോധിച്ച് നടപടി സ്വീകരിക്കുവാൻ സഹകരണസംഘം രജിസ്ട്രാർക്ക് നിർദ്ദേശം നൽകുമോ;

(സി) കൃത്യമായി ലോൺ തിരിച്ചടയ്ക്കുന്ന അപേക്ഷകർക്കെങ്കിലും പലിശയിളവ് ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ;

(ഡി) പലിശയിളവ് ലഭിക്കാത്ത അപേക്ഷകരുടെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ഇ) ഇത് പ്രത്യേകം പരിശോധിച്ച് നടപടി സ്വീകരിക്കുമോ; ഈ വിഷയത്തിൽ നാളിതുവരെ രജിസ്ട്രാർ സ്വീകരിച്ച നടപടികൾ അറിയിക്കുമോ?

<u>ഉത്തരം</u>

(എ&ബി) കർഷകർക്ക് അനുവദിക്കുന്ന പലിശയിളവ് ആനുകൂല്യങ്ങൾ എല്ലാ ജില്ലകളിലും ബാങ്കുകൾ നടപ്പാക്കിവരുന്നുണ്ട്.

കൃത്യമായി വായ്പ തിരിച്ചടയ്ക്കുന്ന കർഷകർക്ക് പലിശ ഇളവ് നൽകുന്ന ഉത്തേജന പലിശ ഇളവ് പദ്ധതി നിലവിലുണ്ട്. ഈ പദ്ധതിയിലെ വ്യവസ്ഥകൾ കർശനമായി പാലിക്കുന്നതിന് സഹകരണ സംഘം രജിസ്ട്രാർ 27-2-2019-ലെ 12/19 നമ്പർ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) കൃത്യമായി വായ്പ തിരിച്ചടയ്ക്കുന്ന കർഷകർക്ക് പലിശ ഇളവ് നൽകുന്ന ഉത്തേജന പലിശ ഇളവ് പദ്ധതിപ്രകാരം 3% നബാർഡ് വഴിയും 4% കേരള സർക്കാർ ബഡ്ജറ്റിൽ വകയിരുത്തുകയുമാണ് ചെയ്തുവരുന്നത്. സർക്കാരിൽ നിന്നും ലഭ്യമാകുന്ന തുകയ്ക്ക് ആനുപാതികമായി ജില്ലകളിൽനിന്നുള്ള ക്ലെയിം സ്റ്റേറ്റ്മെന്റ് പ്രകാരം തുക അനുവദിച്ചുനൽകുന്നുണ്ട്.

(ഡി) ജില്ലകളിൽനിന്നു ലഭ്യമായ ക്ലെയിം സ്റ്റേറ്റ്മെന്റ് അനുസരിച്ച് ജില്ല തിരിച്ചുള്ള പട്ടിക സമർപ്പിക്കുന്നു.

| ജില്ല | എണ്ണം | തുക (രൂപയിൽ) |
|---|---|---|
| തിരുവനന്തപുരം | 52323 | 215663010 |
| കൊല്ലം | 1717 | 17447339 |
| പത്തനംതിട്ട | 10712 | 53119355 |
| ആലപ്പുഴ | 13215 | 3270447 |
| കോട്ടയം | 11085 | 52074759 |
| ഇടുക്കി | 140343 | 165803406 |
| എറണാകുളം | 23796 | 476269137 |
| തൃശ്ശൂർ | 88584 | 225653208 |
| പാലക്കാട് | 60616 | 110058166 |
| മലപ്പുറം | 21976 | 38615322 |
| കോഴിക്കോട് | 10481 | 27306857 |
| വയനാട് | 29447 | 123868960 |
| കണ്ണൂർ | 141654 | 225498601 |
| കാസർഗോഡ് | 120876 | 54489787 |
| ആകെ | 726825 | 1789138354 |

(ഇ) ജില്ലകളിൽനിന്നും ലഭ്യമാകുന്ന ക്ലെയിം സ്റ്റേറ്റ്മെന്റ് പ്രാകാരം അതാത് വർഷം ബഡ്ജറ്റിൽ അനുവദിക്കുന്ന തുകയ്ക്ക് ആനുപാതികമായി എല്ലാ വർഷവും തുക അനുവദിച്ച് നൽകുന്നുണ്ട്. 2019-20 വർഷത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള 7 കോടി രൂപ ജില്ലകൾക്ക് അനുവദിച്ച് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**സഹകരണ സംഘങ്ങളുടെ ആധുനികവൽക്കരണം**

247 (2464) ശ്രീ. കെ. വി. അബ്ദുൾ ഖാദർ:
ശ്രീ. കെ. ബാബു:
ശ്രീ. വി. ജോയി:
ശ്രീ. സി. കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനകീയ പ്രസ്ഥാനമായി മാറിയ സഹകരണ സംഘങ്ങളെ ആധുനികവൽക്കരിച്ചും കാര്യക്ഷമത വർദ്ധിപ്പിച്ചും സാധാരണക്കാരന്റെ ബാങ്ക് എന്ന സ്ഥിതിയിലേയ്ക്ക് ഉയർത്താൻ നടത്തിവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിവരിക്കാമോ;

(ബി) സാമ്പത്തിക സുസ്ഥിരതയിൽ വീഴ്ച വരുത്താതെ സാമൂഹ്യപ്രതിബദ്ധത നിറവേറ്റുകയെന്ന ലക്ഷ്യത്തോടെ ഏറ്റെടുത്തിട്ടുള്ള പ്രധാന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; കെയർകേരള, കെയർഹോം, കെയർ ലോൺ പദ്ധതികൾ വഴി ചെയ്തുവരുന്ന പ്രവർത്തനം വിശദമാക്കാമോ;

(സി) റിസ്ക് ഫണ്ട് പദ്ധതിപ്രകാരം അനുവദിച്ച സഹായധനം എത്രയെന്നും ഇതുവഴി എത്ര പേർക്ക് സഹായധനം ലഭ്യമാക്കിയെന്നും അറിയിക്കാമോ?

ഉത്തരം

(എ) വിശദമാക്കാം. സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളിൽ കോർ ബാങ്കിംഗ് പദ്ധതി, നെറ്റ് ബാങ്കിംഗ്, എ.ടി.എം., ആർ.റ്റി.ജി.എസ്, എൻ.ഇ.എഫ്.റ്റി. തുടങ്ങിയ ആധുനിക ബാങ്കിംഗ് സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾക്ക് ഏകീകൃത സോഫ്റ്റ്‌വെയർ ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സർക്കാർതലത്തിൽ പുരോഗമിച്ചുവരികയാണ്.

കാർഷിക വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകൾ ഇവയ്ക്കുള്ള ധനസഹായം എന്ന സംസ്ഥാന പദ്ധതിയിൽ ഉൾപ്പെടുത്തി "കോർ ബാങ്കിംഗ് " ധനസഹായമായി പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾക്ക് സബ്സിഡി, ഓഹരി, വായ്പാ എന്നീ ശീർഷകങ്ങളിലായി 10 ലക്ഷം രൂപ വരെയും പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ ഒഴികെയുള്ള മറ്റ് സഹകരണ സംഘങ്ങൾക്കുള്ള ധനസഹായം എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി മറ്റ് സഹകരണ സംഘങ്ങൾക്ക് സബ്സിഡി, ഓഹരി, വായ്പാ എന്നീ ശീർഷകങ്ങളിലായി 3 ലക്ഷം രൂപ വരെയും ധനസഹായം സംഘങ്ങളുടെ ആധുനികവൽക്കരണത്തിനായി അനുവദിച്ചുവരുന്നു.

(ബി) സാമൂഹ്യ സുരക്ഷാ പെൻഷൻ സഹകരണ സംഘങ്ങൾ വഴി ഗുണഭോക്താക്കളുടെ വീട്ടിൽ എത്തിക്കുന്ന പദ്ധതി നടപ്പിലാക്കി. സഹകരണ മേഖലയുടെ കരുത്തും കാര്യക്ഷമതയും വിപുലമായ സ്വാധീനവും സാമൂഹ്യ പ്രതിബദ്ധതയും തെളിയിക്കുന്ന പ്രവർത്തനമായിരുന്നു സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണം. സംസ്ഥാന സർക്കാരിന് ഓണം, വിഷു എന്നിവയോടനുബന്ധിച്ച് സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണം നടത്തുന്നതിലേയ്ക്കായി സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങളിൽനിന്നും 4,407.78 കോടി രൂപ വായ്പയായി സ്വരൂപിച്ച് നൽകിയിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.-യിൽനിന്നും വിരമിച്ച ജീവനക്കാർക്ക് സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളുടെ കൺസോർഷ്യം രൂപീകരിച്ച് പെൻഷൻ വിതരണം നടത്തുന്നതിന് സഹകരണ വകുപ്പിനെ ചുമതലപ്പെടുത്തി സർക്കാർ ഉത്തരവായതിന്റെ അടിസ്ഥാനത്തിൽ 2018 ഫെബ്രുവരി മാസം മുതൽ 2019 ജൂൺ മാസം വരെയുള്ള പെൻഷൻ വിതരണം സഹകരണ വകുപ്പ് മുഖേന നടത്തിയിട്ടുണ്ട്. 2018 നവംബർ മാസം വരെ പെൻഷൻ വിതരണത്തിനായി വിവിധ സഹകരണ സംഘങ്ങളിൽനിന്നും ശേഖരിച്ച തുക 10 ശതമാനം പലിശ സഹിതം തിരികെ നൽകിയിട്ടുണ്ട്.

സാമ്പത്തിക സുസ്ഥിരതയിൽ വീഴ്ച വരുത്താതെ സാമൂഹ്യപ്രതിബദ്ധത നിറവേറ്റുക എന്ന ലക്ഷ്യത്തോടെ സഹകരണ നിക്ഷേപ ഗ്യാരണ്ടി സ്കീം, സഹകരണ റിസ്ക് ഫണ്ട് പദ്ധതി, സഹകരണ അംഗ സമാശ്വാസ നിധി സ്കീം എന്നിവ നടപ്പിലാക്കിവരുന്നു.

കൂടാതെ, ബ്ലേഡ് പലിശക്കാർ എന്ന മഹാവിപത്ത് ഗ്രാമീണ മേഖലയിൽ ഉണ്ടാകുന്ന കഷ്ടനഷ്ടങ്ങൾക്ക് ഒരു പരിധിവരെ അറുതി വരുത്തുന്നതിനും സമൂഹത്തിന്റെ താഴെത്തട്ടിലുള്ളവരിൽ സാമ്പത്തിക സാക്ഷരത വളർത്തുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ കുടുംബശ്രീയുമായി സഹകരിച്ച് "മുറ്റത്തെ മുല്ല" ഗ്രാമീണ ലഘുവായ്പാ പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്.

സംസ്ഥാനത്തെ സഹകരണ സംഘങ്ങൾ ബാങ്കുകളുടെ കുടിശ്ശിക കുറയ്ക്കുന്നതിനും കൃത്യമായ വായ്പ തിരിച്ചടവ് പ്രോത്സാഹിപ്പിച്ച് സംഘങ്ങൾ/ബാങ്കുകളെ പരമാവധി കുടിശ്ശിക രഹിത സംഘങ്ങൾ/ ബാങ്കുകളാക്കി മാറ്റുന്നതിനും സഹകാരികൾക്ക് അവരുടെ കടബാധ്യതയിൽനിന്നും ആശ്വാസം നൽകുന്നതിനുമായി നവകേരളീയം കുടിശ്ശിക നിവാരണം ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്.

2011-12 സാമ്പത്തിക വർഷം മുതൽ സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ/ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്കുകൾ, കാർഷിക ഗ്രാമ വികസന ബാങ്കുകൾ എന്നിവ മുഖേന വിതരണം ചെയ്യുന്ന ഹ്രസ്വകാല കാർഷിക വായ്പകൾ കൃത്യമായി തിരിച്ചടയ്ക്കുന്ന കർഷകരുടെ പലിശ പൂർണ്ണമായി ഒഴിവാക്കി പലിശരഹിത വായ്പയായി മാറ്റുന്നതിന് കേരള സംസ്ഥാന സർക്കാർ പദ്ധതിയേതര വിഹിതത്തിൽ ഉത്തേജന പലിശയിളവ് പദ്ധതി നടപ്പിലാക്കിവരുന്നു.

പ്രാഥമിക കാർഷിക സഹകരണ ബാങ്കുകളിൽനിന്നും കാർഷിക വായ്പ എടുത്ത് കൃത്യമായി തിരിച്ചടവ് നടത്തിയിട്ടുള്ള കർഷകർക്ക് സമാശ്വാസ തുക അനുവദിച്ചുനൽകുന്നതിനുവേണ്ടി കേരള സംസ്ഥാന സർക്കാരിന്റെ പദ്ധതിയേതര വിഹിതത്തിൽ കാർഷികോൽപ്പാദന ചെലവ് സമാശ്വാസ പദ്ധതി നടപ്പിലാക്കി വരുന്നു.

സംസ്ഥാനത്തുണ്ടായ പ്രളയദുരന്തത്തിന്റെ ഫലമായി വീടും സ്വത്തുക്കളും ജീവനോപാധികളും നഷ്ടപ്പെട്ട കുടുംബങ്ങളുടെ പുനരധിവാസത്തിന്റെ ഭാഗമായി സംസ്ഥാന സഹകരണ വകുപ്പ് ആവിഷ്ക്കരിച്ച പദ്ധതിയാണ് കെയർ കേരള. ഈ പദ്ധതിയിൽ കെയർഹോം, കെയർ ലോൺ, കെയർ ഗ്രേസ് എന്നിങ്ങനെ 3 ഘടകങ്ങളാണുള്ളത്. പ്രളയദുരന്തത്തിൽ സമ്പൂർണ്ണമായും വീട് നഷ്ടപ്പെട്ടവർക്ക് സഹകരണ സംഘങ്ങളുടെ സഹായത്തോടെ വീട് നിർമ്മിച്ച് നൽകുന്ന പദ്ധതിയാണ് കെയർഹോം പദ്ധതി. പദ്ധതിയിൽ ഉൾപ്പെടുത്തി ആദ്യഘട്ടമായി 2040 വീടുകളാണ് സംസ്ഥാനത്തൊട്ടാകെ നിർമ്മിച്ചുനൽകുന്നത്. റവന്യൂ വകുപ്പിലൂടെ ജില്ലാകളക്ടർമാർ ലഭ്യമാക്കുന്ന പട്ടികയിൽനിന്നുമാണ് ഗുണഭോക്താക്കളെ നിശ്ചയിക്കുന്നത്. സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നുള്ള തുക ഉൾപ്പെടെ 5 ലക്ഷം രൂപയാണ് വീടൊന്നിന് നിർമ്മാണത്തിനായി അനുവദിക്കുന്നത്. കെട്ടിട നിർമ്മാണത്തിന് ആവശ്യമായ സാങ്കേതിക മേൽനോട്ടം വഹിക്കുന്നതിനായി സംസ്ഥാനതല സാങ്കേതിക ഉപദേശക സമിതി രൂപീകരിച്ചിട്ടുണ്ട്. നിർമ്മാണത്തിൽ സുതാര്യതയും ജനകീയ പങ്കാളിത്തവും ഉറപ്പ് വരുത്തുന്നതിനായി ഓരോ വീടിനും ഒരു ഗുണഭോക്തൃ സമിതി രൂപീകരിച്ചിട്ടുണ്ട്.

31-5-2019 വരെ സംസ്ഥാനത്തൊട്ടാകെ 1184 വീടുകളുടെ നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്. ബാക്കി വീടുകളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിലാണ്. 2019 ജൂൺ 30-നകം നിർമ്മാണം പൂർത്തിയാക്കി ഗുണഭോക്താക്കൾക്ക് നൽകുന്നതിനാണ് ലക്ഷ്യമിടുന്നത്. പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ ഭൂരഹിതർക്ക് വീട് വച്ച് നൽകുന്നതിനാണ് ലക്ഷ്യമിടുന്നത്. അതിന്റെ നടപടികൾ പ്രാരംഭ ഘട്ടത്തിലാണ്.

കെയർ ലോൺ പദ്ധതിപ്രകാരം പ്രളയബാധിത പ്രദേശങ്ങളിലെ ജനങ്ങൾക്ക് ഗൃഹോപകരണങ്ങൾ വാങ്ങുന്നതിനും വീടുകൾക്കുണ്ടായ ചെറിയ നാശനഷ്ടങ്ങൾ പരിഹരിക്കുന്നതിനും നഷ്ടമായ ജീവനോപാധികൾ നേടുന്നതിനുമായി സർക്കാർ ഉത്തരവ് പ്രകാരം പ്രഖ്യാപിച്ച റീസർജന്റ് കേരള ലോൺ സ്കീം എന്ന പദ്ധതി കുടുംബശ്രീ സംവിധാനത്തിലൂടെ സഹകരണ സംഘങ്ങളുടെ പങ്കാളിത്തത്തോടെ നടപ്പിലാക്കിയിട്ടുണ്ട്. പ്രളയബാധിതർക്ക് സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള 10,000 രൂപ സമാശ്വാസം ലഭിച്ചിട്ടുള്ള കുടുംബ നാഥയ്ക്ക് 1 ലക്ഷം രൂപ വരെ ബാങ്ക് വായ്പ കുടുംബശ്രീ അയൽക്കൂട്ടം മുഖാന്തരം നൽകുന്നു. 9 ശതമാനം പലിശ നിരക്കിലാണ് ബാങ്കുകൾ കുടുംബശ്രീക്ക് വായ്പ നൽകുന്നത്.

സംസ്ഥാന പദ്ധതിയിൽ ഉൾപ്പെടുത്തി കെയർ കേരള പദ്ധതി സഹായം എന്ന സ്കീമിൽ 2019-20 സാമ്പത്തിക വർഷം 10 ലക്ഷം രൂപ പദ്ധതി നടത്തിപ്പ് ഭരണ ചെലവിനായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

(സി) റിസ്ക് ഫണ്ട് പദ്ധതി മുഖേന 10-5-2019 വരെ അർഹരായ 51122 പേർക്ക് 366,08,31,804 രൂപ ധനസഹായം അനുവദിച്ചിട്ടുണ്ട്.

## സംസ്ഥാന സർവ്വീസ് സഹകരണ ബോർഡിന്റെ ജനറൽ മാനേജർ തസ്തിക

248 (2465) <u>ശ്രീ. എം. ഉമ്മർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന സർവ്വീസ് സഹകരണ ബോർഡിന്റെ 27-12-2018- ലെ 4/2018 വിജ്ഞാപന പ്രകാരം കാറ്റഗറി 1 /2018 എ ജനറൽ മാനേജർ തസ്തികയിൽ കൊല്ലം അർബൺ സഹകരണ ബാങ്കിലെ ഒഴിവിലേയ്ക്ക് നടത്തിയ പരീക്ഷയിൽ പരീക്ഷാ ബോർഡ് ഉദ്യോഗാർത്ഥികളെ പരീക്ഷയ്ക്കായി തെരഞ്ഞെടുത്തത് നിഷ്കർഷിച്ച അനുഭവ പരിജ്ഞാന സർട്ടിഫിക്കറ്റിന്റെ പരിശോധനയ്ക്ക് ശേഷമാണോ എന്ന് വിശദമാക്കാമോ;

(ബി) നിഷ്കർഷിച്ച അനുഭവ പരിജ്ഞാനമുള്ള ഉദ്യോഗാർത്ഥികൾ മാത്രമാണോ ഈ പരീക്ഷ എഴുതിയത്;

(സി) പ്രസ്തുത പരീക്ഷയുടെ കട്ട് ഓഫ് മാർക്ക് എത്രയായിരുന്നു എന്നറിയിക്കാമോ: വിശദമാക്കുമോ;

(ഡി) പ്രസ്തുത തസ്തികയിൽ ഷോർട്ട് ലിസ്റ്റിൽ എത്ര പേർ ഉൾപ്പെട്ടിട്ടുണ്ടെന്നും പ്രസ്തുത ഉദ്യോഗാർത്ഥികൾ നിഷ്കർഷിച്ച പ്രകാരമുള്ള അനുഭവ പരിജ്ഞാന സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടുണ്ടോ എന്നും വിശദമാക്കാമോ;

(ഇ) പ്രസ്തുത ബാങ്കിലേയ്ക്ക് മാത്രമായി ജനറൽ മാനേജർ തസ്തികയിലേക്ക് കഴിഞ്ഞ രണ്ട് വർഷത്തിനിടെ വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നോ;

(എഫ്) പ്രസ്തുത തസ്തികയിൽ നിയമനം നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന്റെ കാരണം വിശദമാക്കാമോ?

ഉത്തരം

(എ&ബി) സഹകരണ സർവീസ് പരീക്ഷാ ബോർഡിലേയ്ക്ക് അപേക്ഷ അയയ്ക്കുന്ന ഉദ്യോഗാർത്ഥികളെ സോപാധികമായി എഴുത്തു പരീക്ഷയിൽ ഉൾപ്പെടുത്താറുണ്ട്. 4/2018-ാം നമ്പർ വിജ്ഞാപനത്തിലും ഇപ്രകാരമാണ് ഉദ്യോഗാർത്ഥികളെ എഴുത്തുപരീക്ഷയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

(സി) ചട്ടം 182 (4) (iii) പ്രകാരം എഴുത്തു പരീക്ഷയ്ക്ക് 40 ശതമാനം മാർക്ക് ലഭിക്കുന്ന ഉദ്യോഗാർത്ഥികളിൽ ഒരൊഴിവിന് പത്തിരട്ടി (1:10 എന്ന അനുപാതത്തിൽ) എന്ന നിലയിലാണ് യോഗ്യതാ ലിസ്റ്റ് തയ്യാറാക്കുന്നത്. ബാങ്കിന്റെ യോഗ്യതാ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള ഉദ്യോഗാർത്ഥികളുടെ അഭിമുഖത്തിന്റെ മാർക്ക് ലിസ്റ്റ് ലഭിക്കുന്ന മുറയ്ക്ക് മാത്രമേ മൂല്യനിർണ്ണയ കേന്ദ്രത്തിൽനിന്നും എഴുത്ത് പരീക്ഷയുടെ മാർക്ക് ലഭിക്കുകയുള്ളൂ. അഭിമുഖം നടത്തി ലിസ്റ്റ് ലഭ്യമല്ലാത്തതിനാൽ കട്ട് ഓഫ് മാർക്ക് അറിയാൻ കഴിയുകയില്ല.

(ഡി) പ്രസ്തുത ലിസ്റ്റിൽ 11 പേർ ഉൾപ്പെട്ടിട്ടുണ്ട്. ടി ഉദ്യോഗാർത്ഥികളുടെ അനുഭവ പരിജ്ഞാന സർട്ടിഫിക്കറ്റ് സംബന്ധിച്ച പരിശോധന പൂർത്തീകരിച്ചിട്ടില്ലാത്തതാണ്.

(ഇ) സഹകരണ സർവീസ് പരീക്ഷാ ബോർഡിന്റെ 22-4-2013-ലെ 24/13-ാം നം. വിജ്ഞാപനത്തിലും 27-12-2018-ലെ 4/2018-ാം നമ്പർ വിജ്ഞാപനത്തിലും കൊല്ലം സഹകരണ അർബൻ ബാങ്കിന്റെ ജനറൽ മാനേജർ തസ്തിക ഉൾപ്പെടുത്തിയിട്ടുണ്ട്.

(എഫ്) നിയമനം നടത്തിയിട്ടില്ല. യോഗ്യതാ ലിസ്റ്റ് അയച്ചുകൊടുത്തിട്ടില്ല.

**സഹകരണ സ്ഥാപനങ്ങൾ വഴി ക്ഷേമ പെൻഷനുകൾ**

249 (2466) ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ കൽപ്പറ്റ മണ്ഡലത്തിൽ എത്ര കോടി രൂപയുടെ ക്ഷേമപെൻഷനുകൾ സഹകരണ സ്ഥാപനങ്ങൾ വഴി വിതരണം ചെയ്തിട്ടുണ്ട്; വർഷം തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ;

(ബി) ഈ സർക്കാർ വയനാട് ജില്ലയിൽ എത്ര കോടി രൂപയുടെ ക്ഷേമപെൻഷനുകൾ സഹകരണ സ്ഥാപനങ്ങൾ വഴി വിതരണം ചെയ്തിട്ടുണ്ട്; വർഷം തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ?

ഉത്തരം

(എ)

| വർഷം | തുക |
|---|---|
| 2016 | 16,11,16,100 രൂപ |
| 2017 | 11,90,70,400 രൂപ |
| 2018 | 14,21,00,800 രൂപ |
| 2019 | 6,30,35,200 രൂപ |

(ബി)

| വർഷം | തുക |
|---|---|
| 2016 | 43,24,43,400 രൂപ |
| 2017 | 41,67,55,400 രൂപ |
| 2018 | 43,63,49,900 രൂപ |
| 2019 | 19,21,39,400 രൂപ |

**സംസ്ഥാന കാർഷികവികസന ബാങ്ക്**

250 (2467) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന കാർഷികവികസന ബാങ്കിന്റെ എറണാകുളം ജില്ലയിലുള്ള ട്രെയിനിംഗ് സെന്ററിന്റെ നവീകരണത്തിനായി ചെലവാക്കിയ തുക എത്ര; ഇനം തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ;

(ബി) സംസ്ഥാന കാർഷികവികസന ബാങ്ക് പത്തനംതിട്ടയിൽ വാങ്ങിയ സ്ഥലത്തിന് ഫെയർവാല്യുവിലും കൂടിയ ഫീസിനത്തിൽ സ്ഥലം രജിസ്റ്റർ ചെയ്തിട്ടുണ്ടോ; എങ്കിൽ രജിസ്ട്രേഷൻ നടത്തിയ ആധാരത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) കാർഷിക വികസനബാങ്കിന്റെ എല്ലാ ഓഫീസുകളിലും കമ്പ്യൂട്ടറൈസേഷൻ നടപ്പിലാക്കുന്നതിന്റെ ഭാഗമായി സോഫ്റ്റ്‌വെയർ വാങ്ങിച്ചത് എത്ര തുകയ്ക്കാണ്; ഏത് സർക്കാർ അംഗീകൃത ഏജൻസിയിൽ നിന്നാണ് സോഫ്റ്റ്‌വെയർ വാങ്ങിച്ചത്; ഭരണസമിതി അനുവാദം നൽകിയ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(ഡി) 2013-2018 കാലഘട്ടത്തിൽ ബാങ്കിൽ എത്രപേരെ താത്കാലിക ജീവനക്കാരായി നിയമിച്ചുവെന്നും അവരുടെ യോഗ്യതകൾ എന്തൊക്കെ ആയിരുന്നുവെന്നും വിശദമാക്കാമോ;

(ഇ) സംസ്ഥാന കാർഷിക വികസന ബാങ്കിൽ നിലവിൽ എത്ര ഒഴിവുകൾ ഉണ്ട്; പ്രസ്തുത ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; ടി ഒഴിവുകളിൽ പി.എസ്.സി. വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) കേരള സംസ്ഥാന സഹകരണ കാർഷിക വികസന ബാങ്കിന്റെ എറണാകുളം ജില്ലയിലുള്ള ട്രെയിനിംഗ് സെന്ററിന്റെ നവീകരണത്തിനായി ആകെ 3,26,49,901 രൂപ ബാങ്ക് ചെലവഴിച്ചിട്ടുണ്ട്.

ഇനം തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു:

1. സിവിൽ, ഇലക്ട്രിക്കൽ, പ്ലംബിംഗ് മുതലായ പണികൾക്ക് കോൺട്രാക്ടർക്ക് നാളിതുവരെ 2,95,00,000 രൂപ കൊടുത്തിട്ടുണ്ട്.

2. ലിഫ്റ്റിന്റെ പണികൾക്കായി ഒ.റ്റി. ഐ.എസ്. കമ്പനിക്ക് 17,50,732 രൂപ നൽകിയിട്ടുണ്ട്.

3. കെട്ടിട പണികളുടെ കൺസൾട്ടന്റിന് 13,99,169 രൂപ നൽകിയിട്ടുണ്ട്.

(ബി) പത്തനംതിട്ട ജില്ലാ ഓഫീസിനുവേണ്ടി സ്ഥലം വാങ്ങിയത് സംബന്ധിച്ച് വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ അന്വേഷണം നടത്തിവരുന്നു.

(സി) എ.എക്സ്.എൽ. ടെക്നോ സിസ്റ്റംസ് പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനിയെ തെരഞ്ഞെടുത്ത് 2,94,69,916 രൂപയ്ക്ക് കരാർ നൽകിയിരുന്നു (ഉത്തരവിന്റെ പകർപ്പ് അനുബന്ധം ആയി ചേർത്തിരിക്കുന്നു*.)

(ഡി) 2013-18 കാലഘട്ടത്തിൽ 195 പേരെ താത്കാലിക ജീവനക്കാരായി നിയമിച്ചിരുന്നു. ആയതിന്റെ വിവരങ്ങൾ അനുബന്ധം-2 ആയി ചേർത്തിരിക്കുന്നു.+

(ഇ) ബാങ്കിന്റെ സ്റ്റാഫ് പാറ്റേൺ പരിഷ്കരിച്ച് ഉത്തരവാകാത്തതിനാൽ ബാങ്കിലെ എല്ലാ തസ്തികകളിലേയും ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ കഴിഞ്ഞിട്ടില്ല. എന്നാൽ വളരെ അത്യാവശ്യമായ തസ്തികകളായ അഗ്രികൾച്ചറൽ ഓഫീസർമാരുടെ 14-ഉം അസിസ്റ്റന്റുമാരുടെ 28-ഉം ഒഴിവുകൾ സർക്കാർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ഇപ്പോഴത്തെ പാർട്ട് ടൈം അഡ്മിനിസ്ട്രേറ്റർ പി.എസ്.സി.- ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

## കാർഷിക-ഗ്രാമവികസന ബാങ്കിലെ വായ്പയ്ക്ക് ഈടായി നൽകിയ ആധാരങ്ങൾ

251 (2468) ശ്രീ. ബി. ഡി. ദേവസ്സി: താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചാലക്കുടി സഹകരണ കാർഷിക-ഗ്രാമവികസന ബാങ്കിലെ അംഗങ്ങൾ വായ്പയ്ക്ക് ഈടായി നൽകിയ ആധാരങ്ങൾ പ്രളയത്തിൽ നശിച്ചുപോയതിന് പകരമായി ആധാരങ്ങളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ സൗജന്യമായും കാലതാമസം കൂടാതെയും നൽകുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

2018 ആഗസ്റ്റ് മാസത്തിൽ സംഭവിച്ച പ്രളയത്തിൽ ചാലക്കുടി താലൂക്ക് പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കിൽ വായ്പയ്ക്ക് ഈടായി വച്ചിരുന്ന 35 ആധാരങ്ങൾ പൂർണ്ണമായും 244 ആധാരങ്ങൾ ഭാഗികമായും നഷ്ടപ്പെട്ടിട്ടുള്ളതാണ്. ടി ആധാരങ്ങളുടെ പകർപ്പുകൾ സൗജന്യമായി സാക്ഷ്യപ്പെടുത്തി ലഭിക്കുന്നതിനായി ബാങ്ക് അധികൃതർ 28-11-2018-ന് രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിന് അപേക്ഷ സമർപ്പിച്ചിട്ടുള്ളതും 11-12-2018-ന് രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ മേലാധാരങ്ങളുടെ ബന്ധപ്പെട്ട രജിസ്ട്രാർ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ആഫീസുകളെ സമീപിക്കുന്നതിന് നിർദ്ദേശിക്കുകയുമുണ്ടായി. ആയത് പ്രകാരം ബാങ്ക് ചാലക്കുടി, അന്നമനട, മാള, കോടാലി, കല്ലേറ്റുംകര എന്നീ രജിസ്റ്റാർ ആഫീസുകളിലെ സബ് രജിസ്റ്റാർമാർക്ക് ആധാരങ്ങൾ നഷ്ടപ്പെട്ടുപോയവരുടെ ലിസ്റ്റുകൾ സമർപ്പിച്ചിട്ടുണ്ട്.

പ്രളയത്തിൽ നശിച്ചുപോയതിന് പകരമായി ആധാരങ്ങളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ സൗജന്യമായും കാലതാമസം കൂടാതെയും നൽകുന്നതിന് രജിസ്ട്രേഷൻ വകുപ്പിനോട് അഭ്യർത്ഥിക്കുന്നതാണ്.

## ക്രെഡിറ്റ് സഹകരണ സംഘങ്ങൾ

252 (2469) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് തിരുവനന്തപുരം ജില്ലയിൽ എത്ര ക്രെഡിറ്റ് സഹകരണസംഘങ്ങൾ രൂപീകരിച്ചിട്ടുണ്ട് ; വ്യക്തമാക്കാമോ;

(ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് തിരുവനന്തപുരം ജില്ലയിൽ എത്ര നോൺ ക്രെഡിറ്റ് സഹകരണസംഘങ്ങൾ രൂപീകരിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ?

### ഉത്തരം

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് തിരുവനന്തപുരം ജില്ലയിൽ 45 ക്രെഡിറ്റ് സഹകരണ സംഘങ്ങൾ രൂപീകരിച്ചിട്ടുണ്ട്.

(ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് തിരുവനന്തപുരം ജില്ലയിൽ 343 നോൺ ക്രെഡിറ്റ് സഹകരണ സംഘങ്ങൾ രൂപീകരിച്ചിട്ടുണ്ട്.

## തിരുവനന്തപുരം ജില്ലയിലെ പുതിയ സഹകരണ സംഘങ്ങൾ

253 (2470) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം തിരുവനന്തപുരം ജില്ലയിൽ പുതിയതായി എത്ര സഹകരണ സംഘങ്ങൾ രൂപീകരിച്ചിട്ടുണ്ടെന്നും അവ എവിടെയെല്ലാമെന്നും വ്യക്തമാക്കുമോ;

(ബി) തിരുവനന്തപുരം ജില്ലയിലെ ലാഭകരമായി പ്രവർത്തിക്കുന്ന സഹകരണ സ്ഥാപനങ്ങൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സഹകരണ വകുപ്പിന്റെ കീഴിൽ തിരുവനന്തപുരം ജില്ലയിൽ പുതുതായി 85 സഹകരണ സംഘങ്ങൾ രൂപീകരിച്ചിട്ടുണ്ട്. ലിസ്റ്റ് അനുബന്ധം 1 ആയി ചേർക്കുന്നു.*

(ബി) വ്യക്തമാക്കാം. ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.*

**സഹകരണസംഘങ്ങളിലെ അഡ്മിനിസ്ട്രേറ്റർ ഭരണം**

254 (2471) <u>ശ്രീ. അനൂപ് ജേക്കബ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രാഥമിക സഹകരണസംഘങ്ങൾ ഉൾപ്പെടെ ആകെ എത്ര സഹകരണസംഘങ്ങൾ പ്രവർത്തിക്കുന്നുവെന്ന് അറിയിക്കുമോ;

(ബി) അവയിൽ എത്ര സംഘങ്ങളിലാണ് അഡ്മിനിസ്ട്രേറ്റർ ഭരണം നിലവിലുള്ളത് എന്ന് വ്യക്തമാക്കുമോ;

(സി) പിറവം മണ്ഡലത്തിൽ മണീട് സർവ്വീസ് സഹകരണ സംഘത്തിൽ അഡ്മിനിസ്ട്രേറ്റർ ഭരണം നിലവിലുണ്ടോയെന്നും എങ്കിൽ അഡ്മിനിസ്ട്രേറ്റർ ഭരണം നിലവിൽ വരാനിടയായ സാഹചര്യമെന്താണെന്നും അവിടെ തെരഞ്ഞെടുപ്പ് നടത്താത്തതിന്റെ കാരണമെന്താണെന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് സഹകരണ വകുപ്പിന്റെ നിയന്ത്രണത്തിൽ പ്രാഥമിക സഹകരണ സംഘങ്ങൾ ഉൾപ്പെടെ ആകെ 13725 സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നു.

(ബി) അവയിൽ 1093 സഹകരണ സംഘങ്ങളിൽ അഡ്മിനിസ്ട്രേറ്റർ ഭരണമാണ് നിലവിലുള്ളത്.

(സി) മണീട് സർവ്വീസ് സഹകരണ ബാങ്കിൽ നിലവിൽ അഡ്മിനിസ്ട്രേറ്റർ ഭരണം നിലനിൽക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ടി ബാങ്കിലെ ഭരണസമിതിയിലേയ്ക്ക് ഏറ്റവും ഒടുവിൽ 22-12-2013- ലാണ് ഇലക്ഷൻ നടന്നിട്ടുള്ളത്. ഭരണസമിതിയുടെ കാലാവധി 21-12-2018-ന് കഴിഞ്ഞിട്ടുള്ളതാണ്. ബാങ്കിലെ മൊത്തം 6718 അംഗങ്ങളിൽ 748 പേരുടെ വിവരങ്ങൾ 6(ബി) രജിസ്റ്ററിൽ ഇല്ലാത്തതും 334 അംഗങ്ങൾക്ക് 6(ബി) രജിസ്റ്ററിൽ ഫോട്ടോ പതിച്ചിട്ടില്ലാത്തതുമാണ്. ആയതിനാൽ മൂവാറ്റുപുഴ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ആഫീസിൽനിന്നും ഇലക്ഷന് ശിപാർശ ചെയ്തിരുന്നില്ല.

തെരഞ്ഞെടുപ്പ് സംബന്ധിച്ച വിവരങ്ങൾ സഹകരണ ഇലക്ഷൻ കമ്മീഷന്റെ ഔദ്യോഗിക വെബ്സൈറ്റിൽ മൂവാറ്റുപുഴ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ആഫീസിൽനിന്നും അപ്‌ലോഡ് ചെയ്തിട്ടുള്ളതാണ്. ആയതിന്മേൽ സഹകരണ ഇലക്ഷൻ കമ്മീഷൻ ഇലക്ഷൻ നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചിട്ടില്ല. ആയതിനാലാണ് തെരഞ്ഞെടുപ്പ് നടത്താൻ സാധിക്കാത്തത്.

നിലവിലുള്ള ഭരണസമിതിയുടെ കാലാവധി 21-12-2018-ൽ അവസാനിച്ചതിനാൽ ഭരണസ്തംഭനം ഒഴിവാക്കുന്നതിന് എറണാകുളം ജോയിന്റ് രജിസ്ട്രാർ-(ജനറൽ)ടെ 20-12-2018-ലെ സി.ആർ.പി.(2) 8299/2018 നമ്പർ ഉത്തരവ് പ്രകാരം പാർട്ട് ടൈം അഡ്മിനിസ്ട്രേറ്ററെ കേരള സഹകരണ നിയമം വകുപ്പ് 33(1) പ്രകാരം നിയമിച്ച് ഉത്തരവായിട്ടുള്ളതും അഡ്മിനിസ്ട്രേറ്റർ 22-12-2018-ൽ ചുമതല ഏറ്റെടുത്തിട്ടുള്ളതുമാണ്.

## കൺസ്യൂമർ ഫെഡുകളിലെ പർച്ചേസ് നടപടികൾ

255 (2472) <u>ശ്രീ. എം. രാജഗോപാലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൺസ്യൂമർ ഫെഡുകളിലേക്ക് സാധനം പർച്ചേസ് ചെയ്യുന്നതിന് എന്തൊക്കെ സുതാര്യമായ നടപടികളാണ് ഈ സർക്കാർ നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഇടനിലക്കാരെ ഒഴിവാക്കി ഭക്ഷ്യവസ്തുക്കൾ ഉത്പാദകരിൽ നിന്നും നേരിട്ട് വാങ്ങാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ) കൺസ്യൂമർഫെഡിലേയ്ക്ക് ആവശ്യമായ സാധനങ്ങൾ ഗുണനിലവാരവും വിലക്കുറവും ഉറപ്പുവരുത്തി വാങ്ങുന്നതിനായി എല്ലാ മാസവും രണ്ട് പ്രമുഖ ദിനപ്പത്രങ്ങളിൽ പരസ്യം നൽകി ആവശ്യമായ ഭക്ഷ്യസാധനങ്ങൾ ഇ-ടെണ്ടറിലൂടെ പർച്ചേസ് ചെയ്യുന്നു. പരസ്യ തീയതി മുതൽ 7 ദിവസം വരെ ക്വട്ടേഷൻ നൽകുന്നതിന് വിതരണക്കാർക്ക് സമയം നൽകുന്നു. ക്വട്ടേഷൻ ഓപ്പൺ ചെയ്ത് 2 ദിവസം കഴിഞ്ഞ് വിതരണക്കാരിൽനിന്നും ലഭിക്കുന്ന ഭക്ഷ്യവസ്തുക്കളുടെ സാമ്പിളിന്റെയും Trade mark/Brand എന്നിവയുടെയും അടിസ്ഥാനത്തിൽ ഗുണനിലവാരം ഉറപ്പുവരുത്തി ഭരണസമിതി ചുമതലപ്പെടുത്തിയിട്ടുള്ള പർച്ചേസ് കമ്മിറ്റിയുടെ സാന്നിധ്യത്തിൽ നെഗോസിയേഷൻ നടത്തി വാങ്ങൽ വില നിശ്ചയിക്കുന്നു. തുടർന്ന് പർച്ചേസ് കമ്മിറ്റി സംബന്ധിച്ച രജിസ്റ്ററിൽ ടി വില രേഖപ്പെടുത്തി നെഗോസിയേഷനിയിൽ പങ്കെടുക്കുന്ന വിതരണക്കാരന്റെ ഒപ്പ് വാങ്ങി ടെൻഡർ നടപടികൾ പൂർത്തിയാക്കുന്നു. ഇതിനുശേഷം സാധനങ്ങൾ വാങ്ങുന്നതിനായി മാനേജിംഗ് ഡയറക്ടർ പർച്ചേസ് ഓർഡർ നൽകുന്നു. പർച്ചേസ് ഓർഡർ നൽകുന്ന സാധനങ്ങളുടെ സാമ്പിൾ എല്ലാ ഗോഡൗണുകളിലേയ്ക്കും നൽകുകയും ഈ ഇനങ്ങൾ തന്നെയാണ് വിതരണക്കാർ എത്തിക്കുന്നതെന്ന് ഉറപ്പ് വരുത്തുകയും ചെയ്യുന്നു. ഭക്ഷ്യസാധനങ്ങൾക്ക് പുറമേ വിൽപ്പനയ്ക്കാവശ്യമായ മറ്റിനങ്ങൾ സെൻട്രൽ പർച്ചേസ് കമ്മിറ്റിയുടെ അംഗീകാരത്തോടെ കമ്പനി/ ഡിസ്ട്രിബ്യൂട്ടർ എന്നിവരിൽനിന്നും വാങ്ങുന്നു. എല്ലാ റീജിയണുകളിലും ഭരണസമിതി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ രൂപീകരിച്ചിട്ടുള്ള റീജിയണൽ പർച്ചേസ് കമ്മിറ്റി ഓരോ റീജിയണിലും ആവശ്യമായിട്ടുള്ള പ്രാദേശികതലത്തിൽ പ്രചാരത്തിലുള്ള ഉൽപ്പന്നങ്ങളും ഭക്ഷ്യവസ്തുക്കളും വാങ്ങിവരുന്നു. കൺസ്യൂമർ ഫെഡറേഷന് ആവശ്യമായ സാധനങ്ങൾ പൂർണ്ണമായും സർക്കാരിന്റെ സ്റ്റോർ പർച്ചേസ് മാനുവൽ അനുവർത്തിച്ച് വാങ്ങുന്നതിന് സാധിക്കാത്തതിനാൽ കൺസ്യൂമർ ഫെഡറേഷന് പ്രത്യേകമായി ഒരു പർച്ചേസ് സബ്റൂൾ തയ്യാറാക്കി ഭരണസമിതി അംഗീകരിച്ച് സർക്കാരിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചിരിക്കുകയാണ്. സർക്കാർ ഈ വിഷയം പരിശോധിച്ചുവരുന്നു.

(ബി) ഇടനിലക്കാരെ ഒഴിവാക്കി ഭക്ഷ്യവസ്തുക്കൾ ഉൽപ്പാദകരിൽ നിന്നും നേരിട്ട് വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനായി മഹാരാഷ്ട്രയിലെ ഉൽപ്പാദന കേന്ദ്രങ്ങളിൽപ്പോയി കൺസ്യൂമർ ഫെഡ് മാനേജിംഗ് ഡയറക്ടർ, ലെയ്സൺ ആഫീസർ എന്നിവർ സാധ്യതകൾ ആരാഞ്ഞിരുന്നു. കൂടാതെ National Co-operative Consumers Federation of India (NCCF) - ൽനിന്നും പയറുവർഗ്ഗങ്ങൾ ശേഖരിക്കുന്നതിനുള്ള ഏജൻസിയായി കൺസ്യൂമർ ഫെഡിനെക്കൂടി ചുമതലപ്പെടുത്തുന്നതിന് ആവശ്യപ്പെട്ടിട്ടുണ്ട്.

## സംസ്ഥാന സഹകരണ ബാങ്കിൽനിന്ന് വൈദ്യുതി വകുപ്പിന് വായ്പ

256 (2473) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സഹകരണ ബാങ്കിൽ നിന്ന് വൈദ്യുതി വകുപ്പിന് ആയിരം കോടി രൂപ വായ്പ നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) നേരത്തെ വായ്പ നൽകാമെന്നേറ്റ പൊതുമേഖലാ ബാങ്കുകളുടെ കൺസോർഷ്യം മതിയായ ഈടില്ലാത്തതിന്റെ പേരിൽ ഇതിൽ നിന്നും പിൻമാറിയിരുന്നതായി ശ്രദ്ധയിൽപ്പെട്ടിരുന്നോ;

(സി) എങ്കിൽ സർക്കാർ ഗ്യാരന്റിയുടെ അടിസ്ഥാനത്തിൽ വായ്പ അനുവദിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ 1-6-2019-ലെ FINIVB/LTL/STATE CO-BANK/2019-20 നമ്പർ കത്ത് പ്രകാരം 500 കോടി രൂപയുടെ ദീർഘകാല വായ്പ അനുവദിക്കുന്നതിലേയ്ക്കായുള്ള പ്രാഥമിക അപേക്ഷ നൽകിയിട്ടുണ്ട്. ആയത് ബാങ്കിന്റെ പരിശോധനയിലാണ്.

(ബി & സി) വായ്പ ലഭിക്കാനായി ബാങ്കുകളുടെ കൺസോർഷ്യത്തെ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് സമീപിച്ചിട്ടില്ല.

## റിസ്ക് ഫണ്ട് ആനുകൂല്യം

257 (2474) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിലെ സഹകരണ ബാങ്കുകളിൽ നിന്നും റിസ്ക് ഫണ്ട് ആനുകൂല്യത്തിനുവേണ്ടി എത്ര അപേക്ഷകൾ സഹകരണ ക്ഷേമ ബോർഡിൽ ലഭിച്ചിട്ടുണ്ടെന്ന് ബാങ്ക് തിരിച്ച് വിവരം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത അപേക്ഷകളിൽ എത്ര അപേക്ഷകളിന്മേൽ തീരുമാനമെടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത അപേക്ഷകളിൽ റിസ്ക് ഫണ്ട് അനുവദിക്കുന്നതിൽ വരുന്ന കാലതാമസം ഒഴിവാക്കി അർഹരായവർക്ക് റിസ്ക് ഫണ്ട് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) കോതമംഗലം മണ്ഡലത്തിലെ സഹകരണ ബാങ്കുകളിൽനിന്നും റിസ്ക് ഫണ്ട് ആനുകൂല്യത്തിനുവേണ്ടി സഹകരണ ക്ഷേമ ബോർഡിൽ ലഭിച്ച അപേക്ഷകളുടെ വിവരം ചുവടെ ചേർക്കുന്നു:

| നമ്പർ | ബാങ്കിന്റെ പേര് | ലഭ്യമായ അപേക്ഷകൾ |
|---|---|---|
| 1 | കീരാംപാറ സർവ്വീസ് സഹകരണ ബാങ്ക് | 56 |
| 2 | കവളങ്ങാട് സർവ്വീസ് സഹകരണ ബാങ്ക് | 47 |
| 3 | കുട്ടമ്പുഴ സർവ്വീസ് സഹകരണ ബാങ്ക് | 48 |
| 4 | ഇടമലയാർ സർവ്വീസ് സഹകരണ ബാങ്ക് | 93 |
| 5 | മാതിരപ്പിള്ളി സർവ്വീസ് സഹകരണ ബാങ്ക് | 19 |
| 6 | കോഴിപ്പിള്ളി സർവ്വീസ് സഹകരണ ബാങ്ക് | 44 |
| 7 | മാമലകണ്ടം സർവ്വീസ് സഹകരണ ബാങ്ക് | 6 |
| 8 | മാലപ്പാറ സർവ്വീസ് സഹകരണ ബാങ്ക് | 24 |
| 9 | കോട്ടപ്പടി സർവ്വീസ് സഹകരണ ബാങ്ക് | 18 |
| 10 | പിണ്ടിമന സർവ്വീസ് സഹകരണ ബാങ്ക് | 16 |
| 11 | കോതമംഗലം സർവ്വീസ് സഹകരണ ബാങ്ക് 354 | 71 |
| 12 | കോതമംഗലം സർവ്വീസ് സഹകരണ ബാങ്ക് 583 | 54 |
| 13 | കോതമംഗലം PCARDB | 6 |
| 14 | കോട്ടപ്പടി ഈസ്റ്റ് സർവ്വീസ് സഹകരണ ബാങ്ക് | 26 |
| 15 | കുറ്റിലഞ്ഞി സർവ്വീസ് സഹകരണ ബാങ്ക് | 41 |
| 16 | ഊന്നുകൽ സർവ്വീസ് സഹകരണ ബാങ്ക് | 27 |
| 17 | വാരപ്പെട്ടി സർവ്വീസ് സഹകരണ ബാങ്ക് | 42 |
| | ആകെ | 638 |

(ബി) ലഭ്യമായ മുഴുവൻ അപേക്ഷകളിലും നടപടി സ്വീകരിച്ചിട്ടുണ്ട്. ന്യൂനത പരിഹരിച്ച് ലഭ്യമാകുന്ന മുറയ്ക്ക് താഴെ രേഖപ്പെടുത്തിയിരിക്കുന്ന 59 അപേക്ഷകളിലും തീരുമാനമെടുക്കുന്നതാണ്.

| നമ്പർ | ബാങ്കിന്റെ പേര് | ലഭ്യമായ അപേക്ഷകൾ | ന്യൂനത അറിയിച്ച് മറുപടി ലഭ്യമാകാത്ത അപേക്ഷകൾ |
|---|---|---|---|
| (1) | (2) | (3) | (4) |
| 1 | കീരാംപാറ സർവ്വീസ് സഹകരണ ബാങ്ക് | 56 | 5 |
| 2 | കവളങ്ങാട് സർവ്വീസ് സഹകരണ ബാങ്ക് | 47 | 6 |
| 3 | കുട്ടമ്പുഴ സർവ്വീസ് സഹകരണ ബാങ്ക് | 48 | 9 |
| 4 | ഇടമലയാർ സർവ്വീസ് സഹകരണ ബാങ്ക് | 93 | 6 |
| 5 | മാതിരപ്പിള്ളി സർവ്വീസ് സഹകരണ ബാങ്ക് | 19 | 10 |
| 6 | കോഴിപ്പിള്ളി സർവ്വീസ് സഹകരണ ബാങ്ക് | 44 | 4 |
| 7 | മാമലകണ്ടം സർവ്വീസ് സഹകരണ ബാങ്ക് | 6 | 1 |
| 8 | മാലപ്പാറ സർവ്വീസ് സഹകരണ ബാങ്ക് | 24 | 1 |
| 9 | കോട്ടപ്പടി സർവ്വീസ് സഹകരണ ബാങ്ക് | 18 | 1 |
| 10 | പിണ്ടിമന സർവ്വീസ് സഹകരണ ബാങ്ക് | 16 | 3 |
| 11 | കോതമംഗലം സർവ്വീസ് സഹകരണ ബാങ്ക് 354 | 71 | 3 |
| 12 | കോതമംഗലം സർവ്വീസ് സഹകരണ ബാങ്ക് 583 | 54 | 1 |

| (1) | (2) | (3) | (4) |
|---|---|---|---|
| 13 | കോതമംഗലം PCARDB | 6 | 0 |
| 14 | കോട്ടപ്പടി ഈസ്റ്റ് സർവ്വീസ് സഹകരണ ബാങ്ക് | 26 | 1 |
| 15 | കുറ്റിലഞ്ഞി സർവ്വീസ് സഹകരണ ബാങ്ക് | 41 | 4 |
| 16 | ഊന്നുകൽ സർവ്വീസ് സഹകരണ ബാങ്ക് | 27 | 2 |
| 17 | വാരപ്പെട്ടി സർവ്വീസ് സഹകരണ ബാങ്ക് | 42 | 2 |
| | ആകെ | 638 | 59 |

(സി) അപേക്ഷകളിലെ ന്യൂനതകൾ പരിഹരിക്കുന്നതിന് ബന്ധപ്പെട്ട ബാങ്ക്/സംഘത്തിന് കത്ത് നൽകിയിട്ടുള്ളതാണ്. ന്യൂനതകൾ പരിഹരിച്ച് ലഭ്യമാകുന്ന മുറയ്ക്ക് അർഹരായവർക്ക് റിസ്ക് ഫണ്ട് ധനസഹായം അനുവദിക്കുന്നതാണ്.

## റിസ്ക് ഫണ്ടിൽനിന്ന് അനുവദിക്കുന്ന തുക

258 (2475) <u>ശ്രീ. സജി ചെറിയാൻ</u>: താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സഹകരണസംഘങ്ങൾ, ജില്ലാ സഹകരണ ബാങ്ക്, വിവിധ സർവ്വീസ് പ്രാഥമിക സഹകരണസംഘങ്ങൾ എന്നിവിടങ്ങളിൽ നിന്നും വായ്പ എടുക്കുന്ന ഗുണഭോക്താക്കൾ രോഗികളാകുകയോ മരണപ്പെടുകയോ ചെയ്യുമ്പോൾ റിസ്ക് ഫണ്ടിൽ നിന്ന് അനുവദിക്കുന്ന പരമാവധി തുകയായ 1.5 ലക്ഷം രൂപ വളരെ കുറവാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; റിസ്ക് ഫണ്ട് തുക കാലോചിതമായി വർദ്ധിപ്പിച്ച് സഹകാരികൾക്ക് കൂടുതൽ ആശ്വാസം നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

തുക കുറവാണെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. റിസ്ക് ഫണ്ട് ധനസഹായം മരണപ്പെട്ട വായ്പക്കാർക്കുള്ള 1.5 ലക്ഷം രൂപയിൽനിന്നും 2 ലക്ഷം രൂപയായി ഉയർത്തുന്നതിനും മാരകരോഗം പിടിപെട്ടവർക്ക് നൽകുന്ന 75,000 രൂപയിൽനിന്നും ഒരു ലക്ഷം രൂപയായി ഉയർത്തുന്നതിനുമുള്ള നിയമാവലി ഭേദഗതി ചെയ്യുന്ന വിഷയത്തിൽ നടപടി സ്വീകരിച്ചുവരുന്നു.

## സംസ്ഥാന കാർഷിക വികസന ബാങ്കിലെ ഒഴിവുകൾ

259 (2476) ശ്രീ. ഒ. രാജഗോപാൽ:

ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന കാർഷിക വികസന ബാങ്കിലെ ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുവാൻ എന്നാണ് ഭരണസമിതി തീരുമാനം എടുത്തത്; പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) പി.എസ്.സി.-ക്ക് ഒഴിവുകൾ റിപ്പോർട്ട് ചെയ്യാൻ തീരുമാനം എടുത്ത ശേഷം ഏതൊക്കെ തസ്തികകളിൽ ബാങ്ക് നേരിട്ട് നിയമനം നടത്തുകയും പ്രൊമോഷൻ നൽകുകയും ചെയ്തു; വിശദമാക്കാമോ;

(സി) നിലവിൽ കാർഷിക വികസന ബാങ്ക് ജനറൽ മാനേജരായ ഉദ്യോഗസ്ഥയെ നിയമിച്ചിരിക്കുന്നത് ഏതൊക്കെ യോഗ്യതകളുടെ അടിസ്ഥാനത്തിൽ ആണ്; ജനറൽ മാനേജർ ആകാൻ എന്തൊക്കെ യോഗ്യതകൾ വേണം; വിശദീകരിക്കാമോ?

ഉത്തരം

(എ) 14-8-2018-ൽ കൂടിയ ഭരണസമിതി യോഗമാണ് ബാങ്കിലെ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ തീരുമാനം എടുത്തത്. (പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു)*. എന്നാൽ ഒഴിവുകൾ റിപ്പോർട്ട് ചെയ്തിരുന്നില്ല. 11-3-2019-ലും 24-4-2019-ലും ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) പി.എസ്.സി.-ക്ക് ഒഴിവുകൾ റിപ്പോർട്ട് ചെയ്യാൻ തീരുമാനം എടുത്തശേഷം പി.എസ്.സി. മുഖേന നികത്തേണ്ട ഒഴിവുകളിലേയ്ക്ക് ബാങ്ക് നിയമനം നടത്തുകയോ പ്രൊമോഷൻ നൽകുകയോ ചെയ്തിട്ടില്ല.

(സി) ജനറൽ മാനേജർ തസ്തികയിലേയ്ക്ക് നേരിട്ടുള്ള നിയമനത്തിനുവേണ്ട യോഗ്യതകൾ സഹകരണ ചട്ടം 186(ii) പ്രകാരം വ്യക്തമാക്കിയിട്ടുണ്ട്.

മുൻ ഭരണസമിതി സഹകരണ ചട്ടങ്ങൾക്ക് വിരുദ്ധമായി സി.ഐ.ഒ തസ്തികയിലുള്ള ആളിനെ ക്രമവിരുദ്ധമായി ജനറൽ മനേജരായി പ്രൊമോട്ട് ചെയ്ത് നിയമിക്കുകയുണ്ടായി. 2018-ൽ അംഗീകരിച്ച് പി.എസ്.സി.-ക്ക് നൽകിയ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

റിക്രൂട്ട്മെന്റ് റൂൾ പ്രകാരം ജനറൽ മനേജർ തസ്തികയിലേയ്ക്ക് നേരിട്ടുള്ള നിയമനത്തിനുവേണ്ട യോഗ്യത താഴെപ്പറയുന്നതാണ്.

1. എം.ബി.എ. (ഫിനാൻസ്) അല്ലെങ്കിൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ചാർട്ടേർഡ് അക്കൗണ്ടന്റ് ഓഫ് ഇൻഡ്യയിലെ അംഗത്വവും സഹകരണ സ്ഥാപനങ്ങൾ, ഷെഡ്യൂൾഡ് ബാങ്കുകൾ, സർക്കാർ-അർദ്ധ സർക്കാർ സ്ഥാപനങ്ങൾ, പൊതുമേഖലാ കമ്പനികൾ എന്നിവയിൽ മാനേജീരിയൽ അല്ലെങ്കിൽ സൂപ്പർവൈസറി തസ്തികയിൽ 3 വർഷത്തിൽ കുറയാത്ത പ്രവൃത്തി പരിചയം.

2. ഒരംഗീകൃത സർവ്വകലാശാലയിൽനിന്നും 50%-ത്തിൽ കുറയാത്ത മാസ്റ്റർ ബിരുദവും എച്ച്.ഡി.സി. അല്ലെങ്കിൽ ജെ.ഡി.സി.-യും കൂടാതെ സംസ്ഥാനത്തെ ബാങ്കിംഗ്/സഹകരണ മേഖലയിലെ അപ്പെക്സ് സംഘം/അപ്പെക്സ് സഹകരണ ബാങ്ക്/ജില്ലാ സഹകരണ ബാങ്ക് എന്നിവയിലെ എക്സിക്യൂട്ടീവ് തസ്തികയിൽ 5 വർഷത്തിൽ കുറയാത്ത പ്രവൃത്തി പരിചയം.

## മക്കരപറമ്പ് സർവ്വീസ് സഹകരണ ബാങ്ക് ചീഫ് എക്സിക്യൂട്ടീവിന്റെ സസ്പെൻഷൻ

260 (2477) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മക്കരപറമ്പ് സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് ചീഫ് എക്സിക്യൂട്ടീവ് (സെക്രട്ടറി) യെ സസ്പെന്റ് ചെയ്യുവാൻ സഹകരണ സംഘം രജിസ്ട്രാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പുകൾ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത ഉത്തരവ് സഹകരണ സംഘം രജിസ്ട്രാർ നടപ്പിലാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) ഈ ഉദ്യോഗസ്ഥൻ നിലവിൽ സസ്പെൻഷനിലാണോ; അല്ലെങ്കിൽ പ്രസ്തുത ഉത്തരവ് നടപ്പിലാക്കുവാൻ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്. പ്രസ്തുത കത്തിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു*.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി & സി) പ്രസ്തുത സർക്കാർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ മക്കരപറമ്പ് സർവ്വീസ് സഹകരണ ബാങ്ക് സെക്രട്ടറിയെ സസ്പെൻഡ് ചെയ്യുന്നതിന് മലപ്പുറം ജോയിന്റ് രജിസ്ട്രാർ(ജനറൽ) ബാങ്ക് പ്രസിഡന്റിന് മതിയായ നിർദ്ദേശം നൽകിയിരുന്നു എങ്കിലും പ്രസ്തുത നിർദ്ദേശം ടി ബാങ്ക് ഭരണസമിതി നടപ്പിലാക്കിയിട്ടില്ല. സഹകരണ നിയമം ചട്ടം 198(6) പ്രകാരം സഹകരണ സംഘം സെക്രട്ടറിയുടെ നിയമനാധികാരി അതാത് സംഘം ഭരണസമിതിയാണ്. നിയമനാധികാരിയായ സംഘം ഭരണസമിതിയാണ് സംഘം സെക്രട്ടറിയെ സസ്പെൻഡ് ചെയ്യേണ്ടത്. കേരള സഹകരണ നിയമം വകുപ്പ് 65 പ്രകാരമുള്ള അന്വേഷണം, വകുപ്പ് 66 പ്രകാരമുള്ള പരിശോധന, വകുപ്പ് 64 പ്രകാരമുള്ള ആഡിറ്റ്, വകുപ്പ് 68(എ) പ്രകാരമുള്ള അന്വേഷണം എന്നിവയിലൂടെ സഹകരണ സംഘത്തിലെ ഉദ്യോഗസ്ഥൻ സംഘം വിരുദ്ധപ്രവർത്തനം നടത്തി എന്ന് ബോദ്ധ്യപ്പെടുന്ന പക്ഷം മാത്രമാണ് കേരള സഹകരണ നിയമം വകുപ്പ് 66(ബി) പ്രകാരം ജീവനക്കാരനെ സസ്പെൻഡ് ചെയ്യാൻ കഴിയുകയെന്നും അപ്രകാരമുള്ള സാഹചര്യം നിലവിലില്ലാതെ ഈ ആഫീസിൽനിന്നും സർക്കാർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ടിയാനെ സസ്പെൻഡ് ചെയ്യുന്നതിന് നൽകിയിരുന്ന നിർദ്ദേശം പാലിക്കപ്പെടുന്നതുമായി ബന്ധപ്പെട്ട് ടി സംഘം ഭരണസമിതി സ്പഷ്ടീകരണം ആവശ്യപ്പെട്ടിരിക്കുകയാണ് എന്നും സഹകരണ സംഘം രജിസ്ട്രാർ അറിയിച്ചിട്ടുണ്ട്.

### പൂവച്ചൽ സർവ്വീസ് സഹകരണ ബാങ്ക്

261 (2478) <u>ശ്രീ. കെ. എസ്. ശബരീനാഥൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ പൂവച്ചൽ സർവ്വീസ് സഹകരണ ബാങ്കിൽ 2006 ജനുവരി മുതൽ 2009 മേയ് വരെയുള്ള കാലയളവിൽ ദിവസക്കൂലി അടിസ്ഥാനത്തിലും കരാർ വ്യവസ്ഥയിലുമായി എത്ര ജീവനക്കാർ ജോലിചെയ്തിരുന്നു; അവരുടെ പേരും തസ്തികയും കാലയളവും ഇനം തിരിച്ച് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കാലയളവിൽ ദിവസക്കൂലി/കരാർ അടിസ്ഥാനത്തിൽ ജോലിചെയ്ത ജീവനക്കാരുടെ ഹാജർ രജിസ്റ്ററിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) പ്രസ്തുത കാലയളവിൽ ദിവസക്കൂലി/കരാർ അടിസ്ഥാനത്തിൽ ജോലിചെയ്ത ജീവനക്കാർ കൈപ്പറ്റിയ ശമ്പളം/ദിവസക്കൂലിയുടെ വിശദവിവരം ലഭ്യമാക്കുമോ;

(ഡി) പ്രസ്തുത കാലയളവിൽ ദിവസക്കൂലി/കരാർ വ്യവസ്ഥയിൽ ജോലിചെയ്തവർ പിരിഞ്ഞുപോയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇവർക്ക് തൊഴിൽ പരിചയ സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ടോ; ആർക്കെല്ലാം; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) തിരുവനന്തപുരം ജില്ലയിൽ പൂവച്ചൽ സർവ്വീസ് സഹകരണ ബാങ്കിൽ 2006 ജനുവരി മുതൽ 2009 മേയ് വരെയുള്ള കാലയളവിൽ ദിവസക്കൂലി അടിസ്ഥാനത്തിലും കരാർ വ്യവസ്ഥയിലുമായി 4 ജീവനക്കാർ ജോലി ചെയ്തിരുന്നു.

| പേര് | തസ്തിക | കാലയളവ് |
|---|---|---|
| 1. ശ്രീമതി ശശികല വി. എസ്. | ദിവസവേതന അടിസ്ഥാനത്തിൽ സ്റ്റേറ്റ്മെന്റ് തയ്യാറാക്കുന്ന ജോലി ചെയ്തിരുന്നു. | 2003-2009 |
| 2. ശ്രീ. പ്രസന്ന കുമാർ | ദിവസവേതന അടിസ്ഥാനത്തിൽ സെയിൽസ് മാൻ ആയി ജോലി നോക്കി വരുന്നു. | 1992 മുതൽ |
| 3. ശ്രീ. ബിജുമോൻ എസ്. | താൽക്കാലിക അടിസ്ഥാനത്തിൽ സ്റ്റേറ്റ്മെന്റ് തയ്യാറാക്കുന്ന ജോലി ചെയ്ത് വരുന്നു. | 2005-2006 |
| 4. ശ്രീ. മണികണ്ഠൻ കെ. എസ്. | താത്കാലികം, ക്യാഷ് കൗണ്ടിംഗ് | 2006-2008 |

(ബി) 2011 മുതലുള്ള ഹാജർ രജിസ്റ്ററുകളെ സംഘത്തിൽ ലഭ്യമായിട്ടുള്ളൂവെന്നും മുമ്പുള്ളവ കെട്ടിടത്തിലെ ചോർച്ചമൂലം നശിച്ചുപോയതായി ബാങ്ക് അധികൃതർ അറിയിച്ചതായി സഹകരണ സംഘം രജിസ്ട്രാർ അറിയിച്ചിരിക്കുന്നു.

(സി)

| ക്രമ നമ്പർ | പേര് | വേതനം |
|---|---|---|
| 1 | ശ്രീമതി ശശികല വി.എസ്. | ദിവസം 60 രൂപ |
| 2 | ശ്രീ. ബിജുമോൻ എസ്. | ദിവസം 60 രൂപ |
| 3 | ശ്രീ. പ്രസന്നകുമാർ റ്റി. | ദിവസം 75 രൂപ |
| 4 | ശ്രീ. മണികണ്ഠൻ കെ. എസ്. | വേതനരഹിതം |

(ഡി) പ്രസ്തുത കാലയളവിൽ ദിവസക്കൂലി/കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്തവരിൽ ശ്രീ. ബിജുമോൻ എസ്., ശ്രീ. മണികണ്ഠൻ കെ.എസ്. എന്നിവർ പിരിഞ്ഞുപോയി. ഇവർക്ക് തൊഴിൽ പരിചയ സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ട്.

**ടൂറിസം രംഗത്തെ സമഗ്രവികസനം**

262 (2479) ശ്രീ. എ. എൻ. ഷംസീർ: താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2018-19 സാമ്പത്തികവർഷം ടൂറിസം വകുപ്പിന്റെ പ്ലാൻ ഫണ്ടിൽനിന്നും സംസ്ഥാന ടൂറിസത്തിന്റെ സമഗ്രവികസനത്തിനായി എന്തൊക്കെ കാര്യങ്ങൾക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളതെന്ന് ആയതിന്റെ തുകയടക്കം ജില്ല തിരിച്ച് വ്യക്തമാക്കാമോ?

ഉത്തരം

2018-19 സാമ്പത്തിക വർഷം ടൂറിസം വകുപ്പിന്റെ പ്ലാൻ ഫണ്ടിൽ നിന്നും വിവിധ ജില്ലകളിലെ ടൂറിസം പദ്ധതികൾക്കായി ഭരണാനുമതി നൽകിയത് സംബന്ധിച്ച വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു*.

കൂടാതെ വിനോദസഞ്ചാര വകുപ്പിന്റെ 2018-19 വർഷത്തെ പ്ലാൻ ഫണ്ടിൽനിന്നും ടൂറിസം മേഖലയുടെ വളർച്ചയ്ക്കായി മാർക്കറ്റിംഗ് പ്രവൃത്തികൾക്കായി അനുവദിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. നാഷണൽ ഓഫ് സീസൺ ക്യാമ്പയിൻ - 7,67,63,755 രൂപ.
2. മിഡിൽ ഈസ്റ്റ് ക്യാമ്പയിൻ - 6,71,42,000 രൂപ.
3. നാഷണൽ പാർട്ട്ണർഷിപ്പ് മീറ്റ് - 30,87,000 രൂപ + ജി. എസ്. ടി.
4. നാഷണൽ ട്രേഡ് ഫെയർ - 3,67,00,000 രൂപ + ജി. എസ്. ടി.
5. നാഷണൽ O.O.H ക്യാമ്പയിൻ - ഇറ്റ്സ് ടൈം ഫോർ കേരള – 1,56,99,593 രൂപ.
6. നാഷണൽ സിനിമാ ഹാൾ ക്യാമ്പയിൻ - 50,00,000 രൂപ.
7. നാഷണൽ റേഡിയോ ക്യാമ്പയിൻ - 70,78,438 രൂപ.
8. നാഷണൽ പ്രിന്റ് ക്യാമ്പയിൻ - 23,04,000 രൂപ+ ജി.എസ്.ടി.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

9. നാഷണൽ ടി.വി. ക്യാമ്പയിൻ - 3,66,79,675 രൂപ.

10. അറേബ്യൻ ട്രാവൽ മാർട്ട് 2018-ൽ കേരള ടൂറിസത്തിന്റെ പങ്കെടുക്കൽ - 17,70,000 രൂപ + ടാക്സ്.

11. ക്ലിന്റ് മെമ്മോറിയൽ ഇന്റർനാഷണൽ ഓൺലൈൻ പെയിന്റിംഗ് കോമ്പറ്റീഷൻ - 3,67,00,000 രൂപ + ടാക്സ്.

12. ഡെവലപ്മെന്റ് ഓഫ് വെർച്ചൽ ട്രാവൽ മാർട്ട് പോർട്ടൽ- 23,25,000 രൂപ + ടാക്സ്.

13. ഡിജിറ്റൽ പ്രൊമോഷൻ ഇൻ ഓഫ് സീസൺ ക്യാമ്പയിൻ 2018– 2,00,00,000 രൂപ + ടാക്സ്.

14. FAM ടൂർ - 2,98,20,000 രൂപ.

15. ഓൺലൈൻ ക്യാമ്പയിൻ ടു ഗെറ്റ് ഫോർ ലാക്ക് വിസിറ്റ് ടു കേരള ടൂറിസം വെബ്സൈറ്റ് ഫ്രം 20 ഇന്റർനാഷണൽ സിറ്റീസ് - 70,80,000 രൂപ.

16. ഓൺലൈൻ ക്യാമ്പയിൻ ടു ഗെറ്റ് സിക്സ് ലാക്ക് വിസിറ്റ് ടു കേരള ടൂറിസം വെബ്സൈറ്റ് ഫ്രം 20 സിറ്റീസ് വിത്തിൻ ഇന്ത്യ – 84,96,000 രൂപ.

17. ഡിസൈൻ ആന്റ് ഡെവലപ്മെന്റ് ഓഫ് IOS വെർഷൻ ഓഫ് Travel Kerala Tourism APP – 17,70,000 രൂപ.

18. ഇറ്റ്സ് ടൈം ഫോർ കേരള, ഡിജിറ്റൽ ക്യാമ്പയിൻ - 3,00,00,000 രൂപ.

19. വീഡിയോ കാപ്സ്യൂൾ ടു പ്രൊമോട്ട് കേരള ഇൻ പോസ്റ്റ് ഫ്ലഡ് സെനാരിയോ - 42,48,000 രൂപ.

20. ഇന്റർനാഷണൽ ട്രേഡ് ഫെയേഴ്സ് 2018-19 – 4,25,15,000 രൂപ + ടാക്സ്.

21. ഇന്റർനാഷണൽ മീറ്റ്സ് 2018-19 – 7,22,05,000 രൂപ + ടാക്സ്.

22. മെയിന്റനൻസ് ഓഫ് കേരള ടൂറിസം വെബ്സൈറ്റ് 86,73,000 രൂപ.

23. നീലക്കുറിഞ്ഞി 2018 ഹ്രസ്വ ചിത്രവും പ്രൊമോഷൻ ചിത്രങ്ങളും - 16,00,000 രൂപ + ടാക്സ്.

24. കേരളത്തിലെ ഓണാഘോഷ പരിപാടികളുടെ ഡോക്യുമെന്റേഷനും ഓണാഘോഷത്തെ അന്താരാഷ്ട്രതലത്തിൽ പരസ്യപ്പെടുത്തലും - 48,00,000 രൂപ + ടാക്സ്.

25. പബ്ലിക് റിലേഷൻസ് ആക്ടിവിറ്റീസ് 2018-19 - 54,00,000 രൂപ + ടാക്സ്.

26. പ്രൊമോട്ടിംഗ് മൺസൂൺ ഓഫ് കേരള വിത്ത് ഓഗ്മെന്റഡ് റിയാലിറ്റി ടെക്നോളജി - 40,00,000 രൂപ + ടാക്സ്.

27. ക്ഷേത്ര ശിൽപ്പകല എന്ന വിഷയത്തെ ആധാരമാക്കിയുള്ള വീഡിയോ ചിത്രീകരണം - 29,50,000 രൂപ + ടാക്സ്.

28. 12-ാമത് UNWTO ഏഷ്യ/പസഫിക് എക്സിക്യൂട്ടീവ് ട്രെയിനിംഗ് പ്രോഗ്രാം -45,00,000 രൂപ + ടാക്സ്.

29. യഹൂദമതം കേരളത്തിൽ എന്ന വിഷയത്തെ ആധാരമാക്കിയുള്ള മൈക്രോസൈറ്റിന്റെ നിർമ്മാണം-12,00,000 രൂപ+ടാക്സ്.

30. നിശാഗന്ധി ഡാൻസ് ഫെസ്റ്റിവൽ 2019-1,50,00,000 രൂപ.

31. നിശാഗന്ധി മൺസൂൺ മ്യൂസിക് ഫെസ്റ്റിവൽ 2018- 1,45,00,000 രൂപ.

32. ബ്രാന്റിംഗ് ഓഫ് ടൂറിസം ഇൻഫർമേഷൻ കൗണ്ടേഴ്സ് - 1,43,31,000 രൂപ.

33. ഇൻഫർമേഷൻ അസിസ്റ്റന്റ് ട്രെയിനികൾക്ക് സ്റ്റൈപ്പന്റ് - 99,91,000 രൂപ

**പ്രളയത്തിനുശേഷം കേരളം സന്ദർശിച്ച വിനോദസഞ്ചാരികൾ**

263 (2480) <u>ശ്രീ. ഒ. ആർ. കേളു</u>: താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പ്രളയത്തിനുശേഷം കേരളം സന്ദർശിച്ച ആഭ്യന്തര-വിദേശ വിനോദസഞ്ചാരികളുടെ എണ്ണം പട്ടിക തിരിച്ച് ലഭ്യമാക്കാമോ?

<u>ഉത്തരം</u>

പ്രളയത്തിനുശേഷം 2018 ആഗസ്റ്റ് മാസം മുതൽ 2019 മാർച്ച് വരെ കേരളം സന്ദർശിച്ച ആഭ്യന്തര-വിദേശ വിനോദസഞ്ചാരികളുടെ എണ്ണം അനുബന്ധമായി ചേർക്കുന്നു*.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## വിദേശ ആഭ്യന്തര ടൂറിസ്റ്റുകൾ

264 (2481) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയാനന്തരം ടൂറിസം മേഖലയുടെ തിരിച്ചുവരവിനായി സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; അറിയിക്കുമോ;

(ബി) ഈ വർഷം കേരളത്തിൽ എത്തിയ വിദേശ ആഭ്യന്തര ടൂറിസ്റ്റുകളുടെ എണ്ണത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ; ജില്ല തിരിച്ച് കണക്കുകൾ വ്യക്തമാക്കുമോ?

ഉത്തരം

(എ) പ്രളയത്തിനുശേഷം ടൂറിസം ഡെസ്റ്റിനേഷനുകളിൽ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ, പരിസ്ഥിതി സൗഹൃദപരമായി വകുപ്പിന്റെ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി ആരംഭിച്ചുകഴിഞ്ഞിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന പദ്ധതികൾക്ക് ടൂറിസം വകുപ്പിന്റെ 2018-19 പദ്ധതി വിഹിതത്തിൽനിന്നും ഭരണാനുമതി നൽകിയിട്ടുണ്ട്.

1. പ്രളയക്കെടുതിമൂലം തകരാറിലായ വയനാട് ജില്ലയിലെ വിവിധ ടൂറിസം കേന്ദ്രങ്ങളുടെ പുനർ നിർമ്മാണത്തിന് 2,09,20,000 രൂപയുടെ ഭരണാനുമതി.
2. പുനലൂർ ബാത്തിംഗ് ഗാട്ട് - 77,00,000 രൂപ
3. മൺറോ തുരുത്ത്, അഡ്വഞ്ചർ പാർക്ക്, കണ്ണേറ്റി ബോട്ട് ടെർമിനൽ & ബോട്ട് ടെർമിനൽ അറ്റ് കൊല്ലം - 9,94,446 രൂപ
4. വെള്ളിയാങ്കൽ ഹെറിറ്റേജ് പാർക്ക് - 43,22,030 രൂപ
5. റീ കൺസ്ട്രക്ഷൻ ഓഫ് ഡാമേജ്ഡ് റീറ്റെയിനിംഗ് വാൾ അറ്റ് മുതിരപ്പുഴ - 74,00,000
6. ആലുവ ഗസ്റ്റ് ഹൗസ് അറ്റകുറ്റപ്പണികൾ ചെയ്യുന്നതിന് - 46,00,000 രൂപ
7. പത്തനംതിട്ട ഗസ്റ്റ് ഹൗസിൽ അടിയന്തര വൃത്തിയാക്കലിനും അറ്റകുറ്റപ്പണികൾ ചെയ്യുന്നതിനും- 4,00,000 രൂപ
8. പത്തനംതിട്ട ഗസ്റ്റ് ഹൗസിൽ ഫയർ എക്സ്റ്റിംഗ്വിഷർ സ്ഥാപിക്കുന്നതിന് - 1,02,188 രൂപ
9. പത്തനംതിട്ട ഗസ്റ്റ് ഹൗസിൽ നവീകരണ പ്രവൃത്തികൾ ചെയ്യുന്നതിന് - 92,50,000 രൂപ.

ഇതിനുപുറമേ, രാജ്യത്തെ വിവിധ സിനിമാ തിയേറ്ററുകൾ, മാളുകൾ, എയർപോർട്ടുകൾ, റേഡിയോ/ടി.വി./ബ്രാന്റ് സോഷ്യൽ മീഡിയകൾ എന്നിവ കേന്ദ്രീകരിച്ച് "It's time for Kerala " എന്ന പേരിൽ 2018 നവംബർ, ഡിസംബർ മാസങ്ങളിൽ ഇൻ പരസ്യ ക്യാമ്പയിനുകൾ നടത്തിയിരുന്നു. Post Flood Campaign എന്ന വിപണന തന്ത്രമാണ് ഇക്കാര്യത്തിൽ സ്വീകരിച്ചത്. ഇന്ത്യയ്ക്കകത്തും വിദേശത്തും വിവിധ ട്രേഡ് മീറ്റുകൾ സംഘടിപ്പിച്ചും വിവിധ ട്രേഡ് ഷോകളിൽ പങ്കെടുത്തും കേരള ടൂറിസം മികച്ച രീതിയിൽ ഉയിർത്തെഴുന്നേറ്റതായി വിദേശികളെയും സ്വദേശികളെയും ഒരുപോലെ ബോധ്യപ്പെടുത്താനായി. പ്രളയംമൂലം ഉണ്ടായ നെഗറ്റീവ് പബ്ലിസിറ്റി മാറ്റിയെടുക്കാനും വകുപ്പിന് ഇതുമൂലം സാധിച്ചിട്ടുണ്ട്. പ്രളയാനന്തരം ഐ.ടി./ഡിജിറ്റൽ, സോഷ്യൽ മീഡിയ, ഓൺലൈൻ എന്നിവയിൽ വീഡിയോ ക്യാമ്പയിൻ ടു പ്രൊമോട്ട് കേരള എന്നീ പ്രചാരണ പരിപാടികളും സംഘടിപ്പിച്ചിട്ടുണ്ട്. ഇത്തരം പ്രചാരണ പരിപാടികൾകൊണ്ട് പ്രളയാനന്തരം കേരള ടൂറിസം മേഖലയ്ക്ക് ശക്തമായ തിരിച്ചുവരവ് നടത്താനായി എന്നതും ശ്രദ്ധേയമാണ്.

(ബി) 2019 വർഷത്തിലെ മാർച്ച് മാസം വരെയുള്ള സ്ഥിതി വിവരക്കണക്കുകളാണ് വകുപ്പ് അന്തിമമാക്കിയിട്ടുള്ളത്. പ്രസ്തുത കണക്കുകൾ പ്രകാരം കേരളം സന്ദർശിച്ച ആഭ്യന്തര വിനോദസഞ്ചാരികളുടെ എണ്ണത്തിൽ 2018 കലണ്ടർ വർഷത്തിലെ ആദ്യപാദവുമായി താരതമ്യപ്പെടുത്തുമ്പോൾ വർദ്ധനവും വിദേശ വിനോദസഞ്ചാരികളുടെ എണ്ണത്തിൽ കുറവുമാണ് രേഖപ്പെടുത്തിയത്. ജില്ലതിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിരിക്കുന്നു*.

## വിദേശ വിനോദസഞ്ചാരികൾക്ക് നേരെ അക്രമങ്ങൾ

265 (2482) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെത്തുന്ന വിദേശ വിനോദസഞ്ചാരികൾക്കു നേരെ നടക്കുന്ന അക്രമങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ടൂറിസം രംഗത്തെ ബാധിക്കുന്ന ഇത്തരം പ്രവണതകൾ ഇല്ലാതാക്കുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ; എങ്കിൽ ഇതിന്റെ വിശദാംശം നൽകുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെത്തുന്ന വിദേശ വിനോദസഞ്ചാരികൾക്കുനേരെ ഒറ്റപ്പെട്ട അക്രമസംഭവങ്ങൾ നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇത്തരം സംഭവങ്ങൾ ടൂറിസം മേഖലയെ മോശമായിത്തന്നെ ബാധിക്കാൻ സാധ്യതയുണ്ടെന്ന് വകുപ്പ് വിലയിരുത്തുന്നുണ്ട്. ഇത്തരം പ്രവണതകൾ ഇല്ലാതാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. വിദേശ വിനോദ സഞ്ചാരിയായ ലിഗ കോവളത്തുവച്ച് കൊല്ലപ്പെട്ടതുമായി ബന്ധപ്പെട്ട് വകുപ്പ് ശക്തമായ നടപടികളാണ് സ്വീകരിച്ചിരുന്നത്. ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ ശക്തമായ പ്രചാരണ പരിപാടികളും സംഘടിപ്പിച്ചിരുന്നു.

സംസ്ഥാനം സന്ദർശിക്കുന്ന വിനോദസഞ്ചാരികൾക്കുവേണ്ട സുരക്ഷയും സംരക്ഷണവും അതീവ പ്രാധാന്യത്തോടെ കണക്കാക്കി ഒട്ടേറെ നടപടികൾ വകുപ്പ് സ്വീകരിച്ചിട്ടുണ്ട്. പരിശീലനം ലഭിച്ച ടൂറിസം പോലീസിന്റെ സേവനം പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ ഉറപ്പുവരുത്തിയിട്ടുണ്ട്. നിലവിൽ 150 സിവിൽ പോലീസ് ഓഫീസർമാരും 30 സീനിയർ സിവിൽ പോലീസ് ഓഫീസർമാരും ടൂറിസം പോലീസുകാരായി സേവനം നടത്തുന്നുണ്ട്. ടൂറിസം പോലീസിനെ ശക്തിപ്പെടുത്തുന്നതിനുള്ള സാധ്യതകൾ പരിശോധിക്കുന്നതിന് വേണ്ട നടപടികൾക്ക് തുടക്കം കുറിച്ചിട്ടുണ്ട്. വനിതാ പോലീസിനെ വിന്യസിക്കുന്നതിനുള്ള നടപടികൾ പോലീസ് വകുപ്പുമായി ചേർന്ന് സ്വീകരിക്കാവുന്നതാണ്.

ടൂറിസം കേന്ദ്രങ്ങളിലെ സുരക്ഷ വർദ്ധിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് ടൂറിസം വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ തീരുമാനിച്ചതനുസരിച്ച് വിനോദസഞ്ചാര കേന്ദ്രങ്ങളിലെ കച്ചവടക്കാർ, ഗൈഡുകൾ എന്നിവർക്ക് തിരിച്ചറിയൽ രേഖകൾ, യൂണിഫോം മുതലായവ നിർബന്ധമാക്കുന്നതാണ്. പ്രധാന ടൂറിസം കേന്ദ്രങ്ങളിൽ വ്യക്തമായ ചുമതലകൾ നൽകി ടൂറിസം വാർഡനെ നിയമിക്കുന്നതിനുള്ള കാര്യങ്ങൾ പരിശോധിക്കുന്നതാണ്. വിനോദസഞ്ചാര മേഖലയിലെ സുരക്ഷ ശക്തമാക്കുന്നതിന്റെ ഭാഗമായി പ്രധാന ടൂറിസം കേന്ദ്രങ്ങളിൽ സിസിടിവി ക്യാമറ സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടി വകുപ്പ് സ്വീകരിച്ചു വരുന്നു. കോവളം, വേളി ടൂറിസം മേഖലയിൽ ആധുനിക നിരീക്ഷണ ക്യാമറകൾ സ്ഥാപിച്ചുകഴിഞ്ഞു. കേരളത്തിലെ മറ്റ് വിനോദസഞ്ചാര കേന്ദ്രങ്ങളിൽ നിരീക്ഷണ സംവിധാനം അനിവാര്യമെന്നുകാണുന്ന പക്ഷം ആയത് നടപ്പിലാക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളുന്നതാണ്.

ടൂറിസം മേഖലയിൽ അപകടസാധ്യതയുള്ള സാഹചര്യങ്ങളെക്കുറിച്ച് സഞ്ചാരികളെ ബോധവൽക്കരിക്കുന്നതിന് നിലവിലുള്ള സംവിധാനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി എല്ലാ വിനോദസഞ്ചാര കേന്ദ്രങ്ങളുടെയും പരിധിയിൽ വരുന്ന പോലീസ് സ്റ്റേഷനുകൾക്ക് പ്രത്യേക നിരീക്ഷണത്തിന് പോലീസ് വകുപ്പുവഴി നിർദ്ദേശം നൽകിയിട്ടുണ്ട്. സംസ്ഥാനത്തെ പ്രധാനപ്പെട്ട ബീച്ചുകളിൽ ടൂറിസ്റ്റുകളുടെ സംരക്ഷണം മുൻനിർത്തി പ്രാവീണ്യമുള്ള ലൈഫ് ഗാർഡുകളുടെ സേവനവും ലഭ്യമാക്കിയിട്ടുണ്ട്. അപകടസാധ്യത സൂചിപ്പിച്ചുകൊണ്ടുള്ള മുന്നറിയിപ്പ് ബോർഡുകളും ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ സ്ഥാപിച്ചിട്ടുണ്ട്.

**കഴിഞ്ഞ വർഷം സംസ്ഥാനം സന്ദർശിച്ച വിനോദസഞ്ചാരികൾ**

266 (2483) ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ വർഷം (2018) സംസ്ഥാനത്ത് എത്ര വിനോദസഞ്ചാരികൾ സന്ദർശനം നടത്തി; ഇതിൽ ആഭ്യന്തര ടൂറിസ്റ്റുകൾ എത്ര; വിദേശ ടൂറിസ്റ്റുകൾ എത്ര; ഇവരുടെ സന്ദർശനത്തിലൂടെ എത്ര കോടി രൂപയുടെ വരുമാനം സംസ്ഥാനത്തിന് ലഭിച്ചു; വ്യക്തമാക്കുമോ;

(ബി) ഹർത്താലുകൾ വിനോദസഞ്ചാരമേഖലയെ ബാധിക്കുന്നുവെന്ന് കരുതുന്നുണ്ടോ; എങ്കിൽ ടൂറിസം മേഖലയെ ഹർത്താലുകളിൽ നിന്നും ഒഴിവാക്കാൻ എന്ത് നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(സി) വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിനായി അന്താരാഷ്ട്ര പ്രചാരണപരിപാടി സംഘടിപ്പിച്ചുവോ; എങ്കിൽ ഏതെല്ലാം രാജ്യങ്ങളിൽ പ്രചാരണം സംഘടിപ്പിച്ചു; ടൂറിസം മേഖലയെ പ്രതിനിധീകരിച്ച് എത്രപേർ പങ്കെടുത്തു; അവർ ആരെല്ലാം; എത്ര രൂപ ഇതിലേയ്ക്കായി ചെലവഴിച്ചു; വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) 2018-ലെ സ്ഥിതിവിവരക്കണക്ക് അനുസരിച്ച് കേരളം സന്ദർശിച്ച വിനോദസഞ്ചാരികളുടെ എണ്ണം 1,67,01,068 (ഒരു കോടി അറുപത്തിയേഴുലക്ഷത്തി ആയിരത്തി അറുപത്തിയെട്ട്) ആണ്. ഇതിൽ ആഭ്യന്തര വിനോദസഞ്ചാരികളുടെ എണ്ണം 1,56,04,661 (ഒരു കോടി അൻപത്തിയാറു ലക്ഷത്തി നാലായിരത്തി അറുനൂറ്റി അറുപത്തിയൊന്ന്) ആണ്. വിദേശ വിനോദസഞ്ചാരികളുടെ മാത്രം എണ്ണം 10,96,407 (പത്തുലക്ഷത്തി തൊണ്ണൂറ്റി

ആറായിരത്തി നാനൂറ്റി ഏഴ്) ആണ്. 2018 വർഷം 36,258.01 കോടി രൂപ ടൂറിസം മേഖലയിൽനിന്നും സംസ്ഥാനത്തിന് ലഭിച്ചതായാണ് കണക്ക് കൂട്ടിയിട്ടുള്ളത്. ഇതിൽ 2018 വർഷത്തെ വിദേശ നാണ്യ വരുമാനം 8,764.46 കോടി രൂപയാണ്.

(ബി) വിനോദസഞ്ചാരമേഖലയിൽ ഹർത്താൽ സൃഷ്ടിക്കുന്ന പ്രയാസങ്ങളെപ്പറ്റി ചർച്ച ചെയ്യുന്നതിനായി ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 15.5.2018-ന് ചേർന്ന സർവ്വകക്ഷി യോഗത്തിൽ വിനോദസഞ്ചാര മേഖലയെ ഹർത്താലിൽനിന്നും ഒഴിവാക്കണമെന്നും ഹർത്താൽ ആഹ്വാനം ചെയ്യുന്നവർ തന്നെ വിനോദസഞ്ചാരമേഖലയെ ഹർത്താലിൽനിന്നും ഒഴിവാക്കുന്നതിനും ആഹ്വാനം ചെയ്യണമെന്ന നിർദ്ദേശം എല്ലാ രാഷ്ട്രീയകക്ഷികളും അംഗീകരിക്കുകയുണ്ടായി.

(സി) വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിനായി ടൂറിസം വകുപ്പ് അന്താരാഷ്ട്ര പ്രചാരണ പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്. 2019 ജനുവരി മുതൽ നടത്തിയ ബ്രാൻഡ് ക്യാമ്പയിൻ വിദേശങ്ങളിൽ കേരളത്തെക്കുറിച്ച് മികച്ച പ്രതികരണം ഉണ്ടാക്കി. ഹ്യൂമൻ ബൈ നേച്ചർ എന്ന പുതിയ പ്രചാരണ പരിപാടി വഴി യൂറോപ്പ് പ്രിന്റ് ക്യാമ്പയിൻ നടത്തിക്കഴിഞ്ഞു. U.K, London, Heauthro എയർപോർട്ട്, ജർമ്മനി, പാരീസ്, ദുബായ്, സിംഗപ്പൂർ എയർപോർട്ടുകൾ കേന്ദ്രീകരിച്ച് ഔട്ട് ഓഫ് ഹോം ക്യാമ്പയിൻ, അമേരിക്കയിൽ ന്യൂയോർക്ക് ടൈം സ്ക്വയർ പരസ്യപ്രചാരണവും സംഘടിപ്പിച്ചിട്ടുണ്ട്. ഇതിനുപുറമേ യൂറോപ്പ് ടിവി ബ്രാൻഡ് ക്യാമ്പയിനും സംഘടിപ്പിച്ചിരുന്നു. 2018-19-ൽ നടത്തിയ Middle East ക്യാമ്പയിനും അറബ് രാജ്യങ്ങളിൽ കേരളാ ടൂറിസം പ്രചാരണങ്ങൾക്ക് കരുത്തേകാൻ ഉതകുന്നതായിരുന്നു.

മേൽ ക്യാമ്പയിനുകൾക്കായി ചെലവായ തുക ചുവടെ ചേർക്കുന്നു.

| No. | Campaign | Amount |
|---|---|---|
| 1 | Middle East Print Campaign | 1,41,40,000 |
| 2 | Middle East TV Campaign | 2,64,78,133 |
| 3 | Europe TV Campaign | 4,79,08,000 |
| 4 | Europe Dubai Brand Campaign | 4,02,17,029 |
| 5 | American Time Square Brand Campaign | 2,50,00,000 |

അന്താരാഷ്ട്ര പ്രചാരണ പരിപാടികളുടെ ഭാഗമായി 2018-2019 സാമ്പത്തിക വർഷത്തിൽ കേരളാ ടൂറിസം പങ്കെടുത്ത അന്താരാഷ്ട്ര ട്രേഡ് ഫെയറുകളുടെയും കേരളാ ടൂറിസം സംഘടിപ്പിച്ച അന്താരാഷ്ട്ര ട്രേഡ് മീറ്റുകളുടെയും വിശദാംശം അനുബന്ധമായി ചേർക്കുന്നു*. ഇവയിൽ കേരള ടൂറിസത്തിനെ പ്രതിനിധീകരിച്ചത് സെക്രട്ടറി (ടൂറിസം), ഡയറക്ടർ (ടൂറിസം), ഡെപ്യൂട്ടി ഡയറക്ടർ (മാർക്കറ്റിംഗ്, ടൂറിസം) എന്നിവരാണ് പങ്കെടുത്തത്. അന്താരാഷ്ട്ര ട്രേഡ് ഫെയറുകളിൽ പങ്കെടുക്കുന്നതിന് 4,25,15,000 + GST രൂപയുടെയും അന്താരാഷ്ട്ര ട്രേഡ് മീറ്റുകൾ സംഘടിപ്പിക്കുന്നതിനായി 7,22,05,000+ GST രൂപയുടെയും ഭരണാനുമതിയാണ് നൽകിയിട്ടുള്ളത്.

## ടൂറിസം രംഗത്ത് നൂതനപദ്ധതികൾ

267 (2484) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിദേശ ടൂറിസ്റ്റുകളുടെ സന്ദർശനത്തിൽ വർദ്ധനവുണ്ടായിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ടൂറിസം മേഖലയിൽ കൂടുതൽ ആൾക്കാരെ ആകർഷിക്കുന്നതിന് എന്തൊക്കെ പുതിയ പദ്ധതികൾ ആരംഭിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത് എന്നറിയിക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2016, 2017, 2018 വർഷങ്ങളിൽ മുൻവർഷത്തെ അപേക്ഷിച്ച് കേരളം സന്ദർശിച്ച വിനോദസഞ്ചാരികളുടെ എണ്ണത്തിൽ വർദ്ധനവ് രേഖപ്പെടുത്തിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| വർഷം | വിദേശ വിനോദ സഞ്ചാരികൾ | മുൻ വർഷത്തെ അപേക്ഷിച്ച് വർദ്ധനവ്(%) | ആഭ്യന്തര വിനോദസഞ്ചാരികൾ | മുൻ വർഷത്തെ അപേക്ഷിച്ച് വർദ്ധനവ് (%) |
|---|---|---|---|---|
| 2016 | 1038419 | 6.23 | 13172535 | 5.67 |
| 2017 | 1091870 | 5.15 | 14673520 | 11.39 |
| 2018 | 1096407 | 0.42 | 15604661 | 6.35 |

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) നിലവിലുള്ള പദ്ധതികൾ തുടരുന്നതോടൊപ്പം ഈ വർഷം മുതൽ നിശാഗന്ധി മൺസൂൺ മ്യൂസിക് ഫെസ്റ്റിവൽ, ചാമ്പ്യൻസ് ബോട്ട് ലീഗ് എന്നീ പദ്ധതികൾ തുടങ്ങുന്നതിനും ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ, കേരള ടൂറിസം വെബ്സൈറ്റിന്റെ വിപുലീകരണത്തിന്റെ ഭാഗമായി ആയുർവ്വേദം, യോഗ, കളരി, മലബാർ എന്നിവയെ സംബന്ധിക്കുന്ന മൈക്രോസൈറ്റുകൾ തയ്യാറാക്കുന്നതിനും ഓഫ് സീസൺ സമയത്ത് കേരള ടൂറിസം വെബ്സൈറ്റ് വഴി ടൂർ പാക്കേജുകൾ വിൽക്കുന്ന പദ്ധതിക്കും തെരഞ്ഞെടുത്ത 30 ടൂറിസം ഡെസ്റ്റിനേഷനുകളുടെ ത്രീ ഡൈമെൻഷനൽ 360 ഡിഗ്രി വീഡിയോ കേരള ടൂറിസം വെബ്സൈറ്റ് വഴി ലഭ്യമാക്കുന്ന പദ്ധതിക്കും, കേരള ടൂറിസം മൊബൈൽ ആപ്പ് വഴി 1500 ഉൾനാടൻ ടൂറിസം ഡെസ്റ്റിനേഷനുകളുടെ ഫോട്ടോയടക്കം വിശദാംശം സഞ്ചാരികൾക്ക് ലഭ്യമാക്കുന്ന പദ്ധതിക്കും സർക്കാർ ഭരണാനുമതി നൽകിക്കഴിഞ്ഞു.

## ടൂറിസ്റ്റ് ഇൻഫർമേഷൻ സെന്ററുകൾ ആരംഭിക്കാൻ നടപടികൾ

268 (2485) ശ്രീ. എം. ഉമ്മർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളം സന്ദർശിക്കാൻ ആഗ്രഹിക്കുന്ന ഇതരസംസ്ഥാനക്കാർക്ക് കേരളത്തെ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുന്നതിനായി ഏതെല്ലാം സംസ്ഥാനങ്ങളിൽ ഇൻഫർമേഷൻ ഓഫീസുകൾ ആരംഭിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) ഇതരസംസ്ഥാനങ്ങളിലെ ടൂറിസ്റ്റ് കേന്ദ്രങ്ങൾക്ക് സമീപം കേരളത്തിന്റെ ടൂറിസ്റ്റ് ഇൻഫർമേഷൻ സെന്ററുകൾ ആരംഭിക്കുവാൻ നടപടികൾ സ്വീകരിക്കുമോ;

(സി) ഇതരസംസ്ഥാനങ്ങളിലെ ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ കേരളത്തിന്റെ സവിശേഷതകളും കരകൗശലവിരുതും വെളിവാക്കാൻ ഉതകുന്ന തരത്തിൽ പുതിയ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ) കേരള വിനോദസഞ്ചാര വകുപ്പിനുകീഴിൽ താഴെപ്പറയുന്ന സംസ്ഥാനങ്ങളിൽ ടൂറിസ്റ്റ് ഇൻഫർമേഷൻ കൗണ്ടറുകൾ പ്രവർത്തിക്കുന്നു.

- തമിഴ്നാട്-ചെന്നൈ
- കർണ്ണാടക-മൈസൂർ, മംഗലാപുരം എയർപോർട്ട്
- മഹാരാഷ്ട്ര-മുംബൈ
- പശ്ചിമബംഗാൾ-കൊൽക്കത്ത

- ഡൽഹി
- ഗോവ

(ബി) സാധ്യതകൾ പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

(സി) നിലവിൽ ടൂറിസം വകുപ്പിന്റെ പരിഗണനയിൽ ഇല്ല.

**ഉത്തരവാദിത്ത ടൂറിസം മിഷൻ**

269 (2486) ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീ. എസ്. രാജേന്ദ്രൻ :
ശ്രീ. സി. കൃഷ്ണൻ :
ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഉത്തരവാദിത്ത ടൂറിസത്തിന്റെ ഫലപ്രദമായ നടത്തിപ്പിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ;

(ബി) ഇതിനായി രൂപീകരിച്ച ഉത്തരവാദിത്ത ടൂറിസം മിഷന്റെ പ്രവർത്തനങ്ങൾ സംസ്ഥാനമൊട്ടാകെ വ്യാപിപ്പിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത മിഷന് കീഴിൽ പുതിയ യൂണിറ്റുകൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ എന്തെല്ലാമാണ്;

(ഡി) പ്രസ്തുത പദ്ധതി പ്രകാരം പ്രത്യക്ഷമായും പരോക്ഷമായും എത്ര പേർക്ക് തൊഴിൽ നൽകാൻ സാധിച്ചു എന്നതിന്റെ കണക്ക് ലഭ്യമാണോ;

(ഇ) ഉത്തരവാദിത്ത ടൂറിസം രംഗത്തെ മികച്ച പ്രവർത്തനങ്ങൾക്ക് ലഭിച്ചിട്ടുള്ള അംഗീകാരങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉത്തരവാദിത്ത ടൂറിസം പദ്ധതികൾ കേരളത്തിൽ ആരംഭിച്ചത് 2008-ലാണ്. ആദ്യഘട്ടത്തിലെ നാല് കേന്ദ്രങ്ങളിലെ പ്രവർത്തനങ്ങൾ വിലയിരുത്തിയ ശേഷം 2011-ൽ പുതുതായി 3 കേന്ദ്രങ്ങളെക്കൂടി ഉൾപ്പെടുത്തിക്കൊണ്ട് രണ്ടാം ഘട്ടം ആരംഭിച്ചു. ഈ രണ്ട് ഘട്ടങ്ങളിലെയും പ്രവർത്തനങ്ങൾ വിലയിരുത്തിയശേഷം ഉത്തരവാദിത്ത ടൂറിസം പ്രവർത്തനങ്ങൾ സംസ്ഥാന വ്യാപകമാക്കാൻ തീരുമാനിക്കുകയും പ്രസ്തുത പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി 2017 ജൂൺ മാസത്തിൽ ഉത്തരവാദിത്ത ടൂറിസം മിഷൻ രൂപീകരിച്ചു. ടൂറിസം ഡയറക്ടറുടെ നേരിട്ടുള്ള മേൽനോട്ടത്തിലാണ് മിഷൻ ഫലപ്രദമായി

പ്രവർത്തിക്കുന്നത്. സ്റ്റേറ്റ് ആർ.ടി. മിഷൻ കോ-ഓർഡിനേറ്ററുടെ നേതൃത്വത്തിൽ ഒരു ഫിനാൻസ് ആന്റ് അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, പാലക്കാട്, പത്തനംതിട്ട, മലപ്പുറം എന്നീ ജില്ലകളിൽ ഒഴികെ മറ്റ് ജില്ലകളിലെല്ലാം ഡിസ്ട്രിക്ട്/ഡെസ്റ്റിനേഷൻ കോ-ഓർഡിനേറ്റർമാർ എന്നിവർ മിഷനിൽ പ്രവർത്തിക്കുന്നു.

(ബി) സ്റ്റേറ്റ് ആർ.ടി. മിഷൻ കോ-ഓർഡിനേറ്ററുടെ നേതൃത്വത്തിൽ ഒരു ഫിനാൻസ് ആന്റ് അഡ്മിനിസ്ട്രേറ്റീവ് ഓഫീസറും പാലക്കാട്, പത്തനംതിട്ട, മലപ്പുറം എന്നീ ജില്ലകളിൽ ഒഴികെ മറ്റ് ജില്ലകളിലെല്ലാം ഡിസ്ട്രിക്ട്/ഡെസ്റ്റിനേഷൻ കോ-ഓർഡിനേറ്റർമാരും ഉത്തരവാദിത്ത ടൂറിസം മിഷനിൽ പ്രവർത്തിക്കുന്നു. ഇതുകൂടാതെ മിഷന്റെ വിവിധ പ്രവർത്തനങ്ങളിൽ സഹായിക്കാൻ പ്രദേശവാസികളായ 750 ആർ. ടി. റിസോഴ്സ് പേഴ്സൺമാരെ തെരഞ്ഞെടുത്ത് പരിശീലനം നൽകിയിട്ടുണ്ട്. മിഷന്റെ നേതൃത്വത്തിൽ ടൂറിസം മേഖലയുമായി പ്രത്യക്ഷമായോ പരോക്ഷമായോ ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന തരത്തിലുള്ള വിവിധ യൂണിറ്റുകളെ പരിശീലിപ്പിച്ച് ടൂറിസം വ്യവസായവുമായി ലിങ്ക് ചെയ്യുന്നു. നിലവിൽ വിവിധ മേഖലയിലുള്ള 15515 യൂണിറ്റുകൾ ആർ.ടി. മിഷനിൽ രജിസ്റ്റർ ചെയ്തു പ്രവർത്തിച്ചുവരുന്നു. കൂടാതെ വിവിധ എക്സ്പീരിയൻസ് പാക്കേജുകളും നടത്തിവരുന്നു. ഉത്തരവാദിത്ത ടൂറിസം പ്രവർത്തനങ്ങൾ സംസ്ഥാന വ്യാപകമാക്കുന്നതിന് ആർ.ടി. മിഷൻ നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ആർ.ടി. മിഷനിൽ യൂണിറ്റുകൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള അപേക്ഷാ ഫോറം ആർ. ടി. മിഷൻ വെബ് സൈറ്റിൽനിന്നും ഡൗൺലോഡ് ചെയ്യുകയോ അതാത് കോ-ഓർഡിനേറ്റർമാരിൽനിന്നോ കൈപ്പറ്റാവുന്നതാണ്. പ്രസ്തുത ഫോം പൂരിപ്പിച്ച് അതിൽപ്പറയുന്ന പ്രകാരമുള്ള രേഖകളും ഉള്ളടക്കം ചെയ്ത് സംസ്ഥാന മിഷൻ ഓഫീസിലോ അതാത് ജില്ലാ/ ഡെസ്റ്റിനേഷൻ കോ-ഓർഡിനേറ്റർമാരെയോ ഏൽപ്പിക്കാവുന്നതാണ്. യൂണിറ്റ് വെരിഫിക്കേഷനുശേഷം ഓൺലൈൻ ആയി രജിസ്റ്റർ ചെയ്യാവുന്നതാണ്.

(ഡി) ലഭ്യമാണ്. വിവിധ മേഖലകളിലുള്ള 15515 യൂണിറ്റുകൾ ആർ.ടി. മിഷനിൽ രജിസ്റ്റർ ചെയ്ത് പ്രവർത്തിച്ചുവരുന്നു. ഈ യൂണിറ്റുകളിലൂടെ പ്രത്യക്ഷമായി 29600 പേരും പരോക്ഷമായി 48990 പേരും ആർ.ടി. മിഷൻ പ്രവർത്തനങ്ങളുടെ ഗുണഭോക്താക്കളായിട്ടുണ്ട്.

(ഇ) 2017 ജൂൺ മാസത്തിൽ ഉത്തരവാദിത്ത ടൂറിസം മിഷൻ നിലവിൽ വന്നതിനുശേഷം 3 അന്താരാഷ്ട്ര അവാർഡുകളും 3 നാഷണൽ അവാർഡുകളും ഉൾപ്പെടെ 6 അവാർഡുകളാണ് കേരളത്തിലെ ഉത്തരവാദിത്ത ടൂറിസം പ്രവർത്തനങ്ങൾക്ക് ലഭിച്ചിരിക്കുന്നത്.

1. 2017-ൽ ഡബ്ല്യു.ടി.എം.-ന്റെ ഹൈലി കമെൻഡഡ് അവാർഡ് - കുമരകം റെസ്പോൺസിബിൾ ടൂറിസം പ്രോജക്ട്.

2. 2018-ലെ "ബെസ്റ്റ് ഇൻ റെസ്പോൺസിബിൾ ടൂറിസം" എന്ന വിഭാഗത്തിൽ ഗോൾഡ് അവാർഡ് - കേരള ടൂറിസം, റെസ്പോൺസിബിൾ ടൂറിസം മിഷൻ.

3. വേൾഡ് റെസ്പോൺസിബിൾ ടൂറിസം അവാർഡ്സ് 2018-ലെ "ബെസ്റ്റ് ഫോർ മാനേജിംഗ് സക്സസ്" - കുമരകം

4. 2018 - ലെ ഇന്ത്യൻ റെസ്പോൺസിബിൾ ടൂറിസം അവാർഡ്-ൽ ഔട്ട് സ്റ്റാൻഡിംഗ് അച്ചീവ്മെന്റ് അവാർഡ്-കേരള റെസ്പോൺസിബിൾ ടൂറിസം മിഷൻ.

5. നാഷണൽ ടൂറിസം അവാർഡ് 2015-16-ലെ "ബെസ്റ്റ് റെസ്പോൺസിബിൾ ടൂറിസം ഇനിഷ്യേറ്റീവ് ഇൻ നിഷ് കാറ്റഗറി" യിൽ - കുമരകം ഉത്തരവാദിത്ത ടൂറിസം പദ്ധതി

6. നാഷണൽ ടൂറിസം അവാർഡ് 2016-17-ലെ "മോസ്റ്റ് റെസ്പോൺസിബിൾ ടൂറിസം പ്രോജക്ട് ഇനിഷ്യേറ്റീവ്" എന്ന വിഭാഗത്തിൽ വയനാട് ഉത്തരവാദിത്ത ടൂറിസം പദ്ധതി.

**വിനോദസഞ്ചാര വകുപ്പിന് സംസ്ഥാനത്തിന് പുറത്തുള്ള ആസ്തിവകകൾ**

270 (2487) <u>ശ്രീ. എൽദോ എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വിനോദസഞ്ചാര വകുപ്പിന്റെ ഉടമസ്ഥതയിൽ കേരളത്തിന് പുറത്തുള്ള ആസ്തിവകകൾ എന്തൊക്കയാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത ആസ്തിവകകൾ പരിപാലിക്കുന്നതിനും സംരക്ഷിക്കുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ ?

<u>ഉത്തരം</u>

(എ & ബി) കേരള സർക്കാരിന്റെ ഉടമസ്ഥതയിൽ വിനോദസഞ്ചാര വകുപ്പിന്റെ നിയന്ത്രണത്തിൽ കന്യാകുമാരിയിൽ കേരളാ ഹൗസ് ഉൾപ്പെടുന്ന സ്ഥലം കന്യാകുമാരി വില്ലേജിൽ 599/2 എന്ന സർവ്വേ നമ്പരിൽ 1.645 ഹെക്ടറിലാണ് വ്യാപിച്ചുകിടക്കുന്നത്. പ്രസ്തുത സ്ഥലത്ത് വകുപ്പിന്റെ നിയന്ത്രണത്തിൽ കേരളാ ഹൗസ് പ്രവർത്തിക്കുന്നു. കേരളാ ഹൗസ് സ്ഥിതി ചെയ്യുന്ന സ്ഥലം കാടുവെട്ടിത്തെളിച്ചും മതിൽ കെട്ടിയും പരിപാലിച്ചിട്ടുണ്ട്.

തുള്ളോക്ക് ഗാർഡൻ ചെന്നൈ നങ്കമ്പാക്കം വില്ലേജിൽ ഗ്രീൻസ് റോഡിൽ 0.55 ഏക്കർ സ്ഥലം ഹോട്ടൽ നടത്തുന്നതിന് കെ.ടി.ഡി.സി.-ക്ക് പാട്ടത്തിന് നൽകിയിട്ടുണ്ട്. ടി സ്ഥലത്ത് കെ.ടി.ഡി.സി.-യുടെ ഹോട്ടൽ പ്രവർത്തിച്ചുവരുന്നു.

**വിനോദസഞ്ചാരികളെ ആകർഷിക്കാൻ വിപണനതന്ത്രം**

271 (2488) ശ്രീ. എസ്. രാജേന്ദ്രൻ:
ശ്രീ. ജോൺ ഫെർണാണ്ടസ്:
ശ്രീ. ബി. ഡി. ദേവസ്സി:
ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സി.എൻ.എൻ. ട്രാവൽ പോലുള്ള പ്രമുഖ അന്താരാഷ്ട്ര ചാനൽ വിനോദസഞ്ചാരികൾ കണ്ടിരിക്കേണ്ട പ്രധാനസ്ഥലങ്ങളിലൊന്നായി വിലയിരുത്തിയിട്ടുള്ള കേരളത്തിലേയ്ക്ക് വിദേശത്തുനിന്നും രാജ്യത്തിന്റെ വിവിധഭാഗങ്ങളിൽ നിന്നും കൂടുതൽ വിനോദസഞ്ചാരികളെ ആകർഷിക്കാൻ സർക്കാർ നടത്തുന്ന വിപണനതന്ത്രങ്ങൾ എന്തെല്ലാമാണ്;

(ബി) സംസ്ഥാനത്തെത്തുന്ന വിനോദസഞ്ചാരികൾ സന്തുഷ്ടരായി മടങ്ങുന്നതാണ് ഏറ്റവും നല്ല വിപണനതന്ത്രമെന്നത് കണക്കിലെടുത്ത് വിനോദസഞ്ചാരകേന്ദ്രങ്ങളുടെ ശുചിത്വപരിപാലനത്തിനും മികച്ച താമസ സൗകര്യം വിനോദസഞ്ചാരകേന്ദ്രങ്ങളെ ബന്ധിപ്പിച്ചുകൊണ്ടുള്ള ഗതാഗത സൗകര്യം എന്നിവ ഏർപ്പെടുത്തുന്നതിനും സർവ്വോപരി അതിഥികളുടെ സുരക്ഷ ഉറപ്പാക്കുന്നതിനും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ;

(സി) സംസ്ഥാനത്തെ വിനോദസഞ്ചാരകേന്ദ്രങ്ങളിൽ ഭൂരിഭാഗവും പരിസ്ഥിതി പ്രാധാന്യമുള്ളവയായതിനാൽ ഇത്തരം സ്ഥലങ്ങളുടെ ശേഷിക്കനുസരിച്ച് വേണ്ട ക്രമീകരണം നടത്തുന്നതിനും പരിസ്ഥിതി സൗഹൃദ നിർമ്മാണരീതികൾ അവലംബിക്കുന്നതിനും നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിനായി വിനോദസഞ്ചാര വകുപ്പ് വിവിധ പരിപാടികൾ നടത്തിവരുന്നുണ്ട്. മറ്റ് സംസ്ഥാനത്തുനിന്നുള്ള സഞ്ചാരികളെ ആകർഷിക്കുന്നതിനായി ഏപ്രിൽ-ജൂൺ മാസങ്ങളിലായി ഓഫ് സീസൺ പ്രൊമോഷൻ ക്യാമ്പയിൻ സംഘടിപ്പിക്കുന്നുണ്ട്. സിനിമാ തിയേറ്ററുകൾ, മാളുകൾ, എയർപോർട്ടുകൾ, ടി.വി., റേഡിയോ, പ്രിന്റ് ഡിജിറ്റൽ

എന്നീ മാർഗ്ഗങ്ങളിലൂടെയുള്ള കേരള ടൂറിസത്തിന്റെ പ്രചാരണം ഇത്തവണ Human by nature എന്ന ലേബലിൽ നടത്തുന്നുണ്ട്.

അറബ് രാജ്യങ്ങളായ സൗദി, ദുബായ്, ഒമാൻ, കുവൈറ്റ് എന്നിവ കേന്ദ്രീകരിച്ച് ജൂൺ മുതൽ മിഡിൽ ഈസ്റ്റ് ക്യാമ്പയിനും നടത്തുന്നുണ്ട്. 2019 ജനുവരി മുതൽ മൂന്നുമാസക്കാലം നടത്തിയ ബ്രാന്റ് ക്യാമ്പയിൻ മികച്ച പ്രതികരണമാണ് ഉണ്ടാക്കിയത്. നാഷണൽ/ഇന്റർനാഷണൽ ബ്രാന്റ് ക്യാമ്പയിൻ യൂറോപ്പ് O.O.H. (Out Of Home) (എയർപോർട്ടുകളായ ലണ്ടൻ, ഹീത്രൂ, ഫ്രാൻസ്, പാരീസ്, ദുബായ്, സിംഗപ്പൂർ, ജർമ്മനി) അമേരിക്കയിലെ ന്യൂയോർക്ക് ടൈം സ്ക്വയർ പരസ്യം, ലോസ് ആഞ്ചൽസ് എയർപോർട്ട് O.O.H., യൂറോപ്പ് ബ്രാന്റ് ക്യാമ്പയിൻ എന്നിവയും നടത്തിക്കഴിഞ്ഞു.

കേരളത്തെക്കുറിച്ച് വിദേശങ്ങളിൽ സോഷ്യൽ മീഡിയ ഇൻഫ്ളുവൻഷ്യൽ പ്രോഗ്രാം ആയ കേരള ബ്ലോഗ് എക്സ്പ്രസ് മികച്ച പ്രതികരണമാണ് ഉണ്ടാക്കുന്നത്. വിദേശ രാജ്യങ്ങളിലെ 30-ഓളം ട്രാവൽ ബ്ലോഗർമാരെ കേരളത്തിലേയ്ക്ക് ക്ഷണിച്ച് വിവിധ സ്ഥലങ്ങൾ സന്ദർശിച്ച് ബ്ലോഗിൽ എഴുതുന്ന ബ്ലോഗ് എക്സ്പ്രസ് കേരള ടൂറിസത്തിന്റെ മികച്ച പ്രചാരണ പരിപാടിയാണ്.

ഇന്ത്യയ്ക്കകത്തും പുറത്തും സംസ്ഥാന ടൂറിസം വകുപ്പ് ട്രേഡുമായി ചേർന്ന് നടക്കുന്ന പാർട്ട്ണർഷിപ്പ് ബി2ബി മീറ്റുകൾ കേരള ടൂറിസം വിപണനത്തിന് മികച്ച ഒരു മാർഗ്ഗമാണ്. രാജ്യത്തെ 20-ഓളം പ്രമുഖ പട്ടണങ്ങളിൽ മീറ്റ് സംഘടിപ്പിച്ചുവരുന്നു. വിദേശത്തും പ്രമുഖ പട്ടണങ്ങളിൽ ബി2ബി മീറ്റുകൾ സംഘടിപ്പിച്ചുകഴിഞ്ഞു. വിവിധ ട്രേഡ് ഫെയറുകളിലും വകുപ്പ് പങ്കെടുക്കുന്നുണ്ട്. രാജ്യത്തെ 20-ഓളം പ്രമുഖ ട്രേഡ് ഫെയറുകളിലും വിദേശത്തെ പ്രമുഖ ട്രേഡ് ഫെയറുകളിലും വകുപ്പ് പങ്കെടുക്കുന്നുണ്ട്. എല്ലാ വർഷവും ഇതേ മേളകളിൽ വകുപ്പ് പങ്കെടുത്ത് സംസ്ഥാന ടൂറിസം പ്രചാരണം നല്ല രീതിയിൽ നടത്തിവരുന്നുണ്ട്.

സംസ്ഥാന സർക്കാരിന്റെ ഓണം/നിശാഗന്ധി ഡാൻസ്-മ്യൂസിക് പരിപാടികളും ടൂറിസം പ്രചാരണത്തിന് ഉപയോഗിക്കാൻ നടപടികൾ എടുത്തുവരുന്നു.

(ബി) സംസ്ഥാനത്തെ വിനോദസഞ്ചാര മേഖലയെ പരിപോഷിപ്പിക്കുന്നതിനും ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങളും ശുചിത്വവും ഉറപ്പുവരുത്തുന്നതിനുമായി വിവിധ പദ്ധതികൾ വകുപ്പ് കൈക്കൊണ്ടുവരുന്നു. വിവിധ ടൂറിസ്റ്റ് കേന്ദ്രങ്ങളുടെ സാധ്യത വിലയിരുത്തി ടൂറിസ്റ്റുകൾക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് വകുപ്പ് പ്രത്യേക ശ്രദ്ധ ചെലുത്തുന്നു. വിശ്രമസങ്കേതങ്ങൾ, നടപ്പാതകൾ,

കുടിവെള്ള ലഭ്യത, ടോയ്‌ലറ്റ് സംവിധാനം, കഫറ്റീരിയ തുടങ്ങിയുള്ള അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പാക്കുന്നതിനായി 'ഗ്രീൻ കാർപ്പറ്റ് ' എന്ന പേരിൽ ഒരു പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിവരികയാണ്. നിലവിൽ 78 വിനോദസഞ്ചാര കേന്ദ്രങ്ങളെയാണ് ടി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. പ്രധാന ടൂറിസ്റ്റ് കേന്ദ്രമായ കോവളത്ത് ഇക്കോ പ്രിസർവ് എന്ന എൻ.ജി.ഒ. മുഖേനയും കേരളത്തിലെ മറ്റ് പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങളിൽ മാലിന്യ നീക്കത്തിനായി കുടുംബശ്രീ മിഷൻ മുഖേന ' ക്ലീൻ ഡെസ്റ്റിനേഷൻ കാമ്പയിൻ ' പദ്ധതിയും ഇടുക്കി ജില്ലയിൽ എക്സ് സർവ്വീസ് മെൻ ട്രസ്റ്റ് മുഖേനയും വകുപ്പ് നേരിട്ട് തന്നെ ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ മാലിന്യം നീക്കി ശുചിയായി സംരക്ഷിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു. ടൂറിസ്റ്റ് കേന്ദ്രങ്ങളെ ഭിന്നശേഷി സൗഹൃദമാക്കുന്ന 'ബാരിയർ ഫ്രീ ' ടൂറിസം പദ്ധതി പ്രധാനപ്പെട്ട എല്ലാ ടൂറിസ്റ്റ് കേന്ദ്രങ്ങളിലും സാധ്യതയുടെ അടിസ്ഥാനത്തിൽ നടപ്പാക്കിവരുന്നു. ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ വിവിധ ഏജൻസികളെ ഉൾപ്പെടുത്തിക്കൊണ്ടുള്ള മാസ് ക്ലീനിംഗ് പരിപാടികൾ വകുപ്പ് തുടർച്ചയായി നടപ്പാക്കിവരുന്നുണ്ട്. സംസ്ഥാനം സന്ദർശിക്കുന്ന വിനോദസഞ്ചാരികൾക്കുവേണ്ട സുരക്ഷയും സംരക്ഷണവും അതീവ പ്രാധാന്യത്തോടെ കണക്കാക്കി ഒട്ടേറെ നടപടികൾ വകുപ്പ് സ്വീകരിച്ചിട്ടുണ്ട്. ടൂറിസം കേന്ദ്രങ്ങളിലെ കച്ചവടക്കാർ, ഗൈഡുകൾ എന്നിവർക്ക് തിരിച്ചറിയൽ രേഖകൾ, യൂണിഫോം മുതലായവ നിർബന്ധമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ടൂറിസം പോലീസിന്റെ സേവനം പ്രധാന ടൂറിസം സെന്ററുകളിൽ ലഭ്യമാക്കിയിട്ടുണ്ട്. നിലവിൽ 150 സിവിൽ പോലീസ് ഓഫീസർമാരും 30 സീനിയർ സിവിൽ പോലീസ് ഓഫീസർമാരും ടൂറിസം പോലീസുകാരായി സേവനം ഉറപ്പാക്കിയിട്ടുണ്ട്. കൂടാതെ അപകട മുന്നറിയിപ്പ് നൽകുന്നതിനുള്ള സംവിധാനം കോവളം ഡെസ്റ്റിനേഷനിൽ ഏർപ്പെടുത്തിയിട്ടുണ്ട്.

വിനോദസഞ്ചാരമേഖലയിലെ സുരക്ഷ ശക്തമാക്കുന്നതിന്റെ ഭാഗമായി പ്രധാന ടൂറിസം കേന്ദ്രങ്ങളിൽ സിസിടിവി ക്യാമറ സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടി വകുപ്പ് സ്വീകരിച്ചുവരികയാണ്.

(സി) സംസ്ഥാന സർക്കാർ അംഗീകരിച്ചിട്ടുള്ള 2017-ലെ ടൂറിസം നയത്തിൽ, പരിസ്ഥിതി സംരക്ഷണത്തിന് അതിയായ ഊന്നൽ നൽകുന്നുണ്ട്. പരിസ്ഥിതിലോല പ്രദേശങ്ങളിൽ സ്ഥിതിചെയ്യുന്ന ടൂറിസ്റ്റ് കേന്ദ്രങ്ങളിലെ നിർമ്മാണ പ്രവർത്തനങ്ങൾ, ആ പ്രദേശത്തിന് പാരിസ്ഥിതികമായി താങ്ങാവുന്നതാണെന്ന് ഉറപ്പുവരുത്താൻ പുതിയ ടൂറിസം നയത്തിൽ നിഷ്കർഷിക്കുന്നുണ്ട്. ഇതിനനുസൃതമായ പദ്ധതികളാണ് വകുപ്പ് ആവിഷ്കരിച്ചുവരുന്നത്.

## വിദേശത്തുനിന്നുള്ള വിനോദസഞ്ചാരികൾ

272 (2489) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017, 2018 വർഷങ്ങളിലും, 2019-ൽ നാളിതുവരെയും മറ്റ് രാജ്യങ്ങളിൽ നിന്ന് സംസ്ഥാനത്ത് എത്തിയ വിനോദസഞ്ചാരികളുടെ കണക്ക് ലഭ്യമാക്കുമോ;

(ബി) ഇതിൽ ഓരോ വർഷങ്ങളിലും മുൻവർഷങ്ങളിൽ നിന്നും നേരിയ കുറവ് ഉള്ളതായി കണ്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) സഞ്ചാരികൾക്ക് സുരക്ഷയും വിനോദസഞ്ചാരകേന്ദ്രങ്ങളിൽ ഭൗതികസാഹചര്യങ്ങളും വർദ്ധിപ്പിക്കുവാൻ സ്വീകരിച്ച നടപടികൾ അറിയിക്കുമോ;

(ഡി) 2018-19 വർഷത്തിൽ ബജറ്റ് വിഹിതം എത്രയായിരുന്നു; ഇതിൽ എത്ര തുക ചെലവാക്കി;അഡീഷണൽ ഓതറൈസേഷൻ വഴി എത്ര തുക ലഭിച്ചു; എത്ര തുക ചെലവാക്കി;

(ഇ) 2018 വർഷത്തിൽ വിനോദസഞ്ചാര വകുപ്പ് ഡയറക്ടറുടെ കീഴിൽ ഉള്ള സ്ഥാപനങ്ങൾക്കുവേണ്ടി എത്ര വാഹനങ്ങൾ വാങ്ങി; വിനോദസഞ്ചാര വകുപ്പിന്റെ കീഴിലുള്ള കെ.ടി.ഡി.സി തുടങ്ങിയ ഇതര സ്ഥാപനങ്ങൾക്കുവേണ്ടി എത്ര വാഹനങ്ങൾ വാങ്ങി; വിശദമായ വിവരം ലഭ്യമാക്കുമോ?

### ഉത്തരം

(എ) 2019 മാർച്ച് മാസം വരെയുള്ള കണക്കുകളാണ് ഫൈനലൈസ് ചെയ്തിട്ടുള്ളത്. ഇതുപ്രകാരം കേരളം സന്ദർശിച്ച വിദേശ വിനോദസഞ്ചാരികളുടെ എണ്ണം 422469- ഉം 2018-ൽ 1096407-ഉം 2017-ൽ 1091870-ഉം ആണ്.

(ബി) എണ്ണത്തിൽ കുറവുവന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) സംസ്ഥാനം സന്ദർശിക്കുന്ന വിനോദസഞ്ചാരികൾക്ക് വേണ്ട സുരക്ഷയും സംരക്ഷണവും അതീവപ്രാധാന്യത്തോടെ കണക്കാക്കി ഒട്ടേറെ നടപടികൾ വകുപ്പ് സ്വീകരിച്ചിട്ടുണ്ട്. ടൂറിസം കേന്ദ്രങ്ങളിലെ സുരക്ഷ വർദ്ധിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് ബഹു. ടൂറിസം വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ തീരുമാനിച്ചതനുസരിച്ച് വിനോദസഞ്ചാര കേന്ദ്രങ്ങളിലെ കച്ചവടക്കാർ, ഗൈഡുകൾ എന്നിവർക്ക് തിരിച്ചറിയൽ രേഖകൾ, യൂണിഫോം മുതലായവ നിർബന്ധമാക്കുന്നതാണ്. ടൂറിസം പോലീസിന്റെ സേവനം

പ്രധാന ടൂറിസം സെന്ററുകളിൽ ലഭ്യമാക്കിയിട്ടുണ്ട്. നിലവിൽ 150 സിവിൽ പോലീസ് ഓഫീസർമാരും 30 സീനിയർ സിവിൽ പോലീസ് ഓഫീസർമാരും ടൂറിസം പോലീസുകാരായി സേവനം ഉറപ്പാക്കിയിട്ടുണ്ട്. വിനോദസഞ്ചാര മേഖലയിലെ സുരക്ഷ ശക്തമാക്കുന്നതിന്റെ ഭാഗമായി പ്രധാന ടൂറിസം കേന്ദ്രങ്ങളിൽ സിസിടിവി ക്യാമറ സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടി വകുപ്പ് സ്വീകരിച്ചുവരികയാണ്. കോവളം ടൂറിസം മേഖലയിൽ ആധുനിക നിരീക്ഷണ ക്യാമറകൾ സ്ഥാപിച്ചുകഴിഞ്ഞു. ടൂറിസം മേഖലയിൽ അപകട സാധ്യതയുള്ള സാഹചര്യങ്ങളെക്കുറിച്ച് സഞ്ചാരികളെ ബോധവൽക്കരിക്കുന്നതിന് നിലവിലുള്ള സംവിധാനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി എല്ലാ വിനോദസഞ്ചാരകേന്ദ്രങ്ങളുടെയും പരിധിയിൽ വരുന്ന പോലീസ് സ്റ്റേഷനുകൾക്ക് പ്രത്യേക നിരീക്ഷണത്തിന് പോലീസ് വകുപ്പുവഴി നിർദ്ദേശം നൽകിയിട്ടുണ്ട്. പരിശീലനം ലഭിച്ച ടൂറിസം പോലീസിന്റെ സേവനം പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ ഉറപ്പുവരുത്തിയിട്ടുണ്ട്. സംസ്ഥാനത്തെ പ്രധാനപ്പെട്ട ബീച്ചുകളിൽ ടൂറിസ്റ്റുകളുടെ സംരക്ഷണം മുൻനിർത്തി പ്രാവീണ്യമുള്ള ലൈഫ് ഗാർഡുകളുടെ സേവനവും ലഭ്യമാക്കിയിട്ടുണ്ട്. അപകടസാധ്യത സൂചിപ്പിച്ചുകൊണ്ടുള്ള മുന്നറിയിപ്പ് ബോർഡുകളും ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ സ്ഥാപിച്ചിട്ടുണ്ട്.

പ്രധാനപ്പെട്ട ടൂറിസം കേന്ദ്രങ്ങൾ ആകർഷകമാക്കുന്നതിനും സഞ്ചാരികൾക്ക് അനുഭവവേദ്യമാക്കുന്നതിനും പുത്തൻ സഞ്ചാരാനുഭവങ്ങൾ നൽകുന്നതിനുമായി ടി കേന്ദ്രങ്ങളുടെ അടിസ്ഥാനസൗകര്യ വികസനത്തിനുമായി ഈ സർക്കാർ അധികാരമേറ്റതിനുശേഷം ടൂറിസം വകുപ്പ് നിരവധി പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിലൂടെ ടൂറിസം കേന്ദ്രങ്ങളിൽ കണക്ടിവിറ്റി, കഫറ്റേരിയ, ഭിന്നശേഷിക്കാർക്കായി പ്രത്യേക സൗകര്യമൊരുക്കൽ, സുരക്ഷാ സംവിധാനങ്ങൾ, ലൈറ്റ്, പാർക്കിംഗ് സൗകര്യങ്ങൾ, താമസ സൗകര്യം, ശുചീകരണ പ്രവർത്തനങ്ങൾ, സാഹസിക വിനോദസഞ്ചാര പ്രവർത്തനങ്ങൾ, ബോട്ടിംഗ് സൗകര്യങ്ങൾ, ആശയവിനിമയത്തിനായി ആധുനിക സംവിധാനങ്ങൾ എന്നിവയ്ക്കായി വിവിധ പദ്ധതികൾ ഇതിൽ ഉൾപ്പെടുന്നു. ടൂറിസം രംഗത്ത് പുത്തൻ കാൽവയ്പ്പിനായി സജ്ജമാക്കുന്നതിനും എല്ലാ മേഖലയിലും സമഗ്രമായ മാറ്റത്തിനുമായി പുതിയ ടൂറിസം നയത്തിന് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. ഇതിലൂടെ ടൂറിസം രംഗം കൂടുതൽ സജീവമാക്കുകയും കേരളാ ടൂറിസത്തെ കൂടുതൽ ആകർഷകമാക്കാൻ കഴിയുകയും ചെയ്യും എന്ന് വകുപ്പ് കരുതുന്നു.

(ഡി) വിശദാംശം അനുബന്ധമായി ചേർക്കുന്നു*.

(ഇ) 2018 വർഷത്തിൽ വിനോദസഞ്ചാര വകുപ്പ് ഡയറക്ടറേറ്റിലേയ്ക്കോ ഡയറക്ടറുടെ കീഴിലുള്ള ഇതര സ്ഥാപനങ്ങളിലേയ്ക്കോ വാഹനങ്ങളൊന്നും വാങ്ങിയിട്ടില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ടേക്ക് എ ബ്രേക്ക് പദ്ധതി

273 (2490) ശ്രീ. വി. ടി. ബൽറാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസം വകുപ്പിന്റെ ആഭിമുഖ്യത്തിൽ ടേക്ക് എ ബ്രേക്ക് പദ്ധതി ആരംഭിച്ചത് എവിടെയൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) അവയിൽ പൂർത്തിയായി പ്രവർത്തനം ആരംഭിച്ചവ ഏതൊക്കെയാണെന്നും എവിടെയൊക്കെയാണെന്നും വ്യക്തമാക്കാമോ;

(സി) ഓരോ ടേക്ക് എ ബ്രേക്ക് പദ്ധതിക്കും എത്ര രൂപ വീതമാണ് അന്തിമമായി ചെലവ് വന്നത് എന്നതിന്റെ വിശദവിവരം ലഭ്യമാക്കാമോ;

(ഡി) പാലക്കാട് ജില്ലയിലെ കൂറ്റനാട് ടേക്ക് എ ബ്രേക്കിന്റെ നിർമ്മാണത്തിന് എത്ര രൂപ കോൺട്രാക്ടർക്ക് നൽകിയെന്നും ഏതെല്ലാം തീയതികളിലാണ് ഈ തുക കൈമാറിയതെന്നും വിശദമാക്കാമോ;

(ഇ) കൂറ്റനാടിലെ ഈ പദ്ധതി പ്രവർത്തനക്ഷമമാക്കുന്നതിനായി എന്തെല്ലാം നടപടികളാണ് ടൂറിസം വകുപ്പ് സ്വീകരിച്ചുവരുന്നത് എന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ-സി) ടൂറിസം വകുപ്പിന്റെ ആഭിമുഖ്യത്തിൽ 20 സ്ഥലങ്ങളിലാണ് ടേക്ക് എ ബ്രേക്ക് പദ്ധതി ആരംഭിച്ചിട്ടുള്ളത്. ടേക്ക് എ ബ്രേക്ക് പദ്ധതി ആരംഭിച്ച സ്ഥലങ്ങൾ, ഇവയിൽ പ്രവർത്തനം ആരംഭിച്ചവ, ഓരോ പദ്ധതിക്കും അന്തിമമായി ചെലവഴിച്ച തുക എന്നിവ സംബന്ധിച്ച വിശദാംശം അനുബന്ധം ആയി ചേർത്തിരിക്കുന്നു*.

(ഡി) കൂറ്റനാട് ടേക്ക് എ ബ്രേക്ക് നിർമ്മാണത്തിനായി നിർവ്വഹണ ഏജൻസിയായ പാലക്കാട് ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലിന് 44,71,882 രൂപ ടൂറിസം വകുപ്പ് അനുവദിച്ചിട്ടുണ്ട്. ഇതിന്റെ ആദ്യ ഗഡുവായ 22 ലക്ഷം രൂപ 22-2-2016-ന് നിർമ്മാണ കോൺട്രാക്ട് എടുത്ത FRBL എന്ന ഏജൻസിക്ക് പാലക്കാട് ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ നൽകിയിട്ടുണ്ട്.

(ഇ) കൂറ്റനാട് ടേക്ക് എ ബ്രേക്ക് പദ്ധതിക്കായി കണ്ടെത്തിയ സ്ഥലം പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിൽ ഉള്ളതാകയാൽ പ്രസ്തുത വകുപ്പിന്റെ അനുമതിക്കായി കത്ത് സമർപ്പിക്കുകയും നിർമ്മാണപ്രവൃത്തികൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ സ്ഥലത്തിന്റെ ഉപയോഗാനുമതി സംബന്ധിച്ച വിവരങ്ങൾ പൊതുമരാമത്ത് വകുപ്പിൽ നിന്നും ലഭിക്കാത്തതിനാൽ നാളിതുവരെ കെട്ടിട നമ്പർ, വൈദ്യുതി കണക്ഷൻ എന്നിവ ലഭ്യമാക്കുന്നതിന് സാധിച്ചിട്ടില്ല. സ്ഥലത്തിന്റെ ഉപയോഗാനുമതി ലഭ്യമാക്കാൻ പൊതുമരാമത്ത് വകുപ്പിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## സാഹസിക ടൂറിസം

274 (2491) ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നടപ്പ് സാമ്പത്തികവർഷം ടൂറിസം വകുപ്പിന് അനുവദിച്ചിട്ടുള്ള പ്ലാൻ ഫണ്ട് എത്ര രൂപയാണ്;

(ബി) സാഹസിക ടൂറിസം പരിപാടികൾക്ക് 2019-20-ൽ എത്ര രൂപ നീക്കിവച്ചിട്ടുണ്ട്;

(സി) ഇടുക്കി ജില്ലയിൽ സാഹസിക ടൂറിസം പദ്ധതികൾക്ക് ഡി.റ്റി.പി.സി. വഴി പ്രോത്സാഹനം നൽകാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) 2019-20 സാമ്പത്തിക വർഷം ടൂറിസം വകുപ്പിന് 372.37 കോടി രൂപ പ്ലാൻ ഫണ്ടായി അനുവദിച്ചിട്ടുണ്ട്.

(ബി) സാഹസിക ടൂറിസം പരിപാടികൾക്കായി 2019-20 സാമ്പത്തിക വർഷത്തിൽ പ്രത്യേകമായി തുകയൊന്നും നീക്കിവച്ചിട്ടില്ല. എന്നാൽ വിനോദസഞ്ചാര കേന്ദ്രങ്ങളിലെ പശ്ചാത്തല സൗകര്യമൊരുക്കൽ, നിലവാരം മെച്ചപ്പെടുത്തൽ എന്ന ശീർഷകത്തിൽ അനുവദിച്ചിരുന്ന തുക പ്രയോജനപ്പെടുത്തി അനുയോജ്യമായ സാഹസിക ടൂറിസം പദ്ധതികൾക്ക് അംഗീകാരം നൽകുന്ന കാര്യം പരിഗണിക്കാവുന്നതാണ്.

(സി) അനുയോജ്യമായ പദ്ധതി പ്രൊപ്പോസലുകൾ ലഭ്യമാകുന്ന മുറയ്ക്ക് ഉപയോഗത്തിനായി സ്ഥലത്തിന്റെ ലഭ്യതയും പരിശോധിച്ച് സാഹസിക ടൂറിസം പദ്ധതികൾ ഇടുക്കി ജില്ലയിൽ അനുവദിക്കുന്ന കാര്യം പരിഗണിക്കാവുന്നതാണ്.

## സ്പൈസ് റൂട്ട് പദ്ധതി

275 (2492) ശ്രീ. എം. മുകേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസം വകുപ്പ് നടപ്പിലാക്കി വരുന്ന സ്പൈസ് റൂട്ട് പദ്ധതിയിൽ ഏതെല്ലാം വിനോദസഞ്ചാര വികസന പ്രവർത്തനങ്ങളാണ് നടപ്പാക്കി വരുന്നതെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത പദ്ധതിയിൽ പുതിയതായി ഉൾപ്പെടുത്തിയ തങ്കശ്ശേരിയിൽ ഏതെല്ലാം ടൂറിസം വികസന പ്രവർത്തനങ്ങളാണ് പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) നിലവിൽ പദ്ധതികൾ ഒന്നും ഇല്ല.

(ബി) തങ്കശ്ശേരി ബ്രേക്ക് വാട്ടർ ടൂറിസം എന്ന പദ്ധതിക്കായി 5 കോടി 55 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി ലാൻഡ്/കടൽത്തീര വികസനം, സൈക്കിൾ ട്രാക്ക്, നടപ്പാത, ഡെക്ക്, ഗസ്സിബോകൾ, ടോയ്‌ലറ്റ് ബ്ലോക്കുകളുടെ നിർമ്മാണം, പാർക്കിംഗ് ഏരിയ വികസനം, ലാൻഡ് സ്കേപ്പിംഗ്, റെയിൻ ഷെൽറ്ററുകളുടെ നിർമ്മാണം, കിയോസ്കുകളുടെ നിർമ്മാണം, പുലിമുട്ടിന്റെ സൗന്ദര്യവൽക്കരണം, കുട്ടികളുടെ കളിസ്ഥലത്തിന്റെ വികസനം, ചുറ്റുമതിലിന്റെ നിർമ്മാണം, ഇൻഫർമേഷൻ സെന്ററിന്റെയും ടിക്കറ്റ് കൗണ്ടറിന്റെയും നിർമ്മാണം, വൈദ്യുതവൽക്കരണം തുടങ്ങിയ ഘടകങ്ങളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്.

**അഡ്വഞ്ചർ ടൂറിസത്തിന്റെ സാധ്യതകൾ**

276 (2493) <u>ശ്രീ. ഐ. ബി. സതീഷ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഡ്വഞ്ചർ ടൂറിസത്തിന്റെ സാധ്യതകൾ വിപുലപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) അഡ്വഞ്ചർ അക്കാദമിയുടെ ആസ്ഥാനം കാട്ടാക്കട മണ്ഡലത്തിലെ ശാസ്താംപാറയിൽ ആരംഭിക്കുന്നതിനുള്ള നിർദ്ദേശം പരിഗണനയിലുണ്ടോ;എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) സാഹസിക വിനോദസഞ്ചാര മേഖലയിലെ പ്രവർത്തനങ്ങളിൽ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി കേരള അഡ്വഞ്ചർ ടൂറിസം പ്രൊമോഷൻ സൊസൈറ്റി (കെ.എ.റ്റി.പി.എസ്.)-യുടെ കീഴിൽ സാഹസിക ടൂറിസം മാർഗ്ഗനിർദ്ദേശങ്ങൾ എന്ന പേരിൽ ഗൈഡ് ലൈൻ പദ്ധതിയുടെ രൂപരേഖ തയ്യാറാക്കിവരുന്നു. ഇതിലൂടെ കേരളത്തിലെ സാഹസിക ടൂറിസം ഓപ്പറേറ്റേഴ്സിന് ഒരു രജിസ്ട്രേഷൻ സമ്പ്രദായം ആരംഭിക്കാൻ സാധിക്കും.

സാഹസിക വിനോദത്തിന് ഉതകുന്ന മേഖലകൾകൊണ്ട് അനുഗ്രഹിക്കപ്പെട്ട കേരളത്തിലെ അനന്തസാധ്യതകൾ അന്താരാഷ്ട്ര ശ്രദ്ധയിൽ കൊണ്ടുവരിക എന്ന ലക്ഷ്യത്തോടെ പ്രവർത്തിക്കുന്ന കേരള അഡ്വഞ്ചർ ടൂറിസം പ്രൊമോഷൻ സൊസൈറ്റിയുടെ നേതൃത്വത്തിൽ, വിവിധ അന്താരാഷ്ട്ര മത്സരങ്ങൾ എല്ലാ

വർഷവും സംഘടിപ്പിക്കാറുണ്ട്. ഇന്റർ നാഷണൽ മൗണ്ടൻ ബൈക്ക് ചാലഞ്ച് MTB Kerala, അന്താരാഷ്ട്ര കയാക്കിംഗ് മത്സരമായ മലബാർ റിവർ ഫെസ്റ്റിവൽ, ഇടുക്കിയിലെ വാഗമണ്ണിൽ അന്താരാഷ്ട്ര പാരാഗ്ലൈഡിംഗ് ഫെസ്റ്റിവൽ എന്നിവ ഇതിൽ ചിലതാണ്.

കേരളത്തിലെ അഡ്വഞ്ചർ ടൂറിസം മാർക്കറ്റ് ചെയ്യുന്നതിന്റെ ഭാഗമായി കേരള അഡ്വഞ്ചർ ടൂറിസം പ്രൊമോഷൻ സൊസൈറ്റിയുടെ നേതൃത്വത്തിൽ വിവിധ തലങ്ങളിലുള്ള ട്രാവൽ മാർട്ടുകളിൽ പങ്കാളിത്തം ഉറപ്പുവരുത്തുന്നുണ്ട്.

(ബി) അഡ്വഞ്ചർ അക്കാഡമിയുടെ ആസ്ഥാനം കാട്ടാക്കട മണ്ഡലത്തിലെ ശാസ്താംപാറയിൽ ആരംഭിക്കുന്നതിനുള്ള നിർദ്ദേശം പരിഗണനയിലുണ്ട്. ഇതിന്റെ സാധ്യതാപഠനം നടത്തിയതിനുശേഷം ഉചിതമായ നടപടികൾ സ്വീകരിക്കാവുന്നതാണ്.

## ടൂറിസം ലൈഫ് ഗാർഡ് കോ ഓർഡിനേറ്റർ

277 (2494) ശ്രീ. വി. കെ. സി. മമ്മത് കോയ: താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരളത്തിലെ ടൂറിസം ലൈഫ് ഗാർഡുകൾക്ക് ജില്ലാതലത്തിൽ കോ-ഓർഡിനേറ്റർ തസ്തിക നിലവിലുണ്ടോ; ഇല്ലെങ്കിൽ കോ-ഓർഡിനേറ്റർമാരെ നിയോഗിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നുണ്ടോ; വെളിപ്പെടുത്തുമോ?

ഉത്തരം

കേരളത്തിലെ ടൂറിസം ലൈഫ് ഗാർഡുകൾക്ക് ജില്ലാതലത്തിൽ കോ-ഓർഡിനേറ്റർ തസ്തിക നിലവിലില്ല. അപ്രകാരം കോ-ഓർഡിനേറ്റർമാരെ നിയോഗിക്കുന്നത് പ്രായോഗികമല്ലാത്തതിനാൽ നടപടികൾ ഒന്നുംതന്നെ സ്വീകരിച്ചിട്ടില്ല.

## മലബാർ റിവർ ക്രൂയിസ് ടൂറിസം പദ്ധതി

278 (2495) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാർ റിവർ ക്രൂയിസ് ടൂറിസം പദ്ധതിയുടെ ഭാഗമായി ഇതുവരെ എന്തൊക്കെ കാര്യങ്ങൾ ആണ് ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിന്റെ ഭാഗമായി തലശ്ശേരി നിയോജക മണ്ഡലത്തിൽ ഭരണാനുമതി നൽകിയ പ്രവൃത്തികൾ ഏതൊക്കെയാണെന്നും ആയതിന്റെ നിലവിലുള്ള അവസ്ഥ എന്താണെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) മലനാട് നോർത്ത് മലബാർ റിവർ ക്രൂയിസ് പദ്ധതിയുടെ ഭാഗമായി 17 ബോട്ട് ജെട്ടി/ടെർമിനൽ പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിന്റെ നിർവ്വഹണത്തിന് ഇൻലാന്റ് നാവിഗേഷൻ വകുപ്പിനെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഇതിൽ ഏതാനും പദ്ധതി പ്രവൃത്തികൾ ആരംഭിക്കുകയും മറ്റുള്ളവയുടെ ടെൻഡർ പുരോഗമിച്ചുവരികയുമാണ്.

കൂടാതെ കണ്ണൂർ ജില്ലയിൽ മലനാട് നോർത്ത് മലബാർ റിവർ ക്രൂയിസ് ടൂറിസം പദ്ധതിയുടെ ഭാഗമായി 'സ്വദേശ് ദർശൻ' സ്കീമിൽ ഉൾപ്പെടുത്തി കേന്ദ്ര സർക്കാർ ഭരണാനുമതി നൽകിയ 8,037.38 ലക്ഷം രൂപയുടെ പ്രവൃത്തികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയുമാണ്. ലഭിച്ച വിവിധ പദ്ധതികൾക്ക് ആവശ്യമായ സ്ഥല ലഭ്യത ഉറപ്പുവരുത്തുന്നതിനുള്ള നിയന്ത്രിതാനുമതി ടൂറിസം വകുപ്പിന്റെ പേരിൽ ലഭ്യമാക്കുന്നതിനും സ്വകാര്യ വ്യക്തികളുടെ ഉടമസ്ഥതയിലുള്ള സ്ഥലം റീലിങ്ക്വിഷ്മെന്റ് ചെയ്യുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ബോട്ട് ടെർമിനൽ/ജെട്ടികൾ എന്നിവയുടെ നിർമ്മാണ പ്രവൃത്തികൾക്കായി ഇൻലാന്റ് നാവിഗേഷൻ വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തികൾക്കുള്ള സാങ്കേതികാനുമതി ലഭ്യമാക്കി ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. മറ്റ് അനുബന്ധ നിർമ്മാണ പ്രവൃത്തികൾ നടപ്പിലാക്കുന്നതിനായി കേരള ഇലക്ട്രിക്കൽ ആന്റ് അലൈഡ് എഞ്ചിനീയറിംഗ് ലിമിറ്റഡിനെ (KEL) ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ബി) മലബാർ റിവർ ക്രൂയിസ് ടൂറിസം പദ്ധതിയുടെ ഭാഗമായി തലശ്ശേരി നിയോജകമണ്ഡലത്തിൽ 3 പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രവൃത്തി പുരോഗതി താഴെപ്പറയുന്നു.

1. കക്കടവ് ബോട്ട് ജെട്ടി കം വാക്ക് വേ - പൈലിംഗ് പ്രവൃത്തി പുരോഗമിച്ചുവരുന്നു.
2. ന്യൂ മാഹി ബോട്ട് ടെർമിനൽ - പ്രവൃത്തി ആരംഭിച്ച് പൈലിംഗ് പ്രവൃത്തി പുരോഗമിച്ചുവരുന്നു.
3. പാത്തിക്കൽ ബോട്ട് ജെട്ടി - ടെണ്ടർ നടപടികൾ പൂർത്തീകരിച്ചു.

## മലബാർ റിവർ ഫെസ്റ്റിവൽ

279 (2496) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാഹസിക വിനോദസഞ്ചാരം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി കോഴിക്കോട് തുഷാരഗിരിയിൽ നടത്തിവരുന്ന മലബാർ റിവർ ഫെസ്റ്റിവലിന്റെ ഈ വർഷത്തെ സമയക്രമം നിശ്ചയിച്ചിട്ടുണ്ടോ;

(ബി) റിവർ ഫെസ്റ്റിവലിന് വകുപ്പിൽ നിന്നും അനുവദിക്കുന്ന തുക വർദ്ധിപ്പിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിനായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്; 2019 ജൂലൈ 26 മുതൽ 28 വരെ.

(ബി) ഈ വർഷത്തെ നടത്തിപ്പിനായി 20 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

## കൊല്ലം ജില്ലയിലെ ടൂറിസം സഹകരണ സംഘങ്ങൾ

280 (2497) ശ്രീ. എം. മുകേഷ്: താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൊല്ലം ജില്ലയിൽ ടൂറിസം മേഖലയിൽ പ്രവർത്തിച്ചുവരുന്ന സഹകരണ സംഘങ്ങൾ ഏതെല്ലാമാണ്; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

സഹകരണ വകുപ്പിന്റെ കീഴിൽ കൊല്ലം ജില്ലയിൽ 8 സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

1. വേണാട് ടൂറിസം വികസന സഹകരണ സംഘം ക്ലിപ്തം നമ്പർ ക്യു. 1650, ശാസ്താംകോട്ട, കൊല്ലം.

   തഴവ പഞ്ചായത്തിലെ പാവുമ്പ വാർഡ് ഒഴികെ കൊല്ലം ജില്ലയിലെ മറ്റ് പ്രദേശങ്ങളാണ് സംഘത്തിന്റെ പ്രവർത്തന പരിധിയായിട്ടുള്ളത്.

2. കൊല്ലം ടൂറിസം ഡെവലപ്മെന്റ് സഹകരണ സംഘം ക്ലിപ്തം ക്യു.1316, വാളത്തുംഗൽ, മയ്യനാട്, കൊല്ലം.

കൊല്ലം ജില്ലയാണ് സംഘത്തിന്റെ പ്രവർത്തന പരിധി.

3. കൊല്ലം ടൂറിസം ഡെവലപ്മെന്റ് സഹകരണ സംഘം ക്ലിപ്തം ക്യു.1100, സ്റ്റേഡിയം കോംപ്ലക്സ്, കന്റോൺമെന്റ്, കൊല്ലം.

കൊല്ലം ജില്ലയാണ് സംഘത്തിന്റെ പ്രവർത്തന പരിധി.

4. കൊല്ലം തിരുമുല്ലവാരം ടൂറിസം ഡെവലപ്മെന്റ് സഹകരണ സംഘം ക്ലിപ്തം ക്യു.1497, തിരുമുല്ലവാരം, കൊല്ലം.

കൊല്ലം താലൂക്കാണ് സംഘത്തിന്റെ പ്രവർത്തന പരിധി.

5. തെന്മല ടൂറിസം ഡെവലപ്മെന്റ് സഹകരണ സംഘം ക്ലിപ്തം ക്യു.1306, തെന്മല, കൊല്ലം.

കൊല്ലം ജില്ലയാണ് സംഘത്തിന്റെ പ്രവർത്തന പരിധി.

## കായംകുളം ഡി.ടി.പി.സി. അമിനിറ്റി സെന്ററിലെ പാർക്കിൽ ഓപ്പൺ ജിംനേഷ്യം

281 (2498) ശ്രീമതി യു. പ്രതിഭ: താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആലപ്പുഴ മെഗാടൂറിസം പദ്ധതിയുടെ ഭാഗമായി കായംകുളം കായലോര ടൂറിസം പദ്ധതിയിൽ ഉൾപ്പെടുത്തി കായംകുളം ഡി.ടി.പി.സി. അമിനിറ്റി സെന്ററിൽ സജ്ജമാക്കിയിട്ടുള്ള പാർക്കിൽ ഓപ്പൺ ജിംനേഷ്യം ആരംഭിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

നിലവിൽ പരിഗണനയിലില്ല.

## മലപ്പുറം ജില്ലയിലെ ടൂറിസം പദ്ധതികൾ

282 (2499) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വന്നതിനുശേഷം മലപ്പുറം ജില്ലയിൽ ടൂറിസം മേഖലയെ അവഗണിക്കുന്നു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) ഈ സർക്കാർ പ്രസ്തുത ജില്ലയിലെ ടൂറിസം പദ്ധതികൾക്കുവേണ്ടി നീക്കിവച്ച തുക, പദ്ധതികളുടെ പേര് സഹിതം അറിയിക്കാമോ;

(സി) കൊണ്ടോട്ടിയിൽ നെടിയിരുപ്പ് സ്വരൂപം ടൂറിസം പദ്ധതി പരിഗണനയിലുണ്ടോ;

(ഡി) ഏറെ ചരിത്രപ്രാധാന്യമുള്ള നെടിയിരുപ്പ് സ്വരൂപം പദ്ധതി നടപ്പിലാക്കേണ്ടത് ആവശ്യമാണെന്ന് കരുതുന്നുണ്ടോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ ഒരു ജില്ലയേയും അവഗണിച്ചിട്ടില്ലാത്തതിനാൽ അത്തരത്തിലുള്ള ആക്ഷേപം ഉണ്ടായിട്ടില്ല.

(ബി) ഈ സർക്കാർ മലപ്പുറം ജില്ലയിലെ ടൂറിസം പദ്ധതികൾക്കുവേണ്ടി നീക്കിവച്ച തുക, പദ്ധതികളുടെ പേര് എന്നിവ അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു*.

(സി) ഉണ്ട്.

(ഡി) ഈ പദ്ധതികളുടെ സാധ്യതകൾ പരിശോധിക്കാവുന്നതാണ്.

## ആലപ്പാട് ഗ്രാമപഞ്ചായത്തിലെ അഴീക്കൽ ബീച്ചിലെ സൗകര്യങ്ങൾ

283 (2500) <u>ശ്രീ. ആർ. രാമചന്ദ്രൻ :</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പാട് ഗ്രാമപഞ്ചായത്തിലെ അഴീക്കൽ ബീച്ചിലെ പ്രാഥമിക സൗകര്യങ്ങളുടെ കുറവും സുരക്ഷിതത്വമില്ലായ്മയും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദീകരിക്കുമോ;

(ബി) പ്രസ്തുത ബീച്ചിൽ വച്ച് 2016 മുതൽ തിരമാലയിൽപ്പെട്ട് മരണമടഞ്ഞവരുടെ സംഖ്യ എത്രയെന്ന് വിശദീകരിക്കുമോ;

(സി) സഞ്ചാരികൾ നിരന്തരമായി മരണപ്പെടുന്നതിനുള്ള സാഹചര്യമുണ്ടാകുന്നത് ഒഴിവാക്കുന്നതിനുവേണ്ടി കൂടുതൽ ലൈഫ് ഗാർഡുകളെ നിയോഗിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ;

(ഡി) ഇവിടെ കൂടുതൽ ടോയ്‌ലെറ്റുകളും മറ്റ് അവശ്യ സൗകര്യങ്ങളുമൊരുക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) ഉണ്ട്. പ്രാഥമിക ആവശ്യങ്ങൾ നിറവേറ്റുന്നതിന് ആവശ്യമായ ടോയ്‌ലെറ്റുകൾ പരിമിതമാണെന്നും ബീച്ചിൽ ലൈഫ് ഗാർഡുകളുടെ സേവനം ലഭ്യമാണെങ്കിലും സന്ദർശകരുടെ എണ്ണത്തിന് ആനുപാതികമായി ഇത് അപര്യാപ്തമാണെന്നും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇതുസംബന്ധിച്ച വിവരം ടൂറിസം വകുപ്പിൽ ലഭ്യമല്ല.

(സി) നിലവിൽ 2 ലൈഫ് ഗാർഡുകളാണ് പ്രസ്തുത ബീച്ചിൽ സേവനം ചെയ്യുന്നത്. കൂടുതലായി 2 ലൈഫ് ഗാർഡുകളെക്കൂടി നിയമിക്കുന്നതിനുള്ള നടപടികൾ പരിഗണിക്കാവുന്നതാണ്.

(ഡി) സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് ടോയ്‌ലെറ്റുകളും മറ്റ് അവശ്യ സൗകര്യങ്ങളും സ്ഥാപിക്കാനുള്ള നടപടികൾ പരിഗണിക്കാവുന്നതാണ്.

**പാണ്ടനാട് ഇക്കോ ടൂറിസം പദ്ധതി**

284 (2501) <u>ശ്രീ. സജി ചെറിയാൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെങ്ങന്നൂർ പാണ്ടനാട് പഞ്ചായത്തിലെ ചെങ്ങന്നൂർ പമ്പാതീര സംരക്ഷണ പദ്ധതിയായ പാണ്ടനാട് ഇക്കോ ടൂറിസം പദ്ധതി സമിതിയിൽ കൂടുതൽ അംഗങ്ങളെ ചേർത്ത് പുനർരൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(ബി) ആലപ്പുഴ ഡി.ടി.പി.സി.-യുടെ കീഴിൽ പ്രസ്തുത പദ്ധതി കൂടുതൽ ജനോപകാരപ്രദമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ എന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) ചെങ്ങന്നൂർ പാണ്ടനാട് പഞ്ചായത്തിൽ "പാണ്ടനാട് ഇക്കോ ടൂറിസം പദ്ധതി സമിതി" എന്ന പേരിൽ ഒരു സമിതി വിനോദസഞ്ചാര വകുപ്പുമായി ബന്ധപ്പെട്ട് നിലവിലില്ല.

(ബി) ആലപ്പുഴ ഡി. ടി. പി. സി.-യുടെ കീഴിൽ പ്രവർത്തിച്ചിരുന്ന പാർക്ക് കഴിഞ്ഞ പ്രളയത്തിൽ നാശോന്മുഖമായി. ടി പാർക്ക് "പമ്പാ റിവർ ബേസിൻ അതോറിറ്റി" -യുടെ പരിധിയിലായതിനാൽ ഈ പാർക്കിന്റെ സുഗമമായ പ്രവർത്തനത്തിനുള്ള വൈദ്യുതി കണക്ഷൻ, കെട്ടിട നമ്പർ എന്നിവ

പൂർത്തിയാക്കാനുള്ള അനുമതി പാണ്ടനാട് പഞ്ചായത്തിൽനിന്ന് ലഭിച്ചിരുന്നില്ല. " പമ്പാ റിവർ ബേസിൻ അതോറിറ്റി" -യുടെ അനുമതിക്ക് വിധേയമായി പാർക്ക് നവീകരണം നടപ്പാക്കുന്നതാണ്.

## കടമക്കുടി ടൂറിസം പദ്ധതി

285 (2502) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ നിയോജകമണ്ഡലത്തിലെ കടമക്കുടി ടൂറിസം പദ്ധതിക്കായി സർക്കാർ ഫണ്ട് അനുവദിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) ഉണ്ടെങ്കിൽ ആയതിനായി എത്ര തുക അനുവദിച്ചെന്നും പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചെന്നും വിശദമാക്കാമോ;

(സി) പ്രസ്തുത പദ്ധതി എന്നത്തേയ്ക്ക് ആരംഭിക്കാനാകുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഇല്ല.

(ബി & സി) കടമക്കുടി ടൂറിസം പദ്ധതിയുടെ ഡി.പി.ആർ. ടൂറിസം വകുപ്പ് എംപാനൽ ചെയ്തിട്ടുള്ള ഏജൻസി മുഖേന തയ്യാറാക്കിവരുന്നു. പദ്ധതിക്കാവശ്യമായ സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് ഭരണാനുമതി നൽകുന്ന കാര്യം പരിഗണിക്കാവുന്നതാണ്. കടമക്കുടി പഞ്ചായത്തിനോട് ഇക്കാര്യം ആവശ്യപ്പെട്ടിട്ടുണ്ട്.

## ബേപ്പൂരിൽ വിനോദസഞ്ചാര വികസനം

286 (2503) ശ്രീ. വി. കെ. സി. മമ്മത് കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ കോഴിക്കോട് ജില്ലയിലെ ബേപ്പൂരിൽ വിനോദസഞ്ചാര വികസനവുമായി ബന്ധപ്പെട്ട് എന്തെങ്കിലും പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോ എന്നറിയിക്കാമോ;

(ബി) പുതിയ എന്തെങ്കിലും വികസനപദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകാമോ?

ഉത്തരം

(എ) ഈ സർക്കാരിന്റെ കാലത്ത് ടൂറിസം വകുപ്പ് കോഴിക്കോട് ജില്ലയിലെ ബേപ്പൂരിൽ വിനോദസഞ്ചാര വികസനവുമായി ബന്ധപ്പെട്ട് പുതിയ ടൂറിസം പദ്ധതികൾ നടപ്പിലാക്കിയിട്ടില്ല.

(ബി) ടൂറിസം വകുപ്പിന്റെ എംപാനൽഡ് ആർക്കിടെക്ട് മുഖാന്തരം ബേപ്പൂരിന്റെ സമഗ്ര ടൂറിസം വികസനസാധ്യതകൾ ലക്ഷ്യമാക്കി ഒരു കരട് കൺസെപ്റ്റ് പ്രൊപ്പോസൽ തയ്യാറാക്കിയിട്ടുണ്ട്. അതിൽ ഉൾപ്പെടുന്ന അനുയോജ്യമായ ഘടകങ്ങൾക്ക് ബന്ധപ്പെട്ട സ്ഥലത്തിന്റെ ഉടമസ്ഥാവകാശമുള്ള വകുപ്പിൽനിന്നും ടൂറിസം പദ്ധതി നടപ്പിലാക്കുന്നതിന് സ്ഥലത്തിന്റെ ഉപയോഗാനുമതി ലഭ്യമാകുന്ന മുറയ്ക്ക് ടൂറിസം വികസന പദ്ധതികൾ നടപ്പിലാക്കുന്ന കാര്യം പരിഗണിക്കാവുന്നതാണ്.

## വൈപ്പിൻ മണ്ഡലത്തിലെ ബീച്ച് ടൂറിസം പദ്ധതി

287 (2504) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ മണ്ഡലത്തിലെ തീരപ്രദേശങ്ങളെ കോർത്തിണക്കിക്കൊണ്ടുള്ള ബീച്ച് ടൂറിസം പദ്ധതിയുടെ പ്രവർത്തനപുരോഗതി വിശദമാക്കാമോ;

(ബി) പദ്ധതി നടപ്പാക്കുന്നതിന് ഏതെങ്കിലും തരത്തിലുള്ള തടസ്സങ്ങൾ നിലവിലുണ്ടോ; വിശദമാക്കാമോ?

### ഉത്തരം

(എ & ബി) വൈപ്പിൻ മണ്ഡലത്തിലെ തീരപ്രദേശങ്ങളെ കോർത്തിണക്കി വൈപ്പിൻ ദ്വീപിലെ 9 ബീച്ചുകളുടെ വികസനത്തിനായി Development of Beach Corridor at Vypin Island എന്ന പദ്ധതിക്ക് അനുമതി നൽകിയിട്ടുണ്ട്. ഇതിൽ മുനമ്പം, പുതുവൈപ്പിൻ എന്നീ ബീച്ചുകളിൽ മാത്രമാണ് പദ്ധതി പ്രവർത്തനത്തിനായി സ്ഥലം ലഭ്യമായിട്ടുള്ളത്. ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിനാണ് പദ്ധതിയുടെ നിർവ്വഹണ ചുമതല. ഇവയ്ക്കായി 91 ലക്ഷം രൂപ നൽകിയിട്ടുണ്ട്. നിലവിൽ മുനമ്പം ബീച്ചിൽ പാർക്കിംഗ് ഏരിയയുടെ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. നടപ്പാതയുടെ നിർമ്മാണം ആരംഭിച്ചുവെങ്കിലും നിലവിൽ പ്രദേശവാസികളുടെ എതിർപ്പുമൂലം തടസ്സപ്പെട്ടിരിക്കുകയാണ്. ഫണ്ട് ലഭ്യമായ പുതുവൈപ്പിൻ ബീച്ചിന്, പോർട്ട് ട്രസ്റ്റിന്റെ ക്ലിയറൻസ് ലഭിക്കാത്തതിനാൽ നടപ്പിലാക്കാൻ സാധിച്ചിട്ടില്ല. മാലിപ്പുറം ചാപ്പ ബീച്ചിൽ കൊച്ചിൻ പോർട്ട് ട്രസ്റ്റിന്റെ അനുമതി ലഭിക്കേണ്ടതുണ്ട്. ഞാറയ്ക്കൽ, നായരമ്പലം ബീച്ചുകളിൽ പ്രവൃത്തി ചെയ്യാനുള്ള സ്ഥലത്തിന് അനുമതി ലഭിക്കേണ്ടതുണ്ട്. Technical Sanction ലഭ്യമായ മറ്റ് ബീച്ചുകൾക്ക് ബിൽഡിംഗ് പെർമിറ്റ്, സി. ആർ. ഇസഡ് ക്ലിയറൻസ് എന്നിവ ലഭ്യമാക്കുന്ന മുറയ്ക്കുമാത്രമേ ദർഘാസ് നടപടികൾ സ്വീകരിക്കാൻ കഴിയൂ എന്ന് പദ്ധതി നിർവ്വഹണ ചുമതലയുള്ള ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് അറിയിച്ചിട്ടുണ്ട്.

## വാണിമേൽ വിനോദസഞ്ചാരകേന്ദ്രം

288 (2505) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം മണ്ഡലത്തിലെ വാണിമേൽ വിനോദസഞ്ചാരകേന്ദ്രം പ്രോജക്റ്റ് തയ്യാറാക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രോജക്റ്റ് തയ്യാറാക്കുന്നതിലുള്ള കാലതാമസം എന്തെന്ന് വ്യക്തമാക്കാമോ;

(സി) പ്രോജക്റ്റ് തയ്യാറാക്കാൻ ഏതെങ്കിലും ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോ എന്നറിയിക്കാമോ?

ഉത്തരം

(എ-സി) നാദാപുരം മണ്ഡലത്തിലെ വാണിമേൽ വിനോദസഞ്ചാര കേന്ദ്രം സംബന്ധിച്ചുള്ള പദ്ധതി നടപ്പിലാക്കുന്നതിന് സ്ഥല ലഭ്യത സംബന്ധിച്ച റവന്യൂ വകുപ്പിൽനിന്നും ഉത്തരവ് ലഭ്യമാക്കേണ്ടതുണ്ട്. നിലവിൽ റിലിങ്ക്വിഷ്മെന്റ് നടപടികൾ റവന്യൂ വകുപ്പ് മുഖാന്തരം നടന്നുവരുന്നു. പ്രസ്തുത സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് അനുയോജ്യമായ ടൂറിസം പദ്ധതി ടൂറിസം എംപാനൽഡ് ആർക്കിടെക്റ്റ്/ ഗവ.അക്രെഡിറ്റഡ് ഏജൻസി മുഖാന്തരം തയ്യാറാക്കി ഭരണാനുമതി നൽകുന്ന കാര്യം പരിഗണിക്കാവുന്നതാണ്.

## ചടയമംഗലത്തെ വിനോദസഞ്ചാര പദ്ധതികൾ

289 (2506) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ചടയമംഗലം നിയോജകമണ്ഡലത്തിൽ വിനോദസഞ്ചാര മേഖലയിൽ അംഗീകാരം നൽകിയിട്ടുള്ള പദ്ധതികളുടെ വിശദാംശം വെളിപ്പെടുത്താമോ;

(ബി) പ്രസ്തുത പദ്ധതികൾക്കായി എത്ര തുക അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ)

1. ആയൂർ സബ് സ്റ്റേഷൻ മുതൽ ജഡായുപാറ നേച്ചർ പാർക്ക് വരെയുള്ള എ.ബി.സി. ലൈൻ സ്ഥാപിക്കുന്നത്.

2. മീൻമുട്ടി വെള്ളച്ചാട്ടം -അടിസ്ഥാന സൗകര്യവികസനം.

3. ജഡായുപാറ നേച്ചർ പാർക്കിലേയ്ക്കുള്ള റോഡിൽ സുരക്ഷാ സംവിധാനങ്ങൾ, ഡ്രെയിനേജ് സംവിധാനം എന്നിവ സ്ഥാപിക്കുന്നത്.

4. ജഡായു പാർക്കിലേയ്ക്ക് എത്തിപ്പെടുന്നതിനുള്ള റോഡിന്റെ നിർമ്മാണം.

(ബി) പ്രസ്തുത പദ്ധതികൾക്കായി 10,44,44,828 (പത്തു കോടി നാൽപ്പത്തിനാലു ലക്ഷത്തി നാല്പത്തി നാലായിരത്തി എണ്ണൂറ്റി ഇരുപത്തി എട്ട്) രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

**നെടുമങ്ങാട് മണ്ഡലത്തിലെ ടൂറിസം പദ്ധതികൾ**

290 (2507) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസം വകുപ്പ് മുഖാന്തരം നെടുമങ്ങാട് നിയോജകമണ്ഡലത്തിൽ ഈ സർക്കാർ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത്;

(ബി) ഈ മണ്ഡലത്തിലെ ഏതെല്ലാം പദ്ധതികളാണ് വകുപ്പിന്റെ പരിഗണനയിലുള്ളതെന്ന് വ്യക്തമാക്കാമോ; വിശദാംശം നൽകുമോ?

ഉത്തരം

(എ&ബി) നെടുമങ്ങാട് നിയോജക മണ്ഡലത്തിൽ വേറ്റിനാട് ഊരുട്ടുമണ്ഡലം ക്ഷേത്രത്തിൽ മഹാത്മാഗാന്ധിയുടെ സന്ദർശനവുമായി ബന്ധപ്പെട്ടുള്ള വേറ്റിനാട് ഗാന്ധിസ്മാരക മണ്ഡപ സംരക്ഷണത്തിനും അതിനോടനുബന്ധിച്ച് ക്ഷേത്രത്തിൽ ഒരു ടൂറിസ്റ്റ് ഫെസിലിറ്റേഷൻ കം ഇൻഫർമേഷൻ സെന്റർ സ്ഥാപിക്കുന്നതിനുള്ള പദ്ധതിക്ക് 4,20,00,000 (നാല് കോടി ഇരുപത് ലക്ഷം മാത്രം) രൂപയ്ക്കുള്ള പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**മടവൂർപ്പാറ ടൂറിസം പദ്ധതി**

291 (2508) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചരിത്രമുറങ്ങുന്ന മടവൂർപ്പാറ ഗുഹാക്ഷേത്രം ഉൾക്കൊള്ളുന്ന ടൂറിസം പദ്ധതിയുമായി ബന്ധപ്പെട്ട് സർക്കാർ എന്തെല്ലാം പദ്ധതികളാണ് പ്രഖ്യാപിച്ചതെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിനായി എത്ര തുക ഇതിനകം അനുവദിച്ചു; ഏത് ഏജൻസിയുടെ നേതൃത്വത്തിലാണ് നിർമ്മാണപ്രവർത്തനങ്ങൾ നടക്കുന്നത്;

(സി) പദ്ധതിയുമായി ബന്ധപ്പെട്ട് ശേഷിക്കുന്ന നടപടികൾ അടിയന്തിരമായി പൂർത്തിയാക്കുവാൻ നടപടി സ്വീകരിക്കുമോ എന്ന് അറിയിക്കാമോ ?

ഉത്തരം

(എ) " മടവൂർപ്പാറ ടൂറിസം വികസനം" എന്ന പദ്ധതിക്കായി സർക്കാർ 7 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) വടകര ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് എന്ന സ്ഥാപനത്തിനാണ് ഈ പദ്ധതിയുടെ നിർവ്വഹണ ചുമതല. ഈ ഏജൻസിക്ക് ആദ്യ ഗഡുവായി 64,85,068 രൂപ ഇതിനകം കൈമാറിയിട്ടുണ്ട്.

(സി) പദ്ധതിയുമായി ബന്ധപ്പെട്ട് ശേഷിക്കുന്ന നടപടികൾ അടിയന്തരമായി പൂർത്തിയാക്കുന്നതിനായി ടൂറിസം വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന "കേരള ടൂറിസം ഇൻഫ്രാസ്ട്രക്ച്ചർ ലിമിറ്റഡ്" (കെ.റ്റി.ഐ.എൽ.) എന്ന സ്ഥാപനത്തിന് മേൽനോട്ട ചുമതല നൽകിയിട്ടുണ്ട്.

**നെല്ലിയാമ്പതി ഓറഞ്ച് ആന്റ് വെജിറ്റബിൾ ഫാം**

292 (2509) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെല്ലിയാമ്പതി ഓറഞ്ച് ആന്റ് വെജിറ്റബിൾ ഫാമിൽ എത്ര ഏക്കർ സ്ഥലമാണ് ടൂറിസം വകുപ്പിന് അനുവദിച്ചുതന്നിട്ടുള്ളത് എന്ന് വിശദമാക്കുമോ;

(ബി) പാവങ്ങളുടെ ഊട്ടി എന്നറിയപ്പെടുന്ന നെല്ലിയാമ്പതിയിൽ കെ.ടി.ഡി.സി. ഹോട്ടൽ ആരംഭിക്കാൻ ആവശ്യമായ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ?

ഉത്തരം

(എ) 25 ഏക്കറാണ് അനുവദിച്ചിട്ടുള്ളത്.

(ബി) നിലവിൽ പരിഗണനയിലില്ല.

**ചാലക്കുടിയിലെ ടൂറിസം പദ്ധതികൾ**

293 (2510) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മണ്ഡലത്തിൽ ടൂറിസം വകുപ്പ് മുഖേന നടപ്പാക്കുന്ന പദ്ധതികൾ ഏതെല്ലാമാണെന്നും അവ ഏത് ഘട്ടത്തിലാണെന്നും വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(സി) ടൂറിസ്റ്റുകൾക്ക് താമസസൗകര്യം ഒരുക്കുന്നതിനായി തുമ്പൂർമുഴി ഇറിഗേഷൻ ഐ.ബി. നവീകരിക്കുന്നത് ഉൾപ്പെടെയുള്ള പ്രവൃത്തികൾക്ക് അനുമതി ലഭ്യമാക്കുന്നതിനായി സമർപ്പിച്ചിട്ടുള്ള അപേക്ഷ ടൂറിസം വകുപ്പിന്റെ പരിഗണനയിലുണ്ടോ; വെളിപ്പെടുത്താമോ;

(ഡി) ആയതിന് അനുമതി ലഭ്യമാക്കുമാൻ നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ & ബി)

1. അതിരപ്പിള്ളി യാത്രിനിവാസ് നിർമ്മാണം നാല് നിലകളുടെ സ്ട്രക്ചർ പൂർത്തിയായി. മറ്റ് തുടർപ്രവൃത്തികൾ നടന്നുവരുന്നു.
2. ടൂറിസം ഫെസിലിറ്റേഷൻ സെന്റർ, അതിരപ്പിള്ളി വെള്ളച്ചാട്ടം നിലവിലുള്ള പദ്ധതിയിലെ ഘടകങ്ങൾ ഭൂപ്രകൃതിക്ക് അനുയോജ്യമായി വ്യത്യാസം വരുത്തിയും വാച്ച് ടവർ ഉൾപ്പെടുത്തിയും പുനഃക്രമീകരിക്കുന്നതിനുള്ള നടപടികൾ ത്വരിതഗതിയിൽ പുരോഗമിക്കുന്നു.

(സി & ഡി) നിലവിൽ പരിഗണനയിലില്ല.

**വള്ളിക്കുന്ന് മണ്ഡലത്തിലെ പുഴയോര ടൂറിസം പദ്ധതികൾ**

294 (2511) ശ്രീ. അബ്ദുൽ ഹമീദ് പി.: താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വള്ളിക്കുന്ന് മണ്ഡലത്തിലെ ചേലേമ്പ്ര, തേഞ്ഞിപ്പാലം, മൂന്നിയൂർ, വള്ളിക്കുന്ന് ഗ്രാമപഞ്ചായത്തുകളിൽ വിവിധ പുഴയോര ടൂറിസം പദ്ധതികൾ നടപ്പിലാക്കുന്നത് സംബന്ധിച്ച് പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ടോ; ഇതിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

ഉത്തരം

നിലവിൽ പ്രൊപ്പോസലുകൾ ഒന്നും ലഭിച്ചിട്ടില്ല.

**കടലുണ്ടിയുടെ വിനോദസഞ്ചാര സാധ്യതകൾ**

295 (2512) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ കടലുണ്ടിയുടെ വിനോദസഞ്ചാര സാധ്യതകൾ സംബന്ധിച്ച് വകുപ്പുതലത്തിൽ പ്രോജക്ടുകൾ എന്തെങ്കിലും നിലവിലുണ്ടോ; വെളിപ്പെടുത്തുമോ;

(ബി) ഇല്ലെങ്കിൽ പ്രസ്തുത പ്രദേശത്തിന്റെ ഇക്കോ ടൂറിസം സാധ്യതകൾ പരിശോധിച്ച് വികസനപ്രവർത്തനങ്ങൾ നടത്തുന്നതിന് നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ & ബി) കോഴിക്കോട് ജില്ലയിലെ കടലുണ്ടിയുടെ വിനോദസഞ്ചാര വികസനത്തിനായി നിലവിൽ പദ്ധതികൾ ആവിഷ്കരിച്ചിട്ടില്ല. ഉത്തരവാദിത്ത ടൂറിസവുമായി ബന്ധപ്പെട്ട് ടൂർ പാക്കേജുകൾ ആവിഷ്കരിച്ചിട്ടുണ്ട്. സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് ഇവിടെ ടൂറിസം സാധ്യതകൾ പരിഗണിക്കാവുന്നതാണ്.

**കുറ്റാനശ്ശേരി മുതലമൂർഖൻ കടവ് ബോട്ടിംഗ് പദ്ധതി**

296 (2513) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) 2019-20 വർഷത്തെ സംസ്ഥാന ബജറ്റിൽ ഭരണാനുമതിയില്ലാത്ത പ്രവൃത്തികളിൽ 2385-ാം ക്രമനമ്പരായി ഉൾപ്പെട്ടിട്ടുള്ള ഷൊർണ്ണൂർ മണ്ഡലത്തിലെ വെള്ളിനേഴി പഞ്ചായത്തിലെ കുറ്റാനശ്ശേരി മുതലമൂർഖൻ കടവിൽ ബോട്ടിംഗ് എന്ന പദ്ധതിയുടെ ഡി.പി.ആർ. ഉടൻ തയ്യാറാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഡി.പി.ആർ. തയ്യാറാക്കാൻ ഏതെങ്കിലും ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോ?

<u>ഉത്തരം</u>

(എ) ഷൊർണ്ണൂർ മണ്ഡലത്തിൽ വെള്ളിനേഴി പഞ്ചായത്തിലെ കുറ്റാനശ്ശേരി മുതലമൂർഖൻ കടവിൽ ബോട്ടിംഗ് എന്ന പദ്ധതിയുടെ ഡി.പി.ആർ. തയ്യാറാക്കുന്ന കാര്യം പരിഗണനയിലാണ്.

(ബി) ഇല്ല.

**ഭൂതത്താൻകെട്ടിലെ ടൂറിസം വികസനം**

297 (2514) <u>ശ്രീ. ആന്റണി ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിലെ പ്രമുഖ ടൂറിസ്റ്റ് കേന്ദ്രമായ ഭൂതത്താൻകെട്ടിൽ ടൂറിസംവികസനത്തിന്റെ ഭാഗമായി ഡാം റീഹാബിലിറ്റേഷൻ ഇംപ്രൂവ്മെന്റ് പ്രോഗ്രാം (DRIP) പദ്ധതിയിൽപ്പെടുത്തി പുതിയ പദ്ധതികൾ പരിഗണനയിൽ ഉണ്ടോ;

(ബി) DRIP പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽപ്പെടുത്തി എന്തെല്ലാം പദ്ധതികളാണ് ഭൂതത്താൻകെട്ടിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത പദ്ധതിക്കുവേണ്ടിയുള്ള പ്രൊപ്പോസൽ സർക്കാരിൽ സമർപ്പിച്ചിട്ടുണ്ടോ; എത്ര തുകയുടെ പ്രൊപ്പോസൽ ആണ് സമർപ്പിച്ചിട്ടുള്ളതെന്നും പ്രസ്തുത പ്രൊപ്പോസലിന്റെ നിലവിലെ സ്ഥിതിയും വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത പ്രൊപ്പോസലിലെ പ്രവൃത്തികൾ വേഗത്തിൽ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി-ഡി) ബാധകമല്ല.

## ദേവസ്വം ബോർഡുകളുടെ കീഴിലുള്ള ക്ഷേത്ര ഭൂമിയിൽ ആയുധ പരിശീലനം

298 (2515) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ-കൊച്ചി ദേവസ്വം ബോർഡുകളുടെ കീഴിലുള്ള ക്ഷേത്ര ഭൂമിയിൽ കായിക/ആയുധ പരിശീലനം നടക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പരിശീലനം നിയന്ത്രിക്കുവാനായി നിയമനിർമ്മാണം കൊണ്ടുവരുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) സംസ്ഥാനത്തെ ക്ഷേത്രങ്ങളെ ആർ.എസ്.എസ്. മുതലായ സംഘടനകളുടെ സ്വാധീനത്തിൽനിന്നും മോചിപ്പിക്കുന്നതിന് എന്ത് നടപടിയാണ് ഉദ്ദേശിക്കുന്നത് എന്നറിയിക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി & സി) ആരാധനാലയങ്ങളുടെ പരിസരം ആയുധ പരിശീലനത്തിനായി ഉപയോഗിക്കുന്നത് 2011-ലെ പോലീസ് ആക്ട് 73-ാം വകുപ്പുപ്രകാരം നിയന്ത്രിച്ചിട്ടുണ്ട്.

## ദേവസ്വം ബോർഡുകൾക്ക് കീഴിലുള്ള ക്ഷേത്ര ഭൂമി

299 (2516) ശ്രീ. കെ. ദാസൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവസ്വം ബോർഡുകൾക്ക് കീഴിലുള്ള ക്ഷേത്രങ്ങളിലെ ഭൂമി കയ്യേറ്റങ്ങൾ ഒഴിപ്പിച്ച് തിരിച്ചുപിടിക്കാൻ എന്തെല്ലാം പ്രവർത്തനങ്ങൾക്കാണ് രൂപം നൽകിയിട്ടുള്ളത് എന്ന് വിശദമാക്കാമോ;

(ബി) ഏതെങ്കിലും ക്ഷേത്രവുമായി ബന്ധപ്പെട്ട കയ്യേറ്റ ഭൂമി ഈ സർക്കാരിന്റെ കാലത്ത് തിരികെ പിടിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവ ഏതെല്ലാമെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) കേരളത്തിലെ ക്ഷേത്രങ്ങളുടെ ഭൂമിയിലുള്ള കയ്യേറ്റം ഒഴിപ്പിക്കുന്നതിനായി ദേവസ്വം ട്രിബ്യൂണൽ രൂപീകരിക്കുന്നതിനുള്ള നടപടി സർക്കാർ സ്വീകരിച്ചുവരുന്നു.

(ബി) തിരുവിതാംകൂർ ദേവസ്വം ബോർഡിന്റേയും കൊച്ചിൻ ദേവസ്വം ബോർഡിന്റേയും മലബാർ ദേവസ്വം ബോർഡിന്റേയും അധീനതയിലുള്ള ക്ഷേത്ര ഭൂമി കയ്യേറ്റം ഒഴിപ്പിച്ചതിന്റെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്*.

**പമ്പ ത്രിവേണിയിൽ അടിഞ്ഞുകൂടിയ മണൽ സംഭരിക്കാൻ ടെണ്ടർ**

300 (2517) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയത്തിൽ പമ്പ ത്രിവേണിയിൽ അടിഞ്ഞുകൂടിയ മണൽ വാരി സംഭരിക്കുവാൻ ദേവസ്വം ബോർഡ് ടെണ്ടർ ക്ഷണിച്ചിട്ടുണ്ടോ;

(ബി) എത്ര ലക്ഷം രൂപയുടെ മണൽ സംഭരിക്കുവാൻ കഴിയുമെന്നാണ് കണക്കാക്കുന്നത്;

(സി) ഏത് ഏജൻസിക്കാണ് ടെണ്ടർ നൽകിയത്; വിശദാംശം നൽകുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പമ്പയിൽനിന്നും 20,000 m3 (ഇരുപതിനായിരം) മണൽ സൗജന്യമായി വാരിയെടുത്ത് മരാമത്ത് പണികൾക്കുവേണ്ടി ഉപയോഗിക്കാൻ സർക്കാർ ദേവസ്വം ബോർഡിന് അനുമതി നൽകിയിട്ടുണ്ട്.

(സി) ഇ-ടെണ്ടർ വിളിച്ചതിൽ ഏറ്റവും കുറഞ്ഞ തുക രേഖപ്പെടുത്തിയത് ശ്രീ. സി. സുരേഷ് കുമാർ, മണികണ്ഠവിലാസം പിറയിൽ, പേയാട് പി.ഒ., തിരുവനന്തപുരം (ജില്ല) എന്ന അംഗീകൃത കരാറുകാരനാണ്. തിരുവിതാംകൂർ ദേവസ്വം ബോർഡ് ഇക്കാര്യത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## പമ്പ-സന്നിധാനം റോപ് വേ

301 (2518) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പമ്പ-സന്നിധാനം റോപ് വേയുടെ സർവ്വേ നടപടി പൂർത്തിയായിട്ടുണ്ടോ; റോപ് വേയുടെ അലൈൻമെന്റ് എപ്രകാരമാണ്; അറിയിക്കാമോ;

(ബി) പ്രസ്തുത റോപ് വേ വരുമ്പോൾ എത്ര മരങ്ങൾ മുറിക്കേണ്ടി വരുമെന്നാണ് കണക്കാക്കുന്നത്;

(സി) ഇതിനായി വനം വകുപ്പിന്റെ അനുമതി ലഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) ഇല്ല. പമ്പയിൽനിന്നും (ലോവർ ടെർമിനൽ പോയിന്റ്- LTP) മുതൽ സന്നിധാനം - മാളികപ്പുറം പോലീസ് ബാരക്കിനു സമീപം (അപ്പർ ടെർമിനൽ പോയിന്റ്- UTP) വരെയാണ് അലൈൻമെന്റ്. ഇത് പൂർണ്ണമായും വനത്തിൽ കൂടെയാണ് കടന്നുപോകുന്നത്.

(ബി & സി) ഡിസൈനിംഗ് പൂർത്തിയായെങ്കിൽ മാത്രമേ എത്ര മരങ്ങൾ മുറിക്കേണ്ടിവരുമെന്ന് കണക്കാക്കാൻ കഴിയുള്ളൂ. ആയതിനുശേഷം മാത്രമേ വനം വകുപ്പിന്റെ അനുമതിക്കായി അപേക്ഷിക്കാൻ കഴിയുകയുള്ളൂ.

## ശബരിമല വികസന അതോറിറ്റി

302 (2519) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല വികസന അതോറിറ്റി രൂപവൽക്കരിക്കുന്നതിന് ലക്ഷ്യമിടുന്നുണ്ടോ;

(ബി) വികസന അതോറിറ്റിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്;

(സി) വികസന അതോറിറ്റിയുടെ ഘടന ആയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ-സി) ശബരിമലയുടെ സമഗ്രവികസനം ലക്ഷ്യമിട്ട് ഒരു ശബരിമല വികസന അതോറിറ്റി രൂപീകരിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

## ശബരിമല വികസന അതോറിറ്റി

303 (2520) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമലയുടെ വികസനത്തിനായി ശബരിമല വികസന അതോറിറ്റി രൂപീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഇത് സംബന്ധിച്ച നടപടികൾ ഏത് ഘട്ടത്തിലാണ്;

(സി) പ്രസ്തുത അതോറിറ്റിയുടെ അധികാരങ്ങൾ എന്തൊക്കെയാണെന്ന് തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ-സി) ശബരിമലയുടെ സമഗ്രവികസനം ലക്ഷ്യമിട്ട് ഒരു ശബരിമല വികസന അതോറിറ്റി രൂപീകരിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

## ശബരിമല മാസ്റ്റർ പ്ലാൻ പദ്ധതികളുടെ രൂപരേഖ

304 (2521) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമലയിൽ പാരിസ്ഥിതിക സന്തുലിതാവസ്ഥ തകർത്തുകൊണ്ടുള്ള നിർമ്മാണപ്രവർത്തനങ്ങൾ നടത്തിയതിനെ സുപ്രീംകോടതി നിയമിച്ച എംപവേർഡ് കമ്മിറ്റി വിമർശിച്ചിട്ടുണ്ടോ;

(ബി) ശബരിമല മാസ്റ്റർ പ്ലാൻ പ്രകാരം നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദമായ രൂപരേഖ സമർപ്പിക്കുവാൻ സുപ്രീംകോടതി നിർദ്ദേശിച്ചിട്ടുണ്ടോ;

(സി) ഇതിന്റെ അടിസ്ഥാനത്തിൽ വിശദമായ രൂപരേഖ സമർപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത രൂപരേഖ സമർപ്പിക്കുന്നതിൽ ഉണ്ടായിട്ടുള്ള കാലതാമസം ശബരിമലയിൽ നടപ്പിലാക്കുന്ന വികസന പ്രവർത്തനങ്ങളെ ദോഷകരമായി ബാധിക്കുമെന്നതിനാൽ ഇക്കാര്യത്തിൽ അടിയന്തര നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ബഹു. സുപ്രീം കോടതി നിയോഗിച്ച എംപവേർഡ് കമ്മിറ്റി ശബരിമല മാസ്റ്റർ പ്ലാനിന് വിരുദ്ധമായി എന്തെങ്കിലും നിർമ്മാണം നടത്തിയിട്ടുണ്ടെങ്കിൽ ആയത് നീക്കം ചെയ്യണമെന്ന് നിർദ്ദേശിച്ചിട്ടുള്ളതാണ്.

(ബി-ഡി) ഇല്ല. എന്നാൽ ശബരിമലയിലെ നിർമ്മാണപ്രവർത്തനങ്ങളെ സംബന്ധിച്ച് ബഹു. സുപ്രീംകോടതിയിൽ ഫയൽ ചെയ്ത ഒരു കേസുമായി ബന്ധപ്പെട്ട് ശബരിമലയിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ ആവശ്യപ്പെടുകയും അതുപ്രകാരമുള്ള വിശദാംശങ്ങൾ സുപ്രീം കോടതിയിൽ നൽകുകയും ചെയ്തിട്ടുണ്ട്. ബഡ്ജറ്റ് വിഹിതം വിനിയോഗിച്ചുള്ള ശബരിമലയുടെ വികസനപ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ ഒരു ഗവേണിംഗ് ബോഡിയും പ്രിൻസിപ്പൽ സെക്രട്ടറിയുടെ നേതൃത്വത്തിൽ ഇംപ്ലിമെന്റേഷൻ കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്.

**ക്ഷേത്രകലാപീഠം**

305 (2522) <u>ശ്രീ. ഒ. രാജഗോപാൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ ചരിത്രത്തിന്റെ ഭാഗമായ ആറ്റിങ്ങൽ കൊട്ടാരം ജീർണ്ണിച്ച് നാശോന്മുഖമായിക്കൊണ്ടിരിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ കൊട്ടാരം പുനരുദ്ധരിക്കുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ;

(ബി) ദേവസ്വം ബോർഡിന്റെ കീഴിൽ ക്ഷേത്രകലാപീഠം ആരംഭിയ്ക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;എങ്കിൽ ആയതു തുടങ്ങുവാൻ സത്വര നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കൊട്ടാരത്തിന്റെ പുനരുദ്ധാരണ പ്രവൃത്തികൾ നടന്നുവരുന്നു.

(ബി) ആറ്റിങ്ങൽ കൊട്ടാരത്തിൽ ക്ഷേത്ര കലാപീഠം പുനരാരംഭിക്കുന്നതിന് നടപടികൾ തിരുവിതാംകൂർ ദേവസ്വം ബോർഡ് തീരുമാനിച്ചിട്ടുണ്ട്.

## തിരുവിതാംകൂർ ദേവസ്വം ബോർഡ് ജീവനക്കാരുടെ പി.എഫ്. നിക്ഷേപം

306 (2523) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ ദേവസ്വംബോർഡ് ജീവനക്കാരുടെ പി.എഫ്. നിക്ഷേപം കടപ്പത്രങ്ങളിൽ നിക്ഷേപിച്ചിട്ടുണ്ടോ എന്നറിയിക്കാമോ;

(ബി) എങ്കിൽ എന്ത് തുകയാണ് ഇപ്രകാരം കടപ്പത്രത്തിൽ നിക്ഷേപിച്ചത്; ഏത് ബാങ്കിന്റെ കടപ്പത്രമാണ് വാങ്ങിയത്;

(സി) എത്ര വർഷത്തേയ്ക്കാണ് തുക നിക്ഷേപിച്ചത്; അതിലൂടെ ബോർഡിന് പ്രതിവർഷം എന്ത് തുക വരുമാനം ലഭിക്കും എന്ന് വ്യക്തമാക്കാമോ;

(ഡി) സംസ്ഥാന സർക്കാർ ഇറക്കുന്ന കടപ്പത്രങ്ങൾ വാങ്ങാതെ ഷെഡ്യൂൾഡ് ബാങ്കിന്റെ കടപ്പത്രം വാങ്ങുവാനുണ്ടായ പ്രത്യേക സാഹചര്യം എന്താണ്;

(ഇ) ഇപ്രകാരം കടപ്പത്രം വാങ്ങിയതിന് ഓഡിറ്റ് വിമർശനം ഉണ്ടായിട്ടുണ്ടോ;

(എഫ്) പ്രളയവും യുവതീപ്രവേശനവിഷയവുംമൂലം ബോർഡിന് വരുമാന നഷ്ടം സംഭവിക്കുമെന്ന് അയ്യപ്പസ്വാമി മുൻകൂട്ടി തോന്നിപ്പിച്ച സാഹചര്യത്തിലാണ് കടപ്പത്രത്തിൽ തുക നിക്ഷേപിച്ചതെന്ന് ബോർഡ് സെക്രട്ടറി ഹൈക്കോടതിയിൽ നൽകിയ സത്യവാങ്മൂലത്തിൽ പ്രസ്താവിച്ചിരുന്നോ എന്നറിയിക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 150 കോടി രൂപയുടെ ധനലക്ഷ്മി ബാങ്കിന്റെ കടപ്പത്രമാണ് വാങ്ങിയത്.

(സി) 7 വർഷത്തേയ്ക്ക് കാലാവധി പൂർത്തിയാകുംവരെ 11% നിരക്കിൽ അർദ്ധ വാർഷിക പലിശ ലഭിക്കുന്നതാണ്.

(ഡി) ധനലക്ഷ്മി ബാങ്കിൽത്തന്നെ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപങ്ങളിൽ നിന്നുമാണ് സർക്കാർ കടപ്പത്രത്തേക്കാൾ കൂടുതൽ ആദായകരമായ ധനലക്ഷ്മി ബാങ്കിന്റെതന്നെ കടപ്പത്രത്തിലേയ്ക്ക് മാറ്റി നിക്ഷേപിച്ചത് എന്ന് ദേവസ്വം ബോർഡ് അറിയിച്ചിട്ടുണ്ട്.

(ഇ) ഉണ്ട്.

(എഫ്) ഹൈക്കോടതിയിൽ സത്യവാങ്മൂലം നല്കിയിട്ടില്ല.

**മലബാർ ദേവസ്വം ബോർഡ് ജീവനക്കാരുടെ ശമ്പള പരിഷ്കരണം**

307 (2524) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാർ ദേവസ്വം ബോർഡ് ജീവനക്കാർക്ക് ഇതുവരെയും ശമ്പള പരിഷ്കരണം നടപ്പിലാക്കാത്തതുകൊണ്ട് അവർ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇരുപത്തിയഞ്ചു വർഷംവരെ സർവ്വീസുള്ളവർക്കുപോലും പതിനായിരം രൂപ മാത്രമാണ് ശമ്പളമായി ഇപ്പോഴും ലഭിക്കുന്നതെന്നും പരിമിതമായ ഈ ശമ്പളംപോലും തവണകളായാണ് നൽകുന്നതെന്നും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) മലബാർ ദേവസ്വം ബോർഡ് ജീവനക്കാർക്ക് തിരുവിതാംകൂർ കൊച്ചി ദേവസ്വം ബോർഡുകളിൽ നടപ്പിലാക്കിയതുപോലുള്ള ശമ്പളപരിഷ്കരണം അടിയന്തരമായി നടപ്പിലാക്കുന്നതിന് നിർദ്ദേശം നൽകുമോ;

(ഡി) സംസ്ഥാനമൊട്ടാകെ ദേവസ്വം ബോർഡ് ജീവനക്കാർക്ക് ഏകീകൃത ശമ്പളം നൽകി തുല്യനീതി നടപ്പിലാക്കുന്നതിന് ഈ സർക്കാർ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) നിലവിലെ നിയമ വ്യവസ്ഥപ്രകാരം മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള താഴ്ന്ന വരുമാനമുള്ള ക്ഷേത്രങ്ങളിലെ ജീവനക്കാർക്ക് അടക്കം

ക്ഷേത്രത്തിലെ വരുമാനത്തിന്റെ ലഭ്യതയനുസരിച്ച് മാത്രമാണ് ശമ്പളം ലഭിച്ചുവരുന്നത്. മലബാർ ദേവസ്വം മനേജ്മെന്റ് ഫണ്ടിൽനിന്നുള്ള ശമ്പള കുടിശ്ശികയ്ക്ക് അർഹതയുള്ള ക്ഷേത്രങ്ങളിലെ ജീവനക്കാർക്ക് വർഷത്തിൽ മൂന്ന് ഗഡുക്കളായി കുടിശ്ശിക ശമ്പളം നൽകുന്ന പദ്ധതിയാണ് നിലവിലുള്ളത്.

(സി) തിരുവിതാംകൂർ-കൊച്ചി ദേവസ്വം ബോർഡുകളിൽനിന്നും വിഭിന്നമായുള്ള നിയമവ്യവസ്ഥയാണ് മലബാർ ദേവസ്വം ബോർഡിനുള്ളത്. മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങളിൽ ബോർഡിന് മേൽനോട്ടാധികാരം മാത്രമാണുള്ളത്. ക്ഷേത്രങ്ങളുടെ വരുമാനത്തിന്റെ അടിസ്ഥാനത്തിൽ സ്പെഷ്യൽ, എ, ബി, സി, ഡി എന്നിങ്ങനെ ഗ്രേഡുകളായി തിരിച്ച് ക്ഷേത്രങ്ങളുടെ സാമ്പത്തിക സ്ഥിതിക്കനുസരിച്ചുള്ള ശമ്പള പരിഷ്കരണമാണ് മലബാർ ദേവസ്വം ബോർഡിൽ നടപ്പിലാക്കിവരുന്നത്.

(ഡി) നിലവിൽ പരിഗണനയിലില്ല.

**ക്ഷേത്രഭൂമിയുടെ സംരക്ഷണം**

308 (2525) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള എത്ര ക്ഷേത്രങ്ങളുടെ ഭൂമിയാണ് അന്യാധീനപ്പെട്ടിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഈ ക്ഷേത്രങ്ങളുടെ നിലവിലുള്ള ഭൂമി നഷ്ടപ്പെടാതെ സംരക്ഷിക്കുവാനും അന്യാധീനപ്പെട്ടവ വീണ്ടെടുക്കുവാനും നടപടികൾ സ്വീകരിക്കുമോ എന്നറിയിക്കുമോ?

ഉത്തരം

(എ) മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള 1123 ക്ഷേത്രങ്ങളുടെ 24693.24 ഏക്കർ ഭൂമിയിൽ കയ്യേറ്റം നടന്നിട്ടുള്ളതായി കണ്ടെത്തിയിട്ടുണ്ട്.

(ബി) കേരളത്തിലെ ക്ഷേത്രങ്ങളുടെ ഭൂമിയിലുള്ള കയ്യേറ്റം ഒഴിപ്പിക്കുന്നതിനായി ഒരു ദേവസ്വം ട്രിബ്യൂണൽ രൂപീകരിക്കുന്നതിനുള്ള നടപടി സർക്കാർ സ്വീകരിച്ചുവരുന്നു.

**ദേവസ്വം നിയമനങ്ങൾ**

309 (2526) ശ്രീ. എ. പ്രദീപ്കുമാർ:
പ്രൊഫ. കെ. യു. അരുണൻ:
ശ്രീ. കെ. ബാബു:
ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ദേവസ്വം നിയമനങ്ങളിൽ എന്തൊക്കെ സംവരണമാണ് ഏർപ്പെടുത്തിയിട്ടുള്ളത്; വിശദമാക്കാമോ;

(ബി) ദേവസ്വം നിയമനങ്ങൾക്ക് അപേക്ഷിക്കാൻ ദേവജാലിക എന്ന ഓൺലൈൻ പോർട്ടൽ സജ്ജമാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ?

ഉത്തരം

(എ) ദേവസ്വം ബോർഡുകളിൽ ഹിന്ദുക്കൾക്ക് മാത്രമാണ് നിയമനത്തിന് അർഹതയുള്ളത്. ആകെ 50% സംവരണമുള്ളതിൽ അഹിന്ദുക്കൾക്ക് നിയമനത്തിനർഹതയില്ലാത്തതിനാൽ ഹിന്ദുക്കളിലെ സംവരണ വിഭാഗത്തിനായി 32% സംവരണവും ബാക്കിവരുന്ന 18% ഓപ്പൺമെറിറ്റിലും ഉൾപ്പെടുത്തി കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആ 18% സംവരണം ആനുപാതികമായി പിന്നാക്ക വിഭാഗങ്ങൾക്കും പട്ടികജാതി പട്ടികവർഗ്ഗക്കാർക്കും മുന്നാക്ക വിഭാഗത്തിൽ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർക്കും ചുവടെ പറയുംപ്രകാരം അനുവദിക്കുന്നതിന് സ്പെഷ്യൽ റൂളിൽ ഭേദഗതി വരുത്തുന്നതിനായി ദേവസ്വം ബോർഡുകൾ ലഭ്യമാക്കിയ ശിപാർശകൾക്ക് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്.

മുന്നാക്ക വിഭാഗത്തിൽ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർക്ക് -10%

ഈഴവ - 3%

പട്ടികജാതി- 2%

മറ്റ് പിന്നാക്ക വിഭാഗങ്ങൾ- 3%

(ബി) സംസ്ഥാനത്തെ ദേവസ്വം ബോർഡുകളിലെ നിയമനങ്ങൾ സുതാര്യവും നിയമാനുസൃതവുമായി നിർവ്വഹിക്കുന്നതിന് കേരള ദേവസ്വം റിക്രൂട്ടുമെന്റ് ബോർഡ് ദേവജാലിക എന്ന പേരിൽ ഓൺലൈൻ റിക്രൂട്ടുമെന്റ് മനേജ്മെന്റ് സിസ്റ്റം നടപ്പിലാക്കിയിട്ടുണ്ട്. പബ്ലിക് സർവ്വീസ് കമ്മീഷന്റെ മാതൃകയിൽ പൂർണ്ണമായും സുരക്ഷിതവും കൃത്യമായും പ്രവർത്തിക്കുന്ന ഓൺലൈൻ സംവിധാനമുപയോഗിച്ച് രജിസ്ട്രേഷൻ മുതൽ അഭിമുഖം വരെയുള്ള നടപടിക്രമങ്ങൾ നടപ്പിലാക്കിവരുന്നു.

**കൽപ്പറ്റ മണിയങ്കോട് ശബരിമല ഇടത്താവള നിർമ്മാണം**

310 (2527) ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൽപ്പറ്റ മണിയങ്കോട് ശബരിമല ഇടത്താവളത്തിന്റെ നിർമ്മാണ പ്രവൃത്തികൾ ഏതു ഘട്ടത്തിൽ എത്തി നിൽക്കുന്നുവെന്ന് വിശദമാക്കാമോ;

(ബി) ഈ പ്രവൃത്തി സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ഉത്തരം

(എ & ബി ) സർക്കാർ ഉത്തരവ് (M.S.)24/2019 R.D. തീയതി 18-1-2019 പ്രകാരം കിഫ്ബിയുടെ സാമ്പത്തിക സഹായത്തോടെ ശ്രീ മണിയങ്കോട്ടപ്പൻ ക്ഷേത്രത്തിൽ 10 കോടി രൂപ ചെലവിൽ ശബരിമല ഇടത്താവളം നിർമ്മിക്കുന്നതിനുള്ള ഭരണാനുമതി നൽകി ഉത്തരവായിട്ടുണ്ട്. കേന്ദ്ര സർക്കാർ ഉടമസ്ഥതയിലുള്ള WAPCOS LTD. എന്ന സ്ഥാപനം ഇടത്താവള നിർമ്മാണത്തിനുള്ള വർക്ക് ഓർഡർ സ്വീകരിച്ചിട്ടുണ്ട്.

**ആനന്ദവല്ലീശ്വരം ക്ഷേത്രക്കുളം നവീകരണം**

311 (2528) ശ്രീ. എം. മുകേഷ്: താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തിരുവിതാംകൂർ ദേവസ്വത്തിന് കീഴിലുള്ള പുരാതനമായ കൊല്ലം ആനന്ദവല്ലീശ്വരം ക്ഷേത്രക്കുളത്തിന്റെ പുനരുദ്ധാരണത്തിനായി സമർപ്പിച്ചിട്ടുള്ള പ്രൊപ്പോസലിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

ആനന്ദവല്ലീശ്വരം ക്ഷേത്രക്കുളത്തിന്റെ പുനരുദ്ധാരണത്തിനായി 9,93,000 രൂപയുടെ എസ്റ്റിമേറ്റ് അംഗീകരിച്ചിട്ടുണ്ട്. ടി വർക്ക് ഇ- ടെണ്ടർ ചെയ്തുവെങ്കിലും ആരുംതന്നെ കരാർ ഏറ്റെടുക്കാൻ മുന്നോട്ടുവന്നിട്ടില്ല. ഈ സാഹചര്യത്തിൽ അടുത്ത ഇ-ടെണ്ടറിൽ ഈ വർക്ക് വീണ്ടും ഉൾപ്പെടുത്തുന്നതാണെന്ന് തിരുവിതാംകൂർ ദേവസ്വം ബോർഡ് അറിയിച്ചിട്ടുണ്ട്.

**വീട് നിർമ്മിച്ച് നൽകുമെന്ന ദേവസ്വം ബോർഡ് വാഗ്ദാനം**

312 (2529) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏറ്റുമാനൂർ വിഗ്രഹ മോഷണ കേസ് തെളിയിക്കുന്നതിന് നിമിത്തമായ രമണിക്ക് വീട് നിർമ്മിച്ച് നൽകുമെന്ന് ദേവസ്വം ബോർഡ് പ്രസിഡന്റും അംഗവും രമണിയുടെ വീട്ടിലെത്തി വാഗ്ദാനം നൽകിയിരുന്നോ; വിശദമാക്കാമോ;

(ബി) പ്രസ്തുത വാഗ്ദാന പ്രകാ50 രം വീട് നിർമ്മിക്കുന്നതിന് എത്ര തുകയാണ് തിരുവിതാംകൂർ ദേവസ്വം ബോർഡ് അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) ഏറ്റുമാനൂർ വിഗ്രഹ മോഷണക്കേസ് തെളിയിക്കുന്നതിന് നിമിത്തമായ രമണിക്ക് ശരണാശ്രയം നിധിയിൽനിന്നും ഒരു ഭവനം നിർമ്മിച്ച് നൽകുന്നതിന് തീരുമാനിച്ച് തിരുവിതാംകൂർ ദേവസ്വം ബോർഡ് ഉത്തരവായിട്ടുള്ളതാണ്. പ്രസ്തുത ഉത്തരവിൻപ്രകാരം 12,00,000 രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുകയുണ്ടായി. എന്നാൽ ശ്രീ. ഉണ്ണികൃഷ്ണൻ, നമ്പർ 54, ഫസ്റ്റ് ക്രോസ്സ് ഫോർത്ത് മെയിൻ, പ്രണവ് നിവാസ്, ശ്രീരാമപുരം ബാംഗ്ലൂർ 21 എന്ന വ്യക്തി തന്റെ സംഭാവനയായി രമണിക്ക് വീട് നിർമ്മിച്ച് നൽകാമെന്ന് സമ്മതപത്രം ഹാജരാക്കുകയും ആയതിന് ബോർഡ് അനുവാദം നൽകുകയും ചെയ്തിട്ടുണ്ട്.

## കോതമംഗലം ആസ്ഥാനമാക്കി താന്ത്രിക വിദ്യാലയം

313 (2530) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷേത്ര പൂജാവിധികൾ പഠിപ്പിക്കുന്ന താന്ത്രിക വിദ്യാലയം കോതമംഗലം ആസ്ഥാനമാക്കി സ്ഥാപിക്കണമെന്നാവശ്യപ്പെട്ട് ശ്രീരാമ വിലാസം ചവളാർ സൊസൈറ്റി നൽകിയ നിവേദനത്തിൽ എന്തെങ്കിലും തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) ഇത്തരത്തിലുള്ള താന്ത്രിക വിദ്യാലയം സർക്കാരിന്റെ പരിഗണനയിൽ ഉണ്ടോ;

(സി) ഉണ്ടെങ്കിൽ ചവളാർ സൊസൈറ്റിയുടെ ആസ്ഥാനമായ കോതമംഗലത്ത് പ്രസ്തുത സ്ഥാപനം തുടങ്ങുന്ന കാര്യം പരിഗണിക്കുമോ എന്ന് അറിയിക്കുമോ?

### ഉത്തരം

(എ-സി) കോതമംഗലം ആസ്ഥാനമാക്കി ക്ഷേത്ര പൂജാവിധികൾ പഠിപ്പിക്കുന്ന താന്ത്രിക വിദ്യാലയം സ്ഥാപിക്കുന്നത് സംബന്ധിച്ച് ലഭിച്ച നിവേദനത്തിന്മേൽ തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ റിപ്പോർട്ടിനനുസൃതമായി തീരുമാനമെടുക്കുന്നതാണ്.

(നക്ഷത്രചിഹ്നമിടാത്ത 2214, 2221, 2232, 2247, 2287 എന്നീ നമ്പർ ചോദ്യങ്ങളുടെ ഉത്തരങ്ങൾ എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമായിട്ടില്ല.)

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)

10.00 AM]

## II. ശ്രദ്ധ ക്ഷണിക്കൽ

### (1)സ്വകാര്യ കശുവണ്ടി ഫാക്ടറികൾ തുറക്കുന്നതിന് നടപടി

ശ്രീ. എം. നൗഷാദ്: സർ, കൊല്ലത്തെ ഏറ്റവും പ്രധാനപ്പെട്ട വ്യവസായമായ കശുവണ്ടി വ്യവസായം നേരിട്ട പ്രതിസന്ധി പരിഹരിച്ച സർക്കാർ ആ മേഖല ഇപ്പോൾ നേരിടുന്ന പ്രതിസന്ധി പരിഹരിക്കുന്നതിന് അടിയന്തരമായ ഇടപെടൽ നടത്തണമെന്നുള്ളതാണ് എന്റെ ശ്രദ്ധ ക്ഷണിക്കൽ. ഈ ഗവൺമെന്റ് അധികാരത്തിൽ വന്ന് ആദ്യത്തെ ഓണത്തിനുമുൻപുതന്നെ അടഞ്ഞുകിടന്നിരുന്ന കാപ്പെക്സിന്റെയും കാഷ്യൂ കോർപ്പറേഷന്റെയും കശുവണ്ടി ഫാക്ടറികൾ തുറന്നുകൊടുക്കാൻ ഇച്ഛാശക്തിയോടുകൂടിയുള്ള ഇടപെടലിന്റെ ഭാഗമായി കഴിഞ്ഞു. പക്ഷേ കേരളത്തിലെ കശുവണ്ടി വ്യവസായത്തിൽ 10 ശതമാനം പൊതുമേഖലയിലും ബാക്കി 90 ശതമാനം സ്വകാര്യ മേഖലയിലുമാണുള്ളത്. ഈ ഗവൺമെന്റ് അധികാരത്തിൽ വരുന്ന കാലഘട്ടത്തിൽ കാഷ്യൂ കോർപ്പറേഷന്റെയും കാപ്പെക്സിന്റെയും ഫാക്ടറികൾ തുറക്കുമ്പോൾ സ്വകാര്യ വ്യവസായികൾ ഉൾപ്പെടെ പ്രതിസന്ധിയിലായിരുന്നു. കാരണം, കേന്ദ്ര ഗവൺമെന്റ് ഏർപ്പെടുത്തിയിട്ടുള്ള ടാക്സ്, അതുപോലെ വ്യവസായം നിന്നതിന്റെ ഭാഗമായി ബാങ്കിൽ എൻ.പി.എ. ആയതുകൊണ്ട് അവരെ സർഫാസി ആക്ട് ഉപയോഗപ്പെടുത്തി ജപ്തിചെയ്യുന്ന സ്ഥിതിവിശേഷവുമുണ്ടായിരുന്നു. അതിലും അതിശക്തമായ ഇടപെടലാണ് കേരള ഗവൺമെന്റ് നടത്തിയത്. സർഫാസി ആക്ടനുസരിച്ചുള്ള ജപ്തി നടപടികൾ നിർത്തിവയ്ക്കാനും അഡീഷണലായി ലോൺ കൊടുക്കാനും അതിന്റെ പലിശ ഗവൺമെന്റ് കൊടുക്കത്തക്ക വിധത്തിലുമുള്ള പാക്കേജാണ് തയ്യാറാക്കിയത്. പക്ഷേ ആ പാക്കേജ് തയ്യാറാക്കിയിട്ടും ബാങ്കുകൾ വേണ്ടതരത്തിൽ സർക്കാരുമായി സഹകരിക്കാൻ തയ്യാറാകാത്ത സ്ഥിതിവിശേഷം നിലനിൽക്കുമ്പോൾ സർക്കാർ പ്രഖ്യാപിച്ച പാക്കേജിന്റെ ഗുണം സ്വകാര്യ വ്യവസായികൾക്ക് ലഭിച്ചിട്ടില്ലെന്ന ബുദ്ധിമുട്ടും നിലനിൽക്കുന്നു. ഫാക്ടറികൾ തുറക്കാത്തതിന് പ്രധാന കാരണം കശുവണ്ടിയുടെ ലഭ്യതക്കുറവാണ്. കേരളത്തിലെ 876 സ്വകാര്യ ഫാക്ടറികളിൽ 432 എണ്ണം തുറന്ന് പ്രവർത്തിക്കുന്നുണ്ട്. ഇപ്പോൾ കശുവണ്ടി ലഭ്യമാക്കുന്നതിന് കാഷ്യൂ ബോർഡുവഴി കേരള ഗവൺമെന്റ് തയ്യാറായിട്ടും ബാക്കിയുള്ളവ തുറക്കുന്നില്ല. സർഫാസി ആക്ട് തടഞ്ഞുനിർത്തിയപ്പോഴും ഇപ്പോൾ 5 ഫാക്ടറികൾ വിൽക്കാനുള്ള തീരുമാനത്തിലേയ്ക്ക് മാറിയിട്ടുണ്ട്. ബാങ്കുകൾ അത്തരത്തിലേയ്ക്കുള്ള നടപടിയിലേയ്ക്ക് പോകുന്നു. ജപ്തി നടപടികൾ പുനരാരംഭിച്ചിട്ടുണ്ട്. അതിലും

സർക്കാരിന്റെ ഇടപെടലുകൾ തീർച്ചയായും ഉണ്ടാകണം. പക്ഷേ ഇവിടെ സ്വകാര്യ കശുവണ്ടി ഫാക്ടറികളിൽ പകുതിയോളം തുറന്നിട്ടുണ്ട്. ബാക്കിയുള്ള ഫാക്ടറികൾ ഇതുവരെ തുറന്ന് പ്രവർത്തിപ്പിക്കാൻ തയ്യാറായിട്ടില്ല. അതിശക്തമായ ഇടപെടലുകൾ ഗവൺമെന്റ് നടത്തി 135 മുതൽ 150 വരെയുള്ള ദിവസങ്ങളിൽ പൊതുമേഖലയിൽ തൊഴിൽ കൊടുക്കാൻ കഴിഞ്ഞിട്ടുണ്ട്. പക്ഷേ സ്വകാര്യ മേഖലയിൽ പകുതിയോളം ഫാക്ടറികൾ ഇപ്പോഴും അടഞ്ഞുകിടക്കുന്നതുകൊണ്ട് ലക്ഷക്കണക്കിന് തൊഴിലാളികളാണ് ഇന്ന് തൊഴിലില്ലാതെ ബുദ്ധിമുട്ടുന്നത്. സ്വകാര്യ മേഖലയിലെ ഫാക്ടറികൾ തുറന്ന് പ്രവർത്തിപ്പിച്ച് തൊഴിലാളികളുടെ പട്ടിണി മാറ്റാൻ നടപടി സ്വീകരിക്കണം. വളരെ പ്രധാനപ്പെട്ട വി.എൽ.സി. എന്ന സ്വകാര്യ കമ്പനിക്ക് 16 ഫാക്ടറികളും 8000-ത്തോളം തൊഴിലാളികളുമാണുള്ളത്. സ്വകാര്യ മേഖലയിലെ വ്യവസായികൾ നേരിടുന്ന പ്രതിസന്ധികൾ പരിഹരിക്കുന്നതിനുള്ള ഇടപെടലുകൾ ശക്തമാക്കുന്നതിനോടൊപ്പം സ്വകാര്യ ഫാക്ടറികൾ അടിയന്തരമായി തുറന്ന് പ്രവർത്തിപ്പിക്കാനുള്ള ഇടപെടലുകൾ ഈ ഗവൺമെന്റ് നടത്തണമെന്നാണ് അഭ്യർത്ഥിക്കുന്നത്.

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ): സർ, ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ചതുപോലെ കശുവണ്ടി വ്യവസായം വളരെ വലിയ പ്രതിസന്ധി നേരിടുന്ന ഘട്ടത്തിലാണ് ഈ ഗവൺമെന്റ് അധികാരത്തിൽ വന്നത്. പൊതുമേഖലയിൽ ഫാക്ടറികൾ തുറന്ന് പ്രവർത്തിപ്പിക്കാനാവശ്യമായ നടപടികളെല്ലാം സ്വീകരിച്ചുവെങ്കിലും സ്വകാര്യമേഖലയിൽ ഫാക്ടറികൾ തുറന്ന് പ്രവർത്തിപ്പിക്കാൻ ഇതുവരെ കഴിഞ്ഞിട്ടില്ല എന്നത് വസ്തുതയാണ്. കേരളത്തിലെ 864-ഓളം സ്വകാര്യ കശുവണ്ടി ഫാക്ടറികളിൽ 432-ലധികം തുറന്ന് പ്രവർത്തിപ്പിച്ചിട്ടുണ്ട്. ധനകാര്യ സ്ഥാപനങ്ങളിൽ നിന്നെടുത്ത വായ്പ കുടിശ്ശികയായതിനെത്തുടർന്ന് കടക്കെണിയിലായ സ്വകാര്യ വ്യവസായികൾ ഫാക്ടറികൾ തുറന്ന് പ്രവർത്തിപ്പിക്കുന്നതിനായി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ധനകാര്യ സ്ഥാപനങ്ങളെയും വ്യവസായികളെയും പങ്കെടുപ്പിച്ച് നിരവധി യോഗങ്ങൾ ചേർന്നു. വ്യവസായികളുടെ വ്യവസായ പുനരുദ്ധാരണ പ്രൊപ്പോസൽ പരിശോധിക്കുന്നതിനും ആവശ്യമായ ശിപാർശകൾ സമർപ്പിക്കുന്നതിനും സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് കമ്മിറ്റിയുടെയും ബന്ധപ്പെട്ട ബാങ്കിന്റെയും സർക്കാരിന്റെയും പ്രതിനിധികൾ അടങ്ങുന്ന മൂന്നംഗ കമ്മിറ്റി രൂപീകരിച്ച് രണ്ട് ഘട്ടങ്ങളിലായി 285 വ്യവസായികളെ കേട്ടു. അതിനെത്തുടർന്ന് 175 വ്യവസായികൾക്ക് അധികവായ്പ നൽകുകയും നിലവിലുള്ള വായ്പ

പുനഃക്രമീകരിച്ചും ഫാക്ടറികൾ തുറന്ന് പ്രവർത്തിപ്പിക്കാൻ സാധിക്കുന്നവയാണെന്ന് കണ്ടെത്തിയിട്ടുണ്ട്. ഒറ്റത്തവണ തീർപ്പാക്കൽ ശിപാർശ ചെയ്ത 67 വ്യവസായങ്ങളും അസെറ്റ് റീസ്ട്രക്ച്ചറിംഗ് കമ്മിറ്റിയിലേയ്ക്ക് കൈമാറിയതുൾപ്പെടെ ഇതിൽപ്പെടാത്ത 42 വ്യവസായങ്ങളും കണ്ടെത്തിയിട്ടുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 6-2-2019-ന് കൂടിയ യോഗത്തിൽ വ്യവസായത്തിന് നൽകുന്ന വായ്പയുടെ പലിശ 9 ശതമാനമായി ഏകീകരിക്കാനും ബാങ്കുകൾ നൽകുന്ന അധിക വായ്പയുടെ പലിശ സർക്കാർ നൽകുമെന്നും പിഴപ്പലിശ ഒഴിവാക്കണമെന്നും വ്യവസായികൾ സർക്കാരിന് നൽകാനുള്ള നികുതി കുടിശ്ശിക ഒഴിവാക്കുന്നതുൾപ്പെടെ ബാങ്കുകൾക്കും വ്യവസായികൾക്കും പ്രയോജനപ്രദമായ നിരവധി തീരുമാനങ്ങളെടുത്തു. ഇതിനെത്തുടർന്ന് ബാങ്കുകൾ 26-2-2019-ന് 30 വ്യവസായികൾക്ക് വായ്പാനുമതി പത്രങ്ങൾ നൽകിയിട്ടുണ്ട്. അതിനുശേഷവും ധനകാര്യ സ്ഥിതി സംബന്ധിച്ച വിവരങ്ങൾ ലഭ്യമാകുന്ന മുറയ്ക്ക് വായ്പ അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണ്. വായ്പ അനുവദിക്കുന്ന കാര്യങ്ങൾ അവലോകനം ചെയ്യുന്നതിന് ഇന്ന് ബന്ധപ്പെട്ട സമിതിയുടെ, എസ്.എൽ.ഇ.സി.-യും ഉച്ചകഴിഞ്ഞ് ഒരു മീറ്റിംഗ് വിളിച്ചിട്ടുണ്ട്. ബാങ്കുകൾ നൽകുന്ന പ്രവർത്തന മൂലധനം വകമാറ്റി ചെലവഴിക്കൽ, വിപണി നേരിടുന്ന അനിശ്ചിതാവസ്ഥ, തോട്ടണ്ടിയുടെ അമിത വിലക്കയറ്റം, പരിപ്പിന്റെ വിലക്കുറവ്, ഇടനിലക്കാരിൽനിന്നുള്ള ചൂഷണം, വൈദഗ്ദ്ധ്യമില്ലാത്ത മാനേജ്മെന്റ്, സാമ്പത്തിക അച്ചടക്കമില്ലായ്മ എന്നിവയെല്ലാം സ്വകാര്യ കശുവണ്ടി വ്യവസായം പൊതുവിൽ നേരിടുന്ന പ്രശ്നങ്ങളാണ്. ഇക്കാര്യത്തിൽ പരിഹാരം കാണാനുള്ള സജീവമായ ഇടപെടലാണ് ഗവൺമെന്റ് നടത്തുന്നത്. ഇനിയും ഇതിനോട് സഹകരിക്കാതെ ഫാക്ടറി തുറക്കില്ല എന്ന നിലപാട് സ്വീകരിക്കുന്ന വ്യവസായികളുടെമേൽ ഗവൺമെന്റ് ശക്തമായ നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്. ഇപ്പോൾ കാഷ്യൂ ബോർഡ് നിലവിൽ വന്നതോടുകൂടി ആവശ്യത്തിന് തോട്ടണ്ടിയുള്ളതുകൊണ്ട് സ്വകാര്യ വ്യവസായികൾക്കും തോട്ടണ്ടി കൊടുക്കാൻ ഈ ഗവൺമെന്റ് സന്നദ്ധമാണ്.

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

<u>ശ്രീ. എം. നൗഷാദ്:</u> സർ, സ്വകാര്യ മേഖലയിൽ അതിശക്തമായ നടപടികളെടുക്കുമെന്ന് പറഞ്ഞിട്ട് കാര്യമില്ല. അനുകൂല സാഹചര്യങ്ങൾ ഉണ്ടായിട്ടും തുറക്കാത്ത കശുവണ്ടി ഫാക്ടറികൾ ഏറ്റെടുക്കുമോ; അതോടൊപ്പം ബാങ്കുകളും വ്യവസായികളും തമ്മിലുണ്ടാക്കിയ പാക്കേജ് നടപ്പിലാക്കാൻ ശക്തമായി ഇടപെടുമോ?

ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ: സർ, ഇതേ വിഷയത്തിൽ ശ്രീ. കോവൂർ കുഞ്ഞുമോൻ എം.എൽ.എ.-യും ശ്രദ്ധ ക്ഷണിക്കലിന് നോട്ടീസ് തന്നതാണ്.

ശ്രീ. കോവൂർ കുഞ്ഞുമോൻ: സർ, ശ്രീ. എം. നൗഷാദ് എം.എൽ.എ. സൂചിപ്പിച്ചതുപോലെ, കൊല്ലം ജില്ലയിലാണ് ഏറ്റവും കൂടുതൽ കശുവണ്ടി ഫാക്ടറികളുള്ളത്. അതിൽ ഏറ്റവും ധിക്കാരപരമായി പെരുമാറിക്കൊണ്ടി രിക്കുന്നത് വി.എൽ.സി. ആണ്. അദ്ദേഹത്തിന്റെ വസതിക്കുമുമ്പിൽ നിരാഹാരസമരം ഉൾപ്പെടെ നടത്തിയിട്ടുപോലും ഗവൺമെന്റും മന്ത്രിയും അറിഞ്ഞിട്ടുപോലും നിഷേധാത്മകമായ നിലപാടാണ് അവർ സ്വീകരിക്കുന്നത്. ആ 16 ഫാക്ടറികളും ഗവൺമെന്റ് ഏറ്റെടുക്കാൻ തയ്യാറാണോ?

ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ: സർ, രണ്ടംഗങ്ങളും ഇവിടെ പ്രകടിപ്പിച്ച വികാരം അങ്ങേയറ്റം വസ്തുതാപരമാണ്. നോട്ടീസ് കൊടുക്കുകയും വേണ്ട സൗകര്യങ്ങളെല്ലാം കൊടുത്തിട്ടും തുറക്കാത്ത മാനേജ്മെന്റുകൾ ഗവൺമെന്റിനെ വെല്ലുവിളിക്കുന്ന സാഹചര്യത്തിൽ, തൊഴിലാളികളുടെ താൽപ്പര്യം സംരക്ഷിക്കാൻ ഏതറ്റംവരെയും ഈ ഗവൺമെന്റ് പോകും. ഏറ്റെടുക്കേണ്ടതുണ്ടെങ്കിൽ നടപടി സ്വീകരിക്കുമെന്നാണ് എനിക്ക് അറിയിക്കാനുള്ളത്.

## (2) അപ്പലേറ്റ് അതോറിറ്റി രൂപീകരണം

ശ്രീ. പി. ടി. തോമസ്: സർ, സംസ്ഥാനത്ത് നടക്കുന്ന അശാസ്ത്രീയമായ കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾമൂലമുണ്ടാകുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് അപ്പലേറ്റ് അതോറിറ്റി രൂപീകരിക്കേണ്ടതിന്റെ ആവശ്യകതയിലേയ്ക്കാണ് ഞാൻ ബഹുമാനപ്പെട്ട മന്ത്രിയുടെയും ഗവൺമെന്റിന്റെയും ശ്രദ്ധ ക്ഷണിക്കുന്നത്. കേന്ദ്ര റെഗുലേറ്ററി നിയമം നിലവിൽ വന്നതിനെത്തുടർന്ന് ശ്രീ. ഉമ്മൻ ചാണ്ടിയുടെ നേതൃത്വത്തിലുള്ള സർക്കാരിന്റെ കാലത്ത് നിലവിലുണ്ടായിരുന്ന കേരള റിയൽ എസ്റ്റേറ്റ് റെഗുലേഷൻ ആന്റ് ഡെവലപ്മെന്റ് നിയമം ഈ സർക്കാർ പിൻവലിക്കുകയുണ്ടായി. ഈ നിയമം പിൻവലിച്ചെങ്കിലും പുതിയ അതോറിറ്റി കേരളത്തിൽ രൂപീകരിക്കാൻ ഇതുവരെ ഗവൺമെന്റ് തയ്യാറായിട്ടില്ല. ദൈവത്തിന്റെ സ്വന്തം നാടെന്ന് അഭിമാനിക്കുന്ന കേരളം, ഒരു ദുരന്തഭൂമിയായി മാറാതിരിക്കാൻ കേരളത്തിലെ അശാസ്ത്രീയമായ കെട്ടിട നിർമ്മാണരീതിക്ക് അടിയന്തരമായി മാറ്റം വരുത്തേണ്ടതുണ്ട്. തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് ഉൾപ്പെടെയുള്ള കോർപ്പറേഷനുകളിലും മഹാഭൂരിപക്ഷം മുനിസിപ്പാലിറ്റികളിലും പഞ്ചായത്തുകളിലും കെട്ടിടനിർമ്മാണം ഇഷ്ടംപോലെ നടന്നുകൊണ്ടിരിക്കുന്ന സാഹചര്യം കേരളത്തിന്റെ പ്രത്യേകതയാണ്. പക്ഷേ അതിന് ശക്തമായ നിയന്ത്രണങ്ങളും നിബന്ധനകളും ഉണ്ടാകണം. കേരളത്തിന് വെളിയിൽ

ജോലിക്കുപോയ, പ്രത്യേകിച്ച് ഗൾഫിലും വിദേശങ്ങളിലുമൊക്കെ പോയ നിരവധി മലയാളികൾ അവരുടെ പരസ്യങ്ങളിൽപ്പെട്ട് വഞ്ചിതരാകുന്ന ധാരാളം സംഭവങ്ങളുണ്ട്. മരട് സിൻഡ്രോം എന്നുപറയുന്ന കെട്ടിട നിർമ്മാണരംഗത്തുണ്ടായ ഏറ്റവും വലിയ ക്രമക്കേട് ഇതിന് വലിയൊരുദാഹരണമാണ്. ഈ അതോറിറ്റി വന്നാൽ ഒരു ഫ്ലാറ്റ് വിൽക്കുന്നതിനുമുമ്പ് അതോറിറ്റിയിൽ രജിസ്റ്റർ ചെയ്യുകയും അതിനെ സംബന്ധിച്ചുള്ള എല്ലാ കാര്യങ്ങളും വാങ്ങുന്ന ആളിന് മനസ്സിലാക്കാനുള്ള സാഹചര്യവും ഉണ്ടാകും. ധാരാളം കൃത്രിമങ്ങൾ കെട്ടിടനിർമ്മാണങ്ങളിൽ നടക്കുകയാണ്. ഫ്ലാറ്റ് വ്യവസായം നല്ല നിലയിൽ നടത്തുന്ന ധാരാളം ആളുകളുണ്ട്. പക്ഷെ, നദീതീരങ്ങൾ, ജലാശയങ്ങൾ, റോഡുകൾ തുടങ്ങിയവ കയ്യേറുകയും എസ്.റ്റി.പി. സ്ഥാപിക്കാതെയും ഫ്ലാറ്റുകളിലെ മാലിന്യങ്ങൾ റോഡിലും പുഴയോരങ്ങളിലും കൊണ്ടുപോയി ഇടുകയും അതുപോലെ ഫയർ എഞ്ചിന് പോകാൻ സൗകര്യമില്ലാത്ത രീതിയിലൊക്കെ എല്ലാം ചട്ടവിരുദ്ധമായി നിർമ്മിക്കുന്ന ആളുകളെ ശക്തമായി നിയന്ത്രിക്കേണ്ട ആവശ്യകത ഞാൻ എടുത്തുപറയേണ്ടതില്ല. കേരളത്തിന് വ്യക്തമായ ഒരു പാർപ്പിട നയം യഥാർത്ഥത്തിൽ ഉണ്ടാകേണ്ടതാണ്. നാഷണൽ ബിൽഡിംഗ് റൂളിന് വിരുദ്ധമായ നിർമ്മാണ പ്രവർത്തനങ്ങൾപോലും പലയിടത്തും നടക്കുന്നുണ്ട്. കെട്ടിട നിർമ്മാണത്തിന് ആവശ്യമായ എഞ്ചിനീയറുടെ അപ്രൂവൽ പ്ലാൻ, തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ അനുമതി, ഫയർ ആന്റ് സേഫ്റ്റിയുടെ എൻ.ഒ.സി., പോർട്ടിനടുത്തോ കടൽത്തീരത്തിനടുത്തോ ആണെങ്കിൽ പ്രത്യേക അനുമതി തുടങ്ങിയ കാര്യങ്ങളിൽ കള്ളം കാണിക്കുന്നതുകാരണം വ്യാപകമായ കുഴപ്പങ്ങൾ വിളിച്ചുവരുത്തുകയാണ്. വൻകിട കെട്ടിട സമുച്ചയത്തിലെ മാലിന്യസംസ്കരണം ഒരു വലിയ പ്രശ്നമായി മാറിയിരിക്കുകയാണ്. എന്റെ നിയോജകമണ്ഡലമായ തൃക്കാക്കരയിലും എറണാകുളം പട്ടണത്തിൽ പൊതുവെയും വ്യാപകമായി ഫ്ലാറ്റുകളിലെയും വലിയ കെട്ടിട സമുച്ചയങ്ങളിലെയും കക്കൂസ് മാലിന്യം കൊണ്ടുവന്ന് റോഡിൽ ഒഴിക്കുകയാണ്. നാഷണൽ ഹൈവേയിൽ അരൂർ-ഇടപ്പള്ളി റോഡിൽ ഇന്നലെയും നിരവധി ലോറികളിൽ കൊണ്ടുവന്ന് റോഡിൽ ഒഴിച്ചിട്ടുപോയത് വലിയ പ്രശ്നമായിരിക്കുകയാണ്. ഇതിനൊക്കെ ശക്തമായ നടപടി ഉണ്ടാകേണ്ടതുണ്ട്. കടലാക്രമണംമൂലം ഒരു ഭാഗത്ത് ജനങ്ങളും സംസ്ഥാന ഗവൺമെന്റും വളരെ അലെർട്ടായി നിൽക്കുകയും മത്സ്യത്തൊഴിലാളികളുടെ കാര്യത്തിൽ വളരെ താൽപ്പര്യം പ്രകടിപ്പിക്കുകയുമൊക്കെ ചെയ്യുമ്പോൾ കടലോരങ്ങളിൽ കെട്ടിടം പണിയുന്നതിനുള്ള 200 മീറ്റർ അകലം 50 മീറ്ററാക്കി കുറച്ചുകൊടുത്ത കേന്ദ്ര നിയമം വലിയ ദുരന്തം മത്സ്യത്തൊഴിലാളികൾക്ക് ഉണ്ടാക്കുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. ആ നിയമം ശക്തമായി കേരളം എതിർക്കേണ്ടതാണെന്നാണ് എന്റെ അഭിപ്രായം.

തൽക്കാലത്തേയ്ക്ക് മത്സ്യത്തൊഴിലാളികൾക്ക് ഗുണം ചെയ്യുമെന്ന് തോന്നുമെങ്കിലും ഭാവിയിൽ മത്സ്യത്തൊഴിലാളികളെ ഇല്ലായ്മ ചെയ്യുന്ന ഒരു നിയമമായി അത് മാറുമെന്ന കാര്യത്തിൽ സംശയമില്ല. കായലുകളിലും ദ്വീപുകളിലും 20 മീറ്റർ അകലത്തിൽ കെട്ടിടം നിർമ്മിക്കാമെന്ന കേന്ദ്ര നിയമം വലിയ അപകടകരമായ സാഹചര്യമാണ് ഉണ്ടാക്കുന്നത്. ബഹുമാനപ്പെട്ട പിണറായി വിജയന്റെ നേതൃത്വത്തിലുള്ള സർക്കാർ 15-2-2018-ലെ ജി.ഒ.(പി) 11/2018/ എൽ.എസ്.ജി.ഡി. തീയതി, ആയി കോർപ്പറേഷനും മുനിസിപ്പാലിറ്റികൾക്കും ജി.ഒ.(പി) 12/2018/എൽ.എസ്.ജി.ഡി. തീയതി, 15-2-2018 ആയി ഗ്രാമപഞ്ചായത്തുകളിലും കെട്ടിട നിർമ്മാണ ചട്ടം ലംഘിച്ച് നിർമ്മിച്ച കെട്ടിടങ്ങൾക്ക് പിഴ അടച്ച് ക്രമീകരിക്കാനുള്ള സൗകര്യം ചെയ്തുകൊടുത്തു. അങ്ങനെ ചെയ്തുകൊടുത്തതിൽ ചിലത് ആവശ്യമായിരിക്കാം. ചിലത് മരട് മോഡൽ നിർമ്മാണത്തിനും ക്രമക്കേടുകൾക്കും ഇടവരുത്തും. മരടിൽ അതിന് അനുമതി കൊടുത്ത പഞ്ചായത്ത് സെക്രട്ടറി 5 വർഷത്തോളം വിയ്യൂർ സെൻട്രൽ ജയിലിൽ കിടന്നിട്ട് അടുത്ത ദിവസമാണ് പുറത്തിറങ്ങിയത്. വ്യാപകമായി കെട്ടിട നിർമ്മാണ ചട്ടങ്ങൾ ലംഘിക്കുന്നതുകൊണ്ടുണ്ടാകുന്ന പ്രശ്നങ്ങൾ ഈ ഗവൺമെന്റ് ഗൗരവമായി കാണണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. 5000 സ്ക്വയർ ഫീറ്റിൽ കൂടുതലുള്ള കെട്ടിടങ്ങളെല്ലാം രജിസ്റ്റർ ചെയ്യണമെന്നാണ് കേന്ദ്ര നിയമം പറയുന്നത്. അപ്പലേറ്റ് ട്രൈബ്യൂണലിൽ ഒരു ഹൈക്കോടതി ജഡ്ജി, അഡ്മിനിസ്ട്രേറ്റീവ് മെമ്പർ, ടെക്നിക്കൽ മെമ്പർ തുടങ്ങി ക്വാളിഫൈഡായ ആളുകളുള്ള സമിതികൾ വരുമ്പോൾ ഇക്കാര്യത്തിൽ നിയന്ത്രണമുണ്ടാകും. അതിനുവേണ്ടിയുള്ള ശക്തമായ നടപടികൾ വേണം. കേരളവും ചില നോർത്ത് ഈസ്റ്റേൺ സംസ്ഥാനങ്ങളുമൊഴിച്ചുള്ള എല്ലാ സംസ്ഥാനങ്ങളും കേന്ദ്ര നിയമം പരിപൂർണ്ണമായി നടപ്പാക്കിക്കഴിഞ്ഞുവെന്ന് ബഹുമാനപ്പെട്ട മന്ത്രിക്കറിയാം. അതുകൊണ്ട് അടിയന്തരമായി ഇക്കാര്യത്തിൽ നടപടി സ്വീകരിക്കണം. പ്രളയ ദുരന്തം ഏറ്റുവാങ്ങിയ കേരളം ഒരു പാഠം പഠിച്ചിട്ടുണ്ട്. വാട്ടർ ഫ്രണ്ടേജുള്ള വീടുകൾ വാങ്ങാനും വില്ലകൾ വാങ്ങാനും ഫ്ലാറ്റുകൾ വാങ്ങാനുമായിരുന്നു നെട്ടോട്ടം. എറണാകുളത്ത് ഒരു പരസ്യമുണ്ട്, നിങ്ങളുടെ വീടുകൾക്കുവേണ്ടിയുള്ള അന്വേഷണം ഇവിടെ അവസാനിക്കുന്നുവെന്നാണ് ആ പരസ്യത്തിന്റെ സംക്ഷിപ്തരൂപം. അങ്ങനെ ആ പരസ്യം വച്ചിരുന്ന വില്ലകൾ മുഴുവൻ പ്രളയം വന്നപ്പോൾ മുങ്ങിക്കിടക്കുകയായിരുന്നു. അത്തരത്തിൽ പറയുന്നതുപോലുള്ള ദുരന്തം ഉണ്ടാകാതിരിക്കാൻ വളരെ വ്യക്തമായ നയപരിപാടി ഉണ്ടാകണം. ബഹുമാനപ്പെട്ട മന്ത്രി ഇക്കാര്യത്തിലൊക്കെ ശക്തമായ നിലപാട് സ്വീകരിക്കുമെന്ന് ഞാൻ വിചാരിക്കുന്നു. ഫ്ലോർ ഏരിയ റേഷ്യോ 10 സെന്റ് സ്ഥലത്തിന് 4 ഇരട്ടിയാക്കി ഈ ഗവൺമെന്റ് നിശ്ചയിച്ചുകൊടുത്തത് തെറ്റായ നടപടിയാണ്.

മുംബൈ പോലുള്ള പ്രദേശത്തുപോലും 1 അല്ലെങ്കിൽ 1.5 ആണ് ഫ്ലോർ ഏരിയ റേഷ്യോ എന്നിരിക്കെ 10 സെന്റ് സ്ഥലത്തിന് നാലിരട്ടിയാക്കി ഭേദഗതി ചെയ്തത് ശരിയായ നടപടിയല്ല. നമ്മുടെ കെട്ടിടനിർമ്മാണ ചട്ടത്തെയാകെ തകരാറിലാക്കുന്ന ഒന്നാണത്. അതുകൊണ്ട് ഇക്കാര്യങ്ങളിൽ പ്രത്യേക ശ്രദ്ധ വേണം. ഫയർ ഓഡിറ്റ് നടത്താൻ കഴിയുന്നില്ല. ധാരാളം ഇൻസ്പെക്ടർമാർ മുനിസിപ്പാലിറ്റികളിലും പഞ്ചായത്തുകളിലും കോർപ്പറേഷനുകളിലുമൊക്കെയുണ്ട്. ആരും ഒരു പരിശോധനയ്ക്കും പോകുന്നില്ല. വർഷത്തിലൊരിക്കൽ പണിത കെട്ടിടങ്ങൾ ഉൾപ്പെടെ, വലിയ സമുച്ചയങ്ങൾ ഉൾപ്പെടെ നിയമങ്ങൾ പാലിക്കുന്നുണ്ടോയെന്ന് ഉറപ്പുവരുത്താനുള്ള ഓഡിറ്റിംഗ്/പരിശോധന ഉണ്ടാകണം. ഫയർ ഓഡിറ്റിംഗ് കൃത്യമാകണം. അതിനായി അതോറിറ്റി കൊണ്ടുവന്ന് ആവശ്യമായ നടപടികൾ ക്രമീകരിക്കണമെന്ന് ഞാൻ ബഹുമാനപ്പെട്ട ഗവൺമെന്റിനോടും മന്ത്രിയോടും അഭ്യർത്ഥിക്കുകയാണ്.

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, സംസ്ഥാനത്ത് നിർമ്മിക്കപ്പെടുന്ന കെട്ടിടങ്ങൾക്ക് ആവശ്യമായ അടിസ്ഥാന സൗകര്യം ഉറപ്പാക്കുകയെന്ന ലക്ഷ്യത്തോടെ കോർപ്പറേഷൻ-മുനിസിപ്പൽ പ്രദേശങ്ങൾക്ക് 1999-ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളും ഗ്രാമപഞ്ചായത്ത് പ്രദേശങ്ങൾക്ക് 2011-ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളും നിലവിലുണ്ട്. ഈ കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിച്ചുകൊണ്ട് കെട്ടിടങ്ങൾക്ക് നിർമ്മാണാനുമതി നൽകുന്നത് അതാത് തദ്ദേശ ഭരണ സ്ഥാപനങ്ങളാണ്. ചട്ടം ലംഘിച്ചുകൊണ്ട് നിർമ്മിക്കുന്ന കെട്ടിടങ്ങൾക്കെതിരെ നടപടികൾ സ്വീകരിക്കുന്നത് സംബന്ധിച്ച് കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ വ്യക്തമായി പ്രതിപാദിക്കുന്നുണ്ട്. ഇത് പാലിച്ചുകൊണ്ടാണോ നിർമ്മാണങ്ങൾ നടക്കുന്നതെന്ന് പരിശോധിക്കുന്നതിനും പരാതികളിന്മേൽ അന്വേഷണം നടത്തുന്നതിനും മറ്റുമായി തദ്ദേശ സ്വയംഭരണ വകുപ്പിന്റെ കീഴിൽ ഒരു വിജിലൻസ് വിംഗും പ്രവർത്തിക്കുന്നുണ്ട്. ഇതുകൂടാതെ ശാസ്ത്രീയമായി നിർമ്മാണ പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നതിനായി മാസ്റ്റർ പ്ലാനുകളുടെയും വിശദമായ നഗരാസൂത്രണ പദ്ധതികളുടെയും നഗര-ഗ്രാമ പ്രദേശങ്ങളെ വിവിധ ഉപയോഗ മേഖലകളാക്കി തിരിച്ചിട്ടുമുണ്ട്. സംസ്ഥാനത്ത് നിലവിലുള്ള കെട്ടിടനിർമ്മാണ ചട്ടങ്ങൾ രൂപീകരിച്ചിട്ടുള്ളത് കെട്ടിടങ്ങളിൽ താമസിക്കുന്നവരുടെയും ചുറ്റുപാടുകളിൽ കഴിയുന്നവരുടെയും ആരോഗ്യ-സുരക്ഷാ അടിസ്ഥാന സൗകര്യങ്ങൾ മുന്നിൽക്കണ്ടുകൊണ്ടാണ്. കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലും കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലും പ്രതിപാദിച്ചിട്ടുള്ള തുറസ്സായ സ്ഥലം, റോഡിന്റെ വീതി, ഫ്ലോർ ഏരിയ റേഷ്യോ, കവറേജ് പാർക്കിംഗ്

സൗകര്യങ്ങൾ, ഉയർന്ന കെട്ടിടങ്ങൾക്കുള്ള സുരക്ഷാ വ്യവസ്ഥകൾ, അഗ്നി സുരക്ഷാ സംവിധാനങ്ങൾ എന്നിവ പാലിക്കുന്നതിലൂടെ ഓരോ കെട്ടിടത്തിനും ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പുവരുത്തുന്നതാണ്. കൂടാതെ നഗരാസൂത്രണ പദ്ധതികളിലെ വ്യവസ്ഥകൾ രൂപീകരിച്ചിട്ടുള്ളത് ആ പ്രദേശത്തെ വികസന സാദ്ധ്യതയും അവിടെ പാലിക്കേണ്ട വിവിധ നിയമങ്ങളും കണക്കിലെടുത്താണ്. ആയതിനാൽ കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ വ്യവസ്ഥകളും നഗരാസൂത്രണ പദ്ധതിയുടെ വ്യവസ്ഥകളും ബാധകമായ മറ്റ് നിയമങ്ങളും പാലിക്കുന്നതിലൂടെ ജനങ്ങൾക്കാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പാക്കുന്നതാണ്. ഒരു കെട്ടിട സമുച്ചയം പാലിക്കേണ്ട എല്ലാ ചട്ടങ്ങളും വ്യവസ്ഥകളും പാലിച്ചാൽ മാത്രമേ ആയത് നിർമ്മിക്കുന്നതിനുള്ള അനുമതി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽനിന്നും ലഭ്യമാകുകയുള്ളൂ. കൂടാതെ കെട്ടിട നിർമ്മാണവേളയിൽ ചട്ടപ്രകാരമാണ് നിർമ്മാണം നടന്നതെന്ന് ഉറപ്പുവരുത്തേണ്ടത് തദ്ദേശഭരണ സ്ഥാപനങ്ങളുടെ ചുമതലയാണ്. ചട്ടലംഘനം കണ്ടെത്തുന്ന പക്ഷം ആയതിനെതിരെ നടപടി സ്വീകരിക്കാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അധികാരമുള്ളതാണ്. കൂടാതെ ചട്ടലംഘനം കണ്ടെത്തിയശേഷം അപാകത പരിഹരിക്കേണ്ടത് കെട്ടിട ഉടമകളുടെ ഉത്തരവാദിത്വവും ആയത് പരിഹരിച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ചുമതലയുമാണ്. എല്ലാ നഗരസഭാ സെക്രട്ടറിമാരും പ്രതിമാസം കെട്ടിട നിർമ്മാണ അപേക്ഷകൾ ലഭിച്ചതിന്റെയും അനുമതി നൽകിയതിന്റെയും പെന്റിംഗ് അപേക്ഷകളുടെയും നിരസിച്ചവയുടെയും കണക്കുകൾ ഗവൺമെന്റിലേയ്ക്ക് സമർപ്പിക്കാൻ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ നഗരസഭാ സെക്രട്ടറിമാർ കൃത്യമായി മോണിറ്റർ ചെയ്യുന്നുമുണ്ട്. ചട്ട ലംഘനങ്ങളിൽ പ്രാഥമിക നടപടികൾ സ്വീകരിക്കേണ്ടതിന്റെ ഉത്തരവാദിത്വം അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥർക്കാണ്. ഇതുകൂടാതെ പരാതി ലഭിക്കുന്ന സമയങ്ങളിൽ സി.റ്റി.പി. വിജിലൻസ് സംവിധാനം ഉപയോഗിച്ച് അടിയന്തര അന്വേഷണങ്ങൾ നടത്തുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. നിയമങ്ങളും ചട്ടങ്ങളും ലംഘിച്ചുകൊണ്ട് കെട്ടിട നിർമ്മാണ പെർമിറ്റ് നൽകുകയും ഒക്കുപ്പെൻസി സർട്ടിഫിക്കറ്റ് കൊടുക്കുകയും ചെയ്യുന്ന ഉദ്യോഗസ്ഥർക്കെതിരെ കർശന ശിക്ഷാനടപടികൾ സ്വീകരിച്ചുവരുന്നു. ചട്ടലംഘനങ്ങൾ പരിശോധിക്കാനും അനധികൃത നിർമ്മാണങ്ങൾ പരിശോധിക്കാനും ഒരു വിജിലൻസ് വിംഗ് രൂപീകരിച്ചിട്ടുണ്ട്. ഈ വിംഗിൽ ലഭിക്കുന്ന പരാതി പരിശോധനയുടെയും നേരിട്ട് നടത്തുന്ന മിന്നൽ പരിശോധനയുടെയും അടിസ്ഥാനത്തിൽ കണ്ടെത്തുന്ന അനധികൃത നിർമ്മാണങ്ങളും ചട്ടലംഘനങ്ങളും സർക്കാരിലേയ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. സർക്കാരിന്റെ ഈ സംവിധാനത്തിലൂടെ അനധികൃത നിർമ്മാണം

നിയന്ത്രിക്കാനും അടിസ്ഥാന സൗകര്യങ്ങളോടുകൂടിയാണ് നിർമ്മാണങ്ങൾ നടത്തുന്നതെന്ന് ഉറപ്പുവരുത്താനും സാധിക്കുന്നതാണ്. നഗര-ഗ്രാമാസൂത്രണ വകുപ്പ് തയ്യാറാക്കി വരുന്ന ഡീറ്റെയിൽഡ് ടൗൺ പ്ലാനിംഗ് സ്കീം ഇപ്പോൾത്തന്നെ എല്ലാ നഗരങ്ങളിലും തയ്യാറാക്കിവരികയാണ്. അതിലൂടെ ശാസ്ത്രീയമായ രീതിയിലുള്ള ടൗണുകളുടെ വികസനമാണ് ലക്ഷ്യമിടുന്നത്. അത് പഞ്ചായത്തുകളിലേയ്ക്കും ജില്ലകളിലേയ്ക്കും വ്യാപിപ്പിക്കുന്നതിലൂടെ മാത്രമേ സമഗ്രവും ശാസ്ത്രീയവുമായ സംസ്ഥാന വികസനം സാദ്ധ്യമാകുകയുള്ളൂ. അടുത്തകാലത്ത് മരട് നഗരസഭയിൽ സുപ്രീംകോടതി വിധി പ്രകാരം ഏതാനും ഫ്ലാറ്റുകൾ തീരദേശ പരിപാലന നിയമലംഘനത്തിന്റെ പേരിൽ പൊളിച്ചുമാറ്റുന്നതിനുള്ള ഉത്തരവുണ്ടായതിന്റെ അടിസ്ഥാനത്തിൽ കേരളത്തിലെ എല്ലാ കോർപ്പറേഷനുകളിലെയും പ്രധാന പട്ടണങ്ങളിലെയും നിലവിലുള്ളതും പണിതുകൊണ്ടിരിക്കുന്നതുമായ high rise ബിൽഡിംഗുകളുടെ ചട്ടലംഘനങ്ങളെക്കുറിച്ചും CRZ വയലേഷൻ ഉണ്ടോയെന്ന കാര്യങ്ങളെക്കുറിച്ചും അടിയന്തരമായി അന്വേഷണ റിപ്പോർട്ട് നൽകാൻ സി.റ്റി.പി. വിജിലൻസിനെ ഇതിനോടകം ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇതുകൂടാതെ ഭാവിയിൽ നിയമലംഘനങ്ങൾ വരാതിരിക്കുന്നതിന് ആധുനിക ഓൺലൈൻ ഓട്ടോമേറ്റഡ് ബിൽഡിംഗ് പ്ലാൻ സോഫ്റ്റ്‌വെയർ നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്. കൊച്ചിയൊഴികെ എല്ലാ സ്ഥലത്തും പരീക്ഷണ പ്രവർത്തനങ്ങൾ നടന്നു കഴിഞ്ഞിട്ടുണ്ട്. ഇത് പൂർത്തിയായിക്കഴിഞ്ഞതിനുശേഷം മറ്റ് നഗരങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുന്നുണ്ട്. അതുവഴി വേഗത്തിൽ സുതാര്യവും നിയമാനുസൃതവുമായ ബിൽഡിംഗ് പെർമിറ്റുകൾ നൽകാൻ കഴിയും. കെട്ടിട സമുച്ചയങ്ങളുടെയും ഫ്ലാറ്റുകളുടെയും വാണിജ്യകേന്ദ്രങ്ങളുടെയും നിർമ്മാണത്തിൽ നിയമവും ചട്ടവും പാലിച്ചുകൊണ്ടുമാത്രമേ ഭാവിയിൽ ബിൽഡിംഗ് പെർമിറ്റ് കൊടുക്കുകയുള്ളൂ എന്ന് ഉറപ്പുവരുത്താൻ ഇത്തരം ആധുനിക സോഫ്റ്റ്‌വെയർ വിന്യസിക്കുന്നതിലൂടെ കഴിയുന്നതാണ്. എസ്.ആർ.ഒ. നം.419/2018 ആയി പ്രസിദ്ധീകരിച്ച 18/06/2018-ലെ ജി.ഒ.(പി)നം. 46/2018 ത.സ്വ.ഭ.വ. ഉത്തരവുപ്രകാരം കേരള റിയൽ എസ്റ്റേറ്റ് (റെഗുലേഷൻ & ഡെവലപ്മെന്റ്) റൂൾസ്, 2018 സംസ്ഥാനത്ത് വിജ്ഞാപനം ചെയ്യുകയുണ്ടായി. പ്രസ്തുത ചട്ടങ്ങളുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് റിയൽ എസ്റ്റേറ്റ് റെഗുലേറ്ററി അതോറിറ്റി രൂപീകരിക്കുന്നതിന് സത്വര നടപടികൾ സ്വീകരിച്ചുവരികയാണ്. അതോറിറ്റി എടുക്കുന്ന തീരുമാനങ്ങൾ സംബന്ധിച്ച് ആക്ഷേപമുണ്ടെങ്കിൽ റിയൽ എസ്റ്റേറ്റ് അപ്പലേറ്റ് ട്രിബ്യൂണൽ മുമ്പാകെ പരാതി സമർപ്പിക്കാവുന്നതാണ്. റിയൽ എസ്റ്റേറ്റ് റെഗുലേറ്ററി അതോറിറ്റിയും റിയൽ എസ്റ്റേറ്റ് അപ്പലേറ്റ് ട്രിബ്യൂണലും നിലവിൽ വരുന്നതോടുകൂടി ക്ലയന്റ്-ഓണർ-ബിൽഡർ തമ്മിലുള്ള തർക്കങ്ങൾക്കും പ്രശ്നങ്ങൾക്കും നിർമ്മാണം സംബന്ധിച്ച പ്രശ്നങ്ങൾക്കും പരിഹാരം കാണാൻ സാധിക്കുന്നതാണ്.

ശ്രീ. പി. ടി. തോമസ്: ബഹുമാനപ്പെട്ട മന്ത്രി, ചട്ടലംഘനം സംബന്ധിച്ച പരിശോധന നടത്തുന്നതിനായി ചീഫ് ടൗൺ പ്ലാനറെ ഏൽപ്പിച്ചിട്ടുണ്ടെന്ന് പറഞ്ഞത് സ്വാഗതാർഹമാണ്. പക്ഷെ ഇവിടെ നടക്കുന്ന ഒരു പ്രധാനപ്പെട്ട കാര്യം ഒരു പീരിയോഡിക്കൽ ഇൻസ്പെക്ഷൻ കോർപ്പറേഷനുകളോ മുനിസിപ്പാലിറ്റികളോ നടത്തുന്നില്ല. ചില പഞ്ചായത്തുകളിൽ അങ്ങനെയുള്ള ഇൻസ്പെക്ഷനോ പരിശോധനകളോ നടക്കുന്നില്ല. ഉദാഹരണത്തിന് എസ്.ടി.പി. ഒരു ഫ്ലാറ്റിൽ സ്ഥാപിച്ചാൽ അത് ആദ്യത്തെ ഒന്നോരണ്ടോ മാസം പ്രവർത്തിച്ചിട്ട് വലിയ വൈദ്യുതി ചാർജ് ഉണ്ടാകുമെന്ന് പറഞ്ഞ് പ്രവർത്തിപ്പിക്കുന്നില്ല. അവർ ചെയ്യുന്നത് ടാങ്കർ ലോറികളിൽ അവിടത്തെ കക്കൂസ് മാലിന്യം കൊണ്ടുപോയി ജലാശയങ്ങളിൽ ഒഴുക്കുകയാണ്. വലിയ കെട്ടിടസമുച്ചയങ്ങളിൽനിന്നുള്ള കക്കൂസ് മാലിന്യം കൊണ്ടുപോയി പുഴകളിലും ജലാശയങ്ങളിലും റോഡുകളിലും ഒഴുക്കുന്നത് തടയാൻ ശക്തമായ നടപടി സ്വീകരിക്കണം. ആളുകൾക്ക് പുറത്തിറങ്ങി നടക്കാൻ സാധിക്കുന്നില്ല. അതിനുവേണ്ടി പ്രത്യേക നടപടി സ്വീകരിക്കുമോ?

ശ്രീ. എ. സി. മൊയ്തീൻ: സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞത് വളരെ ഗൗരവമായ കാര്യമാണ്. ചട്ടലംഘനങ്ങൾ പരിശോധിക്കുന്നതിനായി പീരിയോഡിക്കലായ സംവിധാനം ഇപ്പോൾ ഏർപ്പെടുത്തിയിട്ടുണ്ട്. ഗവൺമെന്റിലേയ്ക്ക് കൃത്യമായി റിപ്പോർട്ട് ചെയ്യുന്നതിനും മോണിറ്റർ ചെയ്യുന്നതിനുമുള്ള സംവിധാനം ഇപ്പോൾ ഉണ്ടായിട്ടുണ്ട്. കേരളത്തിൽ സെപ്റ്റേജ് മാലിന്യത്തിന്റെ പ്രശ്നം വളരെ ഗൗരവമുള്ളതാണ്. ഫ്ലാറ്റുകളിൽനിന്നുള്ള മാലിന്യങ്ങൾ പുഴകളിലും തോടുകളുടെ സൈഡുകളിലും നിക്ഷേപിക്കുണ്ടെന്നുള്ളത് വസ്തുതയായി ചില സ്ഥലങ്ങളിൽ നിന്നും റിപ്പോർട്ട് ചെയ്യുകയും ചെയ്തിട്ടുണ്ട്. നമ്മൾ അഭിമുഖീകരിക്കുന്ന പ്രശ്നം സെപ്റ്റേജ് മാലിന്യം സംസ്കരിക്കുന്നതിനുവേണ്ടി ശാസ്ത്രീയമായ ഒരു പദ്ധതിയില്ലെന്നുള്ളതാണ്. അതിനുള്ള ശ്രമത്തിലാണ് ഇപ്പോൾ സർക്കാർ. അതുംകൂടി നടപ്പിലാകുമ്പോഴാണ് മാലിന്യപ്രശ്നം പൂർണ്ണമായി നിർവ്വഹിക്കാൻ സാധിക്കുക. പക്ഷെ വൻകിട ഫ്ലാറ്റുകൾ അവരുടെ ഉത്തരവാദിത്വത്തിൽ നിർവ്വഹിക്കണമെന്ന ഗൗരവതരമായ സാഹചര്യമുണ്ട്, അക്കാര്യം പരിശോധിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്

## III. സബ്മിഷൻ

### (1) കാർട്ടൂൺ പുരസ്കാരം

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ലോകത്തെമ്പാടുമുള്ള ക്രൈസ്തവർ ആദരവോടുകൂടി കാണുന്ന മതചിഹ്നങ്ങളെ അവഹേളിക്കുന്ന തരത്തിൽ വരച്ച കാർട്ടൂണിന് കേരള ലളിതകലാ അക്കാദമി അവാർഡ് നൽകിയത് അങ്ങേയറ്റം പ്രതിഷേധാർഹമായ കാര്യമാണ്. ആവിഷ്കാര സ്വാതന്ത്ര്യം ജീവവായുപോലെ സംരക്ഷിക്കപ്പെടുമെന്ന കാര്യത്തിൽ ആർക്കും സംശയമില്ല. ആവിഷ്കാര സ്വാതന്ത്ര്യങ്ങളെ ഉയർത്തിപ്പിടിക്കണം എന്നുള്ള കാര്യത്തിൽ

വ്യക്തിപരമായ നിർബന്ധമുള്ള ഒരാളുകൂടിയാണ് ഞാൻ. പക്ഷേ മതവികാരങ്ങളെ വ്രണപ്പെടുത്തുകയും പുണ്യചിഹ്നങ്ങളെ അപമാനിക്കുകയും ചെയ്ത് മതവിശ്വാസികളിൽ ആശങ്കയുണ്ടാക്കുന്ന നടപടികളെ അംഗീകരിക്കാൻ കഴിയില്ല. ഇത്തരം ഹീന നടപടികൾ ആവിഷ്കാര സ്വാതന്ത്ര്യത്തിനുള്ള നമ്മുടെ നിലപാടുകളെ ദുർബലപ്പെടുത്തുകയേയുള്ളൂ എന്നുള്ളതാണ് യാഥാർത്ഥ്യം. മതചിഹ്നങ്ങളെ അവഹേളിക്കുന്നതും മതവികാരങ്ങളെ വ്രണപ്പെടുത്തുന്നതും രാജ്യത്തിന്റെ അടിസ്ഥാന ശിലകളിലൊന്നായ മതേതരത്വത്തിനെതിരായ ആക്രമണമായി മാത്രമേ കാണാൻ കഴിയുകയുള്ളൂ. അതിനെ ഗവൺമെന്റ് പ്രോത്സാഹിപ്പിക്കുന്നത് കുറ്റകരമാണ്. ആളുകൾക്ക് എന്തും വരയ്ക്കുകയും എഴുതുകയും ചെയ്യാം. അതെല്ലാം അവരുടെ സ്വാതന്ത്ര്യമാണ്. ലളിതകലാ അക്കാദമി സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള സ്ഥാപനമാണ്. അവർ അവാർഡ് കൊടുക്കുന്ന നടപടിയോടാണ് നമുക്കെല്ലാവർക്കും വിയോജിപ്പുള്ളത്. New York Times Global edition is ending daily political cartoons. Two months earlier Times has stopped running syndicated political cartoons after one with anti-semitic imaginary was printed in the opinion section of the International edition. New York Times ലോകത്തിലെ ഏറ്റവും പ്രധാനപ്പെട്ട പത്രമാണ്. മതപരമായ ഭിന്നിപ്പ് ഉണ്ടാക്കുന്നതോ മതത്തിനെതിരെ കാർട്ടൂണുകൾ വരയ്ക്കില്ല, പബ്ലിഷ് ചെയ്യില്ല എന്ന് New York Times പോലും പറയുന്ന കാലമാണിത്. നമ്മുടെ സംസ്ഥാനം മതേതരത്വത്തിന് വലിയ വില കൽപ്പിക്കുന്ന പുരോഗമന ചിന്തകളുള്ള സംസ്ഥാനമാണ്. ആളുകൾ എന്തെങ്കിലും വരയ്ക്കുന്നതിനോ എഴുതുന്നതിനോ ആർക്കും എതിർപ്പൊന്നുമില്ല. പക്ഷേ, അത് സമൂഹത്തിൽ ആശങ്കയുണ്ടാക്കുന്നു. വലിയ തോതിൽ വിശ്വാസികളുടെയിടയിൽ ഇക്കാര്യത്തിൽ അഭിപ്രായ വ്യത്യാസം ഉയർന്നുവന്നിട്ടുണ്ട്. കെ.സി.ബി.സി. പോലുള്ള സ്ഥാപനങ്ങൾ അവരുടെ ശക്തമായ പ്രതിഷേധം രേഖപ്പെടുത്തിയിട്ടുണ്ട്. അതുകൊണ്ട് ഈ അവാർഡുമായി ബന്ധപ്പെട്ട് കേരള ലളിതകലാ അക്കാദമി അവരുടെ നിലപാട് തിരുത്തണം. മതചിഹ്നങ്ങളെ അപമാനിക്കുന്ന തരത്തിലുള്ള കാർട്ടൂണുകൾക്ക് അവാർഡ് നൽകുന്ന നടപടി പുനഃപരിശോധിക്കണമെന്നാണ് ബഹുമാനപ്പെട്ട മന്ത്രിയോട് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, കേരള ലളിതകലാ അക്കാദമിയുടെ ഈ വർഷത്തെ ഫോട്ടോഗ്രഫി, കാർട്ടൂൺ പുരസ്കാരങ്ങൾ 2019 ജൂൺ മാസം 10-നാണ് പ്രഖ്യാപിച്ചത്. സീനിയർ കാർട്ടൂണിസ്റ്റുകളായ ശ്രീ. പി. വി. കൃഷ്ണൻ, ശ്രീ. സുകുമാരൻ, ശ്രീ. മധു ഓമല്ലൂർ

എന്നിവരടങ്ങുന്ന ജൂറി കമ്മിറ്റിയാണ് പുരസ്കാര ജേതാക്കളെ നിശ്ചയിച്ചത്. ശ്രീ. കെ. കെ. സുഭാഷിന്റെ 'വിശ്വാസം രക്ഷതി' എന്ന കാർട്ടൂണിനാണ് ഈ വർഷത്തെ കാർട്ടൂൺ പുരസ്കാരം ജൂറി നിശ്ചയിച്ചത്. ശ്രീ. എ. സതീഷ് കുമാറിന്റെ 'സുഖമീ യാത്ര' എന്ന കാർട്ടൂണിനും കാർട്ടൂണിസ്റ്റ് ശ്രീ. ഉണ്ണികൃഷ്ണന്റെ 'പുലിപ്പാൽ' എന്ന രചനയ്ക്കും കാർട്ടൂൺ ഓണറബിൾ മെൻഷൻ പുരസ്കാരം ജൂറിയുടെ തീരുമാനപ്രകാരം പ്രഖ്യാപിച്ചു.

സംസ്ഥാന സർക്കാരിന് കീഴിലെ അക്കാദമികളെല്ലാം സ്വതന്ത്രമായ രീതിയിലാണ് പ്രവർത്തിച്ചുവരുന്നത്. അവരുടെ ആഭ്യന്തര കാര്യങ്ങളിൽ ഒരുവിധത്തിലുള്ള ഇടപെടലുകളും സർക്കാർ നടത്താറില്ല. അവാർഡ് നിർണ്ണയം പോലുള്ള സുപ്രധാനമായ പരിപാടികൾ ഏറ്റവും നിഷ്പക്ഷവും സുതാര്യവുമായിട്ടാണ് നടത്തിവരുന്നത്. ഈ വർഷത്തെ ലളിതകലാ അക്കാദമിയുടെ കാർട്ടൂൺ പുരസ്കാരം ലഭിച്ച ശ്രീ. കെ. കെ. സുഭാഷിന്റെ 'വിശ്വാസം രക്ഷതി' എന്ന കാർട്ടൂണിനെ സംബന്ധിച്ച് ചില വിമർശനങ്ങൾ ഉയർന്നുവന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടു. ഒരു പ്രത്യേക മത പ്രതീകങ്ങളെ അവഹേളിക്കുന്ന രീതിയിൽ പ്രകോപന പരമായാണ് പ്രസ്തുത കാർട്ടൂൺ ചിത്രീകരിച്ചിട്ടുള്ളത്. അത്തരമൊരു ആക്ഷേപം ഉയർന്നുവന്നതിനെത്തുടർന്ന് സർക്കാർ ഇക്കാര്യം പരിശോധിക്കുകയുണ്ടായി. ബിഷപ്പ് ഫ്രാങ്കോ മുളയ്ക്കലുമായി ബന്ധപ്പെട്ട വിഷയമാണ് കാർട്ടൂണിന്റെ പ്രമേയം. അത്തരത്തിലൊരു പ്രമേയത്തെ അധികരിച്ച് ഒരു രചന നിർവ്വഹിക്കാനുള്ള ആവിഷ്കാര സ്വാതന്ത്ര്യത്തിൽ സർക്കാർ ഇടപെടുന്നില്ല. പക്ഷേ ക്രിസ്തുമതാചാര പ്രകാരമുള്ള ചില മതചിഹ്നങ്ങളെ അധിക്ഷേപകരമായി ചിത്രീകരിക്കുന്ന ചില ഭാഗങ്ങൾകൂടി പ്രസ്തുത കാർട്ടൂണിൽ ഉള്ളതായി കാണുന്നുണ്ട്. ഇതിനോട് സർക്കാർ യോജിക്കുന്നില്ല. വ്യത്യസ്ത മതവിഭാഗങ്ങളിൽ വിശ്വസിക്കുന്നവർ ഒരുമയോടുകൂടി ജീവിച്ചുപോരുന്ന ഒരു സംസ്ഥാനമാണ് നമ്മുടേത്. ഒരു മതത്തിന്റെയും വിശ്വാസങ്ങളെ ഹനിക്കുകയോ അപകീർത്തിപ്പെടുത്തുകയോ ചെയ്യുന്ന പ്രവർത്തനവുമായി മുന്നോട്ടുപോകാൻ ആരെയും സമ്മതിക്കുകയില്ല. അത്തരം നീക്കങ്ങൾ ഏത് ഭാഗത്തുനിന്നുണ്ടായാലും അതിനോട് സർക്കാർ യോജിക്കുന്നില്ല.

കഴിഞ്ഞ വർഷത്തെ കാർട്ടൂൺ പുരസ്കാരം നൽകിയത് ശ്രീ. ഗോപീകൃഷ്ണന്റെ 'കടക്ക് പുറത്ത്' എന്ന കാർട്ടൂണിനാണ്. പ്രസ്തുത കാർട്ടൂണിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയേയും സി.പി.ഐ.(എം.) സംസ്ഥാന സെക്രട്ടറി ശ്രീ. കോടിയേരി ബാലകൃഷ്ണനെയും ശ്രീ. കുമ്മനം രാജശേഖരനെയുമെല്ലാം അവഹേളിക്കുന്ന രീതിയിലാണെന്ന് വ്യക്തമാണ്. പക്ഷേ ആവിഷ്കാര സ്വാതന്ത്ര്യത്തെ മാനിക്കുന്ന ഒരു സർക്കാർ എന്ന നിലയിൽ ഏറ്റവും

മാതൃകാപരമായാണ് മുഖ്യമന്ത്രി ഇതിനെ കണ്ടത്. വി.ജെ.ടി. ഹാളിൽ നടന്ന ചടങ്ങിൽ മുഖ്യമന്ത്രിതന്നെ ശ്രീ. ഗോപീകൃഷ്ണന് അവാർഡുദാനം നിർവ്വഹിക്കുകയും ചെയ്തു.

ഈ വർഷത്തെ കാർട്ടൂൺ ഓണററബിൾ മെൻഷൻ ലഭിച്ച കാർട്ടൂണിസ്റ്റ് ശ്രീ. ഉണ്ണികൃഷ്ണന്റെ 'പുലിപ്പാൽ' എന്ന കാർട്ടൂണിൽ ബഹുമാന്യരായ മുഖ്യമന്ത്രിയെയും പ്രതിപക്ഷനേതാവിനേയും ചിത്രീകരിച്ചിട്ടുണ്ട്. അതെല്ലാം രാഷ്ട്രീയ സഹിഷ്ണുത പാലിച്ചുകൊണ്ടും ആവിഷ്കാര സ്വാതന്ത്ര്യം മാനിച്ചുകൊണ്ടും സ്വീകരിക്കുകയാണുണ്ടായത്. പക്ഷേ ഫ്രാങ്കോ മുളയ്ക്കലിനെതിരായ കാർട്ടൂണിലെ പ്രമേയത്തെ അംഗീകരിക്കുമ്പോഴും അതിൽ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് സൂചിപ്പിച്ചതുപോലെ മതചിഹ്നങ്ങളെ അപകീർത്തിപരമായി ചിത്രീകരിച്ചത് സർക്കാർ ഗൗരവത്തിലാണ് കാണുന്നത്. അതീവ ഗൗരവമായ ഈ വിഷയം മുൻനിർത്തി ലളിതകലാ അക്കാദമിയോട് ഈ വർഷത്തെ കാർട്ടൂൺ പുരസ്കാരങ്ങൾ പുന:പരിശോധനയ്ക്ക് വിധേയമാക്കണമെന്ന് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് ലാറ്റിൻ ആർച്ച് ആർക്കിഡിയോസിസ് ഓഫ് ട്രിവാൻഡ്രം ബഹുമാനപ്പെട്ട സൂസൈ പാക്യം എനിക്കൊരു കത്ത് തന്നു. "കേരള ലളിതകലാ അക്കാദമിയുടെ ഈ വർഷത്തെ കാർട്ടൂൺ വിഭാഗത്തിൽ പുരസ്കാരത്തിനായി തെരഞ്ഞെടുത്ത രചന ക്രൈസ്തവ മതവികാരങ്ങളെ ആഴത്തിൽ വ്രണപ്പെടുത്തുന്നതും പാവനമായ പ്രതീകങ്ങളെ അവഹേളിക്കുന്നതുമായിരുന്നു. പൊതുസമൂഹത്തിൽ നിന്നും ഉയർന്നുവന്ന പ്രതിഷേധം ശ്രദ്ധയിൽപ്പെടുകയും തികച്ചും അവസരോചിതമായി അങ്ങ് അതിൽ ഇടപെടുകയും അവാർഡ് നിർണ്ണയം പുനഃപരിശോധിക്കാൻ നിർദ്ദേശിക്കുകയും ചെയ്തത് സ്വാഗതാർഹമായ നടപടിയാണ്." എന്നതാണ് കത്തിലെ ഉള്ളടക്കം. പ്രതിപക്ഷനേതാവ് സൂചിപ്പിച്ചതുപോലെ ഗവൺമെന്റ് പ്രോത്സാഹിപ്പിക്കുന്ന യാതൊരു പരിപാടിയും ഇതിലില്ല. ആവിഷ്കാര സ്വാതന്ത്ര്യത്തെയൊന്നും ഞങ്ങൾ എതിർക്കുന്നില്ല. എന്നാൽ ആവിഷ്കാര സ്വാതന്ത്ര്യത്തിന്റെ പേരിൽ നമ്മുടെ രാജ്യത്തിന്റെ മതനിരപേക്ഷ ബോധത്തെയോ, മൂല്യങ്ങളെയോ ഹനിക്കുന്ന ഒരാശയത്തോടും യോജിക്കാൻ പറ്റില്ല. അത് ഭരണഘടനാ വിരുദ്ധമാണ്. ഇതാണ് സർക്കാരിന്റെ നിലപാട്. ശ്രദ്ധയിൽപ്പെട്ട സമയത്തുതന്നെ അത് തിരുത്താനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

## (2) ചട്ടങ്ങൾ

ശ്രീ. പി. ടി. എ. റഹീം: സർ, 82 വർഷം മുമ്പാണ് 1937-ലെ Muslim Personal Law (Shariat) Application Act ഉണ്ടായത്. ഈ ആക്റ്റിന് ചട്ടം ഉണ്ടാക്കുന്നതുമായി ബന്ധപ്പെട്ട് കേരള സർക്കാരിനെതിരെ കോടതിയലക്ഷ്യ നടപടികളെടുക്കണമെന്ന് കാണിച്ച് ചിലർ ബഹു. ഹൈക്കോടതിയെ സമീപിച്ചതിനെത്തുടർന്ന് സർക്കാർ ചട്ടം പുറപ്പെടുവിക്കുകയുണ്ടായി. ചട്ടം പുറപ്പെടുവിച്ച് മാസങ്ങൾ കഴിഞ്ഞിട്ടും സമൂഹത്തിലാർക്കും പ്രശ്നങ്ങളോ പ്രയാസങ്ങളോ ഉണ്ടായിട്ടില്ലെങ്കിലും ഭാവിയിൽ ഏതെങ്കിലും തരത്തിൽ പ്രശ്നങ്ങൾ ഉണ്ടാകുമെന്ന ആശങ്ക പരത്താനുള്ള ശ്രമങ്ങൾ നടക്കുന്നുണ്ട്. ഇപ്പോൾ തെർബിയത്തുൽ ഇസ്ലാം സഭയേയും മൗനത്തുൽ ഇസ്ലാം സഭയേയുമാണ് മതപരിവർത്തനത്തിന് സർട്ടിഫിക്കറ്റ് കൊടുക്കാൻ സർക്കാർ ചുമതലപ്പെടുത്തിയിട്ടുള്ളത്. അതുകൊണ്ട് ഇക്കാര്യത്തിലുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിനും വഖഫ് ബോർഡിനെ ചട്ടത്തിൽ നിഷ്കർഷിക്കുന്ന തരത്തിലുള്ള സർട്ടിഫിക്കറ്റ് നൽകാനുള്ള അധികാര സ്ഥാപനമായി നിശ്ചയിക്കുന്നതിനും ആവശ്യപ്പെടുന്നതാണ് ഈ സബ്മിഷൻ.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, Muslim Personal Law (Shariat) Application Act, 1937-ലെ രണ്ടാം വകുപ്പിൽ പറയുന്ന സംഗതികൾക്ക് എല്ലാ മുസ്ലീങ്ങൾക്കും ശരീഅത്ത് നിയമമാണ് ബാധകമായിട്ടുള്ളത്. എന്നാൽ പ്രസ്തുത നിയമത്തിലെ മൂന്നാം വകുപ്പ് പ്രകാരം adoption, wills and legacies എന്നീ വിഷയങ്ങളിൽ ശരീഅത്തിന് വിരുദ്ധമായ ഏതെങ്കിലും customary law ബാധകമായിട്ടുള്ള ഒരു മുസ്ലീമിന്, അതിനുപകരം ശരീഅത്ത് നിയമത്തിലെ ഇതുമായി ബന്ധപ്പെട്ട വ്യവസ്ഥകൾ ബാധകമാക്കണമെന്ന് ആഗ്രഹിക്കുന്നപക്ഷം അയാൾക്ക് നിർണ്ണയിക്കപ്പെട്ട അധികാരി മുമ്പാകെ അക്കാര്യത്തിൽ ഒരു ഡിക്ലറേഷൻ നൽകാമെന്ന് വ്യവസ്ഥയുണ്ട്. അത് നിലവിലുള്ള വ്യവസ്ഥയാണ്. അപ്രകാരം ഡിക്ലറേഷൻ നൽകുന്ന മുറയ്ക്ക് adoption, wills and legacies എന്നീ വിഷയങ്ങളിൽ പ്രസ്തുത വ്യക്തിക്ക് ശരീഅത്ത് നിയമം ബാധകമാകുന്നതാണ്. 1937-ൽ ഉണ്ടാക്കിയ നിയമമാണെങ്കിലും ഇതുവരെ മൂന്നാം വകുപ്പിൽ നിഷ്കർഷിച്ചിട്ടുള്ള ഡിക്ലറേഷൻ നൽകുന്നതിന് ആവശ്യമായ ചട്ടങ്ങൾ രൂപീകരിക്കുകയോ ആയതിനുള്ള അധികാരികളെ നിശ്ചയിക്കുകയോ ഡിക്ലറേഷൻ നൽകുന്നതിനുള്ള ഫോറം പ്രസിദ്ധീകരിക്കുകയോ ചെയ്തിരുന്നില്ല. ഈ സാഹചര്യത്തിൽ ബഹുമാനപ്പെട്ട

കോടതിയിൽ വന്നൊരു കേസിൽ അടിയന്തരമായി ചട്ടം രൂപീകരിക്കാൻ സർക്കാരിനോട് നിർദ്ദേശിച്ച് വിധിയുണ്ടായി. അതിനെത്തുടർന്ന് 21-12-2018-ലെ അസാധാരണ ഗസറ്റിൽ G.O.(P) No. 13/2018/Law എസ്.ആർ.ഒ. നമ്പർ 920/2018 ആയി ചട്ടങ്ങൾ വിജ്ഞാപനം ചെയ്തു. പ്രസ്തുത ചട്ടങ്ങളിലെ ചട്ടം 3 പ്രകാരം "Any Muslim who desires to obtain a declaration provided under section 3 of the Act may file before the prescribed authority in Form I duly attested by a Notary Public appended to these rules" എന്നാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. ഇതുപ്രകാരം കസ്റ്റമറി നിയമം ബാധകമായിട്ടുള്ളവർക്ക് adoption, wills and legacies എന്നീ വിഷയങ്ങളിൽ ശരീഅത്ത് നിയമം ബാധകമാക്കണമെങ്കിൽ പ്രത്യേക ഡിക്ലറേഷൻ നൽകാനാണ് വ്യവസ്ഥ. ആ വ്യവസ്ഥ എല്ലാ മുസ്ലീങ്ങൾക്കും ബാധകമാകുകയോ ഡിക്ലറേഷൻ നൽകേണ്ട സാഹചര്യം ഉണ്ടാവുകയോ ചെയ്തിട്ടില്ല. എന്നാൽ ഈ ചട്ടം വിജ്ഞാപനം ചെയ്തശേഷം എല്ലാ മുസ്ലീങ്ങളും ഡിക്ലറേഷൻ ഫയൽ ചെയ്യേണ്ടിവരും എന്ന രീതിയിൽ തെറ്റിദ്ധാരണാജനകമായ ചില പ്രചരണങ്ങൾ ഉണ്ടാവുകയും മാധ്യമങ്ങളിൽ അത് വളരെ പ്രാധാന്യത്തോടെ വരികയും ചെയ്തു. പൊതുജനങ്ങൾക്കുണ്ടായിട്ടുള്ള സംശയം ദൂരീകരിക്കണമെന്ന ഉദ്ദേശ്യത്തോടുകൂടി സർക്കാർ ഒരു സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. ചട്ടം മൂന്ന് പ്രകാരമുള്ള വ്യവസ്ഥയിൽ യാതൊരു അവ്യക്തതയുമില്ലാത്തതാണ്. എങ്കിലും ഇപ്രകാരം ഒരു വിവാദം ഉയർന്നുവരുന്നതുമൂലം ചട്ടം ബാധകമായ വ്യക്തികൾക്ക് സംശയത്തിന് ഇടവരാതിരിക്കാൻ സർക്കാർ ഇതിന്മേൽ ഒരു വിശദീകരണക്കുറിപ്പ് 29-1-2019-ന് ഇറക്കുകയുണ്ടായി. ബഹുമാനപ്പെട്ട ന്യൂനപക്ഷക്ഷേമ വകുപ്പുമന്ത്രിയുടെയും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും ഇടപെടലിന്റെ അടിസ്ഥാനത്തിൽ സംശയദൂരീകരണത്തിനുവേണ്ടി പൊതുതാൽപ്പര്യാർത്ഥം പ്രസ്തുത സർക്കുലർ ഇറക്കിയിട്ടുള്ളതാണ്. അതോടെ ഈ വിഷയത്തിൽ ഉന്നയിക്കപ്പെട്ട അവ്യക്തത പരിഹരിക്കാനും കഴിഞ്ഞു. സർക്കാർ ഈ വിഷയത്തിൽ പുതുതായി ഇറക്കിയ ചട്ടം സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതിയുടെ 14-5-2019-ന് ചേർന്ന യോഗത്തിൽ സൂക്ഷ്മ പരിശോധന നടത്തി പ്രസ്തുത ചട്ടത്തിൽ ചില ഭേദഗതികൾ ആകാമെന്നും നടപടിക്രമങ്ങൾ ലഘൂകരിക്കാമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. സമിതിയുടെ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് സമിതിയുടെ ശിപാർശ സർക്കാർ പരിശോധിക്കുന്നതാണ്.

കേരള വഖഫ് ബോർഡിനെ നിശ്ചയിക്കുന്ന കാര്യം സംബന്ധിച്ച് ഇപ്പോൾ ആലോചിച്ചിട്ടില്ല. അക്കാര്യം പരിശോധിക്കാം.

## (3) റെഗുലേറ്റർ കം ബ്രിഡ്ജ്

ശ്രീ. എ. എൻ. ഷംസീർ: സർ, തലശ്ശേരി ഒരു കോസ്റ്റൽ അസംബ്ലി മണ്ഡലമാണ്. ഒരു ഭാഗത്ത് അറബിക്കടലും വേറൊരു ഭാഗത്ത് പുഴയുമാണ്. മലയാളത്തിന്റെ പ്രിയപ്പെട്ട സാഹിത്യകാരൻ ശ്രീ. എം. മുകുന്ദനിലൂടെ അറിയപ്പെട്ട മയ്യഴിപ്പുഴ ഒഴുകുന്നത് തലശ്ശേരി അസംബ്ലി മണ്ഡലത്തിലെ ചൊക്ലി, ന്യൂമാഹി ഗ്രാമപഞ്ചായത്തുകളിലൂടെയാണ്.

തലശ്ശേരി അസംബ്ലി മണ്ഡലത്തിലെ ചൊക്ലി, ന്യൂമാഹി ഗ്രാമപഞ്ചായത്തുകളെ ബാധിക്കുന്ന ഏറ്റവും ഗൗരവമായ വിഷയമാണ് ഞാൻ ഈ സബ്മിഷനിൽ ഉന്നയിക്കുന്നത്. ഈ രണ്ട് ഗ്രാമപഞ്ചായത്തുകളിലായി ഏതാണ്ട് ആയിരം ഹെക്ടറോളം വരുന്ന ഭാഗങ്ങളിൽ ഉപ്പുവെള്ളം കയറുന്നതുകാരണം കൃഷിയോഗ്യമായ ധാരാളം സ്ഥലങ്ങൾ യാതൊരു കൃഷിയും ചെയ്യാൻ സാധിക്കാതെ പ്രദേശവാസികൾ വലിയ ദുരിതം അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. കൂടാതെ ഏകദേശം നാന്നൂറോളം വരുന്ന കുടുംബങ്ങളുടെ കിണറുകളിൽ ഉപ്പുവെള്ളം കയറിയതിന്റെ ഭാഗമായി കുടിവെള്ളംവരെ അപ്രാപ്യമായ അവസ്ഥയാണ് നിലവിലുള്ളത്. ഈ സാഹചര്യം ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയാണ് 2017-18 വർഷത്തെ ബഡ്ജറ്റിൽ ചൊക്ലി ഗ്രാമപഞ്ചായത്തിന്റെ ഭാഗമായ ഒളവിലം വലിയ പാത്തിക്കൽ റെഗുലേറ്റർ-കം-ബ്രിഡ്ജ് നിർമ്മിക്കാൻ 2 കോടി രൂപ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക് അനുവദിച്ചത്. എന്നാൽ രണ്ട് വർഷമായിട്ടും അതിന്റെ പേപ്പർവർക്കുപോലും നീക്കാൻ ജലസേചന വകുപ്പിന് ആയിട്ടില്ല. പ്രവർത്തനാനുമതിക്കുവേണ്ടി യാതൊരു കാര്യവും ജലസേചന വകുപ്പ് ചെയ്തിട്ടില്ല. വളരെ ഗൗരവമായ വിഷയമാണ് തലശ്ശേരി അസംബ്ലി മണ്ഡലത്തിലെ രണ്ട് പഞ്ചായത്തുകളിൽ സൃഷ്ടിച്ചിട്ടുള്ളത്. ഇതിനാൽ പ്രസ്തുത റെഗുലേറ്റർ-കം-ബ്രിഡ്ജ് നിർമ്മാണം അടിയന്തരമായി ആരംഭിക്കാനും ഈ പ്രദേശത്തെ ജനങ്ങളെ ബാധിക്കുന്ന കുടിവെള്ളം, ഉപ്പുവെള്ളം കയറുന്നതടക്കമുള്ള പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കാനും ബഹുമാനപ്പെട്ട മന്ത്രി അടിയന്തരമായി ഇടപെടണമെന്ന് ഞാൻ ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കുകയാണ്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): സർ, 2017-18 വർഷത്തെ വിശദമായ ബഡ്ജറ്റ് എസ്റ്റിമേറ്റിൽ ചൊക്ലി ഗ്രാമപഞ്ചായത്തിൽ ആർ.സി.ബി. നിർമ്മാണത്തിനായി 40 ലക്ഷം രൂപ വകയിരുത്തിയിരുന്നു. പ്രസ്തുത ആർ.സി.ബി. മാഹി-വളപട്ടണം ഉൾനാടൻ ജലപാതയായി അന്ന് നിശ്ചയിച്ച റൂട്ടിൽ വരുന്നതായിരുന്നു. അതിനാൽ ഇൻലാൻഡ് വാട്ടർവേയ്സ് അതോറിറ്റി ഓഫ്

ഇന്ത്യയുടെ അനുവാദം ആവശ്യമായിരുന്നു. എന്നാൽ പര്യവേഷണ പ്രവൃത്തികൾക്ക് അനുവാദം നൽകിയിരുന്നില്ല. എന്നാൽ കേരള വാട്ടർവേയ്സ് ആന്റ് ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് ടി കനാൽ റീച്ചിന്റെ അലൈൻമെന്റ് തീർപ്പാക്കുകയും അത് നേരത്തെ നിശ്ചയിച്ചിരുന്ന ഒളവിലം പാത്തിക്കലിൽനിന്നും മാറ്റി മറ്റൊരു സ്ഥലത്തുകൂടിയാണ് തീരുമാനിച്ചിരിക്കുന്നതെന്നും ആയതിനാൽ ചൊക്ലി ഗ്രാമപഞ്ചായത്തിൽപ്പെട്ട ഒളവിലം പാത്തിക്കൽ എന്ന സ്ഥലത്ത് നിർമ്മാണം നടത്താൻ ഉദ്ദേശിക്കുന്ന റെഗുലേറ്റർ-കം-ബ്രിഡ്ജ് ടി സ്ഥലത്ത് സ്ഥാപിക്കാവുന്നതാണെന്നും ഉൾനാടൻ ജലഗതാഗത ഡയറക്ടർ, കൊല്ലം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ടി പ്രവൃത്തിയുടെ ഇൻവെസ്റ്റിഗേഷൻ പൂർത്തിയാക്കി റിപ്പോർട്ട് ഡിസൈനിനായി സമർപ്പിച്ചിട്ടുള്ളത് അംഗീകാര ഘട്ടത്തിലാണ്. ഡിസൈൻ ലഭിക്കുന്ന മുറയ്ക്ക് എസ്റ്റിമേറ്റ് തയ്യാറാക്കി ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് ഉചിതമായ ശീർഷകത്തിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭ്യമാക്കാൻ നടപടി സ്വീകരിക്കുന്നതാണ്.

## (4) ഓപ്പറേറ്റിംഗ് സെന്റർ

ശ്രീ. ചിറ്റയം ഗോപകുമാർ: സർ, എം.എൽ.എ. ആസ്തിവികസന ഫണ്ട് പന്തളം കെ.എസ്.ആർ.ടി.സി. ഡിപ്പോയ്ക്ക് അനുവദിച്ചിട്ടും അത് ചെയ്യാൻ കൂട്ടാക്കാത്ത കെ.എസ്.ആർ.ടി.സി.-യിലെ ചില ഉന്നത ഉദ്യോഗസ്ഥരുടെ ഗൂഢശ്രമംകൊണ്ട് കെ.എസ്.അർ.ടി.സി.-യിൽ വികസനം നടത്താൻ പറ്റാത്ത ഗതികേടിലാണ് ഞാൻ ഈ വിമർശനം ഉന്നയിക്കുന്നത്. ശബരിമലയുടെ മൂലസ്ഥാനമായ പന്തളത്ത് കൂടുതൽ വികസനം എത്തിക്കണമെന്നതാണ് അവിടെയുള്ള എം.എൽ.എ. എന്ന നിലയിൽ എന്റെ ആവശ്യം. ഇതുസംബന്ധിച്ച് നിരവധി പ്രാവശ്യം നിയമസഭയിൽ സബ്മിഷൻ അവതരിപ്പിച്ചു. ഇപ്പോഴത്തെ പ്രധാന പ്രശ്നം, പന്തളം കെ.എസ്.ആർ.ടി.സി. ഓപ്പറേറ്റിംഗ് സെന്ററിന്റെ ചുമതലയുള്ള അടൂർ എ.ടി.ഒ.-യുടെയും പത്തനംതിട്ട ഡി.ടി.ഒ.-യുടെയും റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കെ.എസ്.ആർ.ടി.സി.-യുടെ പന്തളത്തെ ശോചനീയാവസ്ഥ പരിഹരിക്കുന്നതിന് 2015-16 വർഷത്തെ എം.എൽ.എ. ആസ്തിവികസന ഫണ്ടിൽനിന്നും കെട്ടിടം നിർമ്മിക്കുന്നതിനായി 40 ലക്ഷം രൂപ അനുവദിക്കുകയുണ്ടായി. എന്നാൽ പ്രസ്തുത ഓപ്പറേറ്റിംഗ് സെന്ററിന് കെട്ടിടത്തിന്റെ ആവശ്യമില്ല എന്ന നിലപാടാണ് കെ.എസ്.ആർ.ടി.സി. ചീഫ് ഓഫീസിലെ ചില ഉദ്യോഗസ്ഥർക്കുള്ളത്. അത് പ്രാവർത്തികമാക്കാനാണ് അവരുടെ ശ്രമം. അടൂർ നിയോജകമണ്ഡലത്തിന്റെ കീഴിലായതിനാൽ അവിടെ ഇത്തരം സൗകര്യങ്ങൾ ആവശ്യമില്ലെന്നാണ് അവർ പറയുന്നത്.

നിലവിൽ കാലഹരണപ്പെട്ട ആസ്ബറ്റോസ് ഷീറ്റ് മേഞ്ഞ ദുർബലാവസ്ഥയിലുള്ള പഴയ കെട്ടിടത്തിലാണ് ഗാർഡ് റൂം, വെഹിക്കിൾ സൂപ്പർവൈസറുടെ റൂം, ജീവനക്കാരുടെ റിട്ടയറിംഗ് റൂം എന്നിവ പ്രവർത്തിക്കുന്നത്. 120-ഓളം വരുന്ന ജീവനക്കാരുള്ള ഈ ഓപ്പറേറ്റിംഗ് സെന്ററിൽ 20-ഓളം വനിതാ ജീവനക്കാർക്ക് വിശ്രമിക്കുന്നതിനോ, വസ്ത്രം മാറുന്നതിനോ, പ്രത്യേക ടോയ്ലെറ്റ് സൗകര്യംപോലും ഇല്ലാത്ത ദുരവസ്ഥയാണുള്ളത്. ഇത് മനസ്സിലാക്കിയാണ് കെട്ടിടം പണിയുന്നതിനും വെറുതെ കിടക്കുന്ന ആ സ്ഥലത്ത് ഒരു ബോർഡ് സ്ഥാപിക്കുന്നതിനുംകൂടി ഞാൻ 40 ലക്ഷം രൂപ അനുവദിച്ചത്. ഇതുകൂടാതെ 25 ലക്ഷം രൂപ യാർഡ് നന്നാക്കുന്നതിനും നൽകി. ആദ്യം 10 ലക്ഷം രൂപയും പിന്നീട് 15 ലക്ഷം രൂപയുമാണ് നൽകിയത്. ആ പണം കൊണ്ട് യാർഡ് നന്നാക്കുന്നതിനുള്ള പരിശോധന നടത്തിയപ്പോഴും ഭരണാനുമതി ലഭിച്ച്, ടെണ്ടർ ചെയ്ത്, എഗ്രിമെന്റ് ചെയ്ത ഈ വർക്ക് തെരഞ്ഞെടുപ്പിനുമുമ്പ് ചെയ്യാൻ അനുവദിച്ചില്ല. ബാക്കി എല്ലാ വർക്കുകളും നടത്താൻ കഴിഞ്ഞു. കെ.എസ്.ആർ.ടി.സി.-യുടെ വർക്ക് ചെയ്യേണ്ടതില്ല എന്നാണ് അവരുടെ നിലപാട്. ഈ ഗവൺമെന്റിന് എതിരായി നിൽക്കുന്ന ചില ഉന്നത ഉദ്യോഗസ്ഥർ അവിടെയുണ്ട്. അവർക്കെതിരെ കർശന നടപടിയെടുക്കണം. ഞാൻ മാവേലിക്കര പാർലമെന്റ് മണ്ഡലത്തിലെ സ്ഥാനാർത്ഥിയായിരുന്നു. അവസാനം ഞാൻ ഇടപെടേണ്ടി വന്നിട്ടും അവരത് ചെയ്യാൻ അനുവദിക്കാതെ ഇലക്ഷനുശേഷമാണ് സമ്മതിച്ചത്. ഇത്തരത്തിൽ ഇതിനെ നശിപ്പിക്കാനുള്ള പരിശ്രമമാണ് നടത്തിക്കൊണ്ടിരിക്കുന്നത്. അവിടെ ഐ.ഒ.സി.-യുടെ ഒരു പമ്പ് വരുന്നുണ്ടെന്നും അതുകൊണ്ട് സ്ഥലമില്ലെന്നുമാണ് ഇപ്പോൾ പറയുന്നത്. 3 ഏക്കറോളം സ്ഥലം പന്തളത്തുണ്ട്. ഒരുപക്ഷേ കേരളത്തിൽത്തന്നെ ഇത്രയും സ്ഥലമുള്ള ഒരു കെ.എസ്.ആർ.ടി.സി. ഓപ്പറേറ്റിംഗ് സെന്റർ ഉണ്ടാകില്ല. അതുകൊണ്ട് അനുവദിച്ചിട്ടില്ലാത്ത ഒരു പദ്ധതിയുടെ പേരുപറഞ്ഞ് ഈ പദ്ധതി നടപ്പാക്കാതിരിക്കാനുള്ള പരിശ്രമമാണ് 2015-16 മുതൽ നടന്നുവരുന്നത്. പന്തളം ദേശീയ പ്രാധാന്യമുള്ള ഒരു തീർത്ഥാടന കേന്ദ്രമാണെന്ന് മനസ്സിലാക്കി ഇക്കാര്യങ്ങൾ ബോദ്ധ്യപ്പെട്ട് ആ സെന്ററിനായി എം.എൽ.എ. ആസ്തി വികസന ഫണ്ടിൽനിന്നും അനുവദിച്ച 40 ലക്ഷം രൂപ ചെലവഴിച്ച് അവിടെ കെട്ടിടം നിർമ്മിക്കുന്നതിനും നെയിം ബോർഡ് സ്ഥാപിക്കുന്നതിനും ആവശ്യമായ നടപടിയുണ്ടാകണം. സ്വന്തം മൂക്കുമുറിക്കുന്ന ശകുനം മുടക്കികളെപ്പോലെ പ്രവർത്തിക്കുന്ന കെ.എസ്.ആർ.ടി.സി.-യിലെ ചില ഉന്നത ഉദ്യോഗസ്ഥവൃന്ദം ഈ ഫണ്ട് കെ.എസ്.ആർ.ടി.സി.-യുടെ നവീകരണത്തിന് വിനിയോഗിക്കാൻ സമ്മതിക്കില്ല എന്ന സമീപനമാണ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. ഇത്തരത്തിലുള്ള ഉദ്യോഗസ്ഥരെ നിലയ്ക്കുനിർത്താനും അവരുടെ പേരിൽ

അടിയന്തര നടപടിയെടുത്ത് ഈ ഫണ്ട് ചെലവഴിച്ച് അവിടെയുള്ള ജീവനക്കാരുടെ ആവശ്യങ്ങൾ പരിഹരിക്കുന്നതിനും എത്രയും പെട്ടെന്ന് അനുമതി നൽകണമെന്നാണ് എനിക്ക് ഉന്നയിക്കാനുള്ളത്.

ശ്രീ. വി. പി. സജീന്ദ്രൻ: സർ, ഇതുസംബന്ധിച്ച് റൂളിംഗ് നൽകണം. (...ബഹളം...)

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, ബഹുമാനപ്പെട്ട എം.എൽ.എ.-മാർ സബ്മിഷൻ അവതരിപ്പിച്ചാൽ റൂളിംഗ് നൽകണമെന്നുള്ളത് ഞാൻ പുതുതായി കേൾക്കുകയാണ്. എന്റെ പരിചയമനുസരിച്ച് ചെയ്യേണ്ടത് മന്ത്രി മറുപടി പറയുകയാണ്. എന്നെക്കാൾ പരിചയമുള്ളവരാണ് അങ്ങനെ പറയുന്നതെങ്കിൽ ഞാൻ അത് അംഗീകരിക്കുകയും ചെയ്യും. നമുക്ക് എന്തും പറയാം എന്ന നിലയെടുക്കരുത്. പന്തളം കെ.എസ്.ആർ.ടി.സി. ഓപ്പറേറ്റിംഗ് സെന്ററിലെ പരിഷ്കാര നടപടികളെക്കുറിച്ച് ബഹുമാനപ്പെട്ട അംഗം തന്നെയാണ് ഇവിടെ പറഞ്ഞത്. 2015-16-ലെ എം.എൽ.എ. ആസ്തി വികസന ഫണ്ടിൽനിന്നും അനുവദിച്ച പണം ഉപയോഗിച്ച് പ്രവൃത്തികൾ ആരംഭിച്ചിട്ടില്ലെന്നതാണ് ഒന്നാമത്തെ കാര്യം. 2015-16 വർഷത്തെ കാര്യമാണ് എന്ന് മാത്രമേ ഞാൻ പറയുന്നുള്ളൂ. അന്നുമുതൽ ആരംഭിച്ച തടസ്സവാദങ്ങളെക്കുറിച്ചുള്ള വസ്തുതാപരമായ കാര്യങ്ങളാണ് ബഹുമാനപ്പെട്ട അടൂർ എം.എൽ.എ. സൂചിപ്പിച്ചത്. അതുസംബന്ധിച്ച് നേരത്തേ പറഞ്ഞിരുന്ന ഒബ്ജക്ഷൻ അംഗം ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ ആ ഓപ്പറേറ്റിംഗ് സെന്ററിൽ ഒരു സി.എൻ.ജി. പമ്പ് സ്ഥാപിക്കാൻ കണ്ടുവച്ച സ്ഥലത്താണ് കെട്ടിടം പണിയാനുള്ള പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കിയത്. 150-ഓളം സർവ്വീസുകൾ നടത്തുന്ന ഒരു ഓപ്പറേറ്റിംഗ് സെന്ററിൽ ഒരു പെട്രോൾ പമ്പ് ഉണ്ടാകേണ്ട അനിവാര്യതയെക്കുറിച്ചായിരുന്നു അന്ന് ആലോചിച്ചത്. ഞാൻ അതിനെ കുറ്റം പറയില്ല. അന്ന് ഏത് സാഹചര്യത്തിലാണ് തീരുമാനിച്ചതെന്ന് എനിക്കറിയില്ല. അങ്ങനെ വന്നപ്പോൾ അത് നീണ്ടു പോയെന്നത് സത്യമാണ്. പിന്നീടാണ് എം.എൽ.എ. പലപ്പോഴായി ഇക്കാര്യം നിയമസഭയിലും എന്റെ ശ്രദ്ധയിലുംപെടുത്തിയത്. ഇപ്പോൾ ആ തടസ്സങ്ങളൊക്കെ നീക്കി, ആസ്ബറ്റോസ് ഷീറ്റിട്ട, പൊളിയാറായ ആ ഷെഡ് പൊളിച്ച് രണ്ടുതവണയായി ഫലത്തിൽ മൂന്നുതവണ നൽകിയ 10 ലക്ഷം രൂപ, 15 ലക്ഷം രൂപ, 40 ലക്ഷം രൂപ എന്നീ തുകകൾ ഉപയോഗിച്ച് ചെയ്യാൻ കഴിയുന്ന പ്രവൃത്തി ചെയ്യും. എം.എൽ.എ.-മാർ ഫണ്ട് അനുവദിക്കുമെങ്കിലും പ്രോജക്ടിന് അതിന്റെ ഇരട്ടി പണമാകും, ആ അധിക പണം കണ്ടെത്താൻ കെ.എസ്.ആർ.ടി.സി.-ക്ക് കഴിയാതെ പോകും എന്നതാണ് പലപ്പോഴും വന്നിട്ടുള്ള കാര്യം.

ഇവിടെ അങ്ങനെ സംഭവിക്കില്ല, ആവശ്യമുള്ള പണം നൽകിയിട്ടുണ്ടെന്നാണ് മനസ്സിലാക്കാൻ കഴിഞ്ഞത്. ആവശ്യമായി വന്നാൽ എം.എൽ.എ. ഇനിയും സഹായിക്കാൻ തയ്യാറാണെന്ന് എന്നെ വ്യക്തിപരമായി അറിയിച്ചിട്ടുണ്ട്. അതുകൊണ്ട് ആ പ്രശ്നത്തിന് പരിഹാരം കണ്ടുപിടിക്കാനുള്ള ശക്തമായ നിർദ്ദേശം കൊടുത്തുകഴിഞ്ഞു. പുതിയ സ്ഥലം കണ്ടെത്തിയ സാഹചര്യത്തിൽ എം.എൽ.എ. നിർദ്ദേശിച്ച പ്രവൃത്തികൾ നടത്തുന്നതിന് ഇപ്പോൾ യാതൊരു തടസ്സവുമില്ല. ആവശ്യമായ അംഗീകാരങ്ങൾ വളരെ പെട്ടെന്നുതന്നെ നൽകാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## IV. അനൗദ്യോഗികാംഗങ്ങളുടെ കാര്യം

(1) റിപ്പോർട്ട് പരിഗണന അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ പതിനാറാമത് റിപ്പോർട്ട്:

മി. സ്പീക്കർ: അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ശ്രീ. എൻ. വിജയൻ പിള്ള സമിതിയുടെ പതിനാറാമത് റിപ്പോർട്ട് അംഗീകരിക്കണമെന്ന പ്രമേയം അവതരിപ്പിക്കേണ്ടതാണ്.

ശ്രീ. എൻ. വിജയൻ പിള്ള: സർ, അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ പതിനാറാമത് റിപ്പോർട്ട് അംഗീകരിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. സി. കെ. നാണു: സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ പതിനാറാമത് റിപ്പോർട്ട് സഭ അംഗീകരിച്ചിരിക്കുന്നു.

(2) താഴെപ്പറയുന്ന ബില്ലുകളുടെ അവതരണാനുമതിക്കുള്ള പ്രമേയങ്ങൾ:

(i) 2019-ലെ കേരള യൂണിവേഴ്സിറ്റി(ഭേദഗതി)ബിൽ.

മി. സ്പീക്കർ: പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അങ്ങേയ്ക്ക് കേരള യൂണിവേഴ്സിറ്റി (ഭേദഗതി) ബില്ലിന്റെ (2019-ലെ) അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിക്കാവുന്നതാണ്.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, 2019-ലെ കേരള യൂണിവേഴ്സിറ്റി (ഭേദഗതി) ബില്ലിന് അവതരണാനുമതി നൽകണമെന്നുള്ള പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. അനൂപ് ജേക്കബ്: സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, ഇത്തരം ഒരു ബില്ലിന്റെ ആവശ്യമില്ലെന്നുള്ളതാണ് ഗവൺമെന്റിന്റെ നിലപാട്.

മി. സ്പീക്കർ: പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അങ്ങേയ്ക്ക് ഹ്രസ്വ പ്രസ്താവന നൽകാവുന്നതാണ്.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, കേരള യൂണിവേഴ്സിറ്റിയിലെ നിലവിലുള്ള ചട്ടവും അതുമായി ബന്ധപ്പെട്ടുള്ള ഭേദഗതികളുമാണ് ഞാൻ ഇവിടെ അവതരിപ്പിക്കുന്നത്. ആദ്യത്തെ ഭേദഗതിയായി ഞാൻ അവതരിപ്പിക്കുന്നത്;

1. Amendment of section 9 of Chapter III.- For section 9 of principal Act the following sub-sections shall be substituted, namely:-

"V (a) Director of Research & Innovation;

V (b) Director of Quality Assurance;

V (c) Director of International Affairs;

V (d) Director of Extension Service."

രണ്ടാമത്തെ ഭേദഗതിയായി ഞാൻ അവതരിപ്പിക്കുന്നത്;

2. Amendment of section 16 of Chapter IV- For section 16 of the principal Act the following sub-sections shall be substituted, namely:-

"VIII (a) Research and Innovation Council;

VIII (b) Quality Assurance Cell;

VIII (c) Entrepreneurship Centre;

VIII (d) International Affairs Council."

മൂന്നാമത്തെ ഭേദഗതിയായി ഞാൻ അവതരിപ്പിക്കുന്നത്;

3. "Amendment of section 17 of Chapter IV- Chapter IV, section 17, under "other members" of the Senate, the criteria is open to wide interpretation. Therefore it is recommended that an explanation be given in brackets to ensure that eminence if assured:"

ഇതാണ് ഞാൻ അവതരിപ്പിച്ച ഭേദഗതികൾ.

കേരള സർവ്വകലാശാല കേരളത്തിലെ മാത്രം സർവ്വകലാശാലയാണ്. മറ്റ് സർവ്വകലാശാലകളെല്ലാം കേരള സർവ്വകലാശാലയിൽനിന്നും ജന്മം കൊണ്ടതാണ്. സർ സി. പി. രാമസ്വാമി അയ്യരുടെ കാലഘട്ടത്തിൽ ആരംഭിച്ച കേരള സർവ്വകലാശാലയാണ് ആദ്യം കേരളത്തിൽ ആരംഭിച്ചത്. സർ. സി.പി.-യുടെ കാലഘട്ടത്തിലാണ് ഐൻസ്റ്റീനെ കേരള യൂണിവേഴ്സിറ്റിയുടെ വൈസ് ചാൻസലറായി കൊണ്ടുവരണമെന്ന് ആഗ്രഹിച്ചത്. 1937-ൽ തിരുവിതാംകൂർ സർവ്വകലാശാലയായി സ്ഥാപിതമായപ്പോൾ ജനായത്തഭരണം അന്ന് നിലവിലില്ലായിരുന്നു. ആ സർവ്വകലാശാല നിയമത്തിനും അതിന്റെ ന്യൂനതയുണ്ടായിരുന്നു. എന്നാൽ മറ്റ് കാര്യങ്ങളിൽ ആ നിയമം ആ കാലഘട്ടത്തിന്റെ കാഴ്ചപ്പാടിൽ മികച്ചതായിരുന്നു. 1956-ൽ ജനാധിപത്യഭരണം നിലവിൽ വന്നശേഷം ഈ സർവ്വകലാശാല ഐക്യകേരളത്തിന് മുഴുവൻ പ്രയോജനപ്പെടുന്ന രീതിയിൽ കേരളത്തിന്റെ സർവ്വകലാശാലയായി മാറിയതോടൊപ്പം അതിന്റെ ഘടനയിൽ വളരെ വലിയ മാറ്റങ്ങളുണ്ടായി. അതോടൊപ്പം അതിന്റെ ഭാഗമായി നിലനിന്നിരുന്ന കോളേജുകൾ അഫിലിയേറ്റഡ് കോളേജുകളായി മാത്രം തുടർന്നാൽ മതിയെന്ന് തീരുമാനിക്കപ്പെട്ടു. ഇപ്പോൾ എഞ്ചിനീയറിംഗ് കോളേജും യൂണിവേഴ്സിറ്റി കോളേജും വിമൻസ് കോളേജും ഇത്തരത്തിൽ വിഘടിക്കപ്പെടുകയും അവയിൽ അണ്ടർ ഗ്രാജ്വേറ്റ് പ്രോഗ്രാം ഉള്ളതിനാൽ സർവ്വകലാശാല നടത്തേണ്ടതില്ലെന്ന കാഴ്ചപ്പാടാണ് അന്ന് സ്വീകരിച്ചത്. ...(ബഹളം)... സർവ്വകലാശാലാ പഠനവും പ്രവേശനവും മതിയെന്നുള്ള സങ്കൽപ്പത്തിലാണ് ഇന്നും യൂണിവേഴ്സിറ്റി ഓഫ് ട്രാവൻകൂർ എന്ന മുദ്രയുള്ള യൂണിവേഴ്സിറ്റി കോളേജ് സർവ്വകലാശാലയിൽനിന്ന് എടുത്തുമാറ്റിയത്. ഈ സങ്കല്പത്തെ തകിടംമറിച്ച് എല്ലാ സിൻഡിക്കേറ്റ് മെമ്പർമാരും അവരവരുടെ പരിധിയിൽ ഒരു യു.ഐ.റ്റി.കേന്ദ്രം സ്ഥാപിക്കുക എന്ന സമീപനത്തിലേയ്ക്ക് മാറിയിരിക്കുകയാണ്. പല യൂണിവേഴ്സിറ്റികളുടെയും എല്ലാ മേഖലകളിലും യു.ഐ.റ്റി. കേന്ദ്രങ്ങൾ സ്ഥാപിച്ചു. കേരള സർവ്വകലാശാല ഈ സ്ഥാപനങ്ങളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് വലിയ പ്രതിസന്ധി നേരിടാൻ പോകുകയാണ്. ആ രൂപത്തിലേയ്ക്ക് സർവ്വകലാശാലയെ മാറ്റുന്ന തരത്തിൽ സിൻഡിക്കേറ്റും ഭരണ സമിതിയുമടക്കമുള്ള ആളുകൾ പോകുന്നുവെന്ന് തന്നെയാണ് ഞാൻ ഇതിലൂടെ പറഞ്ഞുവരുന്നത്. 1974-ലാണ് ഇപ്പോൾ നിലനിൽക്കുന്ന ആക്ട് നിലവിൽ വന്നത്. 1937-ലെയും 1956-ലെയും ആക്ടുകളുടെ വലിയൊരു അംശം 1974-ലെ ആക്ടിൽ നിലനിൽക്കുന്നുണ്ട്. സർവ്വകലാശാലകൾ നൂറ്റാണ്ടുകൾ തുടരുകയും അതിന്റെ പ്രവർത്തനങ്ങൾ നടന്നുപോകേണ്ടതുമാണ്. അവയുടെ നിയമങ്ങൾക്ക് കാതലായ ഒരു സ്ഥിരത വേണമെന്നുള്ളത് നമുക്കെല്ലാവർക്കും വാദിക്കാവുന്നതാണ്. സ്വാഭാവികമായും അതിന്റെയൊരു സ്ഥിരത ഉണ്ടാകേണ്ടതാണ്. എന്നാൽ കഴിഞ്ഞ നൂറ്റാണ്ടിലെ ഉന്നത വിദ്യാഭ്യാസവും ഇപ്പോഴത്തെ ഉന്നത വിദ്യാഭ്യാസവും തമ്മിൽ പതിന്മടങ്ങ് വ്യത്യാസമുണ്ടെന്ന്

നമുക്കെല്ലാവർക്കുമറിയാം. ഉന്നത വിദ്യാഭ്യാസരംഗത്ത് കാതലായ ഒട്ടനവധി മാറ്റങ്ങൾ വന്നിട്ടുണ്ട്. അപ്പോൾ അതിനനുസരിച്ച് യൂണിവേഴ്സിറ്റികളെ ആ തരത്തിലേയ്ക്ക് ഉയർത്തുന്നതിനാവശ്യമായ നിയമനിർമ്മാണം നടത്തുക എന്ന നിലപാടിലേയ്ക്ക് പഴയ കൺവെൻഷൻ രീതിയിലുള്ള ചട്ടം അനുസരിച്ചുതന്നെ മുന്നോട്ടുപോകുന്നതിന് പകരം സ്വാഭാവികമായും ഉണ്ടാകുന്ന കാലഘട്ടത്തിന് അനുസരിച്ചുള്ള മാറ്റങ്ങൾ വരുത്തേണ്ടതാണെന്നാണ് ഞാൻ ഇതിലൂടെ ഉദ്ദേശിക്കുന്നത്. 21-ാം നൂറ്റാണ്ടിലെ ലോകോത്തര സർവ്വകലാശാലയാകാൻ കഴിയുന്ന ഒരു ഘടനയും വീക്ഷണവും 1974-ലെ ആക്ടിൽ ഉണ്ടോ എന്നുള്ളത് പുനഃപരിശോധിക്കണം. ഐൻസ്റ്റീന്റെ കേരളത്തിലെ ഈ സർവ്വകലാശാലയുടെ വൈസ്ചാൻസലറാകണമെന്ന് ആഗ്രഹിച്ച സർ സി. പി.-യുടെ കാലഘട്ടത്തിലെ ആ കാഴ്ചപ്പാടുപോലും 21-ാം നൂറ്റാണ്ടിൽ ഉന്നത വിദ്യാഭ്യാസ രംഗത്ത് ഒരുപാട് മാറ്റങ്ങളുണ്ടായ ഈ കാലഘട്ടത്തിൽ നടക്കുന്നില്ല.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, 1974-ലെ കേരള യൂണിവേഴ്സിറ്റി ആക്ട് ഭേദഗതി ചെയ്യാനുള്ള നിർദ്ദേശമാണ് ബഹുമാനപ്പെട്ട പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ ഇവിടെ വച്ചിട്ടുള്ളത്. ഇത് സ്വീകാര്യമല്ലെന്ന് ഒറ്റയടിക്ക് പറയാമെന്നല്ലാതെ, എന്തുകൊണ്ട് ഇത് സ്വീകരിക്കുന്നില്ലെന്ന് ബഹുമാനപ്പെട്ട മന്ത്രി ജസ്റ്റിഫൈ ചെയ്യേണ്ടതായിരുന്നു. രണ്ടാമത്തെ കാര്യം, ഇതിൽ ആവശ്യമുള്ള ഭേദഗതി കൊണ്ടുവരുമ്പോൾ അത് പാടില്ലെന്ന് പറയുകയും ആവശ്യമില്ലാത്ത കുറെ ഭേദഗതികൾ കൊണ്ടുവന്ന് കേരളത്തിലെ സർവ്വകലാശാലകളുടെ തലപ്പത്ത് സ്വന്തക്കാരെയും സ്വന്തം പാർട്ടിക്കാരെയും ഇരുത്താൻ വേണ്ടിയിട്ടുള്ള ശ്രമങ്ങൾ ബഹുമാനപ്പെട്ട മന്ത്രി ഉന്നത വിദ്യാഭ്യാസ വകുപ്പ് ഏറ്റെടുത്തശേഷം നടന്നുകൊണ്ടിരിക്കുകയാണ്. 1974-ലെ കേരള യൂണിവേഴ്സിറ്റി ആക്ട്, 1975-ലെ കാലിക്കറ്റ് യൂണിവേഴ്സിറ്റി ആക്ട്, 1986-ലെ എം.ജി യൂണിവേഴ്സിറ്റി ആക്ട്, 1986-ലെ കുസാറ്റ്-ന്റെ ആക്ട്; തുടങ്ങി ഏഴ് സർവ്വകലാശാലകളുടെ ആക്ട് ഭേദഗതി ചെയ്തുകൊണ്ട് അവിടെയുണ്ടായിരുന്ന രജിസ്ട്രാർമാർ, കൺട്രോളർ ഓഫ് എക്സാമിനേഷന്റെ സി.എ.-മാർ, ഫിനാൻസ് ഓഫീസർമാർ, ഇവർക്കൊക്കെ ടേം നിശ്ചയിച്ചുകൊണ്ട് അവരെയൊക്കെ ഇറക്കിവിടുകയും മുൻകാല പ്രാബല്യം കൊടുത്തിരിക്കുകയുമാണ്. ഇത് ബില്ലിന്റെ ചർച്ചയല്ലേ; ആവശ്യമുള്ള ഭേദഗതികൾ നിരാകരിക്കുകയും ആവശ്യമില്ലാത്ത ഭേദഗതികൾ ഓർഡിനൻസ് വഴി ഇറക്കുന്ന ധൃതി കാണിക്കുകയുമാണ്. ഇവിടെ ബില്ലായി കൊണ്ടുവരാം. യൂണിവേഴ്സിറ്റിയിൽ ഏതെങ്കിലും റീ-പോസ്റ്റുകളുണ്ടെങ്കിൽ മുൻകാലപ്രാബല്യം കൊടുത്തുകൊണ്ട് തങ്ങൾക്ക് ഇഷ്ടമില്ലാത്ത ആളുകളെ എത്രയും പെട്ടെന്ന് ഇറക്കിവിടുന്നു. ഇപ്പോൾ കാലിക്കറ്റ് യൂണിവേഴ്സിറ്റിയിലുള്ള 48 വയസ്സുള്ള ശ്രീ. മജീദിന് 56 വയസ്സുവരെ കേരള സർവ്വീസ് റൂൾസ് പ്രകാരം ജോലിയിൽ തുടരാൻ അവകാശമുണ്ടായിരിക്കെ അദ്ദേഹത്തെ മുൻകാലപ്രാബല്യം വച്ചുകൊണ്ട് പിരിച്ചുവിട്ടിരിക്കുകയാണ്. അതേസമയം സ്വന്തക്കാരായ ആളുകൾക്ക് അത് ബാധകമല്ല. കണ്ണൂരിൽ

രജിസ്ട്രാറായിരുന്ന ശ്രീ. പ്രദീപിനെ കൃത്യസമയത്ത് റീ-പോസ്റ്റ് ചെയ്തു. അതേസമയം കണ്ണൂർ യൂണിവേഴ്സിറ്റിയിലെ ശ്രീ. ബാലചന്ദ്രൻ, (രജിസ്ട്രാർ) ജോലിയും ശമ്പളവുമില്ലാതെ ഇപ്പോൾ പുറത്ത് നിൽക്കുകയാണ്. ഉന്നത ജോലിയിലിരിക്കുന്ന ആളുകളെ ഈ രീതിയിൽ ഇറക്കിവിട്ട്, അനാവശ്യ ധൃതികാണിച്ച് ഓർഡിനൻസ് ഇറക്കി ഒരു ഭാഗത്ത് ഇങ്ങനെ ചെയ്യുന്നു. ഇവിടെ ആവശ്യമുള്ള ഭേദഗതികൾ നിരാകരിക്കുന്നത് ശരിയാണോ? ഇതിനെക്കുറിച്ച് ക്ലാരിഫൈ ചെയ്യണമെന്നാണ് ഞാൻ പറയുന്നത്.

11.00 AM]

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ശ്രീ. ടി. വി. ഇബ്രാഹിം സൂചിപ്പിച്ചതുപോലെ ഒറ്റയടിക്ക് മറുപടി പറഞ്ഞതിനെ ഞാൻ വിമർശിക്കാത്തത് പ്രൊഫസറും അദ്ധ്യാപന രംഗത്ത് പ്രവർത്തിക്കുന്ന ആളെന്നുള്ള നിലയ്ക്കുമാണ്.

മി. സ്പീക്കർ: അങ്ങയുടെ പ്രസംഗം കേട്ടതിനുശേഷം അദ്ദേഹത്തിന് പ്രസ്താവന നടത്താനുള്ള സാവകാശമുണ്ട്.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, അതെ. അദ്ദേഹത്തിന് അത് ബോധ്യമുണ്ടാകുമെന്ന വിധത്തിലുള്ള മറുപടി ഞാൻ പ്രതീക്ഷിക്കുന്നു. കാലിക്കറ്റ് യൂണിവേഴ്സിറ്റി ഉൾപ്പെടെയുള്ള കേരളത്തിലെ വിവിധ യൂണിവേഴ്സിറ്റികളിലെ രജിസ്ട്രാറെയും കൺട്രോളറെയുമൊക്കെ സംബന്ധിച്ചാണ് ശ്രീ. ടി. വി. ഇബ്രാഹിം സൂചിപ്പിച്ചത്. അങ്ങ് കോളേജ് അദ്ധ്യാപകനും ഈ നിയമനിർമ്മാണ സഭയിൽ ഒരുപാട് കാലമായി അംഗമായുള്ള ആളുമാണല്ലോ; കേരളത്തിൽ നിലവിൽ കെ.എസ്.ആർ. ഉണ്ട്. അതിൽ, either 56 or 60 വയസ്സ് തികയുന്നതിനുമുമ്പ് ഒരാളെ പിരിച്ചുവിടാൻ ഏത് നിയമമാണ് അംഗീകരിക്കുന്നത്? അവിടെനിന്ന് പിരിച്ചുവിട്ട ഈ രജിസ്ട്രാർ കോളേജിലുമല്ല, യൂണിവേഴ്സിറ്റിയിലുമല്ല. അദ്ദേഹം ഇത് രണ്ടിന്റെയും നടുക്ക് 'ബൈനഹുമ'യിലാണ്. ഇതിനിടയ്ക്ക് എവിടെയാണ് നിൽക്കുന്നതെന്ന് അറിയില്ല. അതുപോലെ തന്നെയാണ് മറ്റുള്ളവരും.

മി. സ്പീക്കർ: Dilemma എന്നല്ലേ; Dilemma അറബിയിലാക്കിയതാണ്.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, നോട്ടിഫിക്കേഷന്റെയോ റിക്രൂട്ട്മെന്റിന്റെയോ സമയത്ത് പറയാത്ത ഒരു സംഗതി, രജിസ്ട്രാറോ കൺട്രോളർ ഓഫ് എക്സാമിനേഷനോ ആകുമ്പോൾ പറയാത്ത ഒരു കാര്യമാണ്. 56 വയസ്സ് അല്ലെങ്കിൽ 60 വയസ്സ് തികയുന്നതിനുമുമ്പ് പിരിച്ചുവിടുകയാണ്. ഏത് നിയമത്തിലാണ് അങ്ങനെ പറയുന്നത്? കേരളത്തിലെ കോളേജിലെ അല്ലെങ്കിൽ യൂണിവേഴ്സിറ്റി ഉദ്യോഗസ്ഥരോട് എന്തൊരു അനീതിയാണ് കാണിക്കുന്നത്? ഒരു

രജിസ്ട്രാർ നിയമിതനായി നാല് വർഷം കഴിയുമ്പോൾ അവിടെയുള്ള കാര്യങ്ങൾ പഠിച്ചുവരുമ്പോൾ അദ്ദേഹത്തെ പിരിച്ചുവിടുകയാണ് ചെയ്യുന്നത്. അത്തരത്തിലുള്ള നിലപാട് സ്വീകരിക്കുന്നത് ശരിയല്ല. അങ്ങ് ഒരു വിദ്യാഭ്യാസ വിചക്ഷണനെന്നാണ് പറയുന്നത്. നമ്മളൊക്കെ കോളേജ് തലത്തിൽ ഒന്നിച്ച് നിന്നിരുന്ന ആളുകളെന്ന നിലയ്ക്ക് അങ്ങയുടെ ഭാഗത്തുനിന്ന് ഇങ്ങനെയൊരു നടപടിയുണ്ടായത് ശരിയല്ല എന്ന അഭിപ്രായം ശ്രീ. ടി. വി. ഇബ്രാഹിം സൂചിപ്പിച്ചത് വളരെ കൃത്യമാണ്. കേരളത്തിലെ രജിസ്ട്രാർമാരെയും കൺട്രോളർമാരെയും ഒരു ഓർഡിനൻസിലൂടെ വഴിയാധാരമാക്കിയത് കേരളത്തിലെ വിദ്യാഭ്യാസ രംഗത്തുതന്നെ വളരെ മോശമായ നിലവാരമായിപ്പോയി എന്ന് പറയാതിരിക്കാൻ വയ്യ. ഞാൻ ബില്ലിലേയ്ക്ക് വരികയാണ്. നാല് ബില്ലുകൾകൂടി വരാനുള്ളതുകൊണ്ട് ഞാൻ വേഗം അവസാനിപ്പിക്കാം. 1937-ലെ ആക്ടിൽ പരാമർശിച്ചിട്ടും 1974-ലെ ആക്ടിലില്ല എന്നുള്ളത് വലിയ ന്യൂനതയാണ്. ഞാൻ അത് സൂചിപ്പിച്ചു. 1974-ലെ ആക്ടിൽ IV-ാം അദ്ധ്യായത്തിൽ 16-ാം ഖണ്ഡികയിൽ സർവ്വകലാശാല അതോറിറ്റീസ് എന്നത് വ്യവസ്ഥ ചെയ്യുമ്പോൾ അത് ഭരണത്തിനും പഠനത്തിനും മാത്രമുള്ള സഭകളായി മാറുന്നു. ആധുനിക സർവ്വകലാശാലകളുടെ innovation, quality and excellence, start up എന്നിങ്ങനെയുള്ള ആശയങ്ങൾ പഠനത്തോടൊപ്പം തുല്യപ്രാധാന്യം കൽപ്പിക്കുന്നുണ്ട്. നമ്മുടെ സർവ്വകലാശാലയിലും ഇത് വ്യവസ്ഥാപിതമാക്കാൻ 16-ാം ഖണ്ഡികയിൽ ഭേദഗതി വരുത്തിയാലും സഭയെക്കൂടി ഉൾപ്പെടുത്തണമെന്നാണ് എന്റെ അഭിപ്രായം. അങ്ങനെ ഉൾപ്പെടുത്തുമ്പോഴാണ് യൂണിവേഴ്സിറ്റി ആ തലത്തിലേയ്ക്ക് ഉയർത്തപ്പെടുന്നത്. ഇത് വെറും പരീക്ഷ നടത്തിപ്പിനുള്ള ഒരു കേന്ദ്രമായി മാറുകയാണ് എന്നത് ഇവിടെ ചർച്ച നടത്തിയപ്പോൾ അങ്ങ് സൂചിപ്പിച്ചു. ഏകീകൃത അക്കാദമിക് കലണ്ടർ വേണമെന്ന് ഹൈക്കോടതി സൂചിപ്പിക്കുകയാണ്. സർവ്വകലാശാലകളിലെ അക്കാദമിക് കലണ്ടർ ഏകീകരണം ഈ വർഷവും നടപ്പിലാക്കിയില്ലെന്ന് പറയുന്ന പത്ര കട്ടിംഗുകൾ നമുക്ക് കാണാൻ സാധിക്കും. യൂണിവേഴ്സിറ്റികൾ വെറും പരീക്ഷ നടത്തിപ്പിനും റിസൾട്ട് നൽകുന്നതിനും സർട്ടിഫിക്കറ്റ് കൊടുക്കുന്നതിനും മാത്രമായി ചുരുങ്ങുന്ന ഒരു അവസ്ഥയിൽനിന്ന് ഗവേഷണാത്മകമായ ലോകോത്തര നിലവാരത്തിലേയ്ക്ക് കേരളത്തിന്റെ ഉന്നത വിദ്യാഭ്യാസത്തെ കൊണ്ടുപോകാൻ സാധിക്കാവുന്ന നടപടികളും നിലപാടുകളുമാണ് ഒരു ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകേണ്ടത്. ഈ നിയമത്തിൽത്തന്നെ വ്യവസ്ഥ ചെയ്ത് അതിന് പ്രാധാന്യവും ശക്തിയും നൽകേണ്ടതുണ്ട്. അതുകൊണ്ടാണ് സെക്ഷൻ 6-ന്റെ കൂടെ Research & Innovation Council, Quality Assurance Cell, Entrepreneurship

Centre, International Affairs Council എന്നിവയൊക്കെ ഉൾപ്പെടുത്തണമെന്ന് ഞാൻ ആഗ്രഹിക്കുന്നത്. റിസർച്ച് ആന്റ് ഇന്നവേഷൻ മേഖലകളിൽ നമ്മുടെ സർവ്വകലാശാലകളിൽ എന്ത് സംഭവിക്കുന്നുവെന്ന ഒരു കണക്കെടുപ്പ് നടത്തേണ്ടതുണ്ട്. അമേരിക്കൻ സർവ്വകലാശാലകളിൽ, നൂറുക്കണക്കിന് പേറ്റന്റുകൾ ഒരു സർവ്വകലാശാലയിൽനിന്ന് ഉണ്ടായിവരുന്നുവെന്ന് ചരിത്രം പരിശോധിച്ചാൽ കാണാൻ സാധിക്കും. 25 വർഷത്തെ എല്ലാ യൂണിവേഴ്സിറ്റികളുടെയും കണക്കെടുത്താൽ വിദ്യാഭ്യാസ-സർവ്വകലാശാലാ മേഖലകളിൽ അൻപതിൽ താഴെ മാത്രമാണ് പേറ്റന്റ് കിട്ടാനാവശ്യമായ കണ്ടുപിടുത്തങ്ങളും പ്രവർത്തനങ്ങളും നടത്തിയിട്ടുള്ളതെന്ന് പറയുമ്പോൾ എത്ര പരിതാപകരമാണ് നമ്മുടെ യൂണിവേഴ്സിറ്റികളുടെ അവസ്ഥ. അത് മാറണ്ടേ? ആ നിലപാടിൽനിന്ന് മാറണം. ഇനിയും കാലഘട്ടത്തിനനുസരിച്ച് മാറ്റം വരുത്താനാവശ്യമായ ഒരു നിലപാടല്ലേ നമ്മൾ നടത്തേണ്ടത്? NAAC അക്രെഡിറ്റേഷൻ പ്രചരണത്തിലായതോടെ, Quality Assurance Council എല്ലാ സർവ്വകലാശാലകളിലും നിലവിലുണ്ട്. എന്നാൽ നിയമത്തിൽ വ്യവസ്ഥ ചെയ്യാത്തതിനാൽ അത് നിയമത്തിലുണ്ടെന്ന് പറയും. പക്ഷേ നിയമത്തിലുണ്ടെങ്കിലും സ്റ്റാറ്റ്യൂട്ടിൽ ഉണ്ടാകുമ്പോൾ മാത്രമേ യൂണിവേഴ്സിറ്റി അതോറിറ്റീസ് അത് അംഗീകരിക്കുകയും അതുമായി മുന്നോട്ടുപോകുകയും ചെയ്യുകയുള്ളൂ. ഈ കൗൺസിലിന്റെ നടത്തിപ്പിൽ രാഷ്ട്രീയ ഇടപെടലുണ്ടാകുന്നു. കേരള സർവ്വകലാശാലയിൽ 2018-ൽ ഈ കൗൺസിൽ സംഘടനാടിസ്ഥാനത്തിൽ വെട്ടിനിരത്തൽ നടത്തി എന്ന് പറയേണ്ടതില്ലല്ലോ? പുനഃസംഘടന സംബന്ധിച്ചുള്ള ആരോപണമുണ്ടായി. അത് തിരുത്താൻ അദ്ധ്യാപകരുടെ നിരന്തരമായ ചെറുത്തുനിൽപ്പ് വേണ്ടിവന്നു. Quality Assurance Council നിയമത്തിൽ വ്യവസ്ഥ ചെയ്യുകയും സ്റ്റാറ്റ്യൂട്ടിൽ വിശദാംശങ്ങൾ നിർവ്വചിക്കുകയും ചെയ്താൽ ഇക്കാര്യങ്ങൾക്ക് മാറ്റം വരുത്താൻ സാധിക്കും. എഞ്ചിനീയറിംഗ് കോളേജുകൾക്ക് മാത്രമാണ് സ്റ്റാർട്ടപ്പ് എന്നതിന് പകരം മറ്റ് യൂണിവേഴ്സിറ്റികളിലും അത്തരം സ്റ്റാർട്ടപ്പ് കേന്ദ്രങ്ങൾ ആരംഭിക്കാനാവശ്യമായ നിലപാടുണ്ടാകണം. കേരള സർവ്വകലാശാലാ ക്യാമ്പസിൽനിന്ന് ഇതുവരെ മൂന്ന് സ്റ്റാർട്ടപ്പുകളാണുണ്ടായിട്ടുള്ളത്. അവയെ എങ്ങനെ നശിപ്പിക്കണം, എങ്ങനെ ഉപദ്രവിക്കണം, അത് കൊണ്ടുവന്ന ആളുകളെ എങ്ങനെ മോശമാക്കണം, എങ്ങനെയൊക്കെ അവർക്കെതിരെ നിയമനടപടിയുമായി മുന്നോട്ട് പോകണം എന്നതായിരുന്നു അവിടത്തെ ഉദ്യോഗസ്ഥവൃന്ദത്തിന്റെയും ഗവൺമെന്റിന്റെയും ഒക്കെ ഭാഗത്തുനിന്നുമുണ്ടായ സമീപനം. അത് മാറ്റുന്നതിനാവശ്യമായ നിലപാടാണ് ഞാൻ പറയുന്നത്.

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

മി. ഡെപ്യൂട്ടി സ്പീക്കർ: പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ..... അഞ്ച് ബില്ലുകൾ അവതരിപ്പിക്കാനുണ്ട്.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഒറ്റ മിനിറ്റിൽ അവസാനിപ്പിക്കാം. വിദേശ വിദ്യാർത്ഥികളെ നമ്മുടെ നാട്ടിലേയ്ക്ക് ആകർഷിപ്പിച്ചാൽ നമ്മുടെ വിദ്യാഭ്യാസ സ്ഥാപനങ്ങളെ അക്കാദമികമായും സാമ്പത്തികമായും ഏറെ സ്വാധീനിക്കാൻ കഴിയും. അതുകൊണ്ടാണ് Semester in India Programme ശ്രീ. ഉമ്മൻ ചാണ്ടിയുടെ കാലഘട്ടത്തിൽ നടപ്പിലാക്കിയത്. മാധ്യമങ്ങളുടെ ശ്രദ്ധയാകർഷിച്ച കാര്യമാണത്. ആ പരിപാടി ഉപേക്ഷിച്ചിരിക്കുന്നു. ഇത്തരം പരിപാടികൾ രൂപകല്പന ചെയ്യുന്നതിനാണ് ഞാൻ International Affairs Council എന്ന അമെന്റ്മെന്റ് അതിൽ എഴുതിച്ചേർത്തത്. സെക്ഷൻ-9, ചാപ്റ്റർ-III-ൽ Officers of the University എന്ന ഖണ്ഡികയിൽ മേൽ സൂചിപ്പിച്ച സമിതികളുടെ ഡയറക്ടർമാരെക്കൂടി ഉൾപ്പെടുത്തണം. അതായത് സെനറ്റിലും സിൻഡിക്കേറ്റിലും എഫിഷ്യന്റായ, വിദ്യാഭ്യാസ വിചക്ഷണനായ ആൾ. ഏത് യൂണിവേഴ്സിറ്റിയിലേതാണെങ്കിലും അത്തരം ആളുകളെ ഉൾപ്പെടുത്തി സിൻഡിക്കേറ്റ് പുനഃക്രമീകരിക്കുമ്പോൾ അതിൽ പ്രൊഫസർമാരും റീഡർമാരും ഡോക്ടർമാരുമുണ്ടാകും. നോബൽ സമ്മാനത്തിന് അർഹരാണെന്ന് പറഞ്ഞ ആളുകൾപോലും കേരള യൂണിവേഴ്സിറ്റിയിലുണ്ടായിട്ട് അവരെയൊന്നും ഈ കൗൺസിലുകളുടെയോ സിൻഡിക്കേറ്റിന്റെയോ സെനറ്റിന്റെയോ അരികത്തുപോലും കാണാൻ സാധിക്കാത്ത അവസ്ഥയാണുള്ളത്. രണ്ട് മുന്നണികളിൽ ഏത് മുന്നണിയാണെങ്കിലും നിയമമുണ്ടാക്കി ആ തരത്തിലൂടെ പോകുന്നത് അനുചിതമാണ്. അതുകൊണ്ട് ഇതിന്റെ തുടർചർച്ചയുണ്ടാകണമെന്ന് പറഞ്ഞുകൊണ്ട് ഞാൻ ഈ ബിൽ അവതരിപ്പിക്കുകയാണ്.

ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, ബഹുമാന്യനായ അംഗം പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ കേരള യൂണിവേഴ്സിറ്റി ആക്ടിലെ 9-ാം വകുപ്പിനും 16-ാം വകുപ്പിനും ഭേദഗതി നിർദ്ദേശിക്കുകയും 17-ാം വകുപ്പിന് ഒരു വിശദീകരണം കൂട്ടിച്ചേർക്കുകയും ചെയ്യണമെന്ന് ആവശ്യപ്പെട്ടുകൊണ്ടാണ് ഈ ബിൽ കൊണ്ടുവന്നിരിക്കുന്നത്. ബില്ലിന്റെ ചർച്ചയിൽ പങ്കെടുത്തുകൊണ്ട് അദ്ദേഹം പറഞ്ഞ ചില കാര്യങ്ങളോട് പ്രതികരിക്കണമെന്ന് തോന്നുന്നു. പ്രധാനമായും അദ്ദേഹത്തെ പിന്തുണച്ചുകൊണ്ട് എന്റെ സുഹൃത്ത് ശ്രീ. ടി. വി. ഇബ്രാഹിം ചില കാര്യങ്ങൾ സൂചിപ്പിക്കുകയുണ്ടായി. നമ്മുടെ സർവ്വകലാശാലകളെ ശാക്തീകരിക്കാൻ മാത്രമാണ് സർക്കാർ അത്തരത്തിലുള്ള ഒരു ഓർഡിനൻസ് കൊണ്ടുവന്നത്. നമ്മുടെ യൂണിവേഴ്സിറ്റികളിലെ വി.സി.-മാർക്കും പി.വി.സി.-മാർക്കും നാല് വർഷ കാലാവധിയാണ്.

ശ്രീ. അനൂപ് ജേക്കബ്: സർ, ബിൽ തുടർചർച്ചയ്ക്ക് മാറ്റി വച്ചിരിക്കുന്നതിനാൽ മന്ത്രി മറുപടി പറയേണ്ടതില്ല.

ഡോ. കെ. ടി. ജലീൽ: സർ, അതിൽ ഒരു പരാമർശത്തിന് മറുപടി പറയണം. അത്രയേയുള്ളൂ.

മി. ഡെപ്യൂട്ടി സ്പീക്കർ: ആ പരാമർശത്തിന് മാത്രം മറുപടി പറയണം.

ഡോ. കെ. ടി. ജലീൽ: സർ, ഒരു ക്ലാരിഫിക്കേഷൻ മാത്രമേയുള്ളൂ. ബില്ലിനെ സംബന്ധിച്ച് സർക്കാർ നിലപാട് നേരത്തേ പറഞ്ഞുകഴിഞ്ഞു. രജിസ്ട്രാർ, കൺട്രോളർ ഓഫ് എക്സാമിനേഷൻ, ഫിനാൻസ് ഓഫീസർ എന്നിവർക്ക് കാലാവധിയില്ലെന്ന് അദ്ദേഹം ഇവിടെ പറഞ്ഞു. നാൽപ്പതാമത്തെ അല്ലെങ്കിൽ നാൽപ്പത്തിരണ്ടാമത്തെ വയസ്സിൽ അവർ യൂണിവേഴ്സിറ്റിയിൽ നിയമിതനായാൽ ഒരേ പോസ്റ്റിൽ, ഏത് ഗവൺമെന്റുകൾ മാറിവന്നാലും അനന്തമായി പത്തും പതിനഞ്ചും വർഷം ഇരിക്കുന്നുവെന്നുള്ളത് പല സർവ്വകലാശാലകളെയും പ്രയാസപ്പെടുത്തുന്നുവെന്ന് ബോധ്യമായതിന്റെ അടിസ്ഥാനത്തിലാണ് അവർക്കും കാലാവധി നിർണ്ണയിക്കണമെന്ന് തീരുമാനിച്ചത്. വി.സി.-യുടെയും പി.വി.സി.-യുടെയും കാലാവധിപോലെ നാല് വർഷമാണ് അവരുടെയും കാലാവധി. എയ്ഡഡ് കോളേജുകളിൽനിന്ന് ആരെയെങ്കിലും യൂണിവേഴ്സിറ്റിയിലെ ഇത്തരം സ്ഥാനങ്ങളിൽ നാൽപ്പതാമത്തെ അല്ലെങ്കിൽ നൽപ്പത്തിരണ്ടാമത്തെ വയസ്സിൽ നിയമിക്കുകയും ആ കോളേജിൽ തൽസ്ഥാനത്ത് മറ്റൊരാളെ അപ്പോയിന്റ് ചെയ്യാനുമുള്ള സൗകര്യം ഒരുക്കിക്കൊടുക്കുകയും ചെയ്യുക. ഇത്തരത്തിൽ പ്രത്യക്ഷത്തിൽ അങ്ങനെയാണെന്ന് തോന്നാത്തവിധം വളരെ നിഗൂഢമായി ചെയ്തുകൊണ്ടിരുന്നതിന് ഇനി അറുതിയാകുകയാണ്. എയ്ഡഡ് കോളേജുകളിൽനിന്ന് നാല് വർഷ അവധിയിൽ വരാം. അയാൾക്ക് നാല് വർഷം ഏത് യൂണിവേഴ്സിറ്റിയിലും രജിസ്ട്രാറോ, കൺട്രോളർ ഓഫ് എക്സാമിനേഷനോ, ഫിനാൻസ് ഓഫീസറോ ആകാം.

മി. ഡെപ്യൂട്ടി സ്പീക്കർ: യെസ്..... മിനിസ്റ്റർ....പ്ലീസ്......

ഡോ. കെ. ടി. ജലീൽ: സർ, ആ നാല് വർഷം കഴിഞ്ഞാൽ ബന്ധപ്പെട്ട എയ്ഡഡ് കോളേജിലേയ്ക്കോ ഗവൺമെന്റ് കോളേജിലേയ്ക്കോ തിരിച്ചുപോകാം. (...ബഹളം...) മോശമെന്നല്ല ഞാൻ പറയുന്നത്. എയ്ഡഡ് കോളേജുകളിൽനിന്നും ഒരാൾ നാൽപ്പതോ നാൽപ്പത്തിരണ്ടോ വയസ്സിൽ സർവ്വകലാശാലകളുടെ കൺട്രോളറോ രജിസ്ട്രാറോ ആയി വരുന്നു. അപ്പോൾ ബന്ധപ്പെട്ട എയ്ഡഡ് കോളേജിൽ ഒരു പുതിയ ആളെ നിയമിക്കാൻ ...(ബഹളം)... ഞാൻ ഇത് ഇവിടെ പറയണമെന്ന് ഉദ്ദേശിച്ചതല്ല. പക്ഷെ ശ്രീ. ടി. വി. ഇബ്രാഹിം അത് പറഞ്ഞതുകൊണ്ടാണ് ഞാൻ പറയുന്നത്...(ബഹളം)....അങ്ങനെ പി.എസ്.എം.ഒ. കോളേജിനെ ജനറലൈസ് ചെയ്യേണ്ട. പി.എസ്.എം.ഒ. കോളേജിൽ നിന്നല്ല ഒരു യൂണിവേഴ്സിറ്റിയുടെ രജിസ്ട്രാറോ, കൺട്രോളർ ഓഫ് എക്സാമിനേഷനോ എഫ്.ഒ. ആയി വന്നിട്ടുള്ളത്. പണം വാങ്ങുന്ന എയ്ഡഡ് കോളേജുകളിൽനിന്ന് ആളുകളെ കൊണ്ടുവന്ന് ആ സ്ഥാനത്ത് പതിനഞ്ചും ഇരുപതും കൊല്ലം ഇരുത്തുകയും അവരുടെ സ്ഥാനത്ത് പുതിയൊരാളിനെ കാശ് വാങ്ങി നിയമിക്കുകയും ചെയ്യുന്ന

കാര്യങ്ങളൊക്കെ എനിക്കും ശ്രീ. ടി. വി. ഇബ്രാഹിമിനും പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾക്കുമറിയാം. അത് മാറ്റാൻ വേണ്ടിയാണ് നാലുവർഷം കാലാവധി നിശ്ചയിച്ചുകൊണ്ട് ഇത്തരത്തിലുള്ള തീരുമാനമെടുത്തത്. അതിനെ ചോദ്യം ചെയ്തുകൊണ്ട് എത്ര കോടതികളിൽ പോയി. എവിടെയും കേസ് നിലനിന്നില്ല. എല്ലാ കോടതികളിലും കേസ് തോറ്റു. സർക്കാരിന്റെ നിലപാട് അത്രമാത്രം സ്ഫടികസമാനമായിരുന്നുവെന്ന് കോടതിക്ക് ബോധ്യമായതുകൊണ്ടാണ് കേസ് തോറ്റത്. വെറുതെ ശ്രീ. ടി. വി. ഇബ്രാഹിം ഇടപെട്ട് ആ രജിസ്ട്രാർക്ക് കിട്ടുന്ന ആനുകൂല്യം ഇല്ലാതാക്കേണ്ട.

ശ്രീ. പി. ടി. തോമസ്: സർ, ബഹുമാനപ്പെട്ട മന്ത്രിയെക്കുറിച്ച് എനിക്ക് നല്ല അഭിപ്രായമാണ്. അദ്ദേഹം ഉന്നത വിദ്യാഭ്യാസത്തിന്റെ ചുമതലയേറ്റപ്പോൾ എല്ലാം മെച്ചപ്പെടാൻ പോകുകയാണെന്ന് കരുതി. അങ്ങ് പറഞ്ഞതിന്റെ ആത്മാർത്ഥതയെയൊന്നും ചോദ്യം ചെയ്യുന്നില്ല, പക്ഷെ ഒരു വൈരുദ്ധ്യം ഞാൻ പെട്ടെന്ന് ചൂണ്ടിക്കാണിക്കാം. ഞങ്ങളുടെ സംഘടനയിൽപ്പെട്ട എന്ന കാരണത്താൽ ഡോ. ബാലചന്ദ്രൻ കീഴോത്ത് എന്ന കണ്ണൂർ യൂണിവേഴ്സിറ്റി രജിസ്ട്രാറെ സസ്പെന്റ് ചെയ്തു. കോടതി ഉത്തരവ് കൊണ്ടുവന്നിട്ടുപോലും അദ്ദേഹത്തെ തിരിച്ചെടുത്തില്ല. ഞാൻ പറയാൻ ഉദ്ദേശിച്ചത് വളരെ ഗുരുതരമായ ഒരു കാര്യമാണ്. അങ്ങ് ശ്രദ്ധിക്കാത്തതുകൊണ്ടാകാം. അങ്ങയുടെ സ്റ്റാഫിൽപ്പെട്ട ശ്രീ. ദിലീപ്, ശ്രീ. ഷെറഫുദ്ദീൻ എന്നിവർ കൊല്ലം-തിരുവനന്തപുരം Centralized Valuation Camp-ൽ കടന്നുവെന്നും അവിടെ ചില നിർദ്ദേശങ്ങൾ നൽകിയെന്നുമുള്ള ഗുരുതരമായ ആരോപണങ്ങൾ വന്നിട്ടുണ്ട്. വൈസ് ചാൻസലർമാർപോലും വാല്യേഷൻ ക്യാമ്പിൽ പോകാറില്ല. ഇക്കാര്യം അങ്ങ് ശ്രദ്ധിക്കുമോ?

ഡോ. കെ. ടി. ജലീൽ: സർ, അത്തരത്തിലുള്ള ഒരു ഇടപെടലും മന്ത്രിയുടെ ഓഫീസിൽ നിന്നുമുണ്ടായിട്ടില്ല, ഉണ്ടാകുകയുമില്ല. എല്ലാ സർവ്വകലാശാലകളിലും കാര്യങ്ങൾ സമയബന്ധിതമായി നടക്കണം. ഇപ്പോൾ പല വാല്യേഷൻ കാമ്പുകളിലും അദ്ധ്യാപകരാരും വരുന്നില്ല. അതിനെ ശക്തമായി നേരിടാൻ, അങ്ങനെയുള്ള അദ്ധ്യാപകരുടെ പേര് അടുത്ത മാസത്തെ ശമ്പള ബില്ലിൽ ഉൾപ്പെടുത്തരുതെന്ന് പറഞ്ഞ് ഉത്തരവിറക്കിയ സർക്കാരാണിത്. അത്രമാത്രം സമയബന്ധിതമായി കാര്യങ്ങൾ നടക്കണമെന്നുള്ളതുകൊണ്ടാണ് അങ്ങനെ ചെയ്തത്. നിലവിലുള്ള നിയമത്തിൽ സർവ്വകലാശാലകൾക്ക് കാര്യക്ഷമമായി പ്രവർത്തിക്കാൻ സാധിക്കുന്നുവെന്നുള്ളതുകൊണ്ട് ഇത്തരത്തിലുള്ള ഒരു ഭേദഗതി സ്വീകാര്യമല്ലെന്ന് അറിയിക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: 2019-ലെ കേരള യൂണിവേഴ്സിറ്റി (ഭേദഗതി) ബിൽ തുടർചർച്ചയ്ക്കായി ഈ ബിൽ മാറ്റിവയ്ക്കുകയാണ്.

(ചർച്ച തുടരും)

## (ii) 2019-ലെ കേരള സംസ്ഥാന അടിയന്തര വൈദ്യസഹായ അതോറിറ്റി ബിൽ

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, 2019-ലെ കേരള സംസ്ഥാന അടിയന്തര വൈദ്യസഹായ അതോറിറ്റി ബില്ലിന് അവതരണാനുമതി നൽകണമെന്നുള്ള പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. വി. എസ്. ശിവകുമാർ: സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രിക്കുവേണ്ടി കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): വാഹനാപകടങ്ങളിൽ ഗുരുതരമായി പരിക്കേൽക്കുന്ന രോഗികളുടെ ജീവൻ രക്ഷിക്കുന്നതിന്റെ ഭാഗമായി പ്രധാനപ്പെട്ട ജനറൽ, ജില്ല, താലൂക്കാശുപത്രികളിൽ ഘട്ടംഘട്ടമായി ട്രോമാ കെയർ സംവിധാനം ഏർപ്പെടുത്താൻ സർക്കാർ നടപടിയെടുത്തുവരികയാണ്. Strengthening of Emergency Medical Care എന്ന പദ്ധതിയുടെ ഭാഗമായി ട്രോമാ കെയറിന്റെ ശാക്തീകരണത്തിനായി 2018-19 വർഷങ്ങളിൽ മാത്രം സംസ്ഥാന സർക്കാരിന്റെ 25-11-2018-ലെ ഉത്തരവുപ്രകാരം 4,85,70,000 രൂപയ്ക്ക് ഭരണാനുമതി നൽകിക്കഴിഞ്ഞു. റോഡ് സേഫ്റ്റി ഫണ്ട് നൽകിയ തുക ഉപയോഗിച്ച് ഹരിപ്പാട്, പയ്യന്നൂർ, വടകര, കോട്ടപ്പുറം, പത്തനംതിട്ട, ചാലക്കുടി, ആലത്തൂർ, കരുനാഗപ്പള്ളി, അടിമാലി, ആലുവ എന്നീ താലൂക്ക് ആസ്ഥാനങ്ങളിലും ആറ്റിങ്ങൽ, അടൂർ, മഞ്ചേരി എന്നീ ജനറൽ ആശുപത്രികളിലും കാസർഗോഡ് ജില്ലാ ആശുപത്രിയിലും ഉപകരണങ്ങളും ആംബുലൻസ് സൗകര്യങ്ങളും ഏർപ്പെടുത്തിക്കഴിഞ്ഞിട്ടുണ്ട്. സമ്പൂർണ്ണ ട്രോമാ കെയർ പദ്ധതി പൂർത്തിയായിക്കൊണ്ടിരിക്കുകയാണ്. ഹൈവേയിലുള്ള എല്ലാ പ്രധാനപ്പെട്ട സർക്കാർ ആശുപത്രികളിലും ഈ സംവിധാനം ഏർപ്പെടുത്താനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. സ്വകാര്യ ആശുപത്രികളെക്കൂടി സഹകരിപ്പിച്ചുകൊണ്ട് ഈ പദ്ധതി നടപ്പാക്കാനാണ് നടപടി സ്വീകരിച്ചുവരുന്നത്. ട്രോമാ കെയർ സംവിധാനത്തിന്റെ ഭാഗമായി ആംബുലൻസ് സംവിധാനം പ്രാവർത്തികമാക്കുന്നതിനായി 315 ആംബുലൻസുകൾ ഉൾപ്പെടുത്തിയിട്ടുള്ള സമഗ്ര ആംബുലൻസ് സംവിധാനത്തിനായി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് ടെണ്ടർ നടപടികൾ പൂർത്തീകരിച്ചുകഴിഞ്ഞു. 2019 ആഗസ്റ്റ് മുതൽ ഇവയുടെ പ്രവർത്തനം ആരംഭിക്കുന്നതാണ്. വിവിധ സർക്കാർ ആശുപത്രികളിലെ 300-ൽപ്പരം കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർമാർക്കും അസിസ്റ്റന്റ് സർജന്മാർക്കും സ്റ്റാഫ് നഴ്സുമാർക്കും ആൾ ഇന്ത്യ മെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസിന്റെ നേതൃത്വത്തിൽ പരിശീലനം നൽകിക്കഴിഞ്ഞിട്ടുണ്ട്. കെ.എസ്.ടി.പി.-യുമായി ബന്ധപ്പെട്ട്

നാഷണൽ ഹൈവേ സേഫ് കോറിഡോർ പ്രോജക്ടിന്റെ ഭാഗമായി തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ട്രോമാ കെയർ സംവിധാനത്തിന് ഉപകരണങ്ങൾ വാങ്ങുന്നതിനായി 18.77 കോടി രൂപയും അടിസ്ഥാന സൗകര്യ വികസനത്തിനായി 2 കോടി രൂപയും അംഗീകരിച്ച് നൽകിയിട്ടുണ്ട്. ഈ പദ്ധതിയുടെ ഭാഗമായി അടൂർ, കൊട്ടാരക്കര ആശുപത്രികളിലെ ട്രോമാ കെയർ ശാക്തീകരണത്തിനായി 6.33 കോടി രൂപയുടെ ലോക ബാങ്ക് സഹായവും ഈ മേഖലയിലെ അഡ്വാൻസ്ഡ് ലൈഫ് സപ്പോർട്ട് ആംബുലൻസുകൾ സജ്ജീകരിക്കുന്നതിനായി 63.9 ലക്ഷം രൂപയുടെ സഹായവും അനുവദിച്ചിട്ടുണ്ട്. കേന്ദ്രീകൃത കാൾ സെന്ററുകളും ജി.പി.എസ്. ഘടിപ്പിച്ച 315 ആംബുലൻസുകളും ഉൾപ്പെടുത്തി സംസ്ഥാന വ്യാപകമായി അഗ്രിഗേറ്റഡ് മാതൃകയിൽ സർവ്വീസ് നടത്തും. കാര്യക്ഷമമായ ട്രോമാ കെയർ സംവിധാനത്തിനുള്ള എല്ലാ നടപടികളും മെഡിക്കൽ കോളേജുകളും മറ്റ് പ്രധാനപ്പെട്ട സർക്കാർ ആശുപത്രികളും കേന്ദ്രീകരിച്ച് നടപ്പിലാക്കുന്നതിനാൽ ഇതിനായി ഒരു പ്രത്യേക അതോറിറ്റി രൂപീകരിക്കേണ്ട സാഹചര്യമുണ്ടെന്ന് സർക്കാർ വിചാരിക്കുന്നില്ല. ഈ ബിൽ നിയമമാകുമ്പോൾ പ്രാരംഭ ചെലവുകൾക്കായി സംസ്ഥാന സഞ്ചിത നിധിയിൽനിന്നും 5 കോടി രൂപ ചെലവ് വരുന്നതായി ധനകാര്യ മെമ്മോറാണ്ടത്തിൽ നിർദ്ദേശിച്ചിരിക്കുന്നതിനാൽ അപ്രകാരമൊരു ബില്ലിന് അനുച്ഛേദം 207(3) പ്രകാരം ഗവർണ്ണറുടെ ശിപാർശ അടിയന്തരമായി ആവശ്യമാണ്. അദ്ദേഹം ഇവിടെ ആവശ്യപ്പെടുന്ന ബില്ലിൽ ധാർമ്മികമായി പറയുന്ന കാര്യങ്ങളെല്ലാം ഉൾക്കൊള്ളുന്നുണ്ട്. അതിനെ തത്വത്തിൽ ഗവൺമെന്റ് അംഗീകരിക്കുന്നുണ്ടെങ്കിലും മേൽ പ്രസ്താവിച്ച കാരണങ്ങളുടെ അടിസ്ഥാനത്തിൽ ഈ ബിൽ ഇപ്പോൾ പരിഗണിക്കേണ്ടതുണ്ടെന്ന് സർക്കാർ കരുതുന്നില്ല.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഞാനിവിടെ കേരള സംസ്ഥാന അടിയന്തര വൈദ്യ സഹായ അതോറിറ്റി ബില്ലാണ് അവതരിപ്പിക്കുന്നത്. ഇങ്ങനെയൊരു ബില്ലിനുള്ള പശ്ചാത്തലം ഇന്ന് സമൂഹത്തിൽ വളരെ വ്യാപകവും ശക്തവുമായിട്ടുണ്ട്. ഇവിടെ ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രിക്കുവേണ്ടി ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി പറഞ്ഞത് അതിന്റെ ചില വെർഷൻ മാത്രമാണ്. അപകടങ്ങളിലും അത്യാഹിതങ്ങളിലും പ്രകൃതിക്ഷോഭങ്ങളിലും തീപ്പിടിത്തം, സ്ഫോടനം അതുപോലെ പെട്ടെന്നുണ്ടാകുന്നതും മരണകാരണമായേക്കാവുന്നതുമായ ഹൃദയസ്തംഭനം, മസ്തിഷ്കാഘാതം തുടങ്ങിയ അതീവ ഗുരുതര സന്ദർഭങ്ങളിൽ അവിടെ പോയി ജീവൻ രക്ഷിക്കാനുള്ള അടിയന്തര വൈദ്യസഹായം നൽകേണ്ട ആവശ്യത്തിനായി കേരള സംസ്ഥാന അടിയന്തര വൈദ്യ സഹായ അതോറിറ്റി രൂപീകരിക്കുന്നതിന് നിയമനിർമ്മാണം നടത്തണമെന്നാണ് പറയുന്നത്. ഈ സർവ്വീസുകൾ കൊടുക്കുന്നുണ്ടെങ്കിലും അതിനെല്ലാംകൂടി ഇപ്പോൾ ബഹുമാനപ്പെട്ട

മന്ത്രി പറഞ്ഞതിനപ്പുറമുള്ള മേഖലകളിലേയ്ക്കുകൂടി വൈദ്യസഹായം എത്തിക്കുന്നതിനുള്ള ഒരു അതോറിറ്റി രൂപീകരിച്ചാൽ അത് കുറേക്കൂടി കാര്യക്ഷമമായി നടപ്പാക്കാൻ കഴിയും. ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത് ഇതിന് ബഹുമാനപ്പെട്ട ഗവർണ്ണറുടെ അനുമതി വേണമെന്നാണ്. ഒരു സ്വകാര്യ അംഗം അവതരിപ്പിക്കുന്ന ബിൽ തത്വത്തിൽ സർക്കാർ അംഗീകരിച്ചാൽ അത് സർക്കാരിന്റെ ഭാഗത്തുനിന്നുള്ള ബില്ലായി വരികയാണ്. അപ്പോൾ ആ ഫോർമാലിറ്റി കംപ്ലൈ ചെയ്താൽ മതി. അല്ലെങ്കിൽ ആ ഫോർമാലിറ്റിയുടെ ഒരു പോരായ്മ ഈ സന്ദർഭത്തിൽ ചൂണ്ടിക്കാണിക്കേണ്ടതില്ല. ഏറ്റവും അടുത്ത ദിവസം കട്ടപ്പന കോഴിമലയിലെ ജേക്കബ് തോമസ് എന്ന ചാക്കോച്ചന് ന്യൂമോണിയ രോഗം മൂർച്ഛിച്ച് കോട്ടയം മെഡിക്കൽ കോളേജുൾപ്പെടെ നാല് ആശുപത്രികളിൽ കൊണ്ടുപോയി. നാല് ആശുപത്രികളിലും വെന്റിലേറ്റർ ഒഴിവില്ലായിരുന്നു. അവസാനം ഈ സഹോദരന് ആംബുലൻസിൽ അന്ത്യശ്വാസം വലിക്കേണ്ട ഗതികേടുണ്ടായി. സർക്കാർ നാല് ആശുപത്രികൾക്കെതിരെയും കേസ്സെടുത്തു. പക്ഷെ അതല്ലല്ലോ കാര്യം; ഈ ബില്ലിൽ പറയുംപ്രകാരമുള്ള അതോറിറ്റി പ്രവർത്തിക്കുന്നുവെങ്കിൽ ഒരു ഫോൺ ചെയ്താൽ ജീവൻരക്ഷാ ഉപകരണങ്ങൾ മൂന്നുനാല് കിലോമീറ്ററിനുള്ളിൽ ലഭ്യമാകുന്ന വിധത്തിലേയ്ക്കാണ് ഈ അതോറിറ്റി വിഭാവന ചെയ്യുന്നത്. ഇത്തരം സംവിധാനം ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിലുമുണ്ട്. ഇങ്ങനെയൊരു അതോറിറ്റിയുണ്ടായിരുന്നെങ്കിൽ ചാക്കോച്ചന്റെ ജീവൻ രക്ഷിക്കാൻ കഴിയുമായിരുന്നു. അതുപോലെ ഏതാനും മാസങ്ങൾക്കുമുമ്പ് തിരുവനന്തപുരത്ത് തമിഴ്നാട് സ്വദേശിയായ മുരുകൻ ചികിത്സ കിട്ടാതെ മരിച്ച വാർത്ത വളരെ പ്രയാസത്തോടുകൂടിയാണ് കേട്ടത്. ഏഴ് മണിക്കൂർ മുരുകൻ ചികിത്സതേടി തിരുവനന്തപുരത്തെ പല ആശുപത്രികളിലും പോയി. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ വെന്റിലേറ്റർ ഒഴിവില്ല, ഐ.സി.യു.-വിൽ പ്രവേശിപ്പിക്കാൻ കഴിയാതെ അയാൾ അന്ത്യശ്വാസം വലിക്കുന്നതാണ് നമ്മൾ കണ്ടത്. ഈ രണ്ട് സംഭവങ്ങൾ ഞാൻ ഇവിടെ ചൂണ്ടിക്കാണിക്കുകയാണ്. ട്രോമാ കെയർ സംവിധാനം ഇവിടെ ഇല്ലാത്തതുകൊണ്ടൊന്നുമല്ല, നേരെമറിച്ച് നമ്മൾ പറഞ്ഞതുപോലെയുള്ള അടിയന്തര വൈദ്യ സഹായം (എമർജൻസി മെഡിക്കൽ ഫെസിലിറ്റി) കിട്ടാനുള്ള സൗകര്യമുണ്ടായിരുന്നുവെങ്കിൽ ജീവൻ രക്ഷിക്കാൻ കഴിയുമായിരുന്നു. നമ്മൾ ആംബുലൻസിനെ വിളിക്കുന്നതു പോലെതന്നെ ഒരു നമ്പറിൽ വിളിച്ചാൽ ഈ ആളുകൾ വരണം. അതാണ് ഇപ്പോൾ ഇന്ത്യയിലെ പല സംസ്ഥാനങ്ങളിലും പ്രാവർത്തികമാക്കിയിട്ടുള്ള രീതി; അതാണ് ഈ ബില്ലിലൂടെ വ്യവസ്ഥ ചെയ്യുന്നത്. ഈ ബിൽ വിഭാവന ചെയ്യുന്ന വൈദ്യ സഹായത്തിന്റെ ലഭ്യതയെന്നുപറയുന്നത് അതോറിറ്റിയുടെ പ്രവർത്തനമാണ്. വ്യക്തിക്കോ വ്യക്തികൾക്കോ സംസ്ഥാനത്തെ ഏതെങ്കിലും ഒരു പ്രദേശത്ത് ജീവൻരക്ഷാ മാർഗ്ഗത്തിനായി അടിയന്തര

വൈദ്യസഹായം ലഭിക്കേണ്ട ഘട്ടം വന്നാൽ ആ വിവരം ലഭിക്കുന്ന മുറയ്ക്ക് അവിടെ അടിയന്തര വൈദ്യസഹായം എത്തിക്കേണ്ട ചുമതല താലൂക്ക് വൈദ്യസഹായ സമിതിക്കുള്ളതാണ്. ഈ സമിതികളെ ഏകോപിപ്പിക്കുകയും അവയുടെ പ്രവർത്തനങ്ങൾ സുഗമമായി നടക്കുന്നുവെന്ന് ഉറപ്പുവരുത്തേണ്ടതും ആവശ്യമായ സഹായങ്ങൾ ചെയ്തുകൊടുക്കേണ്ടതും ജില്ലാ കളക്ടറുടെ ചുമതലയാണ്. താലൂക്ക് ജില്ലാ അതോറിറ്റികളെ നിയന്ത്രിക്കേണ്ടതും ഏകോപിപ്പിക്കേണ്ടതും അവർക്കുള്ള ഉപകരണങ്ങൾ, മരുന്നുകൾ, ഫണ്ട് എന്നിവ നൽകേണ്ടതും സംസ്ഥാന അതോറിറ്റിയുടെ ചുമതലയാണ്. സംസ്ഥാന അതോറിറ്റിക്കാവശ്യമായ സർക്കാർ ഗ്രാന്റ് ബഡ്ജറ്റിൽ ഉൾപ്പെടുത്തി അനുവദിച്ചുനൽകേണ്ടതാണ്. മൂന്നുതലങ്ങളിലെ അതോറിറ്റികൾക്കും പൊതുസമൂഹത്തിൽനിന്നും സന്നദ്ധ സംഘടനകളിൽനിന്നും സംഭാവനകൾ സ്വീകരിക്കാവുന്നതാണ്. ഇങ്ങനെയാണ് ഈ വൈദ്യ സഹായത്തിന്റെ ലഭ്യത. ഈ മേഖലകളിൽ സഹായങ്ങൾ ചെയ്യാൻ ധാരാളം ആളുകൾ സന്നദ്ധരാണ്. ഇത് മനുഷ്യരുടെ ജീവൻ രക്ഷിക്കാനുള്ള ഒരു പ്രയത്നമാണ്. ഇതിന്റെ ഇരകളായിത്തീരുന്നത് അധികവും വളരെ പാവപ്പെട്ടവരാണ്. സാമ്പത്തിക സൗകര്യമുള്ളവർക്കും ചിലപ്പോൾ അടിയന്തരമായി കിട്ടാനുള്ള സംവിധാനമുണ്ടാകില്ല; കാരണം വെന്റിലേറ്റർ ഒഴിവില്ലെന്നു പറഞ്ഞാൽ പുറത്തുകിടന്ന് മരിക്കുകയല്ലാതെ വേറെ നിവൃത്തിയില്ല. അത്തരം സാഹചര്യങ്ങളൊഴിവാക്കാൻ വേണ്ടിയാണ് ഇത് വ്യവസ്ഥചെയ്യുന്നത്. വിദേശ രാജ്യങ്ങളിലൊക്കെ ഇത്തരം ജീവൻരക്ഷാ ഉപകരണങ്ങൾ എല്ലായിടത്തും റെഡിയാണ്. ചിലപ്പോൾ ചില സ്ഥലങ്ങളിൽ ഗ്യാസ് ലീക്കുണ്ടാകും. മുമ്പ് മണ്ണാർക്കാട് കുന്തിപ്പുഴ പാലം നന്നാക്കുന്നതിനുമുമ്പ് ടാങ്കർ ലോറി മറിഞ്ഞ് ആ പ്രദേശമാകെ ഗ്യാസ് പടർന്നു. അവിടെ തീപ്പെട്ടി ഉരയ്ക്കാൻ പാടില്ല, ശ്വസിച്ചാൽ ആളുകൾക്ക് പ്രയാസം; ഇതൊക്കെ എന്റെ അനുഭവത്തിലുള്ള കാര്യങ്ങളാണ്. ഇതൊക്കെ നമ്മുടെ നാട്ടിൽ, ഇന്നത്തെ മോഡേൺ സൊസൈറ്റിയിൽ പലയിടത്തും പലപ്പോഴും സംഭവിക്കാം. അതുപോലെതന്നെ ബിൽഡിംഗിന് തീപിടിക്കുന്നതുപോലെയുള്ള ധാരാളം സംഗതികളുണ്ട്. ഗ്യാസ് ടാങ്കർ മറിഞ്ഞ ചാലയിലെ തീപിടിത്തം ശ്രീ. പാറക്കൽ അബ്ദുല്ല ഓർമ്മപ്പെടുത്തുകയാണ്. ഇങ്ങനെ എത്രയോ സംഗതികൾ. പഴയ സമൂഹമല്ല, സമൂഹം മാറി, സൗകര്യങ്ങൾ കൂടിയപ്പോൾ നമുക്ക് ഒരുപാട് സംവിധാനങ്ങളായി. ഇലക്ട്രിസിറ്റിയും ഗ്യാസുമൊക്കെ വന്നതുകൊണ്ടുള്ള ഒരുപാട് പ്രശ്നങ്ങളുണ്ട്. അപ്പോൾ അതുമായി ബന്ധപ്പെട്ട് ഇന്ന് സമൂഹം അനുഭവിക്കുന്ന പ്രയാസങ്ങൾക്ക് ഇങ്ങനെ ഒരു അതോറിറ്റി ആവശ്യമാണ്. ഇതിലെ സെക്ഷൻ 6-ആണ് ഇവിടെ സൂചിപ്പിച്ചത്. ഇവിടെ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത് ആശുപത്രികളിൽ ട്രോമാ കെയർ ഉണ്ടെന്നാണ്. അപകടങ്ങൾ, അത്യാഹിതങ്ങൾ എന്നിവമൂലം പ്രയാസപ്പെടുന്നവർക്ക് ആശുപത്രികളിൽ എത്തുന്നതിനുമുമ്പ് അടിയന്തര വൈദ്യ

സഹായം ലഭിച്ചാൽ നിരവധി മനുഷ്യജീവനുകൾ രക്ഷപ്പെടുത്താൻ കഴിയും. Between hospital and incident, ഇതിന് രണ്ടിനും ഇടയിലാണ് ഇത്തരം ജീവൻരക്ഷാ ഉപകരണങ്ങൾ കിട്ടേണ്ടത്. ജീവൻരക്ഷാ ഉപകരണങ്ങളുമായി ആ സ്പോട്ടിലേയ്ക്ക് കുതിക്കുന്ന സൗകര്യം നമ്മുടെ നാട്ടിലുണ്ടാകണം. ഇത് ഇന്ത്യയിലെ പല സംസ്ഥാനങ്ങളിലുമുണ്ട്. അതുകൊണ്ട് ഗവൺമെന്റ് ചെയ്യുന്ന മറ്റ് മെഡിക്കൽ എയ്ഡുകളൊക്കെ ഇതിന്റെ പരിധിയിൽ കൊണ്ടുവന്നാൽ ഇത് കുറേക്കൂടി കാര്യക്ഷമമായി നടത്താൻ സാധിക്കും.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, ഇത് ഏറ്റവും പ്രധാനപ്പെട്ടൊരു ബില്ലാണ്. ഇപ്പോൾ ഇത് പരിഷ്കൃത രാജ്യങ്ങളിലൊക്കെയുണ്ട്. നമ്മുടെ സഹപ്രവർത്തക നായിരുന്ന അഡ്വ. ടി. പി. വി. കാസിം ഇപ്പോൾ വലിയൊരപകടത്തിൽപ്പെട്ടു. പക്ഷെ അതിനുമുമ്പ് അദ്ദേഹത്തിന് പെട്ടെന്നൊരു അറ്റാക്ക് വന്നിരുന്നു, അദ്ദേഹം അന്ന് അബുദാബിയിലായിരുന്നതുകൊണ്ടുമാത്രം രക്ഷപ്പെട്ടതാണ്. അദ്ദേഹത്തിന് അർദ്ധരാത്രി രണ്ടര മണിക്ക് അറ്റാക്ക് വന്നപ്പോൾ ഉടൻതന്നെ വെന്റിലേറ്റർ, ഓക്സിജൻ തുടങ്ങിയ എല്ലാ സൗകര്യങ്ങളുമുള്ള മൊബൈൽ യൂണിറ്റ് വന്ന് അവിടെവച്ചുതന്നെ ചികിത്സ കൊടുക്കുകയായിരുന്നു. അതുകൊണ്ട് അദ്ദേഹത്തിന്റെ ജീവൻ അന്ന് രക്ഷപ്പെട്ടു. അതിനാൽ വളരെ പ്രസക്തമായ ബില്ലാണിത്. കാരുണ്യ ബെനവലന്റ് ഫണ്ട് പോലെയുള്ള കാര്യങ്ങളൊക്കെ കിട്ടുന്നതിന് നേരത്തെ നമ്മൾ അപേക്ഷ കൊടുക്കണം. അറ്റാക്ക് വരുന്ന ഒരാൾക്ക് എപ്പോഴാണ് അത് വരുന്നതെന്ന് പറയാൻ പറ്റില്ലല്ലോ; പെട്ടെന്ന് ഒരു അറ്റാക്ക് അല്ലെങ്കിൽ കാർഡിയാക് അറസ്റ്റ് വന്നാൽ അയാളെ ഉടൻ ഹോസ്പിറ്റലിൽ എത്തിക്കണം. എന്റെ നാട്ടിലുള്ള പാവപ്പെട്ട, കൂലിപ്പണിക്കാരനായ ഒരാൾക്ക് ഹാർട്ട് അറ്റാക്ക് വന്നപ്പോൾ, അദ്ദേഹത്തെ ഹോസ്പിറ്റലിലെത്തിച്ചയുടൻ 39,000 രൂപയുടെ ഇൻജക്ഷൻ എടുത്തു. പിന്നീട് അവിടെനിന്ന് മറ്റൊരു ഹോസ്പിറ്റലിലേയ്ക്ക് റഫർ ചെയ്യുകയും പിറ്റേ ദിവസം ആൻജിയോപ്ലാസ്റ്റി ചെയ്യണമെന്ന് പറയുകയും ചെയ്തു. ആൻജിയോപ്ലാസ്റ്റി കഴിഞ്ഞപ്പോൾ 1,40,000 രൂപ ചെലവായി. ഇപ്പോൾ ഏകദേശം രണ്ട് ലക്ഷത്തോളം രൂപ ചെലവായി. പക്ഷെ അദ്ദേഹത്തിന് ആദ്യം കാരുണ്യയിൽ അപേക്ഷ കൊടുക്കാൻ കഴിയില്ല. പിന്നെയുള്ള ആശ്രയം സി.എം.ഡി.ആർ.എഫ്.-ൽ കൊടുക്കേണ്ട അപേക്ഷയാണ്. ഇതൊന്നും കൃത്യസമയത്ത് കിട്ടാത്ത സന്ദർഭത്തിൽ ഈ ബില്ലിൽ പറഞ്ഞിരിക്കുന്ന അടിയന്തര വൈദ്യസഹായ അതോറിറ്റി വന്നുകഴിഞ്ഞാൽ ഇതിനൊക്കെ പരിഹാരമാകുമെന്നുള്ള എന്റെ അഭിപ്രായം ഞാൻ രേഖപ്പെടുത്തുകയാണ്.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഈ ബില്ലിലെ കാര്യങ്ങളെ സപ്പോർട്ട് ചെയ്യുകയാണ്. ഒരു അതോറിറ്റി രൂപീകരിക്കുന്നപക്ഷം സമൂഹത്തിന് വലിയ ആശ്വാസമാകും. ഇത്തരം ഘട്ടങ്ങളിൽ ജീവനോട് മല്ലടിക്കുന്ന ആയിരങ്ങൾക്ക്

ആശ്വാസം പകരാൻ ഈ ബിൽ നടപ്പാക്കുന്നതുവഴി സാധിക്കും. വിദേശ രാജ്യങ്ങളിലും ഇന്ത്യയിലെ പല സംസ്ഥാനങ്ങളിലും അടിയന്തര വൈദ്യസഹായം ലഭിക്കുന്നതിനുള്ള നിയമമുണ്ട്. ആയതിനാൽ ഇത്തരമൊരു നിയമനിർമ്മാണം നമ്മുടെ സംസ്ഥാനത്തും അത്യാവശ്യമാണെന്നാണ് ഈ ബിൽ അവതരിപ്പിച്ചുകൊണ്ട് എനിക്ക് സൂചിപ്പിക്കാനുള്ളത്. ഗുജറാത്തിൽ 2007-ൽ ഇങ്ങനെയൊരു നിയമം പാസ്സാക്കിയിട്ടുണ്ട്. അതിന്റെ പേര് ഗുജറാത്ത് എമർജൻസി മെഡിക്കൽ സർവ്വീസസ് അതോറിറ്റിയെന്നാണ്. അവിടെ 2008 മുതൽ മെഡിക്കൽ സർവ്വീസസ് അതോറിറ്റി കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. വലിയ നഗരങ്ങളിലൊക്കെ പ്രശ്നങ്ങളുണ്ടാകുമ്പോൾ ഒരു ഫോൺ ചെയ്താൽ ജീവൻരക്ഷാ ഉപകരണങ്ങളുമായി ഏറ്റവും താഴെത്തട്ടിലുള്ള ഘടകം, അതായത് ഈ ബില്ലിൽ വിഭാവന ചെയ്തിട്ടുള്ളത് താലൂക്കുതലത്തിലുള്ള അതോറിറ്റിയെയാണ്, ആ അതോറിറ്റിയെ വിളിക്കുമ്പോൾ അവർ അവിടെ എത്തുകയാണ്.

ശ്രീ. വി. എസ്. ശിവകുമാർ: സർ, ഇപ്പോൾ ട്രോമാ കെയർ യൂണിറ്റും മറ്റ് സൗകര്യങ്ങളുമൊക്കെ നാഷണൽ ഹൈവേയുടെ സമീപത്തുള്ള ആശുപത്രികളിൽ സ്ഥാപിച്ചിട്ടുണ്ടെന്നാണ് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത്. കേരളത്തിൽ 108 ആംബുലൻസുണ്ട്. പരിമിതമായ സൗകര്യങ്ങളിലൂടെയാണ് അപകടങ്ങളോ അത്യാഹിത സന്ദർഭങ്ങളോ ഉണ്ടായാൽ ആംബുലൻസുകൾ ആളുകളെ ആശുപത്രിയിലെത്തിക്കുന്നത്. ഈ അതോറിറ്റിയുടെ കീഴിൽ സംവിധാനങ്ങൾ വരുമ്പോൾ പരമാവധി സൗകര്യങ്ങൾ ആ വാഹനത്തിൽ തന്നെ ഏർപ്പെടുത്തിക്കൊണ്ട് ഒരു ആശുപത്രിയുടെ സാന്നിദ്ധ്യം ആ രോഗിയുടെ അടുത്തെത്തിക്കാൻ സാധിക്കും. കോട്ടയം മെഡിക്കൽ കോളേജിലെയും തിരുവനന്തപുരം മെഡിക്കൽ കോളേജിലെയും രണ്ടുമൂന്ന് ഉദാഹരണങ്ങൾ ഇവിടെ ചൂണ്ടിക്കാണിച്ചു. വെന്റിലേറ്ററുകൾ, അതുപോലെയുള്ള മറ്റ് അത്യാധുനിക ഉപകരണങ്ങൾ പല സ്ഥലത്തുമില്ല. അതുകൊണ്ട് ഏറ്റവും സജ്ജമായിട്ടുള്ള, സഞ്ചരിക്കുന്ന ആശുപത്രികൾ പോലെയുള്ള സംവിധാനങ്ങൾ, രോഗിയുടെ അടുത്തെത്തി അവരെ ചികിത്സിക്കാൻ കഴിഞ്ഞാൽ തീർച്ചയായും നന്നായിരിക്കും. ഇപ്പോൾ മെഡിക്കൽ കോളേജുകളിലും മറ്റ് ആശുപത്രികളിലും ട്രോമാ കെയർ യൂണിറ്റുപോലുള്ള സംവിധാനങ്ങളുണ്ട്. പക്ഷെ അവിടെ എത്തിച്ചേരാനുള്ള സാഹചര്യം മനസ്സിലാക്കിക്കൊണ്ട് വിലപ്പെട്ട ജീവനുകൾ രക്ഷിക്കുന്നതിനായി ഇതുപോലൊരു അതോറിറ്റി രൂപീകരിക്കുകയെന്നതാണ് ഈ ബില്ലിലൂടെ ഉദ്ദേശിക്കുന്നത്.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, ഇത് എല്ലാ സ്ഥലത്തും സ്ഥാപിച്ചുവെന്നല്ല പറഞ്ഞിരിക്കുന്നത്. സമ്പൂർണ്ണ ട്രോമാ കെയർ പദ്ധതി പൂർത്തീകരിച്ചുവരികയാണ്. ഞാൻ ഇവിടെ പറഞ്ഞ ആശുപത്രിക്ക് പുറമേ, ഹൈവേയിലുള്ള ആശുപത്രികളിൽക്കൂടി ട്രോമാ കെയർ സ്ഥാപിക്കാൻ പോകുകയാണ്. സ്വകാര്യ ആശുപത്രികളെക്കൂടി സഹകരിപ്പിക്കാൻ ഉദ്ദേശിക്കുന്നു.

അങ്ങ് ഇവിടെ സൂചിപ്പിച്ചതുപോലെ, ആശുപത്രികളിൽ എത്തിക്കുക എന്നുപറയുന്ന വെറും ആംബുലൻസിനെ കുറിച്ചല്ല ഇവിടെ പറയുന്നത്. എല്ലാ സൗകര്യത്തോടുമൊപ്പം സ്വകാര്യ ആശുപത്രികളുടെയുംകൂടി സഹകരണത്തോടെ ട്രോമാ കെയർ സ്റ്റേംഗ്തനിംഗ് പദ്ധതിയുടെ ഭാഗമായി ആംബുലൻസടക്കമുള്ള സംവിധാനങ്ങളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്നാണ് വ്യക്തമാക്കിയത്. ഇതിൽപ്പറയുന്ന കാര്യങ്ങളോട് വിയോജിപ്പൊന്നുമില്ല. സാങ്കേതികമായ കാരണങ്ങളാണ് മറുപടിയിൽ പറഞ്ഞിരിക്കുന്നത്.

ശ്രീ. ആർ. രാജേഷ്: സർ, സ്വകാര്യ ബില്ലായി അങ്ങ് നല്ലൊരു വിഷയമാണിവിടെ അവതരിപ്പിച്ചുകൊണ്ടിരിക്കുന്നത്. ഒരാൾ അസുഖബാധിതനായാൽ അയാൾക്ക് അടിയന്തര വൈദ്യസഹായം കൊടുക്കേണ്ടതിനെക്കുറിച്ചും അതിനാവശ്യമായ സംവിധാനങ്ങളെക്കുറിച്ചുമാണ് സംസാരിക്കുന്നത്. ആംബുലൻസിനെക്കുറിച്ച് ഇവിടെ പരാമർശിക്കുകയുണ്ടായി. കഴിഞ്ഞ ദിവസം ഒരു ആംബുലൻസ് ഡ്രൈവറുടെ കുറിപ്പ് എന്റെ ശ്രദ്ധയിൽപ്പെട്ടു. അതിൽ അദ്ദേഹം പറയുന്നത്, അദ്ദേഹത്തിന്റെ അച്ഛൻ വഴിവക്കിൽ വീണുകിടന്ന് അരമണിക്കൂർ കഴിഞ്ഞശേഷം ആശുപത്രിയിൽ എത്തിക്കുകയും തുടർന്ന് മരണപ്പെടുകയും ചെയ്തുവെന്നാണ്. 'നിരവധി ആളുകൾ കടന്നുപോയെങ്കിലും വഴിവക്കിൽ കിടക്കുന്ന അച്ഛനെ ഒന്നുനോക്കാൻപോലും ആരും തയ്യാറായില്ല.' അച്ഛന്റെ മരണത്തെത്തുടർന്ന് ആംബുലൻസ് ഡ്രൈവറായ മകൻ എഴുതിയ ഒരു വൈകാരിക കുറിപ്പിലുള്ള കാര്യമാണ് ഇവിടെ സൂചിപ്പിച്ചത്. ബഹുമാന്യനായ അംഗം കൊണ്ടുവന്ന ബില്ലിലൂടെ ആശുപത്രികളിൽ രോഗികളെ അടിയന്തരമായി എത്തിക്കുന്നതിനെക്കുറിച്ച് മാത്രമല്ല, ഇത്തരം പ്രശ്നങ്ങളുണ്ടായാൽ അവരെ വേഗം ആശുപത്രിയിൽ എത്തിക്കേണ്ടതിനെക്കുറിച്ച് ഒരു സോഷ്യൽ അവെയർനസ് ജനങ്ങൾക്ക് നൽകി അവരുടെകൂടെ ഉത്തരവാദിത്വം ഈ ബില്ലിന്റെ ഭാഗമായി രൂപപ്പെടുത്തിയെടുക്കാൻ അങ്ങ് തീരുമാനിച്ചിട്ടുണ്ടോ?

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഇപ്പോൾ പറഞ്ഞത് വളരെ പ്രസക്തമായ ഒരു കാര്യമാണ്. ഇന്നത്തെ ഒരു സാമൂഹിക സംവിധാനത്തിൽ ഇതൊക്കെ കാണുമ്പോൾ ആദ്യം മൊബൈലിൽ ഫോട്ടോ പകർത്തുന്ന ഏറ്റവും മ്ലേച്ഛമായ ഒരു സംസ്കാരത്തിലേയ്ക്ക് മലയാളി സമൂഹം പോകുന്നുവെന്നത് ഖേദകരമായ കാര്യമാണ്. എന്ത് അപകടം കണ്ടാലും ആദ്യം ഫോട്ടോ എടുക്കണമെന്നല്ലാതെ ഇതിനൊരു പരിഹാരം കാണാൻ ആളുകൾ ശ്രമിക്കുന്നില്ല. ഇത്തരം പ്രവൃത്തികൾക്കെതിരെ ജനങ്ങളിൽ അവബോധവും അവെയർനസും ഉണ്ടാകണം.

ശ്രീ. എ. എൻ. ഷംസീർ: സർ, ബഹുമാനപ്പെട്ട അംഗം എൻ. ഷംസുദ്ദീൻ പറഞ്ഞ വിഷയം ഇപ്പോൾ എല്ലാവരും ഫോട്ടോയെടുക്കുന്ന കൾച്ചറിൽ എത്തിയിരിക്കുന്നുവെന്നാണ്. തിരുവനന്തപുരം ശ്രീ പത്മനാഭ സ്വാമി ക്ഷേത്ര തീർത്ഥക്കുളത്തിൽ ആരും രക്ഷപ്പെടുത്താനില്ലാതെ ഒരു ഭ്രാന്തൻ ഒരാളെ മുക്കിക്കൊല്ലുന്ന ദൃശ്യം കണ്ടതായി താങ്കളുടെ ഓർമ്മയിലുണ്ടോ ?

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ശ്രീ. എ. എൻ. ഷംസീർ പറഞ്ഞതുൾപ്പെടെയുള്ള മന:സാക്ഷിയെ ഞെട്ടിച്ച ധാരാളം സന്ദർഭങ്ങളുണ്ടായിട്ടുണ്ട്. അപകടത്തിൽപ്പെട്ടവരെ രക്ഷിക്കാൻ ഒരു നീക്കവും നടത്താതെ അതിന്റെ വിവിധ തരത്തിലുള്ള ഫോട്ടോകൾ എടുക്കുന്ന കാഴ്ച നമ്മൾ പലപ്പോഴും കണ്ടിട്ടുണ്ട്. ഈ വിഷയത്തിൽ ജനങ്ങൾക്ക് ഒരു അവബോധം നൽകേണ്ടതാവശ്യമാണ്. ഏതായാലും ഞാൻ ഈ ബിൽ തുടർ ചർച്ചയ്ക്കുവേണ്ടി മാറ്റിവയ്ക്കുകയാണ്. പക്ഷേ ഈ സഭയ്ക്കും ഇന്നിപ്പോൾ ഈ കാലയളവിലോ അല്ലെങ്കിൽ സമീപ ഭാവിയിൽത്തന്നെ ഈ ബില്ലിൽപ്പറയുന്ന ആശയങ്ങൾ ഉൾക്കൊണ്ടുകൊണ്ട് ഒരു നിയമം പാസ്സാക്കേണ്ടിവരുമെന്ന കാര്യം എനിക്കുറപ്പാണ്. അങ്ങനെയൊരു സാമൂഹിക സമ്മർദ്ദത്തിലേയ്ക്ക് നാം പോയിക്കൊണ്ടിരിക്കുകയാണ്. അതുകൊണ്ട് ഇത് ഇപ്പോൾത്തന്നെ നിയമമാകട്ടെ അല്ലെങ്കിൽ ആകാതിരിക്കട്ടെ, എങ്കിലും ഈയൊരു വിഷയം നിയമസഭാംഗം എന്ന നിലയിൽ ശ്രദ്ധയിൽപ്പെടുത്താൻ കഴിഞ്ഞതിലുള്ള ചാരിതാർത്ഥ്യംകൂടി ഞാൻ ഇവിടെ രേഖപ്പെടുത്തുകയാണ്. ഈ ബിൽ തുടർ ചർച്ചയ്ക്കായി മാറ്റി വയ്ക്കാവുന്നതാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: 2019-ലെ കേരള സംസ്ഥാന അടിയന്തര വൈദ്യസഹായ അതോറിറ്റി ബിൽ തുടർ ചർച്ചയ്ക്കായി മാറ്റിവയ്ക്കുകയാണ്.

(ചർച്ച തുടരും)

(iii) 2019-ലെ കേരള പാർക്കിംഗ് റെഗുലേറ്ററി അതോറിറ്റി രൂപീകരണ ബിൽ

ശ്രീ. പാറക്കൽ അബ്ദുല്ല: സർ, 2019-ലെ കേരള പാർക്കിംഗ് റെഗുലേറ്ററി അതോറിറ്റി രൂപീകരണ ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള: സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, 1994-ലെ പഞ്ചായത്ത് രാജ് ആക്ടിലും മുനിസിപ്പാലിറ്റി ആക്ടിലും 2007-ലെ കേരള റോഡ് സുരക്ഷാ അതോറിറ്റി ആക്ടിലുമെല്ലാം പാർക്കിംഗുമായി ബന്ധപ്പെട്ട് കാര്യക്ഷമമായ നിയമങ്ങൾ നിലവിലുണ്ട്. അതുകൊണ്ട് ശ്രീ. പാറക്കൽ അബ്ദുല്ല നോട്ടീസ് നൽകിയ പാർക്കിംഗ് റെഗുലേറ്ററി അതോറിറ്റി ബില്ലിന് അവതരണാനുമതി നൽകേണ്ടതില്ല എന്നാണ് സർക്കാരിന്റെ അഭിപ്രായം.

ശ്രീ. പാറക്കൽ അബ്ദുല്ല: സർ, ഇവിടെ ഒരു റെഗുലേറ്ററി കമ്മിറ്റി ഉണ്ടെങ്കിലും സുവ്യക്തമായൊരു പാർക്കിംഗ് നയം കേരളത്തിലില്ല. എന്ത് പറഞ്ഞാലും സ്വകാര്യ ബിൽ അവതരിപ്പിക്കുന്നുവെന്നതുകൊണ്ടും സ്വകാര്യ ബില്ലിൽ പറയുന്നതാണെന്നുള്ളതുകൊണ്ടും നമ്മുടെ നാട് ഇന്ന് അനുഭവിച്ചു കൊണ്ടിരിക്കുന്ന ഇത്രയും ബുദ്ധിമുട്ടേറിയ പ്രശ്നത്തെ ലാഘവത്തോടെ കാണുന്നത് ശരിയാണെന്ന് എനിക്ക് തോന്നുന്നില്ല. ദിനംപ്രതി വർദ്ധിച്ചുകൊണ്ടിരിക്കുന്ന വാഹനപ്പെരുപ്പവും അതിനനുസരിച്ച് ഒരുതരത്തിലും വികസിപ്പിക്കാനാവാത്ത റോഡും; ഇതാണ് ഗതാഗത മേഖലയിൽ നാം നേരിട്ടുകൊണ്ടിരിക്കുന്ന ഏറ്റവും വലിയ പ്രശ്നം. നമ്മുടെ സംസ്ഥാനത്ത് റോഡ് സുരക്ഷാ ക്രമീകരണങ്ങൾക്കും മറ്റുമായി 'സംസ്ഥാന റോഡ് സേഫ്റ്റി അതോറിറ്റി' രൂപീകരിച്ചിട്ടുണ്ട്. അശാസ്ത്രീയവും അനധികൃതവുമായ വാഹന പാർക്കിംഗ് ക്രമപ്പെടുത്തുന്നതിനും നിയന്ത്രിക്കുന്നതിനും സഹായകമാകുന്ന ഒരു സംവിധാനവും നമുക്കില്ലാത്തതുകൊണ്ടാണ് പല ട്രാഫിക് കുരുക്കുകളും വാഹനാപകടങ്ങളും ഉണ്ടാകുന്നത്. കേരളത്തിൽ വർദ്ധിച്ചുവരുന്ന നഗരവൽക്കരണവും അതിനേക്കാൾ വേഗത്തിൽ വർദ്ധിച്ചുവരുന്ന വാഹനങ്ങളും ഗതാഗതക്കുരുക്കുകളും കാൽനടയാത്രപോലും അസാധ്യമാക്കുന്ന തരത്തിലുള്ളവയാണ്. ഇവിടെ റോഡുകളിൽ പൊലിയുന്ന ജീവനുകൾ മാത്രമല്ല അതിലൂടെ നമുക്കുണ്ടാകുന്ന നഷ്ടങ്ങളും നമ്മുടെ നാടിന്റെ വികസനത്തെയും സാമ്പത്തിക സ്ഥിതിയെയും പിന്നോട്ടടിച്ചുകൊണ്ടിരിക്കുകയാണ്. ഇന്ധന നഷ്ടവും സമയ നഷ്ടവും അതുവഴി മാനവവിഭവശേഷി നഷ്ടവുമൊക്കെ ഉണ്ടാകുന്നുണ്ട്. ഒരു വർഷത്തിന് മുമ്പുള്ള കണക്കുപ്രകാരം 1.10 കോടി വാഹനങ്ങളാണ് നമ്മുടെ നിരത്തിലുള്ളത്. ഒരു ദിവസം കേരള സംസ്ഥാനത്ത് ചെറുതും വലുതുമായ എത്രയെത്ര വാഹനങ്ങളാണ് രജിസ്റ്റർ ചെയ്യുന്നതെന്ന് നമുക്കറിയാം. പരിമിതവും സൗകര്യവുമില്ലാത്ത റോഡുകളിലൂടെയാണ് ഇവയെല്ലാം ഓടുന്നത്. സംസ്ഥാനത്തെ ജനസംഖ്യ, മൂന്നരക്കോടി ജനങ്ങളും 1.10 കോടി വാഹനവുമെന്ന് പറയുമ്പോൾ അതിന്റെയൊരു ഗൗരവാവസ്ഥ ഊഹിക്കാവുന്നതേയുള്ളൂ. ഈ വാഹനങ്ങളെ ഉൾക്കൊള്ളാനുള്ള റോഡുകളോ ഇവ സൗകര്യപ്രദമായി പാർക്ക് ചെയ്യാനുള്ള ഏരിയയോ നമുക്കില്ല. ഇതിന്റെയെല്ലാം ഫലമായി റോഡപകടങ്ങളും അതുവഴിയുണ്ടാകുന്ന മരണങ്ങളും ക്രമാതീതമായി വർദ്ധിക്കുന്നു. 2008-2018 വർഷങ്ങളിലെ കണക്കനുസരിച്ച് കേരളത്തിൽ 3.75 ലക്ഷം അപകടങ്ങളുണ്ടായി എന്നും അതിൽ 43,000 ആളുകൾ മരണപ്പെട്ടുവെന്നുമാണ് റിപ്പോർട്ടുകളിൽനിന്നും വ്യക്തമാകുന്നത്. നിരത്തുകളിലൂടെ ഓടുന്ന വാഹനങ്ങളുടെ കാര്യത്തിൽ വ്യക്തമായ ട്രാഫിക് റൂളുകളും ട്രാഫിക് ലൈറ്റുകളും ക്യാമറകളും മറ്റ് അത്യാധുനിക സംവിധാനങ്ങളുമൊക്കെ ഉണ്ടെങ്കിലും നിർത്തിയിടേണ്ട വാഹനങ്ങളുടെ കാര്യത്തിൽ യാതൊരുവിധ ആധുനികവൽകൃത സംവിധാനങ്ങളും നമുക്ക്

നിലവിലില്ല. സാമ്പത്തികവും സാമൂഹികവും മാനസികവുമായ കഷ്ടനഷ്ടങ്ങൾക്കിട യാക്കുന്നതിൽ പ്രധാന പങ്ക് വഹിക്കുന്നത് അശാസ്ത്രീയമായ പാർക്കിംഗാണ്. അതിന് ഒരവസാനം ഉണ്ടാക്കേണ്ടത് ചുമതലാബോധമുള്ള ഒരു സർക്കാരിന്റെ കർത്തവ്യമാണ്. ഇതിനായി ശാസ്ത്രീയ പഠനങ്ങളെ അടിസ്ഥാനമാക്കി അത്യാധുനിക മെഷിനറികളും വിവരസാങ്കേതിക വിദ്യയുമൊക്കെ സംയോജിപ്പിച്ചുകൊണ്ട് നിയമത്തിന്റെ ചട്ടക്കൂട്ടിലൊതുങ്ങി ഇത് നടപ്പാക്കുകയാണെങ്കിൽ വളരെ എളുപ്പത്തിൽ നടപ്പാക്കാനും—ആരോഗ്യപരമായ ഒരു പാർക്കിംഗ് സംസ്കാരം ഉണ്ടാക്കിയെടുക്കാനും കഴിയും. അതോടൊപ്പം ശാസ്ത്രീയമായ പാർക്കിംഗ് സംവിധാനം നിലനിർത്തേണ്ടതിന്റെ ആവശ്യകതയെപ്പറ്റി ജനങ്ങളിൽ ബോധവൽക്കരണവും നടത്തേണ്ടതുണ്ട്. അടുത്തകാലത്ത് ബഹുമാനപ്പെട്ട ഗതാഗത വകുപ്പുമന്ത്രി ആധുനിക ഗതാഗത സംവിധാനങ്ങളെപ്പറ്റി പഠിക്കുന്നതിനായി യൂറോപ്യൻ രാജ്യങ്ങളിൽ സന്ദർശനം നടത്തുകയുണ്ടായി. ഗൾഫ് രാജ്യങ്ങൾ സന്ദർശിച്ച ആളുകൾ ഈ സഭയിൽത്തന്നെയുണ്ട്. അവർക്കെല്ലാം ഇതിനെക്കുറിച്ചറിയാം. ചിലപ്പോൾ കേരളത്തിലുള്ളതുപോലുള്ള മുഴുവൻ വാഹനങ്ങളും ഒരു മണിക്കൂർകൊണ്ട് ദുബായ് പോലുള്ള നഗരങ്ങളിലെ സിറ്റികളിൽ കറങ്ങുന്നുണ്ടാവും. അവിടെ ഒരു ബുദ്ധിമുട്ടുമില്ലാതെ അക്കാര്യങ്ങൾ കൈകാര്യം ചെയ്യുകയാണ്. വളരെ നന്നായൊരു പാർക്കിംഗ് നിയമവും അതിനനുസൃതമായി പുതിയ ടെക്നോളജി ഉപയോഗിച്ചുള്ള സംവിധാനവും വളരെ എളുപ്പത്തിൽ ഉണ്ടാക്കിയെടുക്കാൻ സാധിക്കും. ഇപ്പോൾ ടൗണുകളിലൊക്കെ പൊതുപ്രവർത്തകരും രാഷ്ട്രീയ പാർട്ടി നേതാക്കന്മാരുമൊക്കെ ട്രാഫിക് കുരുക്ക് ഒഴിവാക്കാൻ പൊന്നുംവിലയുള്ള സ്ഥലവും കടകളുമൊക്കെ ഇടിച്ചുപൊളിച്ച് നിരപ്പാക്കി വലുതാക്കുകയാണ്. അടുത്ത ദിവസം നമുക്ക് അവിടെ കാണാൻ സാധിക്കുന്ന കാഴ്ച ഓട്ടോറിക്ഷകളും ടാക്സികളും വീണ്ടും വന്നുനിൽക്കുകകയാണ്. ഓട്ടോറിക്ഷാ സ്റ്റാൻഡും ടാക്സി സ്റ്റാൻഡും വേറെ ഉണ്ടാകും. പക്ഷെ ഇതൊന്നും അവർക്ക് ബാധകമല്ല. അതുവഴി പല അപകടങ്ങളും ഉണ്ടാകുന്നു. പാലക്കാട് കഴിഞ്ഞയാഴ്ച എട്ടുപേർ അപകടത്തിൽപ്പെട്ട് മരിച്ചതായി റിപ്പോർട്ട് വന്നിരുന്നു. പലപ്പോഴും ഈ അപകടങ്ങൾ മാത്രമേ നമ്മൾ കാണുന്നുള്ളൂ. ചിലപ്പോൾ ഓവർ സ്പീഡാണെന്ന് പറയും, അല്ലെങ്കിൽ എതിരെ വരുന്ന വാഹനം ഇടിച്ചെന്ന് പറയും. വളവിൽ അനധികൃതമായി വണ്ടി പാർക്ക് ചെയ്തിരുന്നാൽ ആ വളവിൽ എത്തുമ്പോഴായിരിക്കും പാർക്ക് ചെയ്തിരിക്കുന്ന വണ്ടിയെ ഡ്രൈവർ കാണുന്നത്. ആ വണ്ടിയെ ഇടിക്കാതിരിക്കാൻ ശ്രമിക്കുമ്പോഴായിരിക്കും എതിരെ മറ്റൊരു വണ്ടി വരുന്നത്. അങ്ങനെയാണ് പലപ്പോഴും വണ്ടിയിലുള്ള മുഴുവൻ ആളുകളും മരിച്ചുപോകുന്നത് ഒരുതരത്തിലുള്ള സംവിധാനങ്ങളും പാർക്കിംഗിനില്ല. എവിടെയും ആർക്കും വാഹനങ്ങൾ നിർത്താം.

ശ്രീമതി പി. അയിഷാ പോറ്റി: സർ, അങ്ങിവിടെ വളരെ പ്രധാനപ്പെട്ട കാര്യമാണ് പറയുന്നത്. ശക്തമായ നിയമങ്ങളൊക്കെ നിലവിലുണ്ടെന്ന് ബഹുമാനപ്പെട്ട മന്ത്രി ആ ബിൽ അവതരിപ്പിച്ചപ്പോൾത്തന്നെ പറഞ്ഞു. ഒരു കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്ന് ചോദിക്കുകയാണ്. പലപ്പോഴും നമ്മൾ കട കമ്പോളങ്ങളും വലിയ കെട്ടിടങ്ങളുമൊക്കെ കെട്ടുമ്പോൾ ലൈസൻസ് കൊടുക്കണമെങ്കിൽ, കെട്ടിടത്തിന്റെ നമ്പർ കിട്ടണമെങ്കിൽ പാർക്കിംഗ് സംവിധാനം ഉണ്ടാക്കിയിരിക്കണമെന്ന് പറയും. പക്ഷെ പാർക്കിംഗ് സംവിധാനം കാണിച്ചുകൊണ്ടുതന്നെ അതിന് ലൈസൻസ് വാങ്ങിയെടുക്കും. അതുകഴിയുമ്പോൾ ആ ഭാഗമെല്ലാം ഹോട്ടലായോ മറ്റോ മാറ്റി അതെല്ലാം പാർക്കിംഗിന് സൗകര്യമല്ലാത്ത രീതിയിലാക്കുന്നത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ശക്തമായ നിയമങ്ങൾ നടപ്പാക്കിയാൽ നിലവിലുള്ള പ്രശ്നങ്ങൾക്ക് ഒട്ടേറെ പരിഹാരം കാണാൻ സാധിക്കും. അങ്ങ് പറഞ്ഞത് ശരിയാണ്. വാഹനങ്ങൾ പാർക്ക് ചെയ്യുന്നതെവിടെയെന്നുള്ള കാര്യം കൊണ്ടിടുന്ന ആളിനും ബോധം വേണം. ഈ പറഞ്ഞ കാര്യങ്ങൾ കൃത്യമായി നടപ്പാക്കാൻ ശക്തമായ നിലപാട് തദ്ദേശഭരണ സ്ഥാപനങ്ങൾ സ്വീകരിക്കുകയാണെങ്കിൽ നല്ലൊരളവിൽ പ്രശ്നങ്ങൾ ഒഴിവാക്കാൻ സാധിക്കും.

ശ്രീ. എ. എൻ. ഷംസീർ: സർ, ബഹുമാനപ്പെട്ട അംഗം വളരെ ഗൗരവവും സജീവമായ ചർച്ചയ്ക്ക് വിധേയമാക്കേണ്ടതുമായ ഒരു പ്രൈവറ്റ് ബില്ലാണ് ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. ഇത് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി മാത്രം വിചാരിച്ചാൽ പരിഹരിക്കാൻ സാധിക്കുന്ന വിഷയമല്ല. മറിച്ച് തദ്ദേശസ്വയം ഭരണ-ഗതാഗത വകുപ്പുകൾ ഒരുമിച്ചാലോചിക്കേണ്ട കാര്യമാണ്. കാരണം, പ്രധാനപ്പെട്ട ജംഗ്ഷനുകളിലായിരിക്കും ബസ്സ്റ്റോപ്പുകൾ വരുന്നത്. ഏതെങ്കിലുമൊരു ക്രോസ് റോഡ് ഉണ്ടെങ്കിൽ അവിടെ ബസ് സ്റ്റോപ്പ് വരും. സ്വാഭാവികമായും ആളുകളെ കയറ്റുന്നതിനുവേണ്ടി ബസ് പാർക്ക് ചെയ്യുമ്പോൾ ഗതാഗതക്കുരുക്കുണ്ടാകും. ഇങ്ങനെയൊരു പ്രശ്നം നമ്മുടെ പ്രധാന ദേശീയ പാതയിലൊക്കെ കാണാൻ സാധിക്കുന്നുണ്ട്. അതുപോലെയുള്ള ഒരു വിഷയമാണ് ദേശീയ പാതയോരത്ത് മാത്രമല്ല, പ്രധാനപ്പെട്ട സ്ഥലങ്ങളിലെല്ലാം തെരുവ് കച്ചവടക്കാരും ഉന്തുവണ്ടിക്കാരുമുള്ളത്. മൂവബിളായിട്ടുള്ള വണ്ടി ചിലപ്പോൾ നമുക്ക് അനുവദിക്കേണ്ടിവരും. പക്ഷെ സ്ഥിരമാക്കുകയാണ്. ഹോട്ടലുകൾപോലെ വലിയ വാടക കൊടുത്ത് പ്രവർത്തിക്കുന്ന ദേശീയ പാതയോരത്ത് പലതരത്തിലുള്ള കച്ചവടങ്ങൾ സ്ഥാപിക്കപ്പെടുകയാണ്. അത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. ചിറ്റയം ഗോപകുമാർ: സർ, അതിനെക്കുറിച്ചുള്ള ഒരു വിഷയമാണ് നമ്മൾ ഇവിടെ ചർച്ച ചെയ്തത്. തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി അത് സംബന്ധിച്ച് പറയുകയും ചെയ്തു. പലപ്പോഴുമുള്ള പ്രശ്നം തദ്ദേശഭരണ സ്ഥാപനങ്ങൾ

ഇത്തരത്തിലുള്ള ഒരു ട്രാഫിക് സംവിധാനം മെച്ചപ്പെടുത്തുന്നതിനും ട്രാഫിക് കുരുക്കുകൾ പരിഹരിക്കുന്നതിനും ആവശ്യമായ നടപടി എടുക്കുന്നില്ല. എന്റെ മണ്ഡലത്തിൽ അടൂർ, പന്തളം തുടങ്ങിയ പ്രദേശങ്ങളിൽ ഞാൻ തന്നെ മുൻകയ്യെടുത്ത് പല പ്രാവശ്യം ഈ പ്രശ്നം പരിഹരിക്കുന്നതിനുള്ള പരിശ്രമം നടത്തിയതാണ്. എന്നാൽ വാഹനം ഓടിക്കുന്നവരും അതുപോലെ സ്വന്തമായി വാഹനം ഉപയോഗിക്കുന്നവരുമൊക്കെ അലക്ഷ്യമായി വാഹനം പാർക്ക് ചെയ്യുകയാണ്. അത് ചോദ്യം ചെയ്താൽ പ്രശ്നമായി മാറും. അതുകൊണ്ട് ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കപ്പെടണം. ഇപ്പോൾ വിദേശ രാജ്യത്തെല്ലാംതന്നെ വ്യവസ്ഥാപിതമായ മാർഗ്ഗങ്ങളുണ്ട്. ഇപ്പോൾ ഓരോ സ്ഥലത്തുകൂടിയും വാഹനം ഓടിക്കുമ്പോൾ ഇത്ര കിലോമീറ്റർ വേഗത്തിൽ മാത്രമേ ഓടിക്കാൻ പാടുള്ളൂ; അവിടെയെല്ലാം ക്യാമറ വച്ചിട്ടുണ്ട്. ഓട്ടോമാറ്റിക്കായി ഫൈൻ ഈടാക്കും. അങ്ങനെ തുടർച്ചയായി ഫൈൻ ഈടായിക്കഴിഞ്ഞാൽ അവരുടെ ലൈസൻസ് റദ്ദ് ചെയ്യും. പിന്നീട് ആജീവനാന്തം വണ്ടി ഓടിക്കാൻ പറ്റാത്ത നിലയിൽ വാഹനം കണ്ടുകൊണ്ടിരിക്കുന്ന അവസ്ഥയാണ് വിദേശ രാജ്യങ്ങളിലുള്ളത്. പക്ഷേ ഇവിടെ ആർക്കും എന്തും ചെയ്യാമെന്ന നിലയിലുള്ള ഒരു ബോധം നമ്മുടെയെല്ലാം മനസ്സിൽ ഉണ്ടായിട്ടുണ്ട്. അതുകൊണ്ട് സ്വാഭാവികമായും ഇത് കർശനമായി പാലിക്കപ്പെടണം. ഇപ്പോൾത്തന്നെ നമുക്കറിയാം, ഒരു വീട്ടിൽ രണ്ടുംമൂന്നും വാഹനങ്ങളുണ്ട്. വീട്ടിൽനിന്നും അര കിലോ മീറ്റർ പോകുന്നതിന് വാഹനം ഉപയോഗിക്കുന്നു. ഇതിനെ കർശനമായി ഒഴിവാക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കണം. ഇവിടെ ബഹുമാനപ്പെട്ട അംഗം എ. എൻ. ഷംസീർ സൂചിപ്പിച്ച ഏറ്റവും പ്രധാനപ്പെട്ട മറ്റൊരു പ്രശ്നമാണ്, പ്രധാനപ്പെട്ട ജംഗ്ഷനുകളിലെല്ലാം സിഗ്നൽ ലൈറ്റ് വച്ചിട്ടുണ്ട്. ആ സിഗ്നൽ ലൈറ്റിനോട് ചേർന്നാണ് വെയിറ്റിംഗ് ഷെഡ്ഡ് വന്നിട്ടുള്ളത്. ഇത്തരത്തിൽ നിരവധി പ്രശ്നങ്ങൾ നമ്മൾ നേരിടുന്നുണ്ട്. അതിൽ ട്രാഫിക് പോലീസും തദ്ദേശസ്വയംഭരണ വകുപ്പും ആർ.ടി.ഒ. ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥരും സംയുക്തമായ തീരുമാനമെടുത്തുകൊണ്ട് കർശനമായി ഇത്തരം പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തിയില്ലെങ്കിൽ ശാശ്വത പരിഹാരം ഉണ്ടാക്കാൻ കഴിയില്ലെന്ന വസ്തുത അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. എം. വിൻസെന്റ്</u>: സർ, വളരെ പ്രസക്തമായ ഒരു ബില്ലാണ് അങ്ങ് ഇവിടെ അവതരിപ്പിച്ചത്. പക്ഷെ പാർക്കിംഗ് മൂലമുണ്ടാകുന്ന പ്രശ്നങ്ങൾ ഒരു പരിധിവരെ നിയന്ത്രിക്കാൻ കഴിയുകയില്ല. കാരണം വാഹനങ്ങളുടെ പെരുപ്പമാണ്. ഇന്നിപ്പോൾ ഒരാൾക്ക് യാത്രചെയ്യാൻപോലും കാർ എടുക്കുന്ന സാഹചര്യമാണുള്ളത്. ഈ വാഹനങ്ങളുടെ പെരുപ്പം കുറയ്ക്കാൻ ഒരാഴ്ചയിൽ ഒരു ദിവസമെങ്കിലും ഒരു 'വെഹിക്കിൾ ഹോളിഡേ' വേണം. ഒരാൾക്ക് ഒരു

വാഹനമുണ്ടെങ്കിൽ 7 ദിവസവും വാഹനം എടുക്കുന്നവർ 6 ദിവസം ആക്കുക. അങ്ങനെ ഒരാഴ്ചയിൽ ഒരു ദിവസമെങ്കിലും ഈ വാഹനം ഉപയോഗിക്കുന്നതിന് അവധികൊടുക്കണമെന്ന് അങ്ങേയ്ക്ക് അഭിപ്രായം ഉണ്ടോ?

ശ്രീ. ആർ. രാജേഷ്: സർ, ട്രാഫിക് നിയമങ്ങൾ നമ്മുടെ നാട്ടിൽ ഒരുപാടുണ്ട്. വിദേശത്തുപോയാൽ നമ്മൾ ട്രാഫിക് നിയമം പാലിക്കും. പക്ഷേ നാട്ടിൽവന്നാൽ എങ്ങനെയും മതിയെന്ന സ്ഥിതിയാണ്. 100 ശതമാനം സാക്ഷരതയും നല്ല വിദ്യാഭ്യാസവുമുണ്ട്. പക്ഷേ നമ്മുടെ നാട്ടിൽ ട്രാഫിക് സംസ്കാരം വളർന്നുവരണം. അത് നിയമങ്ങൾകൊണ്ട് മാത്രമാകില്ല. ലക്ഷക്കണക്കിന് വാഹനങ്ങളുണ്ട്. ഒരു വർഷം നിരത്തിൽ മരണമടയുന്ന ആളുകളുടെ എണ്ണം വളരെ കൂടുതലാണ്. നമുക്ക് ഒരു ദിവസംകൊണ്ട് മാറ്റാൻ കഴിയില്ല. ട്രാഫിക് സംസ്കാരമുള്ള ഒരു പുതിയ തലമുറ വളർന്നുവരാനും ട്രാഫിക് സംവിധാനത്തെക്കുറിച്ച് പഠിക്കാനും സ്കൂൾ പാഠ്യപദ്ധതിയിൽ, ഏറ്റവും അനിവാര്യമായി ഇത് വരേണ്ടതിന്റെ ആവശ്യകത അങ്ങേയ്ക്ക് തോന്നിയിട്ടുണ്ടോ?

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട അംഗം, ഈ വിഷയം തുടർ ചർച്ചയ്ക്കായി മാറ്റിവയ്ക്കാം.

ശ്രീ. പി. ടി. എ. റഹീം: സർ, സംസ്കാരത്തെ സംബന്ധിച്ചും അത് പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനെക്കുറിച്ചുമാണ് ഇവിടെ ഉന്നയിച്ചത്. ബഹുമാനപ്പെട്ട അംഗം സ്ഥിരമായി ഗൾഫിൽ പോകുന്ന ആളാണ്. അവിടെ സീബ്രാ ലൈനിൽക്കൂടി ക്രോസ് ചെയ്യുന്നത് കണ്ടാൽ വണ്ടി നിർത്തിക്കൊടുക്കും. നമ്മുടെ നാട്ടിൽ നിർത്തുകയില്ല. ഒരാൾ റോഡ് ക്രോസ് ചെയ്യാൻ ഒരു ഭാഗത്ത് നിൽക്കുകയാണെങ്കിൽ ഡ്രൈവർ അവിടെ സ്റ്റോപ്പ് ചെയ്ത് അവരോട് അപ്പുറം കടന്നുപോകാൻ പറഞ്ഞതിനുശേഷമേ വണ്ടി മുന്നോട്ടെടുക്കുകയുള്ളൂ. അവിടെനിന്ന് തിരിച്ച് നാട്ടിൽവരുന്ന ഡ്രൈവർമാരും ഇതൊക്കെ ചെയ്യുന്നത് കാണാറുണ്ട്. അപ്പോൾ ഇതൊരു സംസ്കാരത്തിന്റെ ഭാഗമാണോയെന്ന് ബഹുമാനപ്പെട്ട അംഗം ശ്രദ്ധിച്ചിട്ടുണ്ടോ?

ശ്രീ. പാറക്കൽ അബ്ദുല്ല: സർ, തീർച്ചയായിട്ടും. ഇതിൽ ഒരുപാട് കാര്യങ്ങളുണ്ട്. ഇത് പറയുമ്പോൾ എല്ലാ ആളുകൾക്കും ദൈനംദിന ജീവിതത്തിൽ അനുഭവിക്കുന്ന ബുദ്ധിമുട്ടുകളും പ്രയാസങ്ങളുമാണ് ഇപ്പോൾ ഇവിടെ ചർച്ച ചെയ്തുകൊണ്ടിരിക്കുന്ന ബിൽ എന്നുള്ളതിന് തർക്കവും സംശയവും ഉണ്ടാകില്ല. ഡേ-ടു-ഡേ ജീവിതത്തിലുള്ള വിഷയമാണ്. ശ്രീമതി പി. അയിഷാ പോറ്റി പറഞ്ഞ വിഷയങ്ങൾ വളരെ പ്രാധാന്യമുള്ളതാണ്. ഇപ്പോൾ നാട്ടിൽ ഷോപ്പിംഗ്മാളുകളുടെ സംസ്കാരമാണ് നടന്നുകൊണ്ടിരിക്കുന്നത്. പുതിയ മാളുകൾ

വരികയാണ്. ഇവിടെയൊക്കെ സ്വാധീനമുപയോഗിച്ച് ആദ്യം പാർക്കിംഗ് കാണിക്കും. പിന്നീട് പാർക്കിംഗ് കാണിച്ച സ്ഥലത്ത് നമ്പരിട്ട് കൊടുക്കുന്ന സാഹചര്യം നിലവിലുണ്ട്. നമ്മുടെ നാട്ടിൽ പൊതുവെ നടന്നുവരുന്ന ഒന്നാണ്. പിന്നീട് വണ്ടി പാർക്ക് ചെയ്യണമെങ്കിൽ ക്രെയിനോ മറ്റോ കൊണ്ടുപോയി ഇറക്കിക്കൊടുക്കേണ്ടി വരും. പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തി ട്രാഫിക് സംസ്കാരത്തെക്കുറിച്ച് പഠിപ്പിക്കാനുള്ള സംവിധാനം സർക്കാർതലത്തിൽ ഒരുക്കേണ്ടതുണ്ട്. ഇത് വിശദമായി ചർച്ച ചെയ്യേണ്ട വിഷയമാണ്. ബഹുമാനപ്പെട്ട അംഗം ശ്രീ. പി. ടി. എ. റഹീം സാഹിബ് പറഞ്ഞ ഒരു കാര്യമുണ്ട്. നമ്മൾ, സീബ്രാ ലൈനിൽ വണ്ടി നിർത്താത്തത് മാത്രമല്ല, റെഡ് സിഗ്നൽ കണ്ടാൽ വാഹനം നിർത്തിയിടണമെന്നതും ഇവിടെയുള്ള ജനങ്ങൾക്ക് ബോധ്യമില്ലാത്ത കാര്യമാണ്. തിരക്കുള്ള ജംഗ്ഷനിലാണെങ്കിൽപ്പോലും റെഡ് സിഗ്നൽ കത്തിക്കഴിഞ്ഞാലും ജനങ്ങൾ അതൊന്നും ശ്രദ്ധിക്കാതെ നടന്നുവരുന്നു. അക്കാര്യത്തിൽ ഒരു അവബോധം വളരെ കൃത്യമായി ഇവിടെ നടത്തേണ്ടതാണ്. മറ്റൊരു വിഷയം, പഞ്ചായത്തിന് ഇപ്പോൾ ഒരു നിയമമുണ്ടെന്ന് പറയുന്നുണ്ടെങ്കിലും ഏകോപനമില്ല. പഞ്ചായത്തിലെ പാർക്കിംഗ് സംബന്ധിച്ച് പോലീസാണ് നടപടിയെടുക്കേണ്ടത്. പഞ്ചായത്താണ് ഇതിന്റെ അധികാരികളെങ്കിലും പഞ്ചായത്തും പോലീസ് ഡിപ്പാർട്ടുമെന്റുമായും ബന്ധമുണ്ടാകില്ല.

<u>ശ്രീ. കെ. ബാബു</u>: സർ, വാഹന ഗതാഗത നിയന്ത്രണവും വാഹനങ്ങളുടെ പാർക്കിംഗും നിയന്ത്രിക്കപ്പെടുന്ന തലത്തിലേയ്ക്ക് പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനായുള്ള ട്രാഫിക് അഡ്വൈസറി കമ്മിറ്റി എപ്പോഴെങ്കിലും ചേരാറുണ്ടോ എന്ന കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. പാറക്കൽ അബ്ദുല്ല</u>: സർ, കൃത്യവും വ്യക്തവുമായൊരു നിയമമുണ്ടെങ്കിൽ മാത്രമേ ഇവയൊക്കെ നിയന്ത്രിക്കാൻ കഴിയൂ. ദിവസവും ജനസംഖ്യയേക്കാൾ വാഹനം വർദ്ധിച്ചുകൊണ്ടിരിക്കുന്ന നാട്ടിൽ അതിനനുസരിച്ചുള്ള ഒരു പുതിയ നയം പ്രഖ്യാപിച്ചേ മതിയാകൂ. നാടിന്റെ വികസനവും മനുഷ്യന്റെ നിലനിൽപ്പുമായും ബന്ധപ്പെട്ട് വളരെ പ്രാധാന്യമുള്ളൊരു ബിൽ എന്ന നിലയിൽ ഇതിനെ കാണണം. പ്രസ്തുത ബിൽ തുടർ ചർച്ചയ്ക്കുവേണ്ടി മാറ്റിവയ്ക്കാം.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: 2019-ലെ കേരള പാർക്കിംഗ് റെഗുലേറ്ററി അതോറിറ്റി രൂപീകരണ ബിൽ തുടർ ചർച്ചയ്ക്കായി മാറ്റി വയ്ക്കുന്നു.

(ചർച്ച തുടരും)

## (iv) 2019-ലെ കേരള കാർഷികോത്സവ, കാളയോട്ട, കാള വയൽ (സംരക്ഷിക്കലും നടത്തിപ്പും) ബിൽ

ശ്രീ. അനൂപ് ജേക്കബ്: സർ, 2019-ലെ കേരള കാർഷികോത്സവ, കാളയോട്ട, കാള വയൽ (സംരക്ഷിക്കലും നടത്തിപ്പും) ബില്ലിന് അവതരണാനുമതി നൽകണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. സണ്ണി ജോസഫ്: സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, ബഹുമാനപ്പെട്ട അംഗം ഇവിടെ കൊണ്ടുവന്നിരിക്കുന്ന ബില്ലിനോട് ഗവൺമെന്റിന് പോസിറ്റീവായ സമീപനമാണുള്ളത്. കാളപൂട്ട്, കന്നുപൂട്ട്, മരമടി, ഉഴവുമത്സരങ്ങൾ 1960-ലെ മൃഗപീഡനം തടയൽ നിയമത്തിന്റെയും കേന്ദ്ര പരിസ്ഥിതിയും വനവും വകുപ്പിന്റെ വിജ്ഞാപനത്തിന്റെയും ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ 7-5-2014-ലെ സിവിൽ അപ്പീൽ നം.5357/2014 *Animal Welfare Board of India Vs A. Nagaraja & Ors.* എന്ന കേസിലെ വിധിയുടെയും ലംഘനമായതിനാൽ ഇത്തരം മത്സരങ്ങൾ കേരളത്തിൽ നടത്തുന്നതിനെതിരെ നിയമാനുസൃത നടപടികൾ സ്വീകരിക്കണമെന്ന് മൃഗസംരക്ഷണ വകുപ്പ് നിർദ്ദേശം നൽകിയിരുന്നു. എന്നാൽ കാളപൂട്ട്, കന്നുപൂട്ട്, മരമടി എന്നിവയ്ക്കുള്ള നിരോധനം നീക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ശ്രീ. ഇ. വി. മുഹമ്മദലി ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഫയൽ ചെയ്ത റിട്ട് ഹർജിയിലെ 9-12-2015-ലെ വിധിന്യായത്തിൽ ഇത് നിയമാനുസൃതമാണെങ്കിൽ അനുവാദത്തിനായി ബന്ധപ്പെട്ട അധികാരികളെ സമീപിക്കാൻ ഉത്തരവായിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ സർക്കാരിത് വിശദമായി പരിശോധിക്കുകയുണ്ടായി. കാളപൂട്ട്, കന്നുപൂട്ട്, മരമടി, ഉഴവുമത്സരങ്ങൾ കേരളത്തിന്റെ കാർഷിക സംസ്കാരത്തിന്റെ വളരെ പ്രധാനപ്പെട്ട ഒരു ഘടകമായിരുന്നു. നമ്മുടെ ഗ്രാമങ്ങളിലെല്ലാം വ്യാപകമായി ഉണ്ടായിരുന്ന ഒരു വലിയ ആഘോഷ പരിപാടിയായിരുന്നു ഇവ. Cruelty to the Animals എന്ന ഗണത്തിൽപ്പെടുത്താൻ കഴിയുന്ന കാര്യങ്ങളല്ല ഇവയെന്നാണ് സർക്കാരിന്റെ അഭിപ്രായം. വിളവിറക്കലും വിളവെടുപ്പുമായി ബന്ധപ്പെട്ട് കാർഷികോത്സവങ്ങളും പ്രദർശനങ്ങളും സെമിനാറുകളും ഇപ്പോൾത്തന്നെ കൃഷി വകുപ്പിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടത്തിവരുന്നുണ്ട്. ഇത്തരത്തിലുള്ള കന്നുപൂട്ട് മത്സരങ്ങൾ പലയിടങ്ങളിലും നടക്കുന്നുണ്ട്. ഇവ Cruelty to the Animals എന്ന ഗണത്തിൽപ്പെടുത്തേണ്ടതില്ല എന്നതാണ് സർക്കാരിന്റെ നയം. ഈ വിഷയത്തിൽ വിശദമായ പഠനം നടത്തി

സമഗ്രവും വസ്തുനിഷ്ഠവുമായ റിപ്പോർട്ട് സമർപ്പിക്കാൻ മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറെ ചുമതലപ്പെടുത്തിയിരിക്കുകയാണ്. സർക്കാർ ഔദ്യോഗികമായി ഈ വിഷയത്തിൽ ഒരു ബിൽ കൊണ്ടുവരുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. അതുകൊണ്ട് 2019-ലെ കേരള കാർഷികോത്സവ, കാളയോട്ട, കാള വയൽ (സംരക്ഷിക്കലും നടത്തിപ്പും) സംബന്ധിച്ച അനൗദ്യോഗിക ബിൽ ഇപ്പോൾ ഇവിടെ അവതരിപ്പിക്കേണ്ടതില്ല. ഈ ബില്ലിന്റെ ഉള്ളടക്കത്തെപ്പറ്റി ഗവൺമെന്റിന് അഭിപ്രായവ്യത്യാസമില്ല. പല സ്വകാര്യ ബില്ലുകളുമാണ് പിന്നീട് ഔദ്യോഗിക ബില്ലുകളായി വന്നിട്ടുള്ളത്. പ്രസ്തുത ബില്ലിൽ പറയുന്ന കാര്യങ്ങളോട് വിയോജിപ്പുള്ളതുകൊണ്ടല്ല, പക്ഷെ സംസ്ഥാന ഗവൺമെന്റുതന്നെ ഔദ്യോഗികമായി ബിൽ കൊണ്ടുവരാൻ ഉദ്ദേശിക്കുന്നതുകൊണ്ട് ഈ ബില്ലിന് അവതരണാനുമതി നൽകേണ്ടതില്ല എന്ന് ഗവൺമെന്റിനുവേണ്ടി അറിയിക്കുകയാണ്.

<u>ശ്രീ. അനൂപ് ജേക്കബ്</u>: സർ, ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടി ഏറെ സ്വാഗതാർഹമാണ്. നമ്മുടെ നാടിന്റെ സംസ്കാരത്തെ നിലനിർത്തുകയെന്ന ലക്ഷ്യമാണ് ഞാനിവിടെ അവതരിപ്പിക്കാൻ അനുമതി തേടിയ ബില്ലിലുള്ളത്. ബഹുമാനപ്പെട്ട മന്ത്രി അതിന്റെ ഉള്ളടക്കം വായിച്ചിരിക്കുമെന്ന് ഞാൻ കരുതുന്നു. ഗവൺമെന്റ് ഇക്കാര്യത്തിൽ പോസിറ്റീവായ സമീപനം സ്വീകരിക്കുന്നുവെന്നതിൽ ഏറെ സന്തോഷമുണ്ട്, അതിനെ പൂർണ്ണമായും സ്വാഗതം ചെയ്യുന്നു. ഇതുമായി ബന്ധപ്പെട്ട് 2017- ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിയമസഭയിൽ നൽകിയ മറുപടിയിൽ ഉപാധികളോടെ ഇവ നടത്താൻ കഴിയുമോയെന്ന് പരിശോധിക്കുന്നുവെന്ന് പറഞ്ഞിരുന്നു. രണ്ട് വർഷം കഴിഞ്ഞിട്ടും ഇതുമായി ബന്ധപ്പെട്ട് യാതൊരു നീക്കങ്ങളും ഉണ്ടാകാത്ത സാഹചര്യത്തിലാണ് ഇത്തരത്തിലുള്ള ഒരു ബിൽ അവതരിപ്പിക്കാനുള്ള പ്രേരണയുണ്ടായത്.

<u>ശ്രീ. വി. പി. സജീന്ദ്രൻ</u>: സർ, കാളയോട്ടവുമായി ബന്ധപ്പെട്ടുള്ള ബില്ലാണിത്. പാരമ്പര്യമായി ചെയ്തുവരുന്ന ഒരു ആഘോഷമാണത്. അതിനെ സംബന്ധിച്ച് ബഹുമാനപ്പെട്ട അംഗം ശ്രീ. അനൂപ് ജേക്കബ് പറഞ്ഞതെല്ലാം ശരിയാണ്. പക്ഷെ നിയമങ്ങൾ പലതുണ്ടെങ്കിലും മൃഗങ്ങളെ കശാപ്പുശാലകളിൽ കശാപ്പ് ചെയ്യുന്ന രീതിയിൽ ഇതുവരെ മാറ്റം വരുത്തിയിട്ടില്ല. അതിദയനീയമായിട്ടാണ് മൃഗങ്ങളെ കൊല്ലുന്നത്. .....(ബഹളം).... കാളകളുടെയും പോത്തിന്റെയും വിഷയം പറയുമ്പോൾ ഇത് പറയണ്ടേ? ....... സബ്ജക്ട് ഇതുതന്നെയാണ്. ആഘോഷങ്ങളുമായി ബന്ധപ്പെട്ട് മൃഗങ്ങളെ ദ്രോഹിക്കുന്ന കാര്യത്തിൽ അടിയന്തരമായി ഇടപെടണമെന്ന കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. അനൂപ് ജേക്കബ്</u>: സർ, അദ്ദേഹം പറഞ്ഞത് മറ്റൊരു വിഷയമാണ്. ഈ ബില്ലിൽ ഉദ്ദേശിച്ചിരിക്കുന്നത് കാർഷിക സംസ്കാരത്തെ വളർത്തിയെടുക്കുക എന്നുള്ളതാണ്. ഇവിടെ മന്ത്രി പറഞ്ഞതിൽനിന്ന് ഞാൻ ആരംഭിക്കുകയാണ്. നമ്മുടെ സംസ്കാരത്തിന്റെ ഒരു ഭാഗമാണ്; മനുഷ്യന് മണ്ണിനോടുള്ള സ്നേഹബന്ധം കാണിക്കുന്ന ഒന്നായി കൃഷിയെ നമുക്ക് കാണാൻ കഴിയും. അതിൽനിന്ന് ലഭിക്കുന്ന സ്വയംപര്യാപ്തത, ആത്മവിശ്വാസം എന്നിവ വളരെ വലുതാണ്. ഗവണ്മെന്റുതന്നെ അതിനെ പ്രോത്സാഹിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കുന്നുവെന്നാണ്, വാർഷിക പദ്ധതിയിലുൾപ്പെടുത്തി ഇത്തരത്തിലുള്ള കാര്യങ്ങൾക്ക് കൂടുതൽ പ്രോത്സാഹനം നൽകാൻ ഗവണ്മെന്റ് ഉദ്ദേശിക്കുന്നതായി അദ്ദേഹം ഇവിടെ സൂചിപ്പിച്ചത് അതിന്റെ അടിസ്ഥാനത്തിലാണ്. ഇവിടെ ഇപ്പോൾ സംഭവിച്ചിരിക്കുന്നത്, Prevention of Cruelty to Animals Act, 1960 പ്രകാരം ഇത്തരത്തിലുള്ള മത്സരങ്ങൾ നടത്താനുള്ള അനുമതി ഉണ്ടാകുന്നില്ല. ഗവൺമെന്റിന് ഇത്തരത്തിലുള്ള ഒരു സമീപനമുണ്ടെങ്കിൽ ബന്ധപ്പെട്ട റവന്യൂ, മൃഗസംരക്ഷണ വകുപ്പ് അധികൃതർക്ക് നിർദ്ദേശം നൽകേണ്ടതുണ്ട്. ചില സ്ഥലങ്ങളിൽ അധികൃതരെ അറിയിക്കാതെ നടത്തുകയാണ്. എന്നാൽ ചില സ്ഥലങ്ങളിലിത് വളരെ ശക്തമായി എതിർക്കപ്പെടുന്നുണ്ട്. ഇത് തടയിടാനായുള്ള ബോധപൂർവ്വമായ ശ്രമങ്ങൾ നടക്കുന്നുണ്ട്. ഗവൺമെന്റിന് ഇത്തരത്തിലൊരു സമീപനമുണ്ടെങ്കിൽ അത് വ്യക്തമായി ഇതുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ അറിയിക്കാനുള്ള ഉത്തരവാദിത്വം കാണിക്കണം. കേരളത്തിൽ ആനന്ദപ്പള്ളി, പുന്നല, പാലക്കാട്, കോഴിക്കോട്, കല്ലുവാതുക്കൽ തുടങ്ങി തെക്കൻ കേരളത്തിലും വടക്കൻ കേരളത്തിലും ധാരാളം സ്ഥലങ്ങളിൽ മരമടി, കാളയോട്ട മത്സരങ്ങൾ നടക്കുന്നുണ്ട്. എറണാകുളം ജില്ലയിലെ കാക്കൂര് 130-ാം വർഷത്തിലേയ്ക്ക് കടക്കുന്ന കാളവയൽ മത്സരമാണ്. മന്ത്രി ഒരിക്കൽ അവിടെ വന്നിട്ടുണ്ട്. എന്റെ നിയോജകമണ്ഡലത്തിലുള്ള സ്ഥലമാണ്. അവിടെ കഴിഞ്ഞ മൂന്ന് വർഷമായി ഈ നിയമത്തിന്റെ പേരിൽ ഇത് നടത്താനുള്ള സാഹചര്യമുണ്ടാകുന്നില്ല. അതാണ് ഇത്തരത്തിലുള്ള കാര്യങ്ങൾ സംരക്ഷിക്കപ്പെടണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള ബിൽ അവതരിപ്പിക്കാനുണ്ടായ പ്രേരണ.

12.00 Noon]

<u>ശ്രീ. കെ. ബാബു</u>: സർ, കാർഷിക സംസ്കൃതിയുടെ ഭാഗമായിട്ടാണ് കാളപൂട്ട്/കാളയോട്ട മത്സരങ്ങൾ നടത്തുന്നത്. പാലക്കാട് ജില്ലയിലെ കുഴൽമന്ദം കേന്ദ്രീകരിച്ച് cattle race club തന്നെയുണ്ട്. വർഷാവർഷം ലക്ഷക്കണക്കിന് രൂപ പ്രൈസ് മണിയായി കൊടുത്ത്, ഒരാൾക്കും ഒരു ഉപദ്രവവും ഇല്ലാതെ, യഥാർത്ഥത്തിൽ കൃഷിയിടങ്ങളിൽ ഉഴുന്നതുപോലെ കാളയെക്കൊണ്ട് നിലങ്ങൾ

ഉഴുത് ഏറ്റവും ആദ്യം എത്തുന്നതിന് സമയംവച്ച് സമ്മാനം കൊടുക്കുകയാണ്. അതൊരു കാർഷിക സംസ്കൃതിയുടെ ഭാഗമാണ്. എന്റെ നിയോജകമണ്ഡലത്തിന്റെ തൊട്ടടുത്താണ് പൊള്ളാച്ചി. അതിനടുത്താണ് തിരുമൂർത്തി ഡാം. അവിടെ വാവ് ഉത്സവത്തിന് പതിനായിരക്കണക്കിന് കാളകളാണ് തമിഴ്നാട്ടിൽനിന്നും കേരളത്തിൽനിന്നും വരുന്നത്. അതുപോലെ കുഴൽമന്ദത്തുള്ള ഒരു പള്ളിനേർച്ചയ്ക്ക് ആയിരക്കണക്കിന് കാളവണ്ടികളാണ് വരുന്നത്. ഇപ്പോൾ എന്റെ ഒരു സുഹൃത്തിന്റെ കാളയെ തമിഴ്നാട്ടിലേയ്ക്ക് വിൽക്കുകയും അതിന് മധുരയിൽ വച്ച് നടന്ന കാളയോട്ട മത്സരത്തിൽ ഒന്നാം സമ്മാനം ലഭിക്കുകയും ചെയ്തു. കാളയോട്ടവും കാളപൂട്ടും കാർഷിക സംസ്കൃതിയുടെ ഭാഗമായി ഉയർത്തിക്കൊണ്ടുവരേണ്ടതും നിലനിർത്തേണ്ടതുമാണ്. തമിഴ്നാട്ടിലേയ്ക്ക് പോയി ജെല്ലിക്കെട്ട് നടത്തുന്നതിൽ ഒരു പ്രശ്നവുമില്ല. മധുരയിൽ നടന്ന കഴിഞ്ഞ ജെല്ലിക്കെട്ട് മത്സരത്തിൽ മൂന്നാളുകളാണ് കാളയുടെ കുത്തേറ്റുമരിച്ചത്. ഇവിടെ കാളയ്ക്കും കാളയോടിക്കുന്നവർക്കും യാതൊരു പരിക്കുമേൽക്കാതെ സുരക്ഷിതമായി നടത്തുന്ന കാളപൂട്ട്, കാളയോട്ട, മത്സരങ്ങളാകട്ടെ, കാളയുടെ സൗന്ദര്യമത്സരമാവട്ടെ അതിനെ നിലനിർത്തിക്കൊണ്ടുവരണമെന്നത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. ചിറ്റയം ഗോപകുമാർ</u>: സർ, നിരവധി വർഷങ്ങളായി കേരളത്തിൽ നടന്നുവരുന്ന വലിയൊരു കാർഷികോത്സവമാണ് കാളയോട്ട മത്സരം. കൊട്ടാരക്കരയിൽ പാണ്ടിവയൽ ഏല ഉണ്ടായിരുന്നു. ഓയൂരിൽ പേരുതന്നെ കാളവയൽ എന്നറിയപ്പെടുന്ന സ്ഥലമുണ്ടായിരുന്നു. കേരളത്തിലെ മിക്കവാറും എല്ലാസ്ഥലത്തും ഇത്തരത്തിലുള്ള മത്സരങ്ങളുണ്ട്. അടൂർ മണ്ഡലത്തിലെ ആനന്ദപ്പള്ളി മരമടി മഹോത്സവം വളരെ ഭംഗിയായി നടന്നുകൊണ്ടിരുന്നത് രണ്ടുവർഷമായി നടക്കുന്നില്ല. ഞാൻ ഈ നിയമസഭയിൽ ഒരു സബ്മിഷൻ കൊണ്ടുവന്നതാണ്. ശ്രീ. കെ. ബാബു സൂചിപ്പിച്ചതുപോലെ, തമിഴ്നാട്ടിൽ ജെല്ലിക്കെട്ടും കോഴിപ്പോരും നടത്താം. ഇന്ത്യയ്ക്കകത്തുള്ള സംസ്ഥാനമാണ് തമിഴ്നാട്. അതേ ഇന്ത്യയിലുള്ള സംസ്ഥാനമാണ് കേരളം. കേരളത്തിൽ ഒരു നിയമം, തമിഴ്നാട്ടിൽ മറ്റൊരു നിയമം. ഇതുകൊണ്ടുതന്നെയാണ് നമ്മുടെ രാജ്യത്തിനൊരു ഏകീകൃത സ്വഭാവമില്ലെന്ന് മനസ്സിലാകുന്നത്. കാളവയൽ, കാളപൂട്ട് മത്സരങ്ങൾ യഥാർത്ഥത്തിൽ നിലം ഉഴുത് മറിക്കുകയാണ്. ഈ മത്സരങ്ങൾകൊണ്ട് കാളയ്ക്ക് ഒരു കുഴപ്പവും ഉണ്ടാകുന്നില്ല, കർഷകരുടെ ആവേശമാണ്. ആയിരക്കണക്കിനാളുകളാണ് ഈ മത്സരം കാണാൻ വരുന്നത്. കർഷകരും കർഷകത്തൊഴിലാളികളും ഉൾപ്പെടെയുള്ളവർ ഒരുമിച്ചുനിന്ന് ആഘോഷപൂർവ്വം നടത്തുന്ന മത്സരമാണ് കാളയോട്ട/കാളപൂട്ട് മത്സരം. ഇത്

സംസ്ഥാന ഗവൺമെന്റ് അനുഭാവപൂർവ്വമായി പരിഗണിക്കുന്ന എന്നുപറയുന്നതിൽ വളരെയേറെ സന്തോഷമുണ്ട്. അട്ടൂർ ആനന്ദപ്പള്ളി മരമടി മഹോത്സവം 2014 വരെ യാതൊരു കുഴപ്പവുമില്ലാതെ നല്ലനിലയിൽ നടന്നതാണ്. 2015-ൽ ഉത്സവം നടത്താനിരുന്നപ്പോൾ, ഈ പറഞ്ഞ കേസ് കാരണം ഉദ്യോഗസ്ഥർ അത് മാറ്റിവച്ചു. ചിലയിടങ്ങളിൽ ഇപ്പോഴും ഈ മത്സരങ്ങൾ നടക്കുന്നുണ്ട്. എന്നാൽ ബോധപൂർവ്വം ചില ഉദ്യോഗസ്ഥർ ഇത് നടത്താൻ പാടില്ല, മൃഗങ്ങളെ ദ്രോഹിക്കുന്നതാണ് എന്ന നിലയിലേയ്ക്ക് മാറ്റുന്നു. അതുകൊണ്ട് സംസ്ഥാന സർക്കാർ ഇപ്പോൾ കൊണ്ടുവരുന്ന ബിൽ അനുകൂലമായിട്ടുള്ളതാണ്. സമയബന്ധിതമായി റിപ്പോർട്ട് കൊണ്ടുവരുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ എത്രയുംവേഗം കൊടുക്കണം. അങ്ങ് വളരെ നല്ല രീതിയിലാണ് ബിൽ അവതരിപ്പിക്കുന്നത്.

<u>ശ്രീ. അനൂപ് ജേക്കബ്</u>: സർ, ബഹുമാനപ്പെട്ട രണ്ടംഗങ്ങളും സൂചിപ്പിച്ചത് വളരെ പ്രധാനപ്പെട്ട വിഷയങ്ങളാണ്. മൃഗങ്ങളെ യാതൊരു രീതിയിലും പീഡിപ്പിക്കുന്നില്ലെന്നത് യാഥാർത്ഥ്യമാണ്. ഇത് കർഷകന്റെ കരുത്ത് വിളിച്ചറിയിക്കുന്നതും ആത്മവിശ്വാസം വളർത്തുന്നതുമാണ്. ഇതുമായി ബന്ധപ്പെട്ട് വരുന്ന മറ്റ് വിവിധ വിപണന മേഖലകളൊക്കെ പലപ്പോഴും നിയമങ്ങൾ കണ്ടില്ലെന്ന് നടിക്കുന്ന സാഹചര്യമാണുള്ളത്. ലോകത്തെമ്പാടും ഇത്തരത്തിലുള്ള വിവിധ കാർഷികോത്സവങ്ങളുണ്ട്. അതുമായി ബന്ധപ്പെട്ട് അനവധി മത്സരങ്ങൾ നടക്കുന്നുണ്ട്. കൊറിയയിൽ Harvest Festival-ഉമായി ബന്ധപ്പെട്ട് ഗുസ്തി മത്സരമാണ് നടക്കുന്നത്. പൂർവ്വികരുടെ കല്ലറകളിൽ പോയി അവർ പ്രാർത്ഥിക്കുന്നത് കൊയ്ത്ത് ഉത്സവവുമായി ബന്ധപ്പെട്ട വളരെ പ്രധാനപ്പെട്ട ചടങ്ങാണ്. ഇസ്രായേലിൽ താൽക്കാലികമായി വീടുകൾ പണിത് ആ രാത്രി അവിടെ താമസിക്കുന്നു, അതുകഴിഞ്ഞ് പൊളിച്ചുകളയുന്നു. വൈവിധ്യമാർന്ന തരത്തിലുള്ള അനുഷ്ഠാനങ്ങളും ആചാരങ്ങളും ആഘോഷങ്ങളും ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ കാണാൻ കഴിയുന്നുണ്ട്. ഇവിടെ സൂചിപ്പിച്ചപോലെ കോഴിപ്പോര് നടത്തുന്നു, മഹാരാഷ്ട്രയിൽ ഗണേശോത്സവവുമായി ബന്ധപ്പെട്ട് കാളയോട്ടങ്ങൾ ഇപ്പോഴും നടക്കുന്നുണ്ട്. തമിഴ്നാട്ടിൽ നടക്കുന്ന ജെല്ലിക്കെട്ടിനെക്കുറിച്ച് ശ്രീ. കെ. ബാബു ഇവിടെ സൂചിപ്പിച്ചു. ജെല്ലിക്കെട്ടിൽ മനുഷ്യരുടെ ജീവൻ നഷ്ടപ്പെടുന്നതോടൊപ്പം മൃഗങ്ങൾക്ക് നാശമുണ്ടാകുകയും വലിയ രീതിയിലുള്ള പീഡനവും നടക്കുന്നുണ്ട്. തമിഴ്നാട് നിയമസഭ അതുസംബന്ധിച്ച് ഐകകണ്ഠ്യേന ഒരു നിയമം പാസ്സാക്കി. ഇതുമായി ബന്ധപ്പെട്ട് ഞാൻ ഗവൺമെന്റിന് നൽകിയൊരു ചോദ്യത്തിന് The Prevention of Cruelty to Animals Act-ലെ വ്യവസ്ഥകൾ ലംഘിച്ചുകൊണ്ട് സംസ്ഥാനത്തിന് പുതിയ

നിയമനിർമ്മാണം നടത്താൻ കഴിയില്ലെന്നുള്ള വിവരമാണ് ആഭ്യന്തര വകുപ്പ് രേഖാമൂലം നൽകിയത്. അതിനെക്കുറിച്ച് ആലോചനയുണ്ടെന്നാണ് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത്. ആഭ്യന്തര വകുപ്പ് പറയുന്നതാണോ ബഹുമാനപ്പെട്ട മന്ത്രി പറയുന്നതാണോ ശരി. മന്ത്രി പറയുന്നത് ഞാൻ മുഖവിലയ്ക്കെടുക്കുന്നു. തമിഴ്നാട് ഗവൺമെന്റ് കൊണ്ടുവന്നിട്ടുള്ള ആക്ട് ഞാനിവിടെ വായിക്കാം, Act No. 1 OF 2017, 'An Act to amend the Prevention of Cruelty to Animals Act, 1960, so as to preserve the cultural heritage of the State of Tamil Nadu and to ensure the survival and wellbeing of the native breeds of bulls.' ഈ അമെന്റ്മെന്റ് വന്നതോടെ കാളകളെ ജെല്ലിക്കെട്ടിൽ പങ്കെടുപ്പിക്കുന്നതിന് യാതൊരു നിയമതടസ്സവും ഉണ്ടാകുന്നില്ല. തമിഴ്നാട് നിയമസഭയ്ക്ക് ചെയ്യാമെന്നുണ്ടെങ്കിൽ നമുക്കും ചെയ്യാം. ആഭ്യന്തര വകുപ്പ് നിരുത്തരവാദപരമായ മറുപടിയാണ് ഒരു എം.എൽ.എ.-യ്ക്ക് നൽകിയിരിക്കുന്നത്. ഇത്തരത്തിലുള്ള കാര്യങ്ങൾ അനുവദിച്ചുകൊടുക്കാൻ കഴിയുകയില്ല. ഗവൺമെന്റ് ഇക്കാര്യത്തിൽ അനുകൂല സമീപനം സ്വീകരിക്കുന്ന പശ്ചാത്തലത്തിൽ ഇതൊരു ബില്ലായി സഭയിൽ കൊണ്ടുവന്ന് മുന്നോട്ടുപോകാനുള്ള സാഹചര്യങ്ങളുണ്ടാകണം. അത് തീർച്ചയായും വലിയൊരു മാറ്റവും സന്ദേശവും നൽകുകയാണ്. പ്രാകൃതമായ നിലയിൽ മൃഗങ്ങളെ കശാപ്പ് ചെയ്യുന്നത് തടയുന്നതിന് ആധുനിക സ്ലോട്ടർ ഹൗസ് കൊണ്ടുവരുന്നതിന് നടപടി സ്വീകരിക്കണം. പ്രാകൃതമായ കശാപ്പുശാലകളെ നിരോധിക്കണം. മൃഗങ്ങളുടെമേൽ പീഡനം നടക്കുന്നത് അവിടെയാണ്. ഇവിടെ മന്ത്രി പറഞ്ഞതിനോട് ഞാൻ യോജിക്കുകയാണ്. കാളപൂട്ടും കാളയോട്ടവും നമ്മുടെ സംസ്കാരത്തിന്റെ ഭാഗമാണ്. അത് സഭയുടെ പൊതുവായ വികാരമായി മുന്നോട്ട് വന്നിരിക്കുന്ന ഒന്നാണ്. അതുകൊണ്ടുതന്നെ ഈ വിഷയം ഗവൺമെന്റ് ഗൗരവമായി കണ്ട് ഔദ്യോഗിക ബിൽ കൊണ്ടുവരുന്ന പശ്ചാത്തലത്തിൽ മാത്രമേ ഇത് പിൻവലിക്കാൻ ഞാൻ ഉദ്ദേശിക്കുന്നുള്ളൂ. ഞാൻ ഇത് പിൻവലിക്കുന്നില്ല, തുടർ ചർച്ചയ്ക്ക് വയ്ക്കുകയാണ്.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, ബഹുമാനപ്പെട്ട അനൂപ് ജേക്കബ് ഇവിടെ പറഞ്ഞ കാര്യങ്ങളോടൊന്നും യാതൊരു വിയോജിപ്പുമില്ല. ഇത് Cruelty to Animal എന്ന ഗണത്തിൽപ്പെടുന്നതല്ല എന്നതാണ് ഗവൺമെന്റിന്റെ നയം. നമ്മുടെ കാർഷിക സംസ്കാരമെന്ന് പറയുന്നത് മണ്ണുമായി ബന്ധപ്പെട്ടതാണ്. അത് മനസ്സിലാക്കാത്ത പലരുമാണ് ഇതിനെതിരെ കേസ് കൊടുക്കുന്നതും കോടതിയിൽ പോകുന്നതും. ഇത്തരം മരമടി മത്സരങ്ങൾ ഔദ്യോഗികമായി സംഘടിപ്പിക്കാൻ സാദ്ധ്യതയുണ്ടെങ്കിൽ അതിന് കൃഷി വകുപ്പ് മുൻകയ്യെടുത്ത് നിയമമായി കൊണ്ടുവരുന്നതിനാവശ്യമായ നടപടി സ്വീകരിക്കും.

ജെല്ലിക്കെട്ടിന്റെ കാര്യത്തിൽ തമിഴ്നാട്ടിൽ നിയമം കൊണ്ടുവന്നു. വേറെ തടസ്സങ്ങളൊന്നുമില്ല. 2014-ലെ കോടതി വിധിയുടെ അടിസ്ഥാനത്തിൽ മൃഗസംരക്ഷണ വകുപ്പ് ഇതിന് നിരോധനമേർപ്പെടുത്തിക്കൊണ്ട് ഉത്തരവിറക്കി യതാണ് പ്രശ്നം. പിന്നീട് വന്ന ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ ഡയറക്ടറോട് സമഗ്രമായൊരു റിപ്പോർട്ട് ആവശ്യപ്പെട്ടിരിക്കുകയാണ്. മൃഗസംരക്ഷണ വകുപ്പ് ഈ നയത്തോട് യോജിക്കുന്നുണ്ടെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. റിപ്പോർട്ട് ലഭിക്കുന്നതനുസരിച്ച് ബിൽ നിയമസഭയിൽ കൊണ്ടുവന്ന് പാസ്സാക്കാമെന്നാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. ഇതിനിടയിൽ പല സ്ഥലങ്ങളിലും പരമ്പരാഗതമായി, നൂറ്റാണ്ടുകളായി നടക്കുന്ന മരമടി മത്സരങ്ങൾ തടയുന്നുണ്ട്. അത് എങ്ങനെയാണ് കൈകാര്യം ചെയ്യുക എന്നുള്ളത് പിന്നീട് ആലോചിച്ച് തീരുമാനിക്കാവുന്നതാണ്.

ശ്രീ. അനൂപ് ജേക്കബ്: സർ, മന്ത്രി എന്നോട് യോജിക്കുന്നില്ല എന്നാണ് പറഞ്ഞത്. 21-12-2017-ൽ ആഭ്യന്തര വകുപ്പ് എനിക്ക് നൽകിയ മറുപടിയിൽ പറയുന്നത് The Prevention of Cruelty to Animals Act-ൽ അടങ്ങിയിരിക്കുന്ന വ്യവസ്ഥകൾ ലംഘിച്ചുകൊണ്ട് സംസ്ഥാനത്തിന് പുതിയ നിയമനിർമ്മാണം നടത്താൻ കഴിയുകയില്ലെന്ന് രേഖാമൂലം അറിയിച്ചിരിക്കുന്നു എന്നാണ് ഞാനിവിടെ സൂചിപ്പിച്ചത്.

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, സഭയിൽ മുഖ്യമന്ത്രി പറയുന്നതാണ് മുഖവിലയ്ക്ക് എടുക്കേണ്ടത്.

ശ്രീ. അനൂപ് ജേക്കബ്: സർ, ഗവൺമെന്റിന്റെ ഉത്തരവാദിത്വക്കുറവാണ് ഇതിലൂടെ കാണുന്നത്.

മി. ഡെപ്യൂട്ടി സ്പീക്കർ: തുടർ ചർച്ചയ്ക്കായി ഈ ബിൽ മാറ്റിവയ്ക്കുന്നു.

(ചർച്ച തുടരും)

(v) 2019 -ലെ കേരള ഉച്ചഭാഷിണി വെളിച്ച സംവിധാന തൊഴിലാളി ക്ഷേമനിധി ബിൽ

ശ്രീ. വി. പി. സജീന്ദ്രൻ: സർ, 2019-ലെ കേരള ഉച്ചഭാഷിണി വെളിച്ച സംവിധാന തൊഴിലാളി ക്ഷേമനിധി ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. വി. ടി. ബൽറാം: സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

തൊഴിലും എക്സൈസും വകുപ്പുമന്ത്രിക്കുവേണ്ടി തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, 2006-ലെ കേരള ഷോപ്സ് ആന്റ്

കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് തൊഴിലാളി ക്ഷേമനിധി ആക്ടിന്റെ വകുപ്പ് (2) ഡി പ്രകാരമുള്ള നിർവ്വചനങ്ങളിൽ തൊഴിലുടമ എന്നതിൽ ശബ്ദവും വെളിച്ചവും അലങ്കാരവും ലഭ്യമാക്കുന്ന സ്ഥാപനങ്ങളിലെ തൊഴിലുടമകളും ഉൾപ്പെട്ടിട്ടുണ്ട്. ആയതുപ്രകാരം പ്രസ്തുത സ്ഥാപനങ്ങളെ കേരള ഷോപ്പ് ആന്റ് കൊമേഷ്യൽ എസ്റ്റാബ്ലിഷ്മെന്റ് തൊഴിലാളി ക്ഷേമനിധി ആക്ട് പ്രകാരം രജിസ്റ്റർ ചെയ്യുന്നതിന് നിർദ്ദേശം നൽകിയിരുന്നു. പ്രസ്തുത നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ഉച്ചഭാഷിണി പ്രവർത്തിപ്പിക്കൽ, വെളിച്ച സംവിധാനം ഒരുക്കൽ, പാചക ആവശ്യത്തിനുള്ള പാത്രങ്ങൾ നൽകൽ, യോഗങ്ങൾക്ക് ആവശ്യമായ കസേര, മേശ എന്നിവ നൽകൽ കൂടാതെ പന്തൽ, കമാനങ്ങൾ ഒരുക്കൽ എന്നീ മേഖലകളിൽ പണിയെടുക്കുന്ന തൊഴിലാളികൾക്ക് കേരളാ ഷോപ്പ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് തൊഴിലാളി ക്ഷേമനിധി പ്രകാരമുള്ള ആനുകൂല്യങ്ങൾക്ക് അർഹതയുണ്ട്. പ്രസ്തുത തൊഴിലാളികളുടെയും ആശ്രിതരുടെയും ക്ഷേമത്തിനും മെച്ചപ്പെട്ട ജീവിതാവസ്ഥയ്ക്കും ഉതകുന്ന തരത്തിലുള്ള ആനുകൂല്യങ്ങളാണ് കേരള ഷോപ്പ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് തൊഴിലാളിക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്ത തൊഴിലാളികൾക്ക് നൽകിവരുന്നത്. നിലവിലുള്ള ബോർഡിൽ നിന്നുതന്നെ ആവശ്യമായ സംരക്ഷണവും സാമ്പത്തിക ആനുകൂല്യങ്ങളും ലഭിക്കുന്ന സാഹചര്യത്തിൽ പ്രത്യേകമായി ഒരു ക്ഷേമനിധി ഈ വിഭാഗം തൊഴിലാളികൾക്കായി രൂപീകരിക്കേണ്ടതിന്റെ ആവശ്യമില്ല. ബഹുമാനപ്പെട്ട വി. പി. സജീന്ദ്രൻ ഇവിടെ അവതരണാനുമതി നേടിയ സ്വകാര്യ ബില്ലിന് അതുകൊണ്ടുതന്നെ നിലവിലൊരു സംവിധാനമുണ്ട് എന്നുള്ളതുകൊണ്ട് പരിഗണിക്കേണ്ടതില്ലെന്നാണ് സർക്കാരിന്റെ അഭിപ്രായം.

<u>ശ്രീ. വി. പി. സജീന്ദ്രൻ</u>: സർ, സാധാരണ എല്ലാ ബില്ലിലും പറയുന്നൊരു മറുപടിയാണ് ഇവിടെ പറഞ്ഞത്. കേരള സംസ്ഥാനത്ത് ഉച്ചഭാഷിണി, വെളിച്ച സംവിധാന മേഖലയിൽ പ്രവർത്തിക്കുന്ന തൊഴിലാളികളുടെയും അവരുടെ ആശ്രിതരുടെയും ന്യായമായ വേതനവും തൊഴിൽ സുരക്ഷയും ആരോഗ്യ പരിരക്ഷയും ഉറപ്പുവരുത്താൻ വ്യവസ്ഥ ചെയ്യുന്നതിനാണ് ഈ ബിൽ അവതരിപ്പിക്കുന്നത്. ഉച്ചഭാഷിണി വെളിച്ച സംവിധാനം ഒരുക്കൽ, വിവാഹം, മരണം, അടിയന്തര ചടങ്ങുകൾ, എല്ലാ രാഷ്ട്രീയപാർട്ടികളും സംഘടനകളും നടത്തുന്ന പൊതുയോഗങ്ങൾ, വാഹനങ്ങളിൽകൂടിയുള്ള പ്രചരണം, വിവാഹങ്ങൾക്കും മറ്റ് ഉപേയാഗങ്ങൾക്കുമായി കസേര, മേശ, പാത്രങ്ങൾ എന്നിവ നൽകൽ, പന്തലുകളുടെയും കമാനങ്ങളുടെയും ഒരുക്കൽ തുടങ്ങിയ മേഖലകളിൽ

നിരവധി തൊഴിലാളികളാണുള്ളത്. കേരളത്തിലുള്ളവർ മാത്രമല്ല അന്യസംസ്ഥാന തൊഴിലാളികളും പങ്കാളികളാകുന്നുണ്ട്. സംസ്ഥാനത്തുടനീളം ഈ രംഗത്ത് ഒരു ലക്ഷത്തോളം ആളുകൾ ഈ ജോലിയിൽ ഏർപ്പെട്ടിരിക്കുകയാണ്. ഇന്നത്തെ കാലഘട്ടത്തിൽ ഈ സംവിധാനങ്ങളൊന്നുമില്ലാതെ, ഇവരുടെ സഹായമില്ലാതെ ഒരു ചടങ്ങും നടത്താൻ സാധിക്കില്ല. ഈ മേഖലയിൽ പ്രവർത്തിക്കുന്ന തൊഴിലാളികൾക്ക് ന്യായമായ വേതനമോ തൊഴിൽസുരക്ഷയോ കൃത്യമായ വരുമാനമോ ഇല്ല. ഇവർക്ക് ഒരാഴ്ചയിൽ ഒന്നോരണ്ടോ ദിവസം ജോലികാണും. അവർക്ക് കൃത്യമായൊരു തൊഴിൽ സുരക്ഷയുമില്ല. ഈ മേഖലയിൽ പണിയെടുക്കുന്നവർക്ക് തൊഴിൽ ഉറപ്പുവരുത്തുന്നതിനും ന്യായമായ വേതനം ലഭ്യമാക്കുന്നതിനും ഈ മേഖലയെ രക്ഷിക്കുന്നതിനും വേണ്ടിയാണ് ഈ ബിൽ ഞാനിവിടെ അവതരിപ്പിച്ചിരിക്കുന്നത്. ഗ്രാമപ്രദേശങ്ങളിലും നഗരപ്രദേശങ്ങളിലും നിരവധി തൊഴിലാളികൾ ഈ രംഗവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നുണ്ട്. ഉച്ചഭാഷിണി, വെളിച്ച, സംവിധാന തൊഴിലാളി ക്ഷേമനിധി ബിൽ എന്നതാണെങ്കിലും വിവിധ ചടങ്ങുകൾക്ക് കസേര, മേശ, പാത്രങ്ങൾ നൽകുകയും പന്തലുകളും കമാനങ്ങളും ഷാമിയാന തുടങ്ങിയ ഒരുക്കങ്ങൾ ചെയ്യുന്നവരെക്കൂടി ഈ ബില്ലിന്റെ പരിധിയിൽ കൊണ്ടുവരണമെന്ന് അഭ്യർത്ഥിക്കുന്നു. പല പ്രതിസന്ധികളും അതിജീവിച്ചുകൊണ്ടാണ് ഈ രംഗത്ത് ഇവർ പ്രവർത്തിക്കുന്നത്. കൂടുതലും 60 വയസ്സിനുമുകളിലുള്ളവരാണ് ഈ മേഖലയിൽ തൊഴിൽ ചെയ്യുന്നതെന്ന് കാണാൻ സാധിക്കും. ഇവർക്ക് യാതൊരു തൊഴിൽ സുരക്ഷയോ ക്ഷേമനിധിയോ ലഭിക്കുന്നില്ല. അതുകൊണ്ടാണ് ഈ ബിൽ സഭയിൽ കൊണ്ടുവരാൻ തീരുമാനിച്ചിട്ടുള്ളത്. നിരവധി ഇതരസംസ്ഥാന തൊഴിലാളികൾ ഈ രംഗത്ത് പ്രവർത്തിക്കുന്നുണ്ട്. കേരളത്തിലുള്ള ആളുകൾ കൃത്യമായ വരുമാനമോ അല്ലെങ്കിൽ നിശ്ചിത ദിവസത്തേയ്ക്ക് തൊഴിലോ ഇല്ലാത്തതുകൊണ്ട് മറ്റ് തൊഴിൽ തേടിപ്പോകുന്നു. അതുകൊണ്ട് കൂടുതലും ഇതരസംസ്ഥാന തൊഴിലാളികളെക്കൊണ്ടാണ് ഇപ്പോഴിത് ചെയ്തുകൊണ്ടിരിക്കുന്നത്. അവരെക്കൂടി ഈ ബില്ലിന്റെ പരിധിയിൽ കൊണ്ടുവരണമെന്നാണ് എന്റെ ആവശ്യം. അതിന് പരിമിതികളുണ്ടെങ്കിലും സംസ്ഥാനത്ത് ഈ മേഖലയിൽ പ്രവർത്തിക്കുന്നവർക്ക് സംരക്ഷണവും തൊഴിൽ സുരക്ഷയും ന്യായമായ വേതനവും ഉറപ്പുവരുത്തേണ്ടത് ആവശ്യമാണ്. Event Management കമ്പനികളുടെ കടന്നുകയറ്റത്തോടെ പരമ്പരാഗതമായി തൊഴിലെടുത്തുകൊണ്ടിരുന്ന ആളുകൾ തൊഴിൽ ഭീഷണി നേരിടുന്നുണ്ട്. സാങ്കേതിക വിദ്യ വളരുമ്പോൾ അതനുസരിച്ച് ഇവിടെ മാറ്റങ്ങൾ വന്നിട്ടുണ്ടെന്ന കാര്യം ശരിയാണ്. എങ്കിൽപ്പോലും നമ്മുടെ ജീവിതത്തെ

സ്വാധീനിക്കുന്ന ഈ തൊഴിൽമേഖലയെ സംരക്ഷിക്കേണ്ടതുണ്ട്. ആയതിനാൽ ഇതുസംബന്ധിച്ച് സമഗ്രമായ ഒരു നിയമനിർമ്മാണം കൊണ്ടുവരാൻ സർക്കാർ തയ്യാറാകണമെന്ന് ആവശ്യപ്പെടുകയാണ്. "വെളിച്ചം ദുഃഖമാണുണ്ണീ, തമസ്സല്ലോ സുഖപ്രദം" എന്ന അക്കിത്തത്തിന്റെ കവിത പ്രസിദ്ധീകരിച്ചിട്ട് 50 വർഷമാകുകയാണ്. അന്നത്തെ കാലഘട്ടത്തിൽ വെളിച്ചം ദുഃഖമാണ്, പക്ഷേ ഇന്നെല്ലാവരും വെളിച്ചം ആഗ്രഹിക്കുകയാണ്. ഇന്ന് എം.എൽ.എ.-മാരോടും എം.പി.-മാരോടും എല്ലാവരും ആദ്യം ചോദിക്കുന്നത്, ജംഗ്ഷനിൽ ഒരു ഹൈമാസ്റ്റ് ലൈറ്റ് അല്ലെങ്കിൽ മിനിമാസ്റ്റ് ലൈറ്റ് വേണമെന്നാണ്, എല്ലാവരും വെളിച്ചം ആഗ്രഹിക്കുകയാണ്. "തമസോമാ ജ്യോതിർഗമയ മൃത്യോർമാ അമൃതംഗമയ" ഉപനിഷത്തിലെ വാചകങ്ങളാണ്. ഇന്ന് തമസോമാ ജ്യോതിർഗമയുടെ കാലഘട്ടമാണ്. ശബ്ദമില്ലാത്തവരുടെ ശബ്ദമായിട്ടാണ് ഞാനിവിടെ നിയമസഭയിൽ ഈ ബിൽ അവതരിപ്പിക്കുന്നത്. 'മൈക്കും വേണ്ടൊരു പുല്ലും വേണ്ട, മൗനജാഥ സിന്ദാബാദ്' എന്നുപറഞ്ഞ് കോഴിക്കോട് അങ്ങാടിയിൽ പ്രകടനം നടത്തിയ ഒരു സംഘടനയെ ഞാനോർക്കുന്നു. അന്നത്തെ കാലഘട്ടത്തിൽ മൈക്ക് വേണ്ടായിരുന്നു. പക്ഷേ ഇന്ന് മൈക്കില്ലാതെ ആർക്കെങ്കിലും എന്തെങ്കിലും പറയാൻ സാധിക്കുമോ? അങ്ങയുടെ നിയോജകമണ്ഡലത്തിലോ ഇവിടെയോ ഏതെങ്കിലും പ്രസംഗങ്ങളിൽ മൈക്കില്ലാതെ സംസാരിച്ചിട്ടുണ്ടോ?

<u>ശ്രീ. എം. വിൻസെന്റ്</u>: സർ, അങ്ങ് രാഷ്ട്രീയ പാർട്ടികളുടെ പരിപാടികൾക്ക് മൈക്ക്സെറ്റ് വയ്ക്കുന്നതിനെക്കുറിച്ച് സംസാരിച്ചു. പ്രാദേശികതലം മുതൽ സംസ്ഥാനതലംവരെയുള്ള വിവിധ രാഷ്ട്രീയ പാർട്ടിയിൽപ്പെട്ട നേതാക്കൻമാർ പല പരിപാടികളും നടത്തി മൈക്ക്സെറ്റ് പ്രവർത്തിപ്പിക്കുന്നവർക്ക് പൂർണ്ണമായും പണംകൊടുക്കാതെ വരുന്ന സാഹചര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. വി. പി. സജീന്ദ്രൻ</u>: സർ, അതൊക്കെ സ്വാഭാവികമായി ഉണ്ടാകുന്നതാണ്. ഞാൻ അടുത്തകാലത്ത് ഒരു പരിപാടി നടത്തി. മൈക്ക് സെറ്റുകാരൻ എന്നെ വിളിച്ചുകൊണ്ടിരിക്കുകയാണ്. ഞാൻ ബില്ല് കൊടുത്തിട്ടില്ല. കുറച്ചുദിവസംകഴിഞ്ഞേ കൊടുക്കൂ. ശ്രീ. ചിറ്റയം ഗോപകുമാർ സിനിമയിലും നാടകങ്ങളിലും അഭിനയിക്കുന്ന ആളാണ്. നാടകങ്ങൾ കേൾക്കാനായി നമ്മൾ പോകുമ്പോൾ 'അടുത്ത ബെല്ലോടുകൂടി നാടകം ആരംഭിക്കും'.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: ശ്രീ. വി. പി. സജീന്ദ്രൻ ഇനി മൂന്ന് ബില്ലുകൾകൂടി പരിഗണിക്കണം.

<u>ശ്രീ. വി. പി. സജീന്ദ്രൻ:</u> സർ, ഞാൻ പെട്ടെന്ന് തീർക്കാം. 'സമീപപ്രദേശത്തുള്ള എല്ലാ ലൈറ്റുകളും ഓഫ് ചെയ്ത് നാടകവുമായി സഹകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു' എന്നുപറഞ്ഞുകൊണ്ട് ഒരു അനൗൺസ്മെന്റ് വരും. പണ്ട് അങ്ങും അമ്പലപ്പറമ്പിൽ ഈ അനൗൺസ്മെന്റ് കേട്ടിട്ടുള്ള ആളാണ്. ഇവർ വളരെ പാടുപെട്ടാണ് ഇതെല്ലാം സെറ്റ് ചെയ്തുവയ്ക്കുന്നത്. ഇവർക്ക് സ്ഥിര വരുമാനമില്ല, തൊഴിലില്ല, ഒന്നുമില്ല. അവർക്കുവേണ്ടിയാണ് ഞാൻ ഈ ബിൽ അവതരിപ്പിക്കുന്നത്. അവർക്ക് പ്രത്യേക പരിരക്ഷയുണ്ടെന്ന് ബഹുമാനപ്പെട്ട മന്ത്രി പറയുന്നുണ്ടെങ്കിൽപ്പോലും, അത് കൊടുക്കേണ്ടതല്ലേ? ഒരു ലക്ഷത്തോളം ആളുകളാണ് ഈ മേഖലയിൽ തൊഴിലെടുക്കുന്നത്.

<u>ശ്രീ. പുരുഷൻ കടലുണ്ടി:</u> സർ, ശ്രീ. വി. പി. സജീന്ദ്രൻ സഭയിൽ ഈ ബിൽ കൊണ്ടുവന്നത് നല്ലതാണ്. പക്ഷേ മുൻകാലങ്ങളിൽ എൽ.ഡി.എഫ്. ഗവൺമെന്റ് ഇതിനുള്ള പരിഹാരം കാണുകയും ക്ഷേമനിധി ഏർപ്പെടുത്തി ഇപ്പോഴും അത് കൊടുക്കുന്നുമുണ്ട്. ഇതൊക്കെ മനസ്സിലാക്കണ്ടേ? അതൊന്നും അറിയാതെ ഇതൊക്കെ കൊടുക്കണമെന്ന് പറയുന്നതിൽ എന്താണ് അർത്ഥമുള്ളത്.

<u>ശ്രീ. പി. ഉബൈദുള്ള:</u> സർ, 2019-ലെ കേരള ഉച്ചഭാഷിണി വെളിച്ച സംവിധാന തൊഴിലാളി ക്ഷേമനിധി ബിൽ എന്തുകൊണ്ടും പ്രാധാന്യമർഹിക്കുന്നതാണ്. ബഹുമാനപ്പെട്ട വി. പി. സജീന്ദ്രൻ പറഞ്ഞതുപോലെ ശബ്ദമില്ലാത്തവരുടെ ശബ്ദമായി നിയമസഭയിൽ ആദ്യമായി ഇങ്ങനെയൊരു സ്വകാര്യ ബിൽ കൊണ്ടുവന്ന ശ്രീ. വി. പി. സജീന്ദ്രനെ ഞാൻ അഭിനന്ദിക്കുകയാണ്. രാഷ്ട്രീയക്കാരും പൊതുപ്രവർത്തകരും ജനപ്രതിനിധികളുമായ നമ്മൾ ദിവസേന രാവിലെ മുതൽ ഉറങ്ങുന്നതുവരെ ഉച്ചഭാഷിണിയെ ആശ്രയിക്കുന്നവരാണ്. പത്ത് മണി നിയന്ത്രണമുള്ളതുകൊണ്ടാണ് പത്ത് മണിക്ക് അവസാനിപ്പിക്കുന്നത്. അല്ലെങ്കിൽ ഏത് പാതിരാ സമയത്തും മൈക്ക് ഉപയോഗിക്കുന്നവരാണ് നമ്മൾ. നമ്മുടെ പ്രസംഗം കേട്ടിട്ട് ശ്രോതാക്കൾ പിരിഞ്ഞുപോയാലും അവസാനത്തെ ശ്രോതാവായി മൈക്ക് ഓപ്പറേറ്റേഴ്സ് നിൽക്കുന്നു. പണിമുടക്കിയാൽ നമുക്കൊരു രക്ഷയുമില്ല. നമ്മുടെ ജീവിതവുമായി അടുത്ത ബന്ധമുള്ള മൈക്ക് ഓപ്പറേറ്റർമാർക്കുവേണ്ടി ഇതുവരെ ക്ഷേമനിധി ഉണ്ടായിട്ടില്ല എന്നത് വളരെ ഖേദകരമാണ്.

<u>ശ്രീ. വി. കെ. സി. മമ്മത് കോയ:</u> സർ, ഇതിൽ ശബ്ദമില്ലാത്തവരുടെ ശബ്ദം എന്നാണ് ഇവിടെ സംസാരിച്ച രണ്ടുപേരും പറഞ്ഞത്. ശബ്ദമുണ്ടാക്കുന്നവരുടെ ശബ്ദം എന്നുപറയുന്നതാണ് ശരി.

<u>ശ്രീ. വി. പി. സജീന്ദ്രൻ</u>: സർ, ഇവിടെ ഇരിക്കുന്ന മുഴുവൻ ആളുകളും പിന്തുണയ്ക്കുന്ന ഒരു വിഷയമാണിത്. കാരണം, എം.എൽ.എ.-മാരും മന്ത്രിമാരും പൊതുപരിപാടിയിൽ പോകുമ്പോൾ നമ്മൾ ചിലപ്പോൾ കൃത്യസമയത്ത് ചെല്ലും...

<u>ശ്രീമതി പി. അയിഷാ പോറ്റി</u>: സർ, അങ്ങ് പറയുന്ന കാര്യങ്ങളൊക്കെ വളരെ ഗൗരവമായി കാണുന്ന ഒരാളാണ് ഞാൻ. തൊഴിലാളികളെ സഹായിക്കണം. പക്ഷേ അവരുടെ ഓപ്പറേറ്റിംഗ് സംവിധാനം ചെവി തകരുന്ന തരത്തിലുള്ളതാണ്. അമിതമായ ശബ്ദവും വെളിച്ചവും ജനസമൂഹത്തിന് വലിയ ആരോഗ്യപ്രശ്നമുണ്ടാക്കുന്നില്ലേ; അത് നിയന്ത്രിക്കുന്നതിന് ഇവർക്കൊരു പരിശീലനം നൽകേണ്ടതല്ലേ?

<u>ശ്രീ. വി. പി. സജീന്ദ്രൻ</u>: സർ, തീർച്ചയായും. അത് വളരെ ഗൗരവമുള്ള വിഷയമാണ്. നമ്മളൊക്കെ പങ്കെടുക്കുന്ന പരിപാടിയിൽ ഇത്ര സൗണ്ട് മാത്രമേ പാടുള്ളൂവെന്ന് പറയണം. പതുക്കെ സംസാരിക്കുമ്പോൾ വലിയ ശബ്ദത്തിൽ കേൾക്കണമെന്നാഗ്രഹിക്കുന്നവരാണ് നമ്മൾ. ഈ സഭയിലെ മൈക്ക് സിസ്റ്റം മുൻ സ്പീക്കർ ജി. കാർത്തികേയൻ മാറ്റിയതാണ്. ശ്രീ. വി. എസ്. ശിവകുമാർ സംസാരിക്കുന്നത് ഒരിക്കലും കേൾക്കാൻ സാധിക്കില്ലായിരുന്നു. കാരണം, അദ്ദേഹം വളരെ പതുക്കെയാണ് എല്ലാത്തിനും മറുപടി പറഞ്ഞിരുന്നത്. പൊതുപ്രവർത്തകരായ നമുക്ക് ഒരു യോഗത്തിൽ പോയി സ്ട്രെയിൻ എടുത്ത് പ്രസംഗിക്കാൻ സാധിക്കില്ല. കാരണം, നമ്മൾ ഒരു ദിവസം ഒട്ടനവധി യോഗങ്ങളിൽ പ്രസംഗിക്കും. അതുകൊണ്ട് നല്ല സൗണ്ട് സിസ്റ്റം വേണമെന്നാഗ്രഹിക്കുമ്പോൾ പതുക്കെ സ്ട്രെയിൻ എടുക്കാതെ പറഞ്ഞാൽ മതി. അല്ലെങ്കിൽ വളരെ ഉച്ചത്തിൽ സംസാരിക്കേണ്ടിവരും. അതൊക്കെ നിയന്ത്രിക്കേണ്ടത് എങ്ങനെയാണെന്നത് സംബന്ധിച്ച് പിന്നീട് ചർച്ച ചെയ്യാം. ഞാൻ ഈ ബിൽ അവതരിപ്പിച്ചിരിക്കുന്നത് ഈ സിസ്റ്റത്തിന്റെ കേസിലല്ല, ഈ മേഖലയിൽ തൊഴിലെടുക്കുന്ന ആളുകളെ സംരക്ഷിക്കേണ്ടത് സംബന്ധിച്ചാണ്. അതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി ഇവർക്കുവേണ്ടി മാത്രമൊരു ക്ഷേമനിധി രൂപീകരിക്കണം. എന്റെ പ്രസംഗം അവസാനിപ്പിക്കുകയാണ്. തുടർചർച്ചയ്ക്കുവേണ്ടി ഞാൻ ഈ ബിൽ മാറ്റിവയ്ക്കുകയാണ്.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: ഈ ബില്ലിന്മേലുള്ള ചർച്ച പിന്നീട് തുടരാവുന്നതാണ്.

(ചർച്ച തുടരും)

## (3) താഴെപ്പറയുന്ന ബില്ലുകളുടെ അവതരണാനുമതിക്കുള്ള പ്രമേയത്തിന്റെ തുടർചർച്ച

### (i) 2016-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ

ശ്രീ. ആർ. രാജേഷ്: സർ, ഈ ബില്ലിന്മേലുള്ള ചർച്ച തുടരുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. ആർ. രാജേഷ്, അങ്ങയുടെ പ്രമേയം പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. ആർ. രാജേഷ്: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. ആർ. രാജേഷ് അവതരിപ്പിച്ച പ്രമേയം സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

(ബിൽ സഭയുടെ അനുമതിയോടെ പിൻവലിച്ചു)

### (ii) 2016-ലെ കേരള നിർദ്ധനരായ വിധവകളുടെ ക്ഷേമവും സുരക്ഷയും ഉറപ്പാക്കൽ ബിൽ

ശ്രീമതി യു. പ്രതിഭ: സർ, കേരള നിർദ്ധനരായ വിധവകളുടെ ക്ഷേമവും സുരക്ഷയും ഉറപ്പാക്കൽ ബില്ലിന്റെ തുടർ ചർച്ചയ്ക്ക് അവസരം ലഭിച്ചതിൽ സന്തോഷം അറിയിക്കുന്നു. സമയക്കുറവുമൂലവും എനിക്കുശേഷം ഒരംഗത്തിനുംകൂടി സംസാരിക്കാനുമുള്ളതുകൊണ്ട് വിശദമായി പറയുന്നില്ല. നമ്മുടെ നിയമസഭയിലെ ആദ്യത്തെ പ്രൈവറ്റ് ബില്ലായിരുന്നു ഇത്. അന്ന് ധാരാളം അംഗങ്ങൾ ആക്ടീവായി ചർച്ച ചെയ്ത ഒരു ബില്ലുകൂടിയാണിത്. വിധവകളുടെ കൃത്യമായ രജിസ്റ്റർ പഞ്ചായത്തുകളിൽ തയ്യാറാക്കുന്നതിനും അവരുടെ ക്ഷേമം ഉറപ്പുവരുത്തുന്നതിനായി പഞ്ചായത്തുതലത്തിൽ പ്രത്യേക ഇടപെടലുകൾ നടത്തുന്നതിനെക്കുറിച്ചും സഭ ചർച്ച ചെയ്തിരുന്നു. സാമ്പത്തികമായ സുരക്ഷിതത്വമില്ലായ്മയാണ് ഇന്ന് വിധവകൾ നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളി. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുവഴിയുള്ള നിയമനങ്ങളിൽ വിധവകൾക്ക് അനുവദിച്ചിട്ടുള്ള പ്രാതിനിധ്യം കൃത്യമായി നടപ്പാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തണം. അതുപോലെ സർക്കാർ/സ്വകാര്യ സ്ഥാപനങ്ങളിൽ താൽക്കാലിക/ദിവസ വേതന നിയമനങ്ങളിലൊക്കെ ഒരു ഇടപെടലുമില്ലാതെ കൃത്യമായി വിധവകൾക്ക് നിശ്ചിത ശതമാനം നിർബന്ധമായും നീക്കിവയ്ക്കുന്നതിനുള്ള നിർദ്ദേശം നൽകി അത് പാലിക്കുന്നുണ്ടോയെന്ന് പരിശോധിക്കാനുള്ള സംവിധാനവും ആവശ്യമാണ്. അവരുടെ ജീവിത സുരക്ഷിതത്വം ഉറപ്പുവരുത്തിക്കൊണ്ടുള്ള സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനാവശ്യമായ പ്രത്യേക പദ്ധതികൾ ആസൂത്രണം ചെയ്ത്

നടപ്പാക്കുന്നതിനും അത് ഉറപ്പുവരുത്തുന്നതിനും ആവശ്യമായ ഇടപെടൽ ഉണ്ടാകണം. നിരവധി റോഡപകടങ്ങളും അകാലമരണങ്ങളുംമൂലം വിധവകളുടെ എണ്ണം ക്രമാനുഗതമായി വർദ്ധിച്ചുവരുന്നതായാണ് റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത്. അവരുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിന് സർക്കാർ നിരവധി കാര്യങ്ങൾ ചെയ്യുന്നുണ്ടെങ്കിലും അവരുടെ ജീവിത നിലവാരമുയർത്തുന്നതിന് നിയമത്തിന്റെ അനിവാര്യത ആവശ്യമാണെന്നാണ് ഈ ബില്ലിലൂടെ ചൂണ്ടിക്കാണിക്കുന്നത്. ഈ ബിൽ തുടർ ചർച്ചയ്ക്കായി മാറ്റിവയ്ക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: ബിൽ തുടർ ചർച്ചയ്ക്കായി മാറ്റിവയ്ക്കുന്നു.

(ചർച്ച തുടരും)

(iii) 2017-ലെ കേരള സംസ്ഥാന പ്രാദേശിക പത്ര-ദൃശ്യ മാധ്യമ രംഗത്തെ ജോലികൾ ചെയ്യുന്നവർക്കുള്ള ക്ഷേമനിധി ബിൽ

ശ്രീ. കെ. രാജൻ: സർ, കേരള സംസ്ഥാനത്തെ പ്രാദേശിക മേഖലയിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന പത്ര-ദൃശ്യ മാധ്യമരംഗത്തെ ആളുകൾ അനുഭവിക്കുന്ന ഗുരുതരമായ പ്രശ്നം ചൂണ്ടിക്കാണിച്ചുകൊണ്ടാണ് ഞാൻ ഈ ബിൽ നേരത്തെ അവതരിപ്പിച്ചിട്ടുള്ളത്. സമയക്കുറവുകൊണ്ട് തുടർ ചർച്ചയ്ക്കുവേണ്ടി ബിൽ മാറ്റിവയ്ക്കണമെന്ന് ആദ്യമേ അഭ്യർത്ഥിക്കുകയാണ്. കേരളത്തിൽ ഏറ്റവും കൂടുതൽ പ്രവർത്തനരംഗത്ത് നിൽക്കുന്നത് പത്ര-മാധ്യമരംഗത്തെ പ്രാദേശിക പത്രപ്രവർത്തകരാണ്. 1,500 രൂപ മുതൽ 5,000 രൂപവരെ മാസവേതനം പറ്റി ക്ഷേമനിധിയോ പെൻഷനോ മറ്റാനുകൂല്യങ്ങളോ ലഭിക്കാതെ കേരളത്തിലെ എല്ലാ മേഖലകളിലുമുള്ള വാർത്തകളെ പൊതുജന സമൂഹത്തിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്ന ഏറ്റവും പ്രധാനപ്പെട്ട വിഭാഗമാണിത്. അന്യസംസ്ഥാന തൊഴിലാളികൾക്കോ തൊഴിലുറപ്പ് പദ്ധതിയിൽപ്പെടുന്ന തൊഴിലാളികൾക്കോ ലഭ്യമാകുന്ന വരുമാനം പോലുമില്ലാതെ ദിവസം ഏതാണ്ട് കണക്കുകൂട്ടിയാൽ 50 രൂപ മാത്രം വരുമാനമുള്ള ഒരു വലിയ വിഭാഗത്തെ അവഗണിക്കാതിരിക്കാനുള്ള നടപടിയുണ്ടാകണമെന്നാണ് എന്റെ അഭ്യർത്ഥന. കേരള ജേർണലിസ്റ്റ് യൂണിയന്റെ ചെയർമാനായ ശ്രീ. ബാബു തോമസും ജനറൽ സെക്രട്ടറി ശ്രീ. അനിൽ ബിശ്വാസും ഇതുസംബന്ധിച്ച് ദീർഘമായ ഒരു മെമ്മോറാണ്ടം നൽകിക്കഴിഞ്ഞിട്ടുണ്ട്. കഴിഞ്ഞ മൂന്നുതവണയായി, അദ്യത്തെ തവണ ബഹുമാനപ്പെട്ട ഡോ. ടി. എം. തോമസ് ഐസക് ബഡ്ജറ്റിൽ ഇതൊരു വാഗ്ദാനമായി പ്രഖ്യാപിച്ചു, രണ്ടാമത്തെ തവണ കെ. എം. മാണി ബഡ്ജറ്റ്

അവതരിപ്പിക്കുമ്പോൾ ഒരു കോടി രൂപ മാറ്റിവച്ചതായി പ്രഖ്യാപിച്ചു. ഈ കഴിഞ്ഞ ബഡ്ജറ്റിൽ 2 കോടി രൂപ ഇതിനായി മാറ്റിവച്ചിട്ടുണ്ട്. പത്ര-ദൃശ്യ-മാധ്യമരംഗത്തെ പ്രാദേശിക പ്രവർത്തകർക്ക് ക്ഷേമനിധി ഏർപ്പെടുത്തുമെന്നുള്ള എൽ.ഡി.എഫ്.-ന്റെ പ്രകടന പത്രികയിലെ വാഗ്ദാനം, ബഡ്ജറ്റിൽ മൂന്നുതവണ പരാമർശിച്ചിട്ടുള്ള ഒരു പ്രധാനപ്പെട്ട വസ്തുത നടപ്പിലാക്കാൻ നമുക്ക് കഴിയേണ്ടതുണ്ട് എന്നുള്ളതാണ് ഈ ബില്ലിലൂടെ ഞാൻ ഉന്നയിക്കുന്ന പ്രധാനപ്പെട്ട പ്രശ്നം. ഈ സഭയ്ക്കകത്ത് പങ്കെടുക്കുന്ന അങ്ങ് ഉൾപ്പെടെ 141 എം.എൽ.എ.-മാരും ഏറ്റവും കൂടുതൽ ആശ്രയിക്കുന്ന ഒരു വിഭാഗമാണ് പ്രാദേശിക പത്ര പ്രവർത്തകരംഗത്ത് നിൽക്കുന്നവർ. ഈ ബില്ലിന്റെ ധനകാര്യ മെമ്മോറാണ്ടത്തിൽ വളരെ കൃത്യമായി 200 രൂപ മാസം അംശദായമായി എടുക്കുകയാണെങ്കിൽ ഏതാണ്ട് മുപ്പതിനായിരത്തോളം വരുന്ന ആളുകളുടെ മാസവരുമാനമായി ഒരു ബോർഡ് രൂപീകരിച്ചാൽ 60 ലക്ഷം രൂപ നൽകാം എന്ന വിവരം സൂചിപ്പിച്ചിരുന്നു. അതോടൊപ്പം പി.ആർ.ഡി. നൽകുന്ന പരസ്യത്തിന്റെ ഒരു നിശ്ചിത ശതമാനം ലെവിയായി നിശ്ചയിച്ചാൽ ഔദ്യോഗിക വിഹിതംകൂടി നൽകാൻ കഴിയുമെന്ന യാഥാർത്ഥ്യം നമ്മുടെ മുന്നിലുണ്ട്. ഈ നൂറ്റാണ്ട് കണ്ട ഏറ്റവും വലിയ പ്രളയത്തിൽ മൈന്യൂട്ടായ വിശദാംശങ്ങൾ കേരളീയ സമൂഹത്തിൽ എത്തിക്കുന്നതിൽ ജീവൻ പണയംവച്ച് പ്രാദേശിക പത്ര-ദൃശ്യ-മാധ്യമ സുഹൃത്തുക്കൾ നടത്തിയ പ്രധാനപ്പെട്ട പ്രവർത്തനത്തെ ശ്ലാഘിക്കുന്നതോടൊപ്പം അവരുടെ ക്ഷേമം ഉറപ്പാക്കുന്നതിനു വേണ്ടിയുള്ള ഈ ബില്ലിന് അനുമതി നൽകണമെന്നും ഔദ്യോഗിക അംഗീകാരം നൽകണമെന്നും അഭ്യർത്ഥിക്കുകയാണ്. തുടർ ചർച്ചകൾക്കുവേണ്ടി ബിൽ മാറ്റിവയ്ക്കുന്നതായി അറിയിക്കുന്നു.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: ബിൽ തുടർ ചർച്ചയ്ക്കായി മാറ്റിവയ്ക്കുന്നു.

(ചർച്ച തുടരും)

ഓർഡർ.... ഓർഡർ... സഭ ഇപ്പോൾ പിരിയുന്നതും തിങ്കളാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2019 ജൂൺ 17 തിങ്കളാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ ഉച്ചയ്ക്കുശേഷം 12.30-ന് പിരിഞ്ഞു.)

## അനുബന്ധം (1)

ചോദ്യം നമ്പർ 1(*181)-ന്റെ ബി, സി, ഡി, ചോദ്യത്തിനുള്ള മറുപടി

(ബി) മാതൃകാ ഊർജ്ജ കാര്യക്ഷമതാ പഞ്ചായത്ത് പദ്ധതിയുടെ ഭാഗമായി കേരളത്തിലെ 14 ഗ്രാമപഞ്ചായത്തുകളിലായി ഇ.എം.സി.-യുടെ നേതൃത്വത്തിൽ ഒരു ലക്ഷത്തി പതിനാലായിരം എൽ.ഇ.ഡി. ബൾബുകൾ 50 രൂപ നിരക്കിൽ ഗാർഹിക ഉപഭോക്താക്കൾക്ക് വിതരണം നടത്തിയിട്ടുണ്ട് .

ഇതുകൂടാതെ ഫിലമെന്റ് ബൾബുകൾക്കും ഫ്ലൂറസെന്റ് വിളക്കുകൾക്കും പകരം കാര്യക്ഷമതയും ഗുണമേന്മയുമുള്ള എൽ.ഇ.ഡി. ബൾബുകളും ട്യൂബുകളും മിതമായ നിരക്കിൽ ഗാർഹിക ഉപഭോക്താക്കൾക്ക് ലഭ്യമാക്കുക എന്ന ലക്ഷ്യംവച്ച് ഫിലമെന്റ് രഹിത കേരളം പദ്ധതി ഊർജ്ജ കേരള മിഷനു കീഴിൽ സംസ്ഥാന സർക്കാർ നടപ്പിലാക്കിവരുന്നു. ഈ പദ്ധതി പ്രകാരം ഏകദേശം 7.5 കോടി എൽ.ഇ.ഡി. ബൾബുകൾ നൽകാനാണ് തീരുമാനിച്ചിരിക്കുന്നത് . എനർജി മാനേജ്മെന്റ് സെന്ററും കെ.എസ്.ഇ.ബി.എൽ.-ഉം സംയുക്തമായാണ് ഫിലമെന്റ് രഹിത കേരളം പദ്ധതി നടപ്പിലാക്കുന്നത്.

ഫിലമെന്റ് രഹിത കേരളം പദ്ധതിയുടെ രണ്ടാം ഘട്ടമായാണ് എൽ.ഇ.ഡി. ട്യൂബുകൾ വിതരണം ചെയ്യാനുദ്ദേശിക്കുന്നത് . ഈ പദ്ധതിയുടെ പ്രാരംഭഘട്ടമായി ടെണ്ടർ ക്ഷണിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായി വരുന്നു.

(സി) 2016-17, 2017-18 വർഷങ്ങളിൽ ഇന്ത്യയിലെ ഏറ്റവും നല്ല സ്റ്റേറ്റ് ഡെസിഗ്നേറ്റഡ് ഏജൻസി എന്ന നിലയിൽ ഇ.എം.സി.-ക്ക് ദേശീയ അവാർഡ് ലഭിച്ചിട്ടുണ്ട് .

സംസ്ഥാന ഊർജ്ജ സംരക്ഷണ അവാർഡ് പരിപാടികളിലൂടെ നേടിയ ഊർജ്ജ ലാഭം, മാതൃകാ ഊർജ്ജ കാര്യക്ഷമതാ പദ്ധതികളുടെ നടത്തിപ്പ് , ഊർജ്ജ കാര്യക്ഷമ ഉപകരണങ്ങളുടെ വിതരണം, ബോധവൽക്കരണ പരിപാടികൾ എന്നിവയിലൂടെ നേടിയ ഊർജ്ജ ലാഭം എന്നിവ കണക്കിലെടുത്താണ് അവാർഡ് ലഭിക്കുന്നത്.

എല്ലാ മേഖലയിലും കൂടി 2016-17-ൽ 2001.67 മില്ല്യൻ യൂണിറ്റ് വൈദ്യുതിയും 3193 മെട്രിക് ടൺ ഓയിലും 4100 മെട്രിക് ടൺ എൽ.പി.ജി.-യും ലാഭിക്കാൻ സാധിച്ചിട്ടുണ്ട് . 2017-18-ൽ 948.6 മില്ല്യൻ യൂണിറ്റ് വൈദ്യുതിയും 5347 മെട്രിക് ടൺ ഓയിലും ലാഭിക്കാൻ സാധിച്ചിട്ടുണ്ട്.

(ഡി) എനർജി മാനേജ്മെന്റ് സെന്ററിന്റെ പ്രവർത്തനങ്ങൾ സർക്കാർ തലത്തിലും വകുപ്പ് സെക്രട്ടറിതലത്തിലും വകുപ്പുമന്ത്രിതലത്തിലും വിലയിരുത്തുന്നുണ്ട് . ഇതുകൂടാതെ സെന്ററിന്റെ കാര്യനിർവ്വഹണ സമിതി, ഭരണ നിർവ്വഹണ സമിതി എന്നിവ കാലാകാലങ്ങളിൽ സെന്ററിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നുണ്ട്.

# അനുബന്ധം (2)

ചോദ്യം നമ്പർ 2(*182) (ബി) പിരിവിന്റെ ബാക്കി മറുപടി

തിരുവനന്തപുരം

- വിതുര ഹൗസിംഗ് സഹകരണ സംഘം ക്ലിപ്തം നമ്പർ റ്റി 718
- വെഞ്ഞാറമൂട് ഹൗസിംഗ് സഹകരണ സംഘം ക്ലിപ്തം നമ്പർ റ്റി 760
- പാറശ്ശാല റൂറൽ സഹകരണ സംഘം ക്ലിപ്തം നമ്പർ റ്റി 1509
- മാരായമുട്ടം സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ റ്റി 986
- നെയ്യാറ്റിൻകര പ്രൈവറ്റ് സ്കൂൾ എംപ്ലോയീസ് സഹകരണസംഘം ക്ലിപ്തം നമ്പർ റ്റി 396
- അയിരൂപ്പാറ ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 2154
- കേരള സ്റ്റേറ്റ് സെക്രട്ടേറിയറ്റ് ഹൗസിംഗ് സഹകരണസംഘം ക്ലിപ്തം നമ്പർ ടി 732

കൊല്ലം

- പോരുവഴി സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 1132
- പട്ടത്താനം സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 1145
- ഇടമുളയ്ക്കൽ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 2047

പത്തനംതിട്ട

- പഴകുളം സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ പി.റ്റി. 65

ആലപ്പുഴ

- മാവേലിക്കര താലൂക്ക് സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 707
- ശ്രീകണ്ഠമംഗലം സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 974
- യു.എസ്.&യു.ബി. എംപ്ലോയീസ് സഹകരണ സംഘം ക്ലിപ്തം നമ്പർ എ 778
- പുന്നപ്ര സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 181

കോട്ടയം

- മണിമല സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ കെ 641
- മൂന്നിലവ് സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ കെ 163

- പൂഞ്ഞാർ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ കെ 3963
- മോനിപ്പള്ളി മാർക്കറ്റിംഗ് സഹകരണ സംഘം ക്ലിപ്തം നമ്പർ 4052
- മീനച്ചിൽ റബ്ബർ മാർക്കറ്റിംഗ് ആന്റ് പ്രോസസിംഗ് സഹകരണ സംഘം ക്ലിപ്തം നമ്പർ കെ 118
- നെടുങ്കുന്നം റൂറൽ ഹൗസിംഗ് സഹകരണ സംഘം ക്ലിപ്തം നമ്പർ കെ 100

<u>ഇടുക്കി</u>

- ബാലഗ്രാം സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ ഐ 150

<u>എറണാകുളം</u>

- തിരുകൊച്ചി അഗ്രികൾച്ചറൽ പ്രൊഡക്ഷൻ പ്രോസസ്സിംഗ് ആന്റ് മാർക്കറ്റിംഗ് സഹകരണ സംഘം ക്ലിപ്തം നമ്പർ ഇ 1279
- കീച്ചേരി സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 668 (ഭരണ സമിതിയെ സസ്പെന്റ് ചെയ്തിട്ടുള്ളതും ഹൈക്കോടതിയുടെ ഉത്തരവ് പ്രകാരം ഭരണസമിതിയെ പിരിച്ചുവിടുന്ന നടപടി പൂർത്തീകരിച്ചു വരികയുമാണ്).

<u>തൃശ്ശൂർ</u>

- അടാട്ട് ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ ആർ. 689
- പൂലാക്കോട് സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 185
- തുമ്പൂർ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 359

<u>വയനാട്</u>

- പുൽപ്പള്ളി സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 10153
- സുൽത്താൻബത്തേരി പ്രാഥമിക സഹകരണ കാർഷിക ഗ്രാമവികസന ബാങ്ക് ക്ലിപ്തം നമ്പർ W 299

<u>കാസർഗോഡ്</u>

- കുമ്പള സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ സി 324.